TPL
LOCK VERIFIED
1995

തിരുവിതാംകൂർ നിയമസഭ

മൂന്നാമത്തെ സഭ

ഏഴാം-മാണ്ടത്തെ മൂന്നാമത്തെ യോഗം

(അഫിഷ്യൽ റിപ്പോർട്ട്)

ചൊവ്വാഴ്ച ഉൻപതാം ഡിസംബർ മൂവായിരത്തി

ഏഴാമതു തിയ്യതി

സഭ ഉൻപതാം ഡിസംബർ മൂവായിരത്തി ഏഴാമതു തിയ്യതി ചൊവ്വാഴ്ച ഉണി പതിനൊന്നരയ്ക്കു മുപ്പത്തുമിനിട്ടായപ്പോൾ വിക്ടോറിയാ ജൂബിലിടെയൻഹാളിൽ ക്ലർക്ക്. പ്രസിഡൻറ് മാ. മാ. രാ. ശ്രീ. എ. കേശവപിള്ളരാമഅയ്യർ അവർകൾ ബി. എ. ബി. എൽ ആഭ്യുക്ഷം വഹിച്ചു.

താഴെ പറഞ്ഞിരിക്കുന്ന മെംബർമാർ സന്നിഹിതരായിരുന്നില്ല:—

മി. എൻ. ആർ കൃഷ്ണൻ,
മി. എൽ. എ. ലാമ്പർഡ്
മി കെ. മാധവൻ

വിശ്രുത സന്ദർശകന്മാർ

ക. ലഫ്റ്റനൻറ്കേണൽ എച്ച്. ആർ. എൻ. പ്രിച്ചാർഡ്: സി. ബി. ഇ. ഒ. ബി. ഇ. ഗവർണർ ജനറലിൻറ മദ്രാസ് സംസ്ഥാനങ്ങളുടെ പൊളിറ്റിക്കൽ ഏജൻറ.

ഖ. ക്യാപ്റ്റൻ കണ്ണാടയസിംഗ് ബേദിർഗവർണർ ജനറലിൻറ മദ്രാസ്സംസ്ഥാനങ്ങളുടെ അസിസ്റ്റൻറ പൊളിറ്റിക്കൽ ഏജൻറ.

മെംബർമാർ പ്രാർത്ഥനചെയ്യുന്നു.

പ്രസിഡൻറ ആദ്യംതന്നെ പ്രതിജ്ഞചെയ്തു. അനന്തരം താഴെ പറഞ്ഞിരിക്കുന്ന മെംബർമാർ പ്രതിജ്ഞചെയ്തു.

ക. മി. കെ. ജാർജ്ജ് ബി. എ.
ക. മി. കയ്യാലം പരമേശ്വരൻപിള്ള ബി. എ. ബി. എൽ.
ന. മി. ജെ. എസ് വെങ്കിട്ടരാർഡ്യർ, ബി. എസ് സി,
എ. എം. ഐ. സി. ഇ.

പ്രസിഡൻറ: നിയമസാംഗങ്ങളെ; മി. വി. എസ് സുബ്രഹ്മണ്യഅയ്യർ അവധിയിൽ ഇരിക്കുന്ന കാലത്തോളം താൽക്കാലികമായിട്ട് എന്നെ രാജ്യത്തിൻറെ ദിവാൻ ആയിട്ടും ആനിലയിൽ ഈ സഭയുടെ അഫിഷ്യൽ പ്രസിഡൻറ ആയിട്ട പകരം ജോലിനോക്കുന്നതിലേക്കും മഹാരാജാവു റീജൻറ തിരുമനസ്സുകൊണ്ടു കല്പനാപൂർവ്വം നിയമിച്ചിരിക്കുന്നു.

ഇന്നത്തേക്കുള്ള ജോലിയിൽ ഏർപ്പെട്ടുന്നതിനു മുമ്പായിട്ട നിങ്ങളോട് ഓരുപ്പറയുന്നതിനു ഞാൻ ആഗ്രഹിക്കുന്നു, രാജ്യത്തിൻറെ പരമമായതേയും അതിൻറെ ഉത്തമനന്മയേയും മുൻനിർത്തി ഈ സഭയുടെ അദ്ധ്യക്ഷൻ എന്നനിലയിൽ എന്നിൽ നിക്ഷിപ്തമായ ഭാരമേറിയതും ചുമതലയുള്ളതും ആയ കൃത്യങ്ങളെ ഞാൻ നിർവഹിക്കുന്നതായിരിക്കുമെന്നും ഇവ കൂടെയുള്ള ജോലികളിയുന്നതു സ്വതന്ത്രേച്ഛയോടുകൂടി നിർവഹിക്കപ്പെടുന്നതിൽ ജാഗ്രതകനായിരിക്കുമെന്നും വിശ്വാസവും ഉദ്ഘോഷയും ആയ ചിത്തവൃത്തികൾ എനിക്കു ഭാഗ്യകരികളായിരിക്കണമെന്നുള്ളതിനെ ഞാൻ മനസ്സിൽ കരുതിക്കൊള്ളുമെന്നും അതെ, ആ ചിത്തവൃത്തികൾ നിങ്ങളും അനുകരിക്കുന്നതായിരിക്കുമെന്ന എനിക്കുനിശ്ചയമുണ്ട്. കാരണം അങ്ങിനെയുള്ള ചിത്തവൃത്തികൾ പരസ്പരമുണ്ടായിരിക്കുന്നതു ഈവിധമുള്ള ഒരു സ്ഥാപനത്തിനെ ജോലി ശരിയായും കാര്യക്ഷമമായും പ്രയോജനകരമായും ചെയ്യപ്പെടുന്നതിനു അത്യാവശ്യമാണ് എന്നു ഞാൻ അഭിപ്രായപ്പെടുന്നു. ഈ ഉദ്ദേശം സാധിക്കുന്നതിലേക്കു നിങ്ങൾ എന്നെ ധാരാളം സഹായിക്കുമെന്നും നിങ്ങളുടെ സൗജന്യമായ ആനുകൂല്യവും നിക്കു പടമായ സഹകരണവും എനിക്കു നൽകുമെന്നും ഞാൻ വിശ്വസിക്കുന്നു.

ചോദ്യങ്ങളും മറുപടികളും.

നിയമസഭയാൽ ഏർപ്പെടുത്തപ്പെട്ട സിലക്ട് കമ്മിറ്റികൾ.

ക. മി. എ. സി. കുറിയാക്കോസ് (മീനച്ചിലും ഭേദികളിലും): നവീകരിക്കപ്പെട്ട നിയമസഭയുടെ ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന മൂന്നാമത്തെ സഭയുടെ ആരംഭംമുതല്ലു (ക ഗ ൪ ഇടവത്തിലെ യോഗമുൾപ്പെടെ നിയമസഭയിൽ ഏർപ്പെടുത്തപ്പെട്ട സിലക്ട്കമ്മിറ്റികളുടെ എണ്ണം എത്രയെന്നും ആ കമ്മിറ്റികളുടെ സ്വഭാവം എന്ത് എന്നും ആ കമ്മിറ്റികളിൽ ഓരോന്നിലും ഏർപ്പെട്ടിരുന്ന അനദ്യോഗസ്ഥ മെംബർമാരുടെ പേരുകളും ഇവയെന്നും കാണിക്കുന്ന ഒരു സ്റ്റേറ്റുമെൻറ് മേശപ്പുറത്തുവയ്ക്കുന്നതിനു മഹാരാജാവിനു മനസ്സുണ്ടാകുമോ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷ്യനൽ ഹൈഡ് സക്രട്ടറിക്കുവേണ്ടി): അവയുടെ പ്രതികൾ മുമ്പുതന്നെ അദ്ദേഹത്തിനു നൽകപ്പെട്ടിട്ടുള്ള നിയമസഭാനടപടികളിൽ വാല്യങ്ങൾ കണ്ട, കഅ, കആ, കണ്ട കമ്മിറ്റികളിൽ ഏർപ്പെട്ടിരുന്ന അനദ്യോഗസ്ഥമെംബർമാരുടെ പേരുകൾക്കായിട്ട പ്രതികൾ അദ്ദേഹത്തിനു നൽകപ്പെട്ടിട്ടുള്ള അതതു സിലക്ട് കമ്മിറ്റിറിപ്പോർട്ടുകളിൽ അദ്ദേഹം നോക്കേണ്ടതാണ.

മി: എ. സി. കുറിയാക്കോസ് (മീനച്ചിലും ഭേദികളിലും): നിയമസഭാനടപടികളുടെ കണ്ട, കഅ,

G T. 1691, 950, 29-5-1108.

ക ഉ, ക ഡ, ഈ വാല്യങ്ങൾ പരിശോധിച്ചാൽ ആവശ്യപ്പെടുന്ന വിവരങ്ങൾ കാണുമെന്ന മറുപടി പറഞ്ഞിട്ടുണ്ട്. മെമ്പർ ഇതുപരിശോധിച്ചു മനസ്സിലാക്കിയതാണോ അതല്ല ഊഹിച്ചുതാണോ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ് സക്കാർവക്കീൽ): പരിശോധിച്ചു മനസ്സിലാക്കിയാണ് മറുപടി സ്റ്റാറാക്കിയിരിക്കുന്നത്.

മി: എ. സി. കറിയാക്കോസ് (മീനച്ചിലും ഭേവികളും) അങ്ങിനെ പരിശോധിച്ചിട്ടുണ്ടെങ്കിൽ ഈ വാല്യത്തിൽ ഏതുഭാഗത്താണ് ഈ വിവരങ്ങൾ അടങ്ങിയിരിക്കുന്നതെന്നു പറയാമോ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സക്കാർവക്കീൽ): ഇപ്പോൾ പറയാൻ വിവരമില്ല.

മി: എ. സി. കറിയാക്കോസ് (മീനച്ചിലും ഭേവികളും): ഈവിധം ഇന്നയിന്ന വാല്യങ്ങൾ നോക്കിക്കോളണമെന്ന പറയാനെപറ്റുള്ളൂ എന്നവല്ല നിയമവുമുണ്ടോ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സക്കാർവക്കീൽ): മെമ്പർക്കു ഈ പുസ്തകങ്ങളെല്ലാം തന്നെയുംകൊണ്ടു ഇരുന്നുപഠിക്കാൻ കഴിയുകയില്ലല്ലോ?

മി: എ. സി. കറിയാക്കോസ് (മീനച്ചിലും ഭേവികളും): ഈചോദ്യം യോട്ടീസിൽ സ്വീകരിച്ചിട്ടില്ലാതെയായി. ആ സ്ഥിതിക്കു ഈചോദ്യത്തിനു പൂർണ്ണമായ ഒരു മറുപടി പറയുന്നതോ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സക്കാർവക്കീൽ): ഈ മറുപടി പൂർണ്ണമെന്നാണ് എന്റെ അഭിപ്രായം.

മി: എ. സി. കറിയാക്കോസ് (മീനച്ചിലും ഭേവികളും): ഈവിവരം അറിയണമെന്നു ആഗ്രഹമുള്ള മറ്റുമെമ്പർമാരും ഈവാല്യങ്ങൾ ആദ്യംമുതൽ അവസാനംവരെ പരിശോധിക്കണമെന്നാണോ അഭിപ്രായം?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സക്കാർവക്കീൽ): നോക്കിയാൽ എല്ലാവർക്കും അറിയാം.

മി: എ. സി. കറിയാക്കോസ് (മീനച്ചിലും ഭേവികളും): ഇങ്ങിനെ ഒരു സ്റ്റേറ്റുമെന്റു കൊടുത്തുകൂടാ എന്നവല്ല വ്യവസ്ഥയുമുണ്ടോ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സക്കാർവക്കീൽ): ചോദിക്കുന്നതിനനുസരിച്ചുള്ള ഉത്തരം പറഞ്ഞാൽമതിയാകും.

മി: എ. സി. കറിയാക്കോസ് (മീനച്ചിലും ഭേവികളും): ചോദിച്ചതിനു ഉത്തരമായിട്ടാണ് ഇവിടെ പറഞ്ഞിരിക്കുന്നതെന്നാണോ അഭിപ്രായം?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സക്കാർവക്കീൽ): അങ്ങിനതന്നെയാണ് എന്റെ അഭിപ്രായം.

നിയമസഭയാൽ ഏർപ്പെടുത്തപ്പെട്ട സിലക്ട് കമ്മിറ്റികളും ബോർഡുകളും.

൨. മി: എ. സി. കറിയാക്കോസ് (മീനച്ചിലും ഭേവികളും): ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന നവീകരിക്കപ്പെട്ട നിയമസഭ മൂന്നാമത്തെ സഭയുടെ ആരംഭംമുതല്ക്കു നിയമസഭയാൽ ഏർപ്പെടുത്തപ്പെട്ട സ്റ്റെക്ടു കമ്മിറ്റികളും ബോർഡുകളും അവയിൽജോലിചെയ്യുന്നതിനു തിരഞ്ഞെടുക്കപ്പെട്ട നിയമസഭയിലെ അനദ്യോഗസ്ഥമെമ്പർമാരുടെ പേരുകളും കാണിക്കുന്ന ഒരു സ്റ്റേറ്റുമെന്റ് മേശപ്പുറത്തുവയ്ക്കുന്നതിനു യാതൊരു തടസ്സവുണ്ടാകുമോ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സക്കാർവക്കീൽ): അവയുടെ പ്രതികരണം തന്നെ അദ്ദേഹത്തിനു യൽകപ്പെട്ടിട്ടുള്ള നിയമസഭാടേപടികയിൽ ക ന, ക ഩ, ക ഉ, ക ന, ക ഩ, എന്ന വാല്യങ്ങൾ മെമ്പർ നോക്കേണ്ടതാണ്.

മി: എ. സി. കറിയാക്കോസ് (മീനച്ചിലും ഭേവികളും): നിയമസഭാടേപടി ക ന, ക ഩ, ക ഉ ക ന, ക ഩ, ഈ വാല്യങ്ങളിൽ ഈ വിവരങ്ങൾ അടങ്ങിയിരിക്കുന്നു എന്നുപറയുന്നു. ഇതുപരിശോധിച്ചിട്ടു മനസ്സിലാക്കിയതാണോ

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സ്ക്കാർവക്കീൽ): പരിശോധിച്ചു മനസ്സിലാക്കിയതാണ്.

മി: എ. സി. കറിയാക്കോസ് (മീനച്ചിലും ഭേവികളും): ഏതേതുഭാഗങ്ങളിലാണ് ഈ വിവരങ്ങൾ അടങ്ങിയിരിക്കുന്നതെന്നു പറയാൻ കഴിയുമോ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സക്കാർ വക്കീൽ): ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

മി: എ. സി. കറിയാക്കോസ് (മീനച്ചിലും ഭേവികളും): അതുപറയുന്നതിനുവേണ്ട വ്യവസ്ഥചെയ്യുന്നതിനുവിരോധമുണ്ടോ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സക്കാർവക്കീൽ): വിരോധമില്ല.

മി: എ. സി. കറിയാക്കോസ് (മീനച്ചിലും ഭേവികളും): രണ്ടുമാസത്തിനകം തരത്തക്കവണ്ണം വെണ്ടർപ്പാടുചെയ്യാമോ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സക്കാർ വക്കീൽ): അതു ആലോചിക്കാം.

ഗവണ്മെന്റ് ഇംഗ്ലീഷ് സ്കൂളുകളിലേയും മിഡിൽ സ്കൂളുകളിലേയും അദ്ധ്യാപകന്മാരുടെ ജാതിക്രമത്തിലുള്ള സ്റ്റേറ്റുമെന്റ്.

൩. മി: എ. സി. കറിയാക്കോസ് (മീനച്ചിലും ഭേവികളും): രാജ്യത്തിലെ ഇംഗ്ലീഷ് സ്കൂളുകളിലും മിഡിൽ സ്കൂളുകളിലും ഇപ്പോൾ (൧൯൩൫-൩൬-ൽ൫) സർവീസിലിരിക്കുന്ന അദ്ധ്യാപകന്മാരുടെ ഏ

ണ്ണംകാണിക്കുന്ന . ഒരു സ്റ്റോറുമെൻറ് ഗവണ്മെൻറ് സഭയെ മേശപ്പുറത്തുവയ്ക്കുമോ?

മി: കെ. ജാർജ് (ഗവണ്മെൻറ് ചീഫ് സെക്രട്ടറി): മെംബർ ആവശ്യപ്പെട്ട സ്റ്റോറുമെൻറ് മേശപ്പുറത്തു വച്ചിരിക്കുന്നു (അനുബന്ധം കാണുക).

കാൻസുതൽ കാരയാരെയുള്ളകാലത്തിനുള്ളിൽ
വനങ്ങളിൽനിന്നു വേർപെടുത്തപ്പെട്ടതുമികവും മുസ്ലിമീങ്ങളു
ടെ പേരിൽ പതിച്ചുകൊടുക്കപ്പെട്ടവയുടെ വസ്തീർണ്ണം.

ശ്രീ. പി. പി. എസ്, മഹമ്മദ് (നിയമിക്കപ്പെട്ടമെമ്പർ): കൻസ്യം മെയിൽ-ംതീയ്യതിയിലെ സഭായോഗത്തിൽ മേശപ്പുറത്തു വയ്ക്കപ്പെട്ട ചോദ്യങ്ങളുടെയും മറുപടികളുടെയും ലിസ്റ്റിൽ, കൻസ്യ (ഡ) (എ) ചോദ്യത്തിനു കൊടുത്തിട്ടുള്ള മറുപടി സംബന്ധിച്ചു മുസ്ലീം അപേക്ഷകന്മാരുടെ പേരിൽ പതിച്ചു കൊടുക്കപ്പെട്ട ഭൂമിയുടെ വിസ്തീർണ്ണം എത്രയെന്നു ഗവണ്മെൻറ് സഭയെ പ്രസ്താവിക്കുമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറ് സെക്രട്ടറി): കാൻ മുതൽ കാരയാരെയുള്ള കാലത്തിൽ വനങ്ങളിൽനിന്നു വേർപെടുത്തപ്പെട്ട ഭൂമികളും മഹമ്മദീയരുടെ പേരിൽ പതിച്ചുകൊടുക്കപ്പെട്ടതിന്റെ വിസ്തീർണ്ണം താഴെകൊടുത്തിരിക്കുന്നു:—

താലൂക്ക		പ്രിർസ്തീർണ്ണം ഏക്കർ.	സെൻറ
പത്തനാപുരം		൪൨	൫൫
ചെങ്കോട്ട		നൂനൽ	൪ ൭
പത്തനംതിട്ട		കാ	൭൫
മൂവാറ്റുപുഴ		൨	൦൫
	ആകെ	൭൨൫	൫൪

൪. മി: പി. എസ്. മഹമ്മദ് (നിയമിക്കപ്പെട്ട മെമ്പർ): കാരയാരും കാരയാരും (കാരയാ-കാ൨-കാവരെ) പ്രത്യേകംപ്രത്യേകം ചെലവായിട്ടുള്ള കണ്ണാവിൻറെ പരിമാണം എത്രയെന്നുവ ണ്ണെൻറ് സഭയെ പ്രസ്താവിക്കുമോ?

മി: ടി കെ. മാധവൻനായർ (ആ ഗവണ്മെൻറ് സെക്രട്ടറി): കാരയാരും കാരയാരിൻറെ ആള്ള തെ പതിനാന്നു മാസങ്ങളിലും ചെലവായിട്ടുള്ള കണ്ണാവിൻറെ പരിമാണത്തിൻ യഥാക്രമം ൪,൭൭൭ കാൽ നാഴതോലായും, ൫,൯൫൪ കാൽ, കാരയാരതോലായും ആണ.

ആലപ്പുഴയിലെ കോടതികളിൽ ചെയ്യപ്പെട്ട ഉദ്യോഗനിയമനങ്ങ

ളുടെ സ്റ്റോറുമെൻറ്

൯. മി: പി. എസ്. മഹമ്മദ് (നിയമിക്കപ്പെട്ടമെമ്പർ): (എ) ആലപ്പുഴയിലെ സിന്ധിക്കറും സെഷൻസും കോടതികളേയും മുൻസിഫ് കോടതികളേയും സംബന്ധിച്ചു താഴെപറഞ്ഞിരിക്കുന്ന സംഗതികളെപ്പറ്റിയുള്ള വിവരം തന്നെന്തായ ഒരു സ്റ്റോറുമെൻറ് ഗവണ്മെൻറ് സഭയെ മേശപ്പുറത്തുവയ്ക്കുമോ?

(എ) കാരയാരും കാരയാരും (കാരയാ മകരം കാ-ാംനു-വരെ) വെവ്വേറായി ഈ കോടതികളിൽ ഓരോന്നിലുംചെയ്യപ്പെട്ട ഉദ്യോഗനിയമനങ്ങളുടെ എണ്ണം

(ബി) നിയമിക്കപ്പെട്ട വ്യക്തികളുടെ ജാതി അല്ലെങ്കിൽമതം;

(സി) അതതു കാലത്തിനുള്ളിൽ ഉദ്യോഗങ്ങൾക്കായി മുസ്ലീം അപേക്ഷകന്മാരുടെഎണ്ണം?

(ഡ) അവർ സഭയംപ്രസ്താവിക്കുമോ

(എ) ഈ കോടതികളിൽ ഏതെങ്കിലും മുസ്ലിങ്ങളുടെ അവകാശം മണിച്ചിട്ടുണ്ടോ

(ബി) അങ്ങിനെ അതിനുള്ളകാരണങ്ങൾ?

മി: കെ. ജാർജ് (ഗവണ്മെൻറ് ചീഫ് സെക്രട്ടറി): (എ) (i)-യും (ബി)-യും (സി)-യും ആവശ്യപ്പെട്ട വിവരങ്ങൾ അടങ്ങുന്ന സ്റ്റോറുമെൻറുകൾ* മേശപ്പുറത്തുവച്ചിരിക്കുന്നു (*അനുബന്ധങ്ങൾ ൨ (എ)-യും ൨ (ബി)-യും നോക്കണം)

(ഡ) (എ) മറുപടിനിഷേധ്യമുത്തരമാണ്.

(ബി) ഇപ്പോൾ അറിയിക്കുന്നില്ല.

പകരംഅക്കൗണ്ടൻറുമാർ

൭. മി: പി. എസ്. മഹമ്മദ് (നിയമിക്കപ്പെട്ടമെമ്പർ): ഗവണ്മെൻറ് താഴെപറയുന്നകാര്യങ്ങൾക്കു മറുപടി സഭയെ പ്രസ്താവിക്കുമോ?

(എ) റവന്യൂഡിപ്പാർട്ടുമെൻറിൽ ഒരു അക്കൗണ്ടൻറിനു ആവശ്യപ്പെടുന്ന അത്യുല്പമായ യോഗ്യതകൾ;

(ബി) സർവ്വെപരീക്ഷായോഗ്യതമാത്രമുള്ള അളുകൾ ആളുമായി അക്കൌണ്ടൻറുമാരായി നിയമിക്കപ്പെട്ടിട്ടുണ്ടോ?

(സി) അങ്ങനെയുള്ള ഉദാഹരണങ്ങൾ ഉണ്ടെങ്കിൽ, അപ്രകാരമുള്ള നിയമനങ്ങളുടെ എണ്ണം ജാതിക്രമത്തിൽ കാണിക്കുന്ന ഒരു സ്റ്റോറുമെൻറ് അവർസഭയംമേശപ്പുറത്തുവയ്ക്കുമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറ് സെക്രട്ടറി): (എ) റവന്യൂഡിപ്പാർട്ടുമെൻറിൽ അക്കൗണ്ടൻറ് ജനറലിന്റെ ആവശ്യപ്പെടുന്ന അത്യുല്പമായ യോഗ്യതകൾ വർണ്ണക്രമേണ സ്റ്റേറ്റുമെൻറിൽ സൂചിപ്പിക്കുന്നു. പരീക്ഷയും സർവ്വെടെസ്റ്റും വിജയിച്ച് ആഫീസുകളിൽ ടൈപ്പിസ്റ്റുകളുടെ ജോലിയിൽ പ്രവേശിച്ചിട്ടുള്ള ഒരാളെ മാത്രം അക്കൗണ്ടൻറായി നിയമിച്ചിട്ടുള്ളൂ.

(ബി) അക്കൗണ്ടൻറുമാർക്കുവേണ്ടിയ അത്യുല്പയോഗ്യതനിർദ്ദേശിക്കുന്ന പബ്ലിക്ക സർവീസു കമ്മീഷനിൽ (അനുബന്ധം കാ എ തി. സു. ൩൦. നോക്കണം)പ്രിന്നിട്ട, സർവ്വെ പരീക്ഷായോഗ്യതയുള്ള ഒരാളെ മാത്രം അക്കൗണ്ടൻറായി നിയമിച്ചിട്ടുള്ളൂ.

(സി) ഒരു സ്റ്റെനോഗ്രാഫറുടെ താഴെകൊടുത്തിരിക്കുന്നു: –

പേര്	ജാതി	നിയമിക്കപ്പെട്ടതിയ്യതി
കെ. ജിവൻപിള്ള	വെള്ളാളൻ	ക ൦ൻ-ക൨-ക

സർവ്വേ പരീക്ഷജയിച്ചിട്ടുള്ളയുസ്സിനിടയിൽ

ധ. ബി: പി. എസ്. മഹമ്മദ് (നിയമിക്കപ്പെട്ടമെമ്പർ): സർവ്വേ പരീക്ഷ ജയിച്ചതിയ്യതി മുതൽ ഇപ്പോഴത്തേയും (ക൨൦ ജ-ക൨-ക) കഴിഞ്ഞുപോയകാലങ്ങളിലും സർവ്വേടെസ്റ്റ് പരീക്ഷപാസായിട്ടുള്ള ഉദ്യോഗസ്ഥരുടെ എണ്ണം ഗവണ്മെന്റ് സമയം പ്രസ്താവിക്കുമോ?

ബി: പി. എൻ. കുഞ്ഞുപിള്ള (ഗവണ്മെന്റ്സെക്രട്ടറി): ക ൦ൻ൦-ൽ പരീക്ഷഏർപ്പെടുത്തിയതു മുതൽ ക൨൦൫ ഡിസംബർ അവസാനംവരെയുള്ള മെമ്പർ മഹമ്മദിയർ സർവ്വേടെസ്റ്റ് പാസ്സായിട്ടുണ്ട്. കഴിഞ്ഞുപോയകാലങ്ങളിൽപാസായിട്ടുള്ളവരുടെഎണ്ണം നമുക്കുണ്ട്.

സർവ്വേയും വില്ലേജ്ടെസ്റ്റും പരീക്ഷകളും പാസ്സായിട്ടുള്ള
ആളുകളും.

൯. ബി: പി. എസ്. മഹമ്മദ് (തിയമിക്കപ്പെട്ടമെമ്പർ):കഴിഞ്ഞ അഞ്ചുകൊല്ലങ്ങളിൽ(ക൨൦൨-ക൨൨൫) സർവ്വേയും വില്ലേജ് ടെസ്റ്റും പരീക്ഷകളും പാസായിട്ടുള്ള ആളുകളുടെ എണ്ണം ഗവണ്മെന്റ് സമയം പറയുമോ?

ബി: പി. എൻ. കുഞ്ഞുപിള്ള (ഗവണ്മെന്റ്സെക്രട്ടറി): ആവശ്യപ്പെട്ടവിവരങ്ങൾ താഴെകൊടുത്തിരിക്കുന്നു:—

കൊല്ലം	സർവ്വേടെസ്റ്റ് എണ്ണം	വില്ലേജ്ടെസ്റ്റ് എണ്ണം
ക൨൦൦	ക൨൭	ക൨൩൭
ക൨൦൧	ക൨൭	൨൦൦
ക൨൦൨	ക൨൨	൨൩൨
ക൨൦൩	ക൨൩൭	ക൨൭
ക൨൦൪	ക൨൩൦	ക൨൩൪
ആകെ	൧൩൨	ക൨൩൫

പബ്ലിക്കുവർക്ക്സ് ഡിപ്പാർട്ടുമെൻറിൻെറവക്ക എസ്റ്റാബ്ലിഷ്മെൻറിൽചെയ്യപ്പെട്ടിട്ടുള്ള നിയമനങ്ങളുടെഎണ്ണം

ക൨. ബി: ഡി. പ്രാൻസിസ (നിയമിക്കപ്പെട്ടമെമ്പർ): പബ്ലിക്കുവർക്ക്സ് ഡിപ്പാർട്ടുമെൻറിലെ മേലെ പറഞ്ഞിരിക്കുന്നവക്കുള്ള എസ്റ്റാബ്ലിഷ്മെൻറുകളിൽ ക൨൩൭-ക൩൩൨ വരെ ചെയ്യപ്പെട്ട ഉദ്യോഗനിയമനങ്ങളുടെ ജാതിശതമാനം ഒരു സ്റ്റെനോഗ്രാഫറുടെ സമയം മേടിച്ചുവരുമോ?

(ക) നാഗർകോവിൽഡിവിഷൻ;
(ഖ) തിരുവനന്തപുരം സിവിഷൻ
(ഗ) വക്കഷാപ്പുംസ്റ്റോഴ്സുംഡിവിഷൻ
കൊല്ലം ഡിവിഷൻ
കോട്ടയം ഡിവിഷൻ
ജലസംരക്ഷണ ഡിവിഷൻ
അലുവാ ഡിവിഷൻ
ഇലക്ട്രിക്കൽ ഡിവിഷൻ

ബി: കെ. മാധവൻനായർ (ഗവണ്മെൻറ് ആ. സെക്രട്ടറി): അങ്ങനെയുള്ള ഒരു സ്റ്റെനോഗ്രാഫറുടെ തയ്യാറാക്കുന്നതിൽ വേണ്ടിവരുന്ന സമയവും പ്രയത്നവും തൽഫലമായി ഉണ്ടാകാവുന്ന പ്രയോജനത്തെ അപേക്ഷിച്ചു ക്രമാതീതമാണെന്നു ഗവണ്മെൻറു വിചാരിക്കുന്നതിനാൽ സ്റ്റെനോഗ്രാഫറുടെ തയ്യാറാക്കുന്നതിനു അവർ ഒരു ആളുണ്ടാകില്ല.

അണ്ടർഗ്രാഡ്വേറ്റു് അല്ലാതെകണ്ടാരെ സ്പെഷ്യൽ ഗ്രേഡിലേക്ക് പ്രമോഷൻചെയ്യുന്നതു്.

ക൨. ബി: മൊയ്തിൻ നാമവക്കാരു (ഇടവക): ഗവണ്മെൻറു താഴെപറയുന്ന കാര്യങ്ങൾക്കു മറുപടിസമയംപറയുമോ?

(എ) അണ്ടർഗ്രാഡുവെയിറ്റു വാല്യുർമാർക്കുള്ള സ്പെഷ്യൽ ഗ്രേഡ് എപ്പോഴാണ് ആദ്യമായി ഏർപ്പെടുത്തിയതു്;

(ബീ) ഇതുവരെ (ക൨൦൩-ക൨൦൪) ആ ഗ്രേഡിലേക്ക് ഏതുപേരെ പ്രമോഷൻ ചെയ്തിട്ടുണ്ടു്;

(സി) അങ്ങിനെ പ്രമോഷൻചെയ്തിട്ടുള്ള തീയ്യതികളും?

ബി: കെ. ജാർജ് (ഗവണ്മെൻറ് ചീഫ്സെക്രട്ടറി):

(എ) കൊല്ലവർഷം ക ൦ൻവു-ൽ
(ബ) ൨൦
(സി) ക ൦ൻവു-ൽ വു പേർ
ക ൦ൻ൦-ൽ ൭ ,,
ക൨൦൦-ൽ ൩ ,,
ക൨൦൨-ൽ ക ,,
ക൨൦൪-ൽ ക ,,

ഇംഗ്ലീഷ് സ്കൂളുകളിലെ പണ്ഡിതന്മാർ.

ക. മി: എ. എസ്. മാത്തോമൻശാൻ (മാവേലിക്കരയും—കോത്തികപ്പള്ളിയും): താഴെപറയുന്നകാര്യങ്ങൾക്ക് മറുപടി ഗവണ്മെൻറ് സഭയം പറയുമോ?

(എ) വിദ്വാൻ, ശിരോമണി, മഹോപാദ്ധ്യായൻ, ഉപാദ്ധ്യായൻ എന്നിപരീക്ഷകരും പാസായിട്ടുള്ള അപേക്ഷകന്മാരെക്കാൾ മിഡ്വെറ് അപേക്ഷകന്മാരെക്കാൾ കൂടുതൽ പ്രതിപത്തിയോടുകൂടി ഇംഗ്ലീഷ് സ്കൂളുകളിൽ പണ്ഡിതന്മാരായും മുൻഷിമാരായും നിയമിക്കപ്പെടുന്നുണ്ടോ;

(ബി) (എ) മാതിരിയുള്ള നിയോഗ്യതയിലാണെങ്കിൽ, അങ്ങിനെയുള്ള ഉദ്യോഗങ്ങൾക്ക് പേരുസ്സൂചിപ്പിക്കുന്നതിൽ പ്രത്യേകപാണ്ഡിത്യമുള്ള ഈ ആളുകളോട് അങ്ങിനെയുള്ള ഉദ്യോഗയിയമനങ്ങളിൽ കൂടുതൽ പ്രതിപത്തികാണിക്കുന്നതിനുള്ള കാരണമെന്തു?

മി: ഇ. ജി. ജാർജ് (ഗവണ്മെൻറ് ചീഫ്സെക്രട്ടറി): (എ) അതെ.

(ബി) (എ) മാതിരിയുള്ള നിയോഗങ്ങൾ നിലനിന്നു ഇതു ഉണ്ടാകുന്നതിലല്ലെന്നു കാണാം.

പുളിപ്പള്ളി എം. കെ. പത്മനാഭൻ മൊയ്തുകുട്ടൻറെ തൊഴിൽ
ശാലയ്ക്കു സഹായധനം നൽകുന്നതു്.

ക. മി: എ. എസ്. മാത്തോമൻശാൻ (മാവേലിക്കരയും—കോത്തികപ്പള്ളിയും): താഴെപറയുന്ന കാര്യങ്ങൾക്കു മറുപടി ഗവണ്മെൻറ് സഭയം പ്രസാദിക്കുമോ?

(എ) പുളിപ്പള്ളിയിൽ പ്രവർത്തിയിൽ മുഹമ്മദീയൻ എം. കെ. പത്മനാഭൻ കൈവല്യൻറെ തൊഴിൽ ശാലയ്ക്കു അംഗീകാരവും സഹായധനവും നൽകുന്നതിനുവേണ്ടി തദ്ദേശനിയമസഭാംഗമെന്നവണ്ണമോ ശ്രീമൂലം പ്രജാസഭാംഗമെന്നവണ്ണമോ കൊല്ലപ്പുകഴ്ചയിട്ടുള്ള ഒരു അപേക്ഷയോ (മെമ്മോറിയൽ) കരുനാഗപ്പള്ളിതാലൂക്കിൽ പുളിപ്പള്ളിപകുതിയിലെ ജനങ്ങളിൽനിന്നും അവയ്ക്ക് കിട്ടിട്ടുണ്ടോ?

(ബി), (സി) മാതൃകയിലുള്ള അപേക്ഷയിലാണെങ്കിൽ, അതിന്മേൽ എടുത്തിട്ടുള്ള നടപടികൾ എന്തു?

മി: പി. എൻ കുഞ്ഞുപിള്ള (ഗവണ്മെൻറ് സെക്രട്ടറി):

(എ) മറുപടി അനുബന്ധപത്രത്തിലുണ്ട്.

(ബി) ഗവണ്മെൻറ് അംഗീകരണമുള്ള തൊഴിൽമാസ്റ്റർ പ്രസ്തുതവൈദ്യൻറെ പേരുപ്പെടുത്തുന്നതാണ്. ആയുർവേദവിദ്വാൻപ്പരീക്ഷയിൽ ചാർജ്വഹിക്കുന്ന ഇൻസ്പെക്ടർക്ക് ഉത്തരവു അയച്ചിട്ടുണ്ട്. സഹായധനം നടകുന്നകാര്യം ആലോചിക്കുന്നതാണ്.

അനുബന്ധം ക.

സംഭാവനയുടെ മറുപടിയോടുകൂടിയ പട്ടിക.

ജാതി		വാല്യുവർമാത്രമുള്ള സംഖ്യ
ക	ഹിന്ദുക്കൾ	
	(ബ്രഹ്മണർ) ബ്രാഹ്മണർ	൫
	(മറവ്) ടി	ന്നൂറ്റന്നാല്പത്തിനാല്
	നായർ	൨
	ഈഴവർ	൯
	കമ്മാളർ	൪
	ക്ഷത്രിയർ	൭
	നായർ	൨൫൪
	പുലയർ	...
	മറവ് അധഃകൃതവർഗ്ഗക്കാർ	൪൫
	വെള്ളാളർ	൨൫
	മറവ് ഹിന്ദുക്കൾ	൨൩
ഖ	മുസ്സൽമാൻമാർ	൨൪
ന	ക്രിസ്ത്യാനികൾ	
	(എ) പ്രോട്ടസ്റ്റൻറുകാർ	൪൦
	(ബി) റോമൻകത്തോലിക്കർ	...
	(ക)ലത്തീൻ	൨൯
	(ഖ) സുറിയാനി	ന്യ
	(സി) സുറിയാനിക്കാർ	
	(ക) യാക്കോബായർ	൪൪
	(ഖ) മാർത്തോമ്മാക്കാർ	൪൩
	(ഡി) ആംഗ്ലേയസഭക്കാർ	൨൭
ഘ	മറ്റുള്ളവർ	൩

അനുബന്ധം ഡ എ.

സ്ഥാനം ചോദ്യത്തിന്റെ മറുപടിനോക്കണം.

൧൯൨൯-ൽ ആലപ്പുഴയിലെ ജില്ലയും സെഷ്യൻസുകോടതികളിലും മുൻസിഫ് കോടതികളിലും ഓരോന്നിലും ചെയ്യപ്പെട്ട ഉദ്യോഗനിയമനങ്ങളെ കാണിക്കുന്ന സ്റ്റേറ്റുമെൻറ്.

കോടതിയുടെപേര്	(എ) ൧൯൨൯-ൽ ചെയ്യപ്പെട്ട ഉദ്യോഗനിയമനങ്ങളുടെ എണ്ണം	(ബി) നിയമിക്കപ്പെട്ട ആളിന്റെ ജാതി അഭ്യസ്തകിൽ മതം.								
		ഹിന്ദുക്കൾ								ക്രിസ്ത്യാനികൾ
		മറ്റു ബ്രാഹ്മണർ	ഈഴവർ	(മലയാള) ക്ഷത്രിയർ	നായർ	പുലയർ	മറ്റു അധഃകൃതവർഗ്ഗക്കാർ	പറവർ	മറ്റു ഹിന്ദുക്കൾ	
ആലപ്പുഴ ജില്ലാകോടതി.	൨൨	൩	൪	...	൯	൧	...	...	൨	...
ആലപ്പുഴ താൽക്കാലിക ൨-ാംക്ലാസ്സിയുടെ കോടതി	൪	...	...	...	൨	...	...	...	...	...
ആലപ്പുഴപ്രിൻസിപ്പൽ മുനിസിപ്പുകോടതി	൨൪	....	൨	...	൯	...	൨	...	൧	൧
ആലപ്പുഴ അഡിഷണൽ മുൻസിപ്പുകോടതി	൨൦	...	൧	...	൧൪	...	൧	...	൨	൧
ആകെ	൭൦	൩	൭	...	൩൪	൧	൩	..	൪	൨

അനുബന്ധം ൨ എ (തുടർച്ച).

സുപ്രീംകോടതിയുടെ മേൽപടിനോക്കണം.

ഫ ഫ ൦ ൪-ൽ ആലപ്പുഴയിലെ ജില്ലയും സെഷൻസും കോടതികളിലും മുൻസിഫ്കോടതികളിലും ഓരോന്നിലും നിയമിക്കപ്പെട്ട നിയമനങ്ങളുടെ എണ്ണം കാണിക്കുന്ന സ്റ്റേറ്റുമെൻറ്.

കോടതിയുടെ പേര്	(സി) നിയമിക്കപ്പെട്ട വ്യക്തികളുടെ ജാതിഅടിസ്ഥാനത്തിൽ മതം						(സി)	(എ)	(ബി)	റിമാർക്കുകൾ
	൧ ക്രിസ്ത്യാനികൾ									
	ലത്തീൻകത്തോലിക്കർ	റോമൻകത്തോലിക്കർ അല്ലാത്തവർ	ഈഴവർ	മറ്റുപിന്നോക്കസമുദായക്കാർ	മറ്റുള്ളവർ	ആകെ	അതേകാലാവധിയിൽ ഉദ്യോഗത്തിനായിട്ടുള്ള മുസ്ലീം അപേക്ഷകന്മാരുടെ എണ്ണം	ഏതെങ്കിലും പ്രത്യേക കോടതി മുസ്ലീങ്ങളുടെ അവകാശം അവഗണിച്ചുവോ എന്ന്	അങ്ങിനെയാണെങ്കിൽ അതിലുള്ള കാരണങ്ങൾ	
ആലപ്പുഴ ജില്ലാകോടതി	...	...	...	൨	...	൧	൧	ഫ ഫ ൦ ൪-ൽ ഈ കോടതിയിൽ ഒരു മുസ്ലീം അപേക്ഷകനുണ്ടായിരുന്നു. അപ്പോൾ ഒഴിവില്ലായിരുന്നു. അയാൾ ഫ ഫ ൦ ൪-ൽ സ്ഥലമാറ്റത്തിൽ പ്രിൻസിപ്പൽ മുൻസിപ്പുകോടതിയിൽ ഒരു പകരം കോപ്പിയിസ്റ്റ് ജോലി കൊടുക്കപ്പെട്ടു. ഈ കോടതിയിലും പകരം പകർപ്പെഴുത്തു ജോലിയിൽ നിയമിക്കപ്പെട്ടു.		
ആലപ്പുഴ താൽക്കാലിക ൨-ാം ജില്ലയുടെ കോടതി	...	...	....	൨	...	....	...	ഫ ഫ ൦ ൪-ൽ ഒരു മുസ്ലീം അപേക്ഷകൻമാത്രമുണ്ടായിരുന്നു. അയാൾ പകരം ജോലിയിൽ പ്യൂൺ ആയിട്ട് നിയമിക്കപ്പെട്ടു.		
ആലപ്പുഴ പ്രിൻസിപ്പൽ മുൻസിപ്പുകോടതി	...	...	൧	൪	൩	൧	൧	ഒരു മുസ്ലീം അപേക്ഷകൻമാത്രമുണ്ടായിരുന്നു. അയാൾ പകരക്കാരനായി പ്യൂൺ ആയിട്ട് നിയമിക്കപ്പെട്ടു.		
ആലപ്പുഴ അഡീഷണൽ മുൻസിപ്പുകോടതി	...	...	...	...	...	൧	൧			
ആകെ	...	...	൧	൬	൩	൩	൩			

അനുബന്ധം ൨ ബി.

നൃപം ചോദ്യത്തിന്റെ മറുപടിയിനോക്കണം.

൧൯൩൫(൧൯൩൫-നു-മു വരെ) ആലപ്പുഴയിലെ ജില്ലായും സെഷ്യൻസുജഡ്ജിയുടെയും മുൻസിഫ്കോടതികളിലും ജാതിയനുസരിച്ചു ചെയ്യപ്പെട്ട നിയമനങ്ങളെ കാണിക്കുന്ന സ്റ്റേറ്റുമെന്റു.

കോടതിയുടെപേരു	(എ) ൧൯൩൫ (൧൯൩൫-നു-മു വരെ) ചെയ്യപ്പെട്ട നിയമനങ്ങളുടെ എണ്ണം	(ബി) നിയമിക്കപ്പെട്ട വ്യക്തികളുടെ ജാതി തരംതിരിച്ചുള്ള വിവരം								മുസൽമാന്മാർ
		ഹിന്ദുക്കൾ								
		മറ്റു ബ്രാഹ്മണർ	ഈഴവർ	(മലയാള) ക്ഷത്രിയർ	നായർ	പുലയർ	മറ്റു അധഃകൃതവർഗ്ഗക്കാർ	വെള്ളാളർ	മറ്റു ഹിന്ദുക്കൾ	
ആലപ്പുഴ ജില്ലാകോടതി	ൻ	൧	൧	...	൨	...	...	...	൨	൨
ആലപ്പുഴതാല്ലൂക്കിക പഞ്ചായത്തുകോടതി	...	...	...	...	...	....	...	..	...	...
ആലപ്പുഴപ്രിൻസിപ്പൽ-മുൻസിഫ് കോടതി	൭	...	...	൧	൩	...	..	...	...	൧
ആലപ്പുഴ അഡീഷണൽ മുൻസിഫ് കോടതി	൪	...	൧	൧	൨	...	...	...	...	...
ആകെ	൨൦	൧	൨	൨	൭	...	...	...	൨	൩

അനുബന്ധം ഡ ബി. (തുടർച്ച)

നുാം ചോല്യത്തിൻറെ മറുപടി നോക്കണം

ക ക ാ ങ്ങൾ (ക ക ാ ങ്ങ-ുക വരെ) ജില്ലയും സെഷ്യൻസും കോടതികളിലും മുൻസിഫ് കോടതികളിലും മാരുന്നിയും കയ്യൂരപ്പെട്ട നിയമനങ്ങളെ കാണിക്കുന്ന സ്റ്റേറ്റുമെൻറ്

കോടതിയുടെ പേര്	(ബി) നിയമിക്കപ്പെട്ട വ്യക്തിയുടെ ജാതി അല്ലെങ്കിൽ മതം						(സി)	(എ)	(ബി)	റിമാർക്സ്
	ന ക്രിസ്ത്യാനികൾ									
	തെക്കുംഭാഗക്കാർ	വടക്കുംഭാഗക്കാർ	ലത്തീൻ കത്തോലിക്കർ	യാക്കോബായ സുറിയാനി ക്കാർ	മാർത്തോമാ സുറിയാനി ക്കാർ	മറ്റുള്ളവർ	അതതു കാലഘട്ടത്തിൽ ഉള്ള ഉദ്യോഗത്തിനായി മുസ്ലീം അപേക്ഷകന്മാരുടെ എണ്ണം	ഈ കോടതികളിൽ വല്ലതും മുസ്ലീങ്ങളുടെ അവകാശങ്ങളെ അവഗണിച്ചുവോ	അങ്ങിനെയാണെങ്കിൽ അതിനുള്ള കാരണങ്ങൾ	
ആലപ്പുഴ ജില്ലാകോടതി	...	ക	...	...	...	.	ഡ	ക ക ാ ങ്ങൾ രണ്ടുമുസ്ലീം അപേക്ഷകന്മാരുണ്ടായിരുന്നു. ഒരാളെ ക്ലാർക്കായിട്ടും പകർപ്പുപ്പുഴയായിട്ടും പകരത്തിൽ നിയമിക്കപ്പെട്ടു. മറ്റൊരാൾ പകരത്തിൽ ശമ്പളപ്പട്ടൺ ആയി നിയമിക്കപ്പെട്ടു.	...	
ആലപ്പുഴതാല്ലൂക്കിക ഡ ം ജഡ് ജിയുടെ കോടതി	...	...	...	...	...	...	...		...	
ആലപ്പുഴ പ്രിൻസിപ്പൽ മുൻസിഫ്കോടതി	...	ക	...	....	ക	...	ക	ക ക ാ ങ്ങൾ ഒരു മുസ്ലീം അപേക്ഷകൻമാത്രമുണ്ടായിരുന്നു. അയാൾ പകരം പകർപ്പുപ്പുഴയുടെ ഗുമസ്തനായി നിയമിക്കപ്പെട്ടു.	...	
ആലപ്പുഴ അഡീഷണൽ മുൻസിഫ്കോടതി	...	...	...	...	...	...	...		...	
ആകെ	...	ഡ	...	...	ക	...	ന		...	

മി: ശൂരവേലിൽ പാപ്പച്ചിപ്പിള്ള സഭയുടെ ജോലി നിർത്തിവയ്ക്കണമെന്ന ആവശ്യപ്പെടുന്ന ഒരു പ്രമേയത്തെപ്പറ്റിയുള്ള നോട്ടീസ് പ്രസിഡൻറിന്റെ പക്കൽ സമർപ്പിച്ചു.

പ്രസിഡൻറ്: അടിയന്തിരമായ പൊതുപ്രാധാന്യമുള്ള ഒരു നിർദ്ദിഷ്ട സംഗതിയെ, അതായത് ചേർത്തലയിലും കഞ്ഞിക്കുഴിയിലും മുളിയ പൊതുജനയോഗങ്ങളിൽവച്ചു നടന്ന സംഭവങ്ങളെ സംബന്ധിച്ചു പോലീസിന്റെ മോശമായ നടത്തയും പറഞ്ഞു വിമർശനം നടത്തുന്നതിനായിട്ടു സഭയുടെ ജോലി നിർത്തിവയ്ക്കണമെന്ന ഉൽക്ഷേപിക്കുന്നതിന് അനുവാദം ചോദിക്കുന്ന ഒരു പ്രസ്താവന മി: ശൂരവേലിൽ പാപ്പച്ചിപ്പിള്ള എന്നവരുടെ പക്കൽ തന്നിരിക്കുന്നു. ഈ സംഗതിയെപ്പറ്റിയുള്ള തീർച്ച ലംഘിക്കുന്നതിനുശേഷം ഞാൻ തരുന്നതാണ്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): സർ, നിയമമായി ചട്ടങ്ങളിൻപ്രകാരം സഭയുടെ ജോലി നിർത്തിവയ്ക്കണമെന്നുള്ള ഒരു പ്രമേയം ക്രമമായതല്ലെന്നു തള്ളിക്കളയാം, അനുവദിക്കുകയും ആകാം. ഈ പ്രമേയം ക്രമാനുസൃതമല്ല എന്നു തള്ളപ്പെടുന്നില്ലെങ്കിൽ സഭയുടെ ഈ വകുപ്പുള്ള റൂൾ ഒരു ഇടക്കാലസ്ഥിതിയിൽ ആക്കപ്പെടും, കാരണം, ഈ സഭയുടെ ജോലി നിർത്തിവയ്ക്കണമെന്നുള്ള പ്രമേയം ലിസ്റ്റിൽ ചേർക്കുന്നതിനു അവസരം കഴിവില്ലാതെ വരും. അടിയന്തിരമായ പൊതുപ്രാധാന്യമുള്ള ഒരു സംഗതി പരിശോധിക്കുന്നതിനായിട്ട് സഭയുടെ ജോലി നിർത്തിവയ്ക്കണമെന്നാവശ്യപ്പെടുന്ന വേറൊരു പ്രമേയം ഇതിനുണ്ട് എന്നുള്ള വസ്തുത ആലോചിച്ചു, ഞങ്ങൾക്കുള്ള അഭിപ്രായം, മേൽ പ്രമേയം ക്രമത്തിലാണെന്നു തീർച്ചപ്പെടുത്തണമെങ്കിലും, ഈ പ്രമേയത്തെപ്പറ്റി ആലോചന നടത്തുകയും സഭയുടെ അഭിപ്രായം നിർണ്ണയിക്കുകയും വേണമെന്നാണ് എനിക്കു തോന്നുന്നത്.

മി: കുഞ്ചാണ്ടി പരമേശ്വരൻപിള്ള (അഡീഷണൽ ഫൈഡ് സർക്കാർ വക്കീൽ): മേൽ പ്രമേയങ്ങൾ ഉൽക്ഷേപിക്കപ്പെടണമെന്നു മി: കെ. പി. നീലകണ്ഠപ്പിള്ളയുടെ സൂചനയെ സംബന്ധിച്ചു്, ഇപ്പോൾ ഉൽക്ഷേപിക്കപ്പെടാൻ ഉദ്ദേശിക്കുന്നതായ വേറൊരു പ്രമേയവും ഇല്ലെന്നാണ് ഞാൻ വിചാരിക്കുന്നതു്. മേൽ പ്രമേയങ്ങൾ ഉൽക്ഷേപിക്കപ്പെടാൻ ഉദ്ദേശിക്കുന്നപക്ഷം, അവ അവയുടെ ക്രമത്തിൽ ആലോചിക്കപ്പെടുകയും പ്രസിഡൻറിനെ ഓരോന്നിനെയും തൻറെ തീർച്ചയെ ചെയ്യുകയും ചെയ്യാവുന്നതാണ്.

മി: എ. എസ്. ഓമോരൻ ആശാൻ (മാവേലിക്കരയും കാഞ്ഞിരപ്പള്ളിയും): ഒരു ചട്ടത്തെപ്പറ്റി ബാമെംബറിന്റെ അഭിപ്രായമെന്താണ്?

മി: എസ്. പിറപ്പിള്ളൈമാർപിള്ള (വാണിജ്യവും വ്യവസായവും, തെക്കു്): സർ, ഒരു വാക്കു പറഞ്ഞു കൊള്ളട്ടെ.

കൗൺസിൽ ചട്ടങ്ങളിൽ ചട്ടം ൫൦ (൨) ഈ കാര്യത്തിൽ സ്പഷ്ടീകരിക്കപ്പെടേണ്ട നടപടിയെ നിർദ്ദേശിക്കുന്നു. അതിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു,—

"വിമർശിക്കപ്പെടുന്നതിനു നിർദ്ദേശിക്കപ്പെടുന്ന വിഷയം ക്രമാനുസൃതമാണെന്നു പ്രസിഡൻറിന്റെ അഭിപ്രായമാണെങ്കിൽ, അദ്ദേഹം പ്രസ്താവനയെ സഭയിൽ വായിക്കുകയും മെമ്പറിനു സഭയുടെ അനുവാദമുണ്ടോ എന്നു ചോദിക്കുകയും വേണ്ടതാണ്. വിസമ്മതമില്ലെങ്കിൽ പ്രമേയം ആലോചനയ്ക്കെടുക്കപ്പെടുന്ന മണിക്കൂറിനെപ്പറ്റി പ്രസിഡൻറ് അറിവു കൊടുക്കേണ്ടതാണ്. വിസമ്മതം കാണിക്കപ്പെടുന്നെങ്കിൽ പ്രമേയത്തെ അനുകൂലിക്കുന്ന മറ്റേ മെമ്പർമാരോടു കൂടി അവരുടെ സ്ഥാനങ്ങളിൽ എഴുനേറ്റു നിൽക്കുന്നതിനു പ്രസിഡൻറ് ആവശ്യപ്പെടുകയും അങ്ങനെ മതിയായ പതിനഞ്ചു മെമ്പർമാർ എഴുനേറ്റു നിൽക്കുന്നെങ്കിൽ അങ്ങിനെതന്നെ അദ്ദേഹം മന്ത്രിക്കുറിപ്പെപ്പറ്റി അറിവു കൊടുക്കുകയും ചെയ്യേണ്ടതാണ്. ഇപ്രകാരത്തിൽ താഴെ മെമ്പർമാർ എഴുനേല്ക്കുന്നെങ്കിൽ മെമ്പർക്ക് സഭയുടെ അനുവാദമില്ലെന്നു അദ്ദേഹത്തെ അറിയിക്കയും വേണം"

ഇതെത്രയും അനുകരിക്കേണ്ട നടപടി.

പ്രസിഡൻറ്: ഞാൻ ലംഘിക്കുന്നതിനു ശേഷം തീർച്ച നൽകുന്നതിനാൽ മെമ്പർമാർക്ക് മേൽ പ്രമേയങ്ങൾ സംബന്ധിച്ചു തങ്ങൾക്കുള്ള അധികാരങ്ങളെ പ്രയോഗിക്കുന്ന സംഗതിയിൽ എന്തു ദോഷം നേരിട്ടുമെന്നു എനിക്കു മനസ്സിലാകുന്നില്ല. ഇപ്പോൾ എൻറെ പക്കൽ തന്നിട്ടുള്ളതു് ഒരു പ്രമേയം മാത്രമാണ്. ഈ സംഗതിയെപ്പറ്റി ഞാൻ തീർച്ച നൽകിയതിൽ പിന്നെ ഈ വിഷയത്തെപ്പറ്റി സഭയുടെ അഭിപ്രായം ഇന്നതാണെന്നു നിർണ്ണയിക്കപ്പെടാവുന്നതാണ്. അനുവാദം കൊടുക്കേണ്ടതാണോ എന്നു സഭ സമ്മതിക്കുകയാണെങ്കിൽ, അപ്പോൾ പ്രമേയം മുഴുവനും വിമർശിക്കപ്പെടാം. ഈ സന്ദർഭങ്ങളിൽ, ഇന്നു ലംഘിക്കുന്നതിനു ശേഷം വരെയുള്ള എൻറെ തീർച്ച സംയമനം ചെയ്യുന്നതു കൊണ്ടു വല്ല വിഷമവും ഭവിക്കുന്നതെങ്ങിനെ എന്നു എനിക്കു മനസ്സിലാകുന്നില്ല.

മി: എ. എസ്. ഓമോരൻ ആശാൻ (മാവേലിക്കരയും കാഞ്ഞിരപ്പള്ളിയും): ഈ സംബന്ധമായി ഞാൻ ഒരു വാക്കു സൂചിപ്പിക്കുന്നതിനു അനുവാദമുണ്ടോ?

ഈ പത്രത്തിൽ സഭയുടെ ജോലി നിർത്തിവയ്ക്കുന്നതിനുള്ള മേൽപ്രമേയത്തെപ്പറ്റിയുള്ള അറിയിപ്പു

മി: ആർ. കേശവപിള്ള പ്രസിഡൻറിന്റെ പക്കൽ ഏൽപിച്ചു.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): ഒരു പ്രസ്താവന ഞാൻ ചെയ്തുകൊള്ളുന്നു. സഭാചട്ടങ്ങളിൽ ചട്ടം ൫൦ സഭയാൽ അനുകരണീയമായ നടപടിയെ നിർദ്ദേശിക്കുന്നു. ആ ചട്ടത്തിലെ ൨-ാം വാചകപ്രകാരം ഈ പ്രമേയം സഭയിലെ മേൽ മെമ്പർമാരാൽ അനുവദിക്കപ്പെടുന്നതായോ എന്നു സഭയുടെ അഭിപ്രായം പ്രസിഡൻറ് നിർണ്ണയിക്കേണ്ടതാണ്, അനന്തരം പ്രസിഡൻറ് നടപടി ഇടരേണ്ടതുമാണ്, സഭയുടെ അനുവാദം ചോദിക്കാതെ സഭയുടെ ജോലി പിന്നീടു മറ്റൊരു സമയത്തിലേക്കു നീട്ടിവയ്ക്കാൻ പാടില്ലാ. അതാണ് ചട്ടങ്ങളിൽ നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന സൂക്ഷ്മമായ നടപടി, പ്രസിഡൻറ് ചട്ടങ്ങളാൽ നിബദ്ധനാണ്

മി കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഇതു സംബന്ധമായി ഒരു സംഗതികൂടി പറയാനുണ്ട്. സൻ-ാം ചട്ടം ൫-ാം വാചകത്തിൽ പറഞ്ഞിരിക്കുന്നതു "ഒരേ യോഗത്തിൽ അങ്ങിനെയുള്ള പ്രമേയങ്ങളിൽ ഒന്നിലധികം പ്രയോഗിക്കപ്പെടരുതു" എന്നാണ്.

പ്രസിഡൻറ്: മി: കേശവപിള്ള, പ്രമേയം സഭയാൽ വിമർശിക്കപ്പെടുന്നതിനു മുമ്പായി, രണ്ടു

ചട്ടങ്ങൾ കടന്നു പോകേണ്ടതുണ്ടെന്ന് സൂചിപ്പിച്ചു. ഒന്നാമത് അതു ക്രമാനുസരണമാണോ എന്ന പ്രസിഡന്റ് തീരുമാനിക്കണം. രണ്ടാമത്, സഭയുടെ സമ്മതം ലഭിക്കേണ്ടതാണ്. ഈ രണ്ടാശങ്കകളും നിലനിൽക്കുന്നതുകൊണ്ടു മാത്രമാണ് പ്രമേയം സഭയിൽ വിമർശിക്കപ്പെടാൻ പാടില്ല. താൻ ഒന്നാമതായ ചട്ടത്തിലാണ്, രണ്ടാമതായല്ല ചട്ടം വ്യവസ്ഥചെയ്തിട്ടുണ്ടെന്നുള്ള സംഗതി അതു ക്രമാനുസരണമാണോ അല്ലയോ എന്നു പരീക്ഷിക്കുന്നതിനു പ്രസിഡന്റിനുള്ള വിവേക ബുദ്ധി പ്രയോഗിക്കുന്നതിനെ ഒരു വിധത്തിലും തടയുന്നില്ല.

ബി: നീലകണ്ഠപ്പിള്ളയുടെ വിഷമത്തെ സംബന്ധിച്ചു ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുന്നു് ചട്ടത്തിൻറെ അർത്ഥം ഒരോ ദിവസത്തിൽ തന്നെ നിൽത്തിവയ്ക്കുന്നതിനുള്ള പ്രമേയങ്ങളെ മാത്രമേ വിമർശിക്കപ്പെടാൻ പാടുള്ളൂ എന്നു മാത്രമാണ്. അതിനെ അനുകൂലിക്കുന്ന പക്ഷവും തീർച്ച ചർച്ചയ്ക്കുശേഷം തരാതരമനുള്ള സംയമനത്തിൽ വല്ല വിഷമവും ഉണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല.

ബി: എ. എസ്. മോമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഈ സംഗതി സംബന്ധിച്ചു നമ്മുടെ സഭയുടെ സാധികാരത്തെ (പ്രിവിലേജ്) സ്പർശിക്കുന്ന എന്തെങ്കിലും സാരമായ ഒരു സംഗതിയാകയാൽ കൂടുതൽ പരിചിന്തനവിഷയമായ ഒരു സംഗതിക്കായി ഞാൻ എഴുന്നേൽക്കുന്നു. സഭയുടെ ജോലി നിർത്തിവയ്ക്കുന്നതിനുള്ള ഒരു പ്രമേയം അടിയന്തിരമായ പൊതു പ്രാധാന്യതയുള്ള ഒരു കാര്യത്തെ സംബന്ധിക്കുന്നതായിരിക്കണം. അതു ക്രമാനുസരണമാണെന്നു പ്രസിഡന്റു വിചാരിക്കുന്നെങ്കിൽ, പ്രമേയത്തെ വല്ലവരും എതിർക്കുകയോ എന്നുള്ളതിനെപ്പറ്റി സഭയുടെ അഭിമതം ആരായുകയും നിശ്ചയിക്കുകയും വിഷയത്തെപ്പറ്റി വിമർശനം നടത്തുന്നതിനായി ഒരു സമയം നിശ്ചയിക്കുകയും വേണ്ടതാണ്. ചോദ്യങ്ങൾക്കായുള്ള സമയം തീർന്ന ശേഷം സഭാ ഇതര നടപടികൾ ആരംഭിക്കുന്നതിനു മുമ്പു മാത്രമേ നിർത്തിവയ്ക്കുന്നതിനുള്ള പ്രമേയം ഉൽക്ഷേപിക്കപ്പെടാൻ പാടുള്ളൂ എന്നാണു ചട്ടം നിർദ്ദേശിക്കുന്നത്. ഇന്നു ഉച്ചയ്ക്കു മേൽ പ്രമേയം ക്രമാനുസരണമല്ല എന്നു പ്രസിഡന്റു പറയുന്നു എന്നു വിചാരിക്കാം. അപ്പോൾ മെമ്പർമാർക്കു വേറൊരു പ്രമേയം കൊണ്ടു വരുന്നതിനവകാശമില്ല. ചട്ടങ്ങളിലും സ്റ്റാൻഡിംഗ് ഓർഡർകളിലും വ്യവസ്ഥചെയ്തിട്ടുള്ള നടപടിയെ മാത്രം സ്വീകരിക്കുകയായിരുന്നാൽ മെമ്പർമാർക്കു അനുകരണീയമായ രക്ഷാവഴി ഒന്നും ഇല്ലാതെയിരിക്കുന്നതുമാണ്. ചട്ടങ്ങളിൽ പറഞ്ഞിരിക്കുന്നതിൻപ്രകാരമാണ്:

"പ്രമേയം ഉൽക്ഷേപിക്കുന്നതിനായി അനുവാദം അപേക്ഷിക്കുന്ന മെമ്പർ വിമർശിക്കപ്പെടാൻ ഉദ്ദേശിക്കുന്ന വിഷയത്തെപ്പറ്റി രേഖാമൂലമായ ഒരു അറിയിപ്പു പ്രസിഡന്റിനെ പക്കൽ ഏൽപ്പിക്കണം. വിമർശിക്കപ്പെടാൻ ഉദ്ദേശിക്കുന്ന വിഷയം ക്രമാനുസരണമാണെന്നു പ്രസിഡന്റു അഭിപ്രായപ്പെടുന്നെങ്കിൽ, അദ്ദേഹം ആ അറിയിപ്പിനെ സഭയിൽ വായിക്കുകയും മെമ്പർക്കു സഭ അനുവാദം കൊടുക്കുന്നുവോ എന്നു ചോദിക്കുകയും വേണം. തടസ്സമൊന്നുമില്ലെങ്കിൽ, പ്രമേയം ഏതു സമയത്തു എടുക്കപ്പെടും എന്നു സഭയ്ക്കു അറിവു കൊടുക്കുകയും വേണം."

അടിയന്തിരമായ പൊതുപ്രാധാന്യതയുള്ള ഒരു വിഷയമാകയാലും ഈ സഭയുടെ മുൻഉദ്ധാരണങ്ങളനുസരിച്ചു്, ഈ പ്രമേയം തള്ളപ്പെടുന്ന ഉടനെ തന്നെയോ മറ്റൊരു പ്രമേയം ഞങ്ങൾക്കു് ഉൽക്ഷേപിക്കുന്നതിനുള്ള സമയം നീട്ടുന്നെങ്കിൽ, അതു ഞങ്ങൾക്കു വളരെ ബുദ്ധിമുട്ടിന് ഇടയാകുന്നതാണ്. കൂടാതെയും മാവിയിൽ മെമ്പർമാരുടെ അവകാശങ്ങളെ ഹനിവരുത്തുന്ന ഒരു മുൻഉദ്ധാരണമെന്നു അതു ഗണിക്കപ്പെടുന്നതും ആണ്.

മി: കുഞ്ഞുപരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സെക്രട്ടറിക്കുവേണ്ടി): ഇപ്പോൾ തന്നെയും മി: ആശാൻ വേറെ ഒരു പ്രമേയം ഉൽക്ഷേപിക്കുന്നതിന് അനുവാദം ചോദിക്കുന്നതിനെ തടസ്സപ്പെടുത്തുന്ന വല്ലതും ഉണ്ടോ? മി: കേശവപിള്ള ചെയ്തിട്ടുള്ളതുപോലെതന്നെ സമ്മതം ചോദിക്കാൻ സാധിക്കയില്ല എന്നു അദ്ദേഹം ശങ്കിക്കുന്നുണ്ടോ?

മി: എ. എസ്. മോമോദരൻആശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): മുന്നവസരങ്ങളിൽ മാ മെമ്പർ പുറപ്പെടുവിച്ചിട്ടുള്ള വാങ്ങലുകളെ ഞാൻ അനുകരിക്കേണ്ടിയിരുന്നാൽ, അപ്രകാരമുള്ള തടസ്സങ്ങളെ അവ ഉൽപ്പെടുത്തുന്നതായി എനിക്കു ശങ്കയുണ്ടു ഗവണ്മെൻറുവശത്തുനിന്നും അങ്ങിനെയുള്ള തടസ്സങ്ങൾ പുറപ്പെടുവിച്ചിട്ടുള്ള ഉദ്ധാരണങ്ങൾ എനിക്കറിയാം. ഒരിക്കൽ മി: ജി. രാമൻനായരും വേറൊരു മെമ്പറും, പക്ഷേ, മി: തോമസ് ആയിരിക്കാം. ഇപ്രകാരം സഭയുടെ ജോലി നിർത്തിവയ്ക്കുന്നതിനുള്ള പ്രമേയം ഉൽക്ഷേപിക്കാൻ അനുവാദം ആഗ്രഹിച്ചപ്പോൾ, ഒരു പ്രമേയത്തിനുമാത്രമേ അനുവാദം ചോദിക്കാൻ പാടുള്ളൂഎന്നുള്ള കാരണത്തിൻമേൽ ആക്ഷേപം ഉന്നയിക്കപ്പെട്ടു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അപ്പോൾ അനുകരിക്കപ്പെട്ട നടപടി ആലോചിച്ചു് - ചട്ടങ്ങളും സ്റ്റാൻഡിംഗ് ഓർഡർകളും പ്രകാരം രണ്ടുപ്രമേയങ്ങളും ഒർമ്പമായി നിന്നതാണ് എന്നു ഞാൻ അനുമാനിക്കുന്നു.

മി: എ. എസ്. മോമോദരൻ ആശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): അതുകൊണ്ടാണ് ചട്ടമെമ്പർ വേണ്ടാ, സഭയിലെ ഏതൊരു മെമ്പറിനോ, നടപടിയുടെ പ്രാബല്യത്തെ ആക്ഷേപിക്കുകയും അതു ക്രമാനുസരണമല്ലെന്നു പറയുകയും ചെയ്യുന്നതിനു പൂർണ്ണാവകാശമുണ്ടെന്നു ഞാൻ പറയുന്നു. ഈ സഭയുടെ ഏതു നടപടിക്കും ക്രമീകരിക്കുന്നതിനു പ്രസിഡന്റിന് അവകാശമുണ്ടെന്നുള്ളതു ഞാൻ പൂർണ്ണമായി സമ്മതിക്കുന്നു. എന്നാൽ അതു ചട്ടങ്ങളിലേയും സ്റ്റാൻഡിംഗ് ഓർഡർകളിലേയും വ്യവസ്ഥകളനുസരിച്ചായിരിക്കണം. ഇതു സംബന്ധിച്ചു എനിക്കു സമർപ്പിക്കാനുള്ളതു അത്രമാത്രമാണ്.

റാവു്ബഹദൂർ കെ. വി. കൃഷ്ണഅയ്യങ്കർ (നിയമിതമെമ്പർ): ഡിപ്യൂട്ടിപ്രസിഡന്റ് സഭയുടെമുമ്പിൽ ഇരിക്കുന്ന വിഷയം സംബന്ധിച്ചു് ഏതാനും വാക്കുകളെ പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു. സഭാസമക്ഷം ഇരിക്കുന്ന പ്രമേയം ചട്ടം ക്രമ-ത്തിനു ആണ് ആഗ്രഹിച്ചിരിക്കുന്നതു്. അതിൽ ഇങ്ങനെപറയുന്നു:— "പ്രസിഡന്റിന്റെ സമ്മതത്തോടുകൂടി അടിയന്തിരമായ പൊതുപ്രാധാന്യതയുള്ള ഒരു നിർദ്ദിഷ്ടവിഷയത്തെപ്പറ്റിവാദപ്രതിവാദം ചെയ്യുന്നതിനുവേണ്ടി സഭാനടപടി നിർത്തിവയ്ക്കുന്നതിനുള്ള ഒരു പ്രമേയം ഉൽക്ഷേപിക്കാവുന്നതാണ്." പ്രസിഡന്റിന്റെ സമ്മതംകൂടാതെ പ്രമേയം ഉൽക്ഷേപിക്കുന്നതിനു മെമ്പർമാരെ പൂർണ്ണമായി

അനുവദിക്കണം എന്ന ചട്ടത്തിൽ പ്രസ്താവിച്ചുകാണുന്നില്ല. ഉടനെ തന്നെ അനുവാദം കൊടുക്കുന്നതിനു പ്രസിഡന്റിനു സ്വതന്ത്രമുണ്ട്. അതുപോലെതന്നെ പ്രമേയം ക്രമാനുസരണമാണോ അല്ലയോ എന്നുള്ള സംശയം ഉന്നയിക്കുന്നതിനുവേണ്ടി സമയം ഉപയോഗിക്കുന്നതിനും അദ്ദേഹത്തിനു സ്വാതന്ത്ര്യമുണ്ട്. അദ്ദേഹം തന്റെ അഭിപ്രായം കൊടുക്കുന്നതുകൊണ്ടു മാത്രമേ, പ്രമേയം സഭയിൽ കൊണ്ടുവരുന്നതിനു കൂടി പാടുള്ളൂ. ഈ പ്രമേയം തള്ളപ്പെടുന്നതിനു വേറെയൊരു പ്രമേയവും ഉൽക്ഷേപിക്കാൻ പാടില്ല എന്നുള്ള എന്റെ സ്നേഹിതന്റെ വാദത്തെ ഞാനിവിടെ സ്വീകരിക്കുന്നില്ല. അതു സഭയിലെ അംഗങ്ങൾക്ക് അനുകൂലമായി തീർച്ചയാക്കപ്പെട്ട എന്നു ഞാൻ വിചാരിക്കുന്നു. അതിനെ അല്പം മുന്നിലധികം പ്രമേയങ്ങൾ ഒരേ യോഗത്തിൽ വായിപ്പിതിലേയ്ക്ക് എടുത്തുകൂടാ എന്നതു.

ശ്രീ: എ. എസ്. ഓമോമോരൻ ആശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): അതു നൊമേത്തെ പ്രമേയം ക്രമാനുസരണമല്ലെന്നു തള്ളപ്പെട്ടപ്പോയ ഒരു സന്ദർഭമാണെന്നു വിചാരിച്ചു ഡിപ്യൂട്ടിപ്രസിഡന്റു വിചാരിക്കുന്നുവോ?

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (നിയമിതാംഗമായ്, ഡിപ്യൂട്ടിപ്രസിഡന്റു): ഒന്നാമത്തെ പ്രമേയം ക്രമാനുസരണമല്ലെന്നുതള്ളിപ്പെട്ട പോയി എന്നുള്ള കാരണത്തിന്മേൽ രണ്ടാമതൊന്നു പ്രമേയം തള്ളപ്പെട്ടു എന്ന് അദ്ദേഹം ഓർക്കുന്നുണ്ടോ?

ശ്രീ: എ. എസ്. ഓമോമോരൻ ആശാൻ (മാവേലിക്കരയും- കാർത്തികപ്പള്ളിയും): ഒന്നാമത്തെ പ്രമേയം തള്ളിക്കളഞ്ഞശേഷവും രണ്ടാമതൊന്നു പ്രമേയം ക്രമാനുസരണമല്ലെന്നു പ്രസ്താവിക്കപ്പെട്ടു.

റാവു ബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (നിയമിതാംഗമായ്, ഡിപ്യൂട്ടിപ്രസിഡന്റു): അതായിരുന്നു വിവാദം എന്നാൽ അദ്ധ്യക്ഷൻ തീർച്ച ഒന്നും കൊടുത്തില്ല. ഗവൺമെന്റു പ്രതിനിധികളിൽ ഒരാൾ കൌൺസിലിലെ വ്യവസ്ഥകളിൻ പ്രകാരം രണ്ടു പ്രമേയങ്ങൾ ഉൽക്ഷേപിക്കപ്പെടാൻ പാടില്ല എന്നു പറഞ്ഞു. ഒന്നാമത്തെ പ്രമേയം അനുവദിക്കപ്പെട്ടതിൽ പിന്നെ മാത്രമേ അതു ന്യായമായിരിക്കുകയുള്ളു, എന്നാൽ ഒന്നാമത്തെ പ്രമേയം അനുവദിക്കപ്പെടാതിരുന്നപ്പോൾ കൌൺസിൽ മുമ്പാകെ യാതൊരുപ്രമേയവും ഇല്ലാതിരിക്കുന്നതുപോലെതന്നെ ഇരിക്കും എന്നു പ്രസിഡന്റു തീർച്ചയാക്കുകയുണ്ടായി. രണ്ടാമത്തെപ്രമേയം ആ തരത്തിൽ ആലോചിക്കപ്പെടാനുള്ള ഒന്നാമത്തേതു് ആയിരിക്കും. ചട്ടം 47-ലെ ഈ നിർദ്ദിഷ്ടമായ വ്യവസ്ഥയെ സഭയുടെ ഒട്ടിക്കുവിഷയമാക്കേണ്ടതു എനിക്കുള്ള ചുരുക്കത്തിലാണെന്നു ഞാൻ വിചാരിച്ചു. പക്ഷേ പ്രസിഡന്റു കൊടുക്കുന്ന തീർച്ച അതു പിന്നീടുള്ള സന്ദർഭങ്ങളിൽ ഒരു മുൻ ഉദ്ദാഹരണമായിതിരിക്കേണ്ടതിനാൽ കൂടുതൽ പരിപക്വമായ ആലോചനയ്ക്കു ശേഷം കൊടുത്ത ഒരു തീർച്ചയായിരിക്കണം എന്നുള്ളതു എല്ലാപരീക്ഷണ കോടികളിൽനിന്നും അധികം തൃപ്തികരമായിരിക്കും, നഷ്ടം അശേഷമില്ല പ്രസിഡന്റു തന്റെ തീർച്ചയെ നീട്ടിവയ്ക്കുന്നതിനാൽ മഹാപരീക്ഷമത്തിയോന്നിനും അപകടം നേരിടുന്നില്ല.

ശ്രീ: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഉൽക്ഷേപിക്കപ്പെട്ടപോയ രണ്ടുപ്രമേയങ്ങളും പ്രത്യേകങ്ങളും ക്രമാനുസരണങ്ങളും ആയികാണപ്പെട്ടന്നെങ്കിൽ എന്തു സംഭവിക്കും?

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (നിയമിതാംഗമായ്, ഡിപ്യൂട്ടിപ്രസിഡന്റു): ഒന്നാമത്തേതു അനുവദിക്കപ്പെട്ടശേഷം രണ്ടാമത്തേതു തനിയെ അപ്രസക്തമാകുന്നു.

ശ്രീ. എ. എസ്. ഓമോമോരൻ ആശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): ചട്ടങ്ങൾ നിബന്ധനചെയ്യപ്പെട്ടപ്പോൾ ഈ സംഭവ്യത ആലോചിക്കപ്പെട്ടിരുന്നുവോ?

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (നിയമിതാംഗമായ്, ഡിപ്യൂട്ടിപ്രസിഡന്റു): ആ ചോദ്യത്തിനുമറുപടി തരുന്നതിനു വിഷമമുണ്ടു. നിയമകർത്താക്കളുടെ ഉദ്ദേശം ചട്ടങ്ങളിലേയും സ്റ്റാൻഡിംഗ് ഓർഡർകളിലേയും വ്യക്തമായശൈയിൽ നിന്നും മനസ്സിലാക്കേണ്ടതാണു്. ചട്ടം 47-ൽ പറയുന്നതു് പ്രസിഡന്റിന്റെഅനുവാദമില്ലാതെ സഭാനടപടിനിർത്തിവയ്ക്കുന്നതിനുള്ള ഒരു പ്രമേയം ഉൽക്ഷേപിക്കപ്പെടാൻ പാടില്ല എന്നാണു് പ്രസിഡന്റു് അനുവാദംകൊടുത്തതിൽപിന്നെ, പ്രമേയം തന്നെയും ക്രമാനുസരണമാണോ എന്നുള്ളതിനെ പ്രസിഡന്റിന്റെ ഒട്ടിയിൽ കൊണ്ടുവരുന്നതിനു മാത്രമേ മെമ്പർമാർക്കു് സ്വാതന്ത്ര്യമുണ്ടു്. അനുകൂലിക്കപ്പെടേണ്ട അവസ്ഥാനം പ്രമേയം ഉൽക്ഷേപിക്കുന്നതിനു മുമ്പായിട്ട പ്രസിഡന്റിന്റെ അനുവാദമുണ്ടായിരിക്കണമെന്നാണു് ചട്ടത്തിലെ ആ വാചകം ഉപേക്ഷിക്കുകയാണെങ്കിൽ, എന്റെ സ്നേഹിതന്റെ നില പൂർണ്ണമായിട്ടും ന്യായാനുസരണമാകും.

ശ്രീ. ആർ. കേശവപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): ചട്ടം 47 പ്രകാരം ഏതൊന്നും അവസ്ഥാന്തരങ്ങളെനുസരിച്ചു പ്രസിഡന്റിനു ഒരു പ്രമേയം തള്ളുവുന്നതാണു് എന്ന മെമ്പർക്കറിയാമോ?

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (നിയമിതാംഗമെമ്പർ, ഡിപ്യൂട്ടിപ്രസിഡന്റു): അദ്ധ്യക്ഷനിൽ സ്ഥാപിതമായ വിവേകബുദ്ധി ഉപയോഗിക്കുന്നതിനുള്ള സ്വാതന്ത്ര്യത്തിനു തടസ്സം വരുത്തുന്നതായ വല്ല അവസ്ഥാനങ്ങളും ഉണ്ടെന്നു് എന്റെ അറിവിൽ ഇല്ല.

ശ്രീ: ആർ. കേശവപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): ഡിപ്യൂട്ടിപ്രസിഡന്റിനെ ഞാൻ അനുസ്മരിപ്പിക്കാമോ ... ...

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (നിയമിതാംഗമെമ്പർ, ഡിപ്യൂട്ടിപ്രസിഡന്റു): ഞാൻ ഇപ്പോൾ ഡിപ്യൂട്ടിപ്രസിഡന്റു എന്ന നിലയിലല്ല. എന്നെ കൃഷ്ണയ്യങ്കാർ എന്നുമാത്രം വിളിച്ചാൽ മതി.

ശ്രീ: ആർ. കേശവപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): ഈ പ്രമേയം ഇനിയും ഒരവസരത്തിൽ ആലോചിക്കപ്പെടും എന്നുള്ളതിനു കാരണങ്ങളും ഈ സഭയ്ക്കു തരപ്പെട്ടിട്ടില്ല എന്നു ഞൻ മി. കൃഷ്ണയ്യങ്കാരെ അനുസ്മരിപ്പിക്കട്ടെ.

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (നിയമിതാംഗമെമ്പർ, ഡിപ്യൂട്ടിപ്രസിഡന്റു): പ്രമേയം സഭയുടെമുമ്പിൽ വയ്ക്കപ്പെട്ടശേഷം മാത്രമെ സഭ അധികൃതരാകുന്നുള്ളു. നാം ഇപ്പോൾ അദ്ധ്യക്ഷൻ എടുത്തിട്ടുള്ള നിലയെപ്പറ്റി വിമർശിക്കയാണു്. ചർച്ചക്കുശേഷം ഒരു തീർച്ചപറയുന്നതിനുള്ള അവകാശം അദ്ദേഹം സ്വായത്തമാക്കിയിരിക്കുന്നു. ഈ സഭയിലെ മെമ്പർമാരുടെ സ്ഥാനത്തോന്നുമായ അവകാശങ്ങളും ചോദ്യങ്ങളേയും സാർമായി തടസ്സപ്പെടുത്തുന്നതായിട്ട മനസ്സും ഞാൻ കാണുന്നില്ല, അതു അങ്ങിനെ-

ആയിരുന്നെങ്കിൽ എഴുനേറ്റുനിന്നു കറിനയുലം ചെയ്യുന്നതിൽ ഞാൻ മുമ്പൻ ആയിരിക്കുമായിരുന്നു. അനു ദ്യോഗസ്ഥമെംബർമാരിൽ സ്ഥാപിതമായ അവകാശങ്ങളെ ഏടുത്തുകളയുന്നതിനു ശ്രമിക്കുന്നതായി ഞാൻ കണ്ടിട്ടുള്ള മുന്നവസരങ്ങളിലെല്ലാം ഞാൻ അങ്ങിനെ ചെയ്തിട്ടും ഉണ്ട്.

പ്രസിഡൻറ്: മി: കൃഷ്ണയ്യങ്കാർ ഇപ്പോഴറിയിച്ച മെംബർമാർ അഭ്യുക്ഷൻ ചെയ്തിട്ടുള്ള നിരീക്ഷണങ്ങളുടെ ആർജവത്തെ വല്ലുവിധത്തിലും ആക്ഷേപിക്കുന്നതിനുദ്ദേശിച്ചു എന്നു ഞാൻ വിചാരിക്കുന്നില്ല, കാരണം ഇങ്ങിനെയുള്ള സംഗതികളെ സംബന്ധിച്ചിടത്തോളം അഭ്യുക്ഷന്റെ വാക്ക് ഈ സഭയിൽ സർവപരിയായുള്ളതാണെന്നു അവക്ക് പൂർണ്ണബോധമുണ്ട്. ചർച്ചക്ഷണാനന്തരം തീർച്ചപറയുന്നതിനു ഞാൻ ചെയ്ത സംയമനത്താൽ അവക്ക് നേരിടാവുന്ന വിഷമങ്ങളെ അവർ സമ്പാദിച്ചുകൊണ്ടിരിക്കുന്നു എന്നു ഞാൻ വിചാരിക്കുന്നു. അതിൽതന്നെയും വല്ല വിഷമതയും നേരിട്ടുമെന്നു ഞാൻ വിചാരിക്കുന്നില്ല; കാരണം എൻറെ അഭിപ്രായത്തിൽ അവ മായ്ചികളും അല്പങ്കിലും കല്പിതങ്ങളാണ്. രണ്ടു പ്രമേയങ്ങളും ചേർത്ത ഈയിടയിൽ നടന്ന സംഭവങ്ങളുമായി സംബന്ധിക്കുന്നു: വാസ്തവത്തിൽ അവ രണ്ടും ഒരേവിഷയത്തെ സംബന്ധിക്കുന്നു. ഒരു തീർച്ച ഇന്നു ഉച്ചക്കുമേൽ കൊടുത്താലും വേറൊരു അവസരത്തിൽ ഇങ്ങിനെ ഒരു പ്രമേയം ഉൽക്ഷേപിക്കുന്നതിനു അവക്കുള്ള അവകാശത്തെ അല്ല മെംബർമാരിൽനിന്നു അപഹരിക്കുന്നില്ല. അവിടെതന്നെയും മി. കൃഷ്ണയ്യങ്കാർ ചൂണ്ടിക്കാണിച്ചുപോലെ കൂടുതൽ വ്യക്തതിക്കുന്നതിനോ വിസമ്മതിക്കുന്നതിനോ ഉള്ള അവകാശം എനിക്കുതന്നെയുണ്ട്. വിഷയം സർവപ്രധാനമാണെന്നും പൊതുജനങ്ങളുടെ അവകാശങ്ങളെ സ്പർശിക്കുന്നതാണെന്നും മെംബർമാർ സഭയിൽ നിവേദനംചെയ്യുന്നതായ ഇങ്ങിനെയുള്ള വ്യക്തികളിൽ അഭ്യുക്ഷനിൽനിന്നു വിചാരിയാതെ ഒരു തീർച്ച സഭയിലെ മെംബർമാർ ആഗ്രഹിക്കുന്ന ഒരു സംഗതിയല്ല എന്നു ഞാൻ വിചാരിക്കുന്നു. സ്ഥിതിഗതിയുടെ നിരീക്ഷണം കഴിക്കേണ്ടിയിരിക്കുന്നു. സമ്മതം കൊടുക്കണമോ കൊടുക്കേണ്ടയോ എന്നുള്ളതിനെപ്പറ്റി സമാലോചിക്കപ്പെട്ട ഒരഭിപ്രായമാണ് മെംബർമാർ പ്രതീക്ഷിക്കുന്നതെന്നു ഞാൻ മനസ്സിലാക്കുന്നു. ഈ വ്യക്തികളിൽ എൻറെ തീർച്ച ചർച്ചക്ഷണത്തിനുശേഷം ഞാൻ തരുന്നതാണ് എന്നു ഞാൻ വാഗ്ദാനംചെയ്യുന്നു, അഭിപ്രായത്തിനു, അഭ്യുക്രമനുസരണമാണെന്നു ഞാൻ വിചാരിക്കുന്നെങ്കിൽ അതിനെ നിങ്ങളം അനുകൂലിക്കുന്നുണ്ടോ എന്നും അതു അനുവദിക്കപ്പെടേണ്ടതാണോ എന്നും അറിയുന്നതിനായിട്ടു ഞാൻ സഭയുടെ അഭിപ്രായം ക്ഷണിക്കുന്നതാണ്.

മഹാരാണിറീജൻറെ തിരുമനസ്സിൽനിന്നും അനുവാദം സിദ്ധിച്ചുവന്നിട്ടുള്ള

റഗുലേഷൻ.

മി. പി. എൻ. കൃഷ്ണപിള്ള (നിയമസഭാ സെക്രട്ടറി): സർ, തിരുവിതാംകോട്ടു രജിസ്ട്രേഷൻ റഗുലേഷൻ ഭേദഗതിച്ചില്ലിനു മഹാരാണിറീജൻറെ തിരുമനസ്സിൽനിന്നും ഫെബ്രുവരി ഇരുപത്തിയഞ്ചിനു അനുവാദം സിദ്ധിച്ചു എന്നു ഞാൻ അറിയിച്ചുകൊള്ളുന്നു.

മേശപ്പുറത്തു വച്ചിട്ടുള്ള സ്റ്റേറ്റുമെൻറ്.

മി: ആർ. നീലകണ്ഠപ്പിള്ള (ശമ്പളങ്ങൾ ധനകാര്യസെക്രട്ടറി): സർ, നിയമസഭാചട്ടങ്ങൾ 33-ാം സെക്ഷൻപ്രകാരം ഫെബ്രുവരി 28-ാം നിയമസഭാരേഖയിലെ ഫണ്ട് (ൽ)-ാം വകയിലിനപ്രകാരം ശമ്പളങ്ങൾനിന്നു അധികാരപ്പെടുത്തപ്പെട്ട താഴെ പറഞ്ഞിട്ടുള്ള ചെലവു വിവര സ്റ്റേറ്റുമെൻറ് ഞാൻ മേശപ്പുറത്തു വച്ചുകൊള്ളുന്നു.

ഡിമാണ്ട്നംബർ	തുക രൂപാ	വിവരങ്ങൾ
28.	കെട്ടിടങ്ങളും ഗതാഗതമാഗ്ഗങ്ങളും പലവക പൊതുമരാമത്തുകളും	ഫെബ്രുവരി മീനം അവസാനംവരെ ജലസേചനകമ്മിറിയുടെ ജോലിസംബന്ധിച്ചുള്ള താല്കാലിക സ്റ്റാഫിനെ തുടർന്നുകൊണ്ടുപോകുന്നതിലേക്ക്
28.	പലവക	ഫെബ്രുവരി മുപ്പതാം തിയ്യതിവരെ ബോംബെപ്രവർത്തനാന്വേഷണകമ്മിറിയെ തുടർന്നുകൊണ്ടുപോകുന്നതിലേക്ക്

പരിശിഷ്ട തുകകൾക്കായിട്ടുള്ള അഭ്യർത്ഥനകൾ.

അഭ്യർത്ഥന ഫണ്ടനുകൂലമായി.

മി: എസ്. എച്ച്. റാബിൻസൺ (ധനകാര്യവും ആദായത്തിരുവും കമ്മീഷണർ): സർ, കുന്നത്തൂർ താലൂക്കിൽ ഏനാദിമംഗലം പകുതിയിൽ കുറിക്കാർവകയും സംരക്ഷിക്കുന്നതിലേക്ക ഫണ്ടിനു ഫാനം തൽക്കു പ്രതിമാസം ഫൈവ് രൂപ ശമ്പളത്തിൽ ഒരു താല്കാലിക ക്ലാർക്കിനേയും പ്രതിമാസം വൺ രൂപ ശമ്പളത്തിൽ ഒരു താല്കാലിക പ്യൂണിനേയും നിയമിക്കുന്നതിലേക്കു ഫാം അഭ്യർത്ഥന തുകയിതിസംബന്ധിച്ചു ഫൈവ് രൂപായിൽ കവിയാത്ത ഒരു തുക അനുവദിക്കുന്നതിനായി ഞാൻ എഴുനേല്ക്കുന്നു.

ആ പകുതിയിൽ ഇപ്പോഴും ഉള്ള സ്റ്റാഫിൽ ഫസ്റ്റ്-ക്ലാസ് രൂപായിൽ ഒരു പാവുത്ത്യകാരനും ഫൈവ് രൂപായിൽ ഒരു അക്കൌണ്ടൻറും വൺ രൂപവീതം ഉള്ള രണ്ടു പ്യൂണ്മാരും ഉണ്ട്.

ആ പകുതിയിൽ ഫസ്റ്റ് ക്ലാസ്സിൽ കണക്കെഴുത്തു നടത്തുന്നസമയത്തു സ്റ്റാഫിൽ ഒരു പാവുത്ത്യകാരനും ഫസ്റ്റ് ക്ലാസ്സിൽ കണക്കെഴുത്തുകാരനും നാല് പ്യൂണ്മാരും ഉണ്ടായിരുന്നു. കണക്കെഴുത്തുകളിത്തതിൽപിന്നെ പട്ടാളാരന്മാരുടെ സംഖ്യ പ്രായോഗികമായി മൂന്നാടങ്ങു് ആയി വർദ്ധിച്ചിരിക്കുന്നു. കണക്കെഴുത്തു നടക്കുന്നകാലത്തു ഫൈവ് രൂപാ പട്ടാളക്കാർമാത്രം ഉണ്ടായിരുന്നു. എന്നാൽ ഇപ്പോഴത്തെ ഫൈവ് രൂപാ ഓളം വരും. ജനനിവാസമുള്ള ഭൂമിയുടെ വിസ്തൃതിയും ഇരട്ടിയിൽ കൂടുതലായി തീർന്നിട്ടുണ്ട്. കണക്കെഴുത്തുകാലത്തു ജനനിവാസമുള്ള ഭൂമി വൺ ഫാർ ഫാം മൈൽ ആയിരുന്നു. ഇപ്പോൾ ഫോർ, ഫൈവ് സ്ക്വയർ മൈൽ ജനനിവാസമുള്ള ഭൂമിയുണ്ട്.

കാലംചെല്ലുന്തോറും സ്റ്റാഫിൽ കൂട്ടതൽ വരുത്തുന്നതിനുപകരം കുറയ്ക്കണം.....

മി: എസ്. പിറവിപെരുമാൾപിള്ള (വാണിജ്യവും വ്യവസായവും, മന്ത്രി): ഈ സഭയിൽ ബഡ്ജറ്റിന്മേൽ ഒടുവിൽ വിമർശിക്കപ്പെട്ട സമയത്തുണ്ടായിരുന്ന സംഖ്യകൾ എത്ര ആയിരുന്നു എന്നു പറയാമോ?

മി: എസ്. സി. എച്ച്. റോബിൻസൺ (ട്രഷറിയും അക്കൗണ്ടിനുകളും കമ്മീഷണർ): ഇപ്പോൾ കുറേകാലമായിട്ട് ഞങ്ങൾ കൂട്ടതൽ സ്റ്റാഫിനായി ചോദിക്കുന്നുണ്ടായിരുന്നു. ഒടുവിൽ കഴിഞ്ഞ ബഡ്ജറ്റ്സമ്മേളനത്തിന് ഒരു അക്കൗണ്ടൻറിനേയും ഒരു പ്യൂണിനേയും വേറെ ഒരു പ്രകൃതിയിൽനിന്നും വിട്ടുത്തി ഈ പ്രകൃതിയിൽ ജോലിചെയ്യാൻ ഒരു പരീക്ഷയായി ശ്രമിച്ചു. ആ സംഗതിയെപ്പറ്റി ഞാൻ വേറെ പറയാം.

ഞാൻ പറഞ്ഞതു കാലംചെല്ലുന്തോറും കൂട്ടതൽ സ്റ്റാഫിനെ ലഭിക്കുന്നതിനുപകരം കുറയ്ക്കാർഡ് സൗകര്യത്തിനുവേണ്ടിയാണ് ഈ പ്രകൃതിയിൽനിന്നും ഒരു അക്കൗണ്ടിനേയും ഒരു പ്യൂണിനേയും വിടുത്തിയതിനാൽ സ്ഥിരം സ്റ്റാഫിൽ കുറവുവരുത്തി. അതുകൊണ്ടിത്രയും ജോലിക്കു പ്ലസ്റ്ററിനും ഉടവുതട്ടിയിരിക്കുന്നു.

ഈ പ്രകൃതിയുടെ വിസ്തീർണ്ണം ൪൯.൫൪ ചതുരശ്രമൈൽസ് ആണ്. ഈ കൊല്ലത്തിന്റെ ആരംഭത്തിൽ ശ്രീമൂടപ്രകൃതിയിലായിരുന്നും ഒരു അക്കൗണ്ടൻറിനേയും ഒരു പ്യൂണിനേയും ഇവിടത്തെ ജോലിക്കായി പരീക്ഷാർത്ഥം വിടുത്തി എടുത്തു. ഇതുകൊണ്ടിത്രയും ആ പ്രകൃതിയിൽ വളരെ ദോഷം നേരിട്ടുകയും പൊതുജനങ്ങൾ കഷ്ടപ്പെടുകയും ചെയ്തു. അതിനാൽ ഒരു കൂട്ടതൽ സ്റ്റാഫിനെ താൽക്കാലികമായി നൂ മാസത്തേക്ക് അനുവദിപ്പിക്കുന്നതിനായിട്ടു ഞങ്ങൾ ഇപ്പോൾ സഭയിലേക്കു വന്നിരിക്കുന്നു.

ഒരു പ്രകൃതിയുടെ വിസ്തീർണ്ണം ൪൯.൫൪ ചതുരശ്രമൈൽസോളം ഉണ്ടെന്നുള്ള വസ്തുത ആലോചിക്കുമ്പോൾ കൈവശവസ്തുക്കൾ അങ്ങുമിങ്ങും ചിതറിക്കിടക്കുന്ന പ്രകൃതിമൂലമായും ചുറ്റിസഞ്ചരിക്കുന്നതിനു ഒരുപാടു സമയം വേണ്ടിവരുന്നതാണ്, ആഫീസുജോലികളെന്നയും ചെയ്തുതീർക്കുന്നതിന് സാധിക്കാതെയാണിരിക്കുന്നത്.

കൈവശവസ്തുക്കൾ കിടക്കുന്ന ക്ഷേത്രം, പട്ടാരന്മാരുടെ സംഖ്യമുതലായവ, എന്നിവ സംഗതികളെല്ലാം ആലോചിക്കുന്നപക്ഷം, ഏറ്റവും അധികം പ്രകൃതി എല്ലാറ്റിലും മികച്ചതാണ്. ഒരു പ്രകൃതിയിലെ മുതലെടുപ്പ്, ൪൦൭ രൂപയിൽ നിന്നും ൨൦,൨൮൫ രൂപയായി വർദ്ധിച്ചിട്ടുണ്ട്. കൈവശവസ്തുക്കളുടെ വിസ്തീർണ്ണം ൫,൫൦൯ ഏക്കറിൽനിന്നു ൧൭,൨൨൭ ഏക്കർ ആയി വർദ്ധിച്ചിട്ടുണ്ട്.

പട്ടാരന്മാരുടെ എണ്ണം ൨,൯൩൨-ൽനിന്നും ൭,൨൩൨ ആയി വർദ്ധിച്ചിട്ടുണ്ട്. പിന്നെയും ഒരു പ്രകൃതി താലൂക്കിലേക്കും വിസ്തീർണ്ണം ഏറ്റവും കൂടിയതും ഏറ്റവും പ്രധാന്യം കൂടിയതുമാണ്. എന്നിട്ടും അതിൽ അത്യാവശ്യമായ സ്റ്റാഫ് മാത്രമേയുള്ളൂ. അതുനിമിത്തം ഗവണ്മെൻറും പൊതുജനങ്ങളും വിഷമിക്കുന്നു.

അതിനാൽ, സഭ ഒരു അഭ്യർത്ഥന ഇതു അനുവദിക്കുമെന്നു ഞാൻ ആശിക്കുന്നു.

മി: എ. കാണപിള്ള (തിരുവനന്തപുരം): കുറച്ചു-കൂടെ ബഡ്ജറ്റിൽ ഒരു സാമ്പത്തികമായിട്ട് ഇതു കൊള്ളിക്കാഞ്ഞതു എന്തുകൊണ്ടാണെന്നു പറയാമോ?

മി: എസ്. സി. എച്ച്. റോബിൻസൺ (ട്രഷറിയും അക്കൗണ്ടിനുകളും കമ്മീഷണർ): ഇതിലേക്കു ഇതു ബഡ്ജറ്റിൽ കൊള്ളിക്കാഞ്ഞതിന്റെ കാരണം വിസ്തരിച്ചുപറയുന്നതിന് ഞാൻ ശ്രമിച്ചിട്ടുണ്ട്. പരീക്ഷാർത്ഥം ഞങ്ങൾ ശ്രീമൂടപ്രകൃതിയിൽനിന്നും ഇവിടെ ജോലിക്കായി ഒരു അക്കൗണ്ടൻറിനേയും ഒരു പ്യൂണിനേയും വിട്ടുത്തി, എന്നാൽ അതു തൃപ്തികരമല്ലായിരുന്നു.

പ്രസിഡൻറ്: ഇതു സഭ അനുവദിക്കുന്നു എന്നു ഞാൻ മനസ്സിലാക്കുന്നു.

ഇതു അനുവദിക്കപ്പെട്ടു.

൧-ാം അഭ്യർത്ഥനപ്രകാരമുള്ളതു.

മി: കെ. ജാർജ് (ഗവണ്മെൻറ് ചീഫ് സെക്രട്ടറി): സർ, ൧-ാം അഭ്യർത്ഥനയിൽ ഉൾപ്പെട്ടുന്ന പ്രകാരമുള്ളതു-ഹുജൂർ കച്ചേരി-നിയമസഭ എന്നിവയ്ക്കുവേണ്ടി ൨൨൪ രൂപായിൽ കവിയാത്ത ഒരു കൂട്ടതൽ ഇതു അഭ്യർത്ഥിക്കുന്നതിനായി ഞാൻ എഴുന്നേൽക്കുന്നു.

ഒരു ഇതു, മി: ജി. സി. കേശവപിള്ളയെ നിയമസഭയിലേക്കു തിരഞ്ഞെടുക്കുന്നതിന്റെ പ്രാബല്യത്തെ തടുക്ഷപിക്കുന്നതായി മി: ജെ. ഡബ്ലിയു. റോസ് സമർപ്പിച്ച തിരഞ്ഞെടുപ്പു ഹർജിയെ സംബന്ധിച്ചു നിയമിക്കപ്പെട്ട തിരഞ്ഞെടുപ്പു കമ്മിഷനിലെ അന്തോല്യഗസ്ഥാംഗങ്ങൾക്കു പ്രതിഫലം നൽകുന്നതിനു അവശ്യമുള്ളതാണ്.

മി: എ. എസ്സ്. ദാമോദരനാശാൻ (മാവേലിക്കര-കാർത്തികപ്പള്ളി): ഹർജി തീർച്ചയായതു എപ്പോഴായിരുന്നു എന്നതിനെപ്പറ്റി എന്നോടു പറയാമോ?

മി: കെ. ജാർജ് (ഗവണ്മെൻറ് ചീഫ് സെക്രട്ടറി): ഫൈനൽ-ആയിരിക്കാം ആഗസ്റ്റിലോ ആയിരിക്കാം.

മി: എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): ഹർജി സമർപ്പിക്കപ്പെട്ടതു എപ്പോഴായിരുന്നു എന്നു എന്നോടു പറയാമോ?

മി: കെ. ജാർജ് (ഗവണ്മെൻറ് ചീഫ് സെക്രട്ടറി): തീയ്യതിപറയുന്നതിനെന്നാൽ സാധിക്കയില്ല, തിരഞ്ഞെടുപ്പു അവസാനിച്ച ഉടനെ അതു സമർപ്പിക്കപ്പെട്ടു. ഹർജി കമ്മീഷണറന്മാരാൽ ഫൈനൽ ആയിമാസത്തിൽ തീരുമാനിക്കപ്പെട്ടു.

മി: എ. എസ്. മോമോദരൻ ആശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും) : ഹർജി തീരുമാനിക്കുന്നതിൽ വന്നിട്ടുള്ള താമസത്തിനു തിരഞ്ഞെടുപ്പു കമ്മിഷനിലെ അംഗങ്ങൾ വല്ല സമാധാനവും സമർപ്പിച്ചിട്ടുണ്ടോ

മി: കെ. ജാർജ് (ഗവണ്മെൻറ് ചീഫ് സെക്രട്ടറി): ഇല്ല, താമസത്തിന്റെ കാര്യത്തെന്നെ ഇല്ല. അതിനാൽ സമാധാനം സമർപ്പിക്കപ്പെട്ടിട്ടില്ല. മൂന്നു തിരഞ്ഞെടുപ്പു കമ്മിഷണർമാരും, അവരെല്ലാം അന്തോല്യാഗസ്ഥന്മാരായിരുന്നു, ഗവണ്മെൻറ് യോഗ്യമെന്നു വിചാരിച്ചിട്ടുള്ള പ്രതിഫലം നൽകപ്പെടണമെന്നു ഗവണ്മെ

ൻറിലേക്ക് അപേക്ഷ അയച്ചിട്ടുണ്ട്. മറ്റു സ്ഥലങ്ങളിൽ നടന്നുവരുന്ന നടപടിയെപ്പറ്റി അന്വേഷണവും സൂക്ഷ്മമായ ആലോചനയും കഴിച്ചശേഷം കമ്മീഷണറന്മാരെ അവർ യോഗംകൂടിയ ഓരോദിവസത്തേക്കും 6 രൂപയോളം വരുന്ന ഒരു പ്രതിഫലം കൊടുക്കേണ്ടതാണെന്നു ഗവണ്മെൻറു നിശ്ചയിച്ചു. ഈ നിരക്കുതന്നെ സരിച്ചാണു ഇക കണക്കാക്കീട്ടുള്ളതു്. തുക സഭ അനുവദിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.

മി: ആർ. രാമൻപിള്ള (കോട്ടയം): കഴിഞ്ഞ ബഡ്ജറ്റ് തയ്യാറാക്കിയ കാലത്തു ഗവണ്മെൻറിന് ഈ സംഗതിയെപ്പറ്റി ഓർമ്മയില്ലായിരുന്നുവോ?

മി: കെ. ജാർജ് (ഗവണ്മെൻറ് ചീഫ്സെക്രട്ടറി): വല്ല തുകയും നൽകപ്പെടണമേന്നോ വേണ്ടയെന്നോ ഉള്ള കാര്യം അപ്പോൾ തീർച്ചപ്പെടുത്തീട്ടില്ലായിരുന്നു.

മി: ആർ. രാമൻപിള്ള (കോട്ടയം): എന്നാണ് ഇതു തീർച്ച ചെയ്തതെന്നു പറയാമോ?

മി: കെ. ജാർജ് (ഗവണ്മെൻറ ചീഫ്സെക്രട്ടറി): അതു നന്നു അടുത്തകാലത്തുതന്നെ ആയിരുന്നു.

മി: ആർ രാമൻപിള്ള (കോട്ടയം): "റീസൻറ്ലി" (അടുത്തകാലത്തു) എന്നുപറഞ്ഞാൽ മനസ്സിലാകുന്നില്ല. വ്യക്തമായിട്ടു പറയണം.

മി: കെ. ജാർജ് (ഗവണ്മെൻറ് ചീഫ്സെക്രട്ടറി): അതു രണ്ടോ മൂന്നോ ആഴ്ചക്ക് മുമ്പായിരിക്കാം.

മി: എസ്സ്. പിറവിപ്പെരുമാൾപിള്ള (വാണിജ്യവും വ്യവസായവും തെക്ക്): കരയുടെയും ഉല്പന്നങ്ങളുമായുള്ള തിരഞ്ഞെടുപ്പു കേസ്സ് തീർച്ചയാക്കുന്നതിനുവേണ്ടി തിരഞ്ഞെടുപ്പുകമ്മീഷനിലേ അംഗങ്ങൾക്കു കൊടുത്ത പ്രതിഫലത്തുക എന്തായിരുന്നു എന്നു ഏതാണ്ടു പറയാമോ?

മി: കെ. ജാർജ് (ഗവണ്മെൻറ ചീഫ്സെക്രട്ടറി): ഒരു കമ്മീഷണറന്മാർക്കും ഇതുവരെയായാതായ പ്രതിഫലവും കൊടുക്കപ്പെട്ടിട്ടില്ല.

പ്രസിഡൻറ്: ഈ അഭ്യർത്ഥനയുകയും സഭ അനുവദിക്കുന്നതായി ഞാൻ മനസ്സിലാക്കുന്നു.

മി: എസ്. പിറവിപ്പെരുമാൾപിള്ള (വാണിജ്യവും വ്യവസായവും തെക്ക്): ഈ അഭ്യർത്ഥനക്ക് മി എൽ. ആർ. രാജരാജവർമ്മകോയിത്തമ്പുരാൻറ ഖണ്ഡനോപക്ഷേപം ഉണ്ട്.

പ്രസിഡൻറ്: മി: തമ്പുരാൻ, നിങ്ങൾ ആ ഉപക്ഷേപം ഉപന്യസിക്കുന്നുവോ?

മി: എൽ. ആർ. രാജരാജവർമ്മകോയിത്തമ്പുരാൻ (ചങ്ങനാശ്ശേരിയും പീരുമേടും): ഞാൻ ഉപക്ഷേപം അവതരിപ്പിക്കുന്നില്ല.

പ്രസിഡൻറ്: ഈ അഭ്യർത്ഥന ക്ലോസ് സഭ അനുവദിക്കുന്നു എന്നു ഞാൻ ഗ്രഹിക്കുന്നു.

അഭ്യർത്ഥന അനുവദിക്കപ്പെട്ടു.

൯-ാം ബഹുമാനം—നീതിന്യായപാലനം.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ചീഫ് സക്കാർവക്കീൽ): ൯-ാം അഭ്യർത്ഥനയായ നീതിന്യായപാലനം എന്ന അധികാരത്തിൽ കൊല്ലവർഷം ക ക ാന്ന അവസാനംവരെ നിയമവിഭാഗത്തിലെ കമ്മീഷണരുടെ ആഫീസു തുടർന്നുകൊണ്ടുപോകുന്നതിലേക്ക് ക ര , ക ക വ രൂപായിൽ കവിയാത്ത ഒരു കൂട്ടർതുക ഇക അനുവദിക്കുന്നതിനായി ഞാൻ ഉപന്യസിച്ചുകൊള്ളുന്നു. ഈ ആഫീസിനെ ഈ സഭ അനുവദിച്ചിട്ടുള്ളതു് ക ന്നാം ഡിസംബർ അവസാനംവരെക്കു മാത്രമാണ്. അതിൽപിന്നെ, കമ്മീഷണർക്ക് നിർവഹിക്കാനുള്ള ജോലി അല്പം പ്രതീക്ഷിക്കപ്പെട്ടിരുന്നതിലും അധികം ശ്രമാവഹമായിട്ടുള്ളതാണെന്നു ബോദ്ധ്യപ്പെട്ടു; അതിനാൽ കമ്മീഷണർ തൻറെ ജോലിയെ കുറെകാലത്തേക്കുകൂടി തുടർന്നുപോകുന്നതു് ആവശ്യമായിവന്നിരിക്കുന്നു. ജോലി പൂർത്തിയാക്കുന്നതിനാവശ്യമായിരിക്കുന്ന കാലാവധിയുടെ ഒരു നിർണ്ണയം ചെയ്യപ്പെട്ടു. അതു ഈ കൊല്ലവർഷത്തിൻറ അവസാനംവരെ തുടർന്നുകൊണ്ടുപോകേണ്ടതാണെന്നു ബോദ്ധ്യപ്പെടുകയും ചെയ്തിരിക്കുന്നു. ഇപ്പോൾ അഭ്യർത്ഥിച്ചതുക ആഫീസു് തുടർന്നുകൊണ്ടുപോകുന്നതു് സംബന്ധിച്ചുള്ള ചെലവു നിർവഹിക്കുന്നതിലേക്കായിട്ടു് ഉള്ളതാണ്.

റാവു ബഹദൂർ സി. എ. കൃഷ്ണയ്യങ്കാർ (നിയമിതമെമ്പർ, ഡിപ്പാർട്ടിമെൻറ്): ഈ കൊല്ലവർഷാവസാനത്തിൽ ജോലി പൂർത്തിയാക്കപ്പെടുമെന്നു ഉദ്ദേശിക്കുന്നുവോ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ചീഫ് സക്കാർ വക്കീൽ): ആ സമയത്തിനുള്ളിൽ ജോലി പൂർത്തിയാക്കപ്പെടും എന്നാണു പ്രതീക്ഷ.

മി: എ. താണുപിള്ള (തിരുവനന്തപുരം): അല്പം എതു കമ്മീഷണറന്മാരെ നിയമിച്ചു എന്നറിയാൻ ഞാൻ ആഗ്രഹിക്കുന്നു.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ചീഫ് സക്കാർവക്കീൽ): ഒരു കമ്മീഷണറും ഒരസിസ്റ്റൻറ് കമ്മീഷണറും.

മി: എ. താണുപിള്ള (തിരുവനന്തപുരം): അവർ രണ്ടാളുകളും ഇപ്പോൾ ജോലിയിൽ ഏർപ്പെട്ടിരിക്കുകയാണോ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ചീഫ് സക്കാർവക്കീൽ): അസിസ്റ്റൻറ് കമ്മീഷണർക്കു പകരമായി ഇപ്പോൾ ഒരു സെക്രട്ടറിയാണ് ഉള്ളതു്.

മി: എ. താണുപിള്ള (തിരുവനന്തപുരം): അസിസ്റ്റൻറ് കമ്മീഷണർ എതുകാലത്തേക്ക് ഈ ജോലിയിൽ ഏർപ്പെട്ടിരുന്നു എന്നറിവാൻ ഞാൻ ആഗ്രഹിക്കുന്നു. അദ്ദേഹം വിരമിച്ചിട്ടുള്ളതായി കാണുന്നു: താൽസത്തിനു കാരണം അതായിരിക്കയില്ലെ എന്നുംകൂടി അറിയാൻ ഞാനാഗ്രഹിക്കുന്നു.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ചീഫ് സക്രട്ടറി വക്കീൽ): അസിസ്റ്റൻറ് കമ്മീഷണരുടെ അഭാവംനിമിത്തം താമസം ഉണ്ടായിട്ടില്ല. കമ്മീഷണർ ഇപ്പോൾ ആവശ്യപ്പെട്ടുന്നതു് ഫീൽഡുതലത്തിലെ ആഫീസു സംബന്ധമായ സഹായമാണു്. അതിലേക്കു ഇപ്പോൾ ഒരു സെക്രട്ടറി നിയമിക്കപ്പെട്ടുകയും അദ്ദേഹം ഇപ്പോൾ ജോലിചെയ്തുവരികയും ചെയ്യുന്നുണ്ട്. കമ്മീഷണർ അവിടെ ചെയ്യുന്ന ജുഡിഷ്യൽ പരിശോധനയും വിധിനിർണ്ണയും ഉള്ള പകുതി വാദിച്ചിട്ടുള്ള ഒരു ഉദ്യോഗസ്ഥനാണ്.

മി: എ. തങ്കപിള്ള (തിരുവനന്തപുരം): കമ്മീഷണർക്ക് ജൂഡിഷ്യൽ വിഷയങ്ങളിൽ പരിചയമില്ല എന്നോ അല്ലേഹത്തിന്റെ കീഴിലെ ജോലിയിൽ തിക്കുയില്ലെന്നോ ഞാൻ നിർദ്ദേശിക്കുന്നതായിട്ട് ആരും ധരിച്ചുപോകരുത്. അതിൽനിന്നും ബഹുദൂരത്താണ് ഞാൻ. താൽക്കാലികമായി ചെയ്യപ്പെട്ട ഏർപ്പാടുകളുടെ യോജ്യതയെ മാത്രമേ ഞാൻ ആക്ഷേപിക്കുന്നുള്ളൂ. ഈ താൽക്കാലിക ഏർപ്പാട് ജോലിയുടെ ഭദ്രതയ്ക്കു വിഘാതമായി തീരുകയും അരുതാത്തതിനും തമ്മിലടിക്കും കാരണമായിവരികയും ചെയ്തിട്ടില്ലെന്നു ഞാൻ അറിയുന്നതിനു ആഗ്രഹിക്കുന്നു.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സെക്രട്ടറിമാർ): താൽക്കാലിക ഏർപ്പാട് ജോലിയുടെ ഭദ്രതയ്ക്കു വിഘാതമായിരുന്നിരിക്കാം. എന്നാൽ താമസത്തിനു കാരണം അതല്ല. കമ്മീഷണർക്ക് ഇപ്പോഴും ആവശ്യമായിരിക്കുന്നതുമായ ആഫീസു സംബന്ധമായ എല്ലാതരം സഹായവുമാണ്. അസിസ്റ്റൻറ് കമ്മീഷണരുടെ കൃത്യങ്ങളും ഇപ്പോഴും കമ്മീഷണർതന്നെയാണ് നിർവഹിച്ചുവരുന്നതു്.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): ഇപ്പോൾ ഉദ്ദേശിക്കപ്പെട്ടിരിക്കുന്ന സമയത്തിനുള്ളിൽ ജോലി പൂർത്തിയാക്കപ്പെടുമെന്നു ബഹു മെമ്പർ എന്നോടു പറയുമോ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സെക്രട്ടറിമാർ): ജോലി ആ സമയത്തിനകം പൂർത്തിയാക്കപ്പെടുമെന്നാണ് പ്രതീക്ഷ. ജോലി ചെയ്യപ്പെടേണ്ട എല്ലാ ഖണ്ഡങ്ങളുടേയും ഒരു കരടു നിർണ്ണയം തയ്യാറാക്കപ്പെട്ടിരിക്കുന്നു. ഈ നിർണ്ണയപ്രകാരം ഉദ്ദേശിക്കുന്ന സമയത്തിനുള്ളിൽ ജോലി പൂർത്തിയാക്കപ്പെടുമെന്നു കമ്മീഷണർക്കു ആശയുണ്ട്.

മി: എ. എസ്. മാരോഴരൻ ആശാൻ (മാവേലിക്കരയും-ചാത്തന്നൂരുള്ളിയും): അസിസ്റ്റൻറ് കമ്മീഷണരുടേയും സെക്രട്ടറിയുടേയും ജോലികൾ തമ്മിൽ എത്ര വ്യത്യാസമുണ്ടെന്നു എന്നോടു പറയുമോ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സെക്രട്ടറിമാർ): ആ ചോദ്യത്തിനു വ്യക്തമായ മറുപടി തരുന്നതിനു ആകസ്മികമായി എനിക്കു സാധിക്കുകയില്ല. എന്നാൽ എന്റെ സങ്കല്പം അസിസ്റ്റൻറ് കമ്മീഷണർ സാക്ഷികളെ വിസ്തരിക്കുന്നതിൽ പങ്കെടുക്കുകയും ചുരുക്കപ്പെട്ട ഒരു ഭാഗം എന്നു നിലയ്ക്കു റിപ്പോർട്ടിൽ ഒപ്പുവയ്ക്കുകയും ചെയ്യും എന്നാണ്. സെക്രട്ടറിക്കു ഈ ജോലികൾ ഉണ്ടായിരിക്കയില്ല.

മി: എ. എസ്. മാരോഴരൻ ആശാൻ (മാവേലിക്കരയും-കാഞ്ഞിക്കപ്പുള്ളിയും): അസിസ്റ്റൻറ് കമ്മീഷണർ വേറെ ജോലിയിൽ ഇരിക്കുമ്പോൾ ഒരു സെക്രട്ടറിമാത്രം മതിയാകുമെന്നു കാണപ്പെട്ടതു എന്തുകൊണ്ടായിരുന്നു എന്നു എന്നോടു പറയാമോ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സെക്രട്ടറിമാർ): ആ ചോദ്യത്തിനു മറുപടി ഞാൻ തന്നുകഴിഞ്ഞു. ഇപ്പോൾ ആഫീസു സംബന്ധിച്ച എത്രമാനം സഹായം മാത്രമേ കമ്മീഷണർ ആവശ്യപ്പെടുന്നുള്ളൂ.

മി: എ. എസ്. മാരോഴരൻ ആശാൻ (മാവേലിക്കരയും-കാഞ്ഞിക്കപ്പുള്ളിയും): കമ്മീഷണർ സാക്ഷികളെ വിസ്തരിക്കുമ്പോൾ അദ്ദേഹത്തിനു ഒരു അസിസ്റ്റൻറ് കമ്മീഷണരെ കൊടുക്കുന്നതായിരിക്കുമോ?

മി. കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സെക്രട്ടറിമാർ). അങ്ങിനെ ആയിരിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.

മി. എ. എസ്. മാരോഴരൻ ആശാൻ (മാവേലിക്കരയും-കാഞ്ഞിക്കപ്പുള്ളിയും). അസിസ്റ്റൻറ് കമ്മീഷണർ ജോലിചെയ്തു കൊണ്ടിരുന്നപ്പോൾ കമ്മീഷണർ മതിയുദ്യോഗസ്ഥരായൊ.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സെക്രട്ടറിമാർ). ഇല്ല. അവർ അപ്പോൾ പ്രശ്നാവലി തയ്യാറാക്കുകയായിരുന്നു. അസിസ്റ്റൻറ് കമ്മീഷണർ പല നിയമവൃത്തികളുമായി സമ്പർക്കം നടത്തുകയും ചോദ്യപരമ്പര തയ്യാറാക്കുന്നതിനു മുമ്പായി ജോലിയുടെ രീതിയെ കണ്ടുപിടിക്കുന്നതിനു ശ്രമിക്കയുംചെയ്തു. അനന്തരം മറുപടികൾ രേഖപ്പെടുത്തുകയും സ്ഥിതിവിവരക്കണക്കുകൾ ക്രോഡീകരിക്കയും ചെയ്യുമെന്നാണു അവർ ഉദ്ദേശിച്ചിരുന്നതു. ആ സമയത്തായിരുന്ന അസിസ്റ്റൻറ് കമ്മീഷണരുടെ ഉദ്യോഗം നിർത്തലാക്കപ്പെട്ടതും സെക്രട്ടറിയെ നിയമിക്കപ്പെട്ടതും.

പ്രസിഡൻറ്: ഇക സഭ അനുവദിക്കുന്നു എന്നു ഞാൻ മനസ്സിലാക്കുന്നു.

അല്പനേരത്തേക്കു അനുവദിക്കപ്പെട്ടു.

ഡോ. അല്പനേരത്തേക്കു സാങ്കേതികവും പലവകയും
ഡിമാൻഡുകൾ.

മി. കെ. ജോസ്സ് (ഗവണ്മെൻറ് ചീഫ് സെക്രട്ടറി): ശാസ്ത്രീയവും പലവകയും ഉൾപ്പെടുന്ന ഡോ. അല്പനേരത്തേക്കുള്ള കണക്കു രൂപയിൽ കവിയാത്ത ഒരു ഇക അനുവദിക്കുന്നതിനായി ഞാൻ എഴുന്നേല്ക്കുന്നു.

ഈ ഇക നക്ഷത്രബംഗ്ലാവിൽ ജ്യോതിശ്ശാസ്ത്രവകുപ്പിൽ താൽക്കാലികമായി ഈ കൊല്ലാന്ത്യംവരെ ധനകാംതീയുതിമുതൽക്കു പ്രതിമാസം ഡോ രൂപാ ശമ്പളത്തിൽ ഉദ്യോഗിച്ചിരിക്കുന്ന നിയമിക്കുന്നതിനുള്ള ആവശ്യത്തിലേക്കാണ്.

ഗവണ്മെൻറ് നക്ഷത്രബംഗ്ലാവിൽ അന്തരീക്ഷ വിജ്ഞാനവകുപ്പും ജ്യോതിശാസ്ത്രവകുപ്പും എന്നീ രണ്ടു വകുപ്പുകൾ ഉണ്ട്. ഇപ്പറഞ്ഞ രണ്ടു വകുപ്പുകളേയും പിരിച്ചു ഗവണ്മെൻറ് അന്തരീക്ഷവിജ്ഞാനശാലയും ഗവണ്മെൻറ് ജ്യോതിശ്ശാസ്ത്രവിദഗ്ദ്ധശാലയും കീഴിൽ ആക്കപ്പെട്ടു. അപ്പോൾ നക്ഷത്രബംഗ്ലാവിൽ ചുമതലയിലിരുന്ന സ്റ്റാഫിനേയും പിരിച്ചു ഒരു കൂട്ടത്തെ ജ്യോതിശ്ശാസ്ത്രവിദഗ്ദ്ധശാലയുടെ പക്കൽ ഏല്പിക്കപ്പെട്ടു. മറ്റേതെന്റ് ജ്യോതിശ്ശാസ്ത്രവിദഗ്ദ്ധശാലയുടെ ചുമതലയിലുള്ള സ്റ്റാഫ് ൪-൭-൦ രൂപാവരെ ശമ്പളത്തിൽ ഒരു ഹെഡ് അസിസ്റ്റൻറും ൫-൦-൫൦ രൂപാ ശമ്പളത്തിൽ വേറെ രണ്ടസിസ്റ്റൻറും ഉണ്ട്.

ആതിൽ പിന്നെ നാളുവരെ തനിക്ക് കിട്ടിയിട്ടുള്ള പ്ലാന് അപേക്ഷിച്ചുമാണെന്ന ഗവണ്മെൻറ് ജ്യോതിശ്ശാസ്ത്രജ്ഞൻ എപ്പോഴും പരാതിപ്പെട്ടുകൊണ്ടിരുന്നു. ഇപ്പോൾ കൂടുതലായി ഒരു ക്ലാക്കിനേയും ഒരു യന്ത്രികനേയും നിയമിക്കേണ്ടതാണെന്ന ഗവണ്മെൻറിലേക്ക് എഴുതി അപേക്ഷിട്ടും ഉണ്ട്. ജ്യോതിശ്ശാസ്ത്രജ്ഞൻ ചോദിച്ചിട്ടുള്ള കൂടുതൽ യന്ത്രികൻ അനുവദിക്കപ്പെടുന്നതിനായി ഗവണ്മെൻറ് ഇപ്പോൾ സമയമാകുകയാണ്. ഈ സ്ഥാപനത്തിൽ വളരെ ചിലപിടിച്ച യന്ത്രങ്ങളും ഉള്ളതിനാൽ ഈ യന്ത്രികൻ നിയമിക്കപ്പെടുവാനുള്ളതാണ്. അവയെ വെടിപ്പാക്കുന്നതിനും നിർവഹിക്കുന്നതിനും ഒരാളെ വിശേഷാൽ നിയമിക്കുന്നതു അഭിലഷണീയമാണ്.

മി: എസ്സ്. പിറ്റിപ്പള്ളമാർ പിള്ള (വാണിജ്യവും വ്യവസായവും, തെക്ക്): സംഗതി അപ്രകാരമിരിക്കുമ്പോൾ ആ നിയമനം ഇപ്പോൾ താല്കാലികമായി ചെയ്യപ്പെടുന്നതു എന്തുകൊണ്ടാണ് എന്നുകൂടെ പറയാമോ?

മി: കെ. ജാർജ് (ഗവണ്മെൻറ് ചീഫ് സെക്രട്ടറി): ഈ ഇരട്ടത്തസ്തിക അനുവദിച്ചതിൽ പിന്നെയുള്ള സ്ഥിതി പുനഃപരിശോധിക്കുന്നതിനും ട്രെനിമത്തെ ഏഷ്യാറ്റിക് യോഗത്തിൽ: ആവശ്യമെന്നു തോന്നുന്നപക്ഷം യന്ത്രികൻ സ്ഥിരം നിയമനത്തിനുള്ള ഒരു പ്രതിജ്ഞയും കൊണ്ടു സഭയിൽ വരുന്നതിനും ഗവണ്മെൻറിന് ആഗ്രഹമുള്ളതുകൊണ്ടുതന്നെ.

ഞാൻ പറഞ്ഞതുപോലെ ഒരു യന്ത്രികൻറ നിയമനത്തിനുള്ള ആവശ്യം പരമാർത്ഥമായിട്ടുള്ളതാണ്. പ്ലൂൺമാരെപ്പോലെയുള്ള അടുക്കളെ ഷുഷ്കിക്കുന്നു അളിലഷണിമല്ലാത്ത പ്രതാനം വിചപിച്ചു യന്ത്രങ്ങളുണ്ട്. യന്ത്രങ്ങളുടെ ഘടനയെപ്പറ്റി ജ്ഞാനമുള്ള ഒരാളെ നിയമിക്കുകയാകുന്നു, വെടിപ്പാക്കുക അറകുറ നന്നാക്കുക, ഇപ്രകാരമുള്ള പണികൾ ചെയ്യുക, എന്നിവകളെല്ലാം അയാൾക്ക നിർവഹിക്കുന്നതിനും സ്ഥാപനത്തിലെ ദിനം പ്രതിയുള്ള ജോലിയിൽ ഹെഡ് അസിസ്റ്റൻറിനേയും അസിസ്റ്റൻറിനേയും സഹായിക്കുന്നതിനും കഴിയുന്നതാണ്.

മി: രേവതിനാൾ രാമവർമ്മരാജാ (ഇടവക): ഈ പിചപിടിച്ച ഇൻസ്ട്രുമെൻറ്സ് വരുത്തിയിട്ടു എത്ര കാലമായി?

മി: കെ. ജാർജ് (ഗവണ്മെൻറ ചീഫ് സെക്രട്ടറി): ചിലതു കുറെ വർഷങ്ങൾക്കു മുമ്പുവരുത്തിട്ടുള്ളതായാണ്. എന്നാൽ അടുത്തകാലത്തു വളരെ പ്രധാനങ്ങളായ ചിലതു ചേർത്തിട്ടുണ്ട്.

മി: രേവതിനാൾ രാമവർമ്മരാജാ (ഇടവക): ഇവകളൊക്കെ ഇപ്പോൾ നന്നാക്കുകയും ഇടയ്ക്കുകയും ചെയ്തുകൊണ്ടിരിക്കുന്നതാരാണ്?

മി: കെ. ജാർജ് (ഗവണ്മെൻറ ചീഫ് സെക്രട്ടറി): എനിക്കിപ്പോയാൻ സാധിക്കയില്ല. അവയെ വളരെ തൃപ്തികരമായി നോക്കിട്ടില്ലെന്നു പറയേണ്ടിവരുന്നു. ഇടയ്ക്കുക എണ്ണയിടുക മുതലായവയാണ് ഞാൻ ഉദ്ദേശിക്കുന്നതു. പ്ലൂൺമാരാണ് അതു ചെയ്യാറുണ്ടായിരുന്നതു. അതു നീരവ ശരിയായ ഒന്ന് എർപ്പാടല്ല.

മി: രേവതിനാൾ രാമവർമ്മരാജാ (ഇടവക): സർക്കാർ പണം ചിലവുചെയ്തു വാങ്ങിച്ച സാമഗ്രികൾ എല്ലാം ശരിയായിട്ട സൂക്ഷിക്കുന്നില്ലെന്നാണോ പറയുന്നതു?

മി: കെ. ജാർജ് (ഗവണ്മെൻറ ചീഫ് സെക്രട്ടറി): അങ്ങിനെ ഞാൻ പറയുന്നില്ല. യന്ത്രങ്ങളെ ഇടയ്ക്കുകയും എണ്ണയിടുകയും സൂക്ഷിക്കയും ചെയ്യുന്ന ജോലി നിർവഹിക്കത്തക്ക നിയതമായ ഒരേർപ്പാടും ഇല്ലായിരുന്നു എന്നാണ് ഞാൻ ഉദ്ദേശിക്കുന്നതു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): പ്രതിജ്ഞ ചെയ്യപ്പെട്ടിരിക്കുന്ന യന്ത്രികനെ നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന യോഗ്യത എന്താണ്?

മി: കെ. ജാർജ് (ഗവണ്മെൻറ ചീഫ് സെക്രട്ടറി): യോഗ്യതയൊന്നും നിർദ്ദേശിക്കപ്പെട്ടിട്ടില്ല. അയാൾ യന്ത്രങ്ങളുടെ ഘടനയെപ്പറ്റി പരിചയമുള്ള ഒരാളായിരിക്കണം. കാരണങ്ങളായി പിരിച്ചെടുക്കുന്നതിനും യന്ത്രങ്ങളെ വെടിപ്പാക്കുന്നതിനും എണ്ണയിടുന്നതിനും പല ചില്ലറ അറകുറകൾ പോക്കുന്നതിനും പരിചയമുള്ള ആൾ ആയിരിക്കണം. ഇന്നാതെ നിയമിക്കണം എന്ന ഇതു വരെ ഞങ്ങൾ തീർച്ചയിട്ടില്ല.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഇപ്പോൾ കൊടുക്കുന്നത് ഉദ്ദേശിക്കപ്പെടുന്ന ശമ്പളത്തിനു ഒരു നല്ല യന്ത്രികനെ കിട്ടുകയില്ല.

മി: കെ. ജാർജ് (ഗവണ്മെൻറ ചീഫ് സെക്രട്ടറി): ഇപ്പോൾ കൊടുക്കുന്നതിനുദ്ദേശിക്കപ്പെട്ട ശമ്പളത്തിനു യന്ത്രഘടനയുടെ പ്രാഥമിക തത്വങ്ങൾ പരിചയമുള്ള ഒരാളെ കിട്ടാൻ കഴിയുമെന്നു എനിക്ക നിശ്ചയമുണ്ട്. അയാൾ ചെയ്യുവാനുള്ള ജോലിക്ക അതുമാത്രം മതിയാകുന്നതുമാണ്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): നക്ഷത്രബ ഗ്ലാവിൽ ഉള്ളതായ യന്ത്രങ്ങളുടെ സ്വഭാവം എന്താണെന്ന മെമ്പർ സഭയെ ഞങ്ങളോടു പറയുമോ?

മി: കെ. ജാർജ് (ഗവണ്മെൻറ ചീഫ് സെക്രട്ടറി): അവയുടെ ഒരു ലിസ്റ്റ് എൻറെ പക്കൽ ഉണ്ട്. അവതാകട പറഞ്ഞിരിക്കുന്നതാണ്:—

ക. ട്രാൻസിറ്റ് ഇൻസ്ട്രുമെൻറ് (സംക്രമനിരീക്ഷണയന്ത്രം)
ഖ. ഒരടി ഇരുമ്പേറോമിറ്റർ കടമെസ്സോപ്പ്
ഗ. രണ്ടരത്ത ഇരുമ്പേറോമിയൽ കടമെസ്സോപ്പ്
ഘ. നാലരത്ത ഇരുമ്പേറോമിയൽകടമെസ്സോപ്പ്
ങ. നാലരത്ത ആർടിസിമത്തു്
ച. സെക്സ്റ്റൻറുകൾ
ഛ. ഒരടി ഇരുമ്പേറോമിയിനോടു സംബന്ധിപ്പിച്ചിരിക്കുന്ന സ്റ്റെക്കെസ്സോപ്പ് (രസതരവർണ്ണമണ്ഡല ഒർപ്പണം)
ജ. വലർഷസ്റ്റ് സെനറർ
ഝ. കടമെസ്സോപ്പുകളിലെ ക്യാമറാ ഉപസ്കരണങ്ങൾ മുതലായവ.
ഞ. ഭൂമിശാസ്ത്രങ്ങൾ പോകുമെയുള്ളവർക്ക് ഷാപ്പ് സാമഗ്രികൾ,

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഇപ്പോൾ നിയമിക്കുന്നതിനുദ്ദേശിക്കപ്പെട്ട യാന്ത്രികന്മാരുടെ സുരക്ഷിതത്വത്തിനുള്ള പ്രസ്തുത യന്ത്രങ്ങളുടെ കാര്യം ആലോചിച്ചു് ഇപ്പോൾ കൊടുക്കുന്നതിനുദ്ദേശിക്കുന്നതാണു് ശമ്പളത്തിനു പുറമെ ഈ യന്ത്രികനെ കിട്ടുന്നതിനു സാധിക്കുമെന്നു ഞാൻ വിചാരിക്കുന്നില്ല.

മി: കെ. ജാർജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): ഇതിലേക്കു അധികമായ വിശദീകരണത്തിന്റെ ആവശ്യമില്ല.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ട്രൗളർഗിനി മുതലായ യന്ത്രങ്ങളെ സമായോഗം ചെയ്യുന്നതിനു ഒരു വിശദീകരണം ആവശ്യമല്ല എന്നാണോ മെമ്പർ പറയുന്നതു്?

മി: കെ. ജാർജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): ഒരു ട്രൗളർഗിനിയെ സമായോഗം ചെയ്യുന്നതിനു ഒരു വിശദീകരണം ആവശ്യമില്ല എന്നു ഞാൻ പറയുന്നില്ല. എന്നാൽ ഇപ്പോൾ നിയമിക്കപ്പെടുന്നതിനുദ്ദേശിക്കപ്പെട്ടിരിക്കുന്ന യാന്ത്രികനു ട്രൗളർഗിനികളെ സമായോഗം ചെയ്യുന്നതിനൊ അങ്ങിനെയുള്ള ജോലികളെ നിർവഹിക്കുന്നതിനൊ അല്ല ആവശ്യപ്പെടുന്നതു്. അയാൾക്കു ചെയ്യേണ്ട ജോലി യന്ത്രങ്ങളെ സംരക്ഷിക്കുന്നതും അവയെ എണ്ണ പിടിപ്പിച്ചു തുടച്ചു വെടിപ്പാക്കുന്നതും ചില്ലറ അറ്റകുറ്റപ്പണികൾ നിർവഹിക്കുന്നതും മാത്രം ആണു്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അയാളുടെ യോഗ്യത ഞങ്ങൾക്കറിയാൻ കഴിഞ്ഞിട്ടില്ല. ആ യന്ത്രികനെപ്പറ്റി, അവരാൾക്കു ജ്യോതിശ്ശാസ്ത്രീയ ട്രൗളർഗിനികളെ സമായോഗം ചെയ്യുന്നതിനും അറ്റകുറ്റങ്ങൾ പോക്കുന്നതിനും യോഗ്യതയുണ്ടായിരിക്കണമെന്നു എന്നറിയാൻ ഞങ്ങൾക്കു അഗ്രഹമുണ്ടു്.

മി: കെ. ജാർജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): യാന്ത്രികനാൽ നിർവഹിക്കപ്പെടേണ്ട മറ്റുവക വേലകൾ അദ്ദേഹത്തു് ചില്ലറയായ അറ്റകുറ്റപ്പണികളെപ്പറ്റിയാണു ഞാൻ പറഞ്ഞതു്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ട്രൗളർഗിനികളെ സംബന്ധിച്ചു് ചില്ലറയായ അറ്റകുറ്റപ്പണിയുടെ ഒരു ദൃഷ്ടാന്തം മെമ്പർ പറയുമോ?

മി: കെ. ജാർജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): ഒരു പിരിയാണി പൊയ്പ്പോയി എന്നു വിചാരിക്കാം. (ചിരി)

മി: എസ്സ്. പിറാഡിപ്പുഴാഠംപിള്ള (വാണിജ്യവും വ്യവസായവും, തെക്കു്): സാമർത്ഥ്യം പോരാത്ത ഒരാൾ ഈ ജോലിചെയ്യുന്നതിനു് അനുവദിക്കപ്പെട്ടുന്നെങ്കിൽ, ആ വിധപ്പിഴച്ചു യന്ത്രം കേടുപിടിച്ചു പോകുമെന്നു മെമ്പർ വിചാരിക്കുന്നില്ലേ?

മി: കെ. ജാർജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): അതെ. എന്നാൽ ഈ ജോലിഭാരം ചെയ്തില്ലെങ്കിൽ അധികം കഷ്ടമായിത്തീരുമെന്നതാണു് അതിനെ ക്രമീകരിക്കുന്നതിനാണു് ഈ യാന്ത്രികനെ നിയമിക്കുന്നതിനുദ്ദേശിക്കുന്നതു്. അപ്രകാരമുള്ള ശമ്പളത്തിൽ അറ്റകുറ്റപ്പണികളുടെ ആദിമതത്ത്വങ്ങൾ അറിയാവുന്ന ഒരാളെ കിട്ടുമെന്നതിനു മെമ്പർമാർ വിചാരിക്കുമോയെന്നു അത്ര പ്രയാസമുള്ള. ആവശ്യപ്പെട്ടിരിക്കുന്നതു അത്രമാത്രമാണു്.

പ്രസിഡന്റ്: സഭയുടെ അനുവദിക്കുന്നു എന്നു ഞാൻ ഗ്രഹിക്കുന്നു.

ഇതു അനുവദിക്കപ്പെട്ടു.

നിയമനിർമ്മാണം.

തിരുവിതാംകോട്ടു വില്ലേജ് പഞ്ചായത്തു കോടതി

റെഗുലേഷൻ ഭേദഗതിബിൽ

മി: കുഞ്ചാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സെക്രട്ടറി വക്കീൽ): ഇനിയുള്ള ജോലി തിരുവിതാംകോട്ടു വില്ലേജ് പഞ്ചായത്തു കോടതി റെഗുലേഷൻ ഭേദഗതിബിൽ അവസാനമായി വായിക്കുന്നതാണു്.

ഞാൻ ബില്ലിനെ വായിക്കുന്നതിനു് ഉൽക്ഷേപിക്കുന്നതിനു മുമ്പായി, അതിനു വിധ്യനുരൂപമായ ഒരു ഭേദഗതി ഉൽക്ഷേപിക്കുന്നതിനു ഞാൻ അനുഗ്രഹിക്കണം. അതു വിട്ടുപോയതിനെ ചേർക്കുന്നതുമാത്രമാണു്. അതനുസരിച്ചു വകുപ്പു (മ)-ൽ കഉഠ എന്നുള്ള അക്ഷരങ്ങളുടെ പിന്നാലെ അതിനെ കഉഠസ എന്നുവായിക്കത്തക്കവണ്ണം 'സ്' എന്ന അക്ഷരം ചേർക്കപ്പെടണം എന്നു ഞാൻ ഉൽക്ഷേപിക്കുന്നു.

മി: ടി. കെ. മാധവൻനായർ (അഡ്വ. ഗവണ്മെന്റ് സെക്രട്ടറി): ഞാൻ പ്രമേയത്തെ അനുകൂലിക്കുന്നു.

പ്രമേയം സ്വീകരിക്കപ്പെട്ടു.

മി: കുഞ്ചാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സെക്രട്ടറി വക്കീൽ): ബിൽ അവസാനമായി പാസാക്കപ്പെടണം എന്നു ഞാൻ ഇപ്പോൾ ഉൽക്ഷേപിച്ചുകൊള്ളുന്നു.

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റ് സെക്രട്ടറി): ഞാൻ അതിനെ അനുകൂലിക്കുന്നു.

മി: എ. എസ്. മാത്തോമൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ബിൽ അവസാനമായി പാസാക്കപ്പെടണം എന്നുള്ള പ്രമേയത്തെ ഞാൻ എതിർക്കുന്നു.

ബില്ലിനെ മൂന്നാം പ്രാവശ്യം എടുക്കുന്നതിനുള്ള സമയം എനിക്കുണ്ടു്. ഞാൻ അതിനെ കഴിഞ്ഞ അവസരത്തിൽ എതിർത്തു എങ്കിലും ഒരു ഭൂരിപക്ഷത്താൽ അതു പാസാക്കപ്പെട്ടു.

ശരിയായ സമയത്തു നാമിനേഷനുകൾ ചെയ്യുന്നതിൽ ഗവണ്മെന്റു് ഇടവരുത്തുന്നകാലത്തോളമത്രയ്ക്കു് അനുമതി, അതായതു നിയമസഭയുടെ അനുമതികൊടുക്കണമെന്നുള്ള ഈ ബില്ലിനാൽ ഉദ്ദേശിക്കപ്പെട്ടിരിക്കുന്നു. തിരുവിതാംകോട്ടു പഞ്ചായത്തുകോടതി റെഗുലേഷൻ സെക്ഷൻ (മ)-ൽ വ്യക്തമായി നിർദ്ദേശിച്ചിരിക്കുന്നതു് രണ്ടുവർഷത്തിലൊരിക്കൽ ഗവണ്മെന്റു് വില്ലേജ് പഞ്ചായത്തു കോടതികളിലെ ജഡ്ജിമാരെ നിയമിക്കേണ്ടതാണെന്നാണു്. ഈ ബില്ലിൻപ്രകാരം അങ്ങനെ നിയമിക്കപ്പെടുന്ന ജഡ്ജിമാർക്കു് അവരുടെ പിൻഗാമികളെ നിയമിക്കപ്പെടുന്നതുവരെ ജഡ്ജിമാരായി തുടർന്നുപോകുമെന്നുള്ളതാണു്.

സർ, ജഡ്ജിമാർ നിയമിക്കപ്പെടുമ്പോൾ, അവർ 62 വർഷത്തേക്കുമാത്രം ഇടൻതുകൊണ്ടിരിക്കണമെന്ന ഗവണ്മെന്റിനറിയാം; ജഡ്ജിമാർക്കും അവർ 62 വർഷത്തേക്കുമാത്രം ഇടൻതുകൊണ്ടിരിക്കാം എന്നറിയാം. അതിനാൽ ജഡ്ജിമാരുടെ ഉദ്യോഗ കാലാവധിയെപ്പറ്റി ഒരുതരത്തും സംശയവും ജനിക്കാവുന്നതല്ല. ഈ വ്യവസ്ഥ മരണം എന്നപോലെ യാതൊന്നു മുന്നറിവും കൂടാതെ സംഭവിക്കാവുന്നവല്ല ആഗന്തുക സംഭവത്തേയും കണക്കിൽ പ്രതിപ്പെടുത്തിട്ടുള്ളതല്ല; എന്നാൽ നിയമിക്കപ്പെട്ട ആരാൾക്ക് തന്റെ പിൻഗാമി നിയമിക്കപ്പെടുന്നതുവരെ ഇടൻതുകൊണ്ടിരിക്കാം എന്ന അതിൽ പറയുന്നു. പോറ ദോഷമായിൽ പറകയാണെങ്കിൽ, കൂടുതലായി രണ്ടുവർഷത്തേക്കുകൂടി ഒരു പിൻഗാമിനിയമിക്കപ്പെടുന്നില്ലെങ്കിൽ, ആദ്യം നിയമിക്കപ്പെട്ട ജഡ്ജിക്ക്. റെഗുലേഷനിലെ 9-ാം സെക്ഷനിൽ കൊടുത്തിട്ടുള്ള വ്യവസ്ഥകളനുസരിച്ചു പ്രവർത്തിക്കേണ്ടതാണെന്നുള്ള തങ്ങളുടെ കൃത്യത്തിനു ഗവണ്മെന്റ് വീഴ്ചവരുത്തിയാലും, വില്ലുജ് പഞ്ചായത്തുകോടതിയിലെ ജഡ്ജിയായിടൻതുകൊള്ളുമെന്നതാണ്.

മി: എസ്. പി. പിള്ളപ്രതമാംപിള്ള (യാന്ത്രിക്യവും-വ്യവസായവും, തൊഴിൽ): ഭേദഗതി പാസാക്കപ്പെടുന്നതിനുമുമ്പു ഈ ബില്ലിനെ എതിർത്തുകൊണ്ടു ഞാൻ ചില വാക്കുകൾ പറയുന്നതിനു ക്ഷമിക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു. ഈ ബില്ലിനെ ഞാൻ എതിർക്കുന്നതിനുള്ള കാരണങ്ങൾ ഞാൻ ഇതിനുമുമ്പു പറഞ്ഞിട്ടുള്ളതാണ്. ഈ ബില്ലിനെ ഞാൻ എതിർക്കുന്നതിനുള്ള കാരണങ്ങൾ ഇപ്പോൾ ഞാൻ ആവർത്തിക്കുന്നില്ല

ഞാനുവരെ, കാലാവധിതീർന്നപ്പോഴും വയോധികനും അന്ധനുമായ ഒരു മുഖ്യന്റെ ഉദ്യോഗത്തിൽ തുടർന്നുകൊണ്ടിരിക്കുന്നതിനു അവർ ഒന്നുചേർന്നു എന്നതും.

തിരുവിതാംകോട്ടു ഗവണ്മെന്റിന്റെ യന്ത്രം ശരിയായിട്ടു പ്രവർത്തിക്കുന്നതായോ എന്നും, അങ്ങിനെയാണെങ്കിൽ ഇപ്പോഴത്തെ സഭയുടെ മുമ്പിൽ കൊണ്ടുവരപ്പെട്ട ബില്ലിന്റെ അത്യാവശ്യമെന്താണെന്നും, ചോദിക്കുന്നതിനു ഞാൻ ഒരുങ്ങുന്നു. മൂന്നു വർഷത്തിൽ ഒരിക്കൽ മാത്രം ഉണ്ടാകാവുന്ന ഒഴിവിൽ ആറു നിയമിക്കുന്ന വിഷയത്തിൽ രണ്ടാഭ്യുക്ഷനു എതിർപ്പെടുന്ന വിഷമം എന്താണ്? (മി: പിറവിപെരുമാൾപിള്ള രണ്ടുവർഷം) അല്ല രണ്ടുവർഷമോ മൂന്നുവർഷമൊ നിയതകാലാവധിയാക്കുന്നതായിരിക്കാം. ഈ സഭയിൽ ഒരു ഭേദഗതിബിൽ കൊണ്ടുവരപ്പെടുകയും ഈ സഭയുടെ വിചാരണയിലിരിക്കുന്ന സമയം നക്ഷത്രമാക്കപ്പെടുകയുംചെയ്യുന്നതു എന്തു സമ്പ്രദായത്തിനാണ്? സർ, വില്ലേജ് പഞ്ചായത്തുകോടതികളേയും മുൻസിഫ്മജിസ്ട്രേട്ടുകോടതികളേയും സംബന്ധിച്ചുമാത്രം എന്നതിനേക്കാൾ ഹൈക്കോടതി മുതൽ താഴെയോട്ടു ഭരണസ്ഥാപനത്തിന്റെ എല്ലാ ശാഖകളിലും ഉണ്ടാകുന്ന ഒഴിവുകളെ സംബന്ധിച്ചാണിയറസംഘടനയുടെ വിഷയത്തിൽ അവർ ചെയ്തിരുന്നതു ഇന്നതു എന്നു അറിയുന്നില്ല എന്നതോന്നുമാറ്, അതു അത്തരമൊരുത്തരം തിരുവിതാംകൂട്ടു ഗവണ്മെന്റിന്റെ സ്വീകാർഹമായ യക്ഷണമായി തീർന്നിരിക്കുന്നു. അവർ അടുത്തിടെ ഇങ്ങോട്ടും തിരിയും എല്ലാ പ്രകാരത്തിലുള്ള ഞാണിന്മേൽ വിഭ്രമം കാണിക്കുകയും, ഒടുവിൽ ഒരപൊരുത്തമാക്കുകയും ആത്മവിശ്വാസമായിതീരുകയും ചെയ്യുന്നു. അതാണ് ഇക്കാലത്തു നടക്കുന്നതു. ഇപ്പോഴത്തെ ഭേദഗതിബിൽ ചെയ്യാൻ ഉദ്ദേശിക്കുന്നതു "ശരി ഗവണ്മെന്റു ചൂണ്ടിക്കാണിക്കുന്ന ഒരപരാധത്തിന്റെ പേരിലാണു, തിരുവിതാംകൂട്ടിൽ കഴിവുള്ളിടത്തോളം ഉള്ള കാലത്തേക്കുമായിട്ടല്ലാതെ" അങ്ങിനെതന്നെയിരുന്നുകൊള്ളുന്നതിനു നിങ്ങൾ അനുവദിക്കപ്പെട്ടിരിക്കുന്നു. ഉദ്യോഗനിയമനം നിരോധിക്കുവാൻ ശ്രമിക്കുമ്പോൾ ചെയ്തുകൊള്ളുന്നതിനു ഉണ്ടായിട്ടുള്ള ഒഴിവുകളെ പൂരിപ്പിക്കുന്നതിനും പുതിയ ആളിനെ നിയമിക്കുന്നതിനും, ഗവണ്മെന്റിനെ അനുശ്രുതിപ്പെടുത്തുവാൻ ശ്രമിക്കുമ്പോൾ സമയം, ഏതു ചെറിയും ദീർഘമായ കാലത്തേക്ക്, ഇപ്പോഴത്തെ ആറിനെന്നു തുടർന്നുകൊള്ളുന്നതിനും ഞങ്ങൾ നിങ്ങളെ അനുവദിക്കുകയും ചെയ്യുന്നു" എന്നു കൌൺസിലിലെ മെമ്പർമാരെക്കൊണ്ടു പറയിക്കുന്നതിനു ശ്രമിക്കുകയാണ്. ഇപ്പോൾ സഭയുടെ മുമ്പിൽ കൊണ്ടുവന്നിട്ടുള്ള പ്രമേയത്തിന്റെ ഉദ്ദേശം അതാണ്. ഈ അനുശ്രുതിയിലേക്കു ഞങ്ങളുടെ അനുമതി പ്രധാനമന്ത്രിയുടെ വേണമെന്നു ചോദിക്കുന്നതു ആത്മവിശ്വാസമായിട്ടുള്ളതാണ്. ഒരു എതിർപക്ഷം പറയാതെ തന്നെ പാസ്സാക്കപ്പെടുന്നതിനു ഞങ്ങൾക്കു അനുമതിക്കാൻ പാടില്ലാത്തതും ആകുന്നു.

മി: എസ്. പിറവിപെരുമാൾപിള്ള (വാണിജ്യവും-വ്യവസായവും, തെക്കു): സർ, ഈ പ്രമേയത്തെപ്പറ്റി സംസാരിക്കുന്നതിനു എനിക്കു ഉദ്ദേശമില്ലായിരുന്നു, എന്നാൽ മി: വീരകണ്ണപ്പിള്ള അദ്ദേഹത്തെ എതിർത്ത മെമ്പർമാരുടെ ഔചിത്യത്തെപ്പറ്റി ഇപ്പോൾ തർക്കിക്കുന്നതുകൊണ്ടു്. അങ്ങിനെ പറയുന്നതിന് എന്തു കാരണമാണു ഉണ്ടായിരുന്നതു എന്നു ഞാൻ അറിയാതിരിക്കുന്നതിൽ വ്യസനിക്കുന്നു. എല്ലാം പറയുമ്പോൾ, ഇപ്പോൾ പറഞ്ഞതിൽനിന്നു ഈ സോപ്പിന്റെ കെട്ടുകഥകളിൽ ഒന്നു് എന്റെ ഓർമ്മയിൽ വരുന്നു. അധികമായിട്ടും നാം നഷ്ടപ്പെടുത്തിട്ടില്ലാതെ കക്ഷത്തിനുടയിട്ടുള്ള യജമാനൻ കയ്യുന്നതു്. അവരിരുവരും കഴുതയും കച്ചവടക്കാരനും എന്നുള്ള കഥ ഞാൻ ഓർമ്മിക്കുന്നു. ഇവിടെ കക്ഷ്യം എന്താണു? നമ്മുടെ നിയോജകമണ്ഡലങ്ങളിൽ ഒന്നിൽ മെമ്പർ ഇപ്പോൾ ഇരിക്കുന്നതു് എന്നാണ് നമ്മുടെ എല്ലാവരുടേയും അഭിപ്രായം. എന്റെ ഓർമ്മ ശരിയായിരിക്കുന്നപക്ഷം, ഈ ഭേദഗതിബിൽ ആലോചനയ്ക്കായി കൊണ്ടുവരപ്പെട്ടിരിക്കുന്നതു് ആ സാദ്ധ്യത്തിനായിട്ടാണ്. അതു ഗവണ്മെന്റിനെ ആരോപിക്കുന്നതിനുള്ള ഒരു വിഷയമല്ല; അങ്ങനെ ആണെങ്കിൽ, അതിന്റെ പരിഹാരത്തിനുള്ള മാർഗ്ഗവും അവസരവും ഇതും അല്ല. ഈ ഭേദഗതിബിൽ പാസ്സാക്കപ്പെടുന്നില്ലെങ്കിൽ നമ്മുടെ നിയോജകമണ്ഡലങ്ങളിൽ പഞ്ചായത്തുകളിലേക്കു തിരഞ്ഞെടുപ്പുകൾ നടക്കുമെന്നാണ് ഫലം.

മി: എ. എസ്. മോഹനൻ ആശാൻ (മാവേലിക്കരയും-കാഞ്ഞിരപ്പള്ളിയും): ഈ ഉദ്യോഗസ്ഥനിയമനങ്ങളെ സംബന്ധിച്ചു ഗവണ്മെന്റു ജാഗരൂകന്മാരാണു് എന്നു ഗ്രഹിക്കുന്നതിനു അങ്ങേയ്ക്കു ഉദ്ദേശിക്കുന്നുവോ?

മി: എസ്. പിറവിപെരുമാൾപിള്ള (വാണിജ്യവും—വ്യവസായവും, തെക്കു): ഞാൻ വിമർശനമായി പറയുന്ന വിഷയം അതല്ല.

മി: എ. എസ്. മോഹനൻ ആശാൻ (മാവേലിക്കരയും-കാഞ്ഞിരപ്പള്ളിയും): ഈ ഭേദഗതിബില്ലിന്റെ ആവശ്യകതയെന്താണ്? അതുമാത്രമാണു ഞാൻ ചോദിക്കുന്നതു.

മി: എസ്. പിറവിപെരുമാൾപിള്ള (വാണിജ്യവും-വ്യവസായവും, തെക്കു): അവശ്യം ഭേദഗതിയൊന്നും ഒരു കോടതിയും ഉണ്ടായിരിക്കുന്നതു് എന്നാണ്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിങ്കീഴ്): ഒരു വില്ലേജ് പഞ്ചായത്തുകോടതിയിൽ സാധാരണയായി എത്ര ഭേദഗതികളായിരിക്കണമെന്നു എന്നോടു പറയുമോ?

മി: എസ്. പിറവിപെരുമാൾപിള്ള (വാണിജ്യവും-വ്യവസായവും, തെക്കു): ഈ സഭയിൽ വാദത്തിലിരിക്കുന്ന സംഗതിയോടു യോജിക്കുന്നതല്ല

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിങ്കീഴ്): അതു് അനാവശ്യമായതെന്നെയാണ്.

മി: എസ്. പിറവിപെരുമാൾപിള്ള (വാണിജ്യവും-വ്യവസായവും, തെക്കു): മെമ്പർ ശ്രദ്ധിക്കാത്തതുകൊണ്ടല്ലെന്നു ഞാൻ പറയുന്നു. (ചിരി)

മി: എ. എസ്. മോഹനൻ ആശാൻ (മാവേലിക്കരയും-കാഞ്ഞിരപ്പള്ളിയും): ഉദ്യോഗസ്ഥന്മാരുടെ അവകാശപെൻഷൻ കൊടുക്കേണ്ട വയസ്സു കഴിഞ്ഞതിനു പിന്നെയും ഒരു പിൻപറ്റാമി നിയമിക്കപ്പെടുന്നതുവരെ ഉദ്യോഗത്തിൽ വച്ചുകൊണ്ടിരിക്കണമെന്നാണോ അങ്ങേയ്ക്കു നിർദ്ദേശിക്കുന്നതു?

മി: എസ്. പിറവിപെരുമാൾപിള്ള (വാണിജ്യവും-വ്യവസായവും, തെക്കു): അതു ഇവിടെ ഉന്നയിക്കുന്നില്ല. (ചിരി)

സർ, ഈ സംഗതികളെല്ലാം വിവരമായി വിമർശിക്കപ്പെട്ടു.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും-കിഴക്കുള്ളതും): ഗവണ്മെന്റു ജാഗരൂകന്മാരാണെങ്കിൽ യഥാർത്ഥ ഉദ്യോഗമെന്തായിരിക്കുന്നതെന്നു കാണുകയില്ല.

മി: എസ്. പിറവിപെരുമാൾപിള്ള (വാണിജ്യവും-വ്യവസായവും, തെക്കു): അപ്പോൾ ഇതിനുള്ള അവശ്യമെന്തു? യാം നിഴലുകൾക്കായി സമരംചെയ്യുകയാണ്. നാം കരുതേണ്ടതെന്തും നമ്മുടെ നിയോജകമ

ണ്ഡലങ്ങളിൽ വില്ലേജ് പഞ്ചായത്തുകോടതിയിൽ ജഡ്ജിമാരില്ലായ്മനിമിത്തം ബുദ്ധിമുട്ടുണ്ടായകാര്യമാണ്.

മി, ആർ. കേശവപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): തക്കസമയത്തു ആറും നിയമിക്കുന്ന വിഷയത്തിൽ ഗവണ്മെൻറു ജാഗ്രത കാണിക്കുന്നെങ്കിൽ, നമ്മുടെ നിയോജകമണ്ഡലങ്ങളും വേഗത്തിൽ സഹിക്കേണ്ടി വരികയില്ല.

മി: ടി. എസ്. പിറവിപെരുമാൾപിള്ള (വാണിജ്യവും-വ്യവസായവും, തെക്ക്): ഗവൺമെൻറു തക്കസമയത്തു ആറും നിയമിക്കാതിരുന്നാൽ മാത്രം പ്രതിവിധികളുണ്ട്. നമുക്കാവശ്യമുള്ളതെല്ലാം, ഗവണ്മെൻറു സംഗതികൾക്കു താമസം വരുത്തുന്നുണ്ടെങ്കിലും ഇല്ലെങ്കിലും, നമ്മുടെ നിയോജകമണ്ഡലങ്ങളിൽ ബുദ്ധിമുട്ടുണ്ടാകരുത് എന്നു മാത്രമാണ്.

മി ആർ. കേശവപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): മെമ്പർ ഈ വ്യവസ്ഥയെ അനുകൂലിക്കുന്നതിനാൽ ചർച്ചയിൽ ഉദാസീനത കാണിക്കുന്നതിനു ഗവണ്മെൻറിനെ പ്രൈവ്വിപ്പെടുത്തുന്നില്ലെ എന്നു എനിക്കു പറയാമോ?

മി: എസ്. പിറവിപെരുമാൾപിള്ള (വാണിജ്യവും-വ്യവസായവും, തെക്ക്): മെമ്പർ പറയുന്നതു എനിക്കു ഗ്രഹിക്കാൻ കഴിയുന്നില്ല.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): ഉദ്യോഗസ്ഥന്മാരുടെ വിഷയത്തിൽ ഉദാസീനത കാണിക്കുന്നതിനു ഗവണ്മെൻറിനെ പ്രൈവ്വിപ്പെടുത്തുന്നതിനു അദ്ദേഹം തയ്യാറാണോ എന്നു എനിക്കു പറയാമോ?

മി: എസ്. പിറവിപെരുമാൾപിള്ള (വാണിജ്യവും-വ്യവസായവും, തെക്ക്): മെമ്പർക്കു യോജിച്ചതായ എന്തെങ്കിലും അനുമാനമുണ്ടാക്കുന്നതിനു വിരോധമില്ല. എന്നാൽ ഞാൻ ഉദ്ദേശിച്ചതു അതല്ല.

ജി: എ. എസ്. മാമോരനാശാൻ (മാടവഴിക്കരയും-ചാത്തിക്കുളങ്ങരയും): ഒരു പുതിയ ആറെ നിയമിക്കുന്നതിനുപകരമായി വയോധികനായ ഒരാറു തുടർന്നുകൊണ്ടിരിക്കുന്നതിനു അനുവദിക്കുന്നെങ്കിൽ, അതു നിയോജകമണ്ഡലങ്ങൾക്കു നഷ്ടമായിരിക്കയില്ലെ?

മി: എസ്. പിറവിപെരുമാൾപിള്ള (വാണിജ്യവും-വ്യവസായവും, തെക്ക്): എല്ലാം പറയുന്നെങ്കിൽ, അതു പ്രാധാന്യമില്ലാത്ത ഒരു ഉദ്യോഗം മാത്രമാണ്. നിവർത്തിക്കപ്പെടണമെന്നു നമുക്കാവശ്യമുള്ളതെല്ലാം, ഞാൻ പറഞ്ഞുപോയതു, ജഡ്ജിമാരുടെ അഭാവംനിമിത്തം നമ്മുടെ നിയോജകമണ്ഡലങ്ങൾക്കു നഷ്ടം വേണ്ടാകരുത് എന്ന മാത്രമാണ്. അതിനാൽ ഈ ബില്ലിനു ഉൽക്ഷേപിച്ചിട്ടുള്ള ഏതുഭാഗത്തെ, എനിക്കു സ്വീകാര്യമാക്കാൻ കഴിവുള്ള സഭ്യശക്തിയോടുംകൂടി ഞാൻ ബദ്ധമായി എതിർക്കുന്നു.

മി: ആർ. രാമൻപിള്ള (കോട്ടയം): സർ, മി: മാമോരനാശാന്റെ അഭിപ്രായത്തോടു ഞാൻ പൂർണ്ണമായിയോജിക്കുന്നു. ഒരു ജഡ്ജിയുടെ കാലാവധിതീരുകയും പകരം ഒരാളെ നിയമിക്കാതെയിരിക്കുകയും ചെയ്യുന്നപക്ഷം ആ കോടതി ക്രമേണ അയിപോകുമെന്നാണ് ഒരുമന്ത്രിസ്നേഹിതൻ ഇവിടെ പറയുണ്ടായതു്. അങ്ങനെയൊരു ജഡ്ജിമാരുള്ള ഒരുകോടതിയിൽ ഒരുമാസക്കാലത്തേക്കു ഒരുജഡ്ജിയില്ലാതെയിരിക്കുന്നതുകൊണ്ടു യാതൊരുദോഷവുംവരാനില്ല. ഗവണ്മെൻറിന്നു ഇഷ്ടമുള്ളകാലത്തോളം ഓളിനെ മാറാതെയിരിക്കുന്നതിനുള്ള ഒരധികാരം ഗവണ്മെൻറിൽനിക്ഷേപിക്കാനാണ് ഈവകുപ്പ് എന്നാണ് എൻറെബോദ്ധ്യം. മുനിസിപ്പൽ റഗുലേഷനിൽ ഈമാതിരിയുള്ള ഒരുവകുപ്പുള്ളതായി അറിയുമോ എന്നു പണ്ഡിതനായ ചീഫ്സെക്രട്ടറി അയർകർ ചോദിക്കുകയുണ്ടായി. കോട്ടയം മുനിസിപ്പാലിറ്റിയിൽ ഒരുമെമ്പറെ തിരഞ്ഞെടുത്തിട്ടുള്ള കൊല്ലമായി. എലക്ഷൻകേസുകൊടുത്തിട്ടും പ്രോസ്ക്യൂട്ടുകയുണ്ടായിട്ടില്ല. ഇന്നുംപഴയ ഒരുമെമ്പർതന്നെ ആ സ്ഥാനത്തിരിക്കുന്നുണ്ട്. ഈസംഗതി മജിസ്ട്രേട്ടിന്റെ ശ്രദ്ധയിൽകൊണ്ടുവരികയുണ്ടായി. ഈവകുപ്പുള്ളതുകൊണ്ടു ഇതുവരെയും മറുപടി കിട്ടിയിട്ടില്ല. മുനിസിപ്പൽറെഗുലേഷനിലും ഇതുപോലെ ഒരു വകുപ്പു കിടക്കുന്നതിനെറ്റവുമാണ് ഇതു്. അങ്ങനെ ഒരധികാരം ഗവണ്മെൻറിൽവച്ചുകൊണ്ടിരിക്കാൻ പാടില്ല എന്ന അഭിപ്രായത്തോടുകൂടി ഞാൻ മി. ആശാന്റെ അഭിപ്രായത്തെ പൂർണ്ണമായി അനുകൂലിക്കുന്നു

റാവുബഹദൂർ. രാജ. എ. കൃഷ്ണയ്യർ (നിയമിതമെമ്പർ, ഡിപ്പ്യൂട്ടിപ്രസിഡൻറ്): സർ, ബില്ലിനെ അതിന്റെ എല്ലാപ്രതിനങ്ങളിലുംകൂടി അനുകൂലിച്ചു ആറുഎന്നനിലയിൽ ഏതാനുംവാക്കുകൾകൂടി പറയുന്നതു എതിർക്കേണ്ടകടമയാണ്, ബില്ലിനെറ്റത്രയും ഈസഭയിലെ ഭൂരിപക്ഷത്തിന്റെ സ്വീകരിക്കപ്പെട്ടതാണ്. രാജാമഹത്തായ വായനയ്ക്കായി അതുവീണ്ടും സഭയിൽകൊണ്ടുവരപ്പെട്ടു. ഈ എതിർപ്പുതന്നെ എൻറെസ്നേഹിതൻ ഉണ്ടായവസരങ്ങളിലും കൊണ്ടുവരികയുണ്ടായി. ആ രണ്ടുസന്ദർഭങ്ങളിലും തന്റെഎതിർപ്പിനു സഭയിലെ ഭൂരിപക്ഷത്തിന്റെ അനുകൂല്യം സമ്പാദിക്കുന്നതിനു എൻറെ സ്നേഹിതനുകഴിവുണ്ടായില്ല. ബില്ലിനെറ്റ ഏതുഭാഗമായിരുന്നാലും തന്റെ എതിർപ്പിനെ വീണ്ടും ഉൽക്ഷേപിക്കുന്നതിനു അദ്ദേഹത്തിനു പൂർണ്ണമായഅവകാശമുണ്ട്, അതിനാൽ കഴിഞ്ഞരണ്ടു അവസരങ്ങളിലും തന്റെനിലയുമായിപോയതേയുള്ളൂ. തന്റെ ഒടുവിലത്തെയും പരിശ്രമശീലത്തെയും കാണിക്കുന്നതിൽ ഞാൻ അദ്ദേഹത്തെ അഭിനന്ദിക്കുന്നതു ചെല്ലുവാനുള്ളൂ ആണ് യാതൊരിക്കലും ആലോചിക്കാനുള്ളതല്ല് ഗവണ്മെൻറു തങ്ങളുടെ മുറയെ ശരിയായി നിവർത്തിക്കുന്നതോ എന്നോ ഗവണ്മെൻറു തങ്ങളുടെ മുറയെചെയ്യുന്നതിനു യീഗ്യമായതുണ്ടോ എന്നു അവർക്ക് ഈസഭ പൂർണ്ണസ്വാതന്ത്ര്യം കൊടുക്കുന്നുവോ എന്നുമല്ല. എല്ലാംപറയുമ്പോൾ, ക്രമമായി ഒരുനിയമവിധാനം അയിരിക്കുന്ന ഇന്ത്യയിലെവ്യവഹാരസംബന്ധമായി പ്രയാസത്തിന്റെ ആ വശത്തിലേക്കു ഉൽക്ഷേപിക്കപ്പെട്ടതിൽ എതിർക്കുവാനുണ്ട്.

ദി: കെ. രാഘവൻപിള്ള (തിരുവനന്തപുരവും തെക്കുമലയും): ഒരുസംഗതികൊടുക്കുന്നതിനു നിയമപ്രകാരം കടമയുണ്ടായിരിക്കെ, അതിനെ വിസ്തരിക്കുകയും തള്ളിനിസ്സാരമായിഗണിക്കപ്പെടുകയും ചെയ്യുന്നതിൽ, ആ കടമ ഭരമേല്പിക്കപ്പെട്ട ഉദ്യോഗസ്ഥൻ അനുചിതപ്രവൃത്തിയാണെന്നുള്ളതു് സംശയമുണ്ടോ?

റാവു ബഹദൂർ കെ. പി. കൃഷ്ണയ്യങ്കാർ (നിയമിതാംഗം, ഡിപ്യൂട്ടിപ്രസിഡൻറ്): മനുഷ്യസ്വഭാവം പൂർണ്ണമായി മനസ്സിലാക്കിയിരിക്കുന്ന ഒരാൾക്കുമാത്രമേ ഇതിനെപ്പറ്റി അഭിപ്രായം പറയുവാൻ കഴിയുകയുള്ളൂ. നമ്മുടെ കക്ഷിയായ പൂർണ്ണനായ മനുഷ്യൻ ഒരു മാതിരി ദേവൻ, മാനുഷികമായ സ്വഭാവങ്ങളിലും ഗവർണ്മെൻറുകളിലും പ്രത്യേകം പ്രത്യേകം ന്യൂനതകളുണ്ടെന്നുള്ളതു മനുഷ്യസ്വഭാവം സ്വയം തന്നെയാണ്. ഇതിനിടയ്ക്കാണ് നിയമനിർമ്മാണസഭയുടെ ചുമതല, നീതിപാലനസംബന്ധമായി ഗവൺമെൻറുകൾക്കുള്ള അധികാരങ്ങളെയോ പൊതുജനനന്മയ്ക്കു ഹാനികരമായ പുസ്തകങ്ങൾ, ഒരു നിരോധനവ്യവസ്ഥയാൽ കഴിവുള്ളിടത്തോളം ധാരാളമായി സ്വാധീനമാക്കുന്നതിനെയോ ഞാൻ സമർത്ഥിക്കുന്നുണ്ട്.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): ഒരു ഗവർണ്മെൻറ് ഉദ്യോഗസ്ഥൻ തെറ്റായ കൃത്യങ്ങളെ നിർവഹിക്കുന്നതിനു തടസ്സമായിരിക്കുന്നു എന്നാണ് എന്നു പറയാമോ?

റാവു ബഹദൂർ കെ. പി. കൃഷ്ണയ്യങ്കാർ (നിയമിതാംഗം, ഡിപ്യൂട്ടിപ്രസിഡൻറ്): ഗവർണ്മെൻറുകൾ ഒരു നയത്തെ വളരെക്കണ്ണുമടച്ചു ഒരുമാതിരി കുരുന്നതിനാൽ, തന്നിമിത്തം അവർ ഉദ്യോഗസ്ഥന്മാരായിത്തീരുകയും ചെയ്യുന്നതിന് ഇടയുള്ളതുകൊണ്ടല്ലാതെ വേറെയൊന്നുമല്ല. ജീവിതത്തിലെ വസ്തുതകളെ നാം എങ്ങനെയാണ് സ്വീകരിക്കേണ്ടത്? ഇല്ലാംപറയുമ്പോൾ, ഇതിനുമുമ്പ് ഈ അവസരത്തിൽ ഞാൻ സമർപ്പിച്ച ഭേദഗതി:—

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): മനുഷ്യരുടെ വിഴുകളെ പരിഹരിക്കുന്നതിനുള്ള നിയമവ്യവസ്ഥ ഉദ്ദേശിക്കുന്നുണ്ടോ?

റാവു ബഹദൂർ കെ. പി. കൃഷ്ണയ്യങ്കാർ (നിയമിതാംഗം, ഡിപ്യൂട്ടിപ്രസിഡൻറ്): പ്രത്യേകവ്യക്തികൾ ഗവർണ്മെൻറുകളുടെ ചുമതലകളെപ്പറ്റി ബോധമുള്ളവരാകുന്നതിന്, നിയമവ്യവസ്ഥ അവശ്യമല്ലെന്നതാണ്, നിർദ്ദേശത്തിനുള്ള ആക്ഷേപം. അവശ്യമല്ലാതെയിരിക്കാം.

മി: എ. ഹസ്സ് മുഹമ്മദൻ സുലൈമാൻ (മാവേലിക്കരയും കാഞ്ഞിരപ്പള്ളിയും): ഇവിടെ പ്രത്യേകവ്യക്തികളുടെ സംഗതിയല്ല, നിയമനിർമ്മാണസഭയും ഗവർണ്മെൻറും തമ്മിലുള്ള സംഗതിയാണ്.

മി: ആർ. രാമൻപിള്ള (കോട്ടയം): ഉത്തരവാദിത്വമുള്ള ഉദ്യോഗക്കാരെയിരിക്കുന്നതുകൊണ്ടായിരിക്കുന്നതുകൊണ്ടല്ലേ മി. കൃഷ്ണയ്യങ്കാർ പറയുന്നത്?

റാവു ബഹദൂർ കെ. പി. കൃഷ്ണയ്യങ്കാർ (നിയമിതാംഗമ്പർ, ഡിപ്യൂട്ടിപ്രസിഡൻറ്): നിശ്ചയമായിട്ടും കുറ്റങ്ങളും ക്ലപ്തസമയങ്ങളിൽ നിർവഹിക്കപ്പെടുന്നതു ശ്രദ്ധാപൂർവമായ ജാഗ്രതയെയുർപ്പെടുത്തുന്നതാണ്.

എന്നാൽ വാസ്തവമാണിട്ടുള്ള സംഗതി കുറ്റങ്ങൾ ക്ലിപ്തസമയത്തിനുള്ളിൽ നിർവഹിക്കപ്പെടുന്നില്ല എന്നുള്ളതാണ്. ഇല്ലായ്മയിലും കണ്ടുവരുന്നതു അതാണ്. നമ്മിലും നമ്മുടെ ചുറ്റിലുമുള്ള അന്യരിലും എല്ലായിടത്തും അതുതന്നെയാണെന്നു നാം കാൺമാറുണ്ടല്ലോ. ഈ നിയമപ്രവർത്തകരായ വ്യവസ്ഥകൊണ്ടു പ്രയോജനമുണ്ടാകുമെന്നുള്ള എന്തെങ്കിലുമൊരു കടമണ് ഈ നിയമത്തിലുള്ളത്?

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): മദ്രാസ് അസംബ്ലിയിൽ ഇതിനെ അനുരൂപമായ വ്യവസ്ഥയുണ്ടോ?

റാവു ബഹദൂർ കെ. പി. കൃഷ്ണയ്യങ്കാർ (നിയമിതാംഗമ്പർ ഡിപ്യൂട്ടിപ്രസിഡൻറ്): അവിടത്തെ സംഗതിയുടെ സ്ഥിതിയെക്കാൾ കൂടുതലായ പരിഷ്കാരപരമായ നടപടി സ്വീകരിക്കയില്ലെന്നു?

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): ഇതു ഒരു പരിഷ്കാരമാണോ?

റാവു ബഹദൂർ പി. പി. കൃഷ്ണയ്യങ്കാർ (നിയമിതാംഗമ്പർ, ഡിപ്യൂട്ടിപ്രസിഡൻറ്): അങ്ങിനെയാണെന്നതന്നെയാണ് ഞാൻ ആത്മാർത്ഥമായി വിശ്വസിക്കുന്നത്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): പാർലിമെൻറുനടപടിയെ പരിഷ്കരിക്കുവാൻ നമുക്കു കഴിയുമോ?

റാവു ബഹദൂർ കെ. പി. കൃഷ്ണയ്യങ്കാർ (നിയമിതാംഗമ്പർ, ഡിപ്യൂട്ടിപ്രസിഡൻറ്): സംശയമില്ല. ഈ വ്യവസ്ഥിതമായിട്ടില്ലാത്തതിനാൽ അങ്ങിനെ യാതൊരുദ്ദേശവും കൂടാതെ ഒന്നുകൊണ്ടും നാം അഭിപ്രായമായിട്ടാണ് ഇരിക്കുന്നത്. എല്ലാം പറയുമ്പോൾ, ഈ നിയമവ്യവസ്ഥകൾ മനുഷ്യബുദ്ധികളിൽ സംഘടിതങ്ങളാണ്. ഇവിടെയുള്ള നമ്മിൽ ചിലരേക്കാൾ അവയ്ക്കു കൂടുതൽ വികാസംവന്നിട്ടുള്ളതും ആണ്. എന്നാൽ ബ്രിട്ടീഷ് ഇൻഡ്യായിലെയോ ഇംഗ്ലണ്ടിലേയോ വ്യവസ്ഥാപിതനിയമത്തെ പരിഷ്കരിക്കുന്നതിനു നമുക്കു സാധിക്കുമെന്നു നാം പരമാർത്ഥമായി വിശ്വസിക്കുന്ന ഒരഭിപ്രായത്തെ ഉൾക്കൊള്ളുന്നതിനും നേരിടുന്നതു നമ്മുടെ ബുദ്ധിശക്തിക്കു അപ്പുറമായിട്ടുള്ളതല്ല, ഞാൻ ഇടയ്ക്കുപറയട്ടെ. ഈ നിയമവ്യവസ്ഥയെപ്പറ്റി നാം തീർച്ചചെയ്യുമ്പോൾ ഏതാണ്ടു ഉദ്യോഗമിവുകളിൽ ആദ്യം നിയമിക്കുന്ന കാര്യത്തിൽ, പൊതുജനങ്ങൾ സാധാരണയായി വിചാരിച്ചുവരുന്നതുപോലെയുള്ള അമിതമായ കാലവിളംബമുണ്ടായിട്ടുണ്ടെന്നുള്ളതിനു ശക്തികൊടുക്കാതെയിരിക്കണം. അതു ഞാൻ പ്രവേശിക്കുന്നതിനു മുമ്പുള്ള അശേഷം ഉദ്ദേശിക്കാത്ത ഉദ്ഗ്രഥനയായ രാഷ്ട്രീയനയത്തിൻറെ ഒരു സംഗതിയാണ്, എൻറെ സ്നേഹിതൻ മി: ജോർജ് മുനിസിപ്പൽകമ്മീഷണറുടെ ഇതുപോലെയുള്ള ഒരു വ്യവസ്ഥയിലേക്ക് മി: നീലകണ്ഠപ്പിള്ളയുടെ ശ്രദ്ധയെ ആകർഷിക്കുകയുണ്ടായി.

മി: ആർ. രാമൻപിള്ള (കോട്ടയം): അതുകൊണ്ടു വന്നിരിക്കുന്ന ആപത്തിനെപ്പറ്റി ഞാൻ പറഞ്ഞതും കേട്ടിരിക്കുമല്ലോ?

റാവു ബഹദൂർ കെ. പി. കൃഷ്ണയ്യങ്കാർ (നിയമിതാംഗമ്പർ, ഡിപ്യൂട്ടിപ്രസിഡൻറ്): മി. രാമൻപിള്ളയുടെ നിരീക്ഷണങ്ങളെ ഞാൻ പൂർണ്ണമായും ഓർമ്മിക്കുന്നുണ്ട്. അതെപ്പറ്റി ഇടക്കുഞാൻ പറയുന്നതാണ്.

അതു ഒരു ദോഷത്തിനായ നിയമവ്യവസ്ഥയാണെന്നു മി. നീലകണ്ഠപിള്ള പറഞ്ഞു. നിയമസഭയിലെ ഒരംഗവും അതിനെ തുടർന്നു സിവിൽകമ്മീഷണറിയിലെ ഒരംഗവും ഞാൻ ആയിരുന്നതിനാൽ ആദ്യത്തേക്ഷേപത്തിനു സ്വീകരിച്ചു എന്ന അഭിപ്രായം ഞാൻ സമ്മതിക്കുന്നു. പത്തു വർഷങ്ങളോളം ഞാൻ മുനിസിപ്പൽ പ്രസിഡൻറും ആയിരുന്നു. ആ വ്യവസ്ഥയെ പ്രയോഗിക്കുകയും ആയിരുന്നു. എൻറെ പ്ര-

നിർദ്ദേശത്തിൽ നിന്നും ഞാൻ വിചാരിക്കുന്നത് അങ്ങിനെ വല്ല രക്ഷയും വ്യവസ്ഥചെയ്യേണ്ടതാണ് എന്നാണ് ആണ്. മുനിസിപ്പൽ കായ്ച്ചിട്ടുള്ള സംബന്ധിച്ചിടത്തോളം ഏറ്റവും പ്രധാനമായ ന്യൂനത ഉണ്ടായിരുന്നു എന്നു ഞാൻ പറയും. തിരുവിതാംകോട്ടിൽ ഈ സഭയിലേക്കുള്ളതിനെക്കാളും കുറവാണ് തിരഞ്ഞെടുപ്പുപ്രദേശം എന്നുമായിരിക്കുന്നു ഏല്ലാമെമ്പർമാരും ഒരേ സമയത്തു തിരഞ്ഞെടുക്കപ്പെട്ടവരും, അവരുടെ എല്ലാവരുടേയും പേരുകളും ഒരേസമയത്തു ലിസ്റ്റിലാക്കപ്പെട്ടതും, അവരെല്ലാവരും ഏതു സമയത്തും മെമ്പർമാരായിരുന്നവരും, മൂന്നുവർഷം കഴിയുമ്പോൾ അവരെല്ലാവരും സ്ഥാനമൊഴിയേണ്ടവരും ആണ്. ഇതാണ് രീതി. നിയന്ത്രണങ്ങൾ? അതായത് ഞങ്ങൾക്കു ഭൂരിപക്ഷമുള്ള വിഷയം വേണ്ടപോലെ സഭയാഗങ്ങളുടെ പ്രയത്നത്തിൽ വിവരണം തീർച്ചപ്പെടുത്തുന്നതിനു ഗവണ്മെന്റിനുള്ള ഭാഗ്യം അല്പം താമസം വന്നുപോയതുകൊണ്ട് പൊതുജനത്തെ നല്ല വിധത്തിൽ അനുവദിച്ചതുതന്നെയാണ്. തിരഞ്ഞെടുപ്പു നടത്തുന്നതും തങ്ങളുടെ പ്രതിനിധികളെ തിരഞ്ഞെടുക്കുന്നതും അപ്പീലുകൾ പ്രയോഗിക്കുന്നതിനും ഉണ്ടായിരുന്ന അവസരങ്ങളിലും അല്പംസമയം ചെലവാകുന്നുണ്ടാണ്. ഇതിനിടയിൽ കൌൺസിൽ തൽക്കാലത്തേക്ക് നിർത്തിവയ്ക്കേണ്ടതാണോ?

മി: ടി. എസ്. ഓമോരൻ ആശാൻ (മാവേലിക്കരയും കർത്തിപ്പള്ളിയും): ഈ കാര്യത്തിൽ യാതൊരഭിപ്രായവും ഉണ്ടാകുന്നതല്ല. ഒരു തിരഞ്ഞെടുപ്പു അപ്പീലുകാലമല്ലാതെ തീരുകയില്ല.

റാവു ബഹദൂർ കെ. പി. കൃഷ്ണപ്പണിക്കർ (നിയമനിർമ്മാണമെമ്പർ, ഡിപ്യൂട്ടി പ്രസിഡൻറ്): ഏല്ലാം പറയുമ്പോൾ, വളരെ ദീർഘങ്ങളായ നമ്മിൽ ചിലരുടെ ആശീർവദിച്ചുപോയ നിയമവിധാനം ഒന്നു ദോഷമല്ല എന്നു മി. നീലകണ്ഠപിള്ള അനുവദിക്കുമെന്നു ഞാൻ വിചാരിക്കുന്നു. ഞാൻ പറഞ്ഞതുപോലെ മുനിസിപ്പാലിറ്റിയെ നിരക്ഷരവൃത്തിയാക്കി കൂടാത്തതാണ്. പൊതുജനാരോഗ്യത്തെയും ശുചീകരണത്തെയും മറ്റും ഉദ്ദേശിച്ച് ഉള്ള ഗ്രാമപ്രദേശങ്ങളിലെ വ്യവസ്ഥകളെ നിർവഹിക്കുന്നതിനും ഒരു രക്ഷയും ഉണ്ടായിരിക്കേണ്ടതാണ്.

മി: കെ. പി. നീലകണ്ഠപിള്ള (ചിറയിങ്കീഴ്): ഞാൻ ഉദ്ദേശിച്ചതു് എന്റെ അഭിപ്രായത്തിൽ ദോഷമായ ഇങ്ങനെയുള്ള ഒരു വ്യവസ്ഥ വേറെയുണ്ടെങ്കിലും കമ്മിറ്റിയിൽ കാണപ്പെട്ടതിനിടയുണ്ടെങ്കിൽ അതിനെ അനുകരിക്കുന്നതിന് ആവശ്യമില്ല എന്നായിരുന്നു.

റാവു ബഹദൂർ കെ. പി. കൃഷ്ണപ്പണിക്കർ (നിയമനിർമ്മാണമെമ്പർ, ഡിപ്യൂട്ടി പ്രസിഡൻറ്): ഈ ശരിതന്നെ തീർച്ചയായിട്ടും ന്യായമുള്ളതുതന്നെ നിർദ്ദേശിക്കപ്പെട്ട ആചരണങ്ങൾ അനുവദിക്കപ്പെടുന്നവരെ, അതിൽ വ്യവസായങ്ങളെ ഒരു പ്രാദേശിക ഭരണസമിതിയെയോ ഇതിനായി കൌൺസിലിനെ അധികാരപ്പെടുത്തുന്ന വ്യവസ്ഥ മുനിസിപ്പൽ നിയമത്തിൽ ഉണ്ടു എന്നു പ്രസ്താവിക്കപ്പെട്ടു. സംഗതിപോലെ ത്വരിതമായി ചെയ്യുന്നതിക്കപ്പെടുത്തുന്നതിനും ഉണ്ടായിരിക്കും. പ്രത്യേകങ്ങളായ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന സ്ഥിതിവിശേഷങ്ങൾ നിമിത്തമാണ് അങ്ങിനെ സംഭവിക്കുന്നത്. ഇത്തരവുലിത്തിലുള്ള ഉദ്യോഗസ്ഥന്മാരുടെ പക്കൽ ഉത്തരവാദിത്തമുള്ള ഉദ്യോഗങ്ങളൊന്നുമില്ലാത്തതുകൊണ്ടും വിഷമങ്ങൾ നേരിടുവാൻ പാടുണ്ട്. എങ്കിലും വ്യവസ്ഥ നാം മനസ്സുപോകുമെന്നും അതു്. നമ്മുടെ നേട്ടങ്ങൾക്കുതന്നെ ഉപകരിക്കുവാൻ കഴിയുന്നതായിരിക്കുന്നതാണ്. മുമ്പുള്ള നിയമം വ്യവസ്ഥപ്പെടുത്തിയ പ്രവർത്തനത്തെ ചുരുക്കിയതിനെ ഒരു ഉദാഹരണമെല്ലാ ഇതു എന്നു എന്റെ സ്നേഹിതൻ ചോദിക്കുന്നതു. സംശയം കൂടാതെ ഒഴിവുകഴിവുകൾ ഉണ്ടാകുന്നതിനു വളരെ മുമ്പായിതന്നെ ഗവണ്മെന്റ് അങ്ങിനെ ചെയ്യണമെന്നു ഞാൻ ആഗ്രഹിക്കുന്നു. എങ്കിലും ഇങ്ങിനെ ചെയ്യാൻപാടില്ലാത്ത സന്ദർഭങ്ങളും, യഥാർത്ഥ വ്യവസ്ഥയുടെയും പക്ഷത്തു വല്ല ഉപേക്ഷയും കൂടാതെ തന്നെ ഉൽപ്പാദിക്കുന്നുണ്ട്. അതിനാൽ കമ്മിറ്റിയുടെ ഉദ്ദേശിച്ചുള്ള രേഖാജോലി തൽക്കാലത്തേക്കു രേഖപ്പെടുത്തിയിരിക്കുവാനുള്ള ഉത്തരവാദിത്തമുള്ള ഉദ്യോഗസ്ഥന്മാരുടെ യശസ്സിനെ പാടിക്കുന്നതിനുള്ള ഉദ്ദേശത്തോടുകൂടിയല്ല, ഇങ്ങനെയുള്ള സ്വാപ്രാധാന്യമായ സ്ഥാപനങ്ങളുടെ പ്രവർത്തിക്കാതെയിരിക്കുമ്പോൾ ഉണ്ടാകുന്ന ഒരു അപകടസ്ഥിതിയെ ഒഴിക്കുന്നതിനായി ഈ വ്യവസ്ഥയെ ചേർക്കുന്നതുകൊണ്ടു ഒരു ദോഷവും വരുവാൻ നിവൃത്തിയില്ല. നമ്മുടെ പ്രാദേശികസ്വയംഭരണ സ്ഥാപനങ്ങളെ ഇല്ലായ്മ ചെയ്യുന്നതിൽ തിരഞ്ഞെടുക്കപ്പെട്ടിരുന്ന മെമ്പർമാരുടെ നിർയപ്പെടുന്നതായ ഒരു കാരണത്തിനെ നിമിത്തം വിചാരിക്കാൻ കഴിയും. നാം ഇപ്പോൾ ഒരു തിരഞ്ഞെടുപ്പിനെ അഭിമുഖീകരിക്കുന്നു എന്നുള്ളതു നിങ്ങൾ മറന്നിട്ടുണ്ടാവാൻ ഇടയില്ല. നിരഞ്ഞെടുപ്പുകൾ ഒരേ സമയത്തു നടക്കുമെന്നുള്ളതു് അനിവാര്യമാണ്. എങ്കിലും പ്രത്യേകമെമ്പർ തന്റെ സ്ഥാനം വഹിച്ചുകൊണ്ടിരിക്കയോ, രാജിവെക്കയോ, തിരിച്ചുനടക്കണമെന്നുള്ള വിധിയുണ്ടാകയോചെയ്യുമ്പോൾ ഇടക്കാലത്തിരഞ്ഞെടുപ്പുകൾ ഉണ്ടാകുന്നതാണ്. അപ്പോൾ എന്താണു പ്രതിവിധി? ഇപ്പോൾ ഇന്ത്യയിൽ നടക്കുന്നതെങ്ങനെയാണെന്നു നിങ്ങൾ ചോദിച്ചേക്കാം. എന്റെ മറുപടി അവർ രംഗത്തുവരികയില്ല എന്നും അവർക്കു വിഷമങ്ങളുണ്ടെന്നും നേരിടുന്നുണ്ട് എന്നും ആണ്, അങ്ങിനെയുള്ള വിഷമങ്ങൾ നീങ്ങാനുള്ള വ്യവസ്ഥയിൽ അനുഭവക്കുറവോ, ഈ വ്യവസ്ഥ ചെയ്തതിന് എന്താണു വിരോധം എന്നു എനിക്ക് അറിയാൻ പാടില്ല. ഏതെങ്കിലുമൊരു പ്രത്യേകമായ ഒരാളുടെ വീഴ്ചയെപ്പറ്റിക്കണ്ണടച്ചുകളയുന്നതിനുള്ള ഒരു ന്യായമല്ല ഇതു. ഗവണ്മെന്റുകൾ തങ്ങളുടെ ഉത്തരവാദിത്തം ചെയ്യുന്നതിൽ വീഴ്ചവരുത്തുന്നതിനു സ്വാതന്ത്ര്യം കൊടുക്കുന്നതിനുള്ള ന്യായവുമല്ല. പൊതുജനസമക്ഷം വെളിപ്പെടുത്താൻ പാടില്ലാത്തകാരണങ്ങളാലും തൽക്കാലത്തിനുള്ള ഉദാഹരണങ്ങൾ ഉണ്ടായിരുന്നേക്കാം. ക്ലേശകരമായിരുന്ന ഒഴിവുകഴിവുകൾ ഉണ്ടായിരുന്നേക്കാം. എന്നാൽ അശേഷം നിരുപദ്രവകരമായ ഈ വ്യവസ്ഥയെ പ്പറ്റി ആലോചിക്കുമ്പോൾ, അതു നമ്മെ ഒരു വിധത്തിലും സ്വാധീനപ്പെടുത്തുന്നതാണ്. പുനർജന്മവെ സരങ്ങളിലും മി. ആശാനെ എതിർത്തു ഞാൻ നർമ്മവിചിത്രമുള്ള കാരണങ്ങളാൽ ഈ നിയമവ്യവസ്ഥയെ അതിന്റെ ഈ പരിണതത്തിൽ തള്ളിക്കളയുന്നതിനാൽ സന്തുഷ്ടനാണെന്നു തങ്ങളെതന്നെ ധൈര്യപ്പെടുത്താൻ മാത്രമില്ലെന്നു ഞാൻ വിശ്വസിക്കയും ചെയ്യുന്നു. ഈ നിയമത്തെ ഈ അവസരങ്ങളിലെല്ലാം എതിർക്കുന്നതിനും അവകാശം മി. ആശാനുണ്ട്. എന്നാൽ അദ്ദേഹത്തിന്റെ ധീരതയെയും സ്ഥിരപ്രയത്നത്തെയും വിലമതിക്കുന്നതോടുകൂടി ഞാൻ എന്റെ സ്നേഹിതന്മാരെല്ലാവരോടും നിർബന്ധിക്കുന്നു കാലതാമസമുണ്ടായിരുന്ന ഏതാനും ഒഴിവുകഴിവുകൾ നമിത്തംമാത്രം ഈ സഭയുടെ യശസ്സിനെ പാടിക്കണമെങ്കിൽ ഈ നിയമവ്യവസ്ഥയെ തള്ളിക്കളയാ

ത്തതാണ് എന്നതിനെ തിരഞ്ഞെടുപ്പുസംബന്ധിച്ച അന്വേഷണങ്ങൾ നടത്തുന്ന രണ്ടുവർഷങ്ങളിൽ അല്പംകൂടുതൽ സമയംവേണ്ടിവന്ന ഒരു ദൃഷ്ടാന്തമുണ്ടായിരുന്നുഎന്നു മി: രാമൻപിള്ള പറഞ്ഞു. അതിൽഞാൻവളരെ രസിക്കുന്നു. ഈയിൽഅദ്ദേഹത്തോടു അനുകമ്പയുള്ളവനായിരിക്കുന്നു. ഗ്രന്ഥങ്ങൾ ഇപ്പോഴുള്ളതിനേക്കാൾസംഖ്യ തകളെഅധികം കുഴപ്പത്തിലാക്കിത്തീർക്കുന്ന വേറൊരുവ്യവസ്ഥ മുനിസിപ്പൽകൗൺസിലിൽ ചേർക്കുന്നതിനോ അതിനെപരിഹരിക്കുന്നതല്ല. ഇപ്പോൾ മുനിസിപ്പാലിറ്റിയെ നിലനിൽത്തികൊണ്ടുപോകുന്നതിനു നിയമത്തിന്റെ ശക്തിയുണ്ട്. അല്ലാത്തപക്ഷം, നാം മറ്റൊരുവ്യവസ്ഥയെ സ്വീകരിക്കുന്നതായാൽ, സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിൽനിന്നും വിരമിക്കുന്നതാണ് എന്നർത്ഥമാകും. ചിലർത്തിന്റെ ആവശ്യം നോക്കുന്നതിനു ഞാൻ എന്റെ സ്നേഹിതന്മാരോടു ആവശ്യപ്പെടുന്നു. എല്ലാം പറയുമ്പോൾ താമസത്തിന്റെ സംഗതിയെപ്പറ്റി ഗവർണ്മെന്റിന്റെ ശ്രദ്ധയെ ക്ഷണിക്കുന്നുമാത്രമാണ് ഉദ്ദേശംച്ചുകിൽ, ഈ വിഭാഗനം ഉദ്ദേശത്തെ സാധിപ്പിക്കുകയില്ല എന്നു ഞാൻ അദ്ദേഹത്തോടു ചോദിക്കുന്നു. ഈ നിരീക്ഷണങ്ങളോടുകൂടി ഞാൻ മി: കുഞ്ഞാമം പരമേശ്വരൻപിള്ളയുടെ പ്രമേയത്തെ അനുകൂലിക്കുകയും മി: ഓമോമരനാശാനെ ഉപക്ഷേപിച്ചു ബില്ലിനെ എതിർക്കുകയും ചെയ്യുന്നു.

മി: പി. എസ്. മഹമ്മദ് (നിയമിക്കപ്പെട്ടഭരണകർത്താവ്): ഇവിടെ നടന്നതായ വാദപ്രതിവാദങ്ങളിൽ നിന്നും രണ്ടു സംഗതികളാണ് ഗ്രഹിക്കാൻ സാധിക്കുന്നതു്. ഒന്നു, പൊതുജനരക്ഷ, മറ്റൊന്നു ഗവണ്മെന്റു മെക്കിനറിക്കുപറ്റിയ ചില തകരാട്ട്. ഈ ബില്ലുകാണുമ്പോൾ ഗവണ്മെന്റു കൂട്ടത്തിൽ അഭിപ്രായമായിത്തീരുമെന്നാണ് അയ്യങ്കോണ്ടു അവർ ചെയ്യേണ്ട പ്രവർത്തി തക്ക സമയത്തു പ്രവർത്തിക്കുന്നില്ല എന്നൊ ഉള്ള ശങ്കയാണ്. മി: അയ്യങ്കാൻ ഇതിനെപ്പറ്റി എടുത്തുപറഞ്ഞതു് ഈ ബില്ലിൽ അനുവദിച്ചിരിയ്ക്കുന്നതുകൊണ്ടു ഗവണ്മെന്റിനെ കൂട്ടത്തിൽ കൂട്ടുപിടിപ്പിക്കുമെന്നതോന്നുന്നില്ല. തോരമറിച്ചു, പൊതുജനരക്ഷയ്ക്കു വില്ലേജ് പഞ്ചായത്തു റഗുലേഷനിൽ ഇങ്ങനെ ഒരു പ്രൊവിഷൻ ഇല്ലെങ്കിൽ മിക്കവാറും കോടതികളിൽ ജഡ്ജിമാരുടെ കോറം തികയാതെ അവർ നടത്തേണ്ട സംഗതികൾ വേണ്ടപോലെത്തിൽ നടത്തുന്നതിനു നിവർത്തിയില്ലാതായിത്തീരുന്നതാണ്. ഈ ജഡ്ജിമാരെ ആക്ടിംഗ് പഞ്ചായത്തുകോടതി ഉണ്ടായാലുടനെയുള്ള എല്ലാവരേയും ഒരേസമയത്തു നിയമിച്ചതാണ്. അതിനുശേഷം ചിലർ രാജിവച്ചും മരിച്ചുപോയിട്ടുണ്ട് ഈ ഒഴിവുകൾ ഉണ്ടാകുന്നതു് അതിനു ഒരേരാതിയമനവും ഉണ്ടാകും. ഇരിപക്ഷം ജഡ്ജിമാരുടെയും കാലാവധി തീരുന്നതു് മിക്കവാറും ഒരേസമയത്താണ്. ആ അവസരത്തിൽ ഇങ്ങനെ ഒരു വ്യവസ്ഥ ഇല്ലാതെ വരുന്നു എങ്കിൽ തക്കസമയത്തുതന്നെയുള്ള നിയമിക്കാതെയിരിക്കുന്നതു നിമിത്തം സംഭവിക്കുന്ന പൊതുജനങ്ങൾ വളരെ സങ്കടപ്പെടുന്നതാണ്. അങ്ങനെ അവർക്കു സംകടമുണ്ടാകാതിരിക്കുന്നതിനാണ് ഈ സ്ഥാപനത്തെ സുരക്ഷിതമാക്കുകയാണ് നാം ചെയ്യേണ്ടതു്. അല്ലാതെ ഗവണ്മെന്റിനെ കുറെക്കൂടി കൂട്ടുപിടിപ്പിക്കുന്നതിനു ജനങ്ങളുടെ രക്ഷയെ മറന്നുകളയുന്നതു ശരിയല്ല. ഗവണ്മെന്റിനെ പ്രോത്സാഹിപ്പിച്ചു കൂട്ടുതൽ ഉത്സാഹശീലരാക്കി കൂട്ടുത്തെ കൃത്യബോധവും ശ്രദ്ധയും ഉള്ളവരാക്കിത്തീർക്കുകയാണ് നാം ചെയ്യേണ്ടതു്, അങ്ങനെ അവരെക്കൊണ്ടു പ്രവർത്തിപ്പിക്കയല്ലാതെ പൊതുജനങ്ങൾക്കു ഉപദ്രവത്തുകനിലയിൽ പ്രവർത്തിക്കാൻ പാടില്ല.

മി: എ. എസ്. ഓമോമരൻ ആശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): ഈ മൂന്നിയ കാലത്തിനിടക്കു് നിയമം നടത്തുമെന്നു് വിശ്വസിക്കുന്നു് എങ്ങിനെയാണ്.

മി: പി. എസ്. മഹമ്മദ് (നിയമിക്കപ്പെട്ടഭരണകർത്താവ്): തക്കസമയത്തു നിയമനം നടത്താതിരിക്കുന്നതെങ്കിൽ അവരുടെ പേരിൽ നമുക്കു സെൻസർ ചെയ്യാൻ സാധിക്കും. അങ്ങിനെയുള്ള ഉദ്യോഗസ്ഥന്മാരെ നിയമിക്കുന്നതു പാടില്ല. അയ്യ ഗവണ്മെന്റു് ഉദ്യോഗസ്ഥന്മാരെ സംബന്ധിച്ചാണ്, എന്നാൽ പൊതുജനങ്ങളുടെ രക്ഷയ്ക്കു ബാധകമായ യാതൊരു സംഗതിയും ചെയ്യാൻ പാടില്ല. അയ്യങ്കാണ്ടു ഈ ബില്ലിനെ ഞാൻ അനുകൂലിക്കുന്നു.

മി: എ. ജി. തേരോൻ (പറവൂർ): ആരംഭഘട്ടത്തിൽ ബില്ലിനെ അനുകൂലിച്ചുവരുകിൽ ഒരാളായിരുന്ന ഞാൻ. ഇപ്പോഴും ഉത്തരവാദിത്വമുള്ള ഉദ്യോഗസ്ഥന്മാരുടെ കയ്യിൽ അധികം നിയന്ത്രണവിഷയത്തിൽ അടുത്തകാലത്തു കാണപ്പെട്ട ത്രുപ്തിയുവഹമായ കാലതാമസം എന്നു ഞങ്ങൾ എല്ലാവരിലും കടന്നുകൂടിയിരിക്കുന്ന അഭിപ്രായത്തിന്റെ ഒരു പ്രതിഫലനമായതുകൊണ്ടാണ് എന്റെസ്നേഹിതന്മാർ ഉൽഘോഷിച്ചിട്ടുള്ള ആക്ഷേ ങ്ങൾ അത്രയും, എന്നുള്ള കാരണത്താൽ ഞാൻ അതിനെ അനുകൂലിക്കുന്നു, (മി: ഉക്കു. പി. നീലകണ്ഠപ്പിള്ള: കേരംപിൽ: കേരംപിൻ). അതിന് ഈ ബില്ലുമായി യാതൊരു സംബന്ധവും ഇല്ല.

മി: എ. എസ്. ഓമോമരൻആശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): ഈ ബില്ലിന്റെ ഉദ്ദേശം എന്താണ്?

മി: എ. ജി. തേരോൻ (പറവൂർ): ഉദ്യോഗസ്ഥന്മാരുടെ അനുദ്യോഗസ്ഥനായ ഒരു പ്രത്യേക അധികാരിയുടെ ഉപേക്ഷാപരതയിലിരിക്കുന്ന പൊതുജനങ്ങൾക്കു കഷ്ടപ്പാടുകളാണ്.

മി: കെ. സി. കേശവപിള്ള (കൽക്കുളവും-വിളവംകോടും): അദ്ദേഹം ബില്ലിനേയോ, അതോ എടുപ്പിനേയോ അനുകൂലിക്കുന്നു് എന്നു എന്നോടു പറയാമോ?

മി: എ. ജി. തേരോൻ (പറവൂർ): ഞാൻ ബില്ലിനെ അല്ല ഇപ്പോൾ നിലയിൽ അനുകൂലിക്കുന്നു, എടുപ്പിനെയല്ലാ. എന്നാൽ ചില അർത്ഥത്തിൽ മുൻസിപ്പൽ റഗുലേഷനിൽ ഒരു വ്യവസ്ഥയുണ്ട് എന്നും അല്ല ഒരു റഗുലേഷൻ അല്ല എന്നും പറഞ്ഞു. ഈ ലോകത്തിൽ എവിടെയും പൂർണ്ണതയെ സംബന്ധിക്കുന്നിടത്തോളം മുനിസിപ്പൽ നിയമവ്യവസ്ഥ മറ്റെന്തോ നിയമ വ്യവസ്ഥകളിൽ ഒന്നാണ് എന്നു ഇവിടെയുള്ള മെമ്പർമാരെല്ലാവരും അനുവദിക്കുന്നതാണ്. ഇപ്പോഴത്തെയുള്ള ഒരു വ്യവസ്ഥ കൂടാതെ, മുനിസിപ്പൽ നിയമവ്യവസ്ഥസംബന്ധിച്ചുയാതൊരു് അഭിപ്രായം കാണുമെന്നു ഞാൻവിചാരിക്കുന്നില്ല. സ്റ്റീറ്റിങ് ഇൻവ്യൂയിൽ വില്ലേജ് പഞ്ചായത്തു കോടതികളും റഗുലേഷനിൽ വ്യവസ്ഥ ഒന്നുമില്ല എന്നു മിസ്റ്റർ ആശാൻ സൂചിപ്പിച്ചു.

മി: എ. എസ്. ഓമോമരൻ ആശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): ഇങ്ങിനെ ഒരു വ്യവസ്ഥ ഇല്ലാതിരിക്കുന്നതു തന്നെയാണ് ഈ ബില്ലുകൊണ്ടുവരുന്നതിനുള്ള കാരണമെന്നു?

മി: എ. ജി. മേനോൻ (പറയൂർ): ഗവണ്മെന്റ് ചിലപ്പോഴൊക്കെ പൊതുജനങ്ങളെപ്പറ്റി അനാസ്ഥയുള്ളവരായിരുന്നേക്കാം. എന്നാൽ പൊതുജനങ്ങൾ തന്നെ തങ്ങളുടെ നന്മയെപ്പറ്റി അനാസ്ഥയുള്ളവരായിരിക്കുന്നു, ഈ നിരീക്ഷണങ്ങളോടുകൂടി മിസ്റ്റർ പരമേശ്വരൻപിള്ളയുടെ പ്രമേയത്തെ ഞാൻ അനുകൂലിക്കുന്നു.

മി: കെ. ജാർജ്ജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): ഈ വിധത്തിലുള്ള ഭേദഗതികൊണ്ടുവരുന്നതിലുള്ള ഉദ്ദേശം വില്ലേജ് പഞ്ചായത്തും ബന്ധുമജിസ്ട്രേട്ടും കോടതികളിൽ ഉണ്ടാകുന്ന ജഡ്ഡിമാരുടെയും മജിസ്ട്രേട്ടുമാരുടെയും ഒഴിവുകളിൽ ആരെ നിയമിക്കുന്നു കാര്യം നീട്ടിവയ്ക്കുന്നതിനു ഗവണ്മെന്റിനു പൂർണ്ണസ്വാതന്ത്ര്യം കൊടുക്കുന്നതാണ് എന്ന് ഈ സഭയിൽ പ്രസ്താവിക്കയുണ്ടായി. പ്രമേയം അതല്ല. ഒഴിവുകളിൽ ആരെനിയമിക്കുന്നതിനെ നീട്ടിവയ്ക്കണമെന്നു ഗവണ്മെന്റിനു വിചാരമില്ല. എത്രയുംപെട്ടെന്നുള്ള ഏതവസരത്തും മെമ്പർമാർ വിവരിച്ചു പറഞ്ഞതുപോലെ, ഒരു കേരളത്തിയിൽ ഒരു ജഡ്ഡിയുടെ ഒഴിവിൽ ആരെനിയമിക്കാതെയിരുന്നാൽ, തന്നിമിത്തം പൊതുജനങ്ങൾ കഷ്ടം സഹിക്കേണ്ടിവന്നു കൂടാ. ഇവിടെ പറഞ്ഞതെല്ലാമിരിക്കെ മാനുഷികമായ ഏതു സ്വഭാവനിന്ദയുടെയും പുറത്തുപോകുന്നതിൽ വല്ലപ്പോഴും എങ്കിലും ഇന്നെങ്കിലും ഉരസൽ നേരിടാമെന്നുള്ള ഉദ്ദേശംവ്യക്തമാണ്. പഞ്ചായത്തുകോടതികളുടെ ഒഴിവുകളിൽ ഉടൻതന്നെ ആരെ നിയമിക്കുന്നതിനായിരുന്നു എപ്പോഴും ഗവണ്മെന്റ് ഉദ്ദേശിച്ചിട്ടുള്ളതും യത്നിച്ചിട്ടുള്ളതും. ഉദ്യോഗനിയമനം യഥാശാസ്ത്രം നിർവഹിക്കുന്നതിനു സാധിക്കാത്തതായ അസാധാരണ സന്ദർഭങ്ങളും ഉണ്ട്. ഇപ്പോൾ പ്രസ്താവിച്ചിട്ടുള്ള ഭേദഗതിയുടെ ഉദ്ദേശം ജഡ്ഡിമാരെ നിയമിക്കാതിരുന്നാൽ കോടതികളും പ്രവർത്തിക്കാതിരിക്കരുത് എന്നും, പൊതുജനക്ഷേമത്തിനു ഹാനിവരികയരുത് എന്നും, ആണ്.

മി: എ. എസ്. മാമ്മൻമാപ്പിള അയ്യാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): ഈ പിൻനാമിയെ നിയമിക്കാൻ പാടുള്ളൂടത്തോളം ഈ വയസ്സുനികത്തപ്പെട്ട ആളുകൾക്കു കാലാവധിനീട്ടിക്കൊടുക്കുന്നതിനു ഗവണ്മെന്റിനു് ഉദ്ദേശമുണ്ടോ എന്നു ഗവണ്മെന്റിന്റെ ചീഫ് സെക്രട്ടറിനോട് പറയുമോ?

മി: കെ. ജാർജ്ജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): വിമർശനത്തിലിരിക്കുന്ന സംഗതിയുമായി മിസ്റ്റർ അയ്യാൻറെ ചോദ്യത്തിൻ എന്തുസംബന്ധമാണ് ഉള്ളതു് എന്നു ഞാൻകാണുന്നില്ല.

ഒരു കോടതി ശരിയായി പ്രവർത്തിക്കുന്നില്ലെങ്കിൽ പൊതുജനങ്ങൾക്കു നേരിടാവുന്ന വിഷമങ്ങളെപ്പറ്റിയാണ് ഞാൻപറയുന്നതു. താമസം ഗവണ്മെന്റിന്റെ ഭാഗത്തു് അല്ലാതെയിരിക്കുന്ന ചിലകാര്യങ്ങൾ ഉണ്ട്. യോഗ്യതയുള്ള ആളുകളെ നിയമിക്കുന്നതിനു യഥാകാലം നടപടികൾ എടുത്തിട്ടുള്ള സന്ദർഭങ്ങൾ ഉണ്ടായിട്ടുണ്ട്. ചിലവിശേഷകാരണം നിമിത്തം യഥാകാലം ഒഴിവുകളിൽ ആരെ നിയമിക്കുന്നതിനു എല്ലായ്പോഴും സാധിക്കാതെയിരുന്നിട്ടുണ്ട്. എന്നുമാത്രമാണ് ഞാൻ പറയുന്നതു്.

ബന്ധുമജിസ്ട്രേട്ടുമാരുടേയും ജഡ്ഡിമാരുടേയും ഒഴിവുകളിൽ ആരെനിയമിക്കുന്നകാര്യത്തിൽ ഇപ്പോൾ അനുകരിച്ചുവരുന്ന നടപടിയിതാണ്. കാലാവധിതീരുന്നതിനു ഒന്നോ രണ്ടോമാസങ്ങൾക്കു മുമ്പായിട്ട്, ഏതായതു, ഒഴിവുണ്ടാകുന്നതിനു മുമ്പു പേരുകൾ ശിപാർശചെയ്യണമെന്നു ഡിസ്ട്രിക്ട് മജിസ്ട്രേട്ടുമാരോടു ഗവണ്മെന്റു് ആജ്ഞാപിക്കുന്നു.

മി: രേവതിനാൾരാമവർമ്മരാജാ (എടവക): ഡിസ്ട്രിക്ട് മജിസ്ട്രേട്ടിന്റെ പക്കൽ ഇവരുടെ കാലാവധി എന്നു തീരുന്നു എന്നുള്ളതിനു വല്ലറിക്കാർഡുമുണ്ടോ?

മി: കെ. ജാർജ്ജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): തീർച്ചയായിട്ടും അതെ. മജിസ്ട്രേട്ടുമാരുടെ ലിസ്റ്റും കാലാവധി തീരുന്നതിയ്യതിയും കാണിക്കുന്ന സിവിൽലിസ്റ്റ് ഉണ്ട്. അതുള്ളടത്തെ പേരുകൾ എഴുതി അയക്കണമെന്നു മുമ്പുള്ളടിത്തന്നെ ഗവണ്മെന്റ് ഡിസ്ട്രിക്ട് മജിസ്ട്രേട്ടുമാരോടു ആവശ്യപ്പെട്ടുകയും ചെയ്യുന്നു.

റാവു ബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (നാമനിർദ്ദേശംചെയ്യപ്പെട്ട മെമ്പർ, ഡിപ്രസ്ഡ് ക്ലാസ്സസ് ഡിപ്പാർട്ടുമെന്റ്): പ്രവൃത്തികാരന്മാരെ ആദ്യമായിട്ടു നിയമിക്കുമ്പോൾ തന്നെയോ, അതുപോലെ പേരുകൾ ശിപാർശചെയ്യണമെന്നതാണോ തഹശീൽദാരന്മാരോടു് ആവശ്യപ്പെടേണ്ടതാണെന്നുള്ള പേഷ്കാരന്മാരോടു ആവശ്യപ്പെടുന്നതിനാൽ ഗവണ്മെന്റിനു സമയംചെലവിക്കാൻ കഴിയുന്നതല്ലു എന്നു എന്നോടു പറയാമോ?

മി: കെ. ജാർജ്ജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി), പേഷ്കാരന്മാർ തങ്ങൾതന്നെ പേരുകൾ ശിപാർശചെയ്യേണ്ടതാണെന്നു ഗവണ്മെന്റിൽനിന്നും ഒരു സർക്കുലർ ഉണ്ട്. ആദ്യമുതല പ്രവൃത്തികാരന്മാർവരെ എഴുതുന്നതെന്നോ എന്നു എനിക്ക് അറിഞ്ഞുകൂടാ.

റാവു് ബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (നിയമിതമെമ്പർ, ഡിപ്രസ്ഡ് ക്ലാസ്സസ് ഡിപ്പാർട്ടുമെന്റ്) അതുപരമാർത്ഥമായ വസ്തുതയാണെന്നു എന്റെ സ്നേഹിതൻ എന്നിൽനിന്നു സ്വീകരിക്കുന്നപക്ഷം പ്രവൃത്തികാരന്റെ അഭിപ്രായം കിട്ടുന്നതിനുപകരം താൻതന്നെ ശിപാർശകൾ അയക്കേണ്ടതാണെന്നു ഗവണ്മെന്റു തഹശീൽദാരന്മാരോടു ആജ്ഞാപിക്കുമോ? താലൂക്കിലുള്ള മുഖ്യന്മാരായ ആളുകളുമായി തഹശീൽദാർ പരിചയപ്പെട്ടിരിക്കുന്നു എന്നു ഞാൻ ഗ്രഹിക്കുന്നു.

മി: കെ. ജാർജ്ജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി) അദ്ദേഹം പരിചയപ്പെട്ടിരിക്കണം. തഹശീൽദാർ ആദ്യമായി പ്രവൃത്തികാരന്റെ പക്കൽ അയക്കയാണെങ്കിൽ, ആയതു ഗവണ്മെന്റിന്റെ ഉദ്ദേശത്തിനനുതിരാണതെങ്കിൽതന്നെ പേരുകൾ ശിപാർശചെയ്യേണ്ടതാണെന്നു ഡിസ്ട്രിക്ട് മജിസ്ട്രേട്ടുമാരോടു ഗവണ്മെന്റു ഖണ്ഡിതമായ ആജ്ഞാപിച്ചിട്ടുണ്ട്.. തീർച്ചയായിട്ടും അവർ തങ്ങളുടെ കൃത്യങ്ങളെ ശരിയായി നിർവഹിക്കുന്നുണ്ടെന്നു പ്രതീക്ഷിക്കപ്പെടുന്നു. പക്ഷെ ഡിപ്രസ്ഡ് ക്ലാസ്സസ് ഡിപ്പാർട്ടുമെന്റ് ഇപ്പോൾ പറയുന്നതുപോലെ ആദ്യമായിട്ട് അവർ പ്രവൃത്തികാരന്മാരിൽനിന്നു ലിസ്റ്റ് വരുത്തുകയായിരിക്കാം. ഏതായാലും ഗവണ്മെന്റു ആദ്യമെ ഡിസ്ട്രിക്ട് മജിസ്ട്രേട്ടന്മാരുടെ ദൃഷ്ടിയിൽ കൊണ്ടുവരികയും ഗവണ്മെന്റിന്റെ നിർദ്ദേശം അനുകരിക്കുന്നതിനു അവരോടു ആവശ്യപ്പെടുകയും ചെയ്യാം.

മി: രേവതിനാൾ രാമവർമ്മരാജാ (എടവക) ഡിസ്ട്രിക്ട് മജിസ്ട്രേട്ടിന്റെ പക്കൽനിന്നും എഴുതി വന്നിട്ടുണ്ടോ ഗവണ്മെന്റു ഈകാര്യത്തിൽ പ്രവേശിക്കുന്നതു?

മി: കെ. ജാർജ് (ഗവണ്മെൻറ് ചീഫ്സെക്രട്ടറി) അല്ല. ഉണ്ടാകാൻ പോകുന്ന ഒഴിവുകളെപ്പറ്റി ഡിസ്ട്രിക്ട്മജിസ്ട്രേട്മാരെ തെര്യപ്പെടുത്തുന്നതിനും അതിലേക്ക് പേരുകൾ ശിപാർശചെയ്യുന്നതിന് അവരോട് ആവശ്യപ്പെടുന്നതിനും വേണ്ടിടത്തോളം കാലത്തിട്ടി നടപടികൾ എടുത്തുവരുന്നുണ്ട്.

മി: ദേവതിനാം രാമവർമ്മരാജാ (പ്ലാടവക) ഗവണ്മെൻറിന് അതെങ്ങിനെ മനസ്സിലാക്കാം?

മി: കെ. ജാർജ് (ഗവണ്മെൻറ് ചീഫ്സെക്രട്ടറി) അവരുടെപക്കൽ സിവിൽലിസ്റ്റ് ഉണ്ട്. അതിൽനിന്നും പൂർണ്ണമായ വിവരങ്ങൾ ലഭിക്കുന്നതുമാണ്.

മി: ദേവതിനാം രാമവർമ്മരാജാ (പ്ലാടവക) സിവിൽലിസ്റ്റ് നോക്കി ഉടനെ ഗവണ്മെൻറ് നടപടി നടത്തുകയാണോ അതല്ല ഡിസ്ട്രിക്ട് മജിസ്ട്രേട്ടിൽ നിന്നും എഴുതി അയച്ചശേഷം ഗവണ്മെൻറ് നടപടി നടത്തുകയാണോ?

മി: കെ. ജാർജ് (ഗവണ്മെൻറ് ചീഫ്സെക്രട്ടറി) അല്ല, അതു അങ്ങിനെയല്ല. ചിലപ്പോൾ അങ്ങിനെ സംഭവിക്കാം. ആദ്യനടപടി ഗവണ്മെൻറുതന്നെ എടുക്കും, അതു വേണ്ടിടത്തോളംകാലം പ്രവർത്തിക്കുകയും ചെയ്യും. ഡിസ്ട്രിക്ട്മജിസ്ട്രേട്മാർ അങ്ങനെ ശിപാർശചെയ്യുന്ന നാമധാരികളുടെ സ്വഭാവം, പൂർവചരിത്രം, വിദ്യാഭ്യാസം, സാമൂഹ്യനില മുതലായതുകളെപ്പറ്റി സ്വന്തനിലയിൽ സാക്ഷ്യപ്പെടുത്തേണ്ടതാണെന്നും ഗവണ്മെൻറ് ആവശ്യപ്പെടുന്നു. ചിലപ്പോൾ യോഗ്യതയുള്ള ആളുകളെ കണ്ടുപിടിക്കുന്നതിൽ വിഷമംനേരിടും, പേരുകൾ ശിപാർശചെയ്യുന്ന അതെസമയത്തുതന്നെ നിവേദനങ്ങളും ഹർജികളും ഗവണ്മെൻറിനു കിട്ടീട്ടുള്ളതായ സന്ദർഭങ്ങളും ഉണ്ടായിട്ടുണ്ട്. അതിനാൽ ചിലപ്പോൾ വിഷമങ്ങൾ ഉണ്ടാകുന്നുണ്ട്. കോടതികൾ ശരിയായി പ്രവർത്തിക്കാതെയിരിക്കുന്നതിനെ തടയാൻവേണ്ടി ഈ വിധത്തിലുള്ള ഒരു ഭേദഗതികൊണ്ടുവന്നിട്ടുള്ളതാണ്.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീക്ഷണൽ ഛീഫ്സെക്രട്ടറി വക്കീൽ) സർ, മുമ്പു രണ്ട് അവസരങ്ങളിൽ ബില്ലിൻറെ പ്രയോഗകാലിനു ഈ നിയമവ്യവസ്ഥയുടെ പരമാർത്ഥമായ ആവശ്യത്തെ വിവരിച്ചു പറയാൻ സന്ദർഭമുണ്ടായി. എന്നിട്ടും എതിർഭാഗത്തുള്ളവർ ഈ വ്യവസ്ഥകൊണ്ടുവന്നിട്ടുള്ളതു ഉദ്യോഗനിയമനവിഷയത്തിൽ താമസം വരുത്തുന്നതിനു വേണ്ടിമാത്രമാണെന്നുള്ള ഉദ്ദേശത്തോടുകൂടിയാണ് എന്നു ധരിച്ചിരിക്കുന്നു എന്നുതോന്നുന്നു. ഈ വ്യവസ്ഥയുടെ പരമാർത്ഥമായ ഉദ്ദേശമെന്താണെന്ന് ഒരുപ്രാവശ്യംകൂടി വിവരിച്ചുപറയുന്നതിനു ഞാൻ ശ്രമിക്കാം. ഈദേഭഗതികൊണ്ടുവരുന്നതിനാൽ ഉദ്ദേശിക്കപ്പെട്ടിരിക്കുന്നതു യഥാർത്ഥത്തിൽ ജഡ്ജിയെ നിയമിച്ചിട്ടില്ലെങ്കിലും ഒരു കോടതിയും പ്രവർത്തിക്കുന്നതിൽനിന്നു വിരമിച്ചുകൂടാ എന്നുള്ളതാണ്. ചിലപ്പോൾ അവലോത്തലൊ അകസ്മികസംഭവത്താലൊ കൃത്യമായ സമയത്തു് ആളെ നിയമിക്കുന്നതിനു ഗവണ്മെൻറിനു സാധിച്ചില്ലെന്നുവരാം. അങ്ങിനെയുള്ള ആപത്തുകൾകളെ ഒഴിക്കാൻ വേണ്ടിയാണ് ഈ വ്യവസ്ഥ കൊണ്ടുവന്നിട്ടുള്ളത്.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും) പ്രതീക്ഷിക്കപ്പെടുന്ന ആപത്തുകൾ എന്താണ് എന്ന് എന്നോടു പറയാമോ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീക്ഷണൽ ഛീഫ്സെക്രട്ടറി വക്കീൽ) ഞാൻ വിവരിച്ചുപറയാം. യഥാകാലം ഉദ്യോഗനിയമനം നടത്താതിരുന്നാൽ ജഡ്ജിമാരെക്കൂടാതെ ഒരു കോടതിയിലെ ജോലിനടക്കുന്നതല്ല. തൽഫലമായി നീതിനിയമപാലനത്തിനു ഹാനിഭവിക്കുകയും ചെയ്യും. അപ്രകാരമുള്ള അവസ്ഥയ്ക്കു പരിഹാരമായിട്ടാണ് ഞാൻ ഈ വ്യവസ്ഥയെ നിർദ്ദേശിച്ചിട്ടുള്ളത്. പലചോദ്യങ്ങളും ചോദിക്കപ്പെടുകയുണ്ടായി; അങ്ങിനെയുള്ള ഒരു ഒഴിവ് എപ്പോൾ ഉണ്ടാകുമെന്നു ഗവണ്മെൻറ് ഒഴിവിൻറെ സംഗതി അറിഞ്ഞിരിക്കെ, പകരം ആളെ നിയമിക്കുന്നസംഗതിയിൽ എന്തുകൊണ്ടു അവർ താമസംവരുത്തണം എന്നും ആണ മെംബർമാർ പറയുന്നതു. അതു വളരെ ശരിയാണ്. എന്നാൽ ഒരു ക്ലിപ്തതിയ്യതിക്ക് ഒരു ഒഴിവുണ്ടാകും എന്നുള്ളതുനാൽ ഒഴിവുണ്ടാകുന്നതിനു വളരെ മുമ്പുതന്നെ അതുചൂണ്ടിക്കാട്ടി പകരം ആളെനിയമിക്കുന്നതിനെപ്പറ്റി ആലോചിക്കുന്നതിനു ഗവണ്മെൻറിനു സാധിക്കുകയില്ലെന്ന് ഏവരും സമ്മതിക്കും. ഉദ്ദാഹരണമായി ക ക ഛ ചിങ്ങത്തിൽ ഒരു ഒഴിവുണ്ടാകുന്നതായാൽ ക ൻ-ാം ക ക ൻ-ാം ക്ലാസിയോ പകരം ആളെനിയമിക്കുന്നതിനെപ്പറ്റി ആലോചിക്കുന്നതിനു ഗവണ്മെൻറിനു തരമില്ല. തിരഞ്ഞെടുക്കപ്പെടേണ്ട അപേക്ഷകരുടെ യോഗ്യതയേയും മാന്യതയേയും മുഴുവൻ ആലോചിച്ചു ഗവണ്മെൻറിനു ഒരു പിൻഗാമിയെ നിയമിക്കുന്നതിനെപ്പറ്റി വിചാരിക്കാൻ ഇടയുണ്ടാകുന്നതിനും കഴിവുണ്ടാകുന്നതിനും നാലോകൂടുതൽ സമയം മുമ്പുതന്നെ ഉണ്ടായിരിക്കാനിടയുള്ള ഈ സന്ദർഭങ്ങൾ ഒഴിവുകൾ ഉണ്ടാകുന്ന ക്ലിപ്തസമയത്തെ അതായത് പ്രതികാലത്തെയല്ല, വർത്തമാനകാലത്തെ തന്നെ സംബന്ധിച്ച്, ആലോചിക്കപ്പെടേണ്ടിയിരിക്കുന്നു. ഒരു ക്ലിപ്തസമയത്തു നിയമനം ചെയ്യാനുണ്ടെന്നു ഗവണ്മെൻറിന് അറിവുണ്ടായിരുന്നാൽ തന്നെയും, വളരെ ദീർഘമായ മുമ്പുതന്നെ പകരം നിയമിക്കേണ്ട ആളിൻറെ കപേര ശിപാർശചെയ്യപ്പെടണമെന്നു വിചാരിക്കുന്നതിനു ന്യായമില്ല. ക്ലിപ്തസമയത്തോ അതിനോടു അടുത്തോ മാന്യതയെപ്പറ്റി നിശ്ചയംവരുത്തേണ്ടതാണ്, ഗവണ്മെൻറ് ഇപ്പോൾ ചെയ്യുവരുന്നതു ഒരു പ്രത്യേക ഒഴിവുണ്ടാകുന്നതിൻറെ ഉദ്ദേശം രണ്ടുമാസങ്ങൾക്കു മുമ്പായി സംഗതിയെ ആലോചനയ്ക്കെടുക്കുക എന്നുള്ളതാണ്. ചിലപ്പോൾ ഒരു നിയമനം യഥാകാലം നടത്താൻ ഗവണ്മെൻറിനു സാധിക്കാതെ വരാവുന്നതാണ് എന്നു ഇപ്പോൾ സമ്മതിക്കുമെന്നു ഞാൻ ആശിക്കുന്നു. മി: ജേക്കബ് പറഞ്ഞതുപോലെ പേരുകൾ ശിപാർശചെയ്യേണ്ടതു് പേഷ്കാർമാരാണ് കാലാവധി അവസാനിക്കുന്നതിനു ഉദ്ദേശം രണ്ടുമാസങ്ങൾക്കുമുമ്പായി ഒരു പിൻഗാമിയെ നിയമിക്കുന്ന സംഗതി ഗവണ്മെൻറ് ആലോചനയ്ക്കെടുക്കുന്നു. പേഷ്കാർ തൻറെ ശിപാർശ അയച്ചാൽ അതു പരിശോധിക്കപ്പെടേണ്ടിയിരിക്കും. ചിലപ്പോൾ പുനരന്വേഷണത്തിനായി തിരികെ അയയ്ക്കേണ്ടിയും വരും. ചിലപ്പോൾ പ്രതീക്ഷിക്കപ്പെടുന്ന രണ്ടു മാസങ്ങൾക്കുള്ളിൽ സംഗതിയെ അവസാനമായി തീർച്ചപ്പെടുത്തുന്നതിനു സാധിക്കാതെയിരിക്കും എന്നുള്ളതു് സമ്മതിക്കുവുന്നതല്ലെ? നിയമിക്കപ്പെടേണ്ട ആളുകളുടെ മാന്യതയെപ്പറ്റി അന്വേഷിക്കേണ്ടിയിരിക്കും....

മി: എ. എസ്. മാരോമരനാശാൻ (മാവേലിക്കരയും-കുന്നത്തുകിഴക്കും): മാന്യത എന്നുള്ളതു മാറിക്കൊണ്ടിരിക്കുന്ന ഒരു സംഗതിയാണെങ്കിൽ രണ്ടു വർഷങ്ങൾക്കുശേഷം പേരുകൾ ശിപാർശചെയ്യപ്പെടുമ്പോൾ ഉദ്യോഗത്തിൽ ഇരിക്കുന്ന ജഡ്ജിയെ സംബന്ധിച്ചും അതേപ്രകാരം ഉത്കണ്ഠപ്പെടുകയില്ലെ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സ്ക്കാർ വക്കീൽ): അതു ഞാൻ കണ്ടതീട്ടുണ്ട്. പ്രസ്തുത വ്യവസ്ഥയിൽ പറഞ്ഞിരിക്കുന്നത് ഇപ്രകാരമാണ്. ''മറ്റപ്രകാരത്തിൽ ഗവണ്മെൻറ് നിർദ്ദേശിക്കാത്തപക്ഷം'' അങ്ങിനെ ഒരു വ്യവസ്ഥയുള്ളതിനാൽ ഉദ്ദേശത്തിൽ ഇരിക്കുന്ന ജഡ്ജിയെ ഇടൻകോണ്ടു പോകുന്നതിനു ഗവണ്മെൻറ് നിർബന്ധിക്കപ്പെട്ടുന്നില്ല, എന്നിരുന്നാലും മാന്യത എന്നുള്ളത് മാറിക്കൊണ്ടിരിക്കുന്ന ഒരു സംഗതിയാണെന്നു ഞാൻ പറയുന്നതിനുദ്ദേശിക്കുന്നില്ല. ഞാൻ ഉദ്ദേശിക്കുന്നതു ഒരു ക്ലിപ്തസമയത്തെ സംബന്ധിച്ചാണ്. ഏറ്റവും കൂടുതലായ യോഗ്യതയുള്ള ഒരാളെ ഉദ്ദേശത്തിനു തിരഞ്ഞെടുക്കാനുള്ളതു എന്നും ആ തിരഞ്ഞെടുപ്പിനു കുറെസമയം വേണ്ടിവരും, അന്നിവായ്ച്ചായി കുറെസമയം വേണ്ടിവരുമെന്നതാണ്. ആ പ്രദേശത്തു ലഭിക്കാവുന്നതിൽ ഉദ്ദ്യോഗത്തിന് യോഗ്യതയുള്ളതായ ആളുകളെപ്പറ്റി ഞങ്ങൾക്ക് അലോചിക്കേണ്ടതാണ്, അങ്ങനെ കമ്മറ്റി-ൽ ഞങ്ങൾക്കു ഒരാളെ തിരഞ്ഞെടുക്കാനെങ്കിൽ, ആ തിരഞ്ഞെടുപ്പു കമ്മീഷൻ-ൽ അല്ല കമ്മറ്റിയിൽ തന്നെയാണ്, എന്നാൽ ഒഴിവുണ്ടാകുന്നതിനേറെ ഉദ്ദേശം മണ്ടു മാസങ്ങൾക്കു മുമ്പ് അതു. അതിനാൽ ചിലപ്പോൾ ഇങ്ങനെ എന്തെങ്കിലും ആശാന്തകം നേരിടാവുന്നതാണ്: അനിശ്ചിതമായി കാര്യം താമസിപ്പിക്കുന്നതിന് ഗവണ്മെൻറ് ഉദ്ദേശിക്കുന്നില്ല. ഒഴിവുകളിൽ ആരെ നിയമിക്കുന്നു വിഷയത്തിൽ തങ്ങൾക്കുള്ള പ്രതേകതയെ ഒഴിഞ്ഞുകളയുന്നതിനു ഗവണ്മെൻറിന് അഭ്യർഹമില്ല. ഒരു പ്രത്യേകപേരുകാരൻ നിർദ്ദേശിക്കപ്പെടുമ്പോൾ അയാളുടേ നിയമനത്തെപ്പറ്റി പരിശോധിക്കേണ്ടിയിരിക്കുന്നു എന്നു വന്നുകൂടുന്നു. ഇതിനെല്ലാറ്റിനും സമയം വേണ്ടിവരും.

മി: എ. എസ്. ഗോവിന്ദനാശാൻ (മാവേലിക്കരയും കാഞ്ഞിരപ്പള്ളിയും): മദ്രാസിൽ ഇതു എങ്ങിനെയാണു നടത്തപ്പെടുന്നത്? മദ്രാസ് ഗവണ്മെൻറിനും ഇതേവിധമായിരിക്കുന്നില്ല?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സ്ക്കാർ വക്കീൽ): മദ്രാസ് ആക്ടും തൽക്കാലം എൻെറ പക്കൽ ഇല്ല. ജഡ്ജിമാർ രണ്ടുവർഷത്തേക്കുമാത്രം ഇടയ്ക്കു എന്നു ഒരു വ്യവസ്ഥയുണ്ടെന്നുള്ളതിനെപ്പറ്റി ഞാൻ വളരെ സംശയിക്കുന്നു. അവരുടെ വില്ലേജ് കോടതി സമ്പ്രദായം വ്യത്യസ്തമാണെന്നു ഞാൻ വിചാരിക്കുന്നു.

ഒരുപിടത്തിലുള്ള ഒരു വ്യവസ്ഥ പാസ്സാക്കപ്പെടണം എന്ന് ഉദ്ദേശിക്കപ്പെടുന്ന ഗവണ്മെൻറിൻെറ ഭാഗത്തു താമസത്തിനോ അലസതയ്ക്കോ പ്രോത്സാഹനം നൽകണമെന്നുള്ള ഉദ്ദേശത്തോടുകൂടിയല്ല, പൊതുജനക്ഷേമത്തിനും നീതിന്യായപാലനത്തിനും സംബന്ധിച്ചു നിർദ്ദോഷമായ കാരണങ്ങളെ ഭേദഗണം എന്ന വ്യവസ്ഥ ചെയ്യണമെന്നുള്ള ഉദ്ദേശത്തോടുകൂടിയത്രെ എന്നുള്ളതിനെ സഭ ആലോചിക്കും എന്നു ഞാൻ ആശിക്കുന്നു.

പ്രസിഡൻറ്: അപ്പോൾ വോട്ടുകൾ എടുക്കപ്പെടാം. എന്നു ഞാൻ വിചാരിക്കുന്നു.

മി: ടി. സി. കേശവപിള്ള (കല്ലുമലയും വിളവങ്കോടും): സഭയുടെ അഭിപ്രായം തിണ്ണയിക്കുന്നതിനായി—

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സ്ക്കാർവക്കീൽ): അദ്ദേഹത്തിന് സംസാരിക്കുവാൻ അവകാശമില്ല. മി: ആശാൻ എതിർക്കുകമാത്രമാണ് ചെയ്യുന്നത്. ഭേദഗതി ഒന്നും ഉൽക്ഷേപിക്കുന്നില്ല:

പ്രസിഡൻറ്: പ്രമേയത്തെ അനുകൂലിക്കുന്നവർ ഒയവുചെയ്യുകൈപൊക്കണം.

എണ്ണിനോക്കിയതിൽ അനുകൂലിച്ചവർ ൨൭-എന്നും പ്രതികൂലിച്ചവർ ൧൩ എന്നും കാണപ്പെട്ടു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയൻകീഴ്): ഞങ്ങൾക്ക് ഒരു ഹൈക്കോടതിയുണ്ടാകുന്നതിനെപ്പറ്റി വസ്തുതകൾ ആലോചിച്ചു ഞാൻ ഒരു പ്രാവശ്യം പറഞ്ഞിട്ടുണ്ടല്ലോ. ഒരു പ്രാവശ്യം എടുക്കപ്പെടുകയും താഴെകൊടുത്തിരിക്കുന്ന ഫലം കാണപ്പെടുകയും ചെയ്തു.

അനുകൂലിച്ചവർ ൨൭.

൧,	മിസ്റ്റർ എൽ. എ. ബിഷപ്പ്	൧൪.	റാവു സാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള
൨.	മി: കെ. സി. ചാക്കോ	൧൫.	മിസ്റ്റർ ടി. കെ. മാധവൻ നായർ
൩.	,, പി. ചെല്ലംപിള്ള	൧൬.	,, പി. എസ്സ്. മഹമ്മദ്
൪.	,, ആർ. ധനുക്കോടിപ്പിള്ള	൧൭.	,, മാത്തു മുതിരേൻ
൫.	,, കെ ജാർജ്	൧൮.	,, ഇ. ജി. മാക്ക് അല്ലയിൻ
൬.	,, പി. ഗോമതിനായകംപിള്ള	൧൯.	,, ജി. പി. നീലകണ്ഠപ്പിള്ള
൭.	,, ടി. ഫ്രാൻസിസ്	൨൦.	,, ആർ. നീലകണ്ഠപ്പിള്ള
൮.	,, എ. ജി. മേനോൻ	൨൧.	,, കയ്യാലം പരമേശ്വരൻപിള്ള
൯.	,, ടി സി. മോസഫ്	൨൨.	,, കെ. ജി. പരമേശ്വരൻപിള്ള
൧൦.	,, കെ. സി. കരുണാകരൻ	൨൩.	,, എസ്സ്. പിറവിപെരുമാൾപിള്ള
൧൧.	,, കെ. എൻ. കേശവൻനമ്പൂതിരിപ്പാട്	൨൪.	,, ഡാക്ടർ കെ. രാമൻതമ്പി
൧൨.	,, രാവുബഹാദ്ദർ കെ. എ. കൃഷ്ണഅയ്യങ്കാർ	൨൫.	,, എസ്സ്. സി. എച്ച്. റാബിൻസൺ
		൨൬.	,, ആർ. വൈദ്യലിംഗംപിള്ള
൧൩.	മിസ്റ്റർ പി. എൻ. കൃഷ്ണപിള്ള	൨൭.	,, കെ. എസ്സ്. വെയ്സ്റ്റർ ഡെയിൽ

പ്രതികൂലിച്ചവർ ൧൩.

൧.	മിസ്റ്റർ എ. എസ്സ്. ഗോവിന്ദനാശാൻ	൭.	മിസ്റ്റർ കെ. പി. നീലകണ്ഠപ്പിള്ള
൨.	മിസസ്സ്. മേഖിസബത്ത് കുരുവിള	൮.	,, മുതവേലിൽ പാച്ചുപിള്ള
൩.	മിസ്റ്റർ ആർ. കേശവപിള്ള	൯.	,, എൽ. ആർ. രാജരാജവർമ്മകോയിത്തമ്പുരാൻ
൪.	,, ടി. സി. കേശവപിള്ള	൧൦.	,, ആർ. രാമൻപിള്ള
൫.	,, എൻ. കെ. കൃഷ്ണപിള്ള	൧൧.	,, രേവതിനാൾ രാമവർമ്മരാജാ
൬.	,, കെ. മാധവൻപിള്ള	൧൨.	,, എ. താണുപിള്ള
൭.	,, എച്ച്. ബി. മഹമ്മദ് റാവുത്തർ		

നിഷ്പക്ഷനിലക്കാർ 6.

ക. മിസ്റ്റർ ഇട്ടപ്പ് ഇട്ടീച്ചൻ	ന. മിസ്റ്റർ വി. എസ്. കുഞ്ഞപിള്ള
ഖ. ,, താമരപ്പള്ളിൽ കൊച്ചുതൊമ്മൻ	ഘ. ,, എ. സി. കുഞ്ഞാക്കോസ്സ്
	ങ. ,, കെ. പത്മനാഭപ്പണിക്കർ

പ്രമേയം പാസാക്കപ്പെട്ട എന്നു പ്രസ്താവിക്കപ്പെട്ടു.

പ്രസിഡൻറ്: അടുത്തതായ സംഗതിയിലേക്കു നമുക്കു പ്രവേശിക്കാം.

തിരുവിതാംകോട്ട ക്ഷേത്രസാധന കലർപ്പബിൽ.

മി: കുഞ്ഞാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹൈഡ്സക്രട്ടറിക്കിൽ): തിരുവിതാംകോട്ട ക്ഷേത്രസാധനകലർപ്പു ബില്ലിന്മേൽ സിലക്ട് കമ്മറിയുടെ റിപ്പോർട്ട സമർപ്പിക്കുന്നതിനായിട്ട ഞാൻ എഴുന്നേൽക്കുന്നു. കമ്മറിയാൽ റിപ്പോർട്ടുചെയ്യപ്പെട്ടപ്രകാരമുള്ള ബിൽ ആലോചനക്ക് എടുക്കപ്പെടണമെന്നുള്ള പ്രമേയം ഉപസ്ഥാപിച്ചുകൊള്ളുകയും ചെയ്യുന്നു.

മി: ടി. കെ. മാധവൻനായർ (അഡ്. ഗവർണ്മെൻറ സിക്രട്ടറി): ഞാൻ അതിനെ അനുകൂലിക്കുന്നു.

പ്രസിഡൻറ്: ബിൽ വാചകംപ്രതി എടുക്കപ്പെടേണ്ടിയിരിക്കുന്നു. എല്ലാ വാചകങ്ങളേയും പരിഗണിച്ചു തീർച്ചചെയ്യുന്നതിനുമേൽ ബില്ലിൻറെ മുഖവുരയും സംജ്ഞയും ആലോചനക്കെടുക്കപ്പെടാവുന്നതാണ് ഒന്നാമതായുള്ള വാചകത്തെ സംബന്ധിക്കുന്നടത്തോളം ഭേദഗതി ഒന്നും ഇല്ലെന്നു ഞാൻ കാണുന്നു. ബില്ലിലെ ഫംവ്യവസ്ഥ ബില്ലിൻറെ ഭാഗം ആയിരിക്കണമെന്നാണ് പ്രശ്നം.

പ്രമേയം പാസ്സാക്കപ്പെട്ടു

ഫംവ്യവസ്ഥ.

മി. ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): താഴെ പറഞ്ഞിരിക്കുന്ന ഉപക്ഷേപത്തെഞാൻ ഉൽക്ഷേപിക്കുന്നു.

സിലക്ട് കമ്മറിയാൽ നവീകരിക്കപ്പെട്ടപ്രകാരമുള്ള 'പ്രാദേശികക്ഷേത്രസാധനഇൻസ്പെക്ടർ' എന്നുള്ളതിനു പകരം നിശ്ചയം എടുത്തുകളഞ്ഞിട്ട് ആദ്യത്തെ ബില്ലിൽ താഴെപറഞ്ഞിരിയ്ക്കുന്ന നിശ്ചയം അതിനുപകരം ചേർക്കുക.

ആദ്യത്തെ വാക്കിൽ ഇപ്രകാരം അടങ്ങിയിരിക്കുന്നു.

പ്രാദേശികക്ഷേത്രസാധനഇൻസ്പെക്ടർ എന്നവച്ചാൽ വല്ല പ്രാദേശിക വിസ്തൃതിയിലേക്കായിട്ടും ഈ റഗുലേഷൻപ്രകാരം ഒരു പ്രാദേശിക ആഹാരസാധനഇൻസ്പെക്ടരുടെ കൃത്യങ്ങളും നിവ്വഹിക്കുന്നതിനുവേണ്ടി നമ്മുടെ ഗവണ്മെൻറിനാലൊ, നമ്മുടെ ഗവണ്മെൻറിനാൽ ഏർപ്പെടുത്തപ്പെട്ട ചട്ടങ്ങളനുസരിച്ചൊ നിയമിക്കപ്പെട്ട ഏതെങ്കിലും ആൾ എന്ന് അർത്ഥമാകുന്നു.

സിലക്ട്കമ്മറിയാൽ നവീകരിക്കപ്പെട്ടപ്രകാരമുള്ള ബില്ലിൽ നിശ്ചയം ഇതാണ്, "പ്രാദേശികക്ഷേത്രസാധനഇൻസ്പെക്ടർ എന്നവച്ചാൽ വല്ല പ്രാദേശിക വിസ്തൃതിയിലേക്കായിട്ടും ഈ റഗുലേഷൻപ്രകാരം ഒരു പ്രാദേശികക്ഷേത്രസാധനഇൻസ്പെക്ടരുടെ കൃത്യങ്ങളേയും നിവ്വഹിക്കുന്നതിനുവേണ്ടി നമ്മുടെ ഗവണ്മെൻറിനാലൊ, നമ്മുടെ ഗവണ്മെൻറിനാൽ ഏർപ്പെടുത്തപ്പെട്ട ചട്ടങ്ങളനുസരിച്ചൊ, നിയമിക്കപ്പെട്ട ഒരു താലൂക്ക തഹശീൽദാരുടെ പദവിയിൽ താഴെയല്ലാത്ത ഏതെങ്കിലും ഉദ്യോഗസ്ഥൻ എന്നർത്ഥമാകുന്നു.

സിലക്ട്കമ്മറിയാൽ നവീകരിക്കപ്പെട്ടപ്രകാരമുള്ള നിർവചനം ബില്ലിൽ ചേർക്കപ്പെടുന്നെങ്കിൽ ഈ റഗുലേഷനു പ്രയോഗത്തിൽ കൊണ്ടുവരുന്നകാര്യത്തിൽ അല്പം പ്രായോഗികമായ വിഷമങ്ങളെ ഉണ്ടാക്കിത്തീർക്കുന്നതായിരിക്കും. സിലക്ട്കമ്മറിയുടെ നവീകരിക്കപ്പെട്ട നിശ്ചയപ്രകാരം പ്രാദേശികആഹാരസാധനഇൻസ്പെക്ടർ ആയിട്ട് ഒരു താലൂക്ക തഹശീൽദാരുടെ പദവിയിൽ താഴെയല്ലാത്ത ഒരു ഉദ്യോഗസ്ഥൻ നിയമിക്കപ്പെടേണ്ടതാണ്, ഒരു താലൂക്ക തഹശീൽദാർക്ക് അനേകം കൃത്യങ്ങൾ ചെയ്യാനുണ്ട്. ഈമാതിരി പ്രാദേശികക്ഷേത്രസാധനഇൻസ്പെക്ടർ ആയിട്ട കൂടി നിയമിക്കുന്നെങ്കിൽ റഗുലേഷൻ പ്രവർത്തനം നാം ആഗ്രഹിക്കുന്നിടത്തോളം കാര്യക്ഷമമോ തൃപ്തികരമോ ആയിരിക്കാത വരുവാനുണ്ട്. ഉടനെയായി നിർദ്ദേശിക്കണമെങ്കിൽഞാൻ ഒരു ഉദ്യോഗത്തെ ചൂണ്ടിക്കാണിക്കാം. നമ്മുടെ രാജ്യത്തിൽ ഉള്ള ചില താലൂക്കുകളിൽ മജിസ്ട്രേട്ടധികാരികളായിരിക്കുന്ന തഹശീൽദാരന്മാർ ഉണ്ട്.

മി: മാത്യു മുണ്ടിക്കൽ (തൈക്കൽ): എൻറെ സ്നേഹിതൻ പറയുന്നതു സിലക്ട് കമ്മറിയുടെ നിർവചനം തഹശീൽദാരന്മാരെപ്പറ്റിമാത്രംപറയുന്നുഎന്നാണൊ?

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): ഞാൻ ഒരു ഉദ്യോഗത്തെമാത്രം നിർദ്ദേശിച്ചു. ഒരു മജിസ്ട്രേട്ടധികാരിയായിരിക്കുന്ന ഒരു തഹശീൽദാരെ പ്രാദേശിക ക്ഷേത്രസാധന ഇൻസ്പെക്ടർ ആയിട്ടനിയമിച്ചു എന്നുവിചാരിക്കാം. കുറെകൃത്യങ്ങൾ മജിസ്ട്രേട്ടുമാരുടെ മുമ്പാകെ ആരോപിക്കപ്പെടേണ്ടതും തഹശീൽദാർ പ്രാദേശിക ക്ഷേത്ര സാധനഇൻസ്പെക്ടർ ആയിരിക്കയും, ആ തഹശീൽദാർതന്നെ മജിസ്ട്രേട്ടധികാരിയായിരിക്കയും ചെയ്യുണെങ്കിൽ, അപ്പോൾ ആ തഹശീൽദാർ അന്വേഷണം ചെയ്യുന്ന കുറ്റം തൻറെ മുമ്പാകെതന്നെ ആരോപണം ചെയ്യപ്പെടാൻ പാടില്ലാത്തതാണ്. ഒന്നാമതായിട്ട് തഹശീൽദാരും മജിസ്ട്രേട്ടും ആയിരിക്കുന്ന ഒരു തഹശീൽദാർ പത്തനാപുരത്തുണ്ട്. ആ തഹശീൽദാർ ഒരു കുറ്റം അന്വേഷണം ചെയ്യുന്നെങ്കിൽ, ആ താലൂക്കിലെ മജിസ്ട്രേട്ട മുമ്പാകെ ആ കുറ്റത്തെ ആരോപണം ചെയ്യാൻ അദ്ദേഹത്തിനു പാടില്ല. കാരണം, ആ ജൂറ്റിക്രമാലൂക്കിൽ മജിസ്ട്രേട്ടും തഹശീൽദാരും ഒരെ ആൾതന്നെയാണ്.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരം-നെടുമങ്ങാട്): മജിസ്ട്രേട്ടധികാരംകൂടിചുമതലയുള്ള എത്ര തഹശീൽദാരന്മാർഉണ്ട് എന്നുമെമ്പർഎന്നോടു പറയുമോ?

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും) : അഞ്ചു് ഉണ്ടെന്നു ഞാൻ വിചാരിക്കുന്നു.

വേറൊരു പ്രിക്കമവും കൂടിയുണ്ട്. തഹശീൽദാരന്മാരുടെ പദവിയിൽ ആക്കപ്പെട്ടിട്ടുള്ളവരും ഗസ്ഥന്മാർക്കും ഉദ്യോഗസ്ഥന്മാരുടെ നിലയിൽ ഏതാനും നിലയും വിലയുംഉണ്ടു. ചിലസ്ഥലങ്ങളിൽപോകുന്നതു് അവർക്കു എല്ലായ്പ്പോഴും എളുപ്പമായിതോന്നുകയില്ലായിരിക്കും.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): മജിസ്ട്രേട്ടന്മാർക്കുടി ആയിരിക്കുന്ന മുന്നു തഹശീദാരന്മാർ മാത്രമേയുള്ളു എന്നു ഞാൻപറയുന്നതുമെമ്പർസമ്മതിക്കുമൊ?

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും) : ഞാൻ തിരുത്തപ്പെടുന്നതിനു വിധേയനാണ്.

കാപ്പിക്കടകളിലും ചായക്കടകളിലും ചിലപ്പോൾ കള്ളുഷാപ്പുകളിലും പോയിഅവിടെ സംഭരിച്ചുവച്ചിട്ടുള്ള ക്ഷേ സാധനങ്ങളുടെ ശ്രദ്ധിയെപ്പറ്റിപരിശോധിക്കുന്നകാര്യം ഈ തഹശീൽദാരന്മാർക്കു, എല്ലായ്പ്പോഴും, എളുപ്പമായിതോന്നുകയില്ല അതിനാൽകൂടുതൽ സൌകര്യമായിരിക്കുന്നതു—

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): അവിടെ പോകുന്നതു തഹശീൽദാർക്കുവൈമനസ്യമുള്ളതായിതോന്നും എന്നാണൊ മി. കേശവപിള്ളപറയുന്നതു?

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും) : തഹശീൽദാർ എപ്പോഴും പോകുന്നില്ല അതിലേക്കു വല്ലവരേയും പകരമായി അയക്കാവുന്നതാണ്. റെഗുലേഷൻറെ കൂടുതൽ കാര്യക്ഷമമായ പ്രവർത്തനത്തിനായി അതിനുവേണ്ടി നിയമിക്കപ്പെട്ട ഇൻസ്പെക്ടർ പോയി ചെയ്യുവാൻകുന്നതിനു ക്ഷേ സാധനങ്ങൾ സംഭരിച്ചു വച്ചിട്ടുള്ള ഈ കടകളെ സന്ദർശിക്കുന്നതു ഏറെ സൌകര്യമായിരിക്കും.

വേറൊരു വ്യവസ്ഥയാൽ (വാചകത്താൽ) തഹശീൽദാർക്കു അധികപോലെയുള്ള പദവികളിൽനിയമിച്ചിരിക്കുന്നതുമൂലം ആളുകളിൽ തൻറെഅധികാരത്തെ നിക്ഷേപിക്കാ എന്നുള്ളതാണ്. അധികാരപ്പെടുത്തുന്ന വിഷയത്തിൽ ഒരു പ്രധാനസംഗതി നമുക്കു് ആലോചിക്കാനുണ്ടു്. ഏതാനും ക്ലിഷ്ടമായ നിലയും വിലയും ഉള്ള ഒരു ആളെ ആയിരിക്കണം അധികാരപ്പെടുത്തേണ്ടതു്.

പ്രസിഡൻറ്: മി: കേശവപിള്ള, ഒരു വാസ്തവസംഗതി പ്രസ്താവിക്കുന്നതിൽ അല്പം വിസ്താരം ഉണ്ടെന്നുകാണുന്നതിനാൽ ശരിയായ വിവരം നിങ്ങളെ അറിയിക്കുന്നതിലേക്കു ഗവണ്മെൻറുദ്യോഗസ്ഥന്മാരോടു ഞാൻ ആവശ്യപ്പെടുന്നു. മജിസ്ട്രേട്ടധികാരം പ്രയോഗിക്കുന്ന തഹശീൽദാരന്മാർ അഞ്ചു് ആകുന്നതു നിങ്ങളും പറഞ്ഞു. വേറൊരു മെമ്പർ അതുമൂന്നുമാത്രമേയുള്ളു എന്നും പ്രസ്താവിച്ചു.

മി: കെ. പി. നീലകണ്ഠപിള്ള (ചിറയിങ്കീഴ്): വിവാദത്തിൽ ഇരിക്കുന്ന സംഗതിയെ അഞ്ചു് എങ്ങനെ സാരമായിബാധിക്കുമെന്നു അഭിപ്രായപ്രകടനത്തിൽനിന്നോടുപറയുമൊ?

പ്രസിഡൻറ്: ഏതെങ്കിലും വാസ്തവത്തിൻറെ പ്രസ്താവനയിൽ ചിലവ്യത്യാസങ്ങളുള്ളപ്പോൾ പരമാർത്ഥമായവാസ്തവത്തെ മുഴുവനായി സഭയ്ക്കു അറിയിക്കേണ്ടതുണ്ട്. ആധിപത്യർട്ടുമെൻറു ഫാർത്തുള്ളതുദ്യോഗസ്ഥമെമ്പറോടു വാസ്തവമായ സംഖ്യയെ സഭയിൽപറയുന്നതിനുഞാൻ ആവശ്യപ്പെട്ടിരിക്കുന്നു.

മി. കേശവപിള്ള നിങ്ങൾക്കു ഇടസ്സുപോകാം.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയുംകുന്നത്തൂരും): തല്ലുതന്നെ

ഒരു കീഴുദ്യോഗസ്ഥനെ ഏല്പിക്കാവുന്ന അധികാരം തഹശീൽദാർക്കുണ്ടു്. ഈ ചുമതലയുദ്യോഗത്തെപോലെതന്നെ കാര്യക്ഷമതയോടുകൂടി കാര്യങ്ങൾ നിർവഹിക്കാൻ പ്രാപ്തിയുള്ള ഒരുദ്യോഗസ്ഥനെയാണ് ഏല്പിക്കേണ്ടതു്, അപ്പോൾ ഏതിനിക സ്ഥിതിമനസ്സിലാക്കാൻ കഴിയും പത്തനാപുരംപോലെയുള്ള ഒരു താലൂക്കിലൊ ആ സ്ഥിതിയിലുള്ള പ്രദേശങ്ങളിലൊ, തഹശീൽദാർക്ക് തന്നെപോലെയുള്ള ഒരാളെ കണ്ടെത്തുന്നതിനു വിധിക്കുകയില്ല. ഈ സംഗതിയെ സംബന്ധിച്ചിടത്തോളം അധികാരപ്പെടുത്തുന്നതിനുയോഗ്യതയുണ്ടായിരിക്കുവുന്ന ഉദ്യോഗസ്ഥന്മാരിൽ ഒരാൾ ഒരു മുൻസീഫ് ആയിരിക്കാം. ഒരു മുൻസീഫിനു മറ്റു പല കൃത്യങ്ങളും നിർവഹിക്കാനുള്ളതിനാൽ ഈ ജോലി ഭരമേൽക്കുന്നതു അശേഷം സാധ്യമല്ലാതെയിരിക്കും. ഒരു മുൻസീഫ് ഈ ഉദ്യോഗം സ്വീകരിക്കുന്നെങ്കിൽകൂടി മജിസ്ട്രേട്ടധികാരവുംകൂടി ഉള്ള മുൻസീഫന്മാരിലുംകൊണ്ടു ന്യായാധികാരം സ്വീകരിച്ചിട്ടുള്ള ഒരു മുൻസീഫ് ഈ കുറവിസ്താരത്തിനായി തൻറെ മുമ്പാകെ തന്നെ വരേണ്ടിയിരിക്കുന്നതിനാൽ അദ്ദേഹം താൻ ഒരു അഭോഗ്യമായ നിലയിൽ നിൽക്കുന്നതായികാണും. സംഗതി ഇങ്ങിനെയിരിക്കെ, ഈ ദോഗത്തിനെ അതിരിക്കുന്ന നിലയിൽ തന്നെ സ്വീകരിക്കുന്നെങ്കിൽ നിശ്ചയമായി പാസ്സാക്കപ്പെടാൻപോകുന്ന ബില്ലിനെ നടപ്പിൽവരുത്തുന്നവിഷയത്തിൽ അതു സീമയറ്റ വിഷമങ്ങളെ ഉണ്ടാക്കിതീർക്കുന്നതാണു, അതിനാൽ ഈ റെഗുലേഷൻറെ ശരിയായ പ്രവർത്തനത്തിലേക്കു ഞാൻ സമർപ്പിക്കുന്നതു് സിലക്ട് കമ്മിറ്റിയാൽ നവീകരിക്കപ്പെട്ടക്ലോസ്സുതന്നെ ഇൻസ്പെക്ടറുടേ നിർവചനത്തെ മാറ്റാക്കി, അത്തുബ്ബില്ലിൽ കാണപ്പെട്ട നിർവചനത്തെ വച്ചുകൊള്ളേണ്ടതെന്നാണ് എന്നതെ.

മി: വി. ചെല്ലംപിള്ള (തോവാള): ഏതുതരംസമ്പളക്കാരെ ഏല്പിക്കണമെന്നുണ്ട്, മെമ്പരുടെ അഭിപ്രായം?

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): എനിക്കതിനെ സംബന്ധിച്ചു ഒർഭിപ്രായമില്ല. ഈ ബില്ലിൽ തന്നെ ഗവണ്മെൻറിൻറെ യുക്തംപോലെ ചെയ്യാമെന്നാണ്.

മി: വി. ചെല്ലംപിള്ള (തോവാള): തഹശീൽദാരുടെ റാങ്കിൽ കുറഞ്ഞ ആളുകളെയും ഏല്പിക്കാമെന്നുണ്ടൊ?

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയുംകുന്നത്തൂരും): അതെ.

മി: വി. ചെല്ലംപിള്ള (തോവാള): തഹശീൽദാരുടെറാങ്കിലും കുറഞ്ഞ ആളുകളെ ഏല്പിക്കാമെന്നുണ്ടൊ മെമ്പരുടെഅഭിപ്രായം?

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): ശരിയായഉദ്യോഗസ്ഥന്മാരുണ്ടെങ്കിൽ തഹശീൽദാരുടെറാങ്കിലും കുറവാണെങ്കിലും ഏല്പിക്കാം.

മി: വി. ചെല്ലംപിള്ള (തോവാള): പ്രവർത്തികാരന്മാരെയും ഏല്പിക്കാമെന്നാണൊ പറയുന്നതു?

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും കെന്നത്തുരും): ഗവണ്മെന്റിന്റെ യുക്തം പോലെ ചെയ്യാം.

മി: ടി. സി. കേശവപിള്ള (കൻക്കളവും വിളവങ്കോടും): മി. ആർ. കേശവപിള്ളയുടെ ഭേഗതി ഞാൻ പിൻതങ്ങുന്നു.

ഞാൻ ടി. കേശവപിള്ളയുടെ നിലയേപിൻതാങ്ങുന്നു. അദ്ദേഹത്തിന്റെ ഭേഗതിയെപ്പറ്റി ചുരുക്കമായ നിരീക്ഷണങ്ങളും ചെയ്യുന്നതോടുകൂടി തഴപറയുന്നവാസ്സവസംഗതികളെനിങ്ങളുടെസൂക്ഷ്മാലോചനയ്ക്കായി ഞാൻ നിങ്ങളുടെ മുമ്പിൽ സമർപ്പിക്കേണ്ടിയിരിക്കുന്നു.

മി: വി. ചെല്ലംപിള്ള (തോവാള): മെമ്പർക്കുമാത്രമേ സംസാരിക്കാൻ പാടുള്ളോ?

പ്രസിഡന്റ്: നിങ്ങൾ മലയാളത്തിൽ സംസാരിക്കാൻ ആരംഭിച്ചു അപ്പോഴേയിൽതന്നെ നിങ്ങൾക്കു ടനടുകിടുള്ളമായിരുന്നു.

മി: ടി. സി. കേശവപിള്ള (കൻക്കളവും വിളവങ്കോടും): ഞാൻ മലയാളത്തിൽ ആരംഭിച്ചു. എന്നാൽ ഒരാൾ അതിന് എതിർപറഞ്ഞു. ഇപ്പോൾ അതിനെ ഞാൻ താങ്കളുടെ തീർച്ചയ്ക്കായി വിട്ടിരിക്കുന്നു.

പ്രസിഡന്റ്: നിങ്ങൾ മലയാളത്തിൽ തുടരുന്നതു് അധികം നന്നായിരിക്കും.

മി: ടി. സി. കേശവപിള്ള (കൻക്കളവും വിളവങ്കോടും): ഗവണ്മെന്റിനെ പല അവസരങ്ങളിലും അബദ്ധം പറ്റുകപതിവുണ്ട്. മുനിസിപ്പൽ കറപ്പുലേഷൻ, വില്ലേജ് പഞ്ചായത്തു് എന്നിങ്ങനെ പല തരത്തിലുള്ള നിയമങ്ങൾ ഇവിടെ കൊണ്ടു വരുന്നുണ്ട്. എന്നാൽ അവയെല്ലാം തിരുവിതാംകൂറിനകത്താണ് ഉപയോഗിക്കേണ്ടതു്. ഇതിനകത്തു് അനേകം യൂണിറ്റുകൾ ഉണ്ട്. ഈ ഫണ്ട് അഡൽട്ടറേഷൻ ബിൽ പ്ലിച്ചു് അതുതിയ്ക്കുകയാണ് ഉപയോഗിക്കുവാൻ പോകുന്നതെന്നു വിശദീകരിച്ചുകാണുന്നില്ല.

പ്രസിഡന്റ്: ഇപ്പോൾ സഭയുടെ മുമ്പിൽ ഇരിക്കുന്ന ഭേഗതിയുമായിട്ട് അതിന് എങ്ങിനെ യോജിക്കുന്നു? ബിൽ മുഴുവനേയും അപ്പിടിപിടിയായി നിരീക്ഷണം ചെയ്യുന്നതിനെക്കാൾ സഭയുടെ മുമ്പിലിരിക്കുന്ന ഭേഗതിയെപ്പറ്റമാത്രം സംസാരിക്കുന്നതു അധികം നന്നായിരിക്കും.

മി: ടി. സി. കേശവപിള്ള (കൻക്കളവും വിളവങ്കോടും): ഭേഗതിയെപ്പറ്റി പറയുന്ന അവസരത്തിൽ അതു സ്വീകാര്യയോഗ്യമാക്കിത്തീർക്കുന്നതിനു വേണ്ടിയിട്ടുള്ള ഉള്ളതും ഞാനുദ്ദേശിക്കുന്നതുമായതൊക്കെയും ചൂണ്ടിക്കാണിച്ചു പറഞ്ഞാൽ മതിയെന്നു എന്റെ വാദം ശരിയാണെന്നു കൌൺസിലിനെ ബോദ്ധ്യപ്പെടുത്തുവാൻ സാധിക്കയുള്ളു. മുനിസിപ്പാലിറ്റികളെപ്പോലെതന്നെയാണെങ്കിൽ മുനിസിപ്പൽ പ്രസിഡന്റ് ഈ അധികാരം വഹിക്കേണ്ടിവരും. അതുകൊണ്ടു സഹജീൽഗാർ എന്നു പ്രത്യേകിച്ച് ഒരുദ്യോഗസ്ഥനെ ചൂണ്ടിക്കാണിക്കുന്നതിനു പകരം സിലക്ട് കമ്മിറ്റിപോലെയുള്ള ബില്ലിൽ കാണുന്നതുപോലെ മതി എന്നാണ്, എന്റെ അഭിപ്രായം.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): പുഡ് ഇൻസ്പെക്ടറായിട്ട് ആരെ ആക്കണമെന്നാണ് മി. കേശവപിള്ളയുടെ അഭിപ്രായം.?

മി: ടി. സി. കേശവപിള്ള (കൻക്കളവും വിളവങ്കോടും): വില്ലേജ് പഞ്ചായത്തുനടപ്പിൽ വന്നാൽ സാനിട്ടറി ഇൻസ്പെക്ടറെ നിയമിക്കാം.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): വരൻപോകുന്ന സംഗതികളെക്കൂടി പരിഗണിച്ചു നിയമനം നടത്താൻ സാധിക്കുമോ?

മി: ടി. സി. കേശവപിള്ള (കൻക്കളവും വിളവങ്കോടും): അപ്രകാരം ഒന്നു വരുന്നഅവസരത്തിൽ ഒരു അമെൻഡ്മെന്റ് കൊണ്ടുവരിക എന്നുള്ളതു അസാദ്ധ്യമാണ്. അതുകൊണ്ട് ആ തത്വത്തെ ക്ലിപ്തപ്പെടുത്തി നിയമം പാസ്സാക്കണമെന്നു ഞാൻ ഈ സഭയെ അറിയിച്ചുകൊള്ളുന്നു.

മി: പി. എസ്. മഹമ്മദ് (നിയമിക്കപ്പെട്ട മെമ്പർ): മിസ്റ്റർ കേശവപിള്ളയുടെഭേഗതിയെ ഞാൻ എതിർക്കുന്നു. പുഡ്ഇൻസ്പെക്ടർ എന്നുള്ള പേരിൽ ഒരാളെ നിയമിക്കുന്നതു ആരായാലും മതി എന്നു പറയുന്നതു് ഒരിക്കലും ശരിയല്ല. ഗവണ്മെന്റു പരമതന്ത്രത്തിൽ ചോദ്യംചെയ്കതന്നെ അവിടെ നിയമിക്കേണ്ടതാണ്. ഭരണാധികാരത്തിന്റെ അധികാരത്തെ മറ്റൊരുവിധമായി ഉപയോഗിക്കുന്നപക്ഷം അതുകൊണ്ടു കുഴപ്പമുണ്ടാകുന്നു ഉപദ്രവം കണ്ടിച്ചിട്ടുണ്ട് ആ ആളിന്റെ നില ഏതു രീതിയിൽ ആയിരിക്കണം എന്നു് ഈ ഉത്തരവാദിത്വബോധം ഉള്ള കൌൺസിലിൽവച്ചുതന്നെ നിർണ്ണയിക്കണം എന്നുള്ളതു ഉദ്ദേശത്തോടുകൂടി സിലക്ട് കമ്മറ്റിയിലെ അംഗങ്ങൾ പ്രത്യക്ഷമായി ഇന്ന നിലയിൽ കയറാൻ പാടില്ലെന്നും അതുതേരവും ഗവണ്മെന്റ് നിശ്ചയിച്ചുകൊള്ളട്ടെ എന്നും തീരുമാനിച്ചിട്ടുണ്ട്.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും കെന്നത്തുരും): ഗവണ്മെന്റിനു ആരെ എങ്കിലും നിയമിക്കണമെന്നാണോ ഉദ്ദേശം?

മി: പി. എസ്. മഹമ്മദ് (നിയമിക്കപ്പെട്ട മെമ്പർ): അതാതുസ്ഥലത്തു സൌകര്യം എന്നു തോന്നുന്ന ആളുകളെ നിയമിക്കാനിടയുണ്ട്. ചില സ്ഥലങ്ങളിൽ ഏറ്റവും താണപടിയിൽ പോകാൻ സൌകര്യം വന്നേക്കാം എന്നുള്ളതുകൊണ്ടു അങ്ങനെ പോകാൻ പാടില്ല. ഏറ്റവും ശക്തിയുള്ള ഒരായുധമാണ് അവരുടെ കൈയ്യിൽ കൊടുക്കുന്നതു്. അതുകൊണ്ടു സാധുക്കളെ ഉപദ്രവിക്കാൻ സാധിക്കും എന്നു തോന്നിയതുകൊണ്ടാണ് നിലയെപ്പറ്റി ഇങ്ങനെ പറഞ്ഞിരിക്കുന്നതു്.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും കെന്നത്തുരും): അധികാരം ശരിയായി ഉപയോഗിക്കാൻ ശക്തിയില്ലാത്ത ആളിന്റെ പക്കൽ അതിനെ പ്രയോഗിക്കാൻ കൊടുക്കരുതെന്നു വിചാരിക്കുന്നുണ്ടോ?

മി: പി. എസ്. മഹമ്മദ് (നിയമിക്കപ്പെട്ട മെമ്പർ): അപ്പുക്കിൽ സ്റ്റാറ്റസ് (നില) നിർണ്ണയിക്കുകയില്ലായിരുന്നു.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും കെന്നത്തുരും): അതുപോലെ സ്റ്റാറ്റസുള്ളവർ എത്രപേർ ഉണ്ടാകും?

മി: പി. എസ്. മഹമ്മദ് (നിയമിക്കപ്പെട്ട മെമ്പർ): ധാരാളം ഉണ്ടാകാം. ആവശ്യം കഴിഞ്ഞു കഴിയുമ്പോൾ കുറെ കുട്ടത്തും ഉണ്ടാകാം.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): ഒരു താലൂക്കിൽ തഹശീൽദാരുടെ സ്റ്റാറ്റസിൽ ആകെ എല്ലാമുണ്ടെന്ന് അറിയാമോ?

മി: പി. എസ്. മഹമ്മദ് (നിയമിക്കപ്പെട്ട മെമ്പർ): അതു ഗവണ്മെന്റിന്റെ യുക്തവും ആവശ്യവും അനുസരിച്ചു ചെയ്തുകൊള്ളട്ടെ.

ഈ ഉദ്യോഗസ്ഥന്മാരുടെ ജോലി കടകളിൽപോയി ക്ഷണസാധനങ്ങളെ പരിശോധിക്കുകയാണ്. അങ്ങനെ സാധുക്കളെ ഉപദ്രവിക്കാൻ സാധിക്കും. ചീത്തസാധനങ്ങളെ നശിപ്പിക്കാൻ സാധിക്കും. അങ്ങനെയുള്ള കടുംകൈകൾ പ്രവർത്തിക്കുന്നതിനു ഈ ആയുധം കൊടുക്കേണ്ടതുണ്ടോ? ഉത്തരവാദിത്വബോധമുള്ളവരിൽ തന്നെയാണ്, അതിനാൽ അവരുടെ സ്റ്റാറ്റസ് ഒരു തഹശീൽദാരുടെ സ്റ്റാറ്റസിൽ കുറയ്ൻ പാടില്ല എന്നുള്ളതു അത്യാവശ്യമാണ്. അതിനാൽ ഭേദഗതിയെ എതിർക്കുന്നു.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സെക്രട്ടറിൽ): ഭേദഗതി പ്രയോഗിച്ച മി: കേശവപിള്ള വിവരിച്ചുപറഞ്ഞതുപോലെ അല്ലേത്തിന്റെ ഭേദഗതിയാൽ ഉദ്ദേശിക്കുന്നതു ബില്ലിലെ വ്യവസ്ഥയെ ഞാൻ അതു സഭയിൽ അവതരിപ്പിച്ചപ്പോൾ ഇങ്ങനെനിലയിൽതന്നെ, പുനഃസ്ഥാപിക്കണമെന്നുള്ളതാണ്. സിലക്ട് കമ്മറിയിലെ ഭൂരിപക്ഷം, അതിന്റെ റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നതുപോലെ പുതുക്കപ്പെട്ട ബില്ലിൽ ഇപ്പോൾ കാണുന്നതുപോലെയുള്ള മാറ്റം വരുത്തിയിരിക്കുന്നു. കമ്മറിയിലെ ഭൂരിപക്ഷത്തോടുള്ള ആദരവുനിമിത്തം ആദ്യത്തെ ബില്ലിലെ വ്യവസ്ഥയെ പുനഃസ്ഥാപിക്കുന്നതിനു ഒരു ഭേദഗതിയും അവതരിപ്പിക്കുന്നതിനു ഞാൻ മുതിർന്നില്ല, മുതിരുകയുമില്ല. എന്നാൽ ഇപ്പോൾ ആദ്യബില്ലിലെ വ്യവസ്ഥയെ പുനഃസ്ഥാപിക്കുന്നതിനുള്ള ഒരു ഭേദഗതി സഭമുമ്പാകെ സമർപ്പിക്കപ്പെട്ടിരിക്കുന്നതിനാൽ ഞാൻ ഭേദഗതിയുടെ താല്പര്യത്തെ പക്ഷെ വിശ്വസ്തരൂപമായി അനുകൂലിക്കേണ്ടിയിരിക്കുന്നു. അങ്ങിനെ ചെയ്യുന്നതോടുകൂടി എന്റെ സ്നേഹിതൻ മി: മഹമ്മദ് പറഞ്ഞിട്ടുള്ളതിനു മറുപടിയായി ഒരു വാക്കു പറയാൻ ഞാൻ ആഗ്രഹിക്കുന്നു. ആദ്യബില്ലിൽ ഉണ്ടായിരുന്ന വ്യവസ്ഥയനുസരിച്ചു ക്ഷണസാധന ഇൻസ്പെക്ടർക്ക് കുറ്റക്കാരെ കണ്ടുപിടിക്കുന്നതിനും ജനങ്ങളെ ഉപദ്രവിക്കുന്നതിനും സാധിക്കും എന്നു അദ്ദേഹം പറഞ്ഞു. ക്ഷണസാധന ഇൻസ്പെക്ടരുടെ ജോലി കോടതിയെ സഹായിക്കുന്നതുമാത്രമാണ് എന്നു ഞാൻ പറയും. ക്ഷണസാധനം ചീത്തയാണെന്നു അദ്ദേഹം വിചാരിക്കുന്നെങ്കിൽ അതിനെ പിടിച്ചുവയ്ക്കും, അതിനെ കോടതിയിൽ ഹാജരാക്കുകയും ആവശ്യമുണ്ടെങ്കിൽ കോടതിമുമ്പാകെ ഹാജരാക്കുന്നതിനു ഒരു കാരണപ്രതിക തയ്യാറാക്കുകയും ചെയ്യും. അതിനാൽ ക്ഷണസാധന ഇൻസ്പെക്ടർ പൊതുജനങ്ങൾക്കു സൗമ്യമായ ഉപദ്രവം വരുത്തും എന്നു ഭയപ്പെടേണ്ട ആവശ്യമില്ല. സംശയാലുവായ അദ്ദേഹം അല്പമായ അന്വിഷ്ടത്തിനു കാരണമായിരുന്നേക്കാം. അതിനാൽ ആ ഉദ്യോഗത്തിൽ ചുമതലബോധമുള്ള ഒരു ഉദ്യോഗസ്ഥൻ ഉണ്ടായിരിക്കുന്നതു തീർച്ചയായിട്ടും ഏറെ നല്ലതാണ്, എന്നാലും ആദ്യബില്ലിലെ വ്യവസ്ഥ പുനഃസ്ഥാപിക്കപ്പെടുന്നെങ്കിൽ അദ്ദേഹം സന്തുഷ്ടനായിക്കുമെന്നു പറഞ്ഞുകൂടാ. ക്ഷണസാധന ഇൻസ്പെക്ടരുടെ പ്രവൃത്തി കഴിഞ്ഞ ഉടൻതന്നെ സംഗതി ഒരു കോടതിയിൽ പോകേണ്ടിയിരിക്കുന്നു.

മി: പി. എസ്. മഹമ്മദ് (നിയമിക്കപ്പെട്ട മെമ്പർ): ചാർജ്ജിന്റ് കോർട്ടിൽ ഹാജരാകുന്നതിനു സമാധാനം പറയാൻ കച്ചവടക്കാരൻ കൂടി പോകണം. ആ രീതി തീരുമാനമുണ്ടാക്കുമോ അതു സാധനങ്ങളെ സൂക്ഷിക്കുമെന്നു?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സെക്രട്ടറിൽ): അതെ.

മി: പി. എസ്. മഹമ്മദ് (നിയമിക്കപ്പെട്ട മെമ്പർ): അങ്ങിനെ വരുമ്പോൾ കച്ചവടക്കാരനു വലിയനഷ്ടമുണ്ടാവുകയില്ലേ? അങ്ങിനെ നഷ്ടമുണ്ടാക്കാൻ ഈ ഉദ്യോഗസ്ഥൻ കാരണമാകുന്നില്ലേ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സെക്രട്ടറിൽ): അങ്ങിനെ ആക്ഷേപം സാധിക്കുമെല്ലോ?

മി: പി. എസ്. മഹമ്മദ് (നിയമിക്കപ്പെട്ട മെമ്പർ): അപ്പോൾ നല്ല സ്റ്റാറ്റസ് ഉള്ള ഒരുദ്യോഗസ്ഥനാണെങ്കിൽ, ഇങ്ങനെ വരുമോ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സെക്രട്ടറിൽ): അതെ. തീർച്ചയായിട്ടും അതുതന്നെയാകും സിലക്ട് കമ്മിറ്റിയിലെ ഭൂരിപക്ഷം ചെയ്തിട്ടുള്ള വ്യവസ്ഥ വളരെ ശരിയാണ്. ക്ഷണസാധന ഇൻസ്പെക്ടർക്ക് ബില്ലിലെ വവ്വസ്ഥകൾപ്രകാരമുള്ള അധികാരത്തിന്റെ അളവ് എത്രയെന്നു സഭയ്ക്കു ബോദ്ധ്യമായിരിക്കണം എന്നു മാത്രമാണ പറയാൻ ഞാൻ ആഗ്രഹിക്കുന്നു. അതു അതു വളരെ ദൂരത്തോളം പോകുന്നില്ലതാനും.

മി: രേവതിനാൾ രാമവർമ്മരാജാ (എടവക): പൂഡ് ഇൻസ്പെക്ടർക്ക് ഈ ആഹാരസാധനങ്ങളെ നശിപ്പിക്കുന്നതിനു അധികാരം കൊടുത്തിട്ടില്ലേ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സെക്രട്ടറിൽ): നശിപ്പിക്കുകയല്ല ചെയ്യേണ്ടതു, അതിനെ കോടതിയിൽ ഹാജരാക്കണം.

മി: രേവതിനാൾ രാമവർമ്മരാജാ (എടവക): മാവേലിക്കര ഇരിക്കുന്ന ഒരു കടയിലെ സാധനങ്ങളെ സംബന്ധിച്ചാണെങ്കിൽ അതിനു കായംകുളത്തുള്ള കോടതിയിൽ പോയി അനുവാദംവാങ്ങിക്കൊണ്ടുവരുന്നതു എങ്ങനെ ആണ്?

മി. കേശവപിള്ളയുടെ ഭേദഗതിക്ക് അല്പം വിശദയുണ്ടെന്നു ഞാൻ പറയുന്നതിനു ഒരു കാരണം അതാണ്,

പ്രസിഡന്റ്: മി: പരമേശ്വരൻപിള്ള, നിങ്ങളുടെ നില എന്താണ്? നിങ്ങൾ മി. കേശവപിള്ളയെ അനുകൂലിക്കുകയാണോ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സക്രട്ടറി വക്കീൽ): മി. കേശവപിള്ളയെ വിധ്വനരൂപമായി അനുകൂലിക്കുന്നതിനു ഞാൻ ഒരുക്കമാണ്.

പ്രസിഡൻറ്: നിങ്ങൾ അനുകൂലിക്കുന്നു മി. കേശവപിള്ളയെയാണോ സിലക്ട് കമ്മറിറ്റിറിപ്പോർട്ടിനെയാണോ? ഞാൻ വിചാരിച്ചതു സിലക്ട് കമ്മറിയിൽ പുതുക്കപ്പെട്ട ബില്ലിനെ സഭയുടെ അഭിപ്രായത്തിനായി സമർപ്പിക്കുന്ന നിങ്ങളുടെ സ്വന്ത ഉപന്യാസമായ പ്രമേയത്തെ വിധ്വനരൂപമായി നിങ്ങൾ അനുകൂലിക്കുന്നു എന്നു പറഞ്ഞുകൊണ്ടു നിങ്ങളുടെ പ്രസംഗം ആരംഭിച്ചു എന്നായിരുന്നു.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സക്രട്ടറി വക്കീൽ): ഇപ്പോൾ സഭയുടെ മുമ്പിലിരിക്കുന്ന പ്രമേയത്തിനെ എനിക്കു അനുകൂലിക്കാൻ കഴിയും എന്നുണ്ടോ ഞാൻ പറയുന്നതിനെയാണു ശ്രദ്ധിച്ചതു്.

മി: എ. എസ്. മാത്തോമൻനാടാർ (മാവേലിക്കരയും-കായംകുളവും): സിലക്ട് കമ്മറിയിൽ പുതുക്കപ്പെട്ട രൂപത്തിൽ ഉള്ള ബില്ലിന്റെ പ്രയോക്താവു ഭരണമെന്റ് അല്ലേ. ഇപ്പോൾ സഭയുടെ മുമ്പിലിരിക്കുന്ന പ്രമേയത്തിനെ അദ്ദേഹം സ്വീകരിക്കുന്നുവോ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സക്രട്ടറി വക്കീൽ): അതെ.

മി: എ. എസ്. മാത്തമേരനാടാർ (മാവേലിക്കരയും-കായംകുളവും): അദ്ദേഹം തൽക്ഷണം സിലക്ട് കമ്മറിയാൽ പുതുക്കപ്പെട്ട പ്രകാരമുള്ള ബില്ലിനെ സഭയുടെ മുമ്പാകെ സമർപ്പിക്കയും അതേ സമയത്തുതന്നെ സിലക്ട്കമ്മറിയാൽ പുതുക്കപ്പെട്ട പ്രകാരമുള്ള ബില്ലിലെ വ്യവസ്ഥകളിലൊന്നിനെ നിക്ഷേപിച്ചിട്ടുള്ള പ്രമേയത്തിനെ അനുകൂലിക്കുകയും ചെയ്യുന്നതിനെ ശ്രമിക്കുകയാണ്. എന്തെങ്കിലും അനുയോജ്യത വേണ്ടതാണ്.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സക്രട്ടറി വക്കീൽ): അനുയോജ്യതയുടെയോ അനനുയോജ്യതയുടെയൊ പ്രശ്നമില്ല. പുതുക്കപ്പെട്ട ബിൽ സഭയുടെ മുമ്പിൽ എന്നാൽ സമർപ്പിക്കപ്പെട്ടതുകൊണ്ട്, അതിനെ ഉൽക്ഷേപിച്ചിട്ടുള്ള ഒരു പ്രമേയത്തിനെ എനിക്കു സ്വീകരിക്കാൻ പാടില്ലെന്നുവരുന്നില്ല. ഞാൻ പറഞ്ഞതുപോലെ, സിലക്ട്കമ്മറിയിലെ ഭൂരിപക്ഷത്തോടു് എനിക്കുള്ള അഭിപ്രായനിമിത്തം സിലക്ട് കമ്മറിയാൽ പുതുക്കപ്പെട്ട പ്രകാരമുള്ള ഈ വ്യവസ്ഥയ്ക്കു ഒരു ഭേദഗതി വിധ്വനരൂപമായി ഉൽക്ഷേപിക്കുന്നതിനു ഞാൻ വിചാരിക്കുന്നില്ല. എന്നാൽ ഇപ്പോൾ ഒരു ഭേദഗതി വിധ്വനരൂപമായി സഭയുടെ എതിർവശത്തുള്ള ഒരു മെമ്പറിനാൽ, അള്ളബില്ലിലെ വ്യവസ്ഥയെ പുനഃസ്ഥാപിക്കുന്നതിനായി ഉൽക്ഷേപിക്കപ്പെട്ടിരിക്കുന്നതിനാൽ, അതിനെ എതിർക്കുന്നതിനു എനിക്കു അഭ്യുപഗമമില്ല.

രാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (നിയമിതാംഗമെമ്പർ, ഡപ്യൂട്ടി പ്രസിഡൻറ്): സിലക്ട് കമ്മറിയാൽ പുതുക്കപ്പെട്ട പ്രകാരമുള്ള ബില്ലിനു വല്ല ഭേദഗതിയും വേണമെന്നു ഗവണ്മെൻറ് ഉദ്ദേശിച്ചിട്ടുണ്ടോ എന്നു എന്നോടു പറയുമോ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സക്രട്ടറി വക്കീൽ): സിലക്ട് കമ്മറിയിലെ ഭൂരിപക്ഷത്തോടുള്ള അഭിപ്രായനിമിത്തം സിലക്ട് കമ്മറിയാൽ പുതുക്കപ്പെട്ട പ്രകാരമുള്ള ബില്ലിനു യാതൊരു ഭേദഗതിയും ഗവണ്മെൻറ് പ്രയോഗിക്കുന്നില്ല.

രാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (നിയമിതാംഗമെമ്പർ, ഡപ്യൂട്ടിപ്രസിഡൻറ്): അപ്പോൾ ബില്ലിന്റെ ചാർജ്ജ് വഹിക്കുന്ന മെമ്പർ എന്ന തൽക്ഷണത്തിലായിരുന്നു മി. പരമേശ്വരൻപിള്ള മി. കേശവപിള്ളയുടെ ഭേദഗതികളെ അനുകൂലിക്കുന്നു എന്നു ഞാൻ വിചാരിക്കുന്നു.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽഹെഡ് സക്രട്ടറി വക്കീൽ): ചോദ്യം എനിക്കു മനസ്സിലാക്കുന്നില്ല.

രാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (നിയമിതാംഗമെമ്പർ, ഡിപ്യൂട്ടി പ്രസിഡൻറ്): സർ, സിലക്ട് കമ്മറിയാൽ പുതുക്കപ്പെട്ട പ്രകാരമുള്ള ബില്ലിനു യാതൊരു ഭേദഗതിയും പ്രയോഗിക്കുന്നതിനു ഗവണ്മെൻറിനു വിചാരമില്ലാ എന്നതേയുള്ളു.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സക്രട്ടറി വക്കീൽ): അതുശരിയാകും മി: കൃഷ്ണയ്യങ്കാർ ശരിയാണ്.

രാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (നിയമിതാംഗമെമ്പർ, ഡപ്യൂട്ടി പ്രസിഡൻറ്): അതിനാൽ, എന്റെ സ്നേഹിതൻ ഇപ്പോൾ ഭേദഗതിയെ അനുകൂലിക്കുമ്പോൾ, അദ്ദേഹം ബില്ലിന്റെ ചുമതലക്കാരൻ എന്ന നിലയിലാണോ അതിനെ അനുകൂലിക്കുന്നു? അയാൾ വോട്ടിനെ സ്പർശിക്കുന്നതുകയാൽ ഞങ്ങൾക്കു അറിയേണ്ടിരിക്കുന്നു. ഇവിടെ ഇപ്പോഴത്തെ പൊതുജനാഭിപ്രായം മി: പരമേശ്വരൻപിള്ളയുടെ പിറകിൽ ഉള്ള ഉദ്യോഗസ്ഥസ്നേഹിതന്മാരെല്ലാവരും അദ്ദേഹം പ്രമേയത്തെ എതിർക്കുകയോ അനുകൂലിക്കയൊ ചെയ്യുമ്പോഴുക്കയും കൈപൊക്കണം എന്നാണ്. ഈ അവസരത്തിൽ ഗവണ്മെൻറ് യാതൊരു ഭേദഗതിയും കൊണ്ടുവന്നിട്ടില്ല. ഇപ്പോൾ സഭയുടെ മുമ്പിൽ ഇരിക്കുന്ന ഭേദഗതിയിന്മേൽ വോട്ടുചെയ്യുന്നതിനെ സംബന്ധിച്ചു ഉദ്യോഗസ്ഥരുടെ നില എന്താണ് എന്നറിയാൻ ഞാൻ ആഗ്രഹിക്കുന്നു. ഈ ഭേദഗതിയിന്മേൽ വോട്ടുചെയ്യുന്നതു സംബന്ധിച്ചു നമ്മുടെ ഉദ്യോഗസ്ഥസ്നേഹിതന്മാർക്കു വഴി കണിക്കുന്ന ചട്ടം എന്തായിരിക്കണം?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സക്രട്ടറി വക്കീൽ): സർ, ഞാൻ വിവരിച്ചു പറഞ്ഞതുപോലെ, അള്ളബില്ലിൻപ്രകാരംതന്നെ ഉൽക്ഷ്യസാധനങ്ങൾസ്സംബന്ധിച്ചുള്ള പ്രവൃത്തികളും തൽസംബന്ധികാരങ്ങളെ വളരെയൊന്നും കൈകൊള്ളുകയില്ല.

മി. രേവതിനാഥ രാമവർമ്മരാജാ (എടവക): നാശമായി പോകുന്ന വസ്തുക്കളാണെങ്കിൽ തടഞ്ഞുവയ്ക്കുന്നതിനു അധികാരമുണ്ടോ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സക്രട്ടറി വക്കീൽ): കുറച്ചുകാലത്തെ അധികാരം ഉണ്ട്.

മി: രേവതിനാഥ രാമവർമ്മരാജാ (എടവക): നാലു മണിക്കൂർ നേരം വച്ചിരുന്നാൽ ചീത്തയായിപോകുമെന്നുള്ള സാധനങ്ങളാണെങ്കിൽ, തടഞ്ഞുവയ്ക്കുവാനുള്ള അധികാരമുണ്ടോ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സക്രട്ടറി വക്കീൽ): അതു് ഉടനെ കോർട്ടിൽ കൊണ്ടുപോകണം;

മി: മേപ്പതിനാൽ രാമവർമ്മരാജാ (ഏടവക): അങ്ങനെയുള്ള ഉത്തരവാദിത്വമുള്ള ആളുകൾതന്നെ ഫുഡ് ഇൻസ്പെക്ടർമാരായിരിക്കണമെന്നുള്ള ഉദ്ദേശത്തിനുവേണ്ടിയല്ല സർക്കാർ കമ്മറി ഇങ്ങനെ നിശ്ചയിച്ചത്?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഫെഡ് സക്കാർ വക്കീൽ): ഞാൻ പറഞ്ഞതുപോലെ സിലക്ട്കമ്മിറി മെമ്പർമാരിൽ ഭൂരിപക്ഷവും ആള്യബില്ലിലെ വ്യവസ്ഥയെ ഭേദപ്പെടുത്തുന്നതിനാവശ്യപ്പെട്ടു; അവരുടെ അഭിപ്രായത്തോടുള്ള ആദരവുനിമിത്തം ഞാൻ ഭേദഗതിയെ സ്വീകരിച്ചു എന്നാൽ ഇപ്പോൾ ആ വശത്തുള്ള ഒരു മെമ്പർ ആള്യബില്ലിലെ വ്യവസ്ഥയെ പുനഃസ്ഥാപിക്കുന്നതിനുള്ള ഒരു ഭേദഗതി വിധ്യനത്തിനു വേണ്ട ഉൽക്ഷേപിച്ചിരിക്കുന്നു

മി: എ. എസ്. മാരാമേരനാശാൻ (മാവേലിക്കരയും-കോത്തിപ്പള്ളിയും): ചാരുമ്മവർ അഭിപ്രായപ്പെടുന്നതുപോലെ ഒരു നില സ്വീകരിക്കേണ്ടതാണെന്നല്ലേ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഫെഡ് സക്കാർ വക്കീൽ): അതാണ് എനിക്കുള്ള വിചാരം. സിലക്ട്കമ്മറിയിലെ ഭൂരിപക്ഷം ഭേദഗതി ഉണ്ടാക്കീട്ടുള്ളതിനാൽ, ഞാനും അവരോടു യോജിക്കുന്നതിനു തയ്യാറാണ്. സിലക്ട്കമ്മറിയിലെ ഭൂരിപക്ഷം പ്രകാശിപ്പിച്ച അഭിപ്രായത്തെ പുരസ്കരിച്ചു സിലക്ട്കമ്മറിയിൽ പുതുക്കപ്പെട്ട പ്രകാരമുള്ള വ്യവസ്ഥയ്ക്കു ഗവണ്മെൻറ് യാതൊരു ഭേദഗതിയും പ്രയോഗിച്ചിട്ടില്ല എന്നും, ഒരു അനുമോദസ്ഥമെമ്പർ ആള്യ ബില്ലിലെ വ്യവസ്ഥയെ പുനഃസ്ഥാപിക്കുന്നതിനുള്ള ഒരു പ്രമേയം കൊണ്ടുവന്നിട്ടുണ്ട് എന്നും മാത്രം ഞാൻ പറയുകയായിരുന്നു.

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (നിയമിതമെമ്പർ, ഡപ്യൂട്ടി പ്രസിഡൻറ്): ഈ സംഗതിയിൽ ഗവണ്മെൻറിൻറെ നില അത്രേഷം നിഷ്പക്ഷമായ ഒന്ന് തന്നെയോ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഫെഡ് സക്കാർവക്കീൽ): എങ്കിൽ ... ...

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (നിയമിതമെമ്പർ, ഡിപ്യൂട്ടിപ്രസിഡൻറ്): ദയവുചെയ്തു 'എങ്കിൽ' പ്രയോഗിക്കുന്നതേയുള്ളൂ, പ്രത്യക്ഷമായ ഒരു രേഖപോലും ഞാൻ ആശ്രയിച്ചിട്ടില്ല.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഫെഡ്സക്കാർ വക്കീൽ): അതു പറയണമെങ്കിൽ, ഗവണ്മെൻറ് സിലക്ട്കമ്മറിയിൽ ഭേദപ്പെടുത്തപ്പെട്ട പ്രകാരമുള്ള വ്യവസ്ഥയെ അനുകൂലിക്കുന്നതായിരിക്കും.

മി: താമരപ്പള്ളിയിൽ കൊച്ചുതോമ്മൻ (പത്തനംതിട്ട): തിരുവല്ലാതാലൂക്കിൽ 2 ഉം പക്തിക്രമം ഉണ്ട്. ഈ 2 ഉം പക്തികളിലും തഹശീൽദാർക്ക് സഞ്ചരിക്കാൻ സാധിക്കുമോ?

(അപ്പോഴേക്ക മി: കയ്യാലംപരമേശ്വരൻപിള്ള വീണ്ടും ആസനസ്ഥനായി.)

മി: ആർ, കേശവപിള്ളയുടെ ഭേദഗതി അപ്പോൾ വോട്ടിനിട്ടു തള്ളപ്പെട്ടതായി പ്രസ്താവിക്കപ്പെടുകയും ചെയ്തു.

പ്രസിഡൻറ്: ഈ വാചകം, 2-മത്തെ വാചകം സംബന്ധിച്ചിടത്തോളം സിലക്ട് കമ്മറിയിൽ പുതുക്കപ്പെട്ടപ്രകാരമുള്ള ബിൽ അനുവദിക്കപ്പെട്ടതാണ്.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): എൻറെ ആള്യത്തെ ഭേദഗതി തള്ളപ്പെട്ടുപോയി; അതിനാൽ പിന്നീടുണ്ടാകുന്ന ഉപേക്ഷിക്കണമെന്നുള്ള പിന്നത്തെ എൻറെ ഭേദഗതി ഞാൻ പ്രയോഗിക്കുന്നില്ല.

സിലക്ട് കമ്മറിയാൽ പുതുക്കപ്പെട്ട പ്രകാരമുള്ള ബില്ലിലെ 2-മത്തെ വാചകം ബില്ലിൻറെ ഭാഗം ആയിരിക്കണം എന്നുള്ള പ്രശ്നം വോട്ടിനിടപ്പെടുകയും പാസ്സാക്കപ്പെടുകയുംചെയ്തു.

വാചകം ബില്ലിൽ ചേർക്കപ്പെട്ടു

ഒന്നാം ഖണ്ഡം.

പ്രസിഡൻറ്: ഒന്നാംവാചകത്തിനു രണ്ടു ഭേദഗതികളുണ്ട് ഒന്ന്, ഉപഖണ്ഡം (ഇ) ഉപേക്ഷിക്കുന്നതിനും മറ്റൊന്ന്, ഉപവ്യവസ്ഥ (ഉ)-ൽ "ഈ വകുപ്പുപ്രകാരം അധികാരമോ നൽകപ്പെട്ട ഏതൊരാളും" എന്നുള്ള വാക്കുകളും ഉപേക്ഷിക്കുന്നതിനും, നോട്ടീസ് തന്നിട്ടുണ്ട്. അല്ലേഹം ഇപ്പോൾ തൻറെ സ്ഥാനത്തുള്ള കാണപ്പെടുന്നില്ല. അതിനാൽ അല്ലേഹം തടസ്സം ഭേദഗതികളെ പ്രയോഗിക്കുന്നില്ല എന്നു എടുക്കേണ്ടിയിരിക്കുന്നു.

സിലക്ട്കമ്മറിയിൽ പുതുക്കപ്പെട്ട പ്രകാരമുള്ള ബില്ലിലെ ഒന്നാം ഖണ്ഡം ബില്ലിൻറെഭാഗം ആയിരിക്കണം എന്നാണ് പ്രശ്നം.

പ്രമേയം അനുവദിക്കപ്പെടുകയും വ്യവസ്ഥ ബില്ലിൽ ചേർക്കപ്പെടുകയും ചെയ്തു.

രണ്ടാം ഖണ്ഡം

പ്രസിഡൻറ്: സിലക്ട്കമ്മറിയിൽ പുതുക്കപ്പെട്ട പ്രകാരമുള്ള ബില്ലിലെ രണ്ടാംഖണ്ഡത്തിനു ഭേദഗതികളൊന്നും നോട്ടീസ് ഒന്നും കിട്ടീട്ടില്ലാത്തതിനാൽ സിലക്ട് കമ്മറിയാൽ പുതുക്കപ്പെട്ടപ്രകാരമുള്ള ബില്ലിലെ രണ്ടാം ഖണ്ഡം ബില്ലിൻറെഭാഗം ആയിരിക്കണം എന്നാണ് പ്രശ്നം.

പ്രമേയം അനുവദിക്കപ്പെടുകയും വ്യവസ്ഥ ബില്ലിൽ ചേർക്കപ്പെടുകയും ചെയ്തു.

മൂന്നാം ഖണ്ഡം.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): 3-ംഖണ്ഡത്തോടു താഴെചേർത്തിരിക്കുന്ന ക്ലീഷ്ടം ചേർക്കണം എന്നു ഞാൻ ഉൽക്ഷേപിച്ചുകൊള്ളുന്നു.

"(ഫ) ക്രോപിനാൽ ആവശ്യപ്പെട്ട അതേ സ്വഭാവത്തോടും വസ്തുവിനോടും ഗ്രേണത്തോടുംകൂടിയതായിട്ടും, താൻ ക്ഷ്യസാധനം വിൽക്കുന്നസമയത്തു, അതു അതേ സ്വഭാവമോ വസ്തുവോ, ഗ്രേണമോ ഉള്ളതല്ലായിരുന്നു എന്നു വിശ്വസിക്കാൻ കാരണമൊന്നുമില്ലാതിരിക്കുമ്പോഴല്ലാതെ അതേ സ്വഭാവത്തോടും വസ്തുവിനോടും ഗ്രേണത്തോടുംകൂടിയതാമിരുന്ന എന്നു രേഖയുടെ ഉറപ്പുകൊണ്ടിയും, ആ ക്ഷ്യസാധനം തന്നാൽ ക്രയം ചെയ്യപ്പെട്ടതാണെന്നും, താൻ അതിനെ ക്രയംചെയ്തു സ്ഥിതിയിൽതന്നെ, അതിനെ വിക്രയം ചെയ്യുംഎന്നും വിശ്വസിക്കാൻ തക്കതിക്കുന്നതായിരുന്നാൽ, അയാൾ ഈ വകുപ്പിൻപ്രകാരം ഒരു കുറ്റം ചെയ്തിട്ടുള്ളതായി ഗണിക്കപ്പെടാതേയിരിക്കുന്നപക്ഷം".

സിലക്ട് കമ്മറ്റിയിൽ പുതുക്കപ്പെട്ട പ്രകാരമുള്ള ഭേദഗതി ബന്ധം ക്ഷേത്രസംബന്ധമായ കാര്യങ്ങളിലും ക്ഷേത്രസംബന്ധമായ കാര്യങ്ങളിലും ശിക്ഷാർഹമാക്കുന്നതിനെ വ്യവസ്ഥചെയ്യുന്നുണ്ട്. ഇപ്പോൾ നമ്മുടെ മുമ്പിൽ സമർപ്പിക്കപ്പെട്ട സ്ഥിതിയിൽ ഈ വ്യവസ്ഥ സ്വീകരിക്കപ്പെടുന്നതിൽ, അപ്പോൾ ഒരു കുറ്റക്കാരൻ, കുറ്റബോധം അയാൾക്ക ഉണ്ടെങ്കിലും ഇല്ലെങ്കിലും, കുറ്റത്തിന ശിക്ഷാർഹനായിതീരുന്നതാണ്. ചില സന്ദർഭങ്ങളിൽ ഒരു ക്ഷേത്രസാധനവിച്ഛേദനക്കാരൻ അതു ചീത്തകാര്യമാണെന്നുള്ള ബോധത്തോടുകൂടി വിചാരിച്ചു എന്നു വരാവുന്നതാണ്, ചീത്തകാര്യമായ ക്ഷേത്രസാധനം വിൽക്കുന്നതിനുള്ള കുറ്റബോധമുള്ള മനസ്സ് അയാൾക്ക ഇല്ലാതെയിരുന്നേക്കാവുന്നതാണ് എന്നാണ് വാദം നടത്തുന്നത്. വിച്ഛേദനക്കാരനു ക്ഷേത്രസാധനം ചീത്തയാണെന്നുള്ള അറിവോടുകൂടി ചീത്തയാകാത്തതായ ക്ഷേത്രസാധനം വിൽക്കുന്നതിനുള്ള കുറ്റബോധമുള്ള മനസ്സ ഇല്ലാതെയിരിക്കെ, അയാൾ തനിക്ക കുറ്റബോധമുള്ള മനസ്സ് ഇല്ലാത്തതായ ഒരു കാര്യത്തിനു ശിക്ഷിക്കപ്പെട്ടുപോകുന്നതിനും കുറ്റസ്ഥാപനം ചെയ്യപ്പെടുന്നതിനും ശിക്ഷിക്കപ്പെടുന്നതിനും പാടില്ലാത്തതാണ്. എന്നാണ നിഷ്കർഷിക്കുന്നതിനുവേണ്ടി ഒരുമാതിരി ഹർജ്ജിക്കാരൻ പറയുന്നു. ഒരു വിച്ഛേദനക്കാരനു ക്ഷേത്രസംബന്ധം വാങ്ങിച്ചിട്ടുള്ളതു അതു ക്ഷേത്രയോഗ്യമാണോ അല്ലയോ എന്നുള്ള വിവരം അയാൾക്ക വിൽക്കാൻ പാടുള്ളതാണെന്നും ഉള്ള ധാരണയിൽ ആയിരിക്കാം. അങ്ങിനെയുള്ള ഒരു സ്ഥിതിയിൽ അതു ചീത്തയാണെന്നുള്ള അയാൾക്ക അറിവു ഇല്ലാത്തതിനാൽ, ആ ക്ഷേത്രസാധനം വിൽക്കുന്നതിനു അയാളെ കുറ്റക്കാരനാക്കുവാൻ പാടില്ല. ചീത്ത ആഹാരസാധനം വിൽക്കുന്നതിനുള്ള ഉദ്ദേശം അയാൾക്ക ഇല്ലായിരുന്നു. ഒരു മനുഷ്യനെ ഉദ്ദേശം പ്രമാണിച്ചാണ് അയാൾ ശിക്ഷാർഹനാക്കപ്പെടുന്നതു. ഒരാൾക്ക കുറ്റകരമായ ഉദ്ദേശമില്ലെങ്കിലും, അയാളെ ശിക്ഷിക്കുന്നതു എന്നിരുന്നാലും ന്യായമല്ല. സിലക്ട് കമ്മറ്റിയിൽ പുതുക്കപ്പെട്ടപ്രകാരമുള്ള ഭേദഗതി ബന്ധം സ്വീകരിക്കപ്പെടുന്നെങ്കിൽ, അപ്പോൾ, കുറ്റകരമായ ഉദ്ദേശം ഉണ്ടെങ്കിലും ഇല്ലെങ്കിലും, ഏതൊരാളും ശിക്ഷാർഹനായിതീരുന്നതാണ്. ഈ ക്ലിപ്തം ചേർക്കാൻ ഞാൻ ശ്രമിക്കുന്നതു കുറ്റാരോപണം ചെയ്യപ്പെട്ട ആൾ ഉത്തരവാദിയല്ലാത്ത കുറ്റങ്ങളെ ഒഴിവാക്കുന്നതിലേക്കാണ്. ഈ ക്ലിപ്തം ചേർക്കപ്പെടുന്നെങ്കിൽ, അപ്പോൾ ചീത്ത ക്ഷേത്രസാധനം, ചീത്തയാണെന്നു അറിഞ്ഞുകൊണ്ടു വിൽക്കുന്നതിനുള്ള ഉദ്ദേശമില്ലാത്ത ആളുകൾ ശിക്ഷയിൽനിന്നും വിടുവിക്കപ്പെടുന്നതായിരിക്കും. എന്റെ ഭേദഗതിയുടെ ഉദ്ദേശം അതാണ്.

മി: എ. ജി. മേനോൻ (പറവൂർ): ഞാൻ പ്രഥമേയത്തെ അനുകൂലിച്ചുകൊള്ളുന്നു. ക്ലിപ്തം നമ്മുടെ സ്വന്തമല്ലെന്നു ഞാൻ പറയാം. അതു ചൂടെ മദ്രാസ് ആളുകൾക്കിടയിൽനിന്നും എടുത്തിട്ടുള്ളതാണ്. ഈ ക്ലിപ്തം വിച്ഛേദനക്കാരനു പ്രയുക്ത ക്ഷേത്രസാധനം പ്രസിദ്ധമാക്കപ്പെട്ടതുപോലെ ഉള്ളതായിരുന്നു എന്നുള്ളതുംവും സംശയമെ ഇല്ലാതിരിക്കുന്ന സന്ദർഭങ്ങളുമായുമെ സ്പർശിക്കുന്നുള്ളു. അങ്ങിനെയുള്ള സന്ദർഭങ്ങളിൽ ഈ റെഗുലേഷനാൽ ചുമത്തപ്പെടുന്ന ശിക്ഷയിൽനിന്നും വിച്ഛേദനക്കാരൻ ഒഴിവാക്കപ്പെടുന്നതു ഉദ്ദേശിയായിതന്നെ ഇരിക്കും. വന്നു വന്നിൽ ഈ ഭേദഗതിയാൽ നിർദ്ദേശിക്കപ്പെടുന്ന ഇങ്ങിനെയുള്ള ഒരു സങ്കേതം കൂടാതെ, ഈ റെഗുലേഷൻ പൊതുജനങ്ങൾക്ക ഉപകാരമായിതീരുന്നതിനുപകരം നിരോധകമായ ഒരു നിയമ വ്യവസ്ഥയായിരിക്കും. നിർമ്മിതം നിയമപുസ്തകത്തിൽമാത്രം കണ്ടെഴുതപ്പെടുന്നവയും അധികമധികം പരമാർത്ഥത്തിൽ ദുഷ്പ്രചരിപ്പിക്കുന്നതുവയും ആയ ഇങ്ങിനെയുള്ള നിയമങ്ങളുടെ ഗതി ഇതിനും വന്നുഭവിക്കുന്നതായിരിക്കും. ഇതെപ്പറ്റി ഇതിലധികം വിസ്തരിച്ചുപറയുന്നതിനു വല്ല ആവശ്യവും ഉണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല, കാരണം ശിക്ഷയിൽനിന്നു ഒഴിവാക്കുന്നതിനു അനുവദിക്കാവുന്ന സന്ദർഭങ്ങളെ വ്യവസ്ഥചെയ്തതന്ന സ്പഷ്ടമായി വിവരിക്കുന്നുണ്ട്.

പ്രസിഡന്റ്: നിങ്ങൾ ഭേദഗതിക്ക എതിരാണോ?

മി: എ. ജി. മേനോൻ (പറവൂർ): അല്ല, ഞാൻ അതിനെ അനുകൂലിക്കുകയാണ്.

മി: പി. എസ്. മഹമ്മദ് (നിയമിക്കപ്പെട്ട മെംബർ): മി: കേശവപിള്ളയുടെ ഭേദഗതിയിലെ ആദ്യത്തെ ക്ലിപ്തത്തെ ഞാൻ അനുകൂലിക്കുന്നു.

പ്രസിഡന്റ്: ഈ ഭേദഗതി തീർന്നതിനുശേഷം നിങ്ങളുടെ ഭേദഗതി എടുത്തുകൊള്ളാം.

മി: പി: എസ്. മഹമ്മദ് (നിയമിക്കപ്പെട്ട മെംബർ): ഞാൻ അനുകൂലിക്കുന്നതു ഭേദഗതിയുടെ ആദ്യത്തെ ഭേദഗതിയാണ്.

തിരുവിതാംകൂറിലെ ക്ഷേത്രസാധനങ്ങളിൽ വിലപിടിച്ച പല സാധനങ്ങളും വരുത്തുന്നതു തിരുവിതാംകൂറിനടുത്തിയിൽനിന്നാണ്, ഇതു വഹിയ കമ്പനികളിൽനിന്നും കൊടുക്കുന്ന ഗാരന്റി അനുസരിച്ചു നല്ല സാധനങ്ങളാണെന്നുള്ള ബോധത്തോടുകൂടി അതിനെ വിശ്വസിച്ചുവാങ്ങിക്കയാണ ചെയ്യുന്നതു, അങ്ങനെ അയക്കുന്ന സാധനങ്ങളെ അവിടെവച്ചു കൊഴിക്കൽ എക്സാമിനറെകൊണ്ടു പരിശോധിച്ചു വരുത്തുന്നകാര്യം സാധ്യമല്ല. അങ്ങിനെ വരുത്തുന്ന സാധനങ്ങൾ നിർഭാഗ്യവശാൽ ചീത്തയാണെന്ന ഫൂഡ് ഇൻസ്പെക്ടർ കണ്ടുപിടിക്കയാണെങ്കിൽ അതിനെ കുറ്റക്കാരൻ വരുത്തിയ ആളാണ്. അയാളെ ശിക്ഷിക്കണം എന്നു പറയുന്നതു കഷ്ടമാണ്. യാതൊരുവിധത്തിലും കുറ്റം ചെയ്യണമെന്നു ഉദ്ദേശിക്കാത്ത ഒരുവനെ ശിക്ഷിക്കണം എന്നാണുദ്ദേശം ഒരിടത്തും ഉള്ളതായി അറിഞ്ഞിട്ടില്ല. അതിനാൽ ഏതു നിർദ്ദോഷിയായാലും ഈ വകുപ്പുപ്രകാരം ശിക്ഷിക്കണം എന്നു പറയുന്നതു ശരിയല്ല. ഗാരന്റി അനുസരിച്ചു വാങ്ങിക്കുന്ന സാധനങ്ങളും ചീത്തയാണെന്നു കാണുന്നപക്ഷം അതിനു ഞങ്ങളും ഉത്തരവാദിയല്ല എന്നു കോടതിക്കു തൃപ്തികരമായ വിധത്തിൽ ബോദ്ധ്യപ്പെടുത്തുന്നപക്ഷം—

മി: മാത്യൂമുതിക്കൻ (കൊച്ചക്കം): ഈ ഭേദഗതികൊണ്ടു അങ്ങിനെ എല്ലാവരേയും ശിക്ഷിക്കാൻ സാധിക്കുമോ?

മി: പി. എസ്. മഹമ്മദ് (നിയമിക്കപ്പെട്ട മെംബർ): എല്ലാവരേയും ശിക്ഷിക്കാൻ സാധിക്കും.

എന്നാൽ ഗാരന്റി ചോദിച്ചുവാങ്ങിക്കുന്ന സാധനങ്ങളെ നല്ലതാണെന്നുള്ള പൂർണ്ണവിശ്വാസത്തോടുകൂടിയാണ് അവയെ വാങ്ങിക്കുന്നതും വിൽക്കുന്നതും. അതുകൊണ്ടു അങ്ങിനെയുള്ള ഒരാളിനെ ചീത്ത സാധനം വിറ്റു എന്നകാരണത്തിൻപേരിൽ ശിക്ഷിക്കാൻ പാടുള്ളതല്ല. അതിനാൽ ഈ ഭേദഗതിയെ ഞാൻ അനുകൂലിക്കുന്നു.

ശ്രീമതി കെ. എ. കുട്ടിയമ്മക്കുട്ടി (നിയമിതാംഗം, ഡിപ്പാർട്ടിമെന്റൽ പ്രമോഷൻ കമ്മിറ്റി): ബഹുമാനപ്പെട്ട സ്പീക്കർ സാർ, ഈ ബില്ലിനെ ഞാൻ അനുകൂലിച്ചുകൊള്ളുന്നു. മനുഷ്യർക്ക് കേടുപാടുകൾ വരുത്താൻ കൊള്ളാവുന്ന കൃത്യസാധനങ്ങളെ പിടിച്ചെടുക്കുന്നതിനും അതുപയോഗിച്ചുള്ള അധികാരങ്ങളെക്കൊണ്ടു നിയമവ്യവസ്ഥ അധികൃതന്മാരെ സജ്ജീകരിക്കേണ്ടതുണ്ടെങ്കിലും, വെച്ചിരിക്കുന്നതായിട്ടുള്ള വസ്തുവകകളിൽനിന്നും പരമാർത്ഥത്തിൽ ഉദ്ദേശിച്ചിട്ടില്ലാത്തവരും നിരപരാധികളുമായ വ്യക്തികളെ ചതിക്കുകയെന്നുള്ള ദുഷ്ടബുദ്ധിയില്ലാത്തതുമായ ആളുകളുടെ കുറ്റവിധിക്കുന്നതിന് യാതൊരുപ്രയോജനവും ഭവിക്കുന്നില്ല. സർ, ഈ സങ്കടത്താൽ ഉദ്ദേശിച്ചിട്ടുള്ളതരം കൃത്യപദാർത്ഥങ്ങൾ വിദേശങ്ങളിൽനിന്നും നിരക്കുകടത്തിക്കൊണ്ടുവരപ്പെടുകയും തകരപ്പെട്ടിക്കുള്ളിലടയ്ക്കപ്പെട്ട കൃത്യപദാർത്ഥത്തെ മുഖ്യമായി സംബന്ധിക്കുന്ന ഏതെങ്കിലും ഇൻവോയ്സുകളോ മറ്റോ ഇല്ലാതെ ഈ നാട്ടിലെ ഏതെങ്കിലും കസ്റ്റംസ് ശാലകളിൽ സാധാരണമായി കൊടുക്കപ്പെടുന്നതരം കൃത്യപദാർത്ഥങ്ങളുടെ സംബന്ധിച്ചല്ലാതെ ഈ ബില്ലിൽ സംഭവിച്ചിട്ടില്ല. സംഭവിക്കുകയോ, പ്രാധാന്യമുള്ള അടുക്കളകളിൽ രേഖാമൂലമായ ഉറപ്പു എന്നതിന്റെ സംഗതി അതുപോലും ഉദ്ദേശിച്ചിട്ടുണ്ടെന്നുമല്ല. തിരുവനന്തപുരത്തോ അല്ലെങ്കിൽ കൊച്ചിയിലോ ഉള്ള ഏതെങ്കിലും ഇറക്കുമതിക്കച്ചവടക്കാരൻ യാതൊരു വ്യവസായക്കാരന്റെയും പക്കലുനിന്നും മനുഷ്യർക്ക് ക്ഷേമാർത്ഥമുണ്ടെന്നു വിചാരിക്കപ്പെടുന്ന പ്രത്യേകതരത്തിലുള്ള കൃത്യപദാർത്ഥത്തിനുവേണ്ടി ഏതെങ്കിലുമൊരു ഓർഡർ കിട്ടുകയും ചെയ്യുന്നു. കസ്റ്റംസിയാലി കൃത്യസാധന ഇൻസ്പെക്ടർ അതിനെ പരിശോധിച്ചുനോക്കുമ്പോൾ അതു മനുഷ്യർക്ക് ക്ഷേമാർത്ഥമല്ലെന്നു അഭിപ്രായം കാണുകയും അതിനെ പിടിച്ചു നശിപ്പിക്കുകയുംചെയ്യുന്നു. അതെപ്പറ്റി സംശയമില്ല, അതിനെ ഇറക്കുമതിചെയ്ത ആളിന്, തനിക്കു നഷ്ടപ്പെട്ട കൃത്യപദാർത്ഥത്തിനു വല്ല സുഖവും പ്രതിഫലമായി കിട്ടുന്നുമില്ല എന്നാൽ അയാൾ ഉണ്ടാക്കിയിരുന്നതിനേൽ വ്യാപാരം ചെയ്യുവരെ, എന്തിനു ശിക്ഷിക്കപ്പെടണം? ഇറക്കുമതിചെയ്യപ്പെട്ടുന്ന കൃത്യസാധനങ്ങളെ വസ്തുവകയിൽ വളരെപേക്ക് ആവശ്യമുള്ളപ്പോൾ, നാം അവയെ പൊതുജനങ്ങളിൽനിന്നും അപഹരിക്കണമോ? ബില്ലിലെ വ്യവസ്ഥകൾ ചുമത്തപ്പെടുന്ന ഉപാധികളും നഷ്ടങ്ങളും അനുസരിച്ചു പെട്ടിയിൽനിന്നും ആരാണ് കൃത്യസാധനങ്ങളെ ഇറക്കുമതിചെയ്യാൻ പോകുന്നത്? നമുക്കു പൊതുജനങ്ങളുടെ സാമാന്യബുദ്ധിയെ വിശ്വസിക്കേണ്ടിയിരിക്കുന്നു. ഏതെങ്കിലും കച്ചവടക്കാരൻ ചീത്തയുപയോഗിച്ചു ഇറക്കുമതിചെയ്യുന്നെങ്കിൽ, തൽഫലമായി അയാളിൽനിന്നു വാങ്ങുന്നവർ ഇല്ലാതെയാകും. അതുകൊണ്ട് എന്തിനു ക്രിമിനൽശിക്ഷയുംകൂടി കൊടുക്കണം? എല്ലാം പറയുമ്പോൾ ഭേദഗതിയിൽ ഇപ്പോൾചേർക്കുന്നതിനുദ്ദേശിക്കപ്പെട്ടിരിക്കുന്ന സങ്കേതം, കൃത്യസാധനം നിർദ്ദേശത്തിലൊ പരസ്യത്തിലൊ കൊടുത്തിട്ടുള്ള വർണ്ണനയോടു രേഖപ്പെടുത്തിയിരിക്കുന്നതാണ് എന്നും മനുഷ്യോപയോഗത്തിനു പൂർണ്ണമായി ക്ഷേമകരമായ പ്രത്യേക ഗുണത്തോടുകൂടിയിരിക്കുന്നതാണെന്നും കച്ചവടക്കാരനെ ഉറപ്പു ലഭിക്കുന്ന അത്യാവശ്യസന്ദർഭങ്ങളിൽ മാത്രമെ, ശിക്ഷയിൽനിന്നു ഒഴിവാക്കുന്നതിനു ശ്രമിക്കുന്നുള്ളൂ. അപ്രകാരമുള്ള സന്ദർഭങ്ങളിൽ അയാൾ എന്തിനു ഒരു മജിസ്ട്രേട്ടിന്റെ മുമ്പാകെ വലിച്ചുകൊണ്ടുപോകപ്പെടുകയും കുറ്റസ്ഥാപനം ചെയ്യപ്പെടുകയും ശിക്ഷിക്കപ്പെടുകയും വേണം? സർ, ബില്ലിലെ വ്യവസ്ഥയുടെ ഈ ഭാഗം, അപായമുള്ള കൃത്യസാധനം വിൽപ്പടുത്തുന്നതു സൂക്ഷിക്കുന്നതിനുള്ള അധികാരത്തിനു തെളിവാണെന്നു എനിക്കു തോന്നുന്നു. അതിനെ ഞാൻ നിശ്ചയമായിട്ടു വിലമതിക്കുന്നു. എന്നാൽ അതിലും അധികമായിട്ടു നമ്മുടെ ക്രിമിനൽ നിയമത്തിന്റെ സാധാരണ ആവശ്യങ്ങൾ പൂർണ്ണമായി നിർവ്വഹിക്കപ്പെടുകയും സംബന്ധിച്ച ആളിനു പൂർണ്ണമായ ഉത്തമവിശ്വാസം ഉണ്ടായിരിക്കയും ചെയ്യുന്നെങ്കിൽ മറ്റുദ്ദേശമായുള്ളതിനായിട്ട് യാതൊരു വ്യക്തിയുടെയും സ്വാതന്ത്ര്യത്തിനു തടസ്ഥംവരുത്തിക്കൂടാത്തതാണെന്നാണ് എന്റെ പക്ഷം. പിന്നെയും, വിസ്മരിക്കുന്ന മജിസ്ട്രേട്ടിനു ഉത്തമവിശ്വാസം എന്ന സംഗതി പരിശോധിക്കാൻ കഴിയുന്ന വസ്തുവത്തിന്റെ ഒരു വിഷയമാണ്. വ്യക്തിവേണ്ടുവോളം സൂക്ഷ്മതയും കരുതലും പുലർത്തിട്ടുണ്ടോ എന്നുള്ളതു വിസ്താരം നടത്തുന്ന മജിസ്ട്രേട്ട് അന്വേഷണം കഴിക്കുന്നുള്ള ഒരു സംഗതിയാണ്. മനുഷ്യപ്രകാരം ചെയ്യാൻ കഴിവുള്ളതെല്ലാം ചെയ്തിട്ടുണ്ടെന്നും അതു ഒരു വിദേശത്തിറക്കുമതി കച്ചവടക്കാരൻ പ്രയോജിച്ചിട്ടുള്ള ഒരു ജാലവിദ്യയാണെന്നും കാണപ്പെടുകയും കുറ്റാരോപണം ചെയ്യപ്പെട്ട ആളോടുകച്ചവടക്കാരൻ, കൃത്യപദാർത്ഥം ഇൻസ്പെക്ടർ ഇറക്കുമതി ചെയ്യപ്പെട്ട സാധനത്തെ പിടിച്ചുവച്ചതുനിമിത്തം പണനഷ്ടം സഹിക്കുകയും ചെയ്യുന്നെങ്കിൽ, ഇതിനെല്ലാറ്റിനും പുറമെ ഒരു നീതിന്യായക്കോടതിയിലെ കുറ്റസ്ഥാപനംകൂടി ചെയ്യുന്നതെന്തുപകരം, അതുതന്നെ മതിയായ ശിക്ഷയായിരിക്കുമെന്നു ഞാൻ വിചാരിക്കുന്നു. അതിനാൽ ഭേദഗതിയെ ഞാൻ അനുകൂലിക്കുന്നു.

പ്രസിഡന്റ്: ഇപ്പോൾ മണി 12 ആയിരിക്കുന്നു. ഇപ്പോൾ നാം പിരിഞ്ഞു, വീണ്ടും 1-30 നു കൂടാം.

സഭ ഉച്ചയ്ക്കുശേഷം 1 മണിക്കു പിരിയുകയും, വീണ്ടും 1-30 നു കൂടുകയും ചെയ്തു.

പ്രസിഡന്റ്: ഫറൂക്കു മുനിസിപ്പൽ ചെയർമാൻ തീയതി ചേർത്തലയിലും കഞ്ഞിക്കുഴിയിലും കൂടിയ പൊതുജനയോഗങ്ങളിൽ വച്ചുനടന്ന സംഭവങ്ങളെ സംബന്ധിച്ചു പോലീസിന്റെ നിലയും പ്രവൃത്തികളും എന്നുള്ള അടിയന്തിരമായ പൊതുപ്രാധാന്യമുള്ള ഒരു വിഷയത്തെ വിമർശനം ചെയ്യുന്നതിലേക്കു സഭയുടെ ജോലിനിത്തിവയ്ക്കുന്നതിന് അനുവാദം ചോദിക്കുന്നതായ മി. മുഹമ്മദലിൽ പാപ്പുപിള്ള കൊണ്ടുവന്നിട്ടുള്ള പ്രമേയം ക്രമാനുസൃതമാണോ അല്ലയോ എന്നുള്ളതിനെപ്പറ്റി എന്റെ തീർച്ച നൽകുന്നതിനു ഞാൻ മുമ്പുതന്നെ വ്യാഖ്യാനം ചെയ്തിട്ടുണ്ട്. അതു അനുവദിക്കപ്പെടേണ്ടതാണെന്നു ഞാൻ അഭിപ്രായപ്പെടുന്നു. പ്രമേയത്തെ വിമർശിക്കുന്നതിനു വല്ല മെമ്പറിനും വിരോധമുണ്ടോ എന്നറിയാൻ ഞാൻ ആഗ്രഹിക്കുന്നു.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരം-തെക്കുമങ്ങാട്ടു): അതിനു തീരെ വിരോധമില്ല.

പ്രസിഡന്റ്: മെമ്പർമാർക്ക് വിരോധമില്ലാത്തതിനാൽ, നാളെ ഉച്ചയ്ക്കുശേഷം 2-30 നു വിമർശനം നടത്താവുന്നതാണ്.

മി. കേശവപിള്ള, നിങ്ങളും സഭയുടെ ജോലി നിർത്തിവയ്ക്കുന്നതിനു അനുവാദം ചോദിക്കുന്നതായ ഒരു സ്റ്റേറ്റുമെന്റു തന്നിട്ടുണ്ട്. അതും ഈ വിഷയത്തെ തന്നെ സംബന്ധിക്കുന്നതാണ്. അതെ വാക്കുകളിൽ പ്രകാശിപ്പിക്കപ്പെട്ടിട്ടില്ലെങ്കിലും അതു വിഷയത്തോടു സംബന്ധമുള്ളതും ഏറെക്കുറെ അതിനോടു അടുപ്പമുള്ളതുമാണ്. മി. കേശവപിള്ളെ, നിങ്ങൾ അതിനെ നിർബന്ധിക്കുന്നുവോ?

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): സർ, ആദ്യത്തെ പ്രമേയം അനുവദിക്കപ്പെട്ടിരിക്കുന്നതിനാൽ, ഞാനതിനെ നിർബന്ധിക്കുന്നില്ല.

പ്രസിഡൻറ്: നാം ഭേദഗതിയെ ഖണ്ഡത്തിനു മി. കേശവപിള്ള കൊണ്ടുവന്നിട്ടുള്ള ഭേദഗതിയെപ്പറ്റി ആലോചിക്കുകയാണ്.

മി: ഇട്ടപ്പ് ഇട്ടിച്ചൻ (കുന്നത്തൂനാട്): മി. കേശവപിള്ളയുടെ ഭേദഗതിയെ ഞാൻ എല്ലാപ്രകാരവും അനുകൂലിക്കുന്നു. ഈ ഫുഡ് അഡൽറേറഷൻ ബില്ലിൻറെ ആദ്യത്തെവ്യവസ്ഥയിൽതന്നെ അതിനെ മുഴുവനും എല്ലാപ്രകാരവും ഞാൻ എതിർക്കുകയാണു ചെയ്തിട്ടുള്ളത്. ഇപ്പോൾ ഇങ്ങനെ ഒരു ബിൽ കൊണ്ടുവന്ന തിരുവിതാംകൂറിനെ ഇപ്രകാരം ഒരു നിയമം പാസാക്കണമോ എന്നുള്ള സംശയനിവാരണത്തിൻറെ മാധ്യമമായി ആലോചിക്കേണ്ടതാണ്. ഈ നാട്ടിലെ ഭക്ഷ്യസാധനങ്ങളിൽ കൂട്ടിക്കലർപ്പു ഉണ്ടായി, അതു നിമിത്തം ജനങ്ങൾക്കു ക്ഷേമകരമല്ലാത്ത വിധത്തിൽ വന്നിട്ടുണ്ടെന്നു എന്നുള്ള ഒരു അഭിപ്രായം ഗവണ്മെൻറിനു ഉണ്ടായിട്ടുണ്ടു് എന്നു ഞാൻ വിചാരിക്കുന്നില്ല. പക്ഷേ ചില സാധുക്കളും പാവപ്പെട്ടവരുമായ കച്ചവടക്കാരെ മുതലായവരെ നിസ്സാരമായ സംഗതികളിലുള്ള കുറ്റത്തെപ്രതി ഉദ്ദേശിച്ചു് ഗവണ്മെൻറ് ഇതുവഴിയായ ശക്തിമത്തായ ഒരു ബിൽ അവതരിപ്പിക്കുന്നു എങ്കിൽ, അതു പട്ടണങ്ങളിലും നാട്ടിൻപുറങ്ങളിലും ചില്ലറ ബഹളകരം ഉണ്ടാകുന്നതുകൊണ്ടു് അഭിലഷണീയമല്ലാതാക്കാൻ അവിടെ വഴിയുണ്ടാകുന്നതുപോലെയാണ്. പിന്നീടു ഈ ഭക്ഷ്യസാധനങ്ങളിൽ കൂട്ടിക്കലർപ്പു ഉത്തരവാദിത്തപ്പെട്ടതായ സംഗതി സാധാരണക്കാരായ ആളുകൾക്കു കണ്ടുപിടിക്കാൻതന്നെ സാധ്യമാകുമോ എന്നു തോന്നുന്നില്ല, ഉദാഹരണമായി, ഈ നാട്ടിൽ റംപ്ലാൻമുതലായ സ്ഥലങ്ങളിൽനിന്നും കപ്പൽവഴി അരി ഇവിടെ വരുന്നു. ഈ അരിവാങ്ങി ക്ലബ്ബുകാർ ധാരാളമായി ഉപയോഗിക്കുന്നു. ഈ അരിവച്ചാൽ ചോറിനു ദുർഗന്ധവും ഉണ്ടാകുന്നുള്ളതു് അതികഠിനമായ അനുഭവിച്ചിട്ടുള്ളവർക്ക് ധാരാളം അറിയാം. ഞാൻ അതു അനുഭവിച്ചിട്ടുള്ളതുകൊണ്ടു് എനിക്കും അറിയാം. ഇങ്ങനെ വാങ്ങിക്കൊണ്ടുവന്നവയ്ക്കുന്ന അരിക്കു ദുർഗന്ധമുണ്ടാക്കുന്നതു ക്ലബ്ബുകാരാണ് എന്നു വിചാരിക്കുവാൻപാടില്ല. അങ്ങനെയുള്ള ഭക്ഷ്യസാധനങ്ങൾ ദുഷിക്കുന്നതു ചീത്തയായതിനാൽ ഉപയോഗശൂന്യമാക്കിക്കളയുകയും ഈ നിയമംകൊണ്ടു് ഒരു കുറ്റക്കാരനായും തീരുന്നു. അതുപോലെ ആലപ്പുഴ മുതലായ സ്ഥലങ്ങളിൽ വർഷകാലത്തു മഴപെയ്തുണ്ടാകുന്ന അഭാവങ്ങൾ കഴിയുമ്പോൾ അതിന് ഒരു കയ്പും മറ്റുപലതരത്തിലുള്ള ദുസ്വാദുകളും ഉണ്ടാകുന്നുണ്ടു്. ഈ ദുസ്വാദിനെ ഓരോസ്ഥലങ്ങളിൽ ഓരോ പേരുപറഞ്ഞുവരുന്നു, എങ്കിലും ഞങ്ങളുടെ നാട്ടിൽ അതിനുകാരൽ എന്നാപേരുപറയുന്നു. ഇങ്ങനെയുള്ള സാധനങ്ങളെ ഫുഡ്ഇൻസ്പെക്ടർക്കു ഉപയോഗശൂന്യമാക്കിതീർക്കാൻ സാധിക്കുന്നതും, ആ ആളിനെകുറ്റക്കാരനാക്കി ശിക്ഷിക്കുന്നതിനും സാധിക്കുന്നതുമാണ്. അതുപോലെ പഴം മുതലായ സാധനങ്ങൾക്ക് അഭാവദിവസം കഴിഞ്ഞാൽ ഒരു ദുസ്വാദും വർണ്ണവ്യത്യാസവും വരുന്നതാണു്, ഇങ്ങനെയുള്ളവർണ്ണവ്യത്യാസത്തിനു ആരെങ്കിലും കുറ്റക്കാരനാക്കാൻ ഫുഡ് ഇൻസ്പെക്ടർ ഉദ്ദേശിക്കുന്നു എങ്കിൽ, സാധിക്കും. അതിനാൽ ഞാനഭിപ്രായപ്പെടുന്നു ഗവണ്മെൻറ് ഇതിനെപ്പറ്റി ഗൗരവമായി ആലോചിച്ചശേഷം ഇങ്ങനെ ഒരു നിയമം കൊണ്ടുവരേണ്ടതാണ്, ഈ വകഭക്ഷ്യസാധനങ്ങൾ ഉപയോഗശൂന്യമാണെന്നു ശരിയായികണ്ടുപിടിക്കുന്നതിനു ഉദ്യോഗസ്ഥന്മാരെ നിയമിച്ചശേഷമെ ഈ നിയമം പാസാക്കാൻ പാടുള്ളൂ, അങ്ങിനെ ഗവണ്മെൻറ് വിചാരിക്കുന്നില്ലെങ്കിൽ മേല്പറഞ്ഞ ആളുകളെപ്പോലെ ഉള്ളവരെ കുറ്റക്കാരാക്കുകയോ ശിക്ഷാർഹന്മാരാക്കുകയോ ചെയ്യത്തക്ക ഒരു നിയമം കൊണ്ടുവരാൻ പാടില്ലെന്നാണ് എൻറെ അഭിപ്രായം.

മി: പി. എസ്. മഹമ്മദ് (നിയമിക്കപ്പെട്ടമെമ്പർ): അങ്ങിനെയുള്ള ഉദ്യോഗസ്ഥന്മാർ ഉണ്ടായിട്ടുണ്ടു് എന്നറിയാമോ?

മി: ഇട്ടപ്പ് ഇട്ടിച്ചൻ (കുന്നത്തൂനാട്): ഉദ്യോഗസ്ഥന്മാർ പരിചയം ഇല്ലാത്തവരും അറിവില്ലാത്തവരും ആയതിനാൽ ആണ് ഈ നിയമം ദോഷകരമാകുമെന്നു ഞാൻ പറഞ്ഞതു്. അതുകൊണ്ടു് ഈ സംഗതി നല്ലവണ്ണം ചിന്തിച്ചശേഷം പാസാക്കേണ്ടതാണ്. മിസ്റ്റർ കേശവപിള്ളയുടെ ഭേദഗതിയെ ഞാൻ അനുകൂലിക്കുന്നു.

മി: കയ്യാലംപരമേശ്വരൻപിള്ള (അഡീഷണൽ മാഡ്സ്സർക്കാർവക്കീൽ); സർ, ഞാൻ ഭേദഗതിയെ എതിർക്കുന്നു. ഒരാളെ അയാൾക്കുകുറ്റംചെയ്യുന്നതിനുള്ള ഉദ്ദേശമുണ്ടായിരുന്നെങ്കിൽ മാത്രമെ, ഒരു ക്രിമിനൽ കോടതിശിക്ഷിക്കാൻ പാടുള്ളൂ എന്നു മിസ്റ്റർ കേശവപിള്ള തൻറെ ഭേദഗതിക്കു ആമുഖമാക്കീട്ടുള്ള തത്വത്തെ ഞാൻ വിലമതിക്കുന്നു. ഈ ചട്ടം വളരെ നല്ലതാണെന്നു തോന്നിയേക്കാമെങ്കിലും, അതിനു അനേകം വിപത്തുസങ്കടം ഉണ്ടു്. പൊതുജനക്ഷേമത്തെ പുരസ്കരിച്ചു, ആ ചട്ടത്തിൽനിന്നും വ്യതിചലിക്കുവാനുണ്ടു്, കാരണം, ഒരാൾക്കു യാതൊരു ഉദ്ദേശവും ഇല്ലാതെയിരിക്കാമെങ്കിലും; പൊതുജനക്ഷേമത്തെക്കരുതി അയാളെ ശിക്ഷിക്കേണ്ടിയിരിക്കുന്നു. ഉദാഹരണമായി വെണ്ണ, പാൽമുതലായവ പൊതുജനങ്ങൾക്കു വിൽക്കുന്നവർ വളരെ സൂക്ഷിക്കേണ്ടതാണ്, കാരണം ആയവ മറ്റുള്ളവരുടെ ആരോഗ്യത്തിനു ഹാനിവരുത്താനിടയുണ്ടു്. അങ്ങിനെയുള്ള ചുമതല ഏൽക്കുന്നവരിൽ നിന്നു തങ്ങളെ തന്നെ നിർദ്ദോഷികളാക്കുന്നതിനു് മാതൊരുസമാധാനവും സ്വീകരിക്കപ്പെടുവാനുമുള്ളതല്ല. 'ഞാൻ ചുമതലക്കാരനല്ല' എന്നും ചുമതലമറ്റൊരാളിലാണ് എന്നും അയാൾ പറയുന്നതിനു അനുവദിക്കപ്പെടുന്നതുമല്ല. സംശയപ്പെടാതെ, ഒരു കുറ്റംചെയ്യുന്നതിനു് ഒരാൾക്കു ഉദ്ദേശമില്ലായിരുന്നു എങ്കിൽ, സാധാരണയായി അയാളെ ശിക്ഷിക്കുന്നതാണെന്നു് ഏതു എനിക്കു ഗ്രഹിക്കാൻ കഴിയും. എന്നാൽ ഈ സംഗതിയിൽ വിപ്രതിപത്തിക്കാരൻ വഹുവത്തിൽ പൊതുരായവിയുടെ അഭിപ്രായസംബന്ധിച്ചാണ് പ്രവർത്തിക്കുന്നതു് എന്നും, വിശേഷാൽ, ഈ ക്ലിപ്പും സ്വീകരിക്കപ്പെട്ടെങ്കിൽ, അതു ഈ ബില്ലിൻറെ ഒരു ഉദ്ദേശത്തെ നിഷ്ഫലമാക്കുന്നതാണെന്നും ആലോചിക്കേണ്ടതാണെന്നു ഞാൻ സഭയോടു അപേക്ഷിക്കുന്നു. ഈ ബില്ലിൽ ചേർത്തിട്ടുള്ള ഒരു വ്യവസ്ഥ, ചായ, വെണ്ണ, പാൽ, നെയ്യ് മുതലായ ഏതുസാധനങ്ങൾക്കുള്ള സാധനങ്ങൾക്കും അവ പൊതുജനങ്ങൾക്കു വിൽക്കപ്പെടുന്നതെങ്കിൽ, ശുദ്ധിയുടെ ഒരു നിശ്ചിതമായ തോതു് ഉള്ളവയായിരിക്കണം എന്നുള്ളതാണ്. അല്ലാത്തപക്ഷം അവ തീരെ വിൽക്കപ്പെടരുതാത്തതാണ്. പൊതുജനക്ഷേമത്തെ ഉദ്ദേശിച്ചു, ഗവണ്മെൻറ് ഉത്തരവാദിത്വം ഏറെകൊണ്ടു് മനഃപൂർവ്വം ചെയ്യിപ്പാൻ യോഗ്യമായ ഒരു സാധനം, ശുദ്ധിയുടെ ഒരു നിശ്ചിതതോതുള്ളതായി സംരക്ഷിക്കപ്പെടേണ്ടതാണ് എന്നുപറയുന്നു. അങ്ങിനെയുള്ള ഒരു വ്യവസ്ഥ ഇതിൽ ഉണ്ടായിരിക്കുന്നിടത്തോളം, ഈ ഭേദഗതി പാസാക്കപ്പെടുന്നപക്ഷം, ആ വ്യവസ്ഥ ദുർബ്ബലമാക്കപ്പെടുന്നതായിരിക്കും എന്നാണ് എനിക്കുതോന്നുന്നതു്, കാരണം ഭേദഗതി താഴെപറയുന്നപ്രകാരമാണ്.

ക്രോതാവിനാൽ ആവശ്യപ്പെട്ട അതേസ്വഭാവത്തോടും വസ്തുവിനോടും ഗുണത്തോടും കൂടിയതായിട്ടും, താൻ ക്ഷ്യസാധനം വിൽക്കുന്നസമയത്തു അതു അതേ സ്വഭാവമോ, വസ്തുവോ, ഗുണമോ ഉള്ളതല്ലായിരുന്നു എന്നു വിശ്വസിക്കാൻ കാരണം ഇല്ലാതിരിക്കത്തവണ്ണം അതേ സ്വഭാവത്തോടും വസ്തുവിനോടും ഗുണത്തോടും കൂടിയതായിരുന്നു എന്നുരേഖാമൂലമായ ഉറപ്പുകൊടുക്കുകയും, ആ ക്ഷ്യസാധനം തന്നാൽക്രയംചെയ്യപ്പെട്ടതാണെങ്കിലും താൻ ക്രയം ചെയ്ത സ്ഥിതിയിൽ തന്നെ അതിനെ വിക്രയം ചെയ്തു എന്നും വിൽപനക്കാരൻ തെളിയിക്കുന്നതായിരുന്നാൽ, അയാൾ ഈ സെക്ഷൻപ്രകാരം ഒരു കുറ്റം ചെയ്തിട്ടില്ലെന്നായി ഗണിക്കപ്പെടാതെ ഇരിക്കുന്ന പക്ഷം''

അതിനാൽ ഞാൻപറയുന്നത് സാധനം ക്രോതാവു് ആവശ്യപ്പെട്ട സ്വഭാവത്തോടു വസ്തുവിനോടും ഗുണത്തോടും കൂടിയതാണ് എന്നുരേഖാമൂലമായ ഉറപ്പു് തന്റെപക്കൽ ഉണ്ടെന്നു വിൽപനക്കാരനു് എഴുതിത്തരുന്നതിൽ പറയാൻ കഴിയും എന്നുള്ളതിനാൽ, ഈ വാചകം, പാസാക്കപ്പെട്ടതുനിമിത്തം, ബില്ലിലെ വ്യവസ്ഥകൾ പ്രകാരമുള്ള എഴുത്തിൽ ഉൾപ്പെടുത്തപ്പെട്ടുപോകുന്നതാണ് എന്നതത്രേ.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): സാധനം പീഡ്തയാണെന്നു വിൽപനക്കാരൻ അറിയുന്നെങ്കിൽ, ഈ ക്ലിപ്പുകാരും തന്നെയും അയാൾ ശിക്ഷാർഹനാണ്.

മി: കയ്യാലംപരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സർക്കാർവക്കീൽ): അല്ല. ഭേദഗതിയിൽപറയുന്നതു പ്രായോഗികമായിട്ടാണ്. വിൽപനക്കാരനു തെളിയിക്കാനുള്ളതെന്തും സാധനം താൻ ആവശ്യപ്പെട്ട ഗുണത്തോടു യോജിക്കുന്നതാണ് എന്നമാത്രമാണ്.

മി: എ. എസ്. മുഹമ്മദൻഅബ്ദുൾ റഹ്മാൻ (മാവേലിക്കരയും-കായംകുളവും): അയാൾക്കതെളിയിക്കാൻ മതിയായ തെന്താണ് ഉള്ളതു്?

മി: കയ്യാലംപരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സർക്കാർവക്കീൽ): പ്രമാണോത്തരപ്രകാരമായ ക്രയം.

മി: എ. എസ്. മുഹമ്മദൻ അബ്ദുൾ റഹ്മാൻ (മാവേലിക്കരയും-കായംകുളവും): ഗുണത്തിൽ ക്രയവും ഉൾപ്പെട്ടതു എന്നു ഞാൻ വിചാരിക്കുന്നു.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സർക്കാർവക്കീൽ): അതുശരിപോലെ. എന്നാൽ ഈ വ്യവസ്ഥ ഇരിക്കുന്നപ്രകാരം സാധനം ക്രോതാവു് അവശ്യപ്പെട്ടസ്വഭാവവും വസ്തുവും ഗുണവും ഉള്ളതാണെന്നും, പ്രമാണോത്തരപ്രകാരമായ ക്രയവിസരക്ഷിക്കുന്നതിനു തനിക്കാവശ്യമില്ലെന്നും, പറഞ്ഞുകൊണ്ടു് വിൽപനക്കാരനു ചെക്കിനെ സമർത്ഥിപ്പിച്ചു വിൽപ്പനനടത്തുവാൻ കഴിയും. അന്നാന്തരം ഗുണമുള്ളസാധനം വാങ്ങിച്ചു, അതുതന്നെയാതൊരു ഗുണമുള്ളതായി വിൽക്കാൻ എനിക്കു പാടുള്ളതല്ല. ഭേദഗതി നിർബന്ധിക്കുന്നതു് ഈമാത്രമാണ്.

മി: എം. എസ്. മുഹമ്മദൻ അബ്ദുൾ റഹ്മാൻ (മാവേലിക്കരയും-കായംകുളവും): ഗുണത്തിൽ ക്രയവും അടങ്ങുന്നിലല്ലേ?

മി: കയ്യാലംപരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സർക്കാർവക്കീൽ): അങ്ങിനെആയിരിക്കാം. അല്ലെങ്കിൽ അങ്ങിനെ ആയിരിക്കയില്ല. ഈ വ്യവസ്ഥപ്രകാരം സാധനം അതു് ഇന്നപ്രകാരം ആണെന്നു വർണ്ണിച്ചിരിക്കുന്നവിധത്തിൽ ഉള്ള ഗുണം മാത്രം ഉള്ളതായിരിക്കാതെ ആവശ്യമുള്ള.

മി: എ. എസ്. മുഹമ്മദൻ അബ്ദുൾ റഹ്മാൻ (മാവേലിക്കരയും-കായംകുളവും): ക്രോതാവു് ആവശ്യപ്പെട്ടപ്രകാരം ഉള്ളതു്.

മി: കയ്യാലംപരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സർക്കാർവക്കീൽ): വല്ലതിനുംഗുണമുള്ളതു് അയാൾ ആവശ്യപ്പെടുകയോ, ആവശ്യപ്പെടാതിരിക്കയോ, ചെയ്യാം. മറ്റൊരുവ്യക്തിയാണെന്നുപറയുന്നതു് ഈ ക്ലിപ്പിന്റെ ഉദ്ദേശ്യം തീർച്ചപ്പെടുത്തി. പൊതുജനക്ഷേമത്തെ മുൻനിറുത്തിസാധനം ഒരു ക്ലിപ്പുമായതോടു് അനുസരിക്കുന്നതിനുള്ള ഭയം ഇതിയിൽ തഴ്ന്നതായിരിക്കേണ്ടതു് എന്നു പറയുന്നു.

മി: എ. ജി. മേനോൻ (പറവൂർ): ഭയമുണ്ടെന്നതോടു് അളക്കാൻ എങ്ങിനെ സാധിക്കും?

മി: കയ്യാലംപരമേശ്വരൻപിള്ള (അഡീഷണൽഹെഡ് സർക്കാർവക്കീൽ): സാധിക്കയില്ലെങ്കിൽ അളകുറ്റും പോരയാണ്. എന്നാൽ ഒരു ക്ലിപ്പുതോന്നിലുള്ള ഭയമിയെ വ്യവസ്ഥചെയ്യാം എന്നു ബില്ലിൽവിധിച്ചിട്ടുണ്ട്. ഈ ക്ലിപ്പും സ്വീകരിക്കപ്പെട്ടുന്നെങ്കിൽ, മുൻപറഞ്ഞ ഖണ്ഡത്തെ ഈ ക്ലിപ്പും ഇരിക്കുന്നിടത്തോളം എങ്ങിനെ ഉൾക്കൊള്ളിത്തിൽ കൊണ്ടുവരാൻസാധിക്കും? അളന്നതാണെന്നു് ഉദ്ദേശിക്കുന്ന സ്വഭാവത്തെയും വസ്തുവിനേയും ഗുണത്തെയും പറ്റിരേഖാമൂലമായ ഒരു ഉറപ്പിന്മേൽ ആണു താൻ ചരക്കിനെ കൈവശംവച്ചിരിക്കുന്നു് എന്നവിൽപനക്കാരനു പറയാം

മി: എം. താണുപിള്ള (തിരുവനന്തപുരം): ഈ സഭേതം ര-ംഖണ്ഡത്തിനേയും ഉപഖണ്ഡം ഫ (ഡി)യുടെ ഉദ്ദേശത്തെ വിഫലീകരിക്കുന്നു എന്നു മെമ്പർ പറയുന്നതായി ഞാൻ ഗ്രഹിക്കണമോ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽഹെഡ്സർക്കാർവക്കീൽ): അതെ.

മി: എ. ജി. മേനോൻ (പറവൂർ): മദ്രാസ് ആക്ടിൽ ഇങ്ങിനെയുള്ള വല്ല വ്യവസ്ഥയും ഉണ്ടോ?

മി: കയ്യാലംപരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സർക്കാർവക്കീൽ), മദ്രാസ് ആക്ടിൽ ഇല്ല അർത്ഥമുള്ള ഒരു വ്യവസ്ഥയുണ്ടു്, മറ്റനിയമസഭകളും ഏറെക്കുറെ ഇല്ലായ്മയായ വ്യവസ്ഥകൾ പാസാക്കിട്ടുണ്ടു്. നമ്മുടെ ബില്ലിലെ ചില വ്യവസ്ഥകൾ മദ്രാസ് ആക്ടു് പോലെയുള്ളതുമല്ല.

മി: എ. ജി. മേനോൻ (പറവൂർ): അവരും ഭയമിയുടെ തോതിനെ നിഷ്കർഷിക്കുന്നുണ്ടോ?

മി: കയ്യാലംപരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സർക്കാർവക്കീൽ). അതെ മദ്രാസിലും കൂടി, ഞാൻ അതു് ആലോചിച്ചു, ക്ലിപ്പും പ്രവർത്തനീയമല്ലെന്നു കണ്ടു. ബങ്കാളു നിയമസഭ ഈ ക്ലിപ്പും ഉപേക്ഷിച്ചു. ഈ ക്ലിപ്പും വിട്ടുകളഞ്ഞിട്ടുള്ള മറ്റു നിയമസഭകളും ഇതിലുണ്ടു്.

മി: എ. ജി. മേനോൻ (പറവൂർ): എനിക്കകൽക്കത്തായിൽ കുറെദിവസത്തെ പരിചയം ഉണ്ടായിട്ടുണ്ടു്. അവിടെവിൽക്കപ്പെടുന്ന സാധനങ്ങളുടെ ഗുണം അശേഷം തന്നെല്ലെന്നു് എനിക്കറിയാം.

മി: കയ്യാലംപരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സർക്കാർവക്കീൽ): എന്റെ സ്നേഹിതനു കൽക്കത്തായിൽ ഇരിച്ചു ചോദ്യത്തിനു ഞാൻ ഉത്തരവാദിയല്ല. ബങ്കാൾ നിയമസഭപോലും കളഞ്ഞിട്ടുള്ള, ഇങ്ങനെ

ഒരു വ്യവസ്ഥയുടെയുടെയുടെ

മി. എ. എസ്. മോമോഭരൻ ആശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): ഈ റെഗുലേഷനുമായി ബന്ധപ്പെട്ടുണ്ടാകുന്നതിനെ സംബന്ധിക്കുന്നിടത്തോളം, ഈ ജോലിക്കു മേലേൽപിക്കപ്പെടുന്ന ഉദ്യോഗസ്ഥന്മാർ ജനങ്ങൾക്കും രാജ്യത്തിനും ഗുണകരമായ വിധത്തിൽ തങ്ങളുടെ ജോലികളെ നിർവഹിക്കുമെന്നതു സംബന്ധിച്ച് നിശ്ചയം വരുന്നതുവരെ അടുത്തയോഗത്തിൽ അതു പ്രാവർത്തികമാക്കുകയില്ല എന്നു ഞാൻ ആശിക്കുന്നു. ഇവിടെ നാം കാണുന്നതുപോലെ ഒടുക്കത്തോളം ഗുണം ഉണ്ടെന്നു താൻ വിശ്വസിക്കുന്നതും നല്ലവണ്ണവും ചേർന്നതും ആയ ഒരു സായുധം വിൽക്കുന്നതിനു ഒരാൾ പ്രോസിക്യൂട്ട് ചെയ്യപ്പെടണം എന്നാണ്.

മി. കയ്യാലംപരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സക്കാർവക്കീൽ): അതു മതിയാകുന്നതു ഗുണമുള്ളതെന്നോ, അതോ ക്രോത്രവു ആവശ്യപ്പെട്ടതിനോടു തുല്യമായതുണം മാത്രം ഉള്ളതു എന്നോ ആണ് അങ്ങേഭാഗം പറയുന്നതു?

മി. എ. എസ്. മോമോഭരൻ ആശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): ഞാൻ ഉദ്ദേശിക്കുന്നതു ചട്ടങ്ങളിൽ നിർദ്ദേശിക്കപ്പെട്ടതോ, ക്രോത്രവു അതിനു ഉണ്ടെന്നു ഉദ്ദേശിക്കുന്നതോ അയഥാർത്ഥമോ, വിൽപനക്കാൻ അതിനു ഉണ്ടെന്നു വണ്ണിച്ചതായ ഗുണമോ, ആണ്. അതാണ് വേണ്ടിടത്തോളം ഗുണം എന്നു ഞാൻ അർത്ഥമാക്കുന്നതു.

മി. കയ്യാലംപരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സർക്കാർവക്കീൽ): ക്ലിപ്പും അതിനുവ്യവസ്ഥചെയ്യണമോ?

മി. എ. എസ്. മോമോഭരൻ ആശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും). വ്യവസ്ഥയുണ്ട്. സങ്കേതം വിൽക്കപ്പെടുന്നപക്ഷം അതിന്റെ സ്വഭാവത്തേയും വസ്തുവിനേയും ഗുണത്തേയും പറഞ്ഞ് വിൽപനക്കാരൻ ക്രോത്രവിനു (വാങ്ങിക്കുന്ന ആളിനു) കൊടുക്കുന്നപിഴവരണമെയുള്ളൂ. ഗുണത്തിൽ ഉള്ളതിനും ഉറപ്പുപ്പെടുന്നതാണ്. അവ രണ്ടും തമ്മിലുള്ള അതു സൂക്ഷ്മമായ വ്യത്യാസം നിശ്ചയിക്കാൻ എങ്ങനെ സാധിക്കും എന്നു എനിക്കുമനസ്സിലാകുന്നില്ല.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷൽ ഹെഡ് സക്കാർവക്കീൽ): 'എക്സ്' എന്ന ഗുണമുള്ളതേയിലമാത്രമെ വിൽക്കപ്പെടാവൂ എന്നു നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു എന്നും 'വൈ' എന്ന ഗുണമുള്ള തേയില അതു 'സെഡ്' എന്ന ഗുണമുള്ള തേയിലയാണെന്നുള്ള രേഖയിന്മേൽ വിൽക്കപ്പെടുന്നു എന്നും വിചാരിക്കാം, അയാൾ ശിക്ഷിക്കപ്പെടാമൊ?

മി.: എ. എസ്. മോമോഭരൻ ആശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): (ഡി) ഉപഖണ്ഡത്തിന്റെ ഉദ്ദേശം ഈ ക്ലിപ്പുകാൽ എങ്ങിനെ ഉർബലപ്പെടും എന്നു എനിക്കു അറിഞ്ഞുകൂടാ. ഈ ക്ലിപ്പും ഒഴിവാക്കുന്നതെല്ലാം വിൽക്കപ്പെടുന്നസാധനം ഒരു പ്രത്യേകസ്വഭാവമുള്ളതും നിർദ്ദിഷ്ടവസ്തുവും ചേർന്നതും നിർദ്ദിഷ്ട ഗുണമുള്ളതും ആണ് എന്നുള്ള ഉത്തമവിശ്വാസത്തിന്മേൽ വില്പനനടത്തുന്ന വില്പനക്കാരനായ ആൾ, താൻ അറിവില്ലായ്മയാൽ അങ്ങനെ ചെയ്തിട്ടുള്ളതുകൊണ്ടു താൻ ശിക്ഷിക്കപ്പെടരുതു എന്ന മാത്രമാണ്. ഈ രക്ഷാപഴുതും എല്ലാം വ്യവഹാരംചെയ്യുന്ന പരീക്ഷിക്കത്തക്ക വിടഗ്ധന്മാരാണ് ഈ കടക്കാർ എന്നു വിചാരിക്കാൻ പാടില്ല. രക്ഷ്യസാധനത്തിന്റെ നിർവചനം വളരെ വ്യാപകമാണ്. അതിനാൽ ക്രോത്രവു ആവശ്യപ്പെട്ട ഗുണമുള്ള രക്ഷ്യസാധനം വിൽക്കുന്നതിന് ഒരാളെ ശിക്ഷിക്കാൻ പാടില്ല. ഒരു വ്യക്തിയുടെ ഉദ്ദേശം കണ്ടുപിടിക്കുന്നതിൽ വളരെ വലുതായ വിഷമം ഉണ്ടെന്നു ഞാൻ സമ്മതിക്കുന്നു. നമ്മുടെ രാജ്യത്തിലെ നിയമം തന്നെ പറയുന്നതു ഒരു നിരപരാധിശിക്ഷിക്കപ്പെടുന്നതിനേക്കാൾ, ൻ അപരാധികൾ വിട്ടുവിക്കപ്പെടാം, എന്നതത്രെ. ഇവിടെ ആലോചിക്കേണ്ട സംഗതി വില്പനക്കാരന്റെ യല്ല ഉദ്ദേശവും ഉണ്ടോ എന്നും വില്പനക്കാരന്റെ പക്കൽ അങ്ങിനെ യാതൊരുദ്ദേശവും ഇല്ലെന്നു കണ്ടുപിടിക്കപ്പെടുന്നുണ്ടെങ്കിൽ, അയാളെ ശിക്ഷിക്കുന്നതു ന്യായമാണോ എന്നാണ്.

ഈ ക്ലിപ്പുകാരം തനിക്ക് ഉദ്ദേശം ഒന്നും ഉണ്ടായിരുന്നില്ല എന്നു തെളിയിക്കുന്നതിനുള്ള ഭാരം വില്പനക്കാരന്റെ മേൽ ചുമത്തുന്നു. എന്നാൽ മറ്റു സന്ദർഭങ്ങളിൽ ഉദ്ദേശം തെളിയിക്കേണ്ടതു പോലെയാണ്.

എന്നാൽ വാദം, രക്ഷ്യസാധന ഇൻസ്പെക്ടർക്ക് നാം വളരെ വിസ്തീർണ്ണമായ അധികാരങ്ങളും കൊടുക്കയും ആ അധികാരങ്ങളുടെ പ്രയോഗത്തിന്മേൽ മതിയായ നിയന്ത്രണം ഇല്ലാതിരിക്കയും ചെയ്യുമ്പോൾ, ഒരാൾ ഉത്തമവിശ്വാസത്തിന്മേൽ പ്രവർത്തിക്കുന്നതായാൽ ശിക്ഷിക്കപ്പെടരുതു എന്നു നിർദ്ദേശിക്കുന്നതു എപ്പോഴും അധികം ക്ഷേമകരമായിരിക്കും എന്നാണ്. അയാളുടെ സാധനങ്ങളും നശിപ്പിക്കപ്പെടുന്നു, ആളതന്നെ മതിയായ ശിക്ഷയാണ്; അതിനാൽതന്നെ വേണ്ടുവോളം നിരോധനമാണ്. അങ്ങിനെയുള്ള വില്പനകളിൽ നിന്നു ജനങ്ങളെ രക്ഷിക്കുന്നതിനാഗ്രഹിക്കുന്ന യാതൊരാൾ മനുഷ്യനും തന്റെ സാധനങ്ങളും രക്ഷ്യസാധനഇൻസ്പെക്ടർമാർ കണ്ടുപിടിക്കപ്പെടുന്നതിനും നശിപ്പിക്കപ്പെടുന്നതിനും ഉള്ള അവസരത്തിന് ഒരിക്കലും ഇടയാക്കുന്നതല്ല.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സക്കാർവക്കീൽ): എന്നാൽ ഇവ അസാധാരണ സന്ദർഭങ്ങളാണ്.

മി: എ. എസ്. മോമോഭരൻ ആശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): എന്നാൽ കലർപ്പു അല്ലെന്നുള്ള ഉത്തമവിശ്വാസത്തിന്മേൽ ചില സാധനങ്ങളെ വിൽക്കുന്ന ആളിനു അതു മതിയായ ശിക്ഷയല്ലേ? അയാൾക്ക് തന്റെ സാധനങ്ങളും നഷ്ടപ്പെടുന്നു. അതിനുംപുറമെ, അയാൾ ഒരു മജിസ്ട്രേട്ടിനാൽ വിസ്തരിക്കപ്പെട്ടു ശിക്ഷിക്കപ്പെടുന്നതു എന്തിന്? അതു മജിസ്ട്രേട്ടിന്റെ വിവേചനബുദ്ധിക്കു വിട്ടുകൊടുക്കുന്നതു വളരെ രക്ഷയായിരിക്കുമെന്നു ഞാൻ വിചാരിക്കുന്നില്ല.

മി: കയ്യാലംപരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സക്കാർവക്കീൽ): മെമ്പർ വീണ്ടും ആസനസ്ഥനാകുന്നതിനുമുമ്പായിട്ടു അദ്ദേഹത്തോടു ഒരു ചോദ്യം ചോദിക്കുന്നതിനു ഞാൻ ആഗ്രഹിക്കുന്നു. ഈ ക്ലിപ്പു കൂടാതെ സ്വീകരിക്കുന്നപക്ഷം, ഉപഖണ്ഡം (ഡി)-യുടെ ഉദ്ദേശം നിറവേറുന്നതായിരിക്കുമെന്ന് അദ്ദേഹം വിചാരിക്കുന്നുവൊ?

മി: എ. എസ്. മാമോദരൻ ആശാൻ (മാവേലിക്കരയും-കാഞ്ഞിക്കപ്പുള്ളിയും): അതു കോടതിക്കും വ്യാഖ്യാനിക്കേണ്ട ഒരു സംഗതിയാണ്, അതിനാൽ എന്റെ അഭിപ്രായം മാത്രം പറയാതെ എനിക്കു സാധിക്കയില്ല. ഉപഖണ്ഡം (ഡി)-യുടെ ഉദ്ദേശം വിഫലമാക്കപ്പെടുകയില്ലെന്നു ഞാൻ വിചാരിക്കുന്നു, എന്നാൽ അതു വിഫലീകരിക്കപ്പെട്ടുന്നുപക്ഷത്തെന്നെയും, അതു അതു സാരമായിരിക്കുമെന്നു ഞാൻ വിചാരിക്കുന്നില്ല, കാരണം, സംബന്ധിച്ച ആളിന്റെ സൗധങ്ങൾ നഷ്ടമാകയും വസ്തു നശിപ്പിക്കപ്പെടുകയും ചെയ്യുന്നു.

മി: വി. ചെല്ലംപിള്ള (തോമാള): ഒരു പാൽപ്പാട്ടിവരുന്നു. അതിൽ രണ്ടു എണ്ണം വിറ്റു. അതു നാല്പത്തിരണ്ടു എണ്ണം വാങ്ങിച്ചവക്ക് സുഖക്കേട് ഉണ്ടാകുന്നു, പിന്നീട് ഹൃഡ ഇൻസ്പക്ടർ കണ്ടുപിടിച്ചു ബാക്കിയുള്ള അഞ്ചു ടിൻ നശിപ്പിച്ചാൽ മതിയോ?

മി: എ. എസ്. മാമോദരൻ ആശാൻ (മാവേലിക്കരയും-കാഞ്ഞിക്കപ്പുള്ളിയും): അൻപതു വാങ്ങിച്ചതിൽ രണ്ടു വിറ്റുപോയിട്ടല്ല അതിനശേഷമാണല്ലൊ അതു ഉപയോഗിക്കാൻ കൊള്ളാത്തതാണെന്നു മനസ്സിലായതു്.

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (നിയമിതസഭാംഗം, ഡിപ്യൂട്ടിപ്രസിഡന്റ്): പലതരം കുറവുകളും വിചാരിച്ചിരിക്കുന്നതായ രണ്ടാം ഖണ്ഡത്തിലേക്കു മി. മാമോദരൻ ആശാന്റെ ശ്രദ്ധയെ ഞാൻ ക്ഷണിക്കട്ടെയൊ. അവയിലൊന്നു് ക്രോവു് അടുപ്പുകൂട്ടിയ സ്ഥലത്തിലൊ, വസ്തുവിലൊ, ഗൃഹത്തിലൊ, ഉള്ളതായിരിക്കാത്ത കെട്ടിടസൗധനം വിൽക്കുന്ന ആളിന്റെ സംഗതിയാണ്. ഇപ്പോൾ വിമർശനത്തിലിരിക്കുന്ന ക്ലിപ്തം ഉപഖണ്ഡം (ഡി)-യുടെ പരിധിയിൽ വരുന്നതാണ്.

മി: കുട്ടമ്പേരൂർ പരമേശ്വരൻപിള്ള (അഡ്വിഷണൽ ഹെഡ്സക്കാർവക്കിൽ): എന്നാൽ ഉപഖണ്ഡം (ഡി)-യുടെ അല്ല.

മി: എ. എസ്. മാമോദരൻ ആശാൻ (മാവേലിക്കരയും കാഞ്ഞിക്കപ്പുള്ളിയും); ഉപഖണ്ഡം (ഡി) ക്രോവിനു വില്പനക്കാരൻ കൊടുക്കുന്ന വിവരണത്തെ പ്രതിപാദിക്കുന്നു.

മി: എസ്. പിറവിപ്പുരമഠംപിള്ള (വാണിജ്യവും വ്യവസായവും, തൊക്ക്): മുമ്പു സംസാരിച്ച ആളും പറഞ്ഞിട്ടുള്ളതിനോടു ഞാൻ യോജിക്കുന്നു. ഈ ക്ലിപ്തം ചേർക്കുന്നതിനാൽ ഉപഖണ്ഡം (ഡി)-യുടെ ഉദ്ദേശം വിഫലമാക്കപ്പെടും എന്നു ബഹുമെംബർ ശങ്കിക്കുന്നു എന്തുകൊണ്ടാണെന്ന് എനിക്കു തീരെ മനസ്സിലാകുന്നില്ല. ഞാൻ തന്നെ ഉദാഹരണം പറയാം. ഹാരിസൺ കമ്പനിക്കാരിൽനിന്നു ഞാൻ കേക്കുകടം വാങ്ങുന്നു എന്നു വിചാരിക്കുക. കേക്ക് മദ്രാസിലെ ഭക്ഷ്യസാധനഇൻസ്പക്ടരാൽ പരിശോധിക്കപ്പെട്ട ഭക്ഷ്യം ഒന്നും ഇല്ലാത്തതാണെന്നു കാണപ്പെട്ടു. മദ്രാസിലെ ഭക്ഷ്യസാധന ഇൻസ്പക്ടരുടെ ഈ ഉറപ്പു പത്രത്തെ ചേർത്തു ഞാൻ ഹാരിസൺകമ്പനിക്കാരോടു അരഡസൺ കേക്കുകടം വാങ്ങി എന്നാൽ ഷാപ്പിൽ വിൽപ്പനക്കായി പ്രദർശിപ്പിക്കുന്നു. എന്നാൽ ഇവിടുത്തെ ഭക്ഷ്യസാധനഇൻസ്പക്ടരാൽ കേക്കുകടം നമ്മുടെ ഗവർണ്മെന്റിനാൽ നിർദ്ദേശിക്കപ്പെട്ട തേതിലുള്ളവയല്ലെന്നു കാണപ്പെടുകയും അവ നശിപ്പിക്കപ്പെടുകയും ചെയ്യുന്നു. ഞാൻ ചോദിക്കുന്നു് എന്തുകൊണ്ടു മദ്രാസിലെ ഭക്ഷ്യസാധന ഇൻസ്പക്ടരുടെ ഉറപ്പുപത്രമുണ്ടായിരുന്നിട്ടുകൂടി ഞാൻ ശിക്ഷാർഹനാക്കപ്പെടുന്നു് എന്തുകൊണ്ടാണ് എന്നതു. എല്ലാംപറയുമ്പോൾ, ഈ ഉറപ്പുപത്രം ഉപഖണ്ഡം (ഡി)-യുടെ ഉദ്ദേശത്തെ വല്ലവിധത്തിലും വിഫലീകരിക്കുമെന്നു ഞാൻ വിചാരിക്കുന്നില്ല.

വേറൊരുദാഹരണം പറയണമെങ്കിൽ, ഒരു മോട്ടാർഡ്രൈവർ ശരിയായ അധികാരസ്ഥാനത്തുനിന്നു് ഒരു ലൈസൻസുവാങ്ങുകയും ഞാൻ അയാളെ ജോലിക്കു നിയമിക്കുകയും ചെയ്യുന്നു എന്നു വിചാരിക്കാം. ഡ്രൈവർ ഒരു മതിലിന്മേൽ വണ്ടി മുട്ടിക്കയും ഒരു ആളിന്റെ മീതേക്കൂടി ഓടിക്കയും ചെയ്യുന്നു എന്നുംകൂടി വിചാരിക്കാം. അതിനു ഞാൻ എന്തുകൊണ്ടാണ് ശിക്ഷാർഹനായിത്തീരേണ്ടതു്.

മി: എൽ. എ. ബിഷപ്പ് (പോലീസ്കമ്മീഷണർ): മതിൽ ക്ഷ്യപദാർത്ഥമാകണം എന്നു മെംബർ പറയുമോ?

പ്രസിഡന്റ്: നാം വിഷയത്തിൽനിന്നും വളരെ ദൂരത്തു സഞ്ചരിക്കയാണ്. മി. പിറവിപ്പെരുമാൾപിള്ള, ക്ഷ്യപദാർത്ഥ കലർപ്പിനെപ്പറ്റിമാത്രം നമുക്ക് ആലോചിക്കാം. മോട്ടാർകാറുകളെയും ബസ്സുകളെ മതിലിന്മേൽ മുട്ടിക്കയും ആളുകളുടെ പുറത്തുകൂടി ഓടിക്കയും ചെയ്യുന്ന ഡ്രൈവർമാരേയും പേടിയില്ല.

മി: എസ്. പിറവിപ്പെരുമാൾപിള്ള (വാണിജ്യവും വ്യവസായവും, തൊക്ക്): സർ, പിഴയും ഞാൻ ഹാരിസൺ കമ്പനിക്കായിൽനിന്ന് അരഡസൻകേക്കു വാങ്ങി സോഡാ അവ ഭക്ഷ്യമില്ലാത്തവയാണെന്നുള്ള ഉറപ്പു പത്രത്തോടുകൂടി, വാങ്ങിച്ചു എന്നു വിചാരിക്കാം. പിന്നീട് അവ ഗവർണ്മെന്റിനാൽ നിർദ്ദേശിക്കപ്പെട്ട ഗുണത്തോടുകൂടിയവ അല്ല എന്നു കാണപ്പെടുന്നെങ്കിൽ, അതിനു ഞാൻ എന്തിനു ശിക്ഷാർഹനായിത്തീരണമെന്നു് എനിക്കു മനസ്സിലാകുന്നില്ല.

ഈ ഭേദഗതി തിരസ്കരിക്കയോ സ്വീകരിക്കപ്പെടാവുന്നതാണെന്നു ഞാൻ വിചാരിക്കുന്നു.

ഡാക്ടർ. കെ. രാമൻനമ്പി (ഇൻസ്പക്ടിംഗ് മെഡിക്കലോഫീസർ): മി: പിറവിപ്പെരുമാൾപിള്ള ഏതാനും ഉദാഹരണങ്ങൾ എടുത്തു പറഞ്ഞു. എന്നാൽ ഞാൻ ചോദിക്കുന്നു് വില സഹായമുള്ളതുകൊണ്ടു മാത്രം ഷാപ്പുകാരൻ ചീത്തയാണെന്നുള്ള അറിവോടുകൂടി ചീത്ത സാധനങ്ങളെ വാങ്ങിക്കുന്നതിനു ഒരവസരമുണ്ടാകയില്ല എന്നാണ്. അവരെ അങ്ങിനെയുള്ള പ്രവൃത്തിയിൽ നിന്നു, അവർ ശിക്ഷിക്കപ്പെട്ടെങ്കിലല്ലാതെ, എങ്ങിനെ നിരോധിക്കാൻ കഴിയും എന്നാണ്.

മി: എസ്. പിറവിപ്പെരുമാൾപിള്ള (വാണിജ്യവും വ്യവസായവും, തൊക്ക്): സർ, ആ സംഗതിയെപ്പറ്റി പഠനകയാണെങ്കിൽ ഭേദഗതി സ്വീകാര്യമാണെന്നു ഞാൻ വിശ്വസിക്കുന്നു. ഞാൻ ഭേദഗതിയെ വായിക്കാം. അതിൽ പറയുന്നതു ഇപ്രകാരമാണ്:—

"ക്രോവിനാൽ ആവശ്യപ്പെട്ട അതേ സ്വഭാവത്തോടും വസ്തുവിനോടും ഗുണത്തോടും കൂടിയതായിട്ടും, താൻ ഭക്ഷ്യസാധ്യം വിൽക്കുന്ന സമയത്തു്, അതു അതേ സ്വഭാവമോ, വസ്തുവൊ, ഗുണമൊ ഉള്ളതു അല്ലായിരുന്നു എന്നു വിശ്വസിക്കാൻ കാരണമില്ലാതിരിക്കത്തക്കവണ്ണം അതേ സ്വഭാവത്തോടും വസ്തുവിനോടും ഗുണത്തോടും കൂടിയതായിരുന്നു എന്നു ബോധമുണ്ടായ ഉറപ്പോടുകൂടിയും ആ ഭക്ഷ്യസാധ്യം തെ

ന്നാൽ ക്രയം ചെയ്യപ്പെട്ടതാണെന്നും, താൻ അതിനെ ക്രയം ചെയ്ത സ്ഥിതിയിൽ തന്നെ അതിനെ വിക്രയം ചെയ്തു എന്നും, വില്പനക്കാരൻ തെളിയിക്കുന്നതായിരുന്നാൽ, അയാൾ ഈ വകുപ്പിൻകീഴിലുള്ള ഒരു കുറ്റം ചെയ്തിട്ടുള്ളതായി വിധിക്കപ്പെടാതെ ഇരിക്കുന്ന പക്ഷം''.

ഭിന്നിപ്പായിട്ടും വേറെ ഒരു ക്ലൂപ്പിൽ നിന്നും അതു നല്ലതാണെന്നുള്ള ഉറപ്പു പത്രത്തോട് ക്ലിപ് വാങ്ങിച്ചിട്ടുള്ള ഒരു സാധനത്തെപ്പറ്റിയാണ് ഞാൻ പറയുന്നത്.

മി: കയ്യാലം പരമേശ്വരൻ പിള്ള (അഡീഷണൽ ഫൊഡ് സക്കാർ വക്കീൽ): ഉറപ്പുപത്രം സാധനം നല്ലതാണെന്നു പറയുന്നുണ്ടോ? ഉറപ്പുപത്രം പറയുന്നത് സാധനം ക്രേതാവ് ആവശ്യപ്പെട്ട സ്വഭാവത്തിലും, വസ്തുവിലും, ഗുണത്തിലും, ഉള്ളതാണെന്നു മാത്രമാണ്.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): ഈ ക്ലൂപ്പുകാരും ശിക്ഷയിൽ കിന്നു ഒഴിയുന്നതിന് താൻ വിറ്റ ചരക്ക് ക്രേതാവ് ആവശ്യപ്പെട്ട സ്വഭാവത്തിലും വസ്തുവിലും ഗുണത്തിലും തന്നെ ഉള്ളതായിരുന്നു എന്നു മാത്രം വില്പനക്കാരൻ തെളിയിച്ചാൽ മതിയാകും, തന്റെ ഉത്തമവിശ്വാസത്തെ തെളിയിക്കേണ്ട ആവശ്യം ഇല്ല. എന്നുള്ളതാണ്. ഈ ക്ലൂപ്പത്തിനെതിരായി ഓരോ മെമ്പർ കൊണ്ടു വന്നിട്ടുള്ള ബലമായ വാദം. എന്നാൽ വില്പനക്കാരൻ കൂടി തന്റെ ഉത്തമവിശ്വാസത്തെ തെളിയിക്കേണ്ടതാണ് എന്ന ക്ലൂപ്പത്തിന്റെ ഉത്തരോത്തര നിന്നും സ്പഷ്ടമാകുന്നതാണ്. അതിൽ കാണുന്നു. ''അതു വിറ്റ സമയത്തു ഭക്ഷ്യസാധനം അങ്ങിനെയുള്ള സ്വഭാവത്തിലും വസ്തുവിലും ഗുണത്തിലും അല്ലായിരുന്നു എന്നു വിശ്വസിക്കുന്നതിനു അയാൾക്കു ന്യായമില്ലായിരുന്നു എന്നും, താൻ അതു വാങ്ങിച്ച സ്ഥിതിയിൽ തന്നെ അതിനെ വിറ്റു എന്നും'' എന്നാണ്. അതിനാൽ വില്പനക്കാരൻ, താൻ സാധനം വിറ്റ സമയത്തു തനിക്കു ഉത്തമമായ ആനന്ദം ഉണ്ടായിരുന്നു എന്നും, അതു ക്രേതാവു ആവശ്യപ്പെട്ട സ്വഭാവത്തിലും വസ്തുവിലും ഗുണത്തിലും ഉള്ളതായിരുന്നു എന്നും വില്പനക്കാരൻ തെളിയിക്കേണ്ടതാണ്.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഫൊഡ് സക്കാർ വക്കീൽ): എന്നാൽ ക്ലൂപ്പിയുടെ കാതിൽ ഉള്ളതല്ല.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): ക്ലിപ്പും ക്ലൂപ്പിയുടെ തോതിനെപ്പറ്റി പറയുന്നില്ല. വില്പനക്കാരൻ തന്റെ ഉത്തമവിശ്വാസത്തെ തെളിയിക്കുന്നതിനു ബാധ്യസ്ഥപ്പെട്ടതാണ്. അയാൾ തന്റെ ഉത്തമവിശ്വാസത്തെ തെളിയിക്കുന്നില്ലെങ്കിൽ, ശിക്ഷാർഹനാണ്.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഫൊഡ് സക്കാർ വക്കീൽ): എന്തിനെപ്പറ്റിയുള്ള ഉത്തമവിശ്വാസമാണ്?

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): ക്രേതാവു് ആവശ്യപ്പെട്ട ഭക്ഷ്യസാധനസ്വഭാവത്തെപ്പറ്റിയുള്ളതു്.

മി: എ. തങ്കപിള്ള (തിരുവനന്തപുരം): ചീത്ത സാധനം വാങ്ങിക്കുന്നതു കൊറ്റമാണോ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഫൊഡ് സക്കാർ വക്കീൽ): അല്ല.

മി: എ. എസ്സ്. മാമ്മോദരൻ ആശാൻ (മറവേലിക്കരയും കാർത്തികപ്പള്ളിയും): ഭാഗം ഖണ്ഡം തന്നെയും വസ്തുവിന്റെ സ്വഭാവത്തെപ്പറ്റിമാത്രം പറയുന്ന എന്നുള്ളതാണ് ക്ലൂപ്പിയുടെ തോതിനെപ്പറ്റിയല്ല എന്നു സൂക്ഷ്മമല്ലേ? ആ വ്യവസ്ഥയോടുകൂടിയാണ് ക്ലൂപ്പം ഖണ്ഡിപ്പിക്കപ്പെട്ടിരിക്കുന്നതു്.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഫൊഡ് സക്കാർ വക്കീൽ): ഞാൻ ഇപ്പോൾ സഭയെ അഭിവാദിക്കുന്നതിനായി പുറപ്പെടുന്നതു് ആ ഖണ്ഡത്തിൽ ചില മെമ്പർമാർക്ക് വന്നിട്ടുള്ള തെറ്റിദ്ധാരണകളെ ദൂരീകരിക്കുന്നതിനു മാത്രമാണ്, വിഷയത്തെപ്പറ്റി ഞാൻ അല്പം സംസാരിച്ച അവസരത്തിൽ ഞാൻ പറഞ്ഞതു് അവർ ശരിയായി ഗ്രഹിച്ചിട്ടില്ല.

രണ്ടാം ഖണ്ഡം അനുകൂലം ശിക്ഷാർഹന്മാരായി തീരുന്ന കുറ്റങ്ങളെ നിർദ്ദേശിക്കുന്നു. ഉപഖണ്ഡം (എ) ക്രേതാവു ആവശ്യപ്പെട്ട സ്വഭാവത്തിലും വസ്തുവിലും ഗുണത്തിലും അല്ലാത്ത ഭക്ഷ്യസാധനം വിൽക്കുന്ന ആളിന്റെ സംഗതി വ്യവഹരിക്കുന്നു. ഉപഖണ്ഡം (ബി) ഉണ്ടാക്കുന്നതോ, ശുദ്ധിക്കപ്പെടുത്തുന്നതോ, ആയ സ്വഭാവമോ, വസ്തുവോ, ഗുണമോ, ഇല്ലാത്ത വല്ല ഭക്ഷ്യപദാർത്ഥത്തെയും നിർമ്മിക്കുകയോ, സംഭരിക്കുകയോ, വിൽപനയ്ക്കായി കൊട്ടുക്കുകയോ, പ്രദർശിപ്പിക്കുകയോ, ചെയ്യുന്ന ആളിനെപ്പറ്റി പറയുന്നു. ഉപഖണ്ഡം (സി) വല്ല ഭക്ഷ്യസാധനത്തിൽ നിന്നും അതിന്റെ സ്വഭാവത്തെയോ വസ്തുവിനെയോ ഗുണത്തെയോ കെടുക്കത്തക്കവണ്ണം അതിന്റെ വിപഭ്രംശം ചെയ്യപ്പെട്ട സ്ഥിതിയിൽ മാറ്റത്തെപ്പറ്റി അറിയിപ്പു കൊടുക്കാതെ അതു വിൽക്കപ്പെടണം എന്നുള്ള ആനന്തരത്തോടുകൂടി, അതിൽ ഏതെങ്കിലും ഭാഗം അപഹരിക്കുന്ന ആളിനെ സംബന്ധിക്കുന്നു.

ഉപഖണ്ഡങ്ങൾ (എ) യും (ബി)–യും ഭക്ഷ്യസാധനത്തിന്റെ ഗുണത്തെപ്പറ്റിയുള്ള ദുർബോധനത്തെ സംബന്ധിക്കുന്നു. ഉപഖണ്ഡം (സി)യും ഏതാണ്ടുമുകളിൽ ദുർബോധനത്തെ സംബന്ധിക്കുന്നു, കാരണം ഉപയോഗിക്കുന്ന ആളിനു ഉപകാരപ്രദമാകത്തക്കവണ്ണം ഭക്ഷ്യസാധനം മാറ്റപ്പെട്ടതെങ്കിൽ, അങ്ങിനെയുള്ള മാറ്റത്തെപ്പറ്റി അയാൾ അറിയിപ്പു കൊടുത്തേക്കേണ്ടിയിരിക്കുന്നു. എന്നാൽ ഉപഖണ്ഡം (ഡി) താഴെ പറയുന്നപ്രകാരമാണ്.

''(ഡി) പാലോ, പാലാടയോ, വെണ്ണയോ, നെയ്യോ, തൈരോ, മോരോ, ചീനയോ, തേയിലയോ നമ്മുടെ ഗവണ്മെന്റിനാൽ നിർദ്ദേശിക്കപ്പെട്ട ക്ലൂപ്പിയുടെ തോതു വല്ലതും ഉണ്ടെങ്കിൽ അതിൽ അല്ലാതെയുള്ള മറ്റു വല്ല സാധനമോ, അങ്ങിനെയുള്ള ക്ലൂപ്പിയുടെ തോതു അപ്രകാരം നിർദ്ദേശിക്കപ്പെട്ടിട്ടില്ല വല്ല സാധനങ്ങളോ അങ്ങിനെയുള്ള ഭക്ഷ്യസാധനത്തിന്റെ പേരിനോടു വല്ല വിധത്തിലും സാദൃശ്യമുള്ള പേരിൽ നിർമ്മിക്കുകയോ, സംഭരിക്കുകയോ, വില്പനയ്ക്കു കൊട്ടുക്കുകയോ, പ്രദർശിപ്പിക്കുകയോ, വിളിച്ചു കൊണ്ടു നടക്കുകയോ, വിൽക്കുകയോ... .....''.

അതിനാൽ ഈ ഉപവ്യവസ്ഥപ്രകാരം തേയില, കാപ്പി തുടങ്ങിയവ 'ഫ്ലക്സ്' എന്ന ഗുണമുള്ളതായിരിക്കണമെന്നും, ആ ഗുണത്തിൽ താഴെ ആതിനെ വിറ്റു കൂടാ എന്നും, ആരെങ്കിലും ഗവണ്മെന്റിനാൽ നിർദ്ദേശിക്കപ്പെട്ട ഗുണത്തിൽ താഴെയുള്ള ഗുണത്തോടുകൂടിയ ഈ സാധനങ്ങളെ വിൽക്കുന്നെങ്കിൽ, അയാളുടെ ആനന്ദ

നത്തേതെയോ ഉത്തമവിശ്വാസത്തോടെയോ പറഞ്ഞു ചോദിക്കുന്നതു, അയാൾ ശിക്ഷിക്കപ്പെടാവുന്നതാണ് എന്ന ഗവണ്മെന്റിനു വ്യവസ്ഥയുണ്ടാക്കാം.

റാവു ബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (നിയമിതാംഗങ്ങൾ, ഡിപ്പ്യൂട്ടിപ്രസിഡന്റ്): ഉപഖണ്ഡം (ഡി) യിൽ വിവരിച്ചിരിക്കുന്ന സംഗതികൾക്കു ശ്രമിയുടെ തോതു നിശ്ചയിക്കാനാണോ ഉദ്ദേശിക്കുന്നതു എന്നു മെമ്പർ എന്നോടു പറയുമോ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷനൽ ഫൊഡ്സക്കാർവക്കീൽ): അല്ല. ആ ഉപഖണ്ഡം സാധനത്തിന്റെ സ്വഭാവവും വസ്തുവും ഗുണവും ക്രോഡീകരിച്ചു ശ്രമിച്ചുപ്പെട്ട വിധത്തിലല്ലായിരിക്കുന്ന കക്ഷ്യസാധനങ്ങളുടെ വില്പനയെപ്പറ്റി മാത്രം പ്രതിപാദിക്കുന്നതല്ലാതെ ഗവണ്മെന്റിനാൽ നിർദ്ദേശിക്കപ്പെട്ട ശ്രമിയുടെ തോതിനെപ്പറ്റി പറയുന്നില്ല.

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (നിയമിതാംഗമെമ്പർ, ഡിപ്പ്യൂട്ടിപ്രസിഡന്റ്): അപ്പോൾ വിമർശനത്തിലിരിക്കുന്ന ക്ലിപ്തം ആ ഉപഖണ്ഡത്തിനെ ഒരു ക്ലിപ്തമായി ചേർക്കണമെന്നതാണ്. അതു സ്വഭാവത്തിൽ ഉപഖണ്ഡം (ഡി) യോടു യോജിക്കുന്നതാണ്.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷനൽ ഫൊഡ്സക്കാർവക്കീൽ): അതു വാസ്തവത്തിൽ അങ്ങനെയായിരുന്നുകിൽ അതിന്റെ ന്യായം എനിക്കു നല്ലപോലെ മനസ്സിലാക്കാൻകഴിയുന്നതാണു എന്നാൽ ക്ലിപ്തം മുഴുവനും ആ ഖണ്ഡത്തോടാണു ബന്ധിപ്പിച്ചിരിക്കുന്നതു. അല്ലാതെ ഉപഖണ്ഡം (ഡി)യോടുമാത്രം അല്ല.

മി. എ. എസ്. മാരോഴരനാശാൻ (മാവേലിക്കരയും കാഞ്ഞിരപ്പള്ളിയും): ഭാഗഖണ്ഡത്തിൽ പറഞ്ഞിരിക്കുന്നതു് കുറാരോപണം ചെയ്യപ്പെട്ട ആൾ താൻതന്നെ വിറ്റതോ നിഷ്കർഷിച്ചതോ സംഭരിച്ചതോ വില്പനക്കു കൊടുക്കയോ പ്രദർശിപ്പിക്കയോ വിളിച്ചുകൊണ്ടുനടക്കയോ ചെയ്തിട്ടുള്ളതോ അയ കക്ഷ്യസാധനത്തിന്റെ സ്വഭാവത്തേയോ വസ്തുവിനേയോ ഗുണത്തേയോ പറ്റി അജ്ഞനായിരുന്നുവെന്നോ ക്രോഡീകരിച്ചു പരിശോധനയ്ക്കായി മാത്രം കക്ഷ്യസാധനം വാങ്ങിച്ചു എന്നോ ഉഡീകരിച്ചു പറയുകമാത്രം, ചെയ്യുന്നതു തക്ക സമാധാനം ആയിരിക്കയില്ല എന്നാണ്.

അതാണ് ആ ഖണ്ഡത്തിൽ പറഞ്ഞിരിക്കുന്നതു്. ഇപ്പോൾ പ്രയോഗിച്ചിട്ടുള്ള ക്ലിപ്തഖണ്ഡത്തിന്റെവാചകത്തിൽ കൂടിഞ്ഞുപോകാൻ പാടില്ല.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷനൽ ഫൊഡ്സക്കാർവക്കീൽ): ഭാഗഖണ്ഡം ശ്രമിയുടെതോതുകളെ നിർണ്ണയിക്കുന്നതിനു ഗവണ്മെന്റിനു അധികാരം കൊടുക്കുന്നു. ആ തോതിനു താഴെയായിട്ടു ആരെങ്കിലും സാധനങ്ങളെ വിൽക്കുന്നെങ്കിൽ അയാൾ ശിക്ഷിക്കപ്പെടാവുന്നതാണ്. ക്ലിപ്തപ്രകാരം സാധനങ്ങൾ വിൽക്കുന്നയാളിനു് ആ അങ്ങനെയുള്ള സ്വഭാവത്തിലും വസ്തുവിലും ഗുണത്തിലും ഉള്ളതല്ലായിരുന്നു എന്നു വിശ്വസിക്കാൻ കാരണമില്ലാതേയിരിക്കയും, അയാൾ അതിനെ താൻ വാങ്ങിച്ച സ്ഥിതിയിൽതന്നെ വിൽക്കുകയും ചെയ്തുകിൽ, അയാൾ ശിക്ഷയിൽനിന്നു ഒഴിവാകുന്നതാണ്. ഇങ്ങനെ സാധനം അതേസ്വഭാവത്തിലൊ വസ്തുവിലൊ ഗുണത്തിലൊ ഉള്ളതല്ലായിരുന്നു എന്നു താൻ വിശ്വസിച്ചില്ലെങ്കിൽ അയാൾ ശിക്ഷയിൽനിന്നു ഒഴിവാക്കപ്പെടും. ഭാഗഖണ്ഡപ്രകാരം ഒരു സാധനം 'ഫ്ലക്സ്' എന്ന ഗുണമുള്ളതായിരിക്കണമെന്നു ഗവണ്മെന്റു നിർദ്ദേശിക്കയും ആരെങ്കിലും അതേസാധനം 'തേവ്' എന്ന ഗുണമുള്ളതായി വിൽക്കയും ചെയ്യുന്നുകിൽ അയാൾ ശിക്ഷിക്കപ്പെടുന്നതാണ്. ഗുണത്തെപ്പറ്റി തനിക്കു ഒരിക്കലും അറിവു് ഇല്ലായിരുന്നുവെന്നു വിചാരിക്കാമെന്നു പറയുന്നുകിൽ അതു തക്ക സമാധാനമായിരിക്കയും ഇല്ല.

മി: എ. എസ്. മാരോഴരനാശാൻ (മാവേലിക്കരയും കാഞ്ഞിരപ്പള്ളിയും): ഭാഗഖണ്ഡം ശ്രമിയുടെതോതിനു യോജിക്കുന്നതാണോ എന്നു മെമ്പർ എന്നോടു പറയുമോ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷനൽ ഫൊഡ്സക്കാർവക്കീൽ): അതെ.

മി: എം. എസ്. മാരോഴരനാശാൻ (മാവേലിക്കരയും കാഞ്ഞിരപ്പള്ളിയും): ഖണ്ഡത്തിൽ ഉപയോഗിച്ചിട്ടുള്ള വാക്കുകൾ എന്താണ്?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷനൽ ഫൊഡ്സക്കാർവക്കീൽ): ഭാഗഖണ്ഡത്തിൽ താഴെ പറഞ്ഞിരിക്കുന്നപ്രകാരം കാണുന്നു.

മുൻപറഞ്ഞിട്ടുള്ളതിൽ ഒടുവിലത്തെ ഖണ്ഡപ്രകാരമുള്ള ഒരു കുറത്തിനായി ഉള്ള വല്ല പ്രോസിക്യൂഷനിലും കുറാരോപണം ചെയ്യപ്പെട്ട ആൾ താൻ വിറ്റതോ നിഷ്കർഷിച്ചതോ സംഭരിച്ചതോ വില്പനക്കു കൊടുത്തതോ പ്രദർശിപ്പിച്ചതോ വിളിച്ചുകൊണ്ടുനടന്നതോ ആയ കക്ഷ്യപദാർത്ഥത്തിന്റെ സ്വഭാവത്തേയോ വസ്തുവിനേയോ ഗുണത്തേയോ പറ്റി തനിക്കു അറിവില്ലായിരുന്നു എന്നോ ക്രോഡീകരിച്ചു പരിശോധനക്കായിട്ടുമാത്രം കക്ഷ്യസാധനം വാങ്ങിച്ചുള്ളു എന്നു ഉഡീകരിച്ചു പറയുകമാത്രം ചെയ്യുന്നതു തക്ക സമാധാനം ആയിരിക്കുകയില്ല.

ഈ ക്ലിപ്തം സ്വീകരിക്കപ്പെടുന്നെങ്കിൽ അപ്പോൾ ഭാഗഖണ്ഡത്തിന്റെ ഉപഖണ്ഡം (ഡി) യിൽ വ്യവസ്ഥപ്പെടുത്തിട്ടുള്ള ചട്ടത്തെ നിർബന്ധിക്കാൻ ഗവണ്മെന്റിനു സാധിക്കുകയില്ല. ഈ ഉപഖണ്ഡപ്രകാരം ശ്രമിയുടെ ഒരു തോതു നിശ്ചയിക്കാൻ ഗവണ്മെന്റിനു അധികാരമുണ്ട്. ഈ ക്ലിപ്തം സ്വീകരിക്കപ്പെടുന്നെങ്കിൽ ചട്ടത്തെ നിർബന്ധിക്കാൻ ഗവണ്മെന്റിനു സാധിക്കുകയില്ല. സാധനത്തിന്റെ ശ്രമിയെപ്പറ്റി ഭേദപ്പെടുത്തേണ്ട ഉദ്ദേശമായിരുന്ന വിഭാഗത്തെ ആലോചിക്കാതെ ഉപഖണ്ഡം (ഡി)പ്രകാരം അയാൾ ശിക്ഷിക്കപ്പെടാൻ കഴിവുള്ളതാണ്. ഈ ക്ലിപ്തപ്രകാരം സാധനത്തിന്റെ വില്പനക്കാരൻ താൻ അതു വാങ്ങിച്ചപ്പോൾ അതിനു ഉണ്ടായിരുന്ന ഗുണം ഉള്ളതായി അതിനെ വില്പനചെയ്താൽ അപ്പോൾ അയാൾ ഒഴിവാക്കപ്പെടും.

മി: എ. എസ്. മാരോഴരനാശാൻ (മാവേലിക്കരയും കാഞ്ഞിരപ്പള്ളിയും): അപ്പോൾ ഇൻസ്പെക്ടർക്കു സാധനത്തെ തടഞ്ഞുവെപ്പിക്കാൻ കഴിയും.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷനൽ ഫൊഡ സക്കാർവക്കീൽ): അതു കാര്യം തന്നെയാണ് എന്നാൽ വില്പനക്കാരൻ ശിക്ഷിക്കപ്പെടാൻ പാടില്ല. അയാൾ ശ്രമിയുടെ നിർദ്ദിഷ്ടതോതിനു താഴെയുള്ളതായ സാധനങ്ങളെ വിൽക്കുന്നെങ്കിൽ വില്പനക്കാരൻ ശിക്ഷിക്കപ്പെടണം എന്നാണു ഞങ്ങൾ ആവശ്യപ്പെടുന്നതു്.

ഈ ക്ലിപ്തപ്രകാരം വില്പനക്കാരൻ ഒരു സാധനത്തെ അതു ക്രോതാവു ആവശ്യപ്പെട്ടതായ സ്വഭാവത്തിലോ വ
സ്തുവിലൊ ഗുണത്തിലോ ഉള്ളതാണെന്നുള്ള ഉത്തമവിശ്വാസത്തിന്മേൽ വില്പനക്കായി പ്രലോഭിപ്പിക്കുന്നെങ്കിൽ
അയാൾ ശിക്ഷിക്കപ്പെടാൻ പാടില്ല. അതിനാൽ ഞാൻ പറയുന്നതു ഈ ക്ലിപ്തം സ്വീകരിക്കപ്പെടുന്നെങ്കിൽ
ഉപക്ലിപ്തം (ഡി) യുടെ വ്യവഛേകം വിഫലീകരിക്കപ്പെടും എന്നാണ്. ഏതെങ്കിലും ഒരു കുറത്തിനുള്ള
ശിക്ഷ കുറിനമാണ് എന്നു മെമ്പർ പറയുന്നതു എതിർക്കുവാൻ കഴിയും. അതു വിവേചനയുടെ ഒരുസം
ഗതിയാണ്. ഒരാൾക്കു പരമോത്കൃഷ്ടമായ കുറകരമായ ഒരു ആന്തരം ഉല്ലാതെ ഇരിക്കുന്നെങ്കിൽ ഒരു മനുഷ്യ
നെ ശിക്ഷാർഹനാക്കുന്നതു കഷ്ടമാണെന്നൊ അയാൾ മനഃപൂർവമായി കുറക്കാരൻ അല്ലെങ്കിൽ അയാൾശി
ക്കിക്കപ്പെടരുതു് എന്നൊ സഭ വിചാരിക്കാം. നേരെമറിച്ചു അയാൾ ശിക്ഷിക്കപ്പെടണം എന്നു ഞാൻവി
ചാരിക്കാം, എന്നാൽ എനിക്കു ഗ്രഹിക്കാൻ കഴിയാത്തതു ബില്ലിന്റെ മുഖ്യഉദ്ദേശത്തെ അതേഷം വിഫലമാ
ക്കുന്നതായ ഒരു ക്ലിപ്തംബില്ലിൽ ചേർക്കപ്പെടണം എന്നുള്ളതാണ്.

മി. എ. താണുപിള്ള (തിരുവനന്തപുരം): ക-ാംഖണ്ഡം (ക) (ii)-യിൽ ഉള്ള വ്യവസ്ഥനിമിത്തം ഉപഖണ്ഡം (ഡി)-യിൽ നിർദ്ദേശിച്ചിട്ടുള്ള ശ്രമിയുടെ ഭോതിൽ ഉൾപ്പെടാത്ത ഒരു സാധനത്തെ വല്ല ആളും വി
ല്പനയ്ക്കുന്നതു ന്യായമായിരിക്കുമോ?

മി: കുഞ്ഞാലം പരമേശ്വരൻപിള്ള (അഡീഷനൽ ഫൈഡ്സക്കാർവക്കീൽ): അയാൾക്കു ന്യായമായിരി
ക്കയില്ല,

മി: ആർ. വൈദ്യലിംഗം പിള്ള (കോഓപ്പറേറ്റീവ് സംഘങ്ങളുടെ രജിസ്ട്രാർ): ഉപഖണ്ഡം (എ) എല്ലാസാധനങ്ങൾക്കും ചേരുന്നതാണൊ?

മി: കുഞ്ഞാലം പരമേശ്വരൻപിള്ള (അഡീഷനൽ ഫൈഡ്സക്കാർവക്കീൽ): അതെ, അതു എല്ലാസാ
ധനങ്ങൾക്കും ചേരുന്നതാണ്.

ഉപഖണ്ഡം (ഡി) ശ്രമിയുടെ തോതുകൾ നിർണ്ണയിക്കപ്പെട്ടതായ സാധനങ്ങളെ സംബന്ധിക്കുന്നതാണ്. അതിനാൽ ക്ലിപ്തം ബില്ലിന്റെ ഒരു പ്രധാന ഉദ്ദേശത്തെ വിഫലമാക്കുന്നതാണ്.

പ്രസിഡന്റ്: ഭേദഗതി ഇപ്പോൾ വോട്ടിനിടുവാൻ പാടുള്ളതാണ്.

ഭേദഗതി വോട്ടിനു ഇടപ്പെട്ടു. കണക്കു പേർ ഭേദഗതിയെ അനുകൂലിക്കുകയും പേർ പ്രതികൂലിക്കുകയും ചെയ്തു. ഭേദഗതി തള്ളപ്പെട്ടു.

മി. പി. എസ്. മഹമ്മദ് (നിയമിക്കപ്പെട്ട മെംബർ) ഞാൻ ഒരു പോരായ്മ ആവശ്യപ്പെടുന്നു.

താഴെ കാണിച്ചിരിക്കുന്ന വഴക്കത്തോടുകൂടി ഒരു പോരായ്മ എടുക്കപ്പെട്ടു.

അനുകൂലിച്ചുവർ കണക്കു.

കണക്കു	മി. എ. എസ്. ഓടാപ്പോരൻ ആശാൻ	വണക്കു	മി. വി. എസ്. കുഞ്ഞുപിള്ള
കഖ	,, ഇ. ജി. മേനോൻ	നണക്കു	,, കുഞ്ഞുകുഞ്ഞിതങ്കമ്മൻ
കഗ	,, ഇട്ടപ്പു ഈപ്പൻ	കഡണക്കു	,, ടി. സി. കുറിയാക്കോസ്
കങ	,, ഡി. സി. ജോസഫ്	കകണക്കു	,, പി. എസ്. മഹമ്മദ്
കച	,, ആർ. കേശവപിള്ള	കഛണക്കു	,, ഷേക്ക് ബി. മഹമ്മദ് രാവുത്തർ
കഞ	,, ടി. സി. കേശവപിള്ള	കടണക്കു	,, കെ. പി. നീലകണ്ഠപ്പിള്ള
കട	,, താമരപ്പള്ളിൽ കൊച്ചുതൊമ്മൻ	കഠണക്കു	,, മുറവേലിൽ പാച്ചുപിള്ള
		കഡണക്കു	,, എസ്. പിറവിപ്പെരുമാൾപിള്ള

പ്രതികൂലിച്ചുവർ വൻ,

കണ	മി. എൽ. എ. ബിഷപ്പ്	കന്നു	,, പി. ചെല്ലപ്പപിള്ള
കഖ	,, ഐ. സി. ചാക്കോ	കഒണ	മിസ്സസ്. എലിസബെത് കുരുവിള
കഗ	,, ആർ. ധനകോടിപ്പിള്ള	കഢണ	മി. ഡി. പ്രാൻസിസ്
കങ	,, കെ. ജാർജ്ജ്	കൻണ	,, കെ. എൻ. കേശവൻ നംപൂതിരിപ്പാട്
കച	,, പി. ഗോമതിനായകംപിള്ള	വാണ	,, എൻ. കെ. കുഞ്ഞുപിള്ള
കഞ	,, പി. എൻ. കുഞ്ഞുപിള്ള	വകണ	,, കെ. മാധവൻപിള്ള
കട	റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള	നകണ	,, മാത്തു മുരിക്കൻ
കഠ	മി. ടി. കെ. മാധവൻനായർ	വണ	,, ജി. പി. നീലകണ്ഠപ്പിള്ള
കൻ	,, ഇ. ജി. മാക്കോട്ടെപ്പൻ	വകണ	,, കെ. പത്മനാഭപിള്ള
കാണ	,, ആർ. നീലകണ്ഠപ്പിള്ള	വങണ	,, കെ. ജി. പരമേശ്വരൻപിള്ള
കകണ	,, കുഞ്ഞാലം പരമേശ്വരൻപിള്ള	വനണ	,, എൽ. ആർ. രാജരാജവർമ്മ കോയിത്തമ്പുരാൻ
കഛണ	ഡാക്ടർ കെ. രാമൻനമ്പി		[സുമാർ
കടണ	മി. എസ്. സി. എച്ച്. റാബിൻസൺ	വടണ	,, ആർ. രാമൻപിള്ള
കഠണ	,, ആർ. വൈദ്യലിംഗംപിള്ള	വഡണ	,, രേവതിനാൾ രാമവർമ്മരാജാ
കഡണ	,, രജ. എസ്. പ്ലെസ്റ്റെഡ്യെയിൽ	വൻണ	,, എ. താണുപിള്ള

നിഷ്പക്ഷതനിലക്കാർ വണ.

കണ	മി. കെ. സി. കരുണാകരൻ
	റാവുബഹദൂർ കെ. എ. കുഞ്ഞഅയ്യങ്കാർ

മി: പി. എസ്. മഹമ്മദ് (നിയമിക്കപ്പെട്ട മെംബർ): എന്റെ ഭേദഗതി ഞാൻ പ്രയോഗിക്കുന്നില്ല.

താഴെ പറയുന്ന ഭേദഗതി പ്രയോഗിക്കപ്പെട്ടില്ല:—

മി: പി. എസ്. മഹമ്മദ് (നിയമിക്കപ്പെട്ട മെംബർ): (ക) ക്രോതാവിനാൽ ആവശ്യപ്പെട്ട അതേ സ്വഭാവത്തോടും, വസ്തുവിനോടും, ഗുണത്തോടും, ക്ലിയതായിട്ടും താൻ ഭക്ഷ്യസാധനം വില്കുന്നസമയത്തു് അതു അതേസ്വഭാവമും, വസ്തുവൊ ഗുണമൊ, ഉള്ളതല്ലായിരുന്നു എന്നു വിശ്വസിക്കാൻ കാരണമില്ലാതിരിക്കു
ഞ്ഞുവണ്ണം അതേ സ്വഭാവത്തോടും വസ്തുവിനോടും ഗുണത്തോടും, ക്ലിയതായിരുന്നു എന്നു രേഖാമൂലമായ
ഉറപ്പോടുകൂടിയും ആ ഭക്ഷ്യസാധനം തന്നാൽ ക്രയം ചെയ്യപ്പെട്ടതാണെന്നും, താൻ അതിനെ ക്രയം ചെയ്യുന്നതി

തിയിൽതന്നെ അതിനെ വിക്രയം ചെയ്യുന്നും വില്പനക്കാരൻ തെളിഞ്ഞിരിക്കുന്നതായിരുന്നാൽ, അയാൾ ഈ വകുപ്പിൻപ്രകാരം ഒരു കുറ്റം ചെയ്തതായി ഗണിക്കപ്പെടാതെയിരിക്കുന്നതുമല്ലാ''

(ഡ) കുറ്റാരോപണം ചെയ്യപ്പെട്ട ആൾ നിർദ്ദോഷിയാണെന്ന് കണക്കാക്കപ്പെടുകയും ആ കാരണത്താൽ വിട്ടയക്കപ്പെടുകയും, എന്നാൽ വിസ്താരത്തിലിരിക്കുന്ന സാധനങ്ങൾ ഈ റെഗുലേഷനിലെ വ്യവസ്ഥകളാലൊ ഈ റെഗുലേഷൻപ്രകാരം ഉണ്ടാക്കപ്പെട്ട ചട്ടങ്ങളിലെ വ്യവസ്ഥകളാലൊ ഉപയോഗയോഗ്യമല്ലെന്നു കണക്കാക്കപ്പെടുകയും ചെയ്യുന്നപക്ഷം, വകുപ്പ് ൧൫ (൨) പ്രകാരം കോടതിക്ക് ആ സാധനങ്ങളെ വിനിയോഗിക്കാവുന്നതാണ്.

പ്രസിഡൻറ്: ൪-ാം ഖണ്ഡം ബില്ലിൻെറ ഭാഗമായിരിക്കണമെന്നാണ് പ്രശ്നം.

പ്രമേയം പാസാക്കപ്പെടുകയും ഖണ്ഡം ബില്ലിൽ ചേർക്കപ്പെടുകയും ചെയ്തു.

൫-ാം ഖണ്ഡം.

പ്രസിഡൻറ്: ഈ ഖണ്ഡത്തിനു ഭേദഗതികൾ ഒന്നും ഇല്ല. ൫-ാംഖണ്ഡം ബില്ലിൻെറ ഭാഗം ആയിരിക്കണം എന്നാണ് പ്രശ്നം. പ്രമേയം പാസാക്കപ്പെടുകയും ബില്ലിൽ ഖണ്ഡം ചേർക്കപ്പെടുകയുംചെയ്തു.

൬-ാം ഖണ്ഡം.

പ്രസിഡൻറ്: ഈ ഖണ്ഡത്തിനു ഭേദഗതികൾ ഒന്നും ഇല്ല. ൬-ാംഖണ്ഡം ബില്ലിൻെറ ഭാഗം ആയിരിക്കണം എന്നാണ് പ്രശ്നം.

പ്രമേയം പാസ്സാക്കപ്പെടുകയും ഖണ്ഡം ബില്ലിൽ ചേർക്കപ്പെടുകയും ചെയ്തു.

൭-ാം ഖണ്ഡം.

പ്രസിഡൻറ്: ൭-ാം ഖണ്ഡവും അതേപ്രകാരംതന്നെ വ്യവഹരിക്കപ്പെടാവുന്നതാണ്,

൭-ാം ഖണ്ഡംബില്ലിൻെറ ഭാഗം ആയിരിക്കണം എന്നാണ് പ്രശ്നം.

പ്രമേയം പാസാക്കപ്പെടുകയും വ്യവസ്ഥ ബില്ലിൽ ചേർക്കപ്പെടുകയുംചെയ്തു.

൮-ാം ഖണ്ഡം.

പ്രസിഡൻറ്: ൮-ാം ഖണ്ഡം ബില്ലിൻെറഭാഗം ആയിരിക്കണം എന്നാണ് പ്രശ്നം.

പ്രമേയം പാ ക്കപ്പെടുകയും വ്യവസ്ഥ ബില്ലിൽ ചേർക്കപ്പെടുകയുംചെയ്തു.

൧൦-ാം ഖണ്ഡം.

പ്രസിഡൻറ്: ഈ ഖണ്ഡത്തിൽ ഭേദഗതികൾ ഇല്ലാത്തതുകൊണ്ട് ഇതു ബില്ലിൻെറഭാഗമായിഗണിക്കപ്പെടാം

൧൦-ാ ഖണ്ഡം ബില്ലിൻെറ ഭാഗമായിരിക്കണം എന്നാണ പ്രശ്നം.

പ്രമേയം പാസാക്കപ്പെടുകയും ഖണ്ഡം ബില്ലിൽ ചേർക്കപ്പെടുകയും ചെയ്തു.

൧൧-ാം ഖണ്ഡം.

പ്രസിഡൻറ്: ൧൧-ാംഖണ്ഡവും അതിനു ഭേദഗതികൾ ഇല്ലാത്തതിനാൽ ബില്ലിൻെറ ഭാഗമായിരിക്കാവുന്നതാണ്.

൧൧-ാം ഖണ്ഡം ബില്ലിൻെറ ഭാഗമായിരിക്കണം എന്നാണ് പ്രശ്നം

പ്രമേയം പാസാക്കപ്പെടുകയും ഖണ്ഡം ബില്ലിൽ ചേർക്കപ്പെടുകയുംചെയ്തു.

൧൨-ാം ഖണ്ഡം.

പ്രസിഡൻറ്: ൧൨-ാം ഖണ്ഡം ബില്ലിൻെറ ഭാഗം ആയിരിക്കണം എന്നാണ് പ്രശ്നം.

പ്രമേയം പാസാക്കപ്പെടുകയും ഖണ്ഡം ബില്ലിൽ ചേർക്കപ്പെടുകയുംചെയ്തു.

൧൩-ാം ഖണ്ഡം.

പ്രസിഡൻറ്: ഈ ഖണ്ഡത്തിനു ഭേദഗതികൾ ഇല്ലാത്തതുകൊണ്ട് ഖണ്ഡം ബില്ലിൽ ചേർക്കപ്പെടാം എന്ന് ഞാൻ വിചാരിക്കുന്നു.

൧൩-ാം ഖണ്ഡം ബില്ലിൻെറ ഭാഗമായിരിക്കണം എന്നുള്ള പ്രമേയം പ്രയോഗിക്കപ്പെടുകയും പാസാക്കപ്പെടുകയും ഖണ്ഡം ബില്ലിൽ ചേർക്കപ്പെടുകയുംചെയ്തു.

൧൪-ാം ഖണ്ഡം.

പ്രസിഡൻറ്: ൧൪-ാം ഖണ്ഡം ബില്ലിൻെറ ഭാഗമായിരിക്കണം എന്നാണ് പ്രശ്നം.

പ്രമേയം പാസാക്കപ്പെടുകയും ഖണ്ഡം ബില്ലിൽ ചേർക്കപ്പെടുകയുംചെയ്തു.

൧൫-ാം ഖണ്ഡം

പ്രസിഡൻറ്: ൧൫-ാം ഖണ്ഡം ബില്ലിൻെറഭാഗം ആയിരിക്കണം എന്നാണ് പ്രശ്നം

പ്രമേയം പാസാക്കപ്പെടുകയും ഖണ്ഡം ബില്ലിൽ ചേർക്കപ്പെടുകയുംചെയ്തു.

൧൬-ാം ഖണ്ഡം.

പ്രസിഡൻറ്: ൧൬-ാം ഖണ്ഡം ബില്ലിൻെറഭാഗം ആയിരിക്കണം എന്നാണ് പ്രശ്നം.

പ്രമേയം പാസാക്കപ്പെടുകയും ഖണ്ഡം ബില്ലിൽ ചേർക്കപ്പെടുകയുംചെയ്തു.

൧൭-ാം ഖണ്ഡം.

പ്രസിഡൻറ്: ൧൭-ാം ഖണ്ഡം ബില്ലിൻെറ ഭാഗം ആയിരിക്കണം എന്നാണ് പ്രശ്നം.

പ്രമേയം പാസാക്കപ്പെടുകയും ഖണ്ഡം ബില്ലിൽ ചേർക്കപ്പെടുകയുംചെയ്തു.

൧൮-ാം ഖണ്ഡം.

പ്രസിഡൻറ്: ൧൮-ാംഖണ്ഡം ബില്ലിൻെറ ഭാഗം ആയിരിക്കണം എന്നാണ് പ്രശ്നം.

പ്രമേയം പാസാക്കപ്പെടുകയും ഖണ്ഡം ബില്ലിൽ ചേർക്കപ്പെടുകയുംചെയ്തു.

ഡ ക്ലാം ഖണ്ഡം.

പ്രസിഡൻറ്: ഡ ക്ലാംഖണ്ഡം ബില്ലിൻെറ ഭാഗം ആയിരിക്കണം എന്നാണ ചോദ്യം.

ചോദ്യം പാസാക്കപ്പെട്ടുകയും വ്യവസ്ഥ ബില്ലിൽ ചേർക്കപ്പെട്ടുകയും ചെയ്തു.

ഡ ഡ ക്ലാം ഖണ്ഡം.

പ്രസിഡൻറ്. ഡ ഡ ക്ലാം ഖണ്ഡം ബില്ലിൻെറ ഭാഗം ആയിരിക്കണം എന്നാണ ചോദ്യം.

ചോദ്യം പാസാക്കപ്പെട്ടുകയും ഖണ്ഡം ബില്ലിൽ ചേർക്കപ്പെട്ടുകയും ചെയ്തു.

ഡ ന ക്ലാം ഖണ്ഡം.

പ്രസിഡൻറ്. ഡ ന ക്ലാം ഖണ്ഡവും കൂടി അതെപ്രകാരം തന്നെ വ്യവഹരിക്കപ്പെടാവുന്നതാണ്.

ഡ ന ക്ലാം ഖണ്ഡം ബില്ലിൻെറ ഭാഗം ആയിരിക്കണം എന്നാണ് ചോദ്യം.

ചോദ്യം പാസാക്കപ്പെട്ടുകയും ഖണ്ഡം ബില്ലിൽ ചേർക്കപ്പെട്ടുകയും ചെയ്തു.

ബില്ലിനോട് സംഘടിതമായ പട്ടിക.

പ്രസിഡൻറ്. പട്ടിക കൂടി ബില്ലിൻെറ ഭാഗം ആയിരിക്കാം.

പട്ടിക ബില്ലിൻെറ ഭാഗം ആയിരിക്കണം എന്നാണ് ചോദ്യം.

ചോദ്യം പാസാക്കപ്പെട്ടുകയും പട്ടിക ബില്ലിനോട് ചേർക്കപ്പെട്ടുകയും ചെയ്തു.

ബില്ലിൻെറ മുഖവുരയും സംജ്ഞയും.

പ്രസിഡൻറ്. ഇപ്പോൾ ബില്ലിൻെറ മുഖവുരയും സംജ്ഞയും ആലോചനയ്ക്ക് എടുക്കപ്പെടാം.

ബില്ലിൻെറ മുഖവുരയും സംജ്ഞയും ബില്ലിൻെറ ഭാഗം ആയിരിക്കണം എന്നാണ് ചോദ്യം.

ചോദ്യം പാസാക്കപ്പെട്ടുകയും ബില്ലിൻെറ മുഖവുരയും സംജ്ഞയും ബില്ലിനോട് ചേർക്കപ്പെട്ടുകയും ചെയ്തു.

മി. കുഞ്ഞാലംപരമേശ്വരൻപിള്ള (അഡീഷണൽ ഫോഡ് സക്കാർവക്കീൽ). ഇനിയും ഒരു ദിവസം കൂടി ആ ലാചനയ്ക്ക് എടുക്കപ്പെടുകയും പാസാക്കപ്പെടുകയും വേണം എന്ന ഞാൻ ഉൽക്ഷേപിക്കുന്നു.

മി. ടി. കെ. മാധവൻനായർ (അക്ടിംഗ് ഗവൺമെൻറ് സെക്രട്ടറി): ഞാൻ പ്രമേയത്തെ അനുകൂലിക്കുന്നു.

പ്രമേയം പാസാക്കപ്പെട്ടു.

സിവിൽ നടപടിനിയമത്തിനുഭേദഗതി.

മി. പി. എൻ. കൃഷ്ണപിള്ള (നിയമസഭാസെക്രട്ടറി): സിവിൽ നടപടിക്രമത്തിൻെറ ൻ-ാം ഉത്തരവിൽ ചട്ടം ൪ (ക), ഹൈക്കോടതിയാൽ ഭേദപ്പെടുത്തപ്പെട്ടതുപക്ഷത്തിൽ, സഭയിൽ ഹാജരാക്കപ്പെട്ടിരിക്കുന്നു എന്ന് ഞാൻ അറിയിച്ചുകൊള്ളുന്നു.

മി. കുഞ്ഞാലംപരമേശ്വരൻപിള്ള (അഡീഷണൽ ഫോഡ് സക്കാർവക്കീൽ): ഭേദപ്പെടുത്തപ്പെട്ടപ്രകാരമുള്ള ഉത്തരവ് ആലോചനയ്ക്കായി എടുക്കപ്പെടണം എന്ന ഞാൻ ഉൽക്ഷേപിച്ചുകൊള്ളുന്നു.

മി. പി. എൻ. കൃഷ്ണപിള്ള (ഗവൺമെൻറ് സെക്രട്ടറി). ഞാൻ പ്രമേയത്തെ അനുകൂലിക്കുന്നു.

പ്രമേയം പാസാക്കപ്പെട്ടു.

മി. എ. താണുപിള്ള (തിരുവനന്തപുരം). ഞാൻ ഭേദഗതിയൊന്നും അവതരിപ്പിക്കുന്നില്ല.

ഭേദപ്പെടുത്തപ്പെട്ട ചട്ടം സഭയാൽ സ്വീകരിക്കപ്പെട്ടു.

മി. കുഞ്ഞാലംപരമേശ്വരൻപിള്ള (അഡീഷണൽ ഫോഡ് സർക്കാർവക്കീൽ). ഭേദപ്പെടുത്തപ്പെട്ട ചട്ടം ഇനിയും ഒരു ദിവസം ആലോചനയ്ക്ക് എടുക്കപ്പെടുകയും പാസാക്കപ്പെടുകയും വേണം എന്ന ഞാൻ ഉൽക്ഷേപിക്കുന്നു.

മി. ടി. കെ. മാധവൻനായർ (അക്ടിംഗ് ഗവൺമെൻറ് സെക്രട്ടറി). ഞാൻ അതിനെ അനുകൂലിക്കുന്നു.

പ്രമേയം പാസാക്കപ്പെട്ടു.

കരംപിരിവു റെഗുലേഷൻ ഭേദഗതിബിൽ.

മി. കുഞ്ഞാലംപരമേശ്വരൻപിള്ള (അഡിഷണൽ ഫോഡ് സർക്കാർവക്കീൽ): ആലോചനയ്ക്കുള്ള ഇനിയത്തെ വിഷയം കരംപിരിവു റെഗുലേഷൻ ഭേദഗതിബില്ലിനെ അവതരിപ്പിക്കുന്നതാണ്.

മി. കെ. പി. നീലകണ്ഠപിള്ള (ചിറയിൻകീഴ്). സർ, ക്രമപാലനവിഷയമായ ഒരു സംഗതിക്കായി ഞാൻ എഴുന്നേൽക്കുന്നു. നിയമസഭാറെഗുലേഷൻ ക ക്ലാം വകുപ്പ് (എ) പ്രകാരം തിരുവിതാംകോട്ടിലെ രാജകുടുംബത്തെ സ്പർശിക്കുന്നതായ യാതൊരു നിയമത്തെയും ആലോചിക്കുന്നതിനോ വ്യവസ്ഥചെയ്യുന്നതിനോ ഈ സഭയ്ക്ക് അധികാരമില്ലാത്തതാണ്. ആ വകുപ്പിൽ താഴെപറഞ്ഞിരിക്കുന്ന പ്രകാരം കാണുന്നു.—

"(എ) തിരുവിതാംകോട്ടിലെ രാജകുടുംബത്തെ സംബന്ധിക്കുന്നതോ, ബാധിക്കുന്നതോ, അതു യാതൊരു നിയമവും അലോചിക്കുന്നതിനും വ്യവസ്ഥപ്പെടുത്തുന്നതിനും നിയമസഭയ്ക്ക് അധികാരം ഇല്ലായിരിക്കും."

ഏകൻറ സ്നേഹിതൻ ഇപ്പോൾ ഈ സഭയിൽ അവതരിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്ന നിയമം ശ്രീപാദം കൊട്ടാരത്തിലേക്ക് ഇടകാലുള്ള മുതലെടുപ്പിൻെറ പിരിവിനെ ബാധിക്കുന്ന ഒന്ന് ആണെന്ന് ഞാൻ സമർപ്പിക്കുന്നു. ശ്രീപാദം കൊട്ടാരത്തെ ബാധിക്കുന്ന ഇപ്പോഴേലുള്ള നിയമവിധാനയത്നങ്ങളും തിരുവിതാംകോട്ടിലെ രാജകുടുംബത്തെ ബാധിക്കുന്ന നിയമവിധാനയത്നങ്ങളും ആണെന്ന് ഗണിക്കപ്പെടണം എന്നും, അതിനാൽ ശ്രീപാദംകൊട്ടാരംസംബന്ധിച്ചുള്ള യാതൊരു നിയമവിധാനവും വ്യവസ്ഥചെയ്യുന്നതിനു ഈ സഭയ്ക്ക് അധികാരമില്ലെന്നും, പലപ്രാവശ്യവും തീർച്ചയാക്കിട്ടുള്ളതാണ്. ഞാൻ ഉദ്ധരിച്ചു തീർച്ചപ്രകാരം ഈ ബിൽ പാസാക്കുന്നതിന് ഈ സഭയ്ക്ക് അധികാരമില്ല.

ഇതു സംബന്ധമായി, സഭയുടെമുമ്പിൽ കൊണ്ടുവരാൻ ഞാൻ അഗ്രഹിക്കുന്നതു് മഹാരാജാവു് തിരുമനസ്സിലേക്കു് ഏറ്റവും വയസ്സു തികഞ്ഞ ആ അവസരത്തിങ്കൽ ഒരു മംഗളപത്രം സമർപ്പിക്കുന്നതിനുള്ള തീരെ നിശ്ച

പ്രകാരമായ ഒരു പ്രതിജ്ഞ സഭയുടെ ഈ വശത്തുനിന്നും ഉൽക്ഷേപിക്കപ്പെട്ടത് തിരുവിതാംകോട്ടിലെ രാജകുടുംബത്തെ ബാധിക്കുന്ന യാതൊരു നിയമവും വിവേചനം ചെയ്യുന്നതിന് ഈ സഭയ്ക്ക് അധികാരമില്ല എന്നകാരണത്തിന്മേൽ പ്രസിഡന്റ് തള്ളിക്കളയുകയാണ് ഉണ്ടായത്. അതു ആരെങ്കിലും വിചാരിക്കുവാൻ ഒരു നിരുപദ്രവകരമായ പ്രതിജ്ഞ ആയിരുന്നു എന്ന് ഞാൻ സമർപ്പിക്കാം. എങ്കിലും ഞാൻ ഉദ്ധരിച്ച വകുപ്പ് പ്രകാരം രാജകുടുംബത്തെ ബാധിക്കുന്ന ഏതൊരു നിയമത്തെയും ആലോചിക്കുന്നതു് ഈ സഭയുടെ അധികാരസീമയിൽ നിന്നും ഒഴിവാക്കപ്പെട്ടിരിക്കുന്നതിനാൽ, അതു് തിരുവിതാംകോട്ടിലെ രാജകുടുംബത്തെ ബാധിക്കുന്നതാണെന്ന് എന്നുള്ളകാരണത്താൽ തള്ളപ്പെട്ടു.

സർ, ഈ സ്ഥിതിക്ക് ഞാൻ ചേർക്കുന്നതു് ഈ ബിൽ സഭയിൽ എങ്ങിനെ ഉൽക്ഷേപിക്കപ്പെടാം എന്നതാം. തിരുവിതാംകോട്ടരാജകുടുംബത്തിലെ അംഗങ്ങളായ അംഗങ്ങളിൽനിന്നുപ്പെടുന്ന ശ്രീപാദം കൊട്ടാരത്തിലേക്ക് ചേരേണ്ട മുതലെടുപ്പ് (റവന്യൂ) ഇതുടക്കുന്നതിലേക്ക് രാജ്യത്തിലെ കാര്യനിർവഹണാധികാരം ഏങ്ങിനെ പ്രയോഗിക്കപ്പെടാമെന്നും അതു. ആ കാരണത്തിന്മേൽ, ഞാൻ ക്രമപരിപാലനവിഷയമായ സംഗതി ഉൽക്ഷേപിക്കുകയും, ഗവൺമെന്റ് ഓഫ് ഇന്ത്യാ ആക്ട് സെക്ഷൻ 277 (എ) പ്രകാരം ഇപ്പോൾ പ്രതിജ്ഞ ചെയ്യപ്പെട്ടിരിക്കുന്ന വിധത്തിൽ ഉള്ള ബിൽ ഈ സഭയിൽ ഉൽക്ഷേപിക്കപ്പെടാൻ പാടില്ലെന്നു സമർപ്പിക്കുകയും ചെയ്തു.

പ്രസിഡൻറ്: ഉൽക്ഷേപിക്കപ്പെട്ടുമപരിഗണനവിഷയമായ സംഗതിയിന്മേൽ തീർച്ചനാകുന്നതിനു എനിക്ക് അവകാശമുണ്ടെങ്കിലും, അതിൽ ഗുരുതരമായിരിക്കുന്ന പ്രശ്നത്തിന്റെ പ്രാധാന്യത്തെയും വിചാരിച്ച്, കുറഞ്ഞപക്ഷം ഏതാനും പേരെ അംഗങ്ങളുടെയെങ്കിലും ശ്രദ്ധയെ, അതെപ്പറ്റി അവർക്കുള്ള അഭിപ്രായം അറിയുന്നതിനുവേണ്ടി, ഈ സംഗതിയിലേക്ക് ക്ഷണിക്കുന്നതിനു ഞാൻ അഗ്രഹിക്കുന്നു, അതിനാൽ ഈ വിഷയത്തിന്മേൽ തനിക്കുള്ള അഭിപ്രായം പ്രകാശിപ്പിക്കുന്നതിനായിട്ട് ഞാൻ മി. കൃഷ്ണയ്യങ്കാരോട് അപേക്ഷിക്കുന്നു.

റവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (നിയമിതമെമ്പർ, ഡിപ്യൂട്ടിപ്രസിഡൻറ്): അല്പമായിട്ടാണെങ്കിലും പറയാനുള്ളതു കേൾക്കുന്നതിലുള്ള ഉൽകർഷം എനിക്കുണ്ടായിരുന്നെങ്കിൽ, അധികം നന്നായിരുന്നു., കാരണം തിരുവിതാംകോട്ടിലെ രാജകുടുംബത്തെ ബാധിക്കുന്നിടത്തോളം, റെഗുലേഷന്റെ സീമ ബില്ലിൽ നിന്നു തന്നെയും, ഉദ്ദേശങ്ങളുടേയും കാരണങ്ങളുടേയും പ്രസ്താവനയിൽ നിന്നോ, വെളിപ്പെടുന്നു എന്നു ഞാൻ അറിയുന്നില്ല.

മി: കുഞ്ചുപോറേശൻപിള്ള (അല്ലിംഗ് ഫോർ സക്കാർവക്കീൽ): ഉദ്ദേശങ്ങളുടേയും കാരണങ്ങളുടേയും പ്രസ്താവനയിൽ ശ്രീപാദം കൊട്ടാരത്തെപ്പറ്റി പറഞ്ഞിട്ടുണ്ട്.

റവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (നിയമിതമെമ്പർ, ഡിപ്യൂട്ടിപ്രസിഡൻറ്): അതു ബില്ലിന്റെ ഭാഗം ആയി ഇരിക്കുന്നു എന്നു് എനിക്കുതോന്നുന്നില്ല, അതു് ... ... സംബന്ധിക്കുന്നതല്ല എന്നു വല്ല വിപരീതാഭിപ്രായവും ഉൽക്ഷേപിക്കപ്പെടുന്നുണ്ടെങ്കിൽ.

മി: കെ. പി. നീലകണ്ഠപിള്ള (ചിറയിൻകീഴ്): "എന്നാൽ ഉദ്ദ്യോഗസ്ഥൻ എന്നുള്ളവാക്ക് നിർവചിക്കപ്പെട്ടിട്ടില്ല, അതിനാൽ ശ്രീപാദം കൊട്ടാരത്തിലെയോ, ഒരു മുനിസിപ്പലിറ്റിയിലെയൊ ഒരുദ്ദ്യോഗസ്ഥനും ഈ അധികാരങ്ങളും ധർമ്മങ്ങളും നൽകപ്പെടാമെന്നു എന്നുള്ളതിനപ്പറ്റി സംശയങ്ങൾ നേരിട്ടിട്ടുണ്ട് എന്നുള്ള വാചകത്തിലേക്ക് മി. കൃഷ്ണയ്യങ്കാരെ ഞാൻ ചൂണ്ടിക്കാണിക്കട്ടയോ അതിനാൽ അവിടെ ശ്രീപാദം കൊട്ടാരം എന്നവാക്ക് വരുന്നുണ്ട്.

റവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (നിയമിതമെമ്പർ, ഡിപ്യൂട്ടിപ്രസിഡൻറ്): എന്നാൽ ബിൽ ശ്രീപാദം കൊട്ടാരത്തെ മാത്രമല്ല സംബന്ധിക്കുന്നതു്, ഗവർണ്മെൻറുദ്ദ്യോഗസ്ഥന്മാരെന്നു് കണിശമായി വിളിക്കപ്പെടാൻ പാടില്ലാത്ത ഉദ്ദ്യോഗസ്ഥന്മാർക്ക്, അതായതു്, കരംപിരിവുറെഗുലേഷന്റെ നിർവ്വഹണസമ്പന്ധമായി മുനിസിപ്പൽ കമ്മറ്റിയെ ഈടാക്കുന്ന മുനിസിപ്പൽ ഉദ്ദ്യോഗസ്ഥന്മാർക്ക് കരംപിരിവു റഗുലേഷൻപ്രകാരം നടപടിയെടുക്കുന്നതിനു അധികാരം നൽകിയിരിക്കുന്നതിനെ പലസന്ദർഭങ്ങളെ അതു ഉദ്ദേശിക്കുന്നുണ്ട്. കരംപിരിവു റെഗുലേഷൻപ്രകാരം നടപടിയെടുക്കുന്നതിനു് ആയശ്ശപ്പെട്ട നിയമസംബന്ധമായ അധികാരം അവർക്ക് ഉണ്ടോ എന്നും എല്ലാം പറഞ്ഞാലും അവരുടെ ഉത്തരവും ഈടാക്കുന്നതിനായിട്ട് സിവിൽകോടതികളിൽ പോകുന്നതിന് ആജ്ഞാപിക്കപ്പെടാവുന്നതല്ലെ എന്നും സൂചിപ്പിക്കപ്പെട്ടിട്ടുണ്ട് എന്നു തോന്നുന്നു. മുനിസിപ്പൽ അധികാരികളുടെ പ്രവൃത്തിക്കു കൊടുക്കാൻ ഇടയുള്ള അത്രം അതാണെങ്കിൽ, അപ്പോൾ മുനിസിപ്പൽഭരണം നിശ്ചലാവസ്ഥയിൽ തള്ളപ്പെടാവുന്നതാണു് എന്നു ഞാൻ പറയാം. യഥസ്ഥാനത്തിപാലിക്കപ്പെടേണ്ടതിനു ഇപ്പോഴുള്ള പ്രവർത്തകനിബന്ധന പാസാക്കപ്പെടേണ്ടതായിരിക്കുന്ന മറ്റു സന്ദർഭങ്ങളും ഉണ്ടായിരിക്കാമെന്നു ഞാൻ ഊഹിക്കുന്നു. അങ്ങിനെ ഒരു രോഗം ശ്രീപാദംകൊട്ടാരത്തെ സംബന്ധിക്കുന്നതിനാൽ, ബിൽമുഴുവനും അവതരിക്കപ്പെട്ടതിനു് എതിരായി നിൽക്കുന്നതിൽ എനിക്കു സ്നേഹിതൻ പൂർണ്ണമായി തയ്യാറല്ല. ശ്രീപാദം കൊട്ടാരംവക വസ്തുക്കൾ തിരുവിതാംകോട്ട രാജകുടുംബത്തിലെ മറ്റു ഭാഗക്കാരുടെ ഉള്ളിടത്തോളം ഈ ബിൽ തിരുവിതാംകോട്ട രാജകുടുംബത്തെ ബാധിക്കുന്നതായിട്ടു എനിക്കതോന്നുന്നില്ലെന്നും ഞാൻ സംശോധനയ്ക്കു വിധേയമായി അഭിപ്രായപ്പെടുന്നു. ഞാൻ ഗ്രഹിക്കുന്നപ്രകാരം രാജകുടുംബത്തെ ബാധിക്കുന്നതു് രാജകുടുംബത്തിലെ അംഗങ്ങൾ എന്നനിലയിൽ അവരുടെ സ്ഥിതിയെ ബാധിക്കുന്നു എന്നാണ് എന്നു ഞാൻ അഭിപ്രായപ്പെടുന്നു. തിരുവിതാംകോട്ടരാജകുടുംബത്തിലെ പിൻവാഴ്ചയെ ക്രമീകരിക്കുന്നതിലേക്കോ അംഗങ്ങളിൽ ചിലരുടെ അവകാശങ്ങളെ നിരാകരിക്കുന്നതിലേക്കോ അവരുടെ അധികാരാവകാശങ്ങളെ എടുത്തുകളയുകയോ വല്ലവിധത്തിലും ചുരുക്കുകയോ ചെയ്യുന്നതിലേക്കു് വല്ല നിയമവും പാസാക്കുന്നതിലേക്കോ ഈ സഭയ്ക്കു് അവകാശവും അധികാരവും ഇല്ല. സംശയംകൂടാതെ തിരുവിതാംകോട്ട രാജവംശത്തിലെ അംഗങ്ങളായ ആറന്നൂറിൽ പരമിതമായ കുടുംബം ശ്രീപാദംവസ്തുക്കൾ ഇരിക്കുന്നതു ഒരു യാഥാർത്ഥികസംവേദനമാണു്. തിരുവിതാംകോട്ട് വ്യവസ്ഥാപിതനിയമത്തിൽ കന്നിയും കൂടിയാണം തള്ളിക്കളഞ്ഞ സംബന്ധത്തെ ക്രമീകരിക്കുന്നതിനുള്ള വ്യവസ്ഥയുംചെയ്യപ്പെടുന്ന എന്നും, ഗവൺമെൻറിക്കുവരി റെഗുലേഷൻ ഇപ്പോഴുള്ളിടത്തോളം വരെ വസ്തുക്കളെ സംബന്ധിക്കുന്നതാണെന്നും ഞാൻ വിശ്വസിക്കുന്നു. ഇപ്പോൾ തിരു-

വിതംകോട്ടിൽ ഉൾപ്പെടുത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നതിനെയാണ് അതാണ്.

പ്രസിഡൻറ്: ശ്രീപാദം വസ്തുക്കളെ സംബന്ധിക്കുന്നിടത്തോളം പിരിഞ്ഞുകിട്ടേണ്ടപ്പോൾ കരംപിരിവു റെഗുലേഷൻ പ്രകാരം പൊതുമുതലെടുപ്പ് എന്ന പ്രത്യേകം ചേർക്കപ്പെട്ടിട്ടുണ്ട്, കരംപിരിവു റെഗുലേഷൻ അതിനെ സംബന്ധിക്കുന്നതും ആണ്.

റാവു്ബഹദൂർ കെ. എം. കൃഷ്ണയ്യങ്കാർ (നിയമിതമെംബർ, ഡിപ്യൂട്ടിപ്രസിഡൻറ്): അപ്പോൾ ഇതു ശ്രീപാദം കൊട്ടാരത്തിൽനിന്നും നിയമിക്കപ്പെട്ടിട്ടുള്ള ആളുകൾ രാജ്യത്തിലെ സാധാരണ ഗവണ്മെൻറിൻെറ അനുശാസനത്തിനു വിധേയരായിരിക്കേണ്ടതായോ എന്നു് വിവരങ്ങളെ തീർച്ചപ്പെടുത്തുന്ന ഒരു സംഗതിമാത്രം ആണ്. ശ്രീപാദം മുതലെടുപ്പ് രാജ്യത്തിലെ പൊതുമുതലെടുപ്പിൻെറ ഒരു ഭാഗമാണ്. ശ്രീപാദംകൊട്ടാരം അതിനെ കുടിയന്മാരിൽനിന്നും ചെല്ലേണ്ടതുകകളെ കരംപിരിവു റെഗുലേഷൻപ്രകാരം പിരിച്ചെടുക്കുന്നതിന് അനുവദിക്കപ്പെട്ടിരിക്കുന്ന ഏജൻസി മി. കെ. പി. നീലകണ്ഠപിള്ള ഉൽക്ഷേപിച്ചിട്ടുള്ള കല്പിതപ്രശ്നത്തെ വിമർശിക്കുന്നതിൽ യാതൊരു പ്രയോജനവുമില്ല.

മി: കെ. പി. നീലകണ്ഠപിള്ള (ചിറയിൻകീഴ്) ശ്രീപാദംകൊട്ടാരത്തിലേക്ക ഈടാക്കപ്പെടേണ്ട മുതലെടുപ്പ് രാജ്യത്തിലെ മുതലെടുപ്പിൻെറ ഭാഗമായിത്തീർന്നിട്ടുണ്ടോ എന്ന് എന്നോടു് ചോദിയ്ക്കുമോ?

റാവു്ബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (നിയമിതമെംബർ ഡിപ്യൂട്ടിപ്രസിഡൻറ്): ഇല്ല. അവരുടെ മുതലെടുപ്പ് ഈടാക്കുന്നതിനായിട്ടു അവ പൊതുമുതലെടുപ്പായി പ്രത്യുപനം ചെയ്യപ്പെട്ടിരിക്കുന്നു. സൈന്യത്തിനുവേണ്ടിയും രാജകുടുംബത്തിൻെറ ഗൌരവത്തേയും പ്രൌഢിയേയും പാലിക്കുന്നതിനായിട്ടും അവരെ ഒരു ജന്മിപോലെയുള്ള സാധാരണ വസ്തുഉടമസ്ഥൻെറ നിലയിൽ വിളക്കുന്നതിനു പകരം ചില പ്രത്യേകലക്ഷ്യങ്ങൾ, പണ്ടാരപ്പാട്ടവസ്തുക്കളിൽനിന്നു ഭിന്നിക്കുതി പിരിക്കപ്പെടുന്നതുപോലെ ഉള്ള വ്യവസ്ഥകളിന്മേൽതന്നെ, അവരുടെ മുതലെടുപ്പ് ഈടാക്കുന്നതിലേക്ക് കാലാകാലം ഈ വസ്തുക്കളുടെ കൈവശക്കാരോടും ഉടമസ്ഥരോടും കാണിക്കപ്പെട്ടിട്ടും അതൊ ന്യായമായ്ട്ട കാണിക്കപ്പെട്ടിട്ടുണ്ട്. കരംപിരിവു റെഗുലേഷനിലെ വ്യവസ്ഥകളനുസരിച്ച് ശ്രീപാദം വക റവന്യൂ ഈടാക്കപ്പെടാൻ പാടുള്ള വ്യവസ്ഥപോലെതന്നെയാണ് മി: നീലകണ്ഠപിള്ളയ്ക്ക് വഴക്കില്ലെങ്കിലും, പക്ഷെ താൻ ഉളേവിക്കുന്ന പ്രശ്നം സാധാരണ പൊതുജനങ്ങളെ സംബന്ധിക്കുന്നിടത്തോളം പ്രായോഗികമായി തിരുവിതാംകോട്ടിൻെറ മുതലെടുപ്പു നൽകുന്ന ഭാഗത്തേയ് ഇരിക്കാത്ത ശ്രീപാദം വസ്തുക്കളുടെ മാനേജരെ സംബന്ധിക്കുന്നിടത്തോളം അതു ഉളേവിശം അത്രകാലത്തെ എക്സിക്യൂട്ടീവ് (കാര്യനിർവഹണ) ഗവണ്മെൻറിനെ കീഴ്പെടുന്നില്ലെങ്കിൽ അളേവത്തിനു അപേക്ഷമില്ലാത്ത വല്ലനിയമസാധുവായ സ്ഥിതിയും കൊടുക്കുന്നതിൽ ഗവണ്മെൻറ് തീർച്ചപ്പെടുമോ എന്നാണ്.

മി: കെ. പി. നീലകണ്ഠപിള്ള (ചിറയിൻകീഴ്): എക്സിക്യൂട്ടീവ് ഗവണ്മെൻറിനെ നിയന്ത്രിക്കാൻ അധികാരമില്ല എകിൽ ദേവസ്വംകൊട്ടി ഞാൻ അനുബോധിപ്പിക്കട്ടെ?

റാവു്ബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (നിയമിതമെംബർ ഡിപ്യൂട്ടിപ്രസിഡൻറ്): ഞാൻ വരിച്ചുകൊണ്ടിരിക്കുന്നസംഗതി അതുതന്നെയാണ്. ഈബിൽ മൂലം വിദ്യാഭ്യാസവും പരിശീലനവും, സ്ഥിതിയും പൂർവചരിത്രവും നിമിത്തം പൂർണ്ണമായി ——മാനേജർക്ക് ഈ അധികാരം കൊടുത്തേക്കുവെന്നതാണ്.

പ്രസിഡൻറ്. നാം ക്രമപാലനവിഷയമായ സംഗതിയിൽ ആണ്.

റാവു്ബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (നിയമിതമെംബർ ഡിപ്യൂട്ടിപ്രസിഡൻറ്): നേരേ കഴിയാത്തതിനെ നേടേയ്യാത്തവിധത്തിൽ നിയമവിധാനം ചെയ്യുന്നതിനുള്ള ഉളേശത്തോടുകൂടി ഈ ബിൽ ഈ സഭയിൽ കൊണ്ടുവരപ്പെടുമോ എന്നാണ് ക്രമപാലനവിഷയമായ സംഗതി.

പ്രസിഡൻറ്: ഈ ബിൽ നിയമസഭാ റെഗുലേഷൻെറ വ്യവസ്ഥകൾക്കു വിരുദ്ധമാണോ എന്നാണ് നമുക്ക ആലോചിക്കാനുള്ളത്.

റാവു്ബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (നിയമിതമെമ്പർ ഡിപ്യൂട്ടിപ്രസിഡൻറ്): ക്രമപാലനവിഷയമായ സംഗതി അതിൽ പ്രത്യേകമായ ഭാഗത്തെ മാത്രമെ സംബന്ധിക്കുന്നുള്ളു. മറ്റുസംഗതികളിൽ അതിൽ വളരെ ഭിന്നിപ്പു. തടസ്സം ഈ സഭയ്ക്കു നിയമവ്യവസ്ഥചെയ്യുന്നതിനവകാശമില്ലാത്ത ചില ഭരണവിഷയമായ അധികാരം ശ്രീപാദം ഉളേവ്യാഗസ്ഥന്മാരിൽ നിക്ഷേപിക്കുന്നതിനെ മുഖ്യമായി സംബന്ധിക്കുന്നു. അതുവഴിക്കാണ് അളേഹം അതിനെ വ്യവഹരിക്കുന്നത്. വ്യവസ്ഥാപിതമായ അധികാരം നൽകപ്പെടേണ്ടുള്ള കക്ഷികളുടെമേൽ ഗവണ്മെൻറിനു ഭരണനിയന്ത്രണം വേണ്ടതാണെന്നുള്ള അഭിപ്രായത്തിനനുകൂലമായി പല്ലവും പറയാൻ ഉണ്ടായിരിക്കാം. എന്നാൽ പ്രസിഡൻറ് പറഞ്ഞതുപോലെ പ്രധാനസംഗതി അതു നിയമസഭാ റെഗുലേഷനു വിരുദ്ധമാണോ എന്നതത്രെ. എൻെറ വ്യക്തമായ അളേവനക്കുശേഷം ഈ ബിൽ സഭയിൽ വിഭർശിക്കപ്പെടുന്നതിനാൽ നാം ആ റെഗുലേഷനു എതിരായി പ്രവർത്തിക്കുന്നില്ല എന്നുള്ള തീർച്ചയിൽ എത്തുന്നതിനു ഞാൻ നിർബന്ധിതനായിരിക്കുന്നു,

മി: എ. താണുപിള്ള (തിരുവനന്തപുരം); ഈ സഭയ്ക്ക—അധികാരമുണ്ടോ എന്നു എന്നോടു പറയാമോ?

പ്രസിഡൻറ്: ഇതു ഒരു വാദപ്രതിവാദം അല്ല. ക്രമപാലനവിഷയമായ സംഗതി സംബന്ധിച്ച് ഞാൻ മി. കൃഷ്ണയ്യങ്കാരുടെ അഭിപ്രായം ക്ഷണിച്ചു. എൻെറ തീർച്ചപറയുന്നതിനു മുമ്പായി നിങ്ങളുടെ അഭിപ്രായം എനിക്ക് ആവശ്യമുണ്ടെങ്കിൽ ഞാൻ നിങ്ങളോടു ചോദിക്കുന്നതായിരിക്കും. നിങ്ങൾക്കു അറിയാവുന്നതുപോലെ അദ്ധ്യക്ഷൻെറ അനുവാദത്തോടുകൂടിമാത്രമെ നിങ്ങൾക്കു വാദപ്രതിവാദം ചെയ്യാൻ പാടുള്ളു, കാരണം ക്രമപാലനവിഷയമായ ഒരു സംഗതിയിന്മേൽ വാദപ്രതിവാദംഅനുവദിക്കേണ്ടതല്ല.

മി: എ. താണുപിള്ള (തിരുവനന്തപുരം): കണ്ടുകൃഷിയും ശ്രീപാദവും വസ്തുക്കളെ സംബന്ധിക്കുന്ന വിഷയങ്ങളുപ്പറ്റി നമുക്ക നിയമവിധാനം ചെയ്യാൻ കഴിയുമെന്നുള്ളതു് അളേഹത്തിൻെറ അഭിപ്രായമാണോ എന്നു എനിക്ക അറിയാൻ ആവശ്യമായിരുന്നു.

പ്രസിഡൻറ്: അതിനെ സംബന്ധിച്ചിടത്തോളം, നിയമം വ്യവസ്ഥചെയ്യുന്നതു (അതായതു ക-ാംസെക്ഷൻറെ വിവരണം) ഈ നിർവചനത്തിൻറെ അർത്ഥത്തിൽ കണക്കുകൂട്ടിയും ശ്രീപാദവും നിലങ്ങളിൽ നിന്നു പിരിയേണ്ടപാട്ടവും ഉൾപ്പെടുന്നു എന്നാണ് അതായതു് ഇപ്പോഴത്തെ രണ്ടുനിർവചനിൽ കാണപ്പെടുന്നപോലെ മുതലെടുപ്പ് എന്നവാക്കിൻറെ നിർവചനം.

മി: കെ. പി. നീലകണ്ഠപിള്ള (ചിറയിൻകീഴ്): സർ താങ്കളുടെ സമ്മതത്തോടുകൂടി എനിക്കും ഒരുചോദ്യം ചോദിക്കാനുണ്ട്.

പ്രസിഡൻറ്: ഞാൻ മുമ്പിക്കാണിച്ചുപോലെ അതു ക്രമപരിഷയമായ ഒരു സംഗതിയാണ്. വാക്പ്രതിവാദം അനുവദിക്കപ്പെടുന്നതല്ലാത്തതിനാൽ അവരോടു് ആവശ്യപ്പെടുന്നെങ്കിൽ മാത്രമെ മെമ്പർമാർക്ക് അഭിപ്രായങ്ങൾ അഭിവദിക്കാൻ അവകാശമുള്ളു. ഈ സംഗതിയെപ്പറ്റി എൻറെ തീർച്ചനൽകുന്നതിനു മുമ്പായി മെമ്പർമാരിൽ ചിലരുടെ അഭിപ്രായം അറിയുന്നതിന് എനിക്ക് ആഗ്രഹമുണ്ടായിരുന്നതിനാൽ ആയിരുന്നു മുള്ളം മി. കൃഷ്ണയ്യങ്കാരോടു അദ്ദേഹത്തിൻറെ അഭിപ്രായം പറയുന്നതിനു ഞാൻ ആവശ്യപ്പെട്ടതു്. ഇപ്പോൾ മി. താണുപിള്ളയോടു അദ്ദേഹത്തിൻറെ അഭിപ്രായവും എന്നോടു പറയുന്നതിനു ഞാൻ ആവശ്യപ്പെടുകയുംചെയ്തു. നിങ്ങൾക്ക് അറിയാവുന്നതുപോലെ ഒരു മെമ്പർ സഭയെ അഭിവദിക്കുമ്പോൾ മറുമെമ്പർമാരും സംസാരിക്കുന്നതു ക്രമനഷ്ടമായിരിക്കുംഎന്നുഞാൻവിചാരിക്കുന്നില്ല.

മി: എ. താണുപിള്ള (തിരുവനന്തപുരം): കരംപിരിവു റെഗുലേഷനിൽഉള്ള പൊതുമുതലെടുപ്പ് എന്നുള്ള വാക്കിൻറെ നിർവചനത്തിൽ ശ്രീപാദംദേയമുൾകൊള്ളും ഉൾപെടുന്നതാണ് എന്നുള്ളവസ്തുത സഭയുടെ മുമ്പിൽഇരിക്കുന്ന സംഗതിയെ ബാധിക്കുന്നതല്ല എന്നാണ് എൻറെ അഭിപ്രായം. എൻറെ ഓർമ്മശരിയാണെങ്കിൽ ആ റെഗുലേഷൻ ഈ സഭയാൽപാസാക്കപ്പെട്ടതല്ല.

പ്രസിഡൻറ്: അതു വല്ല വ്യത്യാസവും ഉണ്ടാക്കുമോ എന്നു ഞാൻഅറിയുന്നില്ല. ഈ സഭയിൽപ്പെടുത്തപ്പെടുന്നതിനുമുമ്പു പാസാക്കപ്പെട്ടഒരു റെഗുലേഷനു് ഈ സഭയാൽ പാസാക്കപ്പെട്ട റെഗുലേഷനുള്ളിടത്തോളം തന്നെ നിയമപ്രാബല്യമുണ്ടായിരിക്കുന്നതാണ്.

മി: എ. താണുപിള്ള(തിരുവനന്തപുരം): അങ്ങിനെയുള്ള വ്യവസ്ഥാപിത നിയമത്തിൻറെ സാധുതയേയും പ്രാബല്യത്തെയുംപ്പറ്റി ഒരു നിമിഷത്തേക്കുപോലും ഞാൻ തർക്കംപറയുന്നില്ല. എൻറെ വാദം ശ്രീപാദംകൊട്ടാരത്തിലേക്കു ചേരേണ്ടഭൂമികളെഇങ്ങോടാക്കുന്നതു സംബന്ധിച്ചുള്ള വിഷയങ്ങളിൽ നിയമവിധാനംചെയ്യാൻ നമുക്ക് അവകാശമുണ്ടോ എന്നാണ്. സഭയുടെമുമ്പിൽ ഇരിക്കുന്ന ഏകമായ പ്രശ്നം അതാണ്. ഈ സഭ ഉരുവിക്കുന്നതിനു മുമ്പുപാസാക്കപ്പെട്ട നിയമം ഇപ്പോഴത്തെയുള്ള ഒരു സഭയാൽ പാസാക്കപ്പെട്ടതാണ് എന്നുള്ളതു നിസ്സക്തമാണ്. എന്നാൽ അതു് ഈ വിഷയത്തിൽ നിയമനിർമ്മാണം ചെയ്യുന്നതിനു ഈ സഭയ്ക്കു അവകാശമുണ്ടോഎന്ന സംഗതിയെ ബാധിക്കുന്നില്ല.നാം നിയമസഭാറെഗുലേഷനിലെ ക ക-ാസെക്ഷനാൽ നിബന്ധരായിരിക്കുന്നു. അതുഇപ്രകാരമാണ് :—

"(എ) തിരുവിതാംകോട്ടിലെ രാജകുടുംബത്തെ സംബന്ധിക്കുന്നതോ ബാധിക്കുന്നതോ ആയ വല്ല നിയമവും ആലോചിക്കുന്നതും വ്യവസ്ഥചെയ്യുന്നതും നിയമസഭയ്ക്കനുചിതമായിരിക്കുന്നതല്ല."

മാറ്റ സന്ദർഭങ്ങളിൽ പാസാക്കപ്പെട്ട ഇപ്പോഴത്തെ കരം പിരിവു റെഗുലേഷനെ സംബന്ധിക്കുന്ന എല്ലാ സമീക്ഷണങ്ങളേക്കും അങ്ങിനെയുള്ള സഭാധർമ്മത്തോടുകൂടിയ സംഗതിയും ഒഴികെ ഇപ്പോഴെയുള്ള ഒരു നിയമത്തെ ആലോചിക്കുന്നതിനുള്ള അവകാശം ഈ സഭയ്ക്കുണ്ടോ എന്നമാത്രമെ നമുക്ക് ആലോചിക്കേണ്ടതുള്ളു. പ്രസ്തുതനിയമം തിരുവിതാംകോട്ടിലെ രാജകുടുംബത്തെ ബാധിക്കുന്ന ഒന്നല്ല എന്നവഴിക്കുന്നതു നിഷ്പ്രയോജനമായിരിക്കും എന്നാണ് എനിക്കു തോന്നുന്നതു്. അതുനിശ്ചയമായിട്ടും ശ്രീപാദം കൊട്ടാരം രേഖയുടെ സ്പഷ്ടമായിട്ടും ബാധിക്കുന്നതാണ്. ഉദ്ദേശങ്ങളുടേയും കാരണങ്ങളുടേയും പ്രസ്താവനയിൽ സ്പഷ്ടമായിട്ട് ഇപ്രകാരംപറയുന്നു,

എങ്കിലും 'ഉദ്യോഗസ്ഥൻ' എന്ന പദം നിർവചിക്കപ്പെട്ടിട്ടില്ല. ശ്രീപാദം കൊട്ടാരത്തിലേയോ ഒരു മുനിസിപ്പാലിറ്റിയിലേയോ വല്ല ഉദ്യോഗസ്ഥനും ഈ അധികാരങ്ങൾ നൽകപ്പെടുന്നതു് ന്യായമായിരിക്കുമോ എന്നുള്ളതിനെപ്പറ്റി സംശയങ്ങൾ ഉണ്ടായിട്ടുമുണ്ട്. അങ്ങിനെയുള്ള സംശയങ്ങളെ ദൂരീകരിക്കുന്നതിനായി ഈ ബില്ലിൽ ഒരു-ാം സെക്ഷനോടു ചേർക്കപ്പെടുന്നതിനു ഒരു വിവരണ നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു.

ഇപ്പോൾ നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന വിവരണ താഴെപറഞ്ഞിരിക്കുന്നപോലെയാണ്: —

വിവരണ "ഉദ്യോഗസ്ഥൻ" എന്നവാക്കിൽ ഈ സെക്ഷൻറെ ഉദ്ദേശത്തിലേക്ക് നമ്മുടെ ഗവണ്മെൻറിനും ഇല്ലാഉദ്യോഗസ്ഥന്മാരും ഇല്ലാമുനിസിപ്പാലിറ്റിയുദ്യോഗസ്ഥന്മാരും വല്ല പൊതുമുതലെടുപ്പിനേയോ ഏതെങ്കിലും തദ്ദേശാധികാരത്തിലേക്ക് ചേരേണ്ടഭൂമികളേയോ ഇങ്ങോടാക്കുന്നതിനു നിയമിക്കപ്പെട്ടതോ ഏർപ്പെട്ടിരിക്കുന്നതോ, ചുമതലപ്പെടുത്തപ്പെട്ടതോ ആയ ഏതുവ്യക്തിയുംഉൾപ്പെടുന്നതാണ്.

ഇവിടെ സ്പഷ്ടമായ ഉദ്ദേശം ശ്രീപാദം ഉദ്യോഗസ്ഥന്മാരെ, കരംപിരിവു റെഗുലേഷൻ പ്രകാരം നടപടി നടത്തുന്നതിനു കഴിവുള്ളവരാക്കിതീർക്കുന്നതത്രെ. ഈ ബിൽ അവതരിപ്പിച്ചിരിക്കുന്നതു് വല്ലഉദ്ദേശത്തോടുകൂടി ആണെങ്കിൽ സ്പഷ്ടമായിട്ടും അതാണ് ഉദ്ദേശം. തീർച്ചയായിട്ടും അതു ബില്ലിൻറെ ഉദ്ദേശത്തിൽ ഒരു ഭാഗം മാത്രമാണ് എന്നവിദ്വാനായ ഡിപ്യൂട്ടിപ്രസിഡൻറ് മി. കൃഷ്ണയ്യങ്കാർപറഞ്ഞേക്കാം. എന്നാൽ അതുകൊണ്ടു സംഗതിക്കു വ്യത്യാസംവരുന്നില്ല ബിൽ മുനിസിപ്പൽ കരങ്ങളും പിരിക്കുന്നതിനു വ്യവസ്ഥചെയ്യുന്ന ഉദ്ദേശത്തോടുകൂടി ഈ സഭയിൽ സമർപ്പിക്കേണ്ടതായിരുന്നു. അപ്പോൾ വിരോധമൊന്നുമില്ലായിരിക്കുമായിരുന്നു. എന്നാൽ ശ്രീപാദം ഉദ്യോഗസ്ഥന്മാക്ക് കരംപിരിവുറെഗുലേഷൻ പ്രകാരം ഉള്ള അധികാരങ്ങൾ കൊടുക്കാൻ സാധിക്കുന്നതിനു എങ്ങിനെ, എങ്കിലും കാണുന്നു, യത്നിക്കുന്ന ഒരു ബിൽ ഇവിടെ ഇരിക്കുന്ന കരംപിരിവു റെഗുലേഷൻ പ്രകാരമുള്ള പൊതുമുതലെടുപ്പ് എന്ന വാക്കിൽ ശ്രീപാദംവക മുതലെടുപ്പും ഉൾപ്പെടുന്നു എന്നുള്ള വസ്തുത നമ്മുടെ മുമ്പിൽ ഇരിക്കുന്ന പ്രശ്നത്തെ അശേഷം ബാധിക്കുന്നില്ല അതുമായി അതിനു യാതൊരുസംബന്ധവുമില്ലല്ലോ.

പ്രസിഡന്റ്: മി. താണുപിള്ള, അപ്പോൾ നിങ്ങളുടെ നില ഗവണ്മെന്റിന് ആവശ്യമാണെങ്കിൽ നേരെയുള്ള നിയമവിധാനം കൊണ്ടു് അതു് സാധിക്കണം എന്നാണ്. അതാണോ നിങ്ങളുടെ നില?

മി: എ. താണുപിള്ള (തിരുവനന്തപുരം) : ഞാൻ അതു് ഗവണ്മെന്റിനെ വിട്ടിരിക്കുന്നു. ശ്രീപാദം ഉദ്യോഗസ്ഥന്മാരിൽ ഈ വിസ്തീർണ്ണമായ അധികാരങ്ങൾ നിക്ഷേപിക്കുന്നതിനുള്ള ഉദ്ദേശത്തോടുകൂടി നിയമമുണ്ടാക്കുന്നതിൽ ഗവണ്മെന്റ് ശരിയായിരിക്കുമെന്നു ഞാൻ പറയുന്നതായി ധരിക്കരുതു്.

പ്രസിഡന്റ്: അതു പ്രശ്നത്തിന്റെ യോഗ്യതയെ ബാധിയ്ക്കുകയാണ്.

മി: എ. താണുപിള്ള (തിരുവനന്തപുരം): ഇപ്പോഴുള്ള ചട്ടങ്ങളിൻ പ്രകാരം ഈ സഭയ്ക്ക് അവകാശമില്ല. ചട്ടങ്ങളുടെ കണിശമായ വ്യാഖ്യാനത്തെയാണ് ഞാൻ ആശ്രയിക്കുന്നതു്. നിയമത്തിന്റെ കണിശമായ വ്യാഖ്യാനത്തെ ആശ്രയിക്കുമ്പോൾ തന്നെ, ക്ലൂതൽ അധികാരം ലഭിക്കുന്നതിനു എനിക്കു പൊതുവെ സമ്മതമല്ലെന്നു ഞാൻ പറയാം. നിയമം നേരെയായി പാസാക്കപ്പെട്ടുമ്പോൾ അതു ബുദ്ധിപൂർവ്വമോ നല്ലതോ ആയതെന്നു നിയമമോ രേഖത്തിന്റെ നല്ലതത്ത്വങ്ങളോടു യോജിക്കുന്നതെന്നോ ആയിരിക്കുമെന്നു ഞാൻ പറയുന്നതായി ധരിക്കരുതു്. അതിൽനിന്നു വളരെ ദൂരത്തുള്ളതു.....

പ്രസിഡന്റ്: ആ വിഷയത്തെ വിട്ടേക്കാം. നാം ഇപ്പോൾ ക്രമപാലനവിഷയമായ സംഗതിയിലാണ്.

മി: എ. താണുപിള്ള (തിരുവനന്തപുരം): അദ്ധ്യക്ഷനിൽ നിന്നു വന്ന ഒരു ചോദ്യം സംബന്ധമായി എനിക്കു അതെപ്പറ്റി പറയാനുണ്ടായിരുന്നു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഈ റെഗുലേഷൻ പ്രകാരം ശ്രീപാദം കൊട്ടാരത്തിലെ ഒരുദ്യോഗസ്ഥനു വല്ല അധികാരം കൊടുക്കപ്പെട്ടുന്നുണ്ടെങ്കിൽ, ആ അധികാരം എടുത്തുകളയുന്നതിനു ഈ സഭയ്ക്കു അവകാശം ഉണ്ടായിരിക്കുമോ?

മി: എ. താണുപിള്ള (തിരുവനന്തപുരം): സംഗതി സ്പഷ്ടമാക്കുന്നതിനു ഞാൻ ആഗ്രഹിക്കുന്നു. അതുദ്ദേശിച്ചു ബിൽ ആലോചിക്കുന്നതു മുതലെടുപ്പു ഈടാക്കുന്നതിൽ ഫ്രീപ്പെട്ടിരിക്കുന്ന വ്യക്തികളുടെയാണ്. അവകാശമുള്ളതു ഏതൊരു ഉദ്യോഗസ്ഥനേതൊരു, ഉദ്യോഗവുണ്ടത്തെയോ ഈ അധികാരം അനുഭവിക്കുന്ന അവകാശം ഗവണ്മെന്റിനുള്ളതായിരിക്കും, തന്നിമിത്തം ശ്രീപാദം കൊട്ടാരത്തിലെ ഏതൊരുദ്യോഗസ്ഥനെ, ഉദ്യോഗസ്ഥനാണെങ്കിലും അധികൃതരാക്കപ്പെടാവുന്നതാണ്. എന്നാൽ അവരെ നിയന്ത്രിക്കാൻ ഗവണ്മെന്റിനു സാധിക്കുകയില്ല.

പ്രസിഡന്റ്: നിങ്ങൾ ക്രമപാലനവിഷയമായ സംഗതി ഉന്നിമാത്രം സംസാരിക്കണം എന്നുള്ളവസ്തുതയിലേക്കു വീണ്ടും നിങ്ങളുടെ ശ്രദ്ധയെ ഞാൻ ക്ഷണിക്കുന്നു.

മി: എ. താണുപിള്ള (തിരുവനന്തപുരം): അതിനാൽ, ഞാൻ പറയുന്നതു, ഈ നിയമം നാം പാസാക്കുന്നെങ്കിൽ, സ്വന്തമായ അധികാരങ്ങൾ എടുത്തുകളയുന്നതിലേക്കു, ഉദ്യോഗസ്ഥന്മാരുടെ തരം നിർദ്ദേശിക്കുന്നതിനോ, അധികാരങ്ങൾ എടുത്തുകളയുന്നതിനോ ആയിട്ടു ഒരു ഭേദഗതി ബിൽ കൊണ്ടു വരുന്നെങ്കിൽ അല്ലാതെ, എളുപ്പമല്ലായിരിക്കും. ചട്ടം നമുക്കു ഒരു വഴിക്കു നിയമവ്യവസ്ഥ ചെയ്യുന്നതിനു അധികാരമുണ്ടെന്നു വരുന്നെങ്കിൽ, ആ വഴിക്കതിരായിട്ടുള്ള വഴിക്കു നിയമവ്യവസ്ഥ ചെയ്യുന്നതിനു കൂടി നമുക്കു അധികാരമുണ്ടു് എന്നു സ്പഷ്ടമായി അനുമാനിക്കപ്പെടുന്നു. എന്നാൽ ഇവിടെ പ്രശ്നം നമുക്കു അതിനു അധികാരമുണ്ടോ എന്നാണ്.

പ്രസിഡന്റ്: മി. മാധവൻപിള്ള, ദയവുചെയ്തു നിങ്ങളുടെ അഭിപ്രായം പറയണം.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരം സെൻട്രൽ): അതിനു എനിക്കു യോഗ്യതയുണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല.

മി: എ. എസ്. മോഹനരൻ ആശാൻ (മാവേലിക്കരയും കാഞ്ഞിരപ്പള്ളിയും): സർ, താങ്കളുടെ സമ്മതമുണ്ടെങ്കിൽ, ഞാൻ ഒരു വാക്കു പറയാം.

പ്രസിഡന്റ്: അതു നിങ്ങൾക്കു അവകാശപ്പെടാൻ പാടില്ല.

മി: എ. എസ്സ്. മോഹനരൻ ആശാൻ (മാവേലിക്കരയും കാഞ്ഞിരപ്പള്ളിയും): അതു കൊണ്ടാണ് 'താങ്കളുടെ സമ്മതമുണ്ടെങ്കിൽ' എന്നു ഞാൻ പറഞ്ഞതു്.

പ്രസിഡന്റ്: എന്നാലും, അതു അദ്ധ്യക്ഷൻ വിവേകബുദ്ധി ഉപയോഗിക്കാൻ ആവശ്യപ്പെടുന്ന ഒരു സംഗതിയാണ്. അഭിപ്രായം പ്രകടിപ്പിക്കാൻ ഉള്ളവരിൽ ഒരാളായിരിക്കാൻ നിങ്ങൾ ആവശ്യപ്പെടുന്നെങ്കിൽ, നിങ്ങളെ അനുവദിക്കുന്നതിനു അദ്ധ്യക്ഷനവിടേക്കണമെന്നല്ലാതെ, അദ്ധ്യക്ഷന്റെ സമ്മതം കൂടാതെ ഒരു പ്രതിജ്ഞ കൊണ്ടു വരേണ്ടതല്ല. അതു ശരിയായിരിക്കയില്ല. എങ്ങിനെ എങ്കിലും, ഞാൻ നിങ്ങളുടെ അഭിപ്രായം ക്ഷണിക്കാം. നിങ്ങൾക്കു് എന്താണു് പറയാനുള്ളതു്.

മി. എ. എസ്സ്. മോഹനരൻ ആശാൻ (മാവേലിക്കരയും കാഞ്ഞിരപ്പള്ളിയും): ഉൽക്ഷേപിക്കപ്പെട്ട ക്രമപാലനവിഷയമായ സംഗതിയെപ്പറ്റി എനിക്കു പറയാനുള്ളതു് ഈ നിയമം വ്യവസ്ഥ ചെയ്യുന്നതിനു ഈ സഭയ്ക്കധികാരമുണ്ടു് എന്നാണ്. വിഷയത്തിന്റെ യോഗ്യതകളെപ്പറ്റി അഭിപ്രായത്തിനു എനിക്കു അവശ്യമില്ല.

പ്രസിഡന്റ്: അതെപ്പറ്റി നിങ്ങളുടെ അഭിപ്രായം പ്രകടിപ്പിക്കാൻ ആഗ്രഹിക്കുന്നെങ്കിൽ, ദയവു ചെയ്തു ക്രമപാലന വിഷയമായ സംഗതിയെ മാത്രം ഉന്നി നിങ്ങൾ സംസാരിക്കണം. ഉൽക്ഷേപിക്കപ്പെട്ട വിഭാഗം, നിയമം ശ്രീപാദം കൊട്ടാരംവക വസ്തുക്കളെ സംബന്ധിക്കുന്നതിനാൽ, അതു നിയമസഭാ റെഗുലേഷൻ കക (എ) സെക്ഷൻ അധികരണത്തിൽ ഉൾപ്പെടുന്നു എന്നാണ്.

മി: എ. എസ്സ്. മാമോദരൻ ആശാൻ (മാവേലിക്കരയും കാഞ്ഞിരപ്പള്ളിയും): ഈ സഭയിൽ വ്യവസ്ഥ ചെയ്തപ്പെട്ട സിവിൽ നടപടി നിയമം വകുപ്പു കണ്ടുകുടി നിലങ്ങളെ സംബന്ധിക്കുന്നതാണെന്നു നാം കാണുന്നു. അതിനു അനുക്ഷേപം നേരെ കൊണ്ടു വരപ്പെട്ടിട്ടില്ല എന്നു തോന്നുന്നു. അതിനാൽ ഈ സഭയിലെ ഒരു മൻ ഉദ്ദ്യോഗം കണ്ടുകുടിയും ശ്രീപാദം വകയും ആയ വസ്തുക്കളെപ്പറ്റി ഒരു നിയമവ്യവസ്ഥ ചെയ്യുന്നു

തിനു അനുവദിക്കണം. എന്നാൽ ഇതു ഈ സഭയുടെ അവകാശങ്ങളെ സ്പർശിക്കുന്ന ഒരു ഭേദഗതി ആകയാൽ, ഈ സഭയേ സംബന്ധിക്കുന്നിടത്തോളം പ്രാമണ്യമായ ഒരു തീർച്ച വരുത്തേ സാദ്ധ്യമായിട്ടുള്ളതാണ്, അല്ലാത്തപക്ഷം ഈ നിബന്ധന അവതരിപ്പിക്കപ്പെടുന്നതിനും പാസാക്കപ്പെടുന്നതിനും ഈ നമ്മെ അനുവദിക്കുകയും, ഈ നിയമത്തെ ഭേദഗതി ചെയ്യുന്നതിനുള്ള ഒരു ബിൽ സഭയിൽ ചെമെസർമാരിൽ ആരെങ്കിലും കൊണ്ടു വരുന്നതിനു അനുവദിക്കുകയും ചെയ്യുമോ, സെക്ഷൻ ക്ല (എ) ആധാരമാക്കിക്കൊണ്ടു സാങ്കേതികമായ വിരോധം ഉൽക്ഷേപിക്കപ്പെടുന്നതിനു ഇടയാകുന്നതാണ്. എനിക്കു അങ്ങിനെ ഒരു വിശ്വാസം ഉണ്ടായിട്ടുണ്ട്. അതുകൊണ്ടാണ് ഞാൻ ഇതിലേക്കു അദ്ധ്യക്ഷന്റെ ശ്രദ്ധയെ ആകർഷിക്കുന്നതിനു ഉൽസുകനായിരിക്കുന്നതു്.

പ്രസിഡൻറ്: ശ്രീപാദം വസ്തുക്കൾ സംബന്ധിച്ച കേസുകൾ, അവ രാജകുടുംബവസ്തു സംബന്ധിക്കുന്നു എന്ന കാരണത്താൽ നിരോധിക്കപ്പെടുന്നതാണോ?

മി: എ. എസ്. മാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും) : നിരോധിക്കപ്പെടുന്നില്ല.

പ്രസിഡൻറ്: കണ്ടുകെട്ടി നിലങ്ങളെ സംബന്ധിക്കുന്നിടത്തോളം കേസുകൾ സ്വീകരിക്കുന്നുവല്ലോ. അവ വേറെ ഒരു നിലയിൽ ഉള്ളവയാണ്. ശ്രീപാദം വസ്തുക്കളെ സംബന്ധിക്കുന്നിടത്തോളം, അവയെ സംബന്ധിച്ചുള്ള കേസുകൾ അവ സെക്ഷൻ ക്ല (എ) യിലെ വ്യവസ്ഥകൾക്കു എതിരാണെന്നോ, നിയമസഭയിൽ വ്യവസ്ഥ ചെയ്യപ്പെടുന്ന റെഗുലേഷനുകൾ ശ്രീപാദം വസ്തുക്കൾക്കു പറകയില്ല എന്നോ ഉള്ള കാരണങ്ങൾ, നിരോധിക്കപ്പെടുന്നതാണ്.

മി: എ. എസ്. മാമോദരൻആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): സിവിൽ നടപടി നിയമത്തിലെ വ-ം സെക്ഷൻ കണക്കിലെടുത്തു നിലങ്ങൾക്കു പറകയില്ല.

പ്രസിഡൻറ്: രാജകുടുംബത്തിലെ അംഗങ്ങളെ സ്പർശിക്കുന്ന യാതൊരു നിയമവും വ്യവസ്ഥചെയ്യുന്നതിനു നിയമസഭയ്ക്കു അധികാരമില്ലെന്നും, രാജകുടുംബത്തിലെ ഒരംഗത്തിന്റെ വകയായ ശ്രീപാദം വസ്തുക്കൾ നിയമസഭാ റെഗുലേഷൻറെ സംശോധനത്തിൽ നിന്നു എടുത്തു കളഞ്ഞ വിഷയങ്ങളിൽ, അനിവാര്യമായി ഒന്നു ആ നിരക്കണമെന്നും ആണോ നിങ്ങളുടെ ആക്ഷേപം?

മി: എ. എസ്. മാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): അതായിരുന്നു ഉൽക്ഷേപിക്കപ്പെട്ട വിരോധം.

പ്രസിഡൻറ്: കൊള്ളാം, ഈ സഭയിൽ പാസാക്കപ്പെട്ട ഒരു നിബന്ധനയായ സിവിൽ നടപടി നിയമം അനുസരിച്ചു കൊണ്ടു വരപ്പെട്ടുന്ന കേസുകളെ സംബന്ധിച്ച്, ഈ സഭയിൽ പാസാക്കപ്പെട്ട സിവിൽ നടപടി നിയമത്തിലെ വ്യവസ്ഥകൾ ശ്രീപാദം കൊട്ടാരത്തെ സംബന്ധിക്കുന്ന കാര്യങ്ങളിൽ പ്രയോഗിക്കാൻ പാടില്ലാത്തതുകൊണ്ടു, അവ ഭേദഗതിചെയ്യപ്പെടാൻ പാടില്ല എന്നാണോ നിങ്ങൾ വാദിക്കുന്നതു് എന്നു ഞാൻ നിങ്ങളോടു ചോദിക്കുന്നു.

മി: എ. എസ്. മാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): അവ പ്രയോഗിക്കുവാൻ പാടില്ലാത്തവയാണെന്നു ഞാൻ പറയുന്നില്ല.

പ്രസിഡൻറ്. അപ്പോൾ എന്താണ് നിങ്ങളുടെ നില? ഈ വിഷയത്തെപ്പറ്റിയുള്ള ആലോചന നിയമസഭാ റെഗുലേഷൻ ക്ല (എ) യെ വ്യവസ്ഥചെയ്യുന്നതിനു വിരുദ്ധമാണെന്നു നിങ്ങൾ പറയുന്നതുവോ അതോ ഈ സഭയുടെ അധികാരങ്ങളുടെ പരിധിയിൽ ഉൾപ്പെടുന്നതാണെന്നു പറയുന്നതുവോ?

മി. എ. എസ്. മാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ശ്രീപാദം വസ്തുക്കളെ സംബന്ധിക്കുന്ന ഒരു നിബന്ധന വ്യവസ്ഥചെയ്യുന്നതു ആദ്യം മുതൽക്കു തന്നെ നിയമസഭയുടെ പരിധിയിൽ ഉൾപ്പെട്ടതാണ എന്നു ഞാൻ പറയുന്നു.

പ്രസിഡൻറ്: ഈ സഭയ്ക്കു അധികാരമുണ്ടെന്നു നിങ്ങൾ പറയുന്നുവോ?

മി: എ. എസ്. മാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): അതെ. അതുകൊണ്ടാണ് ഒരു തീർച്ച പുരുത്തുവാനും ആവശ്യമാണെന്നു ഞാൻ പറഞ്ഞതു്.

മി: കൃഷ്ണൻ പരമേശ്വരൻപിള്ള (അഡ്വക്കേറ്റ് ഹൈക്കോർട്ട്സ്ക്കാർവക്കീൽ) മി. ആശാനോടു് ഒരു ചോദ്യം ചോദിക്കുന്നതിനു ഞാൻ അനുവദിക്കണം.

പ്രസിഡൻറ്: നിങ്ങൾ ക്രമാനുസൃതം അപേക്ഷിക്കുന്നു ഞാൻ അനുവദിക്കുന്നു. ഈ വിഷയത്തിൽ ഇടയിൽകേറിപറയുന്നതിനു് ആവശ്യപ്പെട്ട അന്യോഗസ്ഥമെമ്പർമാരെ സംബന്ധിച്ചു ഞാൻ ചെയ്തിട്ടുള്ള ചർച്ചകളിലും അളവിൽ ഉദ്യോഗസ്ഥമെമ്പർമാരെയും അവശ്യമായി സംബന്ധിക്കും. നിങ്ങൾക്കു് ആവശ്യമുള്ളപക്ഷം ഒരു ചോദ്യം നിർദ്ദേശിക്കാം.

മി: കൃഷ്ണൻ പരമേശ്വരൻപിള്ള (അഡ്വക്കേറ്റ് ഹൈക്കോർട്ട്സ്ക്കാർവക്കീൽ): എനിക്കു പ്രസംഗിക്കുന്നതിനാവശ്യമില്ല. മി. ആശാനോടു ഒരു ചോദ്യം ചോദിക്കണമെന്നേ മുതുമുള്ളൂ. സർ, നിബന്ധന ശ്രീപാദം ഭൂമികളെ യഥാർത്ഥമായി സംബന്ധിച്ചതാണെങ്കിൽ ഈ ബിൽ ക്രമാനുസൃതമാണെന്നാണോ അദ്ദേഹത്തിന്റെ നില എന്നു മി. ആശാനോടു ഒരു ചോദ്യം ചോദിക്കണമെന്നു ഞാൻ താങ്കളോടു് അപേക്ഷിക്കുന്നു.

പ്രസിഡൻറ്: അദ്ദേഹം മറുവഴിയായി അഭിപ്രായം പ്രകാശിപ്പിച്ചിട്ടുണ്ട്. അദ്ദേഹം പ്രശ്നത്തിന്റെ എല്ലാവശങ്ങളേയും സമാലോചിച്ചിട്ടു് ശ്രീപാദഭൂമിസംബന്ധിച്ചു ഒരു നിബന്ധന വ്യവസ്ഥചെയ്യുന്നതു് ഈ സഭയുടെ പരിധിയിൽ ഉൾപ്പെട്ടതാണെന്നു പറഞ്ഞിട്ടുണ്ട്. നിങ്ങളുടെ അഭിപ്രായം ക്ഷണിക്കപ്പെട്ടെന്നുകിൽ അദ്ദേഹത്തിന്റെ വാദത്തെ നിങ്ങളുടെ പ്രസംഗമെയ്യ് ഖണ്ഡിക്കാവുന്നതാണ്.

മി: കൃഷ്ണൻ പരമേശ്വരൻപിള്ള (അഡ്വക്കേറ്റ് ഹൈക്കോർട്ട്സ്ക്കാർവക്കീൽ): ഞാൻ എന്റെ അഭിപ്രായത്തെ പ്രകാശിപ്പിക്കാൻപോകുന്നില്ല. അദ്ദേഹത്തിന്റെ നില എനിക്കു് നല്ലപോലെ മനസ്സിലാകാഞ്ഞതിനാൽ എനിക്കു് ആ ചോദ്യം ചോദിക്കാൻമാത്രം ഉദ്ദേശിച്ചിരുന്നുള്ളൂ.

പ്രസിഡൻറ്: നിങ്ങളുടെ ചോദ്യം ഉത്തരവിക്കുന്നില്ല.

മി: എ. എസ്. മോഹനൻ ആശാൻ (മാവേലിക്കരയും-കാഞ്ഞിരപ്പള്ളിയും): എനിക്കു നിർദ്ദേശിക്കാനുണ്ടായിരുന്നത് ഇതായിരുന്നു. രാജകുടുംബത്തിലെ അംഗങ്ങൾക്ക് അവരുടെ മേൽ പ്രത്യേക അവകാശങ്ങൾ ഉള്ളതായ ഈ വസ്തുക്കളെ സംബന്ധിച്ചു ഈ കൌൺസിലിനെ ഒരു നിവേദനം വ്യവസ്ഥചെയ്യുന്നതിനുള്ള അവകാശമില്ലാതെയിരിക്കുന്നില്ല.

പ്രസിഡൻറ്: ആ പ്രത്യേക പ്രശ്നത്തെപ്പറ്റിയല്ല നാം ആലോചിക്കുന്നത്. നാം ഇപ്പോൾ ആലോചിക്കുന്നത് ബിൽ ഇപ്പോൾ നമുക്കു മുമ്പിലുള്ളതുപോലെ തന്നെ സ്വീകരിക്കണമോ അതോ സംഗതികളെപ്പറ്റി കൌൺസിലിൻറെ അഭിപ്രായങ്ങൾ ഉദാഹരണമായിട്ട്, രാജകുടുംബത്തിലെ അംഗങ്ങൾ, ഏവരും ആണെന്ന് ആലോചിക്കേണ്ടതില്ല. ചിലരെങ്കിലും ഇരിക്കുന്ന ക്രമപരമായ വിഷയമായ സംഗതിയെ ഉന്നയിച്ചു നിരൂപണം ചെയ്യണം. മറ്റു സംഗതികളെ സംബന്ധിച്ചു പൊതുവായ തീർച്ച ആവശ്യപ്പെടേണ്ടതില്ല. ഞാൻ പറഞ്ഞതുപോലെ ആലോചനയിലിരിക്കുന്ന സംഗതിയെപ്പറ്റി മാത്രം നാം സംസാരിക്കണം.

മി: എ. എസ്. മോഹനൻ ആശാൻ (മാവേലിക്കരയും-കാഞ്ഞിരപ്പള്ളിയും): ആ സംഗതി രാജകുടുംബത്തിലെ ചില അംഗങ്ങൾക്കു പ്രത്യേക അവകാശങ്ങൾ ഉള്ളതുകൊണ്ട് ശ്രീപാദം വസ്തുക്കളെ സ്പർശിക്കുന്ന ഒരു നിബന്ധന ഈ സഭയാൽ വ്യവസ്ഥചെയ്യപ്പെടാമോ എന്നുള്ളതാണ്, രാജകുടുംബാംഗങ്ങളുടെ വകകളെക്കുറിച്ചു നിലവിലുള്ള സംബന്ധിക്കുന്ന ഒരു നിബന്ധന അനുവദിക്കപ്പെടുന്നതുകൊണ്ട് എൻറെ നിലയെ അനുകൂലിക്കുന്നതിന് ഒരു ഗുണം ഉള്ളതാണ്. ഒരു പ്രമാണമായ തീർച്ച ഞാൻ ആവശ്യപ്പെടുന്നു, കുറേനാൾ നിയമസഭാഗൃഹത്തിലെ സെക്ഷൻ 4 (എ)-യെ ആക്ഷേപിച്ചുകൊണ്ട് ഈ നിബന്ധനയുടെതന്നെ ഒരു ഭേദഗതി ക്രമാനുസൃതം അല്ലെന്നു തള്ളപ്പെട്ടുപോകരുത്.

പ്രസിഡൻറ്: അതെല്ലാം നിങ്ങൾ പ്രതീക്ഷിക്കുന്നത് എന്തിനു? ഇപ്പോൾ ഇരിക്കുന്നസ്ഥിതിക്ക് നമുക്ക ഈ ബിൽ മാത്രമെ ആലോചിക്കാനുള്ളൂ.

മി: എ. എസ്. മോഹനൻ ആശാൻ (മാവേലിക്കരയും കാഞ്ഞിരപ്പള്ളിയും): നമുക്ക പ്രതീക്ഷിക്കേണ്ടതായിട്ട് ഉണ്ട്.

പ്രസിഡൻറ്: കല്പിതമായ ഒരു സംഗതിയെപ്പറ്റി ഒരു തീർച്ച ആവശ്യപ്പെടാൻ പാടില്ല.

മി: എ. എസ്. മോഹനൻ ആശാൻ (മാവേലിക്കരയും കാഞ്ഞിരപ്പള്ളിയും): ഒരു തീർച്ചക്കുള്ള ആവശ്യത്തെ ഇപ്പോൾ തന്നെ ഞാൻ ചൂണ്ടിക്കാണിക്കുന്നതാണ്.

പ്രസിഡൻറ്: അതിനു ഒരു സന്ദർഭം വരുമ്പോൾ അതു ആവശ്യപ്പെടാം. അപ്പോൾ അതു ആലോചിക്കപ്പെടുന്നതാണ്.

ഉൾക്ഷേപിക്കപ്പെട്ട ക്രമപരമായ സംഗതിയെ ഞാൻ നിരാകരിക്കുന്നു കാരണം വ്യവസ്ഥാപിത നിധി മണ്ഡലിയെ വ്യവസ്ഥകളെ വിശേഷിച്ചു സിവിൽ നടപടിനിയമത്തേയും കരം പിരിവ് റെഗുലേഷനേയും പരിഗണിച്ചു ഈ നിബന്ധന വ്യവസ്ഥചെയ്യുന്നത് ഈ സഭയുടെ അധികാരസീമയിൽ ഉൾപ്പെടുന്നതാണ് എന്നു ഞാൻ അഭിപ്രായപ്പെടുന്നു.

മി: കുര്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഫെഡ് സക്കാർ വക്കീൽ): സർ, എനിക്ക് ഇപ്പോൾ ഞാൻ ഉടനെ പറയാം. ബിൽ കൌൺസിലിൽ വായിക്കപ്പെടണം എന്നു മുമ്പു ഒരു യോഗത്തിൽ തന്നെ ഞാൻ ഉൾക്ഷേപിക്കുകയും വാദപ്രതിവാദം ഉടനുകയും ചെയ്തിട്ടുണ്ട് എന്നു സഭയെ ഞാൻ ഓർമ്മപ്പെടുത്തുകയായിരുന്നു. അതിനാൽ ഞാൻ അപ്പോൾ പ്രസ്താവിച്ചതിനെ ആവർത്തിച്ചു പറയാൻ ആവശ്യമില്ല. എന്നുകൊണ്ടാണ് ഇപ്രകാരം ഒരു നിബന്ധന ആവശ്യപ്പെടുന്നു എന്നു സഭക്കു നല്ലപോലെ അറിയാവുന്ന സംഗതിയാണ്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ശ്രീപാദം വക ഭൂമികളുടെ മുതലെടുപ്പു ഈടാക്കുന്നതിലേക്കു കരം പിരിവു റെഗുലേഷൻ പ്രയോഗിക്കപ്പെടാൻ തക്കവണ്ണമുള്ള അധികാരം ശ്രീപാദം കൊട്ടാരം വക പല്ല ഉദ്യോഗസ്ഥനെയും അണിയിക്കുന്നതായിരിക്കുമോ എന്നു ഏതോടു പറയാമോ?

മി: കുര്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഫെഡ് സക്കാർ വക്കീൽ): അതെ.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഈ ബില്ലിനാൽ ഇപ്രകാരം അണിയിക്കപ്പെട്ട അധികാരത്തെ ഏതെങ്കിലും നിയമവ്യവസ്ഥയാൽ എടുത്തു കളയുന്നതിനു ഈ സഭക്ക അവകാശമുണ്ടോ എന്നു ഏതോടു പറയാമോ?

മി: കുര്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഫെഡ് സക്കാർ വക്കീൽ): അതു ഇപ്പോൾ ഉത്ഭവിക്കുന്നില്ല. ഈ ബിൽ കൌൺസിലിൽ വായിക്കപ്പെടണം എന്നു ഉപന്യസിക്കുമാത്രം ആണ് ഞാൻ ചെയ്യുന്നത്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ശ്രീപാദം ഭൂമികൾക്കുള്ള കരം തനല്ല ആയികൊടുക്കുന്നതിനെ നിർത്തലാക്കുന്നതിനുള്ള ഒരു നിശ്ചയം വിമർശനം ചെയ്യുന്നതിനു ഈ സഭക്കു അവകാശമുണ്ടോ എന്നു ഏതോടു പറയാമോ?

മി: കുര്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഫെഡ് സക്കാർ വക്കീൽ): ഇപ്പോൾ ആ സംഗതി ഞാൻ ആലോചിക്കുന്നില്ല. ഈ വിമർശനത്തിൽ അതു ഉത്ഭവിക്കുന്നുമില്ല. ഞാൻ ഇപ്പോൾ പറയുന്നത് ബില്ലിനെപ്പറ്റിയുള്ള വിമർശനം തുടർന്നു പോകാം എന്നതത്രെ.

മി: എ. താണുപിള്ള (തിരുവനന്തപുരം): സർ, എനിക്ക വിമർശനം ആരംഭിക്കാമോ?

പ്രസിഡൻറ്: വാസ്തവത്തിൽ വിമർശനം കുറച്ചു നടന്നിരിക്കുന്നു. അതിനെ നാം തുടരുന്നതാണ്.

മി: എ. താണുപിള്ള (തിരുവനന്തപുരം): സർ, അടുത്ത ഒരു അവസരത്തിൽ ഈ ബിൽ അവതരിപ്പിക്കുന്നതിനെ സംബന്ധിച്ചു, ശ്രീപാദം ഉദ്യോഗസ്ഥന്മാർക്ക നൽകുവാൻ ഉദ്ദേശിക്കപ്പെട്ടിരിക്കുന്ന അധികാരങ്ങൾ അപ്രകാരം അവർക്ക നൽകപ്പെടുന്നതു അത്യന്തം അനഭിലഷണീയമായിരിക്കുമെന്നു കാണിക്കാൻ

ഫ്ലാനും വാസ്തുവസംഗതികളെ ഞാൻ സഭയുടെ മുമ്പിൽ കൊണ്ടുവരികയുണ്ടായി. സർ. ശ്രീപാദം തിരുവിതാംകോട്ടിന്റെ ഭാഗമാണെങ്കിലും ശ്രീപാദം ഡപ്പാർട്ടുമെന്റിന്റെ ഈ രാജ്യത്തെ ഗവണ്മെന്റിൽ നിന്നു വളരെ വ്യത്യാസപ്പെട്ടിരിക്കുന്നതാണ്. ശ്രീപാദം കൈയ്യാളികാര്യം നിർവഹിക്കുന്നതിൽ ഗവണ്മെന്റിനു യാതൊരു ബന്ധവുമില്ല. തീർച്ചയായിട്ടും ഞാൻ തെറ്റിദ്ധരിപ്പിക്കുന്നെങ്കിൽ, മാമെമ്പർ എന്നെ തിരുത്തുമെന്നു ഞാൻ ആശിക്കുന്നു. എനിക്കു കാണാൻ കഴിയുന്നടത്തോളം ഗവണ്മെന്റ് ശ്രീപാദത്തിൽനിന്നു തീരെ വ്യത്യസ്തമാണ്. ശ്രീപാദം തിരുവിതാംകോട്ട ഗവണ്മെന്റിൽനിന്നു തീരെ വ്യത്യസ്തവും ആണ്. ശ്രീപാദത്തെക്കാട്ടാരം സംബന്ധിച്ചു ഉദ്യോഗസ്ഥന്മാരുടെമേൽ ഭരണാധ്യക്ഷനപോലും യാതൊരുവിധമായ ശാസനാധികാരവും നടത്താൻ സാധിക്കുമെന്നു ഞാൻ വിചാരിക്കുന്നില്ല. ഈ വസ്തുവസംഗതി സൂക്ഷ്മമായി നോട്ടീസിൽ വച്ചുകൊണ്ടു നമുക്കു ഇടപെടൽ ആലോചിക്കാനുള്ളത് ശ്രീപാദം ഉദ്യോഗസ്ഥന്മാർക്കു നൽകുന്നതെന്നു ഉദ്ദേശിക്കപ്പെടുന്ന അധികാരങ്ങളാണ് അവരെ അണിയിക്കുന്നത് ആശാസ്യമായിരിക്കുമോ എന്നാണ്. ഇതുസംബന്ധമായി ആ അധികാരങ്ങൾ ഏതു എന്നു നമുക്ക് ആലോചിക്കേണ്ടതായിരിക്കുന്നു. ഇപ്പോൾ ദിവാൻപേഷ്കാരന്മാരും ഗവർമെണ്ടു മാനേജരന്മാരും പ്രയോഗിച്ചുവരുന്ന കരംപിരിവും ഗ്രേഷൻപ്രകാരമുള്ള അധികാരങ്ങൾ വളരെ വിസ്തീർണ്ണമായ ഒരു തരത്തിലുള്ളവയാണ്. ഇപ്പോഴത്തെ കരംപിരിവും ഗ്രേഷൻ റവന്യൂ ഉദ്യോഗസ്ഥന്മാരേയും മറ്റുദ്യോഗസ്ഥന്മാരേയും സ്ഥാവരങ്ങളും ജംഗമങ്ങളും ആയ വസ്തുക്കളെ ജപ്തിചെയ്യുന്നതിനും അവയെ വിൽക്കുന്നതിനും ഗവണ്മെന്റിനു ചേല്പിക്കുകകളെ വസൂൽചെയ്യുന്നതിനും അധികാരപ്പെടുത്തുന്നു. ഈ വസ്തുതയുടെ ഒരു വർണ്ണനകൊണ്ടു ഈ ഉദ്യോഗസ്ഥന്മാർ പ്രയോഗിച്ചുവരുന്ന അധികാരങ്ങളുടെ വിസ്തീർണ്ണം എത്രമാത്രമാണെന്നു സൂക്ഷ്മമാക്കി കാണിക്കുന്നു. കരം ഒടുക്കേണ്ട ഏതു കുടിയാനിൽനിന്നും സ്ഥാവരങ്ങളും ജംഗമങ്ങളുമായ വസ്തുക്കളുടെ ജപ്തി അവയെ വേലത്തിൽ വിൽക്കുന്നതിനായി ചെലസ്ത്രംചെയ്യുന്നതു അവയെ വേലത്തിൽ വിലക്കുന്നതാണ് അതുണ്ട് ഈ ഉദ്യോഗസ്ഥന്മാർ പ്രയോഗിച്ചുവരുന്ന അധികാരങ്ങളുടെ തരങ്ങളും സർ, ഗവണ്മെന്റിന് അവരുടെമേൽ യാതൊരു ശാസന നിയന്ത്രണവും ഇല്ലാത്ത ആളുകൾക്കു ഇങ്ങനെയുള്ള അധികാരങ്ങൾ കൊടുക്കേണ്ടതാണെന്നുള്ള സ്പഷ്ടമായിട്ടും യോനകമായ ഒരു പ്രമേയംതന്നെ തീർച്ചയായിട്ടും സ്വകാര്യമെയിലുടമസ്ഥന്മാർക്ക് അവർ ശ്രീപാദത്തിലെ വസ്തുകൈവശക്കാരായിരിക്കുന്നിന്നും ഉണ്ടാവിക്കാവുന്ന ഉപദ്രവം വളരെവലുതായിട്ടുള്ളതാണ്. അതിനാൽ ഗവണ്മെന്റിന് അവരുടെമേൽ ശാസന ചിയന്ത്രണം ഇല്ലാത്ത ഒരുതരം ആളുകളെ ഈ വിസ്തീർണ്ണമായ അധികാരങ്ങൾ അണിയിക്കുന്നു എന്നു ഗവണ്മെന്റിനും തീർച്ചയായി അക്ഷേപമുണ്ടായിരിക്കും. ഈ ആളുകളെ നിയമിക്കുന്നതുസംബന്ധിച്ചു ഗവണ്മെന്റിന് വല്ല അഭിപ്രായവും ഉണ്ടായിരുന്നെങ്കിൽ അവക്ക് അവരുടെ പ്രവൃത്തികളെ നിയന്ത്രിക്കാമായിരുന്നെങ്കിൽ, അവർക്കു അവരെ നീക്കാമായിരുന്നെങ്കിൽ ആ സ്ഥിതിക്ക് ഈ അധികാരങ്ങൾ നൽകുന്നതു പേരറിയിത്തിലുള്ള ഒരു സംഗതി ആയിരിക്കുമായിരുന്നു. ഞാൻ വിചാരിച്ചു ഗവണ്മെന്റ് ശ്രീപാദം സിൽബന്ധികളുടേയും ഉദ്യോഗസ്ഥന്മാരുടേയും മേൽ അവക്ക ശാസനനിയന്ത്രണമുണ്ടാകത്തക്കവണ്ണമുള്ള വ്യവസ്ഥ ചെയ്യുന്ന ഒരു പ്രതിജ്ഞയുടെയായി മുമ്പോട്ടു വരുമായിരുന്നു എന്നാണ്. ബില്ലിന്റെ ഉദ്ദേശം ഇതാണ്. ഉദ്ദേശങ്ങളുടേയും കാരണങ്ങളുടേയും പ്രസ്താവനയിൽ ഇങ്ങനെ പറഞ്ഞിരിക്കുന്നു

"കരം പിരിവുഗ്രേഷൻ (ഫോറസ്റ്റ്-മല) ആക്ടുകൾ സെക്ഷൻ ഏതൊരു ഉദ്യോഗസ്ഥനേയും ഗ്രേഷനനുസരിച്ച് ഒരു പേഷ്കാരുടേയോ, തഹശീൽദാരുടേയോ പാർവ്വത്യകാരുടേയോ അധികാരങ്ങൾ അണിയിക്കുന്നതിന് ഗവണ്മെന്റിനെ അധികാരപ്പെടുത്തുന്നു എന്നാൽ 'ഉദ്യോഗസ്ഥൻ' എന്നവാക്കു നിർവചിക്കപ്പെട്ടിട്ടില്ല. ശ്രീപാദം കൊട്ടാരത്തിലേയോ ഒരു മുനിസിപ്പലിറിയിലെയോ ഉദ്യോഗസ്ഥനേയും നിയമസാധുതയോടുകൂടി ഈ അധികാരങ്ങൾ അണിയിക്കാമോഎന്നുള്ളതിനെപ്പറ്റി സംശയങ്ങൾ ജനിപ്പിച്ചിട്ടുണ്ട്: അപ്രകാരമുള്ള സംശയങ്ങളെ നീക്കുന്നതിനായിട്ടു ഈ ബില്ലിൽ ഒരു പാംതസെക്ഷനോടു ഒരു ഭേദഗണം ചേർക്കുന്നതിന് പ്രതിജ്ഞ ചെയ്യപ്പെട്ടിട്ടുണ്ട്".

അതു ശ്രീപാദം കൊട്ടാരസിൽബന്ധികൾക്കും നൽകപ്പെട്ടിരിക്കുന്ന അധികാരങ്ങളുടെ വിസ്തീർണ്ണതയെ സൂക്ഷ്മമായി കാണിക്കുന്നു. അങ്ങനെയുള്ള അധികാരങ്ങൾ ഇപ്പോൾ പേഷ്കാരന്മാരും തഹശീൽദാരന്മാരും പാർവ്വത്യകാരന്മാരും പ്രയോഗിക്കപ്പെടുന്നു. സംശയംകൂടാതെ ഇപ്പോഴത്തെ നിയമം പറയുന്നതു ശ്രീപാദം ദേയഭൂമികൾ കൊടുത്തുതുടങ്ങിപ്പായി ഗണിക്കപ്പെടണമെന്നാണ്. എന്നാൽ അവ അങ്ങനെയാണെങ്കിൽ ഈ ഭൂമികളെ പിരിക്കുന്നതു നമുക്കു പ്രവർത്തനയന്ത്രം ശ്രീപാദംകൊട്ടാരത്തിന്റെ ദേഹവശം മുഴുവനായി വിട്ടുകൊടുക്കുന്നതുതന്നെയാണ്. റവന്യൂക്കുവേറിഗ്രേഷനിലെ നടപടികളനുസരിച്ച് അവ ഈടാക്കപ്പെടുന്നതിനാൽ, ശ്രീപാദം ദേയഭൂമികൾ കൊടുത്തുതുടങ്ങിപ്പായി ഗണിക്കപ്പെടുന്നുഎന്നു ഞങ്ങൾ ഗ്രഹിക്കുന്നു. ഗവണ്മെന്റിനു അവരുടെമേൽ ശാസനനിയന്ത്രണം ഇല്ലാത്ത ഉദ്യോഗസ്ഥന്മാരിൽ ആ അധികാരം നിക്ഷേപിച്ചുകൊടുത്തതാണ് എന്നാണു എന്റെ ഏറ്റവുമായ വാദം ഉദ്യോഗസ്ഥന്മാർ ഗവണ്മെന്റിനാൽ നിയമിക്കപ്പെടുകയും നിയന്ത്രിക്കപ്പെടുകയും നീക്കപ്പെടുകയും ചെയ്യേണ്ടതുണ്ട് എന്നു ശ്രീപാദം രണ്ടധികാരികളും സമ്മതിക്കുന്നെങ്കിൽ ഈ നിയമം വ്യവസ്ഥാപിതനിയമപുസ്തകത്തിൽ ചേരുന്നതിന് വിരോധമൊന്നുമില്ല. എന്നാൽ ശ്രീപാദംകൊട്ടാരത്തിലേക്കു സ്വാതന്ത്ര്യമായ നിയന്ത്രണം വേണമെന്നും ഗവണ്മെന്റിന് അതിൽ യാതൊരു കർത്തവ്യവും ഇല്ലെന്നും പറയുന്നെങ്കിൽ അപ്പോൾ എനിക്കു തോന്നുന്നു ശ്രീപാദം ഉദ്യോഗസ്ഥനു ഇങ്ങിനെയുള്ള അധികാരങ്ങൾ അണിയിക്കുന്നതെന്നുള്ള പ്രമേയം ഈ സഭയിൽ അവതരിക്കപ്പെടാൻ പാടില്ലാത്ത ഒരു പ്രതിജ്ഞയാണ് എന്നതു.

മുനിസിപ്പലിറിയുടെ കാര്യവും ഉദ്ധരിക്കപ്പെടുന്നു. മുൻസിപ്പൽസിൽബന്ധികളെ സംബന്ധിച്ചടത്തോളം ഈ അധികാരങ്ങൾ കൊടുക്കുന്നതിന് ഒരു വിരോധവും ഉണ്ടെന്നു എനിക്കു സംബന്ധിച്ചടത്തോളം ഞാൻവിചാരിക്കുന്നില്ല. കാരണം ഗവണ്മെന്റിന് അവരുടെമേൽ നിയന്ത്രണം ഉണ്ട്. യാസ്തവമായ ഒരു സംഗതി ഗവണ്മെന്റു മുൻസിപ്പൽ സിൽബന്ധികളെ നിയമിക്കുന്നു എന്നതാണ്.

പ്രസിഡന്റ്: ഗവണ്മെന്റ് അവരുടെമേൽ എങ്ങനെയാണ് നിയന്ത്രണം നടത്തുന്നതു?.

മി: എ. താണുപിള്ള (തിരുവനന്തപുരം): സംശയംകൂടാതെ മുൻസിപ്പൽ സകൌൺസിലുടെ അനുമതിയോടുകൂടി അവരെ നിയമിക്കാൻ ഗവണ്മെന്റിന് അധികാരം നൽകുന്ന മുൻസിപ്പൽ ഉദ്യോഗസ്ഥന്മാരുടെ നിയമ

മനസ്സ സംബന്ധിക്കുന്ന നിബന്ധനകൾ മുൻസിപ്പൽറൂളുകളിൽ ഉണ്ട് എങ്കിലും കാസ്റ്റവത്തി ൽ ഗവണ്മെൻറുനിയന്ത്രണം നടത്തുന്നുണ്ട്. എന്തുപറഞ്ഞാലും ഉയർന്ന ഉദ്യോഗസ്ഥന്മാർ ഗവണ്മെൻറിനാൽയി ക്കപ്പെടുന്നു. പ്രസിഡൻറുമാർ ഗവണ്മെൻറിനാൽ നിയമിക്കപ്പെടുന്നു. കൂടാതെ ഗവണ്മെൻറിനു നന്നേ സങ്കോചമുള്ള ധനകാര്യസംബന്ധമായ നിയന്ത്രണമുണ്ട്. അതിനാൽ ഞാൻ ശരിയാണെങ്കിൽ ഉയർന്ന പരി ധികളിൽ ഉള്ള ഉദ്യോഗസ്ഥന്മാർ ഗവണ്മെൻറിനാൽ നിയമിക്കപ്പെടുന്നു. ആ സ്ഥിതിക്ക മുൻസിപ്പൽസ്വ ബന്ധികൾക്ക് ഈ അധികാരങ്ങൾ നൽകുന്നതിൽ വലുതായ വിരോധമുണ്ടാകാൻ പാടുള്ളതല്ല. അങ്ങനെയു മല്ല മുനിസിപ്പാലിറ്റികളും ജനങ്ങളുടെ നിയന്ത്രണത്തിനു കീഴ്പ്പെട്ടവയാണ്. ശ്രീപാദംകൊട്ടാരംസംബന്ധി ച്ചു മുനിസിപ്പാലിറ്റികളുടെ ഭരണം ഇങ്ങനെയല്ല. ശ്രീപാദംകൊട്ടാരത്തോടു വല്ല അനാദരവും ഉദ്ദേശിക്കുന്നതായി എന്നെ ധരിക്കരുത്. അ

പിന്നെയും ശ്രീപാലം ഒരു തദ്ദേശാധികാരമാണെന്നു നിർവചിക്കപ്പെട്ടിട്ടുള്ള യാതൊരു വ്യവസ്ഥയും നിലവിലില്ല. ശ്രീപാലം ഒരു തദ്ദേശാധികാരമാണെന്നു ഗണിക്കപ്പെടാം എന്നു ഞങ്ങൾക്കു ഗ്രഹിക്കുന്നതു നിലയെയിട്ടുള്ള ഒന്നാമത്തെ നിബന്ധനയാണ് ഇതു്. ആ സംശയം അവിടെ കിടക്കുന്നു. അതു് തദ്ദേശാധികാരമെന്നു അർത്ഥമാക്കുന്ന ഒരു സ്ഥാപനമായി എല്ലാ ഉദ്ദേശങ്ങൾക്കും ഗണിക്കപ്പെടാമോ? അതിനാൽ അതിനെ ഒരു തദ്ദേശാധികാരമായി സ്വീകരിക്കുന്നതിനു മുമ്പായിട്ടു ശ്രീപാലം ഉദ്യോഗസ്ഥന്മാരെ പ്രത്യേകം ചൂണ്ടിക്കാണിച്ചു് സംഗതിയുടെ ഈ വശം ആലോചിക്കാൻ ഈ സഭയ്ക്കു എല്ലാ അധികാരങ്ങളും നൽകപ്പെടേണ്ടതാണു്. ഈ സംഗതികളെ എല്ലാറിനേയും പറ്റി ഞാൻ സമർപ്പിക്കുന്നതു് ഈ ബിൽ അപകടകാരണമായ ഒരു നിബന്ധനയാണെന്നും അതു് ഈ സഭയിൽ പാസാക്കപ്പെടാൻ അനുവദിക്കരുതാത്തതാണെന്നും ആണു്.

ാവു ബഹദൂർ കെ. പി. കൃഷ്ണയ്യങ്കാർ (നിയമിതമെംബർ, ഡപ്യൂട്ടിപ്രസിഡൻറ്): സർ, ബില്ലിന്റെ തത്വം സാമാന്യമായി ഞാൻ അനുകൂലിച്ചുകൊള്ളുന്നു.

മുനിസിപ്പൽ കൗൺസിലുകളെ സംബന്ധിച്ചു്, മുനിസിപ്പാലിറ്റിയുടെ ഭരണത്തിൽ, ഗവർണ്മെൻറിൽ നിന്നും ധാരാളം നിയന്ത്രണാധികാരം പ്രയോഗിക്കപ്പെടുന്നുണ്ടു്. മുനിസിപ്പൽ അഫീസുകളിലെ ഏറ്റവും നിയമനവും മറ്റുദ്യോഗപ്പാർട്ടുമെൻറുകളുടെ കാര്യത്തിൽ എന്നപോലെ ഗവർണ്മെൻറിനാൽ അധികാരപ്പെടുത്തപ്പെട്ട ഒരു ന്യായാധികാരത്താൽ പ്രസിഡൻറിനാൽ ചെയ്യപ്പെടുന്നു. ഭരണത്തിലുടെയുടെ ഒരു ക്ലിപ്തമായ തുകവരെ, മുനിസിപ്പൽ പ്രസിഡൻറു നിയമനങ്ങൾ ചെയ്യുന്നതിനു അനുവദിക്കപ്പെട്ടിരിക്കുന്നു. ആ തുകയെ അധിഭവിക്കുന്ന സന്ദർഭത്തിൽ ഗവർണ്മെൻറിന്റെ അനുമതി വാങ്ങേണ്ടിയിരിക്കുന്നു. നിയമനങ്ങൾ ചെയ്യുന്നതിനു അനുവാദമുള്ള അതിരുകവിക്കളിൽ അവധി നൽകുന്നതിനും സസ്പെൻഷനുകളും ഡിസ്മിസ്സലും ചെയ്യുന്നതിനും, അഭാവം അനുവദിക്കപ്പെട്ടിരിക്കുന്നു. മരാമത്തുകളിൽ, ഇതരഡിപ്പാർട്ടുമെൻറു മേലധ്യക്ഷന്മാരെപ്പോലെ അദ്ദേഹം ഗവർണ്മെൻറിലേക്കു എഴുതിച്ചോദിക്കയും സംബന്ധിച്ച സ്റ്റാൻറിംഗ് ഓർഡറുകളനുസരിക്കയും വേണ്ടതാണു്. സിൽബന്ധികളുടെ നിയമനം തിരുവിതാംകോട്ടു് സർവ്വീസ് കമ്മീഷനനുസരിച്ചു് അതതു കാലങ്ങളിൽ ഗവർണ്മെൻറിൽനിന്നും പുറപ്പെടുവിച്ചിട്ടുള്ള ചട്ടങ്ങളനുസരിച്ചു് ആയിരിക്കണം. ബഡ്ജറനുസരിച്ചു നിയന്ത്രണവും ഗവർണ്മെൻറിനുണ്ടു്. ഗവർണ്മെൻറിൽനിന്നും അനുവദിക്കപ്പെട്ട ബഡ്ജറിൽ ഉൾപ്പെടാത്ത ചിലവുകയും ചെലവുചെയ്യുന്നതിനു യാതൊരു നഗരസഭയ്ക്കും അധികാരമില്ല. നഗരസഭകളെ സംബന്ധിക്കുന്നിടത്തോളം ഈ പൊതുസ്ഥാപനങ്ങളെ ഇപ്പോഴുള്ളതുപോലെ പലവഴികളായി ഗവർണ്മെൻറിന്റെ നിയന്ത്രണത്തിൽ ആണു് ഇരിക്കുന്നതു്. മുനിസിപ്പാലിറ്റിയിലെ കണക്കുകൾ ആഡിറഡിപ്പാർട്ടുമെൻറിൽനിന്നും നിയോഗിക്കപ്പെടുന്ന ആഡിറർമാരാൽ സംശോധിക്കപ്പെടുന്നു. ആഡിറഡിപ്പാർട്ടുമെൻറിൽ നിന്നും അയച്ചുകൊടുക്കുന്ന അക്ഷേപങ്ങൾക്കു മുനിസിപ്പൽ അധികൃതന്മാർ സമാധാനം കൊടുക്കേണ്ടിയിരിക്കുന്നു. സഭയുടെ അനുവാദത്തിൽ ഉൾപ്പെടാത്തതോ ബഡ്ജറിന്റെ പൊതുവായ അനുവാദത്തിൻപ്രകാരം അല്ലാത്തതോ, ആയ യാതൊരു ചിലവും അക്കൌണ്ടുപരീക്ഷയിൽ പാസ്സാക്കുന്ന ചെലവിന്റെ ഇനം ആയിരിക്കയില്ല മുനിസിപ്പാലിറ്റി ഒരു പൊതുസ്ഥാപനമാണു്. കരംപിരിവും ഗ്രഹവേക്ഷന്റെ നിർബ്ബന്ധനടപടിപ്രകാരം ഉടൻ നടപടിയാൽ തങ്ങളുടെ ദേയമികകളെ വസൂൽചെയ്യുന്നതിനുള്ള അധികാരം ഈ നഗരസഭകളാൽ അവയുടെ ഉത്ഭവകാലം മുതൽ പ്രയോഗിക്കപ്പെട്ടിട്ടുണ്ടു്. ചില സന്ദർഭങ്ങളിൽ ഗവർണ്മെൻറു നഗരസഭയിലെ പ്രത്യേക ഉദ്യോഗസ്ഥന്മാരെ, ചിലപ്പോൾ ഒരു തഫശീൽദാരുടെ അധികാരവും ചിലപ്പോൾ ഒരു പേഷ്ക്കാരുടെ അധികാരവും അന്നായിച്ചിട്ടുണ്ടു്. എല്ലാ സന്ദർഭങ്ങളിലും ജപ്തികളുള്ള അവകാശം ജഗീർദാരുകളെ മാത്രം സംബന്ധിക്കുന്നതാണു്. ബില്ലിൽ ഉദ്ദേശങ്ങളുടേയും കാരണങ്ങളുടേയും പ്രസ്താവനയിൽ നാം കണ്ട കുടിശ്ശികകരം വസൂൽചെയ്യുന്നതിലേക്കു കരംപിരിവുഗ്രഹവേക്ഷൻപ്രകാരം നടപടി എടുക്കുന്നതിനു നഗരസഭകൾക്കുള്ള അവകാശത്തെപ്പറ്റി സംശയങ്ങൾ പ്രകാശിക്കപ്പെട്ടിട്ടുണ്ടായിരുന്നു എന്നു ഞാൻ കാണുന്നു. നഗരസഭകളുടെ ഉദ്യോഗസ്ഥന്മാർക്കു പ്രസ്തുതഗ്രഹവേക്ഷൻപ്രകാരം നടപടി എടുക്കുന്നതിനുള്ള അധികാരം കൊടുക്കുന്നതിനു ഗവർണ്മെൻറിനുള്ള അവകാശത്തെപ്പറ്റിയും സംശയം പുറപ്പെടുവിക്കപ്പെട്ടുകാണുന്നു എന്നു ഞാൻ ഗ്രഹിക്കുന്നു. സംഗതികരം അടയ്ക്കുന്നതിനു സിവിൽകോടതികളെ ആശ്രയിക്കേണ്ട വികല്പത്തെ എതിർപ്പെടാനിടയാക്കാതെ, തങ്ങളുടെ ദേയങ്ങൾ വസൂൽചെയ്യുന്നതിനുള്ള നടത്തിക്കൊണ്ടുപോകാൻ കഴിയുന്നതായിരിക്കും. പ്രത്യേകിച്ചാവു മി. കെ. പി നീലകണ്ഠപ്പിള്ള ഈ ഉദ്ദേശാധികാരം എന്ന വാക്കു നിർവചിക്കപ്പെട്ടിട്ടില്ല എന്നുള്ള ഒരു തെറ്റിദ്ധാരണയിൽ കിടന്നു വിഷമിക്കയായിരുന്നു എന്നു തോന്നുന്നു. ഒരു തദ്ദേശാധികാരം ഒരു പ്രത്യേകപ്രദേശത്തിലെ കുടിയാളികൾ നിർവഹിക്കുന്നതിനായിട്ടു് അനുവദിക്കപ്പെട്ട ഒരു വ്യവസ്ഥാപിതസമുദായമാണു എന്നു മനസ്സിലാക്കപ്പെട്ടിരുന്നു എന്നു എനിക്കു തോന്നുന്നു. നഗരസഭയിൽ, പക്ഷേ വിളക്കു് പദ്ധതിയുകൾ, താലൂക്കു ബോർഡുകൾ ഡിസ്ട്രിക്ടു ബോർഡുകൾ ഇവയെല്ലാം വ്യവസ്ഥാപിതമായ ആധാരത്തിന്മേൽ സംഘടിപ്പിക്കപ്പെട്ടവയാണു്. എല്ലാ പ്രാദേശികസംഘങ്ങളും ഗവർണ്മെൻറു പ്രതിനിധീകരിക്കുന്ന രാഷ്ട്രതന്ത്രത്തിന്റെ സാമാന്യമായ സ്വീർവ്വാധീനാധികാരമാതിൽനിന്നും വ്യത്യസ്തങ്ങളാണു്. അതിനാൽ പ്രമാണോചിതയായി ഞാൻ സമർപ്പിക്കുന്നു ഈ പ്രാദേശികസംഘങ്ങളും, ഗവർണ്മെൻറിനാൽ അനുകമ്പയോടും ആദരവോടും കൂടി പുലർത്തപ്പെടുകയും, ന്യായമായ എല്ലാ സഹായങ്ങളും അവയ്ക്കു നൽകപ്പെടുകയും, ചെയ്യേണ്ടതാണു് എന്നാണു്.

ശ്രീപാലം കൊട്ടാരത്തിലെ ഉദ്യോഗസ്ഥന്മാർക്കു് ഈ ബിൽ വ്യാപിപ്പിക്കുന്നതിനെസംബന്ധിച്ചു് കനസാമാന്യത്തിന്റെ വിശാലമായ നന്മയെ കരുതി എങ്കിലും സർവീസു യോഗ്യത തൃപ്തിയാക്കപ്പെടണം എന്നു നിർബ്ബന്ധിക്കുന്ന ഏകദേശമായ നിയന്ത്രണം പ്രയോഗിക്കപ്പെടണംഎന്നുള്ളതു് നിഷേധിക്കത്തക്കതല്ല, വർഷാവർഷം പെൻഷൻ സംബന്ധമായുള്ള കനാന്തരസഭകളാൽ ഒടുക്കപ്പെടണം. തന്മൂലം ആ ഉദ്യോഗസ്ഥന്മാർ ജോലി പിരിഞ്ഞുപോകുമ്പോൾ തങ്ങളുടെ പെൻഷനുകളെ ഗവർണ്മെൻറിൽനിന്നും വാങ്ങാൻ കഴിയുന്നതാണു്. ഈ ഉദ്യോഗസ്ഥന്മാർക്കു അനുകൂലമായിട്ടു് വല്ല ഉദ്യോഗസ്ഥിരതയും വ്യവസ്ഥചെയ്യേണ്ടതാണു്. ഞാൻ സമർപ്പിക്കുമ്പോഴേക്കു കുടിശ്ശികകളുടെ നിലവിലിരിക്കുന്ന നിയമപ്രകാരംതന്നെ പിരിച്ചെടുക്കൻ അവകാശമുണ്ടു്. നാം ഇപ്പോൾ ഒരുപടികൂടി മുമ്പോട്ടുപോയി ശ്രീപാലംകൊട്ടാരം ഉദ്യോഗസ്ഥന്മാർക്കും പാർവത്യകാര

നടപടിയെടുക്കുന്നതിനും പേഴ്സണൽ കാര്യങ്ങളും പ്രയോഗിച്ചുവരുന്ന അധികാരങ്ങളും പ്രയോഗിക്കുന്നതിന് തങ്ങളെ ടെ വ്യവസ്ഥാപിതമായ അധികാരത്തെ വ്യാപരിപ്പിക്കാൻ ഗവണ്മെന്റിന് അധികാരമുണ്ടോ എന്ന് ആലോചി ക്കേണ്ടയാണ്. ഇതാണ് ഇപ്പോഴത്തെ പ്രശ്നം, സംശയങ്ങളും ഉൽക്ഷേപിക്കപ്പെട്ടിട്ടുണ്ടെങ്കിൽ, അവയെ ശ രിപ്പിക്കേണ്ടതാണെന്നുള്ളതു് നിർവിവാദമാണ്. റഗുലേഷൻ പ്രകാരമുള്ള അധികാരങ്ങളുടെ എല്ലാ ഉർവിനി യോഗവും നിയന്ത്രിക്കപ്പെടേണ്ടതും, മക്ഷാമാർഗങ്ങളും സ്വീകരിക്കപ്പെടേണ്ടതും, ആണ്. അവിടെ ജോലി ചെയ്യുന്ന ഉദ്യോഗസ്ഥന്മാർക്ക് അവരെ വ്യാമോഹത്തിൽനിന്നും രക്ഷിക്കുന്നതിന് ഏതെങ്കിലും രോസഹനിയന്ത്ര ണവും, ഏതെങ്കിലും ഉദ്യോഗസ്ഥിരതയും, വ്യവസ്ഥചെയ്യേണ്ടതാണ്. സർ, ഇതുവരെ ശ്രീപാദം കൊട്ടാരം ഉദ്യോഗസ്ഥന്മാരെപ്പറ്റി യാതൊരു പരാതിയും ഞാൻ കേട്ടിട്ടില്ല എന്നു ഞാൻ സമർപ്പിക്കാം. എന്നാൽ ഒരു നിയമവ്യവസ്ഥയെപ്പറ്റി ആലോചിക്കുമ്പോൾ, വേണ്ടുന്ന രക്ഷാമാർഗങ്ങളും വ്യവസ്ഥചെയ്യുന്നതിന് ഗവണ്മെ ന്റിന് അവകാശമുണ്ട് എന്നുള്ളതു് നിർവിവാദമാണ്. ശ്രീപാദം ഉദ്യോഗസ്ഥന്മാരുടെമേൽ ഗവണ്മെൻറിനു ശാസനനിയന്ത്രണം ഇല്ലെന്നു പറഞ്ഞു, ഈ ബില്ലിനെ തള്ളുന്നതു് കരംപിരിവു റെഗുലേഷനിലെ നിബന്ധന കളുടെ ഫലത്തെ ഇല്ലായ്മ ചെയ്യുകയായിരിക്കും.

മി: എ. താണുപിള്ള (തിരുവനന്തപുരം): ഗവണ്മെൻറുദ്യോഗസ്ഥന്മാർ വഴിയായി കരംപിരിവു റെഗു ലേഷൻപ്രകാരം ശ്രീപാദം ദേയഭൂകർക്കു പിരിച്ചുവരുന്നതു പതിവാണല്ലൊ എന്നു എന്നോടു പറയാമോ?

റവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (നിയമനിർമ്മാണമെംബർ, ഡിപ്യൂട്ടിപ്രസിഡൻറ്) എനിക്കു് അതെപ്പറ്റി യാതൊരു അറിവുമില്ല. എൻറെ സ്നേഹിതൻറെ പ്രസ്താവനയിൽനിന്നു ഞാൻ സമ്മതിക്കുന്നു. നാം ഇ പ്പോൾ ആലോചിക്കുന്ന തത്വത്തെ അതു ഒരുവിധത്തിലും ബാധിക്കുന്നതല്ല. ശ്രീപാദംകൊട്ടാരം ഉദ്യോഗസ്ഥ ന്മാരെ കൂടിശ്ശിക പിരിക്കുന്നതിനായിട്ട് സംരക്ഷിക്കുന്ന വകുപ്പു് മഴികെ ഗവണ്മെൻറിൻറെ ക്ഷേമത്തിനു ഹാ നിവരുന്നില്ല. പക്ഷേ ദേയഭൂകരുടെ വസൂൽചെയ്യുന്നതിന് അവരുടെ സ്വന്തം ഉദ്യോഗസ്ഥന്മാരെ അതു വ ചെയ്യുന്നതായി നിയോഗിച്ച് അധികാരപ്പെടുത്തുന്നതു് അധികം നന്നായിരിക്കും.

മി: എ. താണുപിള്ള (തിരുവനന്തപുരം): ശ്രീപാദം ഉദ്യോഗസ്ഥന്മാരുടെ മേൽ ശാസന നിയന്ത്രണത്തെ പ്പറ്റി ഈ ബില്ലിൽ രക്ഷാവഴി വ്യവസ്ഥചെയ്യണമെന്നു ഉദ്ദേശിക്കുന്നുണ്ടോ എന്നു് എന്നോടു പറയാമോ?

റവു ബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (നിയമനിർമ്മാണമെംബർ, ഡിപ്യൂട്ടിപ്രസിഡൻറ്) അതു സിദ്ധിക്കുമ്മി റിയിൽ ഉണ്ടാകേണ്ട വിവരം ആയ ഒരു സംഗതിയാണ്. തല്ക്കാലം ഞാൻ ബില്ലിൻറെ തത്വത്തെ സാമാന്യ മായി ഉപന്യസിക്കാൻ ഉദ്ദേശിക്കയാണ്. കരംപിരിവു റെഗുലേഷനിൽ ശ്രീപാദം ദേയഭൂകർക്കുള്ള വസൂൽ ചെയ്യുന്നതിനു ഒരു വ്യവസ്ഥയുണ്ടെന്നും, ശ്രീപാദം മുതലെടുപ്പു് പൊയ്യ മുതലെടുപ്പു് ആണെന്നും, അതെ സമയ ത്തുതന്നെ റെഗുലേഷൻപ്രകാരം കൂടിശ്ശികയും വസൂൽചെയ്യുന്നതിനു നാം അവരെ അനുവദിക്കയില്ലെന്നും, പറ യുന്നതിൽ പ്രയോജനമില്ല. മത്സ്യാംശം ചുമത്തപ്പെടാത്തതും ഗവണ്മെൻറ് ജോലി അല്ലാത്തതും ആയ ശ്രീപാദ ത്തിനു ജോലിചെയ്യുന്നതിനു ഗവണ്മെൻറുദ്യോഗസ്ഥന്മാരോടാവശ്യപ്പെടുന്നതിൽ പ്രയോജനമില്ല. പക്ഷേ, ഏ റെ തൃപ്തികരമായ നടപടി ഉദ്യോഗസ്ഥവൃന്ദത്തെ രക്ഷിക്കുന്നതിന് ഒരു മത്സ്യാംശം കൊടുക്കണമെന്ന് അവരോ ട് ആവശ്യപ്പെടുകയോ, അല്ലാത്തപക്ഷം സിവിൽസർവീസ് റെഗുലേഷനുകൾക്കു കീഴ് പെട്ടിരിക്കുന്നവരുടെ ശമ്പളം അവരുടെ ഉദ്യോഗസ്ഥന്മാരെ ഇതിനായി നിയമിക്കുകയോ, ആയിരിക്കും. നമുക്ക് ഇപ്പോൾ ഉള്ള സവ പ്രധാനമായ ഉദ്ദേശം വസ്തുവിൻറെ എടവകയ്ക്കുള്ളിലും പുറത്തുള്ള വസ്തുവകകളുടെ മേലും വസൂലിൻറെ കൂടിശ്ശികയുടെ ക്ഷേമത്തെ സംരക്ഷിക്കയും ആണ്. മുതലെടുപ്പു് വസൂൽചെയ്യുന്നതിനെ സംബന്ധിക്കുന്നിടത്തോളം, ഗവണ്മെ ൻറുദ്യോഗസ്ഥന്മാരേയും, ശ്രീപാദം കൊട്ടാരമുദ്യോഗസ്ഥന്മാരേയും, തുല്യതിലയിൽ വയ്ക്കേണ്ടതാണ്. ആവ ശ്യമുള്ള അധികാരം അവർക്കു കൊടുത്തതിൽപിന്നെ, അവരുടെ കൂടിശ്ശികയും വസൂൽചെയ്യുന്നതിന് ഈ അ ധികാരങ്ങളെ പ്രയോഗിക്കുന്നതിനുള്ള കർത്തവ്യം അവർക്കു കൊടുക്കുകയില്ല എന്നു പറയുന്നതു മൗഢ്യമായിരിക്കയില്ല. ഈ നിരീക്ഷണങ്ങളോടുകൂടി ഞാൻ സാമാന്യമായി ബില്ലിൻറെ തത്വം ഉപന്യസിക്കപ്പെട്ടതസംമതി ച്ചിൽ അനുകൂലിയാണ്.

മി: എസ്. പിറവിപ്പെരുമാൾപിള്ള (വാണിജ്യവും വ്യവസായവും, തെക്ക്) സർ, കരവകയിരിക്കുന്ന ഈ നേരത്തു് സഭയുടെ സമയം നഷ്ടമാക്കണം എന്നു് എനിക്കുദ്ദേശമില്ല, എന്നാൽ ഒരുവാക്കു സമർപ്പിക്കാൻ എനിക്കുദ്ദേശമുണ്ട്, അതായതു് ഈ ബില്ലിൻറെ ഫലമായി ദേശപ്രകാരത്തിൽ, വിമർശിക്കുന്നതിന് അ നുവദിക്കപ്പെടുകയില്ലായിരുന്ന ഒരു ബിൽ വിമർശനം ചെയ്യുന്നതിനുള്ള അവസരം ഞങ്ങൾക്കു നല്കിയതിന നാം നന്ദിപറയുന്നതത്രെ. സർ, ഈ ബിൽ ഞങ്ങൾക്കുള്ള വിഷമങ്ങളിൽ ചിലതിനെ ദൂരീകരിച്ചിരി ക്കുന്നു.

പ്രസിഡൻറ്: നിങ്ങൾ ക്രമാനുസൃതമാണെന്നു ഞാൻ വിചാരിക്കുന്നില്ല, കാരണം നിങ്ങളുടെ നിരീക്ഷണ ങ്ങൾ അദ്ധ്യക്ഷനാൽ മുമ്പുതന്നെ കൊടുക്കപ്പെട്ട തീർച്ചയെ സ്പർശിക്കുന്നു. അദ്ധ്യക്ഷൻ മുമ്പുതന്നെ നൽകിയ ഒരു തീർച്ചയുടെ വിമർശനം അനുവദിക്കപ്പെടുകയില്ല.

മ.: എസ്. പിറവിപെരുമാൾപിള്ള (വാണിജ്യവും വ്യവസായവും, തെക്ക്): ഈ ബില്ലിനെപ്പറ്റി സഭ യുടെ ഇരുവശങ്ങളിലും ഉള്ള മെംബർമാർ പറഞ്ഞതു കേട്ടതിൽപിന്നെ, സർ എന്നെ സംബന്ധിച്ചിടത്തോളം എൻറെതലയും എൻറെഹൃദയവും തമ്മിൽ ഒരു ശണ്ഠനടക്കുന്നതായി പരിണമിച്ചിരിക്കുന്നു. എൻറെ ഹൃദയം ബില്ലിൻറെ തത്വത്തെ അനുകൂലിക്കുന്നു, എന്നാൽ എൻറെ തല അതിനെ എതിർക്കുന്നു.

പ്രസിഡൻറ്: എന്നിട്ടഫലം എന്താണ്? (ചിരി)

മി: എസ്. പിറവിപെരുമാൾപിള്ള (വാണിജ്യവും വ്യവസായവും, തെക്ക്): ഫലം വോട്ടുചെയ്യാനുള്ള സമയത്തുമാത്രമെ പുറത്തുവരികയുള്ളു. (ചിരി)

സർ, മിക്കമെംബർമാരുടേയും അഭിപ്രായങ്ങളും സഭയുടെമുമ്പിൽ വയ്ക്കപ്പെട്ടിരിക്കുന്നു, അതിനാൽ താ മസിയാതെ വോട്ടുചെയ്യുന്നതിനു നമ്മോടു് ആവശ്യപ്പെടുന്നതായിരിക്കും. ഞാൻ മുമ്പുതന്നെ പറഞ്ഞിട്ടുള്ളതു പോലെ എൻറെ ഹൃദയം ബില്ലിൻറെ തത്വത്തെ അനുകൂലിക്കുന്നു, എന്നാൽ എൻറെ തല അതിനെ എതിർക്കുന്നു. ഈ സംഗതിയെ സഭയുടെ ദൃഷ്ടിയിൽ കൊണ്ടുവരാൻ മാത്രമാണ് ഇപ്പോൾ സഭയുടെ മുമ്പിൽ ഇരിക്കുന്നപ്രമേയത്തെപ്പറ്റി സംസാരിക്കാൻ ഞാൻ എഴുന്നേറ്റതു്.

പ്രസിഡന്റ്: സ്വീകരിച്ചിരിക്കുന്നു. ശ്രീ. പി. ഗോപാലപിള്ള വോട്ടെടുപ്പിനു സമയം വരെ തന്റെ അഭിപ്രായത്തെ പ്രതിസംഹരിക്കുന്നതിന് അനുവദിക്കുന്നു.

ശ്രീ. പി. എസ്. മഹമ്മദ് (നിയമിക്കപ്പെട്ട മെമ്പർ): പബ്ലിക്ക് റവന്യൂ പിരിക്കുന്നതിനുവേണ്ടി ചില ഉദ്യോഗസ്ഥന്മാരെ നിയമിക്കുന്നതിനെ സംബന്ധിച്ചും, അപ്പീൽ അവരിൽ ചിലർക്ക് ചില അധികാരങ്ങളും നൽകുന്നതിനെ സംബന്ധിച്ചും, അതുകൊണ്ട് ഈ ബിൽ ഇവിടെ കൊണ്ടുവന്നിട്ടുള്ളതാണ്. ഇപ്പോൾതന്നെ ഈ റവന്യൂവിൽ പലതും പലതരം പിരിക്കുന്നു. ഗവണ്മെന്റ് റവന്യൂവിനെ സംബന്ധിച്ചു യാതൊരുതരക്കുറവും ഇല്ല, പിന്നെ ഇപ്പോൾ പിരിച്ചുപോരുന്നതിൽ കൂടുതൽ പൊതുസ്ഥാപനങ്ങളിൽ റവന്യൂ പിരിക്കുന്നതിനെ സംബന്ധിച്ച് നാം ഇപ്പോൾ ആലോചിച്ചിരിക്കുന്ന നടപടിയെന്ന മേലും കൂടുതൽ കൊണ്ടുപോകുന്നതിൽ എന്തോ ഒരു സംശയം ഗവണ്മെന്റിനുണ്ടായതുകൊണ്ടാണ് ആ സംശയനിവൃത്തിക്കുവേണ്ടിമാത്രം ഈ ബിൽ ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്.

മുമ്പ് നടത്തിവന്ന സംഗതികളെ ഇല്ലാതാക്കി പുതുതായ സംഗതികളെ ഉണ്ടാക്കുന്നതിനോ മുമ്പ് ഇല്ലാതിരുന്ന എന്തെങ്കിലും പ്രിവിലേജിനെ പുതുതായി സൃഷ്ടിക്കുന്നതിനോ അല്ല ഈ ബിൽ കൊണ്ടുവന്നിട്ടുള്ളത്. മുമ്പു നടന്നുകൊണ്ടിരുന്ന സംഗതികളിൽ ന്യൂനതകൾ ഉണ്ടെങ്കിൽ അവയെ നിവൃത്തിക്കുന്നതിനുവേണ്ടി ഒന്നുകൂടി വ്യക്തമായിട്ടിതിയുള്ള അധികാരം നൽകാം എന്നുള്ളതാണ് ഈ ബില്ലിന്റെ ഉദ്ദേശം.

ശ്രീ. ആർ. രാമൻപിള്ള (കോട്ടയം): ശ്രീപാദം വസ്തുക്കളുടെ കരം ഗവണ്മെന്റിൽ നിന്നും അല്ല പിരിക്കുന്നത്.

ശ്രീ. പി. എസ്. മഹമ്മദ് (നിയമിക്കപ്പെട്ട മെമ്പർ): ഗവണ്മെന്റ് നാളതുവരെ പിരിച്ചു.

ശ്രീ. ആർ. രാമൻപിള്ള (കോട്ടയം): അപ്പോൾ ഗവണ്മെന്റിനു വല്ല അധികാരവും കൊടുത്തിട്ടുണ്ടോ?

ശ്രീ. പി. എസ്. മഹമ്മദ് (നിയമിക്കപ്പെട്ട മെമ്പർ): ഇപ്പോൾ അവരെമാത്രം ഉദ്ദേശിച്ചുനിന്നില്ല. അവർക്കുതന്നെ അധികാരം കൊടുത്തിരിക്കുന്നു.

റവന്യൂപിരിക്കുന്ന വിഷയത്തിൽ എന്തധികാരമാണ് നൽകേണ്ടതു? ആരെയാണ് നിയമിക്കേണ്ടതു? അതു മുഴുവനും സ്ഥലങ്ങൾതോറുമാണ് എന്നുള്ള സംഗതികൾ സിലക്ട് കമ്മിറ്റിയുടെ ആലോചനകൾക്കുശേഷം ഇവിടെ നിശ്ചയിക്കേണ്ട സംഗതികളാണ്. ഇപ്പോൾ ആലോചിക്കേണ്ടതു പബ്ലിക്ക് റവന്യൂപിരിക്കുന്നതിനു ചില പ്രിവിലേജസ്സുകൾക്കും അധികാരം കൊടുക്കണമെ എന്നുള്ളതുണ്ട്. അതിനാൽ അതിന്റെ തത്വത്തെ സ്വീകരിക്കുന്നതിൽ ആക്ഷേപം യാതൊരു തടസ്സവും ഉണ്ടാകുമെന്നുതോന്നുന്നില്ല.

ശ്രീ. ടി. സി. കേശവപിള്ള (കൽക്കുളം-വിളവങ്കോടു): ഈ ബില്ലിനെ സംബന്ധിച്ചു എനിക്കും രണ്ടുവാക്കു പറയാനുണ്ട്. റവന്യൂറിക്കവറി റഗുലേഷൻ മുൻസിപ്പാലിറ്റികളും പിരിക്കുക, ബ്ലാക്കുബോർഡു തുടങ്ങിയുള്ള സംഗതികളിലും ഗവണ്മെന്റു കായ്ക്കിടകളിലും മുൻനിന്നിട്ടുള്ളവരുമാണ്. ശ്രീപാദം വസ്തുക്കളെ സംബന്ധിച്ചും റവന്യൂറിക്കവറി റഗുലേഷൻ ഉപയോഗിക്കുന്നതിൽ, ഈ കൌൺസിലിൽ ഇരിക്കുന്ന ആർക്കും തന്നെ യാതൊരു നഷ്ടവും വരുന്നില്ല. ഗവണ്മെന്റ് മനഃപൂർവമായി വിചാരിക്കുന്നപക്ഷം, കൌൺസിലിന്റെ പരിധിയിൽ ഉൾപ്പെട്ടതാകട്ടെ പുതുതായുള്ളതാകട്ടെ പുതുരീതിയിലേക്കു ചട്ടങ്ങളും ഉണ്ടാക്കാൻ സാധിക്കും. എന്നാൽപ്രത്യേകമായ ഒരു സംഗതിക്കുവേണ്ടി റവന്യൂറിക്കവറി റഗുലേഷൻ ഉപയോഗപ്പെടുത്തി അധികാരങ്ങൾ കൊടുക്കുന്നതു നന്നായിരിക്കുകയില്ല. കൊവാപ്പറേറ്റീവ് സൊസൈറ്റിയിലെ പണം പിരിക്കുന്നതിനു റവന്യൂറിക്കവറി റഗുലേഷൻ ഉപയോഗിച്ചാൽ എങ്ങിനെയൊ, അതുപോലെയാണ് ശ്രീപാദം വസ്തുക്കളുടെ സംബന്ധിച്ചും ഇതേർപ്പെടുത്തുന്നതു. ഇതിൽ മുനിസിപ്പാലിറ്റി എന്നു ചേർത്തിരിക്കുന്നതു ശ്രീപാദത്തെ കൂടി ഉൾപ്പെടുത്താൻ വേണ്ടിമാത്രമായിട്ടാണെന്നും തോന്നുന്നു. മുനിസിപ്പലിറ്റിയിൽ ഇപ്പോൾതന്നെ അമിനഃമാരെ പ്രവൃത്തിക്കാരെന്നും, ഇൻസ്പെക്ടരെ തഹശീൽദാർ എന്നും, പ്രസിഡൻറിനെ പേഷ്കാരെന്നും, പറയുന്നുണ്ട്.

ശ്രീ. പി. എസ്. മഹമ്മദ് (നിയമിക്കപ്പെട്ട മെമ്പർ): ഈ അധികാരങ്ങൾ ഗവണ്മെന്റിൽ നിന്നും ഇപ്പോൾ കൊടുത്തിട്ടുണ്ടോ?

ശ്രീ. ടി. സി. കേശവപിള്ള (കൽക്കുളം- വിളവങ്കോടു). ഇപ്പോൾതന്നെ കൊടുത്തിട്ടുണ്ട്. മുനിസിപ്പാലിറ്റിക്ക് ഈ അധികാരം കൊടുക്കുന്നതുകൊണ്ടു ദോഷമില്ല. എന്തുകൊണ്ടെന്നാൽ മുനിസിപ്പാലിറ്റിയുടെ പ്രവൃത്തിയിന്മേൽ അപ്പീൽ കൊടുക്കുന്നതിന് അവകാശമുണ്ട്. ശ്രീപാദത്തെ സംബന്ധിച്ച് അങ്ങിനെയില്ലാത്തതിനാൽ, ഈ അധികാരംകൊടുക്കുന്നതു ശരിയല്ല.

ശ്രീ. ആർ. കേശവപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): നിയമസഭയിൽ ഉദ്ദേശിക്കപ്പെട്ടിരിക്കുന്നതു തിരുവിതാംകോട്ടു പൊതുജനങ്ങളെ സംബന്ധിക്കുന്നവിഷയങ്ങളെപ്പറ്റിമാത്രം നിയമവ്യവസ്ഥചെയ്യാനാണ് ആണ്. സ്വകാര്യസംഘങ്ങളെ സംബന്ധിക്കുന്ന വിഷയങ്ങളിലും കൂടി നിയമവ്യവസ്ഥചെയ്യാൻ നമ്മോടാവശ്യപ്പെടുന്നതെന്തിനപ്പോൾകണ്ടെന്നതാണ് നേരത്തെ ചോദിക്കുന്നതു.

പ്രസിഡൻറ്: വ്യവസ്ഥപ്പെടുത്തിയതായനിയമം ശ്രീപാദംകൊട്ടാരത്തെ ഒരു സ്വകാര്യസംഘമായി ഗണിക്കുന്നില്ല, കാരണം, ഈ റഗുലേഷന്റെ ആവശ്യത്തിനു അതിലേക്ക് ഈടാക്കേണ്ട കുടിശ്ശികകളെ പൊതുമരാമത്തു വെട്ടുപ്പിന്റെ കുടിശ്ശികകളാണെന്നു അതിൽ പ്രഖ്യാപിക്കപ്പെട്ടിരിക്കുന്നു. മറ്റു റഗുലേഷനുകളേയും ഭേദഗതിചെയ്യാൻ ഉദ്ദേശിക്കപ്പെട്ടുമ്പോൾ, ആ സമയത്തു് നിങ്ങൾ ഇപ്പോൾ ഉൽക്ഷേപിക്കുന്നതിനു ശ്രമിക്കുന്ന വിഷയം ആലോചിക്കുന്നതിനു ധാരാളം അവസരം ഉണ്ടായിരിക്കും.

ശ്രീ. ആർ. കേശവപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): ശ്രീപാദം കൊട്ടാരം ഒരു സ്വകാര്യസ്ഥാപനമാണെന്നതതീയിക്കുന്നതിനു എന്റെ സ്വന്തമായ ന്യായങ്ങളുണ്ട്. ശ്രീപാദംകൊട്ടാരത്തിൽ നിന്നും വസൂൽചെയ്തുവരുന്ന മുതലെടുപ്പു പൊതുജനത്തിനായി ഒരു വിധത്തിലും വിനിയോഗിക്കപ്പെടുന്നില്ല. ശ്രീപാദംകൊട്ടാ

ത്തിൽനിന്നും മുതലെടുപ്പു വസൂൽചെയ്തു് അതിന്റെ സ്വന്തം ആവശ്യങ്ങൾക്കായി ഉപയോഗിച്ചു വരുന്നു. അതിനാൽ അതിന്റെമുതലെടുപ്പിൽനിന്നു ഒരു കാശുപോലും പൊതുക്കാര്യങ്ങൾക്കായി ചെലവാക്കപ്പെടാതിരിക്കുമ്പോൾ, എങ്ങിനെയാണ് ആ സംഘത്തെ ഒരു പബ്ലിക്ക് സംഘമായി അംഗീകരിക്കാനും അതിന്റെ മുതൽ ചെടുപ്പിനെ കടിശ്ശീലപിരിക്കുന്ന അവശ്യത്തിലേക്ക് പബ്ലിക്ക് റവന്യൂ ആയിഗണിക്കാനും സാധിക്കും? മുനിസിപ്പാലിറ്റികളുടെ വിഷയത്തിൽ സംഗതിവേറെയാണ്. മുനിസിപ്പലിറ്റി ഒരു പ്രാദേശികാധികാരമാണു്. അതു പ്രാദേശികമുതലെടുപ്പുപിരിച്ചു പ്രാദേശികജനങ്ങളുടെ നന്മക്കായി ചെലവാക്കുന്നു. അതിനാൽ ഈവിഷയത്തിൽ ശ്രീപാദംകോട്ടാരം മുനിസിപ്പാലിറ്റികളിൽ നിന്നും അശേഷം വ്യത്യസ്തമാണ്.

മാത്രമല്ല, ശ്രീപാദം ഉദ്യോഗസ്ഥന്മാക്ക് അധികാരങ്ങൾകൊടുക്കപ്പെടണം എന്നു ഇപ്പോൾ ഉദ്ദേശിക്കപ്പെട്ടുന്നുണ്ടെങ്കിലും, ആ അധികാരങ്ങളെ പ്രയോഗിക്കുന്നവിഷയത്തിൽ അവർ വല്ലവിധത്തിലും ഉത്തരവാദമുള്ളവരാക്കപ്പെട്ടുമെന്നു ദ്ധീകരിക്കുന്നയാതൊരു നിബന്ധനയും അശേഷം ഇല്ല. അന്യായമായ ഒരു ജപ്തിയെയോ, അന്യായമായ ഒരു പുസ്തകോദ്ധാരമോ ഒരു ശ്രീപാദം ഉദ്യോഗസ്ഥൻ നടത്തുന്നു എന്നു വിചാരിക്കാം. ഈ അന്യായമായ ജപ്തിക്കോ ലേലത്തിനോ, സംബന്ധിച്ച ശ്രീപാദം ഉദ്യോഗസ്ഥനെ ശിക്ഷിക്കുന്നതിന് ഇപ്പോൾ സഭയുടെ മുമ്പിൽ ഇരിക്കുന്ന ഭേദഗതി ബില്ലിലോ, റവന്യൂറിക്കവറി റെഗുലേഷനിൽ തന്നെയോ, വല്ല നിബന്ധനയുമുണ്ടോ? നേരെമറിച്ചു, ഈ അധികാരങ്ങൾ ഏൽപ്പിക്കപ്പെട്ട മറ്റുദ്യോഗസ്ഥന്മാരുടെ സംഗതിയിൽ അവരുടെ അന്യായമായ അധികാരപ്രയോഗത്തിന് അവരെ ശിക്ഷിക്കുന്നതിനു വ്യവസ്ഥയുണ്ട്. ബിൽ ശ്രീപാദം ഉദ്യോഗസ്ഥന്മാർക്ക റവന്യൂപിരിക്കുന്ന സംഗതിയിൽ എല്ലുംതുമായ ആനുകൂല്യങ്ങളും നൽകുന്നതിനു ശ്രമിക്കുന്നു എങ്കിലും തങ്ങളുടെ കൃത്യങ്ങളെ സംബന്ധിച്ചു അക്ഷന്തവ്യരായി വിടപ്പെടുന്നു. എല്ലാ ആനുകൂല്യങ്ങളും അവർക്ക കിട്ടുന്നു, ഉത്തരവാദിത്തങ്ങൾക്ക് ഒന്നിനും അവർ അധീനരായി ഇരിക്കുന്നുമില്ല. അതിനാൽ ശ്രീപാദം ഉദ്യോഗസ്ഥന്മാരെ സംബന്ധിക്കുന്നിടത്തോളം അതു അസംപൂർണ്ണമായ ഒരു നിയമവിധാനമാണ്. ഇപ്പോൾ ഈ നിയമവ്യവസ്ഥയെ, അതിന്റെ നല്ലവശവും ചീത്തവശവും ആലോചിക്കാതെ, സ്വീകരിക്കണം എന്ന് യത്നത്തോട് ആവശ്യപ്പെട്ടിരിക്കുന്നു. ബിൽ രാജ്യത്തുള്ള ജനങ്ങളെ വളരെധീനമായി ബാധിക്കുന്ന ഒരു സാഗതിയെ പ്രതിപാദിക്കുന്നു. അതിനാൽ ബിൽ അവതരിപ്പിക്കപ്പെടുന്നതിനെ ഞാൻ എതിർക്കുന്നു.

മി: പി. കെ. കുഞ്ഞപിള്ള (തെയ്യാറിക്കര): ഈ ബിൽ അവതരിപ്പിക്കപ്പെടുന്നതിനുള്ള പ്രമേയത്തെ ഞാനും ബലമായി എതിർക്കുന്നതിന് ആഗ്രഹിക്കുന്നു. ആദ്യം തന്നെ പ്രമേയത്തെ എതിർത്തവരായസഭയുടെ മുമ്പാകുള്ള എന്റെ സ്നേഹിതന്മാരോടു യോജിക്കുന്നു എന്നു ഞാൻ പറയട്ടെ. ഈ ബില്ലിലെ വിഷയം നിയമത്തിന്റെ പ്രാഥമികതത്വങ്ങളെ ഉല്ലംഘിക്കുന്നു എന്ന് എനിക്കുതോന്നുന്നു. എല്ലാഅവകാശങ്ങൾക്കും മുമ്പായ കൃത്യങ്ങളും ഉണ്ടെന്നുള്ളതു്, നിയമത്തിന്റെ പ്രധാനവിധികളിൽ ഒന്നാണ്. എന്നാൽ ഈ സംഗതിയിൽ ചെയ്യാൻ നാമോട്ടു ആവശ്യപ്പെട്ടിരിക്കുന്നതു് ചിലഅധികൃതന്മാരെയെങ്കിലും അധികാരം ഏൽപിക്കണം എന്നാണ്. ഈ അധികൃതന്മാർക്ക് ബില്ലിന് എതിരായി സംസാരിച്ചിട്ടുള്ള മെസർമാരിൽ നിന്നു നാം മുമ്പു തന്നെ കേട്ടിരിക്കുന്നതുപോലെ അത്രുപമമായ കൃത്യവും ഇല്ല. മിസ്റ്റർ കേശവപിള്ള തന്റെ പ്രസംഗമദ്ധ്യേ ശ്രീപാദംതുറമുഖപ്പണിയിൽ നിന്നു ഒരു കാശുപോലും പൊതുജനത്തിനായി ചെലവാക്കപ്പെടുന്നില്ല എന്നു ചോർത്തായി അപേക്ഷിച്ചു. ആ സ്ഥിതി ആലോചിച്ചും, ഗവണ്മെന്റു തന്നെയും അവർക്ക ശ്രീപാദം ഉദ്യോഗസ്ഥന്മാരുടമേൽ വല്ലസാരമായ ശാസനനിയന്ത്രണം ഉണ്ടെന്നു പറയാതിരിക്കുന്നിടത്തോളവും, ശ്രീപാദം ഉദ്യോഗസ്ഥന്മാരെ അങ്ങിനെയുള്ള അധികാരങ്ങളെ ഏൽപ്പിക്കുന്നതു് അപൽകരമായിട്ടുള്ളതാണ്. ഇതു സംബന്ധമായി, ഇപ്പോൾ തന്നെ ഈ റവന്യൂറിക്കവറി റെഗുലേഷനിലെ നിബന്ധനകളും അതിൻപ്രകാരമുള്ള ചട്ടങ്ങളും നിർവഹിക്കുന്നതിനെ എതിർത്തു് ഒട്ടുവളരെ പരാതികളുണ്ടെന്നു നിരീക്ഷിക്കുന്നതിനു ഞാൻ അനുവാദം ചോദിക്കുന്നു. ചട്ടങ്ങളും തന്നെ വളരെ കർശനമാണ്. എന്നാൽ അതിലും കർശനമായിട്ട പ്രയോഗിക്കപ്പെടുന്നും ഉണ്ട്. അതിനാൽ ഈ ചട്ടങ്ങളുടെ പ്രവർത്തനത്തെ ഇതിൽ കൂട്ടുതലായി വ്യാപിപ്പിക്കുന്നതു് പ്രത്യേകമായി ഗവണ്മെന്റിനു യാതൊരു ശ്രദ്ധയും നിയന്ത്രണവും ഇല്ലാത്ത അധികൃതന്മാരിലേക്ക്, ഒട്ടും തന്നെ അഭിലക്ഷണീയം അല്ല. ഈ കാരണങ്ങളാൽ ഈ ബിൽ അവതരിപ്പിക്കപ്പെടുന്നതിനുള്ള പ്രമേയത്തെ ഞാൻ ബലമായി എതിർക്കുന്നു.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഫൈഡ് സക്കാർ വക്കീൽ): സർ, ബില്ലിന്റെ തത്വം നിരൂപണം ചെയ്യുമ്പോൾ ഈ സഭയിൽ വിവേചിക്കപ്പെടാനുള്ള സംഗതി കണിശമായി എന്താണെന്നു തീർച്ചപ്പെടുത്തുന്നതിനു ചില സംഗതികൾ സൂക്ഷ്മമായി മനസ്സിൽ കരുതിക്കൊള്ളേണ്ടതാണെന്നു ഞാൻ വിചാരിക്കുന്നു. ശ്രീപാദം കൊട്ടാരത്തിലേക്ക കൊല്ലേണ്ട റവന്യൂ പബ്ലിക്ക് റവന്യൂ, അല്ലെന്നു റെഗുലേഷനിൽതന്നെ അതിപ്രതിപാദിച്ചിരിക്കുന്നു, പബ്ലിക്ക റവന്യൂവിന്റെ നിർവചനത്തിൽ തീർച്ചപ്പെടുത്തീട്ടുണ്ട്. ആ പ്രശ്നം ഇപ്പോൾ സഭയുടെ മുമ്പിൽ ഇല്ല. റെഗുലേഷനിൽ തന്നെ ആ വ്യവസ്ഥ ഇപ്പോൾ ഉണ്ട്. ശ്രീപാദം റവന്യൂവിനെക്കുറിച്ചു, റെഗുലേഷൻപ്രകാരം പബ്ലിക്ക് റവന്യൂ അല്ലയോ, ഗവണ്മെന്റു ഉദ്യോഗസ്ഥന്മാക്ക് റെഗുലേഷനിൽ വ്യവസ്ഥ ചെയ്തിട്ടുള്ള നടപടി ഉപയോഗിച്ചു പിരിക്കാവുന്നതാണ്. ഈ ഭേദഗതി ബില്ലിൽ ഞാൻ ഇപ്പോൾ പ്രതിജ്ഞ ചെയ്യുന്നു റെഗുലേഷൻപ്രകാരം വസൂൽ ചെയ്യുന്നതിനുള്ള അധികാരങ്ങൾ, ഗവണ്മെന്റുദ്യോഗസ്ഥന്മാരെല്ലെങ്കിലും ഈ റെഗുലേഷൻ അനുസരിച്ചു മുമ്പു തന്നെ വിശദമാക്കപ്പെട്ടതുപോലെ പബ്ലിക്ക് റവന്യൂ ആയിരിക്കുന്ന ശ്രീപാദം റവന്യൂവിന്റെ പിരിവിനു ചുമതലപ്പെട്ടവരായ അളുകൾക്കു് കൊടുക്കാവുന്നതാണ് എന്നാണ്.

മി: ഡോക്ടർ. രാമൻപിള്ള (കോട്ടയം): അവരുടെ പ്രവൃത്തികളെ പരിശോധിക്കുന്നതിനു ഗവണ്മെന്റിനു അധികാരമുണ്ടോ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഫൈഡ് സക്കാർ വക്കീൽ): അതിനെപ്പറ്റിയുവൻ പോവുകയാണ്.

മി: കെ. പി. നീലകണ്ഠപിള്ള (ചിറയിങ്കീഴ്): ഇപ്പോൾ സമയം എന്തായിട്ടുണ്ട് എന്നു ഞാൻ പ്രസിഡൻറിനെ ഓർമ്മിയിൽ കൊണ്ടുവരട്ടെ?

പ്രസിഡൻറ്: ഞാൻ അതു് അറിയുന്നു. നാം അവസാനത്തിനു് അടുത്തുവരികയാണ്. ലാമെംബറുടെ മറുപടിക്കു ശേഷം വോട്ടെടുക്കാവുന്നതാണു്.

മി: കെ. പി. നീലകണ്ഠപിള്ള (ചിറയിങ്കീഴ്): ലാമെംബറുടെ മറുപടിമാത്രം ഞായിരിക്കാൻ പോകയാണെങ്കിൽ, അപ്പോൾ അതു് അത്രേഷം സാരമായിട്ടുള്ളതല്ല. എന്നാൽ വോട്ടെടുക്കാനുള്ളതുകൊണ്ടാണു് എനിക്കു സമയത്തെപ്പറ്റി ഉൽഗമുണ്ടായതു്. നേരം വൈകിവരുന്നു. സഭയുടെ ഈ വശത്തുള്ള മെംബർമാർ, ഓരോന്നായി സഭവിട്ടുപോയി കഴിഞ്ഞു.

പ്രസിഡൻറ്: ഓരോ ദിവസത്തെയും യോഗത്തിനു്, അതു കണിശമായി അഞ്ചു മണിക്കു് അവസാനിക്കത്തക്കവണ്ണം നിർദ്ദിഷ്ടമായ സമയക്ലിപ്തത ഉണ്ടോ? കൗൺസിലിൻറെ ഈ യോഗത്തിൽ നമുക്കു് അഡിഷ്യൽ ജോയിക്കു് ഒരു ദിവസം മാത്രമേയുള്ളൂ.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹോഡ് സക്കാർ വക്കീൽ): സർ, ഇപ്പോൾ ഈബില്ലിനു ഉൽക്ഷേപിക്കപ്പെട്ട മുഖ്യമായ ആക്ഷേപം ശ്രീപാദം ഉദ്യോഗസ്ഥന്മാക്കു് ദിവാൻ പേഷ്കാരുടെയൊ, തഹശീൽദാരുടേയൊ പാവ്ത്യകാരുടേയൊ അധികാരങ്ങൾ കൊടുക്കുന്നതു് അവർ ഗവണ്മെൻറിൻറെ ശാസനാനിയന്ത്രണത്തിനു് അധീനരല്ലായ്കയാൽ ആപൽകരമായിരിക്കും എന്നാണു്. സർ, ഇപ്പോഴത്തെ പ്രശ്നം സംബന്ധിച്ചു്, ഈ വാദത്തിൻറെ ന്യായതയുടെയൊ, ന്യായക്ഷയമില്ലായ്മയുടെയൊ, പ്രശ്നം ഒഴിച്ചും, ഈ വാദം ഇപ്പോഴത്തെ പ്രശ്നത്തിനു പറവുന്നതാണെന്നു ധരിച്ചുകൊണ്ടും, ഈ റെഗുലേഷൻറെ ഉദ്ദേശങ്ങൾക്കു് ശ്രീപാദം ഉദ്യോഗസ്ഥന്മാരുടെ മേൽ യഥാർത്ഥമായ ശാസനാനിയന്ത്രണം ഉണ്ടെന്നു ഞാൻ സമർപ്പിക്കുന്നു. സർ, നിയന്ത്രണം, സംബന്ധിച്ച ആളിൻറെമേലൊ, ആ ആളിനോടുള്ള സംബന്ധിച്ച അധികാരങ്ങളുടെ പ്രയോഗത്തിന്മേലൊ, ആയിരിക്കാം. അധികാരങ്ങളുടെ പ്രയോഗത്തെ സംബന്ധിച്ചു് നിയന്ത്രണം ഉണ്ടു്. കാരണം ദിവാൻ പേഷ്കാർക്കും അതിൽ പിന്നെ ദിവാനും ഒരു അപ്പീലിനവകാശമുണ്ടു്. സംബന്ധിച്ച ആളിൻറെ മേൽ ഉള്ള നിയന്ത്രണത്തിൻറെ കാര്യത്തിൽ, നിയന്ത്രണത്തിൻറെ ഉഗ്രമായ പരമാവധി അയാളെ ജോലിയിൽ നിന്നും പിരിച്ചയക്കുകയത്രേ; ശ്രീപാദം ഉദ്യോഗസ്ഥന്മാരുടെ സംഗതിയിൽ അന്യായമായിട്ടൊ, അനുചിതമായിട്ടൊ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥനിൽ നിന്നു അധികാരങ്ങളെ എടുത്തുകളയുന്നതിനുള്ള അവകാശം ഗവണ്മെൻറിനുള്ളതാണു്. അതിൻറെ അർത്ഥം ഈ റെഗുലേഷൻറെ ഉദ്ദേശങ്ങൾക്കും പ്രായോഗികമായ എല്ലാ കാര്യങ്ങൾക്കും ഈ നിയമവ്യവസ്ഥപ്രകാരമുള്ള അധികാരപരിധിയിൽ നിന്നു പിരിച്ചയക്കുക (ഡിസ്മിസ് ചെയ്യുക) എന്നാണു്. അധികാരങ്ങളെ പിൻവലിക്കാൻ ഗവണ്മെൻറിനു് സ്വാതന്ത്ര്യമുണ്ടു്. അപ്രകാരമുള്ള പിൻവലിക്കലിനുശേഷം പ്രായോഗികമായ എല്ലാ സംഗതികൾക്കും ആ ഉദ്യോഗസ്ഥൻ അതേ നിലയിൽ ഇരിക്കുന്നതിൽ നിന്നും വിരമിക്കുന്നു. അതിനാൽ കാര്യക്കാരന് പരമാവധിയായ ശിക്ഷനല്കുവാൻ ഗവണ്മെൻറിനു കഴിയും; അവർക്കു് ഉദ്യോഗസ്ഥന്മാരുടെ മേൽ പരമാവധിയായ നിയന്ത്രണം ചെലുത്താൻ കഴിയുന്നതാണു്.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും—കുണ്ടുമണും): അധികാരങ്ങളുടെ ഈ പിൻവലിക്കൽ എന്ന ആ പ്രതിവിധി, തങ്ങളുടെ വസ്തുക്കൾ അന്യായമായി ഈ ഉദ്യോഗസ്ഥന്മാരാൽ ജപ്തി ചെയ്യപ്പെട്ടിട്ടും വിൽപ്പനപ്പെട്ടിട്ടും ഉള്ള ജനങ്ങളുടെ സങ്കടങ്ങളെ ലഘൂകരിക്കുമൊ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹോഡ് സക്കാർ വക്കീൽ): മി: കേശവപിള്ളയോടു തന്നെ വേറൊരു ചോദ്യം ചോദിക്കുന്നതിനാൽ, ആ ചോദ്യത്തിനു ഞാൻ മറുപടി പറയേണ്ടിയിരിക്കുന്നു. ഗവണ്മെൻറിൻറെ പൂർണ്ണമായ നിയന്ത്രണത്തിൽ ഇരിക്കുന ഒരുഗവണ്മെൻറുദ്യോഗസ്ഥൻ ഒരുവളിൻറെ വസ്തു അന്യായമായി ജപ്തി ചെയ്തു വിലം ചെയ്യുന്നു എന്നും ഗവണ്മെൻറു ആ ഉദ്യോഗസ്ഥനെ കഠിനമായി ശിക്ഷിക്കുകയും പിരിച്ചു വിടുകയും ചെയ്യുന്നു എന്നും വിചാരിക്കാം. അന്യായമായ ജപ്തിയാൽ കഷ്ടം അനുഭവിച്ചിട്ടുള്ള ആളിൻറെ സങ്കടങ്ങളെ അതു് എങ്ങിനെ ലഘൂകരിക്കുകയൊ പരിഹരിക്കുകയൊ ചെയ്യും? ഇവിടെ ശ്രീപാദം ഉദ്യോഗസ്ഥന്മാർക്കു മേലന്യ ഉദ്യോഗസ്ഥന്മാരുടെ അധികാരങ്ങൾ നല്കപ്പെടുന്നതിനെ എതിർക്കുന്നതായ വാദം, അവർ (ശ്രീപാദം ഉദ്യോഗസ്ഥന്മാർ) ഗവണ്മെൻറു ശാസനാ നിയന്ത്രണത്തിനു കീഴ് പെടുണ്ടില്ലെന്നുള്ളതായിരുന്നു. നിയന്ത്രണത്തിനു രണ്ടു വഴികൾമാത്രം. ഒന്നു്, അവരുടെ പ്രവൃത്തികളിന്മേലും, മറ്റേതു്, അവരുടെ വ്യക്തികളിന്മേലും, സംരംഭിക്കുമെന്നു ഞാൻ സമർപ്പിക്കുന്നു. ഇപ്പോഴത്തെ ഉദാഹരണത്തിൽ, ദിവാൻ പേഷ്കാർക്കും അതിൽ പിന്നെ ദിവാനും അപ്പീൽ ചെയ്യുന്നതിനു അവകാശം ഉണ്ടായിരിക്കും എന്നുള്ളതിനാൽ, അയാളുടെ പ്രവൃത്തികളിന്മേൽ നിയന്ത്രണം ഉണ്ടു്.

റാവു്ബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (നിയമിതമെംബർ, ഡിപ്യൂട്ടി പ്രസിഡൻറ്): അദ്ദേഹത്തിൻറെ വാദത്തിൻറെ ആവശ്യത്തിലേക്കു്, എൻറെ സ്നേഹിതൻ മി: പരമേശ്വരൻപിള്ള ഇപ്പോൾ പറയുന്നതു് പേഷ്കാർക്കും, അതിൽപിന്നെ ദിവാനും, അപ്പീൽ ചെയ്യുന്നതിനു സ്വാതന്ത്ര്യമുണ്ടു് എന്നാണു്. ഇപ്പോൾ ഈ ലോചനയിൽഇരിക്കുന്ന നിയമവ്യവസ്ഥ പ്രാദേശിക സംഘങ്ങളുടെ ഉദ്യോഗസ്ഥന്മാർക്കു ദിവാൻ പേഷ്കാരുടേയും, തഹശീൽദാരുടേയും, പാവ്ത്യകാരുടേയും, അധികാരങ്ങൾ നല്കപ്പെടുന്നതിനായി വ്യവസ്ഥ ചെയ്യുന്നു. എൻറെ സ്നേഹിതൻ മുമ്പോട്ടുകൊണ്ടുവന്നിട്ടുള്ള വാദത്തിൽ നിന്നു്, ഈ പ്രാദേശിക സംഘങ്ങളുടെ ഉദ്യോഗസ്ഥന്മാർക്കു് ആദ്യം ദിവാൻ പേഷ്കാർക്കും അതിൽ പിന്നെ ദിവാനും അപ്പീൽ ചെയ്യുന്നതിനു അവകാശം ഉണ്ടായിരിക്കും എന്നുള്ളതിനാൽ, അയാളുടെ പ്രവൃത്തികളിന്മേൽ നിയന്ത്രണം ഉണ്ടു്. ഇതിനു കമ്മീഷണർക്കും പിന്നീടു ദിവാനും അപ്പീലവകാശം എല്ലായ്പോഴും ഉണ്ടായിരിക്കത്തക്കവണ്ണം ദിവാൻപേഷ്കാരുടെ അധികാരങ്ങൾ നല്കപ്പെടുന്നതായിരിക്കും, ഭൂവുടമയുള്ള വ്യക്തമായ പ്രത്യാശയാണ് അദ്ദേഹം ഗവണ്മെൻറിനുവേണ്ടി ഇപ്പോൾ തന്നതു് എന്നു ഞാൻ ഗ്രഹിക്കാമൊ? ആ പ്രത്യാശതന്നതിനു് അദ്ദേഹം തയ്യാറില്ലെങ്കിൽ, ദിവാൻ പേഷ്കാരുടെ അടുക്കൽഎല്ലായ്പോഴും അപ്പീലവകാശം ഉണ്ടായിരിക്കും എന്നുള്ളതിനെ ഒരു വാദമായി മുമ്പോട്ടുകൊണ്ടു വരുന്നതിൽ വളരെ ബലമില്ല.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹോഡ് സക്കാർ വക്കീൽ): പ്രതിജ്ഞചെയ്യപ്പെട്ട നിയമവ്യവസ്ഥപ്രകാരം, ദിവാൻ പേഷ്കാരുടേയൊ, തഹശീൽദാരുടേയൊ, പാവ്ത്യകാരുടേയൊ, അധികാരങ്ങളെ ഈ പ്രാദേശിക സംഘങ്ങളുടെ ഉദ്യോഗസ്ഥന്മാക്കു നല്കപ്പെടാവുന്നതാണു്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ശ്രീപദംകൊട്ടാരം ഉദ്യോഗസ്ഥന്മാക്ക് ഒരു മെമ്പർ ൻറെ അധികാരങ്ങളും നൽകപ്പെടുന്നതിനെ നിരോധിക്കുന്നതായി ഈ നിയമ വ്യവസ്ഥയിൽ വല്ലതും ഉണ്ടോ എന്ന വിഷയമായ ലാ മെമ്പർ എന്നോടു പറയുമോ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഫൊഡ് സക്രട്ടർ വക്കീൽ): ഇല്ല

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്)): അതിനാൽ ദിവാൻപേഷ്കാരുടെ തീർച്ചയിൽനിന്ന് മേലെ ഏതു് ഉദ്യോഗസ്ഥന്റെ അടുക്കലാണ് അപ്പീലിനു അവകാശമുള്ളതു്?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഫൊഡ് സക്രട്ടർവക്കീൽ): ആദ്യം ജനിക്കുതികത്തീക്ഷണരുടെ അടുക്കലും പിന്നെ ദിവാന്റെ അടുക്കലും എന്നു ഞാൻ വിശ്വസിക്കുന്നു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ദിവാൻപേഷ്കാരുടെ തീർച്ചയിൽനിന്നു മേലപ്പീലിനു അവകാശമുണ്ടോ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഫൊഡ്സക്രട്ടർവക്കീൽ): ഞാൻ അങ്ങിനെ ചിചാരിക്കുന്നു, പക്ഷെ ഒരു പരിശോധന എനു്.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): ദിവാൻപേഷ്കാരുടെ തീരുമാനത്തിന്മേൽ അപ്പീലിനുള്ള അവകാശം നൽകുന്ന പ്രത്യേകമൊസക്ഷൻ ഏതാണെന്നു വിഷയമായ ലാ മെമ്പർ എന്നോടു പറയുമോ?

മി: ആർ. രാമൻപിള്ള (കോട്ടയം): അതിലേക്കു വേണ്ട വ്യവസ്ഥ ഉണ്ടാക്കിയാൽ മതി.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഫൊഡ്സക്രട്ടർവക്കീൽ): അതു് ഒരു സിവിൽ കമ്മിറിയാൽ ആലോചിക്കപ്പെടേണ്ട ഒരു വിവരത്തിന്റെ സംഗതിയാണ്.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): അതു് സംബന്ധിച്ചു നിലവിലിരിക്കുന്ന റെഗുലേഷനിൽ വല്ല വ്യവസ്ഥയും ഉണ്ടോ എന്നു എന്നോടുപറയാമോ?

മി. കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഫൊഡ്സക്രട്ടർ വക്കീൽ): അപ്പീലിനു വ്യവസ്ഥയുണ്ടു.

മി: എ. താണുപിള്ള (തിരുവനന്തപുരം): പ്രതിഷ്ഠചെയ്യപ്പെട്ടിരിക്കുന്ന നിയമവ്യവസ്ഥപ്രകാരം ശ്രീപാദം ഉദ്യോഗസ്ഥന്മാക്ക് ഒരു പാർവത്യകാരന്റെയും ഫൈശിൽദാരുടേയും ക്ലാസി അധികാരങ്ങളും നൽകപ്പെടാൻ കഴിയും എന്നുള്ളതു് സംശയമുള്ളതാണോ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഫൊഡ് സക്രട്ടർ വക്കീൽ): അതു് സംശയമാണു്.

മി: എ. താണുപിള്ള (തിരുവനന്തപുരം): ദിവാൻ പേഷ്കാരുടെ തീരുമാനത്തിന്മേൽ അപ്പീൽ ഉണ്ടാവിക്കുന്നതു് എങ്ങിനെയാണു്?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഫൊഡ്സക്രട്ടർവക്കീൽ): ദിവാന്റെ അടുക്കൽ അപ്പീലിനു് അവകാശമുണ്ടു്.

മി: എ. താണുപിള്ള (തിരുവനന്തപുരം): പരിശോധനമാത്രം, അപ്പീൽ ഇല്ല.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഫൊഡ്സക്രട്ടർവക്കീൽ): വാദം അതാണെങ്കിൽ, അതു് സിവിൽകമ്മിറിയാൽ ആലോചിക്കപ്പെടാൻ സാധിക്കുന്നതാണു്.

മി: എ, ജി. മേനോൻ (പറവൂർ): ശ്രീപാദംകൊട്ടാരംവക കണക്കുകളും പരിശോധിക്കുന്നതിനു ഗവണ്മെന്റിനു വല്ല അധികാരവും ഉണ്ടോ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഫൊഡ്സക്രട്ടർവക്കീൽ): ആ ചോദ്യം ഇപ്പോൾ ഉദ്ഭവിക്കുന്നതെങ്ങിനെയാണു്? ശ്രീപാദം റവന്യൂപബ്ലിക് റവന്യൂആണു് എന്നു് പ്രത്യേകം പ്രസ്താവിച്ചിട്ടുണ്ടു്.

മി: എ, ജി, മേനോൻ (പറവൂർ): നിങ്ങൾ അങ്ങിനെ പറയുകയാണു്, നിങ്ങൾ അതു് പബ്ലിക് റവന്യൂആണു് എന്നു പറയുന്നു. അതുമാത്രമേയുള്ളൂ.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽഫൊഡ് സക്രട്ടർവക്കീൽ): അല്ല, ഞാൻമാത്രമല്ല; റെഗുലേഷനിൽ അങ്ങിനെ പറഞ്ഞിട്ടുണ്ടു്.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): ഇപ്പോഴത്തെ മേശഗതിയിൽ പാസാക്കപ്പെടുന്നപക്ഷം, ദിവാൻപേഷ്കാരുടെ തീരുമാനത്തിന്മേൽ അപ്പീലിനു് അവകാശമുണ്ടോ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഫൊഡ്സക്രട്ടർവക്കീൽ): ഞാൻ മനസ്സുതന്നെ പ്രസ്താവിച്ചിട്ടില്ലല്ലോ; അതു മാത്രമാണ് വാദം എങ്കിൽ—സിവിൽകമ്മിറിയാൽ ആലോചിക്കപ്പെടാവുന്ന അപ്പീലൊ, പരിശോധനയൊ ഉണ്ടെന്നു ഞാൻ വിശ്വസിക്കുന്നു. എന്നാൽ സഭയുടെ ആലോചനയ്ക്കായി ഞാൻ സമർപ്പിക്കുന്നതു ഗവണ്മെന്റിനു് ഈ ശ്രീപാദം ഉദ്യോഗസ്ഥന്മാരുടമേൽ നിയന്ത്രണം തീർച്ചയായിട്ടും ഉണ്ടു്. ഈ റെഗുലേഷന്റെ സാമ്പ്രദായികമൊക്കെല്ലാറിനും ഉള്ള ഏറ്റവധിമായ നിയന്ത്രണവും.

മി: എ. താണുപിള്ള (തിരുവനന്തപുരം): ശ്രീപാദം ഉദ്യോഗസ്ഥന്മാർ സിവിൽസർവീസ്റെഗുലേഷനും ഗവണ്മെൻറുദ്യോഗസ്ഥന്മാക്ക് സംബന്ധിക്കുന്ന നിയമനവും, അവധിയും, ശിക്ഷയും, മറ്റും സംബന്ധിച്ചുള്ള ചട്ടങ്ങളും അനുസരിച്ചു നടക്കുന്നതിനു തയ്യാറാണോ എന്നു് എന്നോടുപറയാമോ? അവരുടെ ഉദ്യോഗസ്ഥന്മാക്ക് ഗവണ്മെൻറുദ്യോഗസ്ഥന്മാക്കുള്ള അധികാരങ്ങളും ആവശ്യപ്പെടുന്നു. ഗവണ്മെൻറിനു തങ്ങളുടെ ഉദ്യോഗസ്ഥന്മാരെ നിയമിക്കുന്നതിൽഉള്ള അതെ തോതുതന്നെ ഉണ്ടായിരിക്കുന്നതിനു അവർ തയ്യാറുണ്ടോ?

മി; കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഫൊഡ്സക്രട്ടർവക്കീൽ): ആ സംഗതിയെപ്പറ്റി വല്ല പ്രത്യാശയും (ഉറപ്പും) തരുന്നതിനു ഞാൻ തയ്യാറില്ല.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ശ്രീപാദം റവന്യൂ പബ്ലിക്ക് റവന്യൂ ആയിട്ടു ഗണിക്കപ്പെടേണ്ടതാണോ എന്നു എന്നോടു പറയുമോ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഫൊഡ്സക്രട്ടർവക്കീൽ): ഈ റെഗുലേഷന്റെ ആവശ്യങ്ങൾക്കു അതിപ്പോൾതന്നെ പബ്ലിക്ക് റവന്യൂ ആണ്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അതു പിരിവിനെ ഉദ്ദേശിച്ചു മാത്രമാണ്; മേലാൽ അതു് എല്ലാ സാദ്ധ്യങ്ങൾക്കും പബ്ലിക്ക് റവന്യൂ ആയിട്ടു ഗണിക്കപ്പെടുന്നതിനു സാധിക്കുമോ എന്നു ഞാനേ അറിയാൻ ആവശ്യപ്പെടുന്നു.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഫോഡ്സക്രട്ടറിക്കിൽ): അതു് ഒരു കല്പിതപ്രശ്നമാണു്. ഇപ്പോൾ പ്രയോഗിക്കപ്പെടാനുള്ള സന്ദർഭങ്ങളെ എന്റെ മുമ്പിൽ കൊണ്ടുവരപ്പെട്ടുമ്പോൾ, ഞാൻ അതിനെപ്പറ്റി പറയുന്നതാണു്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): മുനിസിപ്പൽ റഗുലേഷൻപ്രകാരമെന്നും, ദിവാൻപേഷ്കാരുടെ തീരുമാനത്തിന്മേൽ അപ്പീൽ ആകട്ടെ, റിവിഷ്യൻ ആകട്ടെ, ഇല്ല.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഫോഡ്സക്രട്ടറിക്കിൽ): മുനിസിപ്പൽ റെഗുലേഷൻ പ്രകാരം, അപ്പീൽ സാക്ഷാൽ ഉണ്ടു്. പിന്നെ പക്ഷേ, അതാണു് എന്റെ ധാരണ. പക്ഷേ ഞാൻ തെറ്റിപ്പോയിരിക്കാം.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): മുനിസിപ്പൽ റഗുലേഷനോടു് ബന്ധപ്പെടുത്തിയിരിക്കുന്ന പട്ടികയിൽ നിർദ്ദേശിക്കപ്പെട്ടിരിക്കുന്നതുപോലെ, പരസ്യംചെയ്യപ്പെടുകയും, മുനിസിപ്പൽ റഗുലേഷനിലെ നിബന്ധനകൾക്കനുസരണമായി അതു പബ്ലിക്ക് റവന്യൂവായി ഗണിക്കപ്പെടുകയും, ചെയ്യുകിൽ അല്ലാതെ മുനിസിപ്പൽ പ്രസിഡൻറിന്റെ തീരുമാനത്തിന്മേൽ അപ്പീലിന് അവകാശമില്ല എന്നു ഞാൻ വിചാരിക്കുന്നു. എന്നാൽ ഈ ഭേദഗതി ഒഴിവാക്കപ്പെടുന്നതാണോ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഫോഡ്സക്രട്ടറിക്കിൽ): മുനിസിപ്പൽ റെഗുലേഷൻപ്രകാരംതന്നെയും, അപ്പീലിന് അവകാശമുണ്ടായിരിക്കാം എന്നു ഞാൻ നിർദ്ദേശിക്കുമാത്രമായിരുന്നു.

ശ്രീപാദം ഉദ്യോഗസ്ഥന്മാരുടമേൽ നിയന്ത്രണത്തെപ്പറ്റിയുള്ള വ്യവസ്ഥ ഇപ്പോൾ ഇരിക്കുന്നസ്ഥിതിയിൽ, അവരിൽ ദിവാൻപേഷ്കാരുടെ അധികാരങ്ങൾ കൊടുക്കപ്പെടുന്നതിനു സംഗതിയുണ്ടെന്നവരുടെ തീരുമാനങ്ങളിന്മേലോ, പ്രവൃത്തികളിന്മേലോ, നേരെയുള്ള അപ്പീൽ ഉണ്ടായിരിക്കാനിടയില്ല എന്നു ഞാൻ വിചാരിക്കുന്നു. എന്നാൽ, ഉരാതി അതു് മാത്രമാണെങ്കിൽ, അതു് ഒരു സിലക്ട് കമ്മിറ്റിയിൽ ആലോചിക്കപ്പെടാവുന്നതാണു് എന്നു ഞാൻ വിചാരിക്കുന്നു.

മി: എ. താണുപിള്ള (തിരുവനന്തപുരം): ഒരപ്പീൽമാത്രംകൊണ്ടു തീരുമാനപ്പെടുത്തുവാൻ കഴിയാത്ത ഈ ഉദ്യോഗസ്ഥന്മാരുടെ ചില അപകൃത്യങ്ങളെ ഉണ്ടായിരിക്കാം എന്നു ലാ മെംബർ സമ്മതിക്കുന്നില്ലെ?

മി കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഫോഡ്സക്രട്ടറിക്കിൽ): അതു ഗവണ്മെന്റുദ്യോഗസ്ഥന്മാരേയുംകൂടി സംബന്ധിക്കുന്നതാണു്. നാം ഇപ്പോൾ ആ വിഷയത്തിലല്ല ഫിർപ്പെട്ടിരിക്കുന്നതു്,

സർ, ഞാൻ സമർപ്പിച്ചതുപോലെ; ഈ നിയമവ്യവസ്ഥകളിൽ ഒന്നുകൊണ്ടും ശ്രീപാദം ഉദ്യോഗസ്ഥന്മാർ ഗവണ്മെന്റിന്റെ നിയന്ത്രണത്തിൻകീഴല്ല എന്നുള്ളതാകുന്നതോന്നുന്നു. ഗവണ്മെന്റിനു ഈ ഉദ്യോഗസ്ഥന്മാരുടെമേൽ ആവശ്യമുള്ളിടത്തോളം നിയന്ത്രണം സൂക്ഷ്മാൽ ഉണ്ടെന്നു ഞാൻ സമർപ്പിക്കുന്നു.

മി: എ. താണുപിള്ള (തിരുവനന്തപുരം): ഗവണ്മെന്റിനു ശ്രീപാദം ഉദ്യോഗസ്ഥന്മാരെ ഡിസ്മിസ്സ്ചെയ്യാൻ സാധിക്കുമോ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഫോഡ്സക്രട്ടറിക്കിൽ). അവർക്കനുകൂലപ്പെട്ട അധികാരങ്ങളെ പിൻവലിക്കുന്നതിനാൽ, ഗവണ്മെന്റിനു അവരെ വാസ്തവമായി ഡിസ്മിസ്സ്ചെയ്യാൻ സാധിക്കും. അപ്പോൾ ഈ ഉദ്യോഗസ്ഥന്മാർ ഈ റഗുലേഷൻപ്രകാരം പ്രവർത്തിക്കുന്നതിൽനിന്നും വിരമിക്കുന്നതായിരിക്കും.

മി: എ. താണുപിള്ള (തിരുവനന്തപുരം): ഗവണ്മെന്റു അയാളുടെ അധികാരങ്ങളെ പിൻവലിച്ചേക്കാം; എന്നാൽ ശ്രീപാദം അധികൃതന്മാർ അയാൾക്ക് ശമ്പളമുട്ടുതൽ കൊടുക്കാവുന്നതാണ്. അതിന്മേൽ ഗവണ്മെന്റിനു നിയന്ത്രണം ഇല്ല. സംബന്ധിച്ച ഉദ്യോഗസ്ഥന്റെമേൽ ലാ മെംബർപറയുന്ന നാമമാത്രമായനിയന്ത്രണത്തിനു യാതൊരുഫലവും ഇല്ലാതെയിരിക്കും.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഫോഡ്സക്രട്ടറിക്കിൽ): അങ്ങിനെയുള്ള ഉദ്യോഗസ്ഥന്മാരെ ഒരിക്കലും പ്രസ്തുതാധികാരത്തിൽ കൊടുക്കാതെയിരിക്കും.

മി: എ. താണുപിള്ള (തിരുവനന്തപുരം): എന്നാൽ അയാൾക്ക് പിന്നെയും ശ്രീപാദം കൊട്ടാരത്തിൽ ജോലിയിൽ ഇരിക്കാവുന്നതാണ്.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഫോഡ്സക്രട്ടറിക്കിൽ): ശ്രീപാദം ഉദ്യോഗസ്ഥന്മാരെ സാധാരണയായി ശിക്ഷിക്കയൊ, അവരുടെമേൽ അനുശാസനപ്രവൃത്തി നടത്തുകയൊ, ചെയ്യുന്ന സംഗതി നാം ഇപ്പോൾ ആലോചിക്കുന്നില്ല. അവർ ഈ റഗുലേഷൻപ്രകാരം പ്രവൃത്തിക്കുമ്പോൾ, ഗവണ്മെന്റിനു അവരുടെ മേൽവല്ല നിയന്ത്രണാധികാരവും ഉണ്ടോഎന്നാണ് ഇപ്പോഴത്തെപ്രശ്നം അതിന്മേൽ ഞാൻ സമർപ്പിക്കുന്നതു് ഗവണ്മെന്റിനു നിയന്ത്രണാധികാരം ഉണ്ടു എന്നാണു്, ഒന്നാമതു്, അവരുടെ പ്രവൃത്തികളിന്മേൽ ഒരു അപ്പീലൊ റിവിഷ്യനൊ ഉള്ളതിനാൽ അവരുടെ വ്യാപാരത്തിന്മേലും, രണ്ടാമതു് ഈ റഗുലേഷൻ പ്രകാരം അവർക്ക് നൽകപ്പെട്ട അധികാരങ്ങളെ ഉപയോഗിക്കുകയൊ അന്യഥാപ്രയോഗിക്കുകയൊ ചെയ്യുന്നവരിൽനിന്നു്, ആ അധികാരങ്ങളെ എടുത്തുകളയാൻ സാധിക്കുന്നതിനാൽ അവരുടെ വ്യക്തികളിന്മേലും സർ, അതിനാൽ പ്രതിഷ്ഠചെയ്യപ്പെട്ട നിയമവ്യവസ്ഥയ്ക്കുള്ളവിരോധം കുക്ഷ്യമായിട്ടുള്ളതാണെന്നു ഞാൻ വിചാരിക്കുന്നില്ലെന്നു ഞാൻ സമർപ്പിക്കുന്നു. അതുകൊണ്ടു് ബില്ലിന്റെ തത്വം സ്വീകരിക്കപ്പെടാവുന്നതും, വല്ല വിവരമായസംഗതിയും ഭേദഗതിചെയ്യപ്പെടണമെന്നുണ്ടെങ്കിൽഅതു് സിലക്ട് കമ്മിറ്റിയിൽ നിർവഹിക്കപ്പെടാവുന്നതും ആണ്.

ബില്ലിന്റെ തത്വം സഭയാൽ സ്വീകരിക്കപ്പെടാം എന്നുള്ളപ്രശ്നം വോട്ടിനിടപ്പെടുകയും പാസാക്കപ്പെടുകയും ചെയ്തു.

മ: എൻ. കെ. കൃഷ്ണപിള്ള (തനയ്യാറാക്കിയതു): ഞാൻ ഒരു ഹോർഅറ്റു വയ്ക്കപ്പെടുന്നു.

മി: എ. താണുപിള്ള (തിരുവനന്തപുരം) : ഞാനും ഒരു പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുന്നു. പോയിന്റ് എടുക്കപ്പെട്ടുകയും സഭ താഴെകാണിച്ചിരിക്കുന്നപ്രകാരം പിന്നീടാകയുംചെയ്തു: —

അനുകൂലിച്ചവർ ൫൬

൧.	മി. എൽ. എ. ബിഷപ്പ്	൧൫.	ഡാക്ടർ കെ. രാമൻനമ്പി
൨.	,, ഐ. സി. ചാക്കോ	൧൬.	മി. എസ്. സി. എച്ച്. റോബിൻസൺ
൩.	,, ആർ. ധനക്കോടിപ്പിള്ള	൧൭.	,, ആർ. വൈദ്യലിംഗംപിള്ള
൪.	,, കെ. ജോർജ്	൧൮.	,, ജെ. എസ്. തൈസ്സൻഡെമിൽ
൫.	,, പി. തോമതിനായകംപിള്ള	൧൯.	,, ഡി. പ്രാൻസിസ്
൬.	,, പി. എൻ. കൃഷ്ണപിള്ള	൨൦.	,, ഡി. സി. ജോസഫ്
൭.	റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള	൨൧.	റാവു് ബഹദൂർ കെ. പി. കൃഷ്ണയ്യങ്കാർ
൮.	മി. കെ. കെ. മായവൻനായർ	൨൨.	മി. വി. എസ്. കൃഷ്ണപിള്ള
൯.	,, ഇ. ജി. മാക്കപ്പയ്യൻ	൨൩.	,, പി. എസ്. മഹമ്മദ്
൧൦.	,, ആർ. നീലകണ്ഠപ്പിള്ള	൨൪.	,, എസ്. പിറവിപെരുമാൾപിള്ള
൧൧.	,, കുഞ്ഞാലം പരമേശ്വരൻപിള്ള	൨൫.	,, രേവതിനാൾ രാമവർമ്മരാജാ

പ്രതികൂലിച്ചവർ ൧൯

൧.	മി. ഫി. എസ്. ഓതോമേരൻ ആശാൻ	൧൧.	മി. മാത്തൂമുതിക്കൻ
൨.	മിസ്സസ്. എലിസബത് കുരുവിള	൧൨.	,, ജി. പി. നീലകണ്ഠപിള്ള
൩.	മി. എ. ജി. മേനോൻ	൧൩.	,, കെ. പി. നീലകണ്ഠപിള്ള
൪.	,, ഇട്ടിപ്പ് ഉട്ടീച്ചൻ	൧൪.	,, മുകേവലിൽ പാച്ചുപിള്ള
൫.	,, ആർ. കേശവപിള്ള	൧൫.	,, കെ. പത്മനാഭപണിക്കർ
൬.	,, ടി. സി. കേശവപിള്ള	൧൬.	,, കെ. ജി. പരമേശ്വരൻപിള്ള
൭.	,, എൻ. കെ. കൃഷ്ണപിള്ള	൧൭.	,, എൽ. ആർ. രാജരാജവർമ്മകോയിൽതമ്പുരാൻ
൮.	,, എ. സി. കുരിയാക്കോസ്	൧൮.	,, ആർ. രാമൻപിള്ള
൯.	,, കെ. മാധവൻപിള്ള	൧൯.	,, എ. താണുപിള്ള
൧൦.	,, എച്ച്. ബി. മഹമ്മദ്സാവുണ്ടർ		

നിഷ്പക്ഷനിലക്കാർ ൪

൧.	മി വി. ചെല്ലംപിള്ള	൩.	മി. കെ. എൻ. കേശവൻനംപൂതിരിപ്പാട്
൨.	,, കെ. സി. കുഞ്ഞാകരൻ	൪.	,, തോമരശ്ശേരിൽകൊച്ചുതൊമ്മൻ

ബില്ലിന്റെ സാമാന്യതത്വം സ്വീകരിക്കുന്നതായ പ്രമേയം പാസാക്കപ്പെട്ടു.

മി: കുഞ്ഞാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹോം സക്രട്ടറി): സർ, ഈ ബിൽ ഒരു സിലക്ട് കമ്മിറ്റിയിൽ പോകേണ്ടിവരും എന്നു ഞാൻ വിചാരിച്ചിരുന്നില്ല. ഇന്ന് ഇവിടെ ഉപക്ഷേപിക്കപ്പെട്ട വാദങ്ങളെ പൂരസ്കരിച്ച് താഴെപറഞ്ഞിരിക്കുന്നമമ്പർക്കാരടങ്ങിയ ഒരു സിലക്ട് കമ്മിറ്റിക്ക് ഉന്നമാസത്തിനുള്ളിൽ റിപ്പോർട്ടു സമർപ്പിക്കുന്നതിനായിട്ടു ബിൽ അയക്കപ്പെടണം എന്നു ഞാൻ അഭിപ്രായപ്പെടുന്നു.

൧. റാവു് ബഹദൂർ കെ. പി. കൃഷ്ണയ്യങ്കാർ
൨. മി. എ. താണുപിള്ള
൩. ,, കെ. പി. നീലകണ്ഠപിള്ള
൪. ,, എ. എസ്. മാമോരൻ ആശാൻ
൫. ,, എസ്. പിറവിപെരുമാൾപിള്ള
൬. ,, മാത്തൂമുതിക്കൻ
൭. ,, എസ്. സി. എച്ച്. റോബിൻസൻ
൮. ,, കെ. ജോർജ്
൯. ,, പി. എൻ. കൃഷ്ണപിള്ള
൧൦. ,, ഞാനും (മി. കുഞ്ഞാലം പരമേശ്വരൻപിള്ള)

പ്രസിഡന്റ്: മി. പരമേശ്വരൻപിള്ള, നിങ്ങൾ സംയോജകൻ ആയിരിക്കും ഡിപ്യൂട്ടിപ്രസിഡന്റ് കമ്മിറ്റിയുടെ അദ്ധ്യക്ഷനും ആയിരിക്കും.

ഉച്ചയ്ക്കുമേൽ ൩-൫൦-ന് സഭപിരിഞ്ഞു

പി. എൻ. കൃഷ്ണപിള്ള
നിയമസാമാജികസെക്രട്ടറി.

അനുബന്ധം ൧.

തിരുവിതാംകോട്ടു നിയമസഭ

ധനകാര്യകമ്മിറ്റി ൧൯൩൬.

തിരുമാനം, ൧൯൩൬ ഡിസംബർ വ്യാഴാഴ്ച/൧൯൩൭ വൃശ്ചികം ൨൯-ാം തീയതി

൧൯൩൭-മാണ്ടേക്കുള്ള സ്ഥിരധനകാര്യകമ്മിറ്റിയുടെ ആദ്യത്തെ യോഗം പുത്തൻകച്ചേരിയിൽ ധിവാൻ സർ ആഫീസിൽ ൧൯൩൬ ഡിസംബർ വ്യാഴാഴ്ച ൧൯൩൭ വൃശ്ചികം ൨൯-ാംതീയതി തിങ്കളാഴ്ച ഉച്ചയ്ക്കുമേൽ ൧൨-൫൫-ന് കൂടുകയുണ്ടായി. താഴെ പറഞ്ഞിരിക്കുന്ന മെമ്പർമാർഹാജരുണ്ടായിരുന്നു.

എ. വേങ്കിട്ടരാമയ്യർ എസ്സ്യർ; ബി. എ., ബി. എൽ., പകരംനിവൃത്തി പ്രസിഡന്റ്.

എ. ജി. മേനോൻ എസ്സ്യയർ ബി. എ.
വി. ജെ. ഉമ്മൻ എസ്സ്യയർ.
കെ. ജോജ് എസ്സ്യയർ.
ആർ. നീലകണ്ഠപ്പിള്ള എസ്സ്യയർ. ബി. എ., ബി. എൽ.
പി. എൻ. കൃഷ്ണപിള്ള എസ്സ്യയർ ബി. എ., ബി. എൽ കൺവീനർ

ഇന്റിക്രിമെന്റിഡിപ്പാർട്ടുമെന്റ്

കന്നത്തൂർ താലൂക്കിൽ ഏനാതിമംഗലം പകുതിയിൽ ഭൂരിക്കാർഡു സംരക്ഷണത്തിലേക്കായി ക ക ൦ന്നു ധനു ക-ാണ്ടുമുതല്ക്കു് ഏഴുമാസക്കാലത്തേക്ക് പ്രതിമാസം ക രൂപാശമ്പളത്തിൽ ഒരു താല്ക്കാലിക അക്കൗണ്ടന്റിനേയും വൃരൂപാശമ്പളത്തിൽ ഒരു താല്ക്കാലികപ്യൂണിനേയും നിയമിക്കുന്നതിനുള്ള പ്രതിജ്ഞ കമ്മിറ്റി സ്വീകരിക്കുകയും അതിനായി ക ക ൦ന്നു-മല ബഡ്ജറ്റിൽ ക ൪൨ രൂപായുടെ ഒരു ഇകകൊള്ളിക്കുന്നതിനു സമ്മതിക്കയും ചെയ്തു.

പൊളരേണം.

൨. കല്ലുളവും വിളവങ്കോടും നിയോജകമണ്ഡലത്തിൽനിന്നും മിസ്റ്റർ സി. കേശവപിള്ളയുടെ തിരഞ്ഞെടുപ്പിനെതിരെ ന്യായത്തെയ ആക്ഷേപിച്ചു് മി. ജെ. ഡബ്ല്യു. റോസ് സമർപ്പിച്ച തിരഞ്ഞെടുപ്പു ഹർജി സംബന്ധിച്ചു നിയമിക്കപ്പെട്ട അന്വേഷ്യോഗസ്ഥന്മാരിൽ ഓരോരുത്തർക്കും ഓരോയേഷ്ടത്തിനും ൨൫ രൂപാവീതം പ്രതിഫലം കൊടുക്കണം എന്നുള്ളപ്രതിജ്ഞയെ കമ്മിറ്റി സമ്മതിക്കുകയും ആആവശ്യത്തിലേക്ക് ക ക ൦ന്നു മല ബഡ്ജറ്റിൽ ൭൫ രൂപയുടെ ഒരുഇക കൊള്ളിക്കുന്നതിന് അനുവദിക്കുകയും ചെയ്തു.

൩. മുനിസിപ്പൽ മാന്യവൽ തയ്യാറാക്കുന്നു സംബന്ധിച്ചുള്ള ജോലിക്കായി ക ക ൦ന്നു മകരം ക-ാംതുമുതല്ക്കു് മൂന്നുമാസക്കാലത്തേക്ക് ൪൦-൫൦ രൂപായിൽ ഒരു ക്ലാർക്കിനെ നിയമിക്കുന്നതിനും, സെക്രട്ടേറിയറിലെ കടലാസ്സുകൾക്ക് പ്രതിമാസം ക രൂപാ അലവൻസു നല്കുന്നതിനും, ആയിട്ടുള്ളപ്രതിജ്ഞയും, അതിലേക്ക് ക ക ൦ന്നു-ൽ ആവശ്യമുള്ള ൨൫൦ രൂപായുടെ ഒരുഇക കൊള്ളിക്കുന്നതിനും കമ്മിറ്റിസമ്മതിച്ചു.

നീതിന്യായപാലനം

൪. നിയമവിരുദ്ധമുക്തിഷ്ണങ്ങടെ അപ്പീസ് ക ക ൦ന്നു അവസാനംവരേ ഇടൻകൊള്ളുന്നതിനും അതിലേക്ക് ക ക ൦ന്നു-ലെ ബഡ്ജറ്റിൽ ൨൪൪, ൨൫൦രൂപായുടെ ഒരുഇക കൊള്ളിക്കുന്നതിനും കമ്മിറ്റിസമ്മതിച്ചു.

ശാസ്ത്രീയവും പലവകയും ഡിപ്പാർട്ടുമെന്റുകളും.

൫. നക്ഷത്രബംഗ്ലാവിലെ ആകാശ ശാസ്ത്രകൂപ്പിൽ ക ക ൦ന്നു ധനു ക-ാന്നുംതിയ്യതി മുതല്ക്കു് കൊല്ലവസാനംവരെ പ്രതിമാസം ൨൦ രൂപാ ശമ്പളത്തിൽ ഒരു അറാണർ മെക്കാനിക്കിനെ താല്ക്കാലികമായി നിയമിക്കുന്നതിനുള്ള പ്രതിജ്ഞയെ കമ്മിറ്റി സമ്മതിക്കുകയും അതിലേക്ക ക ക ൦ന്നു-ലെബഡ്ജറ്റിൽ ക൨൦ രൂപായുടെ ഒരുഇക കൊള്ളിക്കുന്നതിന്ന് അനുവദിക്കുകയും ചെയ്തു.

ഉച്ചയ്ക്കുമേൽ ക൨-൩-ന്ന് തിയ്യതിനിർണ്ണയിക്കപ്പെടാതേ കമ്മിറ്റി പിരിഞ്ഞു.

ഹജൂർകച്ചേരി, തിരുവനന്തപുരം,
ക൯൩ ഡിസംബർ൨൯-

പി. എൻ. കൃഷ്ണപിള്ള;
സംയോജകൻ, സ്ഥിരം ധനകാര്യക്കമ്മിറ്റി

അനുബന്ധം ൩

തിരുവിതാംകോട്ടു ഗ്രാമപ്പഞ്ചായത്തു കോർട്ടു റഗുലേഷൻ ഭേദഗതിബില്ലിൽ.
(നിയമസഭതീരുമാനിക്കുന്നതു)

ക ൦ ൯ ൦-മാണ്ടത്തെ ക-ാംനമ്പരായ തിരുവിതാംകോട്ടു ഗ്രാമപ്പഞ്ചായത്തുകോർട്ടു റഗുലേഷനെ ഭേദപ്പെടുത്തുന്നതിനുള്ള ഒരുബില്ലിൽ.

ക ൦ ൯ ൦-മാണ്ടത്തെ ക-ാം നമ്പരായ തിരുവിതാംകോട്ടു ഗ്രാമപ്പഞ്ചായത്തുകോർട്ടു റഗുലേഷനെ താഴെപ്പറയുന്ന ആവശ്യത്തിനായി ഭേദപ്പെടുത്തുന്നതു യുക്തമായിരിക്കകൊണ്ടു് ഇതിനാൽ നിയമപ്പെടുത്തുന്നതെന്തെന്നാൽ:—

൧. ഈ റഗുലേഷനെ ക ക ൦-മാണ്ടത്തെ ൦ം നമ്പരായ ഗ്രാമപ്പഞ്ചായത്തുകോർട്ടു (ഭേദഗതി) റഗുലേഷൻ എന്നു വിളിക്കാവുന്നതാകുന്നു.

൨. ക ൦ ൯ ൦-മാണ്ടത്തെ ക-ാം നമ്പരായ തിരുവിതാംകോട്ടു ഗ്രാമപ്പഞ്ചായത്തുകോർട്ടു റഗുലേഷൻ ൭-ാംവകുപ്പിൽ ക്ലപ്തത്തിനുശേഷം താഴെക്കാണുന്നതായ ചേർക്കേണ്ടതാകുന്നു, അതായതു്:—

എന്നാൽ തമ്മുടെ ഗവണ്മെന്റു മറ്റു പ്രകാരത്തിൽ ആജ്ഞാപിക്കാത്തപക്ഷം, എല്ലാ പ്രസിഡൽ മജിസ്ട്രിയും, തന്റെ നിയമനം മുതൽ രണ്ടുകൊല്ലം കഴിഞ്ഞിരുന്നാലും, തന്റെ പിൻഗാമി നിയമിക്കപ്പെടുന്നതുവരെ ഉദ്യോഗത്തിൽ ഇരിക്കേണ്ടതാകുന്നു.

പി. എൻ. കൃഷ്ണപിള്ള,
നിയമസഭാസെക്രട്ടറി.

അനുബന്ധം III.

തിരുവിതാങ്കോട്ടു ക്ഷേത്രപരമാർത്ഥ ട്രസ്റ്റിക്കമ്മിറ്റിപ്പു ബില്ലിനെക്കുറിച്ചുള്ള പ്രത്യേക കമ്മിറ്റിയുടെ റിപ്പോർട്ട്.

തിരുവിതാങ്കോട്ടു ക്ഷേത്രപരമാർത്ഥട്രസ്റ്റിക്കമ്മിറ്റിപ്പു ബില്ലിനെപ്പറ്റി ചിന്തിക്കുന്നതിനു നിയമിക്കപ്പെട്ട പ്രത്യേകകമ്മിറ്റിയിലെ അംഗങ്ങളായ താഴെയൊപ്പിട്ടിരിക്കുന്ന ഞങ്ങൾ താഴെപ്പറയുന്ന റിപ്പോർട്ടു സമർപ്പിച്ചുകൊള്ളുന്നു. ഞങ്ങൾക്കുപുതുക്കിയ രൂപത്തിലുള്ള ബില്ലിനെ അതിനോടു് അനുബന്ധിച്ചിരിക്കുന്നു:—

ഖണ്ഡം—൨.

"പാൽ" എന്നതിന്റെ അർത്ഥവിവരണം:—ആട്ടിൻപാൽ സാധാരണമായി ക്ഷേണത്തിന് ഉപയോഗിക്കുവരുന്നതിനാൽ, പാലിനുസംബന്ധിച്ചുള്ള ഈ നിയമത്തിലെ വ്യവസ്ഥകളിൽ അതിനെ ഉൾപ്പെടുത്തേണ്ടതാണെന്നാണ് ഞങ്ങളുടെ അഭിപ്രായം. അതിനാൽ ആട്ടിൻപാൽ ഉൾപ്പെടുത്തേക്കുവണ്ണം "പാൽ" എന്നതിന്റെ അർത്ഥവിവരണത്തിൽ ഒരു ഭേദഗതി വരുത്തണമെന്നു ഞങ്ങൾ ശിപാർശചെയ്യുന്നു. "പാൽ" എന്നതിന്റെ അർത്ഥവിവരണത്തിൽ "പശുവിൻറെയോ" എന്നുകഴിഞ്ഞു "ആടിൻറെയോ" എന്നുചേർക്കാവുന്നതാണ്.

"വെണ്ണ"യുടെ അർത്ഥവിവരണം:—തൈരിൽനിന്ന് വെണ്ണയെടുക്കുന്നതിനാൽ നാം വരിയിൽ "രണ്ടിലും നിന്നോ" എന്നുകഴിഞ്ഞു "തൈരിൽനിന്നോ" എന്നുചേർക്കണമെന്ന് ഞങ്ങൾ അഭിപ്രായപ്പെടുന്നു.

ഈ ഭാഗത്തിൽ വിട്ടുപ്പെടുന്ന സാധാരണ ക്ഷേണപദാർത്ഥങ്ങളായ തൈരിനും മോരിനും അർത്ഥവിവരണം ചേർക്കണമെന്നും ഞങ്ങൾക്ക് അഭിപ്രായമുള്ളതിനാൽ ഈ ഖണ്ഡത്തിൽ താഴെപ്പറയുന്ന അർത്ഥവിവരണങ്ങൾ കൂടി ചേർക്കണമെന്നും ഞങ്ങൾ നിർദ്ദേശിക്കുകൊള്ളുന്നു.

"തൈര്" എന്നാൽ തിളപ്പിച്ചു വറുത്തിച്ചു പുളിച്ചതും അതിലടങ്ങിയ കൊഴുപ്പു മുതലായഘനപദാർത്ഥങ്ങൾ പൊങ്ങിക്കിടക്കുന്നതുമായ പാൽ എന്നർത്ഥമാകുന്നു.

"മോര്" എന്നാൽ വറുത്തിച്ചു പുളിച്ചിട്ടുള്ള പാലും തൈരുകലക്കി വെണ്ണയെടുത്തതിനുശേഷമുള്ള അവശിഷ്ടവും ആകുന്നു.

വിവരണം:—തൈരുകലക്കുമ്പോൾ സൌകര്യത്തിനുവേണ്ടി അതിൽ കുറച്ചുവെള്ളം ചേർക്കാൻ അനുവദിക്കാവുന്നതാണെന്നാൽ അതിൽനിന്നു കിട്ടുന്നമോരിൽ, കൊഴുപ്പുകൂടാതെ പാലിലുള്ള ഘനപദാർത്ഥങ്ങൾ കുറഞ്ഞ ശതമാനത്തിൽ കുറയാതെ അടങ്ങിയിരിക്കേണ്ടതുമാകുന്നു.

"നെയ്യ്" എന്നതിന്റെ അർത്ഥവിവരണം:—വെണ്ണയുടെ അർത്ഥവിവരണം ചേർത്തിട്ടുള്ളതിനാൽ, "നെയ്യ് എന്നതിന്റെ അർത്ഥവിവരണത്തിൽ "പശുവിൻറെയോ എരുമയുടേയോ പാലിൽനിന്നോ പാൽപാടയിൽ നിന്നോ രണ്ടിലുംനിന്നോ ഉണ്ടാക്കപ്പെടുന്ന" എന്നവാക്കുകൾ ആവശ്യമില്ല അതിനാൽ ഈ വാക്കുകൾ വിട്ടുകളയാവുന്നതാണ്.

"പബ്ളിക്ക് അനലിസ്റ്റ്" എന്നതിന്റെ അർത്ഥവിവരണം:—പബ്ളിക്ക് അനലിസ്റ്റിനെക്കൊണ്ടു സാരമായ വല്ലപ്രയോജനവും സിദ്ധിക്കണമെങ്കിൽ അയാൾക്കു കുറഞ്ഞപക്ഷം ചിലയോഗ്യതകൾ ഉണ്ടായിരിക്കണമെന്നാണ് ഞങ്ങളുടെ അഭിപ്രായം. അതിനാൽ ഏറ്റവും കുറഞ്ഞചിലയോഗ്യതകൾ നിർണ്ണയിക്കണമെന്നും "പബ്ളിക്ക അനലിസ്റ്റ്" എന്നതിന്റെ അർത്ഥവിവരണത്തിൽ താഴെപ്പറയുന്ന ക്ലിപ്തം ചേർക്കണമെന്നും ഞങ്ങൾ വിചാരിക്കുന്നു.

"ക്ലിപ്തം,". എന്നാൽ രസശാസ്ത്രത്തിൽ ഒരു സർവ്വകലാശാലയിലെ ഗ്രാഡ്വേറ്റ് ആയിരിക്കയും, ഏതെങ്കിലും ജനോരോഗ്യപരീക്ഷണശാലയിൽ ആറു മാസത്തിൽ കുറയാത്ത കാലത്തേക്ക ക്ഷേണപദാർത്ഥങ്ങളുടെ വ്യവഹാരം സംബന്ധിച്ചു പരിശീലനം സമ്പാദിച്ചിരിക്കയും ചെയ്യുന്നപക്ഷമല്ലാതെ യാതൊരാളേയും പബ്ളിക്ക അനലിസ്റ്റായി നിയമിക്കാൻ പാടില്ലാത്തതാകുന്നു.

"പ്രാദേശികഫുഡ് ഇൻസ്പെക്ടർ" എന്നതിന്റെ അർത്ഥവിവരണം:—ഫുഡ് ഇൻസ്പെക്ടരായി നിയമിക്കപ്പെടുന്ന ആളിന്റെ ഏറ്റവും കുറഞ്ഞസ്ഥാനം, അർത്ഥവിവരണത്തിൽ കാണിക്കണമെന്നു ഞങ്ങളിൽ ദ്വിതീയപക്ഷത്തിനു അഭിപ്രായമുള്ളതിനാൽ, ഈ അർത്ഥവിവരണത്തിന്റെ ൪-ാം വരിയിൽ "ആയ വല്ലആളും" എന്നതിനു പകരം "ആയി ഒരുതവണയുൽ കവിയാതിരിക്കാതെ സ്ഥാനമെങ്കിലുമുള്ള താഴെ അല്ലാത്ത ഏതെങ്കിലും ഉദ്യോഗസ്ഥൻ" എന്ന ചേർക്കണമെന്ന് നിർദ്ദേശിക്കുകൊള്ളുന്നു.

ഇതിനുപരിഹാരമായി താഴെപ്പറയുന്ന വിവരണം ൫-ാം വിവരണമായി ചേർക്കണമെന്നും ഇപ്പോൾ ഉള്ള വിവരണത്തിന് ൬-ാം വിവരണമായി നമ്പരിടണമെന്നും ഞങ്ങൾ ശിപാർശചെയ്യുന്നു.

"വിവരണം ൫ ഈ വ്യവസ്ഥയുടെ ആവശ്യത്തെ സംബന്ധിച്ചിടത്തോളം ഉദ്യോഗസ്ഥനായുടെ താഴത്തെയുള്ളസ്ഥാനം നമ്മുടെ ഗവണ്മെൻറിന്റെ ഉത്തരവിനാൽ നിശ്ചയമാനിക്കപ്പെടുന്നപ്രകാരം ആയിരിക്കേണ്ടതാകുന്നു",

൬-ാം വിവരണം നിർദ്ദേശിച്ചിട്ടുള്ളതുപോലെ ആകുന്നു.

ബില്ലിൽ ഇപ്പോഴുള്ളതും ൬-ാം വിവരണമായി മാറണമെന്ന് ഞങ്ങൾ നിർദ്ദേശിച്ചിട്ടുള്ളതുമായ വിവരണത്തിൽ "നമ്മുടെ ഗവണ്മെൻറ് മറ്റു വിധത്തിൽ നിർദ്ദേശിച്ചിട്ടില്ലാത്തപക്ഷം" എന്നുള്ള വാക്കുകൾ എടുത്തുകളയാവുന്നതാണ്.

ഖണ്ഡം—൩.

൩-ാം ഖണ്ഡം വച്ചുകൊണ്ടിരിക്കുന്നതിനെയും പുഡ് ഇൻസ്പെക്ടർമാർക്ക അധികാരങ്ങൾ ഏല്പിച്ചുകൊടുക്കുന്നതിനുള്ള അധികാരം അനുവദിച്ചുകൊടുക്കുന്നതിന്റെ ആശാസ്യതയേയും കുറിച്ച് അല്പം അഭിപ്രായവ്യത്യാസം ഉണ്ടായിരുന്നു. ഈ ഖണ്ഡം ഇപ്പോഴത്തെ സ്ഥിതിയിൽ വച്ചുകൊള്ളുന്നതാണെന്നാണ് ഞങ്ങളിൽ ദ്വിതീയപക്ഷത്തിന്റെ അഭിപ്രായം.

ഖണ്ഡം—൪ (എ).

ഉപഖണ്ഡം—(ബി).

ഇംഗ്ലീഷിലുള്ള ഈ ഭേദഗതി മലയാളത്തിൽ ആവശ്യമില്ല.

ഉപഖണ്ഡം—(ഡി).

൩-ാം വരിയിൽ "സമ്മതിക്കയോ" എന്നതിനു മുമ്പായി "വിൽക്കുന്നതിനു" എന്നും, "കൊണ്ടുനടക്കുകയോ" എന്നതിനു മുൻപായി "വിൽക്കുന്നതിനായി" എന്നും ചേർക്കണം.

നാം വരിയിൽ "മറ്റൊരെങ്കിലും" എന്നതിനു മുൻപായി "കാപ്പിയെ" എന്നു ചേർക്കണം.

ഖണ്ഡം—ഉ.

ഉ-ാം ഖണ്ഡത്തെ സംബന്ധിച്ച് അല്പം അഭിപ്രായവ്യത്യാസമുണ്ടായിരുന്നു. എന്നാൽ ഇപ്പോഴത്തെ രൂപത്തിൽതന്നെ അതു പാസാക്കണമെന്നാണ് ഞങ്ങളിൽ ഭൂരിപക്ഷത്തിന്റെയും അഭിപ്രായം.

ഖണ്ഡം—ൽ.

ശിക്ഷ ഒരു കോടതിമുഖേനയിരിക്കണമെന്നുള്ള വ്യക്തമാക്കുന്നതിനുവേണ്ടി "എല്ലാ അളവിനും" എന്നു കഴിഞ്ഞു "കോടതി സ്ഥാപിക്കപ്പെട്ടതായാൽ" എന്നു ചേർക്കണം.

ഖണ്ഡം—൧൧.

(ഛ) (ബി) ഉപഖണ്ഡത്തിന്റെ ഒടുവിലത്തെവരിയിൽ "നശിപ്പിക്കുന്നതിന് ഉത്തരവു കൊടുക്കുകയോ ചെയ്യാവുന്നതാണ്" എന്നതിനുപകരം "നശിപ്പിക്കുന്നതിനോ" എന്നു ചേർക്കുകയും, തുടർന്നുവരുന്നതിനു ഒരു പുതിയ ഉപഖണ്ഡമായി ചേർക്കുകയും ചെയ്യണം:—

"(സി) അതിനെ മാരകപ്രഹരത്തിൽ വിനിയോഗിക്കുന്നതിനോ ഉത്തരവു ചെയ്യാവുന്നതാണ്".

ഈ സാമഗ്രികൾ വിനിയോഗിക്കുന്ന കാര്യത്തിൽ യുക്തംപോലെ പ്രവർത്തിക്കാൻ കോടതിക്ക് ധാരാളം സൌകര്യം കൊടുക്കുന്നതിനുവേണ്ടിയാണ് ഈ ഭേദഗതി നിർദ്ദേശിച്ചിരിക്കുന്നത്.

ഖണ്ഡം—൧൫ ക്ലിപ്തം.

ആഹാരസാധനം അപഹ്രഥനം ചെയ്യുന്നതിന് തക്കതായ തുക ഗവർണ്മെന്റ് കെമിക്കൽ എക്സാമിനർ അനുവദിക്കുന്നില്ലെന്നാണ് ഞങ്ങളുടെ അഭിപ്രായം. അതിനാൽ, "നമ്മുടെ ഗവണ്മെന്റ് കെമിക്കൽ എക്സാമിനറെക്കൊണ്ട് അതിനായി നമ്മുടെ ഗവണ്മെന്റിനാൽ നിയോഗിക്കപ്പെട്ട വല്ല ഉദ്യോഗസ്ഥനെക്കൊണ്ടോ" എന്നതിനുപകരം "ശിക്ഷണപദാർത്ഥങ്ങളെ സംബന്ധിച്ച് വിദഗ്ധരായ വല്ലതെങ്കിലും അനുഭവസ്തന്" എന്നും, ൪-ം വരിയിൽ "അപഹ്രഥനം ചെയ്യേണ്ടതും" എന്നതിനുപകരം "അപഹ്രഥനം ചെയ്യാവുന്നതും" എന്നും, ൯-ംവരിയിൽ "റിപ്പോർട്ട ചെയ്യേണ്ടതും" എന്നതിനുപകരം "റിപ്പോർട്ട ചെയ്യാവുന്നതും" എന്നും ചേർക്കണമെന്ന് ഞങ്ങൾ നിർദ്ദേശിക്കുന്നു.

ഖണ്ഡം—൧൭.

ഈ റഗുലേഷൻപ്രകാരമുള്ള കുറങ്ങളും വിചാരണചെയ്യാൻ മുനിസിപ്പൽ മജിസ്ട്രേട്ടന്മാർക്ക് അധികാരം കൊടുക്കാൻ പാടില്ലെന്നാണ് ഞങ്ങളുടെ അഭിപ്രായം. അതിനാൽ, "മല്ലകുറവും, നമ്മുടെ ഗവണ്മെന്റ് ഈ കാര്യത്തിലേയ്ക്കു സാമാന്യമായോ പ്രത്യേകമായോ അധികാരപ്പെടുത്തിയാലല്ലാതെ" എന്നതിനുപകരം "യാതൊരുകുറവും" എന്ന ചേർക്കണമെന്നു ഞങ്ങൾ നിർദ്ദേശിക്കുന്നു.

ഖണ്ഡം—൧൯.

പ്രാദേശിക ഫുഡ് ഇൻസ്പെക്ടർ എന്ന നിലയിൽ നഗരസംരക്ഷണോദ്യോഗസ്ഥന് പ്രോസിക്യൂഷൻ നടപടികൾക്കാൻ അധികാരമുള്ളതുകൊണ്ട് "അല്ലെങ്കിൽ ഒരു മുനിസിപ്പാലിറിയുടെ അതിർത്തിക്കുള്ളിൽവച്ച് കുറ്റം ചെയ്തിട്ടുള്ളതായി പറയപ്പെടുന്ന എങ്കിൽ ആ മുനിസിപ്പൽ കൌൺസിലിന്റെ അനുവാദത്തോടുകൂടിയൊ" എന്നതു വിട്ടുകളയരുതെന്നു ഞങ്ങൾ വിചാരിക്കുന്നു. പ്രാദേശികഫുഡ് ഇൻസ്പെക്ടർക്കുതന്നെ പരാതികൊടുക്കാമെന്നുള്ളതു വ്യക്തമാക്കുന്നതിനുവേണ്ടി ക്ലാംവരിയിൽ "വിചയ്യുവാങ്ങുന്നവരുടെ" എന്നതിനുപകരം "വിചയ്യുവാങ്ങുന്നവരുടെയൊ പ്രാദേശിക ഫുഡ് ഇൻസ്പെക്ടരുടേയൊ" എന്നു ചേർക്കണമെന്ന് ഞങ്ങൾ ശിപാർശ ചെയ്യുന്നു.

ഖണ്ഡം—൨൦ (൧).

൩-ാം വരിയിൽ "മുൻകൂട്ടി പരസ്യപ്പെടുത്തിയതിനുശേഷം" എന്നതിനുപകരം "ഈ റഗുലേഷനിലെ വ്യവസ്ഥകൾക്കു തടസ്സമുണ്ടാകാതെയും മുൻകൂട്ടി പരസ്യപ്പെടുത്തുന്നതിനു ശേഷവും" എന്നു ചേർക്കണമെന്നു ഞങ്ങൾ അഭിപ്രായപ്പെടുന്നു.

ഖണ്ഡം—൨൦ (൨).

(ഡി) ഉപഖണ്ഡത്തിൽ "തേയില" എന്നതിനുശേഷം "കാപ്പി" എന്ന് ചേർക്കാവുന്നതാണ്.

(ജി) ഉപഖണ്ഡത്തിലും "തേയില" എന്നതിനുശേഷം "കാപ്പി" എന്ന് ചേർക്കാവുന്നതാണ്.

ഞങ്ങൾ പൂരിപക്ഷാഭിപ്രായത്തിലുള്ള ബില്ലിൽ വിണ്ടും പ്രസിദ്ധപ്പെടുത്തേണ്ടതാണെന്നു ഞങ്ങൾ അഭിപ്രായപ്പെടുന്നു.

കെ. മാധവൻപിള്ള (ഒപ്പ്)
ഡി. പ്രാൻസിസ്സ് (ഒപ്പ്)
രേവതിനാൾ രാമവർമ്മരാജാവ് (ഒപ്പ്)
കെ. രാമൻതമ്പി (ഒപ്പ്)
എൽ. എ. ലാമ്പാർഡ് (ഒപ്പ്)
കെ. പരമേശ്വരൻപിള്ള (ഒപ്പ്)

ഒരു വിസമ്മതക്കുറിപ്പിനോടുകൂടി

ആർ. കേശവപിള്ള (ഒപ്പ്)
എ. ജി. മേനവൻ (ഒപ്പ്)

ഒരു വിസമ്മതക്കുറിപ്പിനോടുകൂടി

പി. എസ്. മഹാദേവ് (ഒപ്പ്)

വിസമ്മതക്കുറിപ്പ്.

ഭക്ഷണപദാർത്ഥങ്ങളിൽ കൂട്ടിച്ചേർക്കുന്ന നിറത്തെ സംബന്ധിച്ച് നിയമം കൊണ്ടുവരിക എന്നുള്ളതാണ് ബില്ലിന്റെ ഉദ്ദേശം. അതിനാൽ ആ ശിക്ഷയെ സംബന്ധിച്ചുള്ള കാര്യങ്ങളും ആ വകുപ്പുകളെ തടയണമെന്നുള്ളതാണ് അതിന്റെ ഉദ്ദേശമെന്നും വ്യക്തമാണല്ലോ. ഉദ്ദേശിച്ചതു സാധിക്കുന്നതിനായി ചെയ്തിട്ടുള്ള പ്രവൃത്തികളെ ശിക്ഷയിൽനിന്ന് ഒഴിവാക്കാൻ ഈ ബില്ലിൽ യാതൊരു വ്യവസ്ഥയുമില്ല. അറിവില്ലായ്മയോ നിരുപദ്രവിയായിരിക്കാമെന്നുള്ള വിശ്വാസമോ കൊണ്ടു ചെയ്യുന്ന ആ വക പ്രവൃത്തികളെ ഒഴിവാക്കാൻ വിട്ടുപോയിട്ടുള്ളതു ഉത്തരവിശ്വാസത്തിനുമുള്ള പ്രവൃത്തികളെ ശിക്ഷാർഹങ്ങളാക്കുന്നതാണ്. അപ്രകാരമുള്ള ശിക്ഷ ഭയമോ കുറച്ചു ചെയ്യുന്നതിനെ യാതൊരുവിധത്തിലും തടയുന്നതുമല്ല. അതിനാൽ ഉത്തമവിശ്വാസപൂർണ്ണമുള്ള പ്രവൃത്തികളെ ശിക്ഷാർഹങ്ങളാക്കാതിരിക്കുന്നതു ഈ റഗുലേഷന്റെ നിപുണമായ പ്രവർത്തനത്തെ സംബന്ധിച്ചേടത്തോളം ന്യായവും ആശാസ്യവുമാണല്ലോ. അതുകൊണ്ടു മേൽപറയുന്ന ഭേദഗതിയും ഒന്നാം വകുപ്പിനോടു ചേർക്കണമെന്നു ഞങ്ങൾ നിർദ്ദേശിക്കുന്നു:—

"(ക) എന്നാൽ, വിധ്യുക്തമായ ആൾ ആവശ്യപ്പെട്ട സ്വഭാവത്തിലും സാരാംശത്തിലും തരത്തിലും തന്നെ ഉള്ളതായിട്ടും ഒരു ആ സ്വഭാവത്തിലും സാരാംശത്തിലും തരത്തിലും ഉള്ളതല്ലെന്നുള്ളതിനു രേഖാമൂലമുള്ള ഒരു സാക്ഷിപത്രത്തോടുകൂടിയും ആണ് താൻ ആ ഭക്ഷണപദാർത്ഥം വാങ്ങിയതെന്നും, താൻ ആ ഭക്ഷണപദാർത്ഥം വിറ്റസമയത്തു അതു ആ സ്വഭാവത്തിലും സാരാംശത്തിലും ഉള്ളതല്ലെന്നു വിശ്വസിക്കാൻ യാതൊരുകാരണവും ഇല്ലായിരുന്നുവെന്നും താൻ വാങ്ങിയസ്ഥിതിയിൽതന്നെയാണ് അതു വിറ്റതെന്നും തെളിയിക്കുന്നപക്ഷം, അയാൾ ഈ വകുപ്പിൻപ്രകാരമുള്ള ഒരു കുറ്റം ചെയ്തതായി ഗണിക്കുന്നപാടില്ലാത്തതാകുന്നു.

(ഖ) ഒരു മുതലാളിയെ ഈ റഗുലേഷൻപ്രകാരമുള്ള ഒരു കുറ്റത്തിനു ചാർജ്ജ് ചെയ്തിരിക്കുമ്പോൾ, ഗുമസ്തപ്രകാരം അപേക്ഷ ബോധിപ്പിച്ചു, യഥാർത്ഥകുറ്റക്കാരനായി താൻ ചാർജ്ജ് ചെയ്യുന്ന മറ്റൊരുത്തനിലും അതിനെ, പിഴയിടുന്നതിനു നിയമിച്ചിട്ടുള്ള സമയത്തു കോടതിമുൻപാകെ ഹാജരാക്കാൻ ആ മുതലാളിക്ക് അവകാശമുണ്ടായിരിക്കേണ്ടതും; കുറ്റംചെയ്തതായി തെളിഞ്ഞതിനുശേഷം, ഈ പ്രവൃത്തിനടത്തുന്നതിനു താൻ വേണ്ടപോലെ ശ്രദ്ധിച്ചുവെന്നും തന്റെ അറിവും സമ്മതവും കൂടാതെയാണ് മേല്പറഞ്ഞ മറ്റൊരുത്തൻ കുറ്റംചെയ്തതെന്നും കോടതിക്കു ബോദ്ധ്യമാകുംവണ്ണം മുതലാളി തെളിയിക്കുന്നപക്ഷം മേല്പറഞ്ഞ മറ്റൊരാളിന്റെ മേൽ കുറ്റം ചുമത്തുകയും മുതലാളിയെ വെറുതെവിടുകയും ചെയ്യേണ്ടതുമാകുന്നു.

തിരുവനന്തപുരം,
ഫൻസു നവംബർ മാസം—

ആർ. കേശവപിള്ള (ഒപ്പ്)
എ. ജി. മേനവൻ (ഒപ്പ്)

മി: പി. എസ്. മഹമ്മദിന്റെ പ്രത്യേകകുറിപ്പ്.

ഈ ബിൽ പൊതുജനങ്ങളുടെ ക്ഷേമത്തിനുവേണ്ടി ഉദ്ദേശിച്ചിട്ടുള്ളതാണ്. അതിനാൽ വ്യാപാരം നടത്തുന്ന വ്യക്തികൾക്കു നേരിടുന്ന നിസ്സാരമായ അസൌകര്യത്തെയോ നിസ്സാരമായ പ്രതിബന്ധത്തെയോ അവഗണിക്കാവുന്നതാണെന്നുള്ള അഭിപ്രായത്തെ ഞാൻ ആദരിക്കുന്നു.

കൂട്ടുചേർന്ന പദാർത്ഥം വിപണനം ചെയ്യുവാനുള്ള ഉദ്ദേശം വച്ചുകൊണ്ടിരിക്കുന്നതായി കാണപ്പെടുന്ന ആളിന്റെമേൽ, കുറ്റത്തിനുള്ള മുമ്പത്തെ ശിക്ഷയുടെ പുറമെ, ചുമത്തണമെന്നുള്ളതാണ് ഭേദഗതിയുടെ ഉദ്ദേശമെന്നു ഞാൻ ധരിക്കുന്നു. ആ ചുമത്തലിനുള്ള ആളിന്റെമേൽ ചുമത്തേണ്ടതു ആവശ്യമാണെന്നുള്ള അഭിപ്രായത്തോടു ഞാനും യോജിക്കുന്നു. എന്നാൽ സ്വഭാവത്തിലും സാരാംശത്തിലും തരത്തിലും നല്ലതാണെന്നുള്ള ഉത്തമവിശ്വാസത്തിന്മേൽ ഒരു കച്ചവടക്കാരൻ ഒരു കച്ചവടസംഘത്തിൽനിന്നോ മറ്റു മനുഷ്യന്മാരുടെ കച്ചവടത്തിൽനിന്നോ ഭക്ഷണപദാർത്ഥങ്ങൾ വരുത്തുകയും ആ വിശ്വാസത്തിന്മേൽ വിൽക്കുന്നതിനായി അവ ശേഖരിക്കയോ വച്ചിരിക്കയോ ചെയ്യുകയും അയാളുടെ പ്രവൃത്തിയെ അറിവോ മുഖേന കലർപ്പിന് അയാൾ യാതൊരുവിധത്തിലും ഉത്തരവാദിയല്ലെന്നു കോടതിക്കു തൃപ്തിയാകുംവണ്ണം തെളിയിക്കുകയും ചെയ്യുമ്പോൾ അപ്രകാരം നിർദ്ദോഷിയായ ഒരാളെ ശിക്ഷിക്കാൻ അനുവദിക്കുന്നതു ന്യായമല്ല.

ആഹാരപദാർത്ഥങ്ങളുടെ സ്വഭാവവും സാരാംശവും തരവും ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതുപോലെതന്നെയാണെന്നുള്ള വിശ്വാസത്തിന്മേലാണ് ഭക്ഷണപദാർത്ഥങ്ങൾ തന്റെ കൈവശത്തിൽ വച്ചിരിക്കുന്നതെന്നു കോടതിക്കു തൃപ്തിയാകുംവണ്ണം തെളിയിക്കുന്ന ഒരാളെ രക്ഷിക്കുന്നതിനു ഒരു ക്ലിപ്തം ഈ കാരണത്താലാണ് മതിരാശി അക്ടിൽ ചേർത്തിരിക്കുന്നതു. അപ്രകാരമുള്ള ഒരു രക്ഷാമാർഗ്ഗം ഇവിടേയും അത്യാവശ്യമാണ്. മേൽപറഞ്ഞപോലുള്ള കച്ചവടക്കാരെ ശിക്ഷിക്കാതെ രക്ഷിക്കണം. എന്നാൽ അതേസമയത്തുതന്നെ പൊതുജനനന്മയ്ക്കു ഹാനിവരുത്തുന്നപാടില്ല. ഇതിനു, രണ്ടാംവകുപ്പിൻപ്രകാരം കൂട്ടുചേർന്നതായി കാണുന്ന ഭക്ഷണപദാർത്ഥങ്ങളുടെ ഫലം ഒന്നാംവകുപ്പിൻപ്രകാരം വിനിയോഗിക്കണം. കയ്യതലുള്ള ഒരു കച്ചവടക്കാരൻ തിരുവിതാംകൂറിലോ പുറമേയോ ഉള്ള മറ്റു കച്ചവടക്കാരുടെയോ കച്ചവടസംഘങ്ങളുടേതോ പക്കൽനിന്നു ഭക്ഷണപദാർത്ഥങ്ങൾ വാങ്ങുമ്പോൾ സൂക്ഷിച്ചുകൊള്ളണമെന്നുള്ളതിനു ഇതു മതിയായ ഒരു പാഠമായിരിക്കും. കൂട്ടുതൽ ആലോചനയ്ക്കു വിഷയീകരിക്കേണ്ടതായ ചില സംഗതികൾ കൂണ്ടിക്കാണിക്കുന്നതിനുവേണ്ടിയാണ് ഈ ചെറിയ കുറിപ്പു ചേർത്തിരിക്കുന്നതു.

പി. എസ്. മഹമ്മദ്, (ഒപ്പ്).

അനുബന്ധം ൪.

തിരുവിതാംകോട്ട ക്ഷേത്രപരിഷ്കാരക്കമ്മിറ്റി റിപ്പോർട്ടിൽ.
(പ്രത്യേകക്കമ്മിറ്റി പുതുക്കിയത്.)
വിഷയവിവരം.

പീഠിക

ഖണ്ഡങ്ങൾ.

൧. ചുരുക്കപ്പേരും വ്യാപ്തിയും.
൨. അർത്ഥവിവരണങ്ങൾ.
൩. പ്രാദേശിക ഫണ്ട് ഇൻസ്പെക്ടരുടെ അധികാരങ്ങൾ ഏല്പിച്ചുകൊടുക്കുക.
൪. ശരിയായവണ്ണം നിർണ്ണയിച്ചിട്ടുള്ള ഭൂമിയുടെ അതിരുകളിൽനിന്നു മാറ്റുകയോ മറയ്ക്കുകയോ ചെയ്യരുതെന്നുള്ള വിലക്ക്.
൫. ഏതു വകുപ്പിലും സ്പഷ്ടമായ്ക്കുന്നു.
൬. പരിശോധനയ്ക്കും പ്രാദേശിക ഫണ്ട് ഇൻസ്പെക്ടർക്കുള്ള അധികാരങ്ങൾ.
൭. പരിശോധനയ്ക്കുള്ള വിലക്ക്.
൮. കൂട്ടിക്കലർപ്പു വരുത്തിയ ഭക്ഷണപദാർത്ഥവും മറ്റും പിടിച്ചെടുക്കുന്നതിനുള്ള അധികാരം.
൯. പിടിച്ചെടുത്ത പദാർത്ഥങ്ങൾ ഗവൺമെന്റോ അധികൃതമായ കോടതിയോ ഇടപെടുന്നതിനുള്ള വിലക്ക്.
൧൦. പിടിച്ചെടുക്കപ്പെട്ട പദാർത്ഥങ്ങളുടെ മാതൃകയും പബ്ലിക് അനലിസ്റ്റിനു അയയ്ക്കണമെന്നു്.
൧൧. പിടിച്ചെടുക്കപ്പെട്ട പദാർത്ഥങ്ങളും മറ്റും രജിസ്ട്രേഷൻ മുമ്പാകെ ഹാജരാക്കേണ്ടതും അതിന്റെ കുറ്റത്തിനു പ്രോസിക്യൂഷൻ നടത്തുന്നതിനുള്ള അധികാരവും.
൧൨. വിലയ്ക്കുവാങ്ങുന്ന ഭക്ഷണപദാർത്ഥം അപഹ്രഥനം ചെയ്തിട്ടുണ്ടോ എന്നു്.
൧൩. അപഹ്രഥനത്തിനായി മാതൃകയും വിലയ്ക്കുവാങ്ങുന്നതിനു പ്രാദേശിക ഫണ്ട് ഇൻസ്പെക്ടർക്കുള്ള അധികാരം.
൧൪. ഭക്ഷണപദാർത്ഥം അപഹ്രഥനം ചെയ്യുന്നതിനുള്ള നടപടിക്രമം.
൧൫. പബ്ലിക് അനലിസ്റ്റിന്റെ സർട്ടിഫിക്കേറ്റ്.
൧൬. മജിസ്ട്രേട്ടന്മാരുടെ അധികാരം.
൧൭. പ്രോസിക്യൂട്ട ചെയ്യുന്നതിനുള്ള നിബന്ധന.
൧൮. പ്രോസിക്യൂട്ട ചെയ്യുന്നതിനുള്ള കാലാവധി.
൧൯. ഭക്ഷണപദാർത്ഥങ്ങളിൽ സാധാരണക്രമത്തിൽ അടങ്ങിയിരിക്കേണ്ട നിബന്ധനകൾ ഇന്നവയെന്നു പ്രഖ്യാപനം ചെയ്യാനുള്ള അധികാരം.
൨൦. ചട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള അധികാരം.
൨൧. ഉപചട്ടങ്ങൾ ഉണ്ടാക്കുന്നതിനു പ്രാദേശികോദ്യോഗസ്ഥന്മാരുടെ അധികാരം.
൨൨. ഈ റഗുലേഷൻ പ്രാദേശികാധികാരികളെ സംബന്ധിച്ചു നിയമങ്ങളുടെ പുറമെ കൂട്ടിച്ചേർത്തതാണു്.
൨൩. മുൻസിപ്പൽ റഗുലേഷനിലെ ഒരു വ്യവസ്ഥ റദ്ദാക്കൽ.

തിരുവിതാംകോട്ട ക്ഷേത്രപരിഷ്കാര കൂട്ടിക്കലർപ്പു ബിൽ.
(പ്രത്യേകക്കമ്മിറ്റി പുതുക്കിയത്).

(അടിയിൽ വരച്ചിട്ടുള്ള ഭാഗങ്ങൾ കമ്മിറ്റി നിർദ്ദേശിച്ചിട്ടുള്ള ഭേദഗതികൾ കാണിക്കുന്നു)

ക്ഷേത്രപരിസരങ്ങളിൽ കൂട്ടിക്കലർപ്പു വരുത്തുന്നതിനെ തടയുവാനുള്ള വ്യവസ്ഥചെയ്യുന്നതിനുള്ള ഒരു ബിൽ.

പീഠിക. ക്ഷേത്രപരിസരങ്ങളിൽ കൂട്ടിക്കലർപ്പു വരുത്തുന്നതിനെ തടയുന്നതിനു വ്യവസ്ഥ ചെയ്യുന്നതു യുക്തമായിരിക്കുകയാൽ, ഇതിനാൽ നിയമപ്പെടുത്തുന്നതെന്തെന്നാൽ:—

ചുരുക്കപ്പേരും വ്യാപ്തിയും. ൧. (൧) ഈ റഗുലേഷനെ ൧൯൧൦-മണ്ടത്തെ തിരുവിതാംകോട്ട ക്ഷേത്രപരിസരം കൂട്ടിക്കലർപ്പു റഗുലേഷൻ എന്നു വിളിക്കാവുന്നതാകുന്നു.

(൨) ഈ വകുപ്പു തിരുവിതാംകോട്ട സംസ്ഥാനം മുഴുവനും വ്യാപിക്കുന്നതും, നമ്മുടെ ഗവണ്മെന്റിന്റെ മജിസ്റ്റീരിയൽ പ്രസിദ്ധപ്പെടുത്തുന്ന പരസ്യപ്രകടനം നമ്മുടെ ഗവണ്മെന്റിനു ; മുൻസിപ്പാലിറ്റിയുടെ അതിർത്തിയിൽപ്പെട്ടതൊ പെടാത്തതൊ ആയ ഏതെങ്കിലും പ്രദേശത്തേക്കു ഈ റഗുലേഷനിലെ മറ്റെല്ലാ വ്യവസ്ഥകളുടെയൊ അവയിൽ ഏതെങ്കിലുമൊ വ്യാപിപ്പിച്ചിരിക്കുന്ന ഉടനെയും നമുക്കു ഗവണ്മെന്റിനു തോന്നുന്നതുപോലെ ഈ റഗുലേഷനിലെ എല്ലാ വ്യവസ്ഥകളുടെയൊ അവയിൽ ഏതെങ്കിലുമൊ വ്യാപിപ്പിക്കാവുന്നതാകുന്നു.

(൩) (൨)-ാം ഉപവകുപ്പിൽ വ്യവസ്ഥചെയ്തിരിക്കുന്നതനുസരിച്ചു ഈ റഗുലേഷനിലെ എല്ലാ വ്യവസ്ഥകളുടെയൊ അവയിൽ ഏതെങ്കിലുമൊ വ്യാപിപ്പിക്കുമ്പോൾ നമ്മുടെ ഗവണ്മെന്റിനു എല്ലെങ്കിലും പ്രത്യേക ആഹാരപദാർത്ഥത്തെ സംബന്ധിച്ചോ എല്ലാ ആഹാരപദാർത്ഥങ്ങളെയും സംബന്ധിച്ചു പൊതുവായൊ അവയെ വ്യാപിപ്പിക്കാവുന്നതും തൽക്കാലത്തേക്കു എങ്കിലും നിശ്ചിതകാലത്തേക്കു എങ്കിലും ഓർഡറാൽ ചുരുക്കുകയൊ ഉത്സവമോ മറ്റു വലിയ പൊതുജനക്കൂട്ടമോ കൂടിപ്പിരിയുന്ന കാലത്തേക്കു മാത്രമായി നമ്മുടെ ഗവണ്മെന്റിനു ഈ വ്യവസ്ഥകളെ വ്യാപിപ്പിക്കാവുന്നതുമാകുന്നു.

അർത്ഥവിവരണം, ൨. ഈ റഗുലേഷനിൽ വിഷയത്തിനോ സന്ദർഭത്തിനോ വിരുദ്ധമായി ഒന്നും തോന്നാതിരുന്നാൽ:—

'ക്ഷേപ്യപദാർത്ഥം' എന്നതിൽ (ഔഷധമോ വേളയുമോ ഒഴിച്ചു) ക്ഷേപണമായോ പേനിയമനമായോ മനുഷ്യൻ ഉപയോഗിക്കുന്ന എല്ലാ സാധനങ്ങളും അപ്പകാരമുള്ള പദാർത്ഥം ഉണ്ടാക്കുകയോ ചാക്കപ്പെടുത്തുകയോ ചെയ്യുന്നതിനു സാധനമായി ഉപയോഗിക്കുന്നതോ ചേർക്കുന്നതോ ആയ എല്ലാ സാധനങ്ങളും കൂടാതെ നാട്ടിൽ വരുത്തുന്നതിനു ചേർക്കുന്ന സാധനങ്ങളും വ്യജന്തുക്കളുടെ ഉൽപ്പെട്ടതാകുന്നു;

'പാൽ' എന്നാൽ മനുഷ്യേതരമുള്ള ഒരു പെണ്ണുവിൻറെയോ ആടിൻറെയോ പശുവിൻറെയോ അകിടിൽനിന്നു പുണ്ണുമായോ വിസർജ്ജിക്കുന്ന സാധനത്തിൻറെ ഒന്നുമുതൽ ഒരു ദിവസത്തിനകത്തു ചുണ്ണുമായോ കറന്നെടുക്കുന്ന സാധാരണക്രമത്തിലുള്ള ശ്രദ്ധമായ വിസർജ്ജനം അർത്ഥമാകുന്നു;

'പാൽപാട' എന്നാൽ, പ്രകൃതിയുടെ വച്ചിരിക്കുന്ന പാലിൻറെ മുകൾഭാഗത്തുള്ള പൊങ്ങിക്കിടക്കുന്ന കൊഴുപ്പുകയും അതിനെ ഘനീകരിക്കയോ ചെയ്തിട്ടുള്ളതോ അല്ലെങ്കിൽ കേന്ദ്രാപഗമനം കൊണ്ടോ പാലിനെയും വെള്ളത്തിനെയും വേർതിരിച്ചുണ്ടാക്കിയിട്ടുള്ളതോ ആയ പാൽക്കൊഴുപ്പു ധാരാളമുള്ള പാലിൻറെ ഭാഗമെന്നു അർത്ഥമാകുന്നു;

'വെണ്ണ' എന്നാൽ ഉപ്പോ, അഴുകിയിരിക്കുന്നതിനു ചേർക്കുന്ന ദോഷരഹിതമായ പദാർത്ഥമോ, നിറംചെയ്യുന്നതിനു ചേർക്കുന്ന ദോഷരഹിതമായ പദാർത്ഥമോ, ചേർത്തോ ചേർക്കാതെയോ, പാലിൽനിന്നു മാത്രമായോ പാൽ പാടയിൽനിന്നു മാത്രമായോ, രണ്ടിലും നിന്നോ തൈരിൽനിന്നോ ഉണ്ടാക്കപ്പെടുന്ന വെണ്ണ എന്നർത്ഥമാകുന്നു;

'നെയ്' എന്നാൽ തിളപ്പിച്ചു ഉറഞ്ഞിച്ചു പുളിച്ചതും അടിയടങ്ങിയ കൊഴുപ്പു മുഴുവൻ എടുത്തതുമായ പാൽ എന്നർത്ഥമാകുന്നു;

'പാൽക്കട്ടി' എന്നാൽ ഉറഞ്ഞിച്ചു പുളിച്ചിട്ടുള്ള പാലും തൈരും കലക്കി വെണ്ണയെടുത്തതിനുശേഷമുള്ള താവശിഷ്ടവും ആകുന്നു;

വിവരണം—തൈരുകലക്കുമ്പോൾ ഘനരൂപത്തിനുവേണ്ടി അതിൽ വെള്ളം ചേർക്കുവാൻ അനുവദിക്കുന്നതും എന്നാൽ അതിനെന്നു കിട്ടുന്ന മോരിൽ കൊഴുപ്പുള്ള ഘനപദാർത്ഥങ്ങൾ വളരെ തന്നെ കുറയാതെ അടങ്ങിയിരിക്കേണ്ടതുമാകുന്നു;

'നെയ്യ്' എന്നതു, വെണ്ണയിൽനിന്നു മാത്രമായി തയ്യാറാക്കുന്ന നെയ്യ് എന്നർത്ഥമാകുന്നു;

'നിർണ്ണയിക്കപ്പെട്ട' എന്നാൽ, ഈ റഗുലേഷൻപ്രകാരം ഉണ്ടാക്കപ്പെട്ടുന്ന ചട്ടങ്ങൾ അനുസരിച്ചു നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു;

'പബ്ലിക് അനലിസ്റ്റ്' എന്നാൽ, ഈ റഗുലേഷൻപ്രകാരം ഒരു പബ്ലിക്ക് അനലിസ്റ്റിൻറെ (ക്ഷേപ്യപദാർത്ഥങ്ങൾ അപഗ്രഥനം ചെയ്യുന്ന ഉദ്യോഗസ്ഥൻ) കൃത്യങ്ങൾ നിർവഹിക്കുന്നതിനു നമ്മുടെ സർക്കാരുകൾ നിയമിക്കുന്നതോ നമ്മുടെ സർക്കാരുകൾ നിർദ്ദേശിക്കുന്ന ചട്ടങ്ങൾപ്രകാരം നിയമിക്കപ്പെടുന്നതോ ആയ ഒരു വ്യക്തി എന്നർത്ഥമാകുന്നു.

എന്നാൽ രസതന്ത്രത്തിൽ ഒരു സർവകലാശാലയിലെ ഗ്രാജുവേറ്റ് ആയിരിക്കയും ഏതെങ്കിലും ഔദ്യോഗികപരീക്ഷണശാലയിൽ അഞ്ചുമാസത്തിനു കുറയാത്ത കാലത്തേക്കു ക്ഷേപ്യപദാർത്ഥങ്ങളുടെ വ്യവഹാരം സംബന്ധിച്ചു പരിജ്ഞാനം സമ്പാദിച്ചിരിക്കയും ചെയ്യുന്ന പക്ഷമല്ലാതെ യാതൊരാളേയും പബ്ലിക്ക് അനലിസ്റ്റായി നിയമിക്കാൻ പാടില്ലാത്തതാകുന്നു

'പ്രാദേശിക ഫുഡ് ഇൻസ്പെക്ടർ' എന്നാൽ, ഈ റഗുലേഷൻപ്രകാരം ഏതെങ്കിലും പ്രദേശത്തെ സംബന്ധിച്ചു ഒരു പ്രാദേശിക ഫുഡ് ഇൻസ്പെക്ടരുടെ (ക്ഷേപ്യപദാർത്ഥങ്ങൾ പരിശോധിക്കുന്ന ഉദ്യോഗസ്ഥൻ) കൃത്യങ്ങൾ നിർവഹിക്കുന്നതിനു നമ്മുടെ സർക്കാർ നിയമിക്കുന്നതോ നമ്മുടെ സർക്കാർ നിർദ്ദേശിക്കുന്ന ചട്ടങ്ങൾപ്രകാരം നിയമിക്കപ്പെടുന്നതോ ആയി ഒരു താക്കീതധികാരിക്കു കീഴ്ജീവനക്കാരുടെ സ്ഥാനത്തെക്കാൾ താഴെയല്ലാത്ത ഏതെങ്കിലും ഉദ്യോഗസ്ഥൻ എന്നർത്ഥമാകുന്നു.

വിവരണം—(ക) ഈ വ്യവസ്ഥയുടെ ആവശ്യത്തെ സംബന്ധിച്ചിടത്തോളം, ഉദ്യോഗസ്ഥന്മാരുടെ താരതമ്യേനയുള്ള സ്ഥാനം, നമ്മുടെ സർക്കാരിൻറെ ഉത്തരവിനാൽ നിശ്ചയമാക്കപ്പെട്ടുന്ന പ്രകാരം ആയിരിക്കേണ്ടതാകുന്നു.

വിവരണം—(ഖ) നഗരസഭാധ്യക്ഷനെ ഒരു മുനിസിപ്പാലിറ്റിയുടെ പ്രാദേശിക ഫുഡ് ഇൻസ്പെക്ടരായി നിയമിക്കേണ്ടതാണ്.

'പ്രാദേശികാധികാരി' എന്നാൽ—

(ക) ഏതെങ്കിലും മുനിസിപ്പാലിറ്റിയുടെ കാര്യത്തിൽ നഗരസഭ എന്നും,

(ഖ) മറ്റേതെങ്കിലും പ്രദേശത്തിൻറെ കാര്യത്തിൽ, ഈ കാര്യത്തിനായി നമ്മുടെ സർക്കാർ നിയമിക്കാവുന്ന അപ്പകാരമുള്ള അധികാരി, അല്ലെങ്കിൽ ഉദ്യോഗസ്ഥൻ എന്നും അർത്ഥമാകുന്നു.

പ്രാദേശിക ഫുഡ് ഇൻസ്പെക്ടരുടെ അധികാരങ്ങൾ ഏല്പിച്ചുകൊടുക്കുക.

൩. (ക) ഈ റഗുലേഷൻപ്രകാരം പ്രാദേശിക ഫുഡ് ഇൻസ്പെക്ടർക്കുള്ള അധികാരങ്ങളേയും കൃത്യങ്ങളേയും, അദ്ദേഹത്തിനു, നിർണ്ണയിക്കപ്പെടുന്ന ഏതു കാര്യത്തിനും ഏല്പിച്ചുകൊടുക്കാവുന്നതാണ്.

(ഖ) എല്ലാ പ്രാദേശിക ഫുഡ് ഇൻസ്പെക്ടന്മാരേയും ഈ വകുപ്പിൻപ്രകാരം അധികാരങ്ങൾ ഏല്പിച്ചുകൊടുത്തിട്ടുള്ള എല്ലാ ആളുകളേയും തിരുവിതാംകൂർ ശിക്ഷാനിയമത്തിലെ ൨൩-ാം വകുപ്പിലെ അർത്ഥപ്രകാരം സർക്കാർ ഉദ്യോഗസ്ഥന്മാരായിട്ടണക്കാക്കേണ്ടതാണ്.

ശരിയായതോ നി ർണ്ണയിക്കപ്പെട്ടിട്ടുള്ളതോ ആയ തരത്തിലുള്ളതല്ലാത്ത ക്ഷേണപദാർത്ഥം വില്ക്കുകയും മറ്റും ചെയ്യാവുള്ള ശിക്ഷ.

൪. നേരിട്ടോ നേരിട്ടല്ലാതെയോ തന്നത്താനോ, തനിക്കുവേണ്ടി മറ്റു വല്ല ആൾമുഖേനയോ,

(എ) വിലയ്ക്കുവാങ്ങുന്ന സമയം ആവശ്യപ്പെടുന്ന വസ്തുവിന്റെ സ്വഭാവത്തിലൊ സാരാംശത്തിലൊ തരത്തിലൊ ഉള്ളതല്ലാത്ത ഏതെങ്കിലും ക്ഷേണപദാർത്ഥം വില്ക്കുകയോ;

(ബി) ഇന്നതാണെന്നു സൂചിപ്പിക്കപ്പെടുന്നതോ വിവരിക്കപ്പെട്ടതോ ആയ സ്വഭാവത്തിലൊ സാരാംശത്തിലൊ തരത്തിലൊ ഉള്ളതല്ലാത്ത വല്ല ക്ഷേണപദാർത്ഥവും വില്ക്കുന്നതിനു ഉണ്ടാക്കുകയോ ശേഖരിക്കുകയോ വില്ക്കുന്നതിനു സമ്മതിക്കുകയോ പച്ചിരിക്കുകയോ, വില്ക്കാനായി കൊണ്ടുനടക്കുകയോ, വില്ക്കുകയൊ ചെയ്യുകയോ;

(സി) വരുത്തിയിട്ടുള്ള മാറ്റത്തിനെപ്പറ്റി അറിവുകൊടുക്കാതെ ഭേദപ്പെടുത്തപ്പെട്ട സ്ഥിതിയിൽ വില്ക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി വല്ല ക്ഷേണപദാർത്ഥത്തിന്റെ സ്വഭാവത്തിലൊ സാരാംശത്തിലൊ തരത്തിലൊ ന്യൂനതയുണ്ടാക്കുവിധത്തിൽ അതിൽനിന്നു ഏതെങ്കിലും അംശം വേർതിരിച്ചുകളകയൊ ആ മാറ്റത്തെപ്പറ്റി വെളിപ്പെടുത്താതെ അപ്രകാരം ഭേദപ്പെടുത്തപ്പെട്ട ഏതെങ്കിലും സാധനം വില്ക്കുകയോ;

(ഡി) ഭ്രൂണത്തെസംബന്ധിച്ചു നമ്മുടെ ശാസ്ത്രജ്ഞന്മാർ ഏതെങ്കിലും തോതു നിർണ്ണയിച്ചിട്ടുള്ളപക്ഷം അതിനെന്തു സ്വരണ്ടല്ലാത്ത പാലൊ, പാൽപ്പാടയൊ, വെണ്ണയൊ, നെയ്യൊ, മോരൊ, നേയ്യൊ, തൈരിനെയൊ, കാപ്പിരിയൊ, മറ്റേതെങ്കിലും ക്ഷേണപദാർത്ഥമൊ, അടങ്ങിയിരിക്കുകയൊ ഭ്രൂണത്തെയസംബന്ധിച്ചുള്ളപ്രകാരം തോതായി നിർണ്ണയിച്ചിട്ടുള്ള വല്ല സാധനത്തിന്റെപേരിനോടു ഏതെങ്കിലും വിധത്തിൽ സാമ്യമുള്ളതായ പേരിൽ അപ്രകാരമുള്ള ഏതെങ്കിലും സാധനത്തിനോടു സാദൃശ്യമുള്ള വല്ല സാധനമൊ, വില്ക്കുന്നതിനായി ഉണ്ടാക്കുകയൊ, ശേഖരിക്കുകയൊ വില്ക്കുന്നതിനു സമ്മതിക്കുകയൊ വച്ചിരിക്കുകയൊ വില്ക്കുന്നതിനായി കൊണ്ടു നടക്കുകയൊ, വില്ക്കുകയൊ;

ചെയ്യുന്ന എല്ലാ ഞെട്ടിനും, നൈട്രേറ്റ കുറത്തിനു നൂറുരൂപയോളം വരുന്ന പിഴശിക്ഷയും; അതിന്റെശേഷം ചെയ്യുന്ന എല്ലാ കുറത്തിനും അഞ്ഞൂറുരൂപായോളം വരുന്ന പിഴശിക്ഷയും നല്കേണ്ടതാകുന്നു.

എന്നാൽ തഴെപ്പറയുന്ന സംഗതികളിൽ ഒരു കുറ്റം ചെയ്തിട്ടുള്ളതായി വിചാരിക്കാൻ പാടുള്ളതല്ല. അതായതു:—

(i) ക്ഷേണപദാർത്ഥത്തിന്റെ വലിപ്പമൊ, ഭ്രൂണമൊ, അളവൊ വണ്ണമായി ക്ഷീണിക്കുന്നതിനൊ അതിന്റെ തരം ഇന്നതാണെന്നുള്ള മാച്ചുവയ്ക്കുന്നതിനൊ, ഗുണം കുറയ്ക്കുന്നതിനൊ അല്ലാതെ, വഹിച്ചുകൊണ്ടുപോകുന്നതിനൊ, കെടിക്കുന്നതിനൊ, യോഗ്യമാക്കിതീർക്കുന്നതിനു ക്ഷേണപദാർത്ഥത്തിന്റെ ക്ഷീണിയൊ, അശുദ്ധമാക്കുന്നതിനൊ ഫാനികരമല്ലാത്ത ഏതെങ്കിലും പദാർത്ഥം ഉപയോഗിക്കുകയൊ, ചേർക്കുകയൊചെയ്യുക.

(ii) ആഹാരപദാർത്ഥം ഉണ്ടാക്കുകയൊ, ശേഖരിക്കുകയൊ, തയ്യാറാക്കുകയൊ, കൊണ്ടുപോവുകയൊ ചെയ്യുന്നതിനിടയിൽ മഴിച്ചുകൂടാൻ പാടില്ലാത്തവിധത്തിൽ ഏതാനും അന്യപദാർത്ഥം അതിനോടുക്കിചേക്കുക

(iii) ക്ഷേണപദാർത്ഥത്തെ സംബന്ധിച്ചു ഒരു പോറന്റ് പ്രാബല്യത്തിലിരിക്കയും അതിൻപ്രകാരമുള്ള വിവരണത്തിൻപടി സംസ്ഥാനത്തിൽ ഉണ്ടാക്കിയിരിക്കുകയും ചെയ്യുക.

(൨) ഈ വകുപ്പിൻപ്രകാരമുള്ള ഒരു കുറത്തിനെ സംബന്ധിച്ചു നടത്തുന്ന എല്ലാ പ്രാസിക്യൂഷനുകളിലും, രോഗിയുടെ കൈവശത്തിൽ ഇരിക്കുന്ന ക്ഷേണപദാർത്ഥം പോലെയുള്ള സാധനങ്ങൾ വില്ക്കുന്നതിനു അയാൾ പതിവായി ഉണ്ടാക്കുകയൊ, ശേഖരിക്കുകയൊ, ചെയ്യുന്നതായാൽ, അയാൾ അതു ഉണ്ടാക്കുകയൊ ശേഖരിക്കുകയൊ ചെയ്തിട്ടുള്ളതു വില്ക്കുന്നതിനായിട്ടാണെന്നു കോടതിക്കു ഊഹിക്കാവുന്നതാകുന്നു.

൫. മുൻപറഞ്ഞ വകുപ്പിൻപ്രകാരമുള്ള കുറത്തിനു സംബന്ധിച്ചു നടത്തുന്ന ഏതെങ്കിലും പ്രാസിക്യൂഷനിൽ, വില്ക്കുകയൊ, ഉണ്ടാക്കുകയൊ, ശേഖരിക്കുകയൊ, വില്ക്കുന്നതിനു സമ്മതിക്കുകയൊ, വില്ക്കുന്നതിനു വച്ചിരിക്കുകയൊ, വില്ക്കുന്നതിനു കൊണ്ടുനടക്കുകയൊചെയ്തിരിക്കുന്ന ക്ഷേണപദാർത്ഥത്തിന്റെ സ്വഭാവത്തെയൊ, സാരാംശത്തെയൊ തരത്തിനെയൊ പറ്റി കുറ്റം ആരോപിക്കപ്പെട്ട ആളിനു അറിവില്ലാ എന്നുള്ളതിനൊ, ക്ഷേണപദാർത്ഥം വിചക്ഷണവാങ്ങിയ ആൾ അപ്രകാരം ചെയ്തിട്ടുള്ളതു അപഹസനം ചെയ്യുന്നതിനു മാത്രമായിട്ടാണെന്നൊമാത്രം പറയുന്നതു ശരിയായ വാദമായിരിക്കുന്നതല്ല.

പരിശോധനാർത്ഥം പ്രാദേശിക ഫുഡ്ഇൻസ്പെക്ടർക്കുള്ള അധികാരങ്ങൾ.

൬. (എ) പ്രാദേശിക ഫുഡ്ഇൻസ്പെക്ടർക്കു, അതിനായി രേഖാമൂലം അയാൾ അധികാരപ്പെടുത്തുന്ന ഏതെങ്കിലും ആളിനൊ, വില്ക്കുന്നതിനായി ഉണ്ടാക്കിവരുന്നതൊ, വില്ക്കുന്നതിനു കടത്തിക്കൊണ്ടുപോകുന്നതൊ ശേഖരിച്ചിട്ടുള്ളതൊ, വില്ക്കുന്നതിനു കൊണ്ടുനടക്കപ്പെടുന്നതൊ, വച്ചിരിക്കുന്നതൊ ആയ ഏതെങ്കിലും ക്ഷേണപദാർത്ഥത്തേയും, അപ്രകാരമുള്ള ഏതെങ്കിലും ക്ഷേണപദാർത്ഥം തയ്യാറാക്കുകയൊ, ഉണ്ടാക്കുകയൊ, ചെയ്യുന്നതിനുപയോഗിക്കുന്നതൊ, അതുകൂടാതെ, അതു അടങ്ങിയിരിക്കുന്നതൊ ആയ വല്ല പാത്രത്തേയും പകരൊ, രാത്രിയൊ, ഏതെങ്കിലും സമയത്തു പരിശോധിക്കുകയും പരിശോധിച്ചു നോക്കുകയും ചെയ്യാവുന്നതും, അപ്രകാരമുള്ള പരിശോധനയൊ പരീക്ഷയൊ നടത്തുന്നതിനു, വില്ക്കുന്നതിനായി ക്ഷേണപദാർത്ഥം ഉണ്ടാക്കുന്നതിനൊ, വല്ലതിനൊ, ശേഖരിക്കുന്നതിനൊ ആയി ഉപയോഗപ്പെടുത്തുന്ന ഏതെങ്കിലും സ്ഥലത്തു ന്യായമായ എല്ലാസമയങ്ങളിലും അറിയിച്ചു നൽകാതെ പ്രവേശിക്കാവുന്നതും, അപ്രകാരം പരിശോധിക്കുകയൊ, പരീക്ഷിച്ചുനോക്കുകയൊ, പ്രവേശിക്കുയൊ ചെയ്യുന്നതായാൽ യാതൊരാളിന്റെ തടസ്സമൊ പ്രതിബന്ധമൊ ഉണ്ടാക്കാൻ പാടില്ലാത്തതും ആകുന്നു.

(ഡ) ഈ വകുപ്പിൻപ്രകാരമുള്ള അധികാരങ്ങൾ പ്രയോഗിക്കുന്നതുമൂലമോ, ഒരു പരിശോധനയോ പരീക്ഷണമോ പ്രവർത്തനമോ നടത്തുന്നതിന് അവശ്യമായ ബലം എന്തെങ്കിലും പ്രയോഗിക്കുന്നതുമൂലമോ, നേരിടാവുന്ന വല്ല നഷ്ടത്തിനോ അസൗകര്യത്തിനോ എന്തെങ്കിലും ആളിന്റേയോ അധികാരിയുടേയോ മേൽ വ്യവഹാരപ്പെടുന്നതിനു യാതൊരുകാരണവും ഉണ്ടായിരിക്കുന്നതല്ല.

(ന) ഈ വകുപ്പിൻപ്രകാരമുള്ള അധികാരങ്ങൾ പ്രയോഗിക്കുന്നതു സംബന്ധിച്ച് നിയമാനുസൃതമായ എന്തെങ്കിലും നടപടികളിൽ, വല്ല ക്ഷേണപദാർത്ഥത്തേയും വിൽക്കുന്നതിനായി സൂക്ഷിച്ചുവയ്ക്കുയോ ഒരുമായി വച്ചിരിക്കയോ, കൊണ്ടുനടക്കുകയോ, ഉണ്ടാക്കുകയോ, തയ്യാറാക്കുകയോ, ശേഖരിക്കയോ, പെരിഞ്ഞുകൂട്ടുകയോ, ഇറക്കുമതിയാക്കുകയോ ചെയ്തിട്ടില്ലെന്നോ, അങ്ങനെങ്കിൽ അതിനെ ദുരുപയോഗമാക്കുന്നതിന് ഉദ്ദേശിച്ചിരുന്നില്ലെന്നോ ബോധിക്കുന്നതായാൽ തെളിവുമാരം അപ്രകാരം വാദിക്കുന്ന ആൾ വഹിക്കേണ്ടതാകുന്നു.

പരിശോധനയ്ക്കു തടസ്സമുണ്ടാക്കുന്നതിനുള്ള ശിക്ഷ.

൬. ഇതിനുമുമ്പിൽ ഒടുവിൽ പറഞ്ഞ വകുപ്പിൻപ്രകാരമുള്ള അധികാരങ്ങൾ പ്രയോഗിക്കുന്ന പ്രാദേശിക ഹെഡ് ഇൻസ്പെക്ടർക്കോ, മുപ്രകാരം അയാൾ അധികാരപ്പെടുത്തിയിട്ടുള്ള വല്ല ആളിനോ എന്തെങ്കിലും വിധത്തിൽ തടസ്സമോ പ്രതിബന്ധമോ വരുത്തുന്ന എല്ലാ ആളിനും, അയാളുടെ പ്രവൃത്തി തിരുവിതാംകൂർ ശിക്ഷാനിയമപ്രകാരം ഒരു കുറ്റമല്ലാതിരിക്കുന്ന സന്ദർഭത്തിൽ, അൻപതു രൂപാവരെ വരുന്ന പിഴശിക്ഷ നൽകുന്നതാകുന്നു.

പിടിച്ചെടുക്കൽപ്പെട്ടിട്ടുള്ള വസ്തുതിയ ക്ഷേണപദാർത്ഥമോ മറ്റോ പിടിച്ചെടുക്കുന്നതിനുള്ള അധികാരം.

൭. മൂന്നാം വകുപ്പിൻപ്രകാരം പ്രവർത്തിക്കുന്ന പ്രാദേശിക ഹെഡ് ഇൻസ്പെക്ടറോ, മുപ്രകാരം അയാൾ അധികാരപ്പെടുത്തിയിട്ടുള്ള വല്ല ആളിനോ എന്തെങ്കിലും ക്ഷേണപദാർത്ഥത്തിലോ, ക്ഷ്യപദാർത്ഥമായിട്ടു വിനിയോഗിക്കുന്നതിനു ഉദ്ദേശിച്ചിരിക്കുന്ന എന്തെങ്കിലും സാധനത്തിലോ, കുട്ടിക്കലർപ്പു വരുത്തിയിട്ടുണ്ടെന്നോ അശു് ഇന്നതാണെന്നു സൂചിപ്പിക്കയോ ധരിപ്പിക്കയോ ചെയ്തിട്ടുള്ളതിൽ നിന്നു ഭിന്നമായതാണെന്നോ, തോന്നുന്നപക്ഷമോ, അങ്ങനെങ്കിൽ അപ്രകാരമുള്ള പദാർത്ഥം ഉണ്ടാക്കുകയോ, തയ്യാറാക്കുകയോ, ചെയ്യുന്നതിനു ഉപയോഗിക്കുന്നതോ അതടങ്ങിയിരിക്കുന്നതോ ആയ വല്ല പാത്രമോ ഉപകരണമോ, ൫-ാംവകുപ്പിൻപ്രകാരം ഉണ്ടാക്കപ്പെട്ടിട്ടുള്ള എന്തെങ്കിലും ചട്ടത്തിനു വിരുദ്ധമായിരിക്കുന്നു എന്നു തോന്നുന്നപക്ഷമോ, ഇതിനുകീഴിൽ വ്യവസ്ഥചെയ്തിരിക്കുന്നതിൻപ്രകാരം പ്രവർത്തിക്കുന്നതിനു അവശ്യമാകും അപ്രകാരമുള്ള സാധനമോ, ഉപകരണമോ, പാത്രമോ പിടിച്ചെടുക്കുകയോ, എടുത്തുകൊണ്ടുപോകുകയോ ചെയ്യാവുന്നതാകുന്നു.

പിടിച്ചെടുത്ത പദാർത്ഥമോ മറ്റൊരു കയോ അവയുടെ കുപ്പിത്തിൽനിന്നുടപെടുകയോ ചെയ്യുന്നതുള്ള ശിക്ഷ.

൮. ഇതിനുമുമ്പിൽ ഒടുവിൽ പറഞ്ഞ വകുപ്പിൻപ്രകാരം പിടിച്ചെടുക്കപ്പെട്ട ഒരു പദാർത്ഥം മാറ്റുകയോ, എന്തെങ്കിലും വിധത്തിൽ അതുമായി ഇടകലർത്തുകയോ ചെയ്യുന്ന ഏല്ലാ ആളിലും കുറ്റം സ്ഥാപിക്കപ്പെടുന്നതായാൽ അവനു രൂപാവരെ വരുന്ന പിഴശിക്ഷ നൽകുന്നതാണ്.

പിടിച്ചെടുക്കപ്പെട്ടിട്ടുള്ള സാധനങ്ങളുടെമേലുള്ള പബ്ലിക് അനലിസ്റ്റിനു അയക്കണമെന്നു.

൯. മൂന്നാം വകുപ്പിൻപ്രകാരം പിടിച്ചെടുക്കപ്പെട്ട എന്തെങ്കിലും ക്ഷേണപദാർത്ഥം കുടർപ്പു വരുത്തിയിട്ടുള്ളതാണെന്നോ, അശു്. ഇന്നതാണെന്നു സൂചിപ്പിക്കയോ ധരിപ്പിക്കയോ ചെയ്തിട്ടുള്ളതിൽനിന്നു ഭിന്നമായിട്ടുള്ളതാണെന്നോ പ്രാദേശിക ഹെഡ് ഇൻസ്പെക്ടർക്കു തോന്നുന്നപക്ഷം, അപ്രകാരമുള്ള പദാർത്ഥത്തിന്റെ ഒരു മാതൃക അദ്ദേഹം ഉടൻതന്നെ പബ്ലിക് അനലിസ്റ്റിനു അയച്ചുകൊടുക്കേണ്ടതാകുന്നു.

പിടിച്ചെടുക്കപ്പെട്ട സാധനങ്ങളും മറ്റും മജിസ്ട്രേട്ടിന്റെ മുൻപാകെ ഹാജരാക്കലും അവയുടെ കുപ്പിത്തിൽ പ്രവർത്തിക്കാനുള്ള മജിസ്ട്രേട്ടിനുള്ള അധികാരവും.

൧൦. (൧) മൂന്നാംവകുപ്പിൻപ്രകാരം പിടിച്ചെടുക്കപ്പെടുന്ന ക്ഷേണപദാർത്ഥങ്ങളും അവയുടെ മാതൃകകളും ഉപകരണങ്ങളും, പാത്രങ്ങളും കഴിയുന്നത്ര വേഗത്തിൽ ഒരു മജിസ്ട്രേട്ടിന്റെ മുൻപാകെ ഹാജരാക്കേണ്ടതാകുന്നു.

എന്നാൽ ഒരു മാതൃകയൊ സാധനമോ പബ്ലിക് അനലിസ്റ്റിനു് അയച്ചിട്ടുള്ളപക്ഷം, പബ്ലിക് അനലിസ്റ്റിന്റെ സാക്ഷ്യപത്രം മജിസ്ട്രേട്ടിനു ലഭിച്ചതിനുശേഷം, ആ സാധനമോ അതിന്റെ മാതൃകയൊ മജിസ്ട്രേട്ടിന്റെ മുൻപാകെ ഹാജരാക്കുവാനും പാടുള്ളതാകുന്നു.

(൨) തിരുവിതാംകൂർ ശിക്ഷാനിയമപ്രകാരമോ, ഈ റഗുലേഷൻപ്രകാരമോ ഉള്ള വല്ല കുറ്റത്തിനേയുംപറ്റി മജിസ്ട്രേട്ടിന്റെ മുൻപാകെ പരാതി ബോധിപ്പിച്ചിട്ടുണ്ടെങ്കിലും ഇല്ലെങ്കിലും ആവശ്യമെന്നു തനിക്കുതോന്നുന്ന തെളിവു എടുത്തതിനുശേഷം അപ്രകാരമുള്ള വല്ല സാധനവും കുടർപ്പുള്ളതാണെന്നോ, ഇന്നതാണെന്നു സൂചിപ്പിക്കപ്പെടുകയോ ധരിക്കപ്പെടുകയോ ചെയ്തിട്ടുള്ളതിൽനിന്നു ഭിന്നമായതാണെന്നോ, അപ്രകാരമുള്ള എന്തെങ്കിലും ഉപകരണമോ പാത്രമോ, മൂന്നാംവകുപ്പിൽ വിവരിച്ചിരിക്കുന്ന മാതിരിയിലൊ സ്ഥിതിയിലൊ ഉള്ളതാണെന്നു മജിസ്ട്രേട്ടിനു തോന്നുന്നപക്ഷം,

(എ) അതിനെ നമ്മുടെ ഗവണ്മെൻറ് മേൽ കണ്ടുകെട്ടുന്നതിനോ,

(ബി) അതിന്റെ ഉടമസ്ഥനേയോ പിടിച്ചെടുത്ത സമയം അതു കൈവശത്തിലിരുന്ന ആളിൽനിന്നോ ചിലവിനുവേൽ, മേല്പറഞ്ഞിരിക്കുന്നപ്രകാരം അതിനെ വീണ്ടും വിലുന്നതിനു് കാണക്കുവിധത്തിൽ വയ്ക്കുകയോ കൊണ്ടുനടക്കുകയോ, അല്ലെങ്കിൽ മനുഷ്യരുടെ ആഹാരമായിട്ടുപയോഗിക്കുകയോ അപ്രകാരമുള്ള വല്ല സാധനവും ഉണ്ടാക്കുകയോ തയ്യാറാക്കുകയോ വയ്ക്കുകയോ ചെയ്യുന്നതിനു് അതു് ഉപയോഗിക്കുകയോ ചെയ്യുന്നതിനെ തടയത്തക്കവിധത്തിലെ നശിപ്പിക്കുന്നതിനോ,

(സി) അതിനെ മറ്റുപ്രകാരത്തിൽ വിനിയോഗിക്കുന്നതിനോ ഉത്തരവു ചെയ്യാവുന്നതാണ്.

വിലയ്ക്കു വാങ്ങുന്ന ആളിനെ ക്ഷേത്രപദാർത്ഥം അപഗ്രഥനം ചെയ്യിപ്പിക്കാവുന്നതാണ്.

കട. (ക) നിർണ്ണയിക്കപ്പെടാവുന്ന ഫീസ് ഏതെങ്കിലും ഉണ്ടായിരുന്നാൽ അതു കൊടുക്കുന്നപക്ഷം വല്ല ക്ഷേത്രപദാർത്ഥവും വിലയ്ക്കു വാങ്ങുന്ന വല്ല ആളിനും, ഒരു പബ്ലിക് അനലിസ്റ്റിനെ നിയമിക്കപ്പെട്ടിട്ടുള്ള പ്രദേശത്തിൽ ഉൾപ്പെട്ട സ്ഥലത്തുനിന്ന് ആ സാധനം വിലയ്ക്കു വാങ്ങുന്ന പക്ഷം, പ്രസ്തുതമുള്ള പബ്ലിക് അനലിസ്റ്റിനെക്കൊണ്ട് പ്രസ്തുത സാധനം അപഗ്രഥനം ചെയ്യിച്ചു നോക്കുകയും അയാളുടെ അപഗ്രഥനത്തിന്റെ ഫലത്തെ സംബന്ധിച്ച ഒരു സർട്ടിഫിക്കറ്റ് ലഭിക്കുകയും ചെയ്യുന്നതിനു അർഹതയുണ്ടായിരിക്കുന്നതാണ്.

(ഖ) മേൽപ്പറഞ്ഞതുപോലെ അപ്രകാരമുള്ള പദാർത്ഥം അപഗ്രഥനംചെയ്യുന്നതിനു മുമ്പു താൻ അപ്രകാരം ചെയ്യുന്നുപോകുന്നുഎന്നുള്ള തന്റെ ഉദ്ദേശത്തെപ്പറ്റി വിളംബരം ചെയ്തു വിലയ്ക്കുവാങ്ങുന്ന ആൾ വിൽപനക്കാരനു അറിവു കൊടുക്കേണ്ടതാകുന്നു. അപ്രകാരമുള്ള പദാർത്ഥം അപഗ്രഥനത്തിനു വേണ്ടി പബ്ലിക്ക് അനലിസ്റ്റ് സ്വീകരിക്കുമ്പോൾ അതിനെ മൂന്നു അംശങ്ങളായി ഭാഗിക്കുകയും അതിൽ ഒന്നിനെ അപഗ്രഥനംചെയ്യുകയും മറ്റൊരു അംശത്തെ അയാളുടെ സർട്ടിഫിക്കറ്റോടുകൂടി തിരിച്ചുകൊടുക്കുന്നതിനു അവശ്യം സൂക്ഷിക്കുകയും മൂന്നാമത്തെ അംശം വിലനക്കാരൻ ആവശ്യപ്പെടുമ്പോൾ കൊടുക്കുകയും ചെയ്യേണ്ടതാകുന്നു. എന്നാൽ അപഗ്രഥനം ചെയ്യാത്ത ഓരോ ഭാഗവും അതിന്റെ പ്രകൃതമനുസരിച്ചു, അടയാളപ്പെടുത്തി മുദ്രവയ്ക്കുകയോ ഉറപ്പായി കെട്ടിവയ്ക്കുകയോ ചെയ്യേണ്ടതാകുന്നു.

കണ. (ക) കട-ാം വകുപ്പ് അനുസരിച്ചു വിജ്ഞാപനത്തിനു. വിനിയോഗത്തിനും ന്യായമായി ആവശ്യമുള്ള

അപഗ്രഹനത്തിനായി മാതൃകകൾ വിലയ്ക്കുവാങ്ങുന്നതിൽ പ്രാദേശിക ഫണ്ട് ഇൻസ്പെക്ടർക്കുള്ള അധികാരം.

(i) വല്ല ക്ഷേത്രപദാർത്ഥത്തിന്റെയോ,

(ii) ക്ഷേത്രപദാർത്ഥം ഉണ്ടാക്കുന്നതിനു ഉപയോഗിക്കുന്ന വല്ല സാധനങ്ങളുടെയോ ഭാഗം അല്ല ഉണ്ടാക്കുന്ന അവസരത്തിൽ പ്രാദേശിക ഫണ്ട് ഇൻസ്പെക്ടർക്കോ രേഖാമൂലം അതിലേയ്ക്കായി അയാൾ അധികാരപ്പെടുത്തീട്ടുള്ള വല്ല ആൾക്കോ അപഗ്രഥനത്തിനായി വില പറഞ്ഞുകൊണ്ടു തനിക്കു വിൽക്കുന്നതിനു ആവശ്യപ്പെടാവുന്നതുകുന്നു. പ്രസ്തുത ക്ഷേത്രപദാർത്ഥമോ സാധനങ്ങളുടെ കൈവശം വച്ചുകൊണ്ടിരിക്കുന്ന ആൾ അതുമുഴുവനോ വിട്ടുകൊടുക്കുന്നതിനു ബാദ്ധ്യസ്ഥനുമാണ്,

(ഖ) വിലനയ്ക്കായി

(എ) വല്ല പ്രാദേശികാതിർത്തിക്കുള്ളിൽ കടത്തിക്കൊണ്ടു പോകപ്പെടുന്നതോ,

(ബി) വല്ല പ്രാദേശികാതിർത്തിക്കുള്ളിലുള്ള വല്ല സ്ഥലത്തും ശേഖരിച്ചിട്ടുള്ളതോ,

ആയ വല്ല ക്ഷേത്രപദാർത്ഥത്തിന്റേയും കട-ാം വകുപ്പു അനുസരിച്ചു വിഭജനത്തിനും വിനിയോഗത്തിനും ന്യായമായി ആവശ്യമുള്ളിടത്തോളം ഭാഗം അപഗ്രഥനത്തിനായി പ്രാദേശിക ഫണ്ട് ഇൻസ്പെക്ടർ അതിലേക്കായി അയാൾ അധികാരപ്പെടുത്തിയിട്ടുള്ള വല്ല ആളോ അയാൾക്കു വിട്ടുകൊടുക്കുന്നതിനും ആവശ്യപ്പെടാവുന്നതും പ്രസ്തുത ക്ഷേത്രപദാർത്ഥം കൈവശം വച്ചുകൊണ്ടിരിക്കുന്ന വല്ല ആളും അതുമുഴുവനോ ഭാഗമോ വിട്ടുകൊടുക്കുന്നതിനു ബാദ്ധ്യസ്ഥനും ആകുന്നു.

എന്നാൽ അപ്രകാരമുള്ള ഓരോ സംഗതിയിലും വിട്ടുകൊടുക്കപ്പെട്ട ക്ഷേത്രപദാർത്ഥത്തിന്റെ വില അപ്രകാരം വിട്ടു കൊടുക്കപ്പെട്ട തീയതിമുതൽ ഒരു മാസത്തിനകം അതിന്റെ ഉടമസ്ഥൻ ആവശ്യപ്പെടുന്ന പക്ഷം അയാൾക്കു കൊടുക്കേണ്ടതാകുന്നു.

(ന) വിലനയ്ക്കായി ഉദ്ദേശിച്ചിരിക്കുന്നതോ, വച്ചിരിക്കുന്നതോ ആയ വല്ല ക്ഷേത്രപദാർത്ഥത്തിന്റേയും കട-ാം വകുപ്പിൻപ്രകാരം വിഭജനത്തിനും വിനിയോഗത്തിനും ന്യായമായി ആവശ്യമുള്ളിടത്തോളം ഭാഗം പ്രാദേശിക ഫണ്ട് ഇൻസ്പെക്ടർക്കു അത് വേണ്ടുംവണ്ണം രേഖാമൂലം അയാൾ അധികാരപ്പെടുത്തീട്ടുള്ള വല്ല ആൾക്കോ അപഗ്രഥനത്തിനായി വിലപറഞ്ഞുകൊണ്ടു വിൽക്കുന്നതിനു ആവശ്യപ്പെടാവുന്നതും വിൽപനയ്ക്കായി കൈവശം വച്ചുകൊണ്ടിരിക്കുകയോ വിൽപനയ്ക്കായി വച്ചിരിക്കുകയോ ചെയ്യുന്ന വല്ല ആളും അതുമുഴുവനോ ഭാഗമോ വിൽക്കുന്നതിനു ബാദ്ധ്യസ്ഥനും ആകുന്നു.

(ഘ) (ക)-ം, (ഖ)-ം, (ന)-ം ഉപവകുപ്പുകൾ അനുസരിച്ചു പ്രാദേശിക ഫണ്ട് ഇൻസ്പെക്ടർക്കു തന്റെ പ്രകാരം അയാളിൽ അധികാരപ്പെടുത്തപ്പെട്ട ആൾക്കോ ക്ഷേത്രപദാർത്ഥം വിൽക്കുന്നതിനോ വിട്ടു കൊടുക്കുന്നതിനോ വിസമ്മതിക്കുകയോ ചെയ്യുന്ന ഏതൊരാൾക്കും നൂറുരൂപയോളം വരാവുന്ന പിഴ ശിക്ഷ നൽകുന്നതാകുന്നു.

കട. (ക) കണ-ാം വകുപ്പ് (ക)-ാം ഉപവകുപ്പോ (ന)-ാം ഉപവകുപ്പോ അനുസരിച്ചു അപഗ്രഹനത്തിനായി ക്ഷേത്രപദാർത്ഥത്തിന്റെ മാതൃക വിലയ്ക്കു വാങ്ങുന്ന പ്രാദേശിക ഇൻസ്പെക്ടരോ മറ്റു വല്ലവരുമോ ക്ഷേത്രപദാർത്ഥം വാങ്ങിയതിനു ശേഷം ഉടനെ ആ സാധനം വിറ്റതായ ആളിനെ അയാളുടെ ഏജന്റിനോ അയാൾ അപഗ്രഥനം ചെയ്യിക്കാനുള്ള തന്റെ ഉദ്ദേശത്തെപ്പറ്റി അറിവു കൊടുക്കേണ്ടതും അയാൾ അപ്പോൾ തന്നെ അവിടെ വച്ചു വെവ്വേറെ മൂന്നു അംശമായി ഭാഗിക്കേണ്ടതും ഓരോ അംശവും അതിന്റെ പ്രകൃതം അനുസരിച്ചു അടയാളം വച്ചു മുദ്രവയ്ക്കുകയോ ഉറപ്പായി കെട്ടിവയ്ക്കുയോ ചെയ്യേണ്ടതുമാകുന്നു.

(ഖ) മാതൃക വിലയ്ക്കു വാങ്ങുന്ന ആൾ പ്രസ്തുത അംശങ്ങളിൽ ഒന്ന് വിറ്റവനോ അയാളുടെ ഏജന്റിനോ കൊടുക്കേണ്ടതും, മറ്റൊന്ന് മേലിൽ താൽമാപ്പെടുത്തുന്നതിനായിട്ടോ അതു സംബന്ധിച്ചു നടപടികൾ നടത്തുന്നപക്ഷം മജിസ്ട്രേട്ടിനായിട്ടോ കൈവശം വച്ചിരിക്കേണ്ടതും, അപഗ്രഥനം ചെയ്യിക്കേണ്ടതുമായിട്ടുള്ളതാണെന്നു അയാൾ വിചാരിക്കുന്ന പക്ഷം ആ സാധനം വിൽക്കുന്നതായ പ്രാദേശിക അതിർത്തിയിലേക്കു നിയമിച്ചിട്ടുള്ള പബ്ലിക് അനലിസ്റ്റിനു മൂന്നാമത്തെ അംശം അയയ്ക്കേണ്ടതും ആകുന്നു.

(ന) കണ-ാം വകുപ്പു (ഖ)-ാം ഉപവകുപ്പു അനുസരിച്ചു വല്ല ക്ഷേത്രപദാർത്ഥവും വിട്ടുകൊടുക്കുമ്പോൾ അതു വിട്ടു കൊടുത്തുപോയ അയാൾ പ്രസ്തുത ക്ഷേത്രപദാർത്ഥം കൈവശം വച്ചുകൊണ്ടിരിക്കുന്ന ആളിനു അതിനെ അപഗ്രഥനം ചെയ്യിക്കാനുള്ള തന്റെ ഉദ്ദേശത്തെപ്പറ്റി അറിവു കൊടുക്കേണ്ടതും, അതിനുശേഷം

ഭാഗം (ഗ)-ം (ഘ)-ം ഉപവകുപ്പുകളിലെ വ്യവസ്ഥയനുസരിച്ചു അപ്രകാരം വിട്ടു കൊടുക്കപ്പെട്ട ക്ഷേണപദാർത്ഥത്തെ വിനിയോഗിക്കേണ്ടതും ആകുന്നു.

(൪) വിലനക്കാരനൊ അയാളുടെ ഏജന്റോ അല്ലെങ്കിൽ ക്ഷേണപദാർത്ഥം കൈവശം വച്ചുകൊണ്ടിരിക്കുന്ന ആരാളും ഒരു അംശം സ്വീകരിക്കാതിരിക്കുന്നപക്ഷം അപഗ്രഥനത്തിനായി മാതൃക അയയ്ക്കുമ്പോൾ പ്രാദേശിക ഫുഡ് ഇൻസ്പെക്ടറെ മറെറാരു പബ്ലിക് അനലിസ്റ്റിനെ അറിയിക്കേണ്ടതും പബ്ലിക് അനലിസ്റ്റ് അപഗ്രഥനത്തിനായി മാതൃക സ്വീകരിക്കുമ്പോൾ അതിനെ രണ്ടു അംശമായി തിരിക്കുകയും അതിൽ ഒരു ഭാഗം മുദ്രവയ്ക്കുകയൊ ഉറപ്പായി കെട്ടിവയ്ക്കുകയൊ ചെയ്യേണ്ടതും മാതൃക സ്വീകരിക്കുമ്പോൾ അയാൾക്കു സർട്ടിഫിക്കേറ് കൊടുക്കുമ്പോഴൊ മാതൃക അയച്ചു കൊടുത്തതായ അതിനൊ പ്രാദേശിക ഫുഡ് ഇൻസ്പെക്ടർക്കൊ അതിനെ കൊടുക്കേണ്ടതും അയാൾ അതിന്റെ മേലിൽ താൽപര്യപ്പെടുന്നുണ്ടെന്നതിനായിട്ടൊ അതിനെ സംബന്ധിച്ചു വല്ല നടപടിയും നടത്തുമ്പോൾ ഹാജരാക്കുന്നതിനായിട്ടൊ സൂക്ഷിക്കേണ്ടതുമാകുന്നു.

പബ്ലിക് അനലിസ്റ്റിനെ സർട്ടിഫിക്കേറ്.

൧൬. (൧) ഈ റഗുലേഷൻപ്രകാരം മാതൃക അയയ്ക്കപ്പെട്ടിട്ടുള്ള ഓരോ പബ്ലിക് അനലിസ്റ്റും അപ്രകാരം മാതൃക അയക്കുന്ന ആളിനു ഈ റഗുലേഷനോടു അനുബന്ധിച്ചിട്ടുള്ള പട്ടികയിൽ കൊടുത്തിട്ടുള്ള ഫാറത്തിലൊ അതിനു തുല്യമായിട്ടുള്ള വിധത്തിലൊ അയാളുടെ അപഗ്രഥനത്തിന്റെ ഫലം രേഖപ്പെടുത്തുന്നതായ ഒരു സർട്ടിഫിക്കേറു കൊടുക്കേണ്ടതാകുന്നു.

(൨) ഈ റഗുലേഷൻപ്രകാരമോ തിരുവിതാംകൂർ ശിക്ഷാനിയമം ൨൭൦-ം ൨൭൫-ം വകുപ്പുകളിലെ പ്രകാരമൊ നടത്തുന്നതായ വല്ല നടപടികളിലും ഒരു പബ്ലിക് അനലിസ്റ്റിന്റെ കൈയൊപ്പോടുകൂടിയ ഒരു സർട്ടിഫിക്കേറാണെന്നു കാണിക്കുന്ന വല്ല പ്രമാണവും അതിൽ ബ്രസ്താവിച്ചിട്ടുള്ള സംഗതികളുടെ തെളിവിലേയ്ക്കായി ഉപയോഗിക്കാവുന്നതാകുന്നു.

എന്നാൽ അപ്പീൽവിചാരണയ്ക്കൊ, അപ്പീൽവിചാരണയ്ക്കൊ റിവിഷൻവിചാരണയ്ക്കൊ അധികാരമുള്ളതും ഈ റഗുലേഷൻപ്രകാരം ഒരു വ്യവഹാരം നടക്കുന്നതുമായ വല്ല കോടതിക്കും അതിന്റെ യുക്തംപോലെ വാദിയുടേയൊ പ്രതിയുടേയൊ അപേക്ഷപ്രകാരം അപഗ്രഥനം ചെയ്യുന്നതിനായി ക്ഷേണപദാർത്ഥങ്ങളുമായി ബന്ധിച്ചു വിശദ്ധീകരണമായ ഏതെങ്കിലും അനലിസ്റ്റിനെ വല്ല ക്ഷേണസാധനവും അയച്ചുകൊടുക്കാവുന്നതും അയാൾ അതിനെ അപഗ്രഥനം ചെയ്യാവുന്നതും പ്രസ്തുത കോടതിയിലേയ്ക്കു അപഗ്രഥനത്തിന്റെ ഫലം റിപ്പോർട്ടുചെയ്യാവുന്നതും ആകുന്നു. അപ്രകാരമുള്ള അപഗ്രഥനത്തിന്റെ ചെലവു കോടതി ഉത്തരവുചെയ്യുന്നതുപോലെ വാദിയൊ പ്രതിയൊ കൊടുക്കേണ്ടതുമാകുന്നു.

ഇൻസ്പെക്ടന്മാരുടെ അധികാരം.

൧൭. ഈ റഗുലേഷൻപ്രകാരമുള്ള യാതൊരു കുറവും മൂന്നാംക്ലാസ്സ് മജിസ്ട്രേട്ടന്മാർ വിചാരണചെയ്യാൻ പാടുള്ളതല്ല.

പ്രോസിക്യൂട്ടുചെയ്യുന്നതിനുള്ള നിബന്ധന.

൧൭. വിലയ്ക്കുവാങ്ങുന്നവനൊ അയാളുടെ പ്രാദേശിക ഫുഡ് ഇൻസ്പെക്ടറുടേയൊ പരാതിയിന്മേലൊ, അല്ലെങ്കിൽ പ്രാദേശിക ഫുഡ് ഇൻസ്പെക്ടറുടെ രേഖാമൂലമായ അനുവാദത്തോടുകൂടിയൊ, അല്ലെങ്കിൽ നമ്മുടെ ഗവണ്മെന്റിന്റെ അനുവാദപ്രകാരമൊ, അല്ലാതെ ഈ റഗുലേഷൻപ്രകാരമുള്ള യാതൊരു പ്രോസിക്യൂഷനും നടത്താൻപാടില്ല.

പ്രോസിക്യൂട്ടുചെയ്യുന്നതിനുള്ള കാലാവധി.

൧൮. കുറ്റംചെയ്ത മൂന്നുമാസം കഴിഞ്ഞതിനുശേഷം ഈ റഗുലേഷൻപ്രകാരമുള്ള യാതൊരു പ്രോസിക്യൂഷനും തുടങ്ങാൻപാടുള്ളതല്ല.

ക്ഷേണപദാർത്ഥങ്ങളിൽ സാധാരണ ക്രമത്തിൽ അടങ്ങിയിരിക്കേണ്ട സാധനങ്ങൾ ഇന്നവയെന്ന പ്രഖ്യാപനം ചെയ്യാനുള്ള അധികാരം.

൧൯. വല്ല ക്ഷേണപദാർത്ഥത്തിലും സാധാരണ ക്രമത്തിൽ അടങ്ങിയിരിക്കേണ്ട സാധനങ്ങൾ ഇന്നവയെന്ന നമ്മുടെ ഗവണ്മെന്റിനു പ്രഖ്യാപനം ചെയ്യാവുന്നതും, വല്ല ക്ഷേണപദാർത്ഥത്തിന്റേയും മാതൃകയിൽ ഈ ചേർന്നിരിക്കേണ്ട സാധനങ്ങളിൽ വല്ലതിന്റേയും എതുകുറവ്, അല്ലെങ്കിൽ അന്യപദാർത്ഥത്തിന്റെയൊ വെള്ളത്തിന്റെ അനുവദനീയത്തിന്റേതൊ എതു കൂടുതൽ, ആ ക്ഷേണപദാർത്ഥം, ഈ റഗുലേഷന്റെ ആവശ്യത്തിലേയ്ക്ക്, മറെറപ്രകാരത്തിൽ തരംകിട്ടിയിട്ടുള്ളതല്ലെങ്കിലും ആരോഗ്യത്തിനു ഹാനികരമായിട്ടുള്ളതാണെന്നൊ ഊഹം ജനിപ്പിക്കുമെന്നു ഈ കാര്യത്തിലേയ്ക്കായുള്ള ചട്ടങ്ങളനുസരിച്ചു നിശ്ചയിക്കാവുന്നതും ആകുന്നു; ഈ റഗുലേഷൻപ്രകാരമുള്ള ഒരു അപഗ്രഥനത്തിന്റെ ഫലത്തെ സാക്ഷ്യപ്പെടുത്തുന്നതിൽ ഒരു പബ്ലിക് അനലിസ്റ്റ് അപ്രകാരമുള്ള ചട്ടങ്ങളെ ശ്രദ്ധിക്കേണ്ടതാണ്.

ചട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള അധികാരം.

൨൦. (൧) ഈ റഗുലേഷൻ വ്യാപിപ്പിച്ചിരിക്കാവുന്ന സ്ഥലത്തെ ആ സ്ഥലത്തിന്റെ വല്ല ഭാഗത്തെ ഈ റഗുലേഷന്റെ ആവശ്യത്തെ നിർവഹിക്കുന്നതിനു നമ്മുടെ ഗവണ്മെന്റിനു, ഈ റഗുലേഷനിലെ വ്യവസ്ഥകൾക്കു യോജിച്ചവിധത്തിലും മുൻകൂട്ടി പരസ്യപ്പെടുത്തിയതിനുശേഷവും ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(൨) മുൻപറഞ്ഞിട്ടുള്ള അധികാരത്തിന്റെ സാമാന്യതയ്ക്കു വിപരീതമല്ലാതേയും പ്രത്യേകമായും നമ്മുടെ ഗവണ്മെന്റിനു,

(എ) പബ്ലിക് അനലിസ്റ്റുമാരേയും പ്രാദേശിക ഫുഡ് ഇൻസ്പെക്ടർമാരേയും നിയമിക്കുക, നീക്കുക, അവരുടെ യോഗ്യതകളും, അവർ ചെയ്യേണ്ട ജോലികളും നിശ്ചയിക്കുക എന്നിവ സംബന്ധിച്ചുള്ളതും;

(ബി) ൨-ാം വകുപ്പിൻപ്രകാരം പ്രാദേശിക ഫുഡ് ഇൻസ്പെക്ടർക്കു തന്റെ അധികാരങ്ങളേയൊ അല്ലെങ്കിൽ കർത്തവ്യങ്ങളേയൊ ഏല്പിക്കാവുന്ന ആളുകൾ മുഖേന തരങ്ങളേ അല്ലെങ്കിൽ യോഗ്യതകളേയും നിബന്ധനകളേയും നിർണ്ണയിക്കുന്നതും;

(സി) വല്ല പ്രാദേശിക ഫുഡ് ഇൻസ്പെക്ടറും അല്ലെങ്കിൽ ൨-ാം വകുപ്പിൻപ്രകാരം അയാളാൽ നിയുക്തനായിരിക്കുന്ന വല്ലയാളും ജോലിചെയ്യേണ്ട പ്രാദേശികാതിർത്തിയെ നിശ്ചയിക്കുന്നതും;

(ഡി) പാൽ, പാൽപ്പാട, വെണ്ണ, തൈര്, മോര്, നെയ്യ്, തേയില, കാപ്പി ഇവയുടേയോ ഏതെങ്കിലും ക്ഷേണപദാർത്ഥത്തിന്റേയോ ഗുണത്തയുടെ തോതുകൾ നിണ്ണയിക്കുന്നതും;

(ഇ) വല്ല ക്ഷേണപദാർത്ഥത്തേയും ഈ റഗ്ലേഷൻപ്രകാരം അപഗ്രഥനം ചെയ്യുന്നതിനു മുമ്പേ ഈടാക്കേണ്ട ഫീസിനേയും അതു കൊടുക്കേണ്ട രീതിയേയും നിണ്ണയിക്കുന്നതും;

(എഫ്) വിപ്പനയ്ക്കായി ഉദ്ദേശിക്കപ്പെട്ടിരിക്കുന്ന വല്ല ക്ഷേണപദാർത്ഥവും ഉണ്ടാക്കുന്നതിനോ, പാകപ്പെടുത്തുന്നതിനോ, വയ്ക്കുന്നതിനോ അപയോഗിക്കുന്ന ഉപകരണങ്ങളേയും പാത്രങ്ങളേയും സൂക്ഷിക്കേണ്ട വിധത്തെ പൊതുജനാരോഗ്യത്തെ ഉദ്ദേശിച്ചു നിണ്ണയിക്കുന്നതും അപ്രകാരമുള്ള ക്ഷേണപദാർത്ഥത്തെ ദുഷിപ്പിച്ചേക്കാവുന്ന സാധനങ്ങളെക്കൊണ്ടു, മുഴുവനായോ ഭാഗമായോ ഉണ്ടാക്കപ്പെട്ടിട്ടുള്ള ഉപകരണങ്ങളേയും പാത്രങ്ങളേയും ഉപയോഗിക്കുന്നതിനെ നിരോധിക്കുന്നതും;

(ജി) പാൽ, പാൽപ്പാട വെണ്ണ, തൈര്, മോര്, നെയ്യ്, തേയില, കാപ്പി ഇവയിലൊ മറവ വല്ല ക്ഷേണപദാർത്ഥത്തിലൊ സാധാരണക്രമത്തിൽ അടങ്ങിയിരിക്കേണ്ട സാധനങ്ങളിൽ വല്ലതിന്റേയും ഏതു കുറവ്, അല്ലെങ്കിൽ അവയിൽ വല്ലതിലുമോ അവ കൊണ്ടുണ്ടാക്കപ്പെട്ടിട്ടുള്ള വല്ലതിലുമോ അന്യപദാർത്ഥത്തിന്റേയൊ കവലപ്പത്തിന്റെ ആനുപാതത്തിന്റേയോ ഏതു കൂട്ടുതൽ, ഈ ക്ഷേണപദാർത്ഥങ്ങളേ ഈ റഗ്ലേഷന്റെ ആവശ്യത്തിലേയ്ക്കു്, മായപ്രകാരത്തിൽ തെളിയിക്കപ്പെടുന്നതുവരെ, ഗുണമായിട്ടുള്ളതല്ലെന്നോ ആരോഗ്യത്തിനു ഹാനികരമായിട്ടുള്ളതാണെന്നോ ഊഹം ജനിപ്പിക്കുമെന്നു നിശ്ചയിക്കുന്നതും;

(എച്ച്) പൊതുജനാരോഗ്യത്തെ ഉദ്ദേശിച്ചു്,

(i) വല്ല ക്ഷേണപദാർത്ഥത്തിലും വെള്ളമൊ മറ്റു ദ്രവപദാർത്ഥമൊ അപദ്രവ്യമൊ കൂട്ടിച്ചേർക്കുക;

(ii) വല്ല ക്ഷേണപദാർത്ഥത്തിലുംനിന്നു് അതിൽ ചേർന്നിട്ടുള്ള വല്ല സാധനങ്ങളേയും പേർതിരിച്ചെടുക്കുക;

(iii) അപ്രകാരം കൂട്ടിച്ചേർക്കപ്പെട്ടതും അപ്രകാരം പേർതിരിക്കപ്പെട്ടതും ആയതൊ മറ്റുപ്രകാരത്തിൽ കൃത്രിമമായി രൂപമാറ്റപ്പെട്ടതൊ ആയ വല്ല ക്ഷേണപദാർത്ഥങ്ങളേയും വിലക്കുക;

ഇവയെ നിരോധിക്കുന്നതിനൊ ക്രമപ്പെടുത്തുന്നതിനൊ ഉള്ളതു്,

(കെ) ഉണക്കിയതൊ, കട്ടിയാക്കിയതൊ, പാടമാറ്റിയതൊ, പേർതിരിക്കപ്പെട്ടതൊ ആയ പാൽ വച്ചിരിക്കുന്ന വല്ല പാത്രത്തിലും ലേബൽ ഒട്ടിക്കുകയൊ അടയാളപ്പെടുത്തുകയൊ ചെയ്യേണ്ട രീതിയെ നിശ്ചയിക്കുന്നതും;

(കെ) ഈ റഗ്ലേഷൻപ്രകാരമുള്ള അപഗ്രഥനത്തിന്റെ ആവശ്യത്തിലേക്കു വല്ല ക്ഷേണപദാർത്ഥത്തിന്റേയും മാതൃകകൾ കൊണ്ടുപോകുന്നവരെ, ആ മാതൃകയെ അപഗ്രഥനം ചെയ്യുന്നതിനു യോജ്യമായ സ്ഥിതിയിൽ സൂക്ഷിക്കുന്നതിലേക്കു ഈ പ്രകാരമുള്ള മാതൃകയോടു രക്ഷകസാധനങ്ങളെ കൂട്ടിച്ചേർക്കുന്നതിനു് അധികാരപ്പെടുത്തുന്നതും അപ്രകാരമുള്ള രക്ഷകസാധനങ്ങളുടെ സ്വഭാവത്തേയും അവയെ കൂട്ടിച്ചേർക്കുന്നവിധത്തേയും നിയന്ത്രിക്കുന്നതും,

ആയ ചട്ടങ്ങളെ ഉണ്ടാക്കാവുന്നതാണു്,

(ന) ചട്ടങ്ങൾ ഉണ്ടാക്കുന്നതിൽ വല്ല ചട്ടത്തേയും ലംഘിക്കുന്ന ആളുകുറ്റസ്ഥാപനത്തിനു ഒരു നൂറു രൂപയിൽ കവിയാതേയും പിന്നീടുള്ള വല്ല കുറ്റസ്ഥാപനത്തിനും അഞ്ഞൂറുരൂപയിൽ കവിയാതേയും പിഴശിക്ഷ വിധിക്കേണ്ടതാണെന്നു നമ്മുടെ ഗവണ്മെന്റ നിർദ്ദേശിക്കാവുന്നതാണു്.

ഉപചട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള പ്രാദേശികാധികാരികളുടെ അധികാരം.

൬. ഈ റഗ്ലേഷൻ വ്യാപിച്ചിരിക്കുന്ന വല്ല പ്രദേശത്തിന്റേയും നിയന്ത്രണാധികാരം വഹിക്കുന്ന ഓരോ പ്രാദേശികാധികാരിക്കും അപ്രകാരമുള്ള പ്രാദേശികാധികാരിയെ ഫ്ലർപ്പെടുത്തിയിട്ടുള്ള വല്ല റഗ്ലേഷനുമുണ്ടെങ്കിൽ ആ റഗ്ലേഷനിലെ ഉപചട്ടങ്ങളുണ്ടാക്കുന്നതുസംബന്ധിച്ചുള്ള വ്യവസ്ഥകളനുസരിച്ചു ഈ റഗ്ലേഷനൊ ഈ റഗ്ലേഷനെറ എല്ലാ ആവശ്യങ്ങൾക്കുംവേണ്ടി അതനുസരിച്ചു ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങൾക്കൊ അതനുസർണ്ണമല്ലാതേയും പ്രത്യേകിച്ചു ഇതിനാൽ നൽകപ്പെട്ട അധികാരത്തിന്റെ സാമാന്യതയ്ക്കു ഹാനി വരിക്കാതേയും അന്യപദാർത്ഥങ്ങൾ കൂട്ടിച്ചേർത്തിട്ടുള്ളതൊ ഉദ്ദേശിക്കപ്പെട്ടകയൊ സൂചിപ്പിക്കപ്പെടുകയൊ ചെയ്യുന്നതല്ലാത്തതൊ ആയ ക്ഷേണപദാർത്ഥങ്ങളെ വിപ്പനത്തിന് ഉണ്ടാക്കുകയൊ തയ്യാറാക്കുകയൊ വിപ്പനത്തിനു വയ്ക്കുയൊ കൊണ്ടുനടക്കുകയൊ വിലക്കുകയൊ ചെയ്യുന്നതിനെ നിരോധിക്കുന്നതിനും അപ്രകാരമുള്ള സാധനങ്ങളെ വിലക്കാനായി വയ്ക്കുയൊ ശേഖരിക്കുയൊ കെട്ടിവയ്ക്കുയൊ വൃത്തിയാക്കുകയൊ ഉണ്ടാക്കുകയൊ തയ്യാറാക്കുകയൊ വിലക്കുന്നതിനുവേണ്ടിയൊ കൊണ്ടുനടക്കുകയൊ വിലക്കുകയൊ ചെയ്യുന്ന സ്ഥലങ്ങളെ പരിശോധിക്കുന്നതിനും നിയന്ത്രിക്കുന്നതിനും വേണ്ടിയുള്ള ഉപചട്ടങ്ങളെ ഉണ്ടാക്കാവുന്നതാണു.

ഈ റഗ്ലേഷൻ പ്രാദേശികാധികാരികളുടെ നിയമത്തിനു പൂർണ്ണമായും കൂട്ടുതലായുള്ളതാണു്.

൭. ഈ റഗ്ലേഷനിലെ ൫ മുതൽ ൬ വരെ വകുപ്പുകളിലെ വ്യവസ്ഥകളെ സംബന്ധപ്പെട്ട പ്രാദേശികാധികാരിയെ വല്ല റഗ്ലേഷനും അനുസരിച്ചു ഫ്ലർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ആ റഗ്ലേഷനിലെ കൂട്ടുതൽ ഭാഗമായി വായിക്കേണ്ടതാണു്.

മുൻസിപ്പൽ റഗ്ലേഷനിലെ ഒരു വ്യവസ്ഥ റദ്ദാക്കൽ.

൮. [illegible] തിരുവിതാംകൂർ മുൻസിപ്പൽറഗ്ലേഷനിലെ [illegible] വകുപ്പു് ഇതിനാൽ റദ്ദു ചെയ്യപ്പെട്ടിരിക്കുന്നു.

പട്ടിക.

സർട്ടിഫിക്കെറിന്റെ ഫാറം.

....*ക്ക്

....ത്തെ പബ്ലിക്ക് അനലിസ്റ്റായ ഞാൻ കൈയൊപ്പിട്ടിരിക്കുന്ന എനിയ്ക്ക കൻ..... .... മാസം..... -ാംനു- ..... ദിവസം..... ..... കൻറ ഒരു

മാതൃക (അങ്കിത അപ്പോഴം..... തുക്കം ഉണ്ടായിരുന്നു) അപഗ്രഥനത്തിനായി കിട്ടുകയും അതിനെ അപഗ്രഥനംചെയ്യുകയും ചെയ്തിരിക്കുന്നു എന്ന് ഞാൻ ഇതിനാൽ സാക്ഷ്യപ്പെടുത്തുകയും എന്റെ അപഗ്രഥനത്തിന്റെ ഫലം താഴെ പറയും പ്രകാരമാണെന്ന പ്രഖ്യാപനംചെയ്യുകയും ചെയ്യുന്നു:—അയ ഗുലമായ കൻറ ഒരു മാതൃകയാണെന്നു ഞാൻ അഭിപ്രായപ്പെടുന്നു;

അല്ലെങ്കിൽ,

പ്രസ്തുത മാതൃകയിൽ താഴെ പറയുംപ്രകാരമുള്ള ദോഷങ്ങളും അതല്ലെങ്കിൽ താഴെ പറയുംപ്രകാരമുള്ള അന്യപദാർത്ഥങ്ങളുടെ ശരാശനങ്ങളും അടങ്ങിയിട്ടുണ്ടെന്നു ഞാൻ അഭിപ്രായപ്പെടുന്നു:—

അഭിപ്രായങ്ങൾ.

കൻ മാസം —ാംനു- ആയ ഇന്നു ഒപ്പിട്ടിരിക്കുന്നു.

സ്ഥലം, എ. ബി.

* ഈ പഗ്രഥനത്തിനായി സാധനം അയക്കുന്ന ഉദ്യോഗസ്ഥന്റെ പേരു ഇവിടെ ചേർക്കണം.

† മാതൃക നടുക്കുന്ന ഉദ്യോഗസ്ഥന്റെ പേരു ഇവിടെ ചേർക്കണം.

‡ മാതൃക യഥാർത്ഥമായും മേലിൽ പറയുന്ന ഏതു വകുപ്പിൽപ്പെടുന്നതാണെന്നും കണ്ടുപിടിയ്ക്കുവാൻ കഴിയുന്നതുവരെ ഈ ഭാഗം വെട്ടിക്കളയണം.

§ സാധനം സൌകര്യമായി തൂക്കുവാൻ കഴിയാത്തപ്പോൾ ഈ വാചകം മാതൃകയുടെ കണ്ടെയിനറിൽ പതിച്ചിരിക്കുന്ന സ്ഥലത്തു തന്നെ ചേർക്കാതിരിക്കുകയും ചെയ്യാവുന്നതാണ്.

വല്ലതും കൂട്ടിച്ചേർത്തിട്ടുണ്ടെങ്കിൽ അതു സാധനം കേടിക്കുകയോ ക്കുന്നതിനോ അപചയപ്പെടുത്തുന്നതിനോ കേടുവരാതെ സൂക്ഷിക്കുന്നതിനോ അതിന്റെ ശ്രേഷ്ഠതയെ നന്നാക്കുന്നതിനോ ആയിട്ടോ അതോ ഒഴിവുകൂടാൻ പാടില്ലാത്തതുകൊണ്ടോ ആയിരുന്നു എന്നതിനെപ്പറ്റിയുള്ള തന്റെ അഭിപ്രായം അനലിസ്റ്റിനു യുക്തംപോലെ ചേർക്കുകയും അതു സാധാരണയിൽ കവിഞ്ഞതോ മറ്റുപ്രകാരത്തിലൊ ആയിരുന്നുവെങ്കിൽ കൂട്ടിച്ചേർത്ത പദാർത്ഥങ്ങളുടെ സാധനങ്ങളുടെ ആരോഗ്യത്തിനഹാനികരമോ അല്ലയോ എന്നോ പറയുകയും ചെയ്യാവുന്നതാണ്.

പ്രത്യേക പദാർത്ഥങ്ങളായി അടുക്കി വേർതിരിയാൻ ഇടയുള്ള പാൽ, വെണ്ണ, തൈര്, മോര്, നെയ്യ് ഇവയൊ മറ്റു വല്ല പദാർത്ഥമൊ സംബന്ധിച്ചു സർട്ടിഫിക്കറിന്റെ കായ്യത്തിൽ ആ പദാർത്ഥത്തിന്റെ ചേരുവയിൽ അപഗ്രഥനത്തിനു ബാധകമാകത്തക്ക വല്ല മാറ്റവും സംഭവിച്ചിട്ടുണ്ടായിരുന്നൊ എന്നു അനലിസ്റ്റ് പ്രത്യേകമായി റിപ്പോർട്ടു ചെയ്യേണ്ടതാണ്.

ഹുജൂർകച്ചേരി, തിരുവനന്തപുരം,
കൻനാ൦ നവംബർ വ൯-ാം-

പി. എൻ. കൃഷ്ണപിള്ള.
നിയമസാമാജികക്കാര്യദർശി.

അനുബന്ധം V.

തിരുവിതാംകോട്ട നിയമസഭ.

തിരുവിതാംകോട്ട നിയമസഭവക നമ്പർ ാം നമ്പർ സ്ഥിരമുത്തരവിൻപ്രകാരം കൊ൦ാമാണ്ടത്തെ വൃശ്ചികമാസത്തിലെ ാം ാംനു- ാം വകുപ്പിൽപ്പെടുന്നതായി കണ്ടുപിടിയ്ക്കപ്പെട്ടിരിക്കുന്ന പട്ടികയിലെ ൯-ാം ഇത്തരവിലെ ൪ (ക)-ാം ചട്ടത്തിലെ സിവിൽ നടപടി നിയമത്തിനോടു അനുബന്ധിച്ചിരിക്കുന്ന പട്ടികയിലെ ൯-ാം ഉത്തരവിലെ ൪ (ക)-ാം ചട്ടത്തിലെ സിവിൽ നടപടി നിയമം ൧൪-ാം വകുപ്പിൻപ്രകാരം തഹശീൽദാർമാരുടെ കോടതിയിലേയ്ക്കു

യതിനെ ജനങ്ങളുടെ അറിവിനായി പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു. ഭേദഗതിപ്പെടുത്തിയ ചട്ടത്തെ സിവിൽ നടപടി നിയമം ൧൪-ാം വകുപ്പിൻപ്രകാരം നിയമസഭയിൽ സമർപ്പിക്കുന്നതാകുന്നു.

"൪ (൧) പ്രതിഭാഗം പല പ്രതികളുമുള്ളതിൽ ഒരാൾക്കോ ഒരു വക്കീൽ അയക്കയും ആയതു നടത്തുന്നതിനെ മടങ്ങി വരികയും ചെയ്തതിന്റെ ശേഷം ഉത്തരവുനടത്തുന്ന ഉദ്യോഗസ്ഥന്മാർ മടക്കി കൊണ്ടുവരുന്നതു സാധാരണമായി കോടതിയിലേക്ക സാക്ഷ്യബോധപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ കോടതിയിലേക്ക മടക്കി അയച്ച തീയതി മുതൽ മൂന്നു മാസത്തേക്കു വാദി ഒരു പുതിയ സമൻ അയക്കാൻ അപേക്ഷിക്കുന്നതിനു വീഴ്ചവരുത്തുമ്പോൾ, വാദി ആ കാലത്തിനകം.

(൨) സമൻ നടത്തപ്പെട്ടിട്ടില്ലാത്ത പ്രതിയുടെ വാസസ്ഥലം കണ്ടുപിടിക്കാൻ തന്നാലാകുന്ന പ്രയത്നങ്ങളെല്ലാം ചെയ്തിട്ടും സാധിച്ചിട്ടില്ലെന്നോ

(ബി) ആ പ്രതി സമൻ തന്റെ മേൽ നടത്തുന്നതെ കഴിപ്പാനായി മാറിക്കളയുന്നുവെന്നോ

(സി) സമയം നീട്ടുന്നതിനു തക്കതായ മറ്റേതെങ്കിലും കാരണമുണ്ടെന്നോ

കോടതിയെ ബോധ്യപ്പെടുത്തിയിട്ടില്ലാത്തപക്ഷം, കോടതി ആ പ്രതിയെ സംബന്ധിച്ചിടത്തോളം ആ വ്യവഹാരം തള്ളിയിരിക്കുന്നുവെന്ന ഒരുത്തരവുകൊടുക്കേണ്ടതും, മേൽപറഞ്ഞതുപോലെ ബോധ്യപ്പെടുത്തുന്ന സംഗതികളിൽ അപ്പീൽകാരനുള്ള അപേക്ഷ ബോധിപ്പിക്കുന്നതിനുള്ള സമയം കോടതിക്കു യുക്തമെന്നു തോന്നുന്ന കാലത്തേക്കു നീട്ടിക്കൊടുക്കാവുന്നതുമാകുന്നു.

ഹജൂർക്കച്ചേരി,
തിരുവനന്തപുരം
൧൯൰ നവമ്പർ ൨൨-ാംന-

പി. എൻ. കൃഷ്ണപിള്ള,
നിയമസഭാസെക്രട്ടറി

അനുബന്ധം VI.

കരം പിരിവു റഗുലേഷൻ ഭേദഗതി ബിൽ.

൧൯൨൰-ാമാണ്ടത്തെ കരം പിരിവു റഗുലേഷനെ വീണ്ടും ഭേദപ്പെടുത്തുന്നതിനുള്ള ഒരുബില്ല്.

൧൯൨൫-ലെ ൧൰-ം ൧൯൨൭-ലെ ൨-ം ൧൯൨൯-ലെ ൧൦-ം റഗുലേഷനുകളാൽ ഭേദപ്പെടുത്തപ്പെട്ട ൧൯൨൨-ാമാണ്ടത്തെ ൧൫-ം റഗുലേഷനായ കരം പിരിവു റഗുലേഷനെ താഴെ കാണുന്ന ആവശ്യത്തിനായി വീണ്ടും ഭേദപ്പെടുത്തുന്നതു യുക്തമായിരിക്കകൊണ്ടു്,

ഇതിനാൽ നിയമപ്പെടുത്തുന്നതെന്തെന്നാൽ:—

൧. ഈ റഗുലേഷനെ ൧൯൩ -ാമാണ്ടത്തെ കരംപിരിവു (ഭേദഗതി) റഗുലേഷൻ എന്നു വിളിക്കാവുന്നതാകുന്നു.

൨. ൧൯൨൫-ലെ ൧൰-ം ൧൯൨൭-ലെ ൨-ം ൧൯൨൯-ലെ ൧൦-ം റഗുലേഷനുകളാൽ ഭേദപ്പെടുത്തപ്പെട്ട ൧൯൨൨-ാമാണ്ടത്തെ ൧൫-ം റഗുലേഷനായ കരം പിരിവു റഗുലേഷനിലെ ൪൨-ാം വകുപ്പിൽ താഴെ കൊടുത്തിട്ടുള്ളതു് ഒരു വിവരണമായി ചേർക്കേണ്ടതാകുന്നു, അതായതു്:—

ഭേദഗതി.

"വിവരണം:... ഈ വകുപ്പിന്റെ ആവശ്യങ്ങൾക്കായി "ഉദ്യോഗസ്ഥൻ" എന്ന പദത്തിൽ ഏതെങ്കിലും സർക്കാർ കരമോ ഏതെങ്കിലും പ്രാദേശികാധികാരിക്കു ചെല്ലേണ്ടതായ തുകകളോ പിരിക്കുന്നതിനായിനിയമിക്കപ്പെട്ടിട്ടുള്ളതൊ, ഏർപ്പെട്ടിരിക്കുന്നതൊ, ചുമതലപ്പെട്ടിട്ടുള്ളതൊ ആയ എല്ലാ ആളുകളും, നമ്മുടെ ഗവണ്മെന്റിന്റെ എല്ലാ ഉദ്യോഗസ്ഥന്മാരും, ഒരു മുനിസിപ്പാലിറ്റിയിലെ എല്ലാ ഉദ്യോഗസ്ഥന്മാരും ഉൾപ്പെടുന്നതാകുന്നു."

പി. എൻ. കൃഷ്ണപിള്ള,
നിയമസഭാസെക്രട്ടറി.

(A True Translation.)

T. Ramalingam Pillai,
Head Translator to Government.

തിരുവിതാംകൂർ നിയമസഭ.

മൂന്നാമതെത്തെയോഗം

ഫ്രാന്സു-ലെ ഒന്നാമത്തെ സമ്മേളനം

(അഫിക്യൽറിപ്പോർട്ട്)

ഫ്രന്സം ഡിസംബർ ഫ്രാം തീയതിക്ക് ഫ്രാന്സു ധന രണ്ടാം തീയതി ബുധനാഴ്ച സഭാ വിക്ടോറിയാ ജൂബിലിടൗൺഹാളിൽവെച്ച് മണി ഫ്രാ അരിച്ച് സം മിന്നിട്ടായപ്പോൾ കൂടി. പ്രസിഡൻറ് അദ്ധ്യക്ഷസ്ഥാനം സ്വീകരിച്ചു.

താഴെപറയുന്ന സാമാജികന്മാർ ഹാജരില്ലായിരുന്നു: —

മി: എൽ. എ. ലാംപോർഡ്.

മി: കെ. മാധവൻ

മി: എസ്സ് പിറവിപ്പുരമഠം പിള്ള

ചോദ്യങ്ങളും ഉത്തരങ്ങളും

ക്ലൂറേറർഷേവരിക്കയും പ്രസിദ്ധം ചെയ്യുകയും ചെയ്തിട്ടുള്ള ഗ്രന്ഥങ്ങളെസംബന്ധിച്ചുള്ള വിവരങ്ങൾ

ഫ്രാ. മി: എ. സി. കുഞ്ഞുക്കോസ് (മീനച്ചിലും മേധികളവും): ക്ലൂറേറരുടെ ഡിപ്പാർട്ടുമെൻറിൽ നിന്ന് ശേഖരിക്കയും പ്രസിദ്ധം ചെയ്യുകയും ചെയ്തിട്ടുള്ള അപൂർവമായ ഗ്രന്ഥങ്ങളുടെയും അവയിൽ സംസ്ഥാനത്തിന് പുറത്തിൽ പ്രസിദ്ധം ചെയ്യുന്നതിനായി കൊടുത്തിട്ടുള്ളവയുടേയും, പ്രസിദ്ധം ചെയ്യുന്നതിനു ഇപ്പോൾ തയ്യാർ ആയിട്ടുള്ളവയുടേയും പേരുകളുടെ ഒരു പട്ടിക മേശമേൽ വയ്ക്കുന്നതിന് ഗവണ്മെൻറിനു മയവുണ്ടാകുമോ?

മി: കെ. ജാക്ക് (ഗവണ്മെൻറ് ചീഫ് സെക്രട്ടറി): ഈ ഡിപ്പാർട്ടുമെൻറിൽനിന്നും ശേഖരിക്കയും പ്രസിദ്ധപ്പെടുത്തുകയും ചെയ്തിട്ടുള്ള സംസ്കൃതമൂലഗ്രന്ഥങ്ങളുടെ പട്ടികകളും, ഇതേവരെ പ്രസിദ്ധം ചെയ്തിട്ടുള്ള മലയാളമൂലഗ്രന്ഥങ്ങളുടെ ഒരു പട്ടിയും നിയമസഭാസെക്രട്ടറിയുടെ ആഫീസിൽ ഉണ്ട്. അവിടെ ചെന്നു ഈ പട്ടികകൾ നോക്കാവുന്നതാണ്. ഈ പട്ടികകൾപ്പോലും വലിപ്പമുള്ളവയാണ്. അതിനാൽ അവയെയെല്ലാംപുറത്തു കൊണ്ടുപോകുന്നതിന് നിവൃത്തിയില്ലാ. ക്ലൂറേറർ ശേഖരിച്ചിട്ടുള്ള മലയാളമൂലഗ്രന്ഥങ്ങളുടെ പട്ടികയെ സംബന്ധിച്ചിടത്തോളം ഫ്രന്സം ജനുവരി മാസത്തിയതിമുതൽ നിയമസഭയുടെ മേശമേൽവച്ചിരിക്കുന്നു. ഫ്രാ (ബി) നമ്പർചോദ്യത്തിന് മറുപടിയിലേക്ക് മെമ്പറിന്റെ ശ്രദ്ധയെ ക്ഷണിച്ചുകൊള്ളുന്നു. (നിയമസഭയുടെ മേടപടികളിൽ ഫ്രന്സം വാല്യം, മാം നമ്പർ സൽവ-മത്തെ പുറംനോക്കുക.) അതിനുശേഷം ശേഖരിക്കപ്പെട്ടിട്ടുള്ളമലയാളമൂലഗ്രന്ഥങ്ങളുടേ പട്ടികകളും ഇപ്പോൾ പ്രസിദ്ധംചെയ്യുന്നതിന് തയ്യാറായിട്ടുള്ള മലയാളവും സംസ്കൃതവും ഗ്രന്ഥങ്ങളുടെ പട്ടികകളും മേശമേൽവച്ചിരിക്കുന്നു. ഡിപ്പാർട്ടുമെൻറിൽനിന്ന് ശേഖരിച്ചിട്ടുള്ളയാതൊരു ഗ്രന്ഥവും പ്രസിദ്ധംചെയ്യുന്നതിനായി പുറമെയുള്ള യാതൊരാളിനും തരംകൊടുത്തിട്ടില്ല.

കടനാട്ടുള്ള പാലം.

ഫ്രാ. മി: എ. സി. കുഞ്ഞുക്കോസ് (മീനച്ചിലും മേവികളവും) : താഴെപറയുന്ന വിവരങ്ങൾക്ക് മറുപടിനൽകുന്നതിന് ഗവണ്മെൻറിന് മയവുണ്ടാകുമോ?

(എ) കടനാട്-പിഴകുറോഡിൽ കടനാട്ട ഒരു പാലം പണിയിക്കുന്നതിന് ഫ്രാ മ്ര-ൽ ഗവണ്മെൻറ് മ ൭ ൦ ൦-രൂപാ അനുവദിച്ചിട്ടില്ലയോ;

(ബി) (എ) ഭാഗം ചോദ്യത്തിനുള്ള മറുപടി അനുകൂലമായിരുന്നുവെങ്കിൽ ഇതേവരെ (൨-ഫ്രാ-൧൩) പ്രസ്തുതപണി ആരംഭിക്കാതിരിക്കുന്നതിനുള്ള കാരണങ്ങൾ എന്തെല്ലാം?

(സി) ഈ പാലം പണിയിക്കുന്നതിന് ജനങ്ങൾ ഇരുപതുകൊല്ലങ്ങളായി മുറവിളിക്കൂട്ടുകയും പ്രസ്തുതകൊയ്ത്തിനായി പണം അനുവദിക്കയും ചെയ്തിരിക്കെ മേൽപ്പറഞ്ഞപണി നടത്താതിരിക്കുന്നതിനുള്ള കാരണങ്ങൾ എന്തെല്ലാം?

മി: പി. കെ. മാധവൻനായർ (അക്ടിംഗ് ഗവണ്മെൻറ്സെക്രട്ടറി): (എ) ഫ്രാ മ്ര-ൽ മ ൭ ൦ ൦-രൂപയുടെ ഒരു അടങ്കൽ അനുവദിച്ചിട്ടുണ്ട്.

(ബി) ഫ്രന്സം-ജനുവരിവരെ ഈ പണിനടത്താത്തതിനുള്ളകാരണം. അതിന് ബഡ്ജറ്റിൽപണം കൊള്ളിച്ചിട്ടില്ല എന്നുള്ളതാണ്.

(സി) പണി ആരംഭിക്കുന്നതിനുള്ളകാരണം പണത്തിന്റെകുറവാകുന്നു.

തിരുവിതാംകൂറിൽ വിഷൂചികയാരംഭിച്ച അവസരത്തിൽ പ്രത്യേകജോലിക്ക് നിയമിക്കപ്പെട്ട ഉദ്യോഗസ്ഥന്മാർക്ക് അലവൻസു നൽകുക

ഫ്രന്സ. മി: എ സി കുഞ്ഞുക്കോസ് (മീനച്ചിലും മേവികളവും) : താഴെപറയുന്ന വിവരങ്ങൾക്കു ഗവണ്മെൻറ് മയപ്പെടുത്തി മറുപടിപറയുമോ?

(എ) തിരുവിതാംകൂറിൽ കഴിഞ്ഞകൊല്ലത്തിൽ (ഫ്രാ മ്ര) വിഷൂചിക ആരംഭിച്ചതു സംബന്ധിച്ച് പ്രത്യേകജോലിയിൽ നിയമിക്കപ്പെട്ടിരുന്ന സാനിട്ടറി ഉദ്യോഗസ്ഥന്മാർ ചെയ്തിട്ടുള്ള ജോലികൾ തൃപ്തികരമാണെന്ന് ഗവണ്മെൻറിനു അഭിപ്രായമുണ്ടോ;

(ബി) അവരുടെ ജോലി തൃപ്തികരമാണെങ്കിൽ അതിന് അവർക്ക് പ്രത്യേകമായിഎന്തെങ്കിലും പണം അനുവദിക്കപ്പെട്ടിട്ടുണ്ടോ;

(സി) ഈ ജോലി സംബന്ധിച്ചു മെഡിക്കൽ ഡിപ്പാർട്ടുമെൻറിലെ ഉദ്യോഗസ്ഥന്മാർക്ക് എന്തെങ്കിലും ട്യൂട്ടിപടി അനുവദിച്ചിട്ടുണ്ടോ;

(ഡി) മെഡിക്കൽ ഉദ്യോഗസ്ഥന്മാർക്ക് അപ്രകാരം പടി അനുവദിച്ചിട്ടുണ്ടെങ്കിൽ പടിനൽകുന്നതിന് മാത്രമായി ഏതുരൂപാ ചിലവായിട്ടുണ്ട്;

(ഇ) തുടങ്ങപ്പെട്ടപ്രത്യേകജോലിയിൽ നിയമിക്കപ്പെട്ടിരുന്ന കാലത്തേയ്ക്ക് സാനിട്ടറി ഉദ്യോഗസ്ഥന്മാർക്ക് കൊടുക്കേണ്ട സഞ്ചാരപ്പടികൾ നൽകപ്പെട്ടിട്ടുണ്ടോ;

(എഫ്) അവരുടെ സഞ്ചാരപ്പടി അപ്രകാരം നൽകപ്പെട്ടിട്ടില്ലെങ്കിൽ ഈ കാര്യത്തിൽ കാലതാമസം നേരിടുന്നതിനുള്ള കാരണമെന്തെല്ലാം;

(ജി) തെക്കിണതിരുവിതാംകൂറിൽ വിഷൂചിക ആരംഭിച്ചതു് സംബന്ധിച്ചു് പ്രത്യേകജോലിയിൽ നിയമിക്കപ്പെട്ടിരുന്ന മെഡിക്കൽ ഉദ്യോഗസ്ഥന്മാർക്കു് ന്യായമായി ചെയ്യേണ്ട അലവൻസു് നൽകപ്പെട്ടിട്ടുണ്ടുള്ളതു് വാസ്തവമാണോ,

(എച്ചു്) ഇപ്രകാരം ഗണിക്കപ്പെട്ടിട്ടുണ്ടെന്നുള്ളതു് വാസ്തവമാണെങ്കിൽ അപ്രകാരം അലവൻസു നൽകിയിട്ടു് ഇപ്പോൾ എത്രകാലമായിരിക്കുന്നു.

മി: പി. എൻ. കുഞ്ഞപിള്ള (ഗവണ്മെൻറു സെക്രട്ടറി): വിഷൂചികസംബന്ധിച്ചു് തെക്കിണതിരുവിതാംകൂറിൽ പ്രത്യേകജോലിയിൽ നിയോഗിക്കപ്പെട്ടിരുന്ന സാനിട്ടറി ഉദ്യോഗസ്ഥന്മാർ ചെയ്തിട്ടുള്ളജോലി തൃപ്തികരമാണെന്നു് ഗവണ്മെൻറു വിചാരിക്കുന്നു.

(ബി) വിഷൂചികസംബന്ധിച്ചു് ചെയ്യേണ്ടജോലിസംബന്ധിച്ചിട്ടു് ഡിപ്പാർട്ടുമെൻറിലെ ഉദ്യോഗസ്ഥന്മാരുമായി ചെയ്യേണ്ടജോലികളിൽ ഭേദമുണ്ടു്. ഈ കാരണം നിമിത്തം പ്രത്യേകമായ അലവൻസു് അവർക്കു് നൽകപ്പെട്ടിട്ടില്ല.

(സി) വിഷൂചികാജോലിസംബന്ധിച്ചു് മെഡിക്കൽഡിപ്പാർട്ടുമെൻറിലെ ഉദ്യോഗസ്ഥന്മാർക്കു് അലവൻസു് നൽകിയിട്ടില്ല.

(ഡി) (സി) ഭാഗം ചോദ്യത്തിനുള്ള മറുപടിനോക്കുന്നപക്ഷം ഈ ചോദ്യത്തിനു് അവകാശമുണ്ടായിരിക്കുന്നില്ല.

(ഇ) പ്രത്യേകജോലിയിൽ നിയമിക്കപ്പെട്ടിരുന്ന സാനിട്ടറി ഉദ്യോഗസ്ഥന്മാർക്കു് ചെയ്യേണ്ടിവരുന്ന അധികജോലിക്കു് ഒരു പ്രത്യേകപടി നൽകിയിട്ടുണ്ടു്.

(എഫ്) (ഇ) ഭാഗം ചോദ്യത്തിനുള്ള മറുപടിനോക്കുന്നപക്ഷം ഈ ചോദ്യം ചോദിക്കുന്നതിനു് അവകാശമുണ്ടായിരിക്കുന്നില്ല.

(ജി) തെക്കിണതിരുവിതാംകൂറിൽ വിഷൂചിക സംബന്ധിച്ചു് പ്രത്യേകജോലിയിൽ നിയമിക്കപ്പെട്ടിരുന്ന മെഡിക്കൽഉദ്യോഗസ്ഥന്മാർക്കു് ചെയ്യുന്നതിനു് അവകാശമുള്ള അലവൻസു് അവർക്കു് നൽകിയിട്ടുണ്ടു്.

(എച്ചു്) ഒരു നിശ്ചിതമാസത്തെ സംബന്ധിച്ചു് ചെയ്യുന്നതിനു് അവകാശമുള്ള പടി അതിനടുത്ത മാസത്തിൽ നൽകിയിട്ടുണ്ടു്.

പാലാഅതിരിൽ ഒരുപാലം പണിയിക്കുക.

൧൭. മി. എ. സി. കുഞ്ഞുക്കോസു് (മീനച്ചിലും—ഭേദികളും). (എ) മകരം വ്യാഴീയതീയതിക്കുടിയ നിയമസഭയിൽ ചോദിച്ചിട്ടുള്ള രണ്ടാംനമ്പർ (ഇ) ഭാഗം ചോദ്യത്തിനു് നൽകിട്ടുള്ള മറുപടിയെ (നിയമസഭാമേടപ്പടികൾ വാല്യം ൪൩-പുറം ൨൨) സംബന്ധിച്ചു് താഴെപ്പറയുന്നവിവരങ്ങൾ പറയുന്നതിനു ഗവണ്മെൻറിനു് ഭേദമുണ്ടാകുമോ?

(എ) പാലാഅതിരിൽ ആദ്യമായിപണിതിടത്തിനുശേഷം ഇതുവരെ ജീർണ്ണം സംഭവിച്ചിട്ടുള്ളതും ആയ പാലത്തിനു് പകരം യോഗ്യമായ ഒരു പാലം അവിടെ പണിയിക്കുന്നതിനു് ആവശ്യപ്പെട്ടിട്ടുള്ളതനുസരിച്ചുള്ള പ്ലാൻ തയ്യാർ ആക്കിയിട്ടുണ്ടു്.

(ബി) (എ) ഭാഗം ചോദ്യത്തിനുള്ള മറുപടി പ്രതികൂലഭാവത്തിലാണെങ്കിൽ അതു് എപ്പോഴേ തയ്യാറാകും.

(സി) മേൽപറഞ്ഞപോലത്തിൻറെ പണി ആരംഭിക്കുന്നതിനു് എത്രകാലം വേണ്ടിവരും.

(ഡി) അടങ്കൽഅനുസരിച്ചു് പാലത്തിനുവേണ്ടിവരുന്ന ചിലവു് എത്ര?

(ഇ) ജീർണ്ണംസംഭവിച്ചിട്ടുള്ള പാലം പൊളിച്ചുമാറ്റിയിട്ടുണ്ടോ?

(എഫ്) (ഇ) ഭാഗം ചോദ്യത്തിനുള്ള മറുപടി അനുകൂലരൂപത്തിലാണെങ്കിൽ അതിനായി എത്രപണം ചിലവയിട്ടുണ്ടു്.

(ജി) പൊളിച്ചിട്ടുള്ള പാലത്തിൻറെ സാമാനങ്ങൾ എപ്രകാരം ഉപയോഗപ്പെടുത്തിയിരിക്കുന്നു.

(എച്ചു്) ഭീതിക്കല്ലുതാഴുകിൽ തന്നെ പണിയിക്കുന്നതിനപേക്ഷിച്ചിട്ടുള്ള കല്ലുമ്മൂർകടവു് പാലത്തിൻറെയും ഈരാറ്റുപേട്ടപാലത്തിൻറെയും പണി മേൽപറഞ്ഞസാമാനങ്ങൾ ഉപയോഗിച്ചു് പൂർത്തിയാക്കാൻ സാധിക്കയില്ലയെന്നു?

(ഐ) അപ്രകാരം ചെയ്യുന്നതിനു് സാധിക്കയില്ലെങ്കിൽ അതിനുള്ള കാരണങ്ങൾ എന്തെല്ലാം?

(ജെ) ഇതിനു് മുകളിൽ (എച്ചു്) ഭാഗം ചോദ്യത്തിൽ നിർദ്ദേശിച്ചിട്ടുള്ള സ്ഥലങ്ങളിൽ പാലങ്ങൾ പണിയിക്കുന്നതിനു് ഗവണ്മെൻറു് ഏതെങ്കിലും വ്യവസ്ഥചെയ്തിട്ടുണ്ടോ?

മി: ടി. കെ. മാധവൻനായർ (ഗവണ്മെൻറുസെക്രട്ടറി): (എ) പാലാഅതിരിൽ ഒരു പാലം പണിയിക്കുന്നതിനു് അടങ്കൽ തയ്യാറാക്കിയിട്ടില്ല.

(ബിയും) (സിയും) (ഡിയും) ഈയ ഉയരത്തിൽ ഒരു പാലംപണിയിക്കുന്നതിനെസംബന്ധിച്ചു് അന്വേഷണം നടത്തുന്നതിനു് ആജ്ഞാപിച്ചിട്ടുണ്ടു്. ഈ അന്വേഷണംപൂർത്തിയായതിനുശേഷം മാത്രമേ പ്ലാനും അടങ്കലും തയ്യാറാക്കുന്നതിനതിവേഗത്തിയുള്ളു.

(ഇ) കേടുസംഭവിച്ചിട്ടുള്ളപാലം പൊളിച്ചുമാറ്റിയിട്ടുണ്ടു്.

(എഫ്) പാലം പൊളിച്ചുമാറ്റുന്നതിനു് ചിലവായിട്ടുള്ള മുഴുവൻ തുകയെയും പറ്റി രേഖപ്പെടുത്തീട്ടില്ല.

(ജി) പാലം പൊളിച്ചതിൽനിന്നു് കിട്ടിയിട്ടുള്ളവയിൽ ഏതാനും സാമഗ്രികളെ മറ്റുപണികൾക്കായി ഉപയോഗപ്പെടുത്തിയിട്ടുണ്ടു്.

(എച്ച്)-ം (ഐ)-ം (ജെ) മേഖം ചോദ്യത്തിനുള്ള മറുപടിനോക്കുന്നപക്ഷം ഈ ചോദ്യങ്ങൾക്ക് ചോദിക്കുന്നതിന് അവകാശമില്ലാതിരിക്കുന്നു.

(കെ, (എൽ) മാഗം ചോദ്യത്തിൽ നിർദ്ദേശിച്ചിട്ടുള്ള സ്ഥലങ്ങളിൽ പാലങ്ങൾ കെട്ടുന്നതിന് യാതൊരു വ്യവസ്ഥയും ചെയ്തിട്ടില്ല.

മി: എ. സി. കുഞ്ഞാക്കോസ് (മീനച്ചിലും-ദേവികുളവും): കടനാട്ടുപാലത്തിന് ക്ഷ ം രൂപ മാത്രം രൂ, ൭ ൦ ൦ രൂപാക്ക് എസ്റ്റിമേറ് അനുവദിച്ചിട്ട ഇതുവരെ ആയിട്ടും ബഡ്ജറ്റിൽ ചേർക്കാതെ ഇരിക്കുന്നതിന് പണം ഇല്ലാഞ്ഞതാണ് കാരണം എന്ന പറഞ്ഞു. ഈ പാലത്തെ സംബന്ധിച്ചുള്ളവേലയ്ക്ക് പണം ഇല്ലാഞ്ഞോ അതല്ലാ ഈ ഡിപ്പാർട്ടുമെൻറിൽ തന്നെ പണം ഇല്ല എന്നോ, എന്താണ് ഇതിൽ നിന്ന് മനസ്സിലാക്കേണ്ടത്.

മി: ടി. കെ. മാധവൻനായർ (അസ്സിംഗ്ഗവണ്മെൻറ്കസക്രട്ടറി): ഈ പാലത്തെ സംബന്ധിച്ചുള്ള വേലകൾക്ക് പണം ഇല്ലാഞ്ഞിട്ടല്ല.

മി: എ. സി, കുഞ്ഞാക്കോസ് (മീനച്ചിലും-ദേവികുളവും): മീനച്ചിൽതാലൂക്കിലേക്ക് ധാരാളം പണം നീക്കിവച്ചിട്ടുകൊണ്ടാണോ ഈ വേലകൾക്ക് പണം ഇല്ലാതെപോയത്?

മി. ടി. കെ. മാധവൻനായർ (അസ്സിംഗ് ഗവണ്മെൻറ് സെക്രട്ടറി): അങ്ങനെ താരതമ്യപ്പെടുത്തി നോക്കുകയുണ്ടായില്ല.

മി: എ. സി. കുഞ്ഞാക്കോസ് (മീനച്ചിലും-ദേവികുളവും): മീനച്ചിൽതാലൂക്കിലേക്ക് ക്ഷ ം ക്ഷ ന്ന ഈ വർഷങ്ങളിൽ പൊതുമരാമത്തിന് വേലകൾക്ക് അൻവദിച്ചിട്ടുള്ളപണംഇത്രയാണെന്ന പറയാൻ കഴിയുമോ?

മി: ടി. കെ. മാധവൻനായർ (അസ്സിംഗ്ഗവണ്മെൻറ് സെക്രട്ടറി): നോക്കിയാലല പറയാൻനിവർത്തിയുള്ളൂ.

മി: എ. സി. കുഞ്ഞാക്കോസ് (മീനച്ചിലും-ദേവികുളവും): ഈ പാലത്തെസംബന്ധിച്ച് ജനപ്രതിനിധികൾ യഴക്ക് ഇടക്കിയിട്ട് ക ം കൊല്ലംത്തോളമായി എന്ന് അറിയാമോ?

മി: ടി. കെ. മാധവൻനായർ (അസ്സിംഗ്ഗവണ്മെൻറ് സെക്രട്ടറി): കുറെ നിവേദനങ്ങളുള്ളാം വന്നിട്ടുണ്ട്.

മി: എ. സി. കുഞ്ഞാക്കോസ് (മീനച്ചിലും-ദേവികുളവും): ഈ പണിനടത്താൻ കഴിയുന്നതും വേഗത്തിൽ ഗവണ്മെൻറിൽ നിന്നും നടപടിനടത്തുമെന്ന് വിശ്വസിക്കാമോ?

മി. ടി. കെ. മാധവൻ നായർ (അസ്സിംഗ് ഗവണ്മെൻറ് സെക്രട്ടറി): അതിനെപ്പറ്റി ആലോചിക്കാം.

കളള ഉണ്ടാക്കുന്നതിന ചെത്തുവൃക്ഷങ്ങൾക്കളുകൾ.

൧൫. മി: എ. സി. കുഞ്ഞാക്കോസ് (മീനച്ചിലും-ദേവികുളവും): താഴെപ്പറയുന്നചോദ്യങ്ങൾക്ക് ധനമന്ത്രി ദയവുചെയ്ത് മറുപടിപറയുമോ?

(എ) [illegible] ഉണ്ടാക്കുന്നതിനു ചെത്തുന്നവൃക്ഷങ്ങൾക്ക് ഗവണ്മെൻറിനിന്നുവച്ചിട്ടുള്ളകരത്തിൻറെ താരിപ്പ് തിരക്ക് എന്താണ്?

(ബി) കരം ചുമത്തപ്പെട്ടിട്ടുള്ള വൃക്ഷങ്ങളുടെ ഉടമസ്ഥന്മാർക്ക് നൽകേണ്ട പാട്ടത്തുക തിട്ടപ്പെടുത്തുന്നതിനെ സംബന്ധിച്ച് ഏതെങ്കിലും വ്യവസ്ഥചെയ്തിട്ടുണ്ടോ?

(സി) ഇപ്പോൾ (ക്ഷ-൭-൧൯൨-൦) വൃക്ഷങ്ങളെ തങ്ങളുടെ കൈവശത്തിൽ വെയ്ക്കുകയും കള്ള് ഉണ്ടാക്കുകയും ചെയ്യുന്നതിനുള്ള സ്വാതന്ത്ര്യം കണ്ടോക്ടർമാർക്ക് എപ്രകാരമാണ് സിദ്ധിച്ചുവരുന്നത്.

(ഡി) വൃക്ഷങ്ങൾക്ക് തമ്മിലുള്ള അപേക്ഷകളിൽ പറഞ്ഞിട്ടുള്ള ഭൂമികളുടെ സർവ്വെനമ്പരുകൾ ഇപ്രകാരമുള്ള ഭൂമികളുടെ ഉടമസ്ഥന്മാർ എന്ന നിലയിൽ അപേക്ഷകളിൽ ഒപ്പ് വച്ചിട്ടുള്ള അപേക്ഷകന്മാരുടെ പേരിലുള്ള പട്ടയങ്ങളിൽ പറഞ്ഞിരിക്കുന്ന സർവ്വെ നമ്പരുകളുമായി ഒത്തുനോക്കുന്നതിന് ഇപ്പോൾ നടപടിയുണ്ടോ?

(ഇ) ഈ പരിശോധന ഇപ്പോൾ നടപ്പിലില്ലെങ്കിൽ ഒരു അപേക്ഷയിൽ ഒപ്പ് വച്ചിട്ടുള്ളയാൾ ടി അപേക്ഷയിൽ പറഞ്ഞിട്ടുള്ള ഭൂമിയുടെ വാസ്തവത്തിലുള്ള ഉടമസ്ഥനാണോ എന്നുള്ളത് തിട്ടപ്പെടുത്തുന്നതിന് എന്തു വ്യവസ്ഥയാണ് ഇപ്പോൾ ചെയ്തിട്ടുള്ളത്?

(എഫ്) അപേക്ഷകളിൽ പറഞ്ഞിട്ടുള്ള ഉടമസ്ഥന്മാരുടെ വെളിപ്പെടുത്തിയിട്ടില്ലാത്ത ഏതെങ്കിലും അപേക്ഷകളെ ഇപ്പോൾ സ്വീകരിക്കുവരുന്നുണ്ടോ?

മി: ടി. കെ. മാധവൻനായർ (അസ്സിംഗ് ഗവണ്മെൻറ്സിക്രട്ടറി): (എ) കള്ളുണ്ടാക്കുന്നതിനു ചെത്തുവൃക്ഷങ്ങളെ സംബന്ധിച്ച് നടപ്പിലിരിക്കുന്ന നികുതിയുടെ തിരക്ക് താഴെ കൊടുത്തിരിക്കുന്നു.

	രൂപാ.	അണ	പൈസ	
തെങ്ങ്	൧	൦	൦	ഒരുകൊല്ലത്തിൽ
പന	൪	൦	൦	ടി
ചൂണ്ടപ്പന	൧൫	൪	൦	ടി

(ബി) കരം ചുമത്തിട്ടുള്ള വൃക്ഷങ്ങളുടെ ഉടമസ്ഥന്മാക്ക് പാട്ടം നൽകുന്ന കാര്യത്തിൽ യാതൊരുവ്യവസ്ഥയും ചെയ്തിട്ടില്ല.

(സി) ചെത്തുന്നതിനായി തങ്ങൾക്ക് വൃക്ഷങ്ങൾ ലഭിക്കുന്ന കാര്യത്തിൽ കണ്ടോക്ടർമാർ വൃക്ഷങ്ങളുടെ ഉടമസ്ഥന്മാരുമായി സ്വന്തമായ ഏർപ്പാടുകൾ ചെയ്യുവരുന്നു. വൃക്ഷങ്ങൾക്ക് ലൈസൻസ് വാങ്ങുകയും അവയെ അടയാളപ്പെടുത്തുകയും ചെയ്തിനശേഷം മാത്രമാണ് ഈ വൃക്ഷങ്ങൾ ചെത്തി കള്ള് എടുക്കപ്പെടുന്നത്.

(ഡി) വൃക്ഷങ്ങളെ അടിസ്ഥാനപ്പെടുത്തുന്നതിനുള്ള അപേക്ഷകളിൽ പറഞ്ഞിരിക്കുന്ന സ്ഥലവിസ്തൃതിയും അപേക്ഷകളിൽ ഒപ്പിട്ടിട്ടുള്ള അപേക്ഷകന്മാരുടെ പേരിലുള്ള പട്ടയങ്ങളിൽ പറഞ്ഞിരിക്കുന്ന സർവ്വെ നമ്പരുകളും തമ്മിൽ ഒത്തുനോക്കുന്ന പതിവില്ല.

(ഇ) അപേക്ഷകളിൽ വെച്ചിട്ടുള്ള ഒപ്പുകൾ ശരിയായിട്ടുള്ളവയാണെന്ന് അനുമാനിച്ചുവരുന്നു. അപേക്ഷകളുടെ കായ്ത്തിൽ തർക്കങ്ങൾ ഉണ്ടാകുകയോ അല്ലെങ്കിൽ വൃക്ഷങ്ങൾ വെട്ടുന്നതിനുള്ള സമ്മതം പിൻവലിക്കപ്പെടുകയോ ചെയ്യുന്ന അവസരങ്ങളിൽ ഡിപ്പാർട്ടുമെന്റിലുള്ള ഉദ്യോഗസ്ഥന്മാർ വൃക്ഷങ്ങൾക്കു നമ്പരിടുന്നതല്ല.

(എഫ്) വൃക്ഷങ്ങളുടെ ഉടമസ്ഥന്മാരുടെ പേരും രേഖപ്പെടുത്തിയിട്ടില്ലാത്ത അപേക്ഷകൾ പരിഗണിച്ചുവരുന്നില്ല.

കൂലിവേലക്കാരുടെ സ്ഥിതിയെ സംബന്ധിച്ച് ഉള്ള അന്വേഷണം.

ശ്രീ. പി. എസ്സ്. മുഹമ്മദ് (നിയമിക്കപ്പെട്ട മെമ്പർ): (എ) താഴെപ്പറയുന്ന വിവരങ്ങളെ അടിസ്ഥാനപ്പെടുത്തി തിരുവിതാംകൂറിലെ കൂലിവേലചെയ്യുന്ന വർഗ്ഗങ്ങളുടെ സ്ഥിതിയെ സംബന്ധിച്ച് എപ്പോഴെങ്കിലും അന്വേഷണം നടത്തിയ ഉദ്ദേശം എന്ന് ഗവണ്മെന്റ് ദയവുചെയ്തു പറയുമോ?

(എ) കൂലിവേലക്കാരും അവരുടെ മുതലാളിമാരും തമ്മിലുള്ള ബന്ധം സൌഹാർദ്ദമായിട്ടുള്ള ഒന്ന് ആണെന്നോ, അല്ലെന്നോ പറയുമോ?

(ബി) കൂലിവേലക്കാർ ചെയ്യുന്ന ജോലിക്ക് അനുസരണമായ പ്രതിഫലം അവർക്ക് ലഭിച്ചുവരുന്നുണ്ടോ?

(സി) കൂലിവേലക്കാരുടെ സാമ്പത്തികവും ആരോഗ്യപരവും ആയിട്ടുള്ള സ്ഥിതികൾ ഉത്തമമായും ശരിയായും ഇരിക്കുന്നുണ്ടോ?

(ഡി) അവർക്ക് ശരിയായ വിദ്യാഭ്യാസവും മതപരിജ്ഞാനസഹായവും ലഭിച്ചുവരുന്നുണ്ടോ?

(ഇ) കൂലിവേലചെയ്യുന്ന സ്ത്രീകളുടെയും അവരുടെ കുട്ടികളുടെയും സ്ഥിതി എന്ത്?

(എഫ്) സ്ത്രീകളുടെയും അവരുടെ കുട്ടികളുടെയും ആവശ്യങ്ങൾക്കായി വ്യവസായശാലകളിലും മറ്റപ്പുവത്തനസ്ഥലങ്ങളിലും ഏതെങ്കിലും പ്രത്യേകസൌകര്യങ്ങളും വ്യവസ്ഥകളും ഏർപ്പെടുത്തിയിട്ടുണ്ടോ?

(ഗ) ഏതെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടെങ്കിൽ അപ്രകാരം നടത്തിയിട്ടുള്ള അന്വേഷണങ്ങളുടെ ഫലത്തെ സംബന്ധിച്ച് ഒരു പട്ടിക മേശമേൽവയ്ക്കുന്നതിനു ഗവണ്മെന്റിന് ദയവുണ്ടാകുമോ?

ശ്രീ. ടി. കെ. മാധവൻനായർ (ഗവണ്മെന്റ് അണ്ടർസെക്രട്ടറി): (എ) തിരുവിതാംകൂറിൽ കൂലിവേലചെയ്യുന്ന ആളുകളുടെ സ്ഥിതിയെ സംബന്ധിച്ച് അന്വേഷണം നടത്തപ്പെട്ടിട്ടില്ല.

(ബ) ഒന്നാംഭാഗം ചോദ്യത്തിനുള്ള മറുപടിയെ സംബന്ധിച്ചിടത്തോളം ഈ ചോദ്യം ചോദിക്കുന്നതിന് അവകാശമുണ്ടായിരിക്കുന്നില്ല.

വിദ്യാഭ്യാസഡിപ്പാർട്ടുമെന്റിലുള്ള ഇതരഉദ്യോഗസ്ഥർ ഇല്ലാത്ത അദ്ധ്യാപകന്മാർ.

ഡോ. ശ്രീ. രേവതിനാഥ രുദ്രവർമ്മരാജാ (ഇടവക): കന്നി ൦ ൫ കൊല്ലവർഷത്തിൽ കൂടിയ നിയമസഭായോഗത്തിൽ ചോദിച്ചിട്ടുള്ള ഡി. ൦൭൦ാം നമ്പർ ചോദ്യത്തിന് നൽകീട്ടുള്ള മറുപടി, ൪൦൭/ഡി.വി൦ ശ്രീപത്മനാഭപുരത്തിൽ പരിശീലനം സിദ്ധിച്ചിട്ടുള്ള ഇൻഡർമീഡിയറ്റ് കാറ്റഗറിയിലെ ഒരു അദ്ധ്യാപകൻ ഉണ്ടെന്നുള്ളതാണ്. (നിയമസഭാമേശപടികയിൽ വച്ചിരിക്കുന്നു) ഈ മറുപടിയെ അടിസ്ഥാനപ്പെടുത്തി താഴെപറയുന്ന ചോദ്യങ്ങൾക്ക് ദയവുചെയ്ത് മറുപടി പറയുമോ?

(എ) ഒരാൾക്കുമാത്രം സ്കൂളിൽ അദ്ധ്യാപകനായിരിക്കുന്നതിനുള്ള കാരണമെന്ത്?

(ബി) പരിശീലനം സിദ്ധിച്ചിട്ടുള്ള എച്ച്. ഡി. കാറ്റഗറിയിലുള്ള മറ്റുള്ളവരെ സംബന്ധിച്ചിടത്തോളം ഒരാൾക്ക് ൭൫—൧൫൦ എന്നുള്ള ശമ്പളനിരക്കിൽ അദ്ധ്യാപകനായി നിയമിക്കുന്നതിനുള്ള കാരണമെന്ത്?

ശ്രീ. കെ. ജോർജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): (എ) ഒരാൾക്കുമാത്രം സ്കൂളിൽ നൽകുന്നതിനുള്ള കാരണം ആ അദ്ധ്യാപിക ഒരു സ്ത്രീ ആയതുകൊണ്ടാണ്.

(ബി) പരിശീലനം സിദ്ധിച്ചിട്ടുള്ള എച്ച്. ഡി. കാറ്റഗറിയിൽ ഒരാളിന് ൭൫ രൂപാ മുതൽ ൧൫൦ രൂപാവരെ ഉള്ള സ്കെയിലിൽ അദ്ധ്യാപകനായി നിയമിച്ചിട്ടുണ്ട്. ഇത് ഒരു സ്ത്രീയാണ്. ഈ അദ്ധ്യാപികയെ ഏകദേശം ൨൫ കൊല്ലത്തെ സർവീസുണ്ട്. ഇത് ദീർഘമായ ഒരു കാലമാണ്. ഈ സ്കെയിലിൽ അദ്ധ്യാപകനായി നിയമിക്കുന്നതിനുള്ള കാരണം ഇതാകുന്നു.

സ്ത്രീകൾക്കായുള്ള രാജകീയകോളേജിലെ തമിഴ് പണ്ഡിത.

൨൫. ശ്രീ. വി. ചെല്ലപ്പിള്ള (തോവാള): താഴെ പറയുന്ന ചോദ്യങ്ങൾക്ക് ഗവണ്മെന്റ് ദയവുചെയ്ത് മറുപടിപറയുമോ?

(എ) സ്ത്രീകൾക്കായുള്ള രാജകീയകോളേജിൽ ഇപ്പോഴുള്ള അദ്ധ്യാപിക തമിഴ് പണ്ഡിതയോട് തമിഴ് ഭാഷയിൽ ഏതെങ്കിലും പരീക്ഷാവിജയം സമ്പാദിക്കുന്നതിന് ആജ്ഞാപിച്ചിട്ടുണ്ടോ?

(ബി) എ-ഭാഗം ചോദ്യത്തിനുള്ള മറുപടി അനുകൂലമായിട്ടാണെങ്കിൽ ഏത് പരീക്ഷാവിജയം സമ്പാദിക്കുന്നതിന് എന്നു കാലത്തിനിടക്കം അപ്രകാരം ചെയ്യുന്നതിനാണ് ആവശ്യപ്പെട്ടിട്ടുള്ളത്?

(സി) ഏ, ഭാഗം ചോദ്യത്തിനുള്ള മറുപടി പ്രതികൂലമായിട്ടാണെങ്കിൽ, സ്ത്രീകൾക്കായുള്ള രാജകീയകോളേജിൽ ഇപ്പോൾ തമിഴ് പണ്ഡിതയായി ജോലിനോക്കുന്ന അദ്ധ്യാപികയെ പരീക്ഷാപാസാകുന്നതിൽനിന്ന് സർവകലാശാലാ ഒഴിവാക്കുന്നതിന് അസ്സലായ കാരണങ്ങൾ എന്തെല്ലാം.

ശ്രീ. കെ. ജോർജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): (എ) സ്ത്രീകൾക്കായുള്ള രാജകീയകോളേജിൽ ഇപ്പോഴുള്ള തമിഴ് പണ്ഡിതയെ പകരം നിയമിക്കുകയോ ചെയ്തിട്ടുള്ളതല്ല. തമിഴ് ഭാഷയിൽ ഏതെങ്കിലും പരീക്ഷാവിജയം സമ്പാദിക്കുന്നതിന് ഈ അദ്ധ്യാപികയോട് അവശ്യപ്പെട്ടിട്ടില്ല.

(ബി) (എ) ഭാഗംചോദ്യത്തിനനുകൂലമായിട്ടുള്ള മറുപടിനോക്കുന്പക്ഷം, ഈചോദ്യം ചോദിക്കുന്നതിന് അവകാശമുണ്ടായിരിക്കുന്നില്ല.

(സി) തമിഴ് പണ്ഡിതയെപരീക്ഷാപാസാകുന്നതിൽനിന്ന സർവകലാശാലാ ഒഴവാക്കിയിട്ടില്ല. എ ന്നാൽ ഈ അദ്ധ്യാപികയ്ക്കുള്ള യോഗ്യതയെ അടിസ്ഥാനപ്പെടുത്തി അവരുടെ നിയമനത്തെ സർവകലാശാ ല അംഗീകരിക്കയാണ് ചെയ്തിട്ടുള്ളത്.

മൂവാറ്റുപുഴ തട്ടക്കാട്ടുറോഡിൽനിന്ന് പെരുവിണ്ണൂരിലേക്കുള്ളറോഡ്

൨൬. മി: തയ്യുള്ളകുഞ്ഞിത്തൊമ്മൻ (മൂവാറ്റുപുഴയും തൊടുപുഴയും): താഴെപറയുന്ന ചോദ്യങ്ങൾക്ക് മറുപടി പറയുന്നതിനു ഗവണ്മെൻറിനുദ്ദേശമുണ്ടോകുമോ?

(എ) മൂവാറ്റുപുഴതട്ടക്കാട്ട്റോഡിൽനിന്ന നടുക്കാണിവഴിപെരുവിണ്ണൂരിലേക്ക ഒരു റോഡു വെട്ടുന്നതിനു എ ഫ് ഒ ഫണ്ടിൽനിന്നു പണം അനുവദിച്ചിട്ടില്ലയോ?

(ബി) ഇപ്രകാരം ബഡ്ജറ്റിൽനിന്നുള്ള തുക എത്രയാണ്?

(സി) എ ഫ് ഒ-കുന്നി വ ഭാഗംതീയതിവരെ ഈ റോഡ് വെട്ടുന്നതിനെ സംബന്ധിച്ചു ഏതെങ്കിലും വേ ലകൾ നടത്തപ്പെട്ടിട്ടുണ്ടോ?

(ഡി) ഫൻറ് ഓഫ് ചീഫ് എൻജിനീയർ പ്രസ്തുത റോഡ് പരിശോധിക്കയും അതു ഉടനടി പൂർ ത്തിയാക്കേണമെന്നാണെന്ന് അദ്ദേഹത്തിൻറെ സർക്കിൾ ഡയറിയിൽ രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ടോ?

മി: ടി. കെ. മാധവൻനായർ (അസ്സിസ്റ്റിംഗ് ഗവണ്മെൻറ് സിക്രട്ടറി): (എ) മൂവാറ്റുപുഴ തട്ടക്കാട്ട്റോ ഡിൽ നിന്നു നടുക്കാണിവഴി, പെരുവിണ്ണൂരേക്ക ഒരു റോഡുവെട്ടുന്നതിന് എ ഫ് ഒ-ലെ ബഡ്ജറ്റിൽപണം ചേർത്തിട്ടുണ്ട്,

(ബി) ആയ വ്യയഗണനപട്ടികയിൽ ചേർത്തിരുന്ന തുകയിൽ നിന്ന് യാതൊരു തുകയും ചിലവാ ക്കീട്ടില്ല,

(സി) എ ഫ് ഒ-കുന്നി വ ഭാഗംതീയതിവരെ ഈ റോഡ് സംബന്ധിച്ചു യാതൊരു പണിയും നടത്ത പ്പെട്ടിട്ടില്ല.

(ഡി) ഫൻറ് ഓഫ് പ്രസ്തുത റോഡ് ചീഫ് എൻജിനീയർപരിശോധിച്ചിട്ടുണ്ടോ എന്നുള്ളതിനെസംബന്ധി ച്ചിടത്തോളം മറുപടിഅനുകൂലമായിട്ടാണ് ചോദ്യത്തിൻറെരണ്ടാമത്തെ ഭാഗത്തെ സംബന്ധിച്ചിടത്തോ ളം, അറിയുന്നു. റോഡ് ഉടനടി പൂർത്തിയാക്കണമെന്നുള്ളതിനെപ്പറ്റി മറുപടി നിഷേധരൂപത്തിലാകുന്നു.

കാളിയാറിനുകുറുകെ ഒരു പാലം പണിയിക്കുക.

൨൭. മി: തയ്യുള്ളകുഞ്ഞിത്തൊമ്മൻ (മൂവാറ്റുപുഴയും തൊടുപുഴയും): താഴെപറയുന്നചോദ്യങ്ങൾക്ക് ഗ വണ്മെൻറ് മറുപടിപറയുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

(എ) വാഴക്കുളംകോതമംഗലംറോഡിൽ കാളിയാറിനു കുറുകെയായി ഒരു പാലം പണിയിക്കുന്നതിന് എ ഫ് ഒ-ലെ അധികവ്യയഗണനപട്ടികയിൽ ഒരു തുകചേർത്തിരുന്നില്ലേ?

(ബി) അധികവ്യയഗണനപട്ടികയിൽ പ്രസ്തുതപണിക്കു ചേർത്തിരുന്ന തുകയിൽനിന്നു എത്രതുക ചിലവാ ക്കിയിട്ടുണ്ട്?

(സി) എ ഫ് ഒ-കുന്നി വ ഭാഗം തീയതിവരെ പ്രസ്തുത പാലം പണിയിക്കുന്നതിന് ഏതെങ്കിലും സാമാനങ്ങൾ ശേഖരിക്കയൊ അല്ലെങ്കിൽ ഏതെങ്കിലും വേലകൾ നടത്തുകയൊ ചെയ്തിട്ടുണ്ടോ?

മി: ടി. കെ. മാധവൻനായർ (അസ്സിസ്റ്റിംഗ് ഗവണ്മെൻറ്സിക്രട്ടറി): (എ) ഉണ്ടു വാഴക്കുളം, കോത മംഗലംറോഡിൽ കാളിയാറിൽ ഒരു പാലം പണിയിക്കുന്നതിനു എ ഫ് ഒ-ലെ അധികവ്യയഗണനപട്ടികയി ൽ പണംകൊള്ളിച്ചിട്ടുണ്ടായിരുന്നു.

(ബി) അധികവ്യയഗണനപട്ടികയിൽ പ്രസ്തുതപണിക്ക്കൊള്ളിച്ചിരുന്ന തുകയിൽ നിന്നു യാതൊരു സം ഖ്യയും ചിലവ്ചെയ്തിട്ടില്ല.

(സി) എ ഫ് ഒ-കുന്നി വ ഭാഗം-വരെ പ്രസ്തുതപാലം പണി സംബന്ധിച്ചു യാതൊരു സാമാനങ്ങളും ശേഖരിക്കയോ മറ്റുവേലകളൊന്നുംതന്നെ ചെയ്യുകയാകട്ടെചെയ്തിട്ടില്ല.

മെഡിക്കൽ ഓഫീസർമാരുടെ ഉദ്യോഗക്കയറ്റത്തിനുള്ള
തിരിച്ചിട്ടുള്ള പട്ടിക

൨൮. മി: തയ്യുള്ളകുഞ്ഞിത്തൊമ്മൻ (മൂവാറ്റുപുഴയും തൊടുപുഴയും) താഴെപറയുന്നചോദ്യങ്ങൾക്ക മറുപ ടി പറയുവാൻ ഗവണ്മെൻറിനുദ്ദേശമുണ്ടോകുമോ?

(എ) മെഡിക്കൽ ഓഫീസർമാരുടെ സീനിയോറിറ്റിയുടെ എ ഫ് ഒ-കുന്നി വ ഭാഗം-വരെ ഡിസ്പെൻസറിയും അതിൽ കൂടുതലും മമ്പളം ഉൾപ്പെടുന്ന ആറുമാസത്തിൽ കുറയാത്തകാലത്തേക്കുള്ള സ്ഥിരവും താൽക്കാലികവുമായ എ ല്ലാ ഉദ്യോഗനിയമനങ്ങളും മെഡിക്കൽ ഡിപ്പാർട്ടുമെൻറിൽ ചെയ്തിട്ടുണ്ടെന്നുള്ളതിനെ സംബന്ധിച്ചുവർഗ്ഗം തിരിച്ചു ള്ള ഒരു പട്ടികമേശമേൽ വെയ്ക്കുന്നതിനു ഗവണ്മെൻറിനു ഭാവമുണ്ടോകുമോ?

(ബി) മെഡിക്കൽ ഡിപ്പാർട്ടുമെൻറിൽ വ ഭാഗംപേരും അതിൽ കൂടുതലും മമ്പളംപൂർത്തിയാക്കുന്ന ഉദ്യോഗസ്ഥ ന്മാരുടെ വർഗ്ഗംതിരിച്ചുള്ള പട്ടിക?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറ്സിക്രട്ടറി): (എയും) (ബീയും) മെമ്പർ ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങൾ അടങ്ങിയപട്ടിക മേശമേൽവെച്ചിരിക്കുന്നു.

കൃഷിമത്സ്യവ്യവസായ ഡിപ്പാർട്ടുമെൻറിൽ നടത്തിയിട്ടുള്ളതായ
നിയമനങ്ങളുടെപട്ടിക.

൨൯. വ. മി: തയ്യുള്ളകുഞ്ഞിത്തൊമ്മൻ (മൂവാറ്റുപുഴയും തൊടുപുഴയും): താഴെപറയുന്ന ചോദ്യങ്ങ ൾക്കുള്ള മറുപടി പട്ടികരൂപത്തിൽ മേശമേൽ വെയ്ക്കുന്നതിനു ഗവണ്മെൻറിനു ഭാവമുണ്ടോകുമോ?

(എ) കൃഷിമത്സ്യവ്യവസായഡിപ്പാർട്ടുമെൻറിൽ എ ഫ് ഒ കുന്നി വ ഭാഗം-വരെ കഴിഞ്ഞമൂന്നുകൊല്ല ങ്ങളിൽ വ രൂപായും അതിൽകൂടുതലും ശമ്പളമുള്ളഅറുമാസത്തിൽകുറയാത്ത കാലത്തേക്കുള്ള സ്ഥിരവും താൽക്കാ

അനുബന്ധം ൪ നോക്കുക.

ചികവുമായ ഉദ്യോഗനിയമനങ്ങളും നടത്തിയിട്ടുണ്ടെന്നുള്ളതിനെ സംബന്ധിച്ചുവഗ്ഗംതിരിച്ചുള്ള ഒരുപട്ടികയെങ്കിലും മേശമേൽവയ്ക്കുന്നതിനുമന്ത്രവരണമെൻറിന് ഉദ്ദേശമുണ്ടാകുമോ?

(ബി) കൃഷിമന്ത്രിവകുപ്പിൽ ഡിപ്പാർട്ടുമെൻറിൽ ഡ ശമ്പളമായും അതിൽകൂടുതലായും ശമ്പളമുള്ള ഉദ്യോഗസ്ഥന്മാരുടെ വഗ്ഗംതിരിച്ചുള്ളഒരു പട്ടിക

മി ടി. കെ. മാധവൻനായർ (ആ. ഗവണ്മെൻറ്സിക്രട്ടറി): (എ)യും (ബി)യും മെമ്പർആവശ്യപ്പെട്ടിട്ടുള്ള പട്ടികകളും മേശമേൽ വെച്ചിരിക്കുന്നു.

സെൻസസ് ഡിപ്പാർട്ടുമെൻറിൽ നടത്തിയിട്ടുള്ള ഉദ്യോഗ നിയമനങ്ങളുടെവഗ്ഗം തിരിച്ചുള്ള പട്ടിക

ഡ൭. മി: തയ്യുള്ളകണ്ടിമത്തോമ്മൻ (മൂവാറ്റുപുഴയും തൊടുപുഴയും): സെൻസസ്ഡിപ്പാർട്ടുമെൻറിൽ ക്ലർക്കുന്നതുകണ്ണി ഡ ൧൦൦രൂപായിയതിവരെ ഡ ൩൦രൂപായും അതിൽ കൂടുതലും ശമ്പളമുള്ള ഉദ്യോഗങ്ങളിൽ പുതുതായി നിയമിക്കപ്പെട്ടിട്ടുള്ള ഉദ്യോഗസ്ഥന്മാരുടെ വഗ്ഗം തിരിച്ചുള്ള ഒരു പട്ടിക മേശമേൽവെക്കുന്നതിന് ഗവണ്മെൻറിന് ഉദ്ദേശമുണ്ടാകുമോ?

മി: കെ. ജോസ് (ഗവണ്മെൻറ്ചീഫ്സിക്രട്ടറി): മെമ്പർ ആവശ്യപ്പെട്ടിട്ടുള്ള പട്ടിക ഇതിന് കീഴിൽ കൊടുത്തിരിക്കുന്നു.

	ജാതിയുടെപേര്	നിയമനംനടത്തിയിട്ടുള്ള ഉദ്യോഗങ്ങളുടെസംഖ്യ
എ.	ബ്രാഹ്മണർ	എ
ബി.	നായന്മാർ	ബി
സി.	നാടാർ	എ
ഡി.	എം. എ്സ്സ്. പ്രോട്ടസ്റ്റൻറ് ക്രിസ്ത്യാനി	എ
	ആകെ	ഒ

രാജകീയവൃക്ഷങ്ങളെ സംബന്ധിച്ചുള്ള കമ്മറി.

ഡ൭. മി: തയ്യുള്ളകണ്ടിത്തൊമ്മൻ (മൂവാറ്റുപുഴയും തൊടുപുഴയും): താഴെപറയുന്ന ചോദ്യങ്ങൾക്കു മറുപടി നൽകുന്നതിന് ഗവണ്മെൻറിന് ഉദ്ദേശമുണ്ടാകുമോ?

(എ) രാജകീയവൃക്ഷം കമ്മറിയുടെ ശുപാർശയുമാണോ? ഏതെങ്കിലും നിർദ്ദേശത്തോടെ ചെയ്തിട്ടുള്ളപക്ഷം ഈ നിർദ്ദേശങ്ങളോട് അനുസരിച്ചു ഗവണ്മെണ്ട് എന്തെങ്കിലും നടപടികളും നടത്തിട്ടുണ്ടോ? എന്നു പറയുന്നതിന് ഉദ്ദേശമുണ്ടാകുമോ?

(ബി) (എ) ഭാഗം ചോദ്യത്തിനുള്ള മറുപടി പ്രതികൂലമായിട്ടാണെങ്കിൽ ഉടനടി എന്തെങ്കിലും നടപടി നടത്തുന്നതിന് ഗവണ്മെൻറ് വിചാരിക്കുന്നുണ്ടോ?

മി: ടി. കെ. മാധവൻനായർ (ആ. ഗവണ്മെൻറ്സെക്രട്ടറി), (എ)യും (ബി)യും രാജകീയവകുപ്പിനെ സംബന്ധിച്ചുള്ള കമ്മറിയുടെ റിപ്പോർട്ടിനെപറ്റി ഗവണ്മെൻറ് ഇപ്പോൾ പരിശോധിച്ചുവരുന്നു

അഞ്ചൽഡിപ്പാർട്ടുമെൻറിൽ ചെയ്തിട്ടുള്ള നിയമനങ്ങളുടെ വഗ്ഗംതിരിച്ചുള്ള പട്ടിക.

ഡ൭൭. മി: ഡി. സി. ജോസഫ് (ആനത്തലവട്ടം): ക്ലർക്ക്-ഉം ക്ലർക്ക് ടി-ഉം ക്ലർക്ക്-ഉം (ക്ലർക്കു മുതൽ ഡ ടി ാമത്തെ-വരെ) അഞ്ചൽസൂപ്രണ്ട് നടത്തിട്ടുള്ള എല്ലാ ഉദ്യോഗയിയമനങ്ങളുടേയും വഗ്ഗംതിരിച്ചുള്ള ഒരു പട്ടിക മേശമേൽ വയ്ക്കുന്നതിന് ഗവണ്മെൻറിന് ഉദ്ദേശമുണ്ടാകുമോ?

മി: ടി. കെ. മാധവൻനായർ (ആ. ഗവണ്മെൻറ്സെക്രട്ടറി): മെമ്പർ ആവശ്യപ്പെട്ടിട്ടുള്ളതടങ്ങിയ ഒരു പട്ടിക *മേശമേൽ വെച്ചിരിക്കുന്നു.

വയം കൺസർവേഠർ നടത്തിട്ടുള്ള ഉദ്യോഗനിയയങ്ങളുടെ വഗ്ഗം തിരിച്ചുള്ള പട്ടിക.

ഡ൭൮. മി: ഡി. സി. ജോസഫ് (ആനത്തലവട്ടം): ക്ലർക്ക്-ഉം ക്ലർക്ക് ടി-ഉം ക്ലർക്ക്-ഉം (ക്ലർക്കു മുതൽ ഡ ടി ാമത്തെ-വരെ) വനം കൺസർവേഠർ നടത്തിട്ടുള്ള ഉദ്യോഗനിയമനങ്ങളുടെ വഗ്ഗംതിരിച്ചുള്ള പട്ടിക മേശമേൽവയ്ക്കുന്നതിന് ഗവണ്മെൻറിന് ഉദ്ദേശമുണ്ടാകുമോ?

മി: ടി. കെ. മാധവൻനായർ (ആ. ഗവണ്മെൻറ്സെക്രട്ടറി): മെമ്പർ ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങൾ അടങ്ങിയ പട്ടിക മേശമേൽ വച്ചിരിക്കുന്നു.

ആനകളും സംരക്ഷിതവനത്തിലുൾപ്പെട്ട ഭൂമി വനത്തിൽനിന്നു ഒഴിവാക്കി പതിച്ചുകൊടുക്കുക.

ന൦. മി: രേവതിനാൾ രാവേൽരാജാ (ഇടവക), താഴെപറയുന്ന ചോദ്യങ്ങൾക്ക് മറുപടി നൽകുന്നതിന് ഗവണ്മെൻറിന് ഉദ്ദേശമുണ്ടാകുമോ?

(എ) കന്നത്തൂർതാലൂക്കു ഏനാതിമംഗലം പകുതിയിൽ ആനകളും സംരക്ഷിതവനത്തിൽ ഉൾപ്പെട്ട തട്ടാമണ്ണ് എന്നപറഞ്ഞുവരുന്ന ഒരുഭാഗം (സർവ്വെ ൻ൦ ക/ക-ാംനമ്പരിൽപ്പെട്ട ൫൨ ക്ലർക്കർ ഭൂമി) വനത്തിൽനിന്നു ഗവണ്മെൻറ് ഒഴിവാക്കിട്ടുണ്ടോ?

(ബി) പ്രസ്തുതഭൂമി ആരുടേയെങ്കിലും പേരിൽ പതിച്ചുകൊടുത്തിട്ടുണ്ടോ?

(സി) (ബി) ഭാഗം ചോദ്യത്തിനുള്ള മറുപടി പ്രതികൂലമായിട്ടാണെങ്കിൽ പ്രസ്തുതഭൂമി പോക്കുവരവു ചെയ്തിട്ടുണ്ടോ?

(ഡി) പ്രസ്തുതഭൂമി കൈവശത്തിൽ ഇരിക്കയാണെന്നുള്ളതിനെ സംബന്ധിച്ചു എന്തെങ്കിലും ഹർജിയവർണ്ണൻറിന് കിട്ടീട്ടുണ്ടോ?

---

*അനുബന്ധം ൪ എയും ബിയും നോക്കുക. അനുബന്ധം ൫ നോക്കുക. അനുബന്ധം ൬ നോക്കുക

(ഇ) ഡി ഓഫം ചോദ്യത്തിനുള്ള മറുപടി അനുകൂലമാവത്തിലാണെങ്കിൽ അധികാരപ്പെടാതെ പ്ര സ്തുതഭൂമിയിൽ പ്രയോഗിച്ചിട്ടുള്ളതിനെ സംബന്ധിച്ചു യാതൊരുതരത്തിലുള്ള നടപടി നടത്തിട്ടുണ്ടോ?

മിസ്റ്റർ ടി. കെ. മാധവൻനായർ (ആഭ്യന്തര സെക്രട്ടറി): (എ) കന്നുത്തുർതാലൂക്ക് ഏനാതിനട ഭാഗം പകുതിയിൽ ആനക്കുളം സംരക്ഷിതവനത്തിൽ ഉൾപ്പെട്ട ഒരു ഭാഗം വനത്തിൽനിന്നും ഒഴിവാക്കിട്ടില്ല. പ്രസ്തുതവനത്തിൽനിന്നും ഒഴിവാക്കുന്നതിനു ഗവണ്മെന്റിൽനിന്നും അനുവാദം നൽകിട്ടുണ്ട്. എങ്കിലും പനം ഫോറസ്റ്റ് സെറ്റിൽമെന്റിലെ 2-ാം ബ്ലോക്കുപ്പുപ്പാക്കാരുള്ള ഒരു പരാതിയും അന്വേഷിച്ചു ആ ഭാഗത്തെ ഇരുവരെ വനത്തിൽനിന്നും ഒഴിവാക്കപ്പെട്ടിട്ടില്ല; ഈ പ്രദേശത്തിന്റെ അതിർത്തികൾ നിർണ്ണയിക്കയും സർവ്വെ ചെയ്യുകയും ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുതഭൂമി ആരുടേയുംപേരിൽ പതിച്ചുകൊടുത്തിട്ടില്ല.

(സി) ഈ ഭൂമി ലേലം ചെയ്തിട്ടില്ല.

(ഡി) ഉണ്ട്, ആനക്കുളം സംരക്ഷിതവനത്തിൽ ഒരു മിസ്റ്റർ ഗോപാലൻഉണ്ണിത്താൻ ന്യായരഹിതമായി പ്രവേശിക്കയും മേൽപറഞ്ഞ ചതുപ്പുപ്രദേശത്തിൽ കൃഷിചെയ്തിട്ടുണ്ടെന്നുള്ളതിനെ സംബന്ധിച്ചും ഒരു റിപ്പോർട്ട് കിട്ടിട്ടുണ്ട്.

(ഇ) അധികാരപ്പെടാതെ പ്രസ്തുതഭൂമിയിൽ പ്രവേശിക്കയും അവിടെ കൃഷിചെയ്യുകയും ചെയ്തിട്ടുള്ളതിനെ സംബന്ധിച്ചു ടി മിസ്റ്റർനെതിരെ ഒരു വനംവകയായ കേസു നടത്തിവരുന്നുണ്ട്. ഈ കേസു കൊട്ടാരക്കര മജിസ്ട്രേട്ടുകോടതിയിൽ വിചാരണയിലിരിക്കയാണ്. കേസ് തീർച്ചചെയ്യുന്നതിനുമുമ്പു പ്രസ്തുതഭൂമിയിൽ ചെയ്തിട്ടുള്ള വിളവിനെ കോടതിയുടെ ഉത്തരവനുസരിച്ചു ഡിപ്പാർട്ടുമെന്റ് ജപ്തിചെയ്തിട്ടുണ്ട്.

മഹാരാജാസ് കോളേജ് പരിശോധിക്കുന്നതിനു സർവ്വകലാശാല അയച്ചിട്ടുള്ള കമ്മിഷന്റെ റിപ്പോർട്ട്.

*നമ്പർ. ബി. ഡബ്ലി. സി. ജോസഫ് (അങ്കമാലി പടം), താഴെപറയുന്ന വിവരങ്ങൾ ദയവുചെയ്തു ഗവണ്മെന്റിനെ അറിയുമോ?

(എ) തിരുവനന്തപുരം മഹാരാജാസ് കോളേജ് പരിശോധിച്ചിട്ടുള്ള സർവ്വകലാശാലയുടെ കമ്മിഷൻ ചെയ്തിട്ടുള്ള റിപ്പോർട്ടിന്റെയും അതിന്റെ ഉള്ളടക്കങ്ങളുടേയും പ്രതി.

(ബി) കമ്മിഷൻ ചെയ്തിട്ടുള്ള റിപ്പോർട്ടിന്മേൽ ഗവണ്മെന്റ് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവു.

മിസ്റ്റർ കെ. ജോർജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി). (എ) സൂക്ഷ്മകലാശാല കമ്മിഷൻ ചെയ്തിട്ടുള്ള റിപ്പോർട്ട് രഹസ്യമായ ഒരു പ്രമാണമാകുന്നു. അതിനാൽ റിപ്പോർട്ടിന്റെ ഒരു പകർപ്പു മെശമേൽ വയ്ക്കുന്നതിന് യോജിച്ചിയില്ല. കൺവെൻഷൻ ആഗസ്റ്റ് 1-ാംനു- ള്ളിയ നിയമസഭായോഗത്തിൽ ചോദിച്ചിട്ടുള്ള 4 (ബി) നമ്പർ ചോദ്യത്തിന് നൽകിട്ടുള്ളതും നിയമസഭാനടപടി വാല്യം 4 ൽ, പേജ് 1-ാംപുറത്തു കൊടുത്തിട്ടുള്ളതും ആയ പ്രസ്തുതരേഖയിലേക്കു മെമ്പറിന്റെ ശ്രദ്ധയെ ക്ഷണിച്ചുകൊള്ളുന്നു.

(ബി) കമ്മിഷൻചെയ്തിട്ടുള്ള റിപ്പോർട്ടിനെ സംബന്ധിച്ചു ഗവണ്മെന്റു പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകൾ താഴെപറയുന്നവയാണ്.

1. കൺസർവ്വേറ്റർ എന്നുള്ള അധ്യക്ഷനവർക്കുമുതൽ മഹാരാജാസ് കോളേജിലെ മുഴുവൻസമയവും ജോലി ചെയ്യുന്ന ഒരു സ്ഥാപനമായി രൂപാന്തരപ്പെടുത്തണം.

2. ഒരു കോളേജ് കൗൺസിൽ ഉണ്ടാക്കപ്പെടുകയേ ആവശ്യമില്ല.

3. കോളേജിന്റെ ആവശ്യങ്ങളെ നിറവേറ്റുന്നതിനുവേണ്ടിയും ഫണ്ടുകൾ വരുത്തുന്നതിന് അടുത്ത നടപടികളിലും ന്യായമായ ഒരു തുക നീക്കി വയ്ക്കുക

ഇടവായിൽനിന്നും കാപ്പിൽ ഠയിൽവേസ്റ്റേഷനിലേക്കു ഒരു റോഡ് വെട്ടുക.

*നമ്പർ. ശ്രീ. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): തിരുമുമ്പായിൽ നിന്നുണ്ടാകുന്ന കാരണമായിട്ടുള്ളഇടവായ്ൽനിന്നും കാപ്പിൽഠയിൽവേസ്റ്റേഷനിലേക്കു ഒരു റോട്ടുവെട്ടുന്നതിനെ സംബന്ധിച്ചുള്ളതായ യാതൊരു നടപടിയും നടത്തിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ എന്തു നടപടി ആണെന്നും പറയുന്നതിന് ഗവണ്മെന്റിനു ദയവുണ്ടാകുമോ?

മിസ്റ്റർ ടി. കെ. മാധവൻനായർ (ആഭ്യന്തര സെക്രട്ടറി): ഇടവായിൽനിന്നും കാപ്പിൽ ഠയിൽവേസ്റ്റേഷനിലേക്കു ഒരു റോഡ് വെട്ടുന്നതിനെ സംബന്ധിച്ചു നടപടി നടത്തിട്ടുണ്ട്. ഈ കാര്യത്തെപ്പറ്റി പഠിച്ചാലോചിക്കുന്നതിനായി ഈ സംഗതി റോഡ് ബോർഡിലേക്കു അയച്ചിരിക്കയാണ്.

മിസ്: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഈ സഭയിൽ ചെയ്തിട്ടുള്ള തെറ്റിനിടയാക്കിയ റോഡ് ബോർഡിലേക്കയക്കുമ്പോൾ റോഡ് ബോർഡ് നടത്തുമെന്ന് പ്രതീക്ഷിച്ചിരിക്കുന്ന നടപടി എന്താണെന്ന് പറയുമോ?

മിസ്: ജി. കെ. മാധവൻ നായർ (അക്കൗണ്ടിംഗ് ഗവണ്മെന്റ് സെക്രട്ടറി): റോഡുകളും മറ്റു ഗതാഗതമാർഗ്ഗങ്ങളും വെട്ടുന്നതിനെസംബന്ധിച്ചുള്ള മിറേല്ലാ സ്കീമുകളും റോഡ് ബോർഡിലേക്ക് പൊതുവേ അയച്ചു വരികയാണ്. റോഡ് ആവശ്യമാണെന്നോ അല്ലെങ്കിൽ ഉപയോഗമുള്ളതാണെന്നോ ഉള്ള കാര്യത്തെപ്പറ്റി ബോർഡിന്റെ അഭിപ്രായം വരുത്തുന്നതാണ്.

മിസ്: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): പ്രസ്തുതറോഡ് അത്യാവശ്യമാണെന്ന് ഈ സഭയിൽ വാദിച്ചിരിക്കുന്നു. ഈ റോഡിന്റെ ആവശ്യകതയെപ്പറ്റി അവസാനമായി നിർണ്ണയിക്കുന്നതിനുള്ള അധികാരം റോഡ് ബോർഡിനാണോ ഉള്ളത്?

മിസ്: ടി. കെ. മാധവൻ നായർ (ആഭ്യന്തര സെക്രട്ടറി): അല്ലാ, ഈ കാര്യത്തിൽ റോഡ് ബോർഡിന്റെ അഭിപ്രായം മാത്രമെവരുത്തുകയുള്ളൂ. അതിനെപ്പറ്റി പഠിച്ചാലോചിക്കയും അത് അനുവദിക്കയും ചെയ്തതിനുശേഷം ഗവണ്മെന്റ് അതിനു വേണ്ട പണം ആയവ്യയനടപടിയിൽ ചേർക്കുന്നതാണ് റോഡ് ബോർഡ് നിർവഹിക്കുന്നതിനുള്ള ഒരു ബോർഡ് മാത്രമാണ്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): റോഡ് ബോർഡിന് മണ്ണു ശേഖരം ഉണ്ട്. അവ സെൻട്രൽബോർഡും ഡിസ്ട്രിക്ട് ബോർഡും ആകുന്നു. ആ സ്ഥിതിക്ക് ഇവിടെ ചെയ്തിട്ടുള്ള നിവേദനങ്ങളും ഇവയിൽ ഏതുബോർഡിനാണ് അയച്ചു കൊടുക്കുന്നതു്.

മി: ടി. കെ. മാധവൻ നായർ (അക്കിംഗ് ഗവണ്മെൻറ് സിക്രട്ടറി): ഇപ്പോൾ ആലോചനയുടെ വിഷയമായിരിക്കുന്ന സംഗതി സെൻട്രൽ ബോർഡിലേക്ക് അയച്ചു കൊടുത്തിരിക്കയാണ്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഡിസ്ട്രിക്റ്റ് ബോർഡുകളെ അപേക്ഷിച്ച് സ്വതന്ത്രമായ നിലയിൽ നിവേദനത്തെപ്പറ്റി നടപടി നടത്തുന്നതിന് സെൻട്രൽ ബോർഡിന് അധികാരമുണ്ടോ എന്ന് പറയുമോ?

മി: ടി. കെ. മാധവൻ നായർ (അക്കിംഗ് ഗവണ്മെൻറ് സിക്രട്ടറി): ഈ വിഷയത്തിൽ സെൻട്രൽ ബോർഡ് അതിനേ അഭിപ്രായങ്ങളെ രേഖപ്പെടുത്തുന്നതാണ്. ആവശ്യമെന്ന് തോന്നുന്നതായാൽ സെൻട്രൽ ബോർഡ് ഒരു പക്ഷേ ഡിസ്ട്രിക്ട് ബോർഡിന്റെ അഭിപ്രായം അറിയുന്നതാണ്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഈ സഭ മുഖാന്തരമല്ലാതെ ഡിസ്ട്രിക്ട് ബോർഡു നായോ, സെൻട്രൽ ബോർഡുമായോ നേരിട്ട് എഴുത്തുകുത്തുകൾ നടത്തുന്നതിന് ഒരു സാധാരണക്കാരനു് അധികാരമുണ്ടോ, എന്നു പറയുമോ?

മി: ടി. കെ. മാധവൻ നായർ (അക്കിംഗ് ഗവണ്മെൻറ് സിക്രട്ടറി): ഈ വിഷയത്തെ സംബന്ധിച്ചു മറുപടി നൽകുന്നതിന് എനിക്ക് മുന്നറിവു നൽകേണ്ടതാകുന്നു.

ഞെക്കാട്ടുനിന്ന് നടയറയ്ക്കുള്ള പാത.

നമ്പർ. മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ചിറയിൻകീഴ് താലൂക്കിൽ ഞെക്കാട്ടിനിന്നു നടയറയ്ക്കുള്ള പാതയെ റോഡാക്കി രൂപാന്തരപ്പെടുത്തുന്നതിനെ സംബന്ധിച്ച് ഏതെങ്കിലും നടപടി നടത്തിയിട്ടുണ്ടോ എന്നും, നടത്തിയിട്ടുണ്ടെങ്കിൽ എന്തു് നടപടിയാണ് നടത്തിയിട്ടുള്ളതെന്നും, പറയുന്നതിന് ദിവാൻജിനിന് ദയവുണ്ടാകുമോ?

മി: ടി. കെ മാധവൻ നായർ (അക്കിംഗ് ഗവണ്മെൻറ് സിക്രട്ടറി): ഈ പണി നടത്തുന്നതിന് ഒരു സംബന്ധമായ അന്വേഷണം നടത്തപ്പെട്ടിട്ടുണ്ട്. എഫ്രാനു-ലെ ആയവ്യയഗണനപട്ടികയിൽ ഈ പണിക്ക് പണം കൊള്ളിച്ചിട്ടുണ്ട്, കാലതാമസം കൂടാതെ ഈ വേല ആരംഭിക്കുന്നതായിരിക്കും.

നിയമസഭാ സിക്രട്ടറിക്കുള്ള ലോക്കൽ അലവൻസ്.

നമ്പർ. മി: ഇട്ടപ്പു് ഇട്ടിച്ചൻ (കുന്നത്തുനാട്): താഴെ പറയുന്ന വിവരങ്ങൾക്കു മറുപടി നൽകുന്നതിന് ദിവാൻജിനിന്റെ ദയവുണ്ടാകുമോ?

(എ) എഫ്രാം-കുക്കടകം വരെ നിയമസഭാ സിക്രട്ടറിയ്ക്കുള്ള സമ്പളത്തിനു പുറമെ അദ്ദേഹത്തിന് ഏതെങ്കിലും ഇക്ക ലോക്കൽ അലവൻസായി നൽകിട്ടുണ്ടോ;

(ബി) അങ്ങിനെ നൽകിയിട്ടുണ്ടെങ്കിൽ, ഇപ്പോഴത്തെ സിക്രട്ടറിക്കു അലവൻസു നൽകുന്നുണ്ടോ;

(സി) ഇല്ലെങ്കിൽ അലവൻസു നൽകുന്നതിനെ നിറുത്തുന്നതിനുള്ള കാരണങ്ങൾ എന്തെല്ലാം;

(ഡ) എഫ്രാം-കുക്കടകം നിയമസഭാ സിക്രട്ടറിക്കു ലഭിച്ചുവന്നിരുന്ന സമ്പളത്തിൽ കൂട്ടുതലായി ഇപ്പോൾ അദ്ദേഹത്തിനു നൽകിവരുന്നതുക എന്താണ്;

(ഇ) മുൻപു ഉണ്ടായിരുന്ന ജോലിയേ അപേക്ഷിച്ചു ഇപ്പോൾ അദ്ദേഹത്തിന കൂട്ടുതലായി ജോലി ചെയ്യേണ്ടതായിട്ടുണ്ടോ;

മി: കെ. ജാഫ്സ് (ഗവണ്മെൻറ് ചീഫ് സിക്രട്ടറി): (എ) യും, (ബി) യും, (സി) യും ഉണ്ട് നിയമസഭാ സിക്രട്ടറിക്ക് എഫ്രാം-അവസാനം വരെ പ്രതിമാസം 10 രൂപാ വീതമുള്ള അലവൻസായി നൽകിവന്നിരുന്നു. എഫ്രാനു ചിങ്ങം മുതൽ തീയതി മുതൽ ലോക്കൽ അലവൻസു് നൽകപ്പെട്ടുവന്നിരുന്ന തുകയിലാക്കപ്പെട്ട തുകയിൽ പറഞ്ഞിട്ടുള്ള തീയതി മുതൽ സിക്രട്ടറിമാരുടെ ശമ്പള സ്കെയിലിൽ 100 രൂപാ മുതൽ 150 രൂപയായി വർദ്ധിപ്പിക്കയും അദ്ദേഹത്തിനു സഹായമായി ഒരു അസിസ്റ്റൻറ് സിക്രട്ടറിയെ നിയമിക്കയും ചെയ്തിട്ടുണ്ട്. ഈ കാരണങ്ങൾകൊണ്ട് ലോക്കൽ അലവൻസു നിറുത്തൽ ചെയ്യപ്പെട്ടിട്ടുള്ളതാകുന്നു.

(ഡി) എഫ്രാം-കുക്കടകം നിയമസഭാ സിക്രട്ടറിക്കു ലഭിച്ചിരുന്ന സമ്പളത്തെ അപേക്ഷിച്ചു കൂട്ടുതലായി ഇപ്പോൾ യാതൊന്നും നൽകിവരുന്നില്ല.

(ഇ) മുൻകാലത്തെ അപേക്ഷിച്ചു നിയമസഭാ സിക്രട്ടറിക്കു ഇപ്പോൾ കൂടുതൽ ജോലിചെയ്യേണ്ടതായിട്ടുണ്ട്.

അനുബന്ധം നം.

ടേബിൾ ചോദിച്ചിട്ടുള്ള ചോദ്യനമ്പർ ചോദ്യത്തിനുള്ള മറുപടി.

മലയാളം ക്യൂറേറ്റർ ഡിപ്പാർട്ടുമെൻറിൽ പ്രസിദ്ധം ചെയ്യുന്നതിനു തയ്യാർ ആയിട്ടുള്ള ഗ്രന്ഥങ്ങളുടെ പട്ടിക.

ക്രമനമ്പർ	പുസ്തകങ്ങളുടെ പേരുകൾ	റീമാർക്ക്
1.	ലക്ഷ്മീവിലാസം വ്യാഖ്യാനത്തോടുകൂടിയ നാരായണീയം	ഈ പുസ്തകം ഇപ്പോൾ അച്ചടിച്ചു വരികയാണ്.
2.	കണ്ണശ്ശഭാഗവതം	ടി
3.	കേരളചരിതം	ടി
4.	ബാലരാമം മൂന്നാംഭാഗം	ടി "
5.	അക്ഷാംശാവലിയും, (ഹൈയർട്രിഗണോമെട്രിയോടുകൂടിയതു്)	ടി
6.	ഹൃദയപ്രിയം	ടി
7.	യോഗാമൃതം	ടി

ചെയർമാൻ ക്ലാർക്കന്മാരുടെ ഡിപ്പാർട്ടുമെന്റിൽ രേഖപ്പെടുത്തുകയും അച്ചടിക്കുന്നതിനു തയ്യാർ ആക്കുകയും ചെയ്തിട്ടുള്ള മൂല ഗ്രന്ഥങ്ങളുടെ പട്ടിക.

ക്രമനമ്പർ.	മൂലഗ്രന്ഥങ്ങളുടെ പേരുകൾ.	ക്രമനമ്പർ	മൂലഗ്രന്ഥങ്ങളുടെ പേരുകൾ.
ക	ബുദ്ധചരിതം	ഉ	പലവക മോഷാകൃതികൾ
ഖ	പാലഗുരുമതം	ഊ	ഭരതവാക്യം
ഗ	ചതുരാത്മ്യം	ഋ	ഹരിവംശംപാട്ട്
ഘ	മന്ത്രസമുച്ചയം, മോക്ഷവ്യാഖ്യാനം തുടങ്ങിയവ	ൠ	ഭരതവാക്യം മുട്ടിക്കഥ
ങ	ചാരുദത്തൻ	ഌ	പലവക, ഒറ്റശ്ലോകങ്ങൾ
ച	വാമനവിജയപ്രകരണം	ൡ	ചിത്രഗ്ലപ്പോല്പത്തി കിളിപ്പാട്ട്

സംസ്കൃത ക്ലാർക്കന്മാരുടെ ആഫീസിൽ പ്രസിദ്ധം ചെയ്യുന്നതിനു തയ്യാറായിട്ടുള്ള ഗ്രന്ഥങ്ങളുടെ പട്ടിക.

ക	ബാലഭാരതം, പൂർവ്വഭാഗം	ഈ പുസ്തകങ്ങൾ അച്ചടിച്ചിട്ടുള്ളതും എന്നാൽ മുഖവുരയും മറ്റു ഭാഗങ്ങളും തയ്യാറാക്കി ചേരുന്നതും ആകുന്നു.
ഖ	കാവ്യരത്നം	
ഗ	പ്രകൃതിയോഗസ്ഥ, പ്രകാശികയോടുകൂടിയത്, ഒന്നാംഭാഗം,	ഈ പുസ്തകത്തിന്റെ അച്ചടി മിക്കവാറും പൂർത്തിയായിരിക്കുന്നു.
ഘ	റിക്ത്സംഹിത, സ്മൃതിസാരം എന്നിയുടെ മോക്ഷത്തോടും കൂടിയ ഭാഗവതന്റെ വ്യാഖ്യാനത്തോടുംകൂടിയത്, രണ്ടാംഭാഗം.	ഇപ്പോൾ ഈ പുസ്തകം അച്ചടിച്ചു വരികയാണ്.
ങ	ആയുർവ്വേദം, മോക്ഷത്തോടുകൂടിയത്, രണ്ടാംഭാഗം	
ച	ഹർഷചരിത	ടി
ഛ	ന്യായസാരം ദീപിക	ടി
ജ	മരീചിയുടെ വൈഖാനസതാന്ത്രം	ടി
ഝ	സ്വാതി തിരുനാൾ മഹാരാജാവ് കല്പിച്ചുണ്ടാക്കിയ സംഗീതകൃതികൾ	ടി
ഞ	സംഗ്രഹവിജയഭേരി	ടി
ട	വൃത്തിയോടുകൂടിയ സരസ്വതികണ്ഠാഭരണം	ടി
ഠ	അശ്വാലായന ഗൃഹ്യകർമ്മവ്യാഖ്യാ	ടി
ഡ	പ്രകീർണ്ണകപ്രകാശം	ടി

ഫർഡൻ ആഗസ്റ്റ് ആറാം തീയതിക്കു ശേഷം രേഖപ്പെടുത്തിട്ടുള്ള മറ്റുള്ള മൂലഗ്രന്ഥങ്ങളുടെ പട്ടിക.

ക	ബ്രഹ്മപുരുഷമുഖലേഖനങ്ങൾ	ഢ	ഭോഗ്യയുക്തി
ഖ	പഴയപാട്ട്	ണ	ക്ലേദൽമണിക്യഭീർത്തനാടിക
ഗ	താനാർത്ഥവിവരണം	ത	കിരാതം എട്ടിവൃത്തം
ഘ	കണക്കപ്പാട്ട്	ഥ	കൃഷ്ണാർജ്ജുനസംവാദം കിളിപ്പാട്ട്
ങ	ക്ഷുദ്രപ്രയോഗാദി	ദ	തന്ത്രസമുച്ചയവ്യാഖ്യാ
ച	ജാതകരചനക്രമം	ധ	വിവാഹാനുകൂല്യം
ഛ	ജ്യോതിഷം ഫലശാസ്ത്രം	ന	ഭൂദീപഗണിതം
ജ	പക്ഷബോധാംശോഷാ	പ	രൈവാനുകൂല്യം
ഝ	ചാടകരചധ്വനിഭോഷാ	ഫ	ബാധനിരൂപണവിഷയാ
ഞ	ഗണിതം	ബ	ആയുർവ്വേദവ്യാഖ്യാ
ട	മുഹൂർത്തദർശനവ്യാഖ്യാ	ഭ	കരണപദ്ധതിവ്യാഖ്യാ
ഠ	അക്ഷമണ്ഡലപ്രശ്നം	മ	വൈദ്യം
ഡ	കണക്കപ്പാട്ട്	യ	സൂതികാന്ത്രികാ
ഢ	ഭൂദീപം	ര	അമരകോശവ്യാഖ്യാ
ണ	ഓജകനിഗ്രഹം കിളിപ്പാട്ട്	ല	ലക്ഷണശാസ്ത്രം
ത	ജ്യോതിഷം ഗണിതം പലവക	വ	ഗണിതം
ഥ	കാളിയമർദ്ദനം(തിരുവാതിരപ്പാട്ട്)	ശ	ഹോരാവ്യാഖ്യാ
ദ	നിരുക്തശാസ്ത്രം	ഷ	സാക്ഷ്യസാക്ഷിവിവേകം
ധ	ഗുണദോഷപ്രകാശം	സ	വേളാന്തരത്നം
ന	സുഭദ്രാഹരണാദി	ഹ	ജ്യോതിഷഫലം

ര ക ഗണിതതന്ത്രം
ര ഖ ഖിജ്ഞാനഗീത
ര ന പഞ്ചബോധം
ര ര ഗണിതസാരം
ര ള കീർത്തനങ്ങൾ
ര ന്ന ഭാഷാപദ്യങ്ങൾ
ര ഴ വിഷകൈവദ്യം
ര വ അയോദ്ധ്യാപുരവർണ്ണനം
ര ൻ പ്രബന്ധങ്ങൾ
ള ാ തിരുച്ചിറ്റമ്പലക്കോവ
ള ക മർമ്മവിവരം
ള ഖ മർമ്മവിവരം
ള ന ചികിത്സാമഞ്ജരി
ള ര കൃഷ്ണാർജ്ജുനസംവാദം കിളിപ്പാട്ട്
ള ള തന്ത്രഭാഷ (ക്രിയാദീപിക)
ള ന്ന ദാരുശരോധന
ള ഴ വാസ്തുവിദ്യ ഭാഷാവ്യാഖ്യാ
ള വ ഗോവർ‌ദ്ധനം ഭാഷാഗദ്യം
ള ൻ പലവക
ന്ന ാ കൃഷ്ണാർജ്ജുനയുദ്ധം കഥകളി
ന്ന ക അഷ്ടാക്ഷരമാഹാത്മ്യം കിളിപ്പാട്ട്
ന്ന ഖ വിഷമോചനം
ന്ന ന വൈദ്യസാമാന്യചികിത്സ
ന്ന ര വിഷമോചനം
ന്ന ള മൂഷികവിഷചികിത്സ
ന്ന ന്ന മരുവൈദ്യംകുറിപ്പുകൾ
ന്ന ഴ ബാലചികിത്സ
ന്ന വ നവീകരണക്രിയ
ന്ന ൻ കരണപദ്ധതി
ഴ ാ ആയ്ക്കടിയംമൂലം
ഴ ക സൂക്ഷ്മസ്ഥാനം
ഴ ഖ ക്രിയാസങ്ഗ്രഹം
ഴ ന ശിവയോഗസാരക്കുട്ടിച്ചേ
ഴ ര ശ്രുതിഗീതാവ്യാഖ്യാ
ഴ ള തന്ത്രസമുച്ചയംഭാഷ
ഴ ന്ന നരസിംഹാവതാരംകഥകളി
ഴ ഴ നമഃശിവായാഷ്ടകം
ഴ വ രാജദ്രോഹാർത്ഥവിചാരം
ഴ ൻ സുഭാഷിതപദ്യങ്ങൾ
വ ാ മാംഗല്യസ്നാന
വ ക വിശ്വകർമ്മീയം
വ ഖ പ്രതിബിംബൈക്ഷണം
വ ന സ്മാർത്തപ്രായശ്ചിത്തവിമർശനി
വ ര ഭാരതശാരദാനന്ദാനുഷ്ഠാനം
വ ള ലീലാവതീവ്യാഖ്യാ (കണക്കിടാകം)
വ ന്ന ഉപരാഗക്രിയാക്രമവ്യാഖ്യാ
വ ഴ കണക്കുസാരം
വ വ ജ്ഞാനദീപകം
വ ൻ പാനപ്രബന്ധം

അനുബന്ധം ൪.

ഗൺപൗഡർ നടക്കാട്ടിയിട്ടുള്ള ൨൪–ാം നമ്പർ ചോല്പെത്തിന്റെ ഗുരുപല്പനോക്കുക.

൩൪. (ക)—കൺസ്ട്രക്ഷൻ നമ്പർ ൨൭-൩൯-ലെ ഇൻ. ഒ. സി. ഗൺ, ജി. ബി. കൊണ്ട്രാക്ട് ൦–ാം നമ്പർ ഗവണ്മെന്റ് ഉത്തരവ്.

൪൭ഡിസ്ട്രിക്ട്രേണ്ട സമിതി ഏർപ്പെടുത്തിയിട്ടുള്ളതിൽ കവിഞ്ഞ കാലത്തേക്കുള്ള ഉം ൨൫ സ്റ്റാഫും അനിശ്ചിതമായും

ശമ്പളമുള്ളതും ആയി മെഡിക്കൽഡിപ്പാർട്ടുമെന്റിൽ നടത്തിയിട്ടുള്ള സ്ഥിരവും താൽക്കാലികവുമായ നിയമനങ്ങളുടെ ക്രമം കാണിച്ചുള്ള പട്ടിക.

ക്രമ നമ്പർ *	ഉദ്യോഗങ്ങളുടെ പേരു *	നിരക്കുകൾ											ക്രിസ്ത്യാനികൾ					ഇംഗ്ലീഷുകാർ	ഓരോ ജാതിയിലുമുള്ള ആകെ എണ്ണം	പിഴക്ക്
		മലയാളബ്രാഹ്മണർ	മറ്റബ്രാഹ്മണർ	ഈഴവർ	കമ്മാളർ	ക്ഷത്രിയർ	നാടാർ	പുലയർ	വെള്ളാളർ	മറ്റു അവാന്തരവർഗ്ഗക്കാർ	നായർ	മറ്റു സവർണ്ണഹിന്ദുക്കൾ	മുഹമ്മദീയർ	ആകെ	റോമൻകത്തോലിക്കർ		സിറിയാനികർ			
															ലത്തീൻകാർ	സിറിയാക്കാർ	ജാക്കോബായർ	മാർത്തോമ്മാ		
ക	അസിസ്റ്റൻറ് സർജൻ		ക	ക					...	...	൪			൨	...	...	ക	൨		ക
൨	ആക്ടിംഗ് ടി		ന	...					ക	...	...			ക	...	...	ക	ക		൨
ന	സബ് അസിസ്റ്റൻറ് ടി		൪	൨					൨	ക	൭			ന	ക	...	ന	൨		൨
൪	ആക്ടിംഗ് ടി		൨	ക					ക	ക	ന			൨	ക	...	൪	...		ക
൫	പരിശീലനം സിദ്ധിച്ച നഴ്സുകാർ		...	ക					...	ക	൪			൨	൫	...	ക	...		കന
ന	അഡ്മിനിസ്ട്രേറ്റിവ് ബോർഡു ആഫീസിലെ ക്ലർക്കുമാർ		ക	...					...	...	ക			...	...	...	...	...		൨
൭	ഡിപ്പാർട്ടുമെൻറിലെ ക്ലർക്കുമാരും സ്റ്റീവാർഡുകളും		...	...					...	...	ന			...	...	...	...	...		ന
൬	അംബുലൻസുകാർ പ്യൂൺമാർ		...	...					ക	...	ക			...	...	...	...	...		൨
	ഓരോ ജാതിയിലുമുള്ള ആകെ എണ്ണം		കക	൫					൫	ന	൫൭			൭൦	൭	ക	൫൨	൭		൭൬

സൂര (൨) ക്രമനമ്പർ നവംബർ ൨൩-ാംതീയതി ആർ. ഒ. സി. എൽ. ജി ബി. ക്രമനമ്പർ/നമ്പർ—നംബർ നവബെൽ൨ ഉത്തരവ്
മെഡിക്കൽഡിപ്പാർട്ടുമെൻറിൽ ൨ രൂപയും അതിൽകൂടുതലും ശമ്പളമുള്ള ഉദ്യോഗസ്ഥന്മാരുടെ വർഗ്ഗംതിരിച്ചുള്ള പട്ടിക.

ക്രമനമ്പർ	ഉദ്യോഗങ്ങളുടെ പേരു്	ഹിന്ദുക്കൾ											ക്രിസ്ത്യാനികൾ				ഇംഗ്ലീഷ് ചർച്ചു്	ഓരോ ഗ്രൂപ്പിലുള്ള ഉദ്യോഗങ്ങളുടെ ആകെ സംഖ്യ	റിമാർക്സ്
		മലയരയൻ	മറാട്ടിയൻ	ഇരവാൻ	കണക്കൻ	കണിയിയർ	കടവൻ	പുലയൻ	വെളുത്തേടൻ	മറ്റുള്ള തൊഴിൽക്കാർ	നായന്മാർ	മറ്റുള്ള ഹിന്ദുക്കൾ	മൊത്തത്തിൽ	തൊട്ടുകൂട്ടാത്തവർ	റോമൻകത്തോലിക്കാർ	സുറിയാനി കാതോലിക്കർ	മറ്റുള്ളവർ			
ക	ഇൻസ്പെക്ടറിങ്ങ് മെഡിക്കൽ ആഫീസർ									൧	...	...	...	...	...	...	...	൧	
ഖ	വിമൻസ് മെഡിക്കൽ സർവീസിലെ സീനിയർ സർജ്ജൻ									...	...	...	...	...	...	...	൧	൧	
ഗ	മെഡിക്കൽ ഭരണനടത്തിപ്പിലെ ഏതെങ്കിലുമൊരു സാമാജികൻ																		
ഘ	സർജ്ജൻമാർ		൨								...	...	...	...	...	...	...	൨	
ങ*	ഡിച്ചട്ടിസർജ്ജൻമാർ					൧					...	...	...	...	...	...	൨	൩	
ച	അസ്സിസ്റ്റൻറ് സർജൻമാർ			൧							൧	...	൧	൧	...	...	൧	൩	
ഛ	ആക്ഗ്രിംഗ് ഡി		൧								൨	...	൨	൨	...	...	൨	൪	
ജ	ഫംഗ്രേഡ് സബ്അസിസ്റ്റൻറ് സർജൻ		൨					൧			൩	...	൩	൩	...	...	൩	൬	
ഝ	ഡംഗ്രേഡ്		൨								൨	...	൨	൨	...	...	൨	൪	
ഞ	സബ്അസിസ്റ്റൻറ് സർജൻമാർ		൧	൧							൨	...	൨	൨	...	...	൨	൫	
ട	അപ്പോത്തിക്കിരി										...	...	...	...	...	...	...	...	
ഠ	കീടശാസ്ത്രജ്ഞൻ										...	...	...	...	...	...	...	...	
ഡ	മെഡിക്കൽഭരണ സമിതിയിലെ സെക്രട്ടറി		൧								...	...	...	...	...	...	...	൧	

സൂ - (൨) കൺസം നവംബർ൨ ൭-ാതിയതിയിലെ ആർ. ഒ. സി. എൻ. ജി. ബി. കുംസ൨/സം.൦-൦ നമ്പർ ഗവണ്മെ൨ ഉത്തരവ്.

മെഡിക്കൽ ഡിപ്പാർട്ടുമെൻറിൽ ൧ ൪-ാംപയും അതിൽപ്പെട്ടവരു ശമ്പളവും ഉദ്യോഗമുള്ള ലിസ്റ്റിലുള്ള പട്ടിക.

ക്രമനമ്പർ	ഉദ്യോഗങ്ങളുടെ പേര്	ഹിമ്പുക്കാരം										മൊത്തം	ഡിസ്പെൻസറികൾ				ഇൻസ്പെക്ടർ	എസ്റ്റാബ്ലിഷ്മെൻറിലുള്ള ഉദ്യോഗസ്ഥന്മാരുടെ എണ്ണം	റിമാർക്ക്
		മെയ്യാളുദ്യോഗങ്ങൾ	മറ്റുദ്യോഗങ്ങൾ	ജോലിവക	കങ്കാണികൾ	ക്ഷുരികൻ	നാടാർ	പുലയർ	വെള്ളാളർ	മറ്റുജാതിക്കാർ	സാധനങ്ങൾ	മറ്റുചെലവുകൾ		ചെറുകിട സ്ഥലങ്ങൾ	മണ്ണാർക്കാട്	നിലമ്പൂർ	ജാതകടവണ്ണൂർ	മാടക്കോട്ടോ			
കഅ	ജനറൽ മെഡിക്കൽ സ്റ്റോ																		
*	നിലെ സ്റ്റോർ കീപ്പർ		ക									ക							
കആ	കമ്പൗണ്ടർമാർ		ക	൪	ക				ന	൪	കന്നു	ക	കക	ക	ന	ന	ക	നൻ	
കന്നു	മിഡ്വൈഫുകൾ			൪	,,					ന	൪	ക	ക	ക	൨	൪	൨	൪൦	
കഉ	പരിശീലനം സിദ്ധിച്ചന																		
	ർസുകൾ		ക	ന	ക					ന	൨	,,	കന	,,	ന	ന	,,	൪൦	
കവ	മെഡിക്കൽ മരണസമിതി																		
	യിലെക്ലർക്കന്മാർ		ന	ക							൨	ക						ക	
കഅ	കടെപ്പിസ്റ്റന്മാർ		ക															ക	
കം	ഡിപ്പാർട്ടുമെൻറിലെ ക്ലർക്ക																		
	ന്മാരും സ്റ്റീവാർഡുകളും		ക					ന			൨						ക	൯	
കക	ഫാഡ് നെഴ്സ്														ക				
കഖ	മേട്രൺ					൪													
കന	ആംബുലൻസുകാർ ഡ്രൈവ																		
	ന്മാർ							ക			ക							൨	
	ഓരോജാതിയിലേയും ആ																		
	കെ ടെഎണ്ണം :	൯൦	൨൦	൨	ക	,,	,,	കക	കക	വ	൯	,,	൩൭	൩൭	൫൭	൨൯	൨൯	ക൦	൩൯൯

അനുബന്ധം ൪ എ.

മുൻപു കൊടുത്തിട്ടുള്ള ൨൩-ാംനമ്പർ ചോദ്യത്തിന്റെ മറുപടി.

C.). കൃഷിമന്ത്ര്യവ്യവസായഡിപ്പാർട്ടുമേൻറിൽ ക്ലാർക്കന്മാരിൽ ഏറ്റവും കുറഞ്ഞ- ശമ്പളം- അവസാനിക്കുന്ന കഴിഞ്ഞ മൂന്നുകൊല്ലങ്ങളിൽ ആദ്യമായി നിയമിക്കപ്പെട്ടവരിൽ ആദ്യമാസത്തിൽകൊടുത്ത ശമ്പളത്തേക്കാളും ൨൪ രൂപായും അതിൽ കൂടുതലും ശമ്പളമുള്ള സ്ഥിരവും താല്ക്കാലികവുമായ ഉദ്യോഗസ്ഥന്മാരുടെ വർഗ്ഗം തിരിച്ചുള്ള പട്ടിക.

ക്രമനമ്പർ	ക. ഹിന്ദുക്കൾ									൨ മാഹമ്മദീയർ	൩ ക്രിസ്ത്യാനികൾ					൪ മറ്റുള്ളവർ
	തിരുവിതാംകൂർ	കൊച്ചി	മലബാർ	തമിഴ്നാട്	കർണ്ണാടകം	ആന്ധ്രാ	ഉത്കൽ	മറ്റു ഹിന്ദുക്കൾ		തിരുവിതാംകൂർ	കൊച്ചി	മലബാർ	മദ്രാസ്	ക്രിസ്ത്യൻ അധഃകൃതവർഗ്ഗക്കാർ	
൧	൨	൩				൪		൫			൬	൭	൮	൯		

അനുബന്ധം ൪ ബി.

മുമ്പു കൊടുത്തിട്ടുള്ള ൨൩-ാംനമ്പർ ചോദ്യത്തിന്റെ മറുപടി.

കൃഷിമന്ത്ര്യവ്യവസായഡിപ്പാർട്ടുമേൻറിൽ ൨൪ രൂപായും അതിൽ കൂടുതലും ശമ്പളമുള്ള ഉദ്യോഗസ്ഥന്മാരുടെ വർഗ്ഗം തിരിച്ചുള്ള പട്ടിക.

ക്രമനമ്പർ	ക ഹിന്ദുക്കൾ									൨ മാഹമ്മദീയർ	൩ ക്രിസ്ത്യാനികൾ					൪ മറ്റുള്ളവർ
	തിരുവിതാംകൂർ	കൊച്ചി	മലബാർ	തമിഴ്നാട്	കർണ്ണാടകം	ആന്ധ്രാ	ഉത്കൽ	മറ്റു ഹിന്ദുക്കൾ		തിരുവിതാംകൂർ	കൊച്ചി	മലബാർ	മദ്രാസ്	ക്രിസ്ത്യൻ അധഃകൃതവർഗ്ഗക്കാർ	
൧	൨	൩				൪		൫			൬	൭	൮	൯		

അനുബന്ധം. ൬

മുൻകൂട്ടിക്കണ്ടിട്ടുള്ള ൨൪-ാം നമ്പർ ചോദ്യത്തിന്റെ മറുപടി.

൧൯൫൭-൧൯൫൮ എന്നീകൊല്ലങ്ങളിലും ൧൯൫൮-൫൯ന്നു- വരേയും അദ്ധ്യൻ സൂപ്രണ്ട് ചെയ്തിട്ടുള്ള നിയമനങ്ങളുടെ വിവരം തിരിച്ചുള്ള പട്ടിക.

	ജാതി	നമ്പർ		ജാതി	നമ്പർ
൧.	ബ്രാഹ്മണർ	൫	൭.	ചെട്ടിമാർ	൧
൨.	നായന്മാർ	൪	൮.	മുഹമ്മദൻ	൧
൩.	ഈഴവർ	൨	൯.	റോമൻകത്തോലിക്കർ	
൪.	ക്ഷത്രിയൻ	൧		(എ) സിറിയൻക്രൈസ്തവർ	൧
൫.	അയ്യന്മാർ	൩		(ബി) സിറിയൻകത്തോലിക്കർ	൧
൬.	മറ്റഹിന്ദുക്കൾ	൨	൧൦.	പ്രോട്ടസ്റ്റാന്റ്	൧
			൧൧.	മറ്റുള്ളവർ	൧

ആകെ. ൨൪

അനുബന്ധം. ൭.

മുൻകൂട്ടിക്കണ്ടിട്ടുള്ള ൨൫-ാം നമ്പർചോദ്യത്തിന്റെ മറുപടി.

൧൯൫൭. ൧൯൫൪-൧൯൫൫ എന്നീ കൊല്ലങ്ങളിൽ വടക്കൻസർവേയർ ചെയ്തിട്ടുള്ള നിയമനങ്ങളുടെ വിവരം തിരിച്ചുള്ള പട്ടിക.

	ജാതി	നടന്നിട്ടുള്ള ഉദ്യോഗങ്ങളുടെ സംഖ്യ		൧൯൫൫ മുതൽ ൫൬-ാം ആണ്ടുവരെ
		൧൯൫൭	൧൯൫൪	
ഹിന്ദുക്കൾ	മലയാളബ്രാഹ്മണർ			
	മറ്റബ്രാഹ്മണർ	൧	൧	
	ഈഴവർ		൧	
	കമ്മാളർ			
	മലയാളക്ഷത്രിയർ			
	നാടാർ			
	പുലയർ			൧
				൧
	നായന്മാർ	●	൩	
	തമിഴ്ബ്രാഹ്മണർ	൨	൨	
	മറ്റഹിന്ദുക്കൾ		൨	
മുഹമ്മദീയർ	മറ്റഅധഃകൃതവർഗ്ഗങ്ങൾ			
ക്രിസ്ത്യാനികൾ	റോമൻകത്തോലിക്കർ			
	(എ) സിറിയൻക്രൈസ്തവർ			
	(ബി) സിറിയൻകത്തോലിക്കർ		൧	
	പ്രോട്ടസ്റ്റാന്റ്	൨		
	സുറിയാനികൾ			
	(എ) ജാക്കബയിറ്റ്	൨	൧	൧
	(ബി) മാർത്തോമ്മാ			
	ഇംഗ്ലീഷ് ചർച്ച്			
	മറ്റുള്ളവർ			

സമാ നടപടികൾ നിർത്തി വെയ്ക്കുന്നതിനെ സംബന്ധിച്ചു ഉപേക്ഷാപം.

അദ്ധ്യക്ഷൻ: ഭൂനികുതിയും ഇടാക്കുന്നതിനായി സ്ഥാവര വസ്തുക്കൾ വിൽക്കുന്നതിന് ഗവണ്മെന്റ് അടുത്തകാലത്തു് ചിലവ്യവസ്ഥകൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഈ വ്യവസ്ഥകൾമൂലം പൊതുജനങ്ങൾക്ക് സങ്കടങ്ങൾ നേരിട്ടിരിക്കുന്നു. പൊതുപ്രാധാന്യം വഹിക്കുന്ന പ്രസ്തുത വിഷയത്തെ സംബന്ധിച്ചു് വേണ്ടപ്രതിവിധികൾ ചെയ്യുന്നതിന് ഈ സഭയുടെ നടപടികൾ നിർത്തിവയ്ക്കണമെന്നു ഉള്ള ഒരു അപേക്ഷ മിസ്റ്റർ ടി. സി. കേശവപിള്ള ബോധിപ്പിച്ചിരിക്കുന്നു.

ഈ അപേക്ഷ സഭാനടപടികൾക്ക് യോജിച്ചതാണെന്നു് ഞാൻ വിചാരിക്കുന്നു. പ്രസ്തുതവിഷയത്തിൽ ഈ സഭയുടെ അഭിപ്രായങ്ങൾ അറിയുന്നതിന് ഞാൻ ആഗ്രഹിക്കയും ചെയ്യുന്നു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): മേൽപറഞ്ഞ അപേക്ഷയെ ആദ്യം പ്രതിക്ഷേധിച്ചിട്ടില്ല.

അദ്ധ്യക്ഷൻ: ഈ അപേക്ഷയെ ആരെങ്കിലും പ്രതിക്ഷേധിക്കുന്നുണ്ടോ?

മി: പി. എൻ. മുണ്ടപ്പിള്ള (ഗവണ്മെന്റ് സെക്രട്ടറി): അതിനെ ഞാൻ പ്രതിക്ഷേധിക്കുന്നു.

ഈ ഉപക്ഷേപം സംബന്ധിച്ച് പോട്ടെ ചെയ്യുകയുണ്ടായി. ഈ ഉപക്ഷേപത്തെപ്പറ്റി വാദപ്രതിവാദം നടത്തുന്നതിന് ഇതുപരിധികം സാമാജികന്മാർ താത്പര്യം പ്രകടിപ്പിച്ചിരിക്കുന്നതുകൊണ്ട് അടുത്ത ദിവസം ഉപക്ഷേപത്തിന് ശേഷം സഭ പിരിഞ്ഞ് ഉപക്ഷേപത്തെപ്പറ്റി വാദപ്രതിവാദം നടത്തുന്നതാണെന്ന് അദ്ധ്യക്ഷൻ പ്രസ്താവിച്ചു.

അദ്ധ്യക്ഷൻ: മി. ഉണ്ണുപിള്ള, നിങ്ങളുടെ ഉപക്ഷേപവും മേൽ പറഞ്ഞ വിഷയത്തെ സംബന്ധിച്ചുള്ളതുതന്നെ ആണ്. അതിനാൽ അതു സ്വീകരിക്കുന്നതിന് നിങ്ങൾ നിർബന്ധിക്കേണ്ടതില്ലെന്ന് ഞാൻ വിചാരിക്കുന്നു.

മി: എൻ. ഇ. ഉണ്ണുപിള്ള (നെയ്യാറ്റിൻകര): സർ, ഇല്ല.

നിയമനിർമ്മിതി.

തിരുവിതാംകൂർ നംപൂതിരിബില്ല്.

മി: കെ. പി. കേശവൻ നമ്പൂതിരിപ്പാട് (ജന്മികൾ): സർ, തിരുവിതാംകൂർ നമ്പൂതിരിബില്ല് അവസാനമായി പാസ്സാക്കുന്നതിന് മുൻപ് താഴെപറയുന്ന ചെറുസംഭേദഗതികൾ ചെയ്യുന്നതിനു ഞാൻ അപേക്ഷിക്കുന്നു.

ഒന്നാം ഖണ്ഡം (ക) ഉപഖണ്ഡത്തിൽ ഉള്ള 'പ്രായം' പകരം 'പ്രായം' എന്ന് ചേർക്കണം.

മി: സി. എൻ. ഉപ്പൻനംപൂതിരിപ്പാട്. ഈ ഉപക്ഷേപത്തെ അനുകൂലിച്ചു.

അദ്ധ്യക്ഷൻ: ഈ ഭേദഗതിയെ ആരെങ്കിലും പ്രതികൂലിക്കുന്നുണ്ടോ? ഇതു പല സംബന്ധമായ ഒരു ഭേദഗതി മാത്രമാണ്. ഗവർമെണ്ടിനെയും ഇന്നു രാവിലും എന്നുള്ളതു ചേർക്കേണ്ടതാണല്ലോ?

ഉപക്ഷേപം പാസ്സാക്കപ്പെട്ടു.

മി: കെ. എൻ. കേശവൻ നംപൂതിരിപ്പാട് (ജന്മികൾ). ഒന്നാം ഖണ്ഡത്തിൽ (സ)–ാം ഉപഖണ്ഡത്തിൽ പ്രായം മാറ്റുന്നതിനു വേണ്ടി ഒന്നാംതു മുതൽ എന്നും പ്രായം മാറ്റുന്നതിനു പകരം പ്രായം മാറ്റുന്നതിനു എന്നും ചേർക്കുക.

ഈ ഉപക്ഷേപത്തെ മി. സി. എൻ. ഉപ്പൻനംപൂതിരിപ്പാട് പിൻതാങ്ങി.

അദ്ധ്യക്ഷൻ. ഈ ഭേദഗതിയെ ആരെങ്കിലും പ്രതികൂലിക്കുന്നുണ്ടോ? ഇതും ആവശ്യമായിട്ടുള്ള ഒരു വ്യവസ്ഥയാണെന്ന് തോന്നുന്നു. എന്തുകൊണ്ടെന്നാൽ ഈ നിയമം നടപ്പിൽ വരേണ്ട തീയതിയെ കാണിക്കുന്ന സംഗതിയാണ് ഇത്.

ഉപക്ഷേപം പാസ്സാക്കപ്പെട്ടു.

മി. കെ. എൻ. കേശവൻനംപൂതിരിപ്പാട് (ജന്മികൾ). നിയമസഭ ഭേദഗതിചെയ്തിട്ടുള്ള പ്രകാരമുള്ള തിരുവിതാംകൂർ നംപൂതിരിബില്ല് അവസാനമായി പാസ്സാക്കണമെന്ന് ഞാൻ അപേക്ഷിച്ചുകൊള്ളുന്നു.

ഈ ഉപക്ഷേപത്തെ മിസ്റ്റർ സി എൻ. ഉപ്പൻനംപൂതിരിപ്പാട് പിൻതാങ്ങി.

അദ്ധ്യക്ഷൻ ഈ ഉപക്ഷേപത്തെ ഈ സഭ സ്വീകരിക്കുന്നു എന്നു ഞാൻ വിചാരിക്കുന്നു.

മേൽപറഞ്ഞ ഉപക്ഷേപം പാസ്സാക്കപ്പെട്ടു.

മി, കെ. പി. കേശവൻന.ംപൂതിരിപ്പാട് (ജന്മികൾ). സർ, അല്പമായി പ്രസംഗിക്കുന്നതിന് എനിക്ക അനുവാദം നൽകണമെന്ന് ഞാൻ അപേക്ഷിച്ചുകൊള്ളുന്നു.

മി. പ്രസിഡന്റിനേയും സാമാജികന്മാരേയും ഞാൻ അഭിസംബോധനംചെയ്തുകൊള്ളുന്നു. നംപൂതിരിബില്ലിനെസംബന്ധിച്ചുള്ള വാദപ്രതിവാദത്തിനിടയിൽ അദ്ധ്യക്ഷനും ഉപാദ്ധ്യക്ഷനും ഉദ്യോഗസ്ഥസാമാജികന്മാരും അനുദ്യോഗസ്ഥസാമാജികന്മാരും വലിയ ഔദാര്യവും അനുഭാവവും ഇവിടെ പ്രദർശിപ്പിച്ചിട്ടുണ്ട്. അതിനു അവർക്കെല്ലാവർക്കും വന്ദനം പറയുന്നതിന് ഞാൻ ഈ അവസരത്തെ വിനിയോഗിച്ചുകൊള്ളുന്നു. ഈ സഭയുടെ കാര്യവൃത്തിക്കിടയിൽ സാമുദായികനിയമമെന്നനിലയിൽ നിർണ്ണയിക്കപ്പെട്ടിട്ടുള്ള ഒരു ബിൽ ഈ നംപൂതിരിബിൽമാത്രം ആകുന്നു. നമ്മുടെപ്രധാനങ്ങളെ സംബന്ധിച്ചുള്ള ഫലത്തെപ്പറ്റി അഭിനന്ദനം പ്രദർശിപ്പിക്കുന്നതിൽ നമുക്ക് എല്ലാപ്രകാരത്തിലും അവകാശമുണ്ടെന്നുള്ളതും നിർവാദമാകുന്നു. തിരുവിതാംകൂർ നിയമസഭയിൽ ഈ ബിൽ അല്പമായി രൂപപരിണാമപ്പെടുത്തിച്ചതിന്റെശേഷം ഇപ്പോൾ ആറു കൊല്ലം കഴിഞ്ഞിരിക്കുന്നു. നിയമസഭയിൽകൂടി നിർബാധമായി പിടിച്ചു കടന്നുപോകുന്നതിനുള്ള ബില്ലിന് അവസരമുണ്ടാകുമായിരുന്നെങ്കിലും ഇത് ഗവർമെണ്ടിന് സൗകര്യമായിട്ടും അറിയാവുന്നതാണെല്ലോ. കാര്യവശാൽ വിഷമതകളെ അനുഭവിച്ചുകൊണ്ടിരുന്നവരുടെയും ബില്ലിനെ സംബന്ധിച്ച് അഭിപ്രായമായി ചിലമാറ്റങ്ങൾ ചെയ്യുന്നതിന് നമുക്ക സാധിച്ചിട്ടുണ്ടെന്നുള്ളതും ഓർക്കുന്നു.

ഈ സഭയുടെ സമയം വളരെ വിലയേറിയതാണെല്ലോ, നംപൂതിരിബില്ലിനെ സംബന്ധിച്ച് വാദപ്രതിവാദങ്ങളും നടത്തുകയും ചെയ്യുന്നതിനു സഭയുടെ സമയത്തിൽ അധികഭാഗവും വിനിയോഗിച്ചിട്ടുണ്ട്. ഈ കാരണംനിമിത്തം രാജ്യത്തിന്റെ പൊതുക്ഷേമത്തെ ബാധിക്കുന്നവിഷയങ്ങളേയും പരിപാടിചെയ്തു കഴിക്കേണ്ട സംഗതികളും മാറിവയ്ക്കുന്നതിന് ഇടയായിട്ടുണ്ട്. ഒരു സമുദായത്തെ സംബന്ധിച്ചുള്ള ഒരു നിയമം നിർമ്മിക്കുന്നതിന് നമുക്ക സാധിച്ചിട്ടുണ്ട്. ഈ സഭയുടെ ഔചിത്യത്തിന്റെ പുരോഗതിയും ഇപ്രകാരമുള്ള നിയമങ്ങളുടെ അടിസ്ഥാനമായി സ്ഥിതിചെയ്യുന്നു. കാര്യനിർവഹണത്തെ ആസ്പദമാക്കി വീക്ഷിക്കുന്നപക്ഷം ഈ സഭാ അതിന്റെ സമയത്തേയും അനുവാദ്യമായി ഉപയോഗിച്ചിട്ടില്ലെന്നും അതിന്റെ പ്രയത്നം ഫലപ്രദമായി കലാശിച്ചിട്ടില്ലെന്നും വിചാരിക്കാവുന്നതാണ്. ഇതു നിശ്ചയമായ ഒരു സംഗതിയാണ്. എന്റെ അഭിപ്രായം ഈ വിധത്തിലാകുന്നു. ഈ ബില്ലിന്റെ സ്വീകരണം ഇല്ലെന്നും ഇതു വളരെ ദുഷ്കരമാണെന്നും ഉള്ള അഭിപ്രായം എനിക്കില്ല. നംപൂതിരി സമുദായത്തിന്റെ പുരോഗതിക്ക അനുയോജ്യമായ ആശയങ്ങളെ അടിസ്ഥാനപ്പെടുത്തി കാലാന്തരത്തിൽ ബില്ലിനെസംബന്ധിച്ച് ഭേദഗതികളും മാറങ്ങളും വരുത്തേണ്ടതാവശ്യമാണെന്നുള്ളതും ഞാൻ സമ്മതിക്കുന്നു. അപ്രകാരമുള്ള ആവശ്യം നേരിട്ടുന്നതിനുള്ള അവസരത്തിലും മുൻപു പ്രദർശിപ്പിച്ചിട്ടുള്ളതിനു തുല്യമായ സന്മനസ്സും അനുഭാവവും ഈ സഭാ പ്രത്യക്ഷപ്പെടുത്തുമെന്ന് ഞാൻ ആശിക്കുന്നു.

ഈ ബില്ലിനെസംബന്ധിച്ചു സഹകരിച്ചു് പ്രയോഗിക്കുന്നതിനായി രണ്ടു സാമാജികരുടെ നിയമിച്ചിട്ടുണ്ടല്ലോ. അവർ മെമ്പേഴ്സ്, ഉപ്പൻനംപൂതിരിപ്പാടും ജാതവേദൻനംപൂതിരിപ്പാടും ആകുന്നു. ഇവരോടു് എനിക്കുള്ള കടപ്പാടിനെ ഈ അവസരത്തിൽ പ്രത്യക്ഷപ്പെടുത്തുന്നതിനു് എനിക്കു് സന്തോഷമുണ്ടു്. ഇവരിൽ അല്പംപറഞ്ഞാൽമതിയാകുന്നതാണു്. ഈ ബില്ലിനെ കഴിഞ്ഞനിയമസഭയിൽ അല്പമായി അവതരിപ്പിച്ചിട്ടുള്ളതാണു്. സമുദായാഭിവൃദ്ധിക്കുവേണ്ടി ജാഗ്രതയോടുകൂടി പ്രവർത്തിക്കുന്ന ഒരാളാണു് അദ്ദേഹം. ഈ സംഗതികൊണ്ടു സഭയ്ക്കു അറിവുള്ളതാണെല്ലോ, പൂഴ്വാചാരങ്ങളെ കൂട്ടുപിടിച്ചു, ഒഴിയാതെ അവലംബിച്ചിരിക്കുന്ന സമുദായത്തിനുള്ള വിരോധത്തെ പ്രതിനിധീകരിക്കുന്ന ഒരാളാണു് മിസ്റ്റർ ജാതവേദൻ നംപൂതിരിപ്പാടു്. സമുദായത്തിനുള്ള എല്ലാപക്ഷം സഹകാരികളോടും ആകത്തക്കവണ്ണം ഈ ബില്ലിനെ രൂപീകരിക്കുന്ന കാര്യത്തിൽ അദ്ദേഹം വളരെ കൂടെ പ്രയത്നിച്ചിട്ടുണ്ടു്. സമുദായത്തിന്റെ അഭിവൃദ്ധിയെ ഉദ്ദേശിച്ചു് അവർ പ്രത്യക്ഷപ്പെടുത്തിയിട്ടുള്ള മഹാമനസ്കതയും ചെയ്തിട്ടുള്ള പ്രയത്നങ്ങളും നന്ദിയോടുകൂടി ഓർത്തിരിക്കുന്നതാകുന്നു.

ഈ സഭയിൽ ഈ നിയമനിർമ്മാണം കൊണ്ടുവരുന്നതിനു് എനിക്കു് അവസരമുണ്ടാക്കിയതിൽ നിന്നാം എല്ലാപേരും സഭയും എന്നെ സഹായിച്ചിട്ടുണ്ടു്. എങ്കിലും സ്ഥാനത്തെ ഞാൻ പ്രാപിക്കുന്നതിനുമുമ്പു നിങ്ങൾ എല്ലാപേരുടെയും പേരിൽ എനിക്കുള്ള നന്ദി ഞാൻ വീണ്ടും പ്രകടിപ്പിച്ചുകൊള്ളുന്നു.

ചോദ്യം നമ്പർ സ്ഥിര ഉത്തരവു് ഭേദപ്പെടുത്തുന്നതിനെ സംബന്ധിച്ചു് നിയമിച്ചിട്ടുള്ള പ്രത്യേകകമ്മിറ്റിയുടെ റിപ്പോർട്ടിനെപ്പറ്റിചെയ്യാലോചിക്കുക.

മി: എ എസ്സ്. മാധവമേനോൻ അശാൻ (മാവേലിക്കരയും-കാഞ്ഞിരപ്പള്ളിയും): നിയമസഭയിലെ സ്ഥിരം ഉത്തരവുകളിൽ ചോദ്യംനമ്പർ സ്ഥിരഉത്തരവിനെ ഭേദപ്പെടുത്തുന്നതിനു് നിയമിച്ചിട്ടുള്ള പ്രത്യേകകമ്മിറ്റി ചെയ്തിട്ടുള്ള റിപ്പോർട്ടിനെ ഞാൻ ഹാജരാക്കികൊള്ളുന്നു. (ഘ) എന്നതിനു് പകരം (ങ) എന്നു ചേർക്കണമെന്നുള്ളതാണു് എങ്കിൽറെ ഭേദഗതി. എന്തെന്നാൽ (ന) എന്നു ഭേദപ്പെടുത്തുന്നതു് ഉത്തമമായിരിക്കുമെന്നു പ്രത്യേകകമ്മിറ്റിയിലെ ഭൂരിപക്ഷം അംഗങ്ങളും തീരുമാനിച്ചു. ഈ ഭേദഗതിയോടുകൂടി പ്രത്യേകകമ്മിറ്റിയുടെ അഭിപ്രായത്തിനെ ഈ സഭാമുൻപാകെ അവതരിപ്പിച്ചിരിക്കുന്നു.

സർ, പ്രത്യേകകമ്മിറ്റി റിപ്പോർട്ടു് ചെയ്തിട്ടുള്ള പ്രകാരം ബില്ലു പരിശോധനയ്ക്കു് എടുക്കണമെന്നു ഞാൻ അഭ്യർത്ഥിക്കുന്നു.

മി: പി. ചെല്ലപ്പിള്ള (തോപ്പോള): ഞാൻ ഇതിനെ പിൻതാങ്ങുന്നു.

മി: കുട്ടമ്പേരൂർ പരമേശ്വരൻപിള്ള (അഡീഷണൽഹെഡ്സർക്കാർവക്കീൽ): എന്നാൽ ഖണ്ഡങ്ങളെപറ്റി ചിന്തിക്കുന്ന അവസരത്തിൽ ബില്ലിനെ ഞാൻ എതിർക്കുന്നതാകുന്നു.

മി. കെ. എസ്. മാധവമേനോൻ അശാൻ (മാവേലിക്കരയും-കാഞ്ഞിരപ്പള്ളിയും). ഒരു ഖണ്ഡം മാത്രമേ ബില്ലിൽ ഉള്ളു.

അദ്ധ്യക്ഷൻ: ആ സ്ഥിതിക്കു് ആ ഒരു ഖണ്ഡത്തെപ്പറ്റി തന്നെ ചർച്ചചെയ്യാലോചിക്കാവുന്നതാണു്.

മി: കുട്ടമ്പേരൂർ പരമേശ്വരൻപിള്ള (അഡീഷണൽഹെഡ്സർക്കാർവക്കീൽ): ഞാൻ ഈ ഭേദഗതിയെ എതിർക്കുന്നതിനു് എഴുന്നേറ്റതുകൊള്ളുന്നു. ഇപ്പോൾ നിലവിലിരിക്കുന്ന സ്ഥിരം ഉത്തരവനുസരിച്ചു് ഒരു ദിവസത്തെയ്ക്കു് അറുപതു് നാക്കണക്കെന്ന വ്യവസ്ഥചെയ്തിരിക്കുന്നു.

മി. കെ. പി നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ബില്ലിനെ പൂർണ്ണമായി മെമ്പർ പ്രതിക്ഷേപിക്കുന്നുണ്ടോ അതോ നിർദ്ദേശിച്ചിരിക്കുന്ന പ്രത്യേകഭേദഗതിയെ മാത്രമോ പ്രതിക്ഷേപിക്കുന്നു?

മി. കുട്ടമ്പേരൂർപരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സർക്കാർവക്കീൽ): ഈ സഭയുടെ മുൻപാകെ ഇപ്പോൾ ഹാജരാക്കിയിരിക്കുന്ന സ്ഥിരം ഉത്തരവിനെ ഞാൻ എതിർക്കുന്നു.

മ. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഭൂരിപക്ഷം മെമ്പർ ഏതെങ്കിലും ഭേദഗതി നിർദ്ദേശിക്കുന്നുണ്ടോ എന്നു പറയുമോ?

മി. കുട്ടമ്പേരൂർപരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സർക്കാർവക്കീൽ): ഇല്ലാ, എന്നാൽ ഈ ഭേദഗതി ഞാൻ എതിർക്കുന്നു.

മി. കെ. പി. നീലകണ്ഠപിള്ള (ചിറയിൻകീഴ്): അതിനാൽ ബില്ലിനെപൂർണ്ണമായി മെമ്പർ എതിർക്കുന്നു എന്നുകൊണ്ടു ഇതിൽ നിന്നും ഞാൻ അർത്ഥമാക്കേണ്ടതുണ്ടോ?

മി: കുട്ടമ്പേരൂർപരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സ് സക്കാർ വക്കീൽ): അതെ, അതിന്റെ അർത്ഥം അപ്രകാരമാണു്.

അല്പം ദിവസത്തെ അറിയിപ്പു നാം കൊണ്ടതാണെന്നു് സ്ഥിരം ഉത്തരവിൽ ഇപ്പോൾ വ്യവസ്ഥചെയ്തിരിക്കുന്നു. ഇപ്രകാരം ചെയ്തിട്ടുള്ളതിന്റെ ഉദ്ദേശം, കൂട്ടുമോഷണത്തെ (വെട്ടിക്കൊയ്യുന്നതിനുള്ള ഉപക്ഷേപം) സംബന്ധിച്ചു പ്രതിപാദിക്കപ്പെടുന്ന വിഷയത്തിനു ആവശ്യമായ സഭാവിവരങ്ങളിലും പറഞ്ഞു പരിചിതപ്പെടുന്നതിനു ഉദ്ദേശമായ സമാജികന്മാർക്കു അവസരമുണ്ടായിരിക്കണമെന്നുള്ളതാകുന്നു. ഇപ്പോഴത്തെ ചിന്താവിഷയം താഴെ പറയുന്നതാകുന്നു. ഈ സഭയോടു ഞങ്ങൾക്കുള്ള കൃത്യത്തെ നിറവേറ്റുന്നതിൽ സഹായിക്കുന്നതിനു ഗവണ്മെന്റു സാമാജികന്മാർക്കു മുൻ മിമിയോഗ്രാഫിചെയ്തുകൊടുക്കുമോ എന്നുള്ളതാകുന്നു. നോട്ടീസിന്റെ ഉദ്ദേശം സഭയിൽ അവതരിപ്പിക്കുന്നതിനുപകരിക്കുന്നതിനുള്ള ഉപക്ഷേപങ്ങളെസംബന്ധിച്ചു പ്രതിക്ഷേപിക്കയോ അല്ലെങ്കിൽ അവയെ സ്വീകരിക്കയോ ചെയ്യുന്നതിനു ആവശ്യമുള്ള വിവരങ്ങളും ശേഖരിക്കുന്നതിൽ ഉദ്യോഗസ്ഥന്മാരെ സഹായിക്കുകയും ചെയ്യുകയും ചെയ്യുന്നതിനുള്ളതാകുന്നു. ഇതു ഞാൻ മുൻപു തന്നെ പ്രസ്താവിച്ചിട്ടുള്ളതാകുന്നു. കട്ട് മോഷണത്തെ സ്വീകരിക്കയോ തള്ളുകയോ ചെയ്യുന്നതു് ഈ സഭ ചെയ്യുന്ന തീരുമാനങ്ങളെ ആശ്രയിച്ചിരിക്കുന്നു. അതിനപ്പുറം മുൻകൂട്ടി കണ്ടറിയുന്നതിനു ഞങ്ങൾക്കു സാധിക്കയില്ല. ശേഖരിക്കാൻ സാധിക്കുന്ന എല്ലാവിവരങ്ങളും ശേഖരിക്കുകയും അവ ഈ സഭ മുൻപാകെ ബോധിപ്പിക്കുകയും ചെയ്യുന്നതാണു് ഗവണ്മെന്റു ഭാഗത്തുള്ള

സാമൂഹികന്മാരുടെ പ്രധാന ചുമതലകളിൽ ഒന്നാണെന്ന് ഞാൻ വിചാരിക്കുന്നു. ഉപക്ഷേപത്തിന്റെ ഫലം എന്തു തന്നെ ആയിരുന്നാലും, മേൽ പറഞ്ഞ സംഗതികൾ നിർവഹിക്കുന്നതിൽ ഗവണ്മെന്റ് ഭാഗത്തുള്ള യാതൊരു സാമൂഹികനും വീഴ്ചവരുത്താൻ പാടില്ലാത്തതാകുന്നു. ഇതു ഗവണ്മെന്റു ഭാഗത്തുള്ള സാമൂഹികന്മാരുടെ കടമയാണെന്നു ഞാൻ വിചാരിക്കുന്നു.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): ലെജിസ്ലേറീവു അസംബ്ളിയിൽ നിന്ന് പിച്ചിട്ടുള്ള നോട്ടീസിന്റെ കൂടെ എന്താണെന്നു മാ മെമ്പർ പറയുമോ?

മി: കുഞ്ഞാലം പരമേശ്വരൻപിള്ള (അഡീഷണൽ ഫൈഡ് സക്കാർ വക്കീൽ): അതിനെപ്പറ്റി ഞാൻ ഇപ്പോൾ പറയുന്നതാണ്.

ഉദ്യോഗസ്ഥസാമൂഹികന്മാർക്ക് ഈ കാര്യത്തിലുള്ള ചുമതല വളരെ പ്രാധാന്യം വഹിക്കുന്നു എന്നാണെന്നു ഞാൻ വിചാരിക്കുന്നു. ഈ സ്ഥിതിക്കു തങ്ങളുടെ ഈ ചുമതല നിർവഹിക്കുന്നതിൽ മൂന്നു ദിവസം ചുരുങ്ങിയ ഒരു കാലം മാത്രമായിരിക്കുമെന്നു ഞാൻ വിചാരിക്കുന്നു. നോട്ടീസ് കിട്ടിയതിന്റെ ശേഷം മാത്രമാണ്, അതിനപ്പുറത്തി മറുപടി പറയുന്നതിനു ഗവണ്മെന്റു ഭാഗത്തുള്ള സാമൂഹികന്മാർക്ക് എല്ലാ വിവരങ്ങളും ശേഖരിക്കുവാനുള്ളതാകുന്നു. അവർക്ക് അതിനു വേണ്ടിടത്തോളം സമയം ലഭിക്കുന്നതിനിടയുള്ള പക്ഷം ഈ സഭയിൽ മറുഭാഗത്തുള്ള സാമൂഹികന്മാർ ചോദിക്കുന്ന ചോദ്യങ്ങൾക്കു തൃപ്തികരമായ മറുപടി നൽകുന്നതിനു സാധിക്കുന്നതായിരിക്കും.

ലെജിസ്ലേറീവു അസംബ്ളിയുടെ കാര്യത്തിൽ സ്വീകരിച്ചുവരുന്ന നോട്ടീസിനെ പറ്റി എല്ലാ വ്യവസ്ഥയാണ് ചെയ്തിരിക്കുന്നതെന്നു മിസ്റ്റർ. ആർ. കേശവപിള്ള എന്നോട് ചോദിച്ചു. അവിടെ രണ്ടു ദിവസം മുൻപു നോട്ടീസ് അയച്ചാൽ മതിയാകുന്നതാണ്. ലെജിസ്ലേറീവു അസംബ്ളിയുടെ ഘടന ഈ സഭയുടെ ഘടനയെ അപേക്ഷിച്ചു ഭിന്നമായിട്ടുള്ളതാകുന്നു. ഈ സംഗതി ഞാൻ പറയേണ്ട ആവശ്യമില്ലല്ലോ. ഈ സഭയിൽ അനുദ്യോഗസ്ഥസാമൂഹികന്മാരുടെ പക്കൽ നിന്നും അറിയിപ്പു ലഭിച്ചതിനു ശേഷം മാത്രമാണ് നോട്ടീസിനു പറഞ്ഞിരിക്കുന്ന വിഷയങ്ങളെപ്പറ്റി ഉദ്യോഗസ്ഥസാമൂഹികന്മാർ ചിന്തിക്കേണ്ടതു്.

മി: എ. എസ്സ്. ഓമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): അവിടെ ഉള്ള ഘടനയുടെ കൂടുക്ഷമതയെ അപേക്ഷിച്ചു ഇവിടെ ഉള്ള നിയമനിർമാണസഭയുടെ ഘടന മോശമാണോ എന്നു പറയുമോ?

മി: കുഞ്ഞാലം പരമേശ്വരൻപിള്ള (അഡീഷണൽ ഫൈഡ് സക്കാർ വക്കീൽ): സർ, അതല്ലാ ഞാൻ പറയുന്നതു. അസംബ്ളിയിൽ ഭരണനിർവഹണ സമിതിയിലെ അംഗങ്ങളും ഉണ്ടു്. അതായതു അവിടെ പ്രത്യേകം ഡിപ്പാർട്ടുമെന്റുകളുടെ ചാർജ്ജ് വഹിക്കുന്ന ഗവണ്മെന്റു ഭാഗത്തുള്ള ഓരോ സാമൂഹികന്മാരുണ്ടു്. തങ്ങളുടെ സ്വന്തമായ ഉത്തരവാദിത്വത്തിന്മേൽ ലെജിസ്ലേറീവു അസംബ്ളിയിൽ വച്ചു അവക്ക് മറുപടി നൽകുവുന്നതാണ്. ഇവിടെ ഉള്ള സ്ഥിതി അപ്രകാരമല്ല.

റാവു ബഹദൂർ കെ. എം. കുഞ്ഞുകുട്ടൻ (നിയമിക്കപ്പെട്ട മെമ്പർ, ഉപാദ്ധ്യക്ഷൻ): ആവശ്യമുള്ള വിവരങ്ങൾ സിക്രട്ടേറിയറിൽ നിന്നു ലഭിക്കയില്ലയോ,

മി: കുഞ്ഞാലം പരമേശ്വരൻപിള്ള (അഡീഷണൽ ഫൈഡ് സക്കാർ വക്കീൽ). എന്നാൽ ഇവിടെ ചോദിക്കുന്ന ചോദ്യങ്ങൾക്കു പൂർണ്ണവും തൃപ്തികരവുമായ മറുപടികൾ നൽകുന്നതിനു സിക്രട്ടേറിയറിൽ ഉള്ളവിവരങ്ങൾ എല്ലാം മതിയാകുന്നതല്ല. സിക്രട്ടേറിയറിലുള്ള ഉദ്യോഗസ്ഥന്മാർക്ക് ഡയറക്കുകളിലുള്ള വിവരങ്ങൾ ഗ്രഹിക്കേണ്ടിയിരിക്കുന്നു. ഈ സഭയിൽ ഈ ഭാഗത്തുള്ള ഓരോ സാമൂഹികന്മാരേയും സംബന്ധിച്ചിടത്തോളം പ്രസ്തുത വിവരങ്ങൾ മാത്രം നൽകിയാൽ മതിയാകുമെന്നു ഈ സഭ വിചാരിക്കുന്ന പക്ഷം ആയതു ഞങ്ങളിൽ ചിലർക്കു ഏതായാലും നല്ലതും സൌകര്യപ്രദവും ആയിരിക്കുന്നതാണ്. എന്നാൽ ഉപക്ഷേപങ്ങളിൽ അന്തർഭവിക്കുന്ന വിഷയങ്ങളെ സംബന്ധിച്ചു ഗവണ്മെന്റിനു വേണ്ടി ഞങ്ങൾ മറുപടി പറയണമെന്നു സഭ പ്രതീക്ഷിച്ചിരിക്കുന്നു. ഇതു വളരെ വ്യത്യാസപ്പെട്ട ഒരു സംഗതിയാണ്.

മി: കെ. ജോസ് (ഗവണ്മെന്റു ചീഫ് സിക്രട്ടറി): ഒരു തുക കുറയ്ക്കുകയോ അതിനെ എടുത്തുകളയുകയോ ചെയ്യുന്നതിനുള്ള നിർദ്ദേശത്തെപ്പറ്റി നിയമസഭയിൽ മറുപടി നൽകേണ്ട ഡിപ്പാർട്ടുമെന്റു മേലധ്യക്ഷന്മാർക്ക് അതിനെ കുറിച്ചു ആദ്യമായി അറിയിപ്പു നൽകേണ്ടതല്ലെ എന്നു മെമ്പറിനോടു ഞാൻ ചോദിച്ചുകൊള്ളുന്നു.

മി: കുഞ്ഞാലം പരമേശ്വരൻപിള്ള (അഡീഷണൽ ഫൈഡ് സക്കാർ വക്കീൽ): അപ്രകാരം ചെയ്യേണ്ടതാണ്. ഡിപ്പാർട്ടുമെന്റു മേലധ്യക്ഷന്മാരുടെ അഭിപ്രായങ്ങൾ എന്തെന്നു സൂക്ഷ്മമായി അറിയേണ്ടതാണ്, ആയവ്യയ ഗണനപട്ടികയിൽ രേഖപ്പെടുത്തിച്ചിട്ടുള്ള ഇനങ്ങളെ സംബന്ധിച്ചു ഉത്തരവാദിത്വം വഹിക്കുന്ന ഡിപ്പാർട്ടുമെന്റു മേലധ്യക്ഷന്മാർ ഗവണ്മെന്റിനെ അഭിപ്രായങ്ങളെ സൂക്ഷ്മമായി അറിയേണ്ടതാകുന്നു. ഇപ്രകാരമുള്ള എല്ലാ സംഗതികളെയും അടിസ്ഥാനപ്പെടുത്തി നോക്കുന്നപക്ഷം മൂന്നു ദിവസം മുൻപു നോട്ടീസ് കൊടുത്താൽ മതിയാകുമോ എന്നുള്ള ഈ സഭ പുനർവിചിന്തനം ചെയ്യേണ്ടതാണ്. ഇതാണ് ഈ നിമിഷം അപേക്ഷിക്കുവാനുള്ള സംഗതി.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): മൂന്നു ദിവസത്തിനകം ഡിപ്പാർട്ടുമെന്റു മേലധ്യക്ഷന്മാരുടെ അഭിപ്രായങ്ങളെ അറിയുന്നതിനു സാധിക്കയില്ലയോ.

മി: കുഞ്ഞാലം പരമേശ്വരൻപിള്ള (അഡീഷണൽ ഫൈഡ് സക്കാർ വക്കീൽ): മിക്കപ്പോഴും അപ്രകാരം സാധിക്കുമില്ല.

സർ, അഞ്ചു ദിവസം മുൻപു നോട്ടീസു കൊടുക്കണമെന്നുള്ള വ്യവസ്ഥയാണ് ഇപ്പോൾ ഉള്ളതു്. ഈ വ്യവസ്ഥയും ഈ സഭയിലെ മറ്റു ഭാഗത്തുള്ള സാമൂഹികന്മാർക്ക് യഥാർത്ഥത്തിൽ ഏതെങ്കിലും ബുദ്ധിമുട്ടുകൾ നേരിട്ടിട്ടുള്ള പക്ഷം ഈ ഭേദഗതി ആവശ്യമാണെന്നു വിചാരിക്കാവുന്നതാണ്. സ്ഥിരം ഉത്തരവുകൾ അനുസരിച്ചു യോഗ്യമെന്നു തോന്നുന്ന സംഗതികളിൽ അധ്യക്ഷനു നോട്ടീസിനെ സംബന്ധിച്ചുള്ള ക്രമപ്രവൃത്തികളെ ഒഴുകരിക്കാവുന്നതുമാകുന്നു.

മി: എ. എസ്സ്. ഓമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): അധ്യക്ഷൻ നോട്ടീസ് വേണ്ടെന്നു വെയ്ക്കുകയും മൂന്നു ദിവസത്തിനു മുൻപു അയയ്ക്കുന്ന ഉപക്ഷേപങ്ങളെ അദ്ദേഹം സ്വീകരിക്കയും ചെയ്യുന്ന പക്ഷം എന്റെ സുഹൃത്തിനു ഇവിടെ വിവരമായി പറഞ്ഞിട്ടുള്ള എല്ലാ വിഷമതകളും കുറയുമല്ലോ?

മി: കുഞ്ഞാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സെക്രട്ടറി ഇൻ ചാർജ്): അതേ, ചില സംഘടനകളിൽ ഒരു ദിവസത്തെ നോട്ടീസുമതും മതിയാകുന്നതാണ് അതു കൊണ്ടാണ്. യോഗ്യമായ സംഘടനകളിൽ എന്നു ഞാൻ പറഞ്ഞതു്. അദ്ധ്യക്ഷന്റെ അഭിപ്രായം അനുസരിച്ചു നോട്ടീസു വേണ്ടെന്നു വയ്ക്കുന്നതിനു അതേ കാരണം സൂചിപ്പിക്കുന്നു.

മി: എ. ചുസ്സ്. മെത്രോസേരാശൻ (മാവേലിക്കര-കാർത്തികപ്പള്ളി): ഈ പ്രകാരമുള്ള സംഘടനകളിൽ ഗവണ്മെന്റുദ്യോഗസ്ഥന്മാർക്കുള്ള സാമാജികന്മാർക്ക് ബുദ്ധിമുട്ടുകരം നേരിടുകയില്ലെന്നോ?

മി: കുഞ്ഞാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സെക്രട്ടറി ഇൻ ചാർജ്): നോട്ടീസു് വേണ്ടെന്നുവയ്ക്കുന്നതിനു അപേക്ഷിക്കയും അതനുവദിക്കയും ചെയ്യുന്നതു ഒഴിച്ചുകൂടാൻ പാടില്ലാത്തതും അപ്രകാരം ചെയ്യുന്നതു ആയ സംഘടനകളിൽ മാത്രമാകുന്നു. ഇപ്രകാരമാണ് നാം ഈ കാര്യത്തിൽ പ്രതീക്ഷിക്കേണ്ടതു്. യോഗ്യമായ അപേക്ഷകളുള്ള കാര്യങ്ങളിൽ നോട്ടീസുവേണ്ടെന്നു വയ്ക്കുന്നതിനു അപേക്ഷിക്കയും അദ്ധ്യക്ഷൻ അനുവദിക്കയും ചെയ്യുന്നപക്ഷം ഇപ്രകാരമുള്ള ഒരു ഭേദഗതി ഹാജരാക്കുന്നതിന്റെ ഔചിത്യം മനസ്സിലാക്കുന്നതാണ്. എന്നാൽ അപ്രകാരമുള്ള വിഷയങ്ങൾ ഇതുവരെ സംഭവിച്ചിട്ടില്ല. നോട്ടീസ് യഥാർത്ഥത്തിൽ വേണ്ടെന്നുവച്ചിട്ടുള്ളതിനു പല ഉദ്യോഗങ്ങളും പറയുന്നതിനു എനിക്കു സാധിക്കും. ഈ ഭേദഗതി സ്വീകരിക്കുന്നതിന്റെ ആവശ്യകതയെ സംബന്ധിച്ചിടത്തോളം ഈ സഭയുടെ കാര്യത്തിൽ തങ്ങൾക്കുള്ള പ്രധാനപ്പെട്ടതു നിവഹിക്കുന്നതിൽ ഗവണ്മെന്റുദ്യോഗസ്ഥന്മാർക്ക് വളരെ സാരമായ ബുദ്ധിമുട്ടുകൾ നേരിടുന്നതാണ്. ഇതു ഞാൻ മുൻപുതന്നെ പറഞ്ഞിട്ടുള്ളതാണെല്ലോ.

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (നയമിക്കപ്പെട്ട മെമ്പർ, ഉപാദ്ധ്യക്ഷൻ): സർ, പ്രത്യേക കമ്മറ്റിയിലുള്ള അംഗങ്ങൾ ഈ വിഷയത്തെപ്പറ്റി ഭീർഘമായി ചിന്തിച്ചിട്ടുണ്ട്. പല സ്ഥിതിഗതികളെപ്പറ്റിയും അവർക്കു അറിവുള്ളതുകൊണ്ടാണ് അവർ ഈ നിർദ്ദേശം ചെയ്തിട്ടുള്ളതു്. ഇതു രണ്ടുദിവസത്തെ കാര്യമാണെന്നുള്ളതാണ് മി: ആശാന്റെ ഭേദഗതി. മി: ആശാൻ നിർദ്ദേശിച്ചിട്ടുള്ള രണ്ടുദിവസത്തിനു പകരവും, ഇപ്പോഴുള്ള അഞ്ചുദിവസത്തിനു പകരവും; നോട്ടീസിനുള്ള കാലാവധി മുന്നുദിവസമെന്നു ഇപ്പോഴും നിർണ്ണയിക്കുന്നപക്ഷം അതുസംബന്ധിച്ചുള്ള ഏല്ലാവർക്കും പൊതുവെ തൃപ്തികരമായിരിക്കുമെന്നു ഞങ്ങൾ വിചാരിച്ചു. ഈ കാര്യത്തിൽ ചില വിഷമതകൾ നേരിടുമെന്ന് ചില മെമ്പർമാർ ഇപ്പോൾ ഭയപ്പെടുന്നു. എന്നാൽ അവ വാസ്തവത്തിൽ തോന്നുന്നതുപോലെ ഗൗരവമുള്ളതാണെന്നു് ഞാൻ വിചാരിക്കുന്നില്ല. അതു വ്യയഭൂയിഷ്ഠമായ പട്ടിക തയ്യാറാക്കുന്ന അവസരത്തിൽ ഡിപ്പാർട്ടുമെന്റ് മേലദ്ധ്യക്ഷനു അതിനെ ഗവണ്മെന്റിലേക്കു അയയ്ക്കുന്നതിനുമുൻപു് എല്ലാവിധ രണ്ടുകളും ശ്രദ്ധിക്കയും അതിനെപ്പറ്റി ചിന്തിക്കയും ചെയ്യുന്നു. ഗവണ്മെന്റു ബഡ്ജറിനെപ്പറ്റിയുള്ള വിവരമായി പരിശോധിക്കുകയും ആവശ്യമെന്നുതോന്നുന്നവസരങ്ങളിൽ കൂടുതൽ വിവരങ്ങളും വരുത്തുകയും അവസാനമായി ബഡ്ജറിനെ അന്തിമമായി അനുമതിക്കായി സഭയിൽ സമർപ്പിക്കയും ചെയ്യുന്നതുവരെ വിചാരിക്കേണ്ടിയിരിക്കുന്നു. സർ, പുതുതായ യാതൊരു ചിലവും കൂടുതലായുണ്ടാകുമെന്നും അതുമൂലം ഡിപ്പാർട്ടുമെന്റു മേലദ്ധ്യക്ഷനോടു് വീണ്ടും ചോദിക്കേണ്ടതായും നേരിടുമെന്നും പറയുകയുണ്ടായി. ഇതുവളരെ ഭാരമുള്ള ഒരു സംഗതിയാണെന്നു ഞാൻ വിചാരിക്കുന്നില്ല. ഈ ഭേദഗതിമൂലം ഒരു പ്രത്യേക ഡിപ്പാർട്ടുമെന്റു മേലധികാരികൾക്കും സിക്രട്ടേറിയറിലുള്ള ഉദ്യോഗസ്ഥന്മാർക്കും അല്പം ജോലിക്കൂടുതൽ ഉണ്ടാകുന്നതാണ്. ഇതു് ഞാൻ സമ്മതിക്കുന്നു. എന്നാൽ അയ വ്യയഭൂയിഷ്ഠമായ പട്ടികയെസംബന്ധിച്ചു ചിന്തിക്കുന്ന സമ്മേളനങ്ങളിൽ നടക്കുന്ന അവസരത്തിൽ അവക്കു് കൊടുക്കുവാനുള്ള അധികമായജോലിയോടൊന്നിച്ചു മേൽപറഞ്ഞമൂലം ഉണ്ടാകുന്ന അല്പം ജോലിക്കൂടി ചെയ്യേണ്ടിവരുന്നപക്ഷം അതു് അത്യധികമായ ഒന്നായിരിക്കുന്നതല്ല. വ്യത്യാസമായിട്ടുള്ള അവസ്ഥകൾക്കു അനുസരണമായിട്ടുള്ള കാര്യങ്ങളെപ്പറ്റി അദ്ധ്യക്ഷൻ ന്യായമായി തീർച്ചചെയ്യുന്നതാണ്. ഈ കാര്യത്തിൽ യാതൊരു സംശയവുമില്ല. അദ്ധ്യക്ഷനെ അസൌകര്യമായ ഒരു നിലയ്ക്കു അധീനമാക്കാതെ ആലോചനയ്ക്കു വിഷയമായിരിക്കുന്ന സ്ഥിരം ഉത്തരവിനെ ഭേദപ്പെടുത്തി നാം ഉദ്ദേശിച്ചിട്ടുള്ള സംഗതി സാധിക്കണം. ഭേദഗതിമൂലം നിവഹിക്കേണ്ട സംഗതി ഇതാണ്. നിയമത്തിൽ ഗീർവ്വയിച്ചിരിക്കുന്നപ്രകാരം നോട്ടീസ് അയക്കുന്നതിനു സാധിക്കാതിരിക്കുന്ന അവസരങ്ങളിൽ സ്ഥിരം ഉത്തരവിന്റെ പ്രാബല്യത്തെ ഇല്ലാതാക്കുന്നതിനു അദ്ധ്യക്ഷനോടു് അപേക്ഷിക്കേണ്ടിയിരിക്കുന്ന മേൽപറഞ്ഞിട്ടുള്ളതു് നിശ്ചയമായും അദ്ധ്യക്ഷനോടു ഇപ്രകാരം അപേക്ഷിക്കുന്നതിനേസംബന്ധിച്ചു ഉത്തമമായിട്ടുള്ള ഒന്നുകൂടുന്നു. ഇതു് തീർച്ചയായ ഒരു കാര്യമാണ്. സർ, ഈ കാര്യത്തിൽ വളരെ ഗൗരവമായ ചിന്തിക്കേണ്ട യാതൊരുകാര്യവുമില്ലെന്നാണ് ഞാൻ വിചാരിക്കുന്നതു്. സർ, ലെജിസ്ലേറ്റീവു് അസംബ്ലിയിലുള്ള ഭരണനിർവ്വഹണസമിതിയിലെ സാമാജികന്മാരെപ്പറ്റി ഏറ്റവും സ്നേഹിതൻ മി: ഹരഭേശപിള്ള സൂചിപ്പിച്ചു. അവിടത്തെ സ്ഥിതിയും വളരെ സാരമായവിധം ഭിന്നമായിരിക്കുന്നു എന്നു് ഞാൻ വിചാരിക്കുന്നില്ല. എന്തുകൊണ്ടെന്നാൽ ഭരണനിർവ്വഹണസമിതിയിലെ സാമാജികന്മാർക്കും ഡിപ്പാർട്ടുമെന്റുമേലദ്ധ്യക്ഷന്മാരോടു് ചോദിച്ചറിയേണ്ടകാര്യങ്ങളും ഉണ്ടാകുന്നതാണ്.

ഈ ഡ്യാഗവണ്മെന്റിന്റെ ഭരണനിർവ്വഹണസമിതിയിലുള്ള അംഗങ്ങൾ ഗവണ്മെന്റു് മേലദ്ധ്യക്ഷന്മാരല്ല, ഹോർട്ടു സൻറ് ജാർജിലെ സാമാജികന്മാർ ഗവണ്മെന്റുസാമാജികന്മാരും ഗവണ്മെന്റദ്ധ്യക്ഷന്മാരുമാകുന്നു. ഇവിടെയുള്ള സെക്രട്ടേറിയറിലെ പല ശാഖകളും ചെയ്യുന്നതുപോലെ അവർ കാര്യങ്ങളെ നിയന്ത്രിക്കുമാത്രമാണ് ചെയ്യുന്നു. നമ്മുടെ സിക്രട്ടേറിയറിലുള്ള ശാഖകൾ ജോലിഭാരം നിവഹണസമിതിയിലെ ഓരോ മന്ത്രിമാരുടെ കീഴിലുള്ള ജോലിയോടു അനുസരണമായിട്ടുള്ളതാകുന്നു. ഇതു് നിശ്ചയമാണ്. രണ്ടുദിവസംകൊണ്ടു് ഡിപ്പാർട്ടുമെന്റ് മേലദ്ധ്യക്ഷന്മാരുടെ പക്കലുള്ള നിന്നും ആഭ്യന്തരമായ വിവരങ്ങൾ ശേഖരിക്കുന്നതിനു ഭരണനിർവ്വഹണസമിതിയിലെ അംഗങ്ങൾക്കു യാതൊരുബുദ്ധിമുട്ടും നേരിടുന്നില്ലെങ്കിൽ ഈ കാര്യത്തിലെ ഏറ്റവും വിഷമതയാണ് ഇടയ്ക്കു നേരിടുവാനുള്ളതു്. ഈ സഭയെസംബന്ധിച്ചിടത്തോളം ഡിപ്പാർട്ടുമെന്റു് മേലദ്ധ്യക്ഷന്മാരുടെ കൈവശം വരുമാനം എഴുപ്പത്തിൽ ഗ്രഹിക്കാവുന്നതാണ്. പ്രത്യേകിച്ചും അവരെല്ലാവരും തിരുവനന്തപുരത്താണ് താമസിക്കുന്നതു്. രണ്ടാം ആവശ്യപ്പെടുന്ന എല്ലാവിവരങ്ങളും യഥാകാലത്തിൽ അദ്ദേഹത്തിനു കിട്ടത്തക്കവിധം ഗവണ്മെന്റിനു യാതൊരുവിഷമതയും ഇല്ല. ഇതു് നിശ്ചയമായ ഒരു കാര്യമാണ്. ഇതിനപ്പുറം ഒരു, ഈ ഭേദഗതി സ്വീകരിക്കപ്പെട്ടതിന്റെഫലം ഉണ്ടാകുന്നതെന്നു് മി: പരമേശ്വരൻപിള്ള ഉദ്ധരിച്ചതായി കണ്ടു കിലും വിഷമതവസ്തുത്തിനു നേരിടുന്നപക്ഷം നമുക്കു് സ്ഥിരം ഉത്തരവിനെ ഭേദപ്പെടുത്തുകയും

ഴും ഞായറാഴ്ച രാത്രിയും, തുടർന്ന് അഞ്ചുദിവസങ്ങളിലും ഏഴരമുതൽ, ദിവസങ്ങളിലും ആകെയും ചെയ്യുന്നതിനു നിശ്ചയമായും സ്വാതന്ത്ര്യമുള്ളതാണല്ലൊ?

മി: കുഞ്ഞാലപരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സ്ക്കാർവക്കീൽ): ഇപ്പോഴത്തെ അഞ്ചുദിവസത്തെ നോട്ടീസ് പോരെന്നു വ്യവസ്ഥചെയ്തിരിക്കുന്നു. ഈ വ്യവസ്ഥയും സഭയിലെ മറ്റംഗങ്ങളുള്ള സാമാജികന്മാർക്ക് ഏതെങ്കിലും ബുദ്ധിമുട്ടുകൾ നേരിട്ടിട്ടുണ്ടോ എന്ന് പറയുമോ?

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (നിയമിക്കപ്പെട്ട മെമ്പർ, ഉപാദ്ധ്യക്ഷൻ): ബുദ്ധിമുട്ട് നേരിട്ടിട്ടുണ്ടെന്നു നിശ്ചയമായും പിന്നീടറിയേണ്ടിയിരിക്കുന്നു. ഈ കാരണത്തെ അടിസ്ഥാനപ്പെടുത്തിയാണ് സഭാംഗങ്ങളെ മുൻകൂട്ടിയപ്പറ്റി ചിന്തിക്കുന്നതിനു അനുവദിക്കേണ്ടതിനെ നാം കരുതിയിട്ടുള്ളത്.

മി: കുഞ്ഞാലപരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സ്ക്കാർവക്കീൽ): മെമ്പറിന്റെ സ്വന്തംപരിചയത്തെ അടിസ്ഥാനപ്പെടുത്തിപറയുന്നതിനാണ് ഞാൻ ആവശ്യപ്പെടുന്നത്. ഈ വിഷയത്തിൽ അങ്ങേയ്ക്ക് ഏതെങ്കിലും ബുദ്ധിമുട്ട് നേരിട്ടിട്ടുണ്ടോ എന്നാണ് അറിയുന്നതിനാണ് ഞാൻ ആവശ്യപ്പെടുന്നത്?

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (നിയമിക്കപ്പെട്ട മെമ്പർ, ഉപാദ്ധ്യക്ഷൻ): സർ, ഞാൻ ഈ സഭയിലെ മെമ്പറായിരുന്ന കൊല്ലങ്ങളിൽ ഇക്കാര്യത്തിനെ സംബന്ധിച്ചു നിർദ്ദോഷവശാൽ യാതൊരു ഉപക്ഷേപങ്ങളും ഞാൻ ഗണിച്ചിരുന്നില്ല.

മി: കുഞ്ഞാലപരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സ്ക്കാർവക്കീൽ): ഈ കാര്യത്തിൽ നേരിട്ടുന്ന ഏതെങ്കിലും വിഷമതയെ സംബന്ധിച്ചു ഈ സഭയിലെ ഏതെങ്കിലും സാമാജികൻ അങ്ങേയ്ക്കിന്റെ അറിവിൽ കൊണ്ടുവന്നിട്ടുണ്ടോ?

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (നിയമിക്കപ്പെട്ട മെമ്പർ, ഉപാദ്ധ്യക്ഷൻ): ഉണ്ട്. അതാണ് ഞാൻ പറയുന്നത്. ഈ കാരണത്താലാണ് ഈ ഭേദഗതി സഭാ സ്വീകരിക്കണമെന്നു പറയുന്നത്. ഇതിനെപ്പറ്റി ചിന്തിക്കുന്നതിനു നിയമിച്ചിട്ടുള്ള പ്രവൃത്തിക്കമ്മറ്റി ഈ ഭേദഗതിയെ സ്വീകരിക്കുന്നതിൽ അനുകൂലിച്ചിട്ടുണ്ട്. ഇപ്പോഴത്തെ വ്യവസ്ഥകൊണ്ടു വിഷമതകൾ നേരിട്ടുണ്ടെന്നുള്ളതു മിസ്റ്റർ ആശാൻ ഈ സഭയോടു വ്യക്തമായി ഖണ്ഡിച്ചു പറഞ്ഞിരിക്കുന്നു. ഈ സംഗതി സമ്മതിക്കുന്നതിനു എന്റെ സ്നേഹിതൻ മിസ്റ്റർ പരമേശ്വരൻപിള്ള മുതലായവർ തയ്യാറുണ്ട്. ആവശ്യമുള്ള വിവരങ്ങൾ സിക്രട്ടേറിയറിൽനിന്ന് ലഭിക്കാൻ സാധിക്കയില്ലെന്നാണ് അദ്ദേഹം പറയുന്നത്. ഡിപ്പാർട്ടുമെന്റു മേലദ്ധ്യക്ഷന്മാരുടെപക്കൽനിന്ന് ആവശ്യമുള്ള വിവരങ്ങൾ ശേഖരിക്കുന്ന കാര്യത്തിൽ ഗവണ്മെന്റു സാമാജികന്മാക്ക് വളരെ ബുദ്ധിമുട്ട് നേരിട്ടുമെന്നുള്ള കാര്യം മാത്രമാണ് അദ്ദേഹം പറയുന്നത് എന്നു തോന്നുന്നു. ആവശ്യമുള്ള എല്ലാ വിവരങ്ങളും സിക്രട്ടേറിയറിൽ നിന്നു ലഭിക്കാൻ സാധിക്കുന്നതാണ്. ഇതാണ് ഞാൻ വിചാരിക്കുന്നത്. എങ്ങനെകൊണ്ടെന്നാൽ എല്ലാ കാര്യങ്ങളെയും സംബന്ധിച്ചു ഏതെങ്കിലും ഒരുചോദ്യത്തിൽ സിക്രട്ടേറിയറിൽ നടപടി നടത്തുന്നതാണ് ആയവ്യയനഗ്നപട്ടിക പ്രകാരമുള്ള ഡിമാൻഡുകളെയും ഉപക്ഷേപങ്ങളെയും സംബന്ധിച്ചു സിക്രട്ടേറിയറിലാണ് നടപടി നടത്തിവരുന്നത്. ഇപ്രകാരമാണ് ഞാൻ വിചാരിക്കുന്നത്.

അങ്ങേയ്ക്കു കൃത്യങ്ങൾ നിവഹിക്കുന്നതിൽ അനുദ്യോഗസ്ഥസാമാജികന്മാക്ക് അതികഠിനമായ വിഷമങ്ങൾ നേരിട്ടിരിക്കുന്നു എന്ന അഭിപ്രായം വിചാരിക്കുന്നു. ഈ കാര്യത്തിൽ അവക്ക് സൗകര്യം നാം ചെയ്യണമെന്നു ഉദ്ദേശിച്ചു ചെയ്യണമെന്നു വിചാരിച്ചിരിക്കുന്ന ഭേദഗതിയെപ്പറ്റി ഇപ്രകാരം ഗൗരവമായവിധത്തിൽ പ്രതിപാദിക്കേണ്ട ആവശ്യമെന്താണെന്നു ഞാൻ നിർദ്ദേശിച്ചിട്ടുള്ള ഭേദഗതിയുടെ ഗവണ്മെന്റിനു സാരമായ എന്തൊരു ന്യൂനതയാണു സംഭവിക്കാനുള്ളത്. സിക്രട്ടേറിയറിൽനിന്നുമാത്രം ലഭിക്കാൻ സാധിക്കുന്ന വിവരങ്ങൾകൊണ്ട് സഭയിലെ ഈ ഭാഗത്തുള്ള സാമാജികന്മാർ തൃപ്തിപ്പെടുന്നപക്ഷം ഇപ്പോൾ ആലോചനക്കു വിഷയമായിരിക്കുന്ന ഭേദഗതിയെ സ്വീകരിക്കുന്നതിനു തനിക്കു യാതൊരു വിരോധവുമില്ലെന്നു എന്റെ സ്നേഹിതൻ പ്രസ്താവിച്ചു. നിശ്ചയമായും ഇതിൽ കൂടുതലായി എന്തെങ്കിലും ചെയ്യുന്നതിനു അങ്ങേയ്ക്കിനെ സംബന്ധിച്ചിടത്തോളം ആശിക്കാവുന്നതല്ല. സിക്രട്ടേറിയറിൽനിന്നു ശേഖരിക്കുന്ന വിവരങ്ങളും നിശ്ചയമായും വളരെ സാരമായിട്ടുള്ളതും വിശ്വാസയോഗ്യമായിട്ടുള്ളതും തന്നെയാകുന്നു. ഇടയ്ക്ക് വിവരങ്ങൾക്കിടയിൽ സംബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റു അദ്ധ്യക്ഷന്റെ താൻറെ അധീനത്തിലുള്ള ഏതാനും ദിവസങ്ങൾക്കിടയിൽ സംബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റു അദ്ധ്യക്ഷന്റെ താഴ്ന്ന, ഡിപ്പാർട്ടുമെന്റിലെ കീഴ് ഉദ്യോഗസ്ഥന്മാരുടെയോ പക്കൽനിന്നു ലഭിക്കാൻ സാധിക്കുന്ന എല്ലാ വിവരങ്ങളും അങ്ങേയ്ക്ക് എല്ലാവിധത്തിലും ശേഖരിച്ചുകൊള്ളട്ടെ. താഴെ കൊടുത്തിട്ടുള്ളപ്രകാരം പറയുന്നതിനു അങ്ങേയ്ക്കിനു നിശ്ചയമായും സ്വാതന്ത്ര്യമുണ്ടെല്ലൊ, മുന്നു ദിവസത്തെ നോട്ടീസുമാത്രമേ യിങ്ങനെ എനിക്ക നാം കൊടുത്തിട്ടുള്ളു. ഈ ചുരുങ്ങിയ കാലത്തിനിടയിൽ എനിക്ക ഇതുപോലെ വിവരങ്ങൾ മാത്രമേ ശേഖരിക്കുന്നതിനു സാധിക്കയുള്ളു. അഞ്ചു ദിവസത്തെ നോട്ടീസു വേണമെന്നു ഞാൻ ആവശ്യപ്പെട്ടു, എന്നാൽ മുന്നു ദിവസത്തെ അറിയിപ്പു മാത്രമേ നിങ്ങൾ എനിക്ക നൽകിയുള്ളു. ഇപ്രകാരം പറയുന്നതിന്റെ അർത്ഥം പൂർണ്ണമായി മനസ്സിലാക്കുവാൻ കഴിഞ്ഞുവെന്നുതന്നെല്ലൊ. ഗവണ്മെൻറിനേയും ഗവണ്മെൻറു ഭാഗത്തുള്ള സാമാജികന്മാരേയും വിഷമിപ്പിക്കേണ്ടുവെന്നുള്ള ഈ കാര്യത്തിൽ വളരെ സാരമായ ബുദ്ധിമുട്ടുകൾ നേരിടുമെന്നു ആശങ്കത്തിൽ പറയുക ഉണ്ടായി. എന്നാൽ ഇപ്രകാരം പറയുന്നതു ന്യായമാണെന്നു എനിക്കു തോന്നുന്നില്ല. ഈ കാര്യത്തിനോടു തുല്യമായനിലയിൽ, സഭാനടപടികൾ നിഷ്പ്രയോജനീകരിക്കുന്നതിനെ സംബന്ധിച്ചു ഹാജരാക്കപ്പെട്ടുന്ന ഉപേക്ഷപത്തെപ്പറ്റി ഉദാഹരണമായിപറയാം. ഇപ്രകാരമുള്ള ഉപക്ഷേപങ്ങൾക്കു അടിസ്ഥാനമായ സംഗതികൾ അത്ര പ്രധാനമായിട്ടുള്ളവയല്ല. പ്രധാനവും അടിയന്തിരവും ആണെന്നു സഭയുടെ അഭിപ്രായത്തിൽ തോന്നുന്ന വിഷയങ്ങളിലുള്ള പുറമേ അന്നു അവയും പ്രതിപാദിക്കുന്നു. ഇപ്രകാരമുള്ള നടപടിക്രമങ്ങളെ നിവൃത്തിവരുത്തുന്നതിനുള്ള ഉപക്ഷേപങ്ങളെ സംബന്ധിച്ചു അറിയിപ്പു രാവിലെ ആണ് നൽകപ്പെടുന്നതു. സാധാരണയായി പ്രസ്തുതദിവസം രാവിലെതന്നെ അവയെപ്പറ്റി വാദപ്രതിവാദം നടത്തുന്നു. വ്യത്യസ്തമായ സംഗതികളിൽ മാത്രമേ വാദപ്രതിവാദം അടുത്തദിവസം വൈകുന്നേരത്തേയ്ക്കു മാറിവയ്ക്കുന്നുള്ളു. ഇപ്രകാരമുള്ള അടിയന്തിരമായ പ്രമേയങ്ങളെ സംബന്ധിച്ചു നോട്ടീസു നൽകിയതിനുശേഷം ചുരുങ്ങിയ പക്ഷം മണിക്കൂറുകൾക്കിടയിൽ ആവശ്യമുള്ള എല്ലാ വിവരങ്ങളും ഉദ്യോഗസ്ഥ സാമാജികന്മാർ ഏതുവിധത്തിലാണ് ശേഖരിച്ചുവരുന്നതു? അവർ അപ്രകാരം ചെയ്തുവരുന്നുണ്ട്. ഈ സ്ഥിതിക്കു നോട്ടീസു നൽകേണ്ട ദിവസത്തിന്റെ സംഖ്യ കുറയ്ക്കുന്നപക്ഷം ബുദ്ധു

നാ ഉപക്ഷേപങ്ങളെ സംബന്ധിച്ചിടത്തോളം വളരെ സാരമായ ഉപദ്രവങ്ങൾ നേരിടുമെന്നു അവർ പറയുന്നതു് എന്തുകൊണ്ടാണെന്നു ഞങ്ങൾക്കു മനസ്സിലാകുന്നില്ല. അതിനാൽ ഞാൻ മി: ആശാന്റെ ഉപക്ഷേപത്തെ പിൻതാങ്ങുന്നു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): സർ, ഞാനും മി: ആശാൻ ഹാജരാക്കിയിട്ടുള്ള ഉപക്ഷേപത്തെ പിൻതാങ്ങുന്നു. പണ്ഡിതനായ ചീഫ് സെക്രട്ടറി ബുദ്ധിപൂർവ്വകമായ ഒരു ചോദ്യം എന്നോടു ചോദിച്ചിരിക്കുന്നു, അതു് തഴെ പറയുന്നതാണ്. 39-ാം നസർ സ്ഥിരം ഉത്തരവിൽ ഇപ്പോൾ ചെയ്തിരിക്കുന്ന വ്യവസ്ഥയും സഭചിരം അന്തരിച്ച സാമാജികന്മാർക്ക് ഏതെങ്കിലും ബുദ്ധിമുട്ട നേരിട്ടിട്ടുണ്ടോ എന്നുള്ളതാണ് ഞാൻ ചോദിച്ചിട്ടുള്ളതു്. ഈ ചോദ്യത്തിനു മറുപടി നൽകപ്പെട്ടിട്ടുണ്ട്. ബഡ്ജറ്റ് സമ്മേളനാരംഭദിവസം അല്ലെങ്കിൽ അതിനു തൊട്ടടുത്ത ദിവസം സഭയിൽ ഹാജരാകുന്നതിനു വരുന്ന അവസരത്തിൽ മാത്രമാണ് ചിലപ്പോൾ ബഡ്ജറ്റിന്റെ പ്രാരംഭത്തിനുപോലും സാമാജികന്മാർക്ക് നേരിടുന്നതു്. സർ, ഈ സഭയിലെ സാമാജികന്മാർക്ക് ഈ കാര്യം നിശ്ചയമായും ഓർമ്മ ഉണ്ടായിരിക്കും. അവർ സഭയിൽ ഹാജരാകുന്നതിനു ദിവസം മാത്രമാണു ഡിമാന്റു കടലാസുപോലും അവർക്കു നൽകപ്പെടുന്നതു്. ഈ ബുദ്ധിമുട്ടുകൾ സമ്മേളനം നിശ്ചയിക്കുന്നതിനു മുമ്പായി ബന്ധപ്പെട്ടിരിക്കുന്നതിനാൽ അല്ലെങ്കിൽ ബഡ്ജറ്റിന്റെ പ്രാരംഭത്തിനു മുമ്പു് ഒരു ദിവസം മാത്രമായി നിശ്ചയിച്ചിരുന്ന രീതി മാറ്റിയെഴുതുകയോ ചെയ്യുന്നതിനു ഇടയായിട്ടുണ്ട്. ഇതിനു ഇപ്പോൾ ഉള്ള ഉപസന്ധർഭങ്ങൾ മുൻപു ഉണ്ടായിട്ടുണ്ട്. നിയമസഭാടിക്കാരം നോക്കുന്നപക്ഷം ഇപ്പോൾ ഉള്ള സംഗതികളെ കണ്ടുപിടിക്കാവുന്നതാണ്. ബഡ്ജറ്റ് നിയമസഭയുടെ മുൻപാകെ യഥാർത്ഥത്തിൽ അവതരിപ്പിക്കുന്നതിനു ഏതാണ്ടു നിശ്ചിത ദിവസങ്ങൾക്കു മുൻപു ബഡ്ജറ്റിന്റെ പ്രാരംഭത്തിനു പതിപ്പിന്റെ പ്രതികൾ സാമാജികന്മാർക്കു നൽകുന്നതിനു സംബന്ധിച്ചു ഗവണ്മെന്റിനു ബാദ്ധ്യസ്ഥരാകുന്ന യാതൊരു വ്യവസ്ഥയും റൂൾസിലോ അല്ലെങ്കിൽ സ്ഥിരം ഉത്തരവുകളിലോ ഇല്ലാതിരിക്കുന്നു. അതിനാൽ ഗവണ്മെന്റിനു യുക്തമെന്നു തോന്നുന്നപോലെ ബഡ്ജറ്റിനുള്ള ഏതെങ്കിലും അവസരത്തിൽ ബഡ്ജറ്റിന്റെ പ്രാരംഭത്തിന്റെ പതിപ്പു് സാമാജികന്മാർക്കു ഗവണ്മെന്റു നൽകുവാനുണ്ടാണ്. അവർ നിയമസഭയിൽ ഹാജരാകുന്നതിനു ഇടവരുന്ന അവസരത്തിലോ അതിനായി വീട്ടിൽനിന്നു പുറത്തിറങ്ങുന്ന അവസരത്തിലൊ ബഡ്ജറ്റിന്റെ പകർപ്പു അവർക്കു നൽകുവാനുണ്ട്. ഇപ്രകാരം ബഡ്ജറ്റിന്റെ പകർപ്പു യഥാകാലത്തു നൽകപ്പെടുന്നതു വളരെ താമസിച്ചാകുന്നു. ഇപ്പോഴുള്ള വ്യവസ്ഥ ഭേദഗതിചെയ്തു ബഡ്ജറ്റിന്റെ പ്രാരംഭം സാമാന്യമായ വാദപ്രതിവാദങ്ങൾക്കും നടത്തുന്നതിനു രണ്ടുദിവസം മാത്രമേ നീക്കിവയ്ക്കുന്നുള്ളൂ. മൂന്നാമത്തെദിവസം ഡിമാന്റുവയ്ക്കുന്നതിനുവേണ്ടിപ്പോർട്ടുമെന്റ്തല സംബന്ധിച്ചുള്ള ഡിമാന്റിന്മേലുള്ള വോട്ടെടുപ്പിനു വച്ചുകൊണ്ടിരിക്കുന്നു. ബഡ്ജറ്റിന്റെ പ്രാരംഭത്തിനു മുൻപാകെ ഹാജരാക്കപ്പെടുന്ന ദിവസം മാത്രമെ ഡിമാന്റുപ്പോർട്ടുപോലും കമ്മീഷന്മാർക്കു നൽകപ്പെടുന്നുള്ളൂ. ഇതു ഞാൻ മുൻപുതന്നെ പറഞ്ഞിട്ടുള്ളതാണല്ലോ. ഉപക്ഷേപങ്ങൾ ഹാജരാകുന്നതിനു സഭയിലെ ഈ ഭാഗത്തുള്ള സാമാജികന്മാർക്കു പൂർണ്ണമായ അഞ്ചു ദിവസത്തെ നോട്ടീസു നൽകുന്നതിനെ സംബന്ധിച്ചു് യാതൊരു ചട്ടവുമില്ലാതിരിക്കുന്നു. മേൽപറഞ്ഞിട്ടുള്ള ഉപക്ഷേപങ്ങളെ ഉന്നതി ഡിപ്പാർട്ടുമെന്റിനെ സംബന്ധിച്ചുള്ളവയാണ്. ഗ്രാൻറുകളെ സംബന്ധിച്ചു് വോട്ടുചെയ്യുന്നതിനു നിശ്ചയിച്ചിട്ടുള്ളതിൽ അഞ്ചുദിവസമാണ് ഈ ഡിപ്പാർട്ടുമെന്റിനെപ്പറ്റി ചിന്തിച്ചുവരുന്നതു്.

മി: കെ. ജോസ് (ഗവണ്മെന്റു ചീഫ് സിക്രട്ടറി): നിയമസഭ ഇരുന്നഞ്ചുദിവസം മാത്രമോ അല്ലെങ്കിൽ അതിനു ഒരുദിവസം മുൻപു മാത്രമോ സാമാജികന്മാരുടെപക്കൽ ബഡ്ജറ്റു നൽകിയിട്ടുള്ളതിനെ സംബന്ധിച്ചു ഏതെങ്കിലും ഉദാഹരണം മെമ്പർ പറയുമോ?

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഞാൻ പ്രസ്താവനയെ അടിസ്ഥാനപ്പെടുത്തി പണ്ഡിതനായ ചീഫ് സിക്രട്ടറി എന്നോടു ചോദ്യം ചോദിക്കയില്ലെന്നു ഞാൻ വിചാരിച്ചിരുന്നു. സർ, കഴിഞ്ഞ അവസരത്തിൽ പോലും ബഡ്ജറ്റിന്റെ പ്രാരംഭത്തിനു ബഡ്ജറ്റു സമ്മേളനം കൂടിയ അതേ ദിവസം മാത്രമാണ് ഞങ്ങൾക്കു നൽകപ്പെട്ടിട്ടുള്ളതു്. അതുനിമിത്തം സഭയിലെ ഈ ഭാഗത്തുള്ള സാമാജികന്മാർ വളരെ പരാതി ബോധിപ്പിക്കുകയുണ്ടായി. ഇങ്ങനത്ത അധ്യക്ഷന്റെ മുൻഗാമിയായ അന്നത്തെ അദ്ധ്യക്ഷൻ ബഡ്ജറ്റിനെപ്പറ്റിയുള്ള സാമാന്യവാദപ്രതിവാദം നടത്തേണ്ട തീയതി മാറ്റിവയ്ക്കുകയുണ്ടായി. ബഡ്ജറ്റിനെപ്പറ്റി പഠിക്കുന്നതിനു സാമാജികന്മാർക്കു സമയമുണ്ടാക്കുകയും സാമാന്യവാദപ്രതിവാദം നടത്തുന്നതിനു അവർതയ്യാർ ആക്കുകയും ചെയ്യുന്നതിനായിട്ടാണ് അദ്ദേഹം അപ്രകാരം പ്രയത്നിച്ചിട്ടുള്ളതു്. ഇതു് എനിക്കു നല്ലതുപോലെ ഓർമ്മയുള്ള ഒരു കാര്യമാണ്. മറ്റു സാമാജികന്മാരും ഈ സംഗതി എങ്ങനെയെന്നു ഓർക്കുമെന്നു ഞാൻ വിചാരിക്കുന്നു.

മി: ഡോക്ടർ. നീലകണ്ഠപ്പിള്ള (അക്കിംഗ് ഫിനാൻഷ്യൽ സിക്രട്ടറി): ഞാൻ ഒരു സംഗതി മെമ്പറിനോടു ചോദിച്ചുകൊള്ളട്ടെ. തന്നാണെങ്കിൽ ബഡ്ജറ്റിന്റെ പ്രാരംഭപതിപ്പിന്റെ പ്രതികൾ സാമാജികന്മാരുടെ കൈയ്യിൽ നൽകിയതു് എപ്പോഴെന്നു;

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): സർ, ഞാൻ പറഞ്ഞതുതന്നെ. തന്നാണെങ്കിൽ ഏതാണ്ടു ദിവസങ്ങൾക്കു മുൻപു് ബഡ്ജറ്റിന്റെ പ്രാരംഭപതിപ്പിന്റെ പ്രതികൾ മെമ്പർമാർക്കു നൽകപ്പെട്ടിട്ടുണ്ട് (ചിരി) അതിനു ഞാൻ ഗവണ്മെന്റിനെ അഭിനന്ദിച്ചുകൊള്ളുന്നു.

സഭയിലെ ഈ ഭാഗത്തുള്ള സാമാജികന്മാരെ സംബന്ധിച്ചിടത്തോളം ഏതാണ്ടു നിശ്ചിത ദിവസങ്ങൾക്കു മുൻപു് ബഡ്ജറ്റിന്റെ പ്രാരംഭപതിപ്പിന്റെ പ്രതികൾ അവരുടെ പക്കൽ നൽകുന്നതിനു ഗവണ്മെന്റിനെതിർബന്ധിതമായ യാതൊരു വ്യവസ്ഥയും റൂൾസിലൊ സ്ഥിരം ഉത്തരവുകളിലൊ ഇല്ലാതിരിക്കുന്നു. ഇപ്പോൾ നിങ്ങൾക്കു ഇഷ്ടമുള്ള അവസരത്തിൽ ബഡ്ജറ്റിന്റെ പ്രാരംഭപതിപ്പിന്റെ പ്രതികൾ മെമ്പർമാർക്കു ഗവണ്മെന്റിനു വിതരണം ചെയ്യുന്നതാണ്. കാര്യത്തിന്റെ ഈ സ്ഥിതി നിലവിലിരിക്കുന്ന കാലത്തോളം ബഡ്ജറ്റിനെപ്പറ്റി പഠിക്കുവാൻ സ്ഥിരം ഉത്തരവുകളിൽ നിർണ്ണയിച്ചിരിക്കുന്ന സമയത്തിനുള്ളിൽ ഇത്ര കുറയ്ക്കുന്നതിനുള്ള ഉപക്ഷേപങ്ങളെ അയ്യുകയും ചെയ്യുന്നതാകയിൽ ഈ സഭയിലെ ഭൂരിപക്ഷം സാമാജികന്മാർക്കു നിബന്ധനയായും സാരമായ ബുദ്ധിമുട്ടുകൾ നേരിടുന്നതാണ്. പഴയ സാമാജികന്മാരെ സംബന്ധിച്ചിടത്തോളം ഇതുമൂലം വളരെ സാരമായ ഉപദ്രവം നേരിടുന്നതിനിടയില്ല അവർ പരിചയ സമ്പന്നന്മാരാണ്. അതിനാൽ അവർക്കു സാങ്കേതികപദങ്ങളേയും ബഡ്ജറ്റിൽ ചേർത്തിട്ടുള്ള പല ഇനങ്ങളേയും പറ്റി മനസ്സിലാക്കുന്നതിനു

സാധിക്കും. ബഡ്ജറ്റ് നോക്കിമനസ്സിലാക്കുകയും അതിനെ സംബന്ധിച്ചു പഠനം നടത്തുകയും ചെയ്യുന്നതിനു അവസരമുണ്ടാക്കുന്നതിൽ സാധിക്കും. എന്നാൽ പുതിയ സാമാജികന്മാരെ സംബന്ധിച്ചിടത്തോളം ബഡ്ജറ്റിൽ ചേർത്തിട്ടുള്ള പലപദ്ധതികളെയും മനസ്സിലാക്കുകയും ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള വിവിധഇനങ്ങളെയും പറ്റി സൂക്ഷ്മമായി പ്രസ്താവിക്കുകയും ചെയ്യുന്നകാര്യത്തിൽപോലും നിശ്ചയമായും വളരെ ബുദ്ധിമുട്ടു നേരിടുന്നതാണ്. തങ്ങളുടെ അധീനത്തിലുള്ള ചുരുങ്ങിയ സമയത്തിനിടയിൽ, ബഡ്ജറ്റ്നെപ്പറ്റി പഠിക്കുകയും സ്ഥിരം ഉത്തരവ് അനുസരിച്ചു നിൽക്കുകയിച്ചിരിക്കുന്ന സമയത്തിനുള്ളിൽ തങ്ങളുടെ ഇക കുറയ്ക്കുന്നതിനുള്ള ഉപക്ഷേപങ്ങളെ ഹാജരാക്കുകയും ചെയ്യുന്നതിനു പുതിയ സാമാജികന്മാർക്ക് എങ്ങനെ സാധിക്കും?

മി: മാസ്സൂരിക്കൻ (തൊക്കം): ബഡ്ജറ്റ് ഹാജരാക്കപ്പെട്ടതു തീയതിയെ അപേക്ഷിച്ചു നിശ്ചിതമായ ഏതാനും ദിവസങ്ങൾക്കു മുൻപു ബഡ്ജറ്റിൻമേൽ പ്രാരംഭപ്രതിപ്പിൻമേൽ പ്രതികരം നമ്മുടെ പക്കൽ നൽകുന്നതാണെന്നുള്ള സഭയുടെ മഹാഭൂരിപക്ഷാനിന്നും ഖണ്ഡിതമായിപറയുന്നപക്ഷം ഈ സഭയിൽ ഇപ്പോഴേ ഹാജരാക്കിയിരിക്കുന്ന മിസ്റ്റർ. ആശാൻറെ ഭേദഗതിയെ എൻറെ സ്നേഹിതൻ പിൻ താങ്ങുകയില്ലെന്നാണൊ മുകളിൽ പറഞ്ഞിട്ടുള്ള കാരണങ്ങളെ ആസ്പദമാക്കി അദ്ദേഹം പറയുന്നത്?

മി: കെ. പി. നീലകണ്ഠപിള്ള (ചിറയിൻകീഴ്): സഭയിലെ മഹാഭൂരിപക്ഷത്തിനു ഖണ്ഡിതമായി ഈ വിധം പറയുന്ന പക്ഷം നമ്മുടെ ഉപക്ഷേപങ്ങൾ ഇരു ദിവസങ്ങൾക്കുള്ളിൽ അയക്കണമെന്നു നിശ്ചയിക്കുന്ന കാര്യത്തിൽ ഈ സഭയിലെ അനുഭാവഗസ്ഥാംഗങ്ങൾ ഗൗനിക്കേണ്ട ഒരു വിഷയമാണ് ഇതെന്നു നിശ്ചയമാണ്.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിക്ഷണൽ ഛാഡ് സക്കാർ വക്കീൽ): ബഡ്ജറ്റ് നൽകപ്പെടുന്നതിന് എത്ര ദിവസങ്ങൾക്കു മുൻപു ബഡ്ജറ്റിൻമേൽ പ്രാരംഭപ്രതിപ്പിൻമേൽ പ്രതികരം മെമ്പർമാർക്കു നൽകണമെന്നുള്ള തീരുമാനം സംബന്ധിച്ചു, മിസ്റ്റർ നീലകണ്ഠപിള്ളയുടെ അഭിപ്രായം എന്തെന്നു പറയുമോ?

മി: കെ. പി. നീലകണ്ഠപിള്ള (ചിറയിൻകീഴ്): ബഡ്ജറ്റ് സമ്മേളനത്തിൻറെ ആദ്യത്തെ ദിവസം ബഡ്ജറ്റ് സഭയിൽ ഹാജരാക്കപ്പെടുന്നു. ആദ്യത്തെ ദിവസം കഴിഞ്ഞതിനു ശേഷം ബഡ്ജറ്റിൻമേൽ പ്രതികരം മെമ്പറന്മാർക്കു രണ്ടു ദിവസം അനുവദിക്കുന്നു. അതിനുശേഷം രണ്ടു ദിവസത്തേക്കു ബഡ്ജറ്റിൻമേൽ പൊതു സാമാന്യമായി വാദപ്രതിവാദം നടത്തുന്നു.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഛാഡ് സക്കാർ വക്കീൽ): ബഡ്ജറ്റ് ഈ സഭയിൽ ഹാജരാക്കുന്നതിന് രണ്ടു ദിവസം മുൻപു ബഡ്ജറ്റിൻമേൽ പ്രാരംഭപ്രതിപ്പിൻമേൽ പ്രതികരം മെമ്പറന്മാർക്കു നൽകുന്നപക്ഷം എൻറെ സ്നേഹിതനും മറ്റു സാമാജികന്മാരും തൃപ്തിപ്പെടുമോ? ഇതു അറിയുന്നതിനാണു ഞാൻ ആഗ്രഹിക്കുന്നത്.

മി: കെ. പി. നീലകണ്ഠപിള്ള (ചിറയിൻകീഴ്): എൻറെ ഇന്നത്തരത്തിൽ പ്രവർത്തിക്കുന്നതാണെന്നുള്ള ഒരു വ്യവസ്ഥയെ അടിസ്ഥാനപ്പെടുത്തിയുള്ള ഒരു ചോദ്യമാണോ എൻറെ സ്നേഹിതൻ ചോദിക്കുന്നത്?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഛാഡ് സക്കാർ വക്കീൽ): അല്ല; അല്ല, ബഡ്ജറ്റ് സഭയിൽ ഹാജരാക്കപ്പെടുന്നതിനു രണ്ടു ദിവസം മുൻപു ബഡ്ജറ്റിൻമേൽ പ്രാരംഭപ്രതിപ്പിൻമേൽ പ്രതികരം മെമ്പറന്മാർക്കു നൽകുന്നു എന്നു വിചാരിക്കുക. ഇപ്രകാരം നൽകുന്നപക്ഷം വേണ്ടിടത്തോളം കാലത്തിനു മുൻപു അവ നൽകിയതായി ഗണിക്കുമോ. ഇതു അറിയുന്നതിനാണ് ഞാൻ ആവശ്യപ്പെടുന്നതു.

മി: കെ. പി. നീലകണ്ഠപിള്ള (ചിറയിൻകീഴ്): അപ്രകാരം ചെയ്താൽ തന്നെയും മതിയായ സമയം ലഭിക്കുന്നതല്ല. എന്തുകൊണ്ടെന്നാൽ മെമ്പറന്മാർക്കു അഞ്ചു ദിവസത്തെ സമയം ലഭിക്കയില്ല.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഛാഡ് സക്കാർ വക്കീൽ): ബഡ്ജറ്റ് ഹാജരാക്കപ്പെടുന്നതിനു രണ്ടു ദിവസം മുൻപു ബഡ്ജറ്റിൻമേൽ പ്രാരംഭപ്രതിപ്പിൻമേൽ പ്രതികരം സാമാജികന്മാർക്കു നൽകപ്പെടുന്ന പക്ഷം.....

റാവുബഹദൂർ കെ. എ. കൃഷ്ണയ്യൻകാർ (നിയമിക്കപ്പെട്ട മെമ്പർ, ഉപാദ്ധ്യക്ഷൻ): സർ, ബഡ്ജറ്റ് ഹാജരാക്കുന്നതിനു രണ്ടു ദിവസം മുൻപു ബഡ്ജറ്റിൻമേൽ പ്രാരംഭപ്രതിപ്പിൻമേൽ പ്രതികരം നൽകപ്പെടുന്നതായാണെന്നു എൻറെ സ്നേഹിതൻ മിസ്റ്റർ പരമേശ്വരൻപിള്ള ഏറ്റവും പറയുന്നു. അപ്രകാരമുള്ള ഒരു പ്രസ്താവനയ്ക്കു ഒരു സ്ഥിരം ഉത്തരവിന് ഉണ്ടായിരിക്കുന്ന വില കുറിക്കുവാനുതല്ല. ഇതു, ഞാൻ നിർദ്ദേശിച്ച കൊള്ളുന്നു, ഇപ്രകാരം ഉറപ്പു പറയുന്നതു ഗവണ്മെൻറിനെ സംബന്ധിക്കുന്നതല്ല. എൻറെ സ്നേഹിതൻ മിസ്റ്റർ നീലകണ്ഠപിള്ള ഇപ്പോൾ ഇവിടെ ചെയ്തിട്ടുള്ള നിരീക്ഷണങ്ങളെ ആസ്പദമാക്കി സ്ഥിരം ഉത്തരവുകളെ ഭേദപ്പെടുത്തുന്നതിനു ഗവണ്മെൻറു സഗൗരവം ചിന്തിക്കാത്തപക്ഷം ഈ വാദപ്രതിവാദം ഉടൻ നടത്തുന്നതിൽനിന്നു എന്തുപ്രയോജനമുണ്ടാകുമെന്നു സിദ്ധിക്കുന്നതല്ല. ഇപ്പോഴത്തെ ഇവിടെ നടത്തുന്ന വാദപ്രതിവാദങ്ങൾ മുഴുവനും സന്ദർഭത്തിനു തീരെ യോജിക്കാത്തവയാണ്; ഇതാണു എൻറെ അഭിപ്രായം.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഛാഡ് സക്കാർ വക്കീൽ): എൻറെ ചോദ്യം സന്ദർഭത്തിനു എപ്രകാരം യോജിക്കുന്നു എന്നു പണ്ഡിതനായ ഉപാദ്ധ്യക്ഷൻ ചോദിക്കയുണ്ടായി. അദ്ദേഹം അപ്രകാരം ചോദിക്കുന്നതിനുള്ള കാരണം എന്തെന്നു എനിക്കു മനസ്സിലാകുന്നില്ല. ഇപ്പോൾ ഈ സഭയിൽ ഹാജരാക്കിയിരിക്കുന്ന ഭേദഗതിയെ നിയന്ത്രിക്കുന്നതിനു മറ്റൊരു വ്യവസ്ഥ ചെയ്യുന്നതിനാണ് ഞാൻ ശ്രമിക്കുന്നത്.

റാവുബഹദൂർ കെ. എ. കൃഷ്ണയ്യൻകാർ (നിയമിക്കപ്പെട്ട മെമ്പർ, ഉപാദ്ധ്യക്ഷൻ): എൻറെ സ്നേഹിതൻ കൊണ്ടുപിടിക്കേണ്ട ആവശ്യമില്ല. അദ്ദേഹം ചില നിരീക്ഷണങ്ങൾ ചെയ്തിട്ടുണ്ട്; അവ ഈ സന്ദർഭത്തിനു ഏതുപ്രകാരം യോജിക്കുന്നു എന്നു ഞാൻ വിണ്ടും ഈ അവസരത്തിൽ തന്നെയും ചോദിച്ചുകൊള്ളുന്നു. അപ്രകാരം ചോദിക്കുന്ന അവസരത്തിൽ എനിക്കുള്ള ഉദ്ദേശ്യത്തെപ്പറ്റി എനിക്കു ബോധമുള്ളതാകുന്നു. ഗവണ്മെൻറിനുവേണ്ടി താൻ സംസാരിക്കുന്നുഎന്നു എൻറെ സ്നേഹിതൻ അഭിപ്രായത്തിൽ പറഞ്ഞിട്ടില്ല. ഇതിനുംപുറമെ ബഡ്ജറ്റു യഥാർത്ഥത്തിൽ ഹാജരാക്കുന്ന തീയതിയെ അപേക്ഷിച്ചു നിശ്ചിതമായ ഏതാനും ദിവസങ്ങൾക്കുമുമ്പു സഭയിലെ സാമാജികന്മാരുടെ പക്കൽ ബഡ്ജറ്റിൻമേൽ പ്രാരംഭപ്രതിപ്പിൻമേൽ പ്രതികരം നൽകുകയാണെങ്കിൽ ഇപ്പോഴത്തെ സ്ഥിതിയിൽ ഉത്തരവിനോടു ചേർന്ന മറ്റൊരു ഉപവ്യവസ്ഥ ഉണ്ടാക്കുന്നതാണെന്നു മെമ്പർ കൂട്ടുമായി

ചെയ്തിട്ടില്ല. ഈ സ്ഥിതിക്ക് അദ്ദേഹം നേരിട്ടുചെയ്യുന്ന കാര്യങ്ങളും അതിനേസംബന്ധിച്ചു ചെയ്തുപ്പെടുന്ന വാദപ്രതിവാദങ്ങളും സന്ദർഭത്തിൽ യോജിക്കാത്തവയാണ്. സർ, എന്റെ തിരിക്കുണ്ടായിരുന്നതുകൊണ്ടാണ് സന്ദർഭത്തിനു യോജിക്കാത്തവയാണെങ്കിലും ക്രമവിരുദ്ധമാണെങ്കിലും അവിടുന്നു പറയുന്നപക്ഷം അദ്ധ്യക്ഷന്റെ തീരുമാനം സ്വീകരിക്കുന്നതിനു ഞാൻ നിർബ്ബന്ധമായും തയ്യാർ ആണ്.

ശ്രീ: കെ. പി. നീലകണ്ഠപ്പിള്ള (ചിറയൻകീഴ്): സ്വീകരിയായിരുന്നുമായ ഒരു നിലയിൽ പണ്ഡിതനായ മെമ്പർസർ അച്ചടക്കം ചെയ്യാമെന്നു സന്ദർഭത്തിനുപക്ഷം അദ്ദേഹം ഇപ്പോൾ എന്നോടു ചോദിച്ചിട്ടുള്ള ചോദ്യങ്ങൾക്കു മറുപടി നൽകുന്നതുകൊണ്ടു യാതൊരു പ്രയോജനവും സിദ്ധിക്കുന്നതല്ല.

സർ, ഈ സഭയിലെ അനഭ്യുദ്ദേശസ്ഥന്മാരായ സാമാജികന്മാർക്ക് ഈ സംഗതിയിൽ നേരിടുന്ന ബുദ്ധിമുട്ടുകൾ ഞാൻ വിശദമായി പറഞ്ഞിട്ടുള്ളതിനാലും സുവ്യക്തമായിട്ടുള്ളതുമാണ്. സ്ഥിരം ഉത്തരവിൽ ഇപ്പോഴുള്ള വ്യവസ്ഥയും അനഭ്യുദ്ദേശസ്ഥരായ സാമാജികന്മാർക്ക് ഏതെങ്കിലും ബുദ്ധിമുട്ടു നേരിടുന്നുണ്ടോ എന്നു പണ്ഡിതനായ മെമ്പർ ചോദിക്കുകയുണ്ടായി. ഈ ചോദ്യത്തിനു ഞാൻ മറുപടി നൽകിയിട്ടുണ്ടെന്നാണു വിചാരിക്കുന്നത്. അതിനാൽ ഇപ്പോൾ ഈ സഭയിൽ ഹാജരാക്കിയിട്ടുള്ള ദേഭേദഗതിയെ പ്രതിപ്രേരിപ്പിക്കുന്നതിനു യാതൊരു കാരണവുമില്ല.

ശ്രീ: കുഞ്ഞിപരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്മസ്ക്കാർവക്കിൽ). തനിക്കു ബുദ്ധിമുട്ടുകൾ നേരിടുകയില്ലെന്നു എന്നുള്ള കാരണത്താൽ നോട്ടീസിലെ ആവശ്യങ്ങൾ നടപ്പാക്കുന്നതിനു ഏതെങ്കിലും സാമാജികൻ അദ്ധ്യക്ഷനോടു അപേക്ഷിച്ചിട്ടുണ്ടോ?

ശ്രീ: കെ. പി. നീലകണ്ഠപ്പിള്ള (ചിറയൻകീഴ്): ചട്ടങ്ങളും സ്ഥിരഉത്തരവുകളും സാമാജികന്റെ സ്വാതന്ത്ര്യത്തെ ബന്ധിച്ചിരിക്കുകയാണ്. ഞങ്ങളുടെ ഉപക്ഷേപങ്ങളെ ഒരു ദിവസത്തെക്കോ ഒരു മണിക്കൂർ വേണ്ടോ താമസിക്കുന്നപക്ഷം അവരോടു ഉപക്ഷേപങ്ങളെ അദ്ധ്യക്ഷൻ സ്വീകരിക്കുന്നതല്ല. വ്യവസ്ഥകളെ കർശനമായി നടപ്പിൽവരുത്തുന്നു. നോട്ടീസിലെ സംബന്ധിച്ചുള്ള കാലം മതിയാകാതിരിക്കുന്ന എല്ലാ അവസരങ്ങളിലും നോട്ടീസിന്റെ പ്രാബല്യത്തെ കുറയ്ക്കുന്നതിനു മെമ്പറന്മാർക്ക് അദ്ധ്യക്ഷനോടു അപേക്ഷിക്കേണ്ടതായിട്ടുണ്ട്. ഈ വ്യക്തിയുടെ ഉണ്ടാകുന്ന അല്പകാരങ്ങളുള്ള ബുദ്ധിമുട്ടുകളെ പരിഹരിക്കുന്നതിനായിട്ടാണ് സ്ഥിരം ഉത്തരവിലെ ഇപ്പോൾ ഭേദപ്പെടുത്തുന്നതിനു ഇനിഞ്ഞിട്ടുള്ളത്.

ശ്രീ: കുഞ്ഞിപരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്മസ്ക്കാർവക്കിൽ): നോട്ടീസിന്റെ സംഗതിയേ മെച്ചപ്പെടുത്തുന്നതിനു അദ്ധ്യക്ഷനു അധികാരമില്ലയോ?

ശ്രീ: കെ. പി. നീലകണ്ഠപ്പിള്ള (ചിറയൻകീഴ്): ഈ അധികാരം നിശ്ചയമായും അദ്ധ്യക്ഷനു ഉള്ളതാകുന്നു. എന്നാൽ സ്ഥിരം ഉത്തരവുകളെ ശരിയായവിധം ഭേദപ്പെടുത്തുന്നതിനു നമുക്ക് അധികാരമുണ്ട്. ഈ വിഷയത്തിലെ സ്ഥിരം ഉത്തരവുകളെ സംബന്ധിച്ചു പ്രസ്തുതഉപക്ഷേപം നമുക്കു നേരിടുന്ന എല്ലാ അവസരത്തിലും നമ്മുടെ കാര്യത്തിൽ ഒരയുക്തിക്കുന്നതിനു അദ്ധ്യക്ഷനോടു നമുക്കു അപേക്ഷിക്കേണ്ട ആവശ്യം എനിക്കാണുള്ളത്. ഇതിനുപുറമെ മിക്കഅവസരങ്ങളിലും നോട്ടീസുവേണ്ടെന്നു വെയ്ക്കുന്നതിനെസംബന്ധിച്ചു നാം കൊടുക്കുന്ന അപേക്ഷകളും അദ്ധ്യക്ഷൻ തള്ളിക്കളഞ്ഞതായുണ്ടായിട്ടുണ്ട്. വ്യവസ്ഥകളിൽ ഒരു യോഗ്യമായ ഭേദഗതികളും ചെയ്യുന്നതിനു നമുക്കധികാരമുണ്ട്. കാര്യത്തിൻമേൽ ഈ നിലക്കു നമ്മോടു പ്രത്യേക ശ്രദ്ധയുള്ളവും കാണിക്കുന്നതിന് എന്തിനാണ് നാം അദ്ധ്യക്ഷനോടു അപേക്ഷിക്കുന്നത്. അതിനാൽ നോട്ടീസുവേണ്ടെന്നു വെയ്ക്കുന്നതിനെസംബന്ധിച്ചു നമ്മിൽ ആരെങ്കിലും അദ്ധ്യക്ഷനോടു അപേക്ഷിച്ചിട്ടുണ്ടോ എന്നുള്ള സംഗതി യെപ്പറ്റി ഇവിടെ ചിന്തിക്കുന്നതു ആവശ്യമില്ല.

ഇതിനാൽ വാദത്തിനു വിഷയമായിരിക്കുന്ന ഈ ബില്ല് വളരെ അത്യാവശ്യമാണെന്നു ഞാൻ ബോധിപ്പിച്ചുകൊള്ളുന്നു. ഈ കാരണങ്ങളാൽ മി. ആശാൻ ഹാജരാക്കിയിട്ടുള്ള ഉപക്ഷേപത്തെ ഞാൻ പിൻതാങ്ങികൊള്ളുന്നു.

ശ്രീ: കെ. ജോർജ്ജ് (ഗവൺമെൻറ് ചീഫ്സെക്രട്ടറി): ഉപക്ഷേപങ്ങൾ ഇരുദിവസങ്ങൾക്കു മുൻപു ഹാജരാക്കണമെന്നുള്ളതിനെ സംബന്ധിച്ചു എന്റെ സ്നേഹിതൻ മി: കുഞ്ഞുണ്ണിമേനോൻ ഒരു ചെറിയ തെറ്റിദ്ധാരണയുടെ വകഭേദമായിരിക്കുന്നു എന്നു ഞാൻ വിചാരിക്കുന്നു. ബന്ധുറദിനെ സംബന്ധിച്ചുള്ള നടപടികളെ ഭൂപരിശോധനചെയ്യുന്നതു സിക്രിട്ടേറിയേറിയിലുള്ള ഉദ്യോഗസ്ഥന്മാരാണെന്നാണു അദ്ദേഹം വിചാരിച്ചിരിക്കുന്നത് എന്നതോന്നുന്നു.

താലൂക്കധികാരികൾ കെ. എ. കുഞ്ഞുണ്ണിമേനോൻ (നിയമിക്കപ്പെട്ടഉദ്യോഗസ്ഥൻ, ഉപാദ്ധ്യക്ഷൻ): ഉപക്ഷേപങ്ങളുടെസംബന്ധിച്ചുള്ള നോട്ടീസ് ഇരുദിവസങ്ങൾക്കുമുൻപ് കൊടുക്കണമെന്നുള്ളതാണു. ഇപ്രകാരം ചെയ്യണമെന്നു വ്യവസ്ഥചെയ്തിട്ടുള്ളത് സിക്രിട്ടേറിയേറിയിലുള്ള ഉദ്യോഗസ്ഥന്മാർ ഏതെങ്കിലും വിവരങ്ങൾ ശേഖരിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയല്ല. ഈ നോട്ടീസ് ശരിയായകാലത്തിനുമുൻപ് നാം കണമെന്നു വ്യവസ്ഥചെയ്തിട്ടുണ്ട്. ഇങ്ങനെ ചെയ്തിട്ടുള്ളത് ഈ പല വിഷയങ്ങളേയും സംബന്ധിച്ചുള്ളവിവരങ്ങൾ സിക്രിട്ടേറിയറിൽ ഇല്ലാത്തതുകൊണ്ടല്ല. എന്നാൽ ഡിപ്പാർട്ടുമെൻറ് മേലദ്ധ്യക്ഷന്മാരെ സംബന്ധിച്ച ടത്തോളം ഉടൻ ചെയ്യിക്കുന്നതിനു ഉപക്ഷേപങ്ങൾക്ക ഉത്തരങ്ങൾ തയ്യാർ ആക്കുന്ന കാര്യത്തിൽ അവർക്ക് ഏതാനും ബുദ്ധിമുട്ടുകൾ നേരിടുന്നതാണ്. ചില സംഗതികളിൽ അവർക്ക് അവരുടെ കീഴ്ഉദ്യോഗസ്ഥന്മാരോടു ഏഴുതിച്ചോദിക്കേണ്ടിവരുന്നതാണ്. മറ്റുചില സംഗതികളിൽ ചില ഉപക്ഷേപങ്ങളെസംബന്ധിച്ചു മറുപടി നൽകേണ്ടകാര്യത്തിൽ അവർക്ക് താങ്കളുടെനിന്നും ഉത്തരവുകൾ വാങ്ങേണ്ടിവരുന്നതാണ്. ഇപ്രകാരമുള്ള എല്ലാകാരണങ്ങളേയുംപറ്റിചിന്തിക്കുന്നപക്ഷം സ്ഥിരം ഉത്തരവിൽ കൊടുത്തിരിക്കുന്ന നോട്ടീസുസംബന്ധിച്ചുള്ള കാലാവധി നാം നിർണ്ണയിക്കുന്നതു ശാസ്ത്രീയമായിരിക്കുന്നതാണ്. ഈ കാലാവധി അഞ്ച് ദിവസമാണെങ്കിലും. സിക്രിട്ടേറിയറിലുള്ള ഉദ്യോഗസ്ഥന്മാരല്ല ഇവിടെവന്ന് ഡിമാൻറുകൾ പരിശോധിക്കണമെന്നു ആവശ്യപ്പെടുന്നത്. ഇപ്രകാരം ചെയ്യുന്നതു ഡിപ്പാർട്ടുമെൻറധ്യക്ഷൻതന്നെ ആകുന്നു. ഡിമാൻറ് അനുവദിക്കണമെന്നു അപേക്ഷിക്കുന്നതു അദ്ദേഹമാണ്. ഇക്കാര്യങ്ങളിലുള്ള ഉപക്ഷേപങ്ങളെ സംബന്ധിച്ചു നടത്തപ്പെടുന്ന വാദപ്രതിവാദങ്ങൾക്കിടയിൽ ചോദിക്കുന്ന ചോദ്യങ്ങൾക്ക് അദ്ദേഹം ഉത്തരം പറയേണ്ടിയിരിക്കുന്നു. തദവസരത്തെ സംബന്ധിക്ക

ന്നതിനുവേണ്ട തെളിവുകൾ ശേഖരിക്കേണ്ടതായിട്ടുണ്ട്. അതിനെക്കാൾ കുറച്ചു സമയംവേണ്ടിവരും ഇതിനുംപുറമെ ഉപക്ഷേപങ്ങളെസംബന്ധിച്ചുള്ള മറുപടികൾ തയ്യാറാക്കുന്നകാര്യത്തിൽ ചില അവസരങ്ങളിൽ അദ്ദേഹത്തിനു മറ്റ് ഉദ്യോഗസ്ഥന്മാരുമായി ആലോചിക്കേണ്ടിവരുന്നതും കാണും. ഇവയിൽ ചില അവസരങ്ങളിൽ അദ്ദേഹത്തിനു ഗവണ്മെന്റുമായി ആലോചന നടത്തേണ്ടിവരുന്നുമുണ്ട്. സ്ഥിരം ഉത്തരവുകളിൽ അഞ്ചുദിവസത്തിനുമുൻപ് നോട്ടീസ് അയക്കണമെന്നു വ്യവസ്ഥചെയ്തിരിക്കുന്നു, ഈ വ്യവസ്ഥ ഇപ്പോൾ ഉണ്ടായിരിക്കുന്നതു ക്ഷം വളരെ നന്നായിരിക്കും. അതിനുള്ളകാരണം മേൽ പറഞ്ഞതാണ്.

മറ്റൊരു വിഷയത്തെസംബന്ധിച്ചു ഒരു വാക്കുകൂടി ഞാൻ പറഞ്ഞുകൊള്ളുന്നു, സഭാനടപടികൾ നിർത്തിയ്ക്കുന്നതിനുള്ള ഉപക്ഷേപങ്ങളെപ്പറ്റി ഉദാഹരണമായി ഇവിടെ പ്രസ്താവിക്കുകയുണ്ടായി. ഇക വെട്ടിക്കുറക്കുന്നതിനുള്ള ഉപക്ഷേപങ്ങളും സഭാനടപടികൾ നിർത്തിവയ്ക്കുന്നതിനെപ്പറ്റിയുള്ള ഉപക്ഷേപങ്ങളും തമ്മിൽ വ്യത്യാസമുണ്ട്. ഞാൻ താഴെപറയുന്നവയാണ്. അടിയന്തിരമായ ഒരു പൊതു ആവശ്യത്തെ അടിസ്ഥാനപ്പെടുത്തിമാത്രമേ നടപടികൾ നിർത്തിവയ്ക്കുന്നതിനുള്ള ഉപക്ഷേപത്തെ ഹാജരാക്കൻ പാടുള്ളൂ, എന്നാൽ ഗ്രാൻഡ്കൾ കുറയ്ക്കുന്നതിനെസംബന്ധിച്ചുള്ള ഉപക്ഷേപങ്ങൾ പ്രധാനപ്പെട്ട ഭരണവകുപ്പിവിഷയങ്ങളെ ആസ്പദമാക്കി ഹാജരാക്കാവുന്നതാകുന്നു. ഈ വസ്തുത ഈ സഭയ്ക്കു നല്ലപോലെ അറിയാവുന്നതാണല്ലോ. ഇക വെട്ടിക്കുറയ്ക്കുന്നതിനുള്ള ഉപക്ഷേപങ്ങളും നടപടികൾ നിർത്തുന്നതിനുള്ള ഉപക്ഷേപങ്ങളും തമ്മിലുള്ള വ്യത്യാസം ഇതാണ്. എനിക്കു ഇതുമാത്രമേ പറയാനുള്ളൂ.

മി: ഇ. ജി. മാക്ഫർലെയ്ൻ (വിദ്യാഭ്യാസ ഡയറക്ടർ): സർ, വിദ്യാഭ്യാസബില്ലിന്മേൽ നോട്ട് സംബന്ധമില്ലാത്ത ഒരു വിഷയത്തെ ആസ്പദമാക്കി നടത്തപ്പെട്ടുന്ന ഒരു വാദപ്രതിവാദത്തിൽ പൊതുവായി ഞാൻ ഇടപെടാറില്ല. ഇപ്പോൾ ഇവിടെ പ്രതിപാദിച്ചിരിക്കുന്ന വിഷയം ഒരു സാമാന്യവിഷയമാണ്. എങ്കിലും ബഡ്ജറ്റ് സമ്മേളനത്തിൽ യഥാക്രമം രണ്ടുകൂട്ടം ഡിപ്പാർട്ടുമെൻറുകളെസംബന്ധിച്ചു സഭയിൽ മറുപടി നൽകേണ്ടിവരുന്ന ഡിപ്പാർട്ടുമെൻറ് അദ്ധ്യക്ഷന്മാരെ സംബന്ധിച്ചിടത്തോളം യുക്തിത്തിൽ പ്രധാന്യമുള്ള ഒരു വിഷയമാകുന്നു ഇതു്. ഈ കാര്യത്തിൽ യഥാർത്ഥമായ വിഷമതകളുണ്ട്. ഈ വിഷമതകളെപ്പറ്റി അനുദ്യോഗസ്ഥരോഗ്രഹമുള്ള സാമാജികന്മാർ ശ്രദ്ധിക്കുമെന്നു ഞാൻ വിചാരിക്കുന്നില്ല. ഉദാഹരണമായി ഒരു സംഗതി ഞാൻ പറയാം. കഴിഞ്ഞകൊല്ലത്തിൽ വിദ്യാഭ്യാസബില്ലിന്മേൽ നോട്ടീസുകൊടുത്തിരുന്നതിനെപ്പറ്റി നൂറിലധികം ഇക കുറയ്ക്കുന്നതിനുള്ള ഉപക്ഷേപങ്ങൾ ഹാജരാക്കപ്പെട്ടിട്ടുണ്ട്.

സർ, മുന്നൂറിവസത്തിലുള്ള ഇക കുറയ്ക്കുന്നതിനുള്ള ഉപക്ഷേപങ്ങളാണ് ഉള്ളതു്. ഇതിൽ ഒന്നാമത്തെത്തിനെ സംബന്ധിച്ചിടത്തോളം താൻ ഏതുവിഷയത്തെക്കുറിച്ചു പ്രസംഗിക്കുന്നതിനു ആഗ്രഹിക്കുന്നു എന്നുള്ളതു മെംബർ കൃത്യമായി നിർദ്ദേശിച്ചിട്ടില്ലാത്തവിധത്തിലുള്ള ഉപക്ഷേപങ്ങളാണ്. വാദവിഷയം ഇന്നതെന്നു മെംബർ കൃത്യമായി പറയുകയും പ്രസ്തുതവിഷയം സാമാന്യമായ ഒന്നായിരിക്കയും ചെയ്യുന്ന മാതിരിയുള്ള ഉപക്ഷേപങ്ങൾ മാത്രമേ ഈ തരത്തിൽപ്പെട്ടതാണ്. ഇതിനു ഒരു ഉദാഹരണം പറയാം. താട്ടശ്ശേരിവിദ്യാലയങ്ങളിലെ അദ്ധ്യാപകന്മാരുടെ ശമ്പളപരിഷ്കരണത്തെസംബന്ധിച്ചു ഒരു വഴിത്തിൽപ്പെട്ട അദ്ധ്യാപകന്മാക്ക് നേരിട്ടിരിക്കുന്ന സങ്കടത്തെക്കുറിച്ചു വാദപ്രതിവാദം നടത്തുക എന്നാണ്. ഇപ്രകാരമുള്ള വിഷയത്തിൽ ആവശ്യമുള്ള വിവരങ്ങൾ തൽക്കാലം ആഫീസിൽനിന്നു വിദ്യാഭ്യാസഡയറക്ടർക്ക് ചോദിക്കാൻ സാധിക്കുമെന്നു പ്രതീക്ഷിക്കുന്നതു സ്വാഭാവികമാണെല്ലോ. വിവരങ്ങൾ തൽക്കാലം ആഫീസിൽ ഇല്ലാത്തപക്ഷം അവ ചീഫ് ഇൻസ്പെക്ടരുടെ പക്കൽനിന്നു അദ്ദേഹത്തിനു വരുത്തുവേണ്ടതാണ്. സർ, എന്നാൽ മുന്നാമതായ ഒരു തരത്തിലുള്ള ഇക വെട്ടിക്കുറയ്ക്കുന്നതിനുള്ള ഉപക്ഷേപങ്ങൾ ഉണ്ട്. നിശ്ചിതസ്ഥലങ്ങളിലെയും നിശ്ചിത അദ്ധ്യാപകന്മാരെയും വല്ല വിദ്യാലയത്തിലുള്ള വല്ല ഹെഡ്മാസ്റ്റർമാക്കും നേരിട്ടിരിക്കുന്ന സങ്കടങ്ങളേയും പറ്റിയാണ് മേൽപ്പറഞ്ഞ ഉപക്ഷേപങ്ങളിൽ പ്രതിപാദിക്കപ്പെടുന്നതു്. ഇപ്രകാരമുള്ള ഒരു സംഗതിയിൽ മുന്നാലിവസത്തിനിടയിൽ ആവശ്യമുള്ള എല്ലാവിവരങ്ങളും ശേഖരിക്കുന്നതിനു ഇക വെട്ടിക്കുറയ്ക്കുന്നതിനുള്ള ഉപക്ഷേപത്തെസംബന്ധിച്ചുമറുപടി പറയേണ്ട ഉത്തരവാദിത്വം വഹിക്കുന്ന മെസറിനു പോലുമെ സാധിക്കയില്ല. കഴിഞ്ഞ ബഡ്ജറ്റുസമ്മേളനത്തെസംബന്ധിച്ചിടത്തോളം എനിക്കു ഇതു അനുഭവപ്പെട്ടു. അദ്ധ്യാപകന്റെ ആഫീസിൽനിന്നു ലഭിക്കുന്നതിനു എനിക്ക് അന്നു സാധിച്ചിട്ടില്ല. ഈ വിവരങ്ങൾ ചീഫ് ഇൻസ്പെക്ടരുടെ ആഫീസിൽനിന്നു ലഭിക്കുന്നതിനും സാധിച്ചില്ല. സംബന്ധപ്പെട്ട അസിസ്റ്റന്റ് ഇൻസ്പെക്ടരുടെ ആഫീസിൽനിന്നു ഈ വിവരം വരുത്തുന്നതിനു ഞാൻ ചീഫ് ഇൻസ്പെക്ടരോടു് ആവശ്യപ്പെട്ടു. എന്നാൽ അസിസ്റ്റന്റ് ഇൻസ്പെക്ടർ അന്നു് ഹെഡ്ക്വാർട്ടറിൽ ഇല്ലായിരുന്നു. ഒരു മാസത്തിൽ ഇരുപതുദിവസത്തിലധികം സഞ്ചരിച്ചുചെയ്യേണ്ട ഒരു ഉദ്യോഗസ്ഥനാണ് അദ്ദേഹം. ഏഴിലൂർ അദ്ദേഹത്തിന്റെ ക്യാമ്പിൽ എത്തുന്നു. എന്നാൽ അസിസ്റ്റന്റ് ഇൻസ്പെക്ടർ ചിലപ്പോൾ ഹെഡ്ക്വാർട്ടറിൽനിന്നു രണ്ടുപതോ, മുപ്പതോ, മൈൽ ദൂരമുള്ള ഒരു സ്ഥലത്തേക്കു യാത്രചെയ്യുന്നു എന്നുവരുന്നുകും. അതിനാൽ ഏഴിലൂർ ക്യാമ്പിൽ ഇരുപതോ അദ്ദേഹം ആ സ്ഥലംവിട്ടു മറ്റൊരുസ്ഥലത്തേയ്ക്കുപോയി എന്ന് വന്നേയ്ക്കും. അപ്രകാരം കണ്ടാൽ വിവരത്തെ ഏഴിലൂർ അദ്ദേഹത്തെ അനുഗമിക്കേണ്ടിവരുന്നു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): മുന്നാമത്തിലുള്ള ഉപക്ഷേപങ്ങളെപ്പറ്റി ഡയറക്ടർ ഇപ്പോൾ പ്രസ്താവിച്ചിട്ടുണ്ടെല്ലോ. എന്നാൽ ഈ ഉപക്ഷേപങ്ങളോടു സംബന്ധമില്ലാത്തവിധം ഒരു കാര്യം ഞാൻ ചോദിച്ചുകൊള്ളുന്നു. വിദ്യാലയങ്ങളിലുള്ള എല്ലാ ഹെഡ്മാസ്റ്റർമാരുടേയും നടത്തയെപ്പറ്റിയുള്ള എല്ലാവിവരങ്ങളും കാണിച്ചുകൊണ്ടുള്ള സാധാരണനിലക്കു ഡിപ്പാർട്ടുമെൻറ് അദ്ധ്യക്ഷൻ അറിഞ്ഞിരിക്കണമെന്നു അഭിപ്രായപ്പെടാൻ പാടില്ല. സഭയിൽ ഹാജരാക്കപ്പെടുന്ന ഉപക്ഷേപങ്ങളെടുക്കുന്നതു അവശ്യപ്പെടുകയും ചെയ്യുന്നപക്ഷം എനിക്കു ഈ കാര്യത്തിൽ സന്തോഷമാണുള്ളതു്. എന്നാൽ കുട്ടിരാമനെക്കുറിച്ചു തുടർക്കിച്ചുമന്നു

[illegible] വിഷയങ്ങളെപ്പറ്റിയാണ് ഹാജരാക്കപ്പെട്ടിട്ടുള്ളത്. കാര്യങ്ങളുടെ യഥാർത്ഥനില ഇപ്രകാരമാണ്; അവയുടെ കാര്യത്തിൽ വേണ്ടതുപോലെ പ്രവർത്തിക്കുമെന്ന് പ്രതീക്ഷിക്കുകയും ചെയ്യുന്നു. സർ, കഴിഞ്ഞ രണ്ടവസരങ്ങളിൽ ഒരുതരം ഉപക്ഷേപങ്ങളും ഹാജരാക്കപ്പെട്ടതുകൊണ്ടുണ്ടായി. ഈ പ്രകാരമുള്ള ഉപക്ഷേപങ്ങൾ ഉണ്ടാകുന്നതിനുള്ള കാരണങ്ങളും കാണുന്നില്ല. ശരിയായ സമയത്തുള്ള ഓരോ ഉപക്ഷേപങ്ങളും സംബന്ധിച്ച് ഈ സഭയിലുള്ള വിവിധങ്ങളും ശ്രേഷ്ഠമായതിനെ താൽപര്യത്തോടെ ഡിപ്പാർട്ടുമെൻറുമേലുള്ള ലക്ഷ്യങ്ങൾ സാധിക്കുന്നതാണ്. ഈ വസ്തുതകളിലെ മറ്റാരാളുടെയും സാമാന്യം നല്ല മനസ്സിലാക്കുവാൻ ഇടയുള്ള സംഗതിയുടെ യഥാർത്ഥമായ ബുദ്ധിമുട്ടിനെ ഞങ്ങൾ വളരെ ദയനീയമായി ഇവിടെ അവതരിപ്പിക്കുന്നതാണ്.

ദിവാൻ പേഷ്കാർ: ഡബ്ലു. എ. കിഡ്ഡുള്ളങ്കർ (നിയമിക്കപ്പെട്ട മെമ്പർ, ഉപക്ഷേപങ്ങൾ): തന്നിക്കു നേരിട്ടിരിക്കുന്ന വിഷയങ്ങളുടെ പേരിൽ മെമ്പർ ഇവിടെ സൂചിപ്പിച്ചുവല്ലൊ. അവ തിരുവിതാംകോട്ടെ ഡിപ്പാർട്ടുമെൻറുകളുടെ കാര്യത്തിൽ പ്രയോഗമായി ഉള്ളവയാണോ?

മി: ഡബ്ലു. കെ. മക്കേ അയ്യർ (വിദ്യാഭ്യാസവകുപ്പുമന്ത്രിയാകുന്നു): ഇൻഡ്യയിലുള്ള മറ്റുരാജ്യങ്ങളിലെ നിയമസഭകളുടെ കാര്യങ്ങളിലും ഏതാണ്ടിതുപോലെയുള്ള നിയമങ്ങൾ പാടുള്ളതല്ല. അവിടെ നോട്ടീസ് സമർപ്പിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള കാലപരിധിയിൽ ഉള്ളതിനെ അപേക്ഷിച്ചു കുറഞ്ഞതാണ്.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): അങ്ങുമിവസത്തിനുമുൻപു ഉപക്ഷേപങ്ങളെ സംബന്ധിച്ചുള്ള നോട്ടീസ് അയയ്ക്കണമെന്നുള്ള പണ്ഡിതനായ ലാക്കമെൻറർ അഭിപ്രായപ്പെട്ടുകണ്ടായി. ഇപ്പോൾ ചെയ്യുന്നപ്രകാരം ഡിപ്പാർട്ടുമെൻറുകളുടെ നേരത്തെയുള്ള ഉദ്യോഗിക്കുണ്ടെന്ന് അദ്ദേഹം പറഞ്ഞു. ഡിപ്പാർട്ടുമെൻറുകളുടെ സംബന്ധിച്ചുള്ള എല്ലാ വിവരങ്ങളെയുംപറ്റി അവർ പൂർണ്ണമായി ഗ്രഹിച്ചിരിക്കേണ്ട ആവശ്യമില്ലെ? അങ്ങനെയുള്ളതായ ഞങ്ങൾ നോട്ടീസുകൊടുക്കുവാനുള്ള കാലത്തെ രണ്ടിവസമായി കുറയ്ക്കുവാൻ ആഗ്രഹിക്കുന്നു. അതിനുള്ള കാരണം ബഡ്ജറ്റിനെപ്പറ്റി പഠിക്കുന്നതിനു ധാരാളം സമയം ഞങ്ങൾക്കു ലഭിക്കണമെന്നുള്ളതാണ്. സംബന്ധപ്പെട്ട ഡിപ്പാർട്ടുമെൻറുകളുടെ കാര്യങ്ങളെപ്പറ്റി പൂർണ്ണമായി ഞങ്ങൾ അറിഞ്ഞിരിക്കുമെന്ന് അഭിപ്രായപ്പെടുവാൻ പാടുള്ളതല്ല. ഡിപ്പാർട്ടുമെൻറുകാര്യങ്ങളെപ്പറ്റിയുള്ള ചർച്ചയ്ക്കുകൂടി ബഡ്ജറ്റുകൊണ്ടുവരുന്നതിനുമുൻപു തന്നെ മന്ത്രിമാർ മുൻകൂട്ടിത്തന്നെ ബഡ്ജറ്റുകൊണ്ടുവരുകയും തുടർന്നുകൂടി ചർച്ചയ്ക്കുവെയ്ക്കുകയുമാണ് നിയമസഭ കൂടുന്നതിന് ദീർഘകാലം മുൻപാണ്. ആ അവസരത്തിൽ തങ്ങളുടെ സ്വന്തം ഡിപ്പാർട്ടുമെൻറിനെസംബന്ധിച്ചുള്ള ആയവ്യയകണക്കുകൾക്ക് അടിസ്ഥാനമായ എല്ലാകാര്യങ്ങളും അവയ്ക്ക് പരിശോധിക്കുന്നതുകൊണ്ട്. അതിനാൽ സഭയുടെ യോഗത്തിൽ വെച്ചുചെയ്യുന്നതിനുള്ള ഉപക്ഷേപങ്ങളെക്കുറിച്ചു മറപടി നൽകുന്നതിന് ഡിപ്പാർട്ടുമെൻറുമന്ത്രിമാർ മുൻകൂട്ടിയുള്ള പഠനം ആവശ്യമില്ലാത്തതാണ് സമ്മേളനം കൂടുന്നതിനു വളരെക്കാലത്തിൻമുൻപുതന്നെ ബഡ്ജറ്റിൽ അടങ്ങിയിട്ടുള്ള കാര്യങ്ങൾ എന്തെല്ലാമെന്നുള്ളതു അവയ്ക്ക് അറിവുണ്ടായിരുന്നതാണ്, നേരെമറിച്ച് ഞങ്ങൾക്ക് ബഡ്ജറ്റിനെപ്പറ്റി പഠിക്കുകയും അതിൽ അടങ്ങിയിട്ടുള്ള കാര്യങ്ങൾ വ്യക്തമായി മനസ്സിലാക്കുകയും ചെയ്യുന്നതിന് സമയം ആവശ്യമാണ്. വളരെ സൂക്ഷ്മതയോടുകൂടി ബഡ്ജറ്റിനെപ്പറ്റിയുള്ള പഠനം നടത്തിയതിനുശേഷം മാത്രമെ ഞങ്ങളുടെ കുറ്റങ്ങളുന്നതിനുള്ള ഉപക്ഷേപങ്ങളെ ഹാജരാക്കുന്നതിന് ഞങ്ങൾക്കു സാധിക്കുകയുള്ളു. ഇരുദിവസത്തിനകം ഉപക്ഷേപങ്ങൾ അയക്കണമെന്ന കാലാവധി മൂന്നുദിവസമായി കൂറയ്ക്കുന്നുമെന്ന് ഞങ്ങൾ ആഗ്രഹിക്കുന്നു മേൽപറഞ്ഞ കാരണത്താലാണ്

സർ, സഭയിലെ ഈ ഭാഗത്തുള്ള സാമാജികന്മാർ പൊതുവെ തങ്ങളുടെ ഉപക്ഷേപങ്ങൾ കൊടുത്തുള്ളവയായ വിഷയങ്ങളെപ്പറ്റി രേഖപ്പെടുത്തുന്നതു പതിവില്ലെന്ന വിദ്യാഭ്യാസവകുപ്പുമന്ത്രിയുടെ പിന്നീടു പ്രസ്താവിച്ചു.

മി: ഇ. ജെ. മാക്ക് ആൽഫോൺസൻ (വിദ്യാഭ്യാസവകുപ്പുമന്ത്രിയാകുന്നു): സർ, സ്വന്തമായനിലയിൽ നിന്നുകൊണ്ട് ഒരു സമാധാനം പറയുവാനുണ്ട്. ഉപക്ഷേപങ്ങൾക്കു അടുത്തദിവസം വിഷയങ്ങളെപ്പറ്റി സാമാജികന്മാർ പതിവായി പറയുന്നില്ലെന്ന് ഞാൻ പറയുന്നില്ല. പക്ഷേ ഉപക്ഷേപങ്ങൾ മൂന്നുതരത്തിൽ ഉണ്ടെന്നും ഈ മൂന്നിൽ ഒരുതരം ഇവിടുള്ള ഉപക്ഷേപങ്ങളെ സംബന്ധിച്ചുടനെതന്നെയും വാഗ്വിവാദങ്ങൾ നടത്തുന്നതിന് തങ്ങൾ അഭിലഷിക്കുന്ന ഉപക്ഷേപങ്ങൾ അടിസ്ഥാനമായ വിഷയങ്ങൾ ഇന്നവ ഏന്നുള്ളതു മെമ്പർമാർ പറയുന്നില്ലെന്നുള്ളതുകൊണ്ടാണെന്ന് ഞാൻ സൂചിപ്പിച്ചിട്ടുള്ളതാണ്. ഈ സംഗതി മെമ്പർമാർ ഉപക്ഷേപങ്ങൾക്കു കാരണമായിവിഷയങ്ങളെപ്പറ്റി പതിവായി പറയുന്നില്ലെന്നുള്ള പ്രസ്താവനയിൽനിന്ന് വളരെ ഭിന്നമായിട്ടുള്ളതാണ്. ചില സാമാജികന്മാർ അങ്ങനെ ചെയ്യുന്നില്ലെന്നുള്ളതു ഞാൻ പറയുന്നുള്ളു.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): ഏതായാലും സാമാജികന്മാരിൽ ഭൂരിഭാഗത്തെയും സംബന്ധിച്ചിടത്തോളം നിരാശപ്പെടുത്തിയിട്ടുള്ളതുതന്നെ ആണ് ....

മി: ഇ. പി. നീലകണ്ഠപിള്ള (ചിറയിൻകീഴ്): ടോക്കൺ കട്ട് ഉപക്ഷേപങ്ങളെ സംബന്ധിച്ചിടത്തോളം തങ്ങളുടെ ഉപക്ഷേപങ്ങൾക്ക് ആസ്പദമായ വിഷയങ്ങൾ ഇന്നവയാണെന്നുള്ളതു ഉദ്യോഗമെംബർമാരിൽനിന്ന് സാമാജികന്മാർക്ക് ബോദ്ധ്യമായതുകൊണ്ടാണെന്നു മെമ്പർ പറയുമോ?

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): മെമ്പർ അപ്രകാരം ചെയ്യുന്നതിന് ബാദ്ധ്യതയുള്ളതുകൊണ്ടാണ് ഞാൻ വിചാരിക്കുന്നു.

സ്ഥിരം ഉത്തരവു ലിസ്റ്റിൽ ചേർത്തിരിക്കുന്ന അഞ്ചുദിവസത്തിനുമുൻപു ഉപക്ഷേപങ്ങളുടെ സംബന്ധിച്ചു നോട്ടീസ് നൽകുന്നതിനു മുക്ക് സാധിക്കാത്തപക്ഷം നോട്ടീസ് വേണ്ടെന്നുവയ്ക്കുന്നതിന് നമുക്ക് അധ്യക്ഷനോടു ആവശ്യപ്പെടാവുന്നതാണെന്ന് ഡിവിഷനായ ലാക്കമെൻറർ പറയുന്നുണ്ടായി. സർ, നോട്ടീസ് ഇപ്രകാരം വേണ്ടെന്നുവയ്ക്കുന്ന സംഗതി അദ്ധ്യക്ഷനു മഹാമനസ്കതയേയും മനസ്സിനേയും അപേക്ഷിച്ചാണിരിക്കുന്നത്. ഈ അനുഭവപരിചയമുള്ള ഒരു അദ്ധ്യക്ഷൻ നമുക്കുണ്ടായിരിക്കുന്നതുകൊണ്ട് നോട്ടീസ് വേണ്ടെന്നുവയ്ക്കുന്നതിനുള്ള അപേക്ഷ അനുവദിച്ചുതരുന്നതിനു ഒരുപക്ഷേ അദ്ദേഹം തയ്യാറാകുന്നതായിരിക്കാം. നോട്ടീസ് വേണ്ടെന്നുവയ്ക്കുന്നതിനുള്ള അപേക്ഷ അനുവദിക്കുന്നതിന് അദ്ദേഹം അനുമതി നൽകിയില്ലെന്നും വരാം. ഉപക്ഷേപങ്ങളെസംബന്ധിച്ചു നോട്ടീസ് നൽകുന്നതിനുള്ള കാലപരിധിയെ കുറിച്ചുള്ള നിയമത്തെ അനുസരിക്കുന്നതിന് ഞങ്ങൾ ആഗ്രഹിക്കുന്നു. കാര്യത്തിന്റെ ഞങ്ങൾക്കുള്ള ധാരണയനുസരിച്ചു ഇപ്രകാരം പ്രവർത്തിക്കുന്നതിനാണ് ഞങ്ങൾ ആവശ്യപ്പെടുന്നതു. അങ്ങനെ ചെയ്യുന്നതുകൊണ്ടു ഞങ്ങളുടെ സംതൃപ്തിയിലേക്കു അനുകൂലപ്രവർത്തനം കാണുന്നതിന് അദ്ധ്യക്ഷനോടു ഞങ്ങൾ അപേക്ഷിക്കുവാനുള്ളതുകൊണ്ടുമാത്രമാണ്.

ബഡ്ജറ്റ് സമ്മേളനം കൂടുന്ന ആദ്യത്തെദിവസത്തെ അപേക്ഷിച്ച്, നിശ്ചിതമായ ഏതാനുംദിവസങ്ങൾക്ക മുൻപു ബഡ്ജറ്റിന്റെ പ്രാരംഭപരിപ്പിന്റെ പ്രതികരം സാമാജികന്മാർക്ക് ലഭിക്കാമെന്ന് ഉപപ്രധാനപക്ഷം, അഞ്ചുദിവസങ്ങൾക്കുമുൻപു ഉപക്ഷേപങ്ങളെപ്പറ്റി നോട്ടീസ് കൊടുക്കുന്ന കാര്യത്തെ സംബന്ധിച്ചു സ്ഥിരംഭേദഗതിയിൽ ഇപ്പോഴും ഉള്ള വ്യവസ്ഥകളെപ്പറ്റി സാമാജികന്മാർക്ക് ഏതെങ്കിലും ആക്ഷേപങ്ങളും പറയുവാനുണ്ടോ എന്നുള്ളതു ലാമെംബർ ചിന്നീട് ചോദിക്കുണ്ടായി. സർ, ഖണ്ഡിതമായിരുന്നു ചെയ്തിട്ടുള്ള പ്രസ്താവനകളെ സംബന്ധിച്ചിടത്തോളം അപയ്ക്ക് നിർമ്മാണാത്മകമായ പ്രാബല്യമുണ്ടായിരിക്കുന്നില്ല. അ അനുസരിച്ച് എല്ലാഅവസരത്തിലും പ്രവർത്തിച്ചു എന്നുവരുന്നതല്ല. ഇപ്രകാരം ഖണ്ഡിതമായി പറഞ്ഞിട്ടുള്ളതിന് യാതൊരുവിധമായ വിലയും കല്പിക്കാൻപാടുള്ളതല്ല. അതിനെ അടിസ്ഥാനപ്പെടുത്തി പ്രവൃത്തിക്കുന്നതിനും ഞങ്ങൾ തയ്യാറില്ല. ആലോചനക്ക വിഷയമായിരിക്കുന്ന സ്ഥിരംഉത്തരവിനെ ഭേദപ്പെടുത്തുന്നതിനു ഞങ്ങളും ആഗ്രഹിക്കുന്നു. ഞങ്ങൾക്കുള്ള അധികാരത്തെ ആസ്പദമാക്കി അപ്രകാരം ചെയ്യുന്നതിനാണ് ഞങ്ങളും ഉദ്ദേശിക്കുന്നതു ഇതുപറഞ്ഞുകൊണ്ടു മിസ്റ്റർ, ആശാൻ ഫാജരാക്കിയിട്ടുള്ള ഉപക്ഷേപത്തെ ഞാൻ പിൻതാങ്ങിക്കൊള്ളുന്നു.

മി: വി എസ്. കുഞ്ഞുപിള്ള (തിരുവല്ല); മി: ഓമാരോനസാന്റെ ഭേദഗതിയോടുകൂടി ഞാൻ അനുകൂലിക്കുന്നു. ഗില്ലാഡിപ്പാർട്ടുമെൻറുകളുടെ പരിചയപ്പെടുത്തുന്നതിന് മെംബർമാർക്ക് അനുവദിച്ചുകൊടുത്തിട്ടുള്ള സമയം രണ്ടുദിവസമാണ്. അതിനെ ഒരുവിധംപറിച്ചു ഉപക്ഷേപങ്ങളെല്ലാം മറ്റൊരു കൊണ്ടുവരുന്നതിനു മെമ്പറന്മാർക്ക് വളരെ കുറച്ചുസമയം മാത്രമേ ഉള്ളു. ഓരോ ഡിപ്പാർട്ടുമെൻറ മേലധികാരിയും അവരവരുടെ ഡിപ്പാർട്ടുമെൻറിനെ സംബന്ധിച്ചിടത്തോളം പേരെ അറിവുകൊടുക്കുവാൻ സന്നദ്ധനായിരിക്കുന്നതിനാണ് ഈ ബഡ്ജറ്റ് ഗ്രൂപ്പീകരിക്കുന്നതു, അവക്ക് ഏതെങ്കിലും ഒരു തൃപ്തികരമായ ഉത്തരംകൊടുക്കുന്നതിന് അഞ്ചുദിവസങ്ങൾ കുറഞ്ഞാൽ വളരെ പ്രയാസമായിരിക്കും. തൃപ്തികരമായ സമാധാനമെന്നില്ലായിരുന്നാൽ മെമ്പറന്മാർ വളരെ അസ്വസ്ഥരായിരിക്കുമെന്നാണ് പണ്ഡിതനായ ലാമെംബർ ഇവിടെ പ്രസ്താവിച്ചതു. കേവലം സാധാരണ ബുദ്ധിയുള്ളതുതന്നെ അശേഷം യോജിക്കുന്നതായിട്ടു ഇതിരുന്നിട്ടില്ലെന്നാണ് എനിക്കു തോന്നുന്നതു. പൊതുവേയുള്ള ഒരു ജ്ഞാനം സമ്പാദിക്കുന്നതിന് രണ്ടുദിവസം മാത്രമാണ് ഞങ്ങൾക്ക് അനുവദിച്ചിരിക്കുന്നതു. ആ സ്ഥിതിക്ക പ്രത്യേകമായ ഒരു ഡിപ്പാർട്ടുമെൻറിനെപ്പറ്റി ഏതെങ്കിലും ഒരു സംഗതിയെപ്പറ്റി തൃപ്തികരമായ ഒരു സമാധാനം കൊടുക്കാൻ അഞ്ചുദിവസംപോരാ എന്നപറയുന്നതു സാധാരണ ബുദ്ധിക്കുതന്നെ ഗ്രാഹ്യമാകുന്നതായും തോന്നുന്നില്ല. ആ സ്ഥിതിക്ക ഈപ്രമേയത്തിനുതന്നെ അവകാശമുണ്ടോ എന്നും എനിക്കുതോന്നുന്നില്ല. തീച്ചയായും മുന്നറിപ്പും ധാരാളം മതിയാകുമെന്ന് സെക്രട്ടറിക്കമ്മിറ്റി അഭിപ്രായപ്പെട്ടിരിക്കുന്നതു വളരെ ബുദ്ധിപൂർവ്വമാണെന്നാണ് എന്റെ അഭിപ്രായം. അതുകൊണ്ടു മി: ആശാന്റെ ഭേദഗതിയെ ഞാൻ ഹാർദ്ദമായി അനുകൂലിച്ചുകൊള്ളുന്നു.

മി: എ. എ. പ്. ഓമാരോനാശാൻ (ചേപ്പാട്ടു തെക്കും കാത്തിക്കപ്പള്ളിയും): സർ, ആദ്യമായി എനിക്ക പ്രസ്താപിക്കുവാനുള്ളതു തുടങ്ങുന്നതാണ്. ഉപക്ഷേപം ഫാജരാക്കുന്നതിനു സംബന്ധിച്ചുള്ള നോട്ടീസ് കൊടുക്കേണ്ടകാലം അഞ്ചിൽനിന്ന് മൂന്നായി കുറയ്ക്കുന്നപക്ഷം ഗവണ്മെൻറുദ്യോഗസ്ഥന്മാരിൽനിന്ന് ശരിയല്ലാത്ത ഇംഗ്രുപ്തികരവും ആയ മറുപടിയും നാം കൊണ്ടുന്നതിനിടയാകുമെന്ന് പറയുകയുണ്ടായി. ഇതു അറിഞ്ഞിരുന്നു എങ്കിൽ അങ്ങനെചെയ്യുന്നതിനു ഞാൻ അപേക്ഷിക്കയില്ലായിരുന്നു. ഈകാര്യത്തെ സംബന്ധിച്ചിടത്തോളം എനിക്ക ബോധിപ്പിക്കുവാനുള്ളതു താഴെപറയുന്നതാണ്. ഇപ്പോഴും നാംകാംക്ഷിക്കുന്ന മറുപടികളും തന്നെയും മതിയായവിധം തൃപ്തികരമായിരിക്കുന്നില്ല. ഉപക്ഷേപങ്ങളെ സംബന്ധിച്ചു നോട്ടീസ്നാംകൊണ്ടേ കാലാവധി കുറയ്ക്കുന്നതുമൂലം ഉദ്യോഗസ്ഥന്മാരാകുന്നവർ ഇപ്പോൾ നാംകൂന്ന മറുപടികളെഅപേക്ഷിച്ചു കൂടുതൽ തൃപ്തികരമായ മറുപടികളും നൽകുന്നതിനിടയുണ്ടെന്നുള്ള പക്ഷം അങ്ങനെചെയ്യുന്നതിനു ഞാൻ ആഗ്രഹിക്കയില്ല ഇൻഡ്യാഗവണ്മെൻറിന്റെ ഭരണഘടനയെ അപേക്ഷിച്ചു ഇവിടത്തെ ഭരണഘടനയുടെ കാര്യക്ഷമത കുറഞ്ഞതാണെന്ന പണ്ഡിതനായ ലാമെമ്പർ പറഞ്ഞിട്ടുള്ളതിൽ നിന്ന് ഞാൻ അനുമാനിക്കുന്നു. കാര്യത്തിന്റെ സ്ഥിതി അപ്രകാരമല്ലാത്തപക്ഷം ഭരസംബ്ലിയിൽ ഉള്ളതിനെഅപേക്ഷിച്ച് നോട്ടീസുനാംകൊണ്ടുന്ന കാര്യത്തിൽ ഇവിടെ ഉള്ള ഉദ്യോഗസ്ഥന്മാക്ക് കൂടുതൽസമയം വേണ്ടിവരുന്നു പറയുന്നതിനു കാരണമില്ലായ്മതാകുന്നു. ഗവണ്മെൻറിന്റെ ഭരണഘടനയെ സംബന്ധിച്ചോ അല്ലെങ്കിൽ ഉദ്യോഗസ്ഥന്മാരെ സംബന്ധിച്ചോ ഇവിടെ ഏതെങ്കിലും സ്വീനയുണ്ടെന്നു വിചാരിക്കേണ്ടിയിരിക്കുന്നു, ഗവണ്മെൻറ് ഉദ്യോഗസ്ഥന്മാക്ക് ആവശ്യത്തിൽകഴിഞ്ഞശമ്പളമാണ് ഇപ്പോൾ നൽകിവരുന്നതു. ഇപ്പോൾ ഉള്ളതിനേക്കാൾ വളരെ കൂടുതൽ കാര്യക്ഷമതയോടുകൂടി കാര്യങ്ങൾനടത്തുന്നതിനു അവരെ പ്രാപ്തിയുണ്ടായിരിക്കണം. ഇവയെ അടിസ്ഥാനപ്പെടുത്തിയാണ് ഏല്ലാഅവസരങ്ങളിലും ഞങ്ങൾ പരാതിപ്പെട്ടിട്ടുള്ളതു ഇൻഡ്യാഗവണ്മെൻറിന്റെ ഉദ്യോഗസ്ഥന്മാക്ക് ഉള്ളതിനു തുല്യമായ കാര്യക്ഷമത ഇവിടെ ഉള്ള ഉദ്യോഗസ്ഥന്മാക്കും ഇല്ലെന്നു അവർതന്നെ ഇപ്പോൾ സമ്മതിച്ചിരിക്കുന്നു. സർ, ഭരണഘടനയേയോ, ഉദ്യോഗസ്ഥന്മാരേയോ, മറ്റൊന്നതിനെ ഗവണ്മെൻറിനെ അധിക്ഷേപിക്കുകയാകുന്നു. ഉപക്ഷേപങ്ങളെ സംബന്ധിച്ചുള്ള നോട്ടീസ്സു നാംകേണ്ടകാലാവധി കുറയ്ക്കുന്നതുമൂലം തൃപ്തികരമായ മറുപടി നൽകുന്നതിൽ തങ്ങൾക്ക ബുദ്ധിമുട്ടനുഭവിക്കുന്നു എന്നു അവർ നമ്മോടു പറയുന്നു. ഇങ്ങനെ പറയുന്നതുകൊണ്ടു യാതൊരുപ്രയോജനവുമില്ല.

ഉപക്ഷേപങ്ങളെ സംബന്ധിച്ചു നോട്ടീസ് വേണ്ടെന്ന് വെയ്ക്കുന്നതിന് അദ്ധ്യക്ഷനധികാരമുണ്ട്. ഇതിനെ അടിസ്ഥാനപ്പെടുത്തി പണ്ഡിതനായ ലാമെംബർ ഇവിടെ നിർദ്ദേശിക്കുകയുണ്ടായി. ഉപക്ഷേപത്തെ സംബന്ധിച്ചുള്ള നോട്ടീസ് വേണ്ടെന്നു വയ്ക്കുന്നതിൽ സഭയിലെ ഈ ഓഫീസുള്ള സാമാജികന്മാരിൽ ആരെങ്കിലും അദ്ധ്യക്ഷനോട് അപേക്ഷിച്ചിട്ടുണ്ടോ എന്ന് ലാമെമ്പർ ചോദിക്കുണ്ടായി. സർ, നാമിതുകാലത്തിനകം ഉപക്ഷേപങ്ങളെ സംബന്ധിച്ചുള്ള നോട്ടീസ് നാംകാത്തിരുന്നതുമൂലം പല ഉപക്ഷേപങ്ങളും തള്ളപ്പെട്ടിട്ടുണ്ട്. ഇതു വസ്തുവാണെന്നുള്ളതു നിഷേധിയാവുന്നതാണ്. സർ, ഇതിനു ഞാനെന്തുഹേതുവാണ് പറയാം. ഈ കാര്യത്തിൽ അനവധി ഉദാഹരണങ്ങൾ ഞാൻ പറയുന്നതുകൊണ്ടു ഏതെങ്കിലും പ്രയോജനം ഉണ്ടാകുമെ

ന്ന പ്രിചാരിക്കുന്നില്ല. അങ്ങനെ ചെയ്യുന്നപക്ഷം അതു് അദ്ധ്യക്ഷന്റെ നടപടിയെപ്പറ്റിയുള്ള ഒരു വിമർശനമായി പരിഗണിക്കുന്നതാണു്, അപ്രകാരം ചെയ്യുന്നപക്ഷം ആയതു ന്യായമായിരിക്കുന്നതല്ല.

സർ: എന്റെ സ്വന്തകാര്യത്തിൽ തന്നെയും നിർഭാഗ്യമായ ഒരു സംഭവം ഉണ്ടായിട്ടുണ്ടു്. സർ, ചോദ്യങ്ങളെ സംബന്ധിച്ചിടത്തോളം പൂർണ്ണമായ കവർ ദിവസത്തിനു് മുൻപു് നൽകേണ്ടതാകുന്നു. പിന്നെ പൂരിപ്പിച്ചു തിരിച്ചയച്ചതിന്റെ ശേഷം നിയമാനുസൃതമായ യോഗത്തിനു് ഞാൻ ചില ചോദ്യങ്ങൾ അധികമായും അയച്ചിട്ടുണ്ടു്. ഈ ചോദ്യങ്ങളെ സംബന്ധിച്ചു നോട്ടീസു് പൂർണ്ണമായ കവർ ദിവസത്തിനു് മുൻപു് സിക്കുറിക്ക കിട്ടത്തക്കവണ്ണമുള്ള അവസരത്തിലായിരുന്നു ഞാൻ അയച്ചിട്ടുള്ളതു്. അഞ്ചൽ ഡിപ്പാർട്ടുമെന്റിന്റെ തെറ്റായ മൂലം എഴുത്തു് കിട്ടുന്നതിനു് താമസിച്ചു പോകുകയും തിരുവല്ലയ്ക്കു് കവർ ദിവസത്തിനു് മുൻപു് മാത്രം ലഭിക്കുകയും ചെയ്തു. ഇതു് എന്നെ സംബന്ധിച്ചുള്ള നിർഭാഗ്യമായ ഒരു സംഗതിയാണു്. സർ, ഒരുദിവസത്തെ നോട്ടീസു് ഇല്ലാതിരുന്നതു നിമിത്തം എന്റെ ചോദ്യത്തെ ഏറ്റവും ദയനീയമായിത്തള്ളികളയുകയാണു് ഉണ്ടായതു്.

മി: എൽ. എ. ബിഷപ്പു് (പോലീസു് കമ്മീഷണർ): മെമ്പർ അവർകൾ എഴുത്തിനു് ആവശ്യമുള്ള സ്റ്റാമ്പു് അദ്ദേഹം ഒട്ടിച്ചിട്ടുണ്ടായിരുന്നോ എന്നു് പറയുമോ?

മി: എ. എ യ്. മാമ്മാൻഅയ്യർ (മാവേലിക്കരയും കാർത്തികപ്പള്ളിയും): കൂലിതീരാതെയാണു് ഞാൻ എഴുത്തു് അയച്ചിട്ടുള്ളതു്. കൂലിതീരാതെ സെക്രട്ടേറിക്കു് എഴുന്നയക്കുന്നതിനു് ഞങ്ങൾക്കു് സ്വാതന്ത്ര്യമുണ്ടു്. എന്റെ എഴുത്തു് ലഭിച്ചതിനുശേഷം നിയമാനുസൃതമായ സമയത്തിനുള്ളിൽ തന്നെ സെക്രട്ടേറിയറ്റിൽ നിന്നു് മറുപടി അയച്ചു. ഈ എഴുത്തു് ഇന്ന ദിവസം കൊല്ലത്തുനിന്നു് അയച്ചിട്ടുണ്ടെന്നുള്ളതിനെ സംബന്ധിച്ചു് ഞാൻ തെളിവു നടത്തുകയും ചെയ്തു. ഞാൻ അഞ്ചൽസൂപ്രണ്ടിനു് എഴുതി അയച്ചു ഈ കാര്യത്തിൽ വളരെ എഴുത്തുകുത്തുകൾ നടത്തി. എന്നാൽ തൃപ്തികരമായ യാതൊരു ഫലവുമുണ്ടായില്ല.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹൈഡ് സെക്രട്ടേറിയൽ): ഉപക്ഷേപത്തിൽ മേലുള്ള നോട്ടീസിനെപ്പറ്റി ഗവർമെന്റിനു് അഭിപ്രായം പ്രസിഡന്റിനോടു് അപേക്ഷിച്ചിട്ടുണ്ടോ?

മി: പി. എസ്. മുഹമ്മദുസുൽത്താൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഉപക്ഷേപത്തെ സംബന്ധിച്ചുള്ള നോട്ടീസു് ഇല്ലെന്നും അതുമൂലം എന്റെ ചോദ്യത്തിനുള്ളിലിരിക്കുന്ന ഏതാനും കാര്യങ്ങളുടെ സെക്രട്ടേറിയറ്റുടെ മറുപടി സമർപ്പിക്കുന്ന ദിവസത്തെ ന്റെ ഏകദേശം അഞ്ചുദിവസത്തിനു് മുൻപു് മാത്രമാണു് ഏനിക്കു ലഭിച്ചിട്ടുള്ളതു്. നോട്ടീസു് വേണ്ടെന്നു വയ്ക്കുന്നതിനു് അദ്ധ്യക്ഷനോടു് അപേക്ഷിക്കുകയും അതിന്മേൽ അനുവാദം വരുത്തുകയും അതിനുശേഷം വീണ്ടും സെക്രട്ടേറിക്കു് എഴുതുകയും മറുപടികൾ തയാറാക്കുന്നതിനു് ആവശ്യപ്പെടുകയും ചെയ്തുന്നതുജോലികൾ പിന്നീടുചെയ്യേണ്ടതായിവന്നു. ഈ കൃത്യങ്ങളെല്ലാം സാധ്യമല്ലെന്നും എളുപ്പമല്ലെന്നും എനിക്കഭിപ്രായമുണ്ടു്. കൂടാതെ എഴുത്തുകുത്തുനടത്തുന്നതുകൊണ്ടു് യാതൊരു പ്രയോജനവുമുണ്ടാകയില്ലെന്നും എനിക്കു തോന്നി.

സർ, അതിനാൽ ഞാൻ ബോധിപ്പിക്കുന്നതു് ബാമെമ്പർ ചെയ്തിട്ടുള്ള നിരീക്ഷണങ്ങളെപ്പറ്റി തൃപ്തിപ്പെടുത്തുന്നതിനു മതിയാകുന്നില്ലെന്നുള്ളതാണു്, നോട്ടീസു് മതിയാകാതെപോകുന്ന എല്ലാ അവസരങ്ങളിലും അതു് വേണ്ടെന്നു വയ്ക്കുന്നതിനു് അപേക്ഷിക്കുകയും അതു് അനുവദിപ്പിക്കുകയും ചെയ്യുന്നതിനു് അദ്ധ്യക്ഷനോടു് അപേക്ഷിക്കുകയും, അദ്ധ്യക്ഷനെ ബുദ്ധിമുട്ടിപ്പിക്കുകയും ചെയ്യുന്നതു നന്നായിട്ടുള്ളതല്ല, എല്ലാ അവസരത്തിലും അദ്ദേഹം അപ്രകാരം അനുവദിച്ചു എന്നു് വരുന്നതുമല്ല.

ബഡ്ജറ്റിന്റെ പ്രാരംഭപരിപ്പിന്റെ പ്രതികാം മുൻകൂട്ടിയും ശരിയായ സമയത്തും നൽകാമെന്നു് ഉറപ്പുപറയുന്നപക്ഷം സഭയിലെ ഈ കക്ഷിയിലുള്ള സാമാജികന്മാർ തൃപ്തിപ്പെടുമോ എന്നു് ബാമെമ്പർ മറെറാരുചോദ്യം ചോദിക്കുണ്ടായി, ഇപ്രകാരം ഉറപ്പുപറയുന്നതുകൊണ്ടു് മതിയാകുന്നില്ലെന്നുണ്ടെങ്കിൽ ഞാൻ ബോധിപ്പിക്കുന്നതു്. ബഡ്ജറ്റിന്റെ പ്രാരംഭപരിപ്പിൽ നിന്നു് അക്കങ്ങളാകുന്ന മാത്രം അറിയുന്നതിനു് നമുക്കു് സാധിക്കയുള്ളു. അപ്രകാരമുള്ള വിവരിക്കുന്നതു യഥാർത്ഥത്തിൽ ഫിനാൻഷ്യൽ സെക്രട്ടറിയെ ബഡ്ജറ്റ് ഹാജരാക്കുന്ന അവസരത്തിൽ മാത്രമാകുന്നു. ഫിനാൻഷ്യൽ സെക്രട്ടറിയുടെ ധനപരമായ പ്രസ്താവനകേട്ടതിനു് ശേഷമാണു് ഏതെങ്കിലും കാര്യങ്ങളെന്നതിനെപ്പറ്റിയുള്ള ഉപക്ഷേപം ഹാജരാക്കേണ്ടതു് ആവശ്യമാണോ എന്നു് തീർച്ചചെയ്യുന്നതു്. സർ, നോട്ടീസിനുള്ള ദിവസത്തിന്റെ സംഖ്യ കുറയ്ക്കുന്നതിനു് ഞങ്ങൾക്കു് അധികാരമുണ്ടു്. ഈ സ്ഥിതിക്കു നാം എന്തിനാണു് ഇപ്പോഴുള്ള എല്ലാ വിഷമതകളും അനുഭവിക്കുന്നതു്. സർ, അസംബ്ലിയിൽ രണ്ടു ദിവസത്തെ നോട്ടീസുമാത്രമേ അവിടെ ഉണ്ടായിരിക്കുന്നുള്ളു.

മദ്രാസിൽ മൂന്നു ദിവസത്തെനോട്ടീസുമാത്രമേ നൽകപ്പെടുന്നുള്ളു. സർ, തിരുവിതാംകൂർ ഒരു ചെറിയ സംസ്ഥാനം ആകുന്നു. ഇപ്രകാരമുള്ള ഒരു ചുറ്റളവിൽ മാത്രമേ തിരുവിതാം കൂറിന്റെ ചെറിയ സ്ഥിതിയെ സംബന്ധിച്ചു് എനിക്കും അഭിപ്രായം തോന്നുകയുള്ളു. അതു് ഇതിലും വലുതായിരുന്നു എങ്കിൽ അഞ്ചുദിവസത്തിനെക്കാൾ കൂടുതലായുള്ള നോട്ടീസു് പോലും വേണ്ടതാണെന്നു് പണ്ഡിതനായ ബാമെമ്പർക്കും മറ്റു് ഉദ്യോഗസ്ഥന്മാർക്കും പോലും അഭിപ്രായമുണ്ടായിരുന്നു. എല്ലുകൊണ്ടെങ്കിൽ തിരുവനന്തപുരത്തു് നിന്നും ഹൈക്കോർട്ടിൽ താമസിക്കുന്ന ഹൈഡ് മാസ്റ്റർമാരുടെ നടത്തകളെപ്പറ്റിയുള്ള വിവരങ്ങൾ പണ്ഡിതനായ ഡയരക്ടർ ശേഖരിക്കേണ്ടിവരുന്നതുകൊണ്ടോ? സർ, നിങ്ങൾക്കു നടപടി നടത്തുവാനുള്ള ബഡ്ജറ്റുനിങ്ങൾക്കു് അനുയോജ്യമായ എല്ലാ സംഗതികളെക്കുറിച്ചും ഡിപ്പാർട്ടുമെന്റ് അദ്ധ്യക്ഷന്മാർക്കും സെക്രട്ടേറിയറ്റിലുള്ള ഉദ്യോഗസ്ഥന്മാർക്കും പൂർണ്ണമായ ജ്ഞാനം ഉണ്ടായിരിക്കണം. ഇപ്രകാരമുള്ള സഭാകാര്യങ്ങളിലുണ്ടു്. നോട്ടീസിനെ അടിസ്ഥാനമാക്കി അവരുടെ കൃത്യങ്ങൾ നടത്തുവാൻ കൂടുതലായുസമയം വേണമെന്നു് അവർ അവശ്യപ്പെടാൻ ന്യായമില്ലാത്തതാകുന്നു. ഇതുമുഴുവനുംകൂടി ഉപക്ഷേപം സ്വീകരിക്കണമെന്നു ഞാൻനിർബന്ധിക്കുകയുമില്ല.

അദ്ധ്യക്ഷൻ: ഉപക്ഷേപത്തെ സംബന്ധിച്ചു ഇപ്പോൾ വോട്ടു ചെയ്യുവാനുണ്ടോ എന്നു ഞാൻ ചിന്തിക്കുന്നു.

ഉപക്ഷേപത്തെ അനുകൂലിക്കുന്നവർ ദയവുചെയ്തു കൈപൊക്കണം.

അനുകൂലാഭിപ്രായക്കാരല്ലാത്തവരും ഉപക്ഷേപത്തെ അനുകൂലിച്ചു വോട്ടു ചെയ്തു. അതിനാൽ ഉപക്ഷേപം പാസ്സായതായി പ്രഖ്യാപിക്കപ്പെട്ടു.

മി: കുഞ്ഞാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹൈസ്കൂൾ അദ്ധ്യാപകർവക്കിൽ): ഒരു പേരും എടുക്കണമെന്നു ഞാൻ ആവശ്യപ്പെടുന്നു.

അദ്ധ്യക്ഷൻ: ഇന്നു ഇവിടെ ഹാജരായിട്ടുള്ള അനേകം സ്ഥാനാർത്ഥികളിൽ ഒരു സംഘമായി ഉപക്ഷേപത്തെ അനുകൂലിച്ചു വോട്ടുചെയ്തിരിക്കുന്നു, ആ സ്ഥിതിക്കു ഒരു പേരും എടുക്കേണ്ട ആവശ്യമുണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല.

ഇവിടെ ഹാജരായിട്ടുള്ള സ്ഥാനാർത്ഥികളുടെ സംബന്ധിച്ചു ഒരു കാര്യം എടുത്തിട്ടുള്ളതുണ്ടല്ലോ. അതു ദ്വിഗ്വസ്ഥാനാർത്ഥികളുടെ പേരും ഇപ്പോൾ ഉപക്ഷേപത്തെ അനുകൂലിച്ചു വോട്ടുചെയ്തിട്ടുണ്ട്.

മി: ടി. സി. കേശവപിള്ള (കൽക്കുളവും-വിളവംകോടും): ദ്വിഗ്വസ്ഥാനാർത്ഥികളുടെ ഇടയിൽ നിഷ്പക്ഷവോട്ടായി ആരെങ്കിലും ഉണ്ടോ എന്നു അറിയുന്നതിനു ഒരു പേരും എടുക്കണമെന്നു ഞാൻ ആവശ്യപ്പെടുന്നു.

അദ്ധ്യക്ഷൻ: ദ്വിഗ്വസ്ഥാനാർത്ഥികളുടെ ഇടയിൽ ഉപക്ഷേപത്തെ പ്രതികൂലിക്കുന്നവർ ആരെങ്കിലുമുണ്ടോ എന്നു അറിഞ്ഞാൽ കൊള്ളാം.

ദ്വിഗ്വസ്ഥാനാർത്ഥികളിൽ ഒരാളൊഴികെ മറ്റുള്ളവരെല്ലാവരും ഉപക്ഷേപത്തെ പ്രതികൂലിച്ചു. അവരുടെ ഇടയിൽ നിഷ്പക്ഷവോട്ടായി ആരുംതന്നെ ഉണ്ടായിരുന്നില്ല.

അദ്ധ്യക്ഷൻ: മി. കേശവപിള്ള, നിങ്ങൾ ഇപ്പോൾ തൃപ്തിപ്പെട്ടിരിക്കുമെന്നു ഞാൻ വിചാരിക്കുന്നു. നിഷ്പക്ഷപ്പോരാളികൾക്കു ഇവിടെ സ്ഥാനമില്ല. (ചിരി)

മി: പി. എസ്. ദാമോദരനാശാൻ (മാവേലിക്കരയും-കായംകുളവും): മറ്റൊരു യോഗത്തിൽവച്ചു ഈ ബില്ലിനെപ്പറ്റി പ്രസ്താവിച്ചു അതു പാസ്സാക്കണമെന്നു ഞാൻ അപേക്ഷിച്ചുകൊള്ളുന്നു.

അദ്ധ്യക്ഷൻ: ഇവിടെ ഇപ്പോൾ ചെയ്തിട്ടുള്ള അപേക്ഷയെസംബന്ധിച്ചു സഭയ്ക്കു എന്തു അഭിപ്രായമാണുള്ളതു?

മി. ഏ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും-കായംകുളവും): ഈ ബില്ലു മറ്റൊരുയോഗത്തിൽ ഹാജരാക്കി പാസ്സാക്കണം. ഇതു നടപടിയുടെ തുടർച്ചയായ ഒരു കാര്യം മാത്രമാകുന്നു.

മി. കെ. എൻ. കേശവൻനമ്പൂതിരിപ്പാട് (ജന്മികാര്യം): ഞാൻ അതിനെ പിൻതാങ്ങുന്നു.

അദ്ധ്യക്ഷൻ. സഭ ഇതു അംഗീകരിച്ചിട്ടുള്ളതായി ഞാൻ ഗണിക്കട്ടെയോ?

ഉപക്ഷേപം പാസ്സാക്കപ്പെട്ടു.

തിരുവിതാംകോട്ടു ക്ഷത്രിയബിൽ.

മി. രേവതിനാൾ രാമവർമ്മരാജ (ഇടവക): സർ, തിരുവിതാംകൂർ ക്ഷത്രിയബിൽ ഈ കൌൺസിലിൽ അവതരിപ്പിക്കുന്നതിനു അനുവാദം ചോദിച്ചുകൊള്ളുന്നു.

അദ്ധ്യക്ഷൻ. ഇതിനു പ്രതിപക്ഷകക്ഷികൾ ഉല്ലാതിരിക്കുന്നു. ഈ സ്ഥിതിക്കു തിരുവിതാംകൂർ ക്ഷത്രിയബിൽ ഇവിടെ അവതരിപ്പിക്കുന്നതിനു് മി. രേവതിനാൾ രാമവർമ്മരാജയ്ക്കു അനുവാദം നൽകിയതായി ഞാൻ വിചാരിക്കുന്നു.

ഉപക്ഷേപം പാസാക്കപ്പെട്ടു.

കഏ൦൦-ലെ രണ്ടാം റഗുലേഷനായ തിരുവിതാംകൂർ നായർറഗുലേഷനെ

ഭേദപ്പെടുത്തുന്നതായുള്ള ഒരു ബിൽ.

മി. കെ മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): കഏ൦൦-ലെ രണ്ടാം റഗുലേഷനായ തിരുവിതാംകൂർ നായർ റഗുലേഷൻ ഭേദപ്പെടുത്തുന്നതിനു ഒരു ബിൽ അവതരിപ്പിക്കുന്നതിനു ഞാനു അനുവാദം ചോദിച്ചുകൊള്ളുന്നു.

അദ്ധ്യക്ഷൻ: ഈ അപേക്ഷയെസംബന്ധിച്ചു് ആരും പ്രതികൂലിച്ചിട്ടില്ല. അതിനാൽ കഏ൦൦-ലെ രണ്ടാംറഗുലേഷനായ നായർ റഗുലേഷനെ ഭേദപ്പെടുത്തുന്നതിനു് ഒരു ബിൽ അവതരിപ്പിക്കുന്നതിനു അനുവാദം നൽകിയിട്ടുള്ളതായി ഞാൻ വിചാരിക്കുന്നു.

ഉപക്ഷേപം പാസ്സാക്കപ്പെട്ടു.

തിരുവിതാംകൂർ ന്യൂനപക്ഷമതമക്കത്തായം ബിൽ.

മി. എൽ. ആർ. രാജരാജവർമ്മ കോയിക്കൽ തമ്പുരാൻ (ചങ്ങനാശ്ശേരിയും-പീരുമേടും): തിരുവിതാംകൂർ ന്യൂനപക്ഷ മതമക്കത്തായം ബിൽ ഈ സഭയിലേക്കു അവതരിപ്പിക്കുന്നതിനു ഞാൻ അനുവാദം ചോദിച്ചുകൊള്ളുന്നു.

അദ്ധ്യക്ഷൻ: ഈ അപേക്ഷയെ ആരും പ്രതികൂലിച്ചിട്ടില്ല. അതിനാൽ തിരുവിതാംകൂർ ന്യൂനപക്ഷമതമക്കത്തായം ബിൽ അവതരിപ്പിക്കുന്നതിനു അനുവാദം നൽകിയിട്ടുള്ളതായി ഞാൻ വിചാരിക്കുന്നു.

ഉപക്ഷേപം പാസായതായി ഗണിക്കപ്പെട്ടു.

തിരുവിതാംകൂർ മാറമ്പിൽ.

മി. എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും-കായംകുളവും) തിരുവിതാംകൂർ മേറമ്പിൽ ബിൽ സഭയിൽ അവതരിപ്പിക്കുന്നതിനു് ഞാൻ അനുവാദം ചോദിച്ചുകൊള്ളുന്നു.

അദ്ധ്യക്ഷൻ: ഈ അപേക്ഷയെസംബന്ധിച്ചു് പ്രതികൂലിച്ചിട്ടില്ല. അതിനാൽ തിരുവിതാംകോട്ടു മേറമ്പിൽ സഭയിൽ കൊണ്ടുവരുന്നതിനു് അനുവാദം നൽകിയിട്ടുള്ളതായി ഞാൻ വിചാരിക്കുന്നു.

ഉപക്ഷേപം പാസ്സാക്കപ്പെട്ടു.

തിരുവിതാംകൂറിലുള്ള മഹമ്മദീയരുടെ ഇടയിൽ ഉള്ള ദായക്രമത്തെയും പിൻതുടർച്ചാവകാശത്തെയും സംബന്ധിച്ചുള്ള നിയമത്തെ ഭേദപ്പെടുത്തുന്നതിനുള്ള ഒരു ബിൽ.

മി. പി. എസ്. മഹമ്മദ (നോമിനേറ്റഡ്): മുസ്ലീങ്ങളുടെ ഇടയിൽ പിൻതുടർച്ചാവകാശത്തെപ്പറ്റി നിയമിക്കുന്നതിനു് ഒരു ബിൽ ഈ സഭയിൽ കൊണ്ടുവരുന്നതിനു ഞാൻ അനുവാദം ചോദിച്ചുകൊള്ളുന്നു.

അദ്ധ്യക്ഷൻ: ഈ അപേക്ഷയെ ആരും പ്രതികൂലിച്ചിട്ടില്ല. അതിനാൽ തിരുവിതാംകൂറിലെ മുസ്ലീങ്ങളുടെ ഇടയിൽ ദായക്രമത്തെയും പിൻതുടർച്ചാവകാശത്തെയും സംബന്ധിച്ചുള്ള നിയമത്തെ ഭേദപ്പെടുത്തുന്നതിനു് ഒരു ബിൽ അവതരിപ്പിക്കുന്നതിനു അനുവാദം നൽകിയിട്ടുള്ളതായി ഞാൻ വിചാരിക്കുന്നു.

ഉപക്ഷേപം പാസാക്കപ്പെട്ടു.

പൊതുപ്രമേയം കാര്യങ്ങളെ സംബന്ധിച്ചുള്ള ഉപക്ഷേപങ്ങൾ.

ഒഴിവുകളെ സംബന്ധിച്ച് പഠനം ചെയ്യുകയും സർക്കാർസർവീസിൽ സമുദായപ്രാതിനിധ്യം അനുവദിക്കുകയും ചെയ്യുക.

മി: എ. സി. കുഞ്ഞാക്കോസ് (മീനച്ചൽ-മേവികളും) തിരുവിതാംകൂർ പബ്ലിക് സർവീസിലെവിവിധഡിപ്പാർട്ടുമെന്റുകളിലേക്കും ഗ്രേഡുകളിലേക്കും അടുത്തഅഞ്ചുവർഷകാലത്തേക്ക് നടത്തുന്നനിയമനങ്ങളുടെ സംഗതിയിൽ ഏതെങ്കിലും ഡിപ്പാർട്ടുമെന്റിൽ ഒഴിവുണ്ടാകുമ്പോൾ ആവിവരം പരസ്യപ്പെടുത്തുകയും അപേക്ഷകരെ ക്ഷണിക്കുകയും ടി ഡിപ്പാർട്ടുമെന്റിൽ ജനസംഖ്യാകണക്കിനു ഏറ്റവും കുറഞ്ഞ പ്രാതിനിധ്യമുള്ള വർഗ്ഗത്തിൽപ്പെട്ട അപേക്ഷകനെ തിരുവിതാംകൂർ സർവീസുചട്ടങ്ങളിൽ ടി ഉദ്യോഗത്തിനു നിശ്ചയിച്ചിട്ടുള്ള വിദ്യാഭ്യാസയോഗ്യതയിൽ കുറവില്ലാത്ത പരീക്ഷയോഗ്യതയുണ്ടെങ്കിൽ പ്രസ്തുത അപേക്ഷകനെ പ്രാധമ്യം നൽകുകയും ഓരോഗ്രേഡുകളിലേക്കും സർവീസിൽനിന്നും നിയമനം നടത്തുന്നവിഷയത്തിലും ഈ നയംതന്നെ അനുസരിച്ചു പ്രവർത്തിക്കുകയും ചെയ്യണമെന്നു ഈ കൌൺസിൽ ഗവണ്മെന്റിനോടു ശിപാർശചെയ്യുന്നു.

മി: എ. സി. കുഞ്ഞാക്കോസ് (മീനച്ചൽ-മേവികളും) സർ, ഇന്നത്തെക്കുറിച്ചുള്ള ഒന്നാമത്തെ പ്രമേയം ഞാൻ ഇവിടെ അവതരിപ്പിക്കുകയുണ്ടായി.

തിരുവിതാംകൂർ പബ്ലിക് സർവീസിലെ വിവിധ ഡിപ്പാർട്ടുമെന്റുകളിലേക്കും ഗ്രേഡുകളിലേക്കും അടുത്ത അഞ്ചുവർഷകാലത്തേക്ക് നടത്തുന്നനിയമനങ്ങളുടെ സംഗതിയിൽ ഏതെങ്കിലും ഡിപ്പാർട്ടുമെന്റിൽ ഒഴിവുണ്ടാകുമ്പോൾ ആവിവരം പരസ്യപ്പെടുത്തി അപേക്ഷകരെ ക്ഷണിക്കുകയും ഡിപ്പാർട്ടുമെന്റിൽ ജനസംഖ്യാകണക്കനുസരിച്ചു ഏറ്റവും കുറഞ്ഞപ്രാതിനിധ്യമുള്ള വർഗ്ഗത്തിൽപ്പെട്ട അപേക്ഷകനെ തിരുവിതാംകൂർ സർവീസുചട്ടങ്ങളിൽ ടി ഉദ്യോഗത്തിനു നിശ്ചയിച്ചിട്ടുള്ള വിദ്യാഭ്യാസയോഗ്യതയിൽ കുറവില്ലാത്ത പരീക്ഷയോഗ്യതയുണ്ടെങ്കിൽ പ്രസ്തുത അപേക്ഷകനെ പ്രാധമ്യം നൽകുകയും മാത്രമല്ല ഗ്രേഡുകളിലേക്കും സർവീസിൽനിന്നും നിയമനം നടത്തുന്നവിഷയത്തിലും ഈ നയംതന്നെ അനുസരിച്ചു പ്രവർത്തിക്കുകയും ചെയ്യണമെന്നു ഈ കൌൺസിൽ ഗവണ്മെന്റിനോടു ശിപാർശചെയ്യുന്നു.

ഇതാണു എന്റെ പ്രമേയം. ഈ പ്രമേയംതന്നെ ഇതിനുമുമ്പു പലപ്രാവശ്യം ഈ കൌൺസിലിന്റെ അവലോചനക്കു വിഷയമായി കൌൺസിൽ പ്രൊസീഡിംഗ്സ് വാല്യം ഒന്നാം പുസ്തകം രണ്ടാം മുതൽ രണ്ടു വരെ വാല്യങ്ങളിൽ ഞാൻ ഈ പ്രമേയം അവതരിപ്പിക്കുന്നതിന്റെ ഉദ്ദേശത്തെപ്പറ്റി വിവരിച്ചു പറഞ്ഞിട്ടുള്ളതു രേഖപ്പെടുത്തിയിട്ടുള്ളതായികാണാം. ഈ പ്രമേയത്തിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതായ സംഗതികൾ എല്ലാം അന്നു പറയുകയും, അന്നു ഈ കൌൺസിലിലെ ചില സാമാജികന്മാർ അതിനെ അനുകൂലിച്ചു പ്രസംഗിക്കുകയും ചെയ്തുകഴിഞ്ഞിരിക്കുന്നു. നംപ്യൂരിബിൽ ഇതിനെ തുടർന്ന വാദപ്രതിവാദം നടത്തിയതുകൊണ്ടു ഈ പ്രമേയത്തെ സംബന്ധിച്ചു കൂടുതൽ പ്രസ്താവം ചെയ്യുന്നതിനു സന്ദർഭം ലഭിക്കാത്തതു നിമിത്തം ഇപ്പോൾ വീണ്ടും അവതരിപ്പിക്കാനുള്ള ഇടയായിട്ടുള്ളതാകുന്നു.

ഈ പ്രമേയത്തെപ്പറ്റി കൂടുതലായ വിമർശനം കൂടാതെ ഞാൻ അന്നു പ്രതിപാദിച്ചിട്ടുള്ള കാര്യങ്ങൾ ഏതൊക്കെയാണോ അവയെ ആസ്പദമാക്കിത്തന്നെയാണ് എനിയ്ക്കു ഈ പ്രമേയത്തെ സംബന്ധിച്ചും കൌൺസിലിന്റെ ശ്രദ്ധയെ ആകർഷിക്കേണ്ടിയിരിക്കുന്നതു. അതിനാൽ ഈ കൌൺസിലിന്റെ ഗാംഭീര്യമായ ശ്രദ്ധയും തീരുമാനത്തിനും വിഷയമായിത്തീരുന്നതിനായി ഞാൻ ഈ പ്രമേയത്തെ അവതരിപ്പിച്ചുകൊള്ളുന്നു.

മി: പി. എസ്. മഹാദേവ (നിയമിതാംഗം): ഞാൻ ഈ പ്രമേയത്തെ പിൻതാങ്ങുന്നു.

മി: ഇട്ടൂപ്പ് ഇട്ടിച്ചൻ (കന്നുത്തുനാട്ട്) ഈ പ്രമേയത്തിന് ഞാനും ഒരു ഭേദഗതി ഹാജരാക്കുന്നു. ഈ പ്രമേയത്തിൽ ഡിപ്പാർട്ടുമെന്റുകളിലേക്കും ഗ്രേഡുകളിലേക്കും എന്നുള്ളതിനും നടത്തുന്ന നിയമനങ്ങളുടെ എന്നുള്ളതിനും മറ്റൊരു അടുത്ത അഞ്ചുവർഷക്കാലത്തേക്ക് എന്നുള്ളതിനെ എടുത്തുകളയണം, 'അപേക്ഷകരെ ക്ഷണിക്കുകയും'' എന്നതിനും ടി ഡിപ്പാർട്ടുമെന്റിൽ എന്നതിനും മറ്റൊരു അതായതു ആണ്ടുകളിൽ ഉണ്ടാകുന്ന നിയമനങ്ങളിൽ ഈ ശതമാനം ' എന്നുചേർക്കണം. പ്രാഥമ്യം നൽകുകയും എന്നുള്ളതിനും ഓരോ ഗ്രേഡിലേക്കും എന്നുള്ളതിനും മറ്റൊരു ആദ്യത്തെ ഈ ശതമാനത്തിന്റെ വിതരണത്തെ കണക്കാക്കാതെ ബാക്കിയുള്ള ഈ ശതമാനം മല്ലാസിലെ റൊട്ടേഷൻ സ്കീം അനുസരിച്ചു ഓരോ സമുദായത്തിനും വീതിച്ചുകൊടുക്കണം. എന്നു ചേർക്കണം. ഇങ്ങിനെ വരുമ്പോൾ ഭേദഗതിപ്രമേയം താഴെപറയുന്നപ്രകാരമായിരിക്കും.

തിരുവിതാംകൂറിലെ പബ്ലിക്ക സർവീസിലെ വിവിധഡിപ്പാർട്ടുമെന്റുകളിലേയ്ക്കും ഗ്രേഡുകളിലേക്കും നടത്തുന്ന നിയമനങ്ങളുടെ സംഗതിയിൽ ഏതെങ്കിലും ഡിപ്പാർട്ടുമെന്റിൽ ഒഴിവുണ്ടാകുമ്പോൾ ആവിവരം പരസ്യപ്പെടുത്തി അപേക്ഷകരെ ക്ഷണിക്കുകയും അതായതു ആണ്ടിൽ ഉണ്ടാകാവുന്ന നിയമനങ്ങളുടെ അൻപതു ശതമാനം ടി ഡിപ്പാർട്ടുമെന്റിൽ ജനസംഖ്യാകണക്കിനു ഏറ്റവും കുറഞ്ഞ പ്രാതിനിധ്യമുള്ള വർഗ്ഗത്തിൽപ്പെട്ട അപേക്ഷകനു തിരുവിതാംകൂർ സർവീസ് ചട്ടങ്ങളിൽ ടി ഉദ്യോഗത്തിനു വിദ്യാഭ്യാസയോഗ്യതയിൽ കുറവില്ലാത്ത പരീക്ഷായോഗ്യതയുണ്ടെങ്കിൽ പ്രസ്തുത അപേക്ഷകനു പ്രാഥമ്യം നൽകുകയും അതായതു അൻപതു ശതമാനത്തിന്റെ വീതത്തെ കണക്കാക്കാതെ ബാക്കിയുള്ള ഈ ശതമാനം മല്ലാസിലെ റൊട്ടേഷൻ സ്കീം അനുസരിച്ചു ഓരോ സമുദായത്തിനും വീതിച്ചുകൊടുക്കുകയുംഓരോ ഗ്രേഡിലേക്കും സർവീസിൽനിന്നും നിയമനം നടത്തുന്ന വിഷയത്തിലും ഈ നയംതന്നെ അനുസരിച്ചു പ്രവർത്തിക്കുകയും ചെയ്യണമെന്നു ഈ കൌൺസിൽ ഗവണ്മെന്റിനോടു ശിപാർശചെയ്യുന്നു.

മി: ഡി. ഫാൻസിസ് (നിയമിക്കപ്പെട്ടമെമ്പർ) ഭേദഗതിയെ ഞാൻ പിൻതാങ്ങുന്നു.

മി: എ. സി. കുഞ്ഞാക്കോസ് (മീനച്ചൽ-മേവികളും) ഞാൻ ഈ ഭേദഗതിയെ സ്വീകരിക്കുന്നു

മി: എൽ. ആർ. രാജരാജവർമ്മ കോയിത്തമ്പുരാൻ (ചങ്ങനാശേരിയും പീരുമേടും) ഈ സഭയിൽ ഇപ്പോൾ ഹാജരാക്കിയിരിക്കുന്ന പ്രമേയത്തെ സംബന്ധിച്ചു താഴെപറയുന്ന ഭേദഗതി ഞാൻ ഹാജരാക്കികൊള്ളുന്നു,

എ. സർവ്വീസിലെ വിവിധഡിപ്പാർട്ടുമെന്റുകളിലേക്കും ഗ്രേഡുകളിലേക്കും അടുത്ത അഞ്ചുവർഷകാലത്തേക്ക് എന്നതിന് പകരം സർവ്വീസിൽ എന്നുചേർക്കണം.

ബ. ക്ഷണിക്കുകയും എന്നതുകഴിഞ്ഞുള്ള ഭാഗങ്ങൾക്ക് പകരം താഴെപറയുന്നതു ചേർക്കണം.

ഉദ്യോഗസ്ഥാനാർത്ഥികളെ തിരഞ്ഞെടുക്കുന്നതിന് നിയമിക്കപ്പെട്ടിട്ടുള്ള തിരഞ്ഞെടുക്കപ്പെട്ട അനദ്യോഗസ്ഥ രിൽപക്ഷമുള്ള ഒരു സ്റ്റാഫ് സെലക്ഷൻ ബോർഡ് തിരഞ്ഞെടുക്കപ്പെടുന്ന ആളുകളുടെ പട്ടികയും അനുസരിച്ച് സർക്കാർസർവീസിലെ പലശ്രേഢികളിലും ഉള്ള ഉദ്യോഗങ്ങളിൽ നിയമനങ്ങളും നടത്തേണ്ടതും, ഒരു പൌരൻ ഒരു പ്രത്യേകസമുദായത്തിലൊ ജാതിയിലൊ വർഗ്ഗത്തിലൊ ജനിച്ചിരിക്കുന്നു എന്നൊ ഉൾപ്പെട്ടുന്നു എന്നൊ ഉള്ള യുക്തികമായകാരണം സർക്കാർസർവ്വീസിൽ ക ഉ-ശ്രേഢിയും അതിൽ കൂടിയും പ്രതിമാസം ശമ്പളമുള്ള ഏതെങ്കിലും ഉദ്യോഗങ്ങളിലേക്ക് തിരഞ്ഞെടുക്കുന്നതിനൊ ഉദ്യോഗകയറ്റം ലഭിക്കുന്നതിനൊ വിഘാതമായിരിക്കുകയൊ നേരിട്ടൊ പരോക്ഷമായൊ അപ്രകാരം നിയമിക്കയൊ തിരഞ്ഞെടുക്കയൊ ചെയ്യുന്നതിനുള്ള അവകാശങ്ങൾക്ക് അയുക്തമായ നിയന്ത്രണമുണ്ടാക്കുകയൊ ചെയ്യാൻ പാടില്ലാത്തതും, ക ഉ-ശ്രേഢിയും അതിൽകൂടുതലും പ്രതിമാസം ശമ്പളമുള്ള ഉദ്യോഗങ്ങളുടെ സംഗതി ഇതിൽനിന്ന് ഒഴിവാക്കേണ്ടതും ആകുന്നു.

ഈ പ്രമേയത്തിന് എനിക്ക് ഒരു ഭേദഗതി ഹാജരാക്കാനുണ്ട്. ആ ഭേദഗതി ഇപ്പോൾ ഹാജരാക്കാമെന്ന് ഞാൻ വിചാരിക്കുന്നു. മി. കുര്യാക്കോസ് പറഞ്ഞുപോലെതന്നെ ഈ പ്രമേയം ഇതിനുമുൻപൊരിക്കൽ അവതരിപ്പിച്ചിട്ടുസമയത്തു് ഞാൻ ഏതെല്ലാം കാരണങ്ങളാൽ പറഞ്ഞു് എതിർത്തുവോ അതിനെക്കാളും കൂടുതലായി യാതൊന്നും പറയണമെന്ന് ഞാൻ വിചാരിക്കുന്നില്ല. ഇവിടെ ചില സമുദായക്കാർക്ക് ഉദ്യോഗം ശരിയായവിധത്തിൽ കിട്ടാത്തതുകൊണ്ടു് സങ്കടമുണ്ടെന്നു് ഞാൻ മനസ്സിലാക്കിയതുകൊണ്ടാണ് ഇതിന് ഇങ്ങനെ ഒരു അമൻഡ്മെൻറ് ഹാജരാക്കിയിട്ടുള്ളതു്. ഈ പ്രമേയം പാസ്സാക്കാതെ ഈ ഭേദഗതി പാസ്സാക്കണമെന്നാണ് എന്റെ അഭിപ്രായം. ഞാൻ ഈ ഭേദഗതികൊണ്ടുദ്ദേശിക്കുന്നതു് ഒരു സ്റ്റാഫ്സെലക്ഷൻ ബോർഡു സ്ഥാപിച്ചിട്ടുണ്ടെന്നും ഉദ്യോഗത്തിൽ നിയമിക്കപ്പെടേണ്ടവരുടെ ലിസ്റ്റ് അവർ തയ്യാറാക്കണമെന്നും അതിലേക്ക കണ്ടിഷൻസ് എല്ലാംതന്നെ സ്റ്റാഫ്സെലക്ഷൻ ബോർഡുംകൂടി നിശ്ചയിക്കണമെന്നുമാണ്.

ചില സമുദായക്കാർക്ക് ഉദ്യോഗം ശരിയായിലഭിക്കാത്തതിനെ പരിഹരിക്കുന്നതിനുള്ള ഒരു മാർഗ്ഗം ഈ പ്രമേയത്തിൽ വിവരിക്കുന്നതുപോലെ ആണോ എന്ന് എനിക്കുസംശയമുണ്ട്. അതുകൊണ്ടു് ഈ പ്രമേയം മതിയാക്കയില്ലെന്നും പല സന്ദർഭങ്ങളിലും ഇതു് അപകടമുണ്ടാക്കിത്തീർക്കുമെന്നും എനിക്കുതോന്നുന്നു. ക ഉ-ശ്രേഢിയിലെങ്കിലുള്ള ശമ്പളക്കാരുടേയും ക ഉ-ശ്രേഢിക്ക് മേലുള്ളശമ്പളക്കാരുടേയും നിയമനസ്റ്റാഫ് സെലക്ഷൻ ബോർഡിൽനിന്നാ ഒഴിവാക്കണമെന്നു് ഞാൻ ഈ ഭേദഗതിയിൽ പറഞ്ഞിട്ടുണ്ട്. അതിനുള്ളകാരണം ഒന്നാമതു് ക ഉ-ശ്രേഢിക്കുതാഴെയുള്ള ശമ്പളക്കാരുടെ കാര്യമല്ലാ പ്രയോക്തവ്യം ഈ പ്രമേയംകൊണ്ടു് ഉദ്ദേശിച്ചിട്ടുള്ളതു് എന്നുള്ളതുകൊണ്ടും രണ്ടാമതു് അതിൽ വലിയ -വഴക്കണ്ടാകയില്ല എന്നു തോന്നിയതുകൊണ്ടും ആണ്. ക ഉ-ശ്രേഢിക്കുമേൽ ശമ്പളമുള്ള ഉദ്യോഗസ്ഥന്മാർ മിക്കപ്പോഴും ഡിപ്പാർട്ടുമെൻറ് തലവൻമാരികളാണ്. അങ്ങനെയുള്ള ഉദ്യോഗത്തിനു പല വിദഗ്ദ്ധന്മാരേയും നിയമിക്കേണ്ടി വരും എന്നുള്ളതുകൊണ്ടു് ആ അധികാരം ഗവണ്മെൻറിനുതന്നെ ഒഴിച്ചുവയ്ക്കേണ്ടതാണ്. ദിവാൻജിയെ സ്റ്റാഫ് സെലക്ഷൻ ബോർഡു വേണം നിയമിക്കാൻ എന്നു പറയുന്നതു് ശരിയല്ലല്ലോ. ഞാൻ ഇതിൽ ക ഉ-ശ്രേഢിക്കുമേൽ എന്നു പറഞ്ഞിരിക്കുന്നതു് ഒരു തോതുനിശ്ചയിച്ചു എന്നേയുള്ളു. അതു് ഈ കൌൺസിലിന്റെ യുക്തം പോലെ ഭേദപ്പെടുത്തുന്നതിൽ എനിക്കു വിരോധമില്ല.

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാറ്റിങ്കര): സ്റ്റാഫ്സെലക്ഷൻ ബോർഡിന്റെ ഫങ്ക്ഷൻ എന്താണെന്നു വ്യക്തമായിപറഞ്ഞാൽ കൊള്ളാം. അതായതു് ഒരു ഡിപ്പാർട്ടുമെൻറിൽ ഒരു ഒഴിവു വരുമ്പോൾ ഒരാളിനെ നിയമിക്കാനുള്ള അധികാരം ആ ഡിപ്പാർട്ടുമെൻറിനു ഇല്ലാതെ സ്റ്റാഫ്സെലക്ഷൻ ബോർഡിനാണോ കൊടുക്കേണ്ടതു് എന്നു വ്യക്തമായി പറഞ്ഞാൽകൊള്ളാം?

മി: എൽ. അർ. രാജരാജവർമ്മ കോയിത്തമ്പുരാൻ (ചങ്ങനാശ്ശേരിയും പീരുമേടും) സ്റ്റാഫ്സെലക്ഷൻ ബോർഡ് ഒരു എലക്ഡ്നാണ് അഭിപ്രായൽ ഷ്ണാറിട്ടിയോടുകൂടി ഗവണ്മെൻറ് രൂപീകരിക്കണം എന്നാണ് ഞാൻ ഉദ്ദേശിക്കുന്നതു്. അടുത്ത പ്രമേയത്തിനു ഞാൻ അയച്ചിട്ടുള്ള ഭേദഗതിയിൽ ഇതു കുറെക്കൂടി വ്യക്തപ്പെടുത്തിയിട്ടുണ്ട്. അടുത്തുവരാൻപോകുന്ന രണ്ടു പ്രമേയവും ഏതാണ്ടു് സാമ്യമുള്ള വിഷയങ്ങളാകയാൽ അവയെല്ലാം ഒന്നിച്ചു് ചർച്ചചെയ്തുകൊണ്ടു നടത്തുന്നതാണ് നല്ലതെന്നു എനിയ്ക്കു തോന്നുന്നു. ഒരു സ്റ്റാഫ്സെലക്ഷൻബോർഡ് ഏർപ്പെടുത്തി മാസംതോറുമോ അല്ലെങ്കിൽ മൂന്നുമാസത്തിൽ ഒരിയ്ക്കലോ അവരുടെയോഗംകൂടി ഉദ്യോഗത്തിനുള്ള അപേക്ഷകന്മാരുടെ ഒരു ലിസ്റ്റുതയ്യാറാക്കുകയും അപ്രകാരം തയ്യാറാക്കുന്ന ലിസ്റ്റിൽനിന്നു ഉദ്യോഗങ്ങളും നടക്കണം. അതിന്റെ ഡീറ്റെയിൽസ് എല്ലാം ഇപ്പോൾ എനിയ്ക്കു പറയാൻകഴിയുമായിരുന്നു എങ്കിൽ ഇങ്ങനെ ഒരു പ്രമേയംതന്നെ ഞാൻ അവതരിപ്പിക്കുമായിരുന്നു. അതിന്റെ ഡീറ്റെയിലെല്ലാം ഗവണ്മെൻറും സ്റ്റാഫ്സെലക്ഷൻബോഡും കൂടിആലോചിച്ചു ചെയ്യേണ്ടതാണ്. ഇതുപോലെ ഒരുബോർഡ് ക്ലാസിൽ ജോലിചെയ്തിരുന്നു എന്നും അടുത്ത കാലത്തു് അതു് എടുത്തുകളഞ്ഞു എന്നും ഞാൻകേട്ടു. ഇപ്പോഴും ആ ബോർഡ് ഉണ്ടോ എന്നു എനിയ്ക്കു തിട്ടമില്ല. ഏതായാലും ഒരു വലിയസംസ്ഥാനത്തുള്ള നിയമനങ്ങളെ സംബന്ധിച്ച് ഇങ്ങനെ ഒരു ബോഡ് ജോലിചെയ്തുവന്നിരുന്നു എന്ന് എനിക്കറിയാം.

അദ്ധ്യക്ഷൻ: നിങ്ങൾ മി: ഇട്ടീച്ചൻ ഭേദപ്പെടുത്തിയ പ്രമേയത്തെ സംബന്ധിച്ചാണോ പറയുന്നത്?

മി: എൽ. അർ. രാജരാജവർമ്മകോയിത്തമ്പുരാൻ(ചങ്ങനാശ്ശേരിയും പീരുമേടും) ഞാൻ മി. കുര്യാക്കോസിന്റെ പ്രമേയഭേദഗതിയെപ്പറ്റി മാത്രമാണ് സംസാരിയ്ക്കുന്നതു്.

അദ്ധ്യക്ഷൻ: ആദ്യത്തെ പ്രമേയമല്ല കൌൺസിലിന്റെ ആലോചനയിൽ ഇരിക്കുന്നതു്. മി: കുര്യാക്കോസ് അവതരിപ്പിച്ചിട്ടുള്ള പ്രമേയത്തിനു മി: ഇട്ടീച്ചൻ ഒരു ഭേദഗതി ഹാജരാക്കി. അതിനെ സ്വീകരിച്ചിട്ടുണ്ട്. ഇങ്ങനെ ആ ഭേദഗതിയോടുകൂടിയ ഒരു പ്രമേയമാണ് സഭാമുമ്പാകെ ഇരിക്കുന്നതു്.

മി: എൽ. അർ. രാജരാജവർമ്മ കോയിത്തമ്പുരാൻ (ചങ്ങനാശ്ശേരിയും പീരുമേടും) ആ ഭേദഗതി പ്രമേയകർത്താവുമാത്രമേ സ്വീകരിച്ചിട്ടുള്ളു. പ്രമേയകർത്താവുമാരും സ്വീകരിച്ചതു ഈ കൌൺസിൽ സ്വീകരിച്ചതായിട്ടു വരുന്നതല്ല.

അദ്ധ്യക്ഷൻ: മി: കുര്യാക്കോസിന്റെപ്രമേയം സ്വീകരിക്കുന്നോ ഇല്ലയോ എന്നുള്ളതു് പിന്നീടു നിശ്ചയിക്കേണ്ടതാണ്. ഇപ്പോൾ മി: ഇട്ടീച്ചന്റെ ഭേദഗതിയോടുകൂടിയ പ്രമേയമാണ് ഇവിടെയിരിക്കുന്നതു്. ആ ഭേദഗതി മി: കുര്യാക്കോസ് സ്വീകരിക്കയുംചെയ്തു.

മി: എൽ. ആർ. രാജരാജവർമ്മ കോയിത്തമ്പുരാൻ (ചങ്ങനാശേരിയും പീരുമേട്ടും) എല്ലാ ഭേഗതിയും കൂടി ഒന്നിച്ചു ഡിസ്പ്പോസ് ചെയ്യാൽ നന്നായിരിക്കുമെന്ന ഞാൻ ആദ്യമേ അഭിപ്രായപ്പെട്ടു. ഇപ്പോൾ മി: കുഞ്ഞാക്കോസിന്റെ പ്രമേയം അവതരിപ്പിച്ചു സെക്കന്റുചെയ്തിരിക്കയാണ്. മി: ഇട്ടീച്ചന്റെ ഭേഗതി ഈ കൗൺസിൽ ഇനിയും അനുവദിച്ചിട്ടില്ല. അതുകൊണ്ടു ഈ പ്രമേയത്തനുള്ള ഭേഗതികളെല്ലാംകൂടി ഒത്തുചേർച്ചു വോട്ടെടുപ്പിനു നടത്തുകയും ഒടുവിൽ പ്രത്യേകംപ്രത്യേകം വോട്ടിനിടുകയും ചെയ്യുന്നതാണ് എന്റെ അഭിപ്രായം. അങ്ങനെ ഇതിനുമുമ്പു ചെയ്തിട്ടുണ്ട്.

മി: കുഞ്ഞാക്കോസിനുതന്നെ ഈ പ്രമേയം പിൻവലിച്ചു ഈ ഭേഗതികൊണ്ടുവരുമെന്നുള്ളതാ. മുമ്പിൽക്കൂടി ഈ നോട്ടീസ് കണ്ടു ഭേഗതി ഹാജരാക്കാൻ നിവൃത്തിമില്ല.

മി: കുഞ്ഞുമം പരമേശ്വരൻപിള്ള (അഡിഷണൽ ഫൈഡ്സക്കാർവക്കീൽ) ഇവിടെ ഹാജരാക്കിയിട്ടുള്ള പ്രമേയത്തേയും അതിനുമേലുള്ള എല്ലാഭേഗതികളെയുംപറ്റി ഒന്നിച്ചു വോട്ടെടുപ്പതിവാളം നടത്താമെന്നാണ് എനിക്കു തോന്നുന്നത്. ഈ വിഷയത്തെപ്പറ്റി വോട്ടുചെയ്യുന്ന അവസരത്തിൽ സഭയുടെ അഭിപ്രായം അറിയത്തക്കവണ്ണം സൗകര്യപ്രദമായ മുറയ്ക്ക് അപേക്ഷ ക്രമപ്പെടുത്തുവുന്നതാണ്.

അദ്ധ്യക്ഷൻ: ഭേഗതികളോട് ഭിന്നമായ നിലയിൽ പ്രമേയത്തെപ്പറ്റി വാദപ്രതിവാദം നടത്തണമെന്നും എല്ലാഭേഗതികളുടേയും യോഗ്യതകൾ അനുസരിച്ചു അവയെപറ്റി വാദപ്രതിവാദം നടത്തുകയും തീരുമാനിക്കയും ചെയ്യണമെന്നുണ്ടോ ഇതിൽനിന്നു അർത്ഥമാക്കുന്നത്.

മി: കുഞ്ഞാലം പരമേശ്വരൻപിള്ള (അഡിഷണൽ ഫൈഡ്സക്കാർവക്കീൽ) ഭേഗതികളെപറ്റി വോട്ടുചെയ്യേണ്ട അവസരം വരുമ്പോൾ അവയെ പ്രത്യേകമായി വോട്ടിനിടാവുന്നതാകുന്നു.

മി: എ. സി. കുഞ്ഞാക്കോസ് (മീനച്ചിലും ഭേവിക്കളും) ഈ പ്രമേയം ബൊട്ട് ചെയ്തു കിട്ടിയതാണ്. ഇതു ഇവിടെ ഹാജരാക്കാൻ പോകുന്നതെന്നു അങ്ങനെയാകുന്നു കാണാം. അങ്ങിനെയുള്ള പ്രമേയത്തിനു ഓരോവ്യത്തർ അനുച്ച അമൻറുമെൻറ് സ്വീകരിച്ചു നോട്ടീസ് കൊടുത്തിട്ടുണ്ട്. അങ്ങനെ മുമ്പിൽ കൂട്ടി നോട്ടീസ് കൊടുത്തിട്ടുള്ളതുകൊണ്ടു വന്നിട്ടുള്ള ഒരു ഭേഗതിയാണു. മി: ഇട്ടീച്ചൻ ഇവിടെ അവതരിപ്പിച്ചുള്ള . അതിനെഒരാൾ അനുകൂലിക്കയുംചെയ്തു. ആ ഭേഗതിപ്രമേയത്തിൽചേർക്കുന്നതുസമ്മതമാണെന്നു ഞാനും പറഞ്ഞുകഴിഞ്ഞു. എന്റെ പ്രമേയത്തെ അനുകൂലിച്ചയാളും അതു സമ്മതിച്ചുകഴിഞ്ഞു. ഈ കൗൺസിലിലും അതുസമ്മതിച്ചുകഴിഞ്ഞു.

മി: രേവതിനാൾ രാമവർമ്മരാജാ (ഇടവക) കൗൺസിലിന്റെ സമ്മതം ചോദിച്ചുമോ?

മി: എ.സി. കുഞ്ഞു കോസു (മീനച്ചിലുംഭേവിക്കളും) കൗൺസിലിന്റെ സമ്മതം ചോദിക്കേണ്ടതുതന്നെല്ല അദ്ധ്യക്ഷനാണു . എന്നാൽ കൗൺസിലിൽ വിസമ്മതം കാണിച്ചിട്ടില്ല.

മി: ജി. പി. നിലകണ്ഠപ്പിള്ള (കുമരനാപ്പള്ളി) നടപടിക്രമത്തെപ്പറ്റി ചോദിക്കുന്നതിനു എഴുനേറ്റു കൊള്ളുന്നു. ഒരുപ്രമേയം ഹാജരാക്കിയിട്ടുള്ള സാമാജികൻ സഭയുടെ അനുവാദംകൂടാതെ അതിനെ പിൻവലിക്കാൻ പാടില്ലെന്നു ഈ പേജ നമ്പർ സാരം ഉത്തരവിൽ നിർദ്ദേശിച്ചിരിക്കുന്നു. പ്രമേയം പിൻവലിക്കുന്നതിനു സഭ അനുമതിനൽകിയിട്ടില്ല, അതിനാൽ തന്റെ പ്രമേയത്തെ പിൻവലിക്കുന്നതിൽ മി: എ.സി. കുഞ്ഞാക്കോസിന്റെ പ്രവൃത്തി അപേക്ഷിക്കുന്നതിനു യോജിച്ചതല്ല.

അദ്ധ്യക്ഷൻ: മി: രാജരാജവർമ്മ നിങ്ങളുടെ ഭേഗതിയെപ്പറ്റിനിങ്ങൾക്കെന്താണ് പറയുവാനുള്ളതു.

മി: എൽ. ആർ. രാജരാജവർമ്മ കോയിത്തമ്പുരാൻ (ചങ്ങനാശേരിയും പീരുമേട്ടും) ഞാൻ ഭേഗതിയെപ്പറ്റി പറഞ്ഞുകഴിഞ്ഞു. അതിനെ എതുപുണ്ടെങ്കിൽ അപ്പോൾ കൂട്ടത്തിൽ പറയാം. കഴിഞ്ഞതവണ ഈ പ്രമേയത്തെപ്പറ്റി വേണ്ടിടത്തോളം വിമർശനം കഴിച്ചതാണ്.

മി: പി. എസ് മഹമ്മദ് (നിയമനിർമ്മാണപ്പട്ടികമെമ്പർ) നിയമസഭയിലെ ഇരുപത്തിനാലാം നമ്പർ സ്ഥിരം ഉത്തരവു താഴെകൊടുത്തിട്ടുള്ള പ്രകാരമാണ്.

ഒരുഭേഗതി ഹാജരാക്കുന്നപക്ഷം അതു അതിനോടു സംബന്ധമുള്ള ഉപക്ഷേപത്തിന്റെയോ ഖണ്ഡത്തിന്റെയോ അടിസ്ഥാനമായിട്ടുള്ളവിഷയത്തിന്റെ പരിധിയിൽ ഉൾപ്പെട്ടതും അതിനോടു സംബന്ധമുള്ളതും ആയിരിക്കണം.

പ്രതിക്ഷേപമായ വോട്ട് രേഖപ്പെടുത്തുന്നതിനുമാത്രം പയ്യാപ്പമായ ഒരു ഭേഗതി ഹാജരാക്കാവുന്നതല്ലും,

മി: കുഞ്ഞാക്കോസിന്റെ പ്രമേയം ഉദ്യോഗനിയമനവിഷയത്തിൽ അസമത്വസമുദായക്കാർക്കു കൂടുതൽ പ്രിഫറൻസു കൊടുക്കണമെന്നുള്ളതാണു . എന്നാൽ മി: കോയിത്തമ്പുരാന്റെ ഭേഗതി ഇപ്പോൾ ഉദ്യോഗനിയമനം നടത്തിക്കൊണ്ടിരുന്ന സ്ഥാനത്തെതന്നെ മാറ്റി വേറൊരു പുതിയസ്ഥാനം ഉണ്ടാക്കി അവിടെനിന്നും ഉദ്യോഗനിയമനം നടത്തണമെന്നാണ്.

മി: എ. എസ്. രാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും) മി: കുഞ്ഞാക്കോസിന്റെ പ്രമേയവും മി: കോയിത്തമ്പുരാന്റെ ഭേഗതിയും രണ്ടും ഉദ്യോഗനിയമത്തെ സംബന്ധിച്ചാണല്ലോ.

മി: പി. എസ മഹമ്മദ് (നിയമനിർമ്മാണപ്പട്ടികമെമ്പർ) അതിനെപ്പറ്റി പറയാം, മി: കുഞ്ഞാക്കോസിന്റെ പ്രമേയം അസമത്വസമുദായക്കാർക്കു കൂടുതൽ പ്രിഫറൻസും കൊടുക്കണമെന്നാണ് തോന്നുന്നതു മി: കോയിത്തമ്പുരാന്റെ ഭേഗതി അസമത്വസമുദായത്തെപ്പറ്റിയുള്ള ആലോചനകൂടാതെ ഒരു ലിസ്റ്റു ശരിപ്പെടുത്തണമെന്നാണ്, തന്റെ വാദത്തെ സമർത്ഥിപ്പാനായിട്ടു പ്രത്യേകസമുദായത്തിലും പെട്ട എണ്ണം മാർക്കും തുടങ്ങിയുള്ള മി: എ. സി. കുഞ്ഞാക്കോസിന്റെ പ്രമേയത്തിലെ ഭാഗം മി: പി. എസ മഹമ്മദ് വായിച്ചുകേൾപ്പിച്ചു.

മി: രേവതിനാൾ രാമവർമ്മരാജാ (ഇടവക) എനിക്കുള്ളതു പറഞ്ഞു .

മി: പി. എസ്. മഹമ്മദ് (നിയമനിർമ്മാണസഭാ) സാമുദായികമായ യാതൊരവകാശങ്ങളെയും മുൻനിർത്തി ചെയ്യുന്നതല്ലെന്നാണ്. അതു ഈ പ്രമേയത്തിന്റെ ഉദ്ദേശത്തിനു വിപരീതമാണ്

മി. എൽ. ആർ. രാജരാജവർമ്മ കോയിത്തമ്പുരാൻ (ചങ്ങനാശ്ശേരിയും പീരുമേട്ടും) പ്രമേയത്തിന്റെ ഉദ്ദേശം അതാണെങ്കിൽമാത്രമാണോ

മി: പി, എസ്. മഹമ്മദ് (നിയമനിർമ്മാണപ്പട്ടികമെമ്പർ) അതുതന്നെയാണു പ്രധാനമായ ഉദ്ദേശം.

മി: എൽ. ആർ. രാജരാജവർമ്മ കോയിത്തമ്പുരാൻ (ചങ്ങനാശേരി-പീരുമേട്): ഈ പ്രമേയത്തിൽ രണ്ടു ഭാഗമാണുള്ളത്. അതിൽ എന്റെ ഭേദഗതി ആദ്യത്തെ ഭാഗത്തെ സംബന്ധിക്കുന്ന ഒന്നാണ്. അതായത് ഉദ്യോഗനിയമനത്തിനു ഒരു വ്യവസ്ഥയുണ്ടാകണം. മേലുദ്യോഗസ്ഥന്മാരുടെ ഇഷ്ടപ്രകാരം ഓരോരുത്തരെ നിയമിക്കാൻ പാടില്ല. എവിടെയെങ്കിലും ഒഴിവുവരുമ്പോൾ നോട്ടീസ് പരസ്യപ്പെടുത്തി അപേക്ഷകരിൽ ഇൻറർവ്യൂ ചെയ്യണം; ഇതായും ഒന്നാമത്തെ ഭാഗം. രണ്ടാമത്തെ ഭാഗം ഏതു തരത്തിലാണ് ഉദ്യോഗം നൽകേണ്ടതെന്നുള്ളതിനെപ്പറ്റിയാണ്. ഇതിനാണ് ഞാൻ ഭേദഗതികൊണ്ടുവന്നിട്ടുള്ളത്. അതുകൊണ്ടു ഇതു രണ്ടല്ലെന്നും ഭേദഗതിയല്ല എന്നും പറയുന്നതു ശരിയല്ല. ഇതിൽ ആദ്യത്തെ ഭാഗം ഭേദഗതം സമ്മതിക്കുന്നു. രണ്ടാമത്തെ ഭാഗത്തിനു ഒരു നിവർത്തിമാർഗ്ഗം ഞാൻ നിർദ്ദേശിച്ചു എന്നേയുള്ളു.

മി: പി. എസ്. മഹമ്മദ് (നിയമിതാംഗം): ഈ അമൻഡ്മെന്റ് പ്രമേയപ്രയോക്താവിന്റെ ഉദ്ദേശത്തിനു വിപരീതമല്ലേ?

മി: എൽ. ആർ. രാജരാജവർമ്മ കോയിത്തമ്പുരാൻ (ചങ്ങനാശേരിയും-പീരുമേടും): അമൻഡ്മെൻഡ് ഒന്നുതന്നെ അല്ലാതൊരാൾ തരമില്ലല്ലോ. അല്പസല്പമെങ്കിലും വിപരീതമാകാതെയിരിക്കാൻ നിവൃത്തിയില്ല.

അദ്ധ്യക്ഷൻ: മി: കുഞ്ഞുക്കോസ്. പായിൻറ് ഓഫ് ഓർഡറിനെപ്പറ്റി നിങ്ങൾക്കു വല്ലതും പറയുവാനുണ്ടോ?

മി: ഏ. സി. കുഞ്ഞുക്കോസ് (മീനച്ചിലും-ഭേവികുളവും): എന്റെ പ്രമേയത്തിന്റെ ഉദ്ദേശത്തെ സ്പർശിക്കാതെ അദ്ദേഹം ഉദ്യോഗനിയമനത്തിനായി ചില പദ്ധതികൾ കണ്ടെഴുതികയാണ് ചെയ്തിട്ടുള്ളത്. അതു എന്റെ പ്രമേയത്തോടു യാതൊരു ബന്ധവുമില്ല. അതിനാൽ ഇതു നോട്ടീസുകൊടുത്തു പ്രത്യേകം ഒരു പ്രമേയരൂപത്തിൽ കൊണ്ടുവരേണ്ടതാണ്.

മി. ഏ. എസ്. ഓമോദരനാശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): മെമ്പറുടെ പ്രമേയത്തിലും ചില പദ്ധതികളല്ലേ അടങ്ങിയിരിക്കുന്നു?

മി: ഏ. സി. കുരിയാക്കോസ് (മീനച്ചിലും-ഭേവികുളവും): അല്ല.

മി. ഏ. എസ്. ഓമോദരനാശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): പരസ്യംചെയ്തു അപേക്ഷകന്മാരെ ക്ഷണിച്ചുവരുത്തണമെന്നും മറ്റുള്ളതെല്ലാം ഒരു പദ്ധതിയല്ലേ?

മി: ഏ. സി. കുഞ്ഞുക്കോസ് (മീനച്ചിലും ഭേവികുളവും): അല്ല. അമൻഡ്മെൻറിൽ അതു ഭാഗംതൊട്ടില്ലാ എന്നാണ് അദ്ദേഹം പറയുന്നതു. ആ അമൻഡ്മെൻറ് ഒരു അമൻഡ്മെൻറിന്റെ രൂപത്തിൽ സ്വീകരിക്കാൻ പാടില്ല. ഇതിൽ കൂട്ടത്തലായിട്ട് എനിക്കൊന്നും പറയാനില്ല.

മി. രേവതിനാൾ രാമവർമ്മരാജാ (ഇടവക). ഈ സംഗതിയെപ്പറ്റി എനിക്കും രണ്ടു വാക്കു പറയാനുണ്ട്. മി. പി. എസ്. മഹമ്മദ് പറയുന്നതു ഈ ഭേദഗതി പ്രമേയത്തെ സംബന്ധിക്കുന്നതല്ലാ എന്നാണോ? എന്നാൽ ഇതു പ്രമേയത്തെ സംബന്ധിക്കുന്ന ഭേദഗതിതന്നെയാണ്. മി. കുഞ്ഞുക്കോശിന്റെ പ്രമേയത്തെ രണ്ടാംഗമായി എന്റെ സ്നേഹിതൻ മി. രാജരാജവർമ്മ കോയിത്തമ്പുരാൻ ഭാഗിക്കാമെന്നു പറഞ്ഞു. അതിനു ഒന്നാംഗവണ്മെൻറ് ചെയ്യുന്ന കൃത്യം അതായതു പരസ്യം പ്രസിദ്ധപ്പെടുത്തി അപേക്ഷകന്മാരെ വരുത്തി അതിൽ അസമതപ്പെടുത്തുമായക്കാക്ക് പ്രാധമ്യം കൊടുക്കണമെന്നുള്ളതാണ്. രണ്ടാം ഭാഗം ഒരു സ്റ്റാഫ് സിലക്ഷൻ ബോർഡുണ്ടാക്കി അവർ വേണം നിയമനം നടത്താൻ എന്നുള്ളതാണ് ഭേദഗതി. അതു പ്രമേയത്തോടു സംബന്ധമുള്ളതുതന്നെയാണ്.

മി. ഏ. സി. കുഞ്ഞുക്കോസ് (മീനച്ചിലും ഭേവികുളവും). മി. രാജരാജവർമ്മകോയിത്തമ്പുരാൻ നോട്ടീസ് പരസ്യംചെയ്യണമെന്നുള്ള ഭാഗത്തെ സ്പർശിക്കുന്നില്ല എന്നു പറഞ്ഞതായിട്ടറിയാമോ?

മി: രേവതിനാൾ രാമവർമ്മരാജാ (ഇടവക): ഞാൻ ഇങ്ങനെയാണു ധരിച്ചതു.

മി: ഏ. സി. കുഞ്ഞുക്കോസ് (മീനച്ചിലും-ഭേവികുളവും): ആദ്യത്തെ പ്രമേയരൂപത്തിൽ നോട്ടീസ് പരസ്യംചെയ്യണമെന്നു പറഞ്ഞിട്ടുള്ളതിന്റെ ഉദ്ദേശംതന്നെ അസമതപ്പെടുത്തുമായക്കാക്ക് കൂട്ടത്തൽ പ്രാതിനിധ്യം കൊടുക്കാനാണ് എന്നു മനസ്സിലാകുന്നില്ലേ?

മി: രേവതിനാൾ രാമവർമ്മരാജാ (ഇടവക): ആയിരിക്കാം.

മി: ഏ. സി. കുഞ്ഞുക്കോസ് (മീനച്ചിലും ഭേവികുളവും): അങ്ങിനെയിരിക്കെ ഈ അമൻഡ്മെൻറുകൊണ്ടു ഉദ്ദേശവ്യത്യാസം വരുന്നില്ലേ?

മി: രേവതിനാൾ രാമവർമ്മരാജാ (ഇടവക): ഉദ്ദേശവ്യത്യാസം വരുന്നില്ല.

മി: എൽ. ആർ. രാജരാജവർമ്മകോയിത്തമ്പുരാൻ (ചങ്ങനാശേരിയും പീരുമേടും): അസമതപ്പെടുത്തുമായക്കാക്ക് കിട്ടാത്തതുകൊണ്ടു മാത്രമല്ല, ഗവണ്മെൻറിൽനിന്നും അനീതിചെയ്യുന്നവരുകിൽ അതു പൊതുജനങ്ങൾ അറിയണമെന്നും കൂടി അർത്ഥമാക്കുന്നതാണ്.

മി: രേവതിനാൾ രാമവർമ്മരാജാ (ഇടവക): ഗവണ്മെൻറ് അനീതി ചെയ്യുന്നുവെന്നു അർത്ഥമാക്കാൻ പാടില്ല. ഗവണ്മെൻറ് ഉദ്യോഗസ്ഥന്മാർ പല അനീതികളും ചെയ്യുന്നു എന്നു അർത്ഥമാക്കാം.

മി: ഏ. സി. കുഞ്ഞുക്കോസ് (മീനച്ചിലും ഭേവികുളവും): ഗവണ്മെൻറുദ്യോഗസ്ഥന്മാരുടെ അനീതിയെ സ്പർശിച്ചിട്ടില്ല. ഈ പ്രമേയംകൊണ്ടു വരുവിരിക്കുന്നതു, എന്നു മെമ്പർ വായിച്ചുനോക്കിയാൽ മനസ്സിലാകുകയില്ലേ?

മി: രേവതിനാൾ രാമവർമ്മരാജാ (ഇടവക): അതൊക്കെ ഓരോരുത്തർ വായിക്കുന്നതുപോലെയും അർത്ഥമാക്കുന്നതുപോലെയും ആണ്.

മി: ഏ. സി. കുഞ്ഞുക്കോസ് (മീനച്ചിലും ഭേവികുളവും): പ്രയോക്താവിന്റെ ഉദ്ദേശം എന്താണെന്നറിഞ്ഞുകൂടയോ?

മി. രേവതിനാൾ രാമവർമ്മരാജാ (ഇടവക). ഞാൻ വായിച്ചു അർത്ഥമാക്കിയതിനെപ്പറ്റി മാത്രമേ പറയുന്നുള്ളൂ.

അതുകൊണ്ടു ഞാൻ മി. രാജരാജവർമ്മ കോയിത്തമ്പുരാന്റെ ഭേദഗതിയെ ആനുകൂലിക്കുന്നു.

അദ്ധ്യക്ഷൻ: മി. രാജരാജവർമ്മ ഇപ്പോൾ ഫാജരാക്കിയിട്ടുള്ള ഭേദഗതി 2-ാം നമ്പർ സ്ഥിരം ഉത്തരവിന് വിരുദ്ധമായിട്ടുള്ളതാണെന്നും എന്തുകൊണ്ടെന്നാൽ പ്രമേയകർത്താവിന്റെ ഉദ്ദേശത്തിന് അല്പം പോലും കടകിന്നമായിട്ടുള്ളതാണെന്നും അതിനാൽ ഭേദഗതി നടപടിക്രമത്തിന് വിപരീതമായിട്ടുള്ളതാണെന്നും ഇവിടെ പ്രസ്താവിച്ചുണ്ടായിരുന്നു. പ്രമേയകർത്താവിന്റെ ഉദ്ദേശം പ്രമേയത്തിലെ ഉപയോഗിച്ചിട്ടുള്ള പദങ്ങളിൽനിന്നും സ്പഷ്ടമായി മനസ്സിലാക്കാവുന്നതാണെന്നും, സക്കാർ സർവീസിൽ പ്രാതിനിധ്യം ലഭിക്കുന്നതിൽ പലസമുദായങ്ങളിലുൾപ്പെട്ട യോഗ്യരായ സമുദായികളുള്ള അംഗങ്ങളെ സംബന്ധിച്ച് ഗൌരവപൂർവ്വമായ പരാതിയെ പരിഹരിക്കണമെന്നുദ്ദേശിച്ചാണ് പ്രമേയം ഫാജരാക്കിയിട്ടുള്ളതെന്നും ഈ പ്രമേയം അവതരിപ്പിക്കുന്നതിനുള്ള ഉദ്ദേശങ്ങളോടുകൂടിമാത്രമാണെന്നും പ്രമേയകർത്താവ് പ്രസ്താവിക്കുന്നുണ്ട്. പ്രമേയത്തിന്റെ രൂപത്തെപ്പറ്റി നോക്കുന്നപക്ഷം, അത് തന്നെ രണ്ട് ഭിന്നാംശങ്ങളായി വേർതിരിക്കാമെന്നും, സംസ്ഥാനത്തിലെ പല ഡിപ്പാർട്ടുമെന്റുകളിലും ഭാവിയിൽ ഉണ്ടാകുന്ന ഒഴിവുകളിൽ നിയമനം നടത്തുന്നകാര്യത്തിൽ രണ്ടു പ്രത്യേക പ്രവൃത്തിമാർഗ്ഗങ്ങൾസ്വീകരിക്കണമെന്ന് പ്രമേയത്തിൽ മുഖ്യമായി നിർദ്ദേശിച്ചിരിക്കുന്നു എന്നും, അവയിൽ ഒന്ന്, ഏതെങ്കിലും ഡിപ്പാർട്ടുമെന്റിൽ ഒഴിവുകൾ നേരിടുമ്പോൾ അപേക്ഷകൾ അയക്കണമെന്ന് കാണിച്ചുള്ള പരസ്യം പ്രസിദ്ധപ്പെടുത്തണമെന്നുള്ളതും, രണ്ടാമത്തേതു്, അപ്രകാരമുള്ള അപേക്ഷകൾ അയക്കുന്നതിന് ക്ഷണിച്ചുകൊണ്ടുള്ള പരസ്യം നടത്തുന്നതിനുശേഷം, ഒഴിവുകൾക്ക് ആദ്യം നിയമിക്കുന്നസംഗതിയിൽ ഇതേവരെ ശരിയായ പ്രാതിനിധ്യം നൽകിയിട്ടില്ലാത്ത സമുദായങ്ങളിൽ ഉൾപ്പെട്ടവർക്ക് ഇപ്പോൾ ഉള്ളതിൽ കൂടുതൽ ഉദ്യോഗങ്ങൾ നൽകണമെന്നുമാണെന്നും മി: രാജരാജവർമ്മ പറയുന്നു. മി. രാജരാജവർമ്മ ഇപ്പോൾ പുറപ്പെടുവിച്ചിട്ടുള്ള വലിയ തീരുമാനം സ്ഥാനമില്ലാത്തതാണെന്ന് പറയുന്നതിന് ഞാൻ തയ്യാറില്ല. പ്രമേയകർത്താവിന്റെ ഉദ്ദേശം എന്തുതന്നെ ആയിരുന്നാലും പ്രമേയത്തിന്റെ ഘടനയെസംബന്ധിച്ചിടത്തോളം അതിനു മി. രാജരാജവർമ്മ കല്പിക്കുന്നതിന് ഇടമുണ്ടായിട്ടുണ്ടെന്നുപറയാൻ പാടില്ല. അതിനാൽ ഭേദഗതിയെ ഞാൻ അനുവദിച്ചിരിക്കുന്നു. പ്രമേയത്തിനും ഭേദഗതിക്കും അടിസ്ഥാനമായ എല്ലാ കാര്യങ്ങളെയുംപറ്റി വാദപ്രതിവാദം നടത്താവുന്നതാണ്. ഇവയെ സംബന്ധിച്ച് സാമാജികന്മാക്ക് സ്വാതന്ത്ര്യപ്രയോഗവിധം വർദ്ധിക്കാവുന്നതാണ്. വാദത്തിനുശേഷം രണ്ടു ഭാഗങ്ങളേയും സംബന്ധിച്ച് പ്രത്യേകം വോട്ടെടുക്കുന്നതാണ്. ഈ രണ്ടു വിഷയങ്ങളെയുംപറ്റി പ്രത്യേകമായി വാദപ്രതിവാദം നടത്താവുന്നതും വോട്ടെടുത്ത് നടത്താവുന്നതും ആകുന്നു. പ്രമേയത്തിന്റെ രൂപത്തെപറ്റി നോക്കുന്നപക്ഷം അതിനെ ഇപ്രകാരം ഗണിക്കാതിരിക്കുന്നതിന് കാരണം കണ്ടെത്തുന്നില്ല. ഇപ്പോൾ ആലോചനക്ക് വിഷയമായിരിക്കുന്നകാര്യത്തെ സംബന്ധിച്ച് സ്ഥിരം ഉത്തരവ് (9)-ാം നമ്പർ സ്ഥിരം ഉത്തരവിലേക്ക് സഭയുടെ ശ്രദ്ധയെ ക്ഷണിച്ചുകൊള്ളുന്നു. ഈ ഉത്തരവ് പൂർണ്ണമായവിധം ഇവിടെ യോജിക്കുന്നതല്ലായിരിക്കാം എങ്കിലും ഞാൻ ഇപ്പോൾ സ്വീകരിക്കണമെന്നു നിർദ്ദേശിച്ചിട്ടുള്ള ഭേദഗതിമാത്രം മുൻപു ഈ സഭയിൽസ്വീകരിച്ചിട്ടുള്ളതിന്റെ ദൃഷ്ടാന്തങ്ങളിലുൾപ്പെടുകയാകുന്നു. പ്രമേയത്തെപ്പറ്റി പ്രസംഗിക്കുന്നതിന് ഏതെങ്കിലും സാമാജികനഗ്രഹിക്കുന്ന പക്ഷം അദ്ദേഹത്തിനുഇപ്പോൾ അപ്രകാരം ചെയ്യാവുതാണ്.

മി: ടി. സി. കേശവപിള്ള (കൽക്കുളവും വിളവങ്കോടും): സർ, ഈ കൌൺസിലിൽ കുറഞ്ഞൊരു കാലമായി... ...

അദ്ധ്യക്ഷൻ: പ്രമേയത്തിന്റെ രണ്ടുഭാഗങ്ങൾക്കുതമ്മിൽ അന്യോന്യം അടുത്തു സംബന്ധമുണ്ട്. അതിനാൽ ഈ രണ്ടുഭാഗങ്ങളേയും സംബന്ധിച്ചു ഒരുമിച്ചു വാദപ്രതിവാദം നടത്തുന്നതിനു ഞാൻ അനുവാദം നൽകിയിരിക്കുന്നു.

മി: ടി. സി. കേശവപിള്ള (കൽക്കുളവും വിളവങ്കോടും): അയകാശമായിട്ടുണ്ടായിരുന്നു വാദിച്ചുകൊണ്ടുവരുന്ന സംഗതി ഇതു മാത്രമാണ്. വർഗ്ഗീയപ്രാതിനിധ്യം ഉദ്ദേശപൂർണമായ ഇതു രണ്ടിനുമാണ് പ്രതിനിധികൾ പ്രാധാന്യം കല്പിച്ചിരിക്കുന്നതെന്ന് പറയുന്നതിന് എനിക്കു ഒട്ടും ലജ്ജതോന്നുന്നില്ല. എന്നാൽ ഇതിന്റെ ഗവണ്മെന്റ് ഉത്തരവാദിയാണ് എന്നുള്ളതിനും തർക്കമില്ല: ഓരോസമുദായത്തിനും അവരവർക്കാവശ്യമുള്ളതായ ആളോഹരി കൊടുക്കണമെന്നു വാദിക്കുന്നുണ്ട്. എഴുത്തുപള്ളിപോലും കണ്ടിട്ടില്ലാത്ത മലയാളത്തുള്ള അക്കൂടർക്ക് കൊടുക്കണോ, അതല്ല, ദരിദ്രപക്ഷം അഭിപ്രായമുള്ള ആളുകൾക്ക കൊടുക്കണോ എന്നു മറെറാരുദ്യോഗാർത്ഥിയും വാദിക്കുന്നുണ്ട്. ഇങ്ങനെ ഉദ്യോഗനിയമവിഷയം ഒരു വലിയ കുഴപ്പമായിത്തീർന്നിരിക്കുന്നു. ഒരു വലിയ സഭ്യകഴിഞ്ഞാൽ സാധാരണ പട്ടികളുടെശബ്ദം വലിയ ഉച്ചത്തിൽ കേൾക്കുന്നതുപോലെ ഉള്ള ഒരുകുഴപ്പമായിട്ടാണ് ഈ മുറവിളിയെ സംബന്ധിച്ചുകൂടിക്കാഴ്ചകളുടെ പ്രതിനിധിയായ ഞാൻ നിരൂപണംചെയ്യുന്നതു. തിരുവിതാംകൂറിലുള്ള പൊതുജനപ്രതിനിധികൾക്കുതന്നെ അവർക്കോ അവരുടെ ആളുകൾക്കോ ഉദ്യോഗംവേണമെന്ന ആശിക്കുന്നില്ല. പൊതുജനാവശ്യമെന്നുദ്ദേശിച്ചു ഗവണ്മെന്റിൽ നിന്നും ഉദ്യോഗസ്ഥന്മാരുടെ സമ്പർക്കത്തെക്കുറിച്ചു ജനറിഷേൻ മുതലായവകയ്ക്കു കൂടുതൽ പണം ചിലവാക്കുന്ന പക്ഷം ഈ മാതിരി ഒരു വിപത്തു ഈ നാട്ടിൽ ഉണ്ടാകുന്നതല്ല. അങ്ങിനെ ചെയ്തിരുന്നുവെങ്കിൽ ഉദ്യോഗം സ്വദേശിക്കു കൊടുക്കണോ ജാതിഅനുസരിച്ചുകൊടുക്കണോ മതം അനുസരിച്ചുകൊടുക്കണോ ആണിന് കൊടുക്കണോ പെണ്ണിനു കൊടുക്കണോ; കുസൃതിനോക്കി കൊടുക്കണോ; ഹിന്ദുവിനു കൊടുക്കണോ; എന്നിങ്ങനെയുള്ള തർക്കങ്ങളൊന്നും വരികയില്ലായിരുന്നു.

മി: എ. സി. കുഞ്ഞുക്കോസ് (മീനച്ചിലും-ദേവികുളവും): അവകാശം ഉള്ളയാൾക്ക് കൊടുക്കുന്നതുകൊണ്ടു ബിരുദമുണ്ടോ?

മി: ടി. സി. കേശവപിള്ള (കൽക്കുളവും വിളവങ്കോടും): ഇവിടെ ഏതെല്ലാം സമുദായക്കാരുണ്ടെന്നുള്ളതു സെൻസസ് നിപ്പോർട്ടു വന്നശേഷം വേണം നിശ്ചയിക്കാൻ.

മി: എ. സി. കുഞ്ഞുക്കോസ് (മീനച്ചിലും-ദേവികുളവും): ഇപ്പോൾ നിലവിലിരിക്കുന്ന നിപ്പോർട്ടുകൊണ്ടു അതു നിശ്ചയിക്കാൻ നിവർത്തിയില്ലേ?

മി: ടി. സി. കേശവപിള്ള (കൽക്കുളവും വിളവങ്കോടും): നിവൃത്തിയില്ല. വേഗമൊണിക്കം എന്നൊരാൾ ഉദ്യോഗത്തിനുവേണ്ടി ഹിന്ദു നാടാരെന്നുപറയുന്നുണ്ട്. അതുപോലെതന്നെ ഒരു നായർ ഉദ്യോഗത്തിനുവേണ്ടി ഒരു അരയസ്ത്രീയെ കല്യാണം കഴിക്കാമെന്നു വിചാരിക്കുന്നു.

മി: എ. സി. കയ്യാക്കോവു (മിനച്ചലും മേവിക്കളവും) : ഉദ്യോഗം കൊടുക്കുന്നതിനും വിവാഹത്തിനുമായിട്ടു യാതൊരുബന്ധവുമില്ലെന്നറിയുമോ?

മി: ടി. സി. കേശവപിള്ള (കുഴിക്കളവും വിളവങ്കോടും) : ധാരാളമുണ്ട്. ചിലടത്തെ മനസ്ഥിതി അങ്ങിനെയും ആയി മിക്കും.

മി. എ. സി. കയ്യാക്കോസ് (മിനച്ചലും മേവിക്കളവും) : ഈ അവകാശം തന്നെയും ഗവണ്മെൻറിനു സ്ഥായിച്ചിട്ടുള്ള പരീക്ഷായോഗ്യതയുണ്ടെങ്കിൽ കൊടുത്താൽ മതി എന്ന പ്രമേയത്തിൽ വ്യക്തപ്പെടുത്തിയിട്ടുള്ളതായി അറിയുമോ?

മി: ടി. സി. കേശവപിള്ള (കുഴിക്കളവും വിളവങ്കോടും): എന്തായാലും ഞാൻ നിങ്ങളുടെ പ്രമേയത്തെ അനുകൂലിക്കുന്നില്ല. റവന്യൂ ഡിപ്പാർട്ടുമെൻറിൽ നായന്മാർ കൂടുതലാണെന്നും സ്റ്റോർ ഡിപ്പാർട്ടുമെൻറിൽ ബ്രാഹ്മണരും ക്രിസ്ത്യാനികളും കൂടുതലാണെന്നും P. W. D. യിൽ മുഴുവൻ ബ്രാഹ്മണരാണെന്നും കൺട്രോളർ കൊടുക്കുന്നതിൽ ആ ഉദ്യോഗസ്ഥൻറെ ജാതിക്കാരെ നോക്കുന്നു എന്നും മറ്റും പല കുഴപ്പങ്ങളും കേൾക്കുന്നുണ്ട്. റവന്യൂഡിപ്പാർട്ടുമെൻറിൽ ഇനി ക്രിസ്ത്യാനികൾക്കുമാത്രമേ ഉദ്യോഗംകൊടുക്കാൻ പാടുള്ളൂ എന്ന ഒത്തരവുള്ളതായും കേൾക്കുന്നു. കുഷ്ഠംപോലെ, നാടാർ തുടങ്ങിയ ചിലസമുദായക്കാർക്ക് എക്സൈസ് ഡിപ്പാർട്ടുമെൻറിൽ ശിപായിജോലികൊടുക്കുന്നുമെന്നു പലതവണയും ഞാൻ ആവശ്യപ്പെട്ടിട്ടുണ്ട്.

റവന്യൂഡിപ്പാർട്ടുമെൻറിൽ ക്രിസ്ത്യാനികൾക്കു ഉദ്യോഗം കൂടുതൽ കൊടുക്കണമെന്നു മറ്റു കമ്മീഷനിൽ സമ്മതിച്ചിട്ടുള്ളതായി കൌൺസിൽ പ്രൊസീഡിംഗ്സ് കാര്യം വാല്യത്തിൽ കാണുന്നുണ്ട്.

എന്തായാലും ഈ വിപ്ലവവേളയിൽ ഒരുവിധം മിച്ചു വരുന്നതുവരെ വിചാരിക്കുന്നപക്ഷം മനസ്സിൽ ജാതി ഏതെന്നോ മതമേതെന്നോ യാതൊരു ഭാവഭേദവുമില്ലാതെ നിഷ്പക്ഷമായി പെരുമാറുന്ന ഡിപ്പാർട്ടുമെൻറു മേലധികാരികളും ഈ സംഗതിയിൽ പ്രത്യേകം ശ്രദ്ധിക്കണം. ഇതിലേക്കു ഒരു സ്റ്റാഫ് സിലക്ഷൻ ബോർഡോ ഒരു കമ്മിറ്റിയെയോ ഉണ്ടായിരിക്കണം. ജാതിനിരിച്ചും മതം തിരിച്ചും സ്ത്രീ പുരുഷവ്യത്യാസം തിരിച്ചും ഓരോരുത്തക്കും ഇതുയിതുഎന്നു കണക്കാക്കി അതായത് കത്തോലിക്കാസ്ത്രീകൾക്കിതു നായർസ്ത്രീകൾക്കിതു. ബ്രാഹ്മണസ്ത്രീകൾക്കിതു, തോവാളൻമുക്കിനഇതു, പറവൂർ താലൂക്കിനു ഇതു എന്നിങ്ങനെ കണക്കാക്കി ഉദ്യോഗവിതരണം ചെയ്യണമെന്നും മറ്റുമുള്ള സംഗതികൾ ഈ കൌൺസിലിൻറെ വിലയേറിയ സമയത്തെകളയാതെ തല്ക്ഷണം നിറുത്തിവച്ചാൽ കൊള്ളാം. ധൃതിയുമില്ല വേണമെന്നു വിചാരിക്കുന്നപക്ഷം ഞാൻ മി. രാജരാജവർമ്മകോയിത്തമ്പുരാൻറെ ഭേദഗതിയെ അനുകൂലിക്കുന്നു.

മി: പി. എസ്. മഹമ്മദ് (നിയമിതാംഗം,): സർ എൻറെ സ്നേഹിതൻ മി. കേശവപിള്ളയുടെ ഒടുക്ഷയിൽതന്നെ പറയുന്ന ഈ പട്ടിയുടെ കര മലയാളിമെമ്മോറിയൽ കാലംമുതൽ ഇടങ്ങിട്ടുള്ളതുപോലെ സംഗതി ദക്ഷമാകാം ഇതു കുറെ അധികം കാലമായിട്ടു നടന്നുകൊണ്ടിരിക്കുന്ന ഒരു സംഗതിയാണെന്നു മനസ്സിലാക്കാം. എന്നുമാത്രമല്ല സമുദായികമായ അവകാശങ്ങളെ ഗവണ്മെൻറ് ഒരുവിധത്തിൽ ഗണിച്ചുവരുന്നുണ്ടു എന്നുള്ള സംഗതിയും വിസ്മരിക്കാൻ പാടുള്ളതല്ല. ഓരോ സമുദായങ്ങളുടെ അവകാശങ്ങളും വേണ്ടവിധത്തിൽ ലഭിക്കണമെന്നു വാദിക്കുന്ന ഒരു പ്രമേയം എൻറെ സ്നേഹിതൻ പറയുന്ന ഭാഷയിൽ തള്ളിക്കളയാവുന്ന ഒന്നല്ല.

മി. എൽ. ആർ. രാജരാജവർമ്മകോയിത്തമ്പുരാൻ (ചങ്ങനാശേരിയും പീരുമേടും): ഈ അവകാശം എന്നുപറഞ്ഞാൽ ഓരോ സമുദായത്തിനാണോ, അതല്ല സമുദായത്തിലെ ഓരോ അംഗങ്ങൾക്കാണോ?

മി: പി. എസ്. മഹമ്മദ് (നിയമിതാംഗം) അതു പ്രമേയംകൊണ്ടുതന്നെകാണാൻ സാധിക്കും. ഓരോ സമുദായത്തിലേക്കും ജനസംഖ്യയനുസരിച്ചു അതിലുള്ള യോഗ്യതയുള്ളവർക്ക് ഉദ്യോഗം കിട്ടിയാൽമതി എന്നാണ് പ്രമേയം.

മി: എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും കാഞ്ഞിരപ്പള്ളിയും): തിരുവിതാംകൂറിൽ ഇതുസമുദായമുണ്ടെന്നു ഇപ്പോഴെ തീരുമാനിച്ചിട്ടുണ്ടോ?

മി: പി. എസ്. മഹമ്മദ് (നിയമിതാംഗം): എൻറെ സ്നേഹിതൻതന്നെ പലപ്പോഴും ഇതിനെ സംബന്ധിച്ചു പട്ടികചോദിച്ചു അവ മേശമേൽ വച്ചിട്ടുണ്ട്:

മി: എ. എസ്. ദാമോദരൻആശാൻ (മാവേലിക്കരയും കാഞ്ഞിരപ്പള്ളിയും) : ഞാൻ ഒരു പട്ടികയും ചോദിച്ചിട്ടില്ല.

മി: പി. എസ്. മഹമ്മദ് (നിയമിതാംഗം) : ഇരുപ്പുകിൽ സ്നേഹിതനെപ്പോലെയുള്ള ഒരു പലതും ചോദിച്ചിട്ടുണ്ട്.

മി: മാത്തൂരിക്കൽ (വൈക്കം): തിരുവിതാംകൂറിലുള്ള സമുദായങ്ങളുടെ ഒരു പട്ടിക വരുത്തുന്നതു പ്രയാസമാണോ?

മി: പി. എസ്. മഹമ്മദ് (നിയമിതാംഗം): ഒരു പ്രയാസവുമില്ല.

മി: എ. എസ്. ദാമോദരൻആശാൻ (മാവേലിക്കരയും കാഞ്ഞിരപ്പള്ളിയും) : ഈ കൌൺസിലിൽ തരുന്ന പട്ടിക കുറെനാളെന്നു പലപ്പോഴും പട്ടിക ആവശ്യപ്പെട്ട മെമ്പർമാർതന്നെ പറഞ്ഞിട്ടുള്ളതായി കേട്ടിട്ടില്ലേ?

മി: പി. എസ്. മഹമ്മദ് (നിയമിതാംഗം) : ഇല്ല. ഇങ്ങനെ തിരുവിതാംകൂറിൽ പല സമുദായക്കാരും ഉണ്ടെന്നും ഈ വകക്ക് ആരംഭിച്ചിട്ടു വളരെ കാലമായി എന്നും ഈ അവകാശം ചിലസ്ഥലത്തു വകയിച്ചുകൊടുത്തിട്ടുണ്ടെന്നും ശരിയായി അവകാശം ലഭിച്ചിട്ടില്ലാത്ത സമുദായക്കാരാണ് ഈ മുറവിളികൂട്ടുന്നതു് എന്നും ഒക്കെയുപരി ഇതൊരു പുതിയ സംഗതിയല്ല എന്നു മനസ്സിലാകും.

മി: എൽ. ആർ. രാജരാജവർമ്മകോയിത്തമ്പുരാൻ (ചങ്ങനാശേരിയും പീരുമേടും) : ഈ പ്രമേയം അടിച്ചുകൊള്ള അന്യസമുദായത്തിൽ ചേരുന്നതിനു ഒരു പ്രേരകമായി ഭവിക്കുകയില്ലേ?

മി: പി. എസ്. മഹമ്മദ് (നിയമിതാംഗം) : മറ്റുസമുദായക്കാർക്കു ധാരാളം ഉദ്യോഗം ലഭിച്ചു കൊണ്ടിരിക്കുകയും അന്നു അസമത്വം അനുഭവിക്കുന്ന സമുദായക്കാർക്കു കിട്ടാതെയിരിക്കയും ചെയ്യുകൊണ്ടിരിക്കുന്നകാലത്തു് ഇങ്ങനെ സമുദായം മാറിപ്പോകുന്നതിനെപ്പറ്റി ആലോചന യോഗപ്പെട്ടില്ല. അസമത്വം സമുദായക്കാർക്കു

അവരോട് ഒപ്പരിലഭിക്കുമ്പോൾ ഉയർന്ന സമുദായക്കാർ കിഴ്പോട്ട വരുന്നതെങ്കിൽ അതു അവരുടെ സമുദായ ഭ്രഷ്ടിനേത്തിൻറും മതാഭിമാനത്തിൻറെയും ദോഷം മാത്രമാണ്. അല്ലാതെ അതു ഈ പ്രമേയത്തിൻറെ കുറ്റമല്ല.

മി: എൽ. ആർ. രാജരാജവർമ്മ കോയിത്തമ്പുരാൻ (ചങ്ങനാശ്ശേരിയും പീരുമേട്ടും) : മതത്തെ സംബന്ധിച്ചല്ല പറഞ്ഞത്.

മി: പി. എസ്. മഹമ്മദ് (നിയമിതാംഗം) : ഞാനും സമുദായത്തെ സംബന്ധിച്ചാണ് പറയുന്നത്.

മി: ഏ. സി. കുട്ടിക്കോസു (മീനച്ചിലും-ഭേപികളും): ഉദ്യോഗം അതുമാത്രം പ്രയോനുമുള്ളതായിട്ട് കരുതിയിരിക്കുന്നതിനെ എല്ലാസമുദായക്കാർക്കും ഉദ്യോഗം കൊടുക്കണമെന്ന പറയുമ്പോൾ അതിൽ വൈരനസ്യം കാണിക്കുന്നതിനെ അർത്ഥമെന്താണ്?

മി: പി. എസ്. മഹമ്മദ് (നിയമിതാംഗം) : ഉദ്യോഗം അതു പ്രധാനമല്ല എന്നു വല്ലവരും പറയുന്നതെങ്കിൽ അതു അവരുടെ മനസ്സാക്ഷിക്കു എതിരായിട്ടാണ് പറയുന്നത്. ഉദ്യോഗം വളരെ പ്രധാനമായിട്ടുള്ളതാണ്. സാമ്പത്തികമായും രാഷ്ട്രീയമായുമുള്ള ഐശ്വര്യത്തെകാംക്ഷിക്കുന്നവർ ഉദ്യോഗം പ്രധാനമായിട്ടു കരുതും.

മി: എൽ. ആർ. രാജരാജവർമ്മ കോയിത്തമ്പുരാൻ (ചങ്ങനാശ്ശേരിയും പീരുമേട്ടും): ഉദ്യോഗം പ്രധാനമല്ല എന്ന ആരെങ്കിലും ഇവിടെ പറഞ്ഞോ?

മി: പി. എസ്. മഹമ്മദ് (നിയമിതാംഗം) : അങ്ങിനെ ആരും പറയുകയില്ലെന്നാണ് എൻറെ വിശ്വാസം.

അതുകൊണ്ട് ഇങ്ങിനെയുള്ള ഒരു വിഷയത്തെ സംബന്ധിച്ചു വാഗ്വാദം നടത്തുമ്പോൾ എൻറെ സ്നേഹിതൻ പറഞ്ഞമാതിരിയിലുള്ള ഒരു സംഭവം ഇവിടെ പുറപ്പെടുവിക്കേണ്ടതല്ല. അങ്ങിനെയുള്ള ഒരു സംഭവം എൻറെ സ്നേഹിതൻ പറഞ്ഞതുപോലെ പരിഷ്കാരം ഇന്നതാണെന്നറിയാത്ത കൃഷിക്കാർക്കും പാടങ്ങളിൽ നിൽക്കുന്നവർക്കും മാത്രമേ മനസ്സിലാക്കുവാൻ സാധിക്കയുള്ളൂ.

മി. തമ്പുരാൻ അവതരിപ്പിച്ച ഭേദഗതി ഭരിക്കുവാൻ അനുവദിക്കാൻ പാടുള്ളതല്ല. ഉദ്യോഗനിയമത്തിൽ ഗവണ്മെൻറിനുള്ള അധികാരത്തെ നശിപ്പിക്കുന്നതുകൂടി ആ ഭേദഗതിക്കൊണ്ടു വരുന്നുണ്ട്.

മി: എൽ. ആർ. രാജരാജവർമ്മ കോയിത്തമ്പുരാൻ (ചങ്ങനാശ്ശേരിയും പീരുമേട്ടും) : അടുത്തപ്രമേയത്തിനെ മാത്രമേ ഭേദഗതി അയച്ചിട്ടുണ്ടോ?

മി: പി. എസ്. മഹമ്മദ് (നിയമിതാംഗം) : അഞ്ച് പ്രത്യേകം ഒരു പ്രമേയമാണ്.

മി: എൽ. ആർ. രാജരാജവർമ്മ കോയിത്തമ്പുരാൻ (ചങ്ങനാശ്ശേരിയും പീരുമേട്ടും) : ഗവണ്മെൻറിൻറെ അധികാരത്തെ നിയന്ത്രണത്തിൽ ശിക്ഷാഭരണം വേണ്ടുവോളമുണ്ടെങ്കിൽ ഒരു സ്റ്റാഫ് സിലക്ഷൻ ബോർഡു വേണമെന്നു പറയുമോ?

മി: പി. എസ്. മഹമ്മദ് (നിയമിതാംഗം) : ഈ റസല്യൂഷൻകൊണ്ടു ഗവണ്മെൻറിൻറെ അധികാരത്തെ എടുക്കണമെന്നു ഞാൻ ഉദ്ദേശിച്ചിട്ടില്ല.

മി: വേലുത്തമ്പി രാജവഞ്ചിരാജാ (ഇടവക) : ഗവണ്മെൻറിനുള്ള അധികാരം ഈ സ്റ്റാഫ് സിലക്ഷൻ ബോർഡുകൊണ്ടു എടുക്കുന്നുണ്ടോ?

മി: പി. എസ്. മഹമ്മദ് (നിയമിതാംഗം) : ഉണ്ട്. തിരഞ്ഞെടുക്കാനുള്ള അധികാരം ഗവണ്മെൻറിൽനിന്നും എടുക്കുന്നുണ്ട്. അസമതാസമുദായക്കാർക്ക് പ്രാധാന്യം കൊടുക്കണമെന്ന പ്രമേയം ഭേദഗതി ഇന്ന സമുദായമെന്നുള്ള കണിക്കാതെ ഒരു സ്റ്റാഫ് സിലക്ഷൻ ബോർഡുണ്ടാക്കി അവരേടെയിസ്നസിച്ചുദ്യോഗം കൊടുക്കണമെന്നാണ്. ഈ ഭേദഗതി സ്വീകായ്യയോഗ്യമല്ല; അതു അസമതാസമുദായക്കാക്ക് കൂടുതൽ ഉപകാരം ഉണ്ടാക്കുന്നതിനു മാത്രമാണ് അങ്ങിനെ പറയുന്നതു. ഈ ബോർഡുതന്നെ ഇലക്ടഡ് മെമ്പർമാരെക്കൊണ്ട് നിറഞ്ഞിരിക്കണമെന്നാണ പറയുന്നതു. ആ സ്ഥിതിക്ക ആ ബോർഡിൽ ഭൂരിപക്ഷം അംഗങ്ങളുടെ സമുദായത്തിൽപെട്ടവർക്കുമാത്രമേ ഉദ്യോഗം ലഭിക്കാൻ മാർഗ്ഗമൊള്ളു. ഇപ്പോഴത്തെപ്പോലെ ഗവണ്മെൻറിനോട് പക്ഷപാതപ്പെടുന്നതിനും നിവർത്തിയില്ല. ഗവണ്മെൻറിനോട് പറഞ്ഞാൽ ഈ ബോർഡു ചെയ്യുന്നതാണെന്നു പറയും. അതുകൊണ്ടു ഞാൻ ഈ ഭേദഗതിയെ എതിർക്കുന്നു.

മി: എസ്. ആർ. കൃഷ്ണൻ (നിയമിതാംഗം) : എൻറെ സ്നേഹിതൻ മിസ്റ്റർ രാജരാജവർമ്മകോയിത്തമ്പുരാൻ അവതരിപ്പിച്ചിട്ടുള്ള ഭേദഗതിയെ ഞാൻ എതിർക്കുന്നു. അസമതാസമുദായങ്ങൾക്ക ഉദ്യോഗം സംബന്ധമായി ഇപ്പോഴുള്ള കുറവിനെ പരിഹരിക്കുന്നതിന് വേണ്ടിയാണ് മിസ്റ്റർ കുട്ടിക്കോസു അദ്ദേഹത്തിൻറെ പ്രമേയം ഈ സമുദായത്തെ അവതരിപ്പിച്ചിരിക്കുന്നതു. ആ പ്രമേയകർത്താവു ഉദ്ദേശിച്ചിട്ടുള്ളവർക്കുതന്നെ പ്രയോജനപ്രദമായ വിധത്തിലാണ് അതിനെ ഒരു ഭേദഗതി ഇപ്പോൾ അവതരിപ്പിച്ചിട്ടുള്ളതു. പ്രഥമഭേഖ്യിയിൽ മി. കുട്ടിക്കോസു അവതരിപ്പിച്ചിട്ടുള്ള പ്രമേയം ഒരു പരിധിവരെ പ്രത്യേകം ആനുകൂല്യം ചെയ്തുകൊടുക്കുന്നതിനു വേണ്ടി കൊണ്ടുവന്നിട്ടുള്ളതാണെന്നു ഞാനാൻ ഇടയുണ്ട്. ഇന്നു ഉദ്യോഗത്തിനു നിയുക്തിച്ചിരിക്കുന്ന തോതു വിദ്യാഭ്യാസയോഗ്യതയാണ്. അങ്ങിനെ വിദ്യാഭ്യാസയോഗ്യത സമ്പാദിക്കുന്നതിനുപോലും ഈ രാജ്യത്തെ പല സമുദായക്കാരേയും തടഞ്ഞു വച്ചിരുന്ന എന്നുള്ള കഥയും ഈ അവസരത്തിൽ സ്മരിക്കേണ്ടതാണ്. ഏതാനും കാലം വരെ എല്ലാസമുദായക്കാർക്കും പാഠശാലകളിൽ പ്രവേശനം അനുവദിക്കപ്പെട്ടിരുന്നില്ല.

മി: എൽ. ആർ. രാജരാജവർമ്മകോയിത്തമ്പുരാൻ (ചങ്ങനാശ്ശേരിയും പീരുമേട്ടും) : ഈ പ്രമേയം -അങ്ങിനെയുള്ള സമുദായത്തെ കൂടി സംബന്ധിക്കുന്നതാണോ?

മി. എൽ. ആർ കൃഷ്ണൻ (നിയമിതാംഗം) : എനിക്ക പറയാനുള്ളതു മുഴുവനും പറഞ്ഞുതീരട്ടെ. പിന്നീട് ചോദ്യം ചോദിച്ചാൽ ഉത്തരം പറയാം. ഇങ്ങനെ ഉദ്യോഗത്തിനു ഏറ്റവും ആവശ്യമായിരിക്കുന്ന വിദ്യാഭ്യാസം പോലും ചെയ്യുന്നതിനു യാതൊരു സൗകര്യവും ലഭിക്കാതെ അനേകം സമുദായക്കാർ ഈ രാജ്യത്തുകഴിഞ്ഞുകൂടേണ്ടതായിട്ടു വന്നിരുന്നു. അതിനു ശേഷം ഗവണ്മെൻറിൻറെ കാരുണ്യാതിരേകം കൊണ്ടു ഏറ്റവും സ്തുതികരം ഇവക്ക് ഉറപ്പാക്കിട്ടുള്ളു. പത്തുപതിനൊന്നു സ്തുതികരം ഒഴിച്ചുബാക്കി എല്ലാ സ്തുതികരം

ങ്കിലും പ്രവേശനം നൽകി. ഇനിയും ഈ സമുദായക്കാർക്ക് വിദ്യാഭ്യാസം സിദ്ധിക്കുന്നതിനുള്ള അവസരം പൂർണ്ണമായി കൊടുത്തിട്ടില്ല. ഇങ്ങനെ വളരെക്കാലം വിദ്യാഭ്യാസത്തിനു സൌകര്യം നൽകാതെയിരുന്നു. പിന്നീട് ഈ വിദ്യാഭ്യാസം സമ്പാദിച്ചവരുന്ന സമുദായക്കാർക്ക് അതിന് ശേഷവും ഗവണ്മെൻറിൽ നിന്നു കിട്ടേണ്ട ന്യായമായ പ്രോത്സാഹനം ലഭിച്ചില്ലെങ്കിൽ അവരുടെ സ്ഥിതിഎന്താണെന്നു സഭ തന്നെ തീർച്ചപ്പെടുത്തണം. ഈ രാജ്യത്തു പലഡിപ്പാർട്ടുമെൻറുകളും ചില സമുദായക്കാർക്കായിട്ടു തിരിച്ചു വച്ചിരിക്കയാണ്. അങ്ങിനെയുള്ള ചില ഡിപ്പാർട്ടുമെൻറുകളെപ്പറ്റി ഈ കൌൺസിലിൽ പറയാൻ പാടില്ലെങ്കിലും പേർമാത്രംപറയുന്നതുകൊണ്ടു വിരോധമില്ലെന്നു തോന്നുന്നു. തായർ പട്ടാളം എന്ന ഒരു വകുപ്പുണ്ടു. അതിൽ നായന്മാർക്കല്ലാതെ വേറെ ആൾക്കും അവകാശമില്ല. വിദേശികൾ പലരും അതിന്റെ മേലധ്യക്ഷന്മാരുടെയിട്ടും ഡിപ്പോർട്ടർമാരായിട്ടും ഇരിക്കാൻ അനുവദിച്ചിട്ടുണ്ടു.

മി: ടി. സി. കേശവപിള്ള (കൽക്കുളവും-വിളവംകോടും): രാജ്യത്തിനുവേണ്ടി മരിച്ചതു് ആരുടെ?

മി: എൻ. ആർ. കൃഷ്ണൻ (നിയമിതാംഗം): എല്ലാ സമുദായത്തിൽ പെട്ടവരും മരിച്ചു.

മി: ടി. സി. കേശവപിള്ള (കൽക്കുളവും-വിളവംകോടും): അതിന് റിക്കാർഡ് ഉണ്ടോ?

മി: എൻ. ആർ. കൃഷ്ണൻ (നിയമിതാംഗം): ഉണ്ടു്.

അദ്ധ്യക്ഷൻ: തായത്തപ്പറ്റിയുള്ള വിഷയത്തെ ആസ്പദമാക്കിയാണ് നിങ്ങൾ പ്രസംഗിക്കുന്നതു; അങ്ങനെചെയ്യാതിരിക്കുന്നതാണ് നല്ലതു്.

മി: എൻ. ആർ. കൃഷ്ണൻ (നിയമിതാംഗം): പല ഡിപ്പാർട്ടുമെൻറിലും എല്ലാസമുദായക്കാരെയും പ്രവേശിപ്പിക്കാതെയിരുന്നു. ഇപ്പറഞ്ഞ ഡിപ്പാർട്ടുമെൻറിലേക്കു ദേവസ്വം ക്ലർക്കിയേഷിപ്പിനുകൂടി അപേക്ഷയും പ്രവേശനമില്ലാതെ ഇരുന്നു. ഇപ്പോൾ ദേവസ്വംവകുപ്പിലും പ്രവേശനം ഇല്ലാതെ ഇരിക്കുന്നു. അതുകൊണ്ടു അസമത്വ സമുദായക്കാരുടെ ഉദ്യോഗം കിട്ടത്തക്കവണ്ണമുള്ള ദൂര തന്നെ വളരെ കൂടുവാണ്. ഉള്ള ദൂരകളിൽതന്നെ പോയ പ്രോത്സാഹനം കിട്ടാതെയിരുന്നാൽ അതു വളരെ സങ്കടവുമാണ്. അതിനാൽ ഇവരെ ഉദ്യോഗത്തിനു നിയമിക്കേണ്ടതു ഗവണ്മെൻറിന്റെ കടമയാണ്, അനേകം കാലമായി ഉദ്യോഗത്തിൽ പഴക്കവും തഴക്കവും ഉള്ള വർഗ്ഗക്കാർക്ക് കൊടുത്തശേഷം ഇവർക്കു കൊടുക്കാമെന്നുപറയുന്നതു ശരിയല്ല. അതുകൊണ്ടു ഞാൻ ഈ പ്രമേയത്തെ അനുകൂലിക്കയും മിസ്റ്റർ രാജരാജവർമ്മ കോയിത്തമ്പുരാന്റെ ഭേദഗതിയെ പ്രതിക്ഷേപിക്കയും ചെയ്തുകൊള്ളുന്നു.

മി. മാത്തുമുതിക്കൻ (തൈക്കം): സർ, സർക്കാർ സർവീസിൽ ഉള്ള പ്രാതിനിധ്യം എന്നവിഷയത്തെ സംബന്ധിച്ചു ഏതുതരം സംഗതികൾ പ്രസ്താവിക്കണമെന്നു ഞാൻ വിചാരിക്കുന്നു. പല അവസരങ്ങളിലും ഈ കാര്യത്തെപ്പറ്റി ഈ സഭയിൽ വാഗ്വിവാദങ്ങൾ നടത്തീട്ടുള്ളതാണ്. ഇതു നിശ്ചയമായ ഒരു സംഗതിയാണ്. സർക്കാർ സർവീസിൽ പ്രാധിനിധ്യം ലഭിക്കുന്നതിനെ സംബന്ധിച്ചിടത്തോളം പ്രാതിനിധ്യംനൽകീട്ടില്ലാത്ത സമുദായങ്ങളുടെ കാര്യത്തിൽ പ്രാഥമ്യം നൽകുന്നതിനു മുമ്പേ ഗവണ്മെൻറ് പല ഡിപ്പാർട്ടുമെൻറുകളിലെ മേലധികാരികളോടും ആവശ്യപ്പെട്ടിട്ടുണ്ടു. പ്രസ്തുതകാര്യം നിർവഹിക്കുന്നതിന് ഓരോ അവസരത്തിലും ഗവണ്മെൻറു പല ഡിപ്പാർട്ടുമെൻറു മേലധികാരികൾക്കും നിർദ്ദേശങ്ങളും അയച്ചിട്ടും ഉണ്ടു. നിയമസഭാ നടപടികളിൽ നിന്നു ഈ കാര്യം ഞാൻ മനസ്സിലാക്കിയിരിക്കുന്നു, ഓഫീയിൽ ഉദ്യോഗനിയമനങ്ങൾ നടത്തുമ്പോൾ പ്രാതിനിധ്യം ലഭിച്ചിട്ടില്ലാത്ത സമുദായങ്ങളെ സംബന്ധിച്ചു ചില മുൻ അവകാശം നൽകണമെന്നുള്ള ഒരു നിർദ്ദേശം മാത്രമേ മിസ്റ്റർ. കുഞ്ഞാക്കോസു തന്റെ പ്രമേയത്തിൽ ഇപ്പോൾ ചേർത്തിട്ടുള്ളൂ. മേൽപറഞ്ഞ ഉദ്ദേശം നിർവഹിച്ചു കിട്ടുന്നതിനു അയാൾ ചില നിർദ്ദേശങ്ങളും ചെയ്തിട്ടുമുണ്ടു. നിർദ്ദേശങ്ങൾക്കു അടിസ്ഥാനമായവിവരങ്ങളെപ്പറ്റി പ്രസ്താപിക്കേണ്ട ആവശ്യമില്ല. പ്രസ്തുതവിഷയത്തെ സംബന്ധിച്ചു് മിസ്റ്റർ ഇട്ടിയച്ചൻ കൂടുതൽ വിവരമായി പ്രസ്താപിച്ചിട്ടുണ്ടു. അയാളുടെ ഭേദഗതിയിൽ രണ്ടു പ്രത്യേകനിർദ്ദേശങ്ങളാണു് അടങ്ങിയിരിക്കുന്നതു്. മേൽ പറഞ്ഞഭേദഗതിയെ നിർബന്ധമേയവിധം സ്വീകരിക്കുന്നതിനു താൻ തയ്യാർ ആണെന്നു മി: കുഞ്ഞാക്കോസു് പറഞ്ഞിട്ടുണ്ടു. പിന്നീടു പ്രസ്താപിച്ചതു് ചങ്ങനാശ്ശേരിയെ പ്രതിനിധീകരിക്കുന്ന സാമാജികനാണു്. ഉദ്യോഗസ്ഥന്മാരെ തിരഞ്ഞെടുക്കുന്നതിനുള്ള ഒരു ബോർഡു് രൂപീകരിക്കുന്നതിനെപ്പറ്റി അദ്ദേഹം നിർദ്ദേശിക്കയുണ്ടായി. ഇതിനെപ്പറ്റിഎൻ സ്നേഹിതൻ മി. മഹമ്മദ് കഠിനമായി പ്രതിക്ഷേപിക്കയുണ്ടായി. ഭേദഗതി സഭാർഹമായിരുന്നുവോഎന്നും ചിന്തിക്കേണ്ടവിഷയത്തിനു സംബന്ധമില്ലാത്ത പാടെ ഭിന്നമായ ഒരു വിഷയത്തെ അടിസ്ഥാനപ്പെടുത്തിയാണ് ഭേദഗതിയെകൊണ്ടുവന്നിട്ടുള്ളതെന്നും ഉള്ളകാരണത്താൽ നിമിത്തം ഭേദഗതിയെ ഒരു നിമിഷത്തേക്കുപോലും സ്വീകരിക്കാൻ പാടുള്ളതല്ലെന്നു മി: മഹമ്മദ് പ്രസ്താപിച്ചു. പ്രമേയങ്ങളെ സ്വീകരിക്കുന്ന കാര്യങ്ങളെ നിയന്ത്രിക്കുന്നതിനുള്ള ചട്ടത്തിനു വിപരീതമായി ഭേദഗതിയിൽ യാതൊന്നും അടങ്ങിയിട്ടില്ലെന്നു അദ്ധ്യക്ഷൻ തീരുമാനിച്ചിട്ടുള്ളതു തീർച്ചയാണ്, അദ്ധ്യക്ഷന്റെ തീർച്ചയ്ക്കു നാം വശംവദരാകുകതന്നെ വേണം. ഏതായാലും എന്റെ അഭിപ്രായത്തിൽ ഭേദഗതിക്കു അടിസ്ഥാനമായ വിഷയം പൂർണ്ണമായി സന്ദർഭത്തിൽ നിന്ന് ഭിന്നമായ ഒന്നാകുന്നു.

അദ്ധ്യക്ഷൻ. നടപടിക്രമത്തെപ്പറ്റി അദ്ധ്യക്ഷൻ തീരുമാനിച്ചിട്ടുണ്ടു്, നിങ്ങളുടെ പ്രസ്താപനം അദ്ധ്യക്ഷന്റെ തീർച്ചയെപ്പറ്റിയുള്ള ഒരു വാദപ്രതിവാദം ആയിത്തീരുന്നതാണു്;

മി: മാത്തുമുതിക്കൻ (തൈക്കം): അദ്ധ്യക്ഷന്റെ തീർച്ചയെ ഞാൻ സ്വീകരിച്ചുകൊള്ളുന്നു. എങ്കിലും എന്റെ സ്വന്ത അഭിപ്രായം ഇന്നതെന്നു പ്രത്യക്ഷപ്പെടുത്തുന്നതിനു് എനിക്കു സ്വാതന്ത്ര്യമുണ്ടെന്നു് ഞാൻ വിചാരിക്കുന്നു.

അദ്ധ്യക്ഷൻ. ഇതു സംശയകരമായ ഒരു സംഗതിയാണു്. ഭേദഗതിക്കു അടിസ്ഥാനമായവിഷയം പ്രമേയത്തെ അപേക്ഷിച്ചു ഭിന്നമായിട്ടുള്ള ഒന്നു ആണോ അല്ലയോ എന്നുള്ളതാണു്, അദ്ധ്യക്ഷൻതന്നെ തീരുമാനിച്ചിട്ടുണ്ടു. ഈ വിഷയത്തെപ്പറ്റി നിങ്ങൾ നടനിക്കണ്ടതാണു് ചെയ്യുകയാകുന്നു. അപ്രകാരം ചെയ്യുന്നപക്ഷം അതുയു നടപടിക്രമത്തിനു യോജിച്ചതായിരിക്കുന്നതല്ല.

മി. മാത്യു മുരിക്കൻ (വൈക്കം). അഭ്യുക്ഷന്റെ തീരുമാനത്തിനു ഞാൻ അധീനനായിരിക്കുന്നു. ഇതു ചായ്വുപോലെയാണ് അല്ലാത്തപക്ഷം ഈ കാര്യത്തെപ്പറ്റി ചൂടുതലായി പ്രസംഗിക്കുന്നതിനു സന്ധിക്കുമായിരുന്നു. ഇതു നിശ്ചയമായും ഒരു സംഗതിയാണ്. മിസ്റ്റർ രാജരാജവർമ്മാ മുമ്പിടെ ഒരു ദേഭഗതി ഹാജരാക്കുകയുണ്ടായി. മിസ്റ്റർ കേശവപിള്ള നിർദ്ദേശിച്ചിട്ടുള്ള വിഷമതയെ പരിഹരിക്കുന്നതിനുള്ള ഒരു മാർഗ്ഗമായിട്ടാണ് ദേഭഗതി ഹാജരാക്കിട്ടുള്ളതു. ഈ പരിഹാരമാർഗ്ഗം എന്താണ്? അതിനെപ്പറ്റി വ്യവഹരണം ചെയ്യുമ്പോഴുണ്ടാകുന്ന പക്ഷം അതിനെ ഒരു ഗൗരവമായ സ്ഥാനമുണ്ടായിരിക്കുന്നതല്ല. ഒരു ബോർഡിനെ നിയമിക്കണമെന്ന അഭിപ്രായം നിർദ്ദേശിച്ചു. എന്നാൽ ബോർഡിന്റെ ഘടനാപ്രകാരമായിരിക്കണമെന്നുള്ളതു അദ്ദേഹം പറഞ്ഞിട്ടില്ല. ഇതു ഏറ്റവും പ്രധാനമായ സംഗതിയാകുന്നു. ബോർഡ് തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ ഉള്ള ഒരു സംഘമായിരിക്കണമെന്ന് അദ്ദേഹം പറയുന്നു.

മി. എ. എസ്സ്. ഓമോരനാശാൻ (മാവേലിക്കരയും- കാർത്തികപ്പള്ളിയും). ഉദ്യോഗസ്ഥന്മാരെ നിയമിക്കുന്നതിനുള്ള ബോർഡിലെ അംഗങ്ങളെ തിരഞ്ഞെടുക്കുന്നപക്ഷം അതു പ്രതിപാദ്യവിഷയത്തെപ്പറ്റി പ്രത്യേകമായി തീരുമാനിക്കുന്നതിന് ഏതെങ്കിലും വിധത്തിൽ സഹായമായിരിക്കുമോ എന്നുള്ളതു മെമ്പർ ചിന്തിക്കുന്നുണ്ടോ?

മി: മാത്യു മുരിക്കൻ (വൈക്കം): അതു സഹായമായിരിക്കയില്ലെന്നുള്ളതു നിശ്ചയമാണ്. അതു പല സംഗതികളെയും കുഴപ്പിച്ചുണ്ടാക്കുന്നതിനു സ്ഥിതി ചെയ്യുന്നു.

മി: എൽ. ആർ. രാജരാജവർമ്മ കോയിത്തമ്പുരാൻ (ചങ്ങനാശ്ശേരിയും പീരുമേടും): സ്റ്റാഫ് സിലക്ഷൻ ബോർഡു എങ്ങനെയാണ് വേണ്ടതെന്നു പറയുമോ?

മി: മാത്യു മുരിക്കൻ (വൈക്കം): സ്റ്റാഫ്സിലക്ഷൻ ബോർഡിനെപ്പറ്റി നിർമ്മാണപരമായ വിധം ഏതാനും സംഗതികൾ എനിക്കു പറയുവാനുണ്ട്. ആ വിഷയത്തെപ്പറ്റി നാം ചിന്തിക്കുന്ന അവസരത്തിൽ ആ വശങ്ങളിലേക്കു നിർദ്ദേശങ്ങൾ ഞാൻ ചെയ്യുന്നതാണ്.

മി: എ. എസ്സ്. ഓമോരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഉദ്യോഗസ്ഥന്മാരെ നിയമിക്കുന്നതിനുള്ള തിരഞ്ഞെടുക്കപ്പെട്ട ഒരു ബോർഡു മുഖാന്തരമായ വിധം പ്രവർത്തി നിർവഹിക്കുന്നതിനു സാധിക്കയില്ലെയോ എന്നുള്ളതു പണ്ഡിതനായ മെമ്പർ പറയുമോ?

മി: മാത്യു മുരിക്കൻ (വൈക്കം): നിശ്ചയമായും അതു ശരിയായി പ്രവർത്തി ചെയ്യുകയില്ല. ഈ വിഷയത്തിനു ഞാൻ മറുപടി നൽകുവാൻ പോകുകയാണ്. അതിനെപ്പറ്റി മെമ്പറിനു ഉൽകണ്ഠ ഉണ്ടായിരിക്കേണ്ട ആവശ്യമില്ല ഈ ചോദ്യം ചോദിക്കുമെന്നു ഞാൻ പ്രതീക്ഷിച്ചിട്ടുണ്ട്. ഈ കാര്യത്തിലുള്ള എന്റെ മേലത്തെ അഭിപ്രായം പരിഹരിക്കുന്നതല്ല. ഈ ബോർഡു മുഖാന്തരമായി പ്രവൃത്തി ചെയ്യുന്നതിനു സാധിക്കുന്നതല്ല. ഇതിനും പുറമെ ബോർഡിലെ സാമാജികന്മാരെ തിരഞ്ഞെടുക്കേണ്ടതു നിയമസഭയോടുകൂടെന്നോ, പ്രജാസഭയോടുകൂടെന്നോ ഉള്ള സംഗതി മിസ്റ്റർ, രാജരാജവർമ്മ പറയുന്നതില്ലാ, തിരഞ്ഞെടുപ്പിനു ആസ്പദമായ തത്വം എന്താണെന്നും ഉള്ളതു അദ്ദേഹം പ്രത്യക്ഷപ്പെടുത്തിയിട്ടില്ലാ.

മി: എ. എസ്സ്. ഓമോരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): അംഗങ്ങളെ തിരഞ്ഞെടുക്കുന്നതിനെ സംബന്ധിച്ചിടത്തോളം യാതൊരാക്ഷേപവുമില്ലാത്ത സംപ്രദായം ഏതാണെന്നാണുള്ളതു എന്റെ സ്നേഹിതൻ പറയുമോ?

മി: മാത്യു മുരിക്കൻ (വൈക്കം): തിരഞ്ഞെടുപ്പു സംപ്രദായം എല്ലാ അവസരത്തിലും ഉത്തമമായിട്ടുള്ളതെന്നു കരുതുന്നു.

മി: എ. എസ്സ്. ഓമോരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): എന്റെസ്നേഹിതന്റെ അഭിപ്രായത്തിൽ ആക്ഷേപം ഏറ്റവും കുറഞ്ഞതോ അല്ലെങ്കിൽ ഏറ്റവും സ്വീകാര്യയോഗ്യമായിട്ടുള്ളതോ ആയ തിരഞ്ഞെടുപ്പു സംപ്രദായം ഏതെന്നു എന്റെ സ്നേഹിതൻ പറയുമോ?

മി: മാത്യു മുരിക്കൻ (വൈക്കം): മിസ്റ്റർ, രാജരാജവർമ്മ കോയിത്തമ്പുരാൻ, ഇവിടെ ഒരു നിർദ്ദേശം ചെയ്തിട്ടുണ്ട്. ഞാൻ അതിനോടനുകൂലിക്കുന്നില്ല. ഈ കാരണത്താലാണ്, അതിൽ അന്തർഭവിച്ചിട്ടുള്ള സ്ത്രീകളെ ഞാൻ മുഖപ്രത്തിയിട്ടുള്ളതു, ഉദ്യോഗസ്ഥന്മാരെ നിയമിക്കുന്നതിനുള്ള ഒരു ബോർഡിനെ സ്വീകരിക്കുന്നതെന്നു അദ്ദേഹം നിർദ്ദേശിച്ചു. അദ്ദേഹത്തിന്റെ നിർദ്ദേശത്തെ ഞാൻ അനുകൂലിച്ചുകൊണ്ടു മന്ത്രി ബോർഡിന്റെ രൂപം ഇന്നതരത്തിൽ ആയിരിക്കുന്നതു ആശ്ചര്യകരമായിരിക്കുമെന്നു ഞാൻ നിർദ്ദേശിക്കേണ്ട ആവശ്യമുള്ളതു, അദ്ദേഹത്തിന്റെ നിർദ്ദേശത്തെ ഞാൻ ഇപ്പോൾ പൂർണ്ണമായി പ്രതിഷേധിച്ചിരിക്കുന്നു. ഇപ്രകാരമുള്ള പല നിർദ്ദേശങ്ങളും ചെയ്യുകയും അവയെ തള്ളിപ്പറയുകയും ചെയ്തിട്ടുണ്ട്, സക്കാർസർവ്വീസിനു പ്രാതിനിധ്യം ലഭിക്കുന്നതിനുള്ള മുറവിളി ആഹാരം ലഭിക്കുന്നതിനുള്ള ഒരു മുറവിളി ആണെന്നു എന്റെ സ്നേഹിതൻ മി: ടി. സി. കേശവപിള്ള പ്രസ്താവിച്ചു. ഈ പ്രസ്താവനയെ സംബന്ധിച്ചു എന്റെ പ്രസംഗത്തിനിടയിൽ അതിനു സമാധാനമെന്ന നിലയിൽ ഒരു വാക്കു പറയണമെന്നു ഞാൻ വിചാരിക്കുന്നു. അദ്ദേഹത്തിന്റെ സൂചനയെ ഞാൻ പ്രതിക്ഷേപിക്കുന്നു. നേരേ മറിച്ചു സക്കാർ സർവീസിലുള്ള പ്രാതിനിധ്യം എന്നതു "സക്കാർ സർവീസിൽ കായ്ക്ഷമത ഉണ്ടാകുന്നതിനുപോലുമോ ചെയ്യുന്ന ഒരു ഉദ്യമം മാത്രമാകുന്നു എന്നാണു ഞാൻ പറയുന്നതു".

മി ടി. സി. കേശവപിള്ള (കൽക്കുളവും വിളവംകോടും): ഉദ്യോഗസ്ഥന്മാരുടെ ശമ്പളം കുറയ്ക്കുന്നതുകൊണ്ടു വിരോധമുണ്ടോ?

മി: മാത്യു മുരിക്കൻ (വൈക്കം): ഉദ്യോഗസ്ഥന്മാരെ കുറിച്ചല്ലാ ഞാൻ ഇവിടെ പ്രതിപാദിക്കുന്നതു. സക്കാർ സർവീസിൽ പ്രാതിനിധ്യം നൽകുന്നതിനെ കുറിച്ചു മാത്രമാണ് ഞാൻ ഇവിടെ പ്രസ്താവിക്കുന്നതു.

മി: ടി. സി. കേശവപിള്ള (കൽക്കുളവും വിളവങ്കോടും): ശമ്പളം കൂടാതെ ഉദ്യോഗം സ്വീകരിക്കുവാൻ സ്നേഹിതനു സമ്മതമുണ്ടോ?

മി: മാത്യു മുരിക്കൻ (വൈക്കം): യാതൊരു പ്രതിഫലവും കൂടാതെ ജോലി ചെയ്യുന്നതിനു തയ്യാർ ഉള്ള ആളുകളെ കണ്ടു പിടിക്കണമെന്നു ഗവണ്മെന്റു പറയുകയുണ്ടായി. ഈ നിർദ്ദേശത്തെ ഞാൻ അനുകൂലിക്കുന്നി

ല്ല. പ്രതിഫലം കൊടുത്തു സാമഗ്രഹിച്ചുള്ള ആളുകളെ നാം നിയമിക്കണം. ഇപ്രകാരം ചെയ്യേണ്ടതാവശ്യമാണെന്നുള്ളതു നിശ്ചയമാണ്.

മി: ആർ. കെശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): ഒരു മത്സരപ്പരീക്ഷ ഏർപ്പെടുത്തുന്ന പക്ഷം അതിനെ സംബന്ധിച്ചു മെസറിനു വല്ലതെങ്കിലും ആക്ഷേപം പറയുവാനുണ്ടോ?

മി: മാത്തു മുതിക്കൻ (തൊടുപുഴ): ഇവ അനാവശ്യമായ ചോദ്യങ്ങളാകുന്നു.

മി: ടി. സി. കേശവപിള്ള (കൽക്കുളവും വിളവംകോടും): മത്സരപ്പരീക്ഷ വല്ലാതെ പോരെ?

മി: മാത്തു മുതിക്കൻ (തൊടുപുഴ): ഈ ചോദ്യം എന്നെ അതിശയിപ്പിക്കുമാത്രമാണ് ചെയ്യുന്നതു്. അതിനു ഈ മറുപടി മാത്രമേ എനിക്കു നൽകുവാനുള്ളൂ.

സർ, സർക്കാർ സർവീസിൽ പ്രാതിനിധ്യം വേണമെന്നുള്ള മുറവിളി ആഹാരം ലഭിക്കുന്നതിനുള്ള ആഗ്രഹത്തിനു മാത്രമായ ഒരു മുറവിളി യാണെന്നു പറയുകയുണ്ടായി. ഈ മുറവിളിയെപ്പറ്റി അപ്രകാരം പറയുന്നതിനു പകരം അതു സർക്കാർ സർവീസുകൾ കാര്യക്ഷമതയുള്ള കുറേകൂടി ഉത്തരവാദിത്വമുള്ള പൊതുനന്മാർ ചെയ്യുന്ന ഒരു ഉദ്യമമാകണമെന്നാണ് ഞാൻ പറയുന്നതു്. അതു ഏതു വിധത്തിലാണെന്നു എന്നോടു ചോദിക്കുന്നതിനു ഞാൻ ഇടയുണ്ടു്. ഇതാണു് എനിക്കു പറയുവാനുള്ളതു്. എല്ലാ സമുദായങ്ങൾക്കും സർവീസിൽ ശരിയായ പ്രാതിനിധ്യം നൽകുന്ന പക്ഷം അതു് കൂടുതലായ കാര്യക്ഷമതയ്ക്കു കാരണമായി തീരുന്നതാണ്. ഇതിനെയും ആഹാരത്തെയുമായി ഹമ്പർ സിക്രട്ടേറിയറിനെ എടുക്കാം പല സമുദായങ്ങളിലുമുള്ള അംഗങ്ങളെ അവിടെ നിയമിക്കപ്പെടുന്നപക്ഷം അതു് സുസ്ഥിരമായ ഗ്രേയസ്സിനു നിദാനമായി തീരുകയും എല്ലുപോലെ ജോലി ചെയ്യുന്നതിനു ഇടയാക്കുകയും ചെയ്യുന്നതാണ്. ഈ വിഷയത്തെപ്പറ്റി ഇപ്രകാരമാണ് ഞാൻ വീക്ഷിക്കുന്നതു്. സർക്കാർ സർവീസിൽ പ്രാതിനിധ്യം വേണമെന്നുള്ള മുറവിളി അത്ഥശൂന്യമായ ഒന്നാണെന്നു പറയുകയുണ്ടായി. മേൽ പറഞ്ഞ കാരണത്താൽ ഇപ്രകാരം പറയുന്നതു ബുദ്ധിപൂർവകമല്ലാ. ഇതിനോടുള്ളതിരെ മറ്റൊരു സംഗതി പ്രസ്താപിച്ചു കൊള്ളുന്നു. ശരിയായി ജോലി ചെയ്തു തങ്ങളുടെ ഉപജീവനം നേടുന്നതിനു ആഗ്രഹിക്കുന്ന ആളുകൾക്കോടു എന്തിനാണ് അസൂയപ്പെടുന്നതു്. അതു് എന്തിനാണെന്നു എനിക്കു മനസ്സിലാകുന്നില്ല. ആഹാരം ലഭിക്കുന്നതിനു മാത്രമുള്ള ഒരു ഉദ്യമമെന്ന നിലയിൽ അതിനെപ്പറ്റി പരിഗണിക്കാൻ പാടുള്ളതല്ല. ജനസംഖ്യയെ സംബന്ധിച്ചുള്ള റിപ്പോർട്ട് ലഭിക്കുന്നതു വരെ ഈ സംഗതിയെപ്പറ്റി ചിന്തിക്കുന്ന കൃത്യം മാറിവയ്ക്കണമെന്നു മി: ടി. സി. കേശവപിള്ള പിന്നീടു പ്രസ്താപിക്കയുണ്ടായി. ഇതും അത്ഥമില്ലാത്ത ഒരു നിർദ്ദേശമാകുന്നു. ഈ സംഗതിയെപ്പറ്റി തൊന്നിക്കുന്നതിൽ അധികം കാത്തിരിക്കേണ്ടയാതൊരാവശ്യവുമില്ല.

മി: ടി. സി. കേശവപിള്ള (കൽക്കുളവും വിളവംകോടും): ജാതിതിരിച്ചു കൊടുക്കണമെന്നാണതല്ലാ മതം തിരിച്ചു കൊടുക്കണമെന്നൊ ഏതാണഭിപ്രായം.

മി: മാത്തുമുതിക്കൻ (തൊടുപുഴ): ഇപ്രകാരമുള്ള ചോദ്യങ്ങൾ അനുമതത്തിനു കാരണമാക്കുക മാത്രമാണു ചെയ്യുന്നതു്.

മി: ടി. സി. കേശവപിള്ള (കൽക്കുളവും വിളവംകോടും): അതിനെപ്പറ്റി ഞാൻ ഒന്നും പറഞ്ഞാൽതി.

മി: മാത്തുമുതിക്കൻ (തൊടുപുഴ): അതിനെപ്പറ്റി പിന്നീടു ഞാൻ പ്രസ്താപിക്കുന്നതാണ്. മസ്സൻസസ്സ കമ്മീഷണർ അദ്ദേഹത്തിന്റെ റിപ്പോർട്ടു അയയ്ക്കുന്നതുവരെ ഈ പ്രമേയത്തെപ്പറ്റി ചിന്തിക്കുന്ന കൃത്യം മാറ്റി വെയ്ക്കുന്നതിനു യാതൊരു അത്ഥവുമില്ല. ഇതാണ് ഞാൻ പറയുന്നതു്. ചില സമുദായങ്ങളെപ്പറ്റി അംഗീകരിച്ചിട്ടുണ്ടു്. കഴിഞ്ഞ നിയമസഭാ സമ്മേളനങ്ങൾക്കിടയിൽ പല അവസരങ്ങളിലും പ്രതിപാദ്യവിഷയത്തെപ്പറ്റി ഗവണ്മെന്റു ബന്ധിതമായി പ്രസ്താപിച്ചിട്ടുണ്ടു്. ഈ സംഗതി ഗവണ്മെന്റു അംഗീകരിച്ചിട്ടുള്ളതാണ്, ഇതു നമുക്കു അറിയാവുന്നതാണല്ലൊ, കുറ്റത്തിന്റെ ഈ സ്ഥിതിക്കു സെൻസസ്സു കമ്മീഷണരുടെ റിപ്പോർട്ടു ലഭിക്കുന്നതുവരെ എന്തിനാണ് നാം കാത്തിരിക്കുന്നതു് മേൽപറഞ്ഞിട്ടുള്ള സമുദായങ്ങളെ സംബന്ധിച്ചുള്ള വ്യത്യാസപ്പെട്ട പല കണക്കുകളെയുംപറ്റി നിർണ്ണയിക്കുന്ന കാര്യത്തിൽ ഏതാനും വിഷമതകൾ ഉണ്ടെന്നു ഗവർണ്മെന്റു വിചാരിക്കുന്നപക്ഷം ഈ കാര്യത്തെപ്പറ്റി ചിന്തിക്കുന്നതിനു എന്തുകൊണ്ടു ഒരു കമ്മിഷനെ നിയമിക്കാൻപാടില്ല? നിശ്ചിതമായ ഏതെങ്കിലും തീരുമാനം ഈ സംഗതിയിൽ നാം ചെയ്യേണ്ടതാണ്.

മി: എൽ. ആർ. രാജരാജവർമ്മ കോയിത്തമ്പുരാൻ (ചങ്ങനാശ്ശേരിയും പീരുമേടും): ഇങ്ങനെ ഒരു ഭേദഗതി അടുത്ത പ്രമേയത്തിലും വരുത്തിയിട്ടുണ്ടെന്നു അറിയാമോ?

മി: മാത്തുമുതിക്കൻ (തൊടുപുഴ): ഇയിടെ ഹാജരാക്കിയിട്ടുള്ള പ്രമേയത്തെപ്പറ്റിയാണ് ഞാൻ പ്രസ്താപിക്കുന്നതു്. അതിനശേഷം എന്താണ് ഹാജരാക്കുന്നതെന്നും എന്റെ സ്നേഹിതന്മാർ തങ്ങളുടെ പ്രസംഗങ്ങളിൽ എന്തു കാര്യങ്ങളും പറയുമെന്നും ഉള്ള സംഗതികളും എനിക്കു അറിയാൻപാടില്ല.

മി: എ. എസ്. മാമോരെനാശാൻ (മാവേലിക്കരയും കാഞ്ഞിരപ്പള്ളിയും): ഈ വിഷയത്തെപ്പറ്റി ഒരു കമ്മോറി പൂർണ്ണമായി ചിന്തിക്കുന്നപക്ഷം അദ്ദേഹത്തിനു തൃപ്തിയാകുമോ എന്നു പറയുമോ?

മി: മാത്തുമുതിക്കൻ (തൊടുപുഴ): അങ്ങനെ ചെയ്യുന്നപക്ഷം അതു വളരെ തൃപ്തികരമായിരിക്കുന്നതാണ്. എന്നാൽ ഇതിനോടുള്ള മറ്റൊരു സംഗതി എനിക്കു പറയുവാനുണ്ടു്. രണ്ടുമാസങ്ങൾക്കകം ഈ വിഷയത്തെപ്പറ്റി തീരുമാനിക്കുമെന്നു് ഗവണ്മെന്റു നമ്മോടു ബന്ധിച്ചു പറയേണ്ടതാണ്. ഈ വിഷയങ്ങളിൽ ഒരു കമ്മറിയെ നിയമിക്കുന്നതിനു ഗവണ്മെന്റു ആഗ്രഹിക്കുന്നപക്ഷം അപ്രകാരം ഉടനെ ചെയ്യേണ്ടതാണ്. ഇതാണു ഞാൻ അഭ്യർത്ഥിപ്പെടുന്നതു്. പ്രതിപാദ്യവിഷയത്തെപ്പറ്റി അവസാനമായി തീർച്ചചെയ്യുന്നതിനു കൃത്യം മാറിവെയ്ക്കുന്നപക്ഷം അതുമൂലം സംസ്ഥാനത്തിനു വളരെ ദ്രോഹകരം നേരിടുന്നതാണു്, ഇതാണ് എന്റെ അഭിപ്രായം. പല സമുദായങ്ങളും തമ്മിൽ രസക്കേടുകൾ ഉണ്ടാകുന്നതിനും അതു ഇടയാക്കുന്നതാണ്. ഈ അവസരത്തിൽ ഗവണ്മെന്റു ചിന്തിക്കേണ്ട ഏതെങ്കിലും പ്രധാന വിഷയമുണ്ടെങ്കിൽ അതു പ്രസ്തുതവിഷയമാകുന്നു. അതിനാൽ മി: ഇട്ടുപ്പുഇട്ടിയച്ചൻ ഹാജരാക്കിയിട്ടുള്ള ഭേദഗതി അനുസരിച്ചു മി: കുഞ്ഞിക്കോസു അവതരിപ്പിച്ചിട്ടുള്ള പ്രമേയത്തെ ഞാൻ പിൻതാങ്ങുന്നു. എന്റെ സ്നേഹിതൻ മി: രാജരാജവർമ്മ കോയിത്തമ്പുരാൻ

ചെയ്തിട്ടുള്ള തിർദ്ദേശത്തെ സംബന്ധിച്ചിടത്തോളം ദേശാഭിമാനിയോട് യോജിക്കുന്നു എന്നാസ്സമാണെന്നു മതു നിമിഷംപോലും ഞാൻ വിചാരിക്കുന്നില്ല. ദേശാഭിമാനിയോട് യോജിക്കുന്നു ബുദ്ധിപൂർവ്വകമായിട്ടുള്ളതും അല്ല.

മി: തയ്യുകുഞ്ഞിത്തൊമ്മൻ (മൂവാറ്റുപുഴയും തൊടുപുഴയും): ഞാൻ മി: രാജരാജവർമ്മകോയിത്തമ്പുരാന്റെ ദേശാഭിമാനിയെ ശക്തിയായി എതിർത്തുകൊള്ളുന്നു. ഉദ്യോഗനിയമത്തെ സംബന്ധിച്ചു ഈ രാജ്യത്തുള്ള അഭിമതികളും അക്രമങ്ങളും നടന്നവരുന്നു എന്നുള്ളതു ഈ നാടൊട്ടുക്കു പ്രസിദ്ധമാണ്. പ്രജാസഭയിലേയും നിയമസഭയിലേയും മെമ്പർമാർ ഈ വിഷയത്തെപ്പറ്റി പല ആവശ്യങ്ങൾ പറഞ്ഞിട്ടുണ്ട്. പത്രങ്ങളിലും മെയിലുകളിലും ഈ സംഗതി വളരെ ആക്ഷേപത്തിന് ഇടയാക്കിയിട്ടുണ്ട്. ദിവാൻജിനിന്നും ഇതു ഏറെക്കുറെ ബോദ്ധ്യപ്പെട്ടിട്ടുമുണ്ട്.

ഉദ്യോഗനിയമാവിഷയത്തെ സംബന്ധിച്ചു വേണ്ട വ്യവസ്ഥ ചെയ്യണമെന്നു ശ്രേപക്ഷേപത്രപേണ ഫാദർ ജോ ബെഞ്ചുറ യോഗത്തിൽ മെമ്പർമാർ പ്രസ്താപിച്ചപ്പോൾ പ്രസിഡൻറ് അവർക്കും വേണ്ട വ്യവസ്ഥകളും ചെയ്യാമെന്നു മറുപടി പറഞ്ഞിട്ടുണ്ട്. അതിൽപിന്നീട് എന്താണ് ചെയ്തത്? ഈ വലുതായ അനീതിക്കു ഒരു പരിഹാരം ഏതുവിധത്തിൽ ഉണ്ടാക്കുവാൻപോകുന്നുഎന്ന ജനങ്ങൾ ഉൽക്കണ്ഠയോടുകൂടി വീക്ഷിച്ചുകൊണ്ടിരിക്കയായിരുന്നു. ഇതുവരെയായിട്ടും യാതൊരു നിവൃത്തിയും ഉണ്ടായില്ല. ഈ സംഗതി രാജ്യത്തു മഹിമമത്സരത്തോടുകൂടി വഞ്ചിക്കേണ്ട—അതുകൂടാതെ ഉദ്യോഗവിഷയങ്ങളിൽ ഐകമത്യത്തോടുകൂടി വഞ്ചിച്ചുവരുന്ന ജനങ്ങളുടെയിടയിൽ വലിയ കഷ്ടപ്പാടുണ്ടാക്കുന്നു. ഈ ഗൌരവമുള്ള കാര്യം വിട്ടുകളയുവാൻപാടില്ല. അനീതിയേയും അക്രമത്തേയും ശക്തിയോടുകൂടി എതിർക്കേണ്ടതു എല്ലാവരുടേയും കടമയാണല്ലോ. ദിവാൻജിനും ഇതിനും ഈ വിഷയത്തിൽ കാലതാമസം വരുത്താൻപാടില്ല.

ഈ ദേശാഭിമാനിയിൽ നിർദ്ദേശിച്ചിരിക്കുന്ന മാർഗ്ഗം ഈ അനീതിയെ നിർത്തുന്നതിനു ഒരിക്കലും പറ്റിയതല്ല. ഈ പ്രമേയത്തോടു സാമ്യമായ വിധത്തിൽ ബന്ധപ്പെടുമില്ല. ഉദ്യോഗനിയമനങ്ങളിൽ കാണിക്കുന്ന അഭിമതികളും വഞ്ചിയുമായിട്ടാണ് ഇരിക്കുന്നതെന്നു അടിക്കടി ഇവിടെ പറഞ്ഞുകൊണ്ടിരിക്കുന്നുണ്ട്.

മി: ഏ. എസ്. മുഹമ്മദുസാഹിബ് (മാവേലിക്കരയും കാഞ്ഞിരപ്പള്ളിയും): യഥാർത്ഥ നിയമനം എന്നു പറയുന്നതു വഞ്ചിയായ നിയമനം നടത്തുന്നതു എന്നു വിചാരിച്ചുവല്ലൊ?

മി: തയ്യുകുഞ്ഞിത്തൊമ്മൻ (മൂവാറ്റുപുഴയും തൊടുപുഴയും). യഥാർത്ഥമായ നിയമനം നടക്കണം. നേർവഴിയിൽനിന്നും കുറെ തെക്കോട്ടുപോയാൽ അവിടെനിന്നും നേർവഴിപോകയല്ല വേണ്ടതു. തിരിയെ നേർവഴിയിൽ വന്നിട്ടു പിന്നീടാണ് പോകേണ്ടതു. അതുപോലെ തന്നെ ഫാദർ ജോസഫ് പേക്കു കൊടുക്കായായിട്ടുവച്ചു, അതിൽ നിന്നു രൂപാ ഒരാൾ എടുക്കുന്നു. അതുപോലെ ശേഷമുള്ള പത്തുരൂപാ പത്തുപേർക്കായിട്ടു മാറിക്കൊടുക്കണമെന്നല്ലാ പറയേണ്ടതു. നേരെമറിച്ചു ആയിരം രൂപാകൊടുത്തു തിരുത്തു വാങ്ങിച്ചു ഫാദർ പേക്കായിട്ടു വീതിക്കയാണു വേണ്ടതു.

മി. എ. എസ്. മുഹമ്മദുസാഹിബ് (മാവേലിക്കരയും കാഞ്ഞിരപ്പള്ളിയും), അതുകൊണ്ടു ഇപ്പോൾ ഉദ്യോഗത്തിലിരിക്കുന്നതിൽ ഒരാളോ യഥാർത്ഥമായിട്ടു ഇരിക്കുന്നവർ രാജിവെച്ചുകൊടുക്കണമെന്നാണോ പറയുന്നതു?

മി. തയ്യുകുഞ്ഞിത്തൊമ്മൻ (മൂവാറ്റുപുഴയും തൊടുപുഴയും). അങ്ങിനെ പറഞ്ഞില്ല, ഉദ്യോഗവിഷയം ശ്രമമാണെന്നു ചിലർ പറഞ്ഞു. അതു അവരുടെ പ്രവൃത്തികൊണ്ടു കാണിച്ചിരുന്നാൽ സന്തതിക്കാരായിരുന്നു. സ്വയം സ്വീകരിക്കാൻ തയ്യാറില്ലാത്ത തത്വം അതുപറഞ്ഞാലും അതു സ്വീകരിയ്ക്കയോഗ്യമല്ലല്ലൊ. ഉദ്യോഗം ശ്രമമാണെന്നു ഞാൻ പറയുന്നതുപോലെ അവരാണ് അധികപങ്കും ഉദ്യോഗത്തിൽ ഇരിക്കുന്നതു. അതുകൊണ്ടു മറ്റുള്ളവരെക്കൂടി പ്രവേശിപ്പിച്ചാൽ അതു തങ്ങൾക്കു നഷ്ടമാണെന്നു വിചാരിച്ചാണ് ഇവർ ഇങ്ങിനെ പറയുന്നതു, വഞ്ചിയമായി ഉദ്യോഗദാനം ചെയ്യുകതന്നെ ഞാൻ പറയുന്നു എന്നു പ്രത്യേകം അഭിപ്രായപ്പെടുന്നതാണ്.

മറ്റൊരർത്ഥത്തിൽ പറഞ്ഞാൽ ഉദ്യോഗസ്ഥന്മാരുടെ സമൂഹമാണ് ദിവാൻജിയ്ക്ക് ഗവർണ്മെൻറിന്റെ സകല അധികാരങ്ങളും പ്രയോഗിക്കുന്നതു ഇവരാണ്. ഉദ്യോഗസ്ഥന്മാരുടെ മുമ്പിലും, അധികാരവും എടുത്താൽ പിന്നെ ദിവാൻജിയ്ക്ക് എന്നുള്ളതെന്താണ്. ഞങ്ങൾക്കു ഞങ്ങളുടെ ന്യായമായ അവകാശം നൽകണം. തിരുവിതാംകൂറിലെ ജനങ്ങൾക്കെങ്കിലെന്ന വഞ്ചിനോക്കിക്കൊടുക്കണം. ഏതു വഞ്ചിയായാലും ആ വഞ്ചി ആ രാജ്യത്തെ പൌരന്മാരുടെ ഒരു വിലാഗമാണ്. അതുകൊണ്ടു ഉദ്യോഗനിയമനവിഷയത്തെ സംബന്ധിച്ചു തൃപ്തികരമായ ഒരു വ്യവസ്ഥ ഉണ്ടാക്കണം. അതല്ലാതെ ഇങ്ങിനെ ഒരു ബോർഡ് ഏർപ്പെടുത്തിയാൽ കൂടുതൽ ദോഷമേയൊള്ളു. ഈ ബോർഡുതന്നെ മദ്രാസിൽ എർപ്പെടുത്തി പ്രയോജനമില്ലാതായതുകൊണ്ടു പിൻവലിച്ചു എന്നു മി. രാജരാജവർമ്മ കോയിത്തമ്പുരാൻതന്നെ പറയുകയുണ്ടായി.

രി: എൽ. ആർ. രാജരാജവർമ്മ കോയിത്തമ്പുരാൻ (ചങ്ങനാശ്ശേരിയും—പീരുമേട്ടും): ഞാൻ അങ്ങനെ പറഞ്ഞില്ല.

മി: തയ്യുകുഞ്ഞിത്തൊമ്മൻ (മൂവാറ്റുപുഴയും—തൊടുപുഴയും): മദ്രാസിൽ അങ്ങിനെ ഒരു ബോർഡ് ഉണ്ടായിരുന്നു എന്നും ഇപ്പോൾ അതു നടക്കുന്നില്ലെന്നും പറഞ്ഞു.

മി: എൽ. ആർ. രാജരാജവർമ്മ കോയിത്തമ്പുരാൻ (ചങ്ങനാശ്ശേരിയും—പീരുമേട്ടും): ഇപ്പോൾ അതു നടക്കുന്നുണ്ടോ ഇല്ലയോ എന്നു എനിക്കറിയാൻ പാടില്ല. അങ്ങിനെ മാറ്റുകയാക്കി ഇവിടെയും ഒന്നുണ്ടാക്കണമെന്നാണെന്താൻ പറഞ്ഞതു.

മി: തയ്യുകുഞ്ഞിത്തൊമ്മൻ (മൂവാറ്റുപുഴയും—തൊടുപുഴയും): അങ്ങനെയെങ്കിലും പറഞ്ഞതല്ലാ, അപ്പോൾ അവിടെയും ഇതുപോലെ വലിയ വാദമാണെന്നു വരുന്നുണ്ട്, കൊണ്ടുവരികയും ഇതുപോലെ ഉദ്യോഗത്തെസംബന്ധിച്ചു വലിയ വാദം നടക്കുന്ന ഒരു സ്ഥലമാണു, അവിടെയും ഇങ്ങിനെ ഒരു ബോർഡില്ല.

മി: എൽ. ആർ. രാജരാജവർമ്മകോയിത്തമ്പുരാൻ (ചങ്ങനാശ്ശേരിയും—പീരുമേട്ടും): അവിടത്തെ വാദം ഈ പ്രമേയത്തിൽ ഉദ്ദേശിച്ചിരിക്കുന്ന സംഗതിയാണോ?

ശ്രീ: തയ്യുകുഞ്ഞിത്തൊമ്മൻ (കുറവരപുഴയും-കരോട്ടപുഴയും): അതേ സംഗതിതന്നെയാണ് ഉദ്യോഗർ വർഗ്ഗം ഭയാക്കി ന്യായമായി പീഡിക്കപ്പെടുമെന്നതന്നെയാണ മല്ലാസിലും മൈസൂരിലും ഉള്ള വാദം. ഈ പ്രശ്നത്തിലുള്ള വാക്കുകൾക്കും അതിലെ വാക്കുകൾക്കും ഒരു പ്രത്യേക വ്യത്യാസം കാണുമായിരിക്കും.

ശ്രീ: ടി. സി. കേശവപിള്ള (കുലുക്കളം-വിളവംകോട്): രാമസ്വാമിയുടെ ഷിർപ്പാട്ടുകാരംപോലെ ഈ വിഭാഗവും കൊടുക്കുന്നതുകൊണ്ട് നമ്പർക്ക് വിരോധമുണ്ടോ?

ശ്രീ: തയ്യുകുഞ്ഞിത്തൊമ്മൻ (കുറവരപുഴയും-കരോട്ടപുഴയും): അതിന്റെ ആവശ്യമില്ലല്ലൊ?

ശ്രീ: എ. സി, കുര്യാക്കോസ് (മീനച്ചിലും-മേവാകുളവും): ഈ വക സംഗതികളും ശരിയായിനടത്താൻ നമ്മുടെ സഭക്കുള്ളിൽതന്നെ ശക്തിയില്ലേ?

ശ്രീ: തയ്യുകുഞ്ഞിത്തൊമ്മൻ (കുറവരപുഴയും കരോട്ടപുഴയും): ഉണ്ട്.

ശ്രീ: രേവതിനാൾ രാമവർമ്മരാജാ (ഇടവക): ജനസംഖ്യയെ അടിസ്ഥാനമാക്കി ഉദ്യോഗം കൊടുക്കണമെന്നു പറഞ്ഞാൽ ഈനസംഖ്യകുറവുള്ളവർക്ക് എന്തെങ്കിലും കിട്ടാൻ വഴിയുണ്ടോ?

ശ്രീ. തയ്യുകുഞ്ഞിത്തൊമ്മൻ (കുറവരപുഴയും-കരോട്ടപുഴയും): അവർക്കും അർഹതയുള്ളതു കിട്ടാൻ വഴിയുണ്ട്.

ശ്രീ. രേവതിനാൾ രാമവർമ്മരാജാ (ഇടവക): അങ്ങനെങ്കിൽ കിട്ടും?

ശ്രീ. തയ്യുകുഞ്ഞിത്തൊമ്മൻ (കുറവരപുഴയും-കരോട്ടപുഴയും): എല്ലാവർക്കും കിട്ടാൻ വഴിയില്ല; അതുകൊണ്ടു ഈ പ്രശ്നമെ സഭാകരിക്കേണ്ട എന്നാണോ പറയുന്നത്? ഒന്നും വേണ്ട എന്നു പറയുന്നതിനെക്കാൾ ഭേദമുള്ള ഈ വ്യവസ്ഥ.

ശ്രീ. രേവതിനാൾ രാമവർമ്മരാജാ (ഇടവക): ഈ പ്രശ്നം പാസ്സായാൽ ജനസംഖ്യ കുറഞ്ഞിട്ടുള്ള ജാതിക്കാർക്ക് എങ്ങനെ കിട്ടും.

ശ്രീ. തയ്യുകുഞ്ഞിത്തൊമ്മൻ (കുറവരപുഴയും-കരോട്ടപുഴയും): അവരുടെ ജനസംഖ്യ തോതനുസരിച്ചു കിട്ടും. ഇതിനപ്പുറം ഭൂരിഭാഗം പറയേണ്ട ആവശ്യമില്ല.

ശ്രീ. എ. എസ്. ഓമലാലൻആശാൻ (മാരേവഴിക്കലും-കാഞ്ഞിരപ്പള്ളിയും)- സഭാരേഖയിൽ ജനസംഖ്യ കുറവാണെങ്കിലും യോഗ്യതയുള്ള ആളുകൾ ധാരാളം കാണുമല്ലൊ. അവർക്കിട്ടുമോ?

ശ്രീ. തയ്യുകുഞ്ഞിത്തൊമ്മൻ (കുറവരപുഴയും-കരോട്ടപുഴയും). ഇപ്പോൾ കിട്ടുന്നില്ല അതുപോലെ കിട്ടും.

ഒരേർപ്പാടും പരിപൂർണ്ണമല്ല. സിവിലും ക്രിമിനലും ചട്ടങ്ങളും ശരിയായിരിക്കുന്നതു, എങ്കിലും മോഷണവും അക്രമങ്ങളും നടക്കുന്നുണ്ട്. അതുപോലെ ഒരു വ്യവസ്ഥയുണ്ടായാലും അക്രമം നടക്കുമായിരിക്കും. എന്നാലും ഈ അഴിമതിക്ക കുറെ കൂടെ ഒരു ഭേദംവരും.

ഈ രാജ്യത്തു അധിവസിക്കുന്ന എല്ലാവർക്കുംസമമായവനയോടുകൂടി ഉദ്യോഗവിതരണം ചെയ്യേണ്ടതാണ്. അതാണ് പരിഷ്കൃതഭരണത്തിന്റെ ലക്ഷണം. കൌൺസിലിൽതന്നെ പട്ടികകൊണ്ടതന്നെ ഉദ്യോഗസ്ഥന്മാർ അവരുടെ വർഗ്ഗക്കാർക്ക് ഞങ്ങളുടെയും കാണിക്കുന്നതുണ്ടെന്നു വ്യക്തമാകുന്നുണ്ട്. ഇതിനു ഒരു നിവൃത്തി ഉടനെ ഉണ്ടാക്കേണമെന്നാണ്. ഇതിലേക്കു ഈ കൌൺസിൽ ഒരുപ്രയോജനം കൊണ്ടുവന്നുപോസാക്കാൻ വളരെ വിഷമമുണ്ട്. അങ്ങനെയുണ്ടെന്ന് മനസ്സിലാക്കണം. ഇതു ഈ രാജ്യത്തെ പ്രതിനിധിനിയോഗമാണ്, ഇവിടെയിവ്വർഗ്ഗത്തിൽ കൊച്ചുപ്രതിനിധികളുണ്ട്, അനീതിയും അക്രമവും തടയേണ്ടതു ഭരണകർത്താക്കന്മാരാണെന്നു കണ്ടാലും അവയെ എടുത്തുകാണിക്കുന്നതാണ്. ഒരു സ്ഥാനത്തുള്ള സജനപ്രതിപത്തി വളരെ ചീത്തയുണ്ട്.

അദ്ധ്യക്ഷൻ: നിങ്ങളുടെ സമയംകഴിഞ്ഞു.

ശ്രീ: തയ്യുകുഞ്ഞിത്തൊമ്മൻ (കുറവരപുഴയും-കരോട്ടപുഴയും): സമയം അയുമുകാണ്ടു ഞാൻ നിറുത്തുന്നു.

ഉച്ചതിരിഞ്ഞു മണി 2 അടിച്ചു 20 മിനിട്ടു ആയപ്പോൾ സഭ വിശ്രമിക്കുന്നതിനായി പിരിയുകയും 2 അടിച്ചു 45 മിനിട്ടു കഴിഞ്ഞപ്പോൾ വീണ്ടും കൂടുകയും ചെയ്തു.

ശ്രീ: എൻ. കെ. കൃഷ്ണപിള്ള (തെക്കുംഭാഗത്തിൽകക്കര): ഈ സഭയിൽ അവതരിപ്പിച്ചിട്ടുള്ള പ്രമേയത്തെയും അതിനെ സംബന്ധിച്ചുള്ളമേതിയെയും ഞാൻ പ്രതിക്ഷേധിച്ചുകൊള്ളുന്നു. എന്നാൽ സക്കാർസർവീസിൽ പ്രാതിനിധ്യം ഇല്ലാത്ത സമുദായങ്ങൾക്കും ശരിയായപ്രാതിനിധ്യം നൽകുന്നതിനു ആവശ്യമുള്ള വഴി വകുപ്പുകൾ സ്വീകരിക്കുന്നതിൽ സഭയിലെ അന്യമതസ്ഥരായ പ്രത്യേകസ്ഥാനമുള്ള സാമാജികന്മാർ യാതൊരുവിധ സമ്മതിയും യാതൊരു പ്രതിബന്ധവുമുണ്ടാകുന്നതിനു കാരണമായിട്ടില്ലെന്ന് ആദ്യമേതന്നെ പ്രസ്താവിക്കുന്നതിനു എനിക്കു അനുമതിതരണമെന്നു ഞാൻ അപേക്ഷിച്ചുകൊള്ളുന്നു. ഈ സംഗതിയെ അനുകൂലിച്ചു ഞങ്ങളിൽ അധികംപേരും വളരെ ബഹുമാനിച്ചിട്ടുണ്ടു. നിയമസഭാ നടപടികളിൽ നിന്ന് ഇപ്രധാനമായ കാര്യത്തെ മനസ്സിലാക്കാവുന്നതാണ്. സർ, സക്കാർ സർവ്വീസിൽ പ്രാതിനിധ്യമുണ്ടാകണമെന്നുള്ള വിഷയത്തിനെ അപേക്ഷിച്ചു മാത്രം യാതൊരു സംശയവും ആധുനികകാലങ്ങളിൽ ഇവരുടെ ഇടയിൽ ഉണ്ടാകുന്നതിനും പൊതുജനങ്ങൾക്കും അനുകൂലമായ ഉൽകണ്ഠക്കു കാരണമാക്കിയിട്ടില്ല. അതിനാൽ ഇതുപോലെ വിഷമതയായിതീർന്നിട്ടുണ്ടു. ഈ കാരണത്താൽ സകാര്യമായ ഈ വിഷയത്തെപ്പറ്റി തീരുമാനിക്കേണ്ടതു ആവശ്യമാണെന്നുള്ളതിനെപറ്റിയാതൊരു സംശയവുമില്ല. എന്നാൽ ഇപ്പോൾ ഈ സഭയിൽ അവതരിപ്പിച്ചിരിക്കുന്ന പ്രമേയത്തിനെ അടങ്ങിയിരിക്കുന്ന ശിപാർശകളെ സംബന്ധിച്ചിടത്തോളം പലകാരണങ്ങളാലും അവ സ്വീകരിക്കയോഗ്യമല്ലെന്നാണ് എനിക്കു ബോധപ്പെടുത്തുവാനുള്ളതു.

ഒന്നാമതായി എനിക്കു പ്രസ്താവിക്കുവാനുള്ള സംഗതിതാഴെപ്പറയുന്നതാണ്, അടിസ്ഥാനമായി സ്വീകരിച്ചു പ്രവർത്തിക്കയുന്നതിനു ശരിയായസ്ഥിതിവിവരകണക്കുകളും നമുക്കു ഇല്ലാതിരിക്കുന്നു. ഇങ്ങനെ ആണ് എനിക്കു തോന്നുന്നതു, തിരുവിതാംകൂറിൽ എതു സമുദായങ്ങളുടെയെങ്കിലുമുള്ളതിനെ സംബന്ധിച്ചു അറിയുന്നതു വളരെ ഏറ്റപ്പെട്ടുള്ള ഒരു കാര്യമാണെന്നു സഭയുടെ ഈ മാന്യന്മാരുള്ള എഴുനിറ സ്നേഹിതന്മാരിൽ ചിലർപ്രസ്താവിക്കയുണ്ടായി, എന്നാൽ ഈ പതനത്തിൽ താനും തന്റെയും തന്റെയും സ്ഥാനത്തുള്ള സമുദായങ്ങളുടെ സംഖ്യപോലും എത്രയെന്നുള്ളതു നിർണ്ണയിക്കുന്നതിന് വളരെവിഷമമാണ്. ഇതാണ് എനിക്കു ബോധിപ്പിക്കുവാനു

ള്ളത്. ഈ കാര്യത്തെസംബന്ധിച്ചു ശരിയായവിവരങ്ങൾ ആവശ്യമായി നമുക്കു ലഭിക്കേണ്ടതാണ്. ഈ വിഷയത്തെപ്പറ്റി പൂർണ്ണമായി ചിന്തിക്കുന്നതിനു ഒരു കമ്മീഷനിയെ രൂപീകരിക്കേണ്ടതാണെന്നു ഞാൻ നിർദ്ദേശിച്ചുകൊള്ളുന്നു. സക്കാർസർവീസിൽ സമുദായപ്രാതിനിധ്യം സ്വീകരിക്കണമെന്നുള്ള അവർ വിചാരിക്കുന്നപക്ഷം, പല സമുദായങ്ങളേയും, പല വിധത്തിൽ തിരിക്കേണ്ടതുണ്ട്, മറവുള്ള വിഷമങ്ങളെപ്പറ്റി അവർ നിർദ്ദേശങ്ങൾ ചെയ്യണമെന്നാകുന്നു. ഇതു വളരെ ഗൗരവമുള്ള ഒരു വിഷയമാകുന്നു. ഇതിനൊരുദാഹരണം പറയാം. ക്രസ്ത്യാനികളുടെ ഇടയിൽ തന്നെ രണ്ടു പ്രധാനവിഭാഗങ്ങൾ ഉണ്ടു അവയിൽ ഒന്നു പ്രോട്ടസ്റ്റൻറ് ക്രിസ്ത്യാനികളും, മറ്റേതു കത്തോലിക്കാക്രിസ്ത്യാനികളും ആകുന്നു. അവരുടെ ഇടയിൽ തന്നെയും പല ഉപവിഭാഗങ്ങളുണ്ടു. സക്കാർസർവീസിലുള്ള പ്രാതിനിധ്യത്തെ സംബന്ധിച്ചിടത്തോളം, തങ്ങളെ ഒരു പ്രത്യേക സമുദായമായിഗവണ്മെൻറ് ഗണിക്കുന്നതിനു ഇവയിൽ ഓരോ സമുദായവും ശ്രമിച്ചുവരികയാണ്. ഈ കാര്യത്തെ അടിസ്ഥാനപ്പെടുത്തി ചിന്തിക്കുന്നപക്ഷം, നായന്മാരുടെ ഇടയിൽതന്നെയും, ഇല്ലക്കാർ, സ്വരൂപക്കാർ, മുതലായി പല ഉപവിഭാഗങ്ങളുണ്ടു. ഈ പ്രമേയത്തിൽ അടങ്ങിയിരിക്കുന്ന ശിപാർശകളെ സ്വീകരിക്കുന്നതായാൽ സർക്കാർ സർവീസിൽ തങ്ങൾക്കു പ്രാതിനിധ്യമുണ്ടാകണമെന്നു ഓരോ ഉപവിഭാഗങ്ങളിൽ നിന്നുള്ള പ്രതിനിധികളും മേലധികാരികളോടു അപേക്ഷിക്കുന്നതിനു ഈ ഉപവിഭാഗങ്ങളിൽ ഓരോന്നും ശ്രമിക്കുന്നതാണ്. അതു നിമിത്തം ഈ വിഷയം അധികമധികം വിഷമതയുള്ളതായിത്തീരുന്നതാണ്. ഇവിടെ അവതരിപ്പിച്ചിരിക്കുന്ന പ്രമേയത്തിന്റെ ഇപ്പോഴത്തെ രൂപത്തിൽ അതിനെ സ്വീകരിക്കുന്നപക്ഷം തൽക്ഷണം അത്യധികമായ ഉപദ്രവം നേരിടുന്നതിനു ഇടയാക്കുന്നതാണ്. ഈ കാര്യത്തെപ്പറ്റി പരിഗണിക്കുന്നതായാൽ, പൊതുജനക്ഷേമത്തെ സംബന്ധിച്ചിടത്തോളം, ഈ വിഷയത്തെപ്പറ്റി സർവതോമുഖമായ വിധത്തിൽ ചിന്തിക്കുന്നതിനു ഒരു കമ്മീഷനിയെ നിയമിക്കുന്നതു വളരെ ഉചിതമായിരിക്കുമെന്നാണ് എനിക്കു ബോധിപ്പിക്കുവാനുള്ളതു.

ഈ അവസരത്തിൽ മറെറാരു സംഗതിയെക്കുറിച്ചു എനിക്കു ഒന്നു രണ്ടു നിരീക്ഷണങ്ങൾ ചെയ്യേണ്ടിയിരിക്കുന്നു. ചില സമുദായങ്ങളെ സംബന്ധിച്ചിടത്തോളം സക്കാർ സർവീസിൽ വളരെ കൂടുതലായ പ്രാതിനിധ്യം ഉണ്ടായിരുന്നു ഇതു പാരമ്പര്യമായ ഒരു കാര്യമാണ്. എന്നാൽ ഇപ്പോൾ ഉദ്യോഗത്തിലിരിക്കുന്നവരുടെ കുറെ കൊണ്ടല്ലാം ഇപ്രകാരം സംഭവിച്ചിട്ടുള്ളതു്. പൂർവ്വ ചരിത്രവും യാഥാർത്ഥിക സംഭവങ്ങളും ആണു ഇതിനു അധികമായി ഉത്തരവാദിത്വം വഹിക്കുന്നതു. ഇതിനും പുറമേ അവർക്കു നിലനിൽക്കുന്നതിനു സാധിക്കാത്ത പരിതഃസ്ഥിതികളും മൂലവും ഇപ്രകാരം സംഭവിച്ചിട്ടുള്ളതാകുന്നു. ഈ സമയത്തിൽ ഇപ്പോൾ അവതരിപ്പിച്ചിരിക്കുന്ന ഉപക്ഷേപത്തെ നാം സ്വീകരിക്കുന്നപക്ഷം, കാര്യങ്ങളുടെ മേൽപറഞ്ഞ സ്ഥിതികൾക്കു ഭേദമാകുന്നതിൽ യാതൊരു ഉത്തരവാദിത്വവുമില്ലാത്ത ഇപ്പോഴത്തെ തലമുറയിൽ ഉള്ള ജനങ്ങളെ നാം ശിക്ഷിക്കുകയായിരിക്കും അതുമൂലം ചെയ്യുന്നതു. ഭാവിയിൽ ഏതാനും കൊല്ലങ്ങളിൽ ഈ തലമുറയിൽ ഉള്ള ജനങ്ങളെ ക്രമമായ വിധത്തിൽ സർവീസിൽ പ്രവേശിപ്പിക്കുന്നതിൽ നിന്നു തടയണമെന്നുള്ള സംഗതിയാണു ഈ പ്രമേയത്തിൽ നിർദ്ദേശിച്ചിരിക്കുന്നതു. ഇതു വളരെ കഠിനമായ ഒരു പ്രവൃത്തിയാണു ഈ പ്രമേയത്തിനു നിർദ്ദേശിച്ചിരിക്കുന്നതു. ഈ കാരണത്തെ കൂടി അടിസ്ഥാനപ്പെടുത്തിയും ഞാൻ പ്രസ്തുത പ്രമേയത്തെ പ്രതിക്ഷേപിച്ചുകൊള്ളുന്നു.

മി: എൽ. അയ്യർ രാജരാജവർമ്മകോയിത്തമ്പുരാൻ: ഒരു സ്റ്റാഫ് സെലക്ഷൻ ബോർഡു രൂപീകരിക്കുന്നതിനെപ്പറ്റി പ്രസ്താവിച്ചു. അതിന്റെ ഘടനയെ സംബന്ധിച്ചിടത്തോളം ബോർഡു നിർവഹിക്കേണ്ട കൃത്യങ്ങളെപ്പറ്റി ഞാൻ അല്പമെന്തിനോടു ചോദിക്കുകയുണ്ടായി, ആ അവസരത്തിൽ നിശ്ചിതമായ യാതൊരു മറുപടിയും നൽകുന്നതിനു അല്പമെത്തിനു സാധിച്ചില്ല. അല്പമെം ഹാജരാക്കിയിട്ടുള്ള രേഖാമൂലമുള്ള വിവരങ്ങളിൽ നിന്നും, വ്യക്തമല്ലാതിരിക്കുന്നു. അതിനാൽ കമ്മീഷനിയെ രൂപീകരിക്കണമെന്നുള്ള സംഗതി വളരെ ഏകദേശം സമ്മതിക്കുന്നതിൽ ഞാൻ ശിപാർശ ചെയ്യുകൊള്ളുന്നു. എന്നാൽ നിർഭാഗ്യവശാൽ ഈ സംഗതിയെപ്പറ്റി ഈ സമയത്തിൽ പ്രതിപാദിച്ചിട്ടില്ല ഈ കാരണത്താൽ പ്രമേയത്തേയും അതിന്റെ ഭേദഗതിയേയും ഞാൻ പ്രതിക്ഷേപിച്ചുകൊള്ളുന്നു. അപ്രകാരം ചെയ്യുകയല്ലാതെ മറെറാരു മാർഗ്ഗാന്തരവും എനിക്കില്ല.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): സർ, ഈ സമയത്തിൽ അവതരിപ്പിച്ചിരിക്കുന്ന പ്രമേയത്തിൽ അന്തർഭവിച്ചിരിക്കുന്ന തത്വത്തെ പിൻതാങ്ങുന്നതിനു ഞാൻ എഴുനേറെറ കൊള്ളുന്നു. സർ, ഏതൻസ് സ്വതന്ത്രനിലയിൽ പറയുകയാണെങ്കിൽ, ഈ സംസ്ഥാനത്തെ സക്കാർ സർവീസിൽ ഏതു സമുദായത്തിനു പ്രാതിനിധ്യം നൽകുന്നതായാലും ഞാൻ ഈ കാര്യത്തിൽഅനാസ്ഥപ്രദർശിപ്പിക്കുകയുമില്ല. സക്കാർ സർവീസിൽ നിയമിക്കപ്പെട്ടുന്ന ആളുകൾ ഏതു സമുദായത്തിൽപെട്ടവരാണെന്നുള്ളതു നോക്കിക്കൊണ്ടുമല്ല. എന്നാൽ ഈ കാര്യത്തിലെ പൊതുജനങ്ങളെ സംബന്ധിച്ചിടത്തോളം, അവർ അവരുടെ കൃത്യങ്ങളെ തൃപ്തികരമായവിധത്തിൽ നിർവഹിക്കണം. ഇതിനും പുറമെ ഈ സംസ്ഥാനത്തിന്റെ ഏറവും കൂടുതലായ രക്ഷയെപ്പറ്റി പരിഗണിച്ചും അവർ അവരുടെ കൃത്യങ്ങൾ ചെയ്യണം. ഈ വിഷയത്തിൻ മേൽ പറഞ്ഞിട്ടുള്ള വിധത്തിൽ ചിന്തിക്കുന്നവരിൽപ്പെട്ട ഒരാളാണു ഞാൻ. ഇന്നലെയും കഴിഞ്ഞ പത്തുകൊല്ലങ്ങളിൽ ഉണ്ടായിട്ടുള്ളതും ആയപ്രധാന ചിന്താവിഷയം സമുദായ പ്രാതിനിധ്യമാകുന്നു. ഇതു ഈ രാജ്യത്തെ സംബന്ധിച്ചിടത്തോളം ഒരു പ്രധാന സംഗതിയായി തീർന്നിരിക്കയാണു. അതിനാൽ മേൽ പറഞ്ഞിട്ടുള്ളകാര്യങ്ങളും കൂടാതേതന്നെയും, പ്രസ്തുതവിഷയത്തെപ്പറ്റി ഈ ഹാളിൽ വച്ചു ചിന്തിച്ചുകൊണ്ടിരിക്കുന്ന അവസരത്തിൽ ഞാൻ മൌനം അവലംബിച്ചുകൊണ്ടിരിക്കുന്നതു ധിക്കുവാനും മോശമായ ഒരു കാര്യമാകുന്നു. ഈ പ്രമേയത്തെ അടിസ്ഥാനമാക്കി പ്രസംഗിക്കുന്നതിനു എഴുനേൽക്കുന്നതു ഈ മനോഭാവത്തോടുകൂടിയാണു. ഈ സമയത്തിൽ ഇപ്പോൾ ഹാജരാക്കിയിട്ടുള്ള പ്രമേയം പല വിഷമതകൾക്കും ആധിനമായ ഒന്നാണെന്നാണ് നിർഭാഗ്യവശാൽ എനിക്കു പറയേണ്ടിയിരിക്കുന്നു. പ്രമേയത്തിന്റെ രൂപത്തെയും അതിനെ ഈ സമയത്തിൽ അവതരിപ്പിച്ചിട്ടുള്ളതിനെസംബന്ധിച്ചു അതിന്റെ രൂപത്തെയുംപ്പറ്റി ഗണിക്കുന്നപക്ഷം, സമയത്തിലെ അന്തരീക്ഷത്തെപ്പറ്റിയും സാമാജികന്മാരുടെ എല്ലാം അഭിപ്രായത്തെ പിൻതാങ്ങുന്നതിനു നിവൃത്തിയില്ലാതിരിക്കുന്നു. സമുദായ പ്രതിനിധ്യത്വം സ്വീകരിക്ക

പ്പെടാതിരിക്കുന്ന പക്ഷം ഗവണ്മെന്റ് ഉദ്യോഗങ്ങൾ ലഭിക്കുന്നതിനു ന്യൂന പക്ഷ സമുദായങ്ങൾക്കു സൌകര്യമില്ലാതിരിക്കയും, വളരെ കുറഞ്ഞ സൌകര്യവും മാത്രം ഉണ്ടായിരിക്കയോ മാത്രം ചെയ്യുന്നതാണ്. ഈ സംഗതിയിൽ ഞാൻ പൂർണ്ണമായി യോജിക്കുന്നു. ഈ വിഷയത്തെപ്പറ്റി രീതിമാനിക്കുന്നതിനു വിഷമകരം ഉണ്ടു. ഈ കാരണം നിമിത്തം വർഷമയുള്ള കാര്യത്തെ സംബന്ധിച്ചു ഒരു പരിഹാരമുണ്ടാക്കുന്നതിനു ഗവണ്മെന്റ് ഓഫീസുള്ള സമാജികന്മാരെ, അന്യോദ്യോഗസ്ഥ ഓഫീസുള്ള സമാജികന്മാരെ, ഉദ്യമവും തിരുത്തിയുമായ പക്ഷത്തിൽ ഇതുവരെ നിയമിച്ചിട്ടില്ല. ഇവിടെ ചെയ്തിട്ടുള്ള വാഗ്വാദങ്ങളിൽ നിന്നും ഈ സംഗതി പ്രത്യക്ഷമാകുന്നതാണ്. സക്കാർ സർവീസിൽ തങ്ങളുടെ മതിയായ വിധം ലഭിക്കേണ്ട പ്രാതിനിധ്യം ലഭിക്കുന്ന കാര്യത്തിൽ ഏതെങ്കിലും സുഖമായത്തെ മാറിനിൽക്കുന്നുണ്ടെന്നു ഉദ്ദേശം തിങ്ങിരിക്കുന്നുള്ളൂ. ഈ സഭയിലെ അന്യോദ്യോഗസ്ഥപ്രത്യേകമുള്ള സാമാജികന്മാർ മുൻപു തന്നെ സരത്തിൽ മറ്റുകക്ഷിയുടെ അഭിപ്രായത്തെപ്പറ്റി ഇതുവരെ ഈ സംഗതിസമ്മതിച്ചിട്ടുള്ളതായിട്ടൊന്നും കാണുന്നില്ല. ഈ വിഷയത്തിൽ കൂടുതലായി ഒന്നുകൂടിയും ബുദ്ധിമുട്ടു നേരിടുമെന്നു ഞാൻ വിചാരിക്കുന്നില്ല. എന്നാൽ ഈ പ്രമേയത്തിന്റെ ഇപ്പോഴത്തെ രൂപത്തിൽ നിന്നു പല അർത്ഥങ്ങളും വരുന്നുണ്ടു്. പ്രമേയം അവതരിപ്പിച്ചിട്ടുള്ള ആളോ, പ്രമേയത്തിനു ഭേഗതി ആജരാക്കീട്ടുള്ള ആളോ, മറ്റൊരുത്തനിലും സാമാജികനോ, ഈ കാര്യത്തെപ്പറ്റി പൂർണ്ണമായി വിചാരിച്ചിട്ടുണ്ടെന്നു വിചാരിക്കുന്നില്ല. പ്രമേയത്തിന്റെ എല്ലാ അവസ്ഥാനങ്ങളേയും പറ്റി മനസ്സിലാക്കുന്നതിനു വളരെ പ്രയാസമായിരിക്കുന്നു. പ്രമേയം മൂലമുണ്ടാകുന്ന ഫലത്തിനേയും അതിന്റെ പൂർണ്ണമായ വ്യാപ്തിയേയും പറ്റി വിവരമായി പറയുന്നതിനു ആരെങ്കിലും മെയവുണ്ടായിരുന്ന എങ്കിൽ അതിനെൽ വോട്ടു ചെയ്യുന്നതിനു മുമ്പോട്ടു ആവശ്യപ്പെട്ടന്ന അവസരത്തിൽ അതിനു അഭേക്ഷമായോ, പ്രതിക്ഷമായോ, വോട്ടു ചെയ്യുന്നതിനു നമുക്കു എളുപ്പമുണ്ടാകുന്നു. പ്രമേയത്തിനു അടിസ്ഥാനമായ തത്വത്തെപ്പറ്റി യാതൊരു ഭിന്നാഭിപ്രായത്തിനും അവകാശമില്ലാത്തതാകുന്നു. പ്രമേയത്തിന്റെ തത്വത്തെപ്പറ്റി എല്ലാ വശത്തും തീച്ചിട്ടുണ്ടു്. എന്നാൽ പ്രമേയത്തിന്റെ ഇപ്പോഴത്തെ രൂപത്തിനെപറ്റി ചിന്തിക്കുന്ന പക്ഷം അല്പം പല സാമമായ ബുദ്ധിമുട്ടുകൾക്കും കാരണമാകുന്നതാണ്. പ്രമേയത്തിന്റെ ഇപ്പോഴത്തെ രൂപത്തിൽ അതിനെപ്പറ്റി ഇത്രയധികം വാഗ്വാദിവാദം ചെയ്യുന്നതുകൊണ്ടു വല്ല പ്രയോജനമുണ്ടാകുമെന്നു ഞാൻ വിചാരിക്കുന്നില്ല. എന്നാൽ അതിന്റെ ചില അപ സ്ഥാനങ്ങളെപ്പറ്റി ഈ സഭ ചിന്തിക്കേണ്ടതാകുന്നു.

ജനസംഖ്യയെ അപേക്ഷിച്ചു് ശരിയായവിധം പ്രാതിനിധ്യം നൽകിയിട്ടില്ലാത്ത സമുദായങ്ങൾക്കു ഗവർമെന്റ് സർവീസിൽ കൂടുതൽ പ്രാതിനിധ്യം നൽകണമെന്നുള്ളതാണു് പ്രമേയത്തിന്റെ പ്രഥമഭാഗമെന്നു് ആദ്യമായി ഞാൻ പ്രസ്താവിച്ചുകൊള്ളുന്നു. പ്രമേയത്തിന്റെ ഈ ഭാഗത്തോടു് ഞാൻ പൂർണ്ണമായി യോജിച്ചുകൊള്ളുന്നു. ഈ കാര്യത്തിൽ ഈ സഭയിലെ അന്യോദ്യോഗസ്ഥഭാഗത്തുള്ള സാമാജികന്മാർ യോജിക്കുമെന്നു ഞാൻ വിചാരിക്കുന്നു. എന്നുകാണുന്നതിൽ ഈ വിഷയത്തിൽ ഒരു പരിഹാരമുണ്ടാക്കുന്നതിനു് ഏതെങ്കിലും പദ്ധതിയെ സ്വീകരിക്കേണ്ടിവരുന്നപക്ഷം എന്റെ അഭിപ്രായത്തിൽ ഇതിനു് ഏറ്റവും ഉത്തമമായ പദ്ധതി ജനസംഖ്യാകണക്കിനെ അടിസ്ഥാനപ്പെടുത്തിയുള്ള സംഭോഗമാണു്. ജനസംഖ്യാകണക്കിനെ അടിസ്ഥാനപ്പെടുത്തിയുള്ള സമുദായ പ്രാതിനിധ്യം ഉത്തമമായ ഒരു സമ്പ്രദായമാകുന്നു. അതിനോടു് ഞാൻ പൂർണ്ണമായി യോജിക്കുന്നു.

മി: എൽ. ആർ. രാജരാജവർമ്മകോയിത്തമ്പുരാൻ, (ചങ്ങനാശ്ശേരിയും പീരുമേട്ടും) : മി. സ്പീക്കറുപ്പിള്ളയോടു് എനിക്കു് ഒരു ചോദ്യം ചോദിക്കുവാനുണ്ടു്.

മി: കെ. പി. ദീക്കുറുപ്പിള്ള (പിറയിൻകീഴു) : എന്റെ പ്രസംഗം ഞാൻ അവതരിപ്പിച്ചുകൊള്ളട്ടെ അതിന്റെ ശേഷം എല്ലാ ചോദ്യങ്ങൾക്കും ഞാൻ മറുപടിനൽകുന്നതാണു്.

പ്രതിപാദ്യവിഷയത്തിന്റെ രണ്ടാംഭാഗത്തെ വിഭാഗത്തിനെപ്പറ്റി താഴെ പറഞ്ഞുകൊള്ളുന്നു. ഇവിടെ അവതരിപ്പിച്ചിട്ടുള്ള പ്രമേയത്തിനെപ്പറ്റി ഞാൻ തീർച്ചയില്ലാതാക്കീട്ടുണ്ടു്. അതിനവസരണമായി അതിനെപ്പറ്റി എന്റെ സ്നേഹിതൻ മി: പി. എസ്സ്. മഹ്മ്മദ് മനസ്സിലാക്കിയിരുന്നു എങ്കിൽ പ്രമേയത്തിന്റെ ഇപ്പോഴത്തെ രൂപത്തിൽ അദ്ദേഹം അതിനെ പിൻതാങ്ങുകയില്ലായിരുന്നു. ഇതു് നിശ്ചയമായും ഒരു സംഗതിയാണു്. പ്രമേയത്തെ അനുകൂലിച്ചു അവസരത്തിൽ സക്കാർ സർവ്വീസിൽ ശരിയായ പ്രാതിനിധ്യം ലഭിച്ചിട്ടില്ലാത്ത സമുദായത്തിൽ ഉൾപ്പെട്ട ആളാണു് അദ്ദേഹം എന്നുള്ള സംഗതി അദ്ദേഹം സ്വയമേവ സ്വീകരിച്ചിട്ടുള്ളതായി തോന്നുന്നു. ഇതിനുംപുറമെ ഈ പ്രമേയത്തെ സ്വീകരിക്കുന്നപക്ഷം ഈ സഭാ മഹമ്മദീയസമുദായത്തിനോടു ഒരു വല്യ ആനുകൂല്യം കാണിക്കുകയാണു് ചെയ്യുന്നതെന്നു അദ്ദേഹം വിചാരിച്ചു. അദ്ദേഹം പ്രകടിപ്പിച്ചിട്ടുള്ള അഭിപ്രായത്തെ ശരിയായി ബഹുമാനിക്കുന്നുണ്ടു്. എങ്കിലും ഈ പ്രമേയത്തെ സ്വീകരിക്കുന്നപക്ഷം അതുമൂലം അദ്ദേഹത്തിന്റെ ഉദ്ദേശം സാധിക്കയില്ലെന്നു ഞാൻ ബോധിപ്പിച്ചുകൊള്ളുന്നു, ഇതിനു ഉദാഹരണം പറയാം. ജനസംഖ്യാകണക്കിനെ അടിസ്ഥാനപ്പെടുത്തി സക്കാർസർവീസിൽ പ്രാതിനിധ്യം നൽകുന്നപക്ഷം ഈ സംസ്ഥാനത്തെ മഹമ്മദീയസമുദായത്തിനു സക്കാർ സർവീസിൽ തൃപ്തികരമായ പ്രാതിനിധ്യം എളുപ്പകാലത്തു ലഭിക്കാൻ സാധിക്കുമെന്നു ഞാൻ മേമ്പറിനോടു ചേർത്തുകൊള്ളുന്നു. മലയാളബ്രാഹ്മണരുടേയും മറവ് ന്യൂനപക്ഷ സമുദായങ്ങളുടേയും സ്ഥിതി ഇപ്രകാരംതന്നെ ആകുന്നു. സക്കാർ സർവീസിൽ പ്രാതിനിധ്യം ലഭിക്കുന്നതിനെ സംബന്ധിച്ചിടത്തോളം ജനസംഖ്യാകണക്കിനെ അടിസ്ഥാനപ്പെടുത്തി ഇപ്രകാരമുള്ള ന്യൂനപക്ഷ സമുദായങ്ങൾക്കു എന്നാണ് സംതൃപ്തിനൽകുവാൻ സാധിക്കുന്നതു്. അടുത്തതായി രാജാക്കന്മാരെപ്പറ്റി പറയാം. അവരുടെ സംഖ്യ തുലോ അല്പമായിരുന്നതിനാൽ ഒരുതരത്തിലും പ്രാതിനിധ്യമാകുന്നു. ജനസംഖ്യാകണക്കിനെ അടിസ്ഥാനപ്പെടുത്തി സക്കാർ സർവീസിൽ പ്രാതിനിധ്യം ലഭിക്കുന്നതിനു അവർക്കു എത്രകാലം കാത്തിരിക്കേണ്ടിവരും. ഈ സഭയിലെ അന്യോദ്യോഗസ്ഥഭാഗത്തുള്ള എന്റെ സ്നേഹിതന്മാർ ഈ വിഷയത്തിന്റെ ഇപ്പോഴുള്ള അപസ്ഥാനങ്ങളെപ്പറ്റി പരിഗണിച്ചിട്ടില്ലെന്നാണ് എനിക്കു ബോധിപ്പിക്കാനുള്ളതു്. അതിനാൽ പ്രമേയത്തിന്റെ ഇപ്പോഴത്തെ രൂപത്തിൽ അതിനെ സ്വീകരിക്കുന്നതിനു പല വിഷമതകളുമുണ്ടു്.

പ്രമേയത്തിന്റെ രണ്ടാംഭാഗത്തിൽ അടങ്ങിയിരിക്കുന്ന വിഷയത്തെപ്പറ്റി അടുത്തതായി പ്രസ്താവിക്കാം. ഉദ്യോഗകയറ്റങ്ങൾ നൽകുന്നകാര്യത്തിലും സമുദായപ്രാതിനിധ്യതത്വം സ്വീകരിക്കണമെന്നു രണ്ടാംഭാഗത്തിൽ പറഞ്ഞിരിക്കുന്നു. സർ, രാജ്യകാര്യവിഷയങ്ങളിൽ സത്യസന്ധതയോടുകൂടിയ പ്രവർത്തിക്കവകയ സ്ഥാനമാ

ല്ല. (ചിരി) എങ്കിലും സത്യസന്ധതയോടുകൂടി പറയുകയാണെങ്കിൽ ഇതു കീഴ്വഴക്കമല്ലാത്ത ഒരു സംഗതിയാകുന്നു. എല്ലാ സാമൂഹികസ്ഥാപനങ്ങളും ഈ കാര്യത്തിൽ എന്നോട് യോജിക്കുമെന്നു ഞാൻ വിചാരിക്കുന്നു. മെമ്പർ ഇവിടെ നിർദ്ദേശിച്ചിട്ടുള്ളതനുസരിച്ചു സമുദായപ്രതിനിധിപ്രകാരം സക്കർസർവീസിലേക്കു പലഗ്രേഡുള്ളദ്യോഗങ്ങളിലേക്കും നാമനിർദ്ദേശം ചെയ്യുന്നതിനുള്ള അവകാശം സ്വീകരിക്കുന്നു എന്നു വിചാരിക്കുക. ഇതിനുപുറമെ ഉദ്യോഗങ്ങളിലേക്കും അപേക്ഷകരെ നാമനിർദ്ദേശം ചെയ്യുന്ന വിഷയത്തിൽ പ്രതിനിധി ലഭിച്ചിട്ടില്ലാത്ത സമുദായങ്ങളിലെ അപേക്ഷകരുടെ ശരിയായ പ്രാധിനിധ്യം ലഭിച്ചിട്ടില്ലാത്ത സമുദായങ്ങളുടെയെന്നു ഞങ്ങൾക്കും തന്നിഷ്ടപ്രകാരം നാമനിർദ്ദേശം ചെയ്യുന്നു എന്നു വിചാരിക്കുക. സമുദായ സഖ്യങ്ങൾക്കു കുഴപ്പമൊന്നും ഉണ്ടെന്നു പറയാവുന്നതാണ്. മേൽ പറഞ്ഞപ്രകാരം പ്രവർത്തിക്കുന്നതിനേക്കാൾ ഉച്ചയായുള്ള കുഴപ്പമായ നിർദ്ദേശം നശിക്കുകയില്ലയോ എന്നാണ് ഞാൻ ചോദിക്കുന്നത്. ഈ അവസരത്തിൽ ഞാൻ മറ്റൊരു സംഗതികൂടി പറയാം. ഒരു ആഫീസിലേക്കോ അതിലധികമോ ആളുകളെ തെരഞ്ഞെടുക്കുന്നതിനു വേണ്ടി ഒരു സംഭാഷണം നടന്നു. ഈ സംഗതി ഇപ്പോൾ എന്റെ ഓർമ്മയിൽപ്പെട്ടിരിക്കുന്നു. തങ്ങളുടെ സ്ഥാനങ്ങളെ അന്യോന്യം മാറിമാറിപ്പറയുവാൻ താൻ എന്തു ചെയ്യണമെന്നു മറ്റേ ഓഫീസർമാരോടു ചോദിച്ചു.

മി. മാസ്സ് മുഹിക്കൻ (തൊഴിലാളി): ദയവുചെയ്തു നിങ്ങൾ.....

മി. ജെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്). എന്റെ ആശയങ്ങളുടെ ഗതിയെ വിഘ്നപ്പെടുത്തുന്നതിനു മെമ്പർ ദയവുചെയ്തു ഞാൻ പറയുന്നതു ശ്രദ്ധിക്കുക.

മി. മാസ്സ് മുഹിക്കൻ (തൊഴിലാളി): അങ്ങേയ്ക്കു എന്റെ ചോദ്യങ്ങൾക്കു മറുപടി നൽകുന്നപക്ഷം ഈ വിഷയത്തെപ്പറ്റി തീരുമാനം ചെയ്യുന്നതിനു കുറെ സഹായമായിരിക്കുന്നതാണ്.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): സർ, എന്റെ പ്രസംഗം മുടങ്ങുന്നതിനു അനുവദിക്കുന്നതുവരെ ഞാൻ അപേക്ഷിച്ചുകൊള്ളുന്നു.

എന്റെ യജമാനന്മാരുടെയും എന്റെയും സ്ഥാനങ്ങൾ അന്യോന്യം മാറുന്നതിനു ആവശ്യപ്പെടുന്നപക്ഷം താൻ എന്തുചെയ്യുമെന്നു മുതലാളിമാർ അവരുടെ തൊഴിലാളിയോടു ചോദിക്കുകയുണ്ടായി. അതിനു മറുപടിയായി ബാലൻ ഇപ്രകാരം പറഞ്ഞു, ''ഞാൻ എന്റെ ജ്യേഷ്ഠനെ ഉപദ്രവിക്കുകയും പട്ടിണികൊണ്ടു അയാളെ താഡിക്കുകയും ചെയ്യും'' സർ, ഉദ്യോഗക്കയറ്റങ്ങൾ നൽകുന്നതായാലും സമുദായപ്രതിനിധ്യത്തെ സ്വീകരിക്കണമോ വേണ്ടയോ എന്നുള്ള ശിപാർശചെയ്യുന്നതിലുള്ള ധർമ്മസങ്കടം ഇവിടെ അവതരിപ്പിച്ചിട്ടുള്ള പ്രയേയത്തിന്റെ അവസാനഭാഗത്തിൽ അടങ്ങിയിരിക്കുന്നു. ഈ നിർദ്ദേശത്തെപ്പറ്റി ചിന്തിക്കുന്നപക്ഷം മേൽപറഞ്ഞ കഥയാണ് എന്റെ ഓർമ്മയിൽ വരുന്നതു്. ഒരു ആഫീസിലുള്ള ജൂനിയർ ആയ ക്ലാർക്ക് സമുദായപ്രതിനിധ്യം ലഭിച്ചിട്ടില്ലാത്ത ഒരു സമുദായത്തിൽ ഉൾപ്പെട്ട ഒരു ഇംഗ്ലീഷുകാരനോടുകൂടി, മാന്യരേ, നിങ്ങൾ, ഉൾപ്പെട്ട യാതൊരു അന്തരാളുകളുടെയും കുഴപ്പത്തിലും വരുന്നില്ലെങ്കിലും, ഇവർ എല്ലാവരും സക്കർസർവീസിൽ ശരിയായ പ്രാതിനിധ്യം ലഭിച്ചിട്ടില്ലാത്ത സമുദായങ്ങളിൽ ഉൾപ്പെട്ട അംഗങ്ങളും ആയിരിക്കും. ഈ പ്രമേയത്തിൽ അടങ്ങിയിരിക്കുന്ന അപേക്ഷ നിരീക്ഷിക്കുന്നപക്ഷം, ജൂനിയറായ ക്ലാർക്കിനു സൂപ്രണ്ടിന്റെ കീഴ്ജീവനക്കാരനെ നൽകേണ്ടിവരുന്നതാണ്. കാര്യങ്ങളുടെ ഈ സ്ഥിതിക്ക് സക്കർസർവ്വീസിൽ രക്ഷാഭാവം ഏവിടെയാണ് ഉണ്ടാകുന്നതു്. നിങ്ങൾ ഒരു ക്രൈസ്തവനു മാന്യനായ ഒരു ഹിന്ദുവിനെ ഒരു നിശ്ചിതസ്ഥാനം നൽകുന്നു. അയാൾ പൂർണ്ണമായ ആശ്രയം അധീനനായിരിക്കുകയും നിങ്ങൾ അയാൾക്കു നൽകിയിട്ടുള്ള സ്ഥാനത്തെ അസ്ഥാനത്താക്കി മോഹിച്ചിരിക്കുന്നതിനെ വർദ്ധിപ്പിച്ചുവരികയുമാണ് ചെയ്യുന്നതു്. അതിനാലേ ഒരു മറ്റൊരു ക്രൈസ്തവനെ കൊണ്ടു വളരെ ശമ്പളമുള്ളതാക്കുമുമ്പു് അയാൾക്കു നൽകിയിട്ടുള്ളതിനെ അയാളുടെപക്കൽനിന്നും എടുക്കുന്നതിനു നിങ്ങൾ ശ്രമിച്ചുവരികയുണ്ടു ചെയ്യുന്നതു്. ഒരു ക്രൈസ്തവ ജനവിഭാഗത്തിനുള്ള അവശതകളെയോ കഷ്ടപ്പാടുകളെയോ പരിഹരിക്കുന്നതിനു ഉദ്ഘടിക്കുന്ന അവസരത്തിൽ മറ്റൊരു ജനവിഭാഗത്തിനു കിട്ടുകയും നേടിട്ടുള്ളതിനു നിങ്ങൾക്കുമേലും ക്ഷോഭമുണ്ടാകുന്നതുകൊണ്ടാണോ എന്നാണ് ഞാൻ ചോദിക്കുന്നതു്. പ്രതിവാദവിഷയത്തിന്റെ ഈ അവസ്ഥയെപ്പറ്റിയാണ് ചിന്തിക്കുവാനുള്ളതു്. ഈ സാഗതിയെപ്പറ്റി ചിന്തിക്കുന്നതിനു ഈ സഭയിലെ അനുഭാവസ്ഥരായ സഭാംഗങ്ങളോടു ഞാൻ അപേക്ഷിച്ചുകൊള്ളുന്നു. ഞാൻ മുൻപു പ്രസ്താവിച്ചിട്ടുള്ളതുപോലെ പ്രമേയത്തിന്റെ ആദ്യഭാഗത്തെ സംബന്ധിച്ചിടത്തോളം ഞാൻ അതിനോടു പൂർണ്ണമായി യോജിക്കുന്നുണ്ടു്, പ്രമേയത്തിന്റെ രണ്ടാമത്തെ ഭാഗത്തെ സംബന്ധിച്ചിടത്തോളം അതിനോടു ഞാൻ തീരെ അനുഭാവമുള്ളവനല്ല. സമുദായപ്രതിനിധിത്വത്തെ അടിസ്ഥാനപ്പെടുത്തി ഉദ്യോഗക്കയറ്റങ്ങളും നൽകണമെന്നുള്ള പ്രമേയത്തിന്റെ രണ്ടാമത്തെ ഭാഗത്തിൽ പറഞ്ഞിരിക്കുന്നു. ഈ നിർദ്ദേശത്തെ ഒരു നിലയ്ക്കുതന്നെയും സ്വീകരിക്കുന്നതിനു നിവൃത്തിയില്ല. സർ, ഈ സംസ്ഥാനത്തുള്ള ഉദ്യോഗങ്ങളും (എ) എന്ന സമുദായത്തിലെ (ബി) എന്നും (സി) എന്നും ഉള്ള സമുദായത്തിലെ ഉൾപ്പെട്ട എല്ലാ അംഗങ്ങൾക്കും മാത്രം കൊടുത്താൽതന്നെയും എനിക്കു അതുകൊണ്ടു യാതൊരുവിരോധവുമില്ല ഈ കാര്യത്തിൽ എന്റെ സ്വന്ത അഭിപ്രായം ഈ വിധത്തിലാകുന്നു, ഈ സംഗതിയിപ്രകാരമായിരുന്നാലും, ജനസംഖ്യകണക്കിനെ അപേക്ഷിച്ചുനോക്കുമ്പോൾ സർവീസിൽ പ്രാതിനിധ്യം ലഭിക്കുന്നതിന് ഈ സംസ്ഥാനത്തുള്ള ചില സമുദായങ്ങൾക്കും ഒരു അവകാശമുണ്ട്, ഇതു വാസ്തവമാണ്. ഇതു ന്യായമായ ഒരു കാര്യമാകുന്നു.

മി. എൽ. ആർ. രാജരാജവർമ്മകോയിത്തമ്പുരാൻ (ചങ്ങനാശ്ശേരിയും പീരുമേട്ടും): ഒരുവഴിത്തിൽ ചേർന്നിരിക്കുന്നകാരണത്താൽ ആർക്കെങ്കിലും ഉദ്യോഗം കിട്ടാതെയുണ്ടോ?

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഈചോദ്യം എനിക്കു മനസ്സിലാക്കാൻ കഴിയും. എന്നാൽ സക്കാർസർവീസിൽ ഉദ്യോഗംലഭിച്ചിട്ടില്ലാത്ത സമുദായങ്ങൾക്കുള്ള സങ്കടങ്ങളെ പരിഹരിക്കുന്നതിന് അതു നമ്മെ സഹായിക്കയില്ല. ഒരു അഭിപ്രായത്തെ പ്രത്യക്ഷപ്പെടുത്തുന്നതുകൊണ്ടു മാത്രം ഏതെങ്കിലും ഒരു പ്രത്യേകസമുദായത്തിന് യഥാർത്ഥമായ അഭിവൃദ്ധിയുണ്ടാകുന്നതല്ല. ഈ സഭയുടെ മുൻപാകെ പ്രസ്താപിച്ചിട്ടുള്ള സംഗതി ഇതാകുന്നു, സക്കാർസർവീസിൽ പ്രാതിനിധ്യം ലഭിക്കുന്നതിനെ സംബന്ധിച്ചിടത്തോളം ശരിയായി പ്രാതിനിധ്യം ലഭിച്ചിട്ടില്ലാത്ത സമുദായങ്ങളുടെ അവകാശങ്ങളും നിങ്ങൾ അംഗീകരിച്ചേക്കാം. എന്നാൽ അവക്കുള്ള പ്രസ്തുത അവകാശങ്ങളെ നിങ്ങൾ അംഗീകരിക്കുന്നതുകൊണ്ടു മാത്രം അവരുടെ സങ്കടങ്ങൾ പരിഹരിക്കപ്പെടുകയില്ല.

മി: എൻ. കെ. കൃഷ്ണപിള്ള (ദേവസ്വംറൂൾസിൻകീഴ്): പ്രതിനിധ്യം ലഭിച്ചിട്ടില്ലാത്ത സമുദായത്തിൽ ഉൾപ്പെട്ട ഒരാൾ ഒരു ആഫീസിൽ ഉണ്ടെന്നുവിചാരിക്കുക. ഈകാരണത്താൽ മാത്രം ജൂനിയർ ആയ ഈ ആളിന് പ്രസ്തുതആഫീസിലുള്ള സീനിയർ ആയ മറ്റൊരാളിനെ അപേക്ഷിച്ച് ഉദ്യോഗകയറ്റം നൽകണമെന്നാണോ, മെസറിന്റെ അഭിപ്രായം എന്നുപറയുമോ?

മി: കെ. പി. നിലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അതു തീരെ ന്യായമല്ലാത്ത ഒരുസംഗതിയാണ്. ഇതിനെപ്പറ്റിമെ ആക്ഷേപത്തെപ്പറ്റി ഞാൻ വിശദമായിപറയുന്നില്ല. ഇതു ഞാൻ മുൻപുതന്നെ പറഞ്ഞിട്ടുള്ളതാണല്ലോ. ഇതു സ്വീകരിക്കാവുന്ന ഒരുകാര്യമാണെന്ന് ന്യായമായി ആർക്കും തോന്നുകയില്ല.

ഇതുംപറഞ്ഞുകൊണ്ടു മി. എ. സി. കുഞ്ഞുക്കോപ്പ് ഇവിടെ അവതരിപ്പിച്ചിട്ടുള്ള പ്രമേയത്തിന്റെ അടിസ്ഥാനത്തിന് അഭിസ്ഥാനമായ തത്വത്തെ ഞാൻ പിൻതാങ്ങിക്കൊള്ളുന്നു.

മി: ഫ്രാൻസിസ്, ചാമക്കാലായിൽ (മാവേലിക്കരയും കാഞ്ഞിരപ്പള്ളിയും): സർ, ഈ സഭയുടെ ശ്രദ്ധയ്ക്ക് ഇപ്പോൾ വിഷയമായിരിക്കുന്ന പ്രമേയം വളരെ വിഷമമുള്ള ഒരുകാര്യത്തെ സംബന്ധിച്ചുള്ളതാണ്. ഈ വിഷയത്തിന് ഒരുപരിഹാരം കണ്ടുപിടിക്കുന്നതിന് കഴിഞ്ഞ വളരെ കൊല്ലങ്ങളായി ഈ സഭ ശ്രമച്ചുവരികയാണ്. സക്കാർസബ്മീഷനിൽ ശരിയായി പ്രാതിനിധ്യം നൽകിയിട്ടില്ലാത്ത സമുദായങ്ങൾക്കു ള്ള സങ്കടങ്ങളെ പരിഹരിക്കണമെന്നുള്ള വിഷയത്തെപ്പറ്റി പബ്ലിക്കായി ചർച്ചചെയ്തതാണെന്ന് ആയിരുന്നു ഒരു ആറിനാവിധ ബഹുമാനസമ്മേളനത്തിൽ പോലും ഗവണ്മെന്റ് വാഗ്ദാനം ചെയ്തിട്ടുണ്ട്. മേജർപറഞ്ഞ വാഗ്ദാനംകൂടി പ്രസ്തുത അവസരത്തിൽ സഭ തൃപ്തിപ്പെട്ടു. അതിന്മേൽ ഉപക്ഷേപം സ്വീകരിക്കണമെന്ന് അന്ന് നിർബന്ധിക്കേണ്ടതായില്ല. എന്നാൽ ഈ കാര്യത്തിൽ ഗവണ്മെന്റ് യാതൊന്നും പ്രവർത്തിച്ചിട്ടില്ല അതിന്റെ ഫലമായിട്ടാണ് ഈ പ്രമേയം ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. ഈ പ്രമേയത്തിന്റെ രൂപം ഞങ്ങളിൽ ചിലക്ക് സന്തോഷമുള്ളതായിരിക്കുന്നില്ല. സർ, ഇത്രവളരെ വിഷമതയുള്ള ഒരുസംഗതിയായതുകൊണ്ടാണ് ഈ സംസ്ഥാനത്തുള്ള പലസമുദായങ്ങളും സെക്രട്ടറിമാരെ നിയമിച്ചുകൊണ്ടും സെക്രട്ടറിമാരുടെ പ്രവർത്തനത്തിന് ഈകാര്യത്തിൽ ഒരു പരിഹാരമുണ്ടാക്കണമെന്നും ഉള്ള സംഗതികൾ ഈ പ്രമേയത്തെ അനുകൂലിച്ചിട്ടുള്ള എന്റെ സ്നേഹിതന്മാർ എല്ലാപേരും സമ്മതിച്ചിട്ടുണ്ട്. ഈ വിഷമത്തെപ്പറ്റി ചിന്തിക്കുന്നതിനും ഇതിന് ഒരു പരിഹാരം മാർഗ്ഗം നിർദ്ദേശിക്കുന്നതിനും ആയി ഒരു കമ്മിറ്റിയെ നിയമിക്കണമെന്ന് മി. മൂർക്കൻ നിർദ്ദേശിച്ചു. ഈ കാര്യത്തിൽ എന്റെ സ്നേഹിതനോട് പൂർണ്ണമായി യോജിക്കുന്നു. സർ, മി: മൂർക്കൻ ചെയ്തിട്ടുള്ള ഒരു പ്രസ്താവനയെ സംബന്ധിച്ചിടത്തോളം എനിക്ക് അഭിപ്രായഭിന്നതയുണ്ടെന്നുതോന്നിപോകുന്നു. തിരഞ്ഞെടുക്കപ്പെട്ട രേപക്ഷത്തോടുകൂടിയ ഒരു സ്റ്റാഫ് സിലക്ഷൻ ബോർഡ് രൂപീകരിക്കുന്നതിൽ അപാകത പ്രതിഫലിയാണെന്ന് പറഞ്ഞു, അതിനുള്ള കാരണം അപ്രകാരമുള്ള ഒരു ബോർഡിന്റെ പ്രവർത്തനത്തിൽ അളവറ്റ അധികം വിശ്വാസമില്ലാഞ്ഞിട്ടുള്ളതാണ്. ഈ സ്ഥിതിതന്നെയുണ്ടാകുമെന്നുള്ള രേപക്ഷയുള്ള ഒരു സഭയാണെന്നുള്ളതായി അപ്രകാരമുള്ള ഒരു സഭ അഭിമുഖീകരിച്ചാണ് താൻ പ്രസംഗിക്കുന്നത് എന്നുള്ളതുള്ളതുകൊണ്ട് നിർഭാഗ്യവശാൽ അദ്ദേഹം മറന്നിരിക്കാം.

മി: മാത്യു മൂരിക്കൻ (വൈക്കം): നിയമസഭയുടെ കൃത്യം സ്റ്റാഫ് സിലക്ഷൻബോർഡ് ചെയ്യേണ്ടകൃത്യത്തിന് ഇല്ലാതാക്കണോ എന്ന് മി. ആശാൻ വിചാരിക്കുന്നുണ്ടോ എന്നു പറയുമോ?

മി: എ. എസ്സ്. മാമോദരനാശാൻ (മാവേലിക്കരയും കാഞ്ഞിരപ്പള്ളിയും): ഞാൻ അപ്രകാരം പറയുന്നില്ല. ഈ നിയമസഭയിൽ നമുക്ക് വിശ്വാസമുണ്ട്, അതുപോലെതന്നെ തിരഞ്ഞെടുക്കപ്പെട്ട രേപക്ഷമുള്ള ഒരു സ്റ്റാഫ് സിലക്ഷൻ ബോർഡിനെ കുറിച്ചുള്ള കാര്യത്തിലും എനിക്കവളരെ വിശ്വാസമുണ്ട്. സ്റ്റാഫ്സിലക്ഷൻ ബോർഡിൽ തിരഞ്ഞെടുക്കപ്പെട്ട രേപക്ഷമുണ്ടെന്നുള്ളതാണ് എന്റെ വിശ്വാസത്തിന് അടിസ്ഥാനമായ മുഖ്യകാരണം.

മി: എൻ. ആർ. കൃഷ്ണൻ (നിയമിക്കപ്പെട്ടമെമ്പർ): നിയമസഭയിൽ നാമനിർദ്ദേശം ഉണ്ടല്ലോ?

മി: എ. എസ്. മാമോദരനാശാൻ (മാവേലിക്കരയും കാഞ്ഞിരപ്പള്ളിയും): ഉണ്ട്. അതുകൊണ്ടു തന്നെയാണ് ഇവിടെ ഉള്ളതുപോലെ സ്റ്റാഫ്സിലക്ഷൻ ബോർഡിൽ തിരഞ്ഞെടുക്കപ്പെട്ട രേപക്ഷമുണ്ടെന്നും നിയമിക്കപ്പെടുന്ന മെമ്പർമാർ ഉണ്ടെന്നും ഞാൻ പറഞ്ഞിട്ടുള്ളതു്.

മി: മാത്യു മൂരിക്കൻ (വൈക്കം): മി. എൻ. ആർ. മാജരാജവർമ്മകോയിൻതമ്പുരാന്റെ നിർദ്ദേശത്താൽ അംഗങ്ങളെ നിയമിക്കുന്നതിനും വ്യവസ്ഥചെയ്തിട്ടുണ്ടോ എന്ന് എന്റെ സ്നേഹിതൻ പറയുമോ?

മി: എ. എസ്സ്. മാമോദരനാശാൻ (മാവേലിക്കരയും കാഞ്ഞിരപ്പള്ളിയും): ബോർഡിന്റെ കെടനടയെ സംബന്ധിച്ചിടത്തോളം നിഷ്പക്ഷപരമായ ഏതെങ്കിലും നിർദ്ദേശങ്ങൾ മെമ്പറിന് ചെയ്യുന്നതിന് ഉണ്ടെങ്കിൽ മുകളിൽപറഞ്ഞിട്ടുള്ള നിർദ്ദേശത്തിനെ അപേക്ഷിച്ച് അദ്ദേഹത്തിനുള്ള ആക്ഷേപം ഞാൻ സ്വീകരിക്കുമെന്നു. അപ്രകാരമുള്ള ഒരു ബോർഡിനെറ കെടനടയെപ്പറ്റി ഞാൻ അനുകൂലിക്കുന്നില്ലെന്ന മാത്രമാണ് അദ്ദേഹം പറഞ്ഞിട്ടുള്ളത്.

മി: മാത്യു മൂരിക്കൻ (വൈക്കം): ഒരു സ്റ്റാഫ്സിലക്ഷൻബോർഡ് രൂപീകരിക്കുന്നതിനെ സംബന്ധിച്ചിടത്തോളം മി: ആശാൻ നിഷ്പക്ഷപരമായ ഒരുമാർഗ്ഗം നിർദ്ദേശിക്കുമോ?

മി. എ. എസ്സ്. മാമോദരനാശാൻ (മാവേലിക്കരയും കാഞ്ഞിരപ്പള്ളിയും) ആ വിഷയത്തെ കുറിച്ചല്ല ഞാൻ ഇപ്പോൾ പറയുന്നത്. തിരഞ്ഞെടുക്കപ്പെട്ട രേപക്ഷമുള്ള ഒരു സംഘത്തിൽ എനിക്കു വിശ്വാസമുണ്ട്, ഇതാണ് ഞാൻ പറയുന്നത്. എന്റെ അഭിപ്രായപ്രകാരം പറയുകയാണെങ്കിൽ സ്റ്റാഫ് സിലക്ഷൻ ബോർഡിനെ തിരഞ്ഞെടുക്കപ്പെടുന്ന രേപക്ഷമുണ്ടായിരിക്കണം. അപ്രകാരമാണെങ്കിൽ അതിൽ എനിക്ക് വിശ്വാസമുണ്ടായിരിക്കുന്നതാണ്. എന്നാൽ അപ്രകാരമുള്ള ഒരുബോർഡ് രൂപീകരിക്കുന്നതിനെ എന്റെ സ്നേഹിതൻ മി, മൂർക്കൻ പ്രതിഷേധിക്കുന്നു. തിരഞ്ഞെടുക്കപ്പെട്ട രേപക്ഷത്തോടുകൂടിയ അപ്രകാരമുള്ള ഒരു ബോർഡിന്റെ പ്രവർത്തനത്തിൽ അദ്ദേഹത്തിന് വിശ്വാസമില്ലെന്നാണ് അദ്ദേഹം പ്രതിഷേധിക്കുന്നതിനുള്ള മുഖ്യകാരണം. ഇപ്പോഴത്തെ പ്രതിപാദ്യ വിഷയം ഇതാകുന്നു.

സർ, മി: കുഞ്ഞുക്കോപ്പിന്റെ മയസ്സിന് തോന്നിയവിധത്തിലാണോ പ്രമേയത്തിന്റെ നമ്പർ എഴുതിയിട്ടുള്ളത്. അതിന് അദ്ദേഹത്തിന് ഹാജരാക്കുന്നപക്ഷം അല്പം കൂടുതൽ ഉണക്കമുണ്ടായിരിക്കുമെന്നു മി: ഇട്ടൂപ്പ് ഇട്ടിയച്ചൻ വിചാരിച്ചു. എന്നാൽ പ്രമേയമോ, അതല്ലെങ്കിൽ അതിന്റെ ഭേദഗതിയോ സ്വീകരിക്കുന്ന

കൂട്ടുന്നതിൽ പല വിഷമതകളും ഉണ്ടെന്ന് നാം കഴിഞ്ഞിരിക്കുന്നു. ഈ സംസ്ഥാനത്തു് ഏതു സമുദായങ്ങൾക്കു ഉണ്ടെന്നുള്ള ഒരു കണക്ക് എടുപ്പിക്കാൻ സാധിക്കുമോ എന്നു മി: കുഞ്ഞിതൊമ്മനോടു ഞാൻ ചോദിച്ചു. ജാതിതിരിച്ചുള്ള അനുപാതപട്ടികകളും മേശമേൽ വച്ചിട്ടുണ്ടെന്നും അവയിൽ നിന്നുആവശ്യമുള്ള വിവരങ്ങളും എഴുതിക്കുകയോ മേൽപ്പടി പട്ടികകളിൽനിന്നു ഒരു അനുമാനംചെയ്യുകയോ ചെയ്യുവുന്നതാണെന്നും അദ്ദേഹം മറുപടിപറഞ്ഞു. സർ, എന്റെസ്നേഹിതൻ മി, കുഞ്ഞിതൊമ്മൻ ഇപ്പോൾതരുമുള്ള പട്ടികകളും പലഅവസരങ്ങളിലും ആവശ്യപ്പെട്ടിട്ടുള്ള ഒരാൾ ആണ്. പ്രസ്തുതപട്ടികകളിൽ സമുദായങ്ങളെപ്പറ്റി തരംതിരിച്ചിട്ടുള്ളതു് ശരിയായ വിധത്തിലാണോ എന്നു എന്റെ സ്നേഹിതൻതന്നെ ചോദിച്ചിട്ടുണ്ടു്.

മി: തയ്യൂ കുഞ്ഞിതൊമ്മൻ (മൂവാറ്റുപുഴയും തൊടുപുഴയും) : മദ്രാസ്സിലും മൈസൂരിലും ഒട്ടു വളരെ സമുദായങ്ങളുണ്ടെന്നറിയാമോ?

മി: എ. എസ്സ്. ദാമോദരനാശാൻ (മാവേലിക്കരയും കുന്തികപ്പള്ളിയും): അറിയാം.

മി: തയ്യൂ കുഞ്ഞിതൊമ്മൻ (മൂവാറ്റുപുഴയും തൊടുപുഴയും): അവിടെ വർഗ്ഗീയമായിട്ട് വിഭജിച്ച ഒരു പട്ടികപോലും ഉള്ളതായി കാട്ടുകയുണ്ടായോ?

മി. എ. എസ്സ്. ദാമോദരനാശാൻ (മാവേലിക്കരയും കുന്തികപ്പള്ളിയും): മദ്രാസിൽ അങ്ങനെയാണെന്നു കേട്ടിട്ടുണ്ട്.

മി: തയ്യൂ കുഞ്ഞിതൊമ്മൻ (മൂവാറ്റുപുഴയും തൊടുപുഴയും): മൈസൂരിലോ?

മി: എ. എസ്സ്. ദാമോദരനാശാൻ (മാവേലിക്കരയും കുന്തികപ്പള്ളിയും): അവിടത്തെ കാര്യം എനിക്കു നിശ്ചയമില്ല.

മി: തയ്യൂ കുഞ്ഞിതൊമ്മൻ (മൂവാറ്റുപുഴയും തൊടുപുഴയും): മദ്രാസിലെ വ്യവസ്ഥ ഇവിടെയും സ്വീകരിക്കുന്നപക്ഷം പ്രത്യേക വിരോധമുണ്ടോ?

മി: എ. എസ്സ്. ദാമോദരനാശാൻ (മാവേലിക്കരയും കുന്തികപ്പള്ളിയും): ഒരു വിരോധവുമില്ല.

പ്രസ്തുതത്തിൽ അപ്രകാരമുള്ള ഒരു പ്രമേയം മദ്രാസിലെ സഭ തുടച്ചയായി തള്ളിക്കളഞ്ഞിട്ടുണ്ടു്. ഇതു എന്റെ സ്നേഹിതനെ അറിയിക്കുന്നതിനു ഞാൻ ആഗ്രഹിക്കുന്നു.

മി: തയ്യൂ കുഞ്ഞിതൊമ്മൻ (മൂവാറ്റുപുഴയും തൊടുപുഴയും): എന്റെ ചോദ്യത്തിനു ഉത്തരമാണെങ്കിൽ മലയാളത്തിൽ പറഞ്ഞാൽ മതിയല്ലോ.

മി: എ. എസ്സ്. ദാമോദരനാശാൻ (മാവേലിക്കരയും കുന്തികപ്പള്ളിയും): മദ്രാസിൽ ഒരു സ്റ്റാഫ് സിലക്ഷൻ ബോർഡ് ഏർപ്പെടുത്തി ഒരു റൊട്ടേഷൻ കണക്കു വച്ചു ഉദ്യോഗം നൽകി വരുന്നതായിട്ടു അറിയാം. ആ സ്ഥിതിക്കു ആ ഖണ്ഡികപോലെ ഇവിടേയും ഏർപ്പെടുത്തുന്നതു കൊണ്ടു് എനിക്കു വിരോധമില്ല. ഈ പ്രമേയത്തെ അനുകൂലിക്കുന്ന മിസ്സർ കുഞ്ഞിതൊമ്മൻ മദ്രാസിലെ നടപടിയെ അനുകരിക്കുന്നതിനു ശുപാർശ ചെയ്യുന്നു. മിസ്സർ കുഞ്ഞിതൊമ്മൻ വർഗ്ഗീയപ്രാതിനിധ്യവാദപ്രമേയത്തെ മദ്രാസ് നിയമസഭയിൽ തള്ളിക്കളഞ്ഞു എന്നകൂടി ഓർക്കേണ്ടതാണ്.

മി: തയ്യൂ കുഞ്ഞിതൊമ്മൻ (മൂവാറ്റുപുഴയും തൊടുപുഴയും): മദ്രാസിൽ വർഗ്ഗം തിരിച്ചു ഉദ്യോഗനിയമനം നടത്തുന്നതായ വസ്തുതയും ഒരു ബാധകമല്ല, അതു ഇവിടെ ഒരു ബന്ധനമായിത്തീരുകയാണോ?

മി: എ. എസ്സ്. ദാമോദരനാശാൻ (മാവേലിക്കരയും കുന്തികപ്പള്ളിയും): മദ്രാസിൽ ഇപ്രകാരം വർഗ്ഗങ്ങൾ ഉണ്ടെന്നുള്ളതു നിശ്ചയിച്ചു കഴിഞ്ഞു.

മി: തയ്യൂ കുഞ്ഞിതൊമ്മൻ (മൂവാറ്റുപുഴയും തൊടുപുഴയും) : അതു കസൻസസ്സിൽ റിപ്പോർട്ടിലില്ലേ?

മി: എ. എസ്സ്. ദാമോദരനാശാൻ (മാവേലിക്കരയും കുന്തികപ്പള്ളിയും): സെൻസസ്സിലെ റിപ്പോർട്ടിൽ നിന്നും ഇതുപോലെ പട്ടിക തയ്യാറാക്കുന്നതു ശരിയല്ല എന്നു ഇവിടെ പലപ്പോഴും എന്റെ സ്നേഹിതനും തന്നെ പരാമർശിച്ചിട്ടുള്ളതു ഞാൻ കേട്ടിട്ടുണ്ടു്.

മി: തയ്യൂ കുഞ്ഞിതൊമ്മൻ (മൂവാറ്റുപുഴയും തൊടുപുഴയും): മെമ്പർ അങ്ങിനെ പറഞ്ഞിട്ടുണ്ടോ?

മി: എ. എസ്സ്. ദാമോദരനാശാൻ (മാവേലിക്കരയും കുന്തികപ്പള്ളിയും): ഞാൻ അങ്ങനെ പറഞ്ഞിട്ടില്ല. എനിക്കതിനേക്കുള്ള അവസരവും ഉണ്ടായിട്ടില്ല.

മി: തയ്യൂ കുഞ്ഞിതൊമ്മൻ (മൂവാറ്റുപുഴയും തൊടുപുഴയും): ഇങ്ങിനെ പട്ടിക തെറ്റാണെന്നു മിസ്സർ തൊമ്മനെ അറിയിക്കുകയും ഒരു ശരിയായ പട്ടിക വരുത്താൻ മിസ്സർ ആശാൻ ശ്രമിച്ചിട്ടുണ്ടോ?

മി; എ. എസ്സ്. ദാമോദരനാശാൻ (മാവേലിക്കരയും കുന്തികപ്പള്ളിയും): ഗവൺമെന്റുകൂടികലോചിച്ചു ഇതു കൈകാര്യംചെയ്യേണ്ട അധികസമയവും കളയുന്നതല്ലോ എന്നു സങ്കടപ്പെടുന്നു ഞാൻ അതിനു ശ്രമിച്ചിട്ടില്ല.

മി: എ. സി. കുര്യാക്കോസ് (മീനച്ചിലും ഭേദികളും): തിരുവിതാംകൂറിൽ സ്കൂളുകളിൽ പഠിച്ചുവരുന്ന വിദ്യാർത്ഥികൾ ഹിന്ദു മതാചാരം ചെയ്തു വരുന്നതായിട്ടറിയാമോ?

മി: എ. എസ്സ്. ദാമോദരനാശാൻ (മാവേലിക്കരയും കുന്തികപ്പള്ളിയും): അറിയാം.

മി: എ. സി. കുര്യാക്കോസ് (മീനച്ചിലും ഭേദികളും) അവിടെ മതാചാരിച്ചിട്ടും മതാനുഷ്ഠിച്ചിട്ടുള്ള വിദ്യാർത്ഥികളുടെ സമുദായത്തിലുള്ള ആളുകൾ പഠിച്ചിരുന്നാലും അവർക്കെല്ലാം ഉപകാരവിതരണത്തിനുള്ള ഗവണ്മെന്റു ചെയ്യുന്നതായി അറിയാമോ? അവിടെ വലിയ സമുദായങ്ങളും ചെറിയ സമുദായങ്ങളും ഉണ്ടെങ്കിൽ അതു പ്രത്യേകം ആണെന്നുപറയുന്നതു?

മി: എ. എസ്സ്. ദാമോദരനാശാൻ (മാവേലിക്കരയും കുന്തികപ്പള്ളിയും): എനിക്കു ഞാൻ പറഞ്ഞില്ല.

മി. എ. സി. കുര്യാക്കോസ് (മീനച്ചിലും-ഭേദികളും): സമുദായങ്ങൾക്കു പേരും ഉണ്ടു് അവയുടെ സംഖ്യ നിർണ്ണയിക്കാൻ കഴിഞ്ഞിട്ടില്ല. എന്നാൽ അസമത്വസമുദായങ്ങൾക്കു മിതമായുമുണ്ടോ അവരുടെ അവകാശം കൊടുക്കണമെന്നു പറഞ്ഞാൽ മതി.

മി: എ. എസ്സ്. ദാമോദരനാശാൻ (മാവേലിക്കരയും കുന്തികപ്പള്ളിയും): അവകാശം എന്നവാക്കിനു തന്നെ വളരെ വ്യത്യാസമുണ്ടു്. ഒരു സമുദായത്തിനു ന്യായപ്രകാരം ചെല്ലേണ്ട അവകാശം കൊടുക്കേണമെന്നുള്ളതാണു് ന്യായം എങ്ങിനെയാണു്.

ശ്രീ. എ. സി. കുര്യാക്കോസ് (പിന്നീടും ചോദിക്കുമ്പോൾ): ആയിരമോ പതിനായിരമോ സമുദായത്തിന്റെ നിയമനിർമ്മാണസഭയിൽ ഉണ്ടായിരിക്കട്ടെ, ഈ സമുദായത്തിലെ പ്രതിനിധികൾക്ക് ന്യായമായിട്ട് ഗവൺമെന്റിൽ നിന്നും കൊടുക്കേണ്ട അവകാശത്തെ കൊടുക്കണമെന്ന ഖണ്ഡിപ്പാട് ചെയ്യുന്നതിനെ മെമ്പറിനു വിസമ്മതം ഉണ്ടോ?

ശ്രീ. എ. എസ്സ്. മുഹമ്മദ്കുഞ്ഞ് (മാവേലിക്കരയും കാർത്തികപ്പള്ളിയും): എനിക്ക് യാതൊരു വിസമ്മതവുമില്ല, ഏത് സമുദായങ്ങൾക്കും ഉണ്ടെങ്കിലും ഈ സമുദായങ്ങളിലെ പ്രതിനിധികൾക്ക് ഉദ്യോഗനിയമനം കൊടുക്കണമെന്ന് യാതൊരു വിരോധവുമില്ല. കൊടുക്കണമെന്നു തന്നെയാണ് എന്റെയും അഭിപ്രായം.

ശ്രീ: എ. സി കുര്യാക്കോസ് (മീനച്ചിലും ചേർക്കുമ്പോൾ): അങ്ങിനെ വിരോധമില്ലാത്തപക്ഷം; അവകാശമുള്ളവർക്ക് കൊടുക്കണമെന്നതിനു പ്രതിബന്ധമായിട്ടു ഈ പ്രമേയത്തിൽ വകതിരിവു പറഞ്ഞിട്ടില്ല എന്നറിയാമോ?

ശ്രീ: എ. എസ്സ്. മുഹമ്മദ്കുഞ്ഞ് (മാവേലിക്കരയും കാർത്തികപ്പള്ളിയും): അങ്ങിനെ പറഞ്ഞിട്ടുണ്ടെന്നാണ് ഞാൻ വിചാരിക്കുന്നു.

ശ്രീ: എസ്. ആർ. രാജഗോപാലവർമ്മ കോയിത്തമ്പുരാൻ (ചങ്ങനാശ്ശേരിയും പീരുമേടും): ഒരു സമുദായത്തിനു ഒരു ഉദ്യോഗമെന്നതിനു പ്രത്യേകം ഒരു അവകാശം ഉണ്ടെന്നു പറയാമോ?

ശ്രീ: എ. എസ്സ്. മുഹമ്മദ്കുഞ്ഞ് (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഈ അവകാശത്തെപ്പറ്റി തന്നെ എനിക്ക് മനസ്സിലായിട്ടില്ല. പിന്നെ അതിനെപ്പറ്റി ഒരു തീർച്ച പറയുന്നതെങ്ങനെ.

ശ്രീ: പി. എസ്സ്. മഹമ്മദ് (നിയമിതാംഗം): തിരുവിതാംകൂറിൽ സമുദായം ഉണ്ടോ?

ശ്രീ: എ. എസ്സ്. മുഹമ്മദ്കുഞ്ഞ് (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഇല്ലെങ്കിൽ ഈ വഴക്കിനില്ലല്ലോ.

ശ്രീ: പി. എസ്സ്. മുഹമ്മദ് (നിയമിതാംഗം): മെമ്പറിന്റെ അഭിപ്രായത്തിലുണ്ടോ?

ശ്രീ: ചെറിയാൻ കഞ്ഞിത്തൊമ്മൻ (മൂവാറ്റുപുഴയും തൊടുപുഴയും): ഉദ്യോഗവാദം കൌൺസിലിന്റെ ആലോചനയ്ക്കു മേലാൽ കൊണ്ടുവരായിരിക്കുവാൻ ഒരു വ്യവസ്ഥ ചെയ്യണമെന്നു മെമ്പർ ഒരു റസല്യൂഷൻ കൊണ്ടു വരുന്നതെന്തിനാണ്.

ശ്രീ. എ. എസ്സ്. മുഹമ്മദ്കുഞ്ഞ് (മാവേലിക്കരയും കാർത്തികപ്പള്ളിയും): അതും കൂടി കൊണ്ടുവന്നു കുറെക്കൂടി സമയം കളയാമെന്നല്ലാതെ അതിനും തീരുമാനമുണ്ടാകയില്ല എന്നു തോന്നിയതു കൊണ്ടാണ്. (ചിരി).

ശ്രീ: തയ്യുകഞ്ഞിത്തൊമ്മൻ (മൂവാറ്റുപുഴയും-തൊടുപുഴയും): ഇങ്ങിനെ വീണ്ടും വീണ്ടും കൊണ്ടുവന്നു അധികം സമയം നഷ്ടപ്പെടുത്താതിരിക്കാൻവേണ്ടി കുറെസമയം നഷ്ടപ്പെട്ടാൽ എന്താണ്?

ശ്രീ. എ. എസ്സ്. മുഹമ്മദ്കുഞ്ഞ് (മാവേലിക്കരയും-കാർത്തികപ്പള്ളിയും): അതുകൊണ്ടും പ്രതിവിധി ഉണ്ടാകുമെന്നു തോന്നുന്നില്ല. എന്റെ സ്നേഹിതൻ കൊണ്ടുവന്ന പ്രതിവിധിക്ക് മറ്റൊന്നും കണ്ടില്ല. പിന്നെ ഞാനും എന്തിനാണ് കൊണ്ടുവരുന്നത്?

ശ്രീ: തയ്യുകഞ്ഞിത്തൊമ്മൻ (മൂവാറ്റുപുഴയും-തൊടുപുഴയും): അതു് സഭിക്കാതെവന്നതു മിസ്റ്റർ ആലാനെപ്പോലെയുള്ള ആളുകൾ അതിനെ അളക്കാത്തതുകൊണ്ടാണെന്നു ഓർക്കുമോ?

ശ്രീ: എ. എസ്സ്, മുഹമ്മദ്കുഞ്ഞ് (മാവേലിക്കരയും-കാർത്തികപ്പള്ളിയും): അതു തെറ്റായിരിക്കാം, അതുകൊണ്ട് ഞാൻ അളന്നിച്ചില്ല.

ശ്രീ: തയ്യുകഞ്ഞിത്തൊമ്മൻ (മൂവാറ്റുപുഴയും-തൊടുപുഴയും): പിന്നെ ശരിയായ ഒരു പ്രതിവിധി കൊണ്ടുവരാത്തതെന്താണ്.

ശ്രീ: എ. എസ്. മുഹമ്മദ്കുഞ്ഞ് (മാവേലിക്കരയും-കാർത്തികപ്പള്ളിയും): ഗവർമെൻ ബഡ്ജറ്റ് വിചർച്ചാവസരത്തിൽ ഞാൻ പറഞ്ഞിട്ടുള്ളതെന്തെന്നാണ് എന്ന മെമ്പർ വായിച്ചുനോക്കിയാൽ അറിയാം.

ശ്രീ. ടി. സി. കേശവപിള്ള (കൽക്കുളവും-വിളവങ്കോടും): ഭൂപരിഷ്കരണത്തെപ്പറ്റി ചോദിച്ചുകൊള്ളുന്നു, ശ്രീ: ആശാൻ മലയാളത്തിലാണ് സംസാരിക്കുന്നത്.

ശ്രീ. എ. എസ്സ്. മുഹമ്മദ്കുഞ്ഞ് (മാവേലിക്കരയും-കാർത്തികപ്പള്ളിയും): സർ, ശ്രീ: കഞ്ഞിത്തൊമ്മന്റെ ചോദ്യത്തിനു ഞാൻ മറുപടി പറയുകയാണ്.

ശ്രീ: തയ്യുകഞ്ഞിത്തൊമ്മൻ (മൂവാറ്റുപുഴയും-തൊടുപുഴയും): മറ്റുള്ളവർ ഒരു പ്രതി കൊണ്ടുവരുന്നില്ലാ എന്നു പറയുന്ന ആൾക്കുതന്നെ ഒരു പ്രതി കൊണ്ടുവരുന്നതാ?

ശ്രീ: എ. എസ്സ്, മുഹമ്മദ്കുഞ്ഞ് (മാവേലിക്കരയും-കാർത്തികപ്പള്ളിയും): ഒന്നോ രണ്ടോ പേർ ആലോചിച്ചു കൊണ്ടുവരുന്നതിൽനിന്നും ന്യൂനത കണ്ടെത്തുകയേ ഞാൻ മാത്രം ഒരു പ്രതി തയ്യാറാക്കി ഇവിടെ കൊണ്ടുവരാത്തതു്.

അദ്ധ്യക്ഷൻ: ശ്രീ. അയ്യൻ, നിങ്ങളുടെ സമയം അവസാനിച്ചിരിക്കുന്നു എന്നു ഞാൻ വിചാരിക്കുന്നു, എങ്കിലായാലും സല്പസമയംകൂടി നിങ്ങൾക്കു ഞാൻ തന്നവലിച്ചിരിക്കുന്നു.

ശ്രീ: എ. എസ്സ്. മുഹമ്മദ്കുഞ്ഞ് (മാവേലിക്കരയും-കാർത്തികപ്പള്ളിയും): സർക്കാർസർവീസിലെ സമുദായപ്രാതിനിധ്യം അന്വേഷിക്കണമെന്നുള്ള വിഷയത്തെപ്പറ്റി തീരുമാനിക്കേണ്ടതു അദ്ധ്യാവശ്യമാണ്. സർക്കാർ സർവീസിൽ വേണ്ടവിധം പ്രാതിനിധ്യം ലഭിച്ചിട്ടില്ലെന്നു പരാതിപ്പെടുന്ന സമുദായങ്ങളുടെ സങ്കടങ്ങളെ പരിഹരിക്കുകയും അദ്ധ്യാവശ്യമാകുന്നു. ഈ സംസ്ഥാനത്തിന്റെ രാഷ്ട്രീയ പുരോഗതിയെ പുരസ്കരിച്ചു വിവിധസമുദായങ്ങളും പരസ്പരം സൌഹാർദ്ദത്തോടുകൂടി വർത്തിക്കണമെന്നാണെങ്കിൽ മേൽപറഞ്ഞ സംഗതികൾ നിവർത്തിക്കേണ്ടതാകുന്നു. അതിനാണ് ഈ കായ്യത്തെപ്പറ്റി പറ്റുവോലെ പിച്ചു ഒരു പരിഹാരമാർഗ്ഗം നിർദ്ദേശിക്കുന്നതിനു ഒരു കമ്മിറ്റിയെ നിയമിക്കേണമെന്നുള്ള ഭേദം അനുസന്ധാനമായിരിക്കുന്നു എന്നു പ്രസ്താവിച്ചുകൊള്ളുന്നു.

ശ്രീ. കുരിയാക്കോസ് ഇവിടെ കൊണ്ടുവന്നിരിക്കുന്ന പ്രമേയത്തെയും മി. രാജഗോപാലവർമ്മത്തമ്പുരാൻ കൊണ്ടുവന്ന ഭേദഗതിയെയും എനിക്ക് എതിർക്കാതിരിക്കാൻ നിവർത്തിയില്ല. സമുദായ പ്രതിനിധ്യവാദംകൊണ്ടു കൌൺസിലിന്റെ സാധാരണയസമയം പാഴാക്കുന്നവർക്കുള്ളിലും നഷ്ടപ്പെട്ടുപോകുന്നതിനിടയായതു സന്തപ്തിക്കുന്നയായിട്ട് ശ്രീ ചെറിയാൻ ബഡ്ജറ്റ് സമ്മേളനത്തിൽ സാമുദായികപ്രാതിനിധ്യവാദത്തിന് ഒരു സമാധാനം ഉണ്ടാക്കുന്നതിന് കൌൺസിലിനെ പ്രേരിപ്പിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി ഞാൻ ഒരു ഉപക്ഷേപം അവതരി

പ്പെട്ടിരുന്നു. ആ ഉപദേശം പലരുടെയും അനുകൂലിച്ചു എങ്കിലും സ്നേഹിതന്മാരിൽ പലരും പ്രസംഗിക്കുമ്പോഴായ അവസാനത്തിൽ അദ്ധ്യക്ഷനവർകൾ ആ നിമയങ്ങളിച്ചു് താമസിയാതെ ആലോചിച്ചു് ഒരു പരിഷ്കാരം ഉണ്ടാക്കുന്നതു് ഉടൻതന്നെ അതിലേക്കു് ഒരു നിർദ്ധനം പറയാൻ നിവർത്തിയില്ലെന്നും മറുപടിയായി പ്രസ്താവിച്ചു. ഈ പ്രസ്താവനയെ എതിർത്തു സ്നേഹിതൻ മി. കുഞ്ഞിത്തൊമ്മൻ മുതൽപേർ സ്വീകരിച്ചു. ഇതിനോടു ഞാൻ ചേർന്നു. ഞാനും ഞാൻ ആ ഉപദേശത്തെ പൻവലിക്കുകയാണെന്നായതു് അതുകഴിഞ്ഞിട്ടു ഇപ്പോൾ ഒന്നുരണ്ടുപ്രാവശ്യം ഗവണ്മെന്റു് വക്കീൽസ്ഥാനത്തു് എടുപറയുന്നതിൽ പുതുതായും നീളം കുറഞ്ഞതെന്നും ഒക്കെ ഗവണ്മെന്റു് അതിനെ പ്രോത്സാഹിപ്പിച്ചതിൻറെ ഫലമായി ക്രി. ശ. 1924-ാമതു ജനുവരിമുതൽ ഈ മാസമുടെ അവസാനം വരെയുള്ള സുദീർഘമായ കാലത്തിനുള്ളിൽ ഗവണ്മെന്റിനു് ഒരു വക്കീലിനെ പോലും നിയമിക്കേണ്ടതായി വന്നിട്ടില്ലെന്നുള്ള വസ്തുത ഞാൻ ഈ സഭയുടെ ശ്രദ്ധയിൽ പെടുത്തിക്കൊള്ളുന്നു. മി. കുഞ്ഞിത്തൊമ്മൻ പറയുന്നതു കുറച്ചു കാലത്തേക്കു് എങ്കിലും അങ്ങനെ ആയിരുന്നാൽ കൊള്ളാമെന്നാണു് എനിക്കും അഭിപ്രായം. അതുകൊണ്ടു് ഗവണ്മെന്റു് വക്കീലിനെ നിയമിക്കുന്നതിൽ പുതുതായി ഒരു നിയന്ത്രണം ഏർപ്പെടുത്തുന്നതിനു് ഞാൻ ഒരു ഭേദഗതി കൊണ്ടുവരുന്നതാണു്. അതിനുള്ള അവകാശം ഞാൻ ഇപ്പോൾ ഒഴിഞ്ഞിട്ടില്ലെന്നു് ഓർമ്മിപ്പിച്ചുകൊള്ളുന്നു.

മി: എൽ. ഈശ്വർ. രാജരാജവർമ്മകോയിത്തമ്പുരാൻ (ചങ്ങനാശ്ശേരിയും പീരുമേടും): അടുത്തതായിട്ടുവരുന്ന ഒരു രസഭൃഷ്ടനം ഉണ്ടെന്നു അറിയുമോ?

മി: ആർ. രാമൻപിള്ള (കോട്ടയം) ഈ രസഭൃഷ്ടൻ ഇരിക്കുന്ന അവസരത്തിൽ ഇനിവരുന്ന പേക്കുന്ന രസഭൃഷ്ടനപ്പറ്റി വിചിന്തനംചെയ്യേണ്ട ആവശ്യമില്ല. കൂടാതെ ആ രസഭൃഷ്ടൻ ബാഹരിൽ വരുമോ എന്നും അതിനപ്പുറം സഞ്ചരിയ്ക്കുവാൻ സാധിയ്ക്കുമോ എന്നും ഒരു നിശ്ചയവുമില്ല അതിനാൽ ഇങ്ങിനെ ഗവണ്മെൻറിനെ ഉപദേശിച്ചു കൊണ്ടുവരാൻ പ്രയത്നത്തെയും ദോഷിയേയും ഒരു പോലെ ഏൽക്കുന്നു.

മി. എ. താണുപിള്ള (തിരുവനന്തപുരം) സർ, ഈ വിഷയത്തിൽ ഉദ്യോഗസ്ഥന്മാരുടെ അഭിപ്രായം അറിയുവാൻ ഞങ്ങൾക്കു ആഗ്രഹമുണ്ടു. ഇവിടെ പ്രതിപാദിയ്ക്കപ്പെട്ടിട്ടുള്ള പ്രമേയത്തെ അടിസ്ഥാനപ്പെടുത്തി അനുഭവസ്ഥരായ പല സംബന്ധികളും പ്രസംഗിച്ചതിൽ ഉദ്യോഗസ്ഥന്മാരുടെ അഭിപ്രായം അറിയുന്നതു നന്നായിരിക്കുമെന്നു തോന്നുന്നു.

അദ്ധ്യക്ഷൻ : നമുക്കു ഇനി കുറച്ചു സമയം മാത്രമേയുള്ളൂ. കൃത്യം മണിമുതൽ അടിച്ചുകൂട്ടുന്നു മിന്നിട്ടാകുമ്പോൾ സഭാനടപടികൾ നിർത്തിവയ്ക്കുന്നതിനെ സംബന്ധിച്ചുള്ള ഉപദേശപരമായ നമുക്കെപ്പോലോചനയുണ്ടാകേണ്ടതായിട്ടുണ്ടു. ഈ പ്രമേയത്തെ സംബന്ധിച്ചുള്ള വാദപ്രതിവാദം അടുത്ത രിവസം മണിപതിനൊന്നടിച്ചു കൂട്ടുന്നു മിനിട്ടാകുമ്പോൾ തുടങ്ങുന്നതിനായി മാറ്റിവയ്ക്കുന്നതു് നന്നായിരിക്കുമെന്നു ഞാൻ വിചാരിക്കുന്നു. വാദപ്രതിവാദം ഇപ്പോൾ അവസാനിപ്പിയ്ക്കുന്നപക്ഷം നാളെ യോഗംകൂടുന്നതവസരത്തിൽ തന്നെ നമുക്കു അതു തുടങ്ങിയ്ക്കുവാനുതകുമല്ലോ. സഭാനടപടികൾ നിർത്തിവയ്ക്കുന്നതിനുള്ള ഉപദേശപരമായ വാദപ്രതിവാദം നടത്തുന്നതിനു നിശ്ചയിച്ചിട്ടുള്ള സമയത്തിനുമുൻപായി മുനുമിനിട്ടിൽ കുറഞ്ഞ സമയം മാത്രമെന്നുണ്ടെങ്കിൽപ്പോരുള്ളൂ.

[സഭാനടപടികൾ മുന്നോട്ടുകൊണ്ടുപോകുന്നതിനുവേണ്ടി നിർത്തിവയ്ക്കപ്പെട്ടു]

മദ്യവർജ്ജനപ്രസ്ഥാനം നിമിത്തം ചേർത്തലയുണ്ടായിട്ടുള്ള കഴപ്പുണ്ടാക്കുന്നതിനെപ്പറ്റി പഠിക്കുവാൻ നിയമിച്ചിട്ടുള്ള കമ്മിറ്റിയുടെ സിറ്റിംഗ് നടത്തുന്നതിനുള്ള ഉപക്ഷേപം.

ശ്രീ: മുറിവേലിൽ പാപ്പുപിള്ള (ചേർത്തല): സർ, ഈ ആണ്ടു കന്നിമാസം ഫസ്റ്റ്-നു ചേർത്തലകൊടുത്തി ലും കണിച്ചുകുളങ്ങരയിലുംകൂടാൻ നിശ്ചയിച്ചിരുന്ന പൊതു യോഗങ്ങളിൽ നടന്ന അനിഷ്ടസംഭവങ്ങളേയും ഈ സംഭവങ്ങളെ സംബന്ധിച്ചു പോലീസുകാരും അധികൃതന്മാരായ മറ്റുള്ളവരും അംഗീകരിച്ച നയത്തോടു അനുബന്ധിച്ചു നടപടിയേയും ഈ കൗൺസിലിന്റെ ഗൗരവതരമായ ശ്രദ്ധയിലേക്കു നിർദ്ദേശിക്കുന്നതിനും നീതിപൂർവമായ നിഗമനത്തിനും സമർപ്പിക്കണമെന്നുള്ളതിനുവേണ്ടി ഞാൻ ഈ അടിയന്തിരപ്രമേയം കൊണ്ടുവരുവാൻ നിർബന്ധിതനായിരിക്കുന്നു. എന്നാൽ അവിടെ നടന്ന സംഭവങ്ങളെ സംബന്ധിച്ചുപറയുന്നതിനു മുമ്പായി അതിനുഹേതുവായിത്തീർന്ന ചില സംഗതികളെപ്പറ്റി അല്പമായിപറയേണ്ടിയിരിക്കുന്നു.

ചേർത്തല താലൂക്ക് മദ്യപാനത്തിലും മദ്യവ്യവസായത്തിലും വളരെ മുന്നിട്ടു നിൽക്കുന്ന ഒരു താലൂക്കാണെന്നുള്ളതു ഈ രാജ്യത്തെമാത്രമല്ല പോർട്ടുഗൽനിന്നു തന്നെ കണ്ടാൽ സ്പഷ്ടമാണ്. ഇതിനുതെളിവു ഫിഷറീസ് ഡിപ്പാർട്ടുമെന്റിൽ പ്രസിദ്ധപ്പെടുത്തീട്ടുള്ള കണക്കനുസരിച്ച് ചേർത്തലതാലൂക്കിൽ നിന്നും ഒരു കൊല്ലത്തിൽ ഏതാണ്ടു ൧,൦൦൦ രൂപയ്ക്കുള്ള ചെത്തു കള്ളുകെട്ടിറക്കുന്നുവെന്നായിക്കാണുന്നു. ഇപ്രകാരം അമിതമായ മദ്യപാനംകൊണ്ടു സന്താനോല്പാദകപരമായും സാമ്പത്തികമായും ജനങ്ങൾ നാശമടയുന്നതും ക്ഷയിച്ചുവരുന്നതും ഏവനും ബോധ്യം വന്നുപോരുന്ന ഏതൊരു വിഷയത്തിലേക്കായിട്ടും ഈ മദ്യപാനാസക്തിയെ കുറയ്ക്കുന്നതിനുവേണ്ടി അവിടത്തെ ജനങ്ങൾതന്നെ ചില ശ്രമങ്ങൾ ആരംഭിച്ചു. അങ്ങനെ ഒരു ശ്രമം അവിടെ ഉടലെടുത്തതു് ൧൯൦൪ മീനത്തിലാണു്, ഈ ശ്രമങ്ങളുടെ ഫലമായിട്ടു് താലൂക്കിന്റെ പലഭാഗങ്ങളിലും രണ്ടോമൂന്നോ സ്ഥലങ്ങളിലും മദ്യപാനത്തിനുവേണ്ടി പരിശ്രമിക്കുന്നതിനു് പ്രത്യേകം പ്രത്യേകം കമ്മറ്റികളും ഏർപ്പെടുത്തുകയും ചെയ്തു. ഇങ്ങനെ പൊതുയോഗങ്ങൾകൂടി ഓരോ സ്ഥലത്തും ഉള്ള ജനങ്ങളെ അവിടെ കൂടുന്നിച്ചുവരുത്തി മദ്യപാനം കൊണ്ടുള്ള ദുഷ്ഫലങ്ങളെപ്പറ്റിയും അവരെ പറഞ്ഞു മനസ്സിലാക്കുകയും നിവർത്തിയുള്ളിടത്തോളം മദ്യവ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളെ അതിൽനിന്നു പിൻവലിക്കുന്നതിനു ശ്രമിക്കുകയും ചെയ്തപ്പോൾ ഞാനും എന്റെ സ്വന്തമനസ്സാക്ഷിയുടെയും വിധിതിയിലുള്ള നിർബന്ധവും കൂടാതെ ആ ഉദ്യോഗത്തിൽ നിന്നു വിരമിച്ചു. തിരിച്ചടിയിൽ ഫസ്റ്റ്-ലേക്കും ഫസ്റ്റ്-ലേക്കും ഉള്ള ഷാപ്പുലേലം അവിടെ നടന്നുകഴിഞ്ഞിരുന്നു, അതായതു് ഈ ശ്രമം ആരംഭിക്കുന്നതിനു് അല്പം മുമ്പേയിട്ടാണു ലേലം നടന്നതു്. മദ്യവർജ്ജനശ്രമത്തെ ശത്രുഭാവമായിട്ടു കണ്ടുകൊണ്ടിരുന്നവർ വളരെ വിഷമിക്കയും വളരെ പരിശ്രമിക്കയുംചെയ്തെങ്കിലും ഈ ശ്രമത്തിനെ ക്ഷീണമുണ്ടാക്കിട്ടാവുന്നതു്, ഷാപ്പു് കൈവിട്ടുപോകുന്നതിനു് സ്ഥലം കിട്ടാതെയായി. ചെത്തുതൊഴിൽ നടത്തുന്നതിൽ ഏർപ്പെട്ടിരുന്നവരെ മുമ്പു് ചെത്തുപ്പെ ചെയ്യിക്കാതിരിപ്പാൻ. അപ്പോൾ എക്സൈസ്കാരും വളരെ പരിശ്രമിച്ചു. ഓരോ കൺട്രാക്ടർമാരും അതാതുസമയത്തു അടയ്ക്കേണ്ട ഡോണിയും തവണ തവണ ശരിയായി കെട്ടിവയ്ക്കുന്നതിനു നിവൃത്തിയില്ലാതെ അപകടം വളരെ പറ്റുകയുണ്ടായി. ഇതുകൊണ്ടും അയപ്പോൾ ഇതിനു് ഏതാണ്ടു നിവൃത്തി എന്നു് ആലോചിച്ചു കണ്ട കൺട്രാക്ടർമാർ ചുരുക്കം ചിലർ സംഘംചേർന്നു തിരുവനന്തപുരത്തു് ഒരു ഡെപ്യൂട്ടേഷൻ വന്നു് അധികാരികളോടു് ഈ വിഷമസ്ഥിതികളെപ്പറ്റി ധരിപ്പിച്ചു. അതുകഴിഞ്ഞു കുറച്ചുനാൾ കഴിഞ്ഞപ്പോൾ എക്സൈസ് കമ്മീഷണർ ഇതിനെപ്പറ്റി അന്വേഷിക്കുന്നതിനു് ചേർത്തലയിലുണ്ടായിരുന്നു. അപ്പോൾ കൺട്രാക്ടർമാർ എല്ലാവരുംകൂടിച്ചെന്നു് ഇവിടെ ആരംഭിച്ചിട്ടുള്ള മദ്യവർജ്ജനശ്രമത്തെയും തങ്ങൾക്കു് ഈ തൊഴിൽ ആദായകരമായി നടത്തുവാൻ നിവൃത്തിയില്ല, അതുകൊണ്ടു് കണ്ടുകെട്ടിയിരിക്കുന്ന തങ്ങളുടെ ഒഴിപ്പിക്കേണമെന്നു് അപേക്ഷിച്ചതിൽ ഹർജി അയച്ചു. ഇതുകൊണ്ടും ആയപ്പോൾ ചേർത്തലതാലൂക്കിൽ ഉള്ള ഗവണ്മെന്റിലേക്കു് ഫസ്റ്റ്സ്റ്റു് സ്റ്റോക്കിൽ വലുതായ ഒരുതുക മുട്ടിക്കിടക്കുന്നുണ്ടു് കഴഞ്ഞ കൊല്ലത്തെപ്പോലെ ഇതുകൊണ്ടായിട്ടു ലേലം നിർത്തുകയോ തീർച്ചപ്പെടുത്താൻ യാതൊരു മാർഗ്ഗവും ഇല്ലാതായി. അതിനാൽ ഈ ഗവണ്മെന്റിലേക്കു ഴുവൻ ഉണ്ടാകുന്ന എന്തുതന്നെ എക്സൈസ്കമ്മീഷണരുടെ തീരുമാനമുണ്ടായി. തൽക്കാലം ഈ കൺട്രാക്ടർമാരോടു് അധികൃതന്മാർ പലപ്രകാരത്തിലും പറഞ്ഞു കുറെയും പണം നിർബന്ധപൂർവ്വം പിരിച്ചെടുക്കുന്നതിനുള്ള ഇതിനെപ്പറ്റി എല്ലാവിധത്തിലും ഉണ്ടാകുന്ന നഷ്ടത്തിനു പരിഹാരമായിട്ടുള്ള ഉപകാരങ്ങൾ ചെയ്തുകൊടുക്കുന്നതിനുവേണ്ടിയുള്ള ആലോചന നടത്തുകയുണ്ടായി. അതിലേക്കു് എക്സൈസുകാരും പോലീസുകാരും ക്ലബ്ബിലെ ചില കൺഫറൻസുകളും നടന്നു. അനിഷ്ടസംഭവത്തെപ്പറ്റി ഞാൻ ഈ കൗൺസിലിലേക്കു പലചോദ്യങ്ങളും അയച്ചിട്ടുണ്ടു്. എക്സൈസ കമ്മീഷണർമാരുടെ കഴിഞ്ഞശേഷം ഏതുവരെ ചേർത്തല താലൂക്കിൽ സഞ്ചരിച്ചു പന്നിട്ടുണ്ടു്. വന്നിട്ടുള്ള ആണ്ടുമാസം തീയതികൾ, കോട്ടയം ഡി. എസ്സ്. പി. ഏതുവരെ സഞ്ചരിച്ചുവന്നിട്ടുണ്ടു്, അവർ രണ്ടുപേരും വന്നതു ഒരു തീർത്തിയ ഖാനോ എന്നീവിവരങ്ങൾ ഞാനു ആവശ്യപ്പെട്ടിട്ടുണ്ടു്. എന്നിവകൂടി ഉള്ള ശരിയായ അറിവുകളുമുണ്ടാക്കി പറയുകയാണെങ്കിൽ എക്സൈസ് കമ്മീഷണർ അവിടെ സഞ്ചരിച്ചിട്ടുള്ള പല അവസരങ്ങളിലും കോട്ടയം ഡി. എസ്സ്. പി. യും അവിടെ സഞ്ചരിച്ചുവന്നിട്ടുണ്ടെന്നു തോന്നുന്നു. ഈ രണ്ടുപേരും ഒരുമിച്ചു ഈ പ്രസ്താവിച്ച തീയതികളിൽ അതായതു ഒന്നിച്ചു, പല്ലനയിലെ സമീപസ്ഥലത്തെ പോലീസ്സ് ട്രാവലേഴ്സ് ബംഗ്ലാവിലും പലപ്രാവശ്യവും വന്നിട്ടുണ്ടു്. അവർക്കുള്ള പല ഉദ്യോഗങ്ങളും നടത്തിയിട്ടുണ്ടു്.

ശ്രീ: പി. ഗോപാലനായകംപിള്ള (എക്സൈസ കമ്മീഷണർ): എക്സൈസ കമ്മീഷണർ ഈ താലൂക്കിൽ അവിടെ സഞ്ചരിച്ചുവന്നിട്ടുണ്ടോ?

ശ്രീ: മുറിവേലിൽ പാപ്പുപിള്ള (ചേർത്തല): ഇത്രയധികം സഞ്ചരിച്ചുവന്നിട്ടുണ്ടെന്നു് എനിക്കു അറിയുന്നതിനുവേണ്ടി ഞാൻ ചോദ്യം അയച്ചിട്ടുണ്ടു്. ഈ ൨൭-ാംതീയതി വന്നതിനുശേഷം ഫസ്റ്റ്-ലേക്കും ഫസ്റ്റ്-ലേക്കും എത്രയധികം ലേലം നടന്നിട്ടുണ്ടു് എന്നുള്ളതുസംഗതികൾകൊണ്ടു അറിയുന്നതിനുവേണ്ടിയാണു് ഞാൻ ഈ ചോദ്യം അയച്ചിട്ടുണ്ടു്.

ശ്രീ: പി. ഗോപാലനായകംപിള്ള (എക്സൈസ കമ്മീഷണർ): മറ്റുദ്യോഗങ്ങൾകൊണ്ടു എക്സൈസ കമ്മീഷണർ വന്നിട്ടില്ലാ എന്നു അറിയുമോ?

ശ്രീ: മുറിവേലിൽ പാപ്പുപിള്ള (ചേർത്തല): അതു ഞാൻ ഓർമ്മിക്കുന്നില്ലല്ലോ?

ശ്രീ: പി. ഗോപാലനായകംപിള്ള (എക്സൈസ കമ്മീഷണർ): ൨൭-ാം തീയതിക്കുശേഷം ഫസ്റ്റ്-ലേക്കും ഫസ്റ്റ്-ലേക്കും ലേലം കഴിഞ്ഞതിനുശേഷം എക്സൈസ കമ്മീഷണർ അവിടെ സഞ്ചരിച്ചിട്ടുണ്ടോ?

ശ്രീ: മുരുവേലിൽ പാച്ചുപിള്ള (ചേത്തല): അതു എതിർക്കുന്നില്ല. അദ്ദേഹം പതിവിനു വിപരീതമായിട്ടു കൂടുതൽതവണ സംസാരിച്ചുവന്നിട്ടുണ്ടെന്നു എനിക്കു മനസ്സിലായതുകൊണ്ടു പറയാൻ കഴിയും. ഫാദർ-ൽ വന്നതിനേക്കാൾ കൂടുതൽ പ്രാവശ്യം ഫാദർ ജോസഫ് വേലംകഴിഞ്ഞതിനുശേഷം സംസാരിച്ചുവന്നിട്ടുണ്ടു. വന്നിട്ടുള്ള അവസരങ്ങളിൽ അദ്ദേഹവും ഡി. സ്സ്സ്സ്, പി. യുമായി കൂടിആലോചിച്ചിട്ടുണ്ടു. എന്നാൽ ആലോചന എന്തുമായിരുന്നു എന്നു എനിക്കു സൂക്ഷ്മമായിട്ടു പറയാൻ സാധിക്കയില്ല. അവർ തമ്മിൽകൂടിആലോചന നടത്തിയതിനുശേഷം ഉണ്ടായിട്ടുള്ള സംഭവങ്ങളെപ്പറ്റി ആലോചിക്കുകയാണെങ്കിൽ അതായതു് ആവക സംഗതികളും എല്ലാംകൂടിചേർത്തു പറയുമ്പോൾ, ഏതുവിധത്തിലും ഇപ്പോഴത്തെ മദ്ധ്യവർജ്ജന പ്രസ്ഥാനത്തെ അടിച്ചുടയ്ക്കണം എന്നായിരുന്നു അവരുടെ ആലോചന എന്നു് അനുമാനിക്കാൻ ധാരാളം ന്യായങ്ങളുണ്ടു്. അതിനു് വേണ്ടിടത്തോളം മാർഗ്ഗസംഗതികളുമുണ്ടു്. അവയെ ഞാൻ വഴിയേ പ്രസ്താവിയ്ക്കാം. അവർ കൂടി ആലോചന നടത്തിയതിൻറെശേഷം ഇടുതായി മർദ്ദനമുറ പ്രയോഗിക്കാനാണു് തീരുമാനംചെയ്തതു്. എന്നാൽ ആവക സംഗതികളും എല്ലാം സ്പഷ്ടമാക്കണം എന്നുഞാൻ വിചാരിയ്ക്കുന്നില്ല. കോടതികളിൽ ഇതിക്കുന്ന കേസുകളിലുടെ അതു സംബന്ധിക്കുന്നവരുടെ അതിജനപ്രീതിയാകുന്നതാനും പറയുന്നില്ല. അതിനു മുൻപു് അതിൽ മുന്നിട്ടുനിന്ന പ്രവർത്തിച്ചുവരായ രണ്ടാളുകളെ അവരുടെ പ്രസംഗം നിരോധിച്ചു ഡിസ്ട്രിക്ട മജിസ്ട്രേട്ടിനെക്കൊണ്ടു ഒരാജ്ഞ പുറപ്പെടുവിച്ചു. അദ്ദേഹം നിരോധനാജ്ഞകാട്ടുന്നതു മെസ്സേഴ്സ്സ് തോപ്പാലകുഞ്ഞൻ, ഗോപാലൻ നായർ എന്നു രണ്ടുപേർക്കുമാണു. ഡിസ്ട്രിക്ട്റ്റ് മജിസ്ട്രേട്ടിൻറെ ഈ തിരുമൊഴിയുടെ ഇവർ കണ്ണിമാനം കുറ്റംചെയ്തു ലംഘിച്ചു. ആ ആജ്ഞയെ ലംഘിക്കുന്നതിനു് അവരെ പ്രേരിപ്പിച്ചതു് അവരുടെ സ്വന്തമുദ്ദേശ്യം മാത്രമാണു്. അല്ലാതെ അങ്ങിനെ പ്രവൃത്തിക്കുന്നതിനു താലൂക്കിലുള്ള മറ്റു ജനങ്ങളുടെയാകട്ടെ മറ്റൊരു കക്ഷിയുടെയാകട്ടെ അനുകൂല്യവും അവർക്കുണ്ടായിരുന്നില്ല. മദ്ധ്യവർജ്ജന പ്രസ്ഥാനത്തിനുവേണ്ടി ശ്രമിയ്ക്കുന്നതിനും മറ്റുമായി അവിടെ യുത്ത്ലീഗ് എന്നൊരുസംഘം സ്ഥാപിച്ചിട്ടുണ്ടു്. ഈ യുത്ത്ലീഗിൽനിന്നും ഈ ആജ്ഞയെ ഒരിക്കലും ലംഘിക്കാൻ പാടില്ലാഎന്ന നിശ്ചയം പാസാക്കിയിട്ടുണ്ടു്. ആ നിശ്ചയത്തിനു വ്യത്യസ്തമായി ആജ്ഞയെ ലംഘിയ്ക്കേണ്ടിവന്നതുകൊണ്ടു അവരിൽ ഒരാൾ ആ യുത്ത്ലീഗിൽ ഉണ്ടായിരുന്ന മെമ്പർ സ്ഥാനം രാജികൊടുക്കേണ്ടതായിട്ടുവന്നു. ഇങ്ങനെ പൊതുജനങ്ങളുടെ അനുകൂല്യത്തോടുകൂടിയോ അവരുടെ അഭിപ്രായത്തോടുകൂടിയോ അല്ലാ ഇവർ ഈ ആജ്ഞയെ ലംഘിച്ചതു എന്നുള്ളസംഗതി ഞാൻ ഈ കൗൺസിലിൽ ഉറപ്പായി പ്രസ്താവിച്ചുകൊള്ളുന്നു.

ഞങ്ങളുടെ മദ്ധ്യവർജ്ജനപ്രസ്ഥാനം ഏറ്റവും സമാധാനപരമായും ശാന്തമായും യാതൊരുവിധത്തിലുള്ള അക്രമങ്ങളും പ്രവൃത്തിക്കാതെയും നിർദ്ദോഷമായും നടത്തിക്കൊണ്ടുപോവുകയാണു ചെയ്തിട്ടുള്ളതു്. അങ്ങനെ ഈ പ്രസ്ഥാനം നടത്തിയതിൻറെ ഫലമായിട്ടാണു മദ്ധ്യവ്യവസായത്തിനുസാരമായ ഉടവുതട്ടിയതു്, അതിനാൽ ഏതുവിധവും ഈ പ്രസ്ഥാനത്തെ ഇല്ലാതാക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി ഉദ്യോഗസ്ഥന്മാരിൽ ചിലർ ശ്രമംചെയ്തതിൻറെ ഫലമായിട്ടാണു ഈ അനിഷ്ടസംഭവങ്ങൾ ഉണ്ടാകുന്നിടയായതു എന്നുള്ളതിനു സംശയമില്ല. ആജ്ഞയെ ലംഘിച്ചതിലേയ്ക്കു കുറ്റം ശ്രീ-ാംനു- അവരെ ശിക്ഷിച്ചു. ശിക്ഷിക്കപ്പെട്ടവർ രണ്ടുപേരേയും, അവർ മദ്ധ്യവർജ്ജന പ്രസ്ഥാനത്തിനു വേണ്ടി പ്രവർത്തിച്ചുവരായിരുന്നതുകൊണ്ടു്, അനുമോദിക്കുന്നതിനും ടൌണിൽ ഒരു മദ്ധ്യവർജ്ജനകമ്മിറ്റി രൂപീകരിക്കുന്നതിനുംവേണ്ടി ഫ്രൻ-ാംനീയതി ഒരു പൊതുയോഗംകൂടാൻ തീർച്ചപ്പെടുത്തി നോട്ടീസുകളും പ്രചരിപ്പിച്ചിരുന്നു.

ശ്രീ: ഇട്ടപ്പു ഇട്ടിയച്ചൻ (കുന്നത്തുനാടു്): ആ നോട്ടീസിൽ പറഞ്ഞിരുന്നതു്, മദ്ധ്യവർജനപ്രസ്ഥാനത്തേയും ഇവർ അനുകൂലിച്ചു പ്രസംഗംനടത്തിയതുകൊണ്ടു് ഇവരെ അനുമോദിക്കണമെന്നാണു, അതല്ലാ ശവകണ്ടൻറെ ആജ്ഞയെ ലംഘിച്ചതുകൊണ്ടു് ഇവരെ അനുമോദിക്കണമെന്നോ, എങ്ങിനെയാണു?

ശ്രീ: മുരുവേലിൽ പാച്ചുപിള്ള (ചേത്തല): അതു് ആ നോട്ടീസിൽതന്നെ സ്പഷ്ടമായി പറഞ്ഞിട്ടുണ്ടു്. ഇവർ മദ്ധ്യവർജനപ്രവൃത്തകന്മാരായിരുന്നതുകൊണ്ടു് ആ പ്രവൃത്തകന്മാരുടെ നിലയിൽമാത്രം അവരെ അനുമോദിക്കുന്നതിനുവേണ്ടിയാണു്. ഡിസ്ട്രിക്ട് മജിസ്ട്രേട്ടകൊടുത്ത നിരോധനാജ്ഞയെ ലംഘിച്ചു ശിക്ഷയനുഭവിച്ചതിലേക്കു അതായതു നിയമനിഷേധം ചെയ്തതിലേക്കു അവരെ അനുമോദിക്കണമെന്നു ചേത്തലനിവാസികളിൽ ഒരിക്കലും വിചാരിച്ചിട്ടില്ല. ആ സംഗതി അതിലേക്കുവേണ്ടി അച്ചടിപ്പിച്ചു പ്രചരിപ്പിച്ചിട്ടുള്ളനോട്ടീസ് കൊണ്ടുതന്നെകാണാൻ കഴിയുന്നതാണു്.

ശ്രീ: ഇട്ടപ്പുഇട്ടിച്ചൻ (കുന്നത്തുനാടു): നിയമലംഘനം ചെയ്യുക എന്നുതീയതിയിലാണു്?

മുരുവേലിൽ പാച്ചുപിള്ള (ചേത്തല): അതു കുറ്റം ശ്രീ-ാംനു- ആയിരുന്നു. അവരെ ശിക്ഷിച്ചതു കുറ്റം ശ്രീ-ാംനു- ആയിരുന്നു. ഈ യോഗംകൂടാൻ നിശ്ചയിച്ചതു കുറ്റം ശ്രീ-ാംനു- ആയിരുന്നു.

മദ്ധ്യവർജനപ്രവർത്തകരെന്ന നിലയിൽ പ്രവൃത്തിച്ചുവെന്നിമിത്തം ഈ ശിക്ഷവരാൻ ഇടവന്നല്ലോ എന്നുള്ള വിചാരത്താൽ മദ്ധ്യവർജനപ്രവർത്തകരുടെ നിലയിൽമാത്രം അവരെ അനുമോദിക്കുന്നതിനും ഒരു കമ്മിറ്റി രൂപവൽകരിക്കുന്നതിനും വേണ്ടിമാത്രമാണു് ഫ്രൻ-ാംനു- യോഗംകൂടുവാൻ നിശ്ചയിച്ചതു്.

ഇപ്രകാരമുള്ളയോഗങ്ങൾ ഇനിയും തുടർന്നടത്തിക്കൊണ്ടുപോകുന്നതിനു അനുവദിക്കുന്നതു ഒരുവിധത്തിലും നന്നായിരിക്കയില്ല. ഈ യോഗങ്ങളിൽ അനവധി ആളുകൾ വന്നുചേരുന്നതിനു ഇടവരികയും തന്നിമിത്തം മദ്ധ്യവർജനപ്രസ്ഥാനം നാടാകെയും വളരെ ശക്തിപ്പെട്ടുവരികയും ചെയ്യും. ഓരോസ്ഥലത്തിലുമുള്ള എല്ലാ ജാതിമതസ്ഥന്മാരിൽ പ്രമാണികളായ പലരും ഈ പ്രസ്ഥാനത്തോടു് വളരെ അനുഭാവം പ്രകടിപ്പിച്ചിരുന്നു. ഇങ്ങനെവരുമ്പോൾ ചെത്തുന്നതിനു തെങ്ങുകിട്ടുന്നതിനും ഷാപ്പുകൊട്ടാൻ സ്ഥലം കിട്ടുന്നതിനും വളരെ വിഷമം ഉണ്ടാകും, ഇവയെ തടുക്കുന്നതിനു മറ്റേ യാതൊരു പ്രവർത്തികൊണ്ടും യാതൊരു ഫലവും ഉണ്ടാകുകയില്ല. അതുകൊണ്ടു ഈ പ്രസ്ഥാനത്തെ വിജയകരമാക്കിത്തീർക്കാതിരിക്കണമെങ്കിൽ തീർച്ചയായിട്ടും ഈ യോഗങ്ങളെ തടയുകതന്നെവേണം എന്നു തീരുമാനിച്ചുകൊണ്ടു് ഫ്രൻ-ാംനു-യിലെ യോഗത്തിൽ ഏതാനും ആളുകളെ, പോലീസ്, ഉദ്യോഗസ്ഥന്മാരുടെ ഉത്സാഹത്തിലും അവരുടെ സഹായ സഹകരണത്തിലും യോഗത്തിൽനിന്നു കടത്തിവിടുന്നതിനു അവിടെ തയാറാക്കികൊണ്ടു വന്ന തിരക്കായിരുന്നു.

സ്ഥലത്തെ മുൻസീഫ് കോടതിവക്കീൽ മി. ഗോപാലകൃഷ്ണപ്പിള്ളയുടെ പ്രസിഡന്റ് സ്ഥാനത്തേക്ക് പുതിയംകോട്ട മി: വാസുകുറുപ്പ് എന്ന മാന്യൻ പ്രപ്പോസ്സ് ചെയ്യുകയും വേറൊരാൾ അതിനെ അനുകൂലിക്കുകയും ചെയ്തു. സമയം അവിടെ കൊണ്ടുവന്ന നിറുത്തിയിരുന്നവരിൽ ഒരാൾ—

മി: എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും കാഞ്ഞിരപ്പള്ളിയും): ഫൻ-നു- ക്ലബ്ബിന്റെ യോഗത്തിന് ആരെക്കിലും പ്രവേശനം ഇല്ലാതെ ഉണ്ടായിരുന്നുവോ?

മി: മുറവേലിൽപാച്ചുപിള്ള (ചേർത്തല): യോഗത്തിൽ പ്രവേശനം ഞങ്ങൾക്കും നിഷേധിച്ചിരുന്നില്ല. എന്നാൽ റൌഡികളും അഭ്യാസന്മാരുമായ ആളുകൾ യോഗത്തിൽകടന്നു അക്രമങ്ങൾ പ്രവർത്തിക്കുമെന്നു ഭയപ്പെട്ടിരുന്നതുമില്ല.

മി: എ. സി. കുഞ്ഞാക്കോസ് (മീനച്ചിലംഭേയികളും): പോലീസുകാർ കടത്തിവിട്ട ആളുകൾ ഏതു തരത്തിലുള്ള ആളുകളാണ്.

മി: മുറവേലിൽ പാച്ചുപിള്ള (ചേർത്തല): അവരിൽ പലതരക്കാരും ഉൾപ്പെട്ടിരുന്നു. പലരും റൌഡികളാണ്. ആ താലൂക്കിൽ ഒരു നിലയും വിലയും ഇല്ലാത്തവരാളുകളാണ്. ക്ലബിലേക്കുള്ളതും കാലക്ഷേപത്തിനു ഒരു ഗതിയും ഇല്ലാത്തവരത്രേ ഈ കൂട്ടത്തിൽ ഉൾപ്പെട്ടിരുന്നു.

മി: പി. ഗോമതിനായകം പിള്ള (എക്സൈസ്കമ്മീഷണർ): ഈയോഗം കൂടിയ ഫൻ-ാംനു- മെംബർ ആ സ്ഥലത്തുണ്ടായിരുന്നുവൊ?

മി: മുറവേലിൽ പാച്ചുപിള്ള (ചേർത്തല): ഫു-നു-രണ്ടുനേരം ഞാൻ മെട്രാസിൽനിന്നംതിരിച്ചുവന്നു. ഫൻ-നു- ഞാൻ ചേർത്തല ഉണ്ടായിരുന്നു. എന്നാൽ സംഭവം നടന്ന സമയം അവിടെ ഉണ്ടായിരുന്നില്ല.

മി: പി. ഗോമതിനായകം പിള്ള (എക്സൈസസ് കമ്മീഷണർ): അപ്പോൾ ഈ പറഞ്ഞതൊക്കെ കേട്ടറിവാണ്. അല്ലേ?

മി: മുറവേലിൽ പാച്ചുപിള്ള (ചേർത്തല): ഞാൻ ഈ സംഭവങ്ങൾക്ക് ഒരു ഐ സാക്ഷിയായിരുന്നുവോ എന്നു ചോദിക്കുകയായിരിക്കും. എന്നാൽ ഞാൻ പറയുന്ന സംഗതികൾ വിശ്വസ്തന്മാരായി കിട്ടിയ അറിവുകളെ ആസ്പദമാക്കി ഉത്തമവിശ്വാസത്തോടുകൂടി പറയുന്നതാണ്.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): ഈ ഫൻ-ക്ക മുമ്പും യോഗങ്ങൾ ഉണ്ടായിരുന്നില്ലേ?

മി: മുറവേലിൽ പാച്ചുപിള്ള (ചേർത്തല): യാതൊരു ഉണ്ടായിരുന്നു.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): അന്നു ഈ അനിഷ്ടസംഭവങ്ങൾ വല്ലതും ഉണ്ടായതായിരുന്നുവോ?

മി: മുറവേലിൽ പാച്ചുപിള്ള (ചേർത്തല): യാതൊന്നുംതന്നെ ഇല്ലായിരുന്നു.

ഈ അക്രമികളെ ഉദ്യോഗസ്ഥന്മാർ കടത്തിവിട്ടതാണ് എന്നു എനിക്ക് നേരിട്ടുകണ്ടതായി പറയാൻ സാധിച്ചില്ലെങ്കിലും മറ്റുസംഗതികളെക്കൊണ്ടു അതു അനുമാനിക്കാൻ ധാരാളം ന്യായമുണ്ട്. ഈ യോഗത്തെ തടസ്സപ്പെടുത്തണമെന്നു പോലീസുകാർക്ക് വിചാരം ഇല്ലായിരുന്നു എങ്കിൽ അന്യസ്ഥലങ്ങളിൽനിന്നും വിശേഷാൽ ആയി പോലീസുകാരെ വരുത്തേണ്ട ആവശ്യമില്ലായിരുന്നു. ഫൻ-ഖ യോഗത്തിന് തൊട്ടു താലൂക്കിലെ രണ്ടു പോലീസ് ഇൻസ്പെക്ടരേയും കുത്തിയതോട്ട് പൊലീസ് ഇൻസ്പെക്ടരേയും കൂടാതെ പൊലീസ്സുകാരെയും വിശേഷാൽ അവിടെ വരുത്തിയിട്ടുണ്ടായിരുന്നു.

മി: എ. സി. കുഞ്ഞാക്കോസ് (മീനച്ചിലം ദേവികുളവും): ചേർത്തലത്താലൂക്കിൽ ഇതിനുമുമ്പ് എപ്പോഴെങ്കിലും ഗവണ്മെൻറിന്റെ ആജ്ഞയെ ലംഘിച്ചതായ ഒരു സംഭവം ഉണ്ടായിട്ടുണ്ടോ?

മി: മുറവേലിൽ പാച്ചുപിള്ള (ചേർത്തല): ഇതുപോലെ ഉണ്ടായിട്ടില്ല. ചേർത്തലക്കാർ ഗവണ്മെൻറിന്റെ ആജ്ഞയെ അതിലംഘിച്ചു നടക്കുന്നവരല്ല. തിരുവിതാംകൂർ ഗവണ്മെൻറായാലും ബ്രിട്ടീഷ് ഗവണ്മെൻറായാലും അവർ വളരെ കൈയോടുകൂടി കൈകാര്യം ചെയ്യുന്നവരാണ്. മഹായുദ്ധം നടന്നകാലത്തു് സൈന്യത്തിൽ ചേരുവാൻ ആളുകളെ അയക്കണമെന്നു ആവശ്യപ്പെട്ടപ്പോൾ അധികം ആളുകളെ റിക്രൂട്ട് ചെയ്തു് അയച്ചു ഒന്നാം താലൂക്കാണ് ചേർത്തല. അങ്ങിനെ കൂടുതൽ ആളുകളെ അയച്ചതിനു് സ്മാരകമായി വാർസ്മാരകം ഉണ്ടാക്കിയിട്ടുള്ളതു് രണ്ടോ മൂന്നോ താലൂക്കുകളിൽ മാത്രമേയുള്ളൂ. ഈ കൂട്ടത്തിൽ അങ്ങിനെയൊരു സ്മാരകം ചേർത്തല താലൂക്കച്ചേരിയുടെ മുമ്പിൽ സ്ഥാപിച്ചിട്ടുണ്ട്. അതുപോലെ ഡിക്വെഞ്ചുവർ ബോണിനും ധാരാളം പണം കൊടുത്തു ഗവണ്മെൻറിനെ സഹായിച്ചിട്ടുള്ളവരാണ് ചേർത്തലക്കാർ.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): ഈ ഫൻ-നു-ക്കുമുമ്പ് ഗവണ്മെൻറിന് നഷ്ടംവരുത്തണമെന്നു വിചാരിച്ചു വല്ല പദ്ധതിയും അവിടെ രൂപീകരിച്ചിട്ടുണ്ടായിരുന്നോ?

മി: മുറവേലിൽ പാച്ചുപിള്ള (ചേർത്തല): ഇല്ല. എന്നാൽ ഞങ്ങളുടെ മല്യവർഷനപ്രസ്ഥാനംകൊണ്ട് ഗവണ്മെൻറിന്റെ എക്സൈസ് ഇനത്തിലുള്ള വരുമാനത്തിന് ധാരാളം കുറവു വരുമെന്നു വിചാരിക്കാൻ സംഗതികൾ ഉണ്ടായിട്ടുണ്ട്.

മി: മുറവേലിൽ പാച്ചുപിള്ള (ചേർത്തല): ഇങ്ങനെയുള്ള ചില മീറ്റിംഗുകളിൽ ചിലപ്പോൾ ഞാൻ അദ്ധ്യക്ഷനായിട്ടും പ്രസംഗിപ്പാനായിട്ടും സംബന്ധിക്കാൻ ഇടയായിട്ടുണ്ട്. എന്നാൽ അങ്ങനെയുള്ള അവസരത്തിൽ ഈ മാതിരിയുള്ള സ്പീച്ചു ഒന്നും നടന്നതായിട്ട പറയാൻ സാധിക്കുകയില്ല. അഥവാ അങ്ങനെ ചില പ്രസംഗങ്ങൾ വല്ല അവസരങ്ങളിലും ഉണ്ടായിട്ടുണ്ടെന്നിരുന്നാൽ തന്നെയും ആ വക പ്രസംഗങ്ങളെ ഒരുവിധ പ്രകാരത്തിൽ തടയുന്നതിനുകൊണ്ടായതായ വിരോധമുണ്ടായിരുന്നതുമില്ല. അപ്രകാരം ഗവണ്മെൻറിനോ അധികാരമുള്ള മറ്റു ഉദ്യോഗസ്ഥന്മാർക്കോ ശരിയായ ബോദ്ധ്യമുണ്ടായിരുന്നതിനുശേഷമോ ഈ രണ്ടുപേരുടേയും പ്രസംഗത്തെ തടഞ്ഞത് എന്ന സംശയമാണ്.

മി: എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): അവരുടെ പ്രസംഗങ്ങളെ തടയുകയും അവരുടെ പേരിൽ കേസ്സെടുക്കുകയും ചെയ്യുമോ എല്ലാ?

മി: മുറവേലിൽ പാച്ചുപിള്ള (ചേർത്തല): അതൊക്കെ ചെയ്യാം. ചേർത്തല ടൌണിന്റെ ഒരു മാത്രയിൽ ഒരു മുഖയിൽനടന്ന ഒരു സംഭവത്തെ ആസ്പദമാക്കിക്കൊണ്ടു, ചേർത്തല താലൂക്കിലുള്ള ഫ്രീ പക്ഷത്തിക

കൂടിച്ചേരൽ യാതൊരു യോഗവും നടക്കാൻ പാടില്ലാ എന്നാണ് ഇപ്പോൾ നിരോധനാജ്ഞ പുറപ്പെടുവിച്ചിരിക്കുന്നത്. ആ ഉത്തരവ് ഇപ്പോഴും ഉത്തരവിന്റെ രൂപത്തിൽ തന്നെ കിടക്കുന്നു. ഫൻസ്-ലെ യോഗത്തിൽ ഞങ്ങളെ കടത്തി വിട്ടകാര്യം നേരത്തെ പറഞ്ഞുവല്ലോ.

മി: വി. ജെ. ഉമ്മൻ (കുച്ചവടവും വ്യവസായവും വകുപ്പ്): ചേർത്തല പൊലീസ് ഇൻസ്പെക്ടർ ഈ സമയത്തു് ആ സ്ഥലത്തുണ്ടായിരുന്നുവോ?

മി: മുഹമ്മദ് പാച്ചുപിള്ള (ചേർത്തല): ഉണ്ടായിരുന്നു. ചേർത്തല പൊലീസ് ഇൻസ്പെക്ടരും കുറച്ചു പൊലീസ് ഇൻസ്പെക്ടരും കുറേ അകമ്പടിക്കാരായ പോലീസുകാരും അവിടെ ഉണ്ടായിരുന്നു. അവരോടൊപ്പം അനേകായിരമാളുകൾ തെരഞ്ഞെടുത്ത കുറേ ഗുണ്ടകളും ഉണ്ടായിരുന്നു. പോലീസുകാർ ഇതെല്ലാം നോക്കിക്കൊണ്ടു നിന്നു രസിച്ചതല്ലാതെ അതിനെ തടയാൻ യാതൊരു പ്രവർത്തിയും ചെയ്തില്ല.

മി: ഇട്ടൂപ്പ് ഇട്ടീച്ചൻ (കുന്നത്തുനാട്): അവർ അവിടെ എന്താണു പ്രവർത്തിച്ചതു്.

മി: മുഹമ്മദ് പാച്ചുപിള്ള (ചേർത്തല): അവിടെ കയറിനിന്നു പ്രസംഗിച്ചു, മറ്റുള്ള ജനങ്ങളെ പറയാൻ തുടങ്ങുകയാണെങ്കിൽ വടി കാണിച്ചുകൊണ്ടു അവരെ തടസ്സപ്പെടുത്തി. ഈ വക പ്രവർത്തികളും മറ്റും അവിടെ നടക്കുന്നതു കണ്ടുകൊണ്ടു പോലീസുകാർ രസിച്ചു സന്തോഷിച്ചു തുള്ളിക്കളിക്കയായിരുന്നു. നിങ്ങൾ ഒട്ടും അടങ്ങിയൊതുങ്ങേണ്ട. ശരിയായി പ്രവർത്തിക്കുവിൻ. ഭയപ്പെടേണ്ട ആവശ്യമേയില്ല, സഹായത്തിനു ഞങ്ങളുണ്ടു് എന്നുള്ള മാട്ടുത്തോട്ടുകൂടി പോലീസുകാർ അവിടെ നിന്നു.

മി: ഇട്ടൂപ്പ് ഇട്ടീച്ചൻ (കുന്നത്തുനാട്): അവർ അവിടെ നടന്ന പ്രസംഗപ്രവൃത്തികേട്ടു രസിച്ചതായിരിക്കുമോ?

മി: മുഹമ്മദ് പാച്ചുപിള്ള (ചേർത്തല): അവരുടെ പ്രസംഗത്തിന്റെ പ്രവൃത്തിയും കേട്ടു രസിക്കാനൊന്നുമില്ല. അവർ പറയുന്ന അക്ഷരങ്ങളെന്നു ശരിയായി തിരിച്ചറിയാൻ പാടില്ലാത്ത നിലയിലായിരുന്നു അവരുടെ പ്രസംഗം. അങ്ങിനെയുള്ള പ്രസംഗം കേട്ടുരസിക്കാനൊന്നുമുണ്ടായിരുന്നില്ല. അവരുടെ ഉദ്ദേശം സാധിക്കത്തക്കവണ്ണം അവർ തയ്യാറാക്കി നടത്തിയ ഒരു പ്രഹസനം പ്രവർത്തിക്കുന്നു എന്നു കണ്ടപ്പോഴാണ് അവർ രസിച്ചുകൊണ്ടുനിന്നതു്.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഫൊഡ് സക്കോർവക്കീൽ): യോഗശാലയിൽ ഈ പ്രകാരമുള്ള ഒരു ജനക്കൂട്ടം കൂടിയിരിക്കുന്നതുകൊണ്ടു് അവരെ മാറിപ്പോകണമെന്നു് ആവശ്യപ്പെടുവാൻ പോലീസുകാരോടു് അപേക്ഷിച്ചിട്ടുണ്ടോ?

മി: മുഹമ്മദ് പാച്ചുപിള്ള (ചേർത്തല): അവരോടു പ്രത്യേകമായിട്ടു അപേക്ഷിച്ചുവോ എന്നു എനിക്കുപറയാൻ സാധിക്കുകയില്ല.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷനൽ ഫൊഡ്സക്കോർവക്കീൽ): യോഗശാലയുടെ അകത്തോ അവർ നിന്നിരുന്നതു്?

മി: മുഹമ്മദ് പാച്ചുപിള്ള (ചേർത്തല): യോഗം നടന്നു് പ്രത്യേകം കെട്ടിടത്തിലല്ല, മൈതാനത്തിലാണ്.

ഏതാനും ജനക്കൂട്ടം വടി, തടി മുതലായ ആയുധങ്ങളോടുകൂടി അവിടെ കടന്നു വന്നിരിക്കുന്നതുകൊണ്ടു് പോലീസുകാർക്കു വേണമെങ്കിൽ ഞങ്ങളേയും അപേക്ഷ കൂടാതെതന്നെ തടയാവുന്നതാണു്.

അദ്ധ്യക്ഷൻ: മി: പാച്ചുപിള്ള ഇപ്രകാരമുള്ള പ്രസംഗങ്ങൾക്കു സാധാരണ അനുവദിക്കപ്പെട്ടുന്ന സമയം നിങ്ങൾ ഉപയോഗിച്ചുകഴിഞ്ഞിരിക്കുന്നു. ഈ സംഗതി നിങ്ങൾ ഓർക്കണം മി: പാച്ചുപിള്ള ഇപ്പോഴത്തെ സമയത്തെപ്പറ്റി നിങ്ങൾ രേഖയിടേണ്ടതാകുന്നു. ഒമ്പതിന്റെ മിനിട്ട കഴിഞ്ഞു ഇപ്പോൾ പത്തു മിനിട്ട ആയിരിക്കുന്നു.

മി: മുഹമ്മദ് പാച്ചുപിള്ള (ചേർത്തല): പ്രസിഡന്റ് അവർകൾക്കു യുക്തമെന്നു തോന്നുന്നതെങ്കിൽ കൂടുതൽ സമയം അനുവദിക്കാം.

അദ്ധ്യക്ഷൻ: സമയം കഴിഞ്ഞിരിക്കുന്നു നിങ്ങൾക്കു ഒരു മിനിട്ടുകൂടി ഞാൻ അനുവദിക്കാം.

മി: മുഹമ്മദ് പാച്ചുപിള്ള (ചേർത്തല): പോലീസുകാർക്കു അവരുടെമേൽ കൈയ്യേറ്റം നടപടി നടത്താം. അതു് അവർ എടുത്തില്ല. സമാധാനഭംഗം ഉണ്ടാക്കാൻ വന്നിരിക്കുകയാണ് അവർ എന്നു പ്രത്യക്ഷമായി. അതിനെ വേറെ പ്രകാരത്തിൽ തടയുന്നതിനു നിവർത്തിയില്ലെങ്കിൽ ക്രിമിനൽ നടപടി നിയമപ്രകാരം അവരെ അറസ്റ്റുചെയ്യുന്നതിനു പോലീസുകാർക്കു അധികാരമുണ്ടു്.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷനൽ മഹഡ്സക്കോർവക്കീൽ): യോഗത്തിൽ ഹാജരാകാൻ വന്നിരുന്നവരെ അറസ്റ്റുചെയ്യുമെന്നു അവർ പരാതിപറയുകയില്ലേ?

മി: മുഹമ്മദ് പാച്ചുപിള്ള (ചേർത്തല): അവർ യോഗത്തിൽ ഹാജരാകാൻ വന്നവരാണോ അതല്ല കലാപവും വർഗ്ഗീയം ഉണ്ടാക്കാൻ വന്നവരാണോ എന്നുള്ളതു യോഗത്തിൽ ഹാജരായിട്ടുള്ള മാന്യന്മാരോടു ചോദിച്ചാൽ അറിയാവുന്നതാണ്.

മി: എ. എസ്സ്. ദാമോദരനാശാൻ (മാവേലിക്കരയും കാഞ്ഞിക്കുഴിയും): കലാപം ഉണ്ടാക്കാൻ വന്ന ആളുകളെയും യോഗത്തിനു വന്ന ആളുകളെയും പോലീസുകാർക്കു തിരിച്ചറിയാൻ വയ്യേ? (ചിരി)

മി. മുഹമ്മദ് പാച്ചുപിള്ള (ചേർത്തല): ധാരാളം അറിയാം. ഫൻ-ലൈൻ-നടന്ന സംഭവത്തെ തടയുന്നതു ഇനിമേൽ യോഗം കൂടുവാൻ പാടില്ലെന്നുള്ള നിരോധനാജ്ഞ ആവശ്യപ്പെട്ടതാണ്. യോഗം കൂടിയാൽ ഇനിമേലും സമാധാനഭംഗം ഉണ്ടാകും. ഇതുകൊണ്ടു ഇനി യോഗം നടത്തുന്നതിനു അനുവദിക്കുവാൻ പാടില്ലെന്നും അതിനു നിരോധിക്കണമെന്നും പോലീസുകാർ റിപ്പോർട്ടുചെയ്തു. ഫൻ-ലൈൻ-ലെ യോഗം കൂടാൻ നിശ്ചയിച്ചപ്പോൾ ഫൻ-ലൈൻ-നടന്ന സംഭവത്തെ ആസ്പദമാക്കി അതിനെ തടയണമെന്നു ആവശ്യപ്പെട്ടു. ഫൻ-ലൈൻ-ലെ യോഗം സമാധാനമുണ്ടാക്കാൻ എന്തൊരു വഴിയെന്നു ആരാഞ്ഞിക്കാൻ മാത്രമായിരുന്നു. ഫൻ-ലൈൻ-യിലെ സംഭവങ്ങൾക്കു സമാധാനഭംഗം ഉണ്ടാക്കിയവരുടെപേരിൽ എന്തുകൊണ്ടു നിയമപ്രകാരം കേസെടുത്തില്ല.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷനൽ ഫൈഡ്സ്കാർവക്കിൽ): അങ്ങനെ ചെയ്യണമെന്നു ഞാനുകിലും പോലീസുകാരോട് അപേക്ഷിച്ചിട്ടുണ്ടോ?

മി: മുറവേലിൽ പാച്ചുപിള്ള (ചേർത്തല): ഞാനും അവരോട് അപേക്ഷിക്കേണ്ട ആവശ്യമില്ലല്ലൊ. പോലീസുകാർക്കതറിയാമല്ലൊ?

മി. എ. എസ്സ്. ഗോമേശനോശാൻ (മാവേലിക്കരയും കായംകുളവും): അവർക്ക് അതിനു മുമ്പായും ഇല്ലെ?

മി: മുറവേലിൽ പാച്ചുപിള്ള (ചേർത്തല): മുമ്പായും ഉണ്ട്. അവർ അങ്ങനെ ചെയ്തില്ല.

കൻ-ാംനം- നടന്ന സംഭവങ്ങളെപ്പറ്റി ഞാൻ ജനപ്രതിനിധിയുടെ നിലയിൽ ദിവാൻജിക്ക ഒരുകുറി അയച്ചിട്ടുണ്ടായിരുന്നു. കൻ-ാംനം- നടന്ന സംഭവങ്ങളെ അതിസ്ഥനേമക്കി വ-ാംനം- ലെ യോഗവും തടയാൻപോകുന്നു എന്നകണ്ടപ്പോൾ വ-ാംനം- രജിസ്റ്റർചെയ്ത ഡിസ്ട്രിക്റ്റ്മജിസ്ട്രേട്ടിനെ ഞാൻ ഒരു ലറർ അയച്ചു. വ-ാംനം-ലെ യോഗം കൻ-ാംനം- നടന്ന സംഭവങ്ങളെപ്പറ്റി ആലോചിക്കാൻമാത്രം രൂപമന്യൂപേഷനാർ ചേർന്ന പ്രസിദ്ധപ്പെടുത്തിയ നോട്ടീസുണ്ടായിരുന്നു. ഇതിനെ ഒരുവിധത്തിലും തടയാൻപാടില്ല. അതിനു സംഘാടകരെങ്കിലും ഡിസ്ട്രിക്റ്റ്മജിസ്ട്രേട്ടതന്നെ സ്ഥലത്തുവന്നു ഇരുന്നു യോഗം നടത്തിക്കണമെന്നു എനിക്കു തോന്നി അയച്ചിരുന്നു. ഇതിനു പുറമെ വ-ാംനം- ചങ്ങനാശ്ശേരിയിൽചെന്ന ഡിസ്ട്രിക്റ്റ് മജിസ്ട്രേട്ടിനെ കണ്ടു സംഗതികൾ ധരിപ്പിച്ചു. ഞാൻചെന്നപ്പോൾ എക്സ്ക്ലസ്സ്കമ്മീഷണർ ഡിസ്ട്രിക്റ്റ്മജിസ്ട്രേട്ടു തമ്മിൽകണ്ട സ്ഥലത്തുണ്ടായിരുന്നു. അദ്ദേഹത്തെക്കൂടാതെ മി ഡാനിയലും ചേർത്തല പോലീസ്സ് ഇൻസ്പെക്ടർ മി: ഉണ്ണിത്താനും അവിടെ ഉണ്ടായിരുന്നു.

മി: പി. ഗോമതിനായകംപിള്ള (എക്സൈസ്സ്കമ്മീഷണർ): ഏവിടെ ഉണ്ടായിരുന്നു.

മി: മുറവേലിൽ പാച്ചുപിള്ള (ചേർത്തല): ചങ്ങനാശ്ശേരിയിൽ.

മി: പി. ഗോമതിനായകംപിള്ള (എക്സൈസ്സ്കമ്മീഷണർ): മി: ഡാനിയലും ഉണ്ടായിരുന്നുവോ?

മി: മുറവേലിൽ പാച്ചുപിള്ള (ചേർത്തല): മി: ഡാനിയലും ഇൻസ്പെക്ടർ മി: ഉണ്ണിത്താനുംഡിസ്ട്രിക്റ്റ്മജിസ്ട്രേട്ടിനെ കണ്ടിട്ടു പുറത്തിറങ്ങിപോകുമ്പോൾ ഞാൻ അവരെ വഴിയിൽവച്ചു കണ്ടു. അതിനുശേഷംഞാൻ അകത്തുപോയി. അകത്തു എക്സൈസ്സ്കമ്മീഷണരും ഉണ്ടായിരുന്നു. ഇതിനിടയിലും വ-ാംനം-ലെ ഓർഡർ പുറപ്പെടുവിച്ചസമയം ഇവരാരും ഡിസ്ട്രിക്റ്റ്മജിസ്ട്രേട്ടിനോടു അടുത്തു സംസാരിക്കുന്നു എന്നും അതിന്റെ ഉദ്ദേശം നിരോധനാജ്ഞ വാങ്ങുന്നതിനാണെന്നും അനുമാനിക്കുവാനുള്ളതാണ്.

മി: എൽ. എ. ബിഷപ്പ് (റവറന്യൂകമ്മീഷണർ): ഈ യോഗങ്ങളേയും സംബന്ധിച്ചു ഇപ്രകാരം നിരോധനാജ്ഞ നൽകപ്പെട്ടിട്ടുണ്ടോ?

മി, കയ്യാലം പരമേശ്വരൻപിള്ള (അഡിഷനൽ ഫൈഡ്സ്കാർവക്കിൽ): പിന്നെ മറ്റൊരിടത്തും ഒരു മീറ്റിംഗിലും വങ്ങനെയുള്ള ഭയം ഉണ്ടായിരുന്നിരിക്കുമോ?

മി: മുറവേലിൽ പാച്ചുപിള്ള (ചേർത്തല): ആ കയ്യും എന്നെക്കാൾ നിശ്ചയമായി പറയുവാൻ കഴിയുന്നതു പോലീസുകാരാണ്. പോലീസുകാരുടെ അറിവുള്ളടത്തോളം ഈ റൌഡികൾക്ക് ഒരു പൊതുയോഗത്തിൽ കടക്കുന്നതിനു തടയും വരികയില്ലെന്നാണ് എന്റെ വിശ്വാസം. അതിനാൽ ചേർത്തമൂക്കിൽ ഇപ്പോൾ ഇരിക്കുന്ന ഉദ്യോഗസ്ഥന്മാർ അവിടെ ഇരിക്കുന്നടത്തോളംകാലം ഈ നിരോധനാജ്ഞ തീട്ടിക്കേണ്ടതുപോകേണ്ടതാവശ്യമാണ്. ഈ ഡി. എസ്. പി. യും ഈ പോലീസ് ഇൻസ്പെക്ടറും ഇനിയും അവിടെ ഇരിക്കുന്നപക്ഷം ഈ നിരോധനാജ്ഞയെ ഒരിക്കലും പിൻവലിക്കാൻ പാടില്ല. ഇനിയും യോഗങ്ങൾ കൂടുന്ന പക്ഷം ഈ മാതിരി ആളുകളെ അവർക്ക് സ്വാധീനത്തിൽകിട്ടുന്നതിനു യാതൊരു വിഷമവും ഇല്ല. വ-ാംനം-ഈ വിവരങ്ങളെ കാണിച്ചു ദിവാൻജിക്ക ഒരു ലറർ അയച്ചു.

മി: വി. ജെ. ഉമ്മൻ (കച്ചവടവും വ്യവസായവും വടക്ക്): പോലീസുകമ്മീഷണരെ ഈ വിവരംഅറിയിച്ചിട്ടുണ്ടോ?

മി: മുറവേലിൽ പാച്ചുപിള്ള (ചേർത്തല): പോലീസുകമ്മീഷണർക്ക ഞാൻ വ-ാംനം- കമ്പിഅയച്ചു. ആ കമ്പിയെ കൺഫോം ചെയ്യേ ലറർ അയക്കണമെന്നു അദ്ദേഹം എന്നോടുപറഞ്ഞതിൽ അയച്ചു. അതിനു ശേഷം സകല വിവരങ്ങളും വിശദമായി കാണിച്ചു വ-ാംനം- ഞാൻ എഴുതിയയച്ചു. അതിൽ കമ്മീഷണർ സ്ഥലത്തുവന്നു ഈ സംഭവങ്ങളെപ്പറ്റി ജാഗ്രതയായി അന്വേഷണം നടത്തണമെന്നു അപേക്ഷിച്ചിരുന്നു. കന്നി കൻ-ാംനം- ഉണ്ടായ സംഗതിക്കു ശേഷം വ-ാംനം-യും വ-ാംനം-യും ആണ് പോലീസുകമ്മീഷണർ സ്ഥലത്തു വന്നത്. ചേർത്തയ്ക്കുള്ള ദൂരം വലിയ കലപേം നടന്നിരിക്കുന്നു. എന്നു അറിയിച്ചപ്പോൾ അതിനെപ്പറ്റി അന്വേഷിക്കുവാൻ ഒരു മാസം തികച്ചു കഴിയുന്നതുവരെ ഈ പോലീസുകമ്മീഷണർ എവിടെ ഇരുന്നിരുന്നു എന്നുള്ളതു എനിക്ക അറിഞ്ഞുകൂടാ.

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാറ്റിങ്കര): ദിവാൻജിക്ക അയച്ച കമ്പിക്ക വല്ല മറുപടിയും കിട്ടിട്ടുണ്ടോ?

മി: മുറവേലിൽ പാച്ചുപിള്ള (ചേർത്തല): യാതൊരു മറുപടിയും അയച്ചില്ല. ഒരന്വേഷണവും നടത്തിയില്ല. അതിനാൽ യഥാർത്ഥത്തിൽ നടന്ന സംഭവങ്ങൾ എന്തെല്ലാമാണെന്നു അറിയണമെന്നു ഉദ്ദേശിച്ചു തിരുവിതാംകൂർ സ്റ്റേറ്റ പീപ്പിൾസുകമ്മിറ്റിയോടു ഒരു അന്യോന്യാഗസ്ഥ അന്വേഷണം നടത്തണമെന്നു ഞാൻ അപേക്ഷിച്ചു. അതനുസരിച്ചു അവർ ഒരു കമ്മറ്റിയെ നിയമിച്ചയച്ചു. ആ കമ്മറ്റിയിലെ അംഗങ്ങളായ മൂന്നുപേർ ഈ കൌൺസിൽ മെമ്പറന്മാരുമാണ്. നാലുപേരാണ് അന്വേഷണം നടത്തിയതു. ഈ നാലുപേരും രഹസ്യക്കോടതിവക്കീലന്മാരാണ്. അന്വേഷണത്തിനു വരുന്നു എന്നുള്ള വിവരം പരസ്യപ്പെടുത്തുകയുണ്ടായി. അവർ നമ്മുടെ സാക്ഷികളെ വിസ്തരിച്ചു ആ തെളിവുകളെ വച്ചുകൊണ്ടു ഒരു അന്യോന്യാനന്തരറിപ്പോർട്ടു പരസ്യം ചെയ്തിട്ടുണ്ട്. വ-ാംനം- റിസർവുപോലീസിനെ വരുത്തി കണ്ടോനം ആളുകളെ ഉപദ്രവിപ്പിക്കയും ഉപദ്രവം പിന്നെ ആളുകളുടെ പാടുകൾനോക്കി എന്റെ അടുത്തിരിക്കുന്ന അടുത്ത താലൂക്കിലെ പ്രതിനിധി ഡാക്ടർ

പണിക്കരുടെ സന്നിധ്യത്തിൽ നോട്ടീസെഴുതിയും ചെയ്തിട്ടുണ്ട്. ഡിസ്ട്രിക്റ്റ് മജിസ്ട്രേട്ടിന്റെ ആജ്ഞയനുസരിച്ച് ഉദ്യോഗസ്ഥന്മാർ യോഗം കൂടുന്നില്ല, യോഗം നിന്നിവച്ചിരിക്കുന്നു എന്നു യോഗാരംഭവാഹികനും നോട്ടീസു പ്രചരിപ്പിച്ചിട്ടുണ്ടെന്നും പിന്നീടും എന്നുതന്നാണ് ഈ റിസർവ്വേഷനിസ്റ്റുകാരെ വരുത്തി ഇപ്പോഴും അവിടെ താമസിപ്പിച്ചിരിക്കുന്നത്?

മി: എ. എസ്സ് മാരാരോടാണോ (മാവേലിക്കരയും കാഞ്ഞിരപ്പള്ളിയും); ഇപ്പോൾ അവർ അവിടെ എന്തുചെയ്യുന്നു?

ടി: മുരുവേലിൽ പാച്ചുപിള്ള (ചേർത്തല): മുമ്പു അവർ ചെയ്യുകൊണ്ടിരുന്ന പ്രവൃത്തികൾതന്നെ. കൺട്രാക്ടർ രാമനോട്ടുള്ള ശമ്പളബാക്കിയിലും ചെന്നു ബഹളംകൂടിക്കാൻ പാടില്ല എന്നുപറഞ്ഞതു്, അവരുടെ ലഹളയുടെ ശക്തിയെ പിന്നീടു് മന്ദീഭവിപ്പിച്ചു. കൊഴുപ്പുകൊണ്ടുനിറഞ്ഞവനെപ്പോലും പിടിച്ചുകുലുക്കുവാനുള്ള ശക്തിയുടെ മാത്രകൊണ്ടു നിരത്തിനിറുത്തി തോക്കും ചൂണ്ടിയുംകൊണ്ടു മർദ്ദിക്കുകയാണ് അവർ ചെയ്യുന്നതു്. (Shame, Shame) ഇവരുടെ ഇപ്രകാരമുള്ള പെരുമാട്ടങ്ങളും ഈ കമ്മറിമുമ്പാകെ ഇതിനേപ്പറ്റി മോഴികൊടുത്തിട്ടുണ്ട്. ഇതു കേൾക്കുന്ന ഒരു സഭ തിരുവിതാംകൂറിൽ ഇനി ഉണ്ടാകാൻ ഇല്ല. ഗവർണ്മെന്റിന്റെ രണ്ടു ഭാഗത്തെ സംബന്ധിച്ചുള്ള പ്രവൃത്തിനയം അതിനെ ക്രമേണ തിരുത്തൽ ചെയ്യുന്നതാണെന്നുള്ളതാണെന്ന് അടുത്ത ദിവസങ്ങളിലും പറഞ്ഞിട്ടുണ്ട്. ഗവർണ്മെന്റു് അങ്ങനെ ചെയ്തിട്ടില്ലെങ്കിലും ജനങ്ങൾതന്നെ അതിനെ നിർത്തൽചെയ്യാൻ ന്യായമായ ഒഴിവുകഴിവുകളിൽകൂടി പരിശ്രമം തുടങ്ങുമ്പോൾഗവർണ്മെന്റിന്റെ പ്രവൃത്തിനയം ഒന്നുപോലും, പ്രത്യക്ഷത്തിൽ തന്നെ എന്നിരിയിൽ തോന്നിപ്പോകുന്നു. ഉദ്യോഗസ്ഥന്മാർ ഈമാതിരി അക്രമങ്ങൾ ചെയ്യുമ്പോൾ ഗവർണ്മെന്റിന്റെ പ്രവൃത്തിനയം ഇതാണെന്നു പറയുന്നു എന്നല്ലാതെ അവരുടെ മനോഭാവവും കൃത്യമായ രേഖപ്പെടുത്തലും അതിനനുസരിച്ചു തന്നെയോ എന്നു സംശയിച്ചുപോകുന്നു. ഇങ്ങനെ ആയാൽ ഗവർണ്മെന്റിന്റെമേൽ ജനങ്ങൾക്കു വിശ്വാസം കുറയുന്നതിനും ഗവർണ്മെന്റിന്റെ പ്രവൃത്തിനയം അനുസരിച്ചു പ്രവർത്തിക്കുന്നില്ലെങ്കിൽ ഗവർണ്മെന്റിനേക്കാൾ ജനങ്ങൾക്കുള്ള മതിപ്പു കുറയുന്നതിനും ഉദ്യോഗസ്ഥന്മാരെ ഇതുപോലെ പ്രവർത്തിക്കുവാനും കാരണമാകുന്നു.

ടി: ഇങ്ങനെ കൺസിൽ ആരംഭിക്കുന്നതിനുമുമ്പായി അവിടത്തെ ഫ്രീഡം പ്രവർത്തികളും നിവാരണത്തിനു ജനപ്രതിനിധികളായ ഞങ്ങളുടെ സഹായസഹകരണങ്ങളും അഭ്യർത്ഥിക്കുന്നു എന്നു പ്രസ്താവിച്ചു. രാജ്യശ്രേയസ്സിനായി പ്രവർത്തിക്കുന്ന സകല സംരംഭങ്ങളിലും ഞങ്ങളും അവിടത്തെ സഹകരിക്കുന്നതിനു തയ്യാറാണു. അവിടന്ന് ഈ ജോലിയിൽ പ്രവേശിച്ചിട്ടു രണ്ടുമാസമായി. ഈ അക്രമസംഭവങ്ങളെപ്പറ്റി അവിടന്നു അന്വേഷിച്ചു് യാതൊരു തീരുമാനവും ഇതേവരെ ചെയ്തിട്ടില്ല, ഇതിനെപ്പറ്റി ഓരോ ഡിപ്പാർട്ടുമെന്റു മേലധികാരികളോടും ചോദിച്ചാൽ അവരുടെ കീഴ്ജീവനക്കാരുടെ പ്രവർത്തികളെ സാധൂകരിക്കുകയല്ലാതെ ഒരിക്കലും അവരെ വിളിച്ചുകൊണ്ടുക്കുകയില്ല. അതുകൊണ്ടു അവിടന്ന് സ്വതേപ്രായമായിട്ടുതന്നെ നിർദ്ദാക്ഷിണ്യവും ന്യായവും എന്നതൊന്നുണ്ട ഒരു തീരുമാനം ഇങ്ങനെയുള്ളകാര്യങ്ങളിൽ ചെയ്തില്ലെങ്കിൽ ജനങ്ങൾക്കു പിന്നെ സങ്കടം ഉണ്ടാകുന്നതിനും ഗവർണ്മെന്റിനെപ്പറ്റിയുള്ള വിശ്വാസത്തെയും മതിപ്പിനുംകാരണമായിതീരുന്നതാണ്, ഇനിയും ധാരാളം സംഗതികൾ പറയാനുണ്ടെങ്കിലും സമയം അധികമായിക്കൊണ്ടിരിക്കുന്നതുകൊണ്ടും അടിയനേപ്പറ്റി മറ്റുള്ളവർ പറയുമെന്നുള്ളതുകൊണ്ടും ഇത്രയും പ്രസ്താവിച്ചുകൊണ്ടു ഈ പ്രമേയത്തെ ഇവിടെ അവതരിപ്പിച്ചുകൊള്ളുന്നു.

മി: പി. ഗോമതിനായകംപിള്ള (എക്സൈസ്കമ്മീഷണർ): ഇതിനിടക്കു തെങ്ങിൻകൃഷി കഴകരും അതുകൊണ്ടു മാട്ടങ്ങളും തല്ലിപ്പൊട്ടിക്കുക മുതലായ പ്രവർത്തികളും ചെയ്തിട്ടുണ്ടോ?

ടി: മുരുവേലിൽ പാച്ചുപിള്ള (ചേർത്തല): ഇതു വിചാരണയിൽ ഇരിക്കുന്ന കേസുകളെ സംബന്ധിച്ചു വിവരമുള്ളതാണ്. ഈ ചോദ്യത്തിനു ശരിയായ ഉത്തരം ഈ പക്ഷത്തിൽ ചേരാമോയെന്നു ഞാൻ സംശയിക്കുന്നു.

മി: പി. ഗോമതിനായകംപിള്ള (എക്സൈസ്കമ്മീഷണർ): എനിക്കു നിങ്ങളോടു ഒരു ചോദ്യം ചോദിക്കുവാനുണ്ട്. ചേർത്തലയുള്ള ചിലരെങ്കിലും കള്ളുഷാപ്പുകാരുടെ തീവെച്ചിട്ടുള്ളതിനു് ഒരുദാഹരണം പറയാമോ എന്നു ഞാൻ മെമ്പറിനോടു ചോദിച്ചുകൊള്ളുന്നു.

അദ്ധ്യക്ഷൻ: അതിനെപ്പറ്റി കോടതിയിൽ വിചാരണ നടന്നുവരുന്നില്ലേ?

ടി. മുരുവേലിൽപാച്ചുപിള്ള (ചേർത്തല): സർ, ഉണ്ടു്,

അദ്ധ്യക്ഷൻ: ഏതെങ്കിലും നീതിന്യായകോടതിയുടെ മുൻപാകെ അതിനെപ്പറ്റി വിചാരണനടന്നുവരുന്ന പക്ഷം യഥാർത്ഥമായ ഒരു കാര്യത്തെ അടിസ്ഥാനപ്പെടുത്തി ഒരു പ്രസ്താവന ചെയ്യുന്നതിനു് നമുക്കും അധികാരപ്പെട്ടതായ എങ്ങനെ ആണ് സാധുകരിക്കുന്നതു്?

മി. പി ഗോമതിനായകംപിള്ള (എക്സൈസ്കമ്മീഷണർ): അപ്രകാരമുള്ള ഒരുസംഭവം നടന്നിട്ടുണ്ടോ എന്നമാത്രം അറിയുന്നതിനാണ് ഞാൻ അധികാരപ്പെട്ടതു്. അതു സബ്ജുഡിസ് (വിസ്താരത്തിൽ ഇരിക്കുന്ന സംഗതി) ആകുന്നതായില്ല.

അദ്ധ്യക്ഷൻ: ഈ സംഗതിക്കു ഈ സംസ്ഥാനത്തുള്ള ഏതെങ്കിലുംസിവിലോ ക്രിമിനലോ കോടതിയുടെ മുൻപാകെ വിചാരണയിലിരിക്കുന്ന ഏതെങ്കിലും കേസുമായി വല്ല ബന്ധവുമുണ്ടോ?

മി: പി. ഗോമതിനായകംപിള്ള (എക്സൈസ്കമ്മീഷണർ): സബ്ജുഡിസ് (വിസ്താരത്തിലിരിക്കുന്ന) ആയ കാര്യങ്ങളെപ്പറ്റി പറയുന്നതെന്നു ഞാൻ വിചാരിക്കുന്നില്ല. ചില കാര്യങ്ങളും നടന്നിട്ടുണ്ടെന്നു മി. പാച്ചുപിള്ള പറയുന്നു, അപ്രകാരമുള്ള കാര്യങ്ങളും യഥാർത്ഥത്തിൽ നടന്നിട്ടുണ്ടോ എന്നുള്ളതു് അറിയുന്നതിനുമാത്രമാണ് ഞാൻ ആഗ്രഹിക്കുന്നതു്.

അദ്ധ്യക്ഷൻ: നിങ്ങളും ഇതിനെപ്പറ്റി കൂടുതലായി പ്രസ്താവിക്കാതിരിക്കുന്നതാണ് നല്ലതു്.

മി. പി. ഗോമതിനായകംപിള്ള (എക്സൈസ്കമ്മീഷണർ): എനിക്കു പറയുവാനുള്ളസ്ഥിതി.....

മി. എ. എസ്സ് മാരാരോടാണോ (മാവേലിക്കരയും-കാഞ്ഞിരപ്പള്ളിയും): സർ, നടപടിക്രമത്തെപ്പറ്റി ഞാൻ ചോദ്യം ചോദിച്ചുകൊള്ളുന്നു. അപ്രകാരമുള്ള കാര്യങ്ങളും നടന്നിരുന്നാൽതന്നെയും ഈ ഭേദഗതിക്കു ചോദ്യം സാദ്ധർത്തിനു എപ്രകാരമാണ് യോജിക്കുന്നതു്.

മി. എ. താണുപിള്ള (തിരുവനന്തപുരം): എക്സൈസ് കമ്മീഷണർ മി. പാച്ചുപിള്ളയോട് ഒരു ചോദ്യം ചോദിക്കുണ്ടായി. ഈ ചോദ്യത്തിനു അദ്ദേഹം മറുപടിനൽകുന്നപക്ഷം മെമ്പറിനെ പ്രാസിക്യൂട്ടുചെയ്യുന്നതിനു ഗവണ്മെന്റിനു അനുവാദം നൽകാവുന്നതാണെന്നു ഞാൻ ഭയപ്പെടുന്നു.

മി. പി. ഗോമതിനായകംപിള്ള (എക്സൈസ് കമ്മീഷണർ): ഏതായാലും ഒരു കള്ളക്കേസിനാണ് തീവച്ചിട്ടുള്ളതു്. അതിനെസംബന്ധിച്ചു പോലീസുകാരുടെ ഒരു അന്വേഷണം മാത്രമേ നടന്നിരിക്കയുള്ളൂ.

അദ്ധ്യക്ഷൻ: മി. പാച്ചുപിള്ളയുടെപക്കൽനിന്നും ഏതെങ്കിലും വിവരങ്ങൾ ലഭിക്കുന്നതിനു നിങ്ങൾ ആഗ്രഹിക്കുന്നപക്ഷം അദ്ധ്യക്ഷനോടായിട്ടു നിങ്ങൾ ചോദിക്കേണ്ടതാകുന്നു.

മി. പി. ഗോമതിനായകംപിള്ള (എക്സൈസ് കമ്മീഷണർ): അദ്ധ്യക്ഷനോടായിട്ടു മാത്രമാണ് ഞാൻ സംസാരിക്കുന്നതു്.

അദ്ധ്യക്ഷൻ: നിങ്ങൾ ഒരു നിർദ്ദേശമാത്രം ചെയ്യേണ്ടതാകുന്നു. അതിനു മറുപടി നൽകുകയോ നൽകാതിരിക്കയോ ചെയ്യേണ്ടതു മി. പാച്ചുപിള്ളയുടെയുക്തം അനുസരിച്ചാകുന്നു.

ഏതെങ്കിലും ശ്രവണത്തിനു അതിനെപ്പറ്റി കോടതികളിൽ വിചാരണനടക്കുന്നപക്ഷം മെമ്പർമാർ അതിനെപ്പറ്റി വാദപ്രതിവാദം നടത്താതിരിക്കുന്നതാണ് ഉത്തമമായിട്ടുള്ളതു്. ഏറ്റുകൂടെന്നാൽ അതു പല വിഷമതകൾക്കും കാരണമാകുന്നതാണ്. ഇതിനുപുറമെ സ്ഥിരം ഉത്തരവുകൾപ്രകാരം അവയെസംബന്ധിച്ചു് സൂചിപ്പിക്കാൻ പാടുള്ളതുമല്ല. ഇതാണു് എന്റെ അഭിപ്രായം.

പ്രസ്തുതസംഗതികളെപ്പറ്റി മി. പാച്ചുപിള്ള സൂചിപ്പിക്കുന്ന എങ്കിൽ നിങ്ങളുടെ മറുപടിയിൽ അപ്രകാരമുള്ള സംഗതികളെപ്പറ്റി നിങ്ങൾക്കു തക്കിക്കാവുന്നതാണ്.

മി. പി. ഗോമതിനായകംപിള്ള (എക്സൈസ് കമ്മീഷണർ): അപ്രകാരമുള്ള ഏതെങ്കിലും സംഭവം നടന്നിട്ടുണ്ടോ എന്നുള്ളതു അറിയുന്നതിനു മാത്രമാണ് ഞാൻ ആവശ്യപ്പെടുന്നതു്.

മി. മുറിവേലിൽപാച്ചുപിള്ള (ചേർത്തല): പ്രസിഡന്റു അനുവദിച്ചാൽ പറയാം.

അദ്ധ്യക്ഷൻ: ഇപ്പോൾ അതിനെസംബന്ധിച്ചു ഏതെങ്കിലും കേസുനടക്കുന്നുണ്ടോ?

മി. മുറിവേലിൽ പാച്ചുപിള്ള (ചേർത്തല) ഉണ്ടു്.

മി പി. ഗോമതിനായകംപിള്ള (എക്സൈസ് കമ്മീഷണർ) കള്ളക്കുപ്പി തീവച്ചതിനെസംബന്ധിച്ചു പോലീസുകാർ കേസ്സുഎടുത്തിട്ടുള്ളതായി അറിയുമോ?

മി. മുറവേലിൽ പാച്ചുപിള്ള (ചേർത്തല) പോലീസുകാർ അങ്ങനെ കേസ് രജിസ്റ്റർചെയ്തിട്ടുള്ളതായി അറിയാം.

അദ്ധ്യക്ഷൻ: ഇതിന്റെ അർത്ഥം അങ്ങേക്കും ഇതിനെപ്പറ്റി നിങ്ങളുമായി ഇപ്പോൾ ഒരു വാദപ്രതിവാദം നടത്തണമെന്നുള്ളതാണ്.

മി. പി. ഗോമതിനായകംപിള്ള (എക്സൈസ് കമ്മീഷണർ) ഈ കാര്യത്തെപ്പറ്റി അങ്ങേക്കുമായി വാദപ്രതിവാദം നടത്തുന്നതിനു ഞാൻ ഒട്ടുംതന്നെ ആഗ്രഹിക്കുന്നില്ല, അപ്രകാരമുള്ള ഒരു സംഗതി നടന്നിട്ടുണ്ടോ എന്നുള്ളതു അറിയുന്നതിനു മാത്രമാണ് ഞാൻ ആഗ്രഹിക്കുന്നതു്.

അദ്ധ്യക്ഷൻ: മി; ഗോമതിനായകംപിള്ള, സഭയിൽ ഹാജരാക്കിയിട്ടുള്ള ഉപക്ഷേപത്തോടു സംബന്ധമുള്ള ചോദ്യങ്ങൾ മാത്രമേ ചോദിക്കാൻ പാടുള്ളൂ. ഇപ്പോൾ ഈ സഭയിൽ ഹാജരാക്കിയിരിക്കുന്ന ഉപക്ഷേപത്തെ സംബന്ധിച്ചു ഒരു മെമ്പറിനെ തന്റെ സ്വന്തമായ നിരീക്ഷണങ്ങൾ ചെയ്യുവാനുള്ളതാണ്, ഒരു തർത്തിലുള്ള ഏതാനും ചോദ്യങ്ങൾക്ക് മെമ്പർ മറുപടിനൽകേണ്ട ഒരു അവസരമല്ലാ ഇതു്.

മി: മുറിവേലിൽപാച്ചുപിള്ള (ചേർത്തല): അദ്ദേഹത്തെ പ്രമേയത്തെ ആസ്പദമാക്കി കൌൺസിലിന്റെ അഭിപ്രായത്തെ സമർപ്പിക്കുന്നതിനുള്ള പ്രധാനസംഗതി ഈ സംഭവങ്ങളെ എല്ലാം സംബന്ധിച്ചു അന്വേഷണം നടത്തുന്നതിനു ഒരു കമ്മറിറിയെ നിയമിക്കണമെന്നുള്ളതാണ്, ഈ അഭിപ്രായത്തോടുകൂടി ഈ പ്രമേയത്തെ ഇവിടെ അവതരിപ്പിച്ചുകൊള്ളുന്നു

മി: ടി. സി. കേശവപിള്ള (കൽക്കുളവും-വിളവംകോടും): സർ, ഈ വിഷത്തെപ്പറ്റി വളരെ ഗൗരവമായി മിസ്റ്റർ പാച്ചുപിള്ള ഈ സഭ മുമ്പാകെ അറിയിച്ചുകഴിഞ്ഞു. തിരുവിതാംകൂറിലുള്ള പൌരന്മാരുടേയും പൊതുജനപ്രതിനിധികളുടേയും ഒരവകാശത്തെസംബന്ധിക്കുന്നതായതുകൊണ്ടും തിരുവിതാംകൂറിലെ പൌരന്മാർക്കു മേലാൽ സ്വല്പമെങ്കിലും ഒരു രക്ഷ ഈ സർക്കാർ ഉദ്യോഗസ്ഥന്മാരിൽ നിന്നും ഉണ്ടാകണമെന്നുള്ള ഉദ്ദേശംകൊണ്ടും മിസ്റ്റർ പാച്ചുപിള്ള ഇവിടെ ഒരു സത്യവാങ്മൂലം എന്നപോലെ അറിയിച്ചിട്ടുള്ള സംഗതികൾക്ക് എക്സൈസ് കമ്മീഷണരും പോലീസ് കമ്മീഷണരും ഉടനടി സമാധാനം ബോധിപ്പിക്കണമെന്നും അതിനശേഷം ഈ വാദപ്രതിവാദം നടത്തണമെന്നും ഞാൻ അപേക്ഷിക്കുന്നു.

അദ്ധ്യക്ഷൻ: മിസ്റ്റർ കേശവപിള്ള, നിങ്ങൾ പറയുന്നതു എന്താണ്? മിസ്റ്റർ പാച്ചുപിള്ള ഇവിടെ ഹാജരാക്കിയിട്ടുള്ള ഉപക്ഷേപത്തെ നിങ്ങൾ പിൻതാങ്ങുകയാണോ ചെയ്യുന്നതു്.

മി: ടി. സി. കേശവപിള്ള (കൽക്കുളവും-വിളവങ്കോടും): എനിക്കു ഇതിനെപ്പറ്റി പറയാനുള്ളതു അഡ്വിസ്സൽഗിന്റെ മറുപടികേട്ടശേഷം ആയിക്കൊള്ളാം.

അദ്ധ്യക്ഷൻ: അതു് എങ്ങിനെ സാധിക്കും? ഈ സഭയിൽ ഇപ്പോൾ ഒരു ഉപക്ഷേപം ഹാജരാക്കിട്ടുണ്ടു. അതിനെ നിങ്ങൾ പിൻതാങ്ങുന്നുണ്ടോ ഇല്ലയോ എന്നുള്ളതു് അറിയുന്നതിനു് ഞാൻ ആഗ്രഹിക്കുന്നു.

മി: ടി. സി. കേശവപിള്ള (കൽക്കുളവും-വിളങ്കോടും): ഇതിൽ ഏതെല്ലാം ഭാഗങ്ങൾ അവർസമ്മതിക്കുന്നു എന്നു് നോക്കിയതിനു് ശേഷം വാദപ്രതിവാദം നടത്താം എന്നാണ് എന്റെ അഭിപ്രായം.

അദ്ധ്യക്ഷൻ: മിസ്റ്റർ കേശവപിള്ള, ഉദ്യോഗസ്ഥസാമാജികന്മാർ അവരുടെ അനുകൂലപ്രതികൂല അഭിപ്രായങ്ങൾ രേഖപ്പെടുത്തിയതിനശേഷം വാദപ്രതിവാദങ്ങൾ തുടരുന്നതിനു് നിങ്ങൾ ആഗ്രഹിക്കുന്നു

ഇല്ല ശരിയായിട്ടുള്ളതാണോ? സ്ഥിരം ഉത്തരവുകളിലെ ഏതു വ്യവസ്ഥയനുസരിച്ചാണ് നിങ്ങൾ ആവശ്യപ്പെടുന്നത്.

മി: ടി. സി കേശവപിള്ള (കൽക്കുളവും-വിളവങ്കോട്ടം): ഇത് എന്റെ അഭിപ്രായം മാത്രമാണ്.

സർ, മി: പാച്ചുപിള്ള ഇവിടെ അവതരിപ്പിച്ച അടിയന്തിര പ്രമേയത്തെ ഞാൻ ഹാർദ്ദമായി പിൻതാങ്ങുന്നു. ചേർത്തലയിലെ കഴിഞ്ഞ കുന്നി ഫർഫാം ന- കില അനിഷ്ടസംഭവങ്ങൾ നടന്നു എന്നും ചേർത്തല അന്വേഷണകമ്മീഷന്റെ റിപ്പോർട്ടിൽ നിന്നും മനസ്സിലാകുന്നതാണ്. ചേർത്തല താലൂക്കിൽ ന്യായമായും, അന്യായമായും, ഏതുസമയം ആളുകൾക്ക് അടികൊണ്ടുപോയതിനെപ്പറ്റി ഈ സഭയിലും പറയുന്നതു് ഉചിതമായിരിക്കയില്ല. എന്നാൽ തിരുവിതാംകൂറിലെ ഡിപ്പാർട്ടുമെന്റ് മേധാവികളും അന്നവത്തിച്ചിരുന്ന വസ്തുതകളെ സംബന്ധിച്ചു മാത്രം പറഞ്ഞിട്ടുണ്ടു്, അല്പകാലം അന്നവത്തിച്ചിട്ടുള്ള കൂട്ടത്തിൽ ഒരു സർവ്വേ ചേർത്തലയിലുണ്ടായതിനെപ്പറ്റി ഗവണ്മെന്റ് ഗൗരവമായി ചിന്തിച്ചു എന്തെങ്കിലും ഒരു പരിഹാരം ഉണ്ടാക്കണമെന്നാണ് ഇപ്പോൾ പ്രധാനമായി പറയാനുള്ളതു്. സംഭവസ്ഥലത്തുനിന്നും തിരുവിതാംകൂറിൽ പലസ്ഥലത്തും ജനങ്ങളെ യോഗം കൂടിയും യോഗങ്ങൾ കൂടി ജയിലിൽ പോകാനുള്ള ഒരു കാലമാണ് ഇതു്. ചേർത്തല താലൂക്കുകാർ ഗവണ്മെന്റുകളെ ഒരിക്കലും ബഹുമാനിക്കാത്തവരല്ല. പക്ഷെ മനുഷ്യരെക്കാരാണെന്നു് ഇവിടെ പറയുകയുണ്ടായി. അന്യനാട്ടിൽപോലും ആരും മനുഷ്യരെകേട്ട കാണിച്ചിട്ടില്ലെന്നു മി: പാച്ചുപിള്ള പറഞ്ഞുകഴിഞ്ഞു. ഇപ്രകാരമുള്ള മനുഷ്യരെക്കാരുടെകൂട്ടത്തിൽ പൊതുജനപ്രതിനിധികളായ മി: പാച്ചുപിള്ള മുതലായവരെ അവമാനിക്കുന്നതു നിലയിൽ ഏതാനും പോലീസുദ്യോഗസ്ഥന്മാർ പെരുമാറി എന്നു പറയുന്നതു പരമാർത്ഥത്തിൽ വലിയ സങ്കടമാണ്.

മി: പി. എസ്. മഹമ്മദ് (അംഗീകൃതമെമ്പർ): മി: പാച്ചുപിള്ളയെ വല്ലവരും അവമാനിച്ചതായി പറഞ്ഞിട്ടുണ്ടോ?

മി: ടി. സി. കേശവപിള്ള (കൽക്കുളവും-വിളവങ്കോട്ടം) ഈ റിപ്പോർട്ടുമുഴുവനും വായിച്ചുനോക്കിയാൽ അറിയാം. ഇതിൽപറയുന്നുണ്ട്.

(മി: കേശവപിള്ള ചേർത്തല അന്വേഷണക്കമ്മീഷന്റെ റിപ്പോർട്ട് എടുത്തു കാണിച്ചു)

അദ്ധ്യക്ഷൻ: ഈ റിപ്പോർട്ട് സഭയിൽ ഹാജരാക്കിയിട്ടുണ്ടോ? നിങ്ങൾ റിപ്പോർട്ടുവായിക്കാൻ പാടില്ല അതിൽ അടങ്ങിയിരിക്കുന്നകാര്യങ്ങളെപ്പറ്റി പ്രസ്താവിക്കുമാത്രമേ ചെയ്യാൻ പാടുള്ളൂ, ഈ റിപ്പോർട്ടു സഭയിൽ ഹാജരാക്കിയിട്ടില്ല. ഈ സ്ഥിതിക്ക് മഹാരാജ സമ്പന്നരിന്റെ ശ്രദ്ധയെ അതിലേക്ക ക്ഷണിക്കുന്നതു തടപടി ക്രമത്തിന് യോജിച്ചതാണെന്ന് ഞാൻ വിചാരിക്കുന്നില്ല.

മി: ടി. സി. കേശവപിള്ള (കൽക്കുളവും-വിളവങ്കോട്ടം): അവിടെ നടന്നിട്ടുള്ള സംഭവങ്ങളിൽ പ്രധാനമായിട്ടുള്ളതു സാധുക്കളായ സ്ത്രീകളേയും കുട്ടികളേയും അടിച്ചു അപമാനിച്ചു എന്നും, ഈ അടിച്ചു ആളുകളും സ്വശക്തിയോടെ സ്വബോധത്തോടും കൂടി പ്രവർത്തിച്ചതല്ല എന്നും ഉള്ളതാണ്. ഭരണാധികാരത്തെ സംഗതി യോഗ്യന്മാരും മാന്യന്മാരുമായ ആളുകൾ കൂടിനടത്തുന്ന യോഗങ്ങളെ നിരോധനാജ്ഞകൊടുത്തു തടഞ്ഞു എന്നുള്ളതാണ്. ഈ സംഗതി പൊളിറ്റിക്കൽ അല്ലാതെ ഇരിക്കുന്നകുറ്റത്തോളം ഇങ്ങനെ തടയുന്നതു ഒട്ടും ശരിയല്ല. ചില അവസരങ്ങളിൽ, വിപ്ലവപ്രതിബന്ധങ്ങളിൽ നടന്ന മർദ്ദനമുറയും പോലെയുള്ള ഒരു തെറ്റായിരിക്കുന്നതു് പരമാർത്ഥത്തിൽ ശരിയായ ഒരു നടപടിയാണെന്നു ഈ രാജ്യത്തുള്ളവർ വിചാരിക്കുന്നില്ല. പോലീസ് ഉദ്യോഗസ്ഥന്മാരെപ്പറ്റി ഈ സഭയുമായോ അറിയിക്കുന്നപക്ഷം അറിയിക്കുന്നവർ ഒന്നുകിൽ സാക്ഷിയായിട്ടും അല്ലെങ്കിൽ കക്ഷിയായിട്ടും പോകേണ്ടിവരും. ഇപ്രകാരം കേവലമായ ഒരു സ്ഥാനം പൊതുജന പ്രതിനിധികളെ ഉദ്യോഗസ്ഥന്മാരുടെനിന്നും കുഴിച്ചിട്ടുണ്ടു്. അതുകൊണ്ടു അന്യോദ്യോഗസ്ഥന്മാർ ഈനിലയിലുണ്ടാകുന്നതു് നന്നായിരിക്കും എന്നും, മേലാൽ ഇങ്ങനെയുള്ള സംഭവങ്ങളിൽ വരുന്നതിനു ആഗ്രഹിക്കുന്നില്ല അതിയുണ്ടെന്നു തോന്നിപ്പോകുന്നു. അതുകൊണ്ടു മേലാൽ ഇതിലേക്ക ആളുകളും ഉണ്ടാവുകയില്ലെന്നു ഞാൻ വിശ്വസിക്കയും ചെയ്യുന്നു. സൗരവതരങ്ങളായ പല സംഗതികളും ഇതിൽ അടങ്ങിയിരിക്കുന്നതുകൊണ്ടു് അതിനെപ്പറ്റി അന്വേഷിക്കുന്നതിനു ഒരു കമ്മീഷനെ ഏർപ്പെടുത്തണമെന്നും; മേലാൽ ഗവണ്മെന്റുദ്യോഗസ്ഥന്മാർ ഇപ്രകാരമുള്ള സംഗതികളിൽ ഏർപ്പെടുന്നതു വളരെ ആലോചിച്ചു വേണമെന്നും ഞാൻ അഭ്യർത്ഥിച്ചുകൊള്ളട്ടെ. ഈ അനിഷ്ടസംഭവങ്ങൾക്ക പ്രധാനകാരണം വിദേശികളല്ല ഇവിടത്തെ ഉദ്യോഗത്തിൽ തിയിരിക്കുന്നതുകൊണ്ടാണ്. ഇവിടെ യോഗ്യന്മാരായ ആളുകൾ ധാരാളമുണ്ടു്. അതുകൊണ്ടു ഈ സംഗതിയിൽ ഗവണ്മെന്റ് ഗൗരവമായി ശ്രദ്ധിക്കണമെന്നുള്ള അഭിപ്രായത്തോടുകൂടി ഞാൻ മി: പാച്ചുപിള്ളയുടെ പ്രമേയത്തെ ഹാർദ്ദമായി പിൻതാങ്ങിക്കൊള്ളുന്നു.

മി: വി. എസ്. കൃഷ്ണപിള്ള (തിരുവല്ല): സർ, ഞാൻ മി. പാച്ചുപിള്ള ഇവിടെ അവതരിപ്പിച്ചിട്ടുള്ള പ്രമേയത്തെ അനുകൂലിക്കുന്നു. ധർമ്മരാജ്യമെന്ന പേർ കിട്ടിയിട്ടുള്ള ഈ രാജ്യത്തു് പരമാർത്ഥത്തിൽ ഒട്ടനവധി പല സങ്കടങ്ങളുമുണ്ടു്. മി. പാച്ചുപിള്ള ഇവിടെ തടസ്സം ഒന്നു രണ്ടു സംഭവങ്ങളെപ്പറ്റി ഈ കൗൺസിലിനുമുമ്പാകെ ഉൽബോധനംചെയ്ത അവസരത്തിൽ കണ്ടിട്ടുള്ള മനോവികാരങ്ങളെ ഈ സഭസ്സിലുള്ള ആളുകൾ ആലോചിക്കുമ്പോൾ അവിടെ വളരെവളരെ ഭയങ്കരങ്ങളായ കൃത്യങ്ങൾ നടന്നിരിക്കണമെന്നും, സത്യമല്ലാത്തതുകൊണ്ടു് പറയാതെ അതിൽ ദുരിപക്ഷവും മറച്ചുവച്ചിരിക്കയാണെന്നും ഊഹിക്കേണ്ടിയിരിക്കുന്നു. സ്ഥിതിക്കു യോഗ്യതപ്പെടികൾ അനുസരിച്ചു് ഒരാൾ പ്രസിഡന്റിനെ പ്രപ്പോസ് ചെയ്യുകയും ഒരാൾ അതിനെ പിൻതങ്ങുകയും ചെയ്തശേഷം പ്രസിഡന്റ് ആ സ്ഥാനം സ്വീകരിക്കുന്നതിനായി ചെല്ലുമ്പോൾ ആ സ്ഥാനത്തു വേറെ ഒരാൾ ഇരിക്കുന്നു എന്നു വന്നാൽ ആ സഭസ്സിൽ നടക്കുന്ന സംഗതികൾ എന്തെല്ലാമാണെന്നും ഇതു് ഏതെല്ലാം പ്രകാരത്തിൽ ഉത്തേജിപ്പിച്ചുതെന്നും മാറും ഒരു ഒക്സാക്ഷി വിസ്തരിച്ചുപറയുന്നതിനേക്കാൾ നല്ലതു് സാമാന്യബുദ്ധിയുള്ളവർക്കു ഊഹിക്കുന്നതാണ്. ചീത്തയായ നടപടികൾ ഉണ്ടായേക്കുമോ എന്നു ശങ്കിച്ചു ഒരു നിരോധനാജ്ഞ ഡിസ്ട്രിക്ട് മജിസ്ട്രേട്ട് കൊടുത്തിട്ടുള്ളതു്, ആ താലൂക്കുകാർക്കോ അല്ലെങ്കിൽ അതിൽ സംബന്ധിച്ചിട്ടുള്ള ഏതു മഹാജനങ്ങൾക്കോ യാതൊരു പരിഭവത്തിനും വകയില്ല.

മി: പി. എസ്. മഹമ്മദ് (ഗവണ്മെന്റ് അംഗീകരിക്കപ്പെട്ട മെമ്പർ): ഈ വസ്തുതയെല്ലാം നിരോധനാജ്ഞ കൊടുത്താൽ പരിഹരിക്കുന്നതിനുള്ള ശക്തിയില്ലേ?

മി: ടി. ടി. കൃഷ്ണപിള്ള (തിരുവല്ല): ആവശ്യമില്ലാതെ ഓർഡർ കൊടുത്താൽ പരിവേത്തിനു അധികാരമില്ലയോ എന്നുള്ള ചോദ്യത്തിനു ഈ വകുപ്പിൽ (ചീരി) ആവശ്യത്തേയോ അനാവശ്യത്തേയോ പറ്റി പ്രതിപാദിച്ചിട്ടില്ല. ഒരു തീരുമാനം ഈ അവസരത്തിൽ വരുത്തണമെന്നും ഞാൻ വിചാരിക്കുന്നില്ല.

ഏതായാലും ചേർത്തല താലൂക്കിൽ ഒരു സ്ഥലത്തു് യോഗം കൂടിയിരുന്നപ്പോൾ കാണിച്ച ബീഭത്സമായ നടപടികളെ ഉടൻതന്നു്, സമാധാനപരമായി യോഗം കൂടുന്നതിനു മറ്റൊരു സ്ഥലത്തു പോയപ്പോഴും അവിടെയും പോലീസുകാർ എത്തി ആക്ഷേപകരമായ അനേകം പ്രവർത്തികൾ ചെയ്തു എന്നാണു് എന്റെ അറിവു്. ഇങ്ങനെയുള്ള റൌഡികളുടെ വിഹാരം പോലെയായ ആ സ്ഥലങ്ങൾ തീർക്കുന്നതിനു ആരെല്ലാം പേരിരുന്നാലും അവരെപ്പറ്റി പ്രതികരിപ്പാൻ യാതൊരു രീതിപ്രായവും എനിക്കില്ല. ആ മാർഗം ഞാൻ മഹാജനങ്ങളുടെ അഭിപ്രായത്തിനു വിടുകയാണു ചെയ്യുന്നതു്. അതിനെ ഉടൻതന്നു് കുറെ ഗിസർവ്വ് പോലീസുകാരെ അങ്ങോട്ടു പറഞ്ഞു് അയയ്ക്കുകയാണുണ്ടായതു്. ഈ റിസർവ് പോലീസുകാർ അവിടെ ചെന്നപ്പോൾ അവിടത്തെ സ്ഥിതി ഒന്നുകൂടി കഷ്ടതരമായി, സ്വതേതന്നെ മർക്കടമുഷ്ടിയോടുകൂടി കുറെ മദ്യംകൂടി കൊടുക്കുകയും, ഒരു തേരുകൂടി ഇറക്കുകയും ചെയ്താൽ പിന്നെ നിലയിൽ ആയിത്തീരുമോ അതുപോലെയായി, കുറെ റൌഡികൾതന്നെ എന്തും പ്രവർത്തിക്കുന്നതിനു തയ്യാറായിരിക്കുന്ന അവസരത്തിൽ ഇങ്ങനെ ഒരു പിൻബലംകൂടി കിട്ടിയാൽ അവർ കൂടിക്കുട്ടന്ന പ്രവൃത്തികൾ എന്തെല്ലാമായിരുന്നു എന്നു ആലോചിച്ചുനോക്കുന്നതുപോലും അശക്യമാണു്. ഇങ്ങനെ ഒരു സംഭവം—ഒരു നഗ്നസംഭവം നമ്മുടെ രാജ്യത്തു് ഈ അവസരത്തിൽ ഉണ്ടായതു് ഗവർമ്മേന്റിനു എത്രത്തോളം ഭൂഷണമാണു് ഉണ്ടാക്കിയതു് എന്നു ഞാൻ പറയുന്നില്ല. ഇതിലേക്കുള്ള കുറ്റക്കാരെ കണ്ടുപിടിച്ചു ശിക്ഷിച്ചു് ന്യായമായ പരിഹാരമാർഗ്ഗം ഉണ്ടാക്കുകയും മേലാൽ ഇങ്ങനെയുള്ള അനിഷ്ടസംഭവങ്ങൾ നമ്മുടെ രാജ്യത്തു് ഉണ്ടാകാതെയിരിക്കുന്നതിനു് എന്തെല്ലാം മുൻകരുതലുകൾ ഈ ധർമ്മരാജ്യത്തെ ഗവണ്മെന്റിനു ചെയ്യുവാൻ കഴിയുമോ അവയെല്ലാം ഉടനടി ചെയ്യുകയും ചെയ്യണമെന്നു എനിക്കഭ്യർത്ഥിക്കുവാനുണ്ടു്. അതുകൊണ്ടു മി: പാച്ചുപിള്ള വികാരോദ്ദീപകമായി അവതരിപ്പിച്ച പ്രമേയത്തെ പിൻതാങ്ങുന്നതിൽ എനിക്കു സന്തോഷമോ സന്തുഷ്ടിയോ ഉണ്ടെന്നുള്ളതു തീർച്ചപ്പെടുത്താൻ എനിക്കുതന്നെ പ്രയാസമായിരിക്കുന്നു. ഏതായാലും ഇതുപോലെ സംഭവങ്ങൾ അവിടെ നടന്നു എന്നുള്ളതിനു കൂടുതലായി യാതൊരു തെളിവും ആവശ്യമില്ല. അതിനാൽ ഇതിലേയ്ക്കു ഒരു കണ്ണോറിയെ ഏർപ്പെടുത്തുന്ന പക്ഷത്തിൽ നിയമിച്ചു വേണ്ട അന്വേഷണം നടത്തി ഒരു തീരുമാനം ഉണ്ടാക്കുന്നതിനു ഗവണ്മെന്റിനു ഒരവസരമുണ്ടാക്കണമെന്നു് അപേക്ഷിച്ചുകൊണ്ടു ഈ പ്രമേയത്തെ ഞാൻ ബലമായി പിൻതാങ്ങുന്നു.

മി: എൽ. എ. ബിഷപ്പ് (പോലീസ് കമ്മീഷണർ): വളരെ ഹൃദയാകർഷകമായ വിധം മി: പാച്ചുപിള്ള ഒരു പ്രസംഗം ചെയ്തിരിക്കുന്നു. അതു മലയാളത്തിൽ ആയിരുന്നതുകൊണ്ടു് അതു മുഴുവൻ മനസ്സിലാക്കുന്നതിനു എനിക്കു സാധിച്ചില്ല. അക്രുധാരയോടുകൂടിയാണു അദ്ദേഹം സംസാരിച്ചതു്. മറ്റൊരുത്തരുള്ള വാദങ്ങളെ കേൾക്കുന്നതിനുമുൻപു താൻ പ്രസ്താവിച്ചിട്ടുള്ള എല്ലാ സംഗതികളേയും വിശ്വസിക്കുന്നതിനു മറ്റുചില സാമാജികന്മാരെ പ്രേരിപ്പിക്കുന്നതിനു അദ്ദേഹത്തിനു സാധിച്ചു. പ്രസംഗത്തിനിടയിൽ മനസ്സിളകി ചിലർ 'ലജ്ജാവഹം' എന്നു വിളിച്ചുപറഞ്ഞു. അവർ ഇപ്രകാരം ചെയ്തതു് വർണ്ണം മനസ്സിനെ ആകർഷിക്കത്തക്കവിധത്തിലാണു അദ്ദേഹം സംസാരിച്ചതു.

ചേർത്തല നടന്ന സംഭവങ്ങളെപ്പറ്റി വിവരിക്കുന്നതിനു് മി: പാച്ചുപിള്ള എത്രനേരം സമയം വിനിയോഗിക്കുമായി. ഈ സംഭവങ്ങളെപ്പറ്റി വിവരിക്കുന്നതിനു് എനിക്കും സമയം വേണ്ടിവരുമെന്നു് ഞാൻ ഭയപ്പെടുന്നു. എന്റെ സ്നേഹിതന്മാർ ഞാൻ പറയുന്നതുപോലെ മഹാമനസ്കതയോടുകൂടി കേൾക്കുമെന്നും എനിക്കു പറയുവാനുള്ളതിനെ അവസാനംവരെ ശ്രദ്ധിക്കുമെന്നും ഞാൻ വിശ്വസിക്കുന്നു. എന്റെ പ്രസംഗം മുഴുവനും പൂർത്തിയാക്കുന്നതിനുമുൻപു ചോദ്യങ്ങൾക്കു ഞാൻ സമാധാനം നൽകുന്നതുണ്ടു്.

നിർദ്ദേശിച്ചിട്ടുള്ള ദിവസത്തിനു് ഏതാനും മാസങ്ങൾക്കുമുമ്പു് ചേർത്തലതാലൂക്കിനെപ്പറ്റിയും ചേർത്തലതാലൂക്കിലെ സ്ഥിതികളെപ്പറ്റിയും മി: പാച്ചുപിള്ള വിവരിച്ചിട്ടുണ്ടു്. എന്നാൽ അദ്ദേഹം ഏതാനും കാര്യങ്ങളെ മാത്രമേ പ്രസ്താവിച്ചിട്ടുള്ളൂ. വാസ്തവത്തിൽ കാര്യത്തിന്റെ ഉള്ളിലുള്ള സ്ഥിതി അദ്ദേഹം വെളിപ്പെടുത്തിയിട്ടില്ല. അദ്ദേഹം ചെയ്തിട്ടുള്ള പ്രസ്താവന പൂർത്തിയായിട്ടുള്ള ഒന്നല്ല. അതു വളരെയധികം ഏകപക്ഷീയമായിരുന്നു. ചേർത്തല ഉണ്ടായ കാലയോഗങ്ങളിലും സമീപത്തുള്ള ഗ്രാമങ്ങളിലും ഉണ്ടായ സംഭവങ്ങളെപ്പറ്റി വിവരിക്കുന്നതിനു് മുൻപു പ്രസ്താവിവസംബന്ധമേൽപ്പട്ടു് താലൂക്കിൽ നടന്നിട്ടുള്ള സംഭവങ്ങളെപ്പറ്റി വിവരിക്കേണ്ടതു എന്റെ കടമയാകുന്നു എന്നു ഞാൻ വിചാരിക്കുന്നു, ഈ സംഗതി ഞാൻ ചെയ്യുകഴിയുമ്പോൾ ചേർത്തലതാലൂക്കിൽ മജിസ്ട്രേറ്റന്മാരെന്ന ഒരു പ്രസ്ഥാനം മാത്രമല്ലാ അവിടെ ഉള്ളതെന്നും അവർ പോലീസ് കമ്മീഷണർക്കു താണതാണെന്നും ബോദ്ധ്യമാകുന്നതാണു. ഇപ്രകാരമാണു് ഞാൻ വിചാരിക്കുന്നതു്.

സർ, ചേർത്തല എവിടെ സ്ഥിതിചെയ്യുന്നു എന്നു നമുക്കു് ഇപ്പോൾ എല്ലാവർക്കും അറിയുവാനുണ്ടു് ഈസംസ്ഥാനത്തിന്റെ ഏറ്റവും വടക്കേ അറ്റത്തുള്ള സമുദ്രതീരത്തിലുള്ള ഒരു താലൂക്കാണു് ഇതു് സ്ഥിതിചെയ്യുന്നതു്. ചേർത്തയ്ക്കു് ഒരു സങ്കടം എല്ലാ കാലത്തും ഉണ്ടായിട്ടുണ്ടു് ഈ സംഗതി ഇവിടെ ഉള്ള ചേർത്തല താലൂക്കിനെ പ്രതിനിധീകരിക്കുന്ന സാമാജികന്മാർ പറയുന്നതിൽ നിന്നു് നാം പല അവസരങ്ങളിലും കേട്ടിട്ടുള്ളതാണെല്ലോ. ഈ കാര്യം ശ്രീമുഖം പ്രജാസഭാ സാമാജികൻ പറയുന്നതും നാം കേട്ടിട്ടുണ്ടു്. തിരുവിതാംകൂറിലെ മറ്റു ഭാഗങ്ങളിൽ ഇന്നു മായനിലയിൽ തങ്ങളെ വെച്ചിരിക്കുന്നു എന്നു് ചേർത്തല ഉള്ള ജനങ്ങൾ വിചാരിക്കുന്നു.

മി: എ. എസ് ദാമോദരൻശാസ്താൻ (മാവേലിക്കര-കൊത്തിക്കുളങ്ങര): മെമ്പർ അല്പം കൂടി ഉച്ചത്തിൽ സംസാരിക്കുമോ? അദ്ദേഹം പറയുന്നതു് ഞങ്ങൾക്കു കേൾക്കാൻ പാടില്ലാ.

മി: എൽ. എ. ബിഷപ്പ് (പോലീസ് കമ്മിഷണർ): എനിക്കുള്ള ഏറ്റവും കുടിയ സ്വരത്തിൽ ഞാൻ സംസാരിക്കുന്നുണ്ടു്.

ശ്രീ. കേശവപിള്ള (കൊട്ടാരക്കര)(കൊണ്ടുവരുന്നതിനെ എതിർക്കുന്നു): മല്ലവജ്ജന പ്രസ്ഥാനമല്ലാതെ ഇപ്പോഴത്തെ സംഘടനകൊണ്ടുദ്ദേശിക്കുന്നതു മറ്റു വല്ലതുമാണെങ്കിൽ അതിനെ ഞാൻ എതിർക്കുന്നു. അവ എന്തെല്ലാമാണെന്ന് പണ്ഡിതനായ പോലീസ് കമ്മിഷണർ പറയുമോ?

അദ്ധ്യക്ഷൻ: നിങ്ങൾക്ക് മുമ്പോട്ട് പോരാവുന്നതാണ്. പോലീസു കമ്മിഷണർ മുന്നോട്ടു വരികയും മുൻഭാഗത്തുള്ള ഒരു സ്ഥാനം സ്വീകരിക്കുകയും ചെയ്തു.)

മി: എൽ. എ. ബിഷപ്പ് (പോലീസ് കമ്മിഷണർ): സർ, തിരുവിതാംകൂറിലെ ജനങ്ങൾ എല്ലാ കാര്യങ്ങളിലും രാജഭക്തിപ്രകടിപ്പിച്ചിട്ടുണ്ട്. ഈ കാര്യത്തിൽ അവരുടെ നില വ്യത്യസ്തമായ തെന്നാണ് ഇവിടെ വന്നിട്ടുള്ള സാമാജികന്മാർ പ്രസ്താവിച്ചിട്ടുണ്ടെന്നു തോന്നുന്നില്ല. ഈ രാജ്യത്തിലെ ജനങ്ങളുടെ രാജഭക്തി മാതൃകയായിട്ടുള്ളതാണ് (ഹിയർ, ഹിയർ). ഈ രാജഭക്തി തിരുവിതാംകൂറിനോടും ബ്രിട്ടീഷ് ബന്ധത്തിനോടുമുള്ളതാണെന്നു സർ, ഞങ്ങൾ ഈ സംസ്ഥാനത്തിൽ കഴിഞ്ഞ, അധികം കവിയാത്ത അളക്കാം ഉറപ്പിച്ചു ഒരു തെറ്റിദ്ധാരണയുണ്ടെന്ന് പറയേണ്ടിയിരിക്കുന്നു. അവർ പ്രക്ഷോഭണം നടത്തുന്നവരാണ്. അധികാരം ലഭിക്കുന്നതിന് അവർ ആഗ്രഹിക്കുന്നു. പ്രക്ഷോഭണംമൂലമാണ് അധികാരം ലഭിക്കുന്നതിനു അവർ ഇഷ്ടപ്പെടുന്നു.

ചേർത്തലയെ സംബന്ധിച്ചിടത്തോളം ബ്രിട്ടീഷ് മലബാറുകാരെയും കൊച്ചി സംസ്ഥാനത്തിനേയും സമീപത്തിലാണ് ചേർത്തല സ്ഥിതിചെയ്യുന്നത്. ഞങ്ങൾക്ക് ബ്രിട്ടീഷ് ഇൻഡ്യയിലും നാട്ടുരാജ്യമായ കൊച്ചിയിലും ഇപ്പോഴുള്ള രാഷ്ട്രീയ സ്ഥിതി ചേർത്തലയെ വാധിക്കുന്നതാണ്, ചേർത്തല എന്ന സ്ഥലത്തു കൂടിയാണ് തിരുവിതാംകൂറിനെ ആക്രമിക്കുന്നതിനു തീരുമാനിച്ചിട്ടുള്ളത്.

മി: പി. രാജഗോപാലൻ (തിരുവനന്തപുരം): പോലീസ് കമ്മിഷണർ പറയുന്നതിനെ വളരെ സൂക്ഷിച്ച് മനസ്സിലാക്കേണ്ടിയിരിക്കുന്നു. അതിനായി പോലീസ് കമ്മീഷണരുടെ പ്രസംഗത്തെ ഞാൻ തടസ്സപ്പെടുത്തുകയുണ്ടായി. ഒരു പ്രത്യേകതരത്തിലുള്ള കാഴ്ചപ്പാടിൽനിന്നാണ് ഇവിടെ പ്രസ്താവിച്ചിട്ടുള്ളത്. ഒരു സംഘത്തിനെപ്പറ്റി പോലീസു കമ്മീഷണർ സൂചിപ്പിച്ചു. ഈ സംഘം ഉള്ളതായ ചേർത്തലയിലോ മറ്റേതെങ്കിലും സ്ഥലത്തോ എന്നു അറിയുന്നതിനാണ് ഞാൻ ആഗ്രഹിക്കുന്നു.

മി: എൽ. എ. ബിഷപ്പ് (പോലീസു കമ്മീഷണർ) മറ്റു സ്ഥലങ്ങളിൽ പ്രക്ഷോഭണം നടത്തുന്ന അളുകളെ തിരുവിതാംകൂറിൽ വന്നതു ചേർത്തലയിൽ കൂടിയാകുന്നു. അവർ ഈ സംസ്ഥാനത്തു വന്നതിനു മുമ്പ് പല ഉദ്ദേശങ്ങളുമുണ്ട്. അതിൽ മുഖ്യമായിട്ടുള്ളതു കേരളത്തിൽ നടക്കുന്ന സത്യഗ്രഹപ്രസ്ഥാനത്തിനു പാളം തെറ്റിക്കുന്നതിനാകുന്നു.

സർ, ഞങ്ങൾക്കു മുമ്പു ശക്തിയോടുകൂടിയ രാഷ്ട്രീയസംബന്ധമായ പ്രക്ഷോഭണം ചേർത്തലയിൽ നടന്നിട്ടില്ല. എന്നാൽ ഇപ്പോഴത്തെ മല്ലവജ്ജനം കായ്പുരിപോടിയിൽ ഉൾപ്പെട്ടിരുന്നതല്ല. അവിടെ രാഷ്ട്രീയവും സാമുദായികവുമായ രണ്ടു സംഘങ്ങളും രൂപീകരിക്കപ്പെട്ടു. അവ പ്രോഗ്രസിവുകോൺഗ്രസ്കമ്മറ്റി, ക്ഷേത്രപ്രവേശകാരുടെ സംഘം, വിപ്ലവ സംഘം, എന്നിവയുണ്ടായിരുന്നു. ഇപ്രകാരം ഒരു പെരിയതാലൂക്കിൽ വളരെ കൂടുതലായ സംഘങ്ങൾ രൂപീകരിക്കപ്പെട്ടു.

മി: എ. ജിസ്സ്. മഹമ്മദ് സുലൈമാൻസാഹിബ് (മാവേലിക്കരയും കോത്തികുളങ്ങരയും): കോൺഗ്രസ്കമ്മറ്റി ആലപ്പുഴ ചേർത്തലയിൽ രൂപീകരിച്ചതു എപ്പോഴാണെന്നുള്ളതു പണ്ഡിതനായ പോലീസുകമ്മീഷണർ ദയവുചെയ്തു പറയുമോ?

മി: എൽ. എ. ബിഷപ്പ്. (പോലീസുകമ്മീഷണർ): ഇതിനെസംബന്ധിച്ചുള്ള അവരുടെ റിക്കാഡു ഞാൻ കണ്ടിട്ടില്ല.

മി. പി. ജിസ്സ്. മഹമ്മദ് (നിയമിക്കപ്പെട്ട മെമ്പർ): വേലക്കാരുടെ സംഘം ഒരുപിച്ചവസംഘം ആണോ, എന്നുള്ളതു മെമ്പർ ദയവുചെയ്തു പറയുമോ?

മി: എൽ. എ. ബിഷപ്പ് (പോലീസു കമ്മീഷണർ) : ഞാൻ അപ്രകാരം പറഞ്ഞിട്ടില്ല. വിപ്ലവസംഘം എന്ന പേരുള്ള ഒരു സംഘമുണ്ടെന്നാണ് ഞാൻ പറഞ്ഞിട്ടുള്ളത്. ഈ സംഘങ്ങളെല്ലാം വിപ്ലവസംഘങ്ങളാണെന്നു ഞാൻ പറയുന്നില്ല. അവരാഷ്ട്രീയ സംബന്ധമായ സംഘങ്ങളാണ് ഇതുമാത്രമേ ഞാൻ പറയുന്നുള്ളൂ.

മി. മുഹമ്മദ് പാച്ചുപിള്ള (ചേർത്തല): ഈ സംഘത്തിലെ സാമാജികന്മാർ ആരെല്ലാമാണെന്നും ഈ സംഘം രൂപീകരിക്കപ്പെട്ടതു എപ്പോഴാണെന്നും പണ്ഡിതനായ പോലീസു കമ്മീഷണർ പറയുമോ?

മി: എൽ. എ. ബിഷപ്പ് (പോലീസു കമ്മീഷണർ) : എനിക്കു ഉടനടി തീയതി പറയാൻ സാധിക്കയില്ല.

ചേർത്തലയിലെ ജനസംഖ്യയിൽ അധികം പേരും ഈഴവരാകുന്നു. ചേർത്തലയിൽ കൊപ്രക്കച്ചവടവും കയറുകച്ചവടവും ധാരാളമുണ്ട്. ഈ കച്ചവടത്തിൽ ജനങ്ങൾ അത്യധികമായി ഏർപ്പെട്ടിരിക്കയാണ്, അടുത്ത കാലത്തുള്ള വ്യാപാരമാന്ദ്യം നിമിത്തം ചേർത്തലയിലെ അളുകൾക്കു വളരെ ദോഷം തട്ടിയിട്ടുണ്ട്. സ ചേർത്തലയുള്ള പല്ലാ പ്രാദേശിക സംഘങ്ങളും അവയുടെ നേതാക്കന്മാരും ഈ തക്കം നോക്കി പ്രവർത്തിച്ചു, അതിനേറ ഉദ്ദേശം ജനങ്ങളെ കൂട്ടുതലായി തങ്ങളുടെ സമീപത്തിലേക്കു ആകർഷിക്കുന്നതിലേക്കായിട്ടാകുന്നു. അവർ തിരുവിതാംകൂറിൽ മറ്റു സ്ഥലങ്ങളിലുള്ള കായ്പുരിപോടിയെ അനുകരിച്ചു ഒരു മല്ലവജ്ജനപ്രസ്ഥാനം ആരംഭിച്ചു. ഇപ്രകാരമുള്ള പല സംഘങ്ങളും മല്ലവജ്ജനപ്രസ്ഥാനത്തിന്റെ ഉദ്ദേശത്തിനോട് യോജിച്ചു പ്രവർത്തിച്ചു. പരസ്പരസഹായ സംഘങ്ങളിലെ ഉദ്യോഗസ്ഥന്മാരും വിദ്യാലയങ്ങളിലെ അദ്ധ്യാപകന്മാരും വിദേശിച്ചും തഴ്ന്നാട്ടുമാക്കാ വിദ്യാലയങ്ങളിലുള്ള അദ്ധ്യാപകന്മാരും ഇപ്രകാരമുള്ള സംഘങ്ങളെ അത്യധികമായി സഹായിച്ചു.

മി. എ. താണുപിള്ള (തിരുവനന്തപുരം). അവർ ഏതൊക്കെയാണ് വിദ്യാലയങ്ങളിലുള്ള അദ്ധ്യാപകന്മാരാണ്.—

മി: എൽ. എ. ബിഷപ്പ് (പോലീസുകമ്മീഷണർ): അവർ ഗവണ്മെന്റുവക പിള്ളയങ്ങളിലും സഹായധനംനൽകുന്ന വിദ്യാലയങ്ങളിലും ഉള്ള അദ്ധ്യാപകന്മാരാണ്. ഞാൻ പറഞ്ഞിട്ട് അവരെപ്പറ്റി പ്രസ്താവിക്കേണ്ടതായി വരും

സർ, താലൂക്കിലെ ചേർത്തലയിൽ മദ്യവർജ്ജനപ്രസ്ഥാനം സ്ഥിരീകരിച്ചിരിക്കുന്ന ബഹുമതിയായി ഈ പ്രസ്ഥാനം സ്ഥിരീകരിച്ചിരിക്കുന്നതിനാൽ ഉള്ളതും ക്രിസ്ത്യൻ ഗവണ്മെന്റിന്റെ എതിരായും തിരുവിതാംകൂർ ഗവണ്മെന്റിന്റെ തിരായും പ്രചരണവേല നടത്തുന്നതിനാണെന്നു. മദ്യവർജ്ജനം കൂടാതെയുള്ള ഒരു പ്രസ്ഥാനമായിട്ടാണ് സ്ഥിരീകരിച്ചിരിക്കുന്നത്. ഈ സംഘങ്ങളെ ജനങ്ങൾ ബഹുമാനിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി ആകാം അവർ ഇപ്രകാരം സ്ഥിരീകരിച്ചിരിക്കുന്നത്. കൂടാതെ സ്ഥലത്തുള്ള സ്ഥിതികളെപ്പറ്റി യാതൊരു അറിവുമില്ലാത്ത തിരുവിതാംകൂറിലുള്ള ജനങ്ങളും ഈ സംഘങ്ങളെ സ്ഥിരീകരിക്കുന്നതിനായിട്ടും ആകാം ഈ നാമം സ്ഥിരീകരിച്ചിട്ടുള്ളത്. ഗവൺമെന്റുകളിലുള്ള മദ്യനിരോധന പ്രസ്ഥാനത്തോട് സാമാന്യമായി ഭിന്നമായവിധം ചേർത്തലയിലുള്ള മദ്യവർജ്ജനപ്രസ്ഥാനം അക്രമമായ പ്രവർത്തികളും ചെയ്യുന്നതിൽ ശ്രദ്ധവെയ്ക്കുന്നതിൽപ്രശിപ്തമിട്ടുണ്ട്. കൂടാതെ ഈ സംഘത്തിനു സംബന്ധിച്ചു മി. പൊപ്പുപിള്ളയും ഇടയ്ക്കുമാത്രമിരിക്കുന്ന ഫ്രണ്ടെ സ്നേഹിതനും അല്പമായി വശപ്പിച്ചിട്ടുണ്ട് ഈ നടപടിക്രമത്തിൽ വിശ്വാസമാണെന്ന് അദ്ധ്യക്ഷൻ നിശ്ചയിച്ചിട്ടുണ്ട്. ചേർത്തലതാലൂക്കിൽ നടത്തുന്ന മദ്യവ്യവഹാരത്തോട് സംബന്ധമുള്ള ചെത്തുകാർക്കും മറ്റുള്ളവർക്കും എതിരായി വളരെ ശക്തിയുള്ളതും അക്രമത്തോടുകൂടി പ്രവർത്തിക്കുന്നതും ആയ ഒരു പ്രസ്ഥാനം അവിടെ ആരംഭിച്ചിട്ടുണ്ടെന്ന് ഞാൻ പറഞ്ഞുകൊള്ളുന്നു. തിരുവിതാംകൂറിൽ മറ്റുസ്ഥലത്തുള്ള മദ്യവർജ്ജനപ്രസ്ഥാനത്തെ അപേക്ഷിച്ചു ചേർത്തലയുള്ളസംഘം വളരെ കൂട്ടായമായി അക്രമപരമായി പ്രവൃത്തിക്കുന്നതാണ്. ചെത്തുതാലൂക്കിലുള്ള മദ്യനിരോധനസംഘത്തെ കൊല്ലത്തുള്ള പ്രധാന മദ്യവർജ്ജനം അംഗീകരിച്ചിട്ടില്ല. അതിനുള്ളകാരണം അതിന്റെ അതിരുകടന്നുള്ളഅക്രമപരമായപ്രവർത്തികളാകുന്നു. ഇപ്രകാരം എനിക്ക് വിശ്വസിക്കേണ്ടിയിരിക്കുന്നു.

മി: എ. താണുപിള്ള (തിരുവനന്തപുരം): അതിനെ അംഗീകരിച്ചിട്ടില്ലയോ?

മി: എൽ. എ. ബിഷപ്പ് (പോലീസ്കമ്മീഷണർ) അംഗീകാരം നൽകുന്നതിനായി അതിനെ സ്വീകരിച്ചിട്ടില്ല.

മദ്യവർജ്ജനപ്രസ്ഥാനം ഈ താലൂക്കിൽ അക്രമപരമായ രൂപത്തെ പ്രാപിച്ചിട്ടുണ്ട്. ഇപ്രകാരമുള്ള പ്രവർത്തിയെ സംബന്ധിച്ചിടത്തോളം വാസ്തവത്തിൽ മുപ്പതിലധികം പോലീസുകേസുകളും കൊലവറേ കേസുകളും അവിടെ നടന്നുന്നതിനിടയായിട്ടുണ്ട്. റിഫയിൻമെൻറ്ചീഫ്, വിപ്ലവസംഘം, നിരീശ്വരസംഘം ഇവ, അനവധിയോഗങ്ങൾ കൂടിയിട്ടുണ്ട്. ക്ഷേത്രങ്ങളിൽ പ്രവേശിക്കുന്നതിന് വളരെ ഉൽകണ്ഠപ്രകടിപ്പിക്കുന്നവരും നിരീശ്വരവാദികളും ആണ്. ഇതു വളരെ വിശേഷമായ ഒരു സംഗതിയാണ്. കഴിഞ്ഞ എട്ടു, കൊല്ലങ്ങളായി ക്ഷേത്രപ്രവേശനകാര്യത്തിന് ഈതാലൂക്കിൽ വളരെ ശക്തിയിലിടപെടുകയാണ്. ക്ഷേത്രങ്ങളിൽ പ്രവേശിക്കുന്നതിനു വളരെ നിർബന്ധത്തോടുകൂടി വാദിക്കുന്നവർ നിരീശ്വരവാദികളാണ്. അവർക്ക് ഈശ്വരനിൽ വിശ്വാസമില്ല. ക്ഷേത്രങ്ങളിൽ പ്രവേശിക്കുന്നതിനു അവർ എന്തുകൊണ്ടാഗ്രഹിക്കുന്നു എന്നുള്ളതു എനിക്കു അറിയുവാൻ പാടില്ല.

മി: എ. താണുപിള്ള (തിരുവനന്തപുരം): ക്ഷേത്രങ്ങളിൽ പ്രവേശിക്കുന്നതിനു നിരീശ്വരവാദികൾ ഏറ്റവും കൂടുതലായ ഉൽകണ്ഠപ്രകടിപ്പിക്കുന്നു എന്നു പോലീസുകമ്മീഷണർ പ്രസ്താവിച്ചു. ഈ പ്രസ്താവനയുടെ അടിസ്ഥാനമായ സംഗതി എന്താണെന്നു അറിയുന്നതിനു ഞാൻ ആഗ്രഹിക്കുന്നു. ഈ വിവരം വെളിപ്പെടുത്തുന്നതു മോഷമായിരിക്കുന്നതാകുമോ.

മി: എൽ. എ ബിഷപ്പു (പോലീസു കമ്മീഷണർ) : എന്റെ രണ്ടാമത്തെ പ്രസംഗത്തിൽ ഈ ചോദ്യത്തിനു മറുപടിനൽകുന്നതാണ്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): നിരീശ്വരസംഘം എന്നൊരു സംഘം ഉണ്ടെന്നു വാശികൊള്ളുന്നിനായി സമ്മതിക്കാം, അങ്ങനെ സമ്മതിച്ചാൽ തന്നെയും അപ്രകാരമുള്ള ഒരു സംഘം നിയമവിരുദ്ധമാണോ എന്നും, സംസ്ഥാനത്തിനു ഉപദ്രവകരമായ വിധം പ്രവർത്തിക്കുന്നതിനു അതിനു ബാധ്യതയുണ്ടോ എന്നും പറയുമോ?

മി: എൽ. എ. ബിഷപ്പു (പോലീസു കമ്മീഷണർ): സംസ്ഥാനത്തിനു ഉപദ്രവകരമായോ, അല്ലാതെയോ അതു പ്രവർത്തിച്ചേക്കാം. എന്നാൽ ഈ താലൂക്കിലെ സ്ഥിതികളെ സൂചിപ്പിക്കുകമാത്രമണു ചെയ്തതു. തന്നിമിത്തം പേരിൽ ഒരു നിരോധനാജ്ഞ പുറപ്പെടുവിക്കത്തക്കവണ്ണം കൊച്ചിനിയമസഭയിലെ ഒരു സാമാജികനായ മി: എ- ബി. സേവ്യർ, പല അവസരങ്ങളിലും അപ്രകാരമുള്ള പ്രക്ഷോഭജനകമായ പ്രസംഗങ്ങളും ഈ താലൂക്കിൽ ചെയ്തിട്ടുണ്ട്. മദ്യനിരോധത്തേയും അതിനോടു സംബന്ധമുള്ള മറ്റു വിഷയങ്ങളേയും സംബന്ധിച്ചു മാസങ്ങൾക്കിടയിൽ മേജ്പ്പടി താലൂക്കിൽ 'ഗ' യോഗങ്ങളിലധികം നടന്നിട്ടുണ്ട്. ഈ യോഗങ്ങളിൽപോലീസുകാർ ഹാജരായിട്ടുണ്ട്. ഇപ്രകാരമുള്ള യോഗങ്ങളിൽ അനവധി പ്രമേയങ്ങൾ പാസ്സായിട്ടുണ്ട്. പാസ്സാക്കിയിട്ടുള്ള ചില പ്രമേയങ്ങൾ ചെയ്തിട്ടുള്ള പ്രസംഗങ്ങളുടെ ചില ഭാഗങ്ങളും ഞാൻ വായിച്ചു നിങ്ങളെകേൾപ്പിക്കാം,

മി: എ, എസ്. ഓമോരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഈ യോഗങ്ങളിൽ പോലീസ്, സി. ഐ. ഡി. ഉദ്യോഗസ്ഥന്മാർ മാത്രമെ ഹാജരുണ്ടായിരുന്നുള്ളു. എല്ലാ തരത്തിലുമുള്ള പോലീസ ഉദ്യോഗസ്ഥന്മാരും ഈ യോഗങ്ങളിൽ ഹാജരുണ്ടായിട്ടുണ്ടോ?

മി: എൽ. എ. ബിഷപ്പ്. (പോലീസ്കമ്മീഷണർ) പലയോഗങ്ങളിലും എല്ലാതരത്തിലുമുള്ള പോലീസുകാർ ഹാജരായിട്ടുണ്ട്.

മി: എ. എസ്. ഓമോരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും) : സാധാരണപോലീസുകാർ മുതലൊ ഈ യോഗങ്ങളിൽ ഹാജരായിട്ടുള്ളത്?

മി: എൽ. എ ബിഷപ്പ് (പോലീസ് കമ്മീഷണർ): ഇപ്പോഴത്തെ 'ഡ' യോഗങ്ങളിൽ ഓരോന്നിലും സാധാരണയുള്ള പോലീസുകാർ ഹാജരായിട്ടുണ്ട്. ഈ താലൂക്കിൽ 'ഡ' ൽ അധികം യോഗങ്ങൾ നടന്നിട്ടുണ്ട്. ഈ കാരണം നിമിത്തം എല്ലാ യോഗങ്ങളിലും ഹാജരാകുന്നതിനു പോലീസ്കാർക്ക് സാധിച്ചിട്ടില്ല.

മി: ഏ. എസ്സ് ഔമാടോൾ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഇവർ യൂണിഫാം ധരിച്ചുകൊണ്ടായിരുന്നുവോ ഹാജരായിട്ടുള്ളത്?

മി: എൽ. എ. ബിഷപ്പ് (പോലീസ് കമ്മീഷണർ): യൂണിഫാമിലാണ് അവർ ഹാജരായിട്ടുള്ളതെന്നു പറയുന്നില്ല. അവർ 'ഡ' മീറ്റിംഗിൽ ഹാജരായിട്ടുണ്ട്. എന്നാൽ ഇതിലും വളരെ അധികമായി ഈ യോഗങ്ങൾ നടന്നിട്ടുണ്ട്. മേൽപറഞ്ഞ സംഖ്യയിൽ കവിഞ്ഞിട്ടുള്ളപക്ഷം പോലീസുകാർ ഹാജരായിട്ടില്ല.

മി: മുൻവേലിൽ പാപ്പച്ചപിള്ള (ചേർത്തല): ഏതെങ്കിലും മീറ്റിംഗിൽ ക്ഷേത്രപ്രവേശനത്തെയും യൂത്തു വിഗ്നേയും സംബന്ധിച്ചു ഏതെങ്കിലും പ്രമേയം പാസ്സാക്കിയതായി സി. ഐ. ഡി. റിപ്പോർട്ടിൽ നിന്നും കമ്മീഷണർക്കു കാണുവാൻ കഴിഞ്ഞിട്ടുണ്ടോ? അങ്ങനെ ഉണ്ടെങ്കിൽ ഏതു സ്ഥലത്തു ഏതു മീറ്റിംഗിലാണെന്നു പറയുമോ?

മി: എൽ. എ. ബിഷപ്പ് (പോലീസ് കമ്മീഷണർ) മേൽപറഞ്ഞിട്ടുള്ള പ്രസംഗങ്ങളിൽ നിന്ന് ഏതാനും ഭാഗങ്ങളും പ്രമേയങ്ങളിൽനിന്ന് ഏതാനും ഭാഗങ്ങളും വായിച്ചുതിനുശേഷം ഞാൻ അതിനെപ്പറ്റി പ്രസ്താവിക്കുന്നതാണ്.

മി: മുൻവേലിൽ പാപ്പച്ചപിള്ള (ചേർത്തല): ഏതെങ്കിലും മീറ്റിംഗിൽ ക്ഷേത്രപ്രവേശനത്തെയും, യൂത്തു്മീറ്റിനേയും സംബന്ധിച്ചു് ഏതെങ്കിലും പ്രമേയം പാസാക്കിയതായിട്ടു് സി. ഐ. ഡി. റിപ്പോർട്ടിൽ പോരിൽ നിന്നും കമ്മീഷണർക്ക് കാണാൻ കഴിഞ്ഞിരുന്നോ

മി: എൽ. എ. ബിഷപ്പ് (പോലീസ് കമീഷണർ): ഉണ്ട്. മേൽപറഞ്ഞിട്ടുള്ള ചിലയോഗങ്ങളിൽ പാസാക്കിയിട്ടുള്ള പ്രമേയങ്ങളുടെയും അവിടെചെയ്തിട്ടുള്ള പ്രസംഗങ്ങളുടേയും ചിലഭാഗങ്ങൾ ഞാൻ വായിക്കാമെന്നു പറഞ്ഞിട്ടുണ്ടല്ലോ,

താഴെപറയുന്ന പ്രമേയം കുറുപ്പുംപടിക്കടുത്തു വെന്നിക്കുളം കളവൻകോട്ട്വെച്ചു് പാസാക്കിയിട്ടുള്ളതാണ്. ആ അവസരത്തിൽ മി: പി. ബി. സേലം അദ്ധ്യക്ഷസ്ഥാനംവഹിച്ചു.

''സ്ഥലത്തുള്ള പരസ്പരസഹായസംഘത്തിൽനിന്ന് വായ്പകൊടുക്കുന്നതിൽ മദ്യപാനികളും ചെത്തുകാരും മദ്യഷാപ്പ് കൺട്രാക്ടരും അല്ലാത്ത അംഗങ്ങൾക്കു മുൻഗണനയുണ്ടാകുമെന്നു ഈ യോഗം അഭിപ്രായപ്പെട്ടുകൊള്ളുന്നു.''

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): എന്തുപായങ്ങളെക്കുറിച്ചാണു പറഞ്ഞിട്ടുള്ളതു

മി: വി. കുഞ്ഞുപിള്ള (തോപ്പാള): അതുവലിയ തെറ്റാണെന്നാണോ പറയുന്നതു?

മി: എ. താണുപിള്ള (തിരുവനന്തപുരം): മേൽപറഞ്ഞയോഗം പരസ്പരസഹായ സംഘത്തിന്റെ ഒരുയോഗം കൂടിയിരുന്നോ എന്നുള്ളതു അറിയുന്നതിനു ഞാൻ ആഗ്രഹിക്കുന്നു.

മി: എൽ. എ. ബിഷപ്പ് (പോലീസുകമീഷണർ): ഒരു മദ്യനിരോധനയോഗത്തിൽ വെച്ചാണു പ്രമേയം പാസ്സാക്കിയിട്ടുള്ളതു.

മി: എ. എസ്. ഔമോരേനക്കോൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): അതു ഏതെങ്കിലും വിധത്തിൽ

മി: എൽ. എ. ബിഷപ്പ് (പോലീസുകമീഷണർ): ഇടച്ചുയെവിധേ ഏതെങ്കിലും വിഷ്നപെടുത്തുന്ന പക്ഷം ചേർത്തലയുള്ള കായ്ങ്ങളുടെ സ്ഥിതികരം പൂർണ്ണമായവിധത്തിൽ വിവരിക്കുന്നതിനു എനിക്കു സമയമുണ്ടായിരിക്കുന്നതല്ല.

താഴെപറയുന്ന ഉപദേശപം കുറുപ്പുംപടിക്കടുത്തു വെന്നിക്കുളം വടക്കേതീയതി യടക്കുംമുറിയിൽ വെച്ചു പാസാക്കിയിട്ടുള്ളതാണ്. മേശേരിൽ സർവീസ് കസാസൈറ്റിസ്സ്കുളിലെ ഹെഡ്മാസ്റ്ററായ മി: ശിവരാമപണിക്കർ, ബി. എ, എൽ. ടി. അദ്ധ്യക്ഷസ്ഥാനം വഹിച്ചു.

''ചെത്തുകാരേയും മദ്യഷാപ്പ് കൺട്രാക്ടർമാരേയും സമുദായത്തിൽ നിന്ന് ബഹിഷ്കരിക്കണമെന്നുള്ള ഈ യോഗം അഭിപ്രായപ്പെട്ടുകൊള്ളുന്നു.''

താഴെപറയുന്ന മറ്റൊരു പ്രമേയം കുറുപ്പുംപടിക്കടുത്തു വെന്നിക്കുളം തീയതി കളവൻകോട്ട്വെച്ചുനടന്ന മദ്യവർജ്ജനയോഗത്തിൽ വെച്ചു പാസാക്കിയിട്ടുള്ളതാണു. ഈ യോഗത്തിൽ കൊല്ലംപള്ളിയിലെ മി: കെ. ആർ. നാരായണൻ അദ്ധ്യക്ഷസ്ഥാനം വഹിച്ചു.

''തിരുവിതാംകൂറിലുള്ള എല്ലാക്ഷേത്രങ്ങളിലും എല്ലുജാതിക്കാർക്കും പ്രവേശനം അനുവദിച്ചുകൊണ്ടുള്ള ഒരു പ്രസ് കല്പനിക പ്രസിദ്ധംചെയ്യുന്നതിനു ഗവണ്മെന്റിനോടു അപേക്ഷിക്കണമെന്നു ഈ യോഗം തീരുമാനിച്ചുകൊള്ളുന്നു. ൽ ൦ ദിവസങ്ങൾക്കകംഇപ്രകാരം പ്രവർത്തിക്കാത്തപക്ഷം ക്രമപ്രകാരമുള്ള സത്യാഗ്രഹവും ആവശ്യമെന്നു തോന്നുന്നപക്ഷം സിവിലാജ്ഞാലംഘനവും ആരംഭിക്കേണ്ടതുണ്ട്''.

മി: കെ. പി. നീലകണ്ഠപിള്ള (ചിറയിൻകീഴ്) ഈ പ്രമേയം ഒരു മദ്യവർജ്ജനയോഗത്തിൽ വെച്ചു പാസാക്കിയിട്ടുള്ളതാണോ?

മി: എൽ. എ. ബിഷപ്പ് (പോലീസ്കമീഷണർ) അതേ.

മി: കെ. പി. നീലകണ്ഠപിള്ള (ചിറയിൻകീഴ്) അങ്ങനെ അല്ല.

മി: എൽ. എ. ബിഷപ്പ് (പോലീസുകമീഷണർ) അതേ ൽ ൦ ദിവസങ്ങൾക്കകം ക്ഷേത്രപ്രവേശനത്തിനു അനുവാദം നൽകാത്തപക്ഷം ക്ഷേത്രങ്ങളുടെ മുൻപിൽ സത്യാഗ്രഹം നടത്തുന്നതിനു അനുവദിച്ചു പ്രമേയങ്ങളും പാസാക്കിയിട്ടുണ്ട്.

മി: കെ. പി. നീലകണ്ഠപിള്ള (ചിറയിൻകീഴ്) മി. സേലം ആരാണെന്നുള്ളതു പറയുമോ?

മി. ഏൽ. എ. ബിഷപ്പ് (പോലീസ്കമീഷണർ): ഈയോഗത്തിൽ പാസാക്കിയിട്ടുള്ള മറ്റൊരു പ്രമേയത്തെപ്പറ്റി താഴെപറഞ്ഞിരിക്കുന്നു.

"വൃക്ഷങ്ങൾക്ക് നമ്പർഇടാതെ അവയെ ചെത്തുന്നതിന് അനുവദിക്കുകയും ഇഷ്ടമുള്ളസ്ഥലങ്ങളിൽ മദ്യം വിൽക്കുന്നതിന് അനുവദിക്കുകയും ചെയ്യുന്ന എക്സൈസുദ്യോഗസ്ഥന്മാരുടെ പേരിലുള്ള അസംതൃപ്തിയെ ഈ യോഗം രേഖപ്പെടുത്തുന്നതിലേക്കുള്ളതാണ്".

ഈ പ്രമേയം പാസ്സാക്കിയിട്ടുള്ളത് ഒരു മദ്യവർജ്ജനയോഗത്തിൽ വെച്ചാണ്. ഇതു പാസ്സാക്കിയിട്ടുള്ളതിൽ മൂന്നാമത്തെ പ്രമേയമാണ്.

മി: കു. താണുപിള്ള (തിരുവനന്തപുരം): ഒടുവിൽ പറഞ്ഞു പ്രമേയം ഭേദഗതിചെയ്യുവാൻ പോലീസുകമ്മീഷണർ ഒരു പ്രസ്താവന വായിക്കുമോ?

മി: എൽ. എ. ബിഷപ്പ് (പോലീസുകമീഷണർ): ഞാൻ ഇപ്പോൾ വായിച്ചുപ്രമേയം താഴെ പറയുന്നതാണ്.

"വൃക്ഷങ്ങൾക്കു നമ്പരിടാതെ അപ്രകാരം ചെത്തുന്നതിനു അനുവദിക്കുകയും ഇഷ്ടമുള്ളസ്ഥലങ്ങളിൽ മദ്യം വിൽക്കുന്നതിനു അനുവദിക്കുകയും ചെയ്യുന്ന എക്സൈസുദ്യോഗസ്ഥന്മാരുടെ പേരിലുള്ള അസംതൃപ്തിയെ ഈ യോഗം രേഖപ്പെടുത്തുന്നതിലേക്കുള്ളതാണ്".

മി. കെ. പി. നീലകണ്ഠപിള്ള (ചിറയിൻകീഴ്): മി: സേലം കൊച്ചിനിയമസഭയിലെ ഒരു സാമാജികനാണോ എന്നുള്ളതു അറിയുന്നതിനു ഞാൻ ആഗ്രഹിക്കുന്നു.

മി. തയ്യാലംപേരമേശ്വരൻപിള്ള (അഡിഷണൽ ഹോഡ് സക്രട്ടറിക്കു വേണ്ടി) മി: സേലം നിയമസഭയിലെ ഒരു സാമാജികനാണെന്നുള്ളതു അദ്ദേഹം പറഞ്ഞിട്ടുണ്ടല്ലൊ.

മി: എൽ. എ. ബിഷപ്പ് (പോലീസുകമീഷണർ); മി: സേലം കൊച്ചിനിയമസഭയിലെ ഒരു സാമാജികനാണെന്നു ഞാൻ മുൻപുതന്നെ പറഞ്ഞിട്ടുണ്ട്.

ചിലഭേദഗതികളിൽ ചെയ്തിട്ടുള്ള പ്രസംഗങ്ങളിൽനിന്നു എടുക്കപ്പെട്ടിട്ടുള്ള ചിലഭാഗങ്ങൾ തിരഞ്ഞെടുക്കുന്നതിനു ഞാൻ അല്പസമയം ചിലവഴിക്കേണ്ടിവന്നു. ഈ ഭാഗങ്ങൾ ഇപ്പോൾ വായിക്കുന്നതു കേൾക്കുന്നതിനു സാമാജികന്മാരോടു അപേക്ഷിച്ചുകൊള്ളുന്നു.

ക്രമം കക്കടകം പന്ത്രണ്ടാംതീയതി കളവൻകോട്ടു പരസ്യരസഭയേസംഘ വളപ്പിന്റെ എതിർഭാഗത്തുവെച്ചു കൂടിയ ഒരുയോഗത്തിൽ പാസ്സാക്കിയിട്ടുള്ളതാണ് ഇതു. യോഗത്തിൽ കൊച്ചിയിലെ മി: സേലം അദ്ധ്യക്ഷസ്ഥാനം വഹിച്ചു.

"മദ്യപാനം ഒരു വലിയ ബാധയായി തീർന്നിട്ടുണ്ട്. ഈ ബാധ ഒരു സ്ഥലത്തുനിന്നു മറ്റൊരു സ്ഥലത്തേക്കു സങ്കോചിക്കുകയും അതിന് ലഭിക്കാൻ സാധിക്കുന്ന എല്ലാ വിധത്തിലുമുള്ള സഹായങ്ങളും ലഭിക്കുന്നതിനു അതു അഭ്യർത്ഥിക്കയും ചെയ്യുന്നു. അതിന് കമ്മീഷണർമാരും മറവുള്ളവരും കീഴ്ജീവനക്കാരുമായിട്ടുണ്ട്. ഈ ബാധയെ കടപിലേക്ക് വലിച്ചു എറിയേണ്ടതാണ്. ഈ അവസരത്തിൽ അതിനെ സംബന്ധിച്ചു ഒരു വാദപ്രതിവാദം നിയമസഭയിൽ നടക്കുന്നുണ്ട്. കൊച്ചിയിൽ നിയമസഭ ഒരു ഐപെസാപോലും ഏർപ്പെടുത്തിനാകട്ടെ പോലീസിനാകട്ടെ പാസ്സാക്കിയിട്ടില്ല, ഇപ്പോൾ ഇവിടെയുള്ള ഗവണ്മെൻറ് തീരെ ശരിയായ വിധത്തിലല്ലാ പ്രവൃത്തിക്കുന്നതു. ഇവിടെ എന്താണ് സംഭവിക്കാൻ പോകുന്നതെന്ന് എനിക്കറിയാൻ പാടില്ല. കൊച്ചി ഗവണ്മെൻറ് നം, വോട്ടിങ്ങ് ൪, പോരട്ടെങ്കിലും ലഭിക്കുന്നതിന് വളരെ ഉൽകണ്ഠാപ്രദർശിപ്പിച്ചു. നീതിക്കുടാതെ രേണ കാര്യങ്ങൾ നടത്തുന്ന പക്ഷം പൊതുജനങ്ങൾ അപ്രകാരം പ്രവർത്തിക്കുന്നതിനു സമ്മതിക്കുന്നതല്ലാം തിരുവിതാംകൂർ ഗവണ്മെൻറും പൊതുജനങ്ങളുടെ ആഗ്രഹങ്ങളെ നിറവേറ്റിക്കാത്ത പക്ഷം ബ്രിട്ടീഷ് ഗവണ്മെൻറിന് തുല്യമായി അവർ വെടിയുണ്ട അനുഭവിക്കേണ്ടിവരും. ഇതാണ തിരുവിതാംകൂർ ഗവണ്മെൻറിനോടും കൊച്ചിഗവണ്മെൻറിനോടും എനിക്കു ഉപദേശിക്കുവാനുള്ളതു."

മേൽ പറഞ്ഞിട്ടുള്ള യോഗത്തിൽ വെച്ചുതന്നെ മഹാത്മാഗാന്ധിയെ അറസ്റ്റ് ചെയ്തിട്ടുള്ളതു ആരാണെന്നും കൺട്രോളറായ ഒരു രാമപണിക്കർ എന്ന ഞാൻ ചോദിക്കുകയുണ്ടായി. മഹാത്മാഗാന്ധിയെ തടവിൽ ആക്കിയിട്ടുള്ളതു മദ്യപാനം ചെയ്യുന്ന ഒരു ഗവണ്മെൻറ് ആണെന്ന അദ്ധ്യക്ഷൻ മറുപടിപറഞ്ഞു.

മി. എ. തണ്ടപിള്ള (തിരുവനന്തപുരം): മദ്യപാനം ഒരു ബാധയാണെന്നു പറയുകയുണ്ടായി, ഇങ്ങനെ പറയുന്നതിനു തയ്യിക്ക എതെങ്കിലും ആക്ഷേപം ഉണ്ടോ എന്നുള്ളതു, മി: ബിഷപ്പിൽ നിന്നും അറിഞ്ഞാൽ കൊള്ളാം.

മി: എൽ. എ. ബിഷപ്പ് (പോലീസ് കമ്മീഷണർ): യാതൊരു ആക്ഷേപവുമില്ല. ചില കാര്യങ്ങളിൽ ഞാൻ അതിനോടു യോജിക്കുന്നു.

താഴെ ഉദ്ധരിച്ചിട്ടുള്ളഭാഗം ക്രമം പന്ത്രണ്ടു ചിങ്ങം കവുംതീയതി പുത്തനങ്ങാടിക്കു സമീപമുള്ള വരണ്ടു വെച്ചു നടന്ന ഒരു യോഗത്തിൽ മി: മേസം ചെയ്തിട്ടുള്ള ഒരു പ്രസംഗത്തിൽ നിന്നു എടുത്തിട്ടുള്ളതാകുന്നു, ഈ യോഗത്തിൽ ശ്രീമാൻ ശേരിൽ കൃഷ്ണപണിക്കർ അദ്ധ്യക്ഷസ്ഥാനം വഹിച്ചു.

"ഈ ഗവണ്മെൻറിന്റെ നിയമനങ്ങളെ ആരും തന്നെ അനുസരിക്കാൻ പാടുള്ളതല്ല. തെങ്ങുകളിൽ നിന്നു കള്ളുകുടങ്ങളെ എടുത്തു മാറണം, കള്ളുകുടങ്ങളെ നശിപ്പിക്കണം മദ്യവില്പന സമ്മതിക്കാൻ പാടുള്ളതല്ല. എന്തു ചെയ്യുന്നതിനും നിങ്ങളെ നിർബ്ബന്ധിച്ചാലും നിങ്ങൾ മദ്യം വിൽക്കാൻപോകില്ല.

ക്രമം ൪-മിഥുനം, പന്ത്രണ്ടാംതീയതി എഴുപുന്നയിൽ വെച്ചു ശ്രീമാൻ കെ. ജി. മോപ്പാലകൃഷ്ണൻ ഒരു പ്രസംഗം ചെയ്തു. അതിൽ നിന്നു ചിലഭാഗങ്ങളെ താഴെ ഉദ്ധരിച്ചുകൊള്ളുന്നു, ഈ പ്രാസംഗികനെ പ്രസംഗം നടത്താൻ പാടില്ലെന്നു കാണിച്ചുള്ള നിരോധനാജ്ഞ അവസാനമായി താക്കീതിയിട്ടുണ്ട്. മേൽ പറഞ്ഞ യോഗത്തിൽ മി: സേലം അദ്ധ്യക്ഷസ്ഥാനം വഹിച്ചു.

"മിനിയാന്ന് കുത്തിയതോട്ട് എന്ന സ്ഥലത്തു് കമ്മീഷണർ, അസിസ്റ്റൻറ് കമ്മീഷണർ ഹാജരുണ്ടായിരുന്നു. ബീട്ടിച്ചുവട്ടിന്ന ആളുകൾ ട്രാവങ്കൂർ പ്രധാനത്തിൽ ജോലിചെയ്യുന്ന വരുടെ അനന്തരവന്മാരായിരുന്നു എന്നുള്ള കാരണത്താൽ അവരുടെ ഭൂമിയുടെ സൻസുകൂടാതെ നാം കയ്യേറ്റം ചെയ്തിരിക്കുന്നു എന്നു പറഞ്ഞു. മല്ലയിരോധന പ്രസ്ഥാനത്തിൽ അവർ കാണിക്കുന്ന അനുകൂലത്തെ തടയുന്നതിനാണ് ഈ മാർഗ്ഗം സ്വീകരിച്ചിട്ടുള്ളത്. ഗവണ്മെൻറിന്റെ ഉദ്ദേശം ഇപ്രകാരമുള്ള ആളുകളുടെ ഭാവം ശമിപ്പിക്കുന്നതിനു പോലും ഈ സ്ഥലത്തുനിന്ന് ഒരു കുപ്പ് പൊള്ള കൊടുക്കുവാൻ ഇപ്രകാരമുള്ള ഗവണ്മെൻറ് ഉദ്യോഗസ്ഥന്മാർക്ക് അധികാരമില്ലെന്നുള്ള കാര്യം ഞാൻ ഇവിടെ പറയുന്നില്ല. ഈ വസ്തുത, സി. ഐ. ഡി. ചുമതലക്കുള്ള സൂപ്രണ്ടർമാർ ഗവണ്മെൻറിനെ അറിയിച്ചുകൊള്ളുന്നുണ്ടു്, ഈ കണ്ടക്ടർമാർ മി: വി. എസ്. സുബ്രഹ്മണ്യയ്യരെ ക്ഷണിച്ചിരിക്കുന്നു. എന്തിനാണ് അവർ അദ്ദേഹത്തിനെ ക്ഷണിച്ചിട്ടുള്ളതു്? കള്ളു് ചെത്തുന്നതിനായാണ്. അവർ മഹാരാജാവു തിരുമനസ്സിലെ സന്നിധിയെ പോലും പ്രാപിച്ചേക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു."

ചക്കരക്കല്ലിടുന്നതിനുള്ള ഘോഷയാത്രയിൽ ഒരു പൊതുയോഗം വീണ്ടും നടന്നു. ഈ യോഗം ഇറവൂർ ഭവച്ചു മി: ടി. കെ. മാധവക്കുറുപ്പിന്റെ അദ്ധ്യക്ഷതയിലാണ് നടന്നതു്. പ്രസ്തുതയോഗത്തിൽ മി: കെ. ജി. ഗോപാലകൃഷ്ണൻ, താഴെ പറയുന്ന പ്രകാരം പ്രസംഗിച്ചു.

"പ്രസംഗങ്ങളെ രേഖപ്പെടുത്തുന്നതിനു വിശേഷം കൂടാതെ പ്രവർത്തിക്കുന്ന പോലീസുകാരും എല്ലാസ്ഥലങ്ങളിലും ഹാജരുണ്ടായിരുന്നു. എങ്കിലും ഞങ്ങൾക്കു യാതൊരു ഭയവുമില്ല. കള്ളിന്റെ കാര്യത്തിൽ തിരുവിതാംകൂർ ഗവണ്മെൻറ് സകലപ്രവർത്തികളും ചെയ്യുന്നതാണ്. ഞങ്ങളിൽ യാതൊരാളും പുറകോട്ടു പോകയില്ല. പോലീസുകാർ എന്നെ ആശ്രയപ്പെടുന്നപക്ഷം ഒരു സമയത്തു്. ഡ ഠ ഠ ആളുകളെ അവരുടെ കൈവശത്തിൽ ഏൽപ്പിച്ചുകൊടുത്തിരിക്കുന്നതിനു ഞാൻ തയാർ ആണ്. ജനങ്ങളെ അറസ്റ്റു ചെയ്യുന്നതിൽ നിന്നു പോലീസുകാർ പിൻതിരിയാത്തപക്ഷം പുതിയ ഉപദ്രവങ്ങൾ നേരിടുന്നതിനിടയുള്ളതും അതുമൂലം അത്യധികമായ നഷ്ടം ഗവണ്മെൻറിനു സംഭവിക്കുന്നതുമാകുന്നു. ഡ ഠ ഒക്ടോബർ, ഇപ്പോഴത്തെ മുൻപു എന്നു അറസ്റ്റ് ചെയ്തു തീർക്കുന്നപക്ഷം ലഹള ഗാന്ധിത്തൊപ്പിപോലും ധരിച്ചിട്ടുള്ള ഡ ഠ ഠ, വളൻറീയർമാർ ഒന്നിച്ചു ഞാൻ പോലീസുകാരെയും എക്സൈസുകാരെയും കുത്തിയതോട്ടിൽ നിന്നും ഓടിക്കുന്നതാകുന്നു."*

ഒക്ടോബർ ഇപ്പോഴത്തെയിയോട്ടുള്ളിൽ അറസ്റ്റ് ചെയ്യപ്പെട്ടില്ലെന്ന് ഞാൻ പറഞ്ഞുകൊള്ളുന്നു. ഭയാധിക്യം അവസാനമായി താഴെകൊടുത്തിട്ടുള്ള പ്രകാരം പ്രസ്താവിച്ചു.

"ഈജ്ജാതിക്കാരായ ഡ ഠ ഠ, വളൻറീയർമാരെ മാത്രമാണ് ഞാൻ ആവശ്യപ്പെടുന്നതു"**

അയിരത്തിഒന്നൂറിനെന്നു ഒക്ടോബർ പത്തൊമ്പതാംതീയതി കടുങ്ങപ്പള്ളിയിലുള്ള കൊട്ടാരത്തിൽ സ്കൂളിന്റെ വടക്കേഭാഗത്തു കൂടിയ മറ്റൊരു യോഗം കൂടി ഈ യോഗത്തിൽ ഇടവനാട് മി: പത്മനാഭമേനവൻ ബി. എ, ബി. എൽ. അദ്ധ്യക്ഷസ്ഥാനം വഹിച്ചു. ഈ യോഗത്തിൽ മി: കെ. ജി. ഗോപാലകൃഷ്ണൻ താഴെകാണുന്നപ്രകാരം പ്രസംഗിച്ചു.

"ഇപ്പോൾ അവർ ഞങ്ങളെയെങ്കിലും കൂട്ടത്തലായി അറസ്റ്റ് ചെയ്യുന്നപക്ഷം അതിന്റെ ഫലങ്ങൾ അവർക്ക് അനുഭവമാകുന്നതാണ്, വാലാക്കോട്ട് കത്താവു് മാട്ടം ചെയ്തിച്ചു. ആയാൾ വൃക്ഷങ്ങളെ വീണ്ടെടുക്കയും ചെയ്തു. അയാളെ അറസ്റ്റ് ചെയ്യുന്നതിന് ആരുതന്നെ ഉണ്ടായില്ല. ഇപ്പോൾ കൺട്രാക്ടർമാർ നമ്മോടുകൂടി വരുന്നതിനു ഭയപ്പെടുന്നു. യാതൊരു വാദമോ, എക്സൈസ് കമ്മീഷണരോ അല്ലെങ്കിൽ മറ്റു് ചെകിത്താനോ അവരെ സഹായിക്കുകയുണ്ടായില്ല"

താഴെ കാണുന്ന പ്രകാരം അയാൾവീണ്ടും പ്രസംഗിച്ചു:

"എക്സൈസുകമ്മിഷണർ മല്ലിശ്ശുപുകളെപ്പറ്റി പരിശോധിക്കുന്ന പതിവു തുടങ്ങി. ഈ പ്രവർത്തി അടുത്തഫലത്തിന്റെ അന്തസ്സിനു ഹാനികരമാണു. യാതൊരു കൺട്രാക്ടരും പണം അടയ്ക്കുവാൻ പാടില്ല. നമുക്കു എതിരായി ആരുകിലും പ്രവർത്തിക്കുന്നപക്ഷം അയാളെ നശിപ്പിക്കുന്നതിനു ഞങ്ങൾ ശ്രമിക്കുന്നതാണു. ചെത്തുകാരെയും മല്ലുപാനികളെയും സമുദായങ്ങളിൽനിന്നു ബഹിഷ്കരിക്കേണ്ടതാകുന്നു. ചിങ്ങം ഒന്നാം തീയതി മുതൽ മദ്യവ്യവസായം അവസാനിപ്പിക്കേണ്ടതാകുന്നു. ചെത്തുന്നതിനായി യാതൊരു പുതിയ വൃക്ഷങ്ങൾക്കും അനുവാദംകൊടുക്കാൻ പാടില്ല. അങ്ങനെചെയ്യുന്നപക്ഷം പിക്കറിംഗ് തടയേണ്ടതാകുന്നു."

മി: കെ. ജി. ഗോപാലകൃഷ്ണൻ ബ്രിട്ടീഷ് ഗവണ്മെൻറിനു എതിരായിവരുന്ന ഭീഷണമായ മറ്റൊരു പ്രസംഗംചെയ്യുകയുണ്ടായി. ഈ പ്രസംഗം താഴെ കൊടുത്തിട്ടുള്ള വിധത്തിലാണ് അവസാനിപ്പിച്ചിട്ടുള്ളതു്:—

"ബ്രിട്ടീഷ്കാരെ ഓടിക്കുന്നതിനു തിരുവിതാംകൂർ ശക്തിയാകുന്നതിനു ഞാൻ ദൈവത്തിനോടു പ്രാർത്ഥിച്ചുകൊള്ളുന്നു.

സ്വാതന്ത്ര്യനടന്നിട്ടുള്ള മല്ലുവഴക്കവും മല്ലുനിരോധനവും സംബന്ധിച്ചുള്ള യോഗങ്ങളെപ്പറ്റിയാണ് മുകളിൽപറഞ്ഞിട്ടുള്ളതു്. ഈ യോഗങ്ങളിൽചേർന്ന പ്രവർത്തിച്ചിട്ടുള്ള ആളുകൾ അതിരുകടിഞ്ഞിട്ടുള്ള നിലയാണ് സ്വീകരിച്ചിട്ടുള്ളതെന്നു ഞാൻപറയുന്നു. മല്ലുപിള്ളനയിൽസംബന്ധിച്ചിരുന്ന ആളുകൾക്കെതിരായി അവർക്കുമിതമായും ശ്രദ്ധാന്തിയോടും പ്രവർത്തിച്ചിട്ടുണ്ട്. മല്ലുപാനികളുടെ കായ്ത്തലും മേൽപറഞ്ഞ വിധത്തിലാണ് അവർ പ്രവർത്തിച്ചിട്ടുള്ളതു്. തിരുവിതാംകൂർഗവണ്മെൻറിനും ബ്രിട്ടീഷ്ഗവണ്മെൻറിനും എതിരായിട്ടും അക്രമപരമായ നിലയിൽ അവർ പ്രവർത്തിച്ചിട്ടുണ്ട്. ചെങ്ങന്നൂരിൽ ഉണ്ടായതുപോലെ തടയപ്പെട്ടിട്ടുള്ള യാതൊരു മല്ലുവഴക്കയോഗവും ഈ സംസ്ഥാനത്തിൽ മറ്റെ യാതൊരു സ്ഥലത്തും നിരോധിക്കുവാൻ ഇടയായിട്ടില്ലെന്നാണ് ഞാൻ വിചാരിക്കുന്നതു്. ചെങ്ങന്നൂർഉള്ള മല്ലുവർജ്ജനയോഗം ഒരു മഹാപ്പിന്റെ മുൻഭാഗത്തുവെച്ചു് നടത്തുന്നതിനാണ് ഉദ്ദേശിച്ചിരുന്നതു്. അതുകൊണ്ടാണ് അതിനെ തടയപ്പെട്ടിട്ടുള്ളതു്. ചേർത്തല നടന്നയോഗങ്ങളും തിരോധിക്കുന്നതിന് യോജിച്ചവയായിരുന്നു. എന്തുകൊണ്ടെന്നാൽ പ്രസംഗങ്ങളുടെസ്വഭാവം ഇവവിധത്തിലായിരുന്നു.

മി: എ. എസ്സ്. മാമോദരനാശാൻ (മാവേലിക്കരയും കാത്തിക്കപ്പള്ളിയും): രാജദ്രോഹകരമായ പ്രസംഗങ്ങൾ ചെയ്യുന്ന ആളുകളുടെ പേരിൽ നടപടി എടുക്കുന്നതിനു ഗവണ്മെൻറിനെ സഹായിക്കേണ്ടതുണ്ടോ? ശിക്ഷാനിയമത്തിൽ യാതൊരു വ്യവസ്ഥയും ഇതില്ല?

മി: എൽ. എ. ബിഷപ്പ് (പോലീസുകമ്മീഷണർ) സർ, ഉണ്ട്. നടപടി നടത്തുന്നതിനു ശിക്ഷാനിയമത്തിൽ വ്യവസ്ഥയുള്ളതാകുന്നു.

മി: എ. എസ്സ്. ദാമോദരനാശാൻ (മുതലാളിക്കരയും കാത്തിക്കപ്പള്ളിയും): അപ്രകാരമൊരു മാർഗ്ഗം ഉണ്ടായിരിക്കുമ്പോൾ നിരോധനാജ്ഞ പുറപ്പെടുവിക്കേണ്ട ആവശ്യമെന്താണ്?

മി: എൽ. എ. ബിഷപ്പ് (പോലീസ് കമ്മീഷണർ): ഇതിനുള്ള മറുപടി ഞാനല്പംമുമ്പു പറയുകയുണ്ടായി.

മി: എ. എസ്സ് ദാമോദരനാശാൻ (മുതലാളിക്കര കാത്തിക്കപ്പള്ളിയും): എന്നാൽ ആരാണപേക്ഷിക്കേണ്ടത്, ആരിഷ്ടനിന്നും ആണെങ്കിൽ എന്തിനൊരു മറുപടിയുണ്ടാകുന്നു?

മി: എൽ. എ. ബിഷപ്പ് (പോലീസുകമ്മീഷണർ): [illegible] ഇടവമാസത്തിൽ ശ്രീമൂലനഗരത്തിൽ പ്രസംഗിച്ചിട്ടുള്ള ആളുകളിൽ ഒരാളാണ് ഗോപാലൻനായർ. അയാളെ ഈ സ്റ്റേറ്റിൽ നിന്നു പുറത്താക്കുകയുണ്ടായി. അയാൾ ചെയ്തിട്ടുള്ള ചില പ്രസംഗങ്ങൾ ഞാൻ സ്ഥാനത്തെ കെ. ജി. ഗോപാലകൃഷ്ണൻ പ്രാപിക്കുകയുണ്ടായി. അയാൾ ചെയ്തിട്ടുള്ള ചില പ്രസംഗങ്ങൾ ഞാൻ നിങ്ങളെ വായിച്ചു കേൾപ്പിച്ചിട്ടുണ്ട്. അയാൾ സ്ഥലത്തുള്ള പരസ്യസഹായത്തിനുള്ള ബങ്കിന്റെ സിക്കുട്ടറിയുകന്നു. ഈ വിധത്തിൽ അയാൾക്ക് വളരെ ജനസമ്മതം സിദ്ധിച്ചിട്ടുണ്ട്. അവസാനമായി അയാളെ ബന്ധിക്കയുണ്ടായി. എന്നാൽ അയാൾ ജാമ്യം കൊടുത്തില്ല. മജിസ്ട്രേട്ടിന്റെ മുൻപാകെ അയാൾ ഒരു സ്റ്റേറ്റ്മെൻറ് കൊടുത്തു. ബ്രിട്ടീഷ് സർക്കാരിന് എതിരായി യുദ്ധം ചെയ്യുന്നതിനുവേണ്ടിയാണ് താൻ അവിടെ ഹാജരായിട്ടുള്ളതെന്ന് അയാൾ പറയുകയുണ്ടായി. ഈ പ്രവൃത്തി മദ്യവർജ്ജന പ്രസ്ഥാനത്തിന്റെ ഒരു ഭാഗം ആകുന്നില്ല.

മദ്യവർജ്ജന പ്രസ്ഥാനത്തിൽ പ്രവർത്തിച്ചുവരുന്ന ആളുകൾ ചെയ്തിട്ടുള്ള പ്രസംഗങ്ങൾ അതിരുകടന്നവയാണ്. അവരുടെ പ്രവർത്തികളുടെ സ്ഥിതിയും അപ്രകാരം തന്നെയാകുന്നു. താലൂക്കിൽ ഇപ്രകാരം മദ്യവർജ്ജനശ്രമം ചെയ്തിട്ടുള്ളവരെ കണ്ടോൺമെൻറ് എതിർത്തിട്ടുണ്ടെന്നുള്ളതു സ്വാഭാവികമാണെല്ലോ. വൃക്ഷങ്ങളെ ചെത്തുന്നതിനു ചെത്തുകാരെ കിട്ടുന്ന കാര്യത്തിൽ വലിയ ഉപദ്രവം നേരിട്ടു. ഈ സംഗതിമുൻപുതന്നെ പ്രസ്താവിച്ചിട്ടുണ്ടല്ലോ. ചെത്തുകാരേയും മദ്യഷാപ്പുകളിൽ പോകുന്നതിനു ശരിയായി അവകാശമുള്ളവരും അവിടെ പോയിട്ടുള്ളവരും ആയ അസംഖ്യം ആളുകളെയും കണ്ടോൺമെൻറുകാരേയും മദ്യവർജ്ജനപ്രവർത്തിയിൽ ഏർപ്പെട്ടിരുന്നവർ ശകാരിച്ചിട്ടുണ്ട്. മാതാപിതാക്കന്മാരും കുട്ടികൾ ക്രമത്തോടുകൂടി പ്രവർത്തിക്കുന്ന താലൂക്കിലുള്ള ആളുകളുടേയും മനസ്സിന് ഇളക്കംതട്ടി. ഇതിനും പുറമെ നിലവിലുള്ള സംഖ്യത്തിനേറെയും ഞാൻ ഇതിനു മുൻപ് പറഞ്ഞിട്ടുള്ള മറ്റു വിപ്ലവസംഖ്യകളുടേയും രാഷ്ട്രീയസംബന്ധമായ അതിരുകവിഞ്ഞ മറ്റു സംഖ്യങ്ങളുടേയും പ്രവർത്തികൾമൂലം അവയ്ക്ക് വിഷമമനുഭവിച്ചു. റോമൻകത്തോലിക്കാപള്ളിയിലെ അംഗങ്ങളായ റോമോസൂറിയാനികൾ ഇപ്രകാരമുള്ള മദ്യവർജ്ജന പ്രസ്ഥാനത്തിൽ ഏർപ്പെട്ടിരുന്ന ആളുകളുടെ വിരോധികളായിരുന്നു എന്നാണ് ഞാൻ അറിയുന്നത്, എന്തുകൊണ്ടെന്നാൽ കത്തോലിക്കാപള്ളിക്കാർമദ്യനിരോധനത്തിനു വിപരീതികളാണ്. അവർകേവലം മദ്യവർജ്ജനത്തെ അല്ല അനുകൂലിക്കുന്നതു. ചെത്തലുള്ള മദ്യവർജ്ജനം വളരെ അതിരുകടന്നപ്രവർത്തിച്ചിട്ടുണ്ടെന്നാണ് അവർ വിചാരിക്കുന്നതു.

അവസാനമായി മറെറാരു സംഗതികൂടിപറയുവാനുണ്ട്. തിരഞ്ഞെടുപ്പുകാര്യം സൂചിപ്പിച്ചിരുന്നു. ഇവ താലൂക്കിലെ സ്ഥിതികളോടുകൂടി ഞാൻ ഇപ്പോൾ ഉള്ളപ്പെടുത്തി. ഇപ്പോഴുള്ള പ്രക്ഷോഭണത്തിൽ ഏർപ്പെടുവാനും മുകളിൽ പറഞ്ഞിട്ടുള്ളയോഗങ്ങൾ നടക്കുന്നതിന് മുൻപുനടത്തപ്പെട്ടിട്ടുള്ള പ്രക്ഷോഭണങ്ങളും വലിക്കുന്നതിനുള്ള മുഖ്യകാരണം തിരഞ്ഞെടുപ്പിനുള്ള കാലം സമീപിച്ചിരിക്കുന്നു എന്നുള്ള ബോധമാകുന്നു. ഇതു സൂക്ഷ്മമായ ഒരു സംഗതിയാണെന്ന് ഞാൻ പറഞ്ഞുകൊള്ളുന്നു.

മി: എ. എസ്സ്. ദാമോദരനാശാൻ (മുതലാളിക്കരയും കാത്തിക്കപ്പള്ളിയും) പത്തൊൻപതാംനൂറ്റാണ്ടിലെ പോലീസുകാർ സോഷ്യോധികാരത്തോടുകൂടി പ്രവർത്തിച്ചിട്ടുണ്ടെന്നൊന്നുമല്ലെങ്കിൽ അനാസ്ഥകാണിച്ചിട്ടുണ്ടെന്നൊ പോലീസ് കമ്മീഷണർ സൂചിപ്പിക്കുകയുണ്ടായി. ഇതിനുള്ളകാരണം തിരഞ്ഞെടുപ്പു സംബന്ധിച്ചുള്ള പ്രവർത്തികളാണെന്ന് പ്രസ്താപിക്കയും ചെയ്തു. ഈ പ്രസ്താപനത്തിനു അടിസ്ഥാനമായ കാരണം എന്താണെന്നുള്ളതു പോലീസ് കമ്മീഷണർ ദയവു ചെയ്തു പറയുമോ?

മി: എൽ. എ. ബിഷപ്പ് (പോലീസ് കമ്മീഷണർ): തിരഞ്ഞെടുപ്പിനെപ്പറ്റിയുള്ള ജനങ്ങളുടെ മനോഭാവത്തെപ്പറ്റിയാണ് ഞാൻ ഇവിടെ പറയുന്നതു.

സർ, അതിനും പുറമെ സ്ത്രീകളിലുള്ള അദ്ധ്യാപകന്മാരെ സംബന്ധിച്ചും ഞാൻ പറയുകയുണ്ടായി. അവർ ഇപ്രകാരമുള്ള പല യോഗങ്ങളിലും സംബന്ധിക്കയും ഈ യോഗങ്ങളിൽ പ്രധാന പങ്ക് എടുക്കുകയുംചെയ്തിട്ടുണ്ട്.

ഈ താലൂക്കിലുള്ള ചെറിയ കുട്ടികൾ അതായതു എല്ലാ പ്രായത്തിലുമുള്ള കുട്ടികൾ ഏതൊരു സ്കൂൾ ഉദ്യോഗസ്ഥന്മാരെയും പോലീസ് ഉദ്യോഗസ്ഥന്മാരേയും ആക്ഷേപിക്കുവാൻ തിരിവയ്ക്കുന്നു. മി. കെ. ജി. ഗോപാലകൃഷ്ണനേയും, മി. എ. ഗോപാലൻനായരേയും, വിസ്തരിക്കുന്നതിനു ഹാജരാക്കിയ അവസരത്തിൽ മജിസ്ട്രേട്ട കോടതിയുടെ മുൻപാകെയും ഹാജരുണ്ടായിരുന്ന എല്ലാ സ്കൂൾ ഉദ്യോഗസ്ഥന്മാരേയും പോലീസ് ഉദ്യോഗസ്ഥന്മാരേയും സ്ഥലത്തുള്ള നാട്ടുഭാഷാ വിഭാഗത്തിലെ വിദ്യാർത്ഥികളും ആക്ഷേപിക്കുകയുണ്ടായി. അവർ പോലീസ് സ്റ്റേഷനു ചുറ്റുമുള്ള വേലി പൊളിച്ചു കളഞ്ഞു. പിന്നീടവരെന്നെ വ്യക്തിപരമായി സംബന്ധിക്കുന്ന ഒരു കാര്യം കൂടി നടന്നു. അതിനെപ്പറ്റി എനിക്കു വലിയ അസാന്ത്വം ഇല്ല. ഞാൻ എന്റെ വണ്ടിയിൽ ഇരുപതുരേക്കു പോയി. അവിടെ ചോയ അവസരത്തിൽ ചെറിയ കുട്ടികൾ എന്റെ വണ്ടിയെ മറിക്കാക്കി മണ്ണു വാരി എറിഞ്ഞു. മാന്യവശാൽ എനിക്കു ഉപദ്രവമൊന്നും സംഭവിച്ചില്ല. എന്നാൽ എന്റെ ഡ്രൈവർക്കു ഉപദ്രവം നേരിട്ടു. ഇതു എന്നെ മാത്രം സംബന്ധിക്കുന്ന ഒരു പ്രത്യേക സംഗതിയാകുന്നു. ചേർത്തലത്താലൂക്കിൽ ഉണ്ടായിരുന്ന ജനങ്ങളുടെ മനസ്സിന്റെ സ്ഥിതിയെപ്പറ്റി സൂചിപ്പിക്കുന്നതിനായിട്ടാണ് ഞാൻ ഇതു പ്രസ്താപിച്ചിട്ടുള്ളതു. ചെറിയ കുട്ടികൾ ഇപ്രകാരം പ്രവർത്തിക്കുന്നതായി തിരുവിതാംകൂറിൽ മറ്റു യാതൊരു സ്ഥലത്തും കാണുന്നതിനു നിങ്ങൾക്കു സാധിക്കയില്ല.

മി: ഏ. താണുപിള്ള (തിരുവനന്തപുരം): ഈ കാര്യത്തിൽ ചേർത്തലയുള്ള സ്കൂൾവിദ്യാർത്ഥികളുടെ പ്രവർത്തിയേയും അവർ ചെയ്തിട്ടുള്ള അധിക്ഷേപത്തേയും സംബന്ധിച്ച് എപ്പോഴെങ്കിലും വിദ്യാഭ്യാസവകുപ്പിനെ അഭിപ്രായം അറിയിച്ചിട്ടുണ്ടോ എന്നു പറയുന്നതിന് പോലീസ് കമീഷണർക്ക് ഭയമുണ്ടാകുമോ?

മി: എൽ. എ. ബിഷപ്പ് (പോലീസ് കമിഷണർ): ഈ വിഷയത്തെ സംബന്ധിച്ച് വിദ്യാഭ്യാസ ഡയറക്ടറെ ഞാൻ അറിയിച്ചിട്ടുണ്ട്.

ചേർത്തലയും അതിന്റെ പേരിലായിട്ടുമായി രണ്ടു യോഗങ്ങൾ പിന്നിട്ട നടന്നു. ഇതിനെപ്പറ്റി മിസ്സ് പാച്ചുപിള്ള പ്രസ്താവിച്ചിട്ടുണ്ട്, ഈ നടന്നിട്ടുള്ള ദിവസത്തെപ്പറ്റിയാണ് പറയുവാനുള്ളത്. മി: കെ. ജി. ഗോപാലകൃഷ്ണനേയും വി. എ. ഗോപാലൻ നായരേയും ഡിസ്മിസ്സ് മജിസ്ട്രേട്ടിന്റെ നിയമാനുസൃതമായ ഉത്തരവിനെ ലംഘിക്കയുണ്ടായി. അവർ അപ്രകാരം ചെയ്യുന്നതിനുള്ള കാരണം എന്താണെന്നുള്ളതു്, മി: പാച്ചുപിള്ളയുടെ പക്കൽ നിന്നും അറിയുന്നതിന ഞാൻ ആഗ്രഹിക്കുന്നു. തങ്ങൾ രാജകീയുള്ളവരാണെന്നും നിയമാനുസൃതം അംഗീകരിക്കുന്നവരാണെന്നും അവർ പറയുന്നു. അങ്ങനെയാണെങ്കിൽ ഡിസ്മിസ്സ് മജിസ്ട്രേട്ടിന്റെ നിയമപ്രകാരമുള്ള ഉത്തരവുകളെ അവർ ലംഘിച്ചിട്ടുള്ളതു് എന്തിനായിട്ടാകുന്നു അവർ നിയമാനുസൃതമായ ലംഘിച്ചതിൽ അവരെ അനുമോദിക്കുന്നതിനു് സ്ഥലത്തുള്ള വക്കീലന്മാരും മറ്റുവർഗ്ഗക്കാരുമായ ചില ആളുകളും എന്തിനായിട്ടാണ് ഒരു യോഗം വിളിച്ചുകൂട്ടിയതു്. ഡിസ്മിസ്സ് മജിസ്ട്രേട്ടിന്റെ നിയമാനുസൃതമായ ഉത്തരവിനെ ലംഘിക്കുന്ന ജനങ്ങളെ അനുമോദിക്കുന്നതിനുള്ള ഒരു യോഗത്തിൽ ഒരു വക്കീൽ അദ്ധ്യക്ഷസ്ഥാനം സ്വീകരിക്കയുണ്ടായി. ഇപ്രകാരമുള്ള ഒരു യോഗത്തിൽ അദ്ധ്യക്ഷസ്ഥാനം സ്വീകരിക്കുന്നതിനു സമ്മതമുള്ള ഒരു വക്കീലിന്റെ മനഃസ്ഥിതി എന്തായിരിക്കും?

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): ഫൻ-ാനേ- പ്രസ്തുതയോഗങ്ങൾ കൂടിയതായി പ്രസ്താവിച്ചിട്ടുണ്ടല്ലോ. ഈ യോഗങ്ങൾ കൂടിയിട്ടുള്ളതിന്റെ ഉദ്ദേശം തിയമത്തെ ലംഘിച്ച എന്നുള്ള കാരണത്തിന്മേൽ കെ. ജി. ഗോപാലകൃഷ്ണനേയും, വി. എ. ഗോപാലൻ നായരേയും അനുമോദിക്കുന്നതിനാണോ എന്ന് പണ്ഡിതനായ പോലീസ് കമീഷണർ ദയവുചെയ്തു പറയുമോ?

മി: എൽ. എ. ബിഷപ്പ്. (പോലീസ് കമീഷണർ) അവർ കുറ്റക്കാരാണെന്നു നിശ്ചയിക്കപ്പെട്ടതിനു ശേഷം രണ്ടു ദിവസങ്ങൾ കഴിഞ്ഞിട്ടാണ് അവരെ അനുമോദിക്കുന്നതിനായി ഈ യോഗങ്ങൾ കൂടിയിട്ടുള്ളതു്. നിയമത്തെ ലംഘിച്ചതിന് അവരെ അനുമോദിക്കുന്നതിനായിട്ടാണ യോഗങ്ങൾ കൂടിയിട്ടുള്ളതെന്ന് അനുമാനിക്കേണ്ടിയിരിക്കുന്നു.

മി ആർ. കേശവപിള്ള. (കൊട്ടാരക്കരയും കുന്നത്തൂരും) മദ്യവർജ്ജനത്തെ സംബന്ധിച്ച് അവർ ചെയ്തിട്ടുള്ള പ്രവൃത്തികളെപ്പറ്റി അനുമോദിക്കുന്നതിനു മാത്രമല്ല ഫൻ-ാം തീയതി യോഗം നടത്തിയിട്ടുള്ളതു,

മി: എൽ. എ. ബിഷപ്പ് (പോലീസ് കമ്മീഷണർ): അല്ലാ, അവരുടെ മറ്റു പ്രവർത്തികളെ സംബന്ധിച്ചു അനുമോദിക്കുന്നതിനായിട്ടാണ് യോഗം കൂടിയിട്ടുള്ളതു്.

നിയമത്തെ ലംഘിച്ചിട്ടുള്ള ആളുകളെ അഭിനന്ദിക്കുന്നതിനു കൂടിയിട്ടുള്ള ഒരു യോഗത്തിൽ അദ്ധ്യക്ഷസ്ഥാനം വഹിക്കുന്നതിനു തയ്യാറായിരിക്കുന്ന ഒരു വക്കീലിന്റെ മനസ്ഥിതി എന്തായിരിക്കും.

സർ, മദ്യവർജ്ജനപ്രസ്ഥാനത്തിൽ ഏർപ്പെട്ടിരുന്ന ആളുകളുടെ അത്യധികമായ പ്രതികൂല കക്ഷികൾ ചേർത്തല താലൂക്കിൽ ഉണ്ടായിരുന്നു. അതിനുള്ളകാരണം അവിടെ ഉള്ള അതിനു കടന്ന രാഷ്ട്രീയസംഘങ്ങളുടെ ക്രമത്തെ അതിലംഘിച്ചുള്ള മദ്യോത്പാദകന്മാർ ആയിരുന്നു. മദ്യവർജ്ജനപ്രസ്ഥാനങ്ങളിൽ വിദ്യാലയങ്ങളിലെ അദ്ധ്യാപകന്മാർ ഏർപ്പെട്ടിരുന്നു. ഈ അദ്ധ്യാപകന്മാർ കുട്ടികളെ ഉൽബോധനം ചെയ്യുന്നു. ഈ രണ്ടുകൂട്ടം കൂടുതൽ സ്ഥിരതയും മനസ്സിനു ഉത്സുകതയും ഉള്ള ജനങ്ങളുടെ ഇടയിൽ അസഹായത്വം ഉണ്ടായിതീർന്നു. ഈ അസമത്വം മേൽപ്പറഞ്ഞ പ്രസ്ഥാനത്തിനു ഉപദ്രവമായിതീർന്നു. മദ്യനിരോധന പ്രസ്ഥാനത്തിന്റെ വിജയംമൂലം കൺട്രാക്ടർമാർക്ക് വിഷമത നേരിട്ടു. ഈ പ്രസ്ഥാനത്തിനു എതിരായി പ്രവർത്തിക്കുന്നതിനു ഇതും ഒരു കാരണമായി ചേർത്തു. മദ്യവർജ്ജനത്തിൽ ഏർപ്പെട്ടിരുന്ന ആളുകളെ ജാതിഭേദം സാമാന്യമായി എതിർത്തുതുടങ്ങി. ഈ കാരണത്താലാണ് ഡിസ്മിസ്സ് പോലീസു സൂപ്രണ്ടു മെക്കെഞ്ചിയെ ഇൻസ്പെക്ടരെ ചേർത്തലക്കു കൊണ്ടു വന്നിട്ടുള്ളതും പോലീസുകാരെ സംഘങ്ങളായി യോഗങ്ങളിൽ ഹാജരാകുന്നതിനു നിയമിച്ചിട്ടുള്ളതും, മെക്കെഞ്ചി യിന്നും ഇൻസ്പെക്ടരെ കൊണ്ടു വന്നിട്ടുള്ളതിനെ സംബന്ധിച്ചിടത്തോളം മി: പാച്ചുപിള്ള സൂചിപ്പിച്ചിട്ടുണ്ടല്ലൊ.

സർ, യോഗങ്ങളിൽ അദ്ധ്യക്ഷസ്ഥാനം വഹിക്കുന്നതു് ആരാണെന്നുള്ളതു് പോലീസിൽ പ്രസ്താവിച്ചിട്ടുണ്ടായിരുന്നില്ല. ഒരു രഹസ്യയോഗം നടത്തുന്നതാണെന്ന മാത്രമേ അതിൽപറഞ്ഞിരുന്നുള്ളൂ. ചേർത്തലയുള്ളയോ സ്ഥലത്തേക്ക് പോകുന്നവഴി ഏകദേശം ൨൦൦ പേർ അടങ്ങിയ ഒരു ജാഥ അങ്ങോടിയെ സമീപിക്കയുണ്ടായി. അവിടെ ഒരു മദ്യഷാപ്പിൽ കയറി അതുവഴി ആളുകൾ മദ്യം സേവിക്കുന്നതു് അവർ കണ്ടു. മദ്യം സേവിച്ചു കൊണ്ടിരുന്ന ആളുകളെ അവർ അധിക്ഷേപിക്കുകയുണ്ടായി. ഇതു അവരുടെ പതിവാണ്. തങ്ങളെ അധിക്ഷേപിച്ചതിൽ മദ്യം ഉപയോഗിച്ചു കൊണ്ടിരുന്നവർ വിരോധിച്ചു. അവരും മറ്റുള്ളവരെ അധിക്ഷേപിക്കയുണ്ടായി: ഇതിന്റെ ഫലമായി കള്ളുകുടിച്ചു കൊണ്ടിരുന്ന ആളുകളെ ലാഹളക്കി മണ്ണുവാരി എറിഞ്ഞു. മദ്യം സേവിച്ചു കൊണ്ടിരുന്നവർ അതിനു പകരം വീട്ടുകയും ചെയ്തു. ജാത്താ പിരിഞ്ഞുപോയി ഈ അവസരത്തിൽ അയിടെ പോലീസ്സുകാർ ഹാജരുണ്ടായിരുന്നില്ല.

മി: എ, താണുപിള്ള (തിരുവനന്തപുരം): ഇതു് പൊതിഞ്ഞിട്ടുള്ള ഒരു പ്രസ്താവനയോ അല്ലെങ്കിൽ തെറ്റായിട്ടുള്ള ഒരു പ്രസ്താവനയോ എന്നു പറയുമോ?

മി: എൽ. എ, ബിഷപ്പ് (പോലീസ്കമ്മീഷണർ): ഇതു് തെറ്റിയാണ്.

മി: ഏ. താണുപിള്ള (തിരുവനന്തപുരം): ഇതു് തെറ്റിയാണെന്നു മി: ബിഷപ്പ് പറയുന്നു. ഏതുരേഖയുടെ കയ്യുത്തരം അടിസ്ഥാനപ്പെടുത്തിയാണ് മി: ബിഷപ്പ് പറയുന്നതു്?

മി: എൽ. എ. ബിഷപ്പ് (പോലീസ്കമ്മീഷണർ): എനിക്ക് കിട്ടിയിട്ടുള്ള വിവരങ്ങളെ അടിസ്ഥാനപ്പെടുത്തിയാണ് ഞാൻ പറയുന്നതു്.

മി: ഏ. താണുപിള്ള (തിരുവനന്തപുരം): ആരാണ് ഈ വിധരങ്ങൾ നടപ്പാക്കിയിട്ടുള്ളത്. ഈ വിവരം ശരി ാണെങ്കിൽ ഇതുകാര്യത്തെ അടിസ്ഥാനപ്പെടുത്തി ാണ് പോലീസ് കമ്മീഷണർ പറയുന്നതെന്ന് ഞാൻ ചോദിച്ചുകൊള്ളുന്നു. മി: ാച്ചുപിള്ളയുടെ പ്രസ്താവന ഏതാണ്ടംകുഴപ്പങ്ങളെ മറച്ചുവെച്ചതിനു ശേഷം ചെയ്തിട്ടുള്ള ഒ ാണെന്നു പോലീസ് കമ്മിഷണർതന്നെ പറഞ്ഞിട്ടുണ്ട്. ഇതു യാഥാർത്ഥ്യമാണ്. പോലീസ് കമ്മീഷണർ ചെയ്തിട്ടുള്ള പ്രസ്താവന ഏതാണ്ടം കുഴപ്പങ്ങളെ ഗോപ്യമായി വെച്ചതിനുശേഷമുള്ള ഒന്നാണെന്നു അതു ശരിയായ വിവരമാണെന്നും ഉള്ളതിനു പോലീസ് കമ്മീഷണർക്ക് എന്താണ് പറയുവാനുള്ളത്, ഈ സംഗതി അറിയുന്നതിനു ഞാൻ ആഗ്രഹിക്കുന്നു.

മി: എൻ. എ. ബിഷപ്പ് (പോലീസ് കമ്മീഷണർ): ചോദ്യം ഞാൻ സന്ദർശിക്കുന്നതിനുമുൻപ് സ്ഥലത്തുള്ള ഉദ്യോഗസ്ഥന്മാരുടെ പക്കൽനിന്നു പ്രതിപാദ്യവിഷയത്തെപ്പറ്റി എനിക്ക് റിപ്പോർട്ടുകിട്ടിയ ുണ്ട്. ഇതിനുപുറമെ ഞാൻ അവിടെ ഉണ്ടായിരുന്ന അവസരത്തിൽ എനിക്കു കണ്ടിട്ടുള്ള ആളുകളും എനിക്കു റിപ്പോർട്ടുചെയ്തിട്ടുണ്ട് ഈ റിപ്പോർട്ടുകളെ അടിസ്ഥാനപ്പെടുത്തിയാണ് ഞാൻ ഈ പ്രസ്താവനകൾ ചെയ്തിട്ടുള്ളതു്.

മി: ഏ. താണുപിള്ള (തിരുവനന്തപുരം): പോലീസ് കമ്മീഷണർ ചോദ്യം പോയിരുന്ന അവസരത്തിൽ അദ്ദേഹത്തിനു കാണുകയും ആവശ്യമുള്ള വിവരങ്ങൾ അദ്ദേഹത്തിനു നൽകുകയും ചെയ്തിട്ടുള്ള മന്യന്മാരുടെ പേരുകൾ എന്തെന്നു അറിയുന്നതിനു ഞാൻ ആഗ്രഹിക്കുന്നു.

മി: എൻ. എ. ബിഷപ്പ് (പോലീസ് കമ്മീഷണർ): ഏതാണ്ടം മിന്നിട്ടുകൾക്കുള്ളിൽ അതിനെപ്പറ്റി ഞാൻ പ്രസ്താവിക്കുന്നതാണ്.

മേൽപ്പറഞ്ഞിട്ടുള്ള യോഗം കൂടാൻ പിരിച്ചുവിട്ട എന്നും അവരുടെകയ്യിൽ വടികൾ ഉണ്ടായിരുന്നു എന്നും അവരെ പ്രത്യക്ഷത്തിൽ ക്ഷണിച്ചുവരുത്തിയിട്ടുള്ളതാണ് പോലീസുകാർ ആക്രമണം ഇപ്രകാരമുള്ള കൃത്യങ്ങളെല്ലാം ചെയ്യുന്നതിനെ പോലീസുകാർ കണ്ടുകൊണ്ടിരുന്നു എന്നും യോഗം പിരിച്ചുവിടുന്നതിനെ തടയുന്നതിനു അവർ യാതൊന്നും ചെയ്തിട്ടില്ലെന്നും മി: പാച്ചുപിള്ള ഇപ്പോൾ പറയുകയുണ്ടായി. അദ്ദേഹം പ്രസ്താവിച്ചിട്ടുള്ളതു മിക്കവാറും ഇപ്രകാരമാണെന്നു ഞാൻ വിചാരിക്കുന്നു യഥാർത്ഥത്തിൽ സംഭവിച്ചിട്ടുള്ളതു താഴെ പറയുംപ്രകാരം ആണ്. ഇതു മറ്റുള്ളവരും സമ്മതിക്കുന്നതാകുന്നു. അദ്ധ്യക്ഷസ്ഥാനം സ്വീകരിക്കുന്നതിനു ഒരു മാന്യനെ നിശ്ചയിക്കയുണ്ടായി. ഇതിനിടയിൽ കൂട്ടംകൂടിയിരുന്ന ജനങ്ങളുടെ ഇടയിൽനിന്നു മറ്റൊരു മാന്യൻ അദ്ധ്യക്ഷസ്ഥാനം സ്വീകരിക്കുകയും ഒരു പ്രസംഗം ചെയ്യുകയും ചെയ്തു. യോഗത്തിൽ മണ്ടുകക്ഷികൾ ഹാജരുണ്ടായിരുന്നു. ഇതു പ്രത്യക്ഷമായ ഒരു കാര്യമാണ്. ഈ സംഗതി മറ്റുള്ള ആളുകളും സമ്മതിക്കുന്നതാകുന്നു. സമാധാനഭംഗം നേരിടുന്നതിനു ഇടയിലിടപെടാതിരിക്കുന്നപക്ഷം രണ്ടോ, മൂന്നോ അദ്ധ്യക്ഷന്മാരെ നിശ്ചയിച്ചിരുന്നതുകൊണ്ടുതന്നെയും യോഗത്തിൽ ഇടപെടേണ്ട ചുമതല പോലീസുകാർക്ക് ഇല്ല. വാസ്തവത്തിൽ സമാധാനഭംഗം നേരിട്ടിട്ടുമില്ല, മേൽപറഞ്ഞ യോഗം സാധാരണ നടക്കാറുള്ള ഒരു പൊതുയോഗമായിരുന്നു. യാതൊരു അസഹ്യ സംഭവവും യോഗത്തെ സംബന്ധിച്ചു ഉണ്ടായിട്ടില്ല. അദ്ധ്യക്ഷസ്ഥാനം ഏതാനാളുകൾ സ്വീകരിക്കാവുന്നതാണ്. എന്നാൽ സമാധാനഭംഗം നേരിടുകയോ അല്ലെങ്കിൽ സമാധാനഭംഗം നേരിടുന്നതിനു ഇടയാകുകയോ ചെയ്യുന്നപക്ഷം യോഗത്തെ പിരിച്ചുവിടേണ്ടതു പോലീസുകാരുടെ കർത്തവ്യമാകുന്നു. ഇവിടെ എന്താണ് സംഭവിച്ചിട്ടുള്ളത്? യോഗത്തെ വിളിച്ചുകൂട്ടിയതു കെ. സി. കുട്ടൻ എന്നാരാളിന്റെ ജോലിയായിരുന്നു. അയാൾ ഏതാണ്ടു നൂറ് അടി അകലെ ഉള്ള വീട്ടിലേക്കു പോകുകയാണു ചെയ്തു. തന്റെ വീട്ടിൽപോകുന്നതിനു മൈതാനവും ഒരു റോഡും കടന്നും തന്റെ ബന്ധുവിന്റെവകയായ ഒരു പുരയിടത്തിലും അവിടെനിന്നും ഒരു വേലിയും കടന്നും അയാൾക്കു പോകേണ്ടിവന്നു. അയാൾ അവിടെ എത്തുകയും അയാളുടെ അനുചരന്മാരിൽ ഏതാണ്ടംപേർ അയാളോടുകൂടി പോകുകയുംചെയ്തു. താൻ ഉദ്ദേശിച്ചിട്ടുള്ള പ്രവർത്തിചെയ്യാൻ പാടില്ലെന്നുള്ള നിയമസംബന്ധിച്ചു വഴിമധ്യത്തിൽവെച്ചു അയാൾക്കു മുന്നറിവു കൊടുക്കുകയും ഒരു യോഗം നടത്താതിരിക്കുന്നതാണ് നല്ലതെന്നു അയാളെ ധരിപ്പിക്കയുംചെയ്തു ഇൻസ്പെക്ടർ അവിടെനിന്നും മടങ്ങിപ്പോകയും യോഗത്തിന്റെ അദ്ധ്യക്ഷനായ മി. ഗോപാലകൃഷ്ണപ്പിള്ള ഉണ്ടായിരുന്ന സ്ഥലത്തേക്ക് ഇൻസ്പെക്ടർ മടങ്ങിപ്പോകുകയുംചെയ്തു. മി. കെ. സി. കുട്ടനു അയാളുടെപുരയിടത്തിൽകയറിയ അവസരത്തിലോ അല്ലെങ്കിൽ അയാളുടെ പുരയിടത്തിൽ പ്രവേശിക്കാറായ അവസരത്തിലോ അയാളുടെ ഒരു കക്ഷികളിൽ ചിലർ അയാളെ സമീപിച്ചു. അയാൾ ഉടൻതന്നെ തിരിഞ്ഞുനിൽക്കുകയും വടികൾ എന്ന അവരെ വിളിക്കുകയും ചെയ്തു. ഈ പക്ഷത്തിനു പ്രോത്സാഹകമായ ഏതെങ്കിലും ഉത്തരവു തന്നതായി ഞാൻവിചാരിക്കുന്നില്ല. എന്നാൽ അതു ആക്ഷേപകരമായ ഒരു പരിപ്രയോഗമാണെന്നാണ് ഞാൻ ഇതെസ്തിവാക്കിട്ടുള്ളത്.

മി: ഏ. താണുപിള്ള (തിരുവനന്തപുരം): ഈ പക്ഷത്തിനർത്ഥം എന്താണെന്നു പറയുമോ?

മി: എൻ. എ. ബിഷപ്പ് (പോലീസ് കമ്മീഷണർ): ഈ പക്ഷത്തിനു വളരെ ചീത്തയായ ഒരു അർത്ഥമാണുള്ളതു്. എന്റെ വലുതുമാത്രമേയുള്ളൂ സ്ഥാനം സ്വീകരിച്ചിട്ടുള്ള എന്റെ സ്നേഹിതനിൽനിന്നു ഈ അർത്ഥം ഞാൻ മനസ്സിലാക്കുന്നു. അതിനാൽ അതിനെപ്പറ്റി വിവരമായി പറയാതിരിക്കുന്നതാണ് ഉത്തമമായിട്ടുള്ളതു്. ഈ പദം സാധാരണമായി ക്രിസ്ത്യാനികളെ ഉദ്ദേശിച്ചുണ്ട് ഉപയോഗിച്ചുവരുന്നതു്.

ഈ പ്രയോഗം അവരെ ക്ഷോഭിപ്പിക്കയുണ്ടായി; ഇതു സാധാരണക്കാരെല്ലാം, അവരിൽ ഒന്നു രണ്ടുപേർ അവരുടെ കൈകൊടുകൊണ്ടു അയാളെ പ്രഹരിച്ചു് ഉടൻതന്നെ അയാൾ അയാളുടെ വീട്ടിനകത്തും ഓടിത്തുടങ്ങി. എന്തുകൊണ്ടെന്നാൽ അയാളുടെ ബന്ധുക്കൾ അയാളുടെ വീട്ടിന്റെ ജനലുകളും വാതിലുകളും പൂട്ടിയിട്ടിരുന്നു. ഇതു അയാൾതന്നെ സമ്മതിച്ചിട്ടുണ്ട്, തന്റെ വീട്ടിനകത്തും കണ്ടുമുട്ടുന്നതോടെ അയാൾ ഓടി അവസാനമായി അയാൾ ഒരു കക്ഷത്തിലകപ്പെട്ടു.

മി: എ. താണുപിള്ള (തിരുവനന്തപുരം): വടകക്കാർ എൻവിളിക്കപ്പെട്ട ഈ ആളുകൾ കൂട്ടത്തെന്നു തന്നെ നിശ്ചയിച്ചതായി പറഞ്ഞിട്ടുണ്ടല്ലോ. അവർ അങ്ങനെ അനുമതിച്ച അവസരത്തിനു അവരെ തടയുന്നതിനു പോലീസുകാർ എന്തെങ്കിലും ശ്രമം ചെയ്തിട്ടുണ്ടോ എന്നുള്ളതിനെ സംബന്ധിച്ചു് ഏതെങ്കിലും വിവരങ്ങൾ പറയുന്നതിനു പോലീസുകമ്മീഷണർക്കു സായിക്കുമോ എന്നുപറയുമോ?

മി: എൽ. എ. ബിഷപ്പ് (പോലീസുകമ്മീഷണർ): ഈ സംഗതികൾ നടന്ന അവസരത്തിൽ പോലീസുകാർ സമീപത്തിൽ ഉണ്ടായിരുന്നതായില്ല.

മി: എ. താണുപിള്ള (തിരുവനന്തപുരം): ടസ്സുകച്ചവടമായവിധത്തിൽ ഉദ്യോഗസ്ഥന്മാർ ആരെങ്കിലും അവർ സ്ഥിതിചെയ്തിരുന്നുണ്ടോ?

മി. എൽ. എ. ബിഷപ്പ് (പോലീസുകമ്മീഷണർ): മെമ്പർ അപ്രകാരം വ്യാഖ്യാനിക്കണമെന്നു വിചാരിക്കുന്നപക്ഷം അദ്ദേഹത്തിനു അപ്രകാരം ചെയ്യാവുന്നതാണ്.

മി: എ. താണുപിള്ള (തിരുവനന്തപുരം): ചേർത്തലയുള്ള ഉദ്യോഗസ്ഥന്മാർ പ്രതിപാദ്യവിഷയത്തെ പറ്റി റിപ്പോർട്ടുകൾ അയച്ചിട്ടുള്ളതായി പറഞ്ഞിട്ടുണ്ടല്ലോ. മേൽ പറഞ്ഞിട്ടുള്ള വർത്തമാനം ഈ റിപ്പോർട്ടുകളെ അടിസ്ഥാനപ്പെടുത്തിയുള്ളവയാണോ എന്നുപറയുമോ?

മി: എൽ. എ. ബിഷപ്പ് (പോലീസുകമ്മിഷണർ). ചേർത്തലയുള്ള ഏജൻറ് കീഴ്ജീവനക്കാരും ചേർത്തലയുള്ള മാന്യന്മാരായ ആളുകളും വിവരങ്ങൾ ധരിപ്പിച്ചിട്ടുണ്ട്. ഇതിനുംപുറമെ പട്ടം അനേഷണറിപ്പോർട്ട് എന്നുപറഞ്ഞിട്ടുള്ള റിപ്പോർട്ടും ഞാൻ വായിച്ചിട്ടുണ്ട്. ഇവയെ അടിസ്ഥാനപ്പെടുത്തിയാണ് മുകളിൽപറഞ്ഞിട്ടുള്ള പ്രസ്താവന ഞാൻ ചെയ്തിട്ടുള്ളത്.

മി: വി. ജെ. ഉമ്മൻ (കച്ചവടവും വ്യവസായവും വകുപ്പ്): ആലോസനായ ഒരാൾ പുറത്തുനിന്നു ഈ ഹാളിലേക്കു വരികയും ബലപ്രയോഗിച്ച് നമ്മുടെ അദ്ധ്യക്ഷന്റെ സ്ഥാനം സ്വീകരിക്കുകയുംചെയ്യുന്നു എന്നു വിചാരിക്കുക. അങ്ങനെ ചെയ്യുന്നപക്ഷം ഈ കാര്യത്തിൽ പോലീസുകാർ എന്താണ് ചെയ്യേണ്ടത്?

മി: എൽ. എ. ബിഷപ്പ് (പോലീസുകമ്മിഷണർ): ആലോസനായ ഈ ആളിന്റെ ഉദ്ദേശത്തിനനുരൂപമായിരിക്കും മറ്റേതെന്നതാണ്.

മി: വി. ജെ. ഉമ്മൻ (കച്ചവടവും വ്യവസായവും വകുപ്പ്): ചേർത്തല ഇപ്രകാരം പ്രവർത്തിക്കാതിരുന്നതു എന്തുകൊണ്ടായിരുന്നു.

മി: എൽ. എ. ബിഷപ്പ് (പോലീസു കമ്മീഷണർ). ചേർത്തല നടന്ന യോഗത്തിനെ അപേക്ഷിച്ചു ഈ യോഗം പ്രധാനമായി വ്യത്യാസപ്പെട്ടതാകുന്നു. മുമ്പു പറഞ്ഞിട്ടുള്ള യോഗത്തിൽ ഏതൊരാളിനും ഹാജരുകാവുന്നതാകുന്നു. ഇവിടത്തെ യോഗത്തിൽ അദ്ധ്യക്ഷനെ നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ ചേർത്തല നടന്ന യോഗത്തിനെ സംബന്ധിച്ചുള്ള അറിയിപ്പിൽ അദ്ധ്യക്ഷൻ ഇന്നാരാണെന്ന് പറഞ്ഞിരുന്നില്ല:

മി: എ. താണുപിള്ള (തിരുവനന്തപുരം): മേൽപറഞ്ഞ യോഗത്തിൽ യോഗ്യരായുള്ള മന്യേന്മാർ ഹാജരില്ലാതിരുന്നു എന്നാണോ പോലീസുകമ്മീഷണർ വിചാരിക്കുന്നത്?

മി: എൽ. എ. ബിഷപ്പ് (പോലീസുകമ്മിഷണർ): എന്റെ പ്രസംഗം അവസാനിപ്പിക്കുന്നതുവരെ എന്നെ തടസ്സപ്പെടുത്താതിരുന്നാൽ കൊള്ളാമെന്നു ഞാൻ ആഗ്രഹിക്കുന്നു. ഇപ്പോൾതന്നെ എന്റെ ക്ഷമ അടഞ്ഞിരിക്കുന്നു. ഏതാനും സമയത്തേക്കുകൂടി ക്ഷമിക്കുവാൻ പ്രസംഗിക്കേണ്ടിയിരിക്കുന്നു. എന്നെ വിഷമിപ്പെടുത്താതിരിക്കുന്നപക്ഷം പ്രസംഗത്തെ ഞാൻ വേഗത്തിൽ അവസാനിപ്പിക്കുന്നതാണ്.

അദ്ധ്യക്ഷൻ: നിങ്ങൾ പ്രസംഗം വേഗത്തിൽ അവസാനിപ്പിക്കുന്നതിനു ശ്രമിക്കുകൊള്ളുക. മണിഅടിക്കാരായിരിക്കുന്നു.

മി: മുറവേലിൽ പാച്ചുപിള്ള (ചേർത്തല): ഇതിനുമുമ്പുള്ള സംഗതികളെല്ലാം അടിസ്ഥാനമാക്കിയാണോ ഡൽഹൗസിയിലെ മീറ്റിങ്ങിൽ കൂടെ റൌഡികളെ കടത്തിവിട്ട് അക്രമം പ്രവർത്തിപ്പിക്കണമെന്നു നിശ്ചയിച്ചതെന്നാണോ മെമ്പർ പറയുന്നത്.

മി: എൽ. എ. ബിഷപ്പ് (പോലീസുകമ്മീഷണർ): ആലോസനാകരപ്പറ്റി ചൂടുതൽ ശക്തിയോടുകൂടി പ്രസ്താവിച്ചിട്ടുണ്ട്. അവർ യോഗങ്ങളിൽ ഹാജരുണ്ടായിരുന്നുഎന്നു പറയുകയുണ്ടായി. മറ്റുസ്ഥലങ്ങളിലുള്ള യോഗങ്ങളിൽ ഉദാഹരണമായി കൊല്ലത്തുള്ള യോഗങ്ങളിൽ ഹാജരാകുന്നതിനു ഇപ്പോഴായി കൂലിവേലക്കാർ യോഗത്തിൽ സംബന്ധിച്ചിരുന്നു. മറ്റുസ്ഥലങ്ങളിൽ അവർ ഹാജരാകുന്ന അവസരത്തിൽ അവരെ "നിഷ്കളങ്കമായി ജോലിചെയ്യുന്നവർ" എന്നു വിളിച്ചുവരിയും ഈവരെ പുകഴ്ത്തിയും ചെയ്യുന്നു. മദ്യപാനത്തിൽനിന്നു മോചിപ്പിക്കപ്പെട്ടവരെന്നും അവരെപ്പറ്റി പറയാറുണ്ട്. അപ്രകാരമുള്ള യോഗങ്ങൾ ചേർത്തലവച്ചു നടത്തപ്പെട്ടു ഈ യോഗത്തിൽ പ്രസ്താവനം ചെയ്തിട്ടുള്ളതായത്തിനു അവർ വിരോധികളായിരുന്നു. ഈ കാരണത്താൽ അവരെ "ആലോസനാരെന്നു" പറയുകയുണ്ടായി. ഈരുകാരണംനിമിത്തം അവർ നിഷ്കളങ്കമായ വേലചെയ്യുന്ന കൂലിക്കാരാണെന്നു പറയപ്പെട്ടുന്നില്ല. പോലീസുകാർ കൊണ്ടുവന്നിട്ടുള്ള ആളുകളെക്കുറിച്ചു കെ. സി. കട്ടന പ്രഹരിപ്പിച്ചു എന്നു പറയുകയുണ്ടായി, മദ്യവർജ്ജനത്തിനെതിരായി ആവർത്തിക്കുന്നവരും കൺട്രാക്ടർമാരും ഈ കാര്യത്തിൽ പോലീസുകാരെ പ്രേരിപ്പിച്ചിട്ടുണ്ടെന്നും പറയുകയുണ്ടായി.

മി: എ. എസ്സ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ആരെങ്കിലുമായിട്ടുവച്ചു ആളുകളെ അടിച്ചിട്ടുണ്ടോ?

മി: എൽ. എ. ബിഷപ്പ് (പോലീസ് കമ്മീഷണർ). മദ്യം സേവിച്ചുകൊണ്ടിരിക്കുന്നവരിൽ ഏതാണ്ടു പേർ ഷാപ്പിൽനിന്നും പുറപ്പെടുവരികയും അങ്ങാടിയിൽവച്ചു തങ്ങളെ ഉപദ്രവിച്ച ആളുകളെ അവർ ഓടിച്ചുകൂടുകയും ചെയ്തു. അവിടെ യാതൊരു പോലീസുകാരും ഉണ്ടായിരുന്നില്ല. വഴിയോടുകൂടി ആലോസനാർ അവിടെ ഹാജരുണ്ടായിരുന്നുവെന്നു പറയുകയുണ്ടായി. ഏതു ആളുകളെയാണ് അടിച്ചിട്ടുള്ളത്? മേൽ പറഞ്ഞിട്ടുള്ള വടികൊണ്ടുള്ള എല്ലുയാളുകളെയാണോ അടിച്ചിട്ടുള്ളത്. മരത്തൈമരത്തൈ അടിച്ചിട്ടുള്ള, അയാളെ വടികൊണ്ടോണോ അടിച്ചിട്ടുള്ളത്? അല്ല. കൈകൊണ്ടാണ് അയാളെ അടിച്ചിട്ടുള്ളത്. ഒരു വടിപോലും പ്രയോഗിച്ചിരുന്നില്ല. ഒരാളിനെ മാത്രമേ പ്രഹരിച്ചിട്ടുള്ള. ഈ ആൾ മറ്റുള്ളവരെ അധിക്ഷേപിച്ചിട്ടുള്ളതായി തോന്നുന്നു. രക്തം ഒഴിച്ചുകൊണ്ടു അയാളെ കട്ടിലിൽകിടത്തി ആശുപത്രിയിലേക്കു കൊണ്ടുപോയിട്ടുണ്ടോ? ഇല്ല തൻറെ കൂട്ടത്തിൽനിന്നും അയാൾ പെട്ടെന്നു നടന്നുപോകുകയാണ് ചെയ്തിട്ടുള്ളത്. അവിടെ പോലീസുകാരിൽ ആരുംതന്നെ ഉണ്ടായിരുന്നില്ലെന്നും ആലോസനാർ ഉണ്ടായിരുന്നില്ലെന്നും ഞാൻ പറയു

ന്ന. സഭാനടപടികൾ നിർത്തിവയ്ക്കണമെന്ന കണ്ണിക്കുള്ള ഈ ഉപക്ഷേപം കേവലം യഥാർത്ഥത്തെ അതിശയോക്തിപ്പെടുത്തിയുള്ള പ്രസ്താവനകളെ അടിസ്ഥാനപ്പെടുത്തിയാണെ ഫാക്ടറാക്കിയിട്ടുള്ളതു. ഇതിൽ വാസ്തവസ്ഥിതികൾ ഒട്ടുംതന്നെയില്ല. അവിടെയുള്ള പോലീസുകാരെ ഇപ്പോൾമാറ്റണമെന്ന വിസ്തരിച്ചുവരികയാണ്. തിരഞ്ഞെടുപ്പിനെ സംബന്ധിച്ചുള്ള കേവലമായ പ്രവർത്തികളുടെ ഫലമാണെ ഇതു്. ഈ സ്ഥാനത്തെ പോലീസുകാരുടെസംഘത്തിനു ഇഷ്ടമായ ഒരു സംഘത്തെ ഇപ്രകാരം ഗണ്ണിക്കുന്നതിനധീനമാക്കുന്നതു് അക്ഷേപകരമാണ്.

മി: എ. എസ്. മുഹമ്മദൻ സാഹിബ് (മാപ്പേചിക്കരയും കാത്തിക്കപ്പുള്ളിയും) : ഒരു കമ്മിറ്റിയെ നിയമിക്കുന്നതിനെപ്പറ്റി എന്നു് അഭിപ്രായമാണെ പോലീസു കമ്മീഷണർക്കു പറയുവാനുള്ളതു്?

മി: എൽ. എ. ബിഷപ്പ് (പോലീസുകമ്മീഷണർ) : ഇവിടെ ഇപ്പോൾ പ്രസ്താവിച്ചിട്ടുള്ള സംഗതി ഒരു കമ്മിറ്റിമൂലം അന്വേഷണം നടത്തുന്നതിനെ യോജിച്ച ഒന്നാണെന്നു് ഞാൻ വിചാരിക്കുന്നില്ല. ഒരു കമ്മിറ്റിയെ നിയമിക്കേണ്ട ആവശ്യമെന്താണെന്നാണ് ഞാൻ ചോദിക്കുന്നതു്. യഥാർത്ഥമായിട്ടുള്ള കുറ്റങ്ങളെ അതിശയോക്തിയോടുകൂടി പറഞ്ഞിരിക്കുന്നു. ഇതിനെ അടിസ്ഥാനപ്പെടുത്തിയാണ് സഭാനടപടികൾ നിർത്തിവയ്ക്കുന്നതിനുള്ള ഉപക്ഷേപം കൊണ്ടുവന്നിട്ടുള്ളതു്. ഒരു നാടകത്തെ നിർത്തിവെയ്ക്കുന്നതിനുള്ള ഉപക്ഷേപം കൊണ്ടുവരുന്നതുപോലെ ഒരു കമ്മിറ്റിയെ നിയമിക്കണമെന്നുള്ള പക്ഷം അതു നീക്കിയോജിക്കാത്ത ഒരു പ്രവൃത്തിയായിരിക്കുന്നതാണ്. ഇതിൽ ഏതെങ്കിലും വാസ്തവമുണ്ടെന്നു വാസ്തവത്തിൽ ഞാൻ അറിഞ്ഞിരുന്നെങ്കിൽ ജുഡിഷ്യൽ ആയ ഒരന്വേഷണം നടത്തുന്നതിന് ഒരു ഡിസ്ട്രിക്ട് മജിസ്ട്രേട്ടിന്റെ സ്ഥാനമുള്ള ഒരുദ്യോഗസ്ഥനെ നിയമിക്കുന്നതിന് ഞാൻ സർക്കാരിനോടു പക്ഷിക്കുമായിരുന്നു. എന്നാൽ ഇവിടെ ആരോപിച്ചിട്ടുള്ള കാര്യങ്ങളിൽ ഏതെങ്കിലും വാസ്തവമുണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്) : ചേർത്തല നടന്നകാര്യങ്ങളെപ്പറ്റി നേരിട്ടു അന്വേഷണം നടത്തുന്നതിന് ഏതെങ്കിലും അവസരം ഉണ്ടായിട്ടുണ്ടോ എന്നും അതുകൊണ്ടു മാന്യന്മാരായ അളുകളുടെ മൊഴികളും അദ്ദേഹം നേരിട്ടുരേഖപ്പെടുത്തിച്ചിട്ടുണ്ടോ എന്നും അറിയുന്നതിനു ഞാനും ആഗ്രഹിക്കുന്നു.

മി: എൽ. എ. ബിഷപ്പ് (പോലീസ് കമ്മീഷണർ) : ഈ വിഷയത്തെപ്പറ്റി ഞാൻ പറയാൻ പോകയാണ്. എപ്രകാരമാണ് കമ്പിയടിച്ചിട്ടുള്ളതെന്നു മി. പാച്ചുപിള്ള പറയുകയുണ്ടായി. തേൽപരീക്ഷ ദിവസം നടന്നസംഭവങ്ങളെപ്പറ്റി അദ്ദേഹം ഒരു റിപ്പോർട്ട അയച്ചിട്ടുണ്ടു. മി: പാച്ചുപിള്ളയുടെ പ്രസംഗം നിങ്ങൾ കേട്ടിരിക്കുമല്ലോ. മാന്യന്മാർ പറഞ്ഞിട്ടുള്ള വസ്തുതകളെ അടിസ്ഥാനപ്പെടുത്തിയ ഒരു റിപ്പോർട്ട അയച്ചിട്ടുള്ളതു. ഈ കാര്യം അദ്ദേഹം സമ്മതിച്ചിട്ടുണ്ടു. ഇതു നിങ്ങൾ കേട്ടിരിക്കുമല്ലോ, ഈ വസ്തുത അദ്ദേഹത്തിനെ കൊണ്ടു സമ്മതിപ്പിക്കുന്നതിനു എത്ര സമയം വേണ്ടി വന്നു എന്നുള്ളതു നിങ്ങൾ അറിഞ്ഞിരിക്കും. പൂർണ്ണമായ മനസ്സോടുകൂടിയല്ലാ അദ്ദേഹം ഈ വിധം പറഞ്ഞിട്ടുള്ളതു്. അതു നിങ്ങൾ കേട്ടിരിക്കും. മാന്യന്മാർ പറയുന്നതിനെ അടിസ്ഥാനപ്പെടുത്തിയാണു റിപ്പോർട്ട അയച്ചിട്ടുള്ളതെന്നു എന്തുകൊണ്ടാണു അദ്ദേഹം സത്യത്തോടുകൂടി സമ്മതിക്കാതിരുന്നിട്ടുള്ളതു്?

മി: എ. എസ്. മുഹമ്മദൻ സാഹിബ് (മാപ്പേചിക്കരയും കാത്തിക്കപ്പുള്ളിയും): നിങ്ങൾക്കു ലഭിച്ചിട്ടുള്ള വിവരങ്ങളും മാന്യന്മാർ പറഞ്ഞതിനെ അടിസ്ഥാനപ്പെടുത്തിയുള്ളതല്ലെ?

മി: എൽ. എ. ബിഷപ്പ് (പോലീസു കമ്മീഷണർ): ഇതു ഞാൻ സമ്മതിക്കുന്നു.

ഞാൻ ചേർത്തലപോകുന്നതിനു വളരെ മുമ്പാണു് എന്നു മി. പാച്ചുപിള്ള പറയുകയുണ്ടായി. അവിടെ പോയി അന്വേഷണം നടത്തുന്നതിനു അദ്ദേഹം എന്നോടു് ആവശ്യപ്പെട്ടു. ഈ കാര്യം അപ്പോൾതന്നെ ഡിസ്ട്രിക്ട് മജിസ്ട്രേട്ടു വളരെ ശ്രദ്ധയോടുകൂടി ഗണിക്കുന്നുണ്ടെന്നു ഞാൻ അറിഞ്ഞിരുന്നു. വളരെ പ്രധാനമായ മറ്റനേകം ജോലികളും എനിക്കു ചെയ്യുന്നതിനുണ്ടായിരുന്നു. മഹാരാജാവു തിരുമനസ്സിന്റെ എഴുള്ളത്തു പ്രമാണിച്ചുള്ള ജോലികളിൽ ഞാൻ തലസ്ഥാനനഗരത്തിൽ ഏർപ്പെട്ടിരുന്നു. ഡിപ്പാർട്ടുമെന്റുവക രേഖാറിപ്പോർട്ടും എനിക്കു തയ്യാർ ആക്കേണ്ടിയുണ്ടായിരുന്നു. ശ്രീചിത്തിരതിരുനാൾ കുഴപ്പങ്ങളും നേരിട്ടുമെന്ന പ്രതീക്ഷിക്കയും ചെയ്തിരുന്നു. കഴിയുന്നതു വേഗത്തിൽ ധാരാളം തിരിക്കേണ്ടുന്ന അവസരത്തിൽ ഞാൻ അവിടെ പോയിട്ടുണ്ടു. താലൂക്കിലെ സ്ഥിതികളെപ്പറ്റി എനിക്കു തൃപ്തിതോന്നി അവിടേപോലീസുകാരും മജിസ്ട്രേട്ടും ഉണ്ടായിരുന്നു. ഡിസ്ട്രിക്ടു മജിസ്ട്രേട്ടു ഉടൻ ഒരു ഉദ്യോഗസ്ഥനാണു്, അദ്ദേഹം അവിടെ ചാർജ്ജുണ്ടായിരുന്നു. കാര്യങ്ങളുടെ സ്ഥിതിയെനിയന്ത്രിക്കുന്നതിനും നിയമം നടത്തുന്നതിനും അദ്ദേഹത്തിനു ശരിയായ സാമർത്ഥ്യമുണ്ടു.

മി: എ. എസ്സ്. മുഹമ്മദൻ സാഹിബ് (മാപ്പേചിക്കരയും കാത്തിക്കപ്പുള്ളിയും): ഫർസ്റ്റാം തീയതി നടന്ന യോഗത്തിൽ യാതൊരു അനിഷ്ടസംഭവവും ഉണ്ടായിട്ടില്ലായിരുന്നുപക്ഷം രണ്ടാം തീയതി നിരോധനാജ്ഞ നടപ്പാക്കേണ്ട ആവശ്യമെന്താണ്?

മി: എൽ. എ. ബിഷപ്പ് (പോലീസു കമ്മീഷണർ) : ഏകദേശം പ്രസംഗം അവസാനിപ്പിക്കുന്നതിനു മുമ്പു എന്നെ അനുവദിക്കണം. അതിനുശേഷംചോദ്യങ്ങൾക്കു മറുപടി നൽകുന്നതാണു. ഫർസ്റ്റാം തീയതി മി: പാച്ചുപിള്ളയുടെ എഴുത്തു എനിക്കു കിട്ടി എന്നെ കണ്ടതിനു മി. പാച്ചുപിള്ളക്കു അതിനുശേഷം എഴുതി അയച്ചു, അദ്ദേഹം അപ്രകാരം ചെയ്തു. അവിടെ ഉണ്ടായ സംഭവങ്ങളെപ്പറ്റി അദ്ദേഹം ധരിപ്പിച്ചിട്ടുള്ള വിവരങ്ങൾ പറയുന്നതിനു ഞാൻ പിന്നീടു മി: പാച്ചുപിള്ളയോടു ആവശ്യപ്പെട്ടു, ഇതിനും പുറമെ അവിടെ ഉള്ള ഒരാളുടേകൽനിന്നും അദ്ദേഹത്തിനു ലഭിച്ചിട്ടുള്ള വിവരങ്ങളെപ്പറ്റി പറയുന്നതിനു ഞാൻ ആവശ്യപ്പെട്ടു. അദ്ദേഹം നൽകിയിട്ടുള്ള വിവരങ്ങളുടെ പിൻ താങ്ങത്തക്ക ഉണ്ടുള്ള സ്ഥലത്തുള്ള മാന്യന്മാരായ ആളുകളുടെ പേരുകൾ പറയുന്നതിനും ഞാൻ ആവശ്യപ്പെട്ടു. അദ്ദേഹം മി. കെ. കെ. ആളുകളുടെ പേരുകൾ അടങ്ങിയ ഒരു പട്ടിക എന്നെ ഏൽപ്പിച്ചു. ഇതിനിടയിൽ സ്ഥലത്തുള്ള മാന്യന്മാരായ മറ്റനേകം ആളുകളും എന്നെ സന്ദർശിച്ചു പോലീസുകാർ മുഖാന്തരം അന്വേഷിക്കുന്നതിനിടയായിട്ടുള്ള യാതൊരാളും എന്നെ സന്ദർശിച്ചില്ല. ഇതിനും പുറമെ മജിസ്ട്രേട്ടിന്റെ ഗുമസ്തനായും എന്നെ സന്ദർശിച്ചില്ല. അവർ ആരും തന്നെ വന്നില്ല. കെ. സി. കുട്ടനും ഫാക്ടറുണ്ടായിരുന്നില്ല.

മി: കെ. പി. നീലകണ്ഠപിള്ള (ചിറയിൻകീഴ്): പോലീസ് കമ്മീഷണർ അവിടെയുണ്ടായിരിക്കുമെന്നതിനെ സംബന്ധിച്ചുകെ. സി. കുട്ടനെ അറിയിച്ചിട്ടുണ്ടോ?

മി: എൽ. എ. ബിഷപ്പ് (പോലീസുകമ്മീഷണർ) ഞാൻ അവിടെ ഹാജരുണ്ടായിരുന്നു എന്നുള്ളവിവരം അയാൾ മല്ലുപോലെ അറിഞ്ഞിരിക്കും.

മി: കെ. പി നീലകണ്ഠപിള്ള (ചിറയിൻകീഴ്)മല്ലവക്കുന്നു ശ്രമത്തിൽ ഫിർപ്പെട്ടിരുന്ന അർക്കരിം അരങ്ങിച്ചിട്ടുള്ള പ്രസ്ഥാനം മൂലം തങ്ങൾക്ക് ഉപദ്രവമുണ്ടായിരിക്കുന്നു എന്ന് കാണിച്ചുകൊണ്ട് പൊതുജനങ്ങൾ ഒരു നിവേദനം സമർപ്പിച്ചിട്ടില്ലയോ?

മി: എൽ. എ. ബിഷപ്പ് (പോലീസുകമ്മീഷണർ) : മല്ലവർക്കുന്ന പ്രസ്ഥാനത്തിൽ ഫിർപ്പെട്ടിരുന്ന അർക്കരിംക്ക് എതിരായി പലരും ഹർജി അയച്ചിട്ടുണ്ട്. ഒരു മീമഹർജി എന്റെ പക്കലും കിട്ടിയിട്ടുണ്ട്.

മി: കെ. പി. നീലകണ്ഠപിള്ള(ചിറയിൻകീഴ്): കള്ളുകൺട്രാക്ടർമാർ അല്ലാത്തവർ ഒപ്പിട്ടുള്ള ഹർജിയാണോ അതു?

മി: എൽ. എ. ബിഷപ്പ് (പോലീസുകമ്മീഷണർ): അവയുടെ തെപ്പടിക നോക്കുന്നതിന് എനിക്കു സൗകര്യമുണ്ടായിരുന്നില്ല.

മി: എം. താണുപിള്ള (തിരുവനന്തപുരം): ഫസ്റ്റ്-മന്ത്രി ഉദ്യോഗസംക്രമത്തിനുശേഷം ഏതുദിവസങ്ങളാണ് കഴിഞ്ഞിട്ടാണ് പോലീസുകമ്മീഷണർ ചേർത്തലസന്ദർശിച്ചിട്ടുള്ളത്?

മി: എൽ. എ ബിഷപ്പ് (പോലീസുകമ്മീഷണർ): ഏകദേശം ഒരു മാസത്തിൽ അല്പംകൂടുതലായ കാലം കഴിഞ്ഞതിനുശേഷമാണ് ഞാൻസന്ദർശിച്ചിട്ടുള്ളത്.

പ്രതിപക്ഷവിഷയങ്ങളെപ്പറ്റി ഞാൻ പിന്നീടു പ്രസ്താവിക്കാം.

മല്ലുവർക്കുന്ന ശ്രമത്തിൽ ഫിർപ്പെട്ടിരുന്ന സകടമുള്ള യാതൊരാളും എന്റെ അടുക്കൽ വന്നിട്ടില്ല. തങ്ങളുടെ മേൽ മേലാപേക്ഷവും ഫിർപ്പിച്ചിട്ടുണ്ടെന്ന് പറഞ്ഞിട്ടുള്ളവരിൽ ചിലരൊക്കെ എന്റെ അടുക്കൽ വന്നിട്ടില്ല. ഇതു കൂടാതെ നേരിട്ട് ഏതെങ്കിലും സകടമുള്ള യാതൊരാളും സന്ദർശിച്ചിട്ടില്ല. ഈ പ്രവൃത്തി ചെയ്തിട്ടുള്ളതായി പ്രസ്താവിച്ചിട്ടുണ്ട്. ഈ പ്രവൃത്തിക്കപ്പുറമായാതെ കേസും യാതൊരു കോടതിയിലും പണിഞ്ഞിട്ടില്ല. ഇപ്രകാരമാണ് എന്റെ അറിവ്.

മി: എം. താണുപിള്ള (തിരുവനന്തപുരം): ഈ അവസരത്തിൽ ചേർത്തലയിൽ ജനങ്ങളുടെയിടയിൽ പൊതുവെ അസമാധാനം നേരിട്ട സ്ഥലസ്ഥരായ ഉദ്യോഗസ്ഥന്മാരിൽ ജനങ്ങൾക്ക വിശ്വാസമില്ലായ്മയിനിന്നു ഇതിനെ സംബന്ധിച്ച് കമ്മീഷണർ മുൻപാകെ ഏതെങ്കിലും നിവേദനം സമർപ്പിച്ചിട്ടുണ്ടോ?

മി: എൽ. എ. ബിഷപ്പ് (പോലീസ്കമ്മീഷണർ): ഇതിനെ സംബന്ധിച്ചു മി. പാച്ചുപിള്ള എഴുന്നു ധരിപ്പിച്ചിട്ടുണ്ട്.

മി: എം. താണുപിള്ള (തിരുവനന്തപുരം): കായ്ക്കുളത്തുകാരുടെ ഇപ്പോഴുമുള്ളസ്ഥിതിക്കു ആരെങ്കിലുംപോയി അവരുടെ സങ്കടങ്ങൾ ബോധിപ്പിക്കുമെന്നു വിചാരിക്കുന്നുണ്ടോ.

മി: എൽ. എ. ബിഷപ്പ് (പോലീസ്കമ്മീഷണർ): പ്രസ്തുത സ്ഥലത്തേക്ക് നിയമിക്കപ്പെട്ട ഒരു ഉദ്യോഗസ്ഥനുണ്ടെന്നാണ്.

മി: എം താണുപിള്ള (തിരുവനന്തപുരം): തന്റെ സഖ്യാരുത്തപ്പുറമുള്ള പോലീസുകമ്മീഷണർ ചോദ്യം പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടോ.

മി: എൽ. എ. ബിഷപ്പ് (പോലീസുകമ്മീഷണർ): ഞാൻഅപ്രകാരംചെയ്തിട്ടില്ല. അതിനുള്ള ആവശ്യത്തെങ്കിലും ചെയ്യേണ്ടതുമുണ്ടായിട്ടില്ലെന്നുള്ളതുകൊണ്ട്.

മി: എം. താണുപിള്ള (തിരുവനന്തപുരം) എന്തുകൊണ്ടു?

മി: എൽ. എ. ബിഷപ്പ് (പോലീസുകമ്മീഷണർ): അതിനെപ്പറ്റി തീരുമാനിക്കേണ്ടതു ഞാനാണ്. സങ്കടങ്ങൾ ഉള്ളതായി പറയപ്പെടുന്ന ഇപ്രകാരമുള്ള കേസുകളിൽ ഒരുപക്ഷം തന്നെ കോടതിയിൽ യാതൊരുപചാരവും ബോധിപ്പിച്ചിട്ടില്ലെന്നാണ് ഞാൻ പറയുന്നതു. യഥാർത്ഥത്തിൽ സംഭവിച്ചിട്ടുള്ളതു കൂടുതലായി ഉണ്ടായിട്ടുണ്ടെന്നു ഇവിടെപ്രസ്താവിച്ചിട്ടുണ്ടു ഈ വാദത്തെ പ്രത്യക്ഷമാക്കുന്നതിനു മേൽപറഞ്ഞിട്ടുള്ള മതത്തിനു സംഗതിയാകുന്നു.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): തങ്ങൾക്ക് സഹായം നിർവ്വഹണമെന്ന പേക്ഷിച്ചു കൊണ്ടു അന്വേഷണങ്ങൾ നടത്തുന്നതിന് നിയമിക്കപ്പെട്ട കമ്മീഷണർ വല്ല എഴുത്തും അയച്ചിട്ടുണ്ടോ?

മി: എൽ. എ. ബിഷപ്പ് (പോലീസുകമ്മീഷണർ) ഇതു മിക്കവാറും അതിശയോക്തമായ ഒരു കാര്യമാണ്. അന്വേഷണങ്ങൾ നടത്തുന്നതിന് ആരംഭിച്ച ദിവസമാണ് ഇനിക്കെഴുതുകിട്ടിയതു. അപേക്ഷാന്തരം സ്വീകരിക്കുന്നതിനു എനിക്ക നിവൃത്തിയില്ലെന്നു ഞാൻ മറുപടി നൽകി. അവർ ആവശ്യപ്പെട്ടിട്ടുള്ളതിന് അനുകൂലമായിപ്രവർത്തിക്കുന്നതിന്എനിക്ക് സാധിച്ചുണ്ടെങ്കിൽ തന്നെയും അങ്ങിനെചെയ്യുന്നതിന് ഇനിക്ക് സമയം ഉണ്ടായിരിക്കയില്ല.

മി. ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും) തങ്ങളോടുയോജിച്ചു പ്രവർത്തിക്കുന്നതിന് പൊതുജനങ്ങൾ ചെയ്തിട്ടുള്ള അപേക്ഷയെ അനുകൂലിച്ചു പോലീസുകമ്മീഷണർ എന്തെങ്കിലും താക്കീതിച്ചിട്ടുണ്ടോ?

മി: എൽ എ. ബിഷപ്പ (പോലീസുകമ്മീഷണർ) അങ്ങിനെ ചെയ്തിട്ടില്ലെന്ന് ഞാൻ പറഞ്ഞുകഴിഞ്ഞു. മേൽപറഞ്ഞ വിധം പ്രവർത്തിക്കുന്നതിന് ഏതെങ്കിലും മതസ്ഥന്മാരായിരുന്നാൽ തന്നെയും അങ്ങിനെ ചെയ്യുന്നതിന് ഇനിക്ക് നിവൃത്തിയില്ലാത്ത വണ്ണം എഴുതുകൊണ്ടാണ്ടാൽ വളരെ താമസിച്ചാണ് ഇന്നലെ എഴുതുകിട്ടിയതു.

മി: എ. താണുപിള്ള (തിരുവനന്തപുരം): കമ്മീഷണർ കമ്മറിയുമായി സഹകരിക്കാതിരിക്കുന്നതിനുള്ള കാരണം എന്തുകൊണ്ടാണെന്ന് കണ്ടുപിടിക്കുന്നതിനുള്ള കാലതാമസമാണോ ഇപ്പോൾ പറയുന്നത്?

മി: എൽ. എ. ബിഷപ്പ് (പോലീസ് കമ്മീഷണർ): അല്ല. അതിനുള്ള പ്രധാനകാരണം അതല്ല.

മി: എ. താണുപിള്ള (തിരുവനന്തപുരം) എന്നാൽ അതിനുള്ള മറ്റു കാരണങ്ങൾ എന്തെല്ലാമെന്ന് പറഞ്ഞാൽ കൊള്ളാം.

മി. എൽ. എ. ബിഷപ്പ് (പോലീസുകമ്മീഷണർ): അംഗീകാരം കിട്ടപ്പെട്ട ഒരു കമ്മറി അല്ല ഇത്. ഒരു സംഘം റിസർവ് പോലീസുകാരെ ചേർത്തലയാക്കിലേക്ക് അയച്ചിട്ടുള്ളതു മൂലം നേരിട്ടിട്ടുള്ള സങ്കടങ്ങൾ മിസ്സർ പിന്നീടുപറയുകയും, ചേർത്തലത്തെ ചില കാരണങ്ങളിലുള്ള തടങ്കലുകാർ മോചനമില്ലാത്ത പ്രസ്താവിക്കയും ചെയ്തു. ഡി. മജിസ്ട്രേട്ട് ഒരു നിരോധനാജ്ഞ പുറപ്പെടുവിച്ചിട്ടുണ്ടു, ഈ നിരോധനാജ്ഞയെ കെ. ജി. ഗോപാലകൃഷ്ണനും ഗോപാലൻനായരും ലംഘിക്കുകയുണ്ടായി. തിരുവിതാംകൂർ ചരിത്രത്തിൽ ഒരു ഡി. മജിസ്ട്രേട്ടിന്റെ ആജ്ഞയെ ലംഘിച്ചിട്ടുള്ളത് ഇതു അവസരത്തിൽ മാത്രമാണെന്നു ഞാൻ വിചാരിക്കുന്നു.

നിർദ്ദേശിച്ചിട്ടുള്ള സ്ഥലത്തു രണ്ടു മിന്നകുക്ഷികൾ ഉണ്ടായിരുന്നു. ഈ കാരണംനിമിത്തം പൊതുയോഗത്തെ തടഞ്ഞുകൊണ്ടുള്ള ഒരുത്തരവ് ഡി. മജിസ്ട്രേട്ട് പുറപ്പെടുവിക്കയുണ്ടായി ഈ ഉത്തരവിനെ ലംഘിക്കുന്നതിനു ഇടയാകുമെന്നു വിചാരിച്ചു അങ്ങിനെ സംഭവിക്കാതെയിരിക്കുന്നതിന് ഒരു മുൻകരുതൽ എന്ന നിലയിൽ സ്പെഷൽ കോൺസ്റ്റബിൾമാർ അടങ്ങിയ ഒരു സംഘത്തെയും ഒരു ഇൻസ്പെക്ടരേയും ചേർത്തലക്ക് നിയോഗിച്ചു അവരുടെ സംഖ്യ പ്രകൃതിയായിക്കൊണ്ടാവുന്നതാണെന്നു ചേർത്തല സന്ദർശിച്ചതിനുശേഷം ഞാൻ നിശ്ചയിച്ചു. നിരോധനാജ്ഞ നിലവിലിരിക്കുന്നകാലം അവസാനിക്കുന്നതോടുകൂടി ഒരു പക്ഷേ ഈ സംഘത്തെ തിരിച്ചു വിളിക്കുന്നതിന് ഇടയുണ്ട്. അതുവരെ ഞങ്ങൾ അവരെ അവിടെ നിയോഗിക്കേണ്ടതാകുന്നു. ഇതിനെപ്പറ്റിയുള്ള പട്ടണത്തിൽ അസമാധാനവും ഉണ്ടാകുന്നതിനു ഇടയുണ്ടു.

മി. എ. എസ്. ഓമോദരൻ ആശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): ഇപ്പോൾ ചേർത്തലയിലേക്കു നിയോഗിക്കപ്പെട്ടിട്ടുള്ളതു റിസർവ് സംഘത്തിൻറെ പേരിട്ടുള്ള മേലധികാരി ആരാണെന്ന് പറയുമോ?

മി: എൽ. എ. ബിഷപ്പ് (പോലീസുകമ്മീഷണർ): ഒരു സീനിയർ സൂപ്രണ്ടെൻറ്റുമാണ് ഇക്കാര്യത്തിൽ ഇത്രമാത്രമേ ഇപ്പോൾ എനിക്കു പറവാനുള്ളൂ.

മി: എ. താണുപിള്ള (തിരുവനന്തപുരം): തടസ്ഥപ്പെടുത്തിയതു സംബന്ധിച്ചുള്ള അപേക്ഷകൾ നിരസിക്കുന്നതാണെന്നു കമ്മീഷണർ പറഞ്ഞിട്ടുണ്ടു. ചേർത്തലവച്ചു ആലോചനനടത്തിയ ആളുകളെ സംബന്ധിച്ചുള്ള വിവരങ്ങൾ നിരസിക്കുന്നതാണെന്നും അദ്ദേഹം പ്രസ്താവിച്ചിട്ടുണ്ടു.

മി: എൽ. എ. ബിഷപ്പ് (പോലീസ് കമ്മീഷണർ): ചേർത്തലവച്ചു എന്നെ ചിലർ സന്ദർശിച്ചിട്ടുണ്ടു. അവർ മി: പാച്ചുപിള്ള, മെസ്സർസ് പ്ലൈസക്ക് ചാക്കോ, എന്നീ കൃസ്ത്യാനികളായ മാന്യന്മാർ, റോമൻ സിറിയാക്കു പള്ളിയിലെ ഒരു വൈസക്ക് സി. പി. വർഗ്ഗീസ്, പാപ്പിവക്കീൽ കേശവൻ വേലായുധപ്പണിക്കർ, എസ്രോഹം ജനപ്രതിനിധി: കൃഷ്ണൻ എം. എൽ. സി. ഗോപാലകൃഷ്ണപ്പിള്ള എന്നിവരാകുന്നു. ഇവരെക്കൂടാതെ പല കണ്ട്രാക്ടർമാരും എന്നെ സന്ദർശിച്ചിട്ടുണ്ടു.

മി: എ. താണുപിള്ള (തിരുവനന്തപുരം): അവരുടെ പക്കൽ നിന്നും അദ്ദേഹത്തിനു ലഭിച്ച വിവരങ്ങളുടെ സ്വഭാവം എന്തു?

മി: എൽ. എ. ബിഷപ്പ് (പോലീസുകമ്മീഷണർ): അതിനെ സംബന്ധിച്ചു വെളിപ്പെടുത്തുന്നതിന് എതിരു സ്വാതന്ത്ര്യിയുണ്ടെന്ന് ഞാൻ വിചാരിക്കുന്നില്ല.

മി: എ. താണുപിള്ള (തിരുവനന്തപുരം): തിരുവിതാംകൂറിനെ അഭിസ്ഥാനമാക്കിയുള്ള പ്രവൃത്തികളെപ്പറ്റി അദ്ദേഹം പിന്നീടു സൂചിപ്പിക്കയുണ്ടായി. ഈ പ്രസ്താവനക്ക് അടിസ്ഥാനമായ കാര്യമെന്താണെന്ന് പറയുമോ?

മി: എൽ. എ. ബിഷപ്പ് (പോലീസുകമ്മീഷണർ): ചേർത്തലത്തുകാരുടെ കാര്യങ്ങളുടെ ഗതിയിലും അവിടെ വച്ചു ഞാൻ കേട്ടിട്ടുള്ള സംഗതികളിലും നിന്ന് ഞാൻ ഇതു അനുമാനിച്ചിരിക്കുന്നു.

മി: എ. താണുപിള്ള (തിരുവനന്തപുരം): പോലീസുകാർ ചെയ്യുന്ന ഏതെങ്കിലും തരത്തിലുള്ള നടപടികളെ അനുകൂലിക്കുമാത്രം ചെയ്യുന്നവരല്ലെന്നും ഉള്ള സ്ഥിതികൊണ്ടായിരുന്നു ചേർത്തല ഉണ്ടായിരുന്നതെന്നതു കമ്മീഷണരുടെ പ്രസംഗത്തിൽ നിന്നും വെളിവാകുന്നുണ്ടു. ഏതായാലും അദ്ദേഹത്തിന്റെ പ്രസംഗം കേട്ടുകൊണ്ടിരുന്ന അവസരത്തിൽ എനിക്കു തോന്നിയിട്ടുള്ള അഭിപ്രായം ഇതാണു. ചില സംഘങ്ങൾ അവിടെയുള്ളതായി അദ്ദേഹം പ്രസ്താവിച്ചു. ഇപ്പോഴത്തെ വാളെടുപ്പിവാളത്തിനു വിഷയമായിരിക്കുന്ന കന്നിമാൻ-ാാനം ഉണ്ടായിട്ടുള്ള സംഭവങ്ങൾക്കു മേല്പടി സംഘങ്ങളോടു എന്തു ബന്ധമാണ് ഉള്ളതെന്നു എന്നിക്കു അറിഞ്ഞുകൂടാ. മേൽപ്പറഞ്ഞിട്ടുള്ളകാര്യങ്ങളെ സംബന്ധിച്ചു പോലീസുകാരുടെ മനോഭാവം എന്തു; നടന്നതായി പ്രസ്താവിക്കപ്പെട്ടിട്ടുള്ള സംഭവങ്ങൾ വാസ്തവത്തിൽ ഉണ്ടായിട്ടുണ്ടോ; സാരമായി എന്തെങ്കിലും സംഭവിച്ചിട്ടുണ്ടോ; ചേർത്തല ഉണ്ടായിട്ടുള്ള സംഭവങ്ങളെസംബന്ധിച്ചു പോലീസുകാർ ശരിയായവിധം പ്രവർത്തിച്ചിട്ടുണ്ടോ എന്നീസംഗതികൾ ഇവിടെ പരാമർശിക്കുന്നതിന് വിഷയമായിട്ടുള്ളവയല്ലാ.

സർ, മല്ലയുദ്ധത്തെ വർക്കാക്കിപ്രവൃത്തിയ്ക്കുന്നതിനു ചേർത്തലയിൽ ഒരു പ്രസ്ഥാനം ശക്തിയോടുകൂടിപ്രവർത്തിക്കുന്നുണ്ടു. ഇതിനെപ്പറ്റി മി: പാച്ചുപിള്ള ബലമായി വാദിച്ചിട്ടുള്ളതും ഇതു പോലീസുകമ്മീഷണർ സ്വയമേവ സമ്മതിച്ചിട്ടുള്ളവയുമാകുന്നു. ഇതു പ്രത്യക്ഷത്തിൽ കാണാവുന്ന ഒരു വസ്തുതയാണ്.

ഈ സംസ്ഥാനത്തെ മറ്റു ഭാഗങ്ങളിൽ മധുവർജ്ജനയോഗങ്ങൾ നടത്തുന്നതിനെ വിരോധിച്ചിട്ടില്ലെന്ന രഹസ്യകമ്മീഷണർ പറയുന്നു. സർ, മദ്യപാനത്തെ സംബന്ധിച്ചു അധികാരികൾ സ്വീകരിച്ചിട്ടുള്ള നയം ഇന്നതാണെന്നു വ്യക്തമാക്കിട്ടുണ്ട്. എന്നാൽ ഈ സംസ്ഥാനത്തു പ്രവർത്തിക്കുന്ന മധുവർജ്ജന പ്രസ്ഥാനങ്ങളെ സംബന്ധിച്ചു അധികാരികൾക്കുള്ള മനോഭാവം മേൽപ്പറഞ്ഞിട്ടുള്ള നയത്തോടു തീരെ യോജിച്ചിരിക്കുന്നില്ലെന്നു ഈ സഭയിൽ ബഹുമാനപ്പെട്ടവരായ ഞാൻ പ്രസ്താവിച്ചുകൊള്ളുന്നു. ഈ സംസ്ഥാനത്തിലെ മറ്റു ഭാഗങ്ങളിൽ മധുവർജ്ജന യോഗങ്ങൾ നടത്തുന്നതിനെ തടയപ്പെട്ടിട്ടില്ല. അങ്ങിനെ ചെയ്യാതിരിയ്ക്കുന്നതിനുള്ള കാരണം മധുവർജ്ജനപ്രസ്ഥാനത്തിനു ചേർന്നതല്ലാത്തവിധത്തിലുള്ള ചില പ്രവർത്തനങ്ങൾ ഉണ്ടായിട്ടുള്ളതുപോലെ ഉറച്ച ഒരു സ്ഥാനം ലഭിക്കാത്തതുകൊണ്ടാണ്. ഇതു ഞാൻ ഖണ്ഡിച്ചു പറഞ്ഞുകൊള്ളുന്നു. മദ്യപാനാസക്തി ഒരു ബാധാരോഗമാണ് എന്ന ദൃഷ്ടാന്തത്തെ ചിലർ പറയുന്നു. ഞാൻ അതിനോടു യോജിക്കുന്നു. ഈ ബാധയിൽ നിന്നു വിമുക്തമാകുന്നതിനു ചേർന്നവർക്കാർ കഴിയുന്നതു പ്രയത്നിച്ചു പരമാവധിയും ഏറ്റവും കൂടുതലായും ഉദ്യമങ്ങൾ ചെയ്യേണ്ടതാകുന്നു. മദ്യപാനത്തെ ഒരു 'ബാധ'യായി അടിസ്ഥാനപ്പെടുത്തുന്നതിൽ പോലീസുകമ്മീഷണർ പ്രതികൂലാഭിപ്രായം പ്രകടിപ്പിച്ചതിനെപ്പറ്റി ഞങ്ങളുടെ പരമാർത്ഥമാണല്ലൊ. എന്നു ഈ വിഷയത്തിൽ ജനങ്ങൾക്കു വളരെ ശക്തിയോടുകൂടി പ്രവർത്തിച്ചുവരുകയാകുന്നു. എക്സൈസു അധികൃതന്മാർക്കു ഭയം ജനിക്കത്തക്കവണ്ണം മധുവർജ്ജനപ്രസ്ഥാനത്തിനു അതിയായ വിജയം സിദ്ധിച്ചിട്ടുണ്ടു. മേൽപ്പറഞ്ഞിട്ടുള്ള സംഭവങ്ങളെ സംബന്ധിച്ചു വ്യക്തമായ ഒരു ബോധം മനസ്സിനു ജനിക്കുകയും, മദ്യപാനിക്കു അധികൃതന്മാരുടെയും എക്സൈസ് അധികാരികളുടെയും മദ്യനിരോധം മനസ്സിലാക്കുകയും ഈ വിഷയത്തിൽ ഗവണ്മെൻറിനു മറ്റധികാരികളുടെ മനോഗതിയെപ്പറ്റി അറിയുകയും ചെയ്യുന്നതിൽ മേൽപ്പറഞ്ഞതു ഉപകരിക്കുന്നതാണ്. പ്രസ്തുത പ്രതിവാദവിഷയത്തെപ്പറ്റി വിശദമായി മനസ്സിലാക്കുന്നതിനു മേൽപ്പറഞ്ഞസംഭവങ്ങളെപ്പറ്റി സൂക്ഷ്മമായ അംശത്തെ നിയ്ക്കണമെന്നു കൂടെ പറയുന്നു. മദ്യവർജ്ജനയോഗങ്ങളെ ഈ സംസ്ഥാനത്തെ മറ്റു ഭാഗങ്ങളിൽ പോലെ തടയപ്പെട്ടിട്ടില്ലെന്നു ഇവിടെപറയുകയുണ്ടായി. അവയെ നിരോധിച്ചിട്ടുണ്ടായിരുന്നതിനുള്ള കാരണം മേൽ പറഞ്ഞിരുന്നതെന്നെയാണ്.

മധുവർജ്ജനപ്രസ്ഥാനം ഈ രാജ്യത്തു വ്യാപിയ്ക്കുന്നതിനെ തടയുന്നതിനു ഗവണ്മെൻറ് കാലാകാലങ്ങളിൽ സ്വീകരിച്ചിട്ടുള്ള നടപടികളെപ്പറ്റി വിവരമായി പറയുന്നതിനു സമയം എന്നെ അനുവദിയ്ക്കുന്നില്ലെന്നുള്ളതു വാസ്തവമാണ്. മധുവർജ്ജനവിഷയത്തെ സംബന്ധിച്ചു തങ്ങളുടെ അഭിപ്രായം എന്താണെന്നുള്ളതു തിരുവിതാംകൂർ ഗവണ്മെൻറ് പ്രത്യക്ഷപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഈ വിഷയത്തിൽ ഗവണ്മെൻറ് ചെയ്തിട്ടുള്ള പ്രവർത്തികളെപ്പറ്റി ചിന്തിക്കുന്നപക്ഷം, അവ അവരുടെ അഭിപ്രായത്തിനു വിരുദ്ധമായിട്ടുള്ളതായിട്ടാണെന്നു കാണുന്നതാണ്. ഇതു വളരെ പ്രാധാന്യമായ ഒരു കാര്യമാകുന്നു. ആധുനികകാലത്തു തിരുവിതാംകൂറിലെ രാഷ്ട്രീയകാര്യങ്ങളെ സംബന്ധിച്ചു ഏറ്റവും പ്രാധാന്യം വഹിക്കുന്ന ഒരു വിഷയമുണ്ടെങ്കിൽ അതു മേൽപ്പറഞ്ഞതുതന്നെയാണ്. ഗവണ്മെൻറ് ഈ വ്യവഹാരിയെ സംബന്ധിച്ചു ഒരു കമ്മറിയെ നിയമിച്ചു. പ്രസ്തുതകമ്മറി ഒരു റിപ്പോർട്ടു സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുതറിപ്പോർട്ടിനെ അടിസ്ഥാനപ്പെടുത്തി ഗവണ്മെൻറ് എന്താണ് പ്രവർത്തിച്ചിട്ടുള്ളതു? ഗവണ്മെൻറ മധുവർജ്ജനത്തെ മറന്നുകളഞ്ഞു എന്നു'' ഓരോരുകൊല്ലത്തിലൊ, നിയമസഭകൂടുന്ന ഓരോ അവസരത്തിലും പ്രസ്താവിക്കേണ്ടതു മദ്യപാനത്തെ നിരുത്സാഹപ്പെടുത്തണമെന്നുള്ള ഉദ്ദേശത്തെ പൂരസ്കരിച്ചു ജനങ്ങൾ കഴിയുന്നതു പ്രയത്നിച്ചുവരികയാണ്. ഈ കാര്യത്തിൽ ഇപ്രകാരം പ്രവർത്തിച്ചുണ്ട അവസരത്തിൽ ഗവണ്മെൻറ് എന്താണ് ചെയ്തിട്ടുള്ളതു. ഈ സംഗതിയിൽ ഗവണ്മെൻറ് ഇടപെടുകയും ''അല്ല, ഞങ്ങൾ മദ്യനിരോധത്തെ അനുകൂലിക്കുന്നില്ല; മദ്യവർജ്ജനത്തെയാണ് ഞങ്ങൾ അനുകൂലിക്കുന്നതു; ഈ രണ്ടാലത്തുവച്ചും മറ്റുസ്ഥലത്തുവച്ചും യോഗങ്ങൾ കൂടുന്നതിനു നിങ്ങളെ ഞങ്ങൾ വിലക്കുന്നതിനു ഞങ്ങൾക്കു നിവൃത്തിയില്ല; എന്നിപ്രകാരം പ്രസ്താവിക്കയും ചെയ്യുന്നു. ഈ സമ്പ്രദായത്തെ അനുവദിച്ചുള്ളതിനെ സംബന്ധിച്ചു ഈ അവസരത്തിൽ സൂചിപ്പിച്ചിട്ടുണ്ടല്ലൊ. യഥാർത്ഥത്തിൽ ഇപ്പോഴുള്ള നില എന്താണെന്നുള്ളതു മനസ്സിലാക്കുന്ന കാര്യത്തിനേൽ പറഞ്ഞിട്ടുള്ളതു, ഞങ്ങളെസംബന്ധിച്ചിടത്തോളം ബാധ്യമായിരിയ്ക്കുന്നതല്ല. മധുവർജ്ജനപ്രസ്ഥാനം വളരെ ശക്തിയോടുകൂടി ചെയ്തതെ അരംഭിച്ചു. ഈ പ്രസ്ഥാനത്തെ വിജയകരമായ മാർഗ്ഗങ്ങളിലേക്കു കൂടി നയിച്ചു ക്രമീകരിയ്ക്കുന്നതായിട്ടുള്ള കാര്യത്തിൽ ഗവണ്മെൻറ് എന്താണ് പ്രവർത്തിച്ചിട്ടുള്ളതു്. ഇതാണ് ഞാൻ ചോദിക്കുന്നതു്. ഇവിടെ ഹാജരായിരിയ്ക്കുന്ന എക്സൈസ് കമ്മീഷണരോടു ഈ ചോദ്യം ഞാൻ ചോദിച്ചുകൊള്ളുന്നു. ഈ സഭയിൽ പോലീസു കമ്മീഷണരും ഗവണ്മെൻറിലെ മറ്റധികൃതന്മാരും ഉണ്ടല്ലൊ. അവരോടും പ്രസ്തുതചോദ്യംതന്നെ ഞാൻ ചോദിച്ചുകൊള്ളുന്നു. പ്രയോജനകരമായ മാർഗ്ഗങ്ങളിൽകൂടി പ്രസ്തുതപ്രസ്ഥാനത്തെ നയിക്കുന്നകാര്യത്തിൽ അവർ എന്നാണ് പ്രവർത്തിച്ചിട്ടുള്ളതു. ഈ വിഷയത്തിൽ പ്രതിബന്ധമുണ്ടാക്കുകയും കാര്യത്തിനേറെനാൾ വിലംബകരമാക്കുകയും ചെയ്തിട്ടുള്ളതിൽ കൂടുതലായി എന്താണ് ഗവണ്മെൻറ് നിർവഹിച്ചിട്ടുള്ളതു്? മേറെത്തുപ്രവർത്തിയെന്ന് അവർ ചെയ്തിട്ടുള്ളതു്? സഹായപ്രവർത്തിയിൽ അവർ എന്തെങ്കിലും പ്രവർത്തിച്ചിട്ടുണ്ടൊ? മേൽപറഞ്ഞ ദുർഘടങ്ങളായി സഹായിക്കുന്നതിനു അവർ ഉദ്യമിച്ചിട്ടുണ്ടൊ? ''നിങ്ങൾ യഥാർത്ഥ ഉത്സാഹത്തോടുകൂടി പ്രവർത്തിയ്ക്കുന്നു; നിങ്ങളെ സഹായിയ്ക്കുന്നതിനു ഞങ്ങൾ തയ്യാറാണ്'' എന്നുള്ളതു ഗവണ്മെൻറ് ജനങ്ങളെ ധരിപ്പിച്ചിട്ടുണ്ടൊ, ഇതിനു അനുസരണയായ യാതൊരുകാര്യവും എന്തെങ്കിലും പ്രവർത്തിച്ചിട്ടുണ്ടൊ? ഇല്ല, ഇപ്രകാരം എന്തെങ്കിലും പ്രവർത്തിച്ചിട്ടുള്ളതായി ഞങ്ങൾ അറിയുന്നില്ല. ഗവണ്മെൻറിൻറെയും ജനങ്ങളുടേയും മനോഭാവം ഈ കാര്യത്തിൽ ഭിന്നമായിട്ടുള്ളതാണ്. തിരുവിതാംകൂറുപോലെയുള്ള ഒരു സംസ്ഥാനത്തു ഇപ്രകാരമുള്ള മനോഭാവം ഉണ്ടായിരിയ്ക്കുവാൻ പാടുള്ളതല്ല. മേൽപറഞ്ഞിട്ടുള്ള സമാധാനലംഘനം നേരിടേണ്ടതിനു സംഭവങ്ങൾ ഉണ്ടാകേണ്ടതിനുള്ള കാരണം ഗവണ്മെൻറിൻറേയും ജനങ്ങളുടേയും മനോഭാവത്തിലുള്ള ഭിന്നതയാകുന്നു. പോലീസ്കമ്മീഷണരുടെ പ്രസംഗത്തിൽനിന്നു ഏതെങ്കിലുംസംഗതി വെളിവാകുന്നുണ്ടെങ്കിൽ, അതു താഴെപറയുന്നവയാണ്. മധുവർജ്ജനവിഷയത്തിൽ ജനങ്ങൾ സ്വീകരിച്ചിട്ടുള്ള മനോഭാവത്തെ ഗവണ്മെൻറ് അനുകൂലിയ്ക്കുന്നില്ല. ഈ ബ്രഹ്മകാര്യസംബന്ധിച്ചു തങ്ങൾക്കു ചെയ്തുകൊണ്ടിരിക്കുന്ന വരവു് കുറയുന്നതു് ഗവണ്മെൻറിനു ഇഷ്ടമുള്ള ഒരു കാര്യമല്ല. ഇപ്രകാരം പറയാതിരിയ്ക്കുന്നതിനു എനിയ്ക്കു നിവൃത്തിയില്ല.

മി: എൽ. എ. ബിഷപ്പ് (പോലീസ് കമ്മീഷണർ): ഇപ്രകാരം അനുമാനിക്കുന്നതിനു എന്തടിസ്ഥാനമുണ്ട് താങ്കളുടെ പ്രസംഗത്തിൽ അടങ്ങിയിരിക്കുന്നതു?

മി: എ. താണുപിള്ള (തിരുവനന്തപുരം): നിങ്ങളുടെ പ്രസംഗത്തിൽനിന്നു മാത്രമല്ല ഇപ്രകാരം അനുമാനിക്കുന്നതു. നമ്മുടെ പ്രസംഗവും കുറ്റത്തിന്റെ ഗൗരവമായ ഇപ്പോഴത്തെ സ്ഥിതിയും കഴിഞ്ഞ ഏതാനംകൊല്ലങ്ങളിലെ സംഭവങ്ങളുടെ കോലാഹലവുമുള്ള ഗതിയും പരിഗണിക്കുന്നപക്ഷം ഇപ്രകാരമുള്ള ഒരു അനുമാനം ചെയ്യാവുന്നതാകുന്നു. അച്ചടിക്കാരിസംബന്ധിച്ചു തങ്ങൾക്കു ലഭിച്ചുവരുന്ന അഭിപ്രായം കൊടുക്കുന്നതു ഗവണ്മെന്റിനു ഇഷ്ടമല്ലാത്ത ഒരു കുറ്റമാകുന്നു. ഈ സംഗതി മേൽപറഞ്ഞതിനുപുറമെ പ്രത്യക്ഷമാകുന്നുണ്ട്. ഇവിടെ പ്രതിപാദിക്കപ്പെട്ടിട്ടുള്ള സമാധാനഭംഗം ഉണ്ടാകുന്നതിനു കാരണം ഇതുതന്നെയാണു. ഒരു കുറ്റം വ്യക്തമായിട്ടുള്ളതാണ്. തങ്ങളുടെ വീക്ഷണകോണത്തിനും ഭാരക്കുറവപക്ഷം ചേർത്തല പോലീസിനു നേരിട്ടുണ്ടായിട്ടുണ്ടെന്നുള്ള ഭയം അധികൃതന്മാർക്ക് ജനിക്കുന്നതിനു ഇടയുണ്ടു് അതുകൊണ്ടു പ്രസ്തുത പ്രസ്താവനയ്ക്കു അത്യധികമായ വിലയും സിദ്ധിച്ചു.

എന്നാൽ ജനങ്ങളുടെ ഇടയ്ക്കു ഇതു ഒരു നഷ്ടമായിത്തീരുകയില്ലെന്നുള്ളതു ഈ സമയം ഞാൻ അറിയിച്ചുകൊള്ളുന്നു. മധുവർജ്ജനപ്രസ്ഥാനത്തിന്റെ വിജയം ഗണ്യമായ ഒരു ധനാഗമമാർഗ്ഗമാണ്. ഇതു നഷ്ടമാകുന്നതിന് ഗവണ്മെന്റിനു ഇല്ലായ്മയും യത്നിക്കേണ്ടതാകുന്നു. ഏതായാലും ഗവണ്മെന്റ് സ്വീകരിച്ചിട്ടുള്ള അഭിപ്രായം ഇതിൽനിന്നും ഭിന്നമാണ്. ഗവണ്മെന്റിന്റെയും ജനങ്ങളുടെയും മനോഭാവത്തിലുള്ള ഈ ഭിന്നതയുടെ ഫലമാണ് ഈസംഭവങ്ങളെല്ലാംതന്നെയായിട്ടുള്ളതു്. തിരുവിതാംകൂറിൽ പ്രത്യേകരീതിയുള്ള ഒരുഭിന്നതയുള്ളതായൊരു സ്ഥാനവും ഉണ്ടായിരിക്കാൻ പാടില്ല കാര്യനിർവ്വഹണസ്ഥിതി ഇപ്രകാരമായിരിക്കെ, മി: പാച്ചുപിള്ള പറഞ്ഞതുപോലെ, എക്സിക്യൂട്ടീവ് അധികാരികളും പോലീസുകാരുടെ സഹായത്തിനു അപര്യാപ്തപ്പെട്ടു. ഈ പ്രസ്ഥാനത്തെ ആരംഭത്തിൽതന്നെ ഉൻമൂലനം ചെയ്യുന്നതിനാണ് അവർ ആഗ്രഹിച്ചു. അവിടെ പലതും പ്രസംഗങ്ങളും ചെയ്തതായി പ്രസ്താവിച്ചിട്ടുണ്ടല്ലോ. അവർ ചെയ്തിട്ടുള്ള പ്രസംഗങ്ങളുടെ രൂപം സ്വീകാര്യമാണെന്നോ അല്ലെങ്കിൽ അനുകൂലിക്കുന്നതിന് അവ യോജിച്ചതാണെന്നോ ഞാൻ നിർദ്ദേശിക്കുന്നതായി കരുതിപോകരുതു്: അങ്ങനെചെയ്യുവാൻ ചില അനുഭവങ്ങൾ ചില പ്രാസംഗികന്മാർ അവരുടെ മാർഗ്ഗത്തിൽ നിന്ന് വ്യതിചലിച്ചേക്കാം. അതിനെപ്പറ്റി എനിക്കു യാതൊരുവിധവുംഇല്ല. മി: പാച്ചുപിള്ളയുടെ പ്രസ്താവന ഏതാനും കാര്യങ്ങളെ മറച്ചുകൊണ്ടുള്ള ഒന്നാണെന്നു മി: ബിഷപ്പു പറയുമായിരിക്കും. എന്നാൽ മി: ബിഷപ്പു ചെയ്തിട്ടുള്ള പ്രസ്താവനകൾക്കു എന്തെങ്കിലും സ്ഥാനമാണുള്ളതു് എന്നാണു ഞാൻ ചോദിക്കുന്നതു്. മി: ബിഷപ്പു ചെയ്തിട്ടുള്ള പ്രസ്താവനകളെ വേണ്ടുപോലെ കരുതുന്നപോലെ തന്നെ അവ സത്യമെന്നു കരുതി അവയെ സ്വീകരിക്കുന്നതിനു എനിക്കു നിവൃത്തിയില്ല. സഭയിലെ ഔദ്യോഗികപക്ഷത്തിലുള്ള സാമാജികന്മാർ അപ്രകാരം ചെയ്യണമെന്നു അദ്ദേഹത്തിനു് അഭിപ്രായം നിവൃത്തിയില്ലാ. അദ്ദേഹത്തിനെ വിവരങ്ങൾ സൂക്ഷ്മമായി അറിയിച്ചിട്ടുള്ളതു് ആരാണു. ഏതൊരാൾ നൽകിയിട്ടുള്ള വിവരത്തെ ആസ്പദമാക്കിയാണു അദ്ദേഹം പ്രസംഗിച്ചിട്ടുള്ളതു്. സ്ഥലത്തുള്ള ഉദ്യോഗസ്ഥന്മാരാണ് ഈ വിവരങ്ങളെല്ലാമദ്ദേഹത്തിനു നൽകിയിട്ടുള്ളതു്. ഇപ്രകാരമുള്ള ഉദ്യോഗസ്ഥന്മാരുടെ പ്രവർത്തികൾക്കു എതിരായിട്ടാണീ ഉപന്യാസം ഇവിടെ ഹാജരാക്കിയിരിക്കുന്നതു്.

മി: എൽ. എ: ബിഷപ്പു (പോലീസുകമ്മീഷണർ): ഞാൻ ചെയ്തിട്ടുള്ള പ്രസ്താവനകൾക്കുള്ള ചില അടിസ്ഥാനം ഉദ്യോഗസ്ഥന്മാരായ ശ്രീമതിച്ചു നൽകിയിട്ടുള്ള വിവരങ്ങളാണെന്നു ഞാൻ പറഞ്ഞിട്ടുണ്ടല്ലോ. എനിക്കു ലഭിച്ചിട്ടുള്ള വിവരത്തിൽ മുനിഷ് ഒന്നുമാത്രമാണ് അവർ നൽകിയിട്ടുള്ളതു്.

മി: എ. താണുപിള്ള (തിരുവനന്തപുരം): മറ്റവിവരങ്ങൾ ഏതുവിധത്തിൽ തന്നിക്കു ലഭിച്ചു എന്നുള്ളതു് അപ്രസ്തുതം നമ്മെ ധരിപ്പിക്കുകയില്ല.

അടുത്തകാലത്തു ചേർത്തല സന്ദർശിക്കുന്നതിനും അവിടത്തെ സാഹചര്യങ്ങളെക്കുറിച്ചു നേർട്ടറിവുള്ള ജനങ്ങളുമായി ഇടപെടുന്നതിനും എനിക്കു അവസരംണ്ടായിട്ടുണ്ടു്. ഗവണ്മെന്റു അധികൃതന്മാരും പോലീസു അധികാരികളും എക്സിക്യൂട്ടീവ് അധികാരികളും ന്യായമായവിധത്തിൽ ചേർത്തലെ പ്രവർത്തിച്ചിട്ടില്ലാഎന്നുള്ളതാണു് ജനങ്ങളും എന്നു ധരിപ്പിച്ചിട്ടുള്ള വിവരങ്ങളെ ആസ്പദമാക്കി എനിക്കു പറയാവുന്നതാണ്. കാര്യങ്ങളുടെ വിവരങ്ങളെപ്പറ്റിക്കൂടുതലായി പ്രസ്താവിക്കണമെന്നു ഞാൻ ആഗ്രഹിക്കുന്നില്ല. എന്തെന്നാൽ ഇപ്പോഴുള്ള സമയം കഴിയാറായിരിക്കുന്നു. ഏതായാലും പോലീസുകാരുടെ നടപടിക്രമങ്ങളെപ്പറ്റി ചിന്തിക്കുന്നപക്ഷം അവ കുറ്റകരഹിതമാണെന്നു പറയാൻ പാടുള്ളതല്ല. തങ്ങളുടെ പ്രവർത്തികൾക്കു അവരെ കുറ്റപ്പെടുത്തേണ്ടതാകുന്നു. തങ്ങൾ എന്താണ് ചെയ്യേണ്ടതെന്നു മി: ബിഷപ്പു നമ്മോടു പറയുമായിരിക്കും.

മി: എൽ. എ. ബിഷപ്പു (പോലീസുകമ്മീഷണർ): ഞങ്ങൾചെയ്യേണ്ടതു എന്താണ് എന്നാണ് ഞാൻ പറഞ്ഞിട്ടുള്ളതു്. അതിനു അവസരം ഉണ്ടായിട്ടില്ല.

മി: എ. താണുപിള്ള (തിരുവനന്തപുരം): യോഗാംഗങ്ങളിൽ ചിലർ ഹാജരായ അവസരത്തിൽ വേണ്ടതു പ്രവർത്തിക്കുന്നതിനുള്ള അവസരമുണ്ടായതായി പോലീസുകാർ കരുതിയില്ല. വഴിക്കും തങ്ങളുടെ കൈയിൽ ധരിച്ചുകൊണ്ടു അനവധിആളുകളും അവിടെ ഹാജരായി. ഇപ്രകാരമുള്ള ഒരു സംഘം ഉണ്ടായിരിക്കെ തങ്ങൾക്കായതൊന്നും ചെയ്യേണ്ടതുവസ്തുതിലില്ലെന്നു പോലീസുകമ്മീഷണർ പറയുന്നു. കൂട്ടർ അയാളുടെ വളപ്പിലേക്കു പോകുകയും മറ്റുള്ളവർ അയാളെ അനുഗമിക്കയും ചെയ്തു. ഈ അവസരത്തിൽ പോലീസുകാർ അവിടെ ഉണ്ടായിരുന്നില്ല. മറ്റൊരുസ്ഥലത്തു ഉണ്ടായസംഭവങ്ങളെ അവർ വീക്ഷിക്കുകയായിരുന്നു

മി: എൽ. എ. ബിഷപ്പു (പോലീസ് കമീഷണർ) ഞാൻ പറഞ്ഞിട്ടുള്ളതിനെ മെമ്പർ മറ്റൊരു വിധത്തിൽ പ്രസ്താവിക്കയാണെന്നു ഞാൻ വിചാരിക്കുന്നു.

മി: എ: താണുപിള്ള (തിരുവനന്തപുരം): ഇതു് ഒരാളിന്റെ അഭിപ്രായത്തെ ആശ്രയിച്ചിരിക്കും.

മി: എൽ. എ. ബിഷപ്പു (പോലീസ് കമ്മീഷണർ) അഭിപ്രായത്തെ ആശ്രയിച്ചുള്ള ഒരു കാര്യമല്ല ഇതു് ഞാൻ പറഞ്ഞിട്ടുള്ളതിനെ മറ്റൊരുവിധത്തിൽ പ്രസ്താവിക്കയാണ് ചെയ്യുന്നതു്.

മി: എ. താണുപിള്ള (തിരുവനന്തപുരം) മി: ബിഷപ്പു പ്രസ്താവിച്ചിട്ടുള്ളതിനു വിപരീതമായി ഞാൻ

പ്രസംഗിക്കുന്നു എന്നുപറയുന്നു. ഇതു ശരിയല്ലെന്നും സഭയുടെ മുമ്പിൽ ഒരു കാര്യമാകുന്നു. സഭാഗതികളെ പോലീസ്കാർ സൂക്ഷിച്ചുനോക്കിവരികയായിരുന്നു എന്നു മി: ബിഷപ്പു പറഞ്ഞിട്ടുണ്ട്. എന്നാൽ അദ്ദേഹത്തിനല്ലാത്ത ഒരാൾ അദ്ധ്യക്ഷപദം സ്വീകരിക്കയും മദ്യപാനംകൊണ്ടുള്ള ദുരിതങ്ങളെപ്പറ്റി അദ്ദേഹം പ്രസംഗിക്കയും ചെയ്തു. അതിനശേഷം

മി: എൽ. എ. ബിഷപ്പ് (പോലീസ്സുകമ്മീഷണർ) : മദ്യപാനംകൊണ്ടുള്ള ദുരിതങ്ങളെപ്പറ്റി യാതൊരു അവസരത്തിലും ഞാൻ പ്രസംഗിച്ചിട്ടില്ല. ഈ പദംതന്നെ ഞാൻ പ്രയോഗിച്ചിട്ടില്ല. മുമ്പാർ ഇപ്പോൾ മറ്റൊരുകഥപറയുകയും, അതിന്റെ കാരണക്കാരൻ ഞാനാണെന്ന് പ്രസ്താവിക്കയുമാണു ചെയ്തിരിക്കുന്നത്.

മി: എ. താണുപിള്ള (തിരുവനന്തപുരം): സർ, എന്റെ പ്രസംഗത്തിനിടയിലെ ഈ വിധത്തിൽ എന്നെ ഡിഫ്രെപ്പെടുത്തുന്നതു എനിക്കു ദുഃഖമുള്ള ഒരു കാര്യമല്ല. മി: ബിഷപ്പ് പ്രസ്താവിച്ചിട്ടുള്ളതിൽനിന്നു ഇപ്രകാരമാണ് ഞാൻ മനസ്സിലാക്കുന്നത്. കട്ടൻ അയാളുടെ വളപ്പിലേക്കുപോയി. ഏതാനും ആളുകൾ അയാളെ അനുഗമിച്ചു. മറുകക്ഷിയിൽപ്പെട്ട ഏതാനും ആളുകളാണ അയാളെ അനുഗമിച്ചതു. ഈ സംഭവത്തെ പോലീസ്സുകാർ സൂക്ഷിച്ചുനോക്കിക്കൊണ്ടിരുന്നു ഈ സ്ഥിതിക്കു പോലീസ്സുകാർ എന്തു ഉദ്ദേശത്തോടുകൂടിയാണു അവിടെ ഹാജരായതു് എന്നാണുഞാൻ ചോദിക്കുന്നതു്. പോലീസ്സുകാർ അവിടെ ഹാജരായിട്ടില്ലെങ്കിൽ ഒരു കാര്യത്തെ അടിസ്ഥാനപ്പെടുത്തിയാണ് അദ്ദേഹം പ്രസ്താവിച്ചിട്ടുള്ളതു്. അപ്രകാരമുള്ള സംഭവങ്ങളും ഉണ്ടാകാതിരിക്കുന്നതിൽ ഗൌനിക്കേണ്ടതു് അവരുടെ കർത്തവ്യമല്ലേ? പോലീസ്സുകാർ അവിടെ ഹാജരായിട്ടുള്ളതു അപ്രകാരമുള്ള സംഭവങ്ങളെ തടയണമെന്നുള്ള ഉദ്ദേശത്തോടുകൂടിയല്ലേ. മുമ്പു പ്രസ്താവിക്കപ്പെട്ടിട്ടുള്ളതുപോലെ മദ്യപാനത്തെ അനുകൂലിച്ചുകൊണ്ടുള്ള പ്രസംഗങ്ങളും അവർ സന്തോഷത്തോടുകൂടി കേട്ടുകൊണ്ടിരിക്കയും ചെയ്തു. പോലീസ്സുകാരെ സംബന്ധിച്ചിടത്തോളം വളരെ മോശമായ ഒരു മനഃസ്ഥിതിയെയാണു ഇതു കാണിക്കുന്നതു്. ഇതു് അഭ്യന്തരമായിരിക്കുന്നു. ഈ സംസ്ഥാനത്തുള്ള എല്ലാ ഡിപ്പാർട്ടുമെന്റുകളേയും അപേക്ഷിച്ചു് മദ്യപാനത്തെ പോലീസ്സുകാർ പ്രോത്സാഹിപ്പിക്കണമെന്നതു് വിശേഷമായ ഒരു കാര്യമാണ്.

സർ, ഈ കൊല്ലത്തിന്റെ ആരംഭത്തിലാണു മേൽപറഞ്ഞിട്ടുള്ള സംഭവങ്ങളും ഉണ്ടായിട്ടുള്ളതു. ഈ കാര്യത്തിനു അടിസ്ഥാനമായ എല്ലാവിവരങ്ങളേയുംപറ്റി കമ്മീഷണർക്കു അറിവില്ലെന്നുള്ളതു വാസ്തവമാണെങ്കിലും ഒരു അന്വേഷണം നടത്തുന്നതിനു ജനങ്ങളും മുമ്പോട്ടുവരികയുണ്ടായി. പോലീസ്സുകമ്മീഷണർ ഇവിടെ ചിലപ്രസ്താവനകളും ചെയ്തിട്ടുണ്ടു. ഈ പ്രസ്താവനകൾക്കെല്ലാം അടിസ്ഥാനം അദ്ദേഹത്തിന്റെ കീഴുദ്യോഗസ്ഥന്മാർ അയച്ചിട്ടുള്ള റിപ്പോർട്ടുകളാണു. എന്നാൽ സ്ഥലത്തെനിയമസാമാജികന്റെ പ്രസ്താവനകളും മി. കമ്മീഷണർ ചെയ്തിട്ടുള്ളതിനു വിപരീതമാണു്. അദ്ദേഹം കാര്യങ്ങളുടെ സ്ഥിതികളും മറിച്ചുപറയുകയുണ്ടായെന്നും അതു നാം വിശ്വസിക്കണമെന്നും മി. ബിഷപ്പു നിർദ്ദേശിച്ചു. നാം ആരുപറയുന്നതിനെയാണു വിശ്വസിക്കേണ്ടതു അവിടെയുണ്ടായിട്ടുള്ള സംഭവങ്ങളിൽ നിന്നുള്ള ക്ലേശങ്ങളും അനുഭവിച്ചിട്ടുള്ളതു ജനങ്ങളും ആണു. സംഭവത്തിനുശേഷം കുറേതാമസം കൂടാതെ അവർ ദിവാനും, പോലീസ്സുകമ്മീഷണർക്കും കമ്പി അടിക്കുകയും, രേഖാമൂലമായി സങ്കടഹരം അറിയിക്കയും എഴുത്തുകുത്തുകൾ നടത്തുകയും ചെയ്തിട്ടുണ്ടു. കൂടാതെ അവർ വ്യക്തിയും ബന്ധിതവും ആയ രീതിയിൽ നടപടികളും സ്വീകരിച്ചിട്ടുണ്ടു. ഇവയെല്ലാമായി ഇടപെടുന്നതിനു് സ്ഥലത്തെ സാമാജികനു അവസരങ്ങളുണ്ടായിട്ടുണ്ടു്. ഇപ്രകാരമുള്ളസാമാജികന്റെ പ്രസ്താവനകളെയാണോ നാം വിശ്വസിക്കേണ്ടതു്? അല്ലാത്തപക്ഷം പോലീസ്സുകമ്മീഷണർ ചെയ്തിട്ടുള്ള പ്രസ്താവനകൾക്കു് നാം വില കല്പിക്കേണ്ടിയിരിക്കുന്നു. മേൽപറഞ്ഞ സംഭവങ്ങളും ഉണ്ടായി ഒന്നര മാസത്തിനശേഷമാണ് പോലീസ്സ് കമ്മീഷണർ സ്ഥലം സന്ദർശിച്ചിട്ടുള്ളതു്. ഈ അദ്ദേഹംതന്നെ സമ്മതിച്ചിരിക്കുന്നു.

മി: പാപ്പുപിള്ള വണ്ടുവസ്സിക്കളെ മറുകുകൊണ്ടാണു പ്രസ്താവിച്ചിട്ടുള്ളതെന്നു മി. ബിഷപ്പുവിടെ വന്നു നമ്മോടു പറയുന്നു. അദ്ദേഹം പറയുന്നതിനെ വിശ്വസിക്കുന്നതിനു നാം ബാലന്മാരല്ലല്ലോ.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും) : ഒരു അന്വേഷണം നടത്തുന്നകാര്യത്തിൽ പോലീസ്സുകമ്മീഷണർ ഔദാസീന്യം പ്രദർശിപ്പിച്ചു. ഇതിൽനിന്നും എന്താണു നാം അനുമാനിക്കേണ്ടതു.

മി: എ. താണുപിള്ള (തിരുവനന്തപുരം) : ഇതിൽനിന്നുള്ള അനുമാനം പ്രത്യക്ഷമത്രേ. ഈ സഭയ്ക്കു സ്വാതന്ത്ര്യമായി മേൽപറഞ്ഞിട്ടുള്ളതിൽനിന്നു ഒരനുമാനം ചെയ്യാവുന്നതാണല്ലോ.

മി എൽ. എ. ബിഷപ്പു (പോലീസ്സു കമ്മീഷണർ) : ഒരു അന്വേഷണത്തിനു എന്റെ കീഴ്ജീവനക്കാരെ വിധേയരാകുന്നകാര്യത്തിൽ എനിക്കു ഖേദലേശം തോന്നിയില്ല. എന്നാൽ അതു ആവശ്യമാണെന്നു ഞാൻ വിചാരിക്കുന്നില്ല.

മി: എ. താണുപിള്ള (തിരുവനന്തപുരം) : ചേർത്തലനിവാസികളിലും ഈ സംഭവങ്ങളും മൂലം ക്ലേശങ്ങളും അനുഭവിച്ചിട്ടുള്ള പരിചയംനിന്ന ചില വിവരങ്ങളും എനിക്കു ലഭിച്ചിട്ടുണ്ടു്. കൂടാതെ എന്റെ മുമ്പാകെ ചിലർ വിവരങ്ങളും പ്രസ്താവിച്ചിട്ടും ഉണ്ടു. ഇവയെ അടിസ്ഥാനപ്പെടുത്തി ഞാൻ പറയുന്നു, ചേർത്തലെ അസ്സമാധാനം നേരിട്ടിരുന്ന എന്നാണു. കാര്യത്തിന്റെ ഈ നില ഗൌരവമുള്ള തന്നെയായിരുന്നു. സ്ഥലത്തുള്ള ഉദ്യോഗസ്ഥന്മാരിൽ ജനങ്ങൾക്കു തീരെവിശ്വാസമില്ലായിരുന്നു. മജിസ്ട്രേട്ടിന്റെമുമ്പാകെ പരാതികളും ബോധിപ്പിക്കാതെയിരുന്നതു എന്തു കാരണത്താലായിരുന്നു എന്നു കട്ടൻ ഉപപ്രതിയോടു പലരോടും ഞാൻ ചോദിച്ചു. "ഞങ്ങൾ എന്തിനാണ് പരാതികളും ബോധിപ്പിക്കുന്നതു" എന്നു അവരെല്ലാവരും സാമാന്യമായി മുഷിപ്പിച്ചു പറഞ്ഞു. ഈ ആളുകളുടെ പ്രേരിപ്പിച്ചിട്ടുള്ളതുപോലീസ്സുകാരാണു ഈ താലൂക്കിൽ ജനങ്ങൾക്കു എന്തുരക്ഷയാണുള്ളതു? ഞങ്ങൾ അധികാരികളുടെ മുമ്പിൽപോയി എന്തിനാണു പരാതിബോധിപ്പിക്കുന്നതു? ന്യായമായും, നീതിയോടുകൂടിയും ഏതൊരു മജിസ്ട്രേട്ടാണ് തീരുമാനം കല്പിക്കാൻ പോകുന്നതു?

മി: എൽ. എ. ബിഷപ്പു (പോലീസ്സു കമ്മീഷണർ) : ഇപ്രകാരമുള്ള ആളുകൾ ഇപ്പോഴും ഈ താലൂക്കിൽ തന്നെയാണോ താമസിക്കുന്നതു സ്വയരക്ഷാർത്ഥം അവർ അവിടെനിന്നു മാറിപ്പോയിട്ടുണ്ടോ?

മി: എ. താണുപിള്ള (തിരുവനന്തപുരം): സ്വയരക്ഷയെക്കരുതി നിവൃത്തിയില്ലാതെ വിചാരിക്കുന്ന ആളുകൾ അപരന്റെ സ്വത്തിനു കടിച്ചുകീറുമെന്ന് മി: ബിഷപ്പ് പ്രതീക്ഷിക്കുന്നു. തങ്ങളുടെ നന്മയ്ക്കു വേണ്ടി ഇപ്രകാരമുള്ള ആളുകൾ ചേർന്നുണ്ടാകുന്ന സംഘം വിട്ടുപോകണമെന്നു മി: ബിഷപ്പ് ആഗ്രഹിക്കുന്നു. പ്രസ്തുത സ്വഭാവത്തിലുള്ള രക്ഷ നേടുന്നതിനു നിവൃത്തിയില്ലാത്തവർക്കു കൂടുതൽ തിരുവിതാംകൂർ വിട്ടുപോകേണ്ടിവരുന്നതു തിരുവിതാംകൂർകാരായ ആളുകൾക്കു കൂടുതൽ അഭിമാനകരമായ ഒരു പ്രവൃത്തിയല്ല. ഗവൺമെന്റിനെ നിരീക്ഷിക്കുന്നതു ഇന്നു പ്രകാരമാണെന്നുള്ളതിനെയാണ് ഈ പ്രതിബിംബിപ്പിക്കുന്നതു്. ഈ ആളുകൾ ചേർത്തവിട്ടുപോയ്ക്കൊള്ളണമെന്നുള്ള ആജ്ഞ നൽകുന്നതു മി: ബിഷപ്പല്ല, ഈ ചോദ്യം എന്നോടു ചോദിക്കുന്നതിനുമുമ്പു് ഇതിനെപ്പറ്റി അദ്ദേഹം കൂടുതൽ ആലോചിക്കേണ്ടതായിരുന്നു.

സ്ഥലത്തുള്ള കുട്ടികൾ, പോലീസ്സ് ഉദ്യോഗസ്ഥന്മാർ, എക്സൈസ് ഉദ്യോഗസ്ഥന്മാർ, മജിസ്ട്രേട്ട് കൺ ട്രോളർമാർ എന്നിവരെ ആക്ഷേപിച്ചിട്ടുണ്ടെന്നും മി: ബിഷപ്പു ഇവിടെ പ്രസ്താവിച്ചു.

മി: എൽ. എ. ബിഷപ്പു (പോലീസ്സ് കമ്മീഷണർ): കള്ളവാറ്റു കൺട്രോളർമാരെ കുട്ടികൾ ആക്ഷേപിച്ചിട്ടുണ്ടെന്നതു ഞാൻ മറിച്ചൊരു പറഞ്ഞിട്ടില്ല.

മി: എ. താണുപിള്ള (തിരുവനന്തപുരം): വിദ്യാലയത്തിൽ പഠിക്കുന്ന കുട്ടികളെ അവർ കഠിനമായി ഉപദ്രവിച്ചു. ഇതിനെപ്പറ്റി പരാതിപ്പെടുവിപ്പിച്ചു. എന്നാൽ ഈ പരാതിയെപ്പറ്റി ഗൗനിച്ചിട്ടുണ്ടോ, ഇല്ലയോ എന്നതു ബന്ധിതനായി പറയുന്നതിനു ഞങ്ങൾക്കു നിവൃത്തിയില്ല. അതു ഏതുവിധേനയായിരുന്നാലും ഒരു കാര്യം പ്രത്യക്ഷമാണ്. സാധുക്കളായ കുട്ടികളും സാധുക്കളായ സ്ത്രീകളും ഉൾപ്പെടെ ജനങ്ങളെ പോലീസുകാർ കഠിനമായി ഉപദ്രവിച്ചിട്ടുണ്ട്.

മി. എൽ. എ. ബിഷപ്പ് (പോലീസ്സ് കമ്മീഷണർ): സ്ത്രീകളെ സംബന്ധിച്ചു പോലീസുകാർ കഠിനമായി എന്തെങ്കിലും ഉപദ്രവം ചെയ്തിട്ടുണ്ടോ?

മി: എ. താണുപിള്ള (തിരുവനന്തപുരം): ഉപദ്രവിച്ചതു സ്ത്രീകളെ ആണെന്നല്ല ഞാൻ പറയുന്നതു്.

അദ്ധ്യക്ഷൻ: ഇപ്പോൾ അഞ്ചുമണിയാകുന്നു. ഇനി അവസാനിപ്പിച്ചു മറ്റൊരു ദിവസത്തിൽ വരേ പ്രതിവാദം ഉണ്ടാകുന്നുണ്ടെങ്കിൽ അവസാനിപ്പിയ്ക്കണമെന്നു ഞാൻ വിചാരിക്കുന്നു.

മി: എ. താണുപിള്ള (തിരുവനന്തപുരം): എന്നാൽ ഇതിനെപ്പറ്റിത്തന്നെ കാര്യങ്ങളുടെ മേൽപ്പറഞ്ഞ നിലയും അവസാനിയ്ക്കുമെന്നു ഞാൻ ഗ്രഹിക്കുന്നു.

അദ്ധ്യക്ഷൻ: ഇപ്പോൾ നടന്നിട്ടുള്ള വാദപ്രതിവാദം ഓർമ്മയിൽ ഇരിക്കുന്നതിനും ഈ കാര്യത്തെപ്പറ്റി പൂർണ്ണമായി പഠിച്ചാലോചിച്ചതിനുശേഷം, അവശ്യമെന്നു എനിക്കു അഭിപ്രായത്തിൽ തോന്നുന്നുവെങ്കിൽ തുടർപടികളും നടത്തുന്നതാണെന്നും ഞാൻ ബന്ധിച്ചു പറഞ്ഞുകൊള്ളുന്നു. (കേരംപിൻ കേരംപിൻ).

സഭിരമായിട്ടുള്ള ഉത്തരവുകൾ അനുസരിച്ചു വാദപ്രതിവാദം ഇപ്പോൾ സ്വയമേവ അവസാനിപ്പിയ്ക്കുന്നതാകുന്നു.

സഭ ഇപ്പോൾ പിരിയുന്നതും അടുത്തദിവസം മണി പതിനൊന്നടിച്ചു മുപ്പതു മിനിട്ടാകുമ്പോൾ വീണ്ടും കൂടുന്നതും ആകുന്നു

അടുത്തദിവസം രാവിലെ മണി പതിനൊന്നടിച്ചു മുപ്പതു മിനിട്ടാകുമ്പോൾ വീണ്ടും കൂടുന്നതിനു സഭ രാവിലെ മണി അഞ്ചടിച്ചു മുപ്പത്തിനെന്നു മിനിട്ടുയപ്പോൾ പിരിഞ്ഞു.

പി. എൻ. കുഞ്ഞുപിള്ള,
നിയമസഭാസെക്രട്ടറി.

അനുബന്ധം കക.

തിരുവിതാംകൂർ നമ്പൂതിരി ബിൽ.

(നിയമസഭ തീരുമാനിച്ചതു്).

പീഠിക. മലയാളബ്രാഹ്മണരുടെ പിൻതുടർച്ചാവകാശത്തെയും കൂട്ടംവേളാണ്മയെയും സംബന്ധിച്ചുള്ള നിയമത്തെ നിർവചിയ്ക്കുകയും ഭേദപ്പെടുത്തുകയും ചെയ്യുന്നതു യുക്തമായിരിയ്ക്കുകൊണ്ടു; ഇതിനാൽ നിയമപ്പെടുത്തുന്നതെന്തെന്നാൽ:—

അദ്ധ്യായം കക.

ചുരുക്കപ്പേരു്. ക. (ക) ഈ ഗ്രഹിയേഷനെ "കകറ —മാണ്ടത്തെ തിരുവിതാംകൂർ മലയാള ബ്രാഹ്മണ റഗ്രഹിയേഷൻ" എന്നു വിളിയ്ക്കാവുന്നതാകുന്നു.

സംഖ്യാനം. (ഖ) ഇതു തിരുവിതാംകൂറിലെ നാട്ടുരായത്തിനു പുറത്തുള്ള എല്ലാ മലയാള ബ്രാഹ്മണരെയും സംബന്ധിയ്ക്കുന്നതാകുന്നു.

ആരംഭം. (ന) ഇതു് കകറ —മാണ്ടു ഫസലിനു തുടർന്നു വരുന്നതാകുന്നു.

അർത്ഥവിവരണം ഭിന്നമല്ലാത്ത പക്ഷം:— ഖ. ഇതിൽ വിഷയത്തിനോ സന്ദർഭത്തിനോടു വിരുദ്ധമായി യാതൊന്നുമില്ലാത്തപക്ഷം:—

(ക) "മലയാളബ്രാഹ്മണൻ" എന്നതിൽ മലയാള ബ്രാഹ്മണരായി അറിയപ്പെടുന്നവരും ഗണിയ്ക്കപ്പെടുന്നവരും ആയ തംപ്രാതിരി, പോറ്റി, മൂത്തയവർ ഉൾപ്പെടുന്നതും, വിവാഹം, ദത്തു മുതലായ കാര്യങ്ങളെ സംബന്ധിച്ചു തിയമപ്രകാരം ഈ ഗ്രഹിയേഷൻ പാസാക്കുന്നതിനു മുമ്പു ഏതു വിധം നോക്കിയാലും അവകാശമുള്ളവർ ഉൾപ്പെടുന്നതല്ലാത്തതും ആകുന്നു.

(ഖ) 'ഇല്ലം' എന്നാൽ പൊതു സ്വത്തിനു അവകാശികളായി ഒരു മലയാള ബ്രാഹ്മണ കുടുംബത്തിലെ ചേർന്ന എല്ലാ അംഗങ്ങളും എന്നർത്ഥമാകുന്നതും അതിൽ ആ അംഗങ്ങളിൽ ഉൾപ്പെടുന്നതും ആകുന്നു.

(ന) 'കാരണവൻ' എന്നാൽ ഇല്ലത്തെ നായകസ്ഥാനവും അതിലെ കാര്യങ്ങളിൽ നടത്തുന്നതിനും അതിലെ മുതലുകളുടെ കൈവശത്തിനും ഉള്ള അധികാരവും നിയമത്തിൽ സിദ്ധിച്ചിട്ടുള്ള ഇല്ലത്തെ വയസ്സുമൂപ്പുള്ള പുരുഷനും ഇല്ലാതിരുന്നാൽ വയസ്സുമൂപ്പുള്ള പ്രായം തികഞ്ഞ സ്ത്രീ എന്നും അർത്ഥമാകുന്നു.

വിവരണം:— 'ഒരു ഇല്ലത്തിലെ സ്ത്രീകളുടെ അംഗങ്ങൾ' എന്നാൽ ഇല്ലത്തിൽ ജനിച്ചവരും എന്നാൽ അവിവാഹിതരും അതു സ്ത്രീകളും ഇല്ലത്തിലെ വിവാഹം ചെയ്തു കൊണ്ടു വന്നിട്ടുള്ള സ്ത്രീകളും എന്നർത്ഥമാകുന്നു അതിൽ അവർ ഉൾപ്പെട്ടവരും ആകുന്നു.

വ്യാഖ്യാനം:— വിവാഹം നിമിത്തം ഇല്ലത്തെ അംഗങ്ങളായിത്തീർന്നിട്ടുള്ള സ്ത്രീകളുടെ മൂപ്പവകാശം നിശ്ചയിക്കുന്നതു വിവാഹത്തിന്റെ രീതിയെ അടിസ്ഥാനപ്പെടുത്തി ആയിരിക്കണമെന്നാകുന്നു.

(ഴ) 'അനന്തരവൻ' എന്നാൽ കാരണവൻ ഒഴികെ ഒരു ഇല്ലത്തെ പുരുഷന്മാരിലും അംഗം എന്നർത്ഥമാകുന്നു.

(ഠ) 'മൂത്ത അനന്തരവൻ' എന്നാൽ ഇല്ലത്തെ കാരണവസ്ഥാനത്തിനു അടുത്തു കാണപ്പെടുന്ന അടുത്ത അവകാശിയായുള്ള പ്രായം തികഞ്ഞ അനന്തരവൻ എന്നർത്ഥമാകുന്നു.

(ന) 'അകന്നശാഖകർ' എന്നാൽ പൊതുവായുള്ള ഒരു പൂർവ്വികന്മാരിൽ നിന്ന് ഉണ്ടായ സന്താനങ്ങളുടെ എണ്ണവും മേൽപ്പോട്ടും കീഴ്പ്പോട്ടും, തമ്മിൽ വഴിക്കുള്ള അകലവുമനുസരിച്ചുള്ള പുരുഷന്മാരുടെ ശാഖകൾ ആകുന്നു.

(ഩ) 'മൈനർ' എന്നാൽ പതിനെട്ടുവയസ്സുതികയാത്ത ഒരാൾ എന്നർത്ഥമാകുന്നു.

അദ്ധ്യായം ൨.

ഇല്ലവും അതിന്റെ ഭരണവും.

കാരണവന്റെ അധികാരങ്ങൾ.

൩. കാരണവന് ഇല്ലത്തെ സ്വത്തുക്കളും ഇല്ലത്തേക്കു ഉദ്യോഗമായോ അല്ലാതോ ലെയുള്ള അധികാരമോ ഉള്ള ദേവസ്ഥാനങ്ങളും മറ്റു സ്ഥാപനങ്ങളും കൈവശം വച്ചു കൊണ്ടിരിക്കുന്നതിനും ഭരിക്കുന്നതിനും ഉള്ള അധികാരങ്ങളും ഉള്ളതാകുന്നു.

കണക്കു വയ്ക്കുന്നതു സംബന്ധിച്ചു കാരണവന്മാരുടെ ചുമതലകളും.

൪. അതാതു കാലത്തുള്ള കാരണവൻ അല്ലെങ്കിൽ മാനേജർ ഇല്ലത്തിന്റെ ആദായത്തിൻറെയും ചിലവിൻറേയും വാസ്തവമായും ശരിയായും ഉള്ള ഒരു കണക്കു വച്ചുകൊള്ളേണ്ടതാകുന്നു, ഓരോ ആണ്ടത്തേയും കണക്കു ആണ്ടവസാനത്തിനു ശേഷം, പ്രായം തികഞ്ഞ അനന്തിരവന്മാരുടെ പരിശോധനയ്ക്കായി ഇല്ലത്തുവച്ചിരിക്കേണ്ടതാകുന്നു. ഇല്ലത്തിലെ ഏതെങ്കിലും അംഗം ആവശ്യപ്പെട്ടാൽ അയാളുടെ ചിലവിന്മേൽ കണക്കുകളുടെ പകർപ്പുകൂടി കൊടുക്കേണ്ടതാകുന്നു.

ഇല്ലം വക വസ്തു അന്യാധീനപ്പെടുത്തുക.

൫. പ്രതിഫലത്തിനും ഇല്ലത്തെ ആവശ്യത്തിനും ആയിട്ടല്ലാതേയും ഇല്ലത്തെ പ്രായം തികഞ്ഞ എല്ലാ അംഗങ്ങളുടേയും രേഖാമൂലമായ സമ്മതത്തോടുകൂടിയല്ലാതേയും, കാരണവനാകട്ടെ ഭരണം നടത്തുന്ന മറ്റ് അംഗം ആകട്ടെ, ഇല്ലം വക സ്ഥാവരവസ്തുവിൽക്കുകയോ കാരണമായി ചാർത്തികൊടുക്കുകയോ, പന്ത്രണ്ടു വർഷത്തിലധികം കാലത്തേക്ക കൈവശത്തോടുകൂടി പണയപ്പെടുത്തുകയോ, മാറായം വാങ്ങിയോ, മാറായം വാങ്ങാതേയോ പന്ത്രണ്ടു വർഷത്തിലധികം കാലത്തേക്ക പാട്ടത്തിനു കൊടുക്കുകയോ, ചെയ്യുകൂടാത്തതാകുന്നു.

ഈ വകുപ്പിൽ അടങ്ങിയിരിക്കുന്ന യാതൊന്നും മുൻപുതന്നെ എഴുതികൊടുത്തിട്ടുള്ള കരണങ്ങളെ താൻതന്നെ പൊളിച്ചെഴുതിക്കൊടുക്കുന്നതിനു കാരണവന്മാരുടെ അധികാരത്തെ ബാധിക്കുന്നതല്ല.

ഇല്ലംവക വസ്തുവിന്റെ മാറിയെയോ പാട്ടമോ.

൬. പന്ത്രണ്ടുവർഷത്തേക്കോ അതിൽ കുറഞ്ഞകാലത്തേക്കോ കൊടുക്കപ്പെടുന്ന കൈവശപ്പണയമോ ഒരുകാലത്തെ പാട്ടത്തിൽ കവിഞ്ഞ മാരായം പറഞ്ഞിക്കൊണ്ടുള്ള പാട്ടമോ പ്രതിഫലത്തിനും ഇല്ലത്തെ ആവശ്യത്തിനും ഇല്ലത്തെ പ്രായംതികഞ്ഞ എല്ലാ അംഗങ്ങളുടേയും സമ്മതത്തോടുകൂടിയും അല്ലാതെ എഴുതിക്കൊടുക്കുന്നപക്ഷം സാധുവായിരിക്കുന്നതല്ല.

അപ്രകാരമുള്ള ഇടപാടിനു കാരണവന്റെ ശാഖയിലേയും അകന്ന ശാഖകൾ ഉണ്ടെങ്കിൽ അവയിൽ ഓരോന്നിലേയും മൂത്ത അനന്തിരവരുടെ രേഖാമൂലമായ സമ്മതമുണ്ടെന്നുവരികിൽ അങ്ങനെയുള്ള ആവശ്യവും സമ്മതവും ഉള്ളതായി ഊഹിക്കാവുന്നതാകുന്നു.

കാരണവനോ ഭരണം നടത്തുന്ന മറ്റു അംഗമോ ഉണ്ടാക്കുന്നതായ യാതൊരു കടവും അതു ഇല്ലത്തെ ആവശ്യത്തിനായിരുന്നാലല്ലാതെ ഇല്ലത്തെ ബാധിക്കുന്നതല്ല.

കാരണവൻ മുതലായവർ കടം വാങ്ങുന്നതല്ലെന്നു.

൭. ഒരു കാരണവൻ ഇല്ലംവക ആവശ്യമുണ്ടെന്നുകാണിച്ചു് ഇല്ലംവക വസ്തു കാലാവധിക്കുടാതെ ഒറ്റിക്കൊടുക്കുകയോ കടം ഉണ്ടാക്കുകയോ ചെയ്യുമ്പോൾ ഒറ്റിക്കാരനോ കടം കൊടുത്തവനോ ഒരുപക്ഷമായും അപ്രകാരമുള്ള ഒറ്റിക്കോ കടത്തിനോ സമ്മതിച്ചിട്ടില്ലാത്ത ഇല്ലത്തെ അംഗങ്ങൾ മറുപക്ഷമായും തക്കം നോക്കിട്ടുന്നതായാൽ ഒറ്റിക്കുന്നതിനോ കടംകൊടുത്തവനോ അപ്രകാരമുള്ള ഇല്ലംവക ആവശ്യമുണ്ടെന്നു നിർണ്ണയിക്കുന്നതിനു ന്യായമായ അന്വേഷണം ചെയ്തതിൻശേഷം ഉത്തമവിശ്വാസത്തോടുകൂടി പ്രവർത്തിച്ചിട്ടുണ്ടെങ്കിൽ അങ്ങനെയുള്ള ഇല്ലംവക ആവശ്യം ഉണ്ടായിരുന്നെന്നു ഊഹിക്കേണ്ടതാകുന്നു.

കാരണവസ്ഥാനം ഒഴിയുക.

൮. ഒരു കാരണവൻ തന്നെയാതും ബന്ധിക്കുന്നവിധത്തിൽ ഒരു രജിസ്റ്റർ ചെയ്ത പ്രമാണത്താൽ തന്നെപ്പറ്റി ഭരണാധികാരം ഒഴിയുന്നതിനു സാമർത്ഥ്യം ഉണ്ടായിരിക്കുന്നതാകുന്നു.

കാരണവന്റെ അധികാരങ്ങളും മറ്റാരാളെ ഏൽപ്പിക്കുക

൫൦. (൧) (എ) ഉടമ്പടിപ്രകാരം രജിസ്റ്റർചെയ്ത ഒരു പ്രമാണത്തിൻപേരിലല്ലാതെ യാതൊരു കാരണവന്മും ഇല്ലംവക വസ്തുക്കൾ ദാനം ചെയ്കയോ വിൽക്കയോ പണയപ്പെടുത്തുകയോ ചെയ്യുന്നതിനെയും നിയമിക്കാൻ പാടില്ലാത്തതും;—

(ബി) യാതൊരു കാരണവന്മും തന്റെ കാരണവസ്ഥാനം മറ്റൊരാളിന്റെയും പേക്ക് ഏറ്റംപ്പിച്ചു കൊടുക്കാൻ പാടില്ലാത്തതുകൊണ്ടും.

(൨) ഒരു ഇല്ലത്തിൽ ഒരണം നടത്തിക്കൊണ്ടുപോകാൻ പ്രായംതികഞ്ഞ പുരുഷനോ പ്രായംതികഞ്ഞ സ്ത്രീയോ അല്ലാതെ യാതൊരാൾക്കും ഇല്ലത്തിലൊ അതിലെ അംഗങ്ങളിലൊ അവകാശമുള്ള യാതൊരാൾക്കും ഇല്ലം സ്ഥിതിചെയ്യുന്ന അതിർത്തിക്കുള്ളിൽ അസൽ വ്യവഹാരാധികാരമുള്ള സിവിൽകോടതിയിൽ അപേക്ഷമുഖേന ബോധിപ്പിച്ചു കോടതിയാൽ നിയമിക്കപ്പെട്ടണ മാനേജർ മുഖാന്തിരം അങ്ങനെ നിയമനം നടത്തുണ കോടതിയുടെ ഉത്തരവനുസരിച്ചു കാര്യങ്ങൾ നടത്തിക്കാവുണതാകുന്നു.

വിവാഹത്തിന്റെ ഫലം.

൫൧. ഇല്ലത്തെ ഒരു പെൺകുട്ടിയെ പതിനെട്ടുവയസ്സു പൂർത്തിയായതിനുശേഷവും വിവാഹം ചെയ്തു കൊടുക്കാതെ ഒരു കാരണവൻ ഉദാസീനത കാണിക്കുണതായാൽ അവളുടെ അച്ഛനാകട്ടെ അച്ഛനില്ലാത്തപക്ഷം ഉടൻപൂവ്വം നടത്താൻ അവകാശമുള്ള ഇല്ലത്തെ മറ്റേതെങ്കിലും അംഗത്തിനാകട്ടെ അവളുടെ വിവാഹം നടത്തിക്കാൻ അവകാശമുണ്ടായിരിക്കുണതും അതിലേക്ക ന്യായമായി ആവശ്യമുള്ള തുക ഇല്ലത്തുനിന്ന് ഇടാക്കാൻ അയാൾക്ക അവകാശമുണ്ടായിരിക്കുണതുമാകുന്നു.

ഇല്ലത്തിന്റെ പേരിലുള്ള വിധി.

൫൨. ഇല്ലത്തിൽ കാരണവന്റെ നിലയിൽ കാരണവനും അയാളുടെ ശാഖയിലേയും അകുണ ശാഖകളുണ്ടെങ്കിൽ അവയിലോരോന്നിലേയും മൂത്ത അനന്തിരവൻമാർ എതിരുയി സമ്പാദിക്കപ്പെട്ടണതല്ലാത്ത യാതൊരു വിധിയും ഇല്ലത്തെ ബന്ധിക്കുന്നതല്ല.

സംരക്ഷണാവകാശം.

൫൩. (൧) ഇല്ലത്തു താമസിക്കുന്നതായാലും അല്ലെങ്കിലും ഒരു ഇല്ലത്തിലെ എല്ലാ അംഗത്തേയും ഇല്ലത്തുനിന്നു സംരക്ഷിക്കേണ്ടതാകുന്നു.

വസ്തുക്കൾ പ്രത്യേകം തിരിച്ചു കിട്ടുവാനുള്ള അവകാശം.

(൨) ന്യായമായതും മതിയായതും ആയ കാരണം ഉള്ള പക്ഷം, തന്റെ സംരക്ഷണത്തിനു വേണ്ടി, ഇല്ലത്തെ വസ്തുക്കൾ പ്രത്യേകം തിരിച്ചു കിട്ടാൻ ഒരു ഇല്ലത്തെ യാതൊരംഗത്തിനും അവകാശമുണ്ടായിരിക്കേണ്ടതാകുന്നു.

അദ്ധ്യായം ൧൧.

മൈനർമാരുടെ രക്ഷാധികാരം.

മൈനർമാരുടെ രക്ഷാധികാരം.

൫൪. രക്ഷകരക്ഷിത്വ റഗുലേഷനിലെ വ്യവസ്ഥകൾക്കുവിധേയപ്പെട്ട യഥാക്രമം താഴെ പറയുന്ന ആളുകൾ മൈനർമാരുടെ ദേഹത്തിന്മേലും പ്രത്യേകസ്വത്തുക്കളിന്മേലും നിയമപ്രകാരമുള്ള രക്ഷകർത്താക്കന്മാരായിരിക്കുണതാണ്;അതായതു, അച്ഛൻ, അമ്മ, അച്ഛന്റെ അച്ഛൻ. വയസ്സു മൂപ്പുസരിച്ചു പൂർണ്ണസഹോദരന്മാർ, വയസ്സു മൂപ്പുസരിച്ചു അച്ഛന്റെ പുത്രന്മാരായ ഏകോദരന്മാർ, വയസ്സു മൂപ്പുസരിച്ചു പിതൃ സഹോദരന്മാർ.

അദ്ധ്യായം ൧൨.

ഓയത്രമവും മരണശാസനമില്ലാത്തപ്പോൾ പിൻതുടർച്ചാവകാശവും:—

മരണശാസനമില്ലാതെ മരിക്കുന്ന പുരുഷന്റെ സ്വത്തിനുള്ളപിൻതുടർച്ചാവകാശം.

൫൫. ഒരു മലയാളബ്രാഹ്മണപുരുഷൻ മരിക്കുമ്പോൾ ആ ആളുടെ സജാതീയ വിധവകളും സജാതീയ വിധവകളിലുള്ള പുത്രന്മാരും പുത്രികളും ജീവിച്ചിരിക്കുന്നതായാൽ അവർക്ക ൧൯൦൨-മാമാണ്ടത്തെ രണ്ടാം നമ്പരായ നായർ റഗുലേഷൻ ഇരുപത്തി ഒന്നാം വകുപ്പിലെ വ്യവസ്ഥകൾക്കുവിധേയപ്പെട്ട്, അയാളാൽ വിനിയോഗിക്കപ്പെടാതെ അയാളുടെ മരണകാലത്തു ശേഷിക്കുന്ന സ്വയാർജ്ജിതവും പ്രത്യേകവുമായ മുഴുവൻ സ്വത്തും തുല്യ ഓഹരികളായി ലഭിക്കുണതാകുന്നു.

എന്നാൽ, മരണശാസനം എഴുതി വയ്ക്കാത്ത ആളിന്റെ മരണത്തിനു മുമ്പു ഒരു പുത്രനൊ പുത്രിയൊ മരിച്ചു പോകുന്നതായാൽ ആ പുത്രന്റെയൊ പുത്രിയുടെയൊ സന്താനങ്ങൾക്ക്, അപ്രകാരമുള്ള ആളിന്റെ മരണശേഷം ആ പുത്രനൊ പുത്രിയൊ ജീവിച്ചിരുന്നെങ്കിൽ അവനൊ അവർക്കൊ ലഭിക്കുമായിരുണ ഓഹരി ലഭിയ്ക്കുവാൻ അവകാശമുള്ളിതാകുന്നു.

മരണശാസനമില്ലാതെ മരിക്കുന്ന പുരുഷന്റെ സ്വത്തു ആർക്കു ചെല്ലുമെന്ന്.

൫൬. ഒരു മലയാളബ്രാഹ്മണപുരുഷൻ മരിക്കുമ്പോൾ മുൻവകുപ്പിൽ, പറഞ്ഞിട്ടുള്ള അവകാശികളിൽ ആരും തന്നെ ഇല്ലാതിരുന്നാൽ, അയാളാൽ വിനിയോഗിക്കപ്പെടാതെ, അയാളുടെ മരണകാലത്തു ശേഷിക്കുന്ന സ്വയാർജ്ജിതവും പ്രത്യേകവുമായസ്വത്തു ൧൯൦൨-മാമാണ്ടത്തെ രണ്ടാം നമ്പരായ നായർ റഗുലേഷൻ ഇരുപത്തി ഒന്നാം വകുപ്പിലെ വ്യവസ്ഥകൾക്കുവിധേയപ്പെട്ട് അയാളുടെ ഇല്ലത്തിലെ അംഗങ്ങൾക്കു ചെല്ലുന്നതാകുന്നു.

മരണശാസനം കൂടാതെ മരിക്കുന്ന സ്ത്രീകളുടെ സ്വത്തിനുള്ള അവകാശം.

൫൭. (൧) ഒരു മലയാളിബ്രാഹ്മണസ്ത്രീ മരിക്കുമ്പോൾ അവളുടെ പുത്രന്മാരും പുത്രികളും ജീവിച്ചിരിക്കുന്നതായാൽ, അവൾക്ക് അവളാൽ വിനിയോഗിയ്ക്കപ്പെടാതെ അവളുടെ മരണകാലത്തു ശേഷിക്കുന്ന സ്വയാർജ്ജിതവും പ്രത്യേകവുമായ സ്വത്തു മുഴുവനും തുല്യ ഓഹരികളായി ലഭിക്കുന്നതാകുന്നു.

എന്നാൽ മരണശാസനം എഴുതി വയ്ക്കാത്ത ആളിന്റെ മരണത്തിനു മുമ്പു തന്നെ പുത്രനോ പുത്രിയോ മരിച്ചു പോകുന്നതായാൽ ആ പുത്രന്റേയോ പുത്രിയുടേയോ സന്താനങ്ങൾക്ക്, അപ്രകാരമുള്ള ആളിന്റെ മരണശേഷം ആ പുത്രനോ പുത്രിയോ ജീവിച്ചിരുന്നെങ്കിൽ അവനോ അവർക്കോ ലഭിക്കുമായിരുന്ന ഭാഗം ലഭിക്കുവാൻ അവകാശമുള്ളതാകുന്നു.

(൨) മക്കളില്ലാതിരുന്നാൽ (൧-ാം) ഉപഖണ്ഡത്തിൽ പറഞ്ഞിട്ടുള്ള സ്വത്തു തന്നെ ലഭിക്കുന്നതാകുന്നു.

മരണശാസനം കൂടാതെ മരിക്കുന്ന സ്ത്രീയുടെ സ്വത്തു് ആർക്കു ചെല്ലുമെന്നു.

൫൮. ഒരു മലയാള ബ്രാഹ്മണസ്ത്രീ മരിക്കുമ്പോൾ മുൻവകുപ്പിൽ പറഞ്ഞിട്ടുള്ള അവകാശികളിൽ ആരും തന്നെ ഇല്ലാതിരുന്നാൽ, അവളാൽ വിനിയോഗിക്കപ്പെടാതെ അവളുടെ മരണകാലത്തു ശേഷിക്കുന്ന സ്വയാർജ്ജിതവും പ്രത്യേകവുമായ സ്വത്തു മുഴുവനും അവളുടെ ഭർത്താവിന്റെ ഇല്ലത്തെ അംഗങ്ങൾക്കു ലഭിക്കുന്നതാകുന്നു.

മരണശാസനം കൂടാതെ മരിക്കുന്ന അവിവാഹിതയായ സ്ത്രീയുടെ സ്വത്തു ആർക്കു ചെല്ലുമെന്നു്.

൫൯. അവിവാഹിതയായ ഒരു മലയാള ബ്രാഹ്മണസ്ത്രീ മരിക്കുമ്പോൾ അവളാൽ വിനിയോഗിക്കപ്പെടാതെ ശേഷിക്കുന്ന സ്വയാർജ്ജിതവും പ്രത്യേകവുമായസ്വത്തുമുഴുവനും അവളുടെ മാതാപിതാക്കന്മാർക്കു ചെല്ലുന്നതാകുന്നു.

൬൦. അവളുടെ മാതാപിതാക്കന്മാരില്ലാത്ത പക്ഷം അതു് അവളുടെ സഹോദരന്മാർക്കും സഹോദരികൾക്കും തുല്യ ഓഹരികളായി ചെല്ലുന്നതും, അവരില്ലാത്തപക്ഷം അതു് അവളുടെ ഇല്ലത്തേക്കു ചെല്ലുന്നതുമാകുന്നു.

അദ്ധ്യായം ൪.

കൂട്ടുതൽ വ്യവസ്ഥകൾ.

വിധവയുടെ അവകാശം.

൬൧. ഒരു ഇല്ലത്തെ ജീവിച്ചിരിക്കുന്ന അംഗങ്ങളെല്ലാം വിധവകളാണെങ്കിൽ ഇല്ലത്തെ വസ്തുക്കൾ തങ്ങൾക്കു തമ്മിൽ തുല്യഓഹരികളായി ഭാഗിക്കാൻ അവർക്ക് അവകാശമുണ്ടായിരിക്കുന്നതാകുന്നു.

സ്ത്രീധനം

൬൨. ഒരു മലയാളബ്രാഹ്മണന്റെ ലഭിച്ചിട്ടുള്ള സ്ത്രീധനം ഭർത്താവിന്റേയും ഭാര്യയുടേയും കൂട്ടുസ്വത്തായി ഗണിക്കേണ്ടതാകുന്നു.

ഇടപ്പള്ളി സ്വരൂപത്തെ ഒഴിവാക്കിയിരിക്കുന്നു എന്നു്.

൬൩. ഇതിനു മുകളിൽ വ്യക്തമായി വ്യവസ്ഥചെയ്തിരിക്കുന്നിടത്തോളമല്ലാതെ നടപ്പിലിരിക്കുന്ന നിയമങ്ങളേയോ ആചാരത്തേയോ നടപ്പിനേയൊ ഈ റഗുലേഷനിലുള്ള യാതൊന്നും ബാധിച്ചുകൂടുന്നതല്ലാ.

ഒഴിവാക്കൽ.

പി. എൻ. കൃഷ്ണപിള്ള, നിയമസഭാ സിക്രട്ടറി.

രണ്ടാം അനുബന്ധം.

നിയമസഭയെ സംബന്ധിച്ചിട്ടുള്ള സ്ഥിരം ഉത്തരവുകളിലെ അൻപഞ്ചാറാംനമ്പർ സ്ഥിരം ഉത്തരവു ഭേദപ്പെടുത്തുന്നതിനു മി: എസ്. മാധവരാഘവൻ ഹാജരാക്കിയിട്ടുള്ള ഭേദഗതി,

അൻപത്തിനാറാം നമ്പർ സ്ഥിരം ഉത്തരവു് ഒന്നാംപംക്തിയിൽ 'നൽകുന്നു' എന്ന പദത്തിനുശേഷവും 'പൂർണ്ണമായ' എന്ന പദത്തിനു മുമ്പും 'അഞ്ചു' എന്നതിനു പകരം 'രണ്ടു' എന്നതു ചേർക്കുക.

ഹജൂർ കച്ചേരി
തിരുവനന്തപുരം,
ഫർസ്റ്റ് ജൂൺ ഫസ്റ്റ്-

പി. എൻ. കൃഷ്ണപിള്ള,
നിയമസഭാ സിക്രട്ടറി.

നിയമസഭയെ സംബന്ധിച്ചുള്ള സ്ഥിരം ഉത്തരവുകളിലെ അൻപത്തിനാറാം നമ്പർ സ്ഥിരം ഉത്തരവു ഭേദഗതി ചെയ്യുന്നതിനുള്ള പ്രത്യേകകമ്മിറ്റി നിയമിച്ചിട്ടുള്ള നിപ്പോർട്ട്.

നിയമസഭയിലെ സ്ഥിരം ഉത്തരവുകളിലെ അൻപത്തി ആറാംനമ്പർ സ്ഥിരം ഉത്തരവു ഭേദപ്പെടുത്തുന്നതിനു നിയമിച്ചിട്ടുള്ള പ്രത്യേകകമ്മിറ്റിയിലെ സാമാജികന്മാരായ താഴെ കയ്യൊപ്പിട്ടിരിക്കുന്ന ഞങ്ങളും നീർക്കോഴി

ച്ചിട്ടുള്ള ഭേദഗതിയെപ്പറ്റി പരിശോധിച്ചിട്ടുള്ളതും താഴെ ചേർത്തിരിക്കുന്നപ്രകാരം റിപ്പോർട്ടുചെയ്തിരിക്കുന്നതും ആകുന്നു.

പ്രതിപാദ്യവിഷയത്തിന്റെ ഇപ്പോഴത്തെ നിലയെപ്പറ്റി പരിശോധിക്കുന്നപക്ഷം പൂർണ്ണമായ മൂന്നുദിവസത്തിനുമുമ്പ് അറിയിച്ചു നൽകിയാൽ മതിയാകുമെന്നുള്ള അഭിപ്രായത്തെ ഞങ്ങൾ സ്വീകരിച്ചിരിക്കുന്നു. അതിനാൽ സ്ഥിരം ഉത്തരവിൽ 'അഞ്ചു' എന്ന പദത്തിനുപകരം 'മൂന്നു' എന്ന പദം ചേർക്കുന്നതിനു ഞങ്ങൾ നിർദ്ദേശിക്കുന്നു. ഭേദപ്പെടുത്തിയിട്ടുള്ള സ്ഥിരം ഉത്തരവ് താഴെ കൊടുത്തിട്ടുള്ള പ്രകാരമാകുന്നു:—

"ഒന്നു. ധനാഭ്യർത്ഥനയെപ്പറ്റി പരിശോധിക്കുന്നതിനു നിശ്ചയിച്ചിട്ടുള്ള ദിവസത്തിനു മുന്നു ദിവസത്തിനുമുൻപു, ബഡ്ജറ്റിൽ കൊള്ളിച്ചിട്ടുള്ള ഏതെങ്കിലും ഗ്രാന്റു കുറയ്ക്കുകയൊ, തള്ളുകയൊ ചെയ്യുന്നതിനെസംബന്ധിച്ചു ഒരു ഉപക്ഷേപം ഹാജരാക്കുന്നതിന് അറിയിപ്പു നൽകുന്നതിനുള്ള നോട്ടീസുനൽകിയിരിക്കുന്നപക്ഷം ഉപക്ഷേപം ഹാജരാക്കുന്നതുസംഗതിയിൽ ഏതെങ്കിലും സാമാജികനു പ്രതികൂലാഭിപ്രായം പ്രകടിപ്പിക്കാവുന്നതും അപ്രകാരമുള്ള പ്രതികൂലാഭിപ്രായത്തിനു പ്രാബല്യമുണ്ടായിരിക്കുന്നതും കൊണ്ടു സ്ഥിരം ഉത്തരവിനെ ഭേദപ്പെടുത്തുന്നതിനുള്ള സ്വാധികാരം പ്രയോഗിച്ചു് ഉപക്ഷേപം ഹാജരാക്കുന്നതിനു് അദ്ധ്യക്ഷനു് അധികാരമുണ്ടായിരിക്കുന്നതും ആകുന്നു.

(അടിയിൽ വരയിട്ടിട്ടുള്ള പദം ഭേദഗതിപ്രകാരം ചേർത്തിട്ടുള്ളതാകുന്നു.)

കെ. പി. കൃഷ്ണയ്യങ്കാർ (ഒപ്പ്) അദ്ധ്യക്ഷൻ ൭-൫൦-൫൦൪.
എ. എസ്. മാമോദരനാശാൻ (ഒപ്പ്) ൫-൫൦-൫൦൪
എ-യൂ. ബി. മഹമ്മദ് റാവുത്തർ (ഒപ്പ്)
വി. ജെ. ഉമ്മൻ (ഒപ്പ്) ൭-൫൦-൫൦൪.
കെ. എൻ. കേശവൻനംപൂതിരിപ്പാട് (ഒപ്പ്)
കെ. പരമേശ്വരൻപിള്ള (ഒപ്പ്)
(പ്രതികൂലാഭിപ്രായം രേഖപ്പെടുത്തി)
സി. എസ്. കൃഷ്ണസ്വാമി അയ്യർ (ഒപ്പ്)
(പ്രതികൂലാഭിപ്രായം രേഖപ്പെടുത്തി)
പി. എൻ. കൃഷ്ണപിള്ള (ഒപ്പ്)
(പ്രതികൂലാഭിപ്രായം രേഖപ്പെടുത്തി)

സ്ഥിരം ഉത്തരവുകളനുസരിച്ചു് അഞ്ചു് ദിവസത്തിനുമുമ്പു് ഉപക്ഷേപത്തെ സംബന്ധിച്ചു അറിയിപ്പു നൽകേണ്ടതാണെന്നു വ്യവസ്ഥചെയ്തിരിക്കുന്നു. ഇതു വളരെ ദീർഘമായ ഒരു കാലമാണെന്നു ഞാൻ വിചാരിക്കുന്നില്ല. അറിയിപ്പു വേണ്ടെന്നു വയ്ക്കുന്നതിനുള്ള അധികാരം പ്രസിഡൻറിനുള്ളതാകുന്നു. അതിനു വ്യവസ്ഥചെയ്തിട്ടുണ്ടു്. അതിനാൽ പ്രത്യേകിച്ചും അടിയന്തിരസ്വഭാവമുള്ള യാതൊരുപക്ഷവും നേരിടുന്നതിനിടയില്ല. മേലെ മറിച്ചു ചൂണ്ടിയ കാലത്തിനുമുൻപു് നോട്ടീസുനൽകിയിരിക്കണമെന്നുള്ളപക്ഷം അതുനിമിത്തം ഉദ്യോഗസ്ഥസാമാജികന്മാർക്കു ഉപദ്രവം നേരിടുന്നതാണു്. എന്തെന്നാൽ പൂർണ്ണവും കൃത്യവും ആയ വിവരങ്ങൾ നൽകി ധനാഭ്യർത്ഥനകൾ കുറയ്ക്കുന്നതിനെ സംബന്ധിച്ചു് ഹാജരാക്കപ്പെട്ടിട്ടുള്ള ഉപക്ഷേപങ്ങളെ സംബന്ധിച്ചു മറുപടി നൽകേണ്ടതായിട്ടുണ്ടു്. ഈ ആവശ്യത്തിൽ മറ്റൊരു കാര്യംകൂടി പ്രസ്താവിക്കുവാനുണ്ടു്. വ്യത്യസ്തമായ ഏതെങ്കിലും സംഗതികളിൽ പോലും ഭേദഗതിയിലെ നിർദ്ദേശിച്ചിട്ടുള്ള നോട്ടീസിന്റെ കാലത്തെ നീർവ്വഹിപ്പിക്കുന്നതിനു യഥാർത്ഥസാമാജികനോ അദ്ധ്യക്ഷനോ നിർബ്ബന്ധിക്കുവാൻ പാടില്ലാത്തതുമാകുന്നു. അതിനാൽ സ്ഥിരമുത്തരവിനെ ഭേദപ്പെടുത്തുന്നതു് ആശാസ്യമല്ലെന്നും അപ്രകാരം ചെയ്യേണ്ട ആവശ്യമില്ലെന്നും ഉള്ള എന്റെ അഭിപ്രായത്തെ ഞാൻ രേഖപ്പെടുത്തിക്കൊള്ളുന്നു.

കെ. പരമേശ്വരൻപിള്ള (ഒപ്പ്) ൧൦-൪-൫൯ന്നു
ഞാൻ ഇതിനോടു യോജിക്കുന്നു.
സി. എസ്. കൃഷ്ണസ്വാമിഅയ്യർ (ഒപ്പ്) ൧൦-൪-൫൯ന്നു
ഞാൻ ഈതിനോടു യോജിക്കുന്നു.
പി. എൻ. കൃഷ്ണപിള്ള (ഒപ്പ്) ൧൦-൪-൫൯ന്നു

ഹജൂർ കച്ചേരി, തിരുവനന്തപുരം,

പി. എൻ. കൃഷ്ണപിള്ള,
നിയമസാമാജികൻ.

൧൯൫൯ ജൂൺ ൧൨-ാംനു.

(A true translation)
T. RAMALINGOM PILLAI,
Head Translator to Government.

തിരുവിതാംകൂർ നിയമസഭ.

മൂന്നാമത്തെ സഭ

മൂന്നാമത്തെ സമ്മേളനം.

(ഔദ്യോഗികറിപ്പോർട്ട്.)

വ്യാഴാഴ്ച, 1108 മാണ്ട് ഡിസംബർ 20-ാം തീയതി.

ആക്ടിംഗ് ദിവാൻജി. പി. എ. വെങ്കിട്ടരാമയ്യർ ബി. എ. ബി. എൽ. അവർകളുടെ അദ്ധ്യക്ഷതയിൽ 20-ാം തീയതി വ്യാഴാഴ്ച ജുബിലി ടൗൺഹാളിൽ സഭ വീണ്ടും കൂടി.

മി. എൽ. ഡി. ലാബർട്ട്, മി. കെ. മായവൻ മി. എസ്. പിറ്റിപെരുമാൾ ഇവർ ഹാജരായിരുന്നു.

ചോദ്യങ്ങളും ഉത്തരങ്ങളും.

കോട്ടയത്തുള്ള പബ്ലിക്ക് ആഫീസുകൾ.

൧൭. മി: എ. സി. കുട്ടിക്കോസ് (മീനച്ചൽ-മേവികളും) : താഴെ പറയുന്ന സംഗതികളെക്കാണിക്കുന്ന ഒരു പട്ടിക മേശമേൽ വയ്ക്കുന്നതിനു ഗവണ്മെൻറിനു മനസ്സുണ്ടാകുമോ?

എ. കോട്ടയത്തുള്ള പബ്ലിക് ആഫീസുകളുടെ പേരുകൾ.

ബി. അടച്ചിട്ടിരിക്കുന്ന കെട്ടിടങ്ങളുടെ സ്വാധീനം സർക്കാരിൻറെതോ വാടകയ്ക്ക് എടുത്തിരിക്കുന്നതോ എന്ന്.

സി. വാടകയ്ക്കുള്ളതാണെങ്കിൽ മാസം തോറും കൊടുക്കുന്ന വാടകയുടെ തുക.

ഡി. കോട്ടയം താലൂക്കകച്ചേരി കെട്ടിടത്തിൽ നിന്നും മറ്റുമുള്ള ആഫീസുകളിലേക്കുള്ള ദൂരം.

മി: ടി. കെ. മാധവൻനായർ (ആ. ഗവണ്മെൻറ സെക്രട്ടറി): എ. ബി. സി. യുടെ വിവരങ്ങൾ അടങ്ങിയ ഒരു പട്ടിക മേശമേൽ വച്ചിരിക്കുന്നു.

മി: എ. സി. കുട്ടിക്കോസ് (മീനച്ചൽ-മേവികളും): ഈ പട്ടികയിൽ കാണുന്നത് എത്ര വാടകക്കെട്ടിടങ്ങളാണ് ഉള്ളതു എന്നാണ്. അവയ്ക്ക് നൂറു രൂപയിൽ അധികം പ്രതിമാസം വാടക കൊടുക്കുന്നു. അങ്ങിനെ ഒരു വർഷത്തിൽ നൂറു രൂപയിൽ അധികം വാടകയിനത്തിൽ ചിലവാകുന്നതവണം കാണുന്നു. എന്നാൽ ഈ കെട്ടിടങ്ങളിൽ ചിലതിനെക്കുറിച്ചുള്ള വസ്തുതകളെല്ലാം മുന്നു ഹർജ്ജിയിൽ അകലമില്ലാത്ത കെട്ടിടങ്ങളിലാണു സ്ഥിതിചെയ്യുന്നത്. ഇവയെല്ലാം കൂടി ഒരു കെട്ടിടത്തിൽ ആക്കി നടത്തത്തക്കവണ്ണം, കെട്ടിടം പണിയിക്കുന്നതിൽ ഗവണ്മെൻറിനു നടപടിയുണ്ടോയെന്നു വിചാരിക്കുന്നുണ്ടോ?

മി: ടി. കെ. മാധവൻ നായർ (ആ. ഗവണ്മെൻറ സെക്രട്ടറി): അതു ആലോചനയിൽ ഇരിക്കുന്നു.

സയൻസുകാളേജിലെ കണക്ക വകുപ്പിലുള്ള പ്രഫസറന്മാരും റ്റ്യൂട്ടറന്മാരും.

൧൯. മി: എ. സി. കുട്ടിക്കോസ (മീനച്ചൽ-മേവികളും) : ഗവണ്മെൻറിൽ നിന്നും താഴെപ്പറയുന്ന ചോദ്യങ്ങൾക്ക് ഉത്തരം പറയുമോ?

എ. ഇപ്പോൾ (കൺസൾ ജനവരി ൧-൦൦൯) സയൻസ്സ് കാളേജിലെ കണക്കവകുപ്പിലുള്ള പ്രഫസറന്മാരുടെയും റ്റ്യൂട്ടറന്മാരുടെയും എണ്ണം.

ബി. ഈ വകുപ്പിൽ അസമത്വം നിമിത്തം വ്യസനിച്ചുകൊണ്ടിരുന്ന അഭ്യർത്ഥന സമുദായങ്ങൾക്ക് മുൻഗണന കൊടുക്കുന്നതുകൊണ്ടും ഏതെങ്കിലും പ്രത്യേക നിബന്ധനകൾ മി. രാമചന്ദ്രയ്യരുടേയോ എം. ഇ. വാട്ട്സ്സിൻറെയോ കാലത്തും ചെയ്തിട്ടുണ്ടോ?

സി. ഈ കൊല്ലത്തിൽ (൧൯൦൪) ഒരു പുതിയ ഉദ്യോഗം ഒഴിവുവന്നതിൽ ഒരു അഭ്യർത്ഥനയെയാണു നിയമിച്ചതെങ്കിലുള്ള ഒരു വാസ്തവമായ സംഗതിയുണ്ടോ?

ഡി. അസമത്വം നിമിത്തം വ്യസനിച്ചുകൊണ്ടിരുന്ന സമുദായങ്ങളിലെ അംഗങ്ങളിൽ നിന്നും ഈ ഉദ്യോഗത്തിനു വല്ല അപേക്ഷകന്മാരും മുമ്പേയിരുന്നോ?

ഇ. ഉണ്ടായിരുന്നെങ്കിൽ ആ അപേക്ഷകനെ നിയമിയ്ക്കാതിരിയ്ക്കുന്നതിനുള്ള കാരണം.

മി: കെ. ജോർജ് (ഗവണ്മെൻറ ചീഫ് സെക്രട്ടറി): എ. പ്രഫസറന്മാർ ൨
അസിസ്റ്റൻറ് പ്രഫസറന്മാർ ൨
റ്റ്യൂട്ടറന്മാർ ൩

ബി. കണക്ക വകുപ്പിനെ സംബന്ധിച്ചു മാത്രമായിട്ടു ഞങ്ങിനെ ഒരു പ്രത്യേക ഉത്തരമില്ല. എന്നാൽ സർക്കാർ സർവീസിൽ വേണ്ടത്ര പ്രാതിനിദ്ധ്യം ഇല്ലാത്ത സമുദായത്തിലെ അപേക്ഷകന്മാർക്ക് മുൻഗണന കൊടുക്കണമെന്നുള്ള ഗവണ്മെൻറ് നയത്തെ കണിശമായി പരിപാലിയ്ക്കുണ്ടെന്നു ഗവണ്മെൻറിൽ നിന്നും വിദ്യാഭ്യാസ മേലധ്യക്ഷനു ഉപദേശം കൊടുത്തിട്ടുണ്ട്.

സി. ൧൯൦൪-ൽ രണ്ടൊഴിവുകൾ ഉണ്ടായിരുന്നു. ഈഴവത്തെ ഒഴിവിനു ഒരു ബ്രാഹ്മണനേയും രണ്ടാമത്തെ ഒഴിവിനു ഒരു റോമൻ കത്തോലിക്കനേയും നിയമിച്ചു.

ഡി. ഒന്നാമത്തെ ഒഴിവിനു ഒരു ക്ഷത്രിയനും ഒരു റോമൻ കത്തോലിക്കനും, ഒരു യാക്കോബായറും ഉദ്യോഗാപേക്ഷകന്മാരായിരുന്നു.

ഇ. ഏറ്റവും അധികം യോഗ്യതയുള്ളവരിനെ തിരഞ്ഞെടുത്തു.

൨൦-൧൨-൧൦൮ ഈ കൊല്ലങ്ങളിൽ മീനച്ചൽ താലൂക്കിലുള്ള പൊതു മരാമത്തു പണികൾ.

൧൯. മി: എ. സി. കുട്ടിക്കോസ (മീനച്ചൽ-മേവികളും): ഗവണ്മെൻറിൽ നിന്നും ദയവായി താഴെപ്പറയുന്ന ചോദ്യങ്ങൾക്ക് ഉത്തരം പറയുമോ?.

Vol. XVIII. No. 3.
G. P. T. 1693. 150. 20-6.108.

എ. മാൻ-മാരാർ ഈ പഞ്ചായത്തുകളിൽ പബ്ലിക്ക് വർക്ക്സ് ഡിപ്പാർട്ടുമെന്റിൽ നിന്നും എന്തെങ്കിലും കെട്ടിടങ്ങൾ പണിചെയ്തിട്ടുണ്ടോ? ഉണ്ടെങ്കിൽ അവയേതെല്ലാമാണ്?

ബി. ഈ കഴിഞ്ഞ പഞ്ചായത്തുകളിൽ പബ്ലിക്ക്വർക്സ് ഡിപ്പാർട്ടുമെന്റിൽ നിന്നും മീനച്ചൽ താലൂക്കിൽ എന്തെങ്കിലും റോഡുകൾ പുതിയതായി തീർത്തിട്ടുണ്ടോ? ഉണ്ടെങ്കിൽ അവയേതെല്ലാമാണ്.

സി. കഴിഞ്ഞ പഞ്ചായത്തുകളിലായി മീനച്ചിൽ താലൂക്കിൽ വല്ല പാലങ്ങളും പബ്ലിക് വർക്സ്ഡിപ്പാർട്ടുമെന്റിൽ നിന്നും പണി കഴിപ്പിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവയേതെല്ലാമാണ്.

ഡി. എ, ബി, സി. ഇവയ്ക്കുള്ള ഉത്തരം പുതിയതായി ഒരു പണിയും ചെയ്തിട്ടില്ലാ എന്നാകുന്നു എങ്കിൽ അതിനുള്ള കാരണം.

ഇ. പുതിയതായി എന്തെങ്കിലുംജോലികൾ നിലയിച്ചിട്ടുണ്ടെങ്കിൽ അവ എപ്പോൾ മിഥുനംവൃശ്ചികം ഇങ്ങനെ ഏതു നിലയിൽ എത്തിയിട്ടുണ്ട്.

മി: ടി. കെ. മാധവൻനായർ (ആ. ഗവണ്മെന്റ് സിക്രട്ടറി): എ. മീനച്ചൽ താലൂക്കകത്തുള്ള പഞ്ചായത്തുകളുടെ കാര്യം തീർക്കുകയും ഈരാട്ടുപുഴയും, പൂഞ്ഞാറുമുള്ള സർവ്വേകളുടെ കാര്യം തീർക്കുകയുമല്ലാതെ വേറെ ഒന്നും ചെയ്തിട്ടില്ല.

ബി. ( ) കിടങ്ങൂർ വഴിയുടെ ഒന്നാമത്തെയും, രണ്ടാമത്തെയും ഭാഗങ്ങളും വണ്ടിപോകത്തക്കവണ്ണം ഒരു റോഡായി തീർത്തിട്ടുണ്ട് (ഉ) മീനച്ചിൽ കടപ്പൂരത്തിപ്പാത -വണ്ടിപോകത്തക്കവണ്ണം ഒരു റോഡാക്കിത്തീർത്തിട്ടുണ്ട്. (ന) ളാലത്തുനിന്നും രാമപുരത്തേക്കുള്ള പാതനന്നാക്കുകയും വണ്ടിപോകത്തക്കവിധത്തിലാക്കുകയും ചെയ്തിട്ടുണ്ട്.

സി (ക) മീനച്ചൽ കടപ്പൂരത്തി റോഡിൽ മൂന്നു പാലങ്ങളും ളാലം-രാമപുരം റോഡിൽ രണ്ടുപാലങ്ങളും, (ഉ) ളാലം തൊടുപുഴറോഡിലുള്ള അല്ലപ്പള്ളിപ്പാലം വീണ്ടും നന്നാക്കിയിട്ടും (ന) ളാലം-പൂഞ്ഞാർ റോഡിന്റെ ന്യൂ-മ-ൽ ഉള്ളപാലം വീണ്ടും തീർത്തിട്ടുണ്ട്. (ഴ) അതിരമ്പുഴ ളാലം റോഡ്ലെ ന്യൂ-ഇ-ൽ ഉള്ള പാലം വീണ്ടും തീർത്തിട്ടുണ്ട്.

ഡി. എ. ബി. ഡി. ഇവയ്ക്കു കൊടുത്തിട്ടുള്ള ഉത്തരങ്ങൾ നിമിത്തം ഈ ചോദ്യത്തിനു ഉത്തരം പറയേണ്ട ആവശ്യമില്ല.

ഇ. എല്ലാജോലികളും പൂർത്തിയാക്കിയിട്ടുണ്ട്.

മി: എ. സി. കുര്യാക്കോസ് (മീനച്ചൽ-മേലുകാവും): പുതിയകെട്ടിടങ്ങൾ എത്രയെണ്ണം പണിയിച്ചിട്ടുണ്ടെന്നാണ് എന്നുള്ള ചോദ്യം. ഇതു എണ്ണം നന്നാക്കിയിട്ടുണ്ടെന്നാണോ മറ്റോ, പുതിയകെട്ടിടങ്ങളെപ്പറ്റിയാണ് അറിയേണ്ടത്. ഏതു പുതിയ കെട്ടിടം പണിയിച്ചുവെന്നു പറയാമോ?

മി: ടി. കെ. മാധവൻനായർ (ആ. ഗവണ്മെന്റ് സെക്രട്ടറി): പുതിയതായിട്ടില്ലെന്നു പറഞ്ഞിട്ടുണ്ട് താൻ എക്സ്റ്റെൻഷൻ എന്നു പറഞ്ഞിട്ടുണ്ട്.

മി: എ. സി. കുര്യാക്കോസ് (മീനച്ചൽ-മേലുകാവും): റോഡിൽ പാലം പണിയിച്ചു എന്നു പറഞ്ഞിരിക്കുന്നു. പഴയ പാലങ്ങളെ പുതിയതാക്കിയതാണോ?

മി: ടി. കെ. മാധവൻ നായർ (ആ. ഗവണ്മെന്റ് സെക്രട്ടറി): പുതിയതായി കെട്ടിയ പാലങ്ങളാണ്.

മി: എ. സി. കുര്യാക്കോസ് (മീനച്ചൽ-മേലുകാവും): സി (ക) ഈ അഞ്ചു പാലങ്ങളും പുതിയതാണോ?

മി: ടി. കെ. മാധവൻനായർ (ആ. ഗവണ്മെന്റ് സെക്രട്ടറി): അതെ ഈ പത്തു വർഷങ്ങൾക്കുശേഷമുള്ളതാണ്.

മി: എ. സി. കുര്യാക്കോസ് (മീനച്ചൽ-മേലുകാവും): ഈ പത്തു വർഷത്തിനുശേഷം ഈ ളാലം—പൂഞ്ഞാർ റോഡിൽ അഞ്ചു പാലം പണിയിച്ചു എന്നാണോ?

മി: ടി. കെ. മാധവൻനായർ (ആ. ഗവണ്മെന്റ് സെക്രട്ടറി): അതെ.

മി: എ. സി. കുര്യാക്കോസ് (മീനച്ചൽ-മേലുകാവും): അതിനുമുമ്പിൽ ഈ റോഡിൽ പാലം ഇല്ലായിരുന്നു അല്ലേ?

മി: ടി. കെ. മാധവൻനായർ (ആ. ഗവണ്മെന്റ് സെക്രട്ടറി): അതിനുമുമ്പ് ഇല്ലായിരുന്നു.

ആലുവായിലെ പി. ഡബ്ലൂ. ഡി. ഡിവിഷൻ ആഫീസിലെ

ക്ലാർക്കന്മാരുടെ പട്ടിക.

നമ്പ. മി: തണ്ണൂക്കുന്നേൽതോമ്മൻ (കുവാറമ്പുഴ-തൊടുപുഴ): കഴിഞ്ഞ ആറു വർഷങ്ങളിൽ കൂടുതലായി പബ്ലിക് മരാമത്തിൽ കൂടുതലായി സ്ഥലംമാറ്റം ഉണ്ടാകാതെയുള്ള ആലുവാ പി. ഡബ്ലൂ. ഡി. ഡിവിഷൻ ആഫീസിൽ ജോലിചെയ്യുന്ന ക്ലാർക്കന്മാരുടെ പേരും നമ്പരും കാണിക്കുന്ന ഒരു പട്ടിക ദേശമേൽ വയ്ക്കുന്നതിനു ഗവണ്മെന്റിനു ഒരുവൈരോധമുണ്ടാകുമോ?

മി: ടി. കെ. മാധവൻനായർ (ആ. ഗവണ്മെന്റ് സെക്രട്ടറി): പകരം നോക്കുന്നു എന്നുണ്ട് അതുകൊണ്ട് ക്ലാർക്ക് മി. ബി. ശേഷയ്യർ,

പ്രൊമോഷനായി തിരുവിതാംകൂർ മുനിസിപ്പൽ

റഗുലേഷനെ പരിഷ്കരിക്കുന്നതിനുള്ള ബിൽ.

നമ്പ. മി: കെ പത്മനാഭപണിക്കർ (അമ്പലപ്പുഴ): ഗവണ്മെന്റിൽനിന്നും ഒരുവായി താഴെപറയുന്ന ചോദ്യങ്ങൾക്ക ഉത്തരം പറയുമോ?

(എ) ആലപ്പുഴയിലെ മുൻസിപ്പൽ കൌൺസിലിലേക്ക വർഷം/ക്രിസ്തുവർഷം ആർ. ഒ. സി. ക്രിസ്തുവർഷം ജനുവരിമാസം മുതൽ മാറിനോട്ടുകൂടി പകർപ്പു അയച്ചു തരപ്പെട്ടിട്ടും മുൻ-ാമത്തെ ഇ-ാമത്തെ റഗുലേഷനായ തിരുവിതാംകൂർ മുനിസിപ്പൽ നിയമത്തെ പരിഷ്കരിക്കുന്നതിനുള്ള തുമായ കരടുനിയമത്തിന്മേൽ ഗവണ്മെന്റ് എന്തു നടപടിനടത്തി എന്ന്.

(ബി) റെഗുലേഷനെപ്പറ്റി അഭിപ്രായപ്പെട്ട പരിഷ്കാരങ്ങളെപ്പറ്റി, മുൻസിപ്പൽ കൌൺസിലുകളിൽനിന്നും അവക്ക വല്ല അഭിപ്രായങ്ങളും കിട്ടിട്ടുണ്ടോ?

(സി) മുൻസിപ്പൽ റെഗുലേഷനിൽ പ്രത്യേകിച്ചു വ്യവസ്ഥയില്ലാത്തതുമൂലം മുൻസിപ്പൽ കൌൺസിലുകൾ സെക്യൂരിറ്റി ഡിപ്പോസിറ്റ് ഈടാക്കുന്നതിനു അനുവദിക്കുന്ന ബുദ്ധിമുട്ടുകളെപ്പറ്റി അവർക്ക് അറിയാമോ?

(ഡി) ഡിക്കള്ള ഉത്തരം ഖണ്ഡനം ചെയ്യുന്നുണ്ടെങ്കിൽ ഈ വിഷയത്തിൽ അവർ എടുത്തുചെയ്യുവാൻപോകുന്നതെന്ത്?

മി: പി. എൻ. കുഞ്ഞുപിള്ള (ഗവണ്മെന്റ് സെക്രട്ടറി): എ. ബി. പല മുൻസിപ്പൽ കൌൺസിലുകളിൽനിന്നും അഭിപ്രായങ്ങൾ കിട്ടി. ഒന്നൊഴികെ കൌൺസിലുകൾ കരടുബില്ലിൽ ചില ഭേദഗതികൾ ചെയ്യേണ്ടതായി ആവശ്യപ്പെട്ടതിനാൽ നിയമസഭയിൽ ഈ ബിൽ ഹാജരാക്കുന്നതിനു മുള്ള തീയതി മാറിവച്ചു. മുൻസിപ്പൽ റെഗുലേഷനുകൾ പരിഷ്കരിക്കുന്നതിനായി രണ്ടു ബിൽ തയാറാക്കുന്നതിനു ഗവണ്മെന്റിൽനിന്നും അധീഷ്ഠൽ ഹെഡ് സെക്രട്ടറി വക്കീലിനോടു ആവശ്യപ്പെട്ടിട്ടുണ്ട്.

സി. ഇപ്പോഴത്തെ മുൻസിപ്പൽ റെഗുലേഷനിൽ ലൈസൻസ്ഫീസു ഈടാക്കുന്നതിനു പ്രത്യേകിച്ചു വകുപ്പുകൾ ഇല്ലാത്തതുകൊണ്ടു ബുദ്ധിമുട്ടുകൾ നേരിടുന്നുവെന്നു ഗവണ്മെന്റിനു അറിയാം.

ഡി. പുതിയ ബില്ലുകൾ തയ്യാറാക്കുമ്പോൾ ഈ സംഗതി ഓർമ്മിക്കുന്നതാണെന്നു അഡീഷണൽ ഹെഡ് സെക്രട്ടറി വക്കീൽ പറഞ്ഞിട്ടുണ്ട്.

മി: കെ. പത്മനാഭപ്പണിക്കർ (അമ്പലപ്പുഴ): എ. ബി. ഭേദഗതികൾക്കു കൊടുത്തിട്ടുള്ള ഉത്തരങ്ങളെപ്പറ്റി ഈ സഭയിൽനിന്നു അഭിപ്രായപ്പെട്ടിരിക്കുന്ന മാറ്റങ്ങളിലെ സ്വഭാവങ്ങളെപ്പറ്റി പറയാമോ?

മി: പി. എൻ. കുഞ്ഞുപിള്ള (ഗവണ്മെന്റ് സെക്രട്ടറി): അഡീഷണൽ ഹെഡ് സെക്രട്ടറി വക്കീലിനു അയച്ചുകൊടുത്തിട്ടുള്ളതായിട്ടു പല ഭേദഗതികളും ഉണ്ട്. ബിൽ ഇപ്പോൾ ആലോചനയ്ക്കു എടുക്കേണ്ട എന്നു പിന്നീടു തീർച്ചയാക്കി. പുതിയ ഈ രണ്ടു ബില്ലു തയ്യാറാക്കുന്നതിനു ആവശ്യപ്പെടുകയും, തയ്യാറാക്കിവരുകയും ചെയ്യുവരുന്നുണ്ട്.

തുക്കാരിയൂർറോഡിൽനിന്നും കവററിലപ്പുറയിലേക്കുള്ള റോഡ് ഉണ്ടാക്കുന്നതിനെക്കുറിച്ച്.

൪൦. മി: തയ്യുള്ള കുഞ്ഞിത്തൊമ്മൻ (മൂവാറ്റുപുഴ-തൊടുപുഴ): ഗവണ്മെന്റിൽനിന്നും താഴെപ്പറയുന്ന സംഗതികളെക്കുറിച്ചു ഉത്തരം തരുമോ?

എ. തുക്കാരിയൂർ റോഡിൽനിന്നും കവററിലപ്പുറയിലേക്കു ഒരു റോഡു ഉണ്ടാക്കുന്നതിനായി ആയവ്യയക്കണക്കിൽ ഒരു തുക മകൊള്ളിച്ചിട്ടു എത്ര നാളായി എന്നു.

ബി. വണ്ടിപോകത്തക്കവണ്ണം ഈ റോഡിൽ എത്ര ദൂരം തുക്കാരിയൂർ ഭാഗത്തിൽനിന്നു തീർത്തിട്ടുണ്ടു്.

സി. ഫർലോങ്ങുകൾ മുതൽ മൈൽ വരെ ഈ റോഡിൽ എന്തെങ്കിലും ജോലിചെയ്തിട്ടുണ്ടോ?

ഡി. ഫൈനൽ എസ്റ്റിമേറ്റ് ചീഫ് ഇൻജിനീയർ ഈ റോഡു പരിശോധിച്ചോ?

ഇ. ഇതു ഉടനെ പൂർത്തിയാക്കണമെന്ന അദ്ദേഹത്തിന്റെ ഡയറിയിൽ എഴുതിട്ടുണ്ടോ?

മി: ടി. കെ. മാധവൻനായർ (ആ. ഗവണ്മെന്റ് സെക്രട്ടറി): എ. അഞ്ചുകൊല്ലത്തേക്കും.

ബി. ഉദ്ദേശം മുന്നൂറുകാൽ നാഴിക.

സി. പൊന്നംവിലകൊടുത്തു എടുക്കേണ്ട സ്ഥലങ്ങൾ ഒഴിച്ചു റോഡിന്റെ ഒന്നും രണ്ടും ഭാഗങ്ങളുടെ മൺജോലി മിക്കവാറും പൂർത്തിയായിട്ടുണ്ടു്. കല്ലുജോലിയും അഭിവൃദ്ധിയിൽ നടക്കുന്നുണ്ടു്. തുക കിട്ടാത്തതിനുള്ള താമസംകൊണ്ടു ജോലി ഇപ്പോൾ ശരിയായിട്ടു അഭിവൃദ്ധിപ്പെടുന്നില്ല. തുക എടുക്കുന്നതിനുള്ള നടപടികൾ വേഗത്തിൽ നടത്തുന്നതിനു ലാൻഡു റവന്യൂകമ്മീഷണരോടു ആവശ്യപ്പെട്ടിട്ടുണ്ടു്. തുക എടുത്തുകഴിഞ്ഞാൽ ജോലി ഉടനെ തുടരുന്നതായിരിക്കും.

ഡി. ഫൈനൽ റോഡു പരിശോധിച്ചു് പണി ഭാഗത്തിൽ ചെയ്യുന്നതിനു നിർദ്ദേശങ്ങൾ നൽകി.

പരസ്പരസഹായസംഘഡിപ്പാർട്ടുമെൻറിൽ ൫൦ രൂപയോ അതിൽ കൂടുതലൊ ശമ്പളമുള്ള ഉദ്യോഗസ്ഥന്മാരുടെ ജാതി അനുസരിച്ചുള്ള പട്ടിക.

൪൫. മി: തയ്യുള്ള കുഞ്ഞിത്തൊമ്മൻ (മൂവാറ്റുപുഴ-തൊടുപുഴ): താഴെപ്പറയുന്നവരുടെ ജാതി അനുസരിച്ചുള്ള പട്ടിക ഗവണ്മെന്റിൽനിന്നും മേശപ്പുറത്തു വയ്ക്കുമോ?

എ. പരസ്പരസഹായസംഘഡിപ്പാർട്ടുമെൻറിൽ ഇരുപതു രൂപയോ അതിൽ കൂടുതലൊ ശമ്പളമുള്ള ഉദ്യോഗസ്ഥന്മാർ.

ബി. ഈ ഡിപ്പാർട്ടുമെൻറിൽ ൫൦ നു കുറഞ്ഞു ൨൦ നു കൊണ്ടു അവസാനിച്ചു രണ്ടു കൊല്ലങ്ങളിലായി ൨൦ രൂപയോ അതിൽ കൂടുതലൊ ശമ്പളമുള്ള ഉദ്യോഗങ്ങളിലേക്കു ആറു മാസങ്ങളിൽ കൂടുതലോ സ്ഥിരമായിട്ടൊ ചെയ്തിട്ടുള്ള നിയമനങ്ങളുടെ എണ്ണം.

മി: ടി. കെ. മാധവൻനായർ (ആ. ഗവണ്മെന്റ് സെക്രട്ടറി): പട്ടിക മേശപ്പുറത്തു വച്ചിരിക്കുന്നു.

തൊടുപുഴയിലെ പകതിക്കച്ചേരിക്കും, താലൂക്കുകച്ചേരിയിലുമുള്ള

ഉദ്യോഗസ്ഥന്മാരുടെ ജാതിതിരിച്ചുള്ള ഒരു പട്ടിക.

൪൬. മി: എം. തയ്യുള്ള കുഞ്ഞിത്തൊമ്മൻ (മൂവാറ്റുപുഴ-തൊടുപുഴ): തൊടുപുഴതാലൂക്കിലുള്ള പകതിക്കച്ചേരികളിലും താലൂക്കുകച്ചേരിയിലുമുള്ള ക്ലാർക്കന്മാരും അതിനുമേലന്മാരും ഉൾപ്പെടുന്നതുമായ ജാതി അനുസരിച്ചുള്ള ഒരു പട്ടിക ഗവണ്മെന്റിൽനിന്നും മേശപ്പുറത്തു വയ്ക്കുമോ?

മി: പി. എൻ. കുഞ്ഞുപിള്ള (ഗവണ്മെന്റ് സെക്രട്ടറി): ആവശ്യപ്പെട്ട വിവരങ്ങൾ അടങ്ങിയ ഒരു പട്ടിക മേശമേൽ വച്ചിരിക്കുന്നു.

ബോഡി നെയിൽവേസ്റ്റേഷനിൽനിന്നും നേര്യമംഗലം-പള്ളിവാസൽ റോഡ്സ്റ്റർ ദൂരം.

൪൭. മി: തയ്യുള്ള കുഞ്ഞിത്തൊമ്മൻ (മൂവാറ്റുപുഴ-തൊടുപുഴ): താഴെ പറയുന്ന കാര്യങ്ങൾക്കു മറുപടി ഗവണ്മെന്റ് മുമ്പായി പറയുമോ?

(എ) ബ്രിട്ടീഷ് ഡിസ്ട്രിക്ടിൽ ഉള്ള ബോഡി റെയിൽവേസ്റ്റേഷനോടുള്ളടി നേരിട്ടുമങ്ങാവും പള്ളി വാസൽ റോഡ് സന്ധിപ്പിക്കുന്നതിനു അവർ ആലോചിക്കുന്നുണ്ടോ? (ബി) ഒഴുക്കിനുള്ള ഉത്തരം അതെ എന്നാണെങ്കിൽ അതു ഉടനെ ആരംഭിക്കുന്നതിനു ആലോചിക്കുന്നുണ്ടോ?

മി: ഠി. കെ. മാധവൻനായർ (ഗവണ്മെൻറ് ആ. സിക്രട്ടറി): (ബി) ഉത്തരം ഉണ്ട് എന്നാണ്.

(ബി) (എ) ഭാഗത്തിനുള്ള ഉത്തരം നിമിത്തം ഇതിന്റെ ഉത്തരം പറയേണ്ട ആവശ്യമില്ല.

തൊട്ടപുഴ താലൂക്കകച്ചേരിയിലെ ക്ലാർക്കന്മാർ.

൪൪. മി: തയ്യിൽകണ്ടിമത്തമ്മൽ (മൂവാറ്റുപുഴ തൊട്ടപുഴ), തൊട്ടപുഴ താലൂക്കകച്ചേരിയിലുള്ളവരും മൂന്നുകൊല്ലങ്ങളിൽ കൂടുതലായി തുടർച്ചയായി അവിടെ ജോലിനോക്കുന്നവരുമായ ഉദ്യോഗസ്ഥന്മാരുടേയും ക്ലാർക്കന്മാരുടേയും പേരും പുണ്ണ്യവും ഗവണ്മെൻറിൽനിന്നും ഒഴിവാക്കി പറയുമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറ് സിക്രട്ടറി): തൊട്ടപുഴ താലൂക്കകച്ചേരിയിൽ മൂന്നുകൊല്ലത്തിൽ കൂടുതലായി ജോലിനോക്കുന്ന ഉദ്യോഗസ്ഥന്മാർ താഴെപറയുന്ന ക്ലാർക്കന്മാർ ഗാത്രമാകുന്നു.

൧. കെ. പി. നാരായണപിള്ള

൨. എൻ. രാമൻപിള്ള

൩. എസ്സ്. ഗോപാലപിള്ള

ചാൻറവന്യൂകമ്മിഷണർ ചെയ്ത നിയമനങ്ങൾ.

൪൫. പി. എസ്സ്. മഹമ്മദ് (നിയമിക്കപ്പെട്ട സാമാജികൻ): താഴെപ്പറയുന്ന കാര്യങ്ങൾക്കു മറുപടി ഗവണ്മെൻറിൽനിന്നും ഒഴിവായി പറയുമോ?

(എ) ഫറന്ന വർഷികം ഫെബ്രുവരി-യും ഫറന കക്കടകം ഫിബ്രുവരി മധ്യേയുള്ള കാലങ്ങളിൽ ചാൻറവന്യൂകമ്മീഷണർ ചെയ്ത നിയമനങ്ങളുടെ എണ്ണം.

(ബി) നിയമിച്ചവരുടെ കൂട്ടത്തിലുള്ള മഹമ്മദീയരുടെ എണ്ണം.

(സി) ചാൻറവന്യൂകമ്മിഷണർ നിയമിച്ച ബി. എ. ക്കാരുടെ എണ്ണം.

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറ്സിക്രട്ടറി): (എ) പകരം ഉദ്യോഗങ്ങളും സ്ഥിരം ഉദ്യോഗങ്ങളും ൪.

(ബി) ൧.

(സി) ൩.

(ഡി) ൧.

കോളേജിൽ ഉള്ള നിയമനങ്ങൾ.

൪൬. പി. എസ്സ്. മഹമ്മദ് (നിയമിക്കപ്പെട്ട സാമാജികൻ): താഴെപറയുന്ന സംഗതികളെ കാണിക്കുന്ന ഒരു പട്ടിക ഗവണ്മെൻറിൽനിന്നും ഒഴിവായി മേശപ്പുറത്തു വയ്ക്കുമോ?

(എ) ഫറന്ന വർഷികം ഫെബ്രുവരി-യും ഫറന കക്കടകം ഫിബ്രുവരി മധ്യേയുള്ള കാലങ്ങളിൽ ഈ മാജ്യത്തുള്ള ഗവണ്മെൻറ കോളേജ്കളിൽ നിയമിച്ചിട്ടുള്ള പ്രഫസറന്മാരുടെയും റ്റ്യൂട്ടറന്മാരുടേയും ക്ലാർക്കന്മാരുടേയും എണ്ണം.

(ബി) ഇതിൽ ഉദ്യോഗം കിട്ടിയ മഹമ്മദീയരുടെ എണ്ണം

(സി) ഈ കാലത്തിൽ ഉദ്യോഗത്തിനു അപേക്ഷിച്ച മഹമ്മദീയരുടെ എണ്ണം.

മി: കെ. ജാർജ്ജ് (ഗവണ്മെൻറ ചീഫ്സെക്രട്ടറി): (എ) ൨൨.

(ബി) ഒന്നുമില്ല.

(സി) ഒന്നുമില്ല.

ഡിപ്പാർട്ടുമെൻറിൽ ഇംഗ്ലീഷ്സ്കൂൾ വകുപ്പിലെ നിയമനങ്ങൾ.

൪൭. മി. പി. എസ്. മഹമ്മദ് (നിയമിക്കപ്പെട്ട സാമാജികൻ): ഗവണ്മെൻറിൽനിന്നും താഴെപറയുന്ന സംഗതികളെ കാണിക്കുന്ന ഒരു പട്ടിക മേശപ്പുറത്തുവയ്ക്കുമോ?

(എ) ഫറന്ന വർഷികം ഫെബ്രുവരി കക്കടകം ഫിബ്രുവരി ഉള്ളിൽ ഇംഗ്ലീഷ്സ്കൂളുകളിൽ അറബിമുനിഷികരം ഒഴിച്ചു നിയമിക്കപ്പെട്ട അദ്ധ്യാപകന്മാരുടേയും ക്ലാർക്കന്മാരുടേയും എണ്ണം.

(ബി) ഇതിലുള്ള മഹമ്മദീയരുടെ എണ്ണം.

(സി) അദ്ധ്യാപകഉദ്യോഗത്തിനും ക്ലാർക്കജോലിക്കും ഈ കാലത്തിനുള്ളിൽ അപേക്ഷിച്ച മുസ്ലീങ്ങളുടെ എണ്ണം.

മി: കെ. ജാർജ് (ഗവണ്മെൻറ ചീഫ്സെക്രട്ടറി): (എ) ഫ൪ പകരം അദ്ധ്യാപകന്മാരും ഫന പകരം ക്ലാർക്കന്മാരും.

(ബി) ഒരാളെ നിയമിച്ചു ഉത്തരവയച്ചു. എന്നാൽ അയാൾ ഉദ്യോഗം സ്വീകരിച്ചില്ല.

(സി) ഫഠ ബി. എ. ക്കാരും ഫ൪ ബി. എ. ക്കാരല്ലാത്തവരും.

മി. പി. എസ്സ്. മഹമ്മദ് (നിയമിക്കപ്പെട്ട സാമാജികൻ): ഒരാളിനെ നിയമിച്ചിട്ടുണ്ടെങ്കിലും അയാൾ ഡ്യൂട്ടിയിൽ ചേർന്നില്ല എന്നുപറയുന്നു. അവിടെ പകരം ആളെ അയച്ചുവൊ?

മി: കെ. ജാർജ് (ഗവണ്മെൻറ ചീഫ്സെക്രട്ടറി): അതു് അറിഞ്ഞുകൂടാ.

കോട്ടയത്തുനിന്നും ആലപ്പുഴക്കു ഒരു റോഡ് ഉണ്ടാക്കുന്നതിനെക്കുറിച്ചു.

൪൮. മി. പി. എസ്സ്. മഹമ്മദ് (നിയമിക്കപ്പെട്ട സാമാജികൻ): ൧. അന്യദിക്കുകളിലേക്കു് അയക്കുന്നതിനായി കൃഷിസാമഗ്രികളും കയറുവർഗ്ഗം സ്ഥലങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് കോട്ടയമെന്നു ഗവണ്മെൻറിനറിയാമോ?

൨. താഴെപറയുന്ന കാര്യങ്ങൾക്കു മറുപടി അവർ ഒഴിവായി പറയുമോ?

(എ) കോട്ടയവും ആലപ്പുഴയുമായിട്ടു കരവഴി ഗതാഗതമാർഗ്ഗമുണ്ടോ എന്നു.

(ബി) കോട്ടയവും കൊച്ചിയുമായുള്ള കരവഴി ഗതാഗതമാരംഭിക്കുമോ എന്ന്?

(സ) കോട്ടയവും ആലപ്പുഴയുമായുള്ള കരവഴി ഗതാഗതമാരംഭിക്കുന്നതിനുള്ള തടസ്സം ഇല്ലെങ്കിൽ ആലപ്പുഴ പുറമുള്ള പ്രയാസം കൂടാതെ പോകുന്നതിനുള്ള കച്ചവടക്കാരുടെ മനസ്സിൽ തോന്നിയിട്ടുള്ളതായി അവർക്ക് അറിയുമോ?

മി: ഠറി. കെ. മാധവൻനായർ (ഗവൺമെൻറ് അഡ്വക്കേറ്റ് ജനറൽ): (എ) കുഴിസാമാനങ്ങളും അതുസ്ഥലത്തു അയയ്ക്കുന്നതിനുവേണ്ടി ശേഖരിക്കുന്ന ഒരു കേന്ദ്രസ്ഥാനമാണ് കോട്ടയമെന്നു ഗവണ്മെൻറിനറിയാം.

(എ) കോട്ടയവും ആലപ്പുഴയുമായി കരവഴി ഗതാഗതമാരംഭിച്ചിട്ടില്ല.

(ബി) കൊച്ചിയിൽവരെ ഗതാഗതമാരംഭിച്ചിട്ടില്ല. എന്നാൽ എറണാകുളംവരെ കരവഴി പോകാം.

(സ) ഇതിനെ നോട്ടുചെയ്തിരിക്കുന്നു.

ചേർത്തലതോട്ടിൽ കൊമ്മാടി എന്ന സ്ഥലത്തു ഒരു പാലം ഉണ്ടാക്കുന്നതിനെപ്പറ്റി,

* ബി. മി: പി. എസ്. മഹമ്മദ് (നിയമിക്കപ്പെട്ട സാമാജികൻ): താഴെപറയുന്ന കാര്യങ്ങൾക്കു മറുപടി ഗവൺമെൻറിൽനിന്നും ദയവായി പറയുമോ?

(എ) ചേർത്തലതോട്ടിൽ കോമ്മാടി എന്നസ്ഥലത്തു ഒരു പാലം ഉണ്ടാക്കുന്നതിനെപ്പറ്റി ഹർജികളും നിവേദനങ്ങളും അവർക്ക് കിട്ടിയിട്ടുണ്ടോ എന്ന്

(ബി) ഈ ഹർജികളേയും നിവേദനങ്ങളേയും സംബന്ധിച്ചു എന്തു നടപടികൾ നടത്തിയെന്നു,

(സി) കൊമ്മാടി എന്ന സ്ഥലത്തു തോടുകടക്കുന്നതിനു അനേകം ആളുകൾക്കു നേരിടുന്ന കഷ്ടപ്പാടുകളെപ്പറ്റി അവർക്കറിവുണ്ടോ?

മി: ഠറി. കെ. മാധവൻനായർ (ഗവൺമെൻറ് അഡ്വ. സിക്രട്ടറി): (എ) അറിയാം.

(ബി) വിചാരണനടത്തിയിട്ടുണ്ട്.

ഇതിൻറെ ചിലവിനെപ്പറ്റിയും മറ്റും ഡിവിഷൻഓഫീസറോട് ഒരു റിപ്പോർട്ട് ആവശ്യപ്പെട്ടിരിയ്ക്കുന്നതായും റിപ്പോർട്ട് കിട്ടിയതിനു ശേഷം മേൽ നടപടികൾ ചെയ്യുന്നതാണെന്നും ചീഫ് ഇൻജിനീയർ പറയുന്നു.

(സി) ഇതിനെ നോട്ടു ചെയ്തിരിയ്ക്കുന്നു.

കൊട്ടാരക്കരതാലൂക്കിൽ പുത്തൂർ എന്നസ്ഥലത്തു ഡിപ്പാർട്ടുമെൻറുവക അല്ലാത്ത ഒരു അസ്സൽ ആഫീസ് തുറക്കുന്നതിനെപ്പറ്റി.

* ഠ. മി: ആർ. കേശവപിള്ള (കൊട്ടാരക്കര കന്നത്തൂർ): താഴെപറയുന്ന കാര്യങ്ങൾക്കുമറുപടി ഗവൺമെൻറിൽനിന്നും ദയവായി പറയുമോ?

(എ) കുറുമ്പനാടം ഇടയ്ക്കുള്ള കുന്നുവഴിക്കും കുന്നത്തുവരെ തുറന്നിട്ടുള്ള ഡിപ്പാർട്ടുമെൻറുവക അല്ലാത്ത അസ്സൽ ആഫീസുകളിലൊന്നു.

(ബി) കൊട്ടാരക്കര താലൂക്കിൽ എഴുകോൺ പകുതിയിൽ പുത്തൂർ എന്ന സ്ഥലത്തു പുതിയതായി ഒരു അസ്സൽ ആഫീസ് തുറക്കുന്നതിനെപ്പറ്റി വല്ല ഹർജിയും ഉണ്ടായിട്ടുണ്ടോ എന്നു,

(സി) ഉണ്ടെങ്കിൽ അതു അനുവദിച്ചിട്ടുണ്ടോ?

മി: ടി. കെ. മാധവൻനായർ (ആ. ഗവൺമെൻറ് സിക്രട്ടറി): (എ) ഡിപ്പാർട്ടുമെൻറുവകയല്ലാത്ത അസ്സൽ ആഫീസ് കുറുമ്പനാടം മുതൽ കുന്നുവഴിവരെ രണ്ടും തുറന്നിട്ടുണ്ട്.

(ബി) ഉണ്ട്.

അഞ്ചൽ സൂപ്രണ്ടിനെ നിയമസഭാ സാമാജികൻ മി: ആർ. കേശവപിള്ള ബി. എ. ബി എൽ മുഖേന, ഒരു എഴുത്തുകിട്ടി.

(സി) ഗവൺമെൻറിനപ്പോൾ വരുമാനമുണ്ടാക്കുന്നതിനുള്ള തുക കെട്ടിവയ്ക്കുന്നതിനു ആളുണ്ടായിരുന്നതിനാൽ അപേക്ഷ അനുവദിച്ചില്ല.

വിദ്യാഭ്യാസഡിപ്പാർട്ടുമെൻറ് പുനഃസംഘടിപ്പിക്കുന്നതിനുള്ള കമ്മിറ്റി.

* ക. മി: ഇട്ടപ്പു ഇട്ടിച്ചൻ (കുന്നത്തുനാട്): താഴെപറയുന്ന കാര്യങ്ങൾക്കു മറുപടി ഗവൺമെൻറിൽ നിന്നും ദയവായിപറയുമോ?

(എ) വിദ്യാഭ്യാസഡിപ്പാർട്ടുമെൻറ് പുനഃസംഘടിപ്പിയ്ക്കുന്നതിന് അവർഎപ്പോഴെങ്കിലും ഒരു കമ്മിറ്റിയെ നിയമിച്ചിട്ടുണ്ടോ?

(ബി) ഏതു തരം ഉത്തരം അതെന്നാണെങ്കിൽ കമ്മിറ്റിനിയമിയ്ക്കപ്പെട്ടതീയതി,

(സി) കുന്നുവഴിക്കും കുറുമ്പനാടംവരെ അതു ചെയ്തുജോലി,

(ഡി) അതു ഒരു ജോലിയും ചെയ്തിട്ടില്ലെങ്കിൽ അതിനുള്ളകാരണം

മി: കെ. ജോർജ് (ഗവൺമെൻറ് ചീഫ് സിക്രട്ടറി): (എ) ഇല്ല.

(ബി, സി, ഡി.) ഏതുള്ള ഉത്തരം നിമിത്തം ഇവയ്ക്കു ഉത്തരം പറയേണ്ട ആവശ്യമില്ല.

ഇംഗ്ലീഷ് സ്കൂളിൽ മൂന്നാം ഫാറത്തിലും മലയാളം പ്രൈമറിക്ലാസുകളിൽ ഏഴാം ക്ലാസുകളിലും ഉള്ള വിദ്യാർത്ഥികളുടെ വിദ്യാഭ്യാസത്തിനായുള്ളതോക്.

* ഫ. മി: ഇട്ടപ്പു ഇട്ടിച്ചൻ (കുന്നത്തുനാട്): താഴെ പറയുന്ന കാര്യങ്ങൾക്കു മറുപടി ഗവൺമെൻറിൽ നിന്നും ദയവായി പറയുമോ? ഇംഗ്ലീഷ് സ്കൂളുകളിൽ മൂന്നാംഫാറത്തിലും മലയാളം സ്കൂളിൽ ഏഴാം ക്ലാസ്സിലും ഉള്ള വിദ്യാർത്ഥികളുടെ പഠിത്തത്തിനായി തോറും വല്ല പുരോഗമനവും ഉണ്ടോ എന്ന് ഗവൺമെൻറിനു അറിയാമോ?

ബി. ഏയുടെ ഉത്തരം ഇല്ലാഎന്നാണെങ്കിൽ ഓംക്ലാസ്സിൽ പഠിക്കുന്നുള്ളസ്ഥിതിയ്ക്കു മൂന്നാംഫാറത്തിൽ പണം മുടക്കിയുള്ള പരീക്ഷയിലായിരിക്കുവാൻ കാരണമെന്തു?

മി: കെ. ജോർജ് (ഗവൺമെൻറ് ചീഫ് സിക്രട്ടറി): (എ) ഉണ്ട്.

(ബി) ഏയുടെ ഉത്തരമനുസരിച്ചു ഇതിനുത്തരം പറയേണ്ട ആവശ്യമില്ല.

മി: ഇട്ടപ്പു ഇട്ടിച്ചൻ (കുന്നത്തുനാട്): മലയാളം ഏഴാംക്ലാസ്സിൽ ജയിച്ച ഒരാളിനും ഇംഗ്ലീഷിൽ മൂന്നാം ഫാറത്തിൽ ജയിച്ച ഒരാളിനും തമ്മിൽ വല്ല വ്യത്യാസവുമുണ്ടോ?

മി: കെ. ജോർജ് (ഗവണ്മെൻറ് ചീഫ് സിക്രട്ടറി): മലയാളം ഏഴാം ക്ലാസ്സിൽ പഠിയ്ക്കുന്ന ഒരു കുട്ടിയ്ക്കു ഇംഗ്ലീഷ് ഭാഷ മൂന്നാം ഫാറത്തിൽ പഠിയ്ക്കുന്ന കുട്ടിയുടെ അത്ര പരിജ്ഞാനം കാണുകയില്ല. അതുതന്നെ വ്യത്യാസം.

മി: ഇട്ടപ്പുഇട്ടിച്ചൻ (കുന്നത്തുനാട്): ഇംഗ്ലീഷ് പഠിയ്ക്കുന്നവർക്ക് ഇംഗ്ലീഷിലും, മലയാളം പഠിയ്ക്കുന്നവർക്ക് മലയാളത്തിലുമാണ് പരിജ്ഞാനം കാണേണ്ടത്.

മി: കെ. ജോർജ് (ഗവണ്മെൻറ് ചീഫ് സിക്രട്ടറി): ഭാഷയെസംബന്ധിച്ച് മൂന്നാംഫാറത്തിലുള്ള കുട്ടിയുടെ അത്ര പരിജ്ഞാനം കാണുന്നതല്ല.

മി: ഇട്ടപ്പുഇട്ടിച്ചൻ (കുന്നത്തുനാട്): സക്കാർ പരീക്ഷവേണമെന്നു പറയുന്നതു ഭാഷയിൽ പരിജ്ഞാനക്കുറവുള്ളതുകൊണ്ടാണോ?

മി: കെ. ജോർജ് (ഗവണ്മെൻറ് ചീഫ് സിക്രട്ടറി): ചോദ്യം ശരിയായി മനസ്സിലാക്കുന്നില്ല.

മി: ഇട്ടപ്പുഇട്ടിച്ചൻ (കുന്നത്തുനാട്): മലയാളം ഏഴാംക്ലാസ്സിനുപരീക്ഷവച്ചിരിക്കുന്നതു ഭാഷയിലുള്ള പരിജ്ഞാനക്കുറവുകൊണ്ടു വച്ചിരിയ്ക്കുകയാണോ അതല്ല വേറെ കാരണത്താലാണോ.

മി: കെ. ജോർജ് (ഗവണ്മെൻറ് ചീഫ് സിക്രട്ടറി): മൂന്നാംഫാറത്തിലുള്ള പരീക്ഷ സ്കൂൾപരീക്ഷയാണ്. ഏഴാംക്ലാസ്സുപരീക്ഷ പബ്ലിക്ക പരീക്ഷയാണ്.

മി: ഇട്ടപ്പു ഇട്ടിച്ചൻ (കുന്നത്തുനാട്): അതിനു മാത്രമെ പബ്ലിക്ക പരീക്ഷ വയ്ക്കുന്നതു ആവശ്യമുള്ളൂ, മറ്റു പരീക്ഷകൂടെക്കു അതു വേണ്ടതായ?

മി: കെ. ജോർജ് (ഗവണ്മെൻറ് ചീഫ് സിക്രട്ടറി): അതുപലസംഗതികളും ആലോചിച്ചു തീർച്ചയാക്കുന്ന ഒരു സംഗതിയാണ്.

സക്കാർ സ്കൂളുകളിൽ നെയ്യിനെസംബന്ധിച്ചു പരിശീലനം നൽകുന്നതിനെപ്പറ്റി.

൩൯. മി: ഇട്ടപ്പു ഇട്ടിച്ചൻ (കുന്നത്തുനാട്): താഴെപറയുന്ന കാര്യങ്ങൾക്കു മറുപടി ഗവണ്മെൻറിൽ നിന്നും ദയവായി പറയുമോ?

(എ) ഈ രാജ്യത്തുള്ള സക്കാർ പള്ളിക്കൂടങ്ങളിൽ എത്രഎണ്ണം നെയ്തതിൽ പരിശീലനം നൽകുന്നുണ്ട്?

(ബി) അങ്ങിനെയുള്ളവരിൽ ഗവണ്മെൻറ് അംഗീകരണം സിദ്ധിച്ചിട്ടുള്ള അപ്രൈവറ്റ്സ്കൂളുകളുടെഎണ്ണം.

മി: ടി. കെ. മാധവൻനായർ (ഗവണ്മെൻറ് അഡ്. സിക്രട്ടറി): (എ) പ.

(ബി) ൪൭

നെയ്യാറ്റിങ്കര കച്ചേരി റോഡിൽ മെറ്റൽ ഇടുന്നതിനെസംബന്ധിച്ചു.

൩൯. മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാറ്റിൻകര): ഗവണ്മെൻറ് ദയവായി താഴെപറയുന്നസംഗതികൾക്കു മറുപടിയരുമോ?

(എ) നെയ്യാറ്റിങ്കരകച്ചേരി റോഡിനുമെറ്റൽയിടുന്നതിനു ഗവണ്മെൻറ് അനുവദിച്ചിട്ടുണ്ടോ ഉണ്ടെങ്കിൽ ആ കാര്യത്തിലേക്കു സക്കാരിൽ നിന്നു എത്ര രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) പിന്നീട് ഗവണ്മെൻറ് അനുവാദമെന്തു പൻവലിച്ചോ?

മി: ടി. കെ. മാധവൻനായർ (ഗവണ്മെൻറ് അഡ്. സിക്രട്ടറി):

(എ) റോഡിനു മെറ്റൽ ഇടുന്നതിനു ഗവണ്മെൻറ് അനുവദിച്ചിട്ടില്ല.

(ബി) ഏ. ഭാഗത്തിനു തന്നീരിക്കുന്ന ഉത്തരം കൊണ്ടു ഇതിനുത്തരം പറയേണ്ട ആവശ്യമില്ല.

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാറ്റിൻകര): മുൻപ്രസ്താപിച്ചറോഡിനു മെറ്റൽ ഇടുന്നതിനു പൊതുമരാമത്തു ഡിപ്പാർട്ടുമെൻറുകാർ സർക്കാരിലേക്കു റിപ്പോർട്ട ചെയ്തിട്ടുണ്ടോ എന്നു ഏതിക്കു അറിഞ്ഞാൽ കൊള്ളാം.

മി: റവ. കെ. മായവൻനായർ (ഗവണ്മെൻറ് അക്കിംഗ്മസക്രിട്ടറി): പൊതുമരാമത്തു ഡിപ്പാർട്ടുമെൻറുകാർ ആ റോഡു ആവശ്യമാണെന്നു പറഞ്ഞിട്ടുണ്ടു.

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാറ്റിൻകര): എന്നാലവർ ആ റോഡു മെറ്റൽ ഇടണമെന്നു റിപ്പോർട്ടചെയ്തിട്ടുണ്ടോ?

മി: റവ. കെ. മാധവൻനായർ (ഗവണ്മെൻറ് അക്കിംഗ്സെക്രിട്ടറി): അതെ, ആ റോഡു ഉപയോഗമുള്ളതാണെന്നു പറഞ്ഞിട്ടുണ്ടു.

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാറ്റിൻകര): അവർ ആ റോഡു മെറ്റൽ ചെയ്യണമെന്നു റിപ്പോർട്ട ചെയ്തിട്ടില്ലെന്നു ഞാനു ധരിച്ചുകൊള്ളട്ടെ?

മി: റവ. കെ. മാധവൻനായർ (ഗവണ്മെൻറ് അക്കിംഗ്സെക്രിട്ടറി): അതെ; അവർ റിപ്പോർട്ട ചെയ്തിട്ടുണ്ടു

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാറ്റിൻകര): എപ്പോഴാണു റിപ്പോർട്ട ചെയ്തതെന്നു പറയുമോ?

മി: റവ. കെ. മാധവൻനായർ (ഗവണ്മെൻറ് അക്കിംഗ്സെക്രിട്ടറി): കൺസർവ്വേറ്റർ സെക്രട്ടറിയ്ക്കു...

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാറ്റിൻകര): ഗവണ്മെൻറ് അതിന്മേൽ അവസാനമായി ഉത്തരവുചെയ്തോ?

മി: റവ. കെ. മാധവൻനായർ (ഗവണ്മെൻറ് അക്കിംഗ്സെക്രിട്ടറി): അതെ! ഗവണ്മെൻറിന്റെ അഭിപ്രായം, റോഡിനു മെറ്റൽ ഇടുന്നതും, കുറെക്കാലത്തേയ്ക്കു മാറ്റി വയ്ക്കുന്നതുമെന്നാണ്.

വിദ്യാഭ്യാസ ഡിപ്പാർട്ടുമെന്റ് പരിശോധിക്കുന്നതിനായി അക്കിംഗ് ഡയറക്ടർ അദ്ധ്യക്ഷപ്പെട്ടപദ്ധതി.

൪൪. മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാറ്റിൻകര): താഴെ പറയുന്നസംഗതികൾക്ക് മറുപടി ഗവണ്മെന്റിൽ നിന്നുമെയവായിപറയുമോ?

(എ) വിദ്യാഭ്യാസ ഡിപ്പാർട്ടുമെന്റിന്റെ ഇംഗ്ലീഷുവകുപ്പിലേയും വർണാക്യുലർ വകുപ്പിലേയും ഇൻസ്പെക്ടറന്മാരെ പരിശോധിക്കുന്നതിനായി അക്കിംഗ് വിദ്യാഭ്യാസ മേലധ്യക്ഷൻ ഒരുപദ്ധതിഗവണ്മെന്റിലേക്ക് അയച്ചിട്ടുണ്ടോ.

(ബി) ഉണ്ടെങ്കിൽ അതിന്റെ ഒരു പകർപ്പു അവർ മേശമേൽ വയ്ക്കുമോ.

മി: കെ. ജാർജ്ജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി):

(എ) ഉണ്ട്.

(ബി) ഇല്ല. ഡിപ്പാർട്ടുമെന്റുമേലധ്യക്ഷന്മാരുമായിട്ടുള്ള എഴുത്തുകുത്തുകളും രഹസ്യമാകുന്നു.

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാറ്റിൻകര): (ബി) ഭാഗത്തിൽ ഉള്ള ഉത്തരത്തിൽ ഡിപ്പാർട്ടുമേലധ്യക്ഷന്മാരുമായിട്ടുള്ള എഴുത്തുകുത്തു രഹസ്യമാണെന്നു പറഞ്ഞുകാണുന്നു. ഡിപ്പാർട്ടുമെന്റു പരിശോധിക്കുന്നതിനുള്ള എഴുത്തുകുത്തുകളും ആ പദ്ധതികളും രഹസ്യമാണെന്നും അതുകൊണ്ട് മേശമേൽ വയ്ക്കാൻ യിവൃത്തി ഇല്ലെന്നുമാണോ ഞാൻ മനസ്സിലാക്കേണ്ടതു?

മി: കെ. ജാർജ്ജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): ഗവണ്മെന്റ് അതിനെപ്പറ്റി ആലോചിക്കുന്നതിനു മുൻപു അതു് മേശമേൽ വയ്ക്കാൻ നിവൃത്തിയില്ല.

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാറ്റിൻകര): അതു കൊണ്ടു ഗവണ്മെന്റ് ഇതിനെ ആലോചിച്ചു തീരുമാനമായശേഷമേ അതു മേശമേൽ വയ്ക്കാൻ സാധിക്കുകയുള്ളൂ?

മി: കെ. ജാർജ്ജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): നിശ്ചയമായിട്ടും അതു സാധിക്കും.

ഇറിഗേഷൻ കമ്മിറ്റിയുടെ ജോലി.

൪൫. മി: എ. തങ്ങപിള്ള (തിരുവനന്തപുരം): താഴെപറയുന്ന കാര്യങ്ങൾക്ക് മറുപടി ഗവണ്മെന്റിൽ നിന്നും ലയവായിപറയുമോ?

(എ) ഗവണ്മെന്റിൽ നിന്നും നിയമിച്ചിട്ടുള്ള ഇറിഗേഷൻ കമ്മിറ്റി അതിന്റെ റിപ്പോർട്ട് സമർപ്പിച്ചോ എന്നു്.

(ബി) ഉത്തരം അതേ എന്നാകുന്നു എങ്കിൽ റിപ്പോർട്ട് എപ്പോൾ തയ്യാറായിരിക്കുമെന്നു്.

(സി) കമ്മിറ്റി എത്ര സമ്മേളനങ്ങൾ കൂടിയിട്ടുണ്ടു.

(ഡി) കമ്മിറ്റി ഇപ്പോൾ (ക്രമനമ്പർ വ്യത്യാസം വരുത്തിയിരിക്കുന്നു) എന്തു ജോലിയിലാണു ഏർപ്പെട്ടിരിക്കുന്നതു്.

മി: റാവു. കെ. മാധവൻ നായർ (ഗവണ്മെന്റ് അക്കിംഗ് സെക്രട്ടറി): (എ) ഇല്ല എന്നുത്തരം.

(ബി) ക്രമനമ്പർ വ്യത്യാസം വരുത്തിയതു സമ്മേളനങ്ങൾ.

(സി) ഗവണ്മെന്റിലേക്കു റിപ്പോർട്ടുസമർപ്പിക്കുന്നതിനു വേണ്ടതെല്ലാം ശേഖരിക്കുന്നതിൽ കമ്മിറ്റി ഇപ്പോൾ ഏർപ്പെട്ടിരിക്കുന്നു.

മി: എ. തങ്ങപിള്ള (തിരുവനന്തപുരം): കമ്മിറ്റിഇപ്പോൾ ശേഖരിക്കുന്ന തെളിവിന്റെ സ്വഭാവം എന്താണെന്നു് അറിഞ്ഞാൽകൊള്ളാം. അതു് സാക്ഷിവിസ്താരം ചെയ്യുന്നോ അതോ രേഖാമൂലമുള്ള തെളിവു ശേഖരിക്കുന്നോ? അതല്ല സ്ഥലത്തുചെന്നു പരിശോധിക്കുകയാണോ?

മി: റാവു. കെ. മാധവൻനായർ (അക്കിംഗ് ഗവണ്മെന്റ് സെക്രട്ടറി): അവർ സാക്ഷികളെ വിസ്തരിക്കുകയാകുന്നു.

മി: എ. തങ്ങപിള്ള (തിരുവനന്തപുരം) അവർ സാക്ഷികളെ വിസ്തരിക്കുകയാണോ?

മി: റാവു. കെ. മാധവൻനായർ (അക്കിംഗ് ഗവണ്മെന്റ് സെക്രട്ടറി): അതെ.

വർണാക്യുലർ പള്ളിക്കൂടത്തിലെ അദ്ധ്യാപകന്മാർക്കുള്ള രക്ഷാഭോഗഹണ്ട്.

൪൬. മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): വർണാക്യുലർ അദ്ധ്യാപകന്മാരുടെഇടയിൽ രക്ഷാഭോഗം നടപ്പാക്കുന്നതിനെപ്പറ്റി നിയമസഭയിൽ ജനപ്രതിനിധികൾ ചോദിച്ചതനുസരിച്ചു ഗവണ്മെന്റ് ഈ കാര്യത്തിൽ എന്തു ചെയ്തിട്ടുണ്ടെന്നു പറയുമോ?

മി: കെ. ജാർജ്ജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): ഉണ്ട്. വിദ്യാഭ്യാസമേലധ്യക്ഷൻ ഇതിനെപ്പറ്റി ആലോചിച്ചുകൊണ്ടിരിക്കുന്നു.

കാനേഷുമാരികണക്ക് എടുക്കുന്നതിനു നിയമിക്കപ്പെട്ട വർണാക്യുലർ പള്ളിക്കൂടങ്ങളിലെ അദ്ധ്യാപകന്മാർ.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഇപ്പോൾ നടക്കുന്ന കാനേഷുമാരികണക്കു ജോലിയെ സംബന്ധിച്ചു ഗവണ്മെന്റിൽനിന്നും താഴെകാണിക്കുന്നചോദ്യങ്ങൾക്ക് ഉത്തരം ലയവായിപറയുമോ?

(എ) എന്യൂമറേറ്റർമാരായി നിയമിച്ചിട്ടുള്ള വർണാക്യുലർ സ്കൂൾ അദ്ധ്യാപകന്മാരുടെ എണ്ണം.

(ബി) ഈ എന്യൂമറേറ്റർ ചെയ്യുന്ന ജോലിയുടെ സ്വഭാവം.

(സി) ഒരു എന്യൂമറേറ്റർ സന്ദർശിക്കേണ്ട വീടിന്റെ ശരാശരിയുടെ.

(ഡി) അവരുടെ ജോലി പൂർത്തിയാക്കുന്നതിനു ഈ എന്യൂമറേറ്റർമാർക്ക് അനുവദിച്ചിട്ടുള്ള സമയം.

(ഇ) സ്കൂൾജോലിക്കു പ്രതിബന്ധം കൂടാതെയാണോ അവർ ഈ ജോലി ചെയ്യണമെന്നു വച്ചിട്ടുള്ളതു?

(എഫ്) ഒരു എന്യൂമറേറ്റർക്ക് ഉദ്ദേശം ഒരു ദിവസം സന്ദർശിക്കാവുന്ന വീടുകളുടെ ഇകയും ഓരോ വീടുകളിൽ നിന്നും ആവശ്യമുള്ള സംഗതികളും രേഖപ്പെടുത്തുന്നതിനു പറ്റിയതും എന്തുകൊണ്ടും അവർക്കു പറയാൻകഴിയുമോ?

(ജി) എന്യൂമറേറ്റർക്ക് അനുവദിച്ചിട്ടുള്ള പ്രതിഫലം.

(എച്ച്) എന്യൂമറേറ്റർമാരിൽ നിന്നും എന്തെങ്കിലും പരാതി ഗവണ്മെൻറിനോ സെൻസസ്സ് കമ്മീഷണർക്കോ കിട്ടിയിട്ടുണ്ടോ?

(ഐ) എച്ചിന്റെ ഉത്തരം അതെ എന്നാകുന്നു എങ്കിൽ പരാതിയുടെ സ്വഭാവം. അതിൽ എന്തു നടപടി സ്വീകരിച്ചിട്ടുണ്ടെന്നു.

മി: കെ. ജാജ് (ഗവണ്മെൻറ് ചീഫ് സെക്രട്ടറി): (എ) ഉവ്വ്.

(ബി) അവരെ ഏല്പിച്ചിട്ടുള്ള സ്ഥലങ്ങളിലെല്ലാം സെൻസസ്സ് ഫാറം അവർ പൂരിപ്പിയ്ക്കണം. അതുപോലെ തന്നെ ഒന്നിലധികം പ്രാവശ്യം ഫാറങ്ങൾ വിതരണം ചെയ്യുകയും ശേഖരിക്കുകയും ചെയ്യണം.

(സി) ഗ്രാമങ്ങളിൽ ൫൦൦ മുതൽ ൯൦൦ വരെ വീടുകളും പട്ടണങ്ങളിൽ ൫൦൦ മുതൽ ൭൫൦ വരെ വീടുകളും.

(ഡി) ൬ മാസങ്ങളും.

(ഇ) ഉണ്ട്.

(എഫ്) ൯൯ മുതൽ ൧൦൦ വരെ വീടുകളും ഗ്രാമങ്ങളിലും ൧൦൦ മുതൽ ൧൫൬ വരെ വീടുകളും പട്ടണങ്ങളിലും.

ഒരു വീട്ടിൽ ൬൦ മിന്നിട്ടു മുതൽ ൯൦ മിന്നിട്ടു വരെ

(ജി) ഒരു രൂപാ.

(എച്ച്) ഉണ്ട്. കൊച്ചു്.

(ഐ) കൂട്ടർ ചെയ്തുള്ള ജോലിയെപ്പറ്റിയാകുന്നു പരാതി. കൂട്ടരുമായി എന്യൂമറേറ്റർമാരെ നിയമിച്ചു സങ്കടനിവൃത്തി വരുത്തിയിട്ടുണ്ട്. ക്രിസ്തുമസ്സ് അവധിക്കു മുമ്പു ഒരു ദിവസത്തെ കൂട്ടരായി അനുവദിച്ചിട്ടുണ്ട്. കൂടാതെ ഈ കൊല്ലത്തിൽ അവർക്ക് വെക്കേഷൻ കിട്ടാത്തതു കൊണ്ടുള്ള നഷ്ടം പരിഹരിക്കുന്നതിനായി എന്യൂമറേറ്റർമാർക്കും സൂപ്പർവൈസർമാർക്കും ഒരു മാസത്തെ മുഴുവൻശമ്പളത്തോടുകൂടിയ അവധി കൊടുക്കുന്നതിനുള്ള ഒരു ആലോചനയും ഉണ്ട്.

ഡിപ്പാർട്ടുമെൻറിന്റെ മലയാളം ഇംഗ്ലീഷ് വകുപ്പുകൾ സംയോജിപ്പിക്കുന്നതിനെപ്പറ്റി.

൪൯. മി: കെ. ജി. പരമേശ്വരൻപിള്ള (തകാലും): മിസ്റ്റർ കെ. വി. രംഗസ്വാമി അയ്യങ്കാർ ആക്ടിംഗ് ഡയറക്ടറായിരുന്നപ്പോൾ അസിസ്റ്റൻറ് ഇൻസ്പെക്ടറന്മാരെ തിരഞ്ഞെടുക്കുന്നതിനെപ്പറ്റിയും ഇംഗ്ലീഷ് മലയാളം സ്കൂളുകളെ ഒരുമിച്ചു ചേർക്കുന്നതിനെപ്പറ്റിയും സംസ്ഥാനത്തെ മൂന്നു റേഞ്ചുകളായി തിരിച്ചു ഓരോ റേഞ്ചിനേയും ഓരോ ഇൻസ്പെക്ടറന്മാരുടേയും കീഴിൽ വരുത്തുന്നതിനുള്ള ഒരു പദ്ധതി തയ്യാറാക്കിയിരുന്നോ?

മി: കെ. ജാജ് (ഗവണ്മെൻറ് ചീഫ് സെക്രട്ടറി): ഉണ്ട്.

സെക്രട്ടറിയേറ്റിലെ പരിഷ്കരിക്കുന്നതിനെപ്പറ്റി.

൪൯൦. മി: എ. എസ്സ്. മോമോഹൻ ആശാൻ (മാവേലിക്കര-കാർത്തികപ്പള്ളി): താഴെപ്പറയുന്നകാര്യങ്ങൾക്കു മറുപടി ഗവണ്മെൻറിൽ നിന്നു ദയവായി പറയുമോ?

(എ) ഫർണ്ണിച്ചറിന്റെ സിക്രട്ടറിയേറ്റിൽ വല്ല പരിഷ്കാരവും വരുത്തിയോ എന്നു,

(ബി) അതു എന്നാണ് ഉത്തരവാകുകിൽ ഫർണ്ണിച്ചറിന്റെ അധിക്യയകണക്കു തയ്യാറാക്കിയപ്പോൾ അവർക്ക് ഈ അഭിപ്രായമുണ്ടായിരുന്നോ എന്നു,

(സി) ബീക്കുള്ള ഉത്തരം 'അതേ' എന്നാണ് എങ്കിൽ ഫർണ്ണിച്ചറിന്റെ അധിക്യയ കണക്കിൽ അതിനെ ചേർക്കാതിരിക്കാനുള്ള കാരണം എന്താണ്?

മി: കെ. ജാജ് (ഗവണ്മെൻറ് ചീഫ് സെക്രട്ടറി): സാധാരണ രീതിയിലുള്ള പരിഷ്കാരം ഒന്നും ഇല്ലായിരുന്നു എന്നാൽ ഉയർന്ന ഉദ്യോഗസ്ഥന്മാരുടെ എണ്ണത്തിലും ശമ്പളത്തിലും ജോലി പങ്കിടുന്നതിലും കുറെ വ്യത്യാസങ്ങൾ വരുത്തി.

ബി. സി. അധിക്യയ കണക്കു തയ്യാറാക്കിയപ്പോൾ മാറ്റം ചെയ്യുന്നതെന്നു ഗവണ്മെൻറ് തീർച്ചയാക്കിട്ടില്ലായിരുന്നു.

മി: എ. എസ്സ്. മോമോഹൻ ആശാൻ (മാവേലിക്കര കാർത്തികപ്പള്ളി): സെക്രട്ടറിയേറ്റിൽ ചെയ്തിട്ടുള്ള ഈ മാറ്റങ്ങൾ എന്നാണ് ആലോചിച്ചുതെന്നു പറയാമോ?

മി: കെ. ജാജ് (ഗവണ്മെൻറ് ചീഫ് സെക്രട്ടറി): കൊച്ചു നാളായി ഈ ആലോചനയിൽ ഇരിക്കുകയായിരുന്നു. എന്നാൽ ഫിനാൻസ് കമ്മറി അധിക്യയ കണക്കു പാസ്സാക്കിയതിന്റെ ശേഷമെ ഇതിനെപ്പറ്റി ഗൗരവമായി ആലോചിക്കാൻ തുടങ്ങിയുള്ളു.

മി: എ. എസ്സ്. മോമോദരനാശാൻ (മാവേലിക്കര കാർത്തികപ്പള്ളി): ഈ അഭിപ്രായമായി എപ്പോഴാണ് അഭിപ്രായപ്പെട്ടത്?

മി: കെ. ജാജ് (ഗവണ്മെൻറ് ചീഫ് സെക്രട്ടറി): അതു ഉദ്ദേശം ഒരു കൊല്ലം മുമ്പായിരുന്നു. എന്നാൽ ഞാൻ പറഞ്ഞതു പോലെ സാക്ഷാൽ അഭിപ്രായ രൂപീകരണം ചെയ്തതു ഫിനാൻസ് കമ്മറി അധിക്യയകണക്കു പാസ്സാക്കിയതിനുശേഷം ആയിരുന്നു.

മി: എ. എസ്സ്. മോമോഹൻ ആശാൻ (മാവേലിക്കര കാർത്തികപ്പള്ളി): നിയമസഭയെ അറിയിക്കാതെ ഉടനെ നടപ്പിൽ വരുത്തണമെന്നു തോന്നിയോ?

മി: കെ. ജാജ് (ഗവണ്മെൻറ് ചീഫ് സെക്രട്ടറി): തോന്നി. എങ്കിലും മാറി വരുകയാണെങ്കിൽ ഒരു ഉദ്യോഗസ്ഥനെക്കൊണ്ടു മാറിവയ്പ്പിക്കുന്നതു വരും. ഈ കാര്യം അത്ര സുഖമായി തോന്നിയില്ല.

മി: എ. എസ്സ്. മോമോഴൻ ആശാൻ (മാവേലിക്കര കാർത്തികപ്പള്ളി): അയവ്യയ കണക്ക തയ്യാറാക്കിയപ്പോൾ ഇതു അത്യാവശ്യമായ ഒരു കാര്യമാണെന്ന ഫിനാൻസ് കമ്മറിയുടെ ആലോചനക്ക വിഷയമാക്കണമെന്നും ഗവണ്മെൻറിൽ നിന്നും ആലോചിച്ചില്ലയോ?

മി: കെ. ജാജ് (ഗവണ്മെൻറ ചീഫ് സെക്രട്ടറി): ഫിനാൻസ് കമ്മിറിയുടെ സമ്മേളനത്തിൻറെ ശേഷമുള സാക്ഷാൽ അഭിപ്രായം രൂപീകരിക്കാൻ കഴിഞ്ഞിട്ടില്ല എന്നു ഞാൻ പറഞ്ഞു കഴിഞ്ഞല്ലോ.

മി: എ. എസ്സ്. മോമോഴൻആശാൻ (മാവേലിക്കര കാർത്തികപ്പള്ളി): ഒരു കൊല്ലമായി ഈ ആലോചന ഗവണ്മെൻറിനു ഉണ്ടായിരുന്നിട്ടും ഫിനാൻസ് കമ്മറി കൂട്ടുന്നതിനു മുമ്പു ഗവണ്മെൻറിനു അഭിപ്രായം രൂപീകരിക്കാൻ കഴിഞ്ഞില്ല. ഇതിൻറെ കാരണം എന്താണെന്നു അറിഞ്ഞാൽ കൊള്ളാം.

മി: കെ. ജാജ് (ഗവണ്മെൻറ ചീഫ് സെക്രട്ടറി): ഇതു അത്യാവശ്യമാണോ ഇല്ലയോ എന്നു ഗവണ്മെൻറ തീർച്ചയാക്കിയില്ല

മി: എ. എസ്സ്. മോമോഴൻ ആശാൻ (മാവേലിക്കര കാർത്തികപ്പള്ളി): ഒരു കൊണ്ടു ഫിനാൻസ് കമ്മറിയുടെ സമ്മേളനം കഴിഞ്ഞ ശേഷമാണ് ഇതിൻറെ അത്യാവശ്യം മനസ്സിലായതു.

മി: കെ. ജാജ് (ഗവണ്മെൻറ ചീഫ് സെക്രട്ടറി): അതെ.

റവ ഡി. സി. അന്തോണിയുടെ ഹർജിയന്മേൽ എടുത്ത നടപടി.

നമ്പർ. മി. ഡി സി. ജോസഫ് (അമ്പലപ്പുഴ): അമ്പലപ്പുഴം താലൂക്കിൽപ്പെട്ട ആശാരിപള്ളം ഗ്രാമത്തിലേക്കു ഒരു റോഡു ഉറക്കുന്നതിനു ബഹുമാനപ്പെട്ട ഡി. സി. അന്തോണി പുരോഹിതൻ ഒരു ഹർജി അയച്ചതിനു ഫൽഗുനമാസം മുതൽ കന്നുമാസത്തിൽ വെവ്വേറെ കാലം നമ്പരായി പൊതുജനങ്ങളിൽ നിന്നും ഡിപ്പാർട്ടുമെൻറിൽ നിന്നും ഹുസൂർകച്ചേരിയിലേക്കു അയച്ച ഹർജിയിന്മേൽ സർക്കാരിൽ നിന്നും എന്തു മേൽ നടപടി നടത്തിയെന്നു മയവായി പറയുമോ?

മി: റവി. കെ. മാധവൻനായർ (ഗവണ്മെൻറ അക്കിംങ്ങ് സിക്രട്ടറി): മുൻനടപ്പനുസരിച്ചു ആയതുപോലെ ഒരു പുതിയ റോഡു ഉറക്കുന്നതിനു ആവശ്യമുള്ള കാര്യകാരണങ്ങൾ ആവശ്യക്കാരിൽ നിന്നും ഇതുവരെ ആവശ്യപ്പെട്ടതിൽ കിട്ടാഴികയാൽ സർക്കാരിൽ നിന്നും, ആ ഹർജിയിന്മേൽ യാതൊരു വിധേയും വാങ്ങാതെ ആവശ്യമുള്ള സ്ഥലം വിട്ടു കൊടുക്കുവാനും വില കൊടുത്തു വാങ്ങിക്കേണ്ട ഭൂമിയിന്മേൽ യാതൊരു നടപടിയും നടത്തിയിട്ടില്ല. വില കൊടുക്കേണ്ടയും കൂടാതെ വേണ്ടിവരുന്ന ചിലവുകൾക്കു പൊന്നാംവിള ഉദ്യോഗസ്ഥനോ ഒരു സിവിൽകോടതിയോ നിശ്ചയിയ്ക്കുന്ന തുക കൊടുക്കുക—അപ്രകാരം റോഡ് ഉറക്കുന്നതിനു മുമ്പായി കണ്ടിക്കാം നിവ്വഹിക്കാനുള്ള ഇനം സ്വാധീനപ്പെടുത്തുമെന്നുള്ള സമ്മതം ഇതുവരെ കക്ഷികാരം തന്നിട്ടില്ല.

ആശാരിപള്ളം ഗ്രാമത്തിലേക്ക് റോഡ്.

നമ്പ. മി: ഡി. സി. ജോസഫ് (അമ്പലപ്പുഴ): അമ്പലപ്പുഴം താലൂക്കിൽപ്പെട്ട ആശാരിപള്ളം ഗ്രാമത്തിലേക്കും, അതിൻറെ പരിസരഗ്രാമങ്ങളിലേക്കും പുതിയതായ റോഡു ഉറക്കുന്നതിനെ സംബന്ധിച്ചു സർക്കാരിൽ നിന്നും മയവായിവല്ല നടപടികളും നടത്തീട്ടുണ്ടോ എന്ന പറയുമൊ?

മി: റവി. കെ. മാധവൻനായർ (ഗവണ്മെൻറ അക്കിംങ്ങ് സിക്രട്ടറി): സമാജികൻ നമ്പർ ചോദ്യത്തിൻറെ ഉത്തരം നോക്കുക.

സെക്രട്ടറിയേറ്റ് പരിഷ്കാരം.

നമ്പ. മി: ഡി. സി. ജോസഫ് (അമ്പലപ്പുഴം): താഴെ പറയുന്ന കാര്യങ്ങൾക്കു മറുപടി ഗവണ്മെൻറിൽനിന്നും മയവായി പറയുമൊ?

(എ) ക്ലാർക്കുമാർക്കു ഏതു തീയതിയിലാണ് സിക്രട്ടറിയേറ്റിൽ നിയമിക്കും വന്നത്തിട്ടുള്ളതു;

(ബി) ക്ലാർക്കുമാരെ ബഡ്ഡറ്റ് യോഗത്തിൽ ഏതു ദിവസമാണ് അല്ല വാദവിഷയമായി എടുത്തതും,

മി: കെ. ജാജ്ജ് (ഗവണ്മെൻറ ചീഫ്സിക്രട്ടറി): ക്ലാർക്കുമാരുടെ സിക്രട്ടറിയേറ്റ് പരിഷ്കാരമെന്നു പറയത്തക്കതായി ഒന്നും ഉണ്ടായിട്ടില്ല. എന്നാൽ സിക്രട്ടറിമാരിലും സഹസിക്രട്ടറിമാരിലും ചില വ്യത്യാസങ്ങൾ വരുത്തിയിട്ടുണ്ട്. ഈ വ്യത്യാസം വരുത്തിയതു ക്ലാർക്കുമാർ-ചിങ്ങം നമ്പർ-ആണ്.

(ബി) ഈ ചോദ്യം ക്ലാർക്കുമാരുടെ ബഡ്ഡറ്റ് യോഗത്തിൽ, വാദ വിഷയമായി എടുത്തില്ല.

മി: എ. താണുപിള്ള (തിരുവനന്തപുരം): സിക്രട്ടറി മയവായി കുറെ കൂടി ഒച്ചത്തിൽ വായിയ്ക്കുമൊ?

സിക്രട്ടറിയേറ്റ് പരിഷ്കാരം.

നമ്പ. മി: എ. താണുപിള്ള (തിരുവനന്തപുരം): താഴെ പറയുന്ന കാര്യങ്ങൾ ഗവണ്മെൻറിൽ നിന്നും മയവായി അറിയിയ്ക്കുമൊ?

(എ) എന്നാണ് ഇപ്പോഴത്തെ ഹുസൂർ സിക്രട്ടറിയേറ്റ് പരിഷ്കാരങ്ങൾ അനുവദിച്ചതെന്നും.

(ബി) എന്തുകൊണ്ട് ക്ലാർക്കുമാരുടെ ബഡ്ഡറ്റിൽ അല്ല കാണിക്കാതിരുന്നതെന്നും.

മി: കെ. ജാർജ്ജ് (ഗവണ്മെൻറ ചീഫ് സിക്രട്ടറി): നമ്പർ നമ്പർ ചോദ്യത്തിനുള്ള ഉത്തരം സമാജികൻ നോക്കുക.

(ബി) ക്ലാർക്കുമാരുടെ ബഡ്ഡറ്റ് സമ്മേളനത്തിൽ ഈ സംഗതി ഗവണ്മെൻറിൻറെ ആലോചന വിഷയം മാത്രമായിരിക്കുകയും, ആ സമയത്തു അവർ അവസാനമായി തീർച്ചപ്പെടുത്തുകയും ചെയ്തിട്ടില്ലായിരുന്നു.

മി: എ. താണുപിള്ള (തിരുവനന്തപുരം): ഗവണ്മെൻറിൽനിന്നും അവസാനമായി ഈ ചോദ്യത്തെ സംബന്ധിച്ചുള്ള തീർച്ച ചെയ്യുന്നതിൽ ഈ സഭസ്സിൽ വച്ചു ബഡ്ഡറ്റ് സമ്മേളനം നടത്തിയതിനും മുമ്പുള്ള സമയം എനിയ്ക്കു അറിഞ്ഞാൽ കൊള്ളാമെന്നു ആഗ്രഹമുണ്ട്.

മി: കെ. ജാർജ്ജ് (ഗവണ്മെൻറ ചീഫ് സിക്രട്ടറി): ബഡ്ഡറ്റിനെ സംബന്ധിച്ചു ഈ സഭസ്സിൽ വച്ചു പ്രതിവാദം നടത്തിക്കേണ്ടതിനുമ്പോൾ അയിരുന്നു. അവസാനമായി ഗവണ്മെൻറ് തീർച്ചയാക്കിയതു, അതുയതു ഈ സഭയുടെ ബഡ്ഡറ്റ് യോഗസമയത്തു.

മി: എ. താണുപിള്ള (തിരുവനന്തപുരം): ബഡ്ഡറ്റ് സമ്മേളനത്തിൽതന്നെ, ഗവണ്മെൻറിനു ആവശ്യമുണ്ടായിരുന്നെങ്കിൽ ഈ സംഗതി ഈ സഭയിൽ കൊണ്ടു വരാമായിരുന്നു—

മി: കെ. ജാർജ്ജ് (ഗവണ്മെൻറ ചീഫ് സിക്രട്ടറി): ഇല്ല. കഴിഞ്ഞ ബഡ്ഡറ്റ് സമ്മേളനത്തിൽ ഇതു സഭയിൽകൊണ്ടുവരണമെന്നു ഒരു ചട്ടവും സ്റ്റാൻറിങ്ങ് ഉത്തരവും ഇല്ല.

മി: എ. താണുപിള്ള (തിരുവനന്തപുരം): അതു് എനിക്കു അറിവാം. സക്കാരിനു അതുകൊണ്ടുണ്ടായിരുന്നുവെങ്കിൽ അവർ അതു് ബഡ്ജറ്റിൽ ചെക്കുകയില്ലായിരുന്നോ എന്നാണു് എനിയ്ക്കു അറിയേണ്ടതു്?

മി: കെ. ജാർജ്ജ് (ഗവണ്മെൻറ് ചീഫ് സിക്രട്ടറി): ഇല്ല. അവർക്കു അതു ചെയ്യുവാൻ സാധിക്കുകയില്ലായിരുന്നു.

മി: എ. താണുപിള്ള (തിരുവനന്തപുരം): എന്തുകൊണ്ടാണു്?

മി: കെ. ജാർജ്ജ് (ഗവണ്മെൻറ് ചീഫ് സിക്രട്ടറി): അതു ഞാൻ നേരത്തെ പറഞ്ഞിട്ടുണ്ടു്. ഫിനാൻസ് കമ്മറ്റിയുടെ വീറിങ്ങിനു ശേഷമാണു അവസാനമായിട്ടുള്ള തീർച്ചപ്പെടുത്തുക.

മി: എ. താണുപിള്ള (തിരുവനന്തപുരം): ഈ സബ്സിഡിയറി ബഡ്ജറ്റ് യോഗവും, ഗവണ്മെൻറിൻറെ അവസാന തീർച്ചയും തമ്മിൽ ഇതിനു രണ്ടിനും മദ്ധ്യേ എത്ര അകലമുണ്ടായിരുന്നു എന്നു എനിയ്ക്കു അറിയണം.

മി: കെ. ജാർജ്ജ് (ഗവണ്മെൻറ് ചീഫ് സിക്രട്ടറി): ഈ സഭയുടെ ബഡ്ജറ്റ് യോഗം നടന്നുകൊണ്ടിരിയ്ക്കുമ്പോൾ തന്നെ അതു തീർച്ചപ്പെടുത്തുമെന്നു ഞാൻ പറഞ്ഞില്ലോ.

മി: എ. താണുപിള്ള (തിരുവനന്തപുരം): അതിനു മുൻപായിരുന്നോ, പിൻപായിരുന്നോ?

മി: കെ. ജാർജ്ജ് (ഗവണ്മെൻറ് ചീഫ് സെക്രട്ടറി): ഈ സബ്സിഡിയറി ബഡ്ജറ്റു യോഗസമയത്തു് ഏതാണെന്നു ഞാൻ പലപ്രാവശ്യം പറഞ്ഞു. ആ യോഗം ഏഴു എട്ടു ദിവസം കൂടുമ്പോൾ കാണുന്നു.

മി: എ. താണുപിള്ള (തിരുവനന്തപുരം): ഗവണ്മെൻറിനു ബഡ്ജറ്റു തയ്യാറാക്കുന്നതിനു മുമ്പു ഈകാര്യത്തിൽ ഒരു തീരുമാനം ചെയ്യുവാൻ സാധിയ്ക്കാത്ത വണ്ണത്തിൻറെ കാരണം എന്തെന്നു എനിയ്ക്കു അറിഞ്ഞാൽ കൊള്ളാം.

മി: കെ. ജാർജ്ജ് (ഗവണ്മെൻറ് ചീഫ്സിക്രട്ടറി): അതു സാദ്ധ്യമല്ലായിരുന്നു. അതേ എനിക്കു പറയാൻ കഴിയും.

മി: എ. താണുപിള്ള (തിരുവനന്തപുരം): എന്തു കൊണ്ടു അതു സാധിച്ചില്ലെന്നു അറിഞ്ഞാൽ കൊള്ളാം. ഈകാര്യം ഒരുകൊല്ലത്തിൽ അധികമായിട്ടു ആലോചന വിഷയമായിരുന്നു——ഇതു ഒരു പ്രധാനപ്പെട്ട സംഗതിയുമാണ്.

മി: കെ. ജാർജ്ജ് (ഗവണ്മെൻറ് ചീഫ് സെക്രട്ടറി): ആ ചോദ്യത്തിനു ഞാൻ മുമ്പേതന്നെ ഒരു മാതിരി ഉത്തരം കൊടുത്തിട്ടുണ്ടു. അതായതു ഇതിൻറെ ആവശ്യവും മാറ്റി വയ്ക്കുവാൻ നിവൃത്തി ഇല്ലായെന്നവിവരവും ഫിനാൻസ് കമ്മറ്റിയിലിരിക്കുന്നു കുടിയതിൻറെ ശേഷമാണു തീരുമാനിച്ചതു എന്നു്.

മി: താണുപിള്ള (തിരുവനന്തപുരം): അതുകൊണ്ടു സെക്രട്ടറിയേറ്റിൽ ഈ മാറ്റം വരുത്തണമെന്ന ആവശ്യവും അതു മാറ്റിവയ്ക്കുവാൻ പാടില്ലാത്ത സംഗതിയും ആയവ്യയകണക്കു തയ്യാറ്ചെയ്യുന്നതിൻറെ ചുമതലയാണ് അധികാരികൾക്കു മനസ്സിലായതു്.

മി: ജാർജ് (ഗവണ്മെൻറ് ചീഫ്സെക്രട്ടറി): അതെ.

മി: എ. താണുപിള്ള (തിരുവനന്തപുരം): അപ്പോൾ അത്യാവശ്യത്തിൻറെ സ്വഭാവം അതു് ആകുന്നു, ഉത്തരത്തിൽ പറയുന്നു. ഇതു് സാധാരണ ഒരു പരിഷ്കാരമല്ല എന്നു്. സാധാരണ ഒരു പരിഷ്കാരം എങ്ങനെയുള്ളതാണെന്നു അറിഞ്ഞാൽകൊള്ളാം.

മി: കെ. ജാർജ് (ഗവണ്മെൻറ് ചീഫ് സെക്രട്ടറി): എല്ലാ ഉദ്യോഗങ്ങളുടെയും ആകപ്പാടെയുള്ള രേഖയുണ്ടാക്കുന്നതിനും അതിൻറെ ജോലിയേയും ആലോചനക്കു എടുക്കുകയാണെങ്കിൽ അതു ഒരു പരിഷ്കാരവും ഞങ്ങൾ ചെയ്തിട്ടില്ല.

പ്രമോഷൻ അനുസരിച്ചു് പത്രങ്ങളുടെ പേരിലുള്ള നടപടിക്രമം.

നമ്പർ. മി. മുനിവേലിൽ പാച്ചുപിള്ള (ചേർത്തല): താഴെപറയുന്ന കാര്യങ്ങൾക്കു മറുപടി ഗവണ്മെൻറിൽനിന്നും ദയവായി പറയുമോ?

(എ) പ്രമോഷൻ പാസ്സാക്കിയതിൽപിന്നീടു് സന്നദ്ധു രജിസ്റ്റർചെയ്തിട്ടുള്ള പത്രങ്ങളുടെ എണ്ണം,

(ബി) ആ പത്രങ്ങളുടെ പേരുകൾ.

(സി) പ്രമോഷൻ അനുസരിച്ചു മലബാർസ് റജിസ്റ്റേഷ്യൻ ഗവണ്മെൻറിലേക്കു മുതൽ കൂട്ടിയിട്ടുള്ള പത്രങ്ങളുടെ പേരുകൾ. അങ്ങിനെ ഗവണ്മെൻറിനു് ആകെ മുതൽ കൂട്ടിയ പണം.

(ഡി) പ്രമോഷൻ അനുസരിച്ചു് നടപടിയെടുത്താതിരിക്കുന്നതിനു് സമാധാനം ഫാജരാക്കുന്നതിനു് ഏതെല്ലാം പത്രങ്ങളോടു് ആവശ്യപ്പെട്ടതായി അവയുടെ പേരുകൾ.

(ഇ) ഇതു് അനുസരിച്ചു ഗവണ്മെൻറിനോടു ക്ഷമായാചനം ചോദിച്ചു പത്രങ്ങളുടെ പേരും നമ്പരും.

മി: കെ. ജാർജ് (ഗവണ്മെൻറ് ചീഫ്സെക്രട്ടറി):

(എ) ഉണ്ടു്.

(ബി) പ്രബോധകൻ, സസൻറിനൽ.

(സി) പ്രമോഷൻ അനുസരിച്ചു ഒരു പത്രത്തിൻറെ ലൈസൻസ് മാറ്റിച്ചേർക്കുമ്പോൾ അതിൻറെ ലൈസൻസ്ഫീസ് ഗവണ്മെൻറിലേക്കു് ഈടാക്കുവുന്നതാണു്.

ഈ രണ്ടു പത്രത്തിൻറെയും ലൈസൻസ്ഫീസ് 5 രൂപയായിരുന്നു.

(സി) സമാധാനം ഫാജരാക്കുന്നതിനു ഒരു പത്രത്തിനോടും ആവശ്യപ്പെട്ടിട്ടില്ല.

നാലുപത്രങ്ങൾ (എ) നവജീവനി, (ബി) പൌരപ്രഭ, (സി) പ്രതിദിനം, (ഡി) ഒരേ കാരണം,

ഇവ ആക്ഷേപകരമായ ചില മേഖലകളിൽ പരസ്യപ്പെടുത്തിയതിനു മുമ്പായിട്ടു വ്യസനിക്കുന്നതായി പ്രത്യക്ഷമായി പ്രസ്താപിക്കണമെന്നും അങ്ങനെ ചെയ്യാതിരുന്നാൽ അവയുടെമേൽ ഏർപ്പെടുത്തുന്ന ഗവണ്മെൻറ് നിർബന്ധിതമാകുമെന്നും അവരെ അറിയിച്ചിരുന്നു.

(ഇ) (എ) നവജീവനി (ബി) പൌരപ്രഭ (സി) പ്രതിദിനം.

വി, എസ്സ്. എൽ. സി, പരീക്ഷയിൽ ജയിച്ചവരുടെ പഠിപ്പ് നിർത്തരുത്.

ന്യൂസ്, മി. ഈട്ടപ്പ് ഇട്ടീച്ചൻ (കന്നുത്തുനാട്ട്): മലയാളം സ്കൂളിലെ അദ്ധ്യാപകവൃത്തിക്ക് ഇപ്പോൾ വി. എസ്സ്. എൽ. സി, ജയിച്ചവരുടെ വയസ്സും പഠിപ്പും മതിയാകുമോ എന്ന സർക്കാരിന്റെ വിചാരിക്കുന്നതായി പറയുമോ?

മി: കെ, ജോർജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): പറയാം. എഡ്യൂക്കേഷൻ കോഡിന്റെ ഭാഗം (ഗ) ചട്ടം അനുസരിച്ചു വർണാക്യുലർ സ്കൂൾവിഭാഗത്തിൽ സർട്ടിഫിക്കറ്റ് പരീക്ഷ പ്രൈമറി സ്കൂളിലെ ഫോറം മുതൽ ഏഴുവരെയുള്ള ക്ലാസുകളിലുള്ള അദ്ധ്യാപകന്മാർക്ക് വിധിച്ചിട്ടുള്ള ഒരു സാധാരണ പരീക്ഷയായിട്ടാണ് വച്ചിരിക്കുന്നത്.

● ഇപ്പോഴത്തെ ചട്ടപ്രകാരം സർവ്വീസിൽ കയറിയിട്ടുള്ള ഒരാളിനെ പരിപ്പിക്കുന്നതിനു ലൈസൻസ് കൊടുക്കുകയില്ല.

മുൻസിപ്പൽ കൗൺസിലിൽ സ്ത്രീകൾക്കുള്ള സ്ഥാനം.

ന്യൂ. മിസസ്സ് എ. സുബ്രഹ്മണ്യം (നിയമിക്കപ്പെട്ട സാമാജിക): സ്ത്രീകളെ സാമാജികകളാക്കുവാൻ അനുവദിക്കാത്ത മുനിസിപ്പൽ റഗുലേഷൻസിലെ വകുപ്പുകളെ ഇക്കാലത്തും തുടർന്നുകൊണ്ടുപോകുന്നതിന്റെ അനൗചിത്യം അവർ മനസ്സിലാക്കുന്നുണ്ടോ എന്ന് ഗവണ്മെന്റിനെ ദിനം മയവായി പറയുമോ?

മി: പി. എൻ. കുഞ്ഞുപിള്ള (ഗവണ്മെന്റ് സെക്രട്ടറി): ഗവണ്മെന്റിനു അറിയാം, മുൻസിപ്പൽ ഗ്രൂപ്പേഷനെ പരിഷ്കരിക്കുന്നതിനായി തയ്യാറാക്കുന്ന കരടുബില്ലിൽ ഈ അസൗകര്യത്തിനു പോരെ വകുപ്പുകൾ ചേർക്കുന്നതിനു കഴിയുന്നതാണ്.

ഒരു നിയമസഭാ ഹാൾ പണിയുന്നതിനെക്കുറിച്ച്.

മി: എ, എസ്. മോമ്മദരൻ ഷംസാൻ (മാവേലിക്കരയും-കുന്നിക്കപ്പള്ളിയും): ഒരു നിയമസഭാഹാൾ തീക്കുന്നതിനെക്കുറിച്ചു ഗവണ്മെന്റിൽനിന്നും താഴെപറയുന്ന കാര്യങ്ങൾക്കു മറുപടി മയവായി പറയുമോ,

(എ) ഒരു നിയമസഭാ ഹാൾ പണിയുന്ന വിഷയം ഇപ്പോഴും അവരുടെ ശ്രദ്ധയിൽ പെട്ടിരിക്കുന്നോ?

(ബി) അതെ എന്നാണ് (എ)-ക്കുള്ള ഉത്തരമെങ്കിൽ അതു എത്രമാത്രം അഭിവൃദ്ധിപ്പെട്ടു, പൂർത്തിയാക്കാതിരിക്കുന്നതിനുള്ള താമസത്തിനു കാരണങ്ങൾ,

(സി) ഏ-ാം ഭാഗത്തിനുള്ള ഉത്തരം ഇല്ല എന്നാണെങ്കിൽ ഈ വിഷയം എപ്പോൾ എങ്ങനെയാണ് തീർച്ചപ്പെടുത്തുന്നതെന്നു പറയുമോ?

മി: കെ. ജോർജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): (എ) ഉണ്ട്.

(ബി) ഗവണ്മെന്റിനു ഏതു സ്ഥലമാണ് വേണ്ടതെന്നു ഇതേവരെ തീർച്ചയാക്കിയിട്ടില്ല.

(സി) 'ബി'ക്കുള്ള ഉത്തരം കൊണ്ടു ഇതിനു ഉത്തരം പറയേണ്ട ആവശ്യമില്ല.

മി: എ. എസ്സ്. മോമ്മദരനാശാൻ (മാവേലിക്കരയും കുന്നിക്കപ്പള്ളിയും): 'ബി'യെ സംബന്ധിച്ചു ഗവണ്മെന്റ് എപ്പോളെങ്കിലും സ്ഥലം തീർച്ചയാക്കിട്ടുണ്ടായിരുന്നോ എന്നും അതിനെക്കുറിച്ചു ആലോചിച്ചിട്ടുണ്ടോ എന്നും ഞാൻ ചോദിക്കട്ടെയോ?

മി: കെ. ജോർജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): രണ്ടു സ്ഥലങ്ങളെപ്പറ്റി ആലോചിച്ചു. ഒന്ന് കമ്മറിയുടെ റിപ്പോർട്ട് അനുസരിച്ചു അതു പബ്ലിക് ആഫീസിനു എതിർവശത്തായി ഇമ്പീരിയൽബാങ്ക് ഇട്ടിരിക്കുന്നതും അതിനടുത്തു കുറച്ചുസ്ഥലങ്ങളും അതു വിലകൊടുത്തു വാങ്ങിച്ചു ഒരു ഹാൾ പണിയുകയെന്നാണ്. രണ്ടാമതു ചിലർ പറഞ്ഞതു കുന്നുകളിൽ ഉള്ളതും അത്രയധികം ദൂരമല്ലാത്തതുമായ ഒരു സ്ഥലം വാങ്ങുകയെന്നതാണ്. ഇതു വളരെ ചിലവുവരുന്ന ഒരു കാര്യമാണെന്നുവിചാരിച്ചു അതുകൊണ്ടു വേറൊന്നിനെപ്പറ്റി ആലോചിച്ചു അതു ആലോചിച്ചതിൽ തീരെ ചെലവുകുറഞ്ഞതായിപ്പോയി. ഈ വിഷയം ഈ സമിതിമുമ്പിൽ ഇരിക്കുന്നു.

മി: എ. എസ്സ്. മോമ്മദരനാശാൻ (മാവേലിക്കരയും കുന്നിക്കപ്പള്ളിയും): രണ്ടാമതൊന്നു സ്ഥലം മതിയാകുന്നതല്ല എന്നു എപ്പോളാണ് അറിഞ്ഞതു?

മി: കെ. ജോർജ് (ഗവണ്മെന്റ് സെക്രട്ടറി): ഫൈനൽ.

മി: എ. എസ്സ്. മോമ്മദരനാശാൻ (മാവേലിക്കര-കുന്നിക്കപ്പള്ളി: ഈ ഉത്തരവും ഫൈനലുമായ ഗസ്സ്റ്റ്മാസം ൽ-ാംതു ദിവാൻ അദ്ധ്യക്ഷൻ പറഞ്ഞ താഴെകാണിക്കുന്ന വാക്കുകളും തമ്മിൽ എങ്ങനെയാണ് പരസ്പരവിരുദ്ധമാകാതിരിക്കുന്നതെന്നു വിശദമാക്കുമോ?

അദ്ധ്യക്ഷൻ: (കൗൺസിൽ ഹാളിനെസംബന്ധിച്ചു കഴിയുന്നവേഗത്തിൽ ഒരു സ്ഥലം വാങ്ങിക്കുന്നതിനായി ഗവണ്മെന്റിനും താല്പര്യമുണ്ട്. ഈ ഉദ്ദേശത്തോട്ടുകൂടി നിശ്ചയം പാസ്സാക്കിയതു മുതൽ ഗവണ്മെന്റ് ചീഫ് എൻജിനീയരുമായി ഇതിനെപ്പറ്റി ഏഴുത്തുകുത്തു നടത്തുകയാണ്. എന്നാൽ മാസ്യൂഷേഷണൽ ഇതുവരെ ഒരുതീരുമാനത്തിലെത്തിയ ഒരു സ്ഥലം തീർച്ചയാക്കുന്നതിനു കഴിഞ്ഞിട്ടില്ല.

അദ്ധ്യക്ഷൻ: അതു അത്ര ശരിയല്ല. സ്ഥലം തീർച്ചയാക്കികഴിഞ്ഞു പ്രാരംഭമായിട്ടുള്ള പ്ലാൻവരെയും കഴിഞ്ഞു, ഒരു സർവ്വേയർമാരുടെ ഗ്രൂപ്പിനെ കൊണ്ടുവരുന്നതിനായി ഗവണ്മെന്റ് കാത്തുകൊണ്ടിരിക്കുകയാണു.

മി: ടി. പി. രാമസുബ്ബയ്യർ (ഈക്കിംഗ് ഗവണ്മെന്റ് ചീഫ്സെക്രട്ടറി): സർ, ഞാൻ അതു അറിഞ്ഞില്ല,

അദ്ധ്യക്ഷൻ: കഴിഞ്ഞ ഫിനാൻസ് കമ്മിറ്റി മീറ്റിങ്ങിൽവച്ചു പ്ലാൻ സാമാജികന്മാരെ കാണിച്ചു.

മി: കെ. ജോർജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): ഇപ്പോൾ എന്റെ കൈവശം ഉള്ള നിക്കാർട്ടുകളെല്ലാം ദിവാൻ അദ്ധ്യക്ഷന്റെ കൈവശമുണ്ടായിരുന്നിരിക്കണം. എനിക്കു അതുമാത്രമെ പറയാൻകഴിയൂ. അദ്ദേഹത്തിന്റെ സൃഷ്ടിപ്പിൽ ഉണ്ടായിരുന്ന ചില നിക്കാർട്ടുകളെ അടിസ്ഥാനമാക്കിയായിരിക്കണം അദ്ദേഹം ഉത്തരം പറഞ്ഞത്.

സീനിയർ പോലീസ് ഡിസ്ട്രിക്ട് സൂപ്രണ്ട്.

ന്യൂ. മി: എ. താണുപിള്ള (തിരുവനന്തപുരം): കൊൺസിൽ നടപടികളുടെ ഏ-ാം വാല്യം ൭൭൪ മുതൽ ൭൯൬ വരെയുള്ള പുറങ്ങളിൽ ഉള്ള ഫൈനാൻഷ്യൽ ആഗസ്റ്റ് മാസം ൽ-ാംതു തീയതിയിലെ ബഡ്ജ

റവന്യൂ സെക്രട്ടറിയിൽ പോലീസ് കമ്മീഷണർ ചെയ്യുന്ന പ്രസംഗത്തിൽ സീനിയർ ഡിസ്ട്രിക്ട് സൂപ്രണ്ടു പേഴ്സണൽ അസിസ്റ്റന്റായി നിയമിക്കപ്പെട്ട എന്നു പറഞ്ഞിരിക്കുന്നതിനെ സംബന്ധിച്ചു എന്താണ് മി: പിച്ചുമണിഅയ്യങ്കാർ സീനിയർ ഡിസ്ട്രിക്ട് സൂപ്രണ്ടായതു എന്നു ഗവണ്മെന്റിൽനിന്നു പറയുമോ?

മി: കെ. ജാർജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): ഗവണ്മെന്റിൽനിന്നും മി: പിച്ചുമണിഅയ്യങ്കാരെ പ്രത്യേകമുള്ള ഡി. എസ്സ്. പി. മാരുടെ സീനിയർ ആക്കിയിട്ടില്ല.

മി: എ. താണുപിള്ള (തിരുവനന്തപുരം): സീനിയർ ഡി. എസ്സ്. പി. പേഴ്സണൽ അസിസ്റ്റന്റായി എന്നു പറഞ്ഞപ്പോൾ മി: പിച്ചുമണിഅയ്യങ്കാരെയല്ലയോ കമ്മിഷണർ ഉദ്ദേശിച്ചതു എന്നു അറിയാമോ?

മി: കെ. ജാർജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): അതെ.

മി: എ. താണുപിള്ള (തിരുവനന്തപുരം): കമ്മീഷണരുടെ അഭിപ്രായപ്രകാരമുള്ള സീനിയർ ഡി. എസ്സ്. പി. ഗവണ്മെന്റിന്റെ അഭിപ്രായത്തിലും സീനിയർ ഡി. എസ്സ്. പി. അല്ലയോ എന്നു പറയുമോ?

മി: കെ. ജാർജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): കമ്മിഷണരുടെ ഭാഷ അത്ര സ്പഷ്ടമായിരുന്നില്ല. അദ്ദേഹം ഒരു ഡി. എസ്സ്. പി. എന്നാണ് അർത്ഥമാക്കിയതു.

മി. എ. താണുപിള്ള (തിരുവനന്തപുരം) ഒന്നിലധികം സീനിയർ ഡി. എസ്സ്. പി. മാരുണ്ടോ?

മി: കെ. ജാർജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): ഡി. എസ്സ്. പി. മാരിൽത്തന്നെ സീനിയോറിറ്റി ഉണ്ട്.

മി. എ. താണുപിള്ള (തിരുവനന്തപുരം) ഇതുപോലെയുള്ള സ്ഥിതിയില്ലായ്മയല്ല ഗവണ്മെന്റിൽനിന്നും ഞാൻ ഉദ്ദേശിക്കുന്നതു ഒരു സീനിയർ ഡി. എസ്സ്. പി. യിൽ കൂടുതലായി ഉണ്ടോ എന്നു ഞാൻ ചോദിക്കുന്നു?

മി. കെ. ജാർജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി). നമുക്ക് ഡി. എസ്സ്. പി. മാരുള്ളതിൽ മുന്നു പേരെ സീനിയർ ഡി. എസ്സ്. പി. ആയിട്ടും രണ്ടാമത്തെ ആളിനെ ജൂനിയർ ഡി. എസ്സ്. പി. ആയിട്ടും കരുതാം, സീനിയർ ഡി. എസ്. പി. അദ്ദേഹത്തിന്റെ പേർസണൽ അസിസ്റ്റന്റായി എന്നു കമ്മിഷണർ പറഞ്ഞപ്പോൾ അദ്ദേഹം അറിയാതെ ഒരു തെറ്റു ചെയ്തതാണ്.

മി. എ. താണുപിള്ള (തിരുവനന്തപുരം). ഇതു അങ്ങും പറഞ്ഞിരുന്നു എങ്കിൽ എനിക്കു മനസ്സിലാക്കാമായിരുന്നു. എന്നാൽ നാലുപേരിൽ മുന്നുപേർ സീനിയേർസ് ആണെന്നുള്ള വാക്കുകൾ ഗവണ്മെന്റിൽനിന്നും പറയുന്നതായി എനിക്കു ഉദ്ദേശിക്കാൻ പാടുള്ളതല്ല, കമ്മിഷണർചെയ്ത ഒരു തെറ്റാണെങ്കിൽ എനിക്കു അതു മനസ്സിലാക്കാം,

മി. കെ. ജാർജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): അതു അറിയാതെചെയ്ത ഒരു തെറ്റാണെന്നാണു ഞാൻ പറഞ്ഞുകഴിഞ്ഞു.

മി. എ. താണുപിള്ള (തിരുവനന്തപുരം): എനിക്കു അതു മനസ്സിലാക്കാം. മി. പിച്ചുമണി അയ്യങ്കാരെ ഇപ്പോൾ സീനിയർ ഡി. എസ്സ്. പി. ആക്കിയോ എന്നു അറിയുന്നതിനു മാത്രമാണ് ഞാൻ ആഗ്രഹിച്ചതും സിവിറ്റെലിസ്റ്റ് നോക്കിയതിൽ രണ്ടൊരാൾ സീനിയർ ഡി. എസ്സ്. പി. ആയി കാണുന്നു, അതുകൊണ്ടു അദ്ദേഹത്തിന്റെ സീനിയർ ആയി രൊരാളെ നിയമിച്ചോ എന്നു അറിയണമെന്നു ഞാൻ ആഗ്രഹിച്ചു. നേരെയുള്ള ഉത്തരമാണ് ഗവണ്മെന്റിൽനിന്നും ഞാൻ വിചാരിക്കുന്നതു, അതു എനിക്കു മനസ്സിലാക്കാം.

പോലീസുകമ്മീഷണരുടെ പേഴ്സണൽ അസിസ്റ്റന്റ്.

൨൦. മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): പോലീസുകമ്മീഷണരുടെ പേഴ്സണൽ അസിസ്റ്റന്റായി സീനിയർ ഡി. എസ്. പിയെ നിയമിക്കാത്തതു എന്താണെന്നു പറയുമോ?

മറുപടി: കെ. ജാർജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): ഈ സംഗതിയിലെ സീനിയോരിട്ടി ആലോചിക്കേണ്ടതായിട്ടില്ലായിരുന്നു. പേഴ്സണൽ അസിസ്റ്റന്റിന്റെ നിലയെ സീനിയർ ഡി. എസ്സ്. പി. യുടെ നിലയെക്കാൾ ഒട്ടും കുറഞ്ഞതല്ല.

ഈ രാജ്യത്തിലെ തെൽകൃഷി വർദ്ധിപ്പിക്കൽ.

൨൧. മി: വി. എസ്. കൃഷ്ണപിള്ള (തിരുവല്ല): ഈ രാജ്യത്തെ തെൽകൃഷി വർദ്ധിപ്പിക്കുന്നതിനായി ഓരോരോ കൃഷികളിലുള്ള വെള്ളച്ചാലുകളുടെ ഒരു ചിസ്റ്റ് തയ്യാറാക്കുന്നതിന് തഹശീൽദാർമാരെ ഉത്തരവു അയച്ചിട്ടുണ്ടോ എന്നു പറയുമോ?

മി: റവ. കെ. മാധവൻനായർ (അഗ്രിംഗ് ഗവണ്മെന്റ് സെക്രട്ടറി): ഇറിഗേഷൻ കമ്മിറ്റിക്കു കൊടുക്കുന്നതിനായി വെള്ളിച്ചാലുകളുടേയും ചിറകളുടേയും ഒരു ചിസ്റ്റ് തയ്യാറാക്കിയിട്ടുണ്ട്.

തിരുവനന്തപുരത്തുള്ള സ്ത്രീകൾക്കുള്ള ഇംഗ്ലീഷ് ഹൈസ്കൂളിലെ നിയമനത്തിന്റെ വിവരപ്പട്ടിക.

൨൨. മി: സി. പ്രാൻസിസ് (നിയമിക്കപ്പെട്ട സാമാജികൻ): തിരുവനന്തപുരത്തുള്ള സ്ത്രീകൾക്കുള്ള ഇംഗ്ലീഷ് ഹൈസ്കൂളിലെ ക്ലാസ്സ് ചിങ്ങം മുതൽ-വരെയുള്ള നിയമനത്തെപ്പറ്റി ജാതി അനുസരിച്ചുള്ള ഒരു വിവരപ്പട്ടിക ഗവണ്മെന്റിൽനിന്നു ലഭിച്ചിട്ടുണ്ടോ എന്നു പറയുമോ?

മി: കെ. ജാർജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): സാമാജികനു അറിയേണ്ട കാര്യത്തെപ്പറ്റി ചോദ്യത്തിൽ വ്യക്തമാക്കിയിട്ടില്ലാത്തതുകൊണ്ടു മറുപടി പറയാൻ നിവൃത്തിയില്ല.

രാജ്യത്തിലെ മലയാളം സ്കൂളുകളിലെ നിയമനങ്ങളിന്റെ വിവരപ്പട്ടിക.

൨൩. മി. ഡി. പ്രാൻസിസ് (നിയമിക്കപ്പെട്ട സാമാജികൻ): രാജ്യത്തിലുള്ള ക്ലാസ്സ് ചിങ്ങം മുതൽ-വരെയുള്ള മലയാളം പള്ളിക്കൂടങ്ങളിൽ ഗവണ്മെന്റ് നടത്തിയ നിയമനങ്ങളെപ്പറ്റി ജാതിയനുസരിച്ചുള്ള ഒരു പട്ടിക മേശപ്പുറത്തു വയ്ക്കുന്നതിനു ഗവണ്മെന്റിലേക്കു ഒരുവുണ്ടാകുമോ?

മി: കെ. ജാർജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): സാമാജികനു അറിയേണ്ട വിവരത്തെപ്പറ്റിയുള്ള കാര്യത്തെ വ്യക്തമാക്കി ചോദ്യത്തിൽ പറഞ്ഞിട്ടില്ലാത്തതുകൊണ്ടു മറുപടി പറയാൻ നിവൃത്തിയില്ല.

ഡിസ്ട്രിക്ടിലെ സ്റ്റേഷൻ പേര്	കച്ചേരിയുടെ പേര്	സ്ഥലം വാടകയ്ക്കുള്ളതാണോ അല്ലയോ	വാടക ഒടുക്കുന്നുണ്ടെങ്കിൽ ഓരോ മാസവും കൊടുക്കേണ്ട തുക			കൊടുപ്പാൻ താമസമുള്ള കച്ചേരിയിൽ നിന്നുള്ള ദൂരം
			രൂ.	ച.	കാ.	
മുനിസിഫി	(എ) ഡിവാൻ പേഷ്കാരുടെ കച്ചേരി	സർക്കാർ				
	(ബി) ഡിവിഷൻ അസിസ്റ്റന്റിന്റെ കച്ചേരി.					സ-ഫർലാംഗ്
	(സി) ഡിവിഷണൽ ട്രഷറി കച്ചേരി.	ഇ				താലൂക്കുകച്ചേരി തന്നെ
	(ഡി) താലൂക്കുകച്ചേരി	ഇ				ഇ
	(ഇ) ഫൗജ്ദാരികച്ചേരി	ഇ				ഇ ഫർലാംഗ്
	(എഫ്) സബ്ട്രഷറി	ഇ				സ ഇ
എക്സൈസ്	(എ) അസിസ്റ്റന്റ് എക്സൈസ് കമ്മീഷണരുടെ കച്ചേരി	ഇ				താലൂക്ക ഇ
	(ബി) എക്സൈസ് ഇൻസ്പെക്ടരുടെ കച്ചേരി	വാടകയ്ക്കുള്ളതല്ല	൪	൦	൦	ബ ഇ
സഞ്ചായം	(സി) പബ്ലിക്കുമായി ഡിവിഷൻ ഫാറസ്റ്റ് ആഫീസ്.	സർക്കാർ വാടകയ്ക്കുള്ളതല്ല	൪൦	൨൫	൦	ബ ഇ
രജിസ്ട്രേഷൻ	(എ) ഡിസ്ട്രിക്ട് രജിസ്ട്രാരുടെ കച്ചേരിയും, പ്രിൻസിപ്പൽ സബ്ബ് രജിസ്ട്രാരുടെകച്ചേരിയും	ഇ	൪൦	൨൫	൪	താലൂക്ക ഇ
	(ബി) അഡീഷണൽ സബ്ബ്രജിസ്ട്രാരുടെ കച്ചേരി	ഇ	൨൫	൧൨	൪൨	൧-ഫർലാങ്
	പോസ്റ്റൽ സഹായ ഇൻസ്പെക്ടരുടെ ആഫീസ്	ഇ	൪	൦	൦	അന്നര ഫർലാംഗ്
നീതിന്യായവകുപ്പ്	(എ) ഡിസ്ട്രിക്ട് ജഡ്ജ്					
	(ബി) അഡീഷണൽ ജഡ്ജ് (താൽക്കാലിക)	സർക്കാർ				൧ ഫർലാങ്
	(സി) താൽക്കാലിക ജഡ്ജ്					
	(ഡി) ഡിസ്ട്രിക്ട് മുൻസിപ്പൽ കച്ചേരി	ഇ				താലൂക്കുകച്ചേരികെട്ടിടം
	(ഇ) സ്റ്റേഷണറി രജിസ്റ്റേർഡ് കച്ചേരി	വാടകയ്ക്കുള്ളതല്ല	൫൦	൨൫	൦	കാൽ ഫർലാംഗ്
	(എഫ്) സർക്കാർവക്കീൽ					
	(ജി) ഇ താൽക്കാലിക	സർക്കാർ				൧ ഫർലാങ്
	(എച്ച്) പഞ്ചായത്തു രജിസ്ട്രേഷൻ കച്ചേരി	വാടകയുള്ളതാണ്	൨൦	൦	൦	അര ഫർലാംഗ
	(ഐ) സിവിൽകയിൽ (സൂപ്രിന്റാകെ ഉള്ളതാണ്.)	സർക്കാർ				൧ ഫർലാങ്
പോലീസ്	(എ) പോലീസ് ഡിസ്ട്രിക്ട്സൂപ്രണ്ടിന്റെയും	വാടകയുള്ളതാണ്	൩൫	൨൫	൦	കാൽ ഫർലാംഗ്
	(ബി) പോലീസ് അസിസ്റ്റന്റ് സൂപ്രണ്ടിന്റെയും ആഫീസ്					
	(സി) ഓടിക്കൊണ്ടിരിക്കുന്ന പോലീസ് സ്റ്റേഷൻ	സർക്കാർ				താലൂക്കുകച്ചേരി കെട്ടിടം തന്നെ
വിദ്യാഭ്യാസം	(എ) ഇംഗ്ലീഷ് സ്കൂൾ അസിസ്റ്റന്റ് ഇൻസ്പെക്ടരുടെ ആഫീസ്	വാടകയ്ക്കുള്ളതല്ല	൭	൦	൦	സ-ഫർലാംഗ്

ഡിപ്പാർട്ടുമെന്റിന്റെ പേര്	കച്ചേരിയുടെ പേര്	സ്വഭാവം വാടകയ്ക്കെടുത്തിട്ടുള്ളതാണോ അല്ലയോ എന്നു	വാടകയ്ക്കെടുത്തിട്ടുള്ള വയ്ക്ക് പ്രതിമാസം കൊടുക്കേണ്ടതുക.			കോട്ടയംതാലൂക്കു കച്ചേരിയിൽ നിന്നും ഉള്ള ദൂരം
			രൂ.	ച.	കാ	
വിദ്യാഭ്യാസം (ഇടപ്പ്)	(എ) മധ്യമുഖ്യസ്കൂൾ അസിസ്റ്റന്റ് ഇൻസ്പെക്ടരുടെ ആഫീസ്	ടി	൭	൭	൦	താലൂക്കുകച്ചേരിയിൽനിന്നും ക്രമമുള്ള പടിഞ്ഞാറു
	(ബി) പബ്ലിക്കുട്ടികളിലെ അസിസ്റ്റന്റ് ഇൻസ്പെക്ടറുടെ ആഫീസ്	വാടകയ്ക്കു കൊടുക്കേണ്ടതു	൭	൦	൦	ഒരു ഫർലാംഗ്
കൃഷി	കൃഷിഇൻസ്പെക്ടരുടെ ആഫീസു	ടി	൫൪	൦	൦	എട്ടിഫർലാംഗ്
ശുചീകരണം സാനിട്ടറി	അസിസ്റ്റന്റ് ശുചീകരണ ഇൻസ്പെക്ടരുടെ ആഫീസ്	ടി	൭	൦	൦	രണ്ടിഫർലാംഗ്
പബ്ലിക്കുവർക്സ് ഡിപ്പാർട്ടുമെന്റ്	(എ) എക്സിക്യൂട്ടീവ് ഇഞ്ചിനീയരുടെ ആഫീസു (ബി) സബ് ഡിവിഷനാഫീസ് (സി) സബ്ഡിവിഷനാഫീസ്	സക്കാർ	ടി	...	...	ഒരു ഫർലാംഗ്
മരാമത്തു ഡിപ്പാർട്ടുമെന്റ്	മരാമത്തു സർക്കിളാഫീസ്	വാടകയ്ക്കു കൊടുക്കേണ്ടതു	൫൪	...	...	എട്ടിഫർലാംഗ്
അഞ്ചൽ	(എ) അഞ്ചൽ ആഫീസ് (ബി) അഞ്ചൽ ഇൻസ്പെക്ടരുടെ ആഫീസ്	സർക്കാർ വാടകയ്ക്കു കൊടുക്കേണ്ടതു	ടി ൯	... ...	... .	രണ്ടിഫർലാംഗ് എട്ടിഫർലാംഗ്

൯ കാം നമ്പർ ചോദ്യത്തിനുള്ള ഉത്തരം രേഖപ്പെടുത്തുക.

എ. പരസ്യരസഹായ ഡിപ്പാർട്ടുമെന്റിൽ എ ം-രൂപായും, അതിൽ കൂടുതലും ശമ്പളത്തിൽ വാങ്ങിയ്ക്കുന്ന ഉദ്യോഗസ്ഥന്മാരുടെ ജാതി അനുസരിച്ചുള്ള ലെ പട്ടിക.

ജാതി.		എണ്ണം.
(എ) ഹിന്ദുക്കൾ		
ബ്രാഹ്മണർ	...	൨
ക്ഷത്രിയർ	...	൫
നായന്മാർ	...	൫൩
ഈഴവർ	...	൭
വെള്ളാളർ	...	൩
മറ്റു ഹിന്ദുക്കൾ	...	൫
(ബി) മഹമ്മദീയർ	...	൫
(സി) ക്രിസ്ത്യാനികൾ		
യൂറോപ്യന്മാർ	...	൩
റോമൻകത്തോലിക്ക് സിറിയൻ	...	൫
ജി ജാറിൻ	...	...
സിറിയൻസ്	...	...
ജാക്കോബയിറ്റ്	...	൫
മാർത്തോമ്മ	...	൭

൨ കാം നമ്പർ ചോദ്യത്തിനുള്ള ഉത്തരം രേഖപ്പെടുത്തുക.

ബി. പരസ്യരസഹായ ഡിപ്പാർട്ടുമെന്റിൽ ൫൦ രൂപ കണ്ണി എ ം-നും മുമ്പുള്ള രണ്ടു കോളങ്ങളിൽ എ ം രൂപയോ കൂടുതലോ ശമ്പളമുള്ള സ്ഥിരതയിലധികം ഏതുദ്യോഗം ൧൨ മാസക്കാലമായിൽ കുറയാത്ത പക്ഷം നിയമനങ്ങൾ ഏതുദ്യോഗം ഉള്ളതിനു ജാതി അനുസരിച്ചുള്ള പട്ടിക.

ജാതി.	സ്ഥിരം	പക്ഷവും താല്കാലികവും
ഈഴവർ	൫	...
നായന്മാർ	...	൫
വെള്ളാളർ	...	൩
മറ്റു ഹിന്ദുക്കൾ	...	...
മഹമ്മദീയർ	...	...
റോമൻകത്തോലിക്ക് സിറിയൻ	...	൫

൪൨-ാം നമ്പർ ചോദ്യത്തിനുള്ള ഉത്തരം നോക്കുക.

തൊട്ടുപുഴ താലൂക്ക കച്ചേരിയിലെയും പകൃതിക്കച്ചേരിയിലെയും ഉദ്യോഗസ്ഥന്മാരുടെ ജാതി അനുസരിച്ചുള്ള പട്ടിക.

ഉദ്യോഗവിവരം	ക. ഹിന്ദുക്കൾ				ഖ. മഹമ്മദീയർ	ഗ. ക്രിസ്ത്യാനർ		ഗിമാർക്ക്
	ബ്രാഹ്മണരും മറ്റുള്ളവരും	ഈഴവർ	നായന്മാർ	വള്ളാളർ		റോമൻ	സിറിയൻ	
തഹശ്ശീൽദർ	ക	...	...	...	...	...	...	
ഹെഡ് അക്കൊണ്ടന്റ്	...	...	ക	...	...	...	...	
ഹെഡ് ക്ലാർക്ക	ക	...	...	...	...	...	...	
ടഷറർ	ക	...	...	...	...	...	...	
ക്ലാർക്ക്സ് ഖ (ഖ ൪൦)	...	...	ഖ	...	...	...	...	
ടി ഘ (ഖ ൦-ന൦)	ക	...	ന	...	...	...	...	
പാവ്വുകാരന്മാർ	...	...	ക	ക	...	...	...	
ക-ാം ഗ്രേഡ്	...	...	ക	...	...	...	...	
ഖ-ാം ടി	...	...	ക	...	...	...	...	
ന-ാം ടി	...	...	ക	...	...	...	...	
ഘ-ാം ടി	...	...	ക	...	...	...	...	
അക്കൊണ്ടന്മാർ (ക൯)	...	ക	കക	...	...	...	ക	
പെന്ത്യസ്സുപ്രർഷവസർ	ക	...	...		...	...	...	

പബ്ലിക്ക് സർവ്വീസിലെ സമുദായപ്രാതിനിധ്യവും ഒഴിവുകളെ പരസ്യപ്പെടുത്തുന്നതും.

അദ്ധ്യക്ഷൻ: ഇന്നത്തെ ചർച്ചയും വാദിച്ചു നിശ്ചയത്തെ നമുക്കു വീണ്ടും ആലോചിക്കാം.

മി: മുറിവേലിൽ പാച്ചുപിള്ള (ചേർത്തല): സർ, മി: കുട്ടിക്കോസ് അവതരിപ്പിച്ചിട്ടുള്ള പ്രമേയത്തിന്റെ ഗുണദോഷങ്ങൾ ഞാനും അനുഭവിക്കുന്നു. ഈ രാജ്യത്തു പല സമുദായക്കാർക്കും ഉദ്യോഗലബ്ധിയിൽ അസമത്വങ്ങളുണ്ടെന്നു പറയുന്നതു സമ്മതിക്കാതിരിക്കാൻ നിവർത്തിയില്ല. ഇവിടെ രാജ്യഭരണം സംബന്ധിച്ചു ള്ള അധികാരങ്ങൾ അധികവും വഹിച്ചുകാണ്ടു പോകുന്നതു് ഉദ്യോഗസ്ഥന്മാരാണ്. അങ്ങനെയുണ്ടു് അങ്ങിനെയുള്ള അധികാരങ്ങൾ വഹിക്കുന്ന ഉദ്യോഗങ്ങൾ എല്ലാവർക്കും ഒന്നുപോലെ കിട്ടണമെന്നു വരികിലത്തു എന്നതും ന്യായമായ ഒന്നാണ്. ഈ വാദം ഇന്നും ഇന്നലെയും തുടങ്ങിയിട്ടുള്ളതല്ല. വളരെ കാലമായി ഉദ്യോഗാധികാരത്തിനായി ഓരോ സമുദായങ്ങളും വാദിച്ചു കൊണ്ടിരിക്കുകയാണ്. ഇവിടെ ഇന്നു ഏതെങ്കിലും പ്രസ്താവനയും ഉണ്ടെന്നു വിചാരിക്കുന്നപക്ഷം അതിനുള്ള പ്രധാനകാരണം ഈ ഉദ്യോഗാധികാരങ്ങൾ വഹിക്കുന്നവർ ഒരു പ്രത്യേക സമുദായത്തിൽപ്പെട്ടവരാണെന്നു പറയുന്നതിൽ എനിക്കു അശേഷം മടി തോന്നുന്നില്ല. അതുപോലെ തന്നെ ശ്രീമൂലം പ്രജാസഭയിലും, നിയമസഭയിലും ഒട്ടുവളരെ സമയം ഈ വാദത്തിനു വേണ്ടി ചിലവാക്കുന്നുണ്ട്. നാട്ടിലെ വർത്തമാനപത്രങ്ങളിലും അധികവും ഈ ഉദ്യോഗാധികാരവാദത്തിൽ ലയിച്ചിരിക്കുന്നു. സമുദായങ്ങൾ തമ്മിൽ രമ്യതപ്രാപിക്കുന്നതിനായി ഈ വാദം നിമിത്തം തടസ്ഥമായി തീർന്നിട്ടുണ്ട്. ഇതുനിമിത്തം എല്ലാ സമുദായങ്ങളും ഒത്തൊരുമിച്ചു നിന്നു രാജഭരണ സംബന്ധമായിട്ടുള്ള കാര്യങ്ങളിൽ ക്ലിപ്തതയായിട്ടുള്ള അവകാശങ്ങളും, അധികാരങ്ങളും കിട്ടണമെന്നു വാദിക്കുന്നതിനു നിവർത്തിയില്ലാതെ വന്നിരിക്കുന്നു. ഇതിനെല്ലാം ഏതാണ് കാരണം? പരമാർത്ഥമായ മൂലകാരണം ഞാൻ പറയുന്നതു ഗവണ്മെന്റു തന്നെയാണെന്നാണ്. നിവർത്തിയുണ്ടെങ്കിൽ ഈ സംസ്ഥാനഗവണ്മെന്റിൽ നിന്നും ശ്രമിച്ചു എല്ലാ സമുദായങ്ങൾക്കും ഏറക്കുറെ ഒന്നു പോലെ ഉദ്യോഗം ലഭിക്കാൻ എന്തെങ്കിലും ഒരു പദ്ധതി ഏർപ്പെടുത്തണമെന്നു പ്രജാസഭയിലും, നിയമസഭയിലും പല അവർത്തി പറഞ്ഞിട്ടും അതിനു ഗവണ്മെന്റു താമസിയാതെ ഒരു പരിഹാരം ഉണ്ടാക്കുമെന്നു പറയുന്നതല്ലാതെ അതനുസരിച്ചു ഇതുവരെ ഒന്നും പ്രവർത്തിച്ചിട്ടില്ല. അതുകൊണ്ടു ഏതെങ്കിലും വിധത്തിൽ ഈ വാദത്തിനു ഒരു പരിഹാരമുണ്ടാക്കാൻ സ്ഥിരമായ ഒരു നയം ഗവണ്മെന്റു അംഗീകരിക്കണമെന്നു അഭ്യർത്ഥിച്ചു കൊള്ളുന്നു. ഒരു സ്ഥിരമായ നയം ഉണ്ടാക്കുന്നതിനു വിഷയത്തിൽ ഗവണ്മെന്റു സഹകരിച്ചില്ലെങ്കിൽ ഇതു നിമിത്തം വളരെ അസ്വസ്ഥതകൾ സമുദായങ്ങൾ തമ്മിൽ ഉണ്ടാകുന്നതിനു ഇടയുണ്ട്. അതുകൊണ്ടു എങ്ങനെങ്കിലും സ്ഥിരമായ ഒരു നയം ഗവണ്മെന്റു സ്വീകരിക്കണം. അതിലേക്കു ഉപായമായി ഇങ്ങിനെ സൂചിപ്പിച്ചു ഒരു പരിഹാരമുണ്ടാക്കുവാൻ ഒരോ ടേൺ വീതം അനുസരിച്ചു ഉദ്യോഗം കൊടുക്കണമെന്നു ഒരു കമ്മി. ഇപ്പോൾ ഉണ്ടായിട്ടുണ്ടു്. ഈ പ്രസ്താവനയെപ്പറ്റി ഇപ്പോൾ ജർമ്മണിയിൽ അസ്സോസിയേഷൻ ഒരു കമ്മറ്റിയെ ഏർപ്പെടുത്തി. ആ കമ്മറ്റി ഇതിനെപ്പറ്റി പ്രയോഗപരിചിച്ചു ജനസംഖ്യയെ അനുസരിച്ചും ഓരോരുത്തരുടെ മുതൽ അനുസരിച്ചും ഉദ്യോഗം കൊടുക്കണമെന്നു ഒരു റിപ്പോർട്ടു പ്രസിദ്ധപ്പെടുത്തീട്ടുണ്ട്. അതുപോലെ ഓരോ സമുദായത്തിലേയും ജനസംഖ്യയനുസരിച്ചു ഓരോരുത്തരുടെ ടേൺ വരുമ്പോൾ അവർക്ക് ഉദ്യോഗം കൊടുക്കണം. അസമത്വസമുദായത്തിൽ ഉൾപ്പെട്ടവർക്കു ലഭിക്കാൻ ഉള്ള ഉദ്യോഗം മാറാടുകൊടുക്കുകയോ അസമത്വസമുദായത്തിലുള്ളവർക്കു കൊടുക്കുന്നതിനു യോഗ്യതയുള്ളവരായി ആ സമുദായത്തിൽ നിന്നും അപേക്ഷകർ ഇല്ലെങ്കിൽ അടുത്തസമുദായത്തിലുള്ള ആളുകർക്കു കൊടുക്കുക. അവരുടെ ഇട്ടത്തിൽ നിന്നും യോഗ്യന്മാരായ ആളുകർ വരുമ്പോൾ അവർക്ക് തന്നെ കൊടുക്കണം എന്നു വ്യവസ്ഥ ചെയ്യണം. ഏതു വിധമായാലും എഫിഷ്യൻസിക്കു കുറവു വരാതെ സൂക്ഷിക്കേണ്ടതും അത്യാവശ്യമാണ്. ഒരു സമുദായത്തമുറിപ്പെട്ടവരായാൽ ഭരണവും ഒരുദ്യോഗത്തിനു ഒന്നിലധികം ആളുകർ അപേക്ഷകന്മാരായി വരുമ്പോൾ ഒരേ സമുദായത്തിലുൾപ്പെട്ട ആളുകളെ തമ്മിൽ പരീക്ഷിച്ചു അതിൽ ഏറ്റവും യോഗ്യതയുള്ള ആളിനു ആ ഉദ്യോഗം കൊടുക്കണം. ഇങ്ങിനെയുള്ള പരീക്ഷകർ നടത്തുന്നതിനു ഓരോ സമുദായത്തിലുമുള്ള ആളുകളെ തിരഞ്ഞെടുത്തു ഒരു പട്ടികയുണ്ടാക്കുന്നതിനു ഒരു സ്റ്റാഫ് സിലക്ഷൻ ബോർഡ് ഏർപ്പെടുത്തിയാലേ തരമുള്ളൂ. ഉദ്യോഗനിയമനത്തിൽ ഡിപ്പാർട്ടുമെന്റുകളുടെ മേലധികാരം വഹിച്ചു കൊണ്ടിരിക്കുന്നവർ അതാതു ഡിപ്പാർട്ടുമെന്റുകളിൽ ഒഴിവു വരുമ്പോൾ, അതിനു ഇന്ന സമുദായക്കാരുടെ ടേൺ ആണെന്നും അങ്ങിനെയുള്ള ആളുകളെ തിരഞ്ഞെടുക്കയുള്ളുന്നതിനും സ്റ്റാഫ്സിലക്ഷൻ ബോർഡുകാരോടു ആവശ്യപ്പെടാവുന്നതാണ്. അങ്ങിനെ ബോർഡിൽ നിന്നും യോഗ്യന്മാരെ അവരുടെ ടേൺ അനുസരിച്ചു അയക്കുന്നുമുണ്ടെങ്കിലും യാതൊരു ആക്ഷേപവും ഇല്ല. ഏതായാലും ഉദ്യോഗങ്ങൾ ഓരോ സമുദായക്കാർക്കും അവരവരുടെ യോഗ്യതയും അവകാശവും അനുസരിച്ചു കിട്ടുന്നതിനു സുസ്ഥിരമായ ഒരു നയം ഗവണ്മെന്റു സ്വീകരിക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു,

മി: ആർ. കേശവപിള്ള (കോട്ടാരക്കരയും-കുന്നത്തൂരും): ഡിപ്പാർട്ടുമെന്റു മേലധികാരികൾക്കും സ്റ്റാഫ് സിലക്ഷൻ ബോർഡുകാരുടെ ഉപദേശം അനുസരിച്ചുതന്നെ ചെയ്യണമെന്നാണോ അഭിപ്രായപ്പെട്ടന്നത്?

മി: മുറിവേലിൽ പാച്ചുപിള്ള (ചേർത്തല): പല സമുദായങ്ങളിൽനിന്നും യോഗ്യന്മാരെ അവരുടെ ടേൺ അനുസരിച്ചു പേരു തിരഞ്ഞെടുക്കുകയേ ചുമതല മാത്രമേ ബോർഡിനുള്ളൂ: ഈ ബോർഡിൽ എല്ലാ സമുദായത്തിലുമുള്ള ആളുകളേയും അതായതു് ആരോ ഏതാനുപേരേ പ്രധാനപ്പെട്ട സമുദായങ്ങളിലെന്നും ഇതിൽ അംഗങ്ങളായി വച്ചുകൊള്ളുന്നതിനു തരക്കേടില്ല.

മി: എ. താണുപിള്ള (തിരുവനന്തപുരം): ഈ ബോർഡു് ഏതിനെ അടിസ്ഥാനപ്പെടുത്തിയാണ് പ്രവർത്തിക്കേണ്ടതു്?

മി: മുറിവേലിൽ പാച്ചുപിള്ള (ചേർത്തല): കൌൺസിലിനെ ഉദ്ദേശിച്ചു നിയമസാംഗങ്ങളിൽനിന്നോ അല്ലെങ്കിൽ പുറത്തുനിന്നോ ഇതിലേക്കു ആളുകളെ തിരഞ്ഞെടുക്കാവുന്നതാണ്.

മി: എ. താണുപിള്ള (തിരുവനന്തപുരം): എന്നല്ല ഉദ്യോഗത്തിനു ആളുകളെ തിരഞ്ഞെടുക്കുന്നതിൽ ബോർഡ് ഏതിനെ അടിസ്ഥാനമാക്കി പ്രവർത്തിക്കണമെന്നാണു ഞാൻ ചോദിച്ചതു്?.

മി: മുഖവേലിൽ പാച്ചുപിള്ള (ചേർത്തല): ഇന്നയിന്ന സമുദായങ്ങളുടെ പേരുകൾ അനുസരിച്ചു കൂടുതൽ ആനുകൂല്യങ്ങൾക്കുള്ളതിൽ സ്ഥിരമായ ഒരു നയം സ്വീകരിക്കണമെന്നു ഞാൻ ആദ്യമേ പറഞ്ഞു. ഒരു സമുദായത്തിനോ പേരുകൾ വരുമ്പോൾ ആ സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളെ എല്ലാം കൂടിച്ചേർത്തു ഒരു പർസെന്റേജ് കണക്കാക്കി അതിൽ യോഗ്യന്മാരാണെന്നു കാണുന്നവരെ സ്റ്റാഫ് സിലക്ഷൻ ബോർഡു മുഖാന്തരം തെരഞ്ഞെടുക്കുക.

മി: എ. താണുപിള്ള (തിരുവനന്തപുരം): ആ നയം ഇപ്പോൾ നിശ്ചയിക്കണം?

മി: മുഖവേലിൽ പാച്ചുപിള്ള (ചേർത്തല): നയം നിശ്ചയിക്കേണ്ടതു ഗവണ്മെന്റാണ്. ഇന്നാർക്കു കൊടുക്കണമെന്നുള്ളതു ഗവണ്മെന്റു നിശ്ചയിക്കുന്ന ക്രമമനുസരിച്ചു വരുന്ന മറയാണ്. സമുദായങ്ങളെ സവർണ്ണരെന്നും അവർണ്ണരെന്നും സവർണ്ണരിലുള്ള പ്രത്യേകം പ്രത്യേകം ജാതിവിഭാഗങ്ങൾ ഏതൊക്കെ എന്നും അവർണ്ണരിലുള്ള പ്രത്യേകം പ്രത്യേകം ജാതിവിഭാഗങ്ങൾ ഏതൊക്കെ എന്നും ഇങ്ങനെ പലമാതിരി വിഭാഗങ്ങളെ ചേർത്തു ഓരോരോ പട്ടികകളിൽ കയറ്റിപ്പറഞ്ഞിരിക്കുന്നതും അങ്ങനെയാണ്. എന്നാൽ ഇങ്ങനെ പലമാതിരി വിഭാഗങ്ങളെ ചേർത്തു ഓരോരോ പട്ടികകളിൽ കയറ്റിപ്പറഞ്ഞിരിക്കുന്നതുകൊണ്ടു ഓരോരോ സമുദായത്തിനും കിട്ടേണ്ട ടേൺ വരുമ്പോൾ അവരുടെ ജനസംഖ്യയനുസരിച്ചു ഉദ്യോഗങ്ങൾ കൊടുക്കുവാൻ സാധിക്കുന്നില്ല. അതുകൊണ്ടു ടേൺ വരുമ്പോൾ അവരുടെ ജനസംഖ്യയനുസരിച്ചു ഉദ്യോഗങ്ങൾ കൊടുക്കുവാനുള്ള വകുപ്പുണ്ടാക്കേണ്ടതു അത്യാവശ്യമാണ്.

മി: ആർ. കേശവപിള്ള (കൊട്ടാരക്കര-കുന്നത്തൂർ): ബോർഡുചെയ്യുന്ന സ്റ്റാഫ്സെലക്ഷൻ ലിസ്റ്റിൽ ഡിപ്പാർട്ടുമെന്റുമേലധികാരികൾ അംഗീകരിക്കണമെന്നുണ്ടോ?

മി: മുഖവേലിൽ പാച്ചുപിള്ള (ചേർത്തല): അതാണ് അങ്ങിനെ ഒരു നിബന്ധന ഗവണ്മെന്റു ഉണ്ടാക്കണമെന്നു പറഞ്ഞതു.

മി: രേവതിനാൾ രാമവർമ്മരാജാ (ഇടവക): അന്തിമ സ്റ്റാഫ് സിലക്ഷൻബോർഡിൽ ഡിപ്പാർട്ടുമെന്റു മേലധികാരികൾക്കുകൂടി അംഗങ്ങളാകുന്നതു ശരിയാകുമോ?

മി: മുഖവേലിൽ പാച്ചുപിള്ള (ചേർത്തല): അതു വേണമെന്നില്ല. ഇന്നയാളുകൾ വേണമെന്നു നിശ്ചയിക്കുകയാണു ബോർഡു ചെയ്യുന്നതു. ഒരു ഹോമമെന്നിയേ കിട്ടേണ്ട ടേൺ വരുമ്പോൾ അപേക്ഷിക്കുന്നവരിൽനിന്നും യോഗ്യന്മാരെ തെരഞ്ഞെടുക്കണം. അവരുടെ പേരു നിർദ്ദേശിച്ചാൽ അതു ന്യായമായിട്ടുള്ള വിധത്തിലാണോ തെരഞ്ഞെടുത്തതാണോ എന്നുള്ളതിനെപ്പറ്റിയുള്ള തീരുമാനം ഡിപ്പാർട്ടുമെന്റധികാരികൾക്കുതന്നെയായിരിക്കണം. ഇങ്ങനെ ഒരു വ്യവസ്ഥ ചെയ്യുന്നതുകൊണ്ടു ഇതിനു മുമ്പുണ്ടായിരുന്നതിനേക്കാൾ കുറെക്കൂടി പരിഹാരമുണ്ടാക്കാൻ കഴിയുമെന്നാണു തോന്നുന്നതു്. ഈ സംഗതി ഗവണ്മെന്റിന്റെ താല്പര്യമായ ശുദ്ധകൃത്യവിഷയമാകണമെന്നുള്ള അഭിപ്രായത്തോടുകൂടിയാണു ഈ പ്രമേയത്തിന്റെ മുഖതത്വത്തെ ഞാൻ പിൻതാങ്ങുന്നതു.

മി. കെ. എൻ. കേശവൻ നംപൂതിരിപ്പാട് (ജന്മി): മി. കുരിയാക്കോസു ഹാജരാക്കിയ നിശ്ചയത്തെ ഞാൻ എതിർക്കുന്നു. ഞാൻ ഒരു ന്യൂന പക്ഷ സമുദായത്തിന്റെ പ്രതിനിധിയായതു കൊണ്ടു ആ സമുദായത്തിന്റെ നന്മയ്ക്കു നേരേയും പരോക്ഷമായിട്ടും വിഘാതം നേരിടുവാനുള്ള ഈ നിശ്ചയത്തെ ഞാൻ എതിർത്തില്ലെങ്കിൽ എന്റെ കടമ ഞാൻ ശരിയായി നിറവേറ്റിക്കയില്ലായിരിക്കും. ഈ പ്രമേയം ഈ രൂപത്തിൽ എന്റെ സമുദായത്തിനു മാത്രമല്ല മറ്റുള്ള എല്ലാ ന്യൂനപക്ഷ സമുദായത്തിനും ഹാനികരമായിട്ടുള്ളതാകുന്നു. തിയമനങ്ങളും ജാതിയനുസരിച്ചോ ജനസംഖ്യയനുസരിച്ചോ നടത്തണമെന്നു ഈ നിശ്ചയം സ്പഷ്ടമായി രേഖപ്പെടുത്തുന്നു. നാം ഈ നിശ്ചയത്തെ സ്വീകരിക്കുകയാണെങ്കിൽ ന്യൂനപക്ഷസമുദായങ്ങൾ സർക്കാർ സേവനത്തിൽ എപ്പോഴും കടന്നുകൂടുന്നതു തടയപ്പെട്ടിരിക്കുന്നതാണ്. ന്യൂനപക്ഷസമുദായങ്ങളുടെ അസമത്വത്തെയും അയോഗ്യതയെയും മാറ്റുകയാണ് പ്രമേയം അവതരിപ്പിച്ച ആളിന്റെ ഉദ്ദേശമെന്നു അദ്ദേഹം പറഞ്ഞെങ്കിലും കാര്യമായോ നടന്നതെന്നോ പ്രതിനിധിയും ഇല്ലായ്മ സമുദായങ്ങൾക്കു ഇതു അനേകം പ്രതിബന്ധങ്ങളെ വരുത്തിക്കൂട്ടുന്നു. പ്രാതിനിധ്യം കുറഞ്ഞ സമുദായങ്ങൾക്കു ചില പ്രത്യേക അവകാശങ്ങൾ കൊടുക്കുന്നതായാൽ ഈ നിശ്ചയത്തെ സാധീകരിക്കുന്നതിനു മുട്ടും തയ്യാറാകുന്നതു ഞാൻ കണ്ടിരിക്കും. നിശ്ചയം അതിന്റെ ഇപ്പോഴത്തെ രൂപത്തിൽ അങ്ങിനെയുള്ള സമുദായങ്ങളുടെ നന്മയെ രക്ഷിക്കുന്നില്ല. പൂവിനന്മാരുടെ കുറവു ഹേതുവാക്കി കുറെ ആളുകളെ രക്ഷിക്കുന്നതു് ഏറ്റവും അന്യായവും ക്രൂരവും ആയിരിക്കുന്നതാണ്. എല്ലാറ്റിനിലും പുറമെ, ഇത് ന്യൂനപക്ഷങ്ങൾക്കിടയിൽ കുറെ അധികം വല്ലിച്ചുള്ള കൊണ്ടു വന്നുകൂടിയിരിക്കുന്ന ദാരിദ്ര്യത്തെ വർദ്ധിപ്പിക്കുന്നതിനായി ജനസംഖ്യ വർദ്ധിപ്പിക്കുന്നതിൽ അധികം താല്പര്യമെടുക്കാതിരുന്ന ന്യൂനപക്ഷ സമുദായക്കാരുടെ പൂർവികന്മാരുടെ ദോഷമാണ് ഇതു്. ഈ കാരണത്താൽ ഞാൻ ഈ നിശ്ചയത്തെ ആക്ഷേപിക്കുന്നു.

മി: ആർ. കേശവപിള്ള (കൊട്ടാരക്കര-കുന്നത്തൂർ): മി. കുരിയാക്കോസ് ഹാജരാക്കിയ നിശ്ചയത്തിന്റെ തത്വത്തെ ഞാൻ പിൻതാങ്ങുന്നു. അതിനെ പ്രായോഗികമാക്കുന്നതിനു വളരെ പ്രതിബന്ധങ്ങളുണ്ടെന്നു് എനിക്കു് അറിയാം. ഞാൻ ആദ്യമായി ചോദിക്കുന്നതു് ഇതാണ്, ഇപ്പോൾ തിരുവിതാംകൂറിലുള്ള സമുദായങ്ങളെ എങ്ങനെയാണു് നാം അറിയുന്നതു്, നാം അവരെ വിഭാഗിക്കുന്നതു് അവരുടെ ജാതി അനുസരിച്ചോ, അതോ അവരുടെ ഉപജീവനം അനുസരിച്ചോ വർഗ്ഗം അനുസരിച്ചോ എങ്ങനെയാണു്, ഇതെല്ലാം പ്രയാസമേറിയ സംഗതികൾ തന്നെ. നായന്മാരുടെ കാര്യം തന്നെ എടുക്കാം. അവരുടെ ഇടയിൽ വെളുത്തേടത്തു് നായന്മാർ വിളക്കിത്തലനായന്മാർ ഇങ്ങനെ വിഭാഗങ്ങൾ ഉണ്ടു്. ഇവർ തമ്മിൽ അവകാശത്തിനും പരിഗണനയ്ക്കും നായന്മാരുടെ ജാതിയിൽ ചേരുന്നതിനു് ആഗ്രഹിക്കുന്നു. എന്നാൽ സർക്കാർ ഉദ്യോഗത്തിനുള്ള നിയമന വിഷയം വരുമ്പോൾ അവരെ പ്രത്യേകിച്ചു് ഓർക്കണമെന്നു് അവർ ആവശ്യപ്പെടുന്നു. ധനത്തെയും വിദ്യാഭ്യാസത്തെയും അനുസരിച്ചു് അവർ വളരെ പുറകിലാണു്. ഉദ്യോഗവിഷയത്തിൽ അവർ നായന്മാരുടെ കൂടെ നിൽക്കുന്നില്ല. അടുത്ത കാലത്തു് അവർക്കു് എന്തെങ്കിലും ഉദ്യോഗം കിട്ടുന്നതുമുള്ളതു് അത്ര എളുപ്പമല്ല.

രണ്ടാമതായി നേരിടുന്ന പ്രതിബന്ധം എന്തെന്നാൽ ഈ വിഷയം സംബന്ധിച്ചു ആലോചനയ്ക്കു വന്നുകൂടുന്നതുകൊണ്ടു് സമുദായങ്ങളും അധികമായികൊണ്ടിരിക്കും എന്നുള്ളതാണു്. ഇപ്പോൾ തിരുവിതാംകൂറിൽ ഈ സമുദായങ്ങളും കുറച്ചുമാത്രമാകുന്നു. ഓരോരുത്തന്റെ സമുദായമാകുന്ന സർക്കാർ സർവീസിൽ നിയമനത്തിനുള്ള യോഗ്യത തന്നാൽ കഴിയുന്നത്ര ഉദ്യോഗലബ്ധിക്കായി ആളുകൾ ഈ ജാതിയിൽ ചേർന്നു എന്നുവരാം. ഉദാഹരണമായി ഹിന്ദുക്കളുടെ ഇടയിൽ ചില ആദ്ധ്യാത്മസമാജക്കാരും ബ്രഹ്മസമാജക്കാരും ഉണ്ടു്. അതായതു

ഇപ്പോൾ ഹിന്ദുമതത്തിലുള്ള ഒരു സമുദായക്കാർക്ക് അവൻ ആ സമുദായത്തിൽതന്നെ നില്ക്കുകയാണെങ്കിൽ അവർക്ക് ഉദ്യോഗം കിട്ടുന്നതല്ല. അവർ ആയ്ത്സമാജക്കാരാകുകയോ ബ്രഹ്മസമാജക്കാരാകുകയോ ആയും ആ സമുദായത്തിനെ പ്രത്യേകിച്ച് വകവയ്ക്കുകയും ചെയ്യുന്നപക്ഷം

മി: പി. എസ്സ്. മഹമ്മദ് (നിയമിക്കപ്പെട്ട സാമാജികൻ): ആയ്ത്സമാജം ഒരു സമുദായം ആണോ?

മി: ആർ. കേശവപിള്ള (കൊട്ടാരക്കര-കുന്നത്തൂർ): സമുദായമായിട്ട് ഓഗിക്കുന്നതിനു ഒരു തോല്ലും ഇല്ല. അതാണ് എനിക്ക് പറയാനുള്ള പ്രധാനവിഷയം. എന്നാൽ അതിനെ പ്രത്യേകിച്ചു ഒരു സമുദായമായിട്ട് ഓഗിക്കുകതാ?

മി: എൽ. ആർ. രാജരാജവർമ്മ കോയിൽതമ്പുരാൻ (ചങ്ങനാശേരി-പീരുമേട്): സമുദായം ഇപ്പോഴും ഉള്ളതേയുള്ളോ? ഇനിയും ഉണ്ടാകാൻ പാടില്ലേ?

മി: ആർ. കേശവപിള്ള (കൊട്ടാരക്കര-കുന്നത്തൂർ): നിശ്ചയമില്ല. ഇപ്പോഴുള്ള സമുദായത്തെപ്പറ്റി പറഞ്ഞാൽ എന്തുകൊണ്ട് ആയ്ത്സമാജത്തിനെ ഒരു സമുദായമായി പറഞ്ഞുകൂടാ?

മി: പി. താണുപിള്ള (തിരുവനന്തപുരം): ആയ്ത്സമാജത്തിലുള്ളവർ ഒരു പ്രത്യേകജാതിയിലുംപ്പെട്ട ആളാകുന്നോ?

മി: ആർ. കേശവപിള്ള (കൊട്ടാരക്കര-കുന്നത്തൂർ): അല്ല.

മി. പി. താണുപിള്ള (തിരുവനന്തപുരം): അവർതന്നെ ഒരു പ്രത്യേകസമുദായമായിതീരുന്നില്ലല്ലോ?

മി. ആർ. കേശവപിള്ള (കൊട്ടാരക്കര-കുന്നത്തൂർ): അങ്ങിനെയായാലോ.

മി. എ. സി കയ്യാക്കോസ് (മീനച്ചൽ-മേലുകാവ്): തിരുവിതാംകൂറിൽ ഏതേല്ലാം സമുദായങ്ങളുണ്ടോ ആ സമുദായങ്ങളുടെ എല്ലാം അവകാശങ്ങളെ കൊടുക്കുന്നതിൽ ഈ പ്രമേയംകൊണ്ടു വല്ല പ്രതിബന്ധവും പ്രമേയപ്രയോക്താവു ഉണ്ടാക്കീട്ടുണ്ടോ?

മി. ആർ. കേശവപിള്ള (കൊട്ടാരക്കര-കുന്നത്തൂർ): പ്രമേയത്തിൽ വിപരീതമില്ല. എന്നാൽ അതിനെ പ്രയോഗത്തിൽ കൊണ്ടുവരുന്നതിനു പ്രയാസമെന്നു പറയുന്നതല്ല.

മി. എ. സി. കയ്യാക്കോസ് (മീനച്ചൽ-മേലുകാവ്): അതിനെ പ്രയോഗത്തിൽ വരുത്താൻ പ്രയാസമെന്നല്ലാതെ വഴ്ഗീയപ്രതിബന്ധം അനുസരിച്ചു ഉദ്യോഗം കൊടുത്തുകൂടാ എന്നു പറയുന്നില്ല.

മി. എൽ. ആർ. രാജരാജവർമ്മ കോയിൽതമ്പുരാൻ (ചങ്ങനാശേരി-പീരുമേട്): എല്ലാവക്കും കൊടുക്കണമെന്നു പറയുന്നു ഇതിൽ വിരുദ്ധമായി വരികയില്ലല്ലോ;

മി പി. എസ്സ്. മുഹമ്മദ് (നിയമിക്കപ്പെട്ട സമാജികൻ): തൊഴിലാളികൾക്കും ഒരു സമുദായമാകുമോ?

മി. ആർ. കേശവപിള്ള (കൊട്ടാരക്കര-കുന്നത്തൂർ). തൊഴിലാളി എന്നു പറയുന്നതു അവരുടെ തൊഴിൽ അനുസരിച്ചാണ്.

മി, എൽ. ആർ. രാജരാജവർമ്മ കോയിൽതമ്പുരാൻ (ചങ്ങനാശേരി-പീരുമേട്): വഴ്ഗത്തേയും തൊഴിലിനേയും ഇതിൽ ഗണിക്കണമെന്നതല്ലോ?

മി. ആർ, കേശവപിള്ള (കൊട്ടാരക്കര-കുന്നത്തൂർ): ഓരോ വഴ്ഗത്തേയും കണക്കാക്കി അതിനെ അടിസ്ഥാനപ്പെടുത്തി കൊടുക്കുന്നതു പ്രയാസമാണ്.

മി. എ. സി. കയ്യാക്കോസ് (മീനച്ചൽ-മേലുകാവ്): പ്രയാസമില്ലാത്ത വഴ്ക്കാക്ക് ന്യായമായിചെല്ലുന്നതു അവകാശം കൊടുക്കുന്നതിൽ വിരോധമില്ലല്ലോ?

മി. രേവതിനാഥം രുദ്രവർമ്മരാജാ (ഇടുക്കി): ജനസംഖ്യയനുസരിച്ചു കൊടുത്താൽ ചിലവഴ്ഗങ്ങൾക്കു കിട്ടാതിരിക്കുവാൻ ഇടയാകുമെന്നു വിചാരിക്കുന്നില്ലെ?

മി: ആർ. കേശവപിള്ള (കൊട്ടാരക്കര-കുന്നത്തൂർ): അതു അതിനെപ്പറ്റിയാണു റിസ്സർ കേശവൻ നംപൂതിരിപ്പാടു പറഞ്ഞതു്.

മി. എ. സി. കയ്യാക്കോസ് (മീനച്ചൽ-മേലുകാവ്): ജനസംഖ്യകണക്കാക്കുന്നു ഇതു ആളുകൂടും ഒരു സമുദായത്തിൽ ഉണ്ടെങ്കിലെ അവക്ക് ഉദ്യോഗം കൊടുക്കുവു എന്ന ഈ പ്രമേയംകൊണ്ടു അർത്ഥമാകുന്നതുവോ

മി. ആർ. കേശവപിള്ള (കൊട്ടാരക്കര-കുന്നത്തൂർ): ജനസംഖ്യയുടെ തത്വത്തെന്നു എന്താണ്.

മി, എ. സി. കയ്യാക്കോസ് (മീനച്ചൽ-മേലുകാവ്): ഇതു ആളുകൂടും ഉണ്ടെങ്കിലെ കൊടുക്കുവു എന്ന പ്രമേയത്തിനു അർത്ഥമുണ്ടോ?

മി, ആർ, കേശവപിള്ള (കൊട്ടാരക്കര-കുന്നത്തൂർ): ആ അർത്ഥം അതിൽ അന്തർഭവിച്ചിട്ടുണ്ടെന്നാണ് എന്റെ അഭിപ്രായം. ഒരു ഉദ്യോഗം കൊടുത്തുകഴിഞ്ഞിട്ടു വേറെ ഒരു ഉദ്യോഗംകൊടുക്കേണ്ട അവസരം വരുമ്പോൾ ഈ ജനസംഖ്യയപ്പറ്റി അന്വേഷിക്കേണ്ട ആവശ്യമുണ്ടാകുമെന്നാണ് എന്റെ അഭിപ്രായം.

മി, എ. സി, കയ്യാക്കോസ് (മീനച്ചൽ-മേലുകാവ്): അങ്ങിനെവരുമ്പോൾ ഓരോ സമുദായത്തിന്റെയും അവകാശം അനുസരിച്ചുകൊടുക്കണമെന്നു ഗവണ്മെന്റിനു ഒരു വ്യവസ്ഥ വയ്ക്കുമോ?

മി. ആർ. കേശവപിള്ള (കൊട്ടാരക്കര-കുന്നത്തൂർ): പിന്നെ ജനസംഖ്യയനുസരിച്ചു കൊടുക്കണമെന്നു പറയുന്നതിന്റെ അർത്ഥം പുതാണ്?

മി. എൽ. ആർ. രാജരാജവർമ്മ കോയിൽത്തമ്പുരാൻ (ചങ്ങനാശ്ശേരി-പീരുമേട്): ജനസംഖ്യകണക്കെടുക്കുമ്പോൾ ഇതു ആളുകൂടും ഉണ്ടെങ്കിലെ ഒരുദ്യോഗം കിട്ടുകയുള്ളു എന്നു വരികയില്ലേ?

മി. ആർ. കേശവപിള്ള (കൊട്ടാരക്കര-കുന്നത്തൂർ): അങ്ങിനെ വരും.

മി. എ. സി. കയ്യാക്കോസ് (മീനച്ചൽ-മേലുകാവ്); സ്പെഷ്യൽകേസുകളായി ഗണിച്ചു ചിലതര ചില ഉദ്യോഗങ്ങളിൽ നിയമിക്കുന്നില്ലേ?

മി. ആർ. കേശവപിള്ള (കൊട്ടാരക്കര-കുന്നത്തൂർ): സ്പെഷ്യൽകേസുകൾക്കു പ്രത്യേകം ഒരു റസല്യൂഷന്റെ ആവശ്യമില്ല,

മി. എ. സി. കയ്യാക്കോസ് (മീനച്ചൽ-മേലുകാവ്): മൈസൂർ കമ്മ്യൂണിറ്റികൾക്കു ധാരാളമുള്ള സ്ഥിതിക്കു അങ്ങിനെ ഒരു വ്യവസ്ഥ വയ്ക്കുന്നതിനു ഗവണ്മെന്റിനു കഴിയുകയില്ലയോ?

മി. ആർ. കേശവപിള്ള (കൊട്ടാരക്കര-കുന്നത്തൂർ): മെമ്പർ കമ്മ്യൂണിറിക്കും ധാരാളമുള്ളസ്ഥിതിക്ക് അവരെ ചില എക്സ്പ്രഷൻസ് മാത്രമെ സ്വീകരിക്കുകയുള്ളു എന്നു വരുന്നതു ശരിയാണോ?

മി. എ. കുഞ്ഞാക്കോസ് (മീനച്ചിൽ-ദേവികുളം). മേജർ കമ്മ്യൂണിറിയുടെ സങ്കടപരിഹാരത്തിനു മെമ്പർ കമ്മ്യൂണിറി പ്രതിബന്ധമായി നില്ക്കുന്നു എന്നാണോ അഭിപ്രായം?

മി. ആർ. കേശവപിള്ള (കൊട്ടാരക്കര-കുന്നത്തൂർ): അങ്ങനെ പറഞ്ഞില്ല. മെമ്പർ കമ്മ്യൂണിറിയും മറ്റു സംഘടനകളും എല്ലാംകൂടി പ്രതിബന്ധമായി എന്നേയുള്ളു. മെമ്പർ കമ്മ്യൂണിറി മാത്രമല്ല.

മി. തിരിയുമ കുഞ്ഞിരാമൻ (ഉദുമ-കാഞ്ഞങ്ങാട്): മെമ്പർ അതിനെപ്പറ്റി എന്താണ് പ്രതിവിധി നിർദ്ദേശിക്കുന്നത്?

മി. ആർ. കേശവപിള്ള (കൊട്ടാരക്കര-കുന്നത്തൂർ) ഈ റസല്യൂഷനെ ഭേദഗതികൂടാതെ നല്ലവണ്ണം പരിശീലനം കൊടുത്തു വേറെ ഒരു റസല്യൂഷൻ ഈ സഭയുടെ മുമ്പാകെ അവതരിപ്പിക്കണം. അതിൽ വല്ല ഭേദഗതിയും ചെയ്യാനുണ്ടെങ്കിൽ ഈ കമ്മിറിയുടെ ആലോചനക്ക് അയച്ചശേഷം ഒരു റസല്യൂഷൻ കൊണ്ടുവന്ന് അതിനെപ്പറ്റി പഠിച്ചശേഷം നടത്തണമെന്നാണ് എന്റെ അഭിപ്രായം.

മി. പി. എസ്. മുഹമ്മദ് (നിയമിക്കപ്പെട്ട സാമാജികൻ) അയ്യ സഭയുടെ ആസ്സഭമാക്കിയാണോ, അതല്ല മതത്തെ ആസ്സഭമാക്കിയാണോ, എങ്ങിനെയാണ്?

മി. ആർ. കേശവപിള്ള (കൊട്ടാരക്കര-കുന്നത്തൂർ): ഈ രണ്ടിനേയും സമുദായത്തേയും അടിസ്ഥാനപ്പെടുത്തിയല്ലാതെ പിന്നെ പ്രതിനിധാനാടിസ്ഥാനത്തിലാണ് നിശ്ചയിക്കുന്നത്?

അദ്ധ്യക്ഷൻ: ചോദ്യങ്ങൾ ചോദിക്കുന്നത് അദ്ധ്യക്ഷനോടാണെങ്കിൽ ഉത്തമമായിരിക്കുകയില്ല? ആ സംബന്ധമായ രീതി നിലനിർത്തണമെന്നില്ല.

മി. എ. സി. കുഞ്ഞാക്കോസ് (മീനച്ചിൽ-ദേവികുളം): ഈ റസല്യൂഷൻ ഒരു കമ്മിറിയുടെ ആലോചനക്കു കൊടുത്തശേഷം പാസാക്കുന്നതിൽ ഒരക്കേടില്ലെന്നാണോ മെമ്പറിന്റെ അഭിപ്രായം?

മി: ആർ. കേശവപിള്ള (കൊട്ടാരക്കര-കുന്നത്തൂർ): അതെ. അങ്ങിനെ പാസാക്കിയാൽ തരക്കേടില്ലെന്നാണ് എന്റെ അഭിപ്രായം.

മി: തയ്യുള കുഞ്ഞിരാമൻ (മൂവാറുപുഴയും-തൊടുപുഴയും): ഏതുവിധത്തിൽ പരിഷ്കരിക്കണമെന്നുള്ളതിനെ മെമ്പറിന്റെ പ്രത്യേകമായ അഭിപ്രായം ഇല്ലെ?

മി: ആർ. കേശവപിള്ള (കൊട്ടാരക്കര-കുന്നത്തൂർ): എന്റെ പ്രത്യേകമായ അഭിപ്രായത്തിനെ ഇവിടെ പറഞ്ഞതുപോലെയുള്ള പല വിഷമങ്ങളും വരും.

മി: തയ്യുള കുഞ്ഞിരാമൻ (മൂവാറുപുഴയും-തൊടുപുഴയും): എങ്കിലും അങ്ങിനെയൊരു അഭിപ്രായമില്ലെ?

മി: ആർ. കേശവപിള്ള (കൊട്ടാരക്കര-കുന്നത്തൂർ): അഭിപ്രായം ഉണ്ട്. എന്നാൽ അതിനെ എല്ലാ പേരോടും ആലോചിച്ചു അവക്കൂടി യോജിക്കുന്നതാണോ എന്നു തോന്നേണ്ടിയിരിക്കുന്നു.

മി. തയ്യുള കുഞ്ഞിരാമൻ (മൂവാറുപുഴ-തൊടുപുഴ): ആ അഭിപ്രായത്തെ ഇപ്പോൾതന്നെ ഇവിടെ പ്രസ്താവിക്കുകയാണെങ്കിൽ എല്ലാവരും ഇരിക്കുന്ന ഈ സമയത്തു എല്ലാവർക്കും അഭിപ്രായം പറയുന്നതിന് കൂടുതൽ സൗകര്യം ഉണ്ടാകയല്ലെ ഉള്ളത്?

മി: ആർ. കേശവപിള്ള (കൊട്ടാരക്കര-കുന്നത്തൂർ): അതു പെട്ടന്നു അഭിപ്രായം പറയേണ്ട ഒരു സംഗതിയല്ല. നല്ലവണ്ണം ആലോചിക്കേണ്ട ഒരു സംഗതിയാണ്.

മി: ഇട്ടപ്പ ഇട്ടീച്ചൻ ഈ സ്ഥിതിയിലായാൽ ഉദ്യോഗം കൊടുക്കുന്നതിന് വിഷമം വരുമെന്ന് പറഞ്ഞു. തിന്നവഗ്ഗക്കാർ ധാരാളമുള്ള മള്ട്ടീസ് പ്രസിഡൻസിയിൽ കൊളക്ടർഷിപ്പിനു അപേക്ഷിച്ചു കൊടുത്തവരുടെ അടുക്കൽപോലും ഈ റസല്യൂഷൻ അപേക്ഷിച്ച് അതിന്റെ തത്വത്തോട് ചേർന്ന് ഉദ്യോഗം കൊടുക്കുന്നതിനു വിഷമം ഇല്ലല്ലൊ?

മി: ആർ. കേശവപിള്ള (കൊട്ടാരക്കര-കുന്നത്തൂർ). അവിടെ ഈ വിഷമങ്ങളൊന്നുമുണ്ടായിട്ടില്ലെന്നു എനിക്കു നിശ്ചയമില്ല. ഉണ്ടെന്നാണ് എന്റെ അഭിപ്രായം. ഈ വിഷമം പരിഹരിക്കുന്നതിനു അവിടെയും പരിശ്രമിക്കുകതന്നെ ചെയ്യുന്നു.

മി: ഇട്ടപ്പ ഇട്ടീച്ചൻ (കുന്നുമനാട്): ഇപ്പോഴത്തെ നടപ്പിലിരിക്കുന്ന സമ്പ്രദായങ്ങളുടെ അവകാശങ്ങളെ കൊടുക്കുന്നതിനു വിരോധമുണ്ടോ?

മി: ആർ. കേശവപിള്ള (കൊട്ടാരക്കര-കുന്നത്തൂർ): ഇപ്പോഴത്തെ തിരുവിതാംകൂറിൽ വർഗീയപ്രാധിനിത്യമനുസരിച്ചു ഉദ്യോഗം കൊടുക്കുന്നില്ലെന്നാണോ പറയുന്നത്? അങ്ങിനെ അല്ലെങ്കിൽ ചില വഗ്ഗക്കാരെ ഇന്നപടി ഉദ്യോഗങ്ങളിലും കാണുന്നതല്ല. അതുകൊണ്ടു അതുമാത്രം പ്രയോഗത്തിൽ കൊണ്ടുവരണമെന്നാണ് എന്റെ അഭിപ്രായം, കൊണ്ടുവരുന്നില്ല എന്ന അഭിപ്രായമില്ല.

മി: ഇട്ടപ്പ ഇട്ടീച്ചൻ (നിയമിക്കപ്പെട്ട സാമാജികൻ), അങ്ങിനെ കൊണ്ടുവരണം എങ്കിൽ ഈ പ്രമേയത്തിന്റെ ആവശ്യം ഇല്ലാതിരിക്കുമല്ലൊ?

മി: ആർ. കേശവപിള്ള (കൊട്ടാരക്കര-കുന്നത്തൂർ): ഈ തത്വത്തെ ആസ്പദമാക്കി മേലാൽ ഗവണ്മെന്റ് പ്രവർത്തിക്കണമെന്നാണ് റസല്യൂഷൻ കൊണ്ടുവന്നിരിക്കുന്നത്.

മി. ഇട്ടപ്പ ഇട്ടീച്ചൻ (നിയമിക്കപ്പെട്ടസാമാജികൻ): അതൊന്നും കാണുന്നില്ല.

മി. ആർ. കേശവപിള്ള (കൊട്ടാരക്കര-കുന്നത്തൂർ): ഗവണ്മെന്റ് എന്നു പറയുന്നതും മനുഷ്യരാണ്. ഒന്നിനും പൂർണ്ണത്വം വന്നിട്ടില്ല.

മി. തയ്യുള കുഞ്ഞിരാമൻ (മൂവാറുപുഴയും-തൊടുപുഴയും), ഭേദഗതിയെപ്പറ്റിയാണെല്ലൊ വാദം നടക്കുന്നത്.

മി. ആർ. കേശവപിള്ള (കൊട്ടാരക്കര-കുന്നത്തൂർ) അതുകൊണ്ടു ഭേദഗതിയെ അനുകൂലിക്കണമെന്നില്ല. ഞാൻ റസല്യൂഷനെപ്പറ്റി പറയുകയാണ്.

മി. തയ്യുള കുഞ്ഞിരാമൻ (മൂവാറുപുഴയും-തൊടുപുഴയും), അതിനെപ്രതികൂലിക്കുകയാണോ? #

മി. ആർ. കേശവപിള്ള (കൊട്ടാരക്കര-കുന്നത്തൂർ). അതു പിന്നീടുപറയാം

മി. വി. ചെല്ലപ്പിള്ള (തോപ്പാട്ട്). രണ്ടുവഗ്ഗത്തിലും ഓരോലക്ഷം ആളുകൾ ഉണ്ടെന്നു വിചാരിക്കുക, അതിൽ ഒരു വഗ്ഗം ഒരു ലക്ഷം രൂപായും മറ്റേവർഗ്ഗം ആയിരം രൂപയും റവന്യൂകൊടുക്കുന്നു, ഇതിൽ ഏതുവഗ്ഗത്തിനാണ് കൂടുതൽ ഉദ്യോഗംകൊടുക്കേണ്ടത്?

മി. ആർ. കേശവപിള്ള (കൊട്ടാരക്കര-കുന്നത്തൂർ) ഇത് ആലോചിക്കേണ്ട ഒരു സംഗതിയാണ്. ദേഹോദ്യാനംചെയ്തു രക്ഷിക്കുടുക്കുന്ന ആളുകളുടെ കയ്യിലെപ്പറ്റിയും ഉദ്യോഗാന്വേഷിക്കുന്നതിനെപ്പറ്റിയും ആലോചിക്കേണ്ടതാണു. ധനസ്ഥിതിയെ അടിസ്ഥാനപ്പെടുത്തിയാൽ പോരെന്നുള്ളതും ആലോചിക്കേണ്ടതാണ്.

മി. തരിയൻ കുഞ്ഞിത്തൊമ്മൻ (മൂവാറ്റുപുഴ—തൊടുപുഴ). ഗവർണ്മെന്റിനു വരുന്നുകൊടുക്കേണ്ടതു ദേഹോദ്യാനം ചെയ്യുന്നതെന്തിനു?

മി. ആർ. കേശവപിള്ള (കൊട്ടാരക്കര-കുന്നത്തൂർ). ദേഹോദ്യാനം ചെയ്തില്ലെങ്കിൽ മനസ്സുകൊണ്ടോ കർമ്മംകൊണ്ടോ ദേഹോദ്യാനത്തിനായോ മനസ്സുകൊണ്ടുള്ള അദ്ധ്വാനത്തിനായോ കൂട്ടുതൽ വില കല്പിക്കേണ്ടതു, എന്നുള്ളതും ആലോചിക്കേണ്ട ഒരു സംഗതിയാണ്.

അങ്ങിനെയാക്കണമെങ്കിൽ വേറെ തിരിച്ചുകൊണ്ടതിനു പ്രയാസമാണ്. ഇന്നിപ്പോൾ ഒരു സിവിൽ വിവാഹനിയമം ഉണ്ടായേക്കാം. അങ്ങനെവരുമ്പോൾ ഭാര്യയുടേയും ഭർത്താവിന്റേയും മതം ഇന്നതാണെന്നു അറിയുവാൻ പ്രയാസമായിത്തീരും.

മി. എൽ. ആർ. രാജരാജവർമ്മകോയിൽതമ്പുരാൻ (ചങ്ങനാശ്ശേരിയും-പീടികേട്ടും): മാര്യേജ് (വിവാഹം) എന്നു പറയുന്നതു രജിസ്റ്റേഡ് കോൺട്രാക്ട് അനുസരിച്ചുള്ളതും വിവാഹബന്ധത്തിൽ വരുമെന്നു അഭിപ്രായമില്ലേ?

മി. ആർ. കേശവപിള്ള (കൊട്ടാരക്കര—കുന്നത്തൂർ): രജിസ്റ്റർ മാര്യേജും ധാരാളം ഉണ്ടാകുന്നുണ്ട്.

മി: എൽ. ആർ. രാജരാജവർമ്മകോയിൽതമ്പുരാൻ (ചങ്ങനാശ്ശേരിയും-പീടികേട്ടും). രണ്ടുപ്രത്യേകജാതിയിലോ കമ്മ്യൂണിറ്റിയിലെ പൈട്ടവർ തമ്മിലും വിവാഹബന്ധത്തിൽ വരികയില്ലേ?

മി. ആർ. കേശവപിള്ള (കൊട്ടാരക്കര-കുന്നത്തൂർ) അങ്ങിനെയും വരും. മാര്യേജ്കൊണ്ടു അവർ രണ്ടുപേരും ഒരു വഴ്ച്ചയിൽ ഉറപ്പെട്ടും, അതും ഒരു ജാതിയാണ്, ഉദ്യോഗാദ്ധ്യവിഷയത്തിൽ ഇതൊക്കെ ആലോചിക്കേണ്ടിവരും.

മി. വി. ചെല്ലംപിള്ള (തോവാള) അങ്ങിനെവരുമ്പോൾ പ്രത്യേകം കമ്മ്യൂണിറ്റിയും ഇല്ലാതെയായി എല്ലാം ഒരു കമ്മ്യൂണിറ്റിയായി വരികയില്ലേ?

മി. ആർ. കേശവപിള്ള (കൊട്ടാരക്കര-കുന്നത്തൂർ). ഇപ്പോൾ അതിന്റെ ആവശ്യമില്ലല്ലോ

മി: എസ്. സി. എച്ച്. റാബിൻസൺ (ഡെപ്യൂട്ടി കമ്മീഷണർ): അങ്ങിനെവരുമ്പോൾ രണ്ടു സമുദായങ്ങളും തമ്മിൽ വിവാഹം നടക്കുമ്പോൾ പ്രകൃതിവിരോധം പറഞ്ഞു കോടതിയിൽ കേസുണ്ടാകുന്നതല്ലേ?

മി: ആർ. കേശവപിള്ള (കൊട്ടാരക്കര-കുന്നത്തൂർ) വിവാഹം ചെയ്യുമനുഷ്യന്റെ അഭിപ്രായംഅറിഞ്ഞതിനുശേഷമേ അതു തീർച്ചയാക്കാവു.

അടുത്ത ആലോചിക്കേണ്ട വിഷയം-ഇതു ഇപ്പോൾപ്രത്യേകിച്ചുള്ള സമുദായങ്ങളുടെ അവകാശങ്ങൾക്കു മോഷകരമായിരിക്കുകയില്ലയോ എന്നാണ്, ഈ നിയമത്തിനനുസരിച്ചു പ്രതിനിധ്യം കിട്ടിയിട്ടുള്ള സമുദായത്തിലെ പരീക്ഷയിൽ ജയിച്ചിട്ടുള്ളആളുകൾക്ക് ഒരു ഉദ്യോഗവും കിട്ടുകയില്ല. ഇതു വാസ്തവത്തിൽ വളരെ കഷ്ടമാകുന്നു. പ്രാതിനിധ്യം ഉള്ളവർക്കു ഇപ്പോൾ ഉദ്യോഗം ഉണ്ടു. അതുകൊണ്ടു ഇവർക്കു ഉദ്യോഗം കിട്ടുകയില്ല. അതു നിന്ദാവഹമായ ഒരു അവസ്ഥയാണ്. ഇതിനെ അനുകൂലിക്കുന്നതിനോ പ്രതികൂലിക്കുന്നതിനോ ഉള്ള ഒരു കാരണമായി വിചാരിച്ചു കൂടാ. അവർക്കു അവകാശപ്പെട്ടതായ ഉദ്യോഗം കൊടുക്കണം. ആ സമുദായത്തിലുള്ള അവരുടെ പൂർവ്വികന്മാർക്കു ഉദ്യോഗം ഉണ്ടായിരുന്നതുകൊണ്ടു അവരെ നിർത്തിക്കൂടാ.

ഈ നിയമത്തിൽ വേറെയും ചില ന്യൂനതകളുണ്ട്, അതുമായി ഉദ്യോഗം കൊടുക്കുന്നതിൽ മാത്രമല്ല പിന്നീടു കയറ്റം കൊടുക്കുന്നതിലും ജാതി അനുസരിച്ചു വേണമെന്നു ഈ നിയമം അവശ്യപ്പെടുന്നു. ഇങ്ങിനെയാണെങ്കിൽ കാര്യക്ഷമതക്കും, സാമർത്ഥ്യത്തിനും സ്ഥാനമേയില്ലാതാകുന്നു. ഇന്നു നമ്മുടെ ഡിപ്പാർട്ടുമെന്റിൽതന്നെ തലവന്മാരായി ബ്രാഹ്മണരേയോ നായന്മാരേയോ ക്രിസ്ത്യാനികളേയോ കാണുകയാണെങ്കിൽ നാളെ മഹമ്മദീയരെ വലിയ ഉദ്യോഗത്തിലും പലയിടങ്ങളിലും കാണുന്നതായി വരും. കാലപ്പഴക്കം കൊണ്ടു അവർ ഉന്നതന്മാരായ ജഡ്ജിമാരും മജിസ്ട്രേട്ടന്മാരും വക്കീലന്മാരുമായിത്തീരും. അപ്പോൾ ഈ ഉദ്യോഗമെല്ലാം കയ്യിലിട്ടുകയും ചെയ്യും അതുകൊണ്ടാണു ഞാൻ പറയുന്നതു എന്തെന്നാൽ കയറ്റംചെയ്യുന്ന കാര്യത്തിൽ ഈ തത്വം മിശ്രകാലത്തും സ്വീകരിക്കരുതെന്നാണ്.

വിദ്യാഭ്യാസവും അഭിവൃദ്ധിയും പ്രാപിച്ച ഒരു രാജ്യത്തു ഈ തത്വം ഈ നിലയിൽ സ്വീകരിച്ചു കൂടാഎന്നു ചെഞ്ചിയ കമ്മീഷൻ മി. പാക്കർ പറയുകയുണ്ടായി. തിരുവിതാംകൂറിനെ സംബന്ധിച്ചുകത്തോളം അതു വിദ്യാഭ്യാസം സിദ്ധിച്ചു ഒരു രാജ്യമാണെന്നു നമുക്കു പറയാം എന്നാൽ ഉദ്യോഗവിതരണവിഷയത്തിൽ അതു മുന്നണിയിൽ നില്ക്കുന്ന ഒരു രാജ്യമായിട്ടു വിചാരിക്കാൻ പാടില്ല ഉദ്യോഗത്തിനു നിയമിക്കാൻ അധികാരമുള്ളവർ അതു വിചാരണ ചെയ്യുന്നതിൽ വളരെ പക്ഷപാതത്വം കാണിക്കുന്നു. ഈ കാരണത്താലാകുന്നു ജാതിവഴക്കം ജാതി അനുസരിച്ചു ഉദ്യോഗം വേണമേന്നു വാശിക്കുന്നതും ഒരു കാര്യത്താൽ മാത്രമേ ഈ തത്വമനുസരിച്ചു ഉദ്യോഗം നൽകാവു അതായതു പക്ഷപാതം കൂടാതെ ഉദ്യോഗം നിശ്ചയിക്കുവാൻ അധികാരമുള്ളവർ ഉദ്യോഗത്തിൽ നിയമിക്കുന്നതിനുള്ളതു അങ്ങിനെയുള്ളവരേ നിയമിക്കുന്നപക്ഷം ഇതിനെ ഭേദപ്പെടുത്തുകയില്ല അങ്ങിനെ ചെയ്യുവാൻ സാധിക്കാത്തിടത്തോളം കാലം ഉദ്യോഗത്തിനു അവകാശമുള്ള സമുദായങ്ങളുടെ അവകാശത്തെത്തന്നെ വകവയ്ക്കണം ഈ വാക്കുകളോടുകൂടി ഞാൻ ഈ നിയമത്തിന്റെ തത്വത്തിനെ പിൻതാങ്ങുന്നു.

മി: എ. താണുപിള്ള (തിരുവനന്തപുരം): ഉദ്യോഗസ്ഥസാമാജികന്മാർ സംസാരിക്കുന്നതിനു ഞാൻ അപേക്ഷിക്കട്ടയോ?

മി: കെ. ജോർജ് (ഗവർണ്മെന്റ്ചീഫ് സ്പീക്കർ): ഇന്നും ഇന്നലെയും ഇവിടെ നടന്ന പ്രസംഗങ്ങളും കേട്ടശേഷം ഞാൻ വല്ലാത്ത ഒരു നിലയിൽ തപ്പിത്തിരിക്കുന്നു, ആദ്യമായി ഈ വിഷയം ഈ സഭയിൽഎ

ആവശ്യം ആലോചനയും ഇടകായിട്ടുണ്ടെന്ന് എണ്ണുന്നുണ്ട് ഞാൻ തിരുത്തിയിരിക്കുന്നു. ഇന്നതെയും ഇന്നല തെയും പ്രസംഗങ്ങൾ കേട്ടതിനേക്കാൾ പുതിയതായി നമുക്ക് ഇതിനെകുറിച്ചു ഒന്നും ലഭിച്ചിട്ടില്ലെന്ന് പറയേണ്ടതിൽ വ്യസനിക്കേണ്ടിയിരിക്കുന്നു.

രണ്ടാമതായി ഈ നിയമം ഒന്നുമതത്തെയും രണ്ടുമതത്തെയും ഭേദഗതികളോടുകൂടിയതാണ് ഇപ്പോൾ ആലോചനക്ക് എടുത്തിരിക്കുന്നതു. ഇവിടത്തെ വാങ്ങലോ ഏതെങ്കിലും പ്രജാപരിനെ മുൻനിറുത്തിയല്ല. ഈ നിയമത്തെ കുറിച്ച് പ്രസംഗിക്കുന്നതിനു ഗവണ്മെന്റ സ്പോൺസർ എന്ന നിലയിൽ ഞാൻ നിർബന്ധിതനായിരിക്കുന്നതിനാൽ എനിക്ക വളരെ പ്രയാസം നേരിടുന്നു. എന്തുകൊണ്ടെന്നാൽ എനിക്ക് നിയമത്തെക്കുറിച്ചും ഭേദഗതികളെകുറിച്ചും സംസാരിക്കേണ്ടിയിരിക്കുന്നു. സർ, ആതിലെ ദുരുപദേശമായിട്ടുള്ള നിയമത്തിന്റെ തത്വത്തിനെ അടിസ്ഥാനമായിട്ടേ പ്രസംഗിച്ചിട്ടുള്ളു എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഇതു് അവതരിപ്പിച്ച് ആളുടെ അഭിപ്രായത്തിനെകുറിച്ചും അതിന്റെ വ്യാഖ്യാർത്ഥത്തിനെകുറിച്ചും സംസാരിച്ചിട്ടില്ല. വേറെയുള്ളവരും അങ്ങനെ തന്നെ ഈ പ്രയാസത്തെ എടുത്തു സ്നേഹിതന്മാരായ മി: നീലകണ്ഠപ്പിള്ള ചൂണ്ടിക്കാണിച്ചു. ഇതിനെകുറിച്ചു സംസാരിച്ച വെറൊരു സാമാജികൻ മി: കേശവപിള്ളയാകുന്നു. നിയമത്തെ ഇവിടെ ഹാജരാക്കിയ നിലയിലാണ് നമുക്ക് സംസാരിക്കാനുള്ളതു്. നിയമത്തിന്റെ തത്വത്തിനെ സംബന്ധിച്ചടത്തോളം എനിക്ക അഭിപ്രായവ്യത്യാസമില്ല. ആ തത്വം എന്തെന്നാൽ സർക്കാർ സർവീസിൽ വേണ്ടപ്രാതിനിധ്യം ഇല്ലാത്ത സമുദായങ്ങൾക്ക പ്രാതിനിധ്യം വേണമെന്നുള്ളതാണ്. ഇതിനെക്കുറിച്ച് എനിക്ക അഭിപ്രായവ്യത്യാസമില്ല. എന്നാൽ ഞാൻ ഈ തത്വത്തെകുറിച്ച് വാഗ്വിക്കാതെ ഇവിടെ നിൽക്കുന്നതു്. പിന്നെയോ ഇവിടെ ഹാജരാക്കിയിരിക്കുന്ന നിയമത്തെപ്പറ്റി പറയുന്നതിനാകുന്നു. ഞാൻ പറഞ്ഞപോലെ നിയമം അവതരിപ്പിച്ച ആളോ അല്ലെങ്കിൽ അതിന്റെ ശേഷം സംസാരിച്ചതിലെങ്കിലോ രണ്ടോ ആളുകൾ ഒഴിച്ച് ആരെങ്കിലുമോ ഈ നിയമത്തിന്റെ അടിസ്ഥാനതത്വത്തെയോ ആശയത്തെയോ അതിന്റെ വ്യാഖ്യാർത്ഥത്തെയോ കുറിച്ചു വേണ്ടുവോളം സംസാരിച്ചിട്ടില്ല. അതുകൊണ്ടു ഞാൻ ഈ നിയമത്തെ അപഗ്രഥം ചെയ്യുന്നതുള്ള സ്വാതന്ത്ര്യം എടുക്കുന്നു അതായതു് മി. ഇട്ടപ്പു ഇട്ടീച്ചൻ അതിനെയേറെ ചെയ്തതു പോലെ.

സർ, ഈ നിയമത്തിന് നാലുഭാഗങ്ങളുള്ളതായി വിചാരിക്കാം. ഒന്നാമതായി ഒഴിവുള്ള ഉദ്യോഗങ്ങളെ പരസ്യം ചെയ്യണമെന്നു് ഇതു് ഒരു അഞ്ചുകൊല്ലകാലത്തേക്കു്, രണ്ടാമതായിട്ടു് ആ കാലത്തിനുള്ളിൽ പ്രാതിനിധ്യം ഇല്ലാത്ത സമുദായങ്ങൾക്ക് മുൻനിലപ്പ് അനുവദിക്കണമെന്നു മൂന്നാമതായി ആളുകളെ തിരഞ്ഞെടുക്കുന്നതിൽ ഏറ്റവും കൂടുതൽ പരീക്ഷകളെ ആവശ്യപ്പെടാവു എന്നുള്ളതു് ഒടുവിലായി ഈ നയം ആരുടെയും നിയമനം മാത്രമല്ലെന്നും കൊടുക്കുന്നതിനും സ്വീകരിക്കണമെന്നു്.

മി: എൽ. ആർ. രാജരാജവർമ്മ കോയിൽതമ്പുരാൻ(ചങ്ങനാശേരിയും-പീരുമേടും): മി: ഇട്ടപ്പുഇട്ടീച്ചൻ ഈ കൊല്ലം എന്നുള്ളതിനെ എടുത്തുകളഞ്ഞിട്ടില്ലയോ?

മി: കെ. ജാർജ് (ഗവണ്മെന്റ ചീഫ് സെക്രട്ടറി): അങ്ങിനെയാണെങ്കിൽ ഞാനും അതിനെ വിട്ടുകയാം.

മി: എ. എസ്. മാമ്മോദീസനാശാൻ (മൂവേലിക്കര-കാർത്തികപ്പള്ളി): ഈ രണ്ടു വ്യത്യാസങ്ങളും നിയമവും സഭയുടെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടെന്നു തോന്നുന്നു.

മി: കെ. ജാർജ് (ഗവണ്മെന്റ് ചീഫ് സിക്രട്ടറി): അതുകൊണ്ടു ഞാൻ പറയുന്നതെന്തെന്നാൽ, എന്റെ ജേഷ്ഠൻ വളരെ കൂടിയിട്ടുണ്ടെന്നാണ്. നിയമത്തിനെ അഭിപ്രായപ്പോഴും കാണുന്നതു് ഈ സംഗതികളും എല്ലാമാണ്. നിയമത്തിനോ ഇപ്പോഴത്തെ രൂപത്തിൽ എനിക്ക തൃപ്തിയില്ലാത്തതിനെ എതിർടേണ്ടിയിരിക്കുന്നതുകൊണ്ടു് വളരെ ധൃതിപ്പെടുന്നു. അപ്രകാരം പറയാം.

മി: തയ്യു കുഞ്ഞിത്തൊമ്മൻ (മൂവാറ്റുപുഴ-തൊടുപുഴ) [illegible] ഗവണ്മെന്റ് ഈ കാര്യത്തിൽ തന്നിട്ടുള്ള വാഗ്ദത്തത്തെ സംബന്ധിച്ചു ഗവണ്മെന്റ് ഒന്നും ചെയ്യാത്തതെന്തെന്നാണ്.

മി: കെ. ജാർജ് (ഗവണ്മെന്റ ചീഫ് സിക്രട്ടറി): സന്ദർഭത്തിൽ ഞാൻ പറയുമ്പോൾ എന്നെ ഉപദ്രവിക്കുന്നില്ലെങ്കിൽ ഞാൻ അതുകഴിഞ്ഞു സ്വതന്ത്രത്തോടെ ഉത്തരം പറയാം.

സർ, ഞാൻ പറഞ്ഞപോലെ എനിക്ക ശക്തിയോടെ ഈ നിയമത്തിനെ എതിരിടാനുണ്ട്. ഒന്നാമതായി പ്രയോഗികത്തിൽ ഇതു് വളരെ പ്രയാസമായി തോന്നുമെന്നുള്ളതാണ്. ഒഴിവുകഴിവു പരസ്യപ്പെടുത്തണമെന്നു സാമാജികൻ ആവശ്യപ്പെടുന്നു. അതുപോലെ പകരവും സ്ഥിരവുമായ ഒഴിവുകളെ ഉദ്ദേശിക്കുന്നു എന്നു ഞാൻ വിചാരിക്കുന്നു. കുറച്ചുനാളത്തേക്ക അവധി എടുക്കുന്ന അനേകായിരം ഉദ്യോഗസ്ഥന്മാരുണ്ട്. ഞാൻ വിശ്വസിക്കുന്നു. പരസ്യംചെയ്യുക എന്നുള്ളതു താമസത്തെ വരുത്തുന്നതാണ്. ഉദ്യോഗത്തിനു പരസ്യംചെയ്യുകയാണെങ്കിൽ ജോലിക്ക റിക്രൂട്ടിനം വരുകയില്ലയോ?

ഇനിയും ഞാൻ കുറഞ്ഞയോഗ്യതയെന്നുള്ള വിഷയത്തിലേക്കു കടക്കാം. തിരുവിതാംകൂർ സർവീസ് ഗ്രേഷ്നിൽ ഉദ്യോഗസ്ഥന്മാരുടെ മാർഗദർശിത്വത്തെ കാക്കാക്കി ചില കുറഞ്ഞ യോഗ്യതകളെകുറിച്ചു പറഞ്ഞിട്ടുണ്ട്. എന്നാൽ അവ കുറഞ്ഞ യോഗ്യതകളാണെന്നു നാം ഓർക്കണം. കുറഞ്ഞ യോഗ്യതകളുള്ള ആളുകളെ മാത്രം നിയമിക്കുകയാണെങ്കിൽ ഒരു സർവീസ് വിശേഷമായ വിധത്തിൽ നടത്തപ്പെടുന്നതായി വിചാരിക്കാൻ നിവൃത്തിയില്ല. ചില ഡിപ്പാർട്ടുമെന്റുകളിൽ കുറഞ്ഞയോഗ്യത സിദ്ധിച്ചിട്ടുള്ള ആളുകളെ നിയമിക്കുന്ന കാര്യത്തിൽ എനിക്ക പ്രത്യേകിച്ചു് വിരോധവുമുണ്ട്. വിദ്യാഭ്യാസഡിപ്പാർട്ടുമെന്റ എടുക്കുക. ഒരു പ്രത്യേകസമുദായത്തിൽ ഉൾപ്പെട്ടതാണെന്ന വിചാരിച്ചു കുഞ്ഞയോഗ്യതയുള്ള ഒരാൾ നിങ്ങളുടെ ആൺകുട്ടികളെയും പെൺകുട്ടികളെയും പഠിപ്പിക്കുന്നതിനു നിങ്ങൾ ആഗ്രഹിക്കയില്ല. ഏറ്റവും സമർത്ഥനായ ആൾ നിങ്ങളുടെ കുട്ടികളെ പഠിപ്പിക്കുവാൻ നിങ്ങൾ ആഗ്രഹിക്കുവുന്നതാണ്. കുറഞ്ഞയോഗ്യതയുള്ള എന്നുള്ളതുകൊണ്ടുതന്നെ ഒരു സമുദായത്തിലുള്ള ആളുകളെ വിദ്യാഭ്യാസഡിപ്പാർട്ടുമെന്റിൽ നിയമിക്കുകയാണെങ്കിൽ ഞാൻ അതിനെ അനിഷ്ടപ്പെടുകതന്നെ ചെയ്യും. അതുകയാൽ ഈ വിഷയത്തിലെങ്കിലും അതു് ഒരു തോതായി വിചരിക്കപ്പെടാൻ നിവൃത്തിയില്ല എന്നു വരുന്നു.

ശ്രീ. പി. താണുപിള്ള (തിരുവനന്തപുരം): ഫിഷറീസ് ജോലിയെക്കുറിച്ചു എനിക്കു പറയുന്നു.

ശ്രീ. കെ. ജോർജ് (ഗവണ്മെന്റ് ചീഫ് സിക്രട്ടറി): ഇവിടെയും എന്റെ അഭിപ്രായം പറയുകയാണെങ്കിൽ സമർത്ഥരും ഉള്ള ആളുകളെ വേണമെന്നു ഞാൻ പറയും. കൂടുതൽ പരീക്ഷായോഗ്യതയുള്ള ആളുകളെ നിയമിച്ചില്ലെങ്കിൽ പ്രധാനപ്പെട്ട ഫെഹീസുകളിൽ ജോലിക്കു വിഘ്നം വരും. നാം കുറഞ്ഞ പരീക്ഷാമാനദണ്ഡം സ്വീകരിക്കുകയാണെങ്കിൽ കായ്ക്ഷമതയ്ക്ക് വലിയ വിലോപം നേരിടും.

ശ്രീ. ടി. എസ്. ഓമോമ്മനാശാൻ (മാവേലിക്കരയും-കാഞ്ഞിരപ്പള്ളിയും): സമഡിക്കൽ ഡിപ്പാർട്ടുമെന്റിനെപ്പറ്റി എനിക്കു പറയുന്നു.

ശ്രീ. കെ. ജോർജ് (ചീഫ് സിക്രട്ടറി): ഇതിനു നിശ്ചയിച്ചിട്ടുള്ള മിനിമം തോതു ഉണ്ടു, അതു ശരിയുമാണു്. ചില പരീക്ഷായോഗ്യതയുള്ള ഒരാളെ അസിസ്റ്റൻസർഗനായിട്ടോ സബ് അസിസ്റ്റൻറ് സർജനായിട്ടോ നിയമിക്കുന്നു. ആ പരീക്ഷായോഗ്യത ശരിയാണെന്നു കണ്ടുപിടിക്കുന്നു.

ശ്രീ. ടി. എസ്. ഓമോമ്മനാശാൻ (മാവേലിക്കരയും-കാഞ്ഞിരപ്പള്ളിയും): കൂടുതൽ പരീക്ഷായോഗ്യതയുള്ള മിനിമം ഉണ്ടായിരുന്നാൽ...

ശ്രീ. കെ. ജോർജ് (ചീഫ് സിക്രട്ടറി): അതുപോലെ സ്പഷ്ടപ്പെടുത്തി പറവാൻ പ്രയാസമാണ്.

ശ്രീ. പി. താണുപിള്ള (തിരുവനന്തപുരം): പോലീസ്, എക്സൈസ് ഈ ഡിപ്പാർട്ടുമെന്റുകളിലേക്കു നാം ചെക്കന്മാരിയെപ്പറ്റി എനിക്കു പറയുന്നു.

ശ്രീ. കെ. ജോർജ് (ചീഫ് സിക്രട്ടറി): കുറഞ്ഞ പരീക്ഷകളുള്ള ആളുകളെ നിയമിക്കുന്നതുകൊണ്ടു പല ഡിപ്പാർട്ടുമെന്റുകളിലേയും ജോലി അധ:പതിക്കുമെന്നു ഞാൻ സമ്മതിക്കുന്നു.

ശ്രീ. താമരപ്പള്ളിൽ കൊച്ചുതൊമ്മൻ (പത്തനംതിട്ട): മെട്രിക്കുലേഷന്റെ എന്തു പരീക്ഷയാണു വേണ്ടതു്, അടുത്തകാലത്തു എഴുപേരെ മെട്രിക്കുലേഷന്മാരായി നിശ്ചയിച്ചല്ലോ എന്തു പരീക്ഷയാണു്.

ശ്രീ. കെ. ജോർജ് (ചീഫ് സിക്രട്ടറി): അതു മെമ്പറിനറിയാമല്ലോ. അവർ ബി. എ-ക്കാരായിരിക്കണം. രണ്ടാമതായി അവർ ബി. എൽ കരസ്ഥമാക്കിയവരല്ല നിയമപരീക്ഷകളിൽ പാസായിട്ടുള്ളവരായിരിക്കണം.

ശ്രീ. താമരപ്പള്ളിൽ കൊച്ചുതൊമ്മൻ (പത്തനംതിട്ട): വളരെ വിപരീതമായി വല്ലവരെയും നിയമിച്ചിട്ടുണ്ടല്ലോ?

ശ്രീ. കെ. ജോർജ് (ചീഫ് സിക്രട്ടറി): അതു കുറഞ്ഞപരീക്ഷയെ ബന്ധിക്കുന്നതു മാത്രം ചോദ്യമല്ല.

ശ്രീ. എ. സി. കുര്യാക്കോസ് (ഫയൂരിൽ അണ്ടർഗ്രാഡ്വേറ്റ്സും ഗ്രാഡ്വേറ്റ്സും ഉള്ളതിൽനിന്ന് അണ്ടർഗ്രാഡുവേറ്റിനെ ഗ്രാഡുവേറ്റിന്റെ ഉപരിയായിനിയമിക്കാറില്ലേ?

ശ്രീ. കെ. ജോർജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): കായ്ക്ഷമതയുണ്ടെങ്കിൽ അങ്ങിനെ നിയമിക്കുന്നതാണ്.

ശ്രീ. എ. സി. കുര്യാക്കോസ് (മീനച്ചൽ തെക്കുംഭാഗം): അവരുടെ ഏറ്റവും കുറഞ്ഞപരീക്ഷായോഗ്യത എന്താണു്? അതില്ലെങ്കിൽ കായ്ക്ഷമത എങ്ങനെ നോക്കും

ശ്രീ. കെ. ജോർജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): വേലകണ്ടു അതു നിശ്ചയിക്കാവുന്നതാണ്.

ശ്രീ. എ. സി. കുര്യാക്കോസ് (മീനച്ചലും തെക്കുംഭാഗവും): വേലകണ്ടാൽ മെയ്യോഗ്യതയില്ലെന്നു വന്നാൽ തിരിച്ചു അയക്കാൻ അവകാശമില്ലേ?

ശ്രീ. കെ. ജോർജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): അങ്ങിനെ മെയിയാൽ മെയിയുന്നതെന്തു, കായ്ക്ഷമതനോക്കി മെയിറം കൊടുക്കുന്ന സ്ഥിതിക്കു അതില്ലാത്തവരോടു ഒരു കാരണം പറയാം.

ശ്രീ. എ. സി. കുര്യാക്കോസ് (മീനിച്ചൽ-തെക്കുംഭാഗം): എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെന്റിൽ മിനിമം ക്വാളിഫിക്കേഷൻ എന്താണ്.

ശ്രീ. കെ. ജോർജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): എന്റെ അഭിപ്രായത്തിൽ എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെന്റിലേക്കു ഏതുനല്ല പരീക്ഷായോഗ്യതയുള്ളവരെകിട്ടുമോ അതുമെയും നല്ലതാണ്.

ശ്രീ. എ. സി. കുര്യാക്കോസ് (മീനച്ചൽ-തെക്കുംഭാഗം): ഇപ്പോൾ നടക്കുന്നതു് എങ്ങനെയാണ്.

ശ്രീ. കെ. ജോർജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): ഏറക്കുറെ മുമ്പേ പറഞ്ഞതുപോലെകാർയം തന്നെയാണു്.

ശ്രീ. തയ്യുകുഞ്ഞിതൊമ്മൻ (മൂവാറ്റുപുഴ-തൊടുപുഴ): ചാൻഡ്റവന്ത്യഡിപ്പാർട്ടുമെന്റിൽ എങ്ങനെ ആണ്

ശ്രീ. കെ. ജോർജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): എല്ലാസ്ഥലത്തും ഒരുപോലെയുള്ള മിനിമം ക്വാളിഫിക്കേഷൻ സ്വീകരിക്കുവാൻ പാടില്ല.

ശ്രീ. പി. താണുപിള്ള (തിരുവനന്തപുരം): എല്ലാ സമുദായങ്ങളിൽനിന്നും ശ്രേഷ്ഠിമാൻമാരെ കിട്ടാൻ സാധിക്കയില്ലേ.

ശ്രീ. കെ. ജോർജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): എനിക്കു നല്ല നിശ്ചയമില്ല. ഉദാഹരണമായി അധ:കൃതവർഗ്ഗങ്ങളിൽ നിന്നും കിട്ടുമോഎന്നു എനിക്കു പറവാൻ നിവൃത്തിയില്ല. താനതപ്രതിപ്പെടുത്തിയാണു ഞാൻ പറയുന്നതു.

ശ്രീ. പി. എസ്. മഹമ്മദ് (നിയമനിർമ്മാണം): മിനിമം ക്വാളിഫിക്കേഷൻ തീർച്ചയാക്കിട്ടുള്ള ഏതെങ്കിലും ഡിപ്പാർട്ടുമെന്റു ഉണ്ടോ?

ശ്രീ. കെ. ജോർജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): കൂടുതൽ യോഗ്യതയുള്ള ആളുകളെ കിട്ടുമെങ്കിലും കുറഞ്ഞ പരീക്ഷായോഗ്യതയുള്ളവരെകൊണ്ടു നമുക്കു തൃപ്തിപ്പെടുവുന്ന ഏതാനും ജോലികളും ഉണ്ടു. അതുകൊണ്ടു എല്ലാജോലികളിലും മദ്രാസപരീക്ഷയുടെ തോതുവച്ചു മാത്രമേ നിയമിക്കാവൂഎന്നു ഞാൻ പറയുന്നില്ല. നാം കുറഞ്ഞ പരീക്ഷായോഗ്യതകൊണ്ടു തൃപ്തിപ്പെടുകൊള്ളാമെന്നു ഈ പ്രമേയം സൂചിപ്പിക്കുന്നു എന്നു മാത്രമേ ഞാൻ ചൂണ്ടിക്കാണിക്കുന്നുള്ളൂ. അതു സ്വീകാരയോഗ്യമായ മാർഗ്ഗമല്ല.

സർ, കൂടാതെ ഈ പ്രമേയത്തിൽ അനന്തരവിചിട്ടുള്ള അനീതിയെപ്പറ്റി പറവാനും ഞാൻ ആഗ്രഹിക്കുന്നു. ഗവണ്മെന്റ് സർവീസിൽ ശരിയായ പ്രാതിനിധ്യമുണ്ടെന്നു കരുതുന്ന സമുദായങ്ങളിൽപ്പെട്ട അംഗങ്ങളേക്കൂടി ഇനിയെങ്കിലും അഞ്ചുകൊല്ലങ്ങളിലേക്കു യാതൊരു ജോലിയും കൊടുത്തുകൂടാ എന്നും പ്രാതിനിധ്യമില്ലെ

അവർക്ക് ഭൂമിയുടെ ഉടമസ്ഥാവകാശം കൊടുക്കാവു എന്നതാണ് പ്രമേയകർത്താവു ശ്രീമതി നാരായണിയമ്മ ചോദിക്കുന്നത്. ഈ ഏതാനും ചിലസമുദായങ്ങളിലെ അംഗങ്ങളെ ഇനിയുള്ള അഞ്ചുകൊല്ലത്തേക്ക് ഗവൺമെന്റ് സ്കീമിൽനിന്നും നിക്കിനിർത്തുകയാണു. സർ, ഇതു ഏതു വിധമാണു സാധൂകരിക്കുന്നതു എന്നു എനിക്കു അറിഞ്ഞുകൂടാ. പിതാക്കൾ ചെയ്യുന്നപാപങ്ങൾക്കു പുത്രികാരം അവരുടെ പൈതങ്ങളോടു ചെയ്യുന്നതു ശരിയല്ല. (കേൾപ്പിൻ! കേൾപ്പിൻ!) കയ്പുള്ള മുന്തിരിങ്ങാപ്പഴം പിതാക്കൾ തിന്ന പൈതങ്ങളുടെപല്ലുകളാണ് പുളിക്കുന്നതു.

ശ്രീ: തയ്യുകഞ്ഞിരത്താമൻ (മൂവാറ്റുപുഴ-തൊടുപുഴയും): ഇപ്പോൾ ഉദ്യോഗനിയമനം നടത്തുന്നതു ഉയർന്ന ഉദ്യോഗത്തിലിരിക്കുന്നവരുടെ ചർച്ചക്കുശേഷവും സ്വജനപക്ഷപാതിത്വമൊന്നുണ്ടെന്നു ഇവിടെ തന്നിട്ടുള്ളപട്ടികയിൽനിന്നും കാണുന്നില്ല.

ശ്രീ: കെ. ജോർജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): അങ്ങിനെ കാണുന്നില്ല.

ശ്രീ: തയ്യുകഞ്ഞിരത്താമൻ (മൂവാറ്റുപുഴ-തൊടുപുഴ): പട്ടികജാതന്മായ നിയമനാധികാരമുള്ള ഡിപ്പാർട്ടുമെന്റ് മേലദ്ധ്യക്ഷന്മാർ തങ്ങളുടെ വഴ്ത്തിൽപ്പെട്ടവരെ അധികം നിയമിച്ചിട്ടുള്ളതായിപട്ടികയിൽ പിന്നും വ്യക്തമാകുന്നുണ്ടു.

ശ്രീ: കെ. ജോർജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): ഞാൻ അതു സൂക്ഷിച്ചിട്ടില്ല.

ശ്രീ: തയ്യുകഞ്ഞിരത്താമൻ (മൂവാറ്റുപുഴ-തൊടുപുഴ): അതിനെ ഇനിയെങ്കിലും നേരെ സൂക്ഷിക്കുമോ?

ശ്രീ: കെ. ജോർജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): അതിനെ മനസ്സിലാക്കിയാൽ സൂക്ഷിക്കാം.

ശ്രീ: തയ്യുകഞ്ഞിരത്താമൻ (മൂവാറ്റുപുഴ-തൊടുപുഴ): അതിനു പരിഹാരം ഉണ്ടാക്കുമോ?

ശ്രീ: കെ. ജോർജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): ഗവണ്മെന്റ് ചെയ്യുമെന്നു തന്നെപ്പറയാം.

എല്ലാ നീതിതത്വങ്ങൾക്കും വിരുദ്ധമാണ് ഇതെന്നു ഞാൻ കരുതുന്നു. ഈ രണ്ടു സമുദായത്തിന്റെ ചരിത്രത്തിലേക്കു ഞാൻ കടക്കണമെന്നില്ല. അനേകനാൾക്കാണ്ടു ഇതു വന്നുചേർന്നിട്ടുള്ളതാണ്. ഗവണ്മെന്റിനെയാണ് എല്ലാംകൊണ്ടു ആക്ഷേപിക്കേണ്ടതെന്നു ഞാൻ വിചാരിക്കുന്നില്ല. പ്രത്യേകമായി സൂക്ഷിക്കപ്പെട്ടിരുന്ന ചില ഡിപ്പാർട്ടുമെന്റുകളും ഉണ്ടായിരുന്നു എന്നുള്ളതിനു സംശയമില്ല. എന്നാൽ വേറെയും ചില കാരണങ്ങളും ഉണ്ടായിരുന്നിരിക്കാം. ചില സമുദായങ്ങളും വിദ്യാഭ്യാസത്തിൽ പിന്നോക്കം ആയിരുന്നിരിക്കണം. മറ്റു ചിലർ കൂടുതൽ ആളായകരമായി മറ്റുള്ള ജീവനമാർഗ്ഗങ്ങളും തോന്നുകയാൽ അവയെസ്വീകരിച്ചിരിക്കാം. ഇവയും മറ്റുംപല സംഗതികളും നാം ഇന്നുകാണുന്ന അവസ്ഥക്കു കാരണമായിത്തീർന്നിട്ടുണ്ട്. ഈ സ്ഥിതിക്കു ഇപ്പോഴുള്ള ചെറുപ്പക്കാരെ രണ്ടു തുലാസുകളുടെ കനത്തിനുവേണ്ടി ശിക്ഷിക്കണമെന്നു പറയുന്നതു അത്ര സാധുവല്ല.

ശ്രീ: കെ. മാധവൻ പിള്ള (തിരുവനന്തപുരം-നെടുമങ്ങാടു): നമ്മുടെ ചെറുപ്പക്കാർക്ക് ക്ലർക്കുപണിപോലും തിരുവിതാംകൂറിനു കൊടുക്കുവാൻ കിട്ടുകയില്ലെന്നറിയാമോ?

ശ്രീ: കെ. ജോർജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): അറിയാം. ഒന്നു ചോദിക്കട്ടെ, അങ്ങനെകൊല്ലത്തെക്കോ ഒന്നോരണ്ടോകൊല്ലത്തേക്കു തന്നെയോ കാലം എടുക്കുമെന്നു. നാം മുറക്ക് ഈ ചെറുപ്പക്കാരെ പരിഷ്കരിക്കയാണെങ്കിൽ കുറഞ്ഞപക്ഷം ഇരുപതുകൊല്ലമെങ്കിലും ഈ യുവാക്കന്മാർ എവിടെയാണു പോകേണ്ടതു? ഈ രാജ്യത്തു ഒരു മാറ്റവുമില്ലെങ്കിൽ ഇവർ എവിടെയാണ്പോകേണ്ടതു? ഈ അഭിപ്രായം തീരെ അന്യായമായി ഞാൻ വിചാരിക്കുന്നു. ഇങ്ങിനെയാണെങ്കിൽ എല്ലുസംബന്ധക്കാരെന്നു നമുക്കു ആലോചിക്കും. ഈ നിയമത്തിന്റെ തത്വത്തിനെ നാം സ്വീകരിച്ചു എന്നു വിചാരിക്കുക. ഈ സമുദായങ്ങളിലുള്ള ചെറുപ്പക്കാർ തീരെ നിരാശക്കാരാകും. ഈ രാജ്യത്തു അവർക്കു തൊഴിലിനു ഒരു മാർഗ്ഗവും ഇല്ല. മറ്റുള്ള രാജ്യങ്ങളിലും അങ്ങനെതന്നെ, അവരുടെ ജീവിതസന്ധാരണത്തിനു എന്താണ് ചെയ്യേണ്ടതെന്നു അവർക്കറിഞ്ഞുകൂടാ. ഫലം എന്തായിരിക്കും ഈ രാജ്യത്തു എങ്ങും അശുപ്പിവ്യാപിച്ചിട്ടുള്ള ഒരു മാവിലെന്റെ ദൃഷ്ടിയിൽ കാണുന്ന ഗവണ്മെന്റിനോടു അശുപ്പി, അവരുടെ ആഹാരസമ്പാദനത്തിനു പ്രയാസമാക്കിത്തീർക്കുന്ന അവസ്ഥകളോടു അശുപ്പി.

ശ്രീ. വി. പെല്ലപ്പിള്ള (തേവാള): അങ്ങിനെ അശുപ്പിതോന്നുന്നതു ന്യായമായ പ്രാതിനിധ്യം ഇല്ലാത്ത സമുദായത്തിനല്ലെ? ബാക്കിയുള്ള വകുപ്പുകളും—

ശ്രീ: കെ. ജോർജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): അല്ല അവർക്കു പ്രാതിനിധ്യം കൊടുക്കുന്നുണ്ട്. അതുകൊണ്ടു മാറ്റമുണ്ടായിട്ടുണ്ടെന്നതു തന്നെയുമല്ല.

ചെറുപ്പക്കാർ പ്രാതിനിധ്യത്തെകുറിച്ചല്ല ആലോചിക്കുന്നതു; അവർ അവരുടെ ശിരോലഖിതത്തെക്കുറിച്ചാണ് ആലോചിക്കുന്നതു.

ശ്രീ: എ. സി. കുഞ്ഞാക്കോസ് (മീനിച്ചിൽ-മേലുകാവു): അസമത്വം അനുഭവിക്കുന്ന എല്ലാ ഹിന്ദുക്രിസ്ത്യാനികൾക്കും അധികമായിരിക്കുമെന്നു പറയുന്നതു ശരിയാണോ?

ശ്രീ: കെ. ജോർജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി) സാമാജികൻ അവതരിപ്പിച്ചിരുപ്പത്തിൽ ഈ നിയമത്തിനെകുറിച്ചു ഞാൻ സംസാരിക്കുകയാണ്. വളരെ ശ്ലേഷിപ്പിക്കുന്ന ഒരു വിഷയത്തെ തീർക്കുവാനുള്ള ഒരു മാർഗ്ഗം കണ്ടുപിടിക്കുന്നതിനുള്ള ശ്രമമാണ് ഇതെന്നു സംശയമില്ല. അദ്ദേഹം ഒരു തത്വത്തെകുറിച്ചു പറയുകയും അതനുസരിച്ചു ഒരു മാർഗ്ഗം ചൂണ്ടിക്കാണിക്കുകയും ചെയ്തു. എന്നാൽ അദ്ദേഹം കാണിച്ചുതന്ന മാർഗ്ഗം എനിക്കു അനുകൂലിപ്പിച്ചിട്ടില്ല. കൂടാതെ, ഇങ്ങനെ ബഹിഷ്കരിക്കുന്നതായാൽ സമുദായങ്ങൾ തമ്മിലുള്ള ദോഷം എന്തായിരിക്കും, ഇപ്പോഴാണ് പ്രത്യേകത അവശ്യപ്പെടുന്ന സമുദായങ്ങൾ പ്രാതിനിധ്യംഉണ്ടെന്നു വിചാരിക്കപ്പെട്ടുന്ന സമുദായങ്ങളോടു മത്സരിക്കുക.

ശ്രീ: മാത്യുമരിക്കൻ (തൊക്കം) ഇപ്പോഴത്തെ അവസ്ഥകൾ തുടരുകയുണ്ടെങ്കിൽ അഭിപ്രായഭേദമായിക്കാണുന്നതുപോലുള്ള സംഗതികൾ സംഭവിക്കുകയില്ലെന്നു വിചാരിക്കുന്നോ?

ശ്രീ: കെ. ജോർജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): കാണുകയില്ല. ഒരു ഉപായം കണ്ടുപിടിക്കുമെന്നു ഞാൻ സമ്മതിക്കുന്നു. എന്നാൽ ഇവിടെ അവതരിപ്പിച്ചിരുപ്പോലെ ഈ തിരുത്തലുകളെ സ്വീകരിക്കുക

യുടെങ്കിൽ നാം സാധാരണ നമ്മുടെയിടയിൽ കാണപ്പെടുന്ന ജാതിവിരോധത്തിന്റെ ശക്തി ഒന്നുകൂടി വർദ്ധിക്കുകയേ ഉള്ളൂ.

ശ്രീ. എൽ. അക്. രാജരാജവർമ്മ കോയിത്തമ്പുരാൻ (ചങ്ങനാശേരിയും-പീരുമേടും): ഇതിനെ ഒരു മേജർ ചീഫ് സെക്രട്ടറിക്ക അഭിപ്രായപ്പെടാമോ?

ശ്രീ: കെ. ജോർജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): എനിക്ക അതു സാധിക്കുകയില്ല.

ഇനിയും അതിന്റെ അവസാനഭാഗം ഇതിന്റെ അനീതി അതിരുകവിഞ്ഞു കാണുന്നതു പ്രത്യക്ഷമായി കാണുന്നതു ഉദ്യോഗങ്ങളിലേക്കു കയറുംപ്രായം കായ്ങ്ങളിലാണ് വച്ചിരിക്കുന്നതു. ഒരു മുതൽ ൨൫ വരെയുള്ള ഉദ്യോഗങ്ങളും ഒന്നിൽ താഴെയായി ൭൫ മുതൽ ൫൫ വരെയും ൪൦ മുതൽ ൭൦ വരെയും ഉള്ള ഉദ്യോഗങ്ങളും ഉണ്ട്. ഒന്നാമത്തെ ഉദ്യോഗത്തിനു ഒരു ഒഴുവുവന്നാലുണ്ടാകുന്ന വിചാരിക്കുക. സാമൂഹികനീതിക്കു യോജിച്ചവണ്ണം ഒരു മുതൽ ൫൫ വരെയുള്ളവരുടെ നിലകളിൽ പ്രാതിനിധ്യം ഇല്ലാത്ത ഒരു നിയമനം അഞ്ചു മുതൽ ഏഴുവരെ പ്രതീക്ഷിക്കേണ്ടിവരും.

ശ്രീ: എ. സി. കുഞ്ഞുക്കോസു (മീനച്ചിലും-മേലുകാവും): ഏതു പ്രമാണം അനുസരിച്ചാണ് ശ്രീ: മാധവനെ മേലുകാവിൽ കണ്ടീഷണറായി വച്ചിരിക്കുന്നതു.

ശ്രീ. കെ. ജോർജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): മുൻപേവന്നിയുടെ യോഗ്യതകളെപ്പറ്റി ഞാൻ ആലോചിക്കുന്നതിനു ഞാൻ പ്രാപ്തനായിരുന്നില്ല.

ഇതാണു ഇവിടെ ഹാജരാക്കിയിരിക്കുന്ന നിശ്ചയം. ഇതു നാം സ്വീകരിക്കുകയാണെങ്കിൽ കായ്ക്ഷമതയ്ക്കും ശിക്ഷണത്തിനും സമുദായത്തിനും ഹാനികരമായി ഭവിക്കുകയില്ല. സർവ്വീസിനെ അടിസ്ഥാനപ്പെടുത്തിയാണു നാം അറിയുക. കായ്പ്രാപ്തിയുടേയും സങ്കരണത്തിന്റേയും അടിസ്ഥാനത്തെ അതു വർദ്ധിപ്പിക്കും.

ശ്രീ: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): ഒരു പ്രവൃത്തിക്കാരെ നേരിട്ടു നിയമിച്ചാൽ ൨൦൦൦ രൂപക്കുണ്ടന്മാരുടെയിടയിൽ അന്വേഷിയുണ്ടായിരിക്കുമെന്ന അഭിപ്രായത്തിനു അറിയാമോ?

ശ്രീ: കെ. ജോർജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): ഉണ്ടായിരിക്കാം. അതിനു ഒഴിച്ചു, പ്രൊമോഷൻ കൊടുക്കുന്നതു ജാതിഅനുസരിച്ചു വേണമെന്നുള്ള ഒരു നിശ്ചയത്തെ സ്വീകരിക്കുക എന്നതുമാത്രമേ ഇപ്പോൾ ഒരു നിമിഷംപോലും ആലോചിക്കാൻ പാടില്ല.

ശ്രീ: എ. സി. കുഞ്ഞുക്കോസ് (മീനച്ചിലും-മേലുകാവും): ഇപ്പോൾ ആ രീതിക്കുതന്നെയാണോ നടക്കുന്നതു?

ശ്രീ: കെ. ജോർജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): അതെ പ്രമോഷന്റെകാര്യത്തിൽ അങ്ങിനെയാണ്.

ശ്രീ: എ. സി. കുഞ്ഞുക്കോസ് (മീനച്ചിലും-മേലുകാവും): സെക്രട്ടറിയേറ്റിലെ ക്ലാർക്കുമാരെ സ്പെഷ്യൽ റിക്രൂട്ടുമാരാക്കുന്നു. അവരെ പിന്നീടു ഡപ്യൂട്ടി തഹശീൽദാരന്മാരായും ഡിവിഷൻ അസിസ്റ്റന്റുമാരായും നിയമിക്കുന്നു. അങ്ങിനെയുള്ള ഗ്രേഡ് പ്രമോഷൻ എല്ലാവർഗ്ഗക്കാർക്കും എല്ലാമാർഗ്ഗക്കാർക്കും ഇപ്പോഴായി കൊടുക്കുന്ന എങ്കിൽ ഇപ്പോൾ ഒന്നാം രണ്ടാം വർഗ്ഗക്കാർക്കുമാത്രമേ കൊടുക്കുന്നുള്ളൂ. എല്ലാപേരേയും ഗ്രേഡ്പ്രമോഷനുകൊടുക്കാതെ ആക്കാമല്ലൊ. അങ്ങിനെ നടക്കുന്നുണ്ടോ?

ശ്രീ: കെ. ജോർജ് (ഗവണ്മെന്റ് ചീഫ്സെക്രട്ടറി): അതു ഒരു പ്രത്യേകിച്ചു സംഗതിയാകുന്നു. അതു ഫിനാൻസ് അല്പമായിട്ടുള്ള ഒരു നിയമനം ആകുന്നു ഞാൻ ഗ്രേഡ് പ്രമോഷനെക്കുറിച്ചാകുന്നു പറയുന്നതു.

ശ്രീ: എ. സി. കുഞ്ഞുക്കോസ് (മീനച്ചിലും-മേലുകാവും): ഈ മാസത്തിനുപുറം രണ്ടെണ്ണം എട്ടോ ഒൻപതോ ആളുകൾക്കു പൂരമെ അയച്ചു. അവരുടെ ന്യായമായ അവകാശങ്ങളെ പരിഗണിച്ചുള്ള നിയമനത്തെന്നെയാണോ നടത്തിയതു?

ശ്രീ: കെ. ജോർജ് (ഗവണ്മെന്റ് ചീഫ്സെക്രട്ടറി): അതെ എനിക്കുതോന്നുന്നു.

ശ്രീ: തയ്യുകഞ്ഞിതൊമ്മൻ (മൂവാറ്റുപുഴയും-തൊടുപുഴയും): ന്യായമായതരത്തിലുണ്ടാകുന്ന സമുദായങ്ങളിൽ നിന്നും നേരിട്ടു പാവപ്പെട്ടകാരന്മാരെ നിയമിക്കാത്ത കാലത്തോളം അവരിൽനിന്നും ഇന്നത്തിട്ടു പുരുഷന്മാർ ഉണ്ടാകാൻ സംഗതിയുണ്ടോ ?

ശ്രീ: കെ. ജോർജ് (ഗവണ്മെന്റ് ചീഫ്സെക്രട്ടറി): ഈ പ്രയാസം ഞാൻ മനസ്സിലാക്കുന്നു. എന്നാൽ നാം പ്രധാനസംഗതിയിൽനിന്നു വ്യതിചലിക്കുകയാണ്.

ശ്രീ: തയ്യുകഞ്ഞിതൊമ്മൻ (മൂവാറ്റുപുഴയും-തൊടുപുഴയും): എന്റെ ചോദ്യത്തിനു ഉത്തരം പറഞ്ഞില്ല.

ശ്രീ: കെ. ജോർജ് (ഗവണ്മെന്റ് ചീഫ്സെക്രട്ടറി): അതിൽ സങ്കടം ഉണ്ടായിരിക്കാം.

ശ്രീ: തയ്യുകഞ്ഞിതൊമ്മൻ (മൂവാറ്റുപുഴയും-തൊടുപുഴയും): അതുനിമിത്തം സങ്കടമുണ്ടെന്നു വ്യക്തരാക്കിയില്ല.

ശ്രീ: കെ. ജോർജ് (ഗവണ്മെന്റ് ചീഫ്സെക്രട്ടറി): അതെ.

ശ്രീ: തയ്യുകഞ്ഞിതൊമ്മൻ (മൂവാറ്റുപുഴയും-തൊടുപുഴയും): ഏറ്റവധികം പാവപ്പെട്ടകാരന്മാരുള്ളതിൽ ഏറ്റവുമധികം ജനസാമ്പത്തികമായി താഴ്ന്നിരിക്കുന്നതുമായ ഇപ്പോൾ ഒരുപ്രമാണം നിയമിച്ചു. ഇങ്ങനെ ആയാൽ സമുദായത്തിനു സങ്കടമില്ലയൊ. അതുപോലെതന്നെ മറ്റെല്ലാവരുടേയും കഥ.

ശ്രീ: കെ. ജോർജ് (ഗവണ്മെന്റ് ചീഫ്സെക്രട്ടറി): അങ്ങിനെ ആലോചിക്കാം.

ഞാൻ അതിനെ സമ്മതിക്കുന്നില്ല. ഞാൻ പറഞ്ഞതുപോലെ നിശ്ചയത്തിന്റെ സാക്ഷാൽരൂപത്തിനെ നാം മറക്കുകയാണ്. ആ രൂപത്തിൽ പാസ്സാക്കുന്നതിനുള്ള എന്റെ പ്രധാന ആക്ഷേപങ്ങളും ഇതുതന്നെ. വാസ്തവത്തിൽ സങ്കടമുണ്ടെന്നു എനിക്കറിയാം അങ്ങിനെയുള്ള സങ്കടംകൊണ്ടാണ് ഈ നിശ്ചയം ഇവിടെ ഹാജരാക്കിയതെന്നും എനിക്ക അറിയാം.

ശ്രീ: ആർ. കേശവപിള്ള (കൊട്ടാരക്കര കുന്നത്തൂർ): സങ്കടനിവൃത്തി വരുത്തുന്നതിനു ഗവണ്മെന്റ് ആലോചിക്കുന്നുണ്ടോ എന്നു ഞാൻ ചോദിക്കട്ടയോ?

മി: കെ. ജാർജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): ഗവണ്മെന്റിൽനിന്നും എന്താണ് ചെയ്യാനുള്ളത് എന്നു ഞാൻ കുറച്ചു കഴിഞ്ഞുപറയാം.

സർ, ഞാൻ ഇനിയും ഭേദഗതിയെക്കുറിച്ചു കുറച്ചു സംസാരിക്കാം. ഞാൻ രണ്ടാമത്തെ ഭേദഗതിയെയാണു ഉദ്ദേശിക്കുന്നതും, എന്നാൽ ഒന്നാമത്തെ ഭേദഗതി നിയമത്തിൽതന്നെ അടങ്ങിപ്പോയിട്ടുണ്ട്. മി: എൽ. അർ. രാജരാജവർമ്മ കോയിൽതമ്പുരാൻ ഹാജരാക്കിയ ഈ ഭേദഗതിയാണ് സ്വീകരിക്കേണ്ടതെന്നു മാത്രമേ പറയുന്നുള്ളൂ. അതു തത്വങ്ങളെക്കുറിച്ചു ഒന്നും പറയുന്നില്ല. അതു അഭിപ്രായപ്പെട്ടതുപോലെ നിയമനം ക്രമീകരിക്കുന്നതിനു ഒരു ഉദ്യോഗനിയമനം (Staff Selection Board) എന്നു നിയമിക്കണമെന്നാണ്. അല്ലെങ്കിൽതന്നെ അതിനെത്ര ചെലവുണ്ടാകുമെന്നോ, അതിന്റെ അധികാരങ്ങളെന്തെന്നോ, അതിന്റെ പ്രവർത്തനരീതിയെന്തെന്നോ ഗവണ്മെന്റ് അതിനു മാർഗ്ഗരേഖയായി കാണിച്ചുകൊടുക്കേണ്ട തത്വങ്ങളെന്തെന്നോ കുറിച്ചു അദ്ദേഹം ഒന്നും പറഞ്ഞിട്ടില്ല. അങ്ങിനെയുള്ള ഒരു സമിതിയെ സൃഷ്ടിക്കുന്നതിനു മുമ്പായി പല കാര്യങ്ങളെപ്പറ്റി ആലോചിക്കേണ്ടതുണ്ട്. കൂടാതെ ഇങ്ങനെയുള്ള ബോർഡുകൾ നേരത്തെ സ്ഥലങ്ങളിൽ അതുപോലെയിരിക്കുന്നതു എന്നു കേട്ടും വായിച്ചും ഞാൻ മനസ്സിലാക്കിയിട്ടുണ്ട്. അങ്ങിനെ ഒന്നു സൃഷ്ടിക്കുകയാണെങ്കിൽതന്നെ ഇപ്പോഴത്തെ ജാതിസ്പർദ്ധയും, പക്ഷപാതവും അതിശക്തമായ രീതിയിലും കാണുന്നു. വേണ്ട സുരക്ഷിതമാർഗ്ഗങ്ങൾ നടപ്പിൽക്കൊണ്ടുവരുന്ന അങ്ങിനെയുള്ള ഒരു സമിതി തൃപ്തികരമായി ജോലി ചെയ്യുമോ എന്നു എനിക്കു അറിഞ്ഞുകൂടാ. എന്നാൽ ഒരു വിശിഷ്ടരീതിയിലുള്ള ഒരു സമിതി ഇപ്പോഴുള്ള പ്രതിബന്ധങ്ങളെ മാറ്റുന്നതിനു ഉപകരിച്ചേക്കാം. ഉദ്യോഗവിഭാഗം ചെയ്യുന്നതു ഏതുന്യായം അനുസരിച്ചാണ് ഗവണ്മെന്റ് തീർച്ചയാക്കിയിട്ടുണ്ടെന്നു എനിക്കു മാർഗ്ഗമുണ്ട് സ്വീകരിക്കേണ്ടതു എന്നു ആലോചിക്കുന്നതിന്.

സർ, ഞാൻ ഗവണ്മെന്റിന്റെ നിലയെപ്പറ്റി പറയാം. ഞാൻ പറഞ്ഞതുപോലെ പരമാർത്ഥമായ സങ്കടത്തിന്റെ ഫലമായിട്ടാണ് ഇങ്ങനെ ഒരു നിശ്ചയം കൊണ്ടുവന്നിട്ടുള്ളതു എന്നാണ് ഗവണ്മെന്റ് മനസ്സിലാക്കുന്നതു.

ഗവണ്മെന്റിന്റെനയം വേണ്ടെന്നിരുന്നതിൽ പ്രസ്താവിച്ചിട്ടില്ലെന്നും ഡിപ്പാർട്ടുമെന്റ് മേലധികാരികൾ അനുസരിക്കേണ്ടതെപ്പോഴും നിഷ്കർഷയാക്കിയിട്ടില്ലെന്നും ചില സമുദായങ്ങൾക്കു തോന്നുന്നു. ഈ സങ്കടത്തെത്തന്നെ ഇവിടെയും പ്രശ്നമായിലും പത്രങ്ങളിലും വീണ്ടുംവീണ്ടും പ്രസ്താവിക്കുന്നതുകൊണ്ടു ഈ സങ്കടം സാക്ഷാൽ ഉള്ളതാണെന്നു തെളിയുന്നു. ഈ പരമാർത്ഥം നല്ലവണ്ണം മനസ്സിലാക്കുന്നു. ഇതു പുതിയതായി ഉള്ളതല്ല. ഇതിനെ പരിഹരിക്കുന്നതിനായി വളരെ നാൾക്കുമുമ്പുതന്നെ ഗവണ്മെന്റ് ചില പ്രവൃത്തികൾ ചെയ്തിട്ടുണ്ട്. കൺഫിഡൻഷ്യൽ ഗവണ്മെന്റ് ഡിപ്പാർട്ടുമേലദ്ധ്യക്ഷന്മാർ സർവീസിൽ പ്രാതിനിധ്യം ഇല്ലാത്ത സമുദായങ്ങളുടെ അവകാശങ്ങളെ പ്രത്യേകം ശ്രദ്ധിക്കണമെന്നു കാണിച്ചു ഒരു ഉത്തരവു അയച്ചിട്ടുണ്ട് ഇതുതന്നെ വീണ്ടും കാണിച്ചുകൊണ്ടും കൺഫിഡൻഷ്യൽ പേപ്പറുകളിൽ പുറപ്പെടുവിച്ചു. എന്നാൽ ഈ വിഷയത്തെക്കുറിച്ചുള്ള ശ്രദ്ധാകേന്ദ്രം ശക്തിയായി വളർന്നവന്നു. ഇവിടെയും പ്രാസംഗികന്മാരും പ്രസംഗങ്ങളുംചെയ്തു. കൺഫിഡൻഷ്യൽ ചില തത്വങ്ങളും ഈ കാര്യങ്ങളിൽ സ്വീകരിച്ചു അതു ഇവിടെ പലവണ്ണവും വായിച്ചുകേൾപ്പിച്ചിട്ടുണ്ട്. എങ്കിലും ഒന്നുകൂടി ഇവിടെ പറയുന്നതു നന്നായിരിക്കുമെന്നു വിചാരിക്കുന്നു.

(എ) ഒരു പ്രത്യേക സമുദായത്തിൽ ഉദ്യോഗപ്പെട്ടുപോയി എന്നുള്ള കാരണത്തിന്മേൽ ഒരാൾക്കു ജോലി കിട്ടാതിരിക്കയില്ല.

(ബി) സർക്കാർ ഉദ്യോഗസ്ഥർക്കു എല്ലാ സമുദായങ്ങൾക്കും ഒരുപോലെ സൌകര്യങ്ങളും കൊടുക്കണം.

(സി) മറ്റുള്ള സംഗതികളും ഒരുപോലെയാണെങ്കിൽ, വേണ്ടുവണ്ണം പ്രാതിനിധ്യമില്ലാതേയോ ഒട്ടും പ്രാതിനിധ്യമില്ലാത്തതോ ഉള്ള സമുദായങ്ങൾക്കു മുൻതൂക്കം അവകാശം കൊടുക്കണം.

(ഡി) ഓരോ പ്രത്യേക സമുദായവിഭാഗത്തിനും പ്രാതിനിധ്യം കൊടുക്കുന്നതിന് സാധിക്കയില്ല. പിന്നെയോ സാധാരണ അറിയപ്പെട്ടിട്ടുള്ള ചില സമുദായങ്ങൾക്കുമാത്രം.

(ഇ) ഇവിടെയും, ഈ സമുദായത്തിൽ യോഗ്യതയും ഉദ്യോഗം സ്വീകരിക്കുന്നതിനു മനസ്സും ഉള്ള ആളുകളുടെ ശതമാനം അനുസരിച്ചായിരിക്കും പ്രാതിനിധ്യം അനുവദിക്കുന്നതു.

(എഫ്) ഈ തത്വം അനുസരിച്ചു നിയമിക്കുന്ന ഉദ്യോഗങ്ങളുടെ സ്ഥിരതയും പ്രകൃതവും മാത്രമേ ബാധിക്കുകയുള്ളൂ. പ്രമോഷനെ സാധിക്കുകയില്ല.

ഈ സഭയിൽതന്നെ പലപ്രാവശ്യവും ഇതിനെക്കുറിച്ചു പറഞ്ഞിട്ടുണ്ട് കഴിവുള്ളടത്തോളം ഇവയെ പരിപാലിക്കുന്നതിനു ഗവണ്മെന്റ് ശ്രമിച്ചിട്ടുണ്ടു.

മി: എ. താണുപിള്ള (തിരുവനന്തപുരം): സ്പഷ്ടമായ തത്വത്തിന്റെ അർത്ഥം എനിക്കു മനസ്സിലാകുന്നില്ല. മറ്റുള്ള സംഗതികളും ഒരുപോലെയാണെങ്കിൽ വേണ്ടവണ്ണം പ്രാതിനിധ്യം ഇല്ലാത്ത സമുദായത്തിനു മുൻനില്പ് അനുവദിക്കുന്നതാണ് എന്നു അർത്ഥമാണ് ഗവണ്മെന്റ് ഇതിനു കല്പിക്കുന്നതു്.

മി: കെ. ജാർജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): പല സംഗതികളും ആലോചിക്കാനുണ്ട്. കൂടുതൽ സൂക്ഷ്മതയാണ് ഏറ്റവും പ്രധാനമായ സംഗതി.

മി: എ. താണുപിള്ള (തിരുവനന്തപുരം): ഒരു ആഫീസിൽ 4 ഉം 5 ക്ലാർക്കന്മാർ ഉണ്ടെന്നും അവിടെ മുഹമ്മദീയർ ഇല്ലെന്നും വിചാരിക്കുക. മുഹമ്മദീയർ അവിടെ ഇല്ല ഒരു ഒഴിവു ഉണ്ടാകുമ്പോൾ പ്രാതിനിധ്യം ഇല്ലാത്ത ഒരാളെ നിയമിക്കുന്നു പോര ഒരു ഒഴിവുള്ളടത്തു ഉണ്ടാകുന്ന ഈ രണ്ടാമത്തെ ഉദ്യോഗത്തിലും വളരെ കുറച്ചു പ്രാതിനിധ്യം ഉള്ള മുഹമ്മദീയരെ നിയമിക്കണം.

മി: കെ. ജാർജ്ജ് (ഗവണ്മെന്റ് ചീഫ് സിക്രട്ടറി): ഗവണ്മെന്റിൽ നിന്നും ആദ്യമായിട്ട് എങ്ങനെ വരികണക്കു ആലോചിക്കുന്നില്ല. അവർ ചെയ്യുന്നതെന്തെന്നാൽ കാര്യക്ഷമതയെ മുൻനിറുത്തി പ്രാതിനിധ്യം ഇല്ലാത്ത സമുദായങ്ങൾക്ക് ഉദ്യോഗം കൊടുക്കുന്നതിനു അവർക്ക് സ്വാതന്ത്ര്യം കൊടുക്കുകയാകുന്നു——എന്നു കൊണ്ടിരിക്കുന്നു എല്ലാ ഒഴിവിലും മുഹമ്മദീയരെ അവിടെ നിയമിക്കണമെന്ന് വിചാരിക്കാൻ പാടില്ല.

മി: താണുപിള്ള (തിരുവനന്തപുരം): ഒരു സമുദായത്തിനു പ്രാതിനിധ്യം ഇല്ലെന്നുള്ള സംഗതി ഗവണ്മെന്റ് മനസ്സിലാക്കുന്നു എന്നാണ ഇതിന്റെ അർത്ഥമെന്നു ഞാൻ മനസ്സിലാക്കട്ടെ?

മി: കെ. ജാർജ്ജ് (ഗവണ്മെന്റ് ചീഫ് സിക്രട്ടറി): നിയമനം നടത്തുമ്പോൾ ഇതിനെ പറ്റി പരിശോധിച്ചുകൊള്ളാം. കണക്കു കൂട്ടുന്നതു പോലുള്ള സൂക്ഷ്മത അനുസരിച്ചു ചെയ്യേണ്ട ഒരു തസ്തികയല്ല ഇതു്.

മി: താമരപ്പള്ളിയിൽ കൊച്ചുതൊമ്മൻ (പത്തനംതിട്ട): ഈ തസ്തിക അടിസ്ഥാനമാക്കിയാണോ ലാൻഡ് റവന്യൂ കമ്മിഷണർ ആഫീസിൽ നിന്നും ചിലരെ മജിസ്ട്രേട്ടന്മാരായി നിയമിക്കാൻ ശുപാർശ ചെയ്തിരിക്കുന്നതു്.

മി: കെ. ജാർജ്ജ് (ഗവണ്മെന്റ് ചീഫ് സിക്രട്ടറി): പ്രത്യേക വ്യക്തികളേയും ആളുകളേയും കുറിച്ചുള്ള സംഗതികളെപ്പറ്റിയുള്ള ചോദ്യങ്ങൾക്കു ഉത്തരം പറയുവാൻ നിവൃത്തിയില്ലെന്ന് വ്യസനസമേതം പറയേണ്ടിയിരിക്കുന്നു.

മി: താമരപ്പള്ളിൽ കൊച്ചുതൊമ്മൻ (പത്തനംതിട്ട): ഏതു് തത്വം അനുസരിച്ചാണ് ഈ ഏഴുപേരെ നിയമിച്ചിട്ടുള്ളതും ഇനി നിയമനം നടത്തുവാൻ പോകുന്നതും.

മി: കെ. ജാർജ്ജ് (ഗവണ്മെന്റ് ചീഫ് സിക്രട്ടറി): ഓരോരുദ്യോഗത്തിൽ ഏതു് തത്വമാണ് അനുശ്ചിച്ചിട്ടുള്ളതെന്ന് എനിക്കു പറയാൻ സാധിക്കുകയില്ല. ഈ നയത്തെ പ്രായോഗികമാക്കുന്നതിന് സൗകര്യങ്ങളുടെ ഒരു ലിസ്റ്റ് തയ്യാറാക്കുകയും അതു് മേലുദ്യോഗസ്ഥന്മാർക്കു അയച്ചു കൊടുക്കുകയും ചെയ്തിട്ടുണ്ട്. ഗസറ്റിൽ പരസ്യപ്പെടുത്തുകയും ചെയ്തു. ഹജൂരിലേക്ക് നിയമനങ്ങളുടെ ലിസ്റ്റ് അയക്കുന്നതിനു അതിനെ പേഷ്കാരി ധത്തിൽ പരിശോധിക്കുന്നതിനും വേണ്ട ഏർപ്പാടുകളും ചെയ്തിട്ടുണ്ട്. ഇതു് അത്തിനത്തുല്യവണ്ണം ഫലിക്കുന്നില്ലെന്ന് ഞാൻ സമ്മതിക്കാം. പരമാർത്ഥത്തിൽ ഈ നയത്തെ നടപ്പിൽ വരുത്തുന്നതിനു ഗവണ്മെന്റിൽനിന്നും നിശ്ചയിച്ചിട്ടുള്ള ഏർപ്പാടു് അതിയായി പരിപാലിക്കാത്തതുകൊണ്ടു വന്നു കൂടിയിട്ടുള്ള സങ്കടമാണ്. മിസ്റ്റർ കരിയാക്കോസിനും മിസ്റ്റർ കുഞ്ഞിത്തൊമ്മനും മറുപടിക്കും ഇപ്പോഴും ഉള്ളതു്. ഇതു അനുസരിച്ചു പ്രവർത്തിക്കുകയും മേലുദ്യോഗസ്ഥന്മാർ ഈ കാര്യത്തിൽ പ്രവർത്തിക്കുന്നതിനെ യഥാകാലം അവരെ അറിയിക്കുകയും ചെയ്യുന്നതിന് ഏർപ്പാടു ചെയ്തിരുന്നു എങ്കിൽ ഈ സംഗതി ഇത്ര കടുക്കുകയില്ലായിരുന്നു. മിസ്റ്റർ കരിയാക്കോസിനെയും അദ്ദേഹത്തിനെപ്പോലുള്ള കൂട്ടുകാരേയും ഉപദ്രവിപ്പാനുമായിരുന്നതാനും. അതുകൊണ്ടു സെക്രട്ടറിയേറ്റിൽ നിന്നു നോക്കുന്ന ഈ ലിസ്റ്റിനെ ഒന്നുകൂടി സൂക്ഷിച്ചു പരിശോധിക്കുന്നതിനും ഏർപ്പാടു ചെയ്യേണ്ടിയിരിക്കുന്നു. ഗവണ്മെന്റു പ്രഖ്യാപനം ചെയ്തിട്ടുള്ള ഈ കാര്യങ്ങൾ ഡിപ്പാർട്ടുമെന്റു മേലദ്ധ്യക്ഷന്മാർ പ്രവർത്തിക്കുന്നില്ലെങ്കിൽ വേണ്ടതു ചെയ്യുന്നതിനും മിസ്റ്റർക്കു സമയത്തു് വരുത്തിത്തീർക്കുമ്പോഴേ പരിശോധിക്കുന്നതിനും ഗവണ്മെന്റു നിശ്ചയമായും നിഷ്കർഷ ചെയ്യുന്നതാണ്. വേറെ ഏതുവിധത്തിലുള്ളും ഇതിൽ പ്രവർത്തിക്കുമെന്നും ഗവണ്മെന്റിൽ നിന്നും ആലോചിക്കുന്നതാണ്. ഈ കാര്യത്തിൽ ചില അഭിപ്രായങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മി: കരിയാക്കോസിന് ഒരു അഭിപ്രായമുണ്ട്. മി: രാജരാജവർമ്മ വലിയകോയിൽ തമ്പുരാന് വേറൊരു അഭിപ്രായമുണ്ട്. മറ്റു പല ആളുകളും പത്രത്തിലും ഇതിനെപ്പറ്റി അഭിപ്രായപ്പെട്ടിട്ടുണ്ട്. ഗവണ്മെന്റു ഇതിനെ എല്ലാം സൂക്ഷിച്ചു നോക്കി ഇന്നത്തെ കാര്യത്തിൽ ഏതാണ് ഏറ്റവും ഉപയുക്തമെന്ന് ആലോചിച്ചു് പ്രവർത്തിക്കേണ്ടിയിരിക്കുന്നു. ഇതുപോലെ പറഞ്ഞുകൊണ്ടു് ഈ നിശ്ചയത്തേയും ഭേദഗതികളേയും അതു അവതരിപ്പിച്ചുപചരിച്ചതിൽ ഞാൻ എതിരിടുകയും എന്നാൽ അതിന്റെ തത്വത്തെ—അതായതു് ഇപ്പോൾ സർവ്വീസിൽ പ്രാതിനിധ്യം ഇല്ലാത്തസമുദായങ്ങൾക്കു തക്കതായ പ്രാതിനിധ്യം കൊടുക്കണം, സ്വീകരിക്കുകയും ചെയ്യുന്നു.

മി: എ. തണുപിള്ള (തിരുവനന്തപുരം): മി: കുഞ്ഞിത്തൊമ്മൻ ചോദിച്ചതിനെക്കുറിച്ചു ചീഫ് സിക്രട്ടറി കഴിഞ്ഞ ദിവസങ്ങൾ ചെയ്ത ഒരു സ്റ്റേറ്റുമെന്റിനെക്കുറിച്ചു് അദ്ദേഹം പറയുകയായിരുന്നല്ലോ, ഇതിൽ കൂടുതലായി എന്തെങ്കിലും ചെയ്തിട്ടുണ്ടോ. അതോ ഗവണ്മെന്റു അപ്പോൾ ഇന്നത്തെ സ്ഥാനത്തു നില്ക്കുന്നതായിട്ടോ.

മി: കെ. ജാർജ്ജ് (ഗവണ്മെന്റ് ചീഫ് സിക്രട്ടറി): ഈ സംഗതിയിൽ ഗവണ്മെന്റിനും ഗാഢമായ ശ്രദ്ധപതിഞ്ഞിട്ടുണ്ടു്. ഇവിടെ ഒരുറപ്പായും ഹാജരാക്കീട്ടുള്ള സ്ഥിതിക്കും.

മി: എ. തണുപിള്ള (തിരുവനന്തപുരം): എന്തെങ്കിലും ചെയ്തിട്ടുണ്ടോ എന്നു അറിയാൻ ഞാൻ ആഗ്രഹിക്കുന്നു.

മി: കെ. ജാർജ്ജ് (ഗവണ്മെന്റ് ചീഫ് സിക്രട്ടറി): ഇല്ല.

മി: തരിയത്തു കുഞ്ഞിത്തൊമ്മൻ (മുവാറ്റുപുഴയും-തൊടുപുഴയും): കഴിഞ്ഞ പ്രതിവിധി ഉണ്ടാക്കാമെന്ന് പറഞ്ഞിട്ടില്ല?

മി: കെ. ജാർജ്ജ് (ഗവണ്മെന്റ് ചീഫ് സിക്രട്ടറി): അങ്ങിനെ പറഞ്ഞില്ല. അനേകവിധമായ സമുദായങ്ങളും ഉള്ളതിനാൽ അവയ്ക്ക കുറിയുന്നതും വേഗം തന്നെ സമാധാനമുണ്ടാക്കാമെന്നു പറഞ്ഞു.

മി: തരിയത്തു കുഞ്ഞിത്തൊമ്മൻ (മുവാറ്റുപുഴയും തൊടുപുഴയും): മുമ്പു തന്നെ ഉപേക്ഷിച്ചു കോണ്ടുവന്ന അവസരത്തിൽ ഇതിന് പ്രതിവിധി ഉണ്ടാക്കാമെന്നു പ്രസിഡന്റു പറഞ്ഞിട്ടുണ്ട്. ഇപ്പോൾ ഒന്നരവർഷം കഴിഞ്ഞിട്ടും അതിനെപ്പറ്റി ഒരു വ്യവസ്ഥ ഉണ്ടാക്കാത്തതെന്തുകൊണ്ടു.

മി: കെ. ജാർജ്ജ് (ഗവണ്മെന്റ് ചീഫ് സിക്രട്ടറി): ഇപ്പോഴും അതു ആലോചന വിഷയമാക്കിയിരിക്കുകയാണു.

മി: തരിയത്തു കുഞ്ഞിത്തൊമ്മൻ (മുവാറ്റുപുഴ-തൊടുപുഴയും): എത്ര നാൾ വേണ്ടിവരും. ഇനിയും ഒന്നര കൊല്ലം വേണമോ.

മി: കെ. ജാർജ്ജ് (ഗവണ്മെന്റ് ചീഫ്സിക്രട്ടറി): ക്ലിപ്തസമയം പറയാൻ നിവൃത്തിയില്ല.

മി: ഡി. സി. ജോസഫ് (അഡ്വക്കേറ്റ്): മി: കരിയാക്കോസ് ഹാജരാക്കിയതും മി. ഇട്ടപ്പു ഇട്ടിയച്ചൻ ഭേദഗതി ചെയ്തതുമായ നിശ്ചയത്തെ ഞാൻ പിൻതാങ്ങുന്നു. തിരുവിതാംകൂറിലുള്ള ആളുകളുടെ ഗാഢമായ ശ്രദ്ധയെ ആകർഷിക്കുന്ന ഈ സംഗതിയ്ക്കു ഒരു ഉപായം ചീഫ് സിക്രട്ടറിയുടെ പ്രസംഗത്തിൽ നിന്നു കേൾക്കുമെന്നു ഞാൻ വിചാരിച്ചു. എന്നാൽ ഉത്തരം എനിക്കു തൃപ്തികരമായിരുന്നില്ല. അതുകൊണ്ടു ഞാൻ കുറച്ചു സംസാരിക്കണമെന്നു വിചാരിക്കുന്നു. ഈ വരത്തുള്ള സാമാജികന്മാർ ഈ വിഷയത്തിൽ ഗവണ്മെന്റിന് സഹായിക്കുന്ന ഒരു അഭിപ്രായവും പുറപ്പെടുവിക്കാൻ സാധിച്ചിട്ടില്ലെന്നും കുറച്ചു കാലങ്ങളായി ഈ വിഷ

യം ഗവണ്മെന്റ് ഒരു ശ്രദ്ധയിൽ പെട്ടിരിക്കേണമെന്നും ഇവിടെ പറയുകയുണ്ടായി. ഗവണ്മെന്റ് സർവീസിൽ വേണ്ടവണ്ണം പ്രാതിനിധ്യം ഇല്ലാത്ത സമുദായങ്ങൾക്ക് ഈ വിഷയത്തിൽ വേണ്ട ഒരു നിർദ്ദേശം ഉണ്ടാകാത്ത സമയത്ത് നാം ഉണ്ടാകേണ്ടിയിരുന്നില്ല എന്ന ഇവിടെ ഹാജരാകുന്ന നിയമങ്ങളിൽനിന്നും സ്പഷ്ടമായും ഉള്ള ചുരുങ്ങിയ കാര്യം മനസ്സിലാക്കാം. അങ്ങനെ ഉള്ള ഒരാളിന് സമുദായ പ്രാതിനിധ്യം കൂടാതെ ഈ രാജ്യത്തിലെ സമുദായങ്ങളുടെയിടയിൽ സ്ഥിരതയുണ്ടാകേണ്ടിയിരുന്നില്ലെന്നും മനസ്സിലാക്കാം.

സംഗതികൾ ഇപ്പോൾ ഇരിക്കുന്നതിനെ അനുവദിക്കരുതെന്നുണ്ടെങ്കിൽ ഈ രാജ്യത്തു നാനാവിധ സമുദായങ്ങളുടെയിടയിൽ സമാധാനത്തിനുപകരം കലഹം ഉണ്ടാകും. ജനങ്ങൾ വഴ്ചിലപ്രതിനിധ്യത്തിനുവേണ്ടി ആവശ്യമുള്ളപ്പോൾ ഹർത്താൽ നിലവിളിക്കും. ഈ നിലയിൽ ഇപ്പോൾ പാസ്സാക്കുകയും കൂടെ സമുദായങ്ങളെ ഒഴിക്കുകയും ചെയ്യുന്നതിനാൽ ഇപ്പോഴുള്ള സമുദായങ്ങളുടെ ഇടയിൽ കലഹമുണ്ടാകുമെന്നു മി. ജാക്സ് ഇവിടെ പറയുകയുണ്ടായി. എങ്ങനെ കലഹമുണ്ടാകുമെന്നു എനിക്കു അറിഞ്ഞുകൂടാ. നേരെ മറിച്ച് ഈ നിയമത്തെ ഗവണ്മെന്റ് സ്വീകരിക്കാതെ ഗവണ്മെന്റിൽനിന്നും അതിനെ ഉപേക്ഷിക്കുകയും ചെയ്താൽ ഇപ്പോൾ ഇരിക്കുന്ന എങ്കിൽ അപ്പോഴാണ് കലഹം ഉണ്ടാകുന്നതെന്നു ഞാൻ വിചാരിക്കുന്നു.

സർ, പബ്ലിക് സർവീസിൽ ജോലിചെയ്യുന്നതിനു പല ബുദ്ധിമുട്ടുകൾ അനുഭവിക്കുകയാണെന്നു അധഃകൃതരായ്ക്കളും അനേകനാളുകളായി മുറവിളിയുടെ ഫലമായി ദേവസ്വം ഗവണ്മെന്റിൽ നിന്നു വേർതിരിച്ചു. അവർ ഒരു വലിയ പർവതം സൃഷ്ടിച്ചു. എന്നാൽ അവർ ഒരു ചെറിയ കഷണം ന്യൂനപക്ഷസമുദായങ്ങൾക്കു എടുത്തുകൊടുത്തു. ദേവസ്വം ഗവണ്മെന്റിൽനിന്നു പിരിക്കുകയും ഒന്നരണ്ടു സമുദായങ്ങൾക്കു വലിയ ഉദ്യോഗം കിട്ടുകയും ചെയ്തു. ഞാൻ ഇതിന് അസൂയപ്പെടുന്നില്ല. ഇപ്പോഴെങ്കിലും ഒരു പുലയനെയോ അടുപ്പോലയുള്ള ഒരു സമുദായത്തിലെ അംഗത്തിനേയോ ഒരു ദിവാൻപേഷ്കാരെയോ ഡിവിഷൻ അസിസ്റ്റൻറിനെയോ നിയമിക്കണമെന്നല്ല ഞാൻ ഇപ്പോൾ ആവശ്യപ്പെടുന്നത്. എന്നാൽ ഈ ധർമ്മരാജ്യത്തിൽ ഒരിക്കലും ഏതെങ്കിലും ന്യായത്തെ പിന്തുടരണമെന്നുള്ളത് അത്യാവശ്യമാകുന്നു.

സർ, എത്ര താമസിച്ചാണ് ഇപ്പോൾ ഈ ഗവർ പിന്തുടരുന്നത്. എന്നാലും താമസിച്ചെങ്കിലും സ്വീകരിക്കുകയാണെങ്കിൽ കാര്യക്ഷമമായി കരുതിപോകുമെന്നു ചീഫ് സെക്രട്ടറി പറയുന്നു. ഇതു ശരിയല്ലെന്നു ഞാൻ വാദിക്കുന്നു. ഇതു വാസ്തവമോ ഏതു സമുദായമാണെന്നു മനസ്സിലാക്കുന്നതിനു താഴെയുള്ളതു്. ഏതു ഡാക്ടർ ആണ് ഒരു സമുദായത്തിലെ അംഗത്തിനെ പരിശോധിച്ചു അയാൾ മുറാമത്തെ സമുദായത്തിനു താഴെയാണെന്നു പറഞ്ഞതു്. ഒരു അധഃകൃതവർഗ്ഗത്തിലുള്ള ആളിനെ ഉദ്യോഗത്തിൽ നിയമിച്ചാൽ കാര്യക്ഷമത കുറഞ്ഞുപോകുമെന്നു ചീഫ് സെക്രട്ടറി ഇവിടെ പറയുകയുണ്ടായി. ഇതു പരമാർത്ഥമോ? തിരുവിതാംകൂറിൽകുറച്ചുനാൾമുമ്പു നിശ്ചയിച്ച ഡർബാർഫിസിക്ഷൻ ആയിരുന്ന ആളെങ്കിലും ഒരു അധഃകൃതനല്ലായിരുന്നോ അയാളുടെ ഈ വാക്കുകൾക്കു അടിസ്ഥാനമില്ല.

ഞാൻ ഇനിയും അധികം നിങ്ങളുടെ താമസിപ്പിക്കുന്നില്ല. സമുദായപ്രാതിനിധ്യത്തെക്കുറിച്ചു ഒന്നരണ്ടുസംഗതികൾകൂടി പറയാം. ഇപ്പോൾ ഉദ്യോഗത്തിനു നിലവിളിക്കുന്ന സമുദായങ്ങൾക്കു താഴ്ന്നതരം ഉദ്യോഗങ്ങൾ കൊടുക്കാത്തപക്ഷം ഈ സമുദായങ്ങൾക്കു ഒരു രക്ഷയും ഇല്ല. ഞാൻ ഒരു ഉദാഹരണം പറയാം ലാൻഡ് റവന്യൂഡിപ്പാർട്ടുമെൻറിൽ 8 ൻ പ്രവൃത്തികാരന്മാരുണ്ട്. ഒന്നരണ്ട് ഉദ്യോഗങ്ങൾ ഒഴിക്കയുള്ളതെല്ലാം ഒന്നരണ്ടു സമുദായങ്ങൾ മാത്രമാകുന്നു ഇപ്പോൾ ഇതു് അനുഭവിക്കുന്നതു്. ഇതിന്റെ ഫലമെന്തെന്നാൽ വളരെ കഷ്ടം അനുഭവിക്കുന്ന സമുദായങ്ങൾക്കു ചെറുതുദ്യോഗസ്ഥിന് മാർഗ്ഗമില്ലാതെയിരിക്കുന്നു.

മജിസ്ട്രേട്ടന്മാരുടെ കാര്യമെടുക്കാം ഈ രാജ്യത്തു ചില മജിസ്ട്രേട്ടന്മാരുണ്ട്. ഫസ്റ്റുരിൽനിന്നും ലാൻഡ റവന്യൂഡിപ്പാർട്ടുമെൻറിൽനിന്നും ആയി ആറു ഏഴുപേരെ മജിസ്ട്രേട്ടന്മാരായി ഇടയിടെ നിയമിച്ചു. ഇപ്പോൾ നിയമിച്ച ഉദ്യോഗസ്ഥന്മാരെല്ലാം ഒന്നോ രണ്ടോ സമുദായത്തിൽപെട്ടവർ മാത്രമാകുന്നില്ലെ ന്യൂനപക്ഷസമുദായങ്ങളുടെ കഥ എന്താണ്. ഞാൻ ഇതു പറയുമ്പോൾ മറ്റുള്ള സമുദായങ്ങളുടെ അവകാശത്തെ നിരാകരിക്കണമെന്നു ഞാൻ അർത്ഥമാക്കുന്നതായി ആരും വിചാരിക്കരുതു്. അവയെ ആലോചിക്കണം. എന്നാൽ ന്യൂനപക്ഷസമുദായങ്ങളുടെ കാര്യവും ആലോചിക്കണം.

ഇതു് ഒരു വലിയ കാര്യമല്ല. ഒരു മജിസ്ട്രേട്ടിന്റെ ഗം പ്രാതിനിധ്യമില്ലാത്ത ഒരു സമുദായത്തിലെ ഒരാൾക്കു കൊടുക്കണമെന്നോ ഇല്ലിയെന്നു ഞാൻ അഭിപ്രായപ്പെടുന്നില്ല. അതു ഒരു സാരമില്ലാത്ത നിയമനം ആകുന്നു. എന്നാൽ മജിസ്ട്രേട്ടിന്റെ ഗം ലാൻഡ്റവന്യൂഡിപ്പാർട്ടുമെൻറിൽ വലിയ ഉദ്യോഗത്തിലേക്കുള്ള ഒരു പടിയായിരിക്കുന്നു. ഇതിന്റെ രഹസ്യം. മജിസ്ട്രേട്ടിനെ തഹസീൽദാർ ആക്കുന്നു. തഹശീൽദാർ ആണ് ഡിവിഷൻ അസിസ്റ്റൻറും പേഷ്കാരുമാകുന്നു. അതുകൊണ്ടു മജിസ്ട്രേട്ടുഗ്രേഡിൽ ഒരു ഒഴിവുണ്ടായാൽ അതു ഒന്നാമതായോ രണ്ടാമതായോ സമുദായത്തിലുള്ള ആളുകൾക്കു കൊടുക്കുന്നു. അവർ അതുകൊണ്ടു പേഷ്കാരാകുന്നു. ഫലമെന്തെന്നാൽ രാജ്യത്തിലുള്ള സമുദായങ്ങളുടെയിടയിൽ പരമാർത്ഥമായ സങ്കടമുണ്ടു്.

എനിക്കു പറയാനുള്ള വേറൊരു സംഗതി ഈ സഭയിലെ സാമാജികന്മാർ ആവശ്യപ്പെട്ടപ്രകാരം കൊടുക്കുന്ന ജാതി അനുസരിച്ചുള്ള ഉദ്യോഗവിവരണക്കണക്കിനെപ്പറ്റിയാണു്. സംഗതികളെ ശരിയാക്കാതേയും, തെറ്റുകളെ തിരുത്താതേയും ഇപ്പോൾ പ്രാതിനിധ്യമില്ലാത്ത സമുദായങ്ങൾക്കു അല്പം പോലും ഭയങ്കാണിക്കാതേയും ഗവണ്മെൻറു ഡിപ്പാർട്ടുമെൻറ് മേലധികാരികൾ എടുത്താ ചില വിവരങ്ങളുള്ള മേശമേൽ വയ്ക്കുന്നു. ഈ രാജ്യത്തുള്ള ആളുകൾ സമുദായപ്രാതിനിധ്യത്തിനുവേണ്ടി മുറവിളികൂട്ടുന്നു. കൊല്ലംതോറും വലിച്ചുകൊണ്ടിരിക്കുന്ന ഈ മുറവിളി അവസാനിക്കണമെന്നു ഞാൻ വിചാരിക്കുന്നില്ല. ചീഫ്സെക്രട്ടറി ദിർഘദർശിത്വം കാണിച്ചുകൊണ്ടു ഈ രാജ്യത്തുള്ള പലസമുദായങ്ങളുടെയിടയിൽ അസംതൃപ്തിയും ഉണ്ടാകുന്ന ഒരു സന്ദർഭം ഗവണ്മെൻറ് ഈ തത്വം സ്വീകരിക്കാതെയിരുന്നാൽ തീരുവിതാംകൂറിൽ രക്ഷ ഉണ്ടാകുകയില്ല. നാം രാഷ്ട്രീയ അപകടങ്ങൾക്കും മാത്രം അവകാശങ്ങൾക്കും വഴക്കു പറഞ്ഞുകൊണ്ടിരിക്കുന്നു. അതുകൊണ്ടു വേണ്ടവണ്ണം പ്രാതിനിധ്യമില്ലാത്ത സമുദായങ്ങൾ അനുഭവിക്കുന്ന കഷ്ടതകളെ നാം അനുഭവിക്കാതെയിരുന്നാൽ ഈ സമുദായത്തിലുള്ള അംഗങ്ങൾക്കു ചങ്ങലയിൽകിടന്നു പോകാൻ പാടില്ല. ചങ്ങലയുടെ ബലം അതിന്റെ ഓരോ

അന്നിപ്പോടെയും ശ്രദ്ധയോടെയും ചിന്തിച്ചുകൊണ്ടുള്ള ഈ സമുദായങ്ങളെ രക്ഷിക്കാനുള്ള ഉപക്ഷം നമ്മുടെ രാഷ്ട്രീയമോക്ഷം: തടയപ്പെട്ടും. ചീഫ് സിക്രട്ടറി തന്ന ഉത്തരം തൃപ്തികരമല്ല. എന്തെന്നാൽ ഗവണ്മെന്റ് ഈ സംഗതികളെപ്പറ്റി ഗൗരവമായി ആലോചിക്കുന്നില്ല. ഗവണ്മെന്റിന്റെ ശ്രദ്ധയെ ആകർഷിക്കുന്നവരെ മാത്രമാണ് അവർ നമ്മോടു പറയുന്നത്. കഴിഞ്ഞ പ്രജാസഭയിൽ പല സാമാജികന്മാർ ഈ വിഷയത്തിനു ഒരു തീരുമാനം ഉണ്ടാക്കേണ്ട വിഷമത്തെപ്പറ്റി പ്രസംഗിച്ചു. അതിനു മി: വി. എസ്. സുബ്രഹ്മണ്യയ്യർ കൊടുത്ത മറുപടിയൊൻ നിങ്ങളെ വായിച്ചു കേൾപ്പിക്കാം. "നിങ്ങളിൽ ഓരോരുത്തരും" നിങ്ങളുടെ സമുദായത്തിലുള്ള അംഗങ്ങൾക്ക ഗവണ്മെന്റ് സർവ്വീസിൽ വേണ്ട പ്രാതിനിധ്യമില്ലെന്നു പറഞ്ഞിട്ടുണ്ട്. ഇവയിൽചിലതു അതുശരിയായിട്ടുള്ളതല്ലെന്ന് പ്രയാസം കൂടാതെ കാണിക്കാം. ചില ആശ്രയങ്ങൾ വളരെ കൂട്ടുകയുമാകുന്നു. എന്നാൽ ഇതിനെല്ലാത്തിനും പുറകിലുമായി ഇപ്പോഴത്തെ അവസ്ഥയിൽ ഒരു അതൃപ്തി ഉള്ളതായി പ്രത്യക്ഷപ്പെടുന്നു. ചരിത്ര സംബന്ധമായ ചിലകാരണങ്ങളാൽ ചില സമുദായങ്ങൾക്ക് സർക്കാർ സർവീസിൽ ഉദ്യോഗം ലഭിക്കുന്നതിനുള്ള യോഗ്യതകൾ, അടുത്തകാലം വരെ കഴിഞ്ഞില്ല. കഴിഞ്ഞ ഇരുപത്തഞ്ചു കൊല്ലങ്ങളായിട്ട് വിദ്യാഭ്യാസ സൗകര്യങ്ങൾ പ്രത്യേകിച്ചു സൗകര്യങ്ങൾ നൽകിവരുന്നു. അതിന്റെ ഫലമായി വേണ്ട വിദ്യാഭ്യാസയോഗ്യതയുള്ള ആളുകൾ ഈ സമുദായങ്ങളിൽ നിന്നും അധികം അധികമായി ഗവണ്മെന്റ് ഉദ്യോഗത്തിനു വന്നുകൊണ്ടിരിക്കുന്നു. അവർ വരാൻ താമസിച്ച എന്നുള്ള കാരണത്തിന്മേൽ ചില പ്രത്യേകാവകാശങ്ങൾ അവശ്യപ്പെടുന്നു. കുഴിക്കുമതയ്ക്ക് ഭംഗം കൂടാതെ ഇവയ്ക്ക് കൂടുതൽ ഉദ്യോഗം കൊടുക്കണമെന്നു ഗവണ്മെന്റിനു തോന്നുകയും അതനുസരിച്ചു എല്ലാ ഡിപ്പാർട്ടുമെന്റ മേലധ്യക്ഷന്മാർക്കും ഉപദേശങ്ങൾ അയയ്ക്കുകയും ചെയ്തിട്ടുണ്ട്. ഇവിടെ നിങ്ങൾ പറഞ്ഞിട്ടുള്ള സംഗതി മുൻപറഞ്ഞ ഉത്തരവുകളെ അയച്ചിട്ടുള്ള മനഃസ്ഥിതിയെനുസരിച്ചു അവയെ നടപ്പിൽ വരുത്തുന്നില്ലെന്നും അവയെ ഈ ഉത്തരവുകളെ ഒന്നുകൂടി സ്പഷ്ടമായിട്ട് തീർക്കണമെന്നും നിങ്ങൾ പറഞ്ഞിരിക്കുന്നു. ഗവണ്മെന്റിൽ നിന്നും ഗാഢമായ ആലോചനയ്ക്ക് ഈ വിഷയം എടുത്തിരിക്കുന്നു. പുതുകളെ പ്രയാസം കൂടാതെ നടപ്പിൽ വരുത്തുന്നതിനും സങ്കടങ്ങളെ നീക്കുന്നതിനും ഉള്ള ചില വഴികൾ കണ്ടു പിടിക്കുന്നതിനു ആലോചിക്കുന്നു.

ദിവാൻ ഇതു പറഞ്ഞിട്ട് ഏകദേശം ഒരു മണിക്കൂർ കഴിഞ്ഞു. ഗവണ്മെന്റിന്റെ ഗൗരവമായ ആലോചനയ്ക്കു ഇത് എടുത്തിട്ടുണ്ടെന്നും, ചട്ടങ്ങളെ ഒന്നുകൂടി ലിബറലാക്കുന്നതിനും, സങ്കടങ്ങൾക്ക് നിവൃത്തി ഉണ്ടാക്കുന്നതിനും ചില മാർഗ്ഗങ്ങളെ കണ്ടുപിടിയ്ക്കുന്നതിനും ആലോചിക്കുന്നുവെന്നും ദിവാൻ പറഞ്ഞു.

എന്നാൽ ഇതുപരെ ഒന്നും ചെയ്തു കണ്ടില്ല. ഗവണ്മെന്റിൽ നിന്നും ഇതിനെപ്പറ്റി ഗൗരവമായി വിചാരിക്കുമെന്നും, വേണ്ട പ്രാതിനിധ്യമില്ലാത്ത സമുദായങ്ങളുടെ സങ്കടനിവൃത്തിവരുത്തുമെന്നും ഞൻ വിചാരിക്കുന്നു. പ്രായോഗികമാക്കുന്നതിനു പല പ്രതിബന്ധങ്ങളും കണ്ടേയ്ക്കാം; എന്നാൽ എല്ലുവരുടെയും അനേകം മുഖ്യന്മാരുടെയും അനുമോദിച്ചുകൊണ്ടിരിക്കുന്ന ന്യൂനപക്ഷ സമുദായങ്ങളുടെയും, ആവശ്യങ്ങളെ നിറവേറ്റി ഒരു ന്യായമായ വിധത്തിൽ ഇതിനെ തീരുമാനിക്കേണ്ടതു' ഗവണ്മെന്റിന്റെ കടമയാകുന്നു. ഇതുപോലെ പറഞ്ഞുകൊണ്ടു മി: ഇട്ടപ്പ് ഇട്ടിച്ചൻ ഭേദഗതിചെയ്ത മി: എ. സി. കുഞ്ഞുക്കോസിന്റെ നിശ്ചയത്തെ ഞാൻ പിൻതാങ്ങുന്നു.

മി: ഡി. പ്രാൻസിസ് (നിയമിക്കപ്പെട്ട സാമാജികൻ): മി. ഇട്ടപ്പ ഇട്ടിച്ചൻ ഭേദഗതി ചെയ്ത മി: എ. സി. കുഞ്ഞുക്കോസിന്റെ നിശ്ചയത്തെ ഞാൻ പിൻതാങ്ങുന്നു. പ്രാതിനിധ്യമില്ലാത്ത സമുദായക്കാരെ സർക്കാർ സർവീസിൽ പ്രോത്സാഹിപ്പിക്കുന്നില്ല. തിരുവിതാംകൂറിൽഉള്ള ആളുകളിൽ ഒരിപേക്ഷവും സർക്കാർ സർവീസിൽ പ്രിധിനിധ്യം ഇല്ലാത്ത വരാണ്. ഓരോ ഉദ്യോഗത്തിനു പല അപേക്ഷകന്മാർഉള്ളപ്പോൾ ജനസാഖ്യ അനുസരിച്ച് പ്രാതിനിധ്യമില്ലാത്ത സമുദായങ്ങളിലെ അംഗങ്ങൾക്ക പ്രാധാന്യം അനുവദിക്കണം.

സർ, ലാറിന്റെ കൃസ്ത്യാനിസത്തിന അവരുടെ ജനസംഖ്യ അനുസരിച്ച് സർക്കാർ സർവീസിൽ വേണ്ട പ്രോത്സാഹനം ലഭിച്ചിട്ടില്ല. കൃസ്ത്യാനികളിൽ ആകെ ഉള്ളതിൽ മൂന്നിൽരണ്ടു ഭാഗവും, രാജ്യത്തു ആകെ ഉള്ളവരിൽ പതിനഞ്ചിൽ ഒരു ഭാഗവുമാകുന്ന അവരുടെ സംഖ്യ. കഴിഞ്ഞ സെൻസസ്സ് റിപ്പോർട്ട് അനുസരിച്ച് രാജ്യത്തു ആകെ ഉള്ള മുപ്പത്തിമൂന്ന് സമുദായങ്ങളിൽ നായന്മാരും ഇഴവരും കഴിഞ്ഞാൽ പിന്നെ ലാറിൻക്രിസ്ത്യാനി മൂന്നാമതുള്ള സ്ഥാനത്തു നിൽക്കുന്നു. എന്നാൽ അവർ മറ്റുള്ള മൂന്നുസമുദായങ്ങളെ അനുസരിച്ചു എണ്ണത്തിൽ കൂടുതൽ ആണെങ്കിലും ചില ഡിപ്പാർട്ടുമെന്റുകളിൽ അവർക്ക് തീരെ പ്രാതിനിധ്യമില്ല. അതുകൊണ്ട് അവരുടെ അപേക്ഷങ്ങളെ കഴിഞ്ഞ കാലങ്ങളിൽ വിഭാഗിച്ചിരുന്നതുകൊണ്ടു അവരുടെ നിലയെ ഉയർത്തുന്നതിനായി അവരുടെ അവകാശങ്ങളെ വേണ്ടുപോലെ ആലോചിയ്ക്കുകയും, നിയമനസംഗതികളിൽ അവരെ ഒരു പ്രത്യേകരീതിയിൽ പ്രോത്സാഹിപ്പിക്കുകയും അവർക്ക് പ്രാധാന്യം അനുവദിയ്ക്കുകയും ചെയ്യണമെന്നു അവർപറയുന്നു. ഇതുപോലെ പറഞ്ഞുകൊണ്ടു മിസ്റ്റർ. ഇട്ടപ്പ് ഇട്ടിച്ചൻ ഭേദഗതിചെയ്ത മിസ്റ്റർ, കുഞ്ഞുക്കോസിന്റെ നിശ്ചയത്തെ ഞാൻ ബഹുമായി പിൻതാങ്ങുന്നു.

മി: എ. താണുപിള്ള (തിരുവനന്തപുരം): സർ, ഞാനും ഈ നിശ്ചയത്തെപ്പറ്റി അല്പം സംസാരിയ്ക്കണമെന്നു വിചാരിക്കുന്നു. ഇതിന്റെ സാരാംശത്തെപ്പറ്റി അധികം. ഞാൻ പറയുന്നില്ല എന്തെന്നാൽ ഈ സഭയിൽതന്നെ ഇതിനെപ്പറ്റി പലകുറി വാദിച്ചിട്ടുണ്ട്, സർക്കാർ സർവീസിൽ സമുദായ പ്രാതിനിധ്യം വേണമെന്നുള്ള വിഷയത്തെപ്പോലെ ഇതു അധികമായും പല പ്രാധാന്യവും വാദിച്ചിട്ടുള്ള വേറൊരു വിഷയമുണ്ടെന്നു തോന്നുന്നില്ല. സർക്കാർ സർവീസ്സ് സംബന്ധിച്ചിടത്തോളം സമുദായ പ്രാധിനിധ്യത്തിനു സ്ഥാനമില്ലാ എന്നു അഭിപ്രായപ്പെടുന്നതുകൊണ്ട് യാതൊരു ഫലവുമില്ല. നാം സംഗതികളെ അവ എങ്ങനെ കാണപ്പെട്ടുവോ അതുപോലെ തന്നെ കാണേണം. ഈ വിഷയത്തിനെ നാം അത്യാവശ്യമായി കണക്കിലെടുത്തിരിക്കണം. അനേകം സമുദായങ്ങൾ അവരുടെ പ്രതിനിധികൾക്ക വേണ്ട സ്ഥാനം കിട്ടുന്നില്ലാ എന്നു മുറവിളികൂട്ടുന്നു. അതു ഒരിക്കലും മറന്നുകൂടാ. അധികം ഉണ്ടാകുന്ന സമുദായങ്ങളുടെ കാര്യംമാത്രം പോരാ ഗവണ്മെന്റിന്റെ ശ്രദ്ധയിൽ പെടേണ്ടതു' എന്നു ഞാൻ ഗവണ്മെന്റിനോടു പറയും. വേണ്ടവിധത്തിൽ മുറവിളികൂട്ടാൻ സംഘ്യാബലമുള്ള സമുദായങ്ങളും ഉണ്ട്. ഈ സമുദായങ്ങളുടെ കാര്യത്തിലും ഗവണ്മെന്റിന്റെ ശ്രദ്ധപതിക്കണം.

സർ, അതു് അത്ര പ്രധാനമായ ഒരു സംഗതിയാകുന്നു. ഞാൻ ഗവണ്മെൻറിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതു്. കുറച്ചുമുൻപു് ഇവിടെ പറഞ്ഞുപോലെ ഈ വിഷയത്തെ തീരുമാനിക്കുന്നതിനു മുള്ള ആവശ്യതയെ ഗവണ്മെൻറിന്റെ ശ്രദ്ധയിൽ കൊണ്ടുവരികയാകുന്നു. [illegible] ഗവണ്മെൻറിൽ നിന്നും ഈ സംഗതിയെപ്പറ്റി ആലോചിക്കുവാനെങ്കിലും ഒരു പരിഹാരം കണ്ടുപിടിക്കുവാനും വേണ്ടിവന്നാൽ അതിലേയ്ക്കുവേണ്ടി നമ്മുടെ സഹകരണത്തെ ക്ഷണിക്കുവാനും ഒരിവൻജി പറയുകയുണ്ടായി. ഈ വക കാര്യങ്ങളെ അനുസരിച്ചു എന്തെങ്കിലും ചെയ്തിട്ടുണ്ടോഎന്നു ചീഫ് സിക്രട്ടറിയോടു ഞാൻ ചോദിക്കുന്നു. ഞങ്ങളുടെ അറിവിൽപെട്ടിടത്തോളം യാതൊന്നും ചെയ്തിട്ടില്ല. ഈ വിഷയം ഗവണ്മെൻറിന്റെ ശ്രദ്ധയിൽ ഫിർപ്പെട്ടിട്ടുണ്ടെന്നു ഇവിടെ ഇന്നു പറയുകയുണ്ടായി. ഈ വിധത്തിലുള്ള ഉത്തരം പറയുന്നതു എല്ലാം ഗവണ്മെൻറിനുള്ള ഒരു സ്വഭാവമാണോ എന്നു ഞാൻ അറിഞ്ഞില്ല, എന്നാൽ നമ്മുടെ ഗവണ്മെൻറിനെ സംബന്ധിച്ചിടത്തോളം ഇതു ഒരു സ്വഭാവമായി തീർന്നിട്ടുണ്ടു്, അതു ഒരു വളരെ ചീത്ത സ്വഭാവമാണെന്നു ഞാൻ വിനയത്തോടെ പറഞ്ഞുകൊള്ളുന്നു. സമുദായങ്ങൾ തമ്മിൽ ഒട്ടധികം അസൂയത്തിനും അനാരോഗ്യമായ സാഹചര്യങ്ങൾക്കും ഈ വിഷയം ഇടയാക്കീട്ടുണ്ടെന്നു ഇവിടെ പറയുകയുണ്ടായി. അതുകൊണ്ടു ഉടനടിതന്നെ ഇതിനൊരു പരിഹാരം ഉണ്ടാക്കുന്നതിനു ശ്രമിക്കണം, ഇവിടെ പ്രസ്താവിച്ച എല്ലാ സംഗതികളോടും ഞാൻ യോജിക്കുന്നില്ല.

ഉദാഹരണമായി ജനസംഖ്യയെ അടിസ്ഥാനപ്പെടുത്തി തീരുമാനിക്കുന്നതിനു നിയമം ഫോർമുലേറ്റു ചെയ്തു അതു അടിച്ചേല്പിക്കുന്നതു, ഇതു് എനിക്കു സമ്മതമുള്ളതല്ല. മറ്റുള്ള സംഗതികളും ആലോചനയിൽ എടുക്കണമെന്നു എനിക്കു തോന്നുന്നു. നമ്പൂരി ജനസംഖ്യയെ എടുത്തുമാത്രം തീരുമാനിക്കേണ്ട ഒരു വിഷയമല്ലയിതു്, ജനസംഖ്യയും ഒരു പ്രധാനഘടകമാണെന്നു സമ്മതിക്കാം. എന്നിരുന്നാലും മറ്റുള്ളസംഗതികളും ആലോചിക്കേണ്ടതുണ്ടു്. ഗവണ്മെൻറതന്നെ ഈ വിഷയത്തെ അന്വേഷിച്ചു അവരുടെ അഭിപ്രായങ്ങളെ നിയമസഭയിൽ ഹാജരാക്കുകയാണു— അങ്ങിനെയാണെങ്കിൽ അവർതന്നെ അഭിപ്രായപ്പെടുകയും അവരെ ആക്ഷേപിക്കുകയില്ല—അതു് അല്ലാത്തപക്ഷം ഈ വിഷയത്തിൽ പരിചയമുള്ള പരിചകപ്രന്ന ചില ഉദ്യോഗസ്ഥന്മാരും, രാജ്യത്തിലെ അവസ്ഥകളും അറിയാവുന്ന അന്വേഷണോദ്യോഗസ്ഥന്മാരുമടങ്ങിയ ഒരു കമ്മറിയെ നിയമിക്കുന്നതിനു ഞാൻ അവരോടു അഭ്യർത്ഥിച്ചുകൊള്ളുന്നു. ആ കമ്മറി ആ വിഷയത്തെപ്പറ്റി കൂലംകഷമായി അന്വേഷിക്കണം ഇതിന്റെ എല്ലാ വശങ്ങളേയും ആലോചിക്കുകയും, വിവേചനം ചെയ്കയും ചെയ്യണം സമുദായങ്ങളെ എങ്ങിനെ തോല്പിക്കാമെന്നും, രോഗമിതിനെ ആശ്രയിച്ചുവേണമെന്നും കായ്ക്ഷമതയും ആലോചിച്ചാൽ മാത്രം മതിയോ എന്നും മറ്റുള്ള സംഗതികളും കൂടി ആലോചിക്കണമെന്നും — ഈ കാര്യങ്ങളെപ്പറ്റി ആലോചിച്ചു തീരുമാനിച്ചാലല്ലാതെ ഇതിനു ഒരു പരിഹാരം ഉണ്ടാകുന്നതല്ല. ഗവണ്മെൻറിനു ഇതിനെ തീരുമാനിക്കുന്നതിനു പരമാർത്ഥത്തിൽ ആഗ്രഹമുണ്ടെന്നു എനിയ്ക്കു തോന്നുന്നില്ല. ഇതിനെപ്പറ്റിയുള്ള പ്രയോചന ഈ വിധത്തിൽ മാറിവയ്ക്കുന്നതുകൊണ്ടു അവർക്കു എന്തു ഗുണംകിട്ടുവാൻപോകുന്നുവെന്നു എനിക്കറിഞ്ഞുകൂടാ. ഒരുപക്ഷേ ഒരു ഗവണ്മെൻറുദ്യോഗസ്ഥനേയോ ഒരു പ്രത്യേകസമുദായത്തിനെ സഹായിക്കുന്നതായി മറ്റുള്ളവരെ മനസിലാക്കാൻ ചില സന്ദർഭങ്ങളിൽ സാധിയ്ക്കും. അല്ലാത്തപക്ഷം ഈ ആലോചന ഇങ്ങിനെ മാറിക്കൊണ്ടു പോകുന്നതിനു വേറെ ഒരു കാരണം ഞാൻ കാണുന്നില്ല. ഒരു ഗവണ്മെൻറ് ഉദ്യോഗസ്ഥനോ ഗവണ്മെൻറിനെതന്നെയോ ഈ കാര്യത്തിൽ പറയുന്നതുകൊണ്ടായി ഒന്നും ചെയ്യുവാൻ സാധിക്കുമെന്നു എനിക്കു തോന്നുന്നില്ല. അതുകൊണ്ടു ഈ വിഷയത്തെപ്പറ്റി ആലോചിക്കുന്നതിനായി ഒരു കമ്മറിയെ നിയമിക്കുന്നതിനു ഞാൻ അഭിപ്രായപ്പെടുന്നു. കമ്മറിയുടെ അഭിപ്രായങ്ങളെ തീരുമാനിക്കയുംവേണം. ഈ സഭയിലെ വാദങ്ങളിൽ ഈ വിഷയം അനാശാസ്യമായ ഒരു രൂപം എടുത്തിട്ടുണ്ടു്. കഴിയുന്നവേഗത്തിൽ ഇതു് തീരുമാനിച്ചു് ഈ സഭയിലെ വാദത്തിൽനിന്നും ഇതിനെ മാറ്റണമെന്നു എല്ലാവരും ആഗ്രഹിക്കുന്നു.

ആദ്യത്തെ നിയമനം, സ്ഥലംമാറ്റം മുതലായ മറ്റുപല സംഗതികളും വാദത്തിനിടയ്ക്കു് ഇവിടെ പ്രസ്താവിക്കുകയുണ്ടായി. ചീഫ് സിക്രട്ടറി പറഞ്ഞതിനോടു മുഴുവൻ ഞാൻ യോജിക്കുന്നില്ല കേരളക്കാരെ മജിസ്ട്രേട്ടാക്കിയാൽ അതു ഒരു പുതിയനിയമനമാകണമെന്നു വിചാരിക്കണമെന്നു അദ്ദേഹം പറഞ്ഞു. എന്നാൽ അതു ഒരു പുതിയ നിയമനമായി അദ്ദേഹം സമ്മതിച്ചില്ല, ആവശ്യംകൊണ്ടു ഇങ്ങിനെ ഒരു വ്യവസ്ഥാനം ചെയ്യേണ്ടതായി വന്നതായിരിക്കാം, പ്രയാസപ്പെട്ടു ഒരു നിലയിൽ തിന്നും രക്ഷപ്പെടുവാനുള്ള ഒരു വഴി അയേക്കാം ഇതു്. ഈ വിഷയങ്ങൾ എല്ലാം ഒരു കമ്മറിയുടെ തൃപ്തിയായി തീരുമാനിക്കാം

ഇനിയും ചില പ്രത്യേകസർവീസുകളിലെ ഉദ്യോഗത്തിനെപ്പറ്റി പറയാം. ചീഫ് സിക്രട്ടറി പോലീസ് ഡിപ്പാർട്ടുമെൻറിനെപ്പറ്റിയും വിദ്യാഭ്യാസവിഭാഗം ഡിപ്പാർട്ടുമെൻറിനെപ്പറ്റിയും പറഞ്ഞു, ഈ രണ്ടു ഡിപ്പാർട്ടുമെൻറിലേയും നിയമനം പ്രത്യേകരീതിയിൽ വേണമെന്നാണ് അദ്ദേഹം പറഞ്ഞതു്. എൻറെ അഭിപ്രായത്തിൽ സക്കാർ സർവ്വീസിൽ ഉദ്യോഗത്തിനു പരീക്ഷായോഗ്യതമാത്രം നോക്കിയാൽ പോരാ എന്നുണ്ടു്, പരീക്ഷകൂടാതെ ഉള്ള വേറെ സംഗതികൂടെ ഉണ്ടു്. ഉദാഹരണമായി ഒരു പോലീസ് ഉദ്യോഗസ്ഥനും എക്സൈസ് ഉദ്യോഗസ്ഥനും പരീക്ഷായോഗ്യതകൂടാതെ ദേഹശക്തിയും അത്യുപേക്ഷിമാണു്. കൂടാതെ കായ്പ്പടിടിപ്പിനെയും കൂടി നോക്കണം. ഇതു് ഒരാൾക്കു കിട്ടുന്ന മാർക്കിന്റെ തുകയിൽ നിന്നും അനുമാനിച്ചുകൂടാ. ഇതു് അയാളേ നേരിട്ടു് പരിശോധിച്ചാൽ മാത്രമേ അറിയാവൂ.

മി: കെ, മാധവൻപിള്ള (തിരുവനന്തപുരം—കൊട്ടാരങ്ങാട്ടം): ആദ്യത്തെ നിയമനത്തിനു പ്രമോഷൻ കൊടുക്കുന്നതിലും കായ്പ്പടിടിപ്പിനെ ആശ്രയിച്ചു മാത്രമാണോ?

മി: ഏ. തങ്ങപിള്ള (തിരുവനന്തപുരം,): പോലീസ് ഉദ്യോഗസ്ഥന്മാരുടെ കായ്പ്പിൽ പരീക്ഷയിൽ ഒന്നാംക്ലാസ്സു് പാസാകുന്ന ആളുള്ള ഒരു നല്ല പോലീസ് ഉദ്യോഗസ്ഥനായി തീരുന്നതു്. അയാൾക്കു കൂടെ അധികം മാർക്കു കിട്ടിയാൽ അയാൾ കൂടെ അധികം പുസ്തകം വായിക്കുന്ന ഒരാൾ മാത്രമാകുന്നതെ അർത്ഥമുള്ളു. അയാൾക്കു ദേഹത്തിനു ശേഷിയും കായ്പ്പടിടിപ്പും അത്യാവശ്യമാണു്.

മി. എ. എസു്. കെയിയാക്കോസു് (ചീനക്കുഴി-തേവിക്കുളം): ഒന്നരണ്ടു വർഷങ്ങൾക്കുമുമ്പു ഫുഡ് പോലീസ് ഇൻസ്പെക്ടന്മാരെ നിയമിച്ചതു ഈ തത്വത്തെ അനുസരിച്ചായിരുന്നോ?

മി. താണുപിള്ള (തിരുവനന്തപുരം): ചോദിച്ചാൽ അതിനെ അഭിസ്ഥാനപ്പെടുത്തിയിരുന്നെന്നു യാം.

മി. പി. എസ്സു്. മഹമ്മദ് (നിയമിക്കപ്പെട്ടനാമാജികൻ): ഇതനുസരിച്ചു എങ്ങനെയാണ് നിയമിക്കുന്നതു്?

മി. എ. താണുപിള്ള (തിരുവനന്തപുരം): അതു നിശ്ചയിക്കുന്നവരുടെ അറിയാൻപാടില്ല.

മി. തരിയോകുഞ്ഞിരാമൻനായർ (മൂവാറ്റുപുഴ-തൊടുപുഴ): ശരിയായി നിശ്ചയിക്കുന്നതു് ആരാണു്?

മി. എ. താണുപിള്ള (തിരുവനന്തപുരം): ശരിയായി നിശ്ചയിക്കുന്നതു് ഡിസ്ട്രിക്ടാണു്. ഡിസ്ട്രിക്ടിൽനിന്നു് ഉപദേശങ്ങളും ചെയ്യണമെന്നു ഞാൻ പറയും.

മി. എ. സി കുട്ടിമാക്കോസ് (ചിറ്റൂർ-ദേവികുളം): പ്രത്യേകം യോഗ്യതയുള്ള ആ ഉദ്യോഗത്തിനു വേണ്ടി സകല യോഗ്യതകളും ഉള്ള അസമതലസമുദായക്കാർ അപേക്ഷിച്ചാൽ കൊടുക്കാതിരിക്കുന്നതു് ശരിയല്ല. അതു അന്യായമല്ലേ?

മി. എ. താണുപിള്ള (തിരുവനന്തപുരം): അങ്ങനെ അപേക്ഷകൊടുക്കുമ്പോൾ അതിൽ കുറഞ്ഞ യോഗ്യതയുള്ളവരെ നിയമിക്കുന്നു എങ്കിൽ അതു അനീതി ആണല്ലോ.

മി. തരിയോകുഞ്ഞിരാമൻനായർ (മൂവാറ്റുപുഴ-തൊടുപുഴ): ഈ പ്രാവശ്യം പി.എസ്.സി.യിൽ കൂടി പേരെടുത്തിട്ടുള്ളതിൽ കൂടുതൽ പേരെപ്പോലും അസമതലസമുദായക്കാരിൽനിന്നും നിയമിച്ചില്ലാ എന്നറിയാമോ?

മി. എ. താണുപിള്ള (തിരുവനന്തപുരം): അതു മിസ്റ്റർ റാബിൻസനോടു ചോദിക്കണം.

മി. തരിയോകുഞ്ഞിരാമൻനായർ (മൂവാറ്റുപുഴ-തൊടുപുഴ): ശരിയായ യോഗ്യതയുള്ളവരുടെ അവകാശത്തെ അവഗണിച്ചു തിരഞ്ഞെടുപ്പു നടത്തിയാൽ അവർക്കു പരിഹാരം കിട്ടുന്നതെങ്ങനെ?

മി. എ. താണുപിള്ള (തിരുവനന്തപുരം): അതാണു് വിഷമം. പലതരത്തിലുള്ള സമുദായങ്ങളിൽ നിന്നും ഏതു സമുദായത്തിനാണു് കൊടുക്കേണ്ടതെന്നു എങ്ങനെ നിശ്ചയിക്കും?

മി. കെ. മാധവൻപിള്ള (തിരുവനന്തപുരം-തെക്കുമങ്ങാട്ടു): ഒഴിവിനെ അനുസരിച്ചു നിയമിക്കുമ്പോൾ സപ്ലീസിലുള്ളവരുടെ അവകാശം പരിഗണിക്കണമെന്നു.

മി. എ. താണുപിള്ള (തിരുവനന്തപുരം) നിശ്ചയമായും വേണം.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരം-തെക്കുമങ്ങാട്ടു): അതു നിസ്സാരമായ ഒരു സംഗതി ആണോ?

മി. എ. താണുപിള്ള (തിരുവനന്തപുരം): ആ സമയത്തുതന്നെ അതുപോലെ പ്രധാന്യമുള്ള സംഗതികൾ ഉണ്ടെങ്കിൽ അതുംനോക്കണം.

മി. തരിയോകുഞ്ഞിരാമൻനായർ (മൂവാറ്റുപുഴ-തൊടുപുഴ): അസമതലം അന്വേഷിക്കുന്ന സമുദായങ്ങളുടെ അവകാശത്തെ അവഗണിച്ചു മറ്റു സമുദായങ്ങളിൽനിന്നും ഉദ്യോഗനിയമനം നടത്തുന്ന ഉദ്യോഗസ്ഥന്മാരെ കർശനമായി ശിക്ഷിക്കുന്ന ഏതെങ്കിൽ ഒരു ശിക്ഷയിൽനിന്നും ഒഴിഞ്ഞുനിൽക്കാൻ എത്ര ഉദ്യോഗസ്ഥന്മാർക്കു സാധിക്കും?

മി. എ. താണുപിള്ള (തിരുവനന്തപുരം) എന്തു പ്രവർത്തിച്ചാലും കുറെക്കാരാകെയെ ഉള്ളു. മറ്റു യോഗ്യതകൾ തുല്യമാണെങ്കിൽ ഏറ്റവും കൂടുതൽ അംഗങ്ങളുള്ള സമുദായത്തിലെ അപേക്ഷകനെ നിയമിക്കരുതോ എന്നു ചോദ്യം ചീഫ് സെക്രട്ടറിയോടുള്ളടി ചോദിച്ചപ്പോൾ സമാധാനം പറഞ്ഞില്ല. അങ്ങിനെ ഒന്നും കണ്ടതീട്ടില്ല. ഒരു കണക്കും ഉച്ചിട്ടില്ല നിശ്ചയവും ക്ലിപ്തവുമില്ലാതിരുന്നാൽ കുറേപ്പേർക്കു പ്രയാസമാണ്.

മി. തരിയോകുഞ്ഞിരാമൻനായർ (മൂവാറ്റുപുഴ-തൊടുപുഴ): വർഗ്ഗീയപ്രാതിനിധ്യപ്രമേയത്തിന്റെ ആരംഭകാലത്തു ഗവർണ്മെന്റു തന്നിട്ടുള്ള വാഗ്ദാനങ്ങളിൽനിന്നും ഗവർണ്മെന്റു കുറെക്കൂടി പിന്നോക്കംപോയി എന്നു് മനസ്സിലാക്കുന്നില്ലേ?

മി. എ. താണുപിള്ള (തിരുവനന്തപുരം): എന്തെല്ലാം വാഗ്ദത്തങ്ങൾ തന്നാലും അതിനൊന്നും ക്ലിപ്തമില്ലാത്തതുകൊണ്ടു അതിനെ ക്ലിപ്തപ്പെടുത്തണം.

മി. തരിയോകുഞ്ഞിരാമൻനായർ (മൂവാറ്റുപുഴ-തൊടുപുഴ): [illegible]-ൽ ഗവർണ്മെന്റു ഇതിനെപ്പറ്റി പറഞ്ഞിട്ടുള്ള മീമാംസ മെമ്പർ വായിച്ചിട്ടുണ്ടോ?

മി. എ. താണുപിള്ള (തിരുവനന്തപുരം): ഞാൻ മറിച്ചിക്കണ്ടില്ല. ഈ സംഗതിയിൽ ഗവർണ്മെന്റു ഒരു ക്ലിപ്തമായവ്യവസ്ഥ ചെയ്യുന്നില്ല.

മി. ആർ. കേശവപിള്ള (കൊട്ടാരക്കര-കുന്നത്തൂർ) എല്ലാ സമുദായങ്ങളിൽനിന്നും അവകാശമുള്ള യോഗ്യതകൾ ഉള്ള ... ...

മി. എ. താണുപിള്ള (തിരുവനന്തപുരം) ഇംഗ്ലീഷിൽ സംസാരിക്കുന്ന സാമാജികന്മാരും എന്നോടു മലയാളത്തിൽ ചോദിക്കുന്നു.

മി. ആർ. കേശവപിള്ള (കൊട്ടാരക്കര-കുന്നത്തൂർ) വേണ്ട യോഗ്യതയുള്ള സമുദായങ്ങളിലെ അംഗങ്ങൾക്കു ജോലികൊടുക്കുന്നതിൽ അങ്ങേഭാഗത്തിനു വല്ല വിരോധവുമുണ്ടോ എന്നു ഞാൻ ചോദിക്കട്ടെയോ?

മി. എ. താണുപിള്ള (തിരുവനന്തപുരം) എനിക്കു യാതൊരു വിരോധവുമില്ല. എല്ലാപേരെയും ന്യായമായിട്ടും ആരെയും അന്യായമായിട്ടല്ലാതെയും കാണണം.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരം-തെക്കുമങ്ങാട്ടു): പബ്ലിക് സർവ്വീസിൽ ഉദ്യോഗം എല്ലാവർക്കും കിട്ടുമോ?

മി. എ. താണുപിള്ള (തിരുവനന്തപുരം): ഗവർണ്മെന്റിനു് എല്ലാവർക്കും കൊടുക്കാൻ കഴിഞ്ഞാൽ എനിക്കു സന്തോഷം.

മി. പി. എസ്സ്. മഹമ്മദ് (നിയമിക്കപ്പെട്ട സാമാജികൻ): അതുപോലെ പ്രവർത്തിക്കുകയേ വേണ്ടൂ?

മി. എ. താണുപിള്ള (തിരുവനന്തപുരം): ചോദ്യംകേട്ടാൽ ഞാനാണു് ഇതാലോചിക്കുകയുണ്ടായതെന്നതോന്നും.

മി. പി. എസ്സ്. മഹമ്മദ് (നിയമിക്കപ്പെട്ട സാമാജികൻ): പറഞ്ഞാൽ അതുമാതിരി പ്രവർത്തിക്കുകയേ വേണ്ടൂ?

മി. എ. താണുപിള്ള (തിരുവനന്തപുരം): പറഞ്ഞാൽ അതനുസരിച്ചു പ്രവർത്തിക്കേണ്ടതാണു്. എന്നാണു ഞാൻ അല്പം പറഞ്ഞതുകൂടി നോക്കേണ്ടിവരും.

ഈ വിഷയത്തെപ്പറ്റി ആലോചിക്കുന്നതിനു ഉടനെ ഒരു കമ്മിറ്റി നിശ്ചയിക്കുന്നതാണു് എല്ലാംകൊണ്ടും നല്ലതെന്നു എനിക്കു തോന്നുന്നു. എല്ലാസമുദായക്കാർക്കും ഇതിൽ വിശ്വാസം വേണം. നമ്മുടെ ഉദ്യോഗസ്ഥന്മാരിൽ ഉത്തമന്മാരും പ്രധാനസമുദായങ്ങളിലെ തലവന്മാരും കൂടിച്ചേർന്നു ഒരു കമ്മിറ്റി നിയമി

ക്ഷക്കാരുടെ കാര്യവും പ്രത്യേകം ശ്രദ്ധിക്കണം. ഇത് വളരെ പ്രയാസമുള്ള സംഗതിയാണ്. പരീക്ഷ എങ്ങനെ എങ്കിലും ഇതിനെ ഒരു മുഴും കണ്ടുപിടിക്കണം. അതുകൊണ്ടു നമ്മൾ കഴിവുള്ളതെല്ലാം ചെയ്യണം. ഇതുപറഞ്ഞിട്ട് ഞാൻ സ്ഥാനത്തിനാകുന്നു. ചീഫ് സെക്രട്ടറി പറഞ്ഞുകൊടുപ്പിച്ച പ്രതിബന്ധങ്ങളെ കട്ടുരാക്ഷം എനിക്കുമുപ്പാരം ഇവിടെ ഹാജരാക്കിയിരിക്കുന്നു. നിയമപരത്തിൽനിന്നുകൊണ്ടു നിവൃത്തിയില്ല.

അദ്ധ്യക്ഷൻ: മിസ്റ്റർ കുര്യാക്കോസ്, നിങ്ങൾക്ക് എന്തെങ്കിലും പറവാനുണ്ടോ?

മി. എ. സി. കുര്യാക്കോസ് (മീനച്ചിൽ-ദേവികുളം): ഇവിടെ രണ്ടു ദേശത്തിനിടയിൽ ഇരിക്കുന്ന ഇതുകൊണ്ടു ദേശത്തിനു കൊണ്ടുവന്നവർ മുഴുവനും സംസാരിക്കുന്നതായിട്ടല്ല ഞാൻ പറഞ്ഞാൽ മതിയോ.

അദ്ധ്യക്ഷൻ: നിയമപരമായും രണ്ടു ദേശത്തിനിടയിലും ആയിരിക്കണം. രണ്ടാമത്തെ ദേശത്തിനു മുഴുവനും എടുക്കാം. മി. രാജരാജവർമ്മ കോയിത്തമ്പുരാനു മറുപടി പറയാം.

മി. എൽ. ആർ. രാജരാജവർമ്മ കോയിൽതമ്പുരാൻ (ചങ്ങനാശ്ശേരി-പീരുമേട്): പ്രമേയത്തിൽ വ്യക്തമായി കാണിച്ചിട്ടുള്ള മാറ്റം ചെയ്യുന്നതിനു വേണ്ടിയാണ് ഞാൻ സംസാരിക്കുന്നതെന്നു തോന്നുന്നില്ല. ഈ ഭാഗത്തുനിന്നും അനേകം ഉദ്യോഗസ്ഥന്മാരുണ്ടെന്നും അല്ലാതെയുള്ളവർ ദേശത്തിനെപ്പറ്റി കൊണ്ടുവന്നിട്ടുള്ള വാദങ്ങളിൽ പ്രധാനമായി സമുദായപ്രാതിനിധ്യത്തിനു കുറച്ചുമതി വേണമെന്നു പറയുന്നതു സാധാരണ വാദത്തിന്റെ ആവർത്തനം മാത്രമാണ്. അതിനെസംബന്ധിച്ചു വലിയ വിമർശനം ചെയ്യുവാനുള്ളതായിട്ടില്ല. കുറച്ചുമതി എന്നുപറഞ്ഞിട്ടുള്ളതെല്ലാം ഞാൻ വിചാരിക്കുന്നില്ല.

മി. പി. എസ്. മഹമ്മദ് (നിയമിക്കപ്പെട്ട സാമാജികൻ): കുറച്ചുമതി പാടില്ലെന്നു പറഞ്ഞുവല്ലോ.

മി. എൽ. ആർ. രാജരാജവർമ്മ കോയിൽതമ്പുരാൻ (ചങ്ങനാശ്ശേരി-പീരുമേട്): അതു മിസ്റ്റർ പാച്ചുപിള്ള വ്യക്തമാക്കിയിട്ടുണ്ട്. അല്പം സമുദായപ്രാതിനിധ്യം കുറയണമെന്നു പറഞ്ഞിട്ടുണ്ട്. അല്പം സമുദായപ്രാതിനിധ്യം കുറയണമെന്നു പറഞ്ഞിട്ടുള്ള സുമുഖന്മാരുടെ കൂട്ടത്തിൽ കുറച്ചുമതി വേണമെന്നു പറഞ്ഞിട്ടുണ്ട്. അതുകൊണ്ടു കുറച്ചുമതി വേണമെന്നു പറയുന്നില്ല. കുറച്ചും കുറഞ്ഞ പരീക്ഷ വേണമെന്നു പറഞ്ഞു. ചീഫ് സെക്രട്ടറിയോട് കുറച്ചും കുറഞ്ഞ പരീക്ഷയില്ലാത്തവർ മതിയോ എന്നു ചോദിച്ചതിൽ ചിലർ പുറകോട്ടുപോകുമെന്നു പറഞ്ഞു, കുറച്ചും കുറഞ്ഞ പരീക്ഷ ഉള്ളവരെന്നു പിന്നിട്ട ഒരു കുറച്ചും കുറഞ്ഞ പരീക്ഷക്കാരൻ വരുമ്പോൾ അയാൾ ആദ്യമുണ്ടായിരുന്നതാഴെയാകും, അതിനുപിന്നിട്ട വരുന്നവൻ അതിനു പുറകോട്ടുപോകും. ഇങ്ങിനെയല്ല വേണ്ടത്.

മി. പി. എസ്. മഹമ്മദ് (നിയമിക്കപ്പെട്ട സാമാജികൻ): ഒരു ഡിപ്പാർട്ടുമെന്റിൽ 10 ഗ്രാഡുവരെണ്ടെങ്കിൽ, 6 ത്രൂപ്പാക്കു കീഴ്പ്പോട്ടുള്ള ഈ 10 പേർക്കും മറുള്ളവരുടെ അവകാശത്തെ മാറിവച്ചിട്ടു കൊടുക്കണമെന്നാണ് പറയുന്നത്.

മി. എൽ. ആർ. രാജരാജവർമ്മകോയിൽതമ്പുരാൻ (ചങ്ങനാശ്ശേരി പീരുമേട്): വിദ്യാഭ്യാസം രണ്ടുതല്ലെന്നു വിചാരിക്കാൻ ഞാൻ തയ്യാറില്ല. വളരെ പണം ചിലവാക്കി ഒരുപരീക്ഷയിൽ മാർക്കുമായി തീരുമെന്നു കരുതി പ്രവർത്തിക്കാൻ വന്നിട്ടുള്ള ആളുകളെ നിരാശപ്പെടുത്തണമെന്നു ഞാൻ പറയുന്നില്ല.

മി: പി. എസ്സ്. മഹമ്മദ് (നിയമിക്കപ്പെട്ടസാമാജികൻ): അസമത്വം അനുഭവിക്കുന്ന ആളുകളിൽ 10 പേരെ കീഴിലിരുന്നവരെ മുന്നിൽ കൊണ്ടുവന്നിട്ടുണ്ട്, ഏന്നു അറിയാമോ?

മി: എൻ. രാജരാജവർമ്മകോയിൽതമ്പുരാൻ (ചങ്ങനാശ്ശേരി പീരുമേട്) ഉദ്യോഗനിയമവിഷയത്തിൽ അപേക്ഷ എല്ലാവിധത്തിലും സഹായിക്കണം. സമുദായപ്രാതിനിധ്യം മാത്രംകൊണ്ടില്ല. ഒരുകാലത്തു ചിലരെ മാറിനിന്നു അപേക്ഷ അമർത്തിവച്ചു് ശരിയായ സമുദായസംരക്ഷണത്തിനുപോലും അനുവദിക്കാതിരുന്നു. അതിനാൽ ഇപ്പോൾ അവർക്കു ജീവിക്കാനുള്ള സകല പ്രോത്സാഹനങ്ങളും കൊടുക്കേണ്ടതു് അത്യാവശ്യമാണ് അതിനിപ്പുറത്തെ സമുദായങ്ങളെ എല്ലാം അതിൽ വരുത്തിയിട്ടുണ്ട്. റവന്യൂഡിപ്പാർട്ടുമെന്റിലുള്ള ... ...

മി: എ. സ. കുറിയാക്കോസ് (മീനച്ചിൽ-ദേവികുളം): അങ്ങിനെ വരുത്തിയിട്ടുള്ള 'സമുദായങ്ങൾ' മുഴുവനല്ലാമെന്നു പറയാമോ?

മി: എൽ. ആർ. രാജരാജവർമ്മകോയിൽതമ്പുരാൻ (ചങ്ങനാശ്ശേരി പീരുമേട്) റവന്യൂഡിപ്പാർട്ടുമെന്റിലുള്ള ഓഫീസിലെ മറ്റു സിപ്പാർട്ടുമെന്റുകളിൽ പ്രവേശനത്തിനു യാതൊരു തടസ്സവുമില്ലായിരുന്ന മറ്റെല്ലാ കമ്മ്യൂണിറ്റിയിലെ ആളുകളും ഇപ്പോഴത്തെ റസല്യൂഷനിൽ ഉൾപ്പെട്ടുന്നു. എന്നാൽ ഈഴവർ, അംബുകുതർ എന്നു പറയപ്പെടുന്ന പായർ പുലയർ തുടങ്ങിയ പല സമുദായങ്ങൾക്കും വിദ്യാഭ്യാസത്തിനു അത്രയധികം സൌകര്യവും കൊടുത്തിട്ടില്ല. ഉന്നതജാതിക്കാരെന്നു പറയപ്പെടുന്ന ഹിന്ദുക്കളെ സമീപിക്കാൻകൂടി സമ്മതിക്കാതെ കല വിദ്യയിലും ഉപദ്രവം ചെയ്തിനാൽ അവർക്കു പ്രോത്സാഹനം ഗവർണ്മെൻറ് വേണ്ടുവോളം കൊടുക്കേണ്ടതാണ്.

മി: തറിയത്തുകുന്നേൽതൊമ്മൻ (കുവാറപുഴ തൊടുപുഴ) അവരുടെ അഭിപ്രായം ഇല്ലാത്തപ്പോൾ അവർക്കു പ്രാധാന്യം കൊടുക്കേണ്ടതുണ്ടോ?

മി: എൽ. ആർ. രാജരാജവർമ്മ കോയിൽതമ്പുരാൻ (ചങ്ങനാശ്ശേരി പീരുമേട്) ഈഴവർ പറയർ തുടങ്ങിയവർക്കു പ്രവേശനം ഇല്ലായിരുന്നതിനാൽ പരീക്ഷായോഗ്യത സമ്പാദിക്കാൻ സാധിച്ചില്ല. അതുകൊണ്ടു അവർക്കു പ്രധാനമായികൊടുക്കണം.

മി: തറിയത്തുകുന്നേൽതൊമ്മൻ (കുവാറപുഴ—തൊടുപുഴ) ഇപ്പോഴത്തെ പ്രമേയത്തിൽ അതുകൂട്ടിയില്ലെ?

മി: എൽ. ആർ. രാജരാജവർമ്മ കോയിൽതമ്പുരാൻ (ചങ്ങനാശ്ശേരി പീരുമേട്) അതു മിനഞ്ഞേപ്പായമാണ്.

മി: എ. സി. കുറിയാക്കോസ് (മീനച്ചിൽ-ദേവികുളം) ദേശത്തു ഈ അഭിപ്രായത്തിനു യോജിക്കുന്നുപോ ഇല്ലയോ?

മി: എൽ. ആർ. രാജരാജവർമ്മ കോയിൽതമ്പുരാൻ (ചങ്ങനാശ്ശേരി പീരുമേട്) പൂർണ്ണമായി യോജിക്കുന്നു. ദേശത്തിനു അതുസരിച്ചു പോസാക്കുന്നതാണെന്നു ഉള്ളതു. സമുദായപ്രാതിനിധ്യം ഉദ്യോഗനിയമനത്തിൽ സാധുകരിക്കുവാനുള്ളതല്ല. അതു പുനരാലോചന അർഹിക്കുന്നതില്ല. ഒരഭിപ്രായം പറയാനുണ്ട്. അതു

നിന്നോടിപ്രായമാണ്, അഭിപ്രായമായും ഇല്ലെങ്കിലും അഭിപ്രായം പറയാം. പ്രമേയത്തിനു ഭേദഗതി കാണുവന്നു. മിസ്റ്റർ പാപ്പച്ചിപിള്ള പറഞ്ഞ സമുദായപ്രാതിനിധ്യം ആദ്യം ഗണിക്കണം. കൂടുതൽ യോഗ്യത യുള്ളവരെ തിരഞ്ഞെടുത്തു നിയമിക്കണമെന്നപറഞ്ഞു: അങ്ങിനെയല്ല വേണ്ടതു. ആദ്യം കാര്യക്ഷമത നോക്കണം. പരീക്ഷയോഗ്യതമാത്രമല്ല എന്നപറഞ്ഞു, ആ തത്വത്തോടു യോജിക്കുവാൻ ഞാൻ തയ്യാറില്ല.

മി: തരിയത്ത കുഞ്ഞിതൊമ്മൻ (മുവാറ്റുപുഴ തെരഞ്ഞെടുപ്പു): ഒരുത്തക്കും വിധ്വയിക്കാൻ സാധിക്കാത്തതിനെ ഒന്നാമതു ഗണിക്കണമെന്നു പറഞ്ഞാൽ എങ്ങിനെയാണ്; സാധ്യമല്ലാത്തതു പരിഗണിക്കപ്പെടുന്നതെങ്ങിനെ?

മി: പ്രൽ. ആർ. രാജരാജവർമ്മ കോയിൽതമ്പുരാൻ (ചങ്ങനാശേരി- പീരുമേട്): സാധിക്കയില്ല എന്നപറഞ്ഞില്ല. എന്നാൽ ഗണിതശാസ്ത്രനിയമം കണക്കുകൂട്ടാൻ സാധിക്കയില്ല. ഒരു തത്വത്തെ മുൻനിത്തി പ്രവർത്തിക്കാമെന്ന ഒരുനയം ഗവണ്മെൻറു അംഗീകരിച്ചിട്ടുണ്ട്, സാമാന്യമായ തത്വമനുസരിച്ചുള്ള പ്രവർത്തിക്കു യാതൊരുവിരോധവുമില്ല, ഈകണക്കനുസരിച്ചു കാര്യക്ഷമത എങ്ങിനെ വരുമെന്നു അറിഞ്ഞുകൂടാ. എന്തായാലും പറഞ്ഞതനുസരിച്ചുകൊള്ളാം.

മി: മാത്യുമുരിക്കൻ (തൊടുപുഴ): (സാമുദായികപ്രാതിനിധ്യം) പടിപ്പിക്കുന്നതാണോ അഭിപ്രായപ്പെടുന്നതു് സർ, എന്നിക്കു ഒരുകാര്യത്തിൽ ഒരുതീർച്ചിംഗ് ഉണ്ടാക്കേണ്ടിയിരിക്കുന്നു. സംമോജികനു ഈ നിയമത്തെക്കുറിച്ചു സംസാരിക്കാമോ എന്നു എനിക്കു അറിയേണ്ടിയിരിക്കുന്നു. എന്തെന്നാൽ നിയമത്തിനു വിപരീതമായി ഉള്ള അഭിപ്രായങ്ങൾ സാധുവാക്കുന്നു ഇന്നലെ ഇവിടെ പറകയുണ്ടായി, സംമോജികന്റെ ഇപ്പോഴത്തെ പ്രസംഗം നിയമത്തിനു വിപരീതമാകുന്നു, അതുകൊണ്ടു അദ്ദേഹത്തിനു ഈ നിയമത്തെക്കുറിച്ചു സംസാരിക്കാമോ എന്നു ഞൻ ദയപ്പെടുന്നു.

അദ്ധ്യക്ഷൻ: അദ്ദേഹത്തിനോടു ചോദിച്ചിട്ടുള്ള ഉത്തരം പറയുന്നതിനായിട്ടായിരിക്കാം അദ്ദേഹം ഇപ്പോൾ ഇതു പറയുന്നതു്. അതിൽകൂടുതലായി എന്തെങ്കിലും നടത്തണമെന്നു ഞാൻ വിചാരിക്കുന്നില്ല അദ്ദേഹത്തിനെ അധികമായി വിസ്തരിച്ചുകൊണ്ടു അദ്ദേഹം പ്രധാനവഴിയിൽ നിന്നും മാറിപ്പോയിരിക്കാം.

മി: രാജരാജവർമ്മ നിങ്ങൾക്കായിട്ടു ഭേദഗതിയെക്കുറിച്ചുള്ളതു മാത്രം സംസാരിക്കുക.

മി: പ്രൽ. ആർ. രാജരാജവർമ്മകോയിൽതമ്പുരാൻ (ചങ്ങനാശേരി പീരുമേട്): ഭേദഗതിയിൽ ഉള്ളതു മാത്രമെ പറഞ്ഞിട്ടുള്ളു,

രണ്ടാമതു്, സ്റ്റാഫ് സിലക്ഷൻ ബോർഡിനെപ്പറ്റി പറഞ്ഞിട്ടില്ലതു അപൂർണ്ണമാണെന്നും വേണ്ടത്ര വ്യാഖ്യാനം കൊടുത്തിട്ടില്ലെന്നുമാണു്. ഗവണ്മെൻറു മുതൽ വളരെ ഗാഢമായി ആലോചിച്ചിട്ടും സകല സാധനസൌകര്യങ്ങളും ഉണ്ടായിരുന്നിട്ടും ഇതുവരെ അതിനു ഒരു പ്രതിവിധി കണ്ടുപിടിക്കാൻ സാധിക്കാത്ത ഒരു സംഗതിയെപ്പറ്റി ഒരുമെംബർ നിർദ്ദേശം ചെയ്തതു അപൂർണ്ണമായിപ്പോയി എങ്കിൽ അതിനെ ക്ഷമിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. സ്റ്റാഫ്സിലക്ഷൻ ബോർഡിനെ ഗവണ്മെൻറംഗീകരിക്കുന്നപക്ഷം അതു അവശ്യം ചെയ്യാൻപാടില്ലാത്ത ഒന്നല്ല. വേണ്ടതാവശ്യമുള്ളതു ചെയ്തുതരുന്നതിനുവേണ്ടി ജോലിചെയ്യുന്നതുകൊണ്ടായിരിക്കുന്നതാണെന്നാണ് എന്റെ വിശ്വാസം. അതു പൂർണ്ണമല്ലെന്നു സമ്മതിക്കുന്നു. എന്നാൽ ഗവണ്മെൻറിനു ഈ നിർദ്ദേശത്തെകൊണ്ടു ചിലതൊക്കെ പ്രവർത്തിക്കാം. അപൂർണ്ണതയുണ്ടെങ്കിൽ ഗവണ്മെൻറു മെംബറന്മാരും അല്ലാത്തവരും ചേർന്നവേണ്ട വ്യവസ്ഥകൾ ചെയ്യുന്നതിനു ധാരാളം സാധിക്കുന്നതാണ്. കോൺഗ്രസ്ഗവണ്മെൻറും വേറെ ഗവണ്മെൻറുകളും അതുചെയ്തു. നമുക്കു ഗവണ്മെൻറിനു സാധിക്കാവുതാണു. ബോർഡ് നിയമിക്കുകയാണെങ്കിൽ അതുകൊണ്ടു പലതും സാധിക്കും. അതിൽ പ്രത്യേകമായി ഒന്നും നിർദ്ദേശിച്ചിട്ടില്ല. സ്റ്റാഫ്സിലക്ഷൻ ബോർഡിനെ നിയമിച്ചിട്ടു അതിനെ ഒരു കമ്മിറ്റിയിലേക്ക് അയച്ചു, ആ കമ്മിറ്റി അതിനെ പഠിച്ചുപഠിച്ചു എന്താണ് നീവിത്തിമാഗ്രഹമെന്നു നിർദ്ദേശിക്കുന്നതായാൽ അതിനോടു പൂർണ്ണമായി യോജിക്കാവുന്നതാണ്, ഇതേ അഭിപ്രായത്തിലാണ് ഭേദഗതികൊണ്ടുവന്നതു്. ഇതാണ് എന്റെ യഥാർത്ഥമായ അഭിപ്രായം. അങ്ങിനെയുള്ള ഭേദഗതിയെ ഒരു പ്രമേയമായി കൊണ്ടുവരാൻ നിർവാഹമില്ലാത്തതുകൊണ്ടു ഈ ഭേദഗതി കൊണ്ടുവന്നതാണ്. യഥാർത്ഥമായ അഭിപ്രായം ഒരു കമ്മിറ്റിയെ രൂപീകരിക്കണമെന്നുള്ളതാണ്. പ്രമേയം വോട്ടിനിട്ടാൽ ഭേദഗതി പിൻവലിക്കാൻ സാധിക്കുകയില്ല.

അദ്ധ്യക്ഷൻ: നിങ്ങളുടെ സമയം കഴിഞ്ഞിരിക്കുന്നു, മി: രാജരാജവർമ്മ രാജ ഞാൻ നിങ്ങൾക്കു രണ്ടുമിനിട്ടുകൂടി അനുവദിക്കാം.

മി: പ്രൽ. ആർ. രാജരാജവർമ്മകോയിൽ തമ്പുരാൻ സർ, ഞാൻ ഇതാതീർത്തുകഴിഞ്ഞു. ഇതുമാത്രം പറഞ്ഞുകൊണ്ടു എന്റെ ഭേദഗതിയെ അവതരിപ്പിച്ചുകൊള്ളുന്നു.

അദ്ധ്യക്ഷൻ: നിയമവും വ്യാഖ്യാനവും ഉള്ളതുകൊണ്ടു ഞാൻ ചട്ടമനുസരിച്ചുമി: ഇട്ടപ്പ ഇട്ടീച്ചൻ മറുപടിപറയുന്നതിനു അനുവദിക്കപ്പെടുന്നു. നിയമം ഹാജരാക്കിയ അഭിപ്രായം രസക്കൻറുചെയ്തു അതുമാത്രം ഭേദഗതി സ്വീകരിച്ചിട്ടുണ്ടെങ്കിലും മി: ഇട്ടീഅച്ചൻ അദ്ദേഹത്തിന്റെ ഭേദഗതിയെ പിൻവലിച്ചിട്ടില്ല. അതുകൊണ്ടു സാധാരണ പതിവനുസരിച്ചു മി. ഇട്ടീച്ചനു മറുപടി പറയുന്നതിനു അനുവദിക്കേണ്ടിയിരിക്കുന്നു.

മി: ഇട്ടപ്പ ഇട്ടിച്ചൻ (കുന്നത്തുനാടു്) മി: രാജരാജവർമ്മതമ്പുരാൻറെ ഭേദഗതിക്കും റസല്യൂഷനും യാതൊരു ബന്ധവുമില്ല. എന്റെ ഭേദഗതി പ്രമേയത്തോടു് ഏതാനും മയപ്പെടുത്തുകയും റസല്യൂഷൻ കൊണ്ടു മറുചില സമുദായങ്ങൾക്കു വല്ലസൌകര്യവും ഉണ്ടെങ്കിൽ അതുകൂടി പരിഹരിക്കത്തക്ക വിധത്തിലുള്ളതാണ്. ഇങ്ങിനെ പലതുകൊണ്ടും എന്റെ ഭേദഗതിയും മി: കുട്ടിക്കോസിന്റെ റസല്യൂഷനുതമ്മിൽ ഒരേ തരത്തിൽ യോജിച്ചിരിക്കുന്നതാണു്. അതിനെ പ്രമേയ പ്രയോക്താവു് അനുകൂലിക്കുകയും ചെയ്യുന്നു. ആ സ്ഥിതിക്കു എന്റെ ഭേദഗതി ഏറ്റവും പ്രാധാന്യമുള്ളതാണെന്ന ഈ സഭയുടെ മുമ്പാകെ പറഞ്ഞുകൊള്ളുന്നു. ഈ ഭേദഗതിയെ സഭ സ്വീകരിച്ചുകഴിഞ്ഞിട്ടു പിന്നീടു അതിനെസംബന്ധിച്ചു എനിക്കു അല്പം പറയാനുണ്ടു്.

അദ്ധ്യക്ഷൻ: മി. കുരിയാക്കോസ് അദ്ദേഹത്തിനു ന്യായമെന്നു തോന്നുന്നതിനെപ്പറയാം.

മി: എ. സി. കുരിയാക്കോസ് (മീനച്ചിൽ ദേവീകുളം) എന്റെ പ്രമേയത്തെപ്പറ്റി മറുപടിപറയണം എന്നുപറഞ്ഞപ്പോൾ അമൻറുമെൻറിനെപ്പറ്റിയുള്ള ഒരു തീർച്ചവന്നതിനുശേഷം പറയാമെന്നായിരുന്നു

ഞാൻ വിചാരിച്ചിരുന്നു. എന്നാൽ ചില മെമ്പന്മാരുടെ വളരെ വിസ്താരമായി പല മാന്യസ്ഥിതന്മാരും അഭിപ്രായപ്പെട്ടിട്ടുള്ളതുകൊണ്ട് അതിൽ അന്തർഭവിച്ചിരിക്കുന്ന തത്വങ്ങൾ അത്രക്കും സങ്കീർണ്ണമാണ് എന്നു എനിക്കു മനസ്സിലാക്കുവാൻ ഇടവന്നതിൽ അതിയായ സന്തോഷമുണ്ട്. തിരുവിതാംകൂറിൽ വഴിയേ നടപ്പാനിരിക്കുന്ന ഭരണവിച്ഛേദകാര്യങ്ങളെ പറ്റിയുള്ള ഇന്നത്തെ ചർച്ചയിൽ ഇന്നലേയും അല്ല. എന്റെ ഓർമ്മ ശരിയാണെങ്കിൽ മി: പി. ഡബ്ലിയു. ഫോക്സ് പറഞ്ഞിട്ടുപോയതുമുതൽ മലയാളിമെമ്പോറിയൽ നടന്നകാലത്തു തന്നെ തിരുവിതാംകൂർ ഗവണ്മെന്റ് അതു മനസ്സിലാക്കിക്കഴിഞ്ഞു. സഭയിൽ എല്ലാപേർക്കും പ്രവേശനം കിട്ടേണ്ട അത്യാവശ്യകത എത്രത്തോളം ഉണ്ടെന്നു രാജ്യപരിപാലകർക്ക് ഇപ്പോൾ നന്നായി മനസ്സിലായിട്ടുണ്ട് എന്നുള്ളതു തീർച്ചയാണ്. പ്രസ്തുത മെമ്മോറിയൽകാലം തുടങ്ങി ഇടയ്ക്കിടയായി ഇടയിടെവിട്ടതുപോലെയെങ്കിലും ഈ ദിക്കിൽ നടന്ന വാഗ്വിവാദങ്ങൾ നടത്തിയതിന്റെ ഫലമായി നവനുദ്യോഗപ്രവിജനം നടക്കുകയും, പൊതുജനങ്ങൾക്കു സംരക്ഷിക്കപ്പെട്ടുന്ന ഗവണ്മെന്റ് സ്ഥാപനങ്ങളിൽ പൊതുജനങ്ങൾക്ക് സാധ്യതികമായി ഇല്ലായ്മകാശം കൊടുക്കുന്നതുമതും, അതിനുള്ളതന്നെ ഗവണ്മെന്റിന്റെ ചുമതലകൾ നടത്തുന്ന ഉദ്യോഗങ്ങളിലും നാട്ടുകാരായ പരന്മാർക്ക് ന്യായമായ അവകാശം കൊടുക്കണം എന്നും ഉള്ള തത്വം നമ്മുടെ ഗവണ്മെന്റ് സ്വീകരിക്കുകയും ചെയ്തുകഴിഞ്ഞു. ഈ തത്വം സ്വീകരിച്ചു എങ്കിലും ഗവണ്മെന്റ് അവലംബിക്കുന്നതിനു താമസം അധികം കാണിച്ചുവന്നു. ഈ വിഷയത്തിൽ ഇങ്ങനെ അമാന്തം കാണിച്ചതിന്റെ ഫലമായി ഇപ്പോൾ ചില മാന്യസ്നേഹിതന്മാർ പറഞ്ഞതുപോലെ ഈ കൗൺസിലിന്റെ പ്രിയപ്പെട്ട സമയത്തു ഈ ഉദ്യോഗകയ്യത്തിനുള്ള പരീക്ഷയ്ക്കുവേണ്ടി പ്രയോജനരഹിതമായ കളവുണ്ടു, ഇടയായിട്ടുണ്ട്. പ്രജാസഭയിലെ അംഗങ്ങൾ യോഗങ്ങളിലും ഈ വിഷയത്തെ സംബന്ധിച്ചു വളരെ അധികം സമയം വീണ്ടുപോയിക്കുന്നതിനു സംഗതിയായിട്ടുണ്ട്. ഇപ്പോൾ ഈ അവസരങ്ങളിലും ഗവണ്മെന്റ് ഈ വിഷയത്തെപ്പറ്റി ഗൗരവമായി പണ്ടുപോലെ ചിന്തിച്ചു ഉടൻതന്നെ പരിഹാരം ചെയ്യുമെന്നു പറഞ്ഞിട്ടും ഉണ്ട്. എന്റെ സ്വന്ത അഭിപ്രായം പറഞ്ഞാൽ തിരുവിതാംകൂറിലുള്ള എല്ലാ ജനങ്ങൾക്കുമോ ചിലതു ജനങ്ങൾക്കു മാത്രമോ ഉദ്യോഗം കൊടുക്കണമെന്നോ കൊടുക്കണമോ എന്നോ ഞാൻ പറയുന്നില്ല. എന്നാൽ ഈ വിഷയവും എന്റെ ചുമലയിൽപെട്ടതായി വന്നാൽ എന്നു പറയാൻ കഴികയില്ല. ഞാൻ പ്രതിനിധീകരിക്കുന്ന നിയോജകമണ്ഡലത്തിലെ ജനങ്ങൾക്കുണ്ടായ പ്രത്യേകം ചില വിഷയങ്ങൾ പറയുന്നതിലേക്കു എന്നെ പ്രേരിപ്പിക്കുമ്പോൾ അതിനെ ഗവണ്മെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരിക എന്നുള്ളതാണ് എന്റെ സന്തമായ നിവ്വഹണം. ഇവിടെ അതിലും വ്യുൽപത്തിയായ പരിധിയിൽ ഞാൻ കടക്കേണ്ടിവരുന്നുണ്ട്. മി. രാജരാജവർമ്മകോയിത്തമ്പുരാൻ ഒരു പ്രമേയത്തെപ്പറ്റി അഭിപ്രായം പറഞ്ഞപ്പോൾ "എന്റെ അഭിപ്രായം എന്തുകിലും ആകട്ടെ എന്റെ നിയോജകമണ്ഡലത്തിന്റെ അഭിപ്രായം അനുസരിച്ചു ഞാൻ വോട്ടുചെയ്യുന്നു" എന്നു പറഞ്ഞു.

മി: എൽ. ആർ. രാജരാജവർമ്മകോയിത്തമ്പുരാൻ (ചങ്ങനാശ്ശേരി-പീരുമേട്): "ജനങ്ങളുടെ അഭിപ്രായം അനുസരിച്ചു" എന്നാണോ പറഞ്ഞതു എന്നു പ്രോസീഡിംഗ്സിൽ നോക്കണം.

മി: എ. സി. കരിയക്കോസ് (ദീനചൂൽ-മാവികളം): അതു നോക്കിയതാണ്.

ഞാൻ പറയുന്നതു ഒരു വസ്തുത്തിനുമാത്രം അവകാശം വേണമെന്നല്ലാ എന്നോർക്കണം. രാജ്യത്തിൽ അഭിവൃദ്ധിപരമായ നിലയിൽ നടത്തുന്ന സംഗതികളെ പരിഹരിച്ചു ശരിയായവിധത്തിൽ പൗരന്മാർക്ക് അവകാശങ്ങൾ അവകാശം കൊടുക്കണം എന്നു മാത്രമേ പ്രമേയത്തിൽ വിവരിച്ചിട്ടുള്ളു എന്നു എന്റെ പ്രമേയം സൂക്ഷിച്ചുനോക്കിയാൽ വിശദമായി അറിയാം. വിദേശീയനായ ചീഫ് സെക്രട്ടറി പറഞ്ഞിടത്തോളം ഉള്ള ഉപന്യാസങ്ങൾ ഇതിൽ ഉള്ളതായും എനിക്കഭിപ്രായം ഇല്ല. ഈ രണ്ടു വർഷക്കാലത്തേക്ക് മാത്രമായി നടത്തുന്ന നിയമനങ്ങളിൽ അസമത്വം അനുവദിക്കുന്ന സമുദായത്തിലെ അപേക്ഷകന്മാരുടെ അപേക്ഷയ്ക്കു പ്രാമുഖ്യം നൽകണമെന്നൊരു ഭാഗം എന്റെ പ്രമേയത്തിൽ ഉണ്ട്. അസമത്വം അനുഭവിക്കുന്നവരുടെ സങ്കടത്തെ തീർച്ചയായും കൊടുക്കണമെന്നു മാത്രമേ പറയുന്നുണ്ട്. അതിനെ ഗവണ്മെന്റ് അനേകസ്ഥലങ്ങളിൽ അനേകംവിധത്തിൽ രേഖപ്പെടുത്തിയിട്ടുള്ളതായി പ്രോത്സാഹങ്ങളും ഉണ്ട്. എന്നാൽ പരിഹാരംവരുന്നില്ല; പിന്നേയും പിന്നേയും വാഗ്വിവാദങ്ങൾ നടക്കുന്നു. അസമത്വസമുദായക്കാരായ അപേക്ഷകന്മാർ ധാരാളമായി വന്നുചേരുന്നു; യില്ലായ്മയും അവർക്ക് വർദ്ധിച്ചുവരുന്നു, അവരെ നിരാശപ്പെടുത്തി ഗവണ്മെന്റ് ഈ സ്ഥിതിയിൽ ഇനിയും വച്ചുകൊണ്ടിരിക്കുന്നതു ശരിയല്ല. അല്ലെങ്കിൽ അഞ്ചുവർഷക്കാലത്തേക്ക അവരുടെ അപേക്ഷയ്ക്കു പ്രാമുഖ്യം കൊടുക്കണമെന്നാണ് ഞാൻ ഇനിയും പറയുന്നതു്. ഏതുതരം അപേക്ഷകരുവന്നാൽ അവരിൽ പ്രാമുഖ്യം അസമത്വസമുദായക്കാർക്കു കൊടുക്കുക, എന്നല്ലാതെ അവർക്ക് കൊടുത്തിട്ടേ മറ്റുള്ളവർക്ക് കൊടുക്കാവു എന്നു ഞാൻ നിർബ്ബന്ധമായി പറയുന്നില്ല അവർക്ക് പ്രാമുഖ്യംകൊടുത്തു പരിഹാരം ഉണ്ടാക്കണമെന്നും അതിനേ ഈ പ്രതിഷേധപ്രസ്താവനയെന്നും മാത്രമേ ഞാൻ ഇവിടെ പറയുന്നുള്ളൂ. അധികാരങ്ങളെ സംബന്ധിച്ചുള്ള വിഭജനകൽപ്പനകളെല്ലാം ഗവണ്മെന്റുതന്നെ വച്ചുകൊള്ളട്ടെ. ന്യായമായ അഭ്യർത്ഥനകളെ ഗവണ്മെന്റ് ഒരുപക്ഷേ തള്ളിക്കളയുകയില്ലെന്നു വിശ്വസിക്കുന്നു. ഈ വിധത്തിൽ കൊടുക്കാതെകിൽ മുമ്പുകാണ്ടതുപോലെ ഈ സങ്കടം പരിഹരിക്കപ്പെടാവുന്നതാണ്. മി: രാജരാജവർമ്മയുടെ അമെൻഡുമെന്റിൽ ഈ തത്വത്തെ ആസ്പദമാക്കിയല്ല പറഞ്ഞിരിക്കുന്നതു്. പ്രാമുഖ്യം കൊടുക്കാമെന്നു പറയുന്നതുകൊണ്ടു എന്റെ മാന്യസ്നേഹിതൻ തന്റെ അഭിപ്രായങ്ങൾ പല ദോഷങ്ങളും വിട്ടിട്ടുണ്ട്. അതിനെപ്പറ്റിയുള്ള വാഗ്വിവാദത്തിൽ ആസ്പദമാക്കി ചർച്ചക്കിൽ എന്റെ അഭിപ്രായങ്ങളേക്കാൾ കൗൺസിലിന്റെ ശ്രദ്ധയിൽ കൊണ്ടുവരാമെന്നു വിചാരിക്കുന്നു. ഇപ്പോൾ കൗൺസിലിന്റെ ആലോചനയിൽ ഇരിക്കുന്ന പ്രമേയം ഇന്നുമാത്രം കൊണ്ടുവന്നതുള്ളതല്ല. വളരെ മാസങ്ങൾക്കു മുമ്പുതന്നെ ഇതു കൗൺസിൽസെക്രട്ടറിസിൽ വന്നിട്ടുള്ളതുണ്ട്. ആറുമാസത്തിനുമുമ്പേ നോട്ടീസു കൊടുത്തതിനുശേഷം ഇതു ബ്രാഞ്ചറിൽവന്നു കഴിഞ്ഞകലത്തിൽ ഇതിനെ കൗൺസിലിൽ വിധേയമാക്കി. അന്നു് എന്റെ അഭിപ്രായത്തെ വളരെ വിശദമായി ഞാൻ ഇവിടെ പറഞ്ഞിട്ടുണ്ട്. തിരുവിതാംകൂറിലെ പൌരന്മാരുടെ ന്യായമായ അവകാശങ്ങളെ ജാതിഭേദങ്ങളെ പരിഗണിക്കാതെ കൊടുക്കണമെന്നോണ് ഞാൻ പറയുന്നതിന്റെ സാരം. ഈഴവനായാലും, പുലയനായാലും, കുസ്തൃാനിയായാലും, മഹമ്മദീയനായാലും, നംപൂതിരിയായാലും, നവരുമാളനായാലും, അവരുടെ അവകാശത്തെ—ന്യായമായ അവരുടെ അവകാശത്തെ—കൊടുക്കണമെന്നാണ് എന്റെ പ്രാപേക്ഷയുടെ താല്പര്യം—എന്നു വിശദമായി ഞാൻ പറഞ്ഞു. ഇനിയും അസമത്വം

അനുഭവിക്കുന്നവർക്ക് അവരുടെ ന്യായമായ അവകാശങ്ങൾ കൊടുക്കണമെന്നേ ഞാൻ പറയുന്നുള്ളൂ. സമുദായങ്ങളിൽ വലുതിനോ ചെറുതിനോ കൊടുക്കണമെന്നു പറഞ്ഞില്ല. അസമത്വസമുദായങ്ങൾക്കു അവരുടെ അവകാശം കൊടുക്കണമെന്നുള്ള അഭിപ്രായം ഗവണ്മെന്റും സ്വീകരിച്ചിട്ടുണ്ട്, അവയെ പ്രായോഗികമാക്കിത്തീർക്കാൻ നിശ്ചയിക്കുന്നപക്ഷം വേണ്ടിവരും. അതിനും പരിഹാരം വഴിയില്ലാതാകയുംചെയ്യും.

മി: എൽ. ആർ. രാജരാജവർമ്മകോയിൽതമ്പുരാൻ (ചങ്ങനാശ്ശേരി-പീരുമേട്): ഞാനും അതിൽനിന്നു വ്യത്യസ്തമായിട്ടല്ല പറഞ്ഞത് എന്നു മെമ്പർക്കറിയാമോ?

മി: എ. സി. കുര്യാക്കോസ് (മീനച്ചൽ-ദേവികുളം): വ്യത്യസ്തരായിട്ടായിരിക്കയില്ല പറഞ്ഞതു എന്നു വിചാരിക്കാം. മുൻപറഞ്ഞ അസമത്വസമുദായത്തിലെ ആളുകൾക്കു കൊടുക്കണം എന്നു പറയുമ്പോൾ മൈനാറിറ്റി സമുദായങ്ങൾക്കു കൊടുക്കേണ്ട എന്നർത്ഥമില്ല. അസമത്വം എവിടെയാണോ അവിടെ കൊടുക്കണം എന്നേ അർത്ഥമാകുന്നുള്ളൂ. കുഞ്ഞാലിക്കുഞ്ഞോ, മഹമ്മദീയനോ മാത്രം കൊടുക്കണമെന്നുള്ള വിചാരത്തോടുകൂടിയല്ല ഞാൻ ഈ പ്രമേയം ഹാജരാക്കിട്ടുള്ളതു്. അതു ഗവണ്മെന്റും മനസ്സിലാക്കണം. എന്റെ പ്രമേയം ഗവണ്മെന്റും സ്വീകരിക്കണമെന്നാണ് പിന്നെ എന്റെ പ്രമേയത്തിന്റെ വാചകങ്ങളെ വ്യാഖ്യാനിക്കുന്നതിൽ അഭിപ്രായവ്യത്യാസം ഉണ്ടെങ്കിൽ ഇതിനെ അംഗീകരിച്ചശേഷം ഗവണ്മെന്റിനു വേണ്ടവിധത്തിൽ ഭേദം പരിഹരിച്ചു് ഇപ്പോഴത്തെ രാജ്യവാസികളായ ജനങ്ങൾക്കു തൃപ്തികരമാകത്തക്കവിധത്തിൽ ഒരന്തീക്ഷം ഉണ്ടാക്കാൻ കഴിയുന്നതുമാണ്. ഈ പ്രമേയത്തിന്റെ പ്രാഥമികതത്വത്തിനു എന്റെ മാന്യസ്നേഹിതന്മാർക്കു കൂടി തൽസന്തോഷം ഉണ്ടെന്നും അതു് അവരുടെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടെന്നും ഉള്ള ഒരു മുഖ്യ സംഗതി മാത്രമേ പരിഗണനീയമായിട്ടുള്ളൂ എന്നാണ് എനിക്കു പറയാനുള്ളതു്. വർഗ്ഗീയപ്രാതിനിധ്യം സമ്മതിക്കാവുന്ന ഒന്നേയെന്നു ചില സ്നേഹിതന്മാർ അഭിപ്രായപ്പെട്ടിട്ടുണ്ട്. പരമാർത്ഥത്തിൽ ഈ രാജ്യത്തിലെ ജനസമുദായത്തിന്റെ ഇടയിൽ വല്ല അസ്വസ്ഥതയും ഉണ്ടെങ്കിൽ അതിനു കാരണമായിരിക്കുന്ന സംഗതിയെ പരിഹരിക്കാൻ ഇടയുണ്ടെങ്കിൽ ഈ രാജ്യത്തെ സമുദായങ്ങൾ തമ്മിൽ ഏകോദരസഹോദരന്മാരെപ്പോലെ വർത്തിക്കാമെന്നും, ഭിന്നവർഗ്ഗക്കാരായ സഹോദരസമുദായങ്ങൾ ഒരു കാലത്തു ഇതിൽനിന്നും മാറിനിന്നിരുന്ന എന്നുള്ള ഒരപവാദത്തെ മാറിക്കിട്ടുമെന്നിട്ടു്, പരണ സഹോദര ബുദ്ധിയോടുകൂടി കഴിയാം എന്നും വിചാരിച്ചായിരിക്കണം, ഞാൻ പറയുന്നതും ഈ കാരണങ്ങളിലേൽത്തന്നെയാണ്. ഈ നിസ്സാരസംഗതിക്കുവേണ്ടി സമുദായങ്ങൾ തമ്മിൽ ഭിന്നതയുണ്ടാക്കി, കൗൺസിലിന്റെ വിലയേറിയ സമയത്തെ ബഹിഷ്കരിച്ചു പരസ്പരമുണ്ടാകുന്ന വേദനപ്പെടുത്തുന്ന കടുപ്പവാക്കുകളും അഭിപ്രായങ്ങളും പുറപ്പെടുവിക്കുന്ന ഒരന്തരീക്ഷം തിരുവിതാംകൂറിലുണ്ടെങ്കിൽ അതിനെ പരിഹരിക്കേണ്ടതു ഗവണ്മെന്റിന്റേയും ചുമതലയാണ്. ജനങ്ങളുടെ സമാധാന സംരക്ഷണത്തെ പുലർത്തുകയാണ് ഒരു ഗവണ്മെന്റിന്റെ ചുമതല. ഭൂരിപക്ഷം ജനങ്ങളും ഭരണനിർവ്വഹണത്തിൽ പങ്കുകൊള്ളാതെയിരിക്കെ—ഭൂരിപക്ഷം ഇല്ലാത്ത ജനങ്ങളുടെ നിസ്സാരമായ നഷ്ടത്തെ—ഗവണ്മെന്റിനെ പരിഹരിക്കാവുന്ന നഷ്ടത്തെ—ചിലർമാത്രം വളരെക്കാലമായി അനുഭവിക്കുന്ന അനുഭവത്തെ—അവഗണിച്ചും, അസംസ്തൃപ്തരെക്കണ്ടു നിഷേധിച്ചും ബഹുഭൂരിപക്ഷത്തിന്റെ സങ്കടത്തെ പരിഹരിക്കണമെന്നു ഗവണ്മെന്റിനോടു ജനപ്രതിനിധികൾ ഉണർത്തിക്കയും അപേക്ഷിക്കയും ചെയ്യുന്നു. ജനപ്രതിനിധികൾ മുറവിളികൂട്ടുന്നു, മാദ്ധ്യമങ്ങൾ അവരെ ഏറ്റുകൊണ്ടു സഹായിക്കുന്നു, ഈ അവസരത്തിൽ, ഗവണ്മെന്റു പറഞ്ഞതെല്ലാം പ്രവർത്തിക്കണമെന്നേ പ്രധാനമായി പറയുന്നുള്ളൂ. ഫ്രാഞ്ചൈസ് കമ്മിറ്റിയുടെ സെഷനിൽ മി: ആർ. രാമൻപിള്ളയെക്കൊണ്ടുവന്ന ഉപക്ഷേപത്തിനു ഗവണ്മെന്റിൽനിന്നു തൽക്കിയിട്ടുള്ള വാഗ്ദാനം ഈ ഞങ്ങളുടെ കമ്മിറ്റിയുടെ സെഷൻ പ്രൊസീഡിംഗ്സിന്റെ പേജ്-ൽ വരുത്തുവാൻ കാണുന്നുണ്ട്, അതു് ഇംഗ്ലീഷിലാണെങ്കിലും അതിന്റെ സാരാംശം ഏകദേശം ഇവിടെ പറയാം.

"തമ്മിലുടെ എല്ലാപേരുടെയും എടയങ്ങളെ വിഷമിപ്പിച്ചു കൊണ്ടിരിക്കുന്ന സമുദായവാദങ്ങളെ സംബന്ധിച്ചു് ഒരു പരിഹാരം ഉണ്ടാക്കുന്നതിനായി ഉള്ള ഒരംഗമെന്നനിലയിലുടെ അഭ്യർത്ഥന ഗവണ്മെന്റു മനസ്സിലാക്കിയിരിക്കുന്നു. ഇതിനു ഒരു പരിഹാരം ഉണ്ടാക്കുന്നതിനു ഗവണ്മെന്റും പരിശ്രമിക്കുന്നുണ്ടു്. ജാതിനിയ്യമില്ലാത്തതും ജാതിയിയം കലരാത്തതുമായ സമുദായങ്ങളെ സംബന്ധിച്ചു് പ്രഥമതിയമനത്തിൽ പ്രഥമപരിഗണ കൊടുത്തു അസമത്വത്തെ കളിയുന്ന വിധത്തിൽ പരിഹരിക്കുന്നതിനു ശ്രമിക്കുന്നുണ്ടു്. അങ്ങനെയുള്ള ശ്രമം കാഴ്ചക്കുള്ളതുകൊണ്ടും വേണ്ടത്ര സൂക്ഷിക്കുന്നുമുണ്ടു്. ഈ ശ്രമത്തിൽ ചില ന്യൂനതകളും വന്നിട്ടുണ്ടു്. അവയെ പരിഹരിക്കുന്നതിനു മെമ്പറന്മാരുടെ പല നിർദ്ദേശങ്ങളുമുപ്പുറിയും ആലോചിക്കുന്നതാണു്." എന്നുള്ളതെല്ലാം അതിൽ പറഞ്ഞിരിക്കുന്നുണ്ടു്.

ഇതു വിശദമായി ഇതുപോലെ നിയമത്തിൽ, അസമത്വം അനുഭവിക്കുന്ന സമുദായങ്ങൾക്കു പ്രഥമാവകാശം കൊടുക്കാമെന്നു ഗവണ്മെന്റു അതിൽ സമ്മതിച്ചിരിക്കുന്നു. പക്ഷേ അനുഭവം എന്താണെന്നു പറയേണ്ടതുമില്ല. ഗവണ്മെന്റു ഇതു രണ്ടു വർഷം മുമ്പാണു് പറഞ്ഞതു്. അതിനെ എന്തു കൊണ്ടു ഗവണ്മെന്റു നിരാകരിക്കുന്നു? ഈ പ്രമേയത്തിലെ ശക്തിയേറിയ വാചകം ഇപ്പോഴും സ്വീകായ്യമല്ലാത്ത വന്നതെന്തു കൊണ്ടാണു്.

ഇതുപോലെ തന്നെ തമ്മുടെ ഗവണ്മെന്റു, ഈ കഴിഞ്ഞ ഇരുപത്തഞ്ചുകൊല്ലത്തെ പ്രജാസമുദായത്തിൽ വർഗ്ഗീയ പ്രാതിനിധ്യത്തെപ്പറ്റി അനേകം പേർ വാദിച്ചപ്പോഴും, അവർക്കു കൊടുത്ത മറുപടി പ്രജാസഭയുടെ പരിയുടെ സപ്തസ്വാംപേജിൽ ഇങ്ങിനെ കാണുന്നു.

"വർഗ്ഗീയപ്രാതിനിധ്യം സംബന്ധിച്ചു ഗവണ്മെന്റു നൽകീട്ടുള്ള ആജ്ഞകളെ നിയമനാധികാരം ഉള്ളവർ ശരിയായി ആദരിക്കുണ്ടില്ലെന്നും അതിനാൽ വ്യക്തമായ വ്യവസ്ഥകളുണ്ടാക്കുന്നു ഈ കാര്യത്തിനു ശരിയായ നടപ്പുണ്ടാക്കേണമെന്നും മറ്റും ആണ് നിങ്ങളിൽ പലരും ഇവിടെ പറഞ്ഞിട്ടുള്ളതിന്റെ പൊരുൾ. ഈ വിഷയം ഗവണ്മെന്റിന്റെ ഗാഢമായ ചിന്തയുടെ വിഷയമായിരിക്കുകയാണ്. മേലാൽ ഈ വിഷയത്തെപ്പറ്റി യാതൊരു പരാതിക്കും ഇടയാകാത്തവിധം വ്യവസ്ഥാപിതങ്ങളായ രൂപകൽപ ഉണ്ടാക്കാം."

ഇങ്ങനെ പറഞ്ഞിട്ടു ഒരു കോല്ലമായി. അടുത്തുവരുന്ന പ്രജാസഭയ്ക്കു ഇപ്പോഴും തന്നെ നിവേദനങ്ങൾ വന്നിരിക്കണം, ആ കൂട്ടത്തിൽ കുറഞ്ഞപക്ഷം രണ്ടു ഡസൻ വർഗ്ഗീയപ്രാതിനിധ്യ നിവേദനങ്ങൾ കാണുമെന്നാണ് ഞാൻ വിചാരിക്കുന്നതു്. ദിവാൻ മി: രാഘവയ്യരുടെ കാലത്താണ് നമ്മുടെ ഗവണ്മെന്റു വർഗ്ഗീയപ്രാതിനിധ്യത്തെ തള്ളിക്കളഞ്ഞു ഒരു ഉത്തരവു ഉണ്ടാക്കിയതു്. അതിൽ അതുക്കും തക്കില്ല. അതു ജനപ്രതിനിധികളും പൂ

ന്നുമായി സമ്മതിക്കുന്നതുമാത്രമേ, ഗവണ്മെന്റ് വാഗ്ദാനം ചെയ്യുന്ന അതിനെ നല്ലവണ്ണം നടപ്പിലാക്കുമായി ഗാഢമായി ആലോചിക്കാം എന്നാണ്. ഇവിടെ ഞങ്ങൾക്ക് ന്യായമായ അവകാശങ്ങൾ തരാമെന്ന സമ്മതിക്കുന്നു. ഞങ്ങളുടെ അവകാശവാദത്തിലുള്ള തത്വത്തെ സ്വീകരിക്കുകയും ചെയ്യുന്നു. അതിനു പരിഹാരമുണ്ടാക്കാമെന്നുള്ള അഭിപ്രായത്തെ ഇന്നും മുന്നും പറയുന്നു. എന്നാൽ അസമത്വം അനുഭവിക്കുന്നവരോട് നീതി നടത്തുന്നതിനും അവരെ സഹായിക്കുന്നതിനും ഗവണ്മെന്റ് തയ്യാറാകുന്നില്ല. കാരണം എന്താണ്? ആ കാരണത്തെപ്പറ്റി ചിന്തിക്കേണ്ടതുണ്ട് ആവശ്യം. മജ്യത്തിൽ സമാധാനം ഉണ്ടാക്കുന്നതിനു പൂർവകാശത്തെ —ഏതുതരത്തിലും അർഹതയുള്ള ന്യായമായ അവകാശത്തെ കൊടുക്കാതെ വീണ്ടും വീണ്ടും അതിനോടുള്ള അനുഭാവത്തെ വാഗ്ദാനത്തിൽ മാത്രം കാണിച്ചു കൊണ്ടും അനുകമ്പയോടുകൂടി വീക്ഷിച്ചുകൊണ്ടും സമയം കളയുന്നതിന്റെ അർത്ഥമെന്താണ്?

ഇതിനെപ്പറ്റി മുമ്പുകൂടിയായി പറയുന്നതിനുമുമ്പായി ഒന്നുരണ്ടു സംഗതികൾകൂടി ഗവണ്മെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടിയിരിക്കുന്നു. ഈ വർഗ്ഗീയ പ്രാതിനിധ്യവാദം ഈ തിരുവിതാംകൂറിൽ മാത്രമല്ല ഉള്ളത്. മൈസൂർ മുതലായ നാട്ടുരാജ്യങ്ങളിലും ഉണ്ട്. മദ്രാസിലെ നിയമസഭയിൽ ഇതിനെപ്പറ്റി വളരെ വാദപ്രതിവാദം നടന്നിട്ടുണ്ട്. ഇൻഡ്യ മുഴുക്കെ ഈ വർഗ്ഗീയപ്രാതിനിധ്യവിഷയത്തെപ്പറ്റി വാദപ്രതിവാദം നടക്കുന്ന ഒരു ഘട്ടമാണ്.

ശ്രീ: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): റൗണ്ടേബിൾ കോൺഫറൻസ്സിൽകൂടി ഈ വാഗ്ദാനം ഉണ്ടെന്നറിയാമോ?

ശ്രീ: എ. സി. കുഞ്ഞുക്കോസ് (മീനച്ചിലും ദേവികുളവും): അറിയാം, പറയാൻ വരുന്നു. സൈമൺ കമ്മീഷൻ റിപ്പോർട്ടു രണ്ടാം വാല്യം പേജ് ൭൦ വരുന്നു ഈ വിഷയം സംബന്ധിച്ചു രേഖപ്പെടുത്തിട്ടുള്ള അഭിപ്രായം ഇങ്ങനെയാണ്.

"നിഷ്പക്ഷരും പബ്ലിക് സർവീസ് കമ്മീഷൻ മുഖേയിരിക്കണം. ഈ കമ്മീഷനിലെ അംഗങ്ങൾ ഒരു രാഷ്ട്രീയ കക്ഷിയിൽ പെട്ടവരോ, ഗവണ്മെന്റിന്റെ ആളുകളോ ആയിരിക്കരുത്. ഇൻഡ്യാ ഗവണ്മെന്റിനെ സംബന്ധിച്ചിടത്തോളം രവസ്സായിയും പ്രാദേശിക ഗവണ്മെന്റുകളെ സംബന്ധിച്ചിടത്തോളം ഗവർണ്ണർമാരും ആയിരിക്കണം കമ്മീഷനെ നിയമിക്കുന്നത്. ഓരോ പ്രത്യേക വിഭാഗത്തിലും അധിവസിക്കുന്ന ജനസമുദായങ്ങളുടെ അവകാശങ്ങൾ സുരക്ഷിതമായി പരിപാലിക്കത്തക്കവണ്ണം ഗവണ്മെന്റ് ഉണ്ടാക്കുന്ന രീതികളെ അടിസ്ഥാനമാക്കി നിയമനം നടത്തണം. വർഗ്ഗീയപ്രാതിനിധ്യം വേണ്ടിടത്തു അതിനു യോജിച്ച വ്യവസ്ഥകൾ ഉണ്ടായിരിക്കണം"

പാശ്ചാത്യരാജ്യങ്ങളിലെ പരിഷ്കൃതമായ വ്യവസ്ഥകൾ അറിഞ്ഞിട്ടുള്ള യോഗ്യന്മാർ ഇൻഡ്യക്കു പറഞ്ഞിരുന്ന ഭരണവ്യവസ്ഥകൾ എന്തെല്ലാമാണെന്നു അറിയുന്നതിനു അന്വേഷണം നടത്തിയതിന്റെ ഫലമായി രേഖപ്പെടുത്തിയതാണ് ഇതു്. ഇതു ഗണനീയമായ ഒരു പ്രമാണമാകുന്നു. ഇൻഡ്യക്കു വർഗ്ഗീയപ്രാതിനിധ്യത്തിന്റെ പ്രാധാന്യം എത്രമാത്രം ഉണ്ടെന്നു അവർ ഇതിൽ സമ്മതിക്കുന്നു. അതിനു നിസ്സംശയമായ പ്രാധാന്യം കൊടുക്കണമെന്നാണ് ഇതിൽ പറയുന്നതു. പരിഷ്കൃത ഗവണ്മെന്റുകൾ സൈമൺ കമ്മീഷൻ റിപ്പോർട്ടിനെ ഒരു പ്രമാണം ആക്കുന്നില്ല എന്നു വിചാരിക്കുന്ന പക്ഷവും അല്പം വിദഗ്ദ്ധന്മാരായ ചിലരുടെ അഭിപ്രായമാണ് എന്നു സമ്മതിക്കാതെ കഴികയില്ല. അവർ ഇൻഡ്യയ്ക്കു പുറത്തുള്ള ആളുകളും മന്യന്മാരുമാണ്. അതിനാൽ വർഗ്ഗീയപ്രാതിനിധ്യവാദം തിരുവിതാംകൂറിൽ മാത്രം ഉള്ളതല്ല എന്നു മനസ്സിലാകും. തിരുവിതാംകൂറിൽ നമ്മുടെ ഗവണ്മെന്റു വിചാരിച്ചാൽ ഇതിനു പരിഹാരം ഉണ്ടാക്കാൻ പ്രയാസമുള്ളതുമല്ല. ഏതുയോ പ്രയാസമുള്ള വിഷയങ്ങളെ ഗവണ്മെന്റു ധൈര്യപൂർവ്വം പരിഹരിച്ചു. അതു ശക്തിയായും യുക്തിയായും ഭരണം നടത്തിക്കൊണ്ടു പോരുന്ന ഒരു ഗവണ്മെന്റിനു കഴിയുകയും ചെയ്യും. ആ പ്രമത്തകരായ ഉദ്യോഗസ്ഥന്മാർ അധികം ചോരാതെ ഈ രാജ്യത്തു ജനിച്ച സഹോദരസമുദായങ്ങളിലെ അംഗങ്ങളുടെയെങ്കിലും, അവരുടെ ഉദ്ദേശം പരിയവസാനിച്ചതിൽ പിന്നെ രാജ്യത്തിലെ പൌരന്മാരായി പ്രവർത്തിയ്ക്കേണ്ടവരാണ് എന്നും ഓർക്കേണ്ടതാണ്. ഇന്നു സമുദായങ്ങൾ അനുഭവിക്കുന്ന സങ്കടങ്ങളിൽ അശേഷം കൃപതോന്നാതെ ഇരിക്കുന്നതിനാൽ ഉദ്ദ്യോഗസ്ഥന്മാർ ഗവണ്മെന്റിന്റെ വ്യവസ്ഥകളെപ്പോലും അതിലംഘിച്ചു പ്രവർത്തിക്കാൻ തയ്യാറാകുന്നുണ്ടെങ്കിൽ അതു വർഗ്ഗീയവിദ്വേഷമനഃസ്ഥിതി കൊണ്ടാണെന്നും അങ്ങിനെ വരുന്നതിനിടയാകുന്നതിനു ഉദ്ദ്യോഗസ്ഥനെന്നുദ്ദ്യോഗസ്ഥന്മാർ സഹോദരബുദ്ധിയോടുകൂടിയും രാജ്യത്തിന്റെ നന്മവരത്തക്കവണ്ണവും യോജിച്ചു ആലോചിച്ചു ഈ പ്രശ്നത്തിനു ഒരു പരിഹാരം വരുത്തക്കവണ്ണം പ്രവർത്തിക്കേണ്ടവരാണ് എന്നും ഓർമ്മിപ്പിക്കേണ്ടിയിരുന്നു. ഇതിനെ സംബന്ധിച്ചിടത്തോളം എന്റെ ഉദ്യമം അസ്ഥാനത്തിൽ അല്ലെന്നു കണ്ടാം.

അദ്ധ്യക്ഷൻ: സമയം കഴിഞ്ഞിരിക്കുന്നു.

ശ്രീ: എ. സി. കുരിയാക്കോസ് (മീനച്ചിൽ ദേവികുളവും): അല്പം കൂടി പറയാനുണ്ട്.

അദ്ധ്യക്ഷൻ: മണി രണ്ടടിക്കാൻ പോകുന്നുണ്ട്.

ശ്രീ: എ. സി. കുരിയാക്കോസ് (മീനച്ചിൽ ദേവികുളവും): മദ്രാസിലെ റൊട്ടേഷൻ സ്കീമിനെ സംബന്ധിച്ചും മറ്റും കൂടി പറയാനുണ്ട്. ഇപ്പോൾ സമയമില്ലെങ്കിൽ മണ്ഡപം കഴിഞ്ഞും മതിയാകും.

സഭ ഉച്ചയ്ക്കു മണിക്കു മണ്ഡപക്ഷണത്തിനായി പിരിഞ്ഞു ഉച്ചയ്ക്കു ശേഷം വീണ്ടും കൂടി.

ശ്രീ: എ. സി. കുഞ്ഞുക്കോസ് (മീനച്ചിലും ദേവികുളവും): സർ, മദ്രാസിലെ റൊട്ടേഷൻ സ്കീം അനുസരിച്ചു നിയമനം നടത്തുന്നതിനെ സംബന്ധിച്ചുള്ള ജി. ഒ. ഇങ്ങനെയാണെന്നു ഞാൻ മനസ്സിലാക്കുന്നു. അതായതു ഫസ്റ്റ് ഒഴിവുണ്ടാകുന്നവയ്ക്കു, അതിൽ അബ്രാഹ്മണർക്കായിട്ടു ഒന്നും മഹമ്മദീയർക്കായിട്ടു പിന്നും ഇന്ത്യൻ ക്രിസ്ത്യാനികൾക്കായിട്ടു ഒന്നും, ബ്രാഹ്മണർക്കായിട്ടു പിന്നും ബാക്കിയുള്ളതു ഇതരസമുദായക്കാർക്കായിട്ടും കൊടുക്കണമെന്നാണ്, പ്രമോഷൻ നടക്കുന്നതും ഈ തോതനുസരിച്ചാണ്. നമ്മുടെ ഗവണ്മെന്റിനും ഇതുപോലെ ഒരു പ്രമാണം ഉണ്ടാക്കാം. ഈ വിഷയത്തിൽ എന്റെ മാന്യസ്നേഹിതന്മാർ പറഞ്ഞ അഭിപ്രായങ്ങളെ സാമാന്യമായി ഒന്നു സ്പർശിച്ചു എനിക്കു പറയുവാനുള്ളതും പറഞ്ഞുകൊള്ളാം. വർഗ്ഗീയപ്രാതിനിധ്യതത്വത്തെ സംബന്ധിച്ചു് എന്റെ മാന്യസ്നേഹിതന്മാരായ രണ്ടുസ്സർസ്. കെ. പി. നീലകണ്ഠപ്പിള്ള ആർ. രാമൻപിള്ള,

ഇവരിൽപാച്ചുപിള്ള, ആർ. കേശവപിള്ള എന്നു മന്ത്രിമാർ സംസാരിക്കുകയുണ്ടായി. ഈ ആശയങ്ങളോടു ചേർത്തുകൊണ്ടു മി. എ. തങ്ങൾപിള്ള ഇതിലേക്കു, ഒരു കമ്മിറ്റിവച്ചു് വേണ്ട വ്യവസ്ഥചെയ്യണമെന്നു പറഞ്ഞു. മി. ആശാനാണെങ്കിൽ, ഈ ദേശം കൌൺസിലിൽനിന്നും തിരഞ്ഞെടുക്കപ്പെടുന്ന ഒരു കമ്മിറ്റി നിർവഹിക്കണമെന്നു പറയുകയുണ്ടായി. ഏകൻ സ്നേഹിതൻ മി. മുഹിക്കൻ കൌൺസിലിൽനിന്നും തിരഞ്ഞെടുക്കപ്പെടുന്ന കമ്മിറ്റിയെ ഈ കാര്യം ചുമതലപ്പെടുത്തുന്നതു യുക്തികരമല്ല എന്നു പറഞ്ഞപ്പോൾ അദ്ദേഹം ഒരു നിയോജകമണ്ഡലത്തിൽനിന്നും തിരഞ്ഞെടുക്കപ്പെടുന്നയാളല്ലേ എന്നു ചോദിച്ചുകേട്ടു. വാസ്തവത്തിൽ തിരുവിതാംകൂറിലെ ഇന്നത്തെ നിയമസഭയുടെ ഘടനയനുസരിച്ചു വർഗ്ഗീയമായോ കമണ്ഡലങ്ങളിൽനിന്നു തിരഞ്ഞെടുപ്പാനടക്കുന്നില്ല. അതുകൊണ്ടു അസമത്വം പരിഹരിക്കുന്നതിനു ഈ കൌൺസിലിൽനിന്നു തിരഞ്ഞെടുക്കുന്ന ഒരു കമ്മിറ്റി മതിയാകുന്നതല്ല എന്നു സ്പഷ്ടമായിപറയാം.

മി: എ. എസ്. മുഹമ്മദൻ ആശാൻ (മാവേലിക്കരയും-കായ്ത്തികുളങ്ങരയും): ഈ കൌൺസിലിനെപ്പറ്റി വിശ്വാസമുണ്ടോ?

മി: എ. സി. കുഞ്ഞുക്കോസ് (മീനച്ചിൽ-ഭേവികളും) : കൌൺസിലിനെപ്പറ്റി വിശ്വാസമുണ്ടു്. വർഗ്ഗീയമായ കുഴപ്പങ്ങളില്ലാതെ ഭാവി അനേകം കുഴപ്പങ്ങളിൽ ഇവിടെ സഹകരിച്ചു പ്രവർത്തിച്ചിട്ടുണ്ടു്. തിരുവിതാംകൂറിലെ പൊതുതൽപരന്മാരുടെ സംരക്ഷിച്ചുവരുന്ന സ്ഥാപനങ്ങളിലും വഴികളിലും കൂടുപോലെ ഏകീകൃതവർഗ്ഗക്കാരുടെ പ്രവേശനം നൽകണമെന്നു ഞാൻ, ആശാൻതന്നെ ഇവിടെ ഒരു പ്രമേയം കൊണ്ടുവരികയും അതുമൂലം സ്ഥാനഭംഗം പരിപൂർണ്ണമായി തോന്നിച്ചു അതു പാസാക്കുകയും ചെയ്തു. ഇതേ ചോദ്യംതന്നെയാണു് ഞാനും ഇപ്പോൾ ചോദിക്കുന്നതു്, തിരുവിതാംകൂറിലെ പൊതുതൽപരന്മാരുടെ സംരക്ഷിക്കപ്പെട്ട വരുന്നായ വിധി ധർമ്മിപ്പാർട്ടുമെൻറുകളിൽ ഇവിടെയുള്ള എല്ലാവർഗ്ഗക്കാർക്കും എപ്പോഴും പ്രവേശനം കൊടുക്കുന്നുണ്ടോ എന്നു്. ഈ കൌൺസിലിൽതന്നെ തിന്നമായ മനഃസ്ഥിതിയും തിന്നമായ സ്വഭാവവും ചിലരിൽ കാണുന്നുണ്ടു്. ഏകൻ സ്നേഹിതൻ മി. ടി. സി. കേശവപിള്ള പറഞ്ഞതു്, ക്രൈസ്തവർ ആലിയായവർക്കു ഇതിലേക്കു യോഗ്യതയുണ്ടോ എന്നാണു്. ഏകൻ പ്രമേയം ഓരോവർഗ്ഗത്തിനും അവരവർക്കർഹതയുള്ളതു ഗവണ്മെൻറിന്റെ പ്രമാണത്തിനു വിരോധമില്ലാതെ തന്നെ കൊടുക്കണമെന്നാണു്. ക്രൈസ്തവർ ആയാലും കത്തോലിക്കരായാലും അവർ മനുഷ്യർ തന്നെയാണല്ലോ. അവരും തിരുവിതാംകൂറിലെ പൌരന്മാർതന്നെയാണു്. മനുഷ്യർ ഉണ്ടാകുന്നതാണു് ഈ വക വർണ്ണവ്യത്യാസങ്ങൾ. ശക്തിയുള്ളവർ അതിനെ സംരക്ഷിക്കണമെന്നു വിചാരിക്കുന്നു. ശക്തിഹീനന്മാരായ ആളുകൾ അവർക്കു ലഭിക്കേണ്ടതു് ലഭിക്കണമെന്നു ആഗ്രഹിക്കുന്നു അതിൽ ഗവണ്മെൻറതന്നെയാണു മുന്നിട്ടു പ്രവർത്തിക്കേണ്ടതു്. കമ്മീഷൻ റിപ്പോർട്ടിൽ അസമത്വപരിഹാരം ഗവണ്മെൻറതന്നെ കയ്യേൽക്കേണമെന്നു പറഞ്ഞിട്ടുണ്ടു്.

മി: ടി. സി. കേശവപിള്ള (കുന്നുകളും-വിളവങ്കോടും) : അമേയന്മാർ കത്തോലിക്കരാകുന്നുണ്ടോ?

മി: എ. സി. കുഞ്ഞുക്കോസു (മീനച്ചിലും-ഭേവികളും): ഓർത്തഡോക്സ്, പാറയർ, പുലയർ, ഇങ്ങനെ പല വർഗ്ഗത്തിലും പെട്ടവർ കത്തോലിക്കരായിട്ടുണ്ടു്. ആകുന്നുമുണ്ടു്.

ഈ കൌൺസിലിൽ മി. ടി. സി. കേശവപിള്ള പറയുന്നതുപോലെതന്നെ 'പോത്തും കുളവും' പട്ടികയും, എന്നാൽ കയ്യാണു്. ഇതിനേറ്റ സത്യതയെപ്പറ്റി എനിക്കഭിപ്രായമേ പറയുവാനില്ല. എന്നാൽ എതുയും സ്വാമി കൈതയോടുകൂടി യജമാനനെ രക്ഷിക്കുന്നതിനുവേണ്ടി ജീവനെ തൃജിച്ചിട്ടുള്ള അനേകം പട്ടിക്കളെക്കുറിച്ചു എനിക്കറിയാം. സത്യത്തിൽ കലമ്പൽകൂട്ടുന്ന പട്ടികളെപ്പറ്റിയാണു് മി. ടി. സി. കേശവപിള്ള പറയുന്നതെങ്കിൽ, ഇങ്ങനെയുള്ള പട്ടികളെപ്പറ്റിയും എനിക്കു പറയുവാൻ കഴിയും. ഓരോവർഗ്ഗക്കാർക്കും ന്യായമായി കിട്ടേണ്ട അവകാശം, ഗവണ്മെൻറിന്റെ പ്രമാണങ്ങൾക്കു വിരോധമില്ലാതെ നൽകണമെന്നു ചോദിക്കുമ്പോൾ അതു ഈ കൌൺസിലിൽനിന്നും തിരഞ്ഞെടുക്കപ്പെടുന്ന ഒരു കമ്മിറ്റിയാണു് തീർച്ചചെയ്യേണ്ടതു് എന്നുപറയേണ്ട യാതൊരാവശ്യവുമില്ല. ഗവണ്മെൻറു സഹോദരന്മാരോടുകൂടി പ്രവർത്തിച്ചുകൂടാതി. വർഗ്ഗീയമായ നിയോജകമണ്ഡലങ്ങളിൽനിന്നും പ്രതിനിധികൾ തിരഞ്ഞെടുക്കപ്പെടുന്ന ഒരു കാലം ഈ തിരുവിതാംകൂറിലുണ്ടാകാം, ഉണ്ടാകുമ്പോൾ അങ്ങിനെയുള്ള ഒരു കമ്മിറ്റിക്കു വിട്ടുകൊടുക്കുന്നതിനു പൂർണ്ണമായി സമ്മതിക്കാം.

മി: എ. എസ്. മുഹമ്മദൻ ആശാൻ (മാവേലിക്കരയും-കായ്ത്തികുളങ്ങരയും) : ഇതിനുസംബന്ധിച്ചു കൌൺസിലിൽചെയ്യുന്ന തീരുമാനം മെംബർ അംഗീകരിക്കാൻ തയ്യാറുണ്ടോ?

മി: എം. സി. കുഞ്ഞുക്കോസ് (മീനച്ചിലും-ഭേവികളും) : മെംബർ അംഗീകരിച്ചില്ലെങ്കിലും ഭൂരിപക്ഷമനുസരിച്ചു കൌൺസിൽ അംഗീകരിച്ചതായിട്ടു വന്നാൽ വിചാരിക്കാം. കൌൺസിലിൽ തീരുമാനത്തിനു അവസാനതീരുമാനം നവണ്മെൻറാണു ചേയ്യുന്നതു്. ഈ വർഗ്ഗീയമായ കുഴപ്പങ്ങളെപ്പറ്റി ഞാൻ കൌൺസിൽ മുഖാന്തരമായി ഗവണ്മെൻറിനോടാണു് ഉദ്ബോധിപ്പിക്കുന്നതു്.

മി: എ. എസ്. മുഹമ്മദൻ ആശാൻ (മാവേലിക്കരയും-കായ്ത്തികുളങ്ങരയും): അല്ലാതെ ഈ സഭയോടല്ല?

മി: എ. സി. കുഞ്ഞുക്കോസ് (മീനച്ചിലും-ഭേവികളും) : ഈ സഭയെ ഉൽബോധിപ്പിച്ചാലും അതിനു തക്ക പരമാധികാരം ഗവണ്മെൻറിനാണുള്ളതു് എന്നും എനിക്കറിയാം,

മെംബർമാരിൽ അനേകംപേർ ഈ തത്വത്തെ സ്വീകരിക്കുന്നു. ഗവണ്മെൻറുതന്നെയും ഈ തത്വം സ്വീകരിച്ചിട്ടുണ്ടു്. ഈ അസ്വാസ്ഥ്യത്തെ പരിഹരിക്കേണ്ടതു ഗവണ്മെൻറിന്റെ കടമയാണു്.

ചീഫ്സെക്രട്ടറി അവർകൾ ഉദാഹരണമായി ഏഡ്യൂക്കേഷൻ ഡിപ്പാർട്ടുമെൻറിനെ പ്രത്യേകം എടുത്തു അതിൽ പ്രത്യേകം യോഗ്യതയുള്ളവരെ മാത്രമേ നിയമിക്കാൻ പാടുള്ളു എന്നുപറഞ്ഞു. അതു പരമാർത്ഥമാണു് എന്നു് അറിഞ്ഞുപറഞ്ഞിൽ വരുന്നില്ല. ഈ കൌൺസിലിൽ ഒന്നാമത്തെദിവസം മൂന്നാമത്തെ ചൊല്ലുത്തിനു പറഞ്ഞ മറുപടിയിൽ ഇംഗ്ലീഷ്മിഡിൽസ്കൂളുകളിലും ഹൈസ്കൂളുകളിലും ഇതുകൊണ്ടു ക്രിസ്ത്യാനികൾക്കുള്ളതിൽ നിന്നും തമിഴ്ബ്രാഹ്മണരും മറ്റു വിഭാഗങ്ങളിൽ നിന്നായിട്ടു ഒരു പേരുമാണു് അദ്ധ്യാപകന്മാരായി ഉള്ളതു് എന്നു കാണാം. ഗവണ്മെൻറു കഴിഞ്ഞ പത്തുവർഷമായി ഈ സമത്വപരിഹാരമെന്നതെന്നു പറഞ്ഞതിന്റെ ഫലമാണിതു്. ഗവണ്മെൻറു അംഗീകരിച്ചിരിക്കുന്ന തത്വത്തിനു വിപരീതമായി പ്രവർത്തിക്കുന്ന അധികാരികളെ ഗവണ്മെൻറു എന്തുചെയ്യും? എഡ്യൂക്കേഷൻ കോടതിസമക്ഷം വിദ്യാഭ്യാസമുള്ളവരെ അദ്ധ്യാപകന്മാരായി നിയമിക്കാം. ഇപ്പോഴും ഈ കോഡു ഉണ്ടാക്കിത്തന്നെയാണു് ഇരിക്കുന്നതു്.

ഓണറബിൾ മെമ്പർ കെ. എ. കുഞ്ഞുണ്ണിക്കാർ (ഡപ്യൂട്ടി പ്രസിഡന്റ്) : ഈ നിയമനങ്ങളെല്ലാം എന്നു മുതലുള്ളതാണ്?

മി: എ. സി. കുര്യാക്കോസ് (മീനച്ചൽ-ദേവികുളം) : അതു ഗവണ്മെന്റുതന്നെ പറയണം. എന്നിക്കു തന്നിട്ടുള്ള പട്ടികയിൽ ഉള്ളിടത്തോളം ഞാൻ പറയുകയാണ്.

ഓണറബിൾ മെമ്പർ കെ. എ. കുഞ്ഞുണ്ണിക്കാർ (ഡപ്യൂട്ടി പ്രസിഡന്റ്) : ഈ തത്വം ഗവണ്മെന്റ് സ്വീകരിച്ചതിൽ പിന്നീടാണോ ഈ നിയമനങ്ങളെല്ലാം നടന്നതു?

മി: എ. സി. കുര്യാക്കോസ് (മീനച്ചൽ-ദേവികുളം): അതെനിക്കറിഞ്ഞുകൂടാ. ഗവണ്മെന്റിനോടു ചോദിച്ചറിയേണ്ടതാണ്.

മറ്റു സമുദായക്കാരെ നിയമിച്ചുകഴിഞ്ഞശേഷം അസമത്വസമുദായക്കാരെ നിയമിക്കാമെന്നാണെങ്കിൽ ഇനി എന്നാണ് ഈ സങ്കടത്തിനു പരിഹാരമുണ്ടാക്കാൻ പോകുന്നതു? ഇതു നിയമനാധികാരികൾ ശ്രദ്ധയോടുകൂടി നോക്കേണ്ടതാണ്. അവർ നോക്കിയില്ലെങ്കിൽ ഗവണ്മെന്റ് നോക്കേണ്ടതാണ്. വിദ്യാഭ്യാസഡിപ്പാർട്ടുമെന്റിൽത്തന്നെ പലേ നിയമനങ്ങളും നടക്കുന്നുണ്ട്. ആണ്ടുതോറും പുതുതായി അദ്ധ്യാപകന്മാരെ തെരഞ്ഞെടുത്തു നിങ്ങിനു് അയയ്ക്കുന്നു. അതുവഴിയും ഒഴിവുകൾ വരുന്നുണ്ട്.

ഉദ്യോഗാനുപിഷയത്തിൽ പ്രാഥമ്യം അസമത്വസമുദായക്കാർക്ക് അതിനു കല്പിച്ചിട്ടുള്ള യോഗ്യതയുണ്ടെങ്കിൽ കൊടുക്കണം. അതിപ്പോൾ ചെയ്യുന്നില്ല. അതുകൊണ്ടു ഗവണ്മെന്റ് ഏതുപ്രകാരത്തിലാണ് ഇതിനു ഒരു പരിഹാരമുണ്ടാക്കുന്നതെന്നു പറയുന്നതുവരെ, ദർഗീയമായ കാര്യങ്ങളിൽ ക്ഷുദ്രതകൾ ശ്രദ്ധ പതിക്കേണ്ട ആവശ്യമുണ്ടെന്നു കാണിക്കുന്നതിനുവേണ്ടി എന്റെ പ്രമേയം വോട്ടിനിടാൻ ഞാൻ അപേക്ഷിക്കുന്നു.

അവസാനമായിട്ട് എനിക്കു പറയാനുള്ളതു വർഗ്ഗീയമായ കാര്യങ്ങളും നിസ്സാരമാണെന്നും ഉദരപൂരണത്തിനുവേണ്ടി പറയുന്നതാണെന്നും ചിലർ പറയുകയുണ്ടായി എന്നതിനെ പരാമർശിച്ചുണ്ടു. ഇംഗ്ലണ്ടിൽ റൌണ്ട്ടേബിൾ കോൺഫറൻസിൽ സന്നിഹിതനായിരിക്കുന്ന മി. ജിന്ന മഹമ്മദീയരുടെ അവകാശങ്ങളെപ്പറ്റി വാദിച്ചിരിക്കുന്നതു് ഇങ്ങനെയാണ്.

"നവീനരേണയിൽ മഹമ്മദീയർക്ക് ഇതരസമുദായങ്ങളോടൊപ്പം, ഗവണ്മെന്റ് സർവീസിലെ എല്ലാശാഖകളിലും ജനസംഖ്യാനുസരിച്ചു ന്യായമായ പ്രാതിനിധ്യം ഉണ്ടായിരിക്കത്തക്കവണ്ണം വ്യവസ്ഥ ചെയ്യണം."

ഇതാണ് ഇന്നു പരിഷ്കൃതരാജ്യക്കാരുടെ വാദവും. അതുകൊണ്ടു ഗവണ്മെന്റ് ഇതിനു ഒരു ന്യായമായ തീരുമാനം ഉണ്ടാക്കിത്തരാത്തപക്ഷം ഈ പ്രമേയം വോട്ടിനിടണമെന്നു പറയുകയല്ലാതെ നിവൃത്തിയില്ല. ഗവണ്മെന്റുസൈഡിൽ ഉള്ള ഉദ്യോഗസ്ഥന്മാർ ഗവണ്മെന്റ് നിർബന്ധിക്കാത്തപക്ഷം അവരുടേയും യഥാർത്ഥമായ മനസ്ഥിതി പ്രകാശിപ്പിക്കട്ടെ.

മി. രേവതിനാഥ രാമവർമ്മരാജാ (ഇടവക): മി. ജിന്നായുടെ അഭിപ്രായം എന്നുപറഞ്ഞതു കോൺഫറൻസിന്റെ പൊതുവായ അഭിപ്രായമാണോ അതല്ല മി. ജിന്നായുടെ അഭിപ്രായം മാത്രമാണോ?

മി: എ. സി. കുര്യാക്കോസ് (മീനച്ചൽ ദേവികുളം): മി. ജിന്ന മഹമ്മദീയസമുദായപ്രതിനിധിയാണ്. അദ്ദേഹം മഹമ്മദീയസമുദായത്തിനുവേണ്ടി വാദിക്കുന്നതായിട്ടാണ ഞാൻ വിചാരിക്കുന്നതു്, എന്റെ പ്രമേയത്തിൽ ഞാൻ ഞങ്ങൾപ്പെട്ട സമുദായത്തെപ്പറ്റി പ്രത്യേകം പറഞ്ഞിട്ടില്ല. ഈ വ്യത്യാസം പ്രത്യേകം ഗണിക്കേണ്ടതുതന്നെ. ഇതിനു ഒരു തീരുമാനം ഇപ്പോൾ ഉണ്ടായിട്ടില്ലെങ്കിൽ ജനസമുദായം തിങ്ങിനിൽക്കുന്നടത്തോളംകാലം ഈ രാജ്യം നിലനിൽക്കുന്നടത്തോളംകാലം സമുദായങ്ങളുടെ അവകാശം ന്യായമായിരിക്കുന്നിടത്തോളംകാലം, ഈ സങ്കടത്തിനു ഒരു പരിഹാരമുണ്ടാക്കാൻ സന്തതിപരമ്പരകൾ ഇടയുന്ന പ്രവർത്തിച്ചുകൊള്ളും എന്നു ഞാൻ വിശ്വസിക്കുന്നു. അതുകൊണ്ടു ഇപ്പോൾ പറയുന്ന തോൽവിയെപ്പറ്റി ഞാൻ കേവലം വിചാരിക്കുന്നില്ല. ഭാവിയെപ്പറ്റി എനിക്കു ദൃഢനിശ്ചയമാണുള്ളതു്.

മി: കെ. ജാർജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): ഞാൻ പറഞ്ഞതിൽ കൂടുതലായി എനിക്കു ഒന്നും പറയാനില്ല.

മി: എ. സി: കുര്യാക്കോസ് (മീനച്ചൽ ദേവികുളം): മലയാളത്തിൽ പറഞ്ഞാൽകൊള്ളാം.

മി: കെ. ജാർജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): എനിക്കു ഇംഗ്ലീഷിൽ സംസാരിക്കാമെന്നു ഞാൻ വിചാരിക്കുന്നു.

സർ, ഞാൻ ഇന്നലെവരെ പറഞ്ഞതിൽ കൂടുതലായി എനിക്കു ഒന്നും പറയാനില്ല. ഈ നിയമനങ്ങളുടെ അല്പമെങ്കിലും രൂപത്തിൽ ഒരു തത്വത്തെ അനുസരിച്ചിരിക്കുകയും ഒരു പ്രവൃത്തിമാർഗ്ഗത്തെ നിർദ്ദേശിക്കുകയും ചെയ്യുന്നു.

മി: എൽ. ആർ. രാജരാജവർമ്മകോയിത്തമ്പുരാൻ (ദേവികുളം): ഒരു പ്രവൃത്തിമാർഗ്ഗത്തെ വിധിക്കുന്നു, ഇന്നലെവരെ നിശ്ചയിച്ചതിനെയും അതിന്റെ ദോഷത്തെയും ഞാൻ എതിർത്തു. എന്തുകൊണ്ടാണു ഗവണ്മെന്റിന് ഇതിനെ സ്വീകരിക്കാൻ പാടില്ലാത്തതു എന്നു ഞാൻ ഇന്നലെവരെ പറഞ്ഞുകേൾപ്പിച്ചു. ഗവണ്മെന്റിന്റെ നിലയെക്കുറിച്ചു ഇതിൽ കൂടുതലായി എന്തെങ്കിലും പറയാനുണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല. ഞാൻ പറഞ്ഞതുപോലെ ചില സമുദായക്കാരുടെയിടയിൽ സക്ഷാൽ സങ്കടമുണ്ടെന്നു ഗവണ്മെന്റിൽനിന്നും സമ്മതിക്കുന്നു.

മി: എ. സി. കുര്യാക്കോസ് (മീനച്ചൽ ദേവികുളം): മി. ആർ. കേശവപിള്ള പറഞ്ഞതുപോലെ ഒരു കമ്മറിക്കു അയയ്ക്കാകൊടുക്കുകയോ അല്ലെങ്കിൽ ഇപ്പോഴത്തെ രീതിതന്നെ ഒന്നു ദേഭപ്പെടുത്തുകയോ ചെയ്യുന്നതുകൊണ്ടു യിരോധമുണ്ടോ?

മി: കെ. ജാർജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): ഉദ്യോഗവിതരണത്തിൽ എന്നെല്ലാം തത്വങ്ങളും പ്രവൃത്തിമാർഗ്ഗങ്ങളും വേണമെന്നുള്ളതിനു ഒരു കമ്മറിയെ നിയമിച്ചുകൂടായെന്നുള്ളതു ഇന്നു ഇവിടെ അംഗീകരിക്കപ്പെട്ടിട്ടുള്ള ഒരു കാര്യമാണ്, ഗവണ്മെന്റിന്റെ നില എന്തെന്നാൽ ഡിപ്പാർട്ടുമെന്റു മേലദ്ധ്യക്ഷന്മാരുടെ

ടെയും ഉദ്യോഗം നിയമിക്കാൻ അധികാരമുള്ളവരിലും മാറാള്ള ഉദ്യോഗസ്ഥന്മാരിലും ഗവണ്മെന്റിനുള്ള അധികാരത്തെ ഗവണ്മെന്റ് ഒന്നുകൂടിഉറപ്പിച്ചിട്ടുണ്ടെന്നു വിചാരിക്കുന്നു. അവർ നടത്തുന്ന ഉദ്യോഗങ്ങളുടെ ലിസ്റ്റ് വരുത്തി ഹസ്തരിൽവച്ചു പരിശോധിച്ചു നോക്കാം.

മി: പി. എസ്സ്. മുഹമ്മദ് (നിശ്ചയിക്കപ്പെട്ട സുന്നാജിക്കൻ): ഇവരിൽ ഓരോരുത്തരുടേയും അവകാശം ഇന്നതാണെന്നു ഗവണ്മെന്റ് ഓരോ ഡിപ്പാർട്ടുമെന്റു മേലദ്ധ്യക്ഷന്മാരേയും അറിയിക്കുമോ?

മി: കെ. ജാർജ്ജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): ഗവണ്മെന്റിന്റെ നയം ഇന്നതാണെന്നു ഗവണ്മെന്റുദ്യോഗസ്ഥരെ സർക്കുലർമൂലം അറിയിച്ചിട്ടുണ്ട്. ഈ സർക്കുലർ ഇന്നും ഉൽപ്രേരിതത്തിൽ ഇരിക്കുന്നു. ഇന്ന് ഇവിടെ നടന്ന ഈ ചർച്ചയും ഗവണ്മെന്റിന്റെ നയത്തേയും ജനപ്രതിനിധികളുടെ അഭിപ്രായത്തേയും മനസ്സിലാക്കുന്നതിനു സഹായിക്കുന്ന മട്ടിലാണിരിക്കുന്നത്. അതുകൊണ്ടു നിയമനങ്ങളും ചെയ്യുന്ന ഉദ്യോഗസ്ഥന്മാരിൽനിന്നും ഉദ്യോഗങ്ങളുടെ വിവരങ്ങളെ വരുത്തി ഹസ്തരിൽവച്ചു സൂക്ഷ്മമായി പരിശോധിച്ചശേഷം ഒരവസരത്തിൽ ഗവണ്മെന്റിനുള്ള അധികാരത്തെ ഒന്നുകൂടി ബലപ്പെടുത്താം. ഈ വിധത്തിൽ സങ്കടത്തെ ഒരു വിധത്തിൽ നീക്കാമെന്നു ഞാൻ വിചാരിക്കുന്നു.

ഇവിടെ അഭിപ്രായപ്പെട്ട വേറേതുമാർഗ്ഗം ഇതിനെപ്പറ്റി അന്വേഷിക്കുന്നതിനു ഒരു കമ്മറിയെ നിയമിക്കുകയാകുന്നു

ഈ വിഷയത്തിൽ ഒരു നിവൃത്തിമാർഗ്ഗം ആലോചിക്കുമ്പോൾ ഒരു അഭിപ്രായവും ഗവണ്മെന്റിൽനിന്നും ആലോചിക്കുന്നതാണ് ഈ അഭിപ്രായം ഗവണ്മെന്റിൽനിന്നും സ്വീകരിക്കുമെന്നു ഇപ്പോൾ തീർച്ചപറഞ്ഞുകൂടാ ഗവണ്മെന്റ് ആലോചിക്കുന്ന മാർഗ്ഗങ്ങളിൽ ഒന്നായിരിക്കും അതു എന്നുള്ളതിനു സംശയമില്ല. സ്വീകരിക്കത്തക്കതാണോ അല്ലയോ എന്ന് ഗവണ്മെന്റിൽനിന്നും തീർച്ചയാക്കും.

മി: തയ്യുള്ളത്തിൽമമ്മദ് (മുവാറ്റുപുഴ തെരഞ്ഞെടുപ്പു): ഉദ്യോഗവിതരണം ഇന്നവിധത്തിൽവേണമെന്ന് വ്യവസ്ഥപ്പെടുത്തുന്നതിനു ഗവണ്മെന്റ് ഒരു ഉത്തരവു പുറപ്പെടുവിപ്പിക്കുമോ?

മി: കെ. ജാർജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): പ്രാതിനിധ്യമില്ലാത്ത സമുദായക്കാർക്കു കിടയുള്ളടത്തോളം പ്രാമുഖ്യം അനുവദിക്കുകയാകുന്നു ഗവണ്മെന്റിന്റെ ഉദ്ദേശം അതിനെപ്പറ്റിപുറത്തുകഴിഞ്ഞു. എന്നാൽ ഉദ്യോഗം കൊടുക്കുന്ന കാര്യത്തിൽ ഗണിതശാസ്ത്രത്തിന്റെ സൂക്ഷ്മതയിൽ ഒരു തോതു നിശ്ചയിക്കുന്നതിനു ഗവണ്മെന്റിന് ഇപ്പോൾ തീരുമാനിയില്ല. അങ്ങനെ പെട്ടെന്നതന്നെ ഒരു സമ്മതം തരുന്നതിന് എനിക്കു നിവൃത്തിയില്ല.

മി: അർ. കേശവപിള്ള (കൊട്ടാരക്കര കന്നത്തൂർ): പ്രാതിനിധ്യമില്ലാത്ത സമുദായക്കാർക്കാണോ ഇപ്പോൾ മുൻഗണനയെന്നുവിചാരിക്കുന്നതെന്നു ഞാൻ ചോദിക്കട്ടെയോ?

മി: കെ. ജാർജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): പ്രാതിനിധ്യമില്ലാത്ത സമുദായക്കാർക്കു ഇപ്പോൾ കിട്ടിക്കഴിഞ്ഞതിനെ മുൻഗണന കൊടുക്കുന്നുണ്ട്.

ഇതിനിയും അധികം സമയം സംസാരിക്കണമെന്നു ഞാൻ വിചാരിക്കുന്നില്ല. ഞാൻ പറഞ്ഞതുപോലെ നിശ്ചയത്തിന്റെ പ്രമാണത്തോടു ഗവണ്മെന്റിന് അനുഭാവം ഉണ്ട്. അപായമുള്ള ചില സമുദായക്കാർക്കു സങ്കടമുണ്ടെന്നും പ്രാതിനിധ്യമില്ലാത്ത സമുദായക്കാർക്ക് വേണ്ട പ്രാതിനിധ്യം കൊടുക്കുന്നതിനും എന്തെങ്കിലും പ്രവർത്തിക്കണമെന്നും ഉള്ളതു്, ഞാൻ പറഞ്ഞതുപോലെ ഈ വിഷയത്തിൽ ഗവണ്മെന്റിന്റെ നയത്തെ പ്രവൃത്തിയിൽ വരുത്തുന്നതിന് ഗവണ്മെന്റ് ഉടനെ പ്രവർത്തിക്കുന്നു ഒന്നാമ്മാർ മുതൽനിന്നും അവർ നിയമിക്കുന്ന ഉദ്യോഗസ്ഥന്മാരിലുള്ള കണക്കുകൾ വരുത്തി അവയെ ഹസ്തരിൽവച്ചു പരിശോധിച്ചു അവരിലുള്ള ഗവണ്മെന്റിന്റെ അധികാരത്തെ ഒന്നുകൂടി ബലപ്പെടുത്തുകയാകുന്നു. ഇവിടെ ഇതുവരെ നടന്ന വാദത്തേയും ഗവണ്മെന്റ് ആലോചിക്കും. ഉദ്യോഗസ്ഥന്മാരുടെ മേലുള്ള അധികാരത്തെ ബലപ്പെടുത്തി അതിന്റെ ഫലത്തെ അനിഷ്ടശേഷം അവസാനതീർച്ച ചെയ്യുന്നതായിരിക്കും.

മി: എ. സി. കുര്യാക്കോസ് (മീനച്ചലും-ഭേവികളുവും): ഗവണ്മെന്റ് ഒരു ജി. ഒ. പുറപ്പെടുവിപ്പിക്കാമെന്നു മറുപടി പറഞ്ഞു. അതു ഒരു കമ്മറിയുടെ ആലോചനയോടുകൂടി പുറപ്പെടുവിക്കാൻ തയ്യാറാണോ?

മി: കെ. ജാർജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): ജി. ഒ. പുറപ്പെടുവിയ്ക്കാമെന്നു ഞാൻ പറഞ്ഞില്ല. ഉദ്യോഗത്തിൽ നിയമിക്കുന്ന അധികാരികളുടെ പേരിലുള്ള മേൽനോട്ടം ഉദ്ദേശിച്ചുള്ളതാണെന്നേ ഞാൻ പറഞ്ഞതായുള്ളൂ.

മി: എ. സി. കുര്യാക്കോസ് (മീനച്ചലും-ഭേവികളും): ഇതു ഒരു വിഷമംപിടിച്ച സംഗതിയാണ്. ഇതിനു ഒരു പരിഹാരം രൂപീകരിക്കേണ്ടതാണെന്നാണ് എല്ലാവരും പറഞ്ഞതു്. ഗവണ്മെന്റും അതു സമ്മതിച്ചു. ആ സ്ഥിതിക്കു ഗവണ്മെന്റുതന്നെ നിശ്ചയിക്കുന്ന ഒരു കമ്മറിയുടെ പര്യാലോചനയിൽവച്ചു രണ്ടോ നാലോ മാസംകൊണ്ടു അവരുടെ അഭിപ്രായം വരുത്തി നിവൃത്തിമാർഗ്ഗം കണ്ടുപിടിച്ചു ശരിയായ വ്യവസ്ഥ ചെയ്യുമോ?

മി: കെ. ജാർജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): ഇപ്പോഴത്തെ അസ്വസ്ഥിയെ തീർക്കുന്നതിനുള്ള അഭിപ്രായങ്ങളിൽ ഒന്നാകുന്നു അതു്. ആ അഭിപ്രായത്തേയും ആലോചിച്ചു വേണ്ടതു പ്രവൃത്തിക്കുന്നതാണ്.

അദ്ധ്യക്ഷൻ: ഇവിടെ ഇപ്പോൾ ഒരു നിയമവും രണ്ടു ഭേദഗതികളുമുണ്ട്. ഞാൻ ആദ്യം പറഞ്ഞതുപോലെ നിശ്ചയത്തിനു മൂന്നു ഭാഗങ്ങളും ഉണ്ട്. ഒന്നിനെക്കുറിച്ചു നിശ്ചയം ഹാജരാക്കിയ ആളും അവതരിപ്പിച്ച ആളും, രണ്ടു ഭേദഗതികളും ഹാജരാക്കിയ ആളും, തമ്മിൽ യാതൊരു വ്യത്യാസവുമില്ല. അതുകൊണ്ടു ഒഴിവുവരുന്ന ഉദ്യോഗങ്ങളെക്കുറിച്ചു ലിസ്റ്റിൽ പരസ്യംചെയ്യേ അപേക്ഷ വരുത്തേണ്ട ആവശ്യകതയെപ്പറ്റി ഞാൻ ഇപ്പോൾ ഇവിടെ അതിനെ ഒരു എതിർ അഭിപ്രായക്കാരനുണ്ടെന്നു കാണുന്നു. അതുകൊണ്ടു അതു ആലോചനയായി മേൽനടപടിയിലിരിക്കുന്നു. അടുത്ത ഭേദഗതിക്കാളെപ്പറ്റി ആലോചിക്കാം. ഭേദഗതികളിൽ ഒന്നു നിശ്ചയത്തിൽ അടങ്ങിയ അഭിപ്രായത്തിനു നേരേ വിരുദ്ധമാകുന്നു. അതായതു്, ഒരു ഉദ്യോഗവിതരണസമിതിയെ നിയമിക്കുക എന്നതാകുന്നു. ഈ നിശ്ചയം ഹാജരാക്കിയ ആളിന്റെ ഉദ്ദേശത്തിനു എതിരാകുന്നു. അടുത്തുള്ളതു രണ്ടാമത്തെ ഭേദഗതി ആകുന്നു. ഒന്നാമത്തെ ഭേദഗതി ഹാജരാക്കിയ ആളും, പിൻ

താങ്ങിയ ആളും ആവശ്യപ്പെട്ടതിനെ നിശ്ചയം ഹാജരാക്കിയ ആളും, പിൻതാങ്ങിയ ആളും സ്വീകരിച്ചിരിച്ചിരിക്കുന്നു. എങ്കിലും ഞായയുള്ള അടുത്ത അഞ്ചുകാല്ലങ്ങളിൽ ഉണ്ടാകുന്ന ഉദ്യോഗങ്ങളെല്ലാം പ്രാതിനിധ്യമില്ലാത്ത സമുദായങ്ങൾക്കായി മാറിവയ്ക്കണമെന്നുള്ള നിശ്ചയത്തിനു വിരുദ്ധം. ഒന്നാമത്തെ ഭേദഗതിയിൽ ആകെയുള്ള ഉദ്യോഗങ്ങളിൽ അൻപതു ശതമാനം ഈ വിധത്തിൽ നിജപ്പെടുത്തണമെന്നും, ബാക്കിയുള്ള അൻപതു ശതമാനം ഇപ്പോൾ മെമ്പർഷിൽ സ്വീകരിച്ചിരിക്കുന്ന തത്വത്തെ അനുസരിക്കണമെന്നുമാകുന്നു. അതുകൊണ്ട് അതു മൂന്നാമത്തെ ഒരു ഭേദഗതി അംഗീകരിക്കുകയില്ലെങ്കിൽ നിശ്ചയം. ഇതിനെ ന്യായമായിട്ട് ഒരു നിശ്ചയമെന്നു പിള്ളിക്കാമെങ്കിൽ അതുകൊണ്ടു മന്നാമതായി ഒഴിവുകളെക്കുറിച്ചു പരസ്യംചെയ്യണമെന്നുള്ളതായ നിശ്ചയത്തിന്റെ രണ്ടാംഭാഗത്തെക്കുറിച്ചു ആട്ടെ പിന്നീടു പറയാം. രണ്ടാമതായി മിസ്റ്റർ രാജരാജവർമ്മയുടെ ഉദ്യോഗവിതരണസമിതിയെ നിയമിക്കണമെന്നുള്ളതിനെ പോട്ടിനിടാം. മൂന്നാമതായി മിസ്റ്റർ ഇട്ടപ്പ് ഇട്ടീച്ചൻ ഭേദഗതി, അതായതു ആകെയുള്ള ഒഴിവുകളിൽ അൻപതു ശതമാനം നിശ്ചയത്തിലടങ്ങിയിരിക്കുന്ന തത്വമനുസരിച്ചു നിയമിക്കണമെന്നും ബാക്കി അൻപതു ശതമാനം മെമ്പർഷിൽ കൈവശം വരുന്ന രീതി അനുസരിച്ചു നിയമിക്കണമെന്നുമുള്ളതു്.

പിന്നിട നിശ്ചയം പിൻവലിച്ചിട്ടില്ലാത്തതുകൊണ്ടു നിശ്ചയവും പോട്ടിനിടുന്നതാകുന്നു.

റാവു ബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (ഡപ്യൂട്ടി പ്രസിഡൻറ്): സമുദായപ്രാതിനിധ്യം അനുസരിച്ചു ഉദ്യോഗത്തിൽ പ്രമോഷൻ കൊടുക്കുക എന്നുള്ളതു വളരെ നിയമിക്കുക എന്നുള്ളതിൽനിന്നും, വളരെ വ്യത്യസ്തപ്പെട്ടിട്ടുള്ളതാകുന്നു. അതുകൊണ്ടു പ്രത്യേകിച്ചു പോട്ടിനിടുന്നതിനു അവിടുന്നു ആലോചിക്കുന്നുണ്ടോ?

അദ്ധ്യക്ഷൻ: ഇവിടെയുള്ള വാദം ചേട്ടനിന്നുശേഷം എന്ന് മനസ്സിലാകുന്നതു ആദ്യമായിട്ടുള്ള ഉദ്യോഗത്തിനെക്കുറിച്ചുമാത്രമല്ല പ്രമോഷൻ കൊടുക്കുന്നതിനും നിശ്ചയത്തിൽ അടങ്ങിയിരിക്കുന്ന തത്വം സ്വീകരിക്കണമെന്നുള്ളതാണ്. അതാണ് ഹാജരാക്കിയ ആളിന്റെ ഉദ്ദേശം എന്നു ഞാൻ മനസ്സിലാക്കുന്നു. ആദ്യത്തെ നിയമനവും പ്രമോഷൻ കൊടുക്കുന്നതും തമ്മിൽ നിശ്ചയം ഹാജരാക്കിയ ആൾ വ്യത്യസ്തപ്പെടുത്തിയിട്ടുള്ളതായി കാണുന്നില്ല.

ഉദ്യോഗം ഒഴിവുവരുമ്പോൾ മസറിൽ പരസ്യം ചെയ്യണമെന്നുള്ളതിനെക്കുറിച്ചുള്ള നിശ്ചയത്തിന്റെ ഭാഗം ആദ്യം പോട്ടിനിടാം.

മി: ജി. പി. നീലകണ്ഠപ്പിള്ള (കന്യാകുമാരി): സ്ഥിരമൊഴിവോ, താൽക്കാലികമൊഴിവുകളോ?

അദ്ധ്യക്ഷൻ: രണ്ടായി ഉച്ചരിച്ചു പറയുക.

മി: ജി. പി നീലകണ്ഠപ്പിള്ള (കന്യാകുമാരി): സ്ഥിരമൊഴിവുകളോ, താൽക്കാലിക ഒഴിവുകളോ?

അദ്ധ്യക്ഷൻ: നിശ്ചയത്തിൽ അങ്ങിനെ ഒരു വ്യത്യാസംചെയ്തിട്ടില്ല, അതുകൊണ്ടു ഉദ്യോഗം സ്ഥിരമുള്ളതായാലും, താല്ക്കാലികമുള്ളതായാലും, മസറിൽ പരസ്യം ചെയ്യണമെന്ന നിശ്ചയവും, ഭേദഗതിയും ഹാജരാക്കിയവർ ആവശ്യപ്പെട്ടതനുസരിച്ചായി അനുമാനിക്കാം.

മി: ആർ. കേശവപിള്ള (കൊട്ടാരക്കര-കുന്നത്തൂരും): പോട്ടിനിടാൻപോകുന്ന ഭാഗം ഏതാണെന്നു അറിഞ്ഞാൽകൊള്ളാം.

അദ്ധ്യക്ഷൻ: ഈ ഭാഗമാണ്. തിരുവിതാംകൂർ പബ്ലിക്ക സർവീസിലുള്ള ഡിപ്പാർട്ടുമെൻറുകളിലും ഗ്രേഡുകളിലും ഉദ്യോഗത്തിനു ഒഴിവുവരുമ്പോൾ മസറിൽ പരസ്യംകൊടുത്തു അപേക്ഷകരിൽ വേണ്ടതാണെന്നുള്ളതു്; ആദ്യമായി പോട്ടിനിടണമെന്നുള്ള ഭാഗമിതാണ്. ഈ ഭാഗം പോട്ടിനിടുകയും തള്ളപ്പെടുകയും ചെയ്തു.

മി: എൽ. ആർ. രാജരാജവർമ്മ കോയിൽതമ്പുരാൻ (ചങ്ങനാശ്ശേരി-പീരുമേട്): ഞാൻ ഒരു പോരായ്മ ആവശ്യപ്പെടുന്നു.

ഒരു പോരായ്മ ആവശ്യപ്പെടുകയും ഏർപ്പെടുത്തുകയുംചെയ്തു.

അനുകൂലിച്ചവർ ൧൬.

൧.	മി: പി. ചെല്ലംപിള്ള	൭.	മി: എൻ. ആർ. കുട്ടൻ
൨.	,, ഡി. പ്രാൻസിസ്	൮.	,, തയ്യിൽ കുഞ്ഞിരാമൻമേൽ
൩.	,, ഇട്ടപ്പ് ഇട്ടീച്ചൻ	൯.	,, എ. സി. കുര്യാക്കോസ്
൪.	,, ഡി. സി. ജോസഫ്	൧൦.	,, പി. എസ്സ്. മഹമ്മദ്
൫.	,, കെ. സി. കുഞ്ഞനേരൻ	൧൧.	,, മാത്തൂമൂർക്കൻ
൬.	,, താമരപള്ളിൽ കൊച്ചുതൊമ്മൻ	൧൨.	,, എൽ. ആർ. രാജരാജവർമ്മ കോയിൽതമ്പുരാൻ

പ്രതികൂലിച്ചവർ ൬൧.

൧.	മി: എൽ. എ. ബിഷപ്പ്	൧൬.	മി: കെ. മാധവൻപിള്ള
൨.	,, ഐ. സി. ചാക്കോ	൧൭.	,, ടി. കെ. മാധവൻനായർ
൩.	,, ആർ. ധനുക്കോടിപ്പിള്ള	൧൮.	,, ഇ. ജി. മാക്ക് ആൽപയിൻ
൪.	,, കെ. ജോർജ്	൧൯.	,, ആർ. നീലകണ്ഠപ്പിള്ള
൫.	,, പി. ഗോമതിനായകംപിള്ള	൨൦	,, കയ്യാലം പരമേശ്വരൻപിള്ള
൬.	മിസ്സസ് എലിസബത്ത് കുരുവിള	൨൧.	ഡാക്ടർ കെ. രാമൻതമ്പി
൭.	മി: എ. ജി. മേനോൻ	൨൨.	മി: രേവതിനാൾ രാമവർമ്മരാജാ
൮.	,, ടി. സി. കേശവപിള്ള	൨൩.	,, എസ്സ്. സി. എച്ച്. റാബിൻസൺ
൯.	റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ	൨൪.	,, ആർ. വൈല്യലിംഗംപിള്ള
൧൦.	മി: പി. എൻ. കൃഷ്ണപിള്ള	൨൫.	,, ജെ. എസ്സ്. വെസ്റ്റർഡെയ്ൽ
൧൧.	റാവു സാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള		

നിഷ്പക്ഷനിലക്കാർ ക്ഷ.

(ക) മി: എ. എസ. മുഹമ്മദ്കുരൻ ആശാൻ
(ഖ) ,, കെ. എൻ. കേശവൻനംപൂതിരിപ്പാട്ട
(ഗ) ,, ആർ. കേശവപിള്ള
(ഘ) ,, എൻ. കെ. കൃഷ്ണപിള്ള
(ങ) ,, വി. എസ്. കൃഷ്ണപിള്ള
(ച) ,, എച്ച്. ബി. മുഹമ്മദ്കുഞ്ഞുത്തർ
(ഛ) മി: ജി. പി. നീലകണ്ഠപ്പിള്ള
(ജ) ,, കെ. പി. നീലകണ്ഠപ്പിള്ള
(ഝ) ,, മുഹമ്മദ്കുഞ്ഞുപിള്ള
(ഞ) ,, കെ. പരമനാഭപണിക്കർ
(ട) ,, കെ. ജി. പരമേശ്വരൻപിള്ള
(ഠ) ,, ആർ. രാമൻപിള്ള
(ഡ) ,, എ. താണുപിള്ള

തിരുമുമ്പിൽ ഒന്നാമത്തെ യോഗം വിജയമായിതീരുകയും ചെയ്തു.

അദ്ധ്യക്ഷൻ: നാം ഇനിയും അടുത്തഭേദഗതി അനുസരിച്ചു മി: എൽ. ആർ. രാജരാജവർമ്മയുടെ ഭേദഗതിയെപ്പറ്റി ആലോചിക്കാം.

അതിനു അനുകൂലിച്ചവർ ദയവായിരുന്നു കൊള്ളുക.

൪ പേർ അനുകൂലിക്കുകയും നമ്മ പേർ പ്രതികൂലിച്ചതായും കാണപ്പെട്ടു.

മി: എൽ. ആർ. രാജരാജവർമ്മകോയിത്തമ്പുരാൻ (ചങ്ങനാശേരിയും-പീരുമേടും):: ഞാൻ ഒരു പോരിം ആവശ്യപ്പെടുന്നു.

താഴെകാണുന്ന ഫലത്തോട്ടുകൂടിയ ഒരു വോട്ടെടുത്തു.

അനുകൂലിച്ചവർ ൪

(ക) മി: റവി. സി. കേശവപിള്ള
(ഖ) ,, മുഹമ്മദ്കുഞ്ഞുപിള്ള
(ഗ) മി: എൽ. ആർ. രാജരാജവർമ്മകോയിത്തമ്പുരാൻ
(ഘ) ,, രേവതിനാൾ രാമവർമ്മരാജ

പ്രതികൂലിച്ചവർ ന്മ.

(ക) മി: എൽ. എ. ബിഷപ്പ്
(ഖ) ,, എ. സി. ചാക്കോ
(ഗ) ,, ധനക്കോടിപ്പിള്ള
(ഘ) ,, കെ. ജാർജ്
(ങ) ,, പി. ഗോമതിനായകംപിള്ള
(ച) ,, ഡി. പ്ലാൻസിസ്
(ഛ) ,, ഇട്ടൂപ്പ ഇട്ടീച്ചൻ
(ജ) ,, ഡി. സി. ജോസഫ്
(ഝ) ,, കെ. സി. കരുണാകരൻ
(ഞ) ,, കെ. എൻ. കേശവൻനംപൂതിരിപ്പാട്
(ട) ,, ആർ. കേശവപിള്ള
(ഠ) ,, താമരപ്പള്ളിൽ കൊച്ചുമത്തായ്മൻ
(ഡ) ,, റാവുബഹദൂർ കെ. എം. കൃഷ്ണയ്യങ്കാർ
(ഢ) ,, എൻ. കെ. കൃഷ്ണപിള്ള
(ണ) ,, എൽ. ആർ. കൃഷ്ണൻ
(ത) ,, പി. എൻ. കൃഷ്ണപിള്ള
(ഥ) ,, റാവുസാഹിബ് ഡാക്ടർ എൻ, കുഞ്ഞൻപിള്ള
(ദ) മി: ഇ. ഇട്ടൂപ്പ ഇട്ടീച്ചൻ
(ധ) ,, കെ. പി. നീലകണ്ഠപ്പിള്ള
(ന) ,, ജി. പി. നീലകണ്ഠപ്പിള്ള
(പ) ,, മുഹമ്മദ്കുഞ്ഞുപിള്ള
(ഫ) ,, കെ. പരമനാഭപണിക്കർ
(ബ) ,, കെ. ജി. പരമേശ്വരൻപിള്ള
(ഭ) ,, ആർ. രാമൻപിള്ള
(മ) ,, എ. താണുപിള്ള
(യ) മി: തരിയനുകുഞ്ഞിരുത്താമ്മൻ
(ര) ,, റവ. സി. കുരിയാക്കോസ്
(റ) ,, റവ. കെ. മാധവൻനായർ
(ല) ,, മാത്തൂരിക്കൻ
(വ) ,, ഇ. ജി. മാക്ക് അൽഫയൻ
(ശ) ,, ജി. പി. നീലകണ്ഠപ്പിള്ള
(ഷ) ,, കെ. പി. നീലകണ്ഠപ്പിള്ള
(സ) ,, ആർ. നീലകണ്ഠപ്പിള്ള
(ഹ) ,, കെ. പരമനാഭപണിക്കർ
(ള) ,, കണ്ണാലം പരമേശ്വരൻപിള്ള
(ഴ) ,, കെ. ജി. പരമേശ്വരൻപിള്ള
(റ) ഡാക്ടർ കെ. രാമൻനമ്പി
(റ) മി: എച്ച്. സി. എച്ച്. റാബിൻസൺ
(റ) ,, ആർ. വൈദ്യലിംഗപിള്ള
(റ) മെ. എസ് മെയ്സ്റ്റർ ഓഡയിൽ

നിഷ്പക്ഷനിലക്കാർ വ.

(ക) മി: വി. ചെല്ലംപിള്ള
(ഖ) ,, എ. എസ്സ്. മുഹമ്മദ്കുഞ്ഞു ആശാൻ
(ഗ) മിസ്സസ്സ് എലിസബത്തു കുരുവിള
(ഘ) മി: എ. ജി. മേനോൻ
(ങ) മി. വി. എസ്സ്. കൃഷ്ണപിള്ള
(ച) ,, എച്ച്. ബി. മുഹമ്മദ് റാവുത്തർ
(ഛ) ,, ആർ. രാമൻപിള്ള
(ജ) ,, എ. താണുപിള്ള

അദ്ധ്യക്ഷൻ: ഭേദഗതിതള്ളപ്പെട്ടു. അടുത്തഭേദഗതി മി: ഇട്ടൂപ്പൻ ഇട്ടീച്ചൻ ഹാജരാക്കിയ ഭേദഗതിയാകുന്നു. അതിനെ അനുകൂലിച്ചവർ ദയവായികൈപൊക്കുക.

൫ ആളുകൾ അനുകൂലിച്ചു. ൬൯ ആളുകൾ പ്രതികൂലിച്ചു.

മി: ആർ. നീലകണ്ഠപ്പിള്ള (ശവസംസ്കാരത്തിനുള്ള ഹിന്ദുൻഷ്യൽസ് ട്രിപ്പ്) പോരിം എടുക്കണമെന്നു ഞാൻ ആവശ്യപ്പെടുന്നു.

താഴെ കാണിക്കുന്നവിധത്തിൽ ഒരു പോരിം എടുത്തു.

അനുകൂലിച്ചവർ ൫൦.

(ക) മി. വി. ചെല്ലംപിള്ള
(ഖ) ,, ഡി. പ്ലാൻസിസ്
(ഗ) ,, ഇട്ടൂപ്പ ഇട്ടീച്ചൻ
(ഘ) ,, പി. സി. ജോസഫ്
(ങ) ,, താമരപ്പള്ളിൽ കൊച്ചുമത്തായ്മൻ
(ച) മി: എൻ. ആർ. കൃഷ്ണൻ
(ഛ) ,, തരിയനു കുഞ്ഞിരുത്താമ്മൻ
(ജ) ,, എ. സി. കുര്യാക്കോസ്
(ഝ) ,, പി. എസ്സ്. മഹമ്മദ്
(ഞ) ,, മാത്തൂരിക്കൻ

പ്രതിക്ഷിച്ചവർ

(ക) മി: എൽ. എം. ബിഷപ്പ്
(ഖ) ,, കെ. സി. ചാക്കോ
(ഗ) ,, എ. എസ്. ദാമോദരൻ ആശാൻ
(ഘ) ,, ആർ. ധനുഷ്കോടിപ്പിള്ള
(ങ) ,, കെ. ടാർജ്ജ്
(ച) ,, പി. ഗോമസിനായകംപിള്ള
(ഛ) ,, മിസ്സസ്സ് എലിസബത്ത് കുര്യൻ
(ജ) ,, എ. ജി. മേനോൻ
(ഝ) ,, കെ. എൻ. കേശവൻ നംപൂതിരിപ്പാട്
(ഞ) ,, റാവുബഹദൂർ കെ. എൻ. കൃഷ്ണയ്യർ
(ട) ,, എൻ. കെ. കൃഷ്ണപിള്ള
(ഠ) ,, പി. എൻ. കൃഷ്ണപിള്ള
(ഡ) ,, വി. എസ്. കൃഷ്ണപിള്ള
(ഢ) ,, റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻ പിള്ള
(ണ) മി: കെ. മാധവൻപിള്ള
(ത) ,, റാ. കെ. മാധവൻനായർ
(ഥ) ,, എച്ച്. ബി മഹമ്മദ് റാവുത്തർ
(ദ) ,, ഇ. ജി. മാക്ക് ആൽഫോൻസ്
(ധ) ,, ആർ. നീലകണ്ഠപ്പിള്ള
(ന) ,, കെ. പരമനാഭപ്പണിക്കർ
(പ) ,, കയ്യാലംപരമേശ്വരൻ പിള്ള
(ഫ) ,, കെ. ജി. പരമേശ്വരൻപിള്ള
(ബ) ,, എൽ. ആർ. രാജരാജവർമ്മരാജാ
(ഭ) ,, ഡാക്ടർ കെ. രാമൻനമ്പി
(മ) ,, രേവതിനാൾ രാമവർമ്മരാജ
(യ) ,, എസ്സ്. സി. എച്ച്. റോബിൻസൺ
(ര) ,, എ. താണുപിള്ള
(റ) ,, ആർ. വൈദ്യലിംഗംപിള്ള
(ല) ,, ജെ. എസ്സ്. കവസ്സർഡയിൽ.

നിഷ്പക്ഷതിചക്കർ. 9.

(ക) മി: കെ. സി. കരുണാകരൻ
(ഖ) ,, ആർ. കേശവപിള്ള
(ഗ) ,, റാ. സി. കേശവപിള്ള
(ഘ) ,, ജി. പി. നീലകണ്ഠപ്പിള്ള
(ങ) മി: ഇ. പി. നീലകണ്ഠപ്പിള്ള
(ച) ,, മുഹമ്മദ് പരീക്കുപ്പിള്ള
(ഛ) ,, ആർ. രാമൻപിള്ള

അദ്ധ്യക്ഷൻ: ഭേദഗതിയുള്ളപ്പെട്ടുപോയി.

മി: എ. സി. കുഞ്ഞുക്കോസ് (ചീഫ് ച്ചീഫും-ലേവികളും): മി: ഇട്ടീച്ചന്റെ ഭേദഗതിയോട് ക്ലിടിയാണ് എന്റെ പ്രമേയം അവസാനത്തിൽ ആലോചനയ്ക്കു വന്നതു. ആ ഭേദഗതി തള്ളിപ്പോയസ്ഥിതിക്കു പ്രമേയം വോട്ടിനിടണമെന്നു എനിക്കു പക്ഷമില്ല.

അദ്ധ്യക്ഷൻ: പ്രമേയം നീങ്ങാം പിൻവലിച്ചിട്ടില്ല, ആ സ്ഥിതിക്ക് അതു കൗൺസിലിന്റെ മുമ്പെ ഇരിക്കുന്നതായിട്ടു വേണം വിചാരിക്കാൻ.

മി: എ. സി. കുഞ്ഞുക്കോസ് (ലീനച്ചുവും-ലേവികളും): പ്രമേയം പിൻവലിക്കണോ എന്നൊരു ചോദ്യം ഉണ്ടായിട്ടില്ല. പ്രമേയത്തിന്റെ ആദ്യഭാഗം വോട്ടിനിട്ടയണ്ട കാര്യമുള്ളൂ.

അദ്ധ്യക്ഷൻ: പ്രമേയം പിൻവലിക്കാത്തസ്ഥിതിക്കു അതും ഈ സഭയുടെ മുമ്പാകെ ഇരിക്കുന്നു എന്നു വേണം വിചാരിക്കാൻ, അതുകൊണ്ടാണു ഞാൻ പ്രമേയത്തിന്റെ ആദ്യഭാഗം വോട്ടിനിട്ടതു. ആ സ്ഥിതിക്ക് ഈ പ്രമേയവും വോട്ടിനിടേണ്ടതാണു.

മി: മാത്തുമൂരിക്കൻ (കൈക്ക) അഭിപ്രായത്തിനു നിശ്ചയം പിൻവലിക്കുന്നതിനു അനുവാദം ചോദിക്കാമായിരുന്നു.

മി: മുഹമ്മദ് പരീക്കുപിള്ള (ചേർത്തല): എനിക്കു അദ്ധ്യക്ഷന്റെ ഒരു വാക്കിന്റെ കുറവുണ്ടു.

അദ്ധ്യക്ഷൻ: ഈ സഭയുടെ മുമ്പാകെ ഇരിക്കുന്ന നിശ്ചയം എന്താണെന്നു ചില സാമാജികന്മാർ കുറച്ചു മുമ്പേ ആവശ്യപ്പെട്ടപ്പോൾ മിസ്റ്റർ കുഞ്ഞുക്കോസിനു അഭിപ്രായത്തിന്റെ നിശ്ചയം പിൻവലിക്കാമായിരുന്നു.

ഒരു വിഷയത്തിനെപ്പറ്റി എന്റെ തീരുമാനവും ആവശ്യപ്പെട്ടു, അപ്പോഴാണ് നിശ്ചയത്തിനേയും ഭേദഗതിയേയും പ്രത്യേകം എടുക്കുകയാണ് വേണ്ടതെന്നു ഞാൻ പറഞ്ഞതു. ഞാൻ എന്റെ തീരുമാനം പറഞ്ഞുകഴിഞ്ഞു. അതുകൊണ്ടു നിശ്ചയം ഇനിയും വോട്ടിനിടാം.

നിശ്ചയത്തിനെ അനുകൂലിക്കുന്നവർ ദയവായി കൈപൊക്കണം

എണ്ണിയതിൽ അനുകൂലിക്കുന്നവരായി ൻ പേരും പ്രതിക്ഷിക്കുന്നവരായി നാല പേരും ഉണ്ടായിരുന്നു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഞാൻ ഒരു പോരായ്മ ആവശ്യപ്പെടുന്നു ഒരു പോരായ്മ എടുത്തതിൽ താഴെ കാണിക്കുന്ന ഫലമായിരുന്നു.

അനുകൂലിച്ചവർ

(ക) മി. സി. ഫ്രാൻസിസ്
(ഖ) ,, ഇട്ടീപ്പ ഇട്ടീച്ചൻ
(ഗ) ,, ഡി. സി. ജോസഫ്
(ഘ) ,, താമരപ്പള്ളിൽ കൊച്ചുതൊമ്മൻ
(ങ) ,, എൽ. ആർ. കൃഷ്ണൻ
(ച) മി. തരിയൻ കുഞ്ഞിതൊമ്മൻ
(ഛ) ,, എ. സി. കുരിയാക്കോസ്
(ജ) ,, കെ. പി. നീലകണ്ഠപ്പിള്ള
(ഝ) ,, കെ. പരമാനാഭപ്പണിക്കർ

ഹാജരുണ്ടായിരുന്നവർ

(൧) മി. എൽ. എ. ബിഷപ്പ്
(൨) ശ്രീ ഐ. സി. ചാക്കോ
(൩) ടി വ. പെല്ലാപിള്ള
(൪) ടി എ. എസ്. മുഹമ്മദ് ഇബ്രാഹിം സുലൈമാൻ സാഹിബ്
(൫) ടി അഴകൻ ധനുഷ്കോടിപിള്ള
(൬) ടി പെ. ജോസ്സ്
(൭) ടി പി. ഗോവിന്ദപിള്ള
(൮) ടി മിസ്സിസ്സ് എലിസബത്ത് കുര്യാപിള്ള
(൯) ടി യു. ജി മേനോൻ
(൧൦) ടി കെ. സി. കരുണാകരൻ
(൧൧) ടി കെ. എൻ. കേശവൻ നമ്പൂതിരിപ്പാട്
(൧൨) രാവുബഹദൂർ കെ. എ. കുഞ്ഞുണ്ണികാർ
(൧൩) മി. എൻ. കെ. കുഞ്ഞപിള്ള
(൧൪) ടി പി. എൻ. കുഞ്ഞപിള്ള
(൧൫) ടി വി. എസ്. കുഞ്ഞപിള്ള
(൧൬) ദിവാൻബഹദൂർ ഡാക്ടർ എൻ കുഞ്ഞൻപിള്ള
(൧൭) മി. പി. കെ. മാധവൻപിള്ള
(൧൮) ടി കെ. മാധവൻനായർ
(൧൯) ടി എച്ച്. ബി. മഹമ്മദ്ഖാവുണ്ണർ
(൨൦) ടി ഇ. ജി. മുഹമ്മദ് ഇസ്മായിൽ പയിൻ
(൨൧) ടി ആർ. നീലകണ്ഠപിള്ള
(൨൨) ടി കുയ്യാലംപരമേശ്വരൻപിള്ള
(൨൩) ടി കെ. ജി. പരമേശ്വരൻപിള്ള
(൨൪) ടി എൽ. ആർ. രാജരാജവർമ്മ കോയിൽതമ്പുരാൻ
(൨൫) ടി ഡാക്ടർ കെ. രാമൻതമ്പി
(൨൬) ടി ആർ. രാമൻപിള്ള
(൨൭) ടി രോഹിണിതിരുനാൾ രാമവർമ്മരാജ
(൨൮) ടി എസ്. വി. എച്ച്. റോബിൻസൺ
(൨൯) ടി എ. രാമപിള്ള
(൩൦) ടി ആർ. വൈദ്യലിംഗംപിള്ള
(൩൧) ടി ജെ. എസ്. വെസ്റ്റർഡെയിൽ

നിക്ഷ്പക്ഷനിലക്കാർ

(൧) മി. ആർ. കേശവപിള്ള
(൨) ടി ടി. സി. കേശവപിള്ള
(൩) ടി പി. എസ്. മുഹമ്മദ്
(൪) മി, മത്തായിതരിക്കൻ
(൫) ടി ജി. പി. നീലകണ്ഠപിള്ള
(൬) ടി ഇ. പി. നീലകണ്ഠപിള്ള

അദ്ധ്യക്ഷൻ: അപ്പോൾ നിശ്ചയം തള്ളപ്പെട്ടു. അടുത്തനിശ്ചയം ആലോചനക്കു എടുക്കുന്നതിനു നമുക്കു സമയമുണ്ടോ എന്നു അറിഞ്ഞില്ല. എന്തെന്നാൽ ക്ലിപ്തം ൩൦ നു അടിയന്തിരപ്രമേയം എടുക്കേണ്ടിയതായിട്ടുണ്ട്. അതിനു നമുക്കു അരിക്കിച്ചുരു മിന്നിട്ടുമാത്രമുണ്ട്.

മി: ആശാൻ അതു അവതരിപ്പിക്കുന്നതിനും അടിയന്തിരപ്രമേയത്തിനെപ്പറ്റിയുള്ള വാദം പിന്നീടാക്കുന്നതിനു നിങ്ങൾ ആവശ്യപ്പെടുന്നോ?

മി: എ. എസ്. മൊഹമ്മദ് ആശാൻ (മാവേലിക്കര കാത്തിക്കപ്പള്ളി) എനിക്കു അതു നിർബന്ധമില്ല.

അദ്ധ്യക്ഷൻ: നിങ്ങൾക്കു അതു നിർബന്ധമില്ലെങ്കിൽ അതു എടുക്കണമെന്നില്ല. നിങ്ങളുടെ നിശ്ചയം അവതരിപ്പിക്കുന്നതിനു വാദം ഉടനുണ്ടാകണം നിങ്ങൾക്കു അവകാശമുണ്ടെന്നു നിങ്ങൾക്കു അറിയാമല്ലൊ. നിങ്ങളുടെ അഭിപ്രായം പറയാം.

മി: എ. എസ്. മൊഹമ്മദ് ആശാൻ (മാവേലിക്കര കാത്തിക്കപ്പള്ളി): എനിക്കു ഇതു അല്പസമയത്തിനുള്ളിൽ ഇതു അവസാനിപ്പിക്കാൻ കഴിയുകയില്ല. അതുകൊണ്ടു ഇപ്പോൾതന്നെ അവതരിപ്പിക്കുന്നതിനു എനിക്കു നിർബന്ധമില്ല.

മി: എൽ. ആർ. രാജരാജവർമ്മ കോയിൽതമ്പുരാൻ (ചേരമാൻപെരുമാൾ പീരുമേട്ടു): ഇപ്പോൾ ഈ സഭ നിക്ഷിപ്തപ്പെടുകയാണെങ്കിൽ നിശ്ചയം ലാപ്സ്ചെയ്യുമോ?

അദ്ധ്യക്ഷൻ: ഈ സഭയെ ഇപ്പോൾ പിരിവിടുന്നില്ല. ഞാൻ ഇപ്പോൾ ആലോചനക്കായി നിശ്ചയിച്ചിട്ടുള്ള അടിയന്തിരപ്രമേയം മി: ടി. സി. കേശവപിള്ള ഹാജരാക്കിയിട്ടുള്ളതാകുന്നു. സ്ഥാവരവസ്തുക്കൾ വിറ്റിട്ടു കരം ഈടാക്കുന്നതിനെപ്പറ്റി അടുത്തകാലത്തു് ഗവണ്മെൻറു സ്വീകരിച്ചിട്ടുള്ള കടുങ്ങളെക്കുറിച്ചു അതു നിമിത്തം പൊതുജനങ്ങൾക്കു ഉണ്ടായിട്ടുള്ളതു കഷ്ടതയേക്കുറിച്ചും ഉള്ള അത്യാവശ്യമായ ഒരു സംഗതിയേകുറിച്ചു അദ്ദേഹത്തിനു സംസാരിക്കാനുണ്ടു്.

മി ടി. സി. കേശവപിള്ള (കൽക്കുളം വിളവങ്കോടു്): സർ, ൧൯൩൦ ആക്ടോബർ ൩൧നായിലെ ൯൩൦-ാം നമ്പർ ഗവണ്മെൻറുത്തരവു നിമിത്തം തിരുവിതാംകൂറിലെ പൊതുജനങ്ങൾക്കായിട്ടുള്ള സങ്കടങ്ങളെ ഈ സഭയുമായ്ക അറിയിച്ചു അതിനു ഒരു നിവൃത്തിമാർഗ്ഗം ഉണ്ടാക്കുന്നതിനു് വേണ്ടിയാണു് ഞാൻ ഈ അടിയന്തിരപ്രമേയം ഇവിടെ അവതരിപ്പിച്ചിട്ടുള്ളതു്. ആ ഗവണ്മെൻറുത്തരവു് ഇതാണു്.

റവന്യൂറിക്കവറി ഠഹലേഷൻ റൂ-൩൯ന്റെ വകുപ്പു് അനുസരിച്ചു കടിശീലക്കാരി ഒരു പകുതിയിലുള്ള ഒരു രജിസ്റ്റർചെയ്യസ്ഥലം വിൽക്കപ്പെടുകയും അതിനു ലേലക്കാർ വരാതിരിക്കയും ചെയ്യുമ്പോൾ കുറച്ചുകൂടി തുകയായി സ്ഥലങ്ങൾ ലേലത്തിനു പരസ്യംചെയ്യണം.

ഇതാണു് ൧൯൩൦ ആക്ടോബർ ൩൧നായിലെ ജി. ഒ. ൧൯൩൦ ആക്ടോബർ ൩൦നു- ൯൪൪൫-ാം നമ്പർ ജി. ഒ. ഇപ്രകാരമാകുന്നു. ൧൯൨൯ ജൂൺ ൧-നായിലെ ൪൨൭൭ എൽ. ആർ. ജി. ഒ. അനുസരിച്ചു രജിസ്റ്റർചെയ്ത സ്ഥലങ്ങൾ റവന്യൂറിക്കവറി ഠഹലേഷൻ അനുസരിച്ചു ലേലത്തിൽ വിളിക്കപ്പെടുകയും ലേലക്കാർ വരാതിരിക്കയും ചെയ്യുമ്പോൾ സ്വീകരിക്കപ്പെടേണ്ട നടപടി എന്തെന്നാൽ പേരിനമാത്രം ഒരുചക്രയിക്കു സർക്കാരിൽനിന്നും വിളിച്ചുകൊള്ളുകയും താലൂക്കകച്ചേരിയിൽ നിന്നും ഇതിനെ കൊടുക്കുകയും ഗവണ്മെൻറു അനുവാദത്തോടുകൂടി ഈ വിലയെഴുതിച്ചുള്ള പണം ഇളവുചെയ്യുകയും ഭൂമി തരിശായി റിക്കാർഡുചെയ്യുകയും ചെയ്യുകയാണു് പതിവു്. ഈ നടപ്പു ശ്രീപണ്ടാരവക, കുണ്ടുകുഴി, ശ്രീപാദം ഈ മൂന്നു ഇനങ്ങളിലെ കടിശീലകാർക്കും സംബന്ധിക്കുന്നതായി തീർച്ചയാക്കി. (൧൯൩൦ ആക്ടോബർമാസം ൩൧നു- ലെജി. ഒ. നോക്കുക)

ഈ. ജി. ഒ, പ്രൽതന്നെ ഒരുതെറ്റുവന്നിട്ടുണ്ട്. നമ്മുടെ സബ്ജക്ടുകമ്മിറ്റിപ്പെട്ട റവന്യൂ കമ്മിഷണർ അളേഹത്തിന്റെ വിലയേറിയസമയത്തെ നിശ്ചകളങ്കമായും പൂർണ്ണമായും ചിലവുചെയ്ത ആ ഡിപ്പാർട്ടുമെന്റിലെ കുഴപ്പങ്ങളെല്ലാംതീർത്തു വളരെ നന്നാക്കാം എല്ലാംചെയ്തിട്ടുണ്ട്. ആ കൂട്ടത്തിൽ ഒടുവിൽ ഈ. ജി. ഒ നിമിത്തം ഒരു തിന്മവന്നതിൽ അളേഹത്തെ കുറ്റപ്പെടുത്താനില്ല. ഈ തെറ്റുതിരുത്തുന്നതിനു വലിയ തടസ്ഥമൊന്നുമില്ല.

മി: ആർ. കേശവപിള്ള (കൊട്ടാരക്കര കുന്നത്തൂർ) ഈ തെറ്റുപറ്റിയതു അളേഹത്തിന്റെ കുറ്റമാണോ?

മി: ടി. സി. കേശവപിള്ള (കൽക്കുളം വിളവങ്കോട്) അളേഹത്തിന്റെയും അളേഹത്തിന്റെ സ്റ്റാഫിന്റേയും കുറ്റമാണ്.

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റ് സെക്രട്ടറി) ആരുടെയാണെന്നു വ്യക്തമാക്കപ്പെട്ടതിനു പുറമെ ഞാൽഅതുകൂടി പറയാം.

മി: ടി. സി. കേശവപിള്ള (കൽക്കുളം വിളവങ്കോട്) തെറ്റുവന്നതിനു ഞാൻ പറയാം.

ആദ്യമേപറഞ്ഞ ജി. ഒ. യുടെ സാക്ഷാൽരൂപത്തിലേയ്ക്കു മനസ്സിലായിട്ടില്ലാത്ത ചാൻസലർ റവന്യൂ കമ്മിഷണർ പറയുന്നു. ഇപ്രകാരം നടപടി സ്വീകരിക്കണമെന്നുള്ള ഒരു കടിയുത്തരവിനെ പല സർവ്വന്റുമാരുടെയും ഗ്രേയുടെ കുറെ കൂടിയിലധികം വർഷത്തിനു ഒരു സർവ്വന്റിന്റെ ഗ്രേയുടെ ഒരുദേശം ചേരുപിടിച്ചിരിക്കുകയും ചെയ്തുകാർ ആയമായിട്ടുള്ളവർക്കു നാലുതും വിലയുള്ള ജപ്തിചെയ്ത ഭൂമിയെല്ലാം സർക്കാരിലേക്കു പോകുകയും കൂടിയിലധികാരന്റെ ദേവസ്വത്തിൽനിന്നു കടശ്വരയെ ഈടാക്കുന്നതിനു ശ്രമിക്കാതെ കരം ഇളവുചെയ്തുകൊടുക്കുന്നതിനു ദിവാൻപേഷ്കാരെ ഒരു ശിപാർശചെയ്യുകയും ചെയ്തു. മി: റാബിൻസന്റെ അഭിപ്രായത്തിൽ ഈ എർപ്പാടു ശരിയായിട്ടുള്ളതല്ല എന്നാകുന്നു അളേഹത്തിന്റെ അഭിപ്രായത്തിൽ കുഴപ്പമെന്നതു കൂടിയിലധികാരന്റെ തിരുവിതാംകൂറിൽ ഒരിടത്തും സ്ഥിരമോ ജന്മമോ ആയ വസ്തുക്കൾ ഇല്ലെന്നുള്ള മനസ്സിലാക്കിയശേഷവും ജപ്തിചെയ്ത ഭൂമികൾ മുഴുവനും വിറ്റശേഷവും മാത്രമേ കരം ഇളവുചെയ്തുകൊടുക്കുന്നതിനു ശുപാർശചെയ്യാവൂ എന്നാകുന്നു. പുതിയതായി ചില ഉപദേശങ്ങൾകൂടി തഹൽദാർമാർക്കു കൊടുക്കുന്നതിനു അളേഹം തയ്യാറാക്കിയിട്ടുമുണ്ട്.

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റ് സെക്രട്ടറി): ഇതിൽ ഒന്നാമത്തെ ജി. ഒ. എന്താണെന്നു പറയുമോ?

മി: ടി. സി. കേശവപിള്ള (കൽക്കുളം വിളവങ്കോട്): ഫൻസംബന്ധമായ ജി. ഒ.

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റ് സെക്രട്ടറി): അതുതന്നെയാണ് ഫൻസൻ ലെ ജി. ഒ. ആണ്. ഒന്നുതെറ്റിയാൽ സകലതും തെറ്റും.

മി: ടി. സി. കേശവപിള്ള (കൽക്കുളം-വിളവങ്കോട്): ഗവണ്മെന്റുദ്യോഗത്തിനു തെറ്റിപ്പോയി എന്നാണ് ഞാൻ പറഞ്ഞതു്.

മി: പി. എൻ. കൃഷ്ണപിള്ള (ഗവൺമെന്റ് സെക്രട്ടറി): ഗവൺമെന്റുദ്യോഗത്തിനു തെറ്റിയിട്ടില്ല. തെറ്റിക്കുതെറ്റി എന്നു പറഞ്ഞതേയുള്ളൂ.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരം തെക്കുമങ്ങാട്): മുമ്പിലത്തെ ജി. ഒ. എങ്ങിനെയിരുന്നാലും ഫൻസം അളേഹവുമായി ജി. ഒ. കൊണ്ടേയില്ല സങ്കടമുണ്ടായതു്.

മി: ടി. സി. കേശവപിള്ള (കൽക്കുളം വിളവങ്കോട്): അതേ ഇപ്പോൾ ഞാൻ മുമ്പ ജി. ഒ സംബന്ധമായിപ്രസ്താവിക്കുകയുണ്ടായത്. ഇതിൽ ഏറ്റവും സങ്കടമുള്ളതാണ് ഫൻസം ലെ ജി. ഒ.

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റ് സെക്രട്ടറി): ആ ജി. ഒ നിമിത്തം എന്താണ് സങ്കടമുള്ളതെന്നു പറഞ്ഞില്ല.

മി: ടി. സി കേശവപിള്ള (കൽക്കുളം വിളവങ്കോട്): സാമാജികനു തീരെ ക്ഷമയില്ല.

അദ്ധ്യക്ഷൻ: നിങ്ങളേ എന്താണ് പറയുന്നതെന്നു അറിയാൻ മാത്രമേ അളേഹം ആവശ്യപ്പെട്ടതായുള്ളൂ. ഒരുപക്ഷേ നിങ്ങളുടെ വാക്കുതെന്നറിയാൻ അളേഹം അക്ഷമനായിരിക്കുന്നു.

മി: ടി. സി. കേശവപിള്ള (കൽക്കുളം വിളവങ്കോട്): ഒരുദ്യോഗമുള്ള സ്ഥിതിക്കു പറിച്ചുവരാൻ ഇടയില്ല.

അദ്ധ്യക്ഷൻ: മി: കേശവപിള്ളേ നിങ്ങൾക്കു ഇടരാം.

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റ് സെക്രട്ടറി): മെമ്പർ പിന്നെയുംപിന്നെയും ഏർ എന്നുപറയുന്നുണ്ട്, ആ ഏർ ഇന്നതാണെന്നു ഇതുവരെ പറഞ്ഞില്ല.

മി: ടി. സി. കേശവപിള്ള (കൽക്കുളം വിളവങ്കോട്) മാൻഡ് റവന്യൂ മാന്വൽ ആറാം വാല്യം പുറം, പുറം ൭, പുറം ൮, നമ്പർ നാലു, നാൻ, ഖണ്ഡിക ൪൭, ഈ വശങ്ങളിൽ നിന്നും അതേകം സംഗതികളും പറിക്കാവുന്നതാണ്. അതായതു് ആ പ്രദേശത്തേക്ക് മുമ്പ് പല സമ്പ്രദായക്കാരും ഉണ്ടായിരുന്നതായും പലരീതിയിലുള്ള കരം ചുമത്തി ഉപദ്രവിച്ചു വന്നിരുന്നു എന്നും അതിനു ചിലർക്കു കുറെ കൂടുതലായും തിരുവിതാംകൂർ സർക്കാരിനു ഉണ്ടായിട്ടുണ്ടെന്നും കാണുന്നു. അളേഹത്തെ ഉദ്ധരിച്ചതന്നെ ഉദ്ധരിച്ചു പിരിയുമ്പോൾ വന്നിട്ടുള്ള പല ആക്ഷേപത്തിനും write of ചെയ്യുകൊടുത്തിട്ടുള്ളതായിട്ടും കാണുന്നുണ്ട്. മുൻ-വശങ്ങളിൽ തിരുവിതാംകൂർ ഗവണ്മെന്റും ജനങ്ങളുടെ രക്ഷയെ മുൻനിറുത്തി പ്രവർത്തിച്ചു വന്നിരുന്നു എന്നുള്ളതിനു പല ലക്ഷ്യങ്ങളുമുണ്ട്. എന്നാൽ ഈ സമ്പ്രദായക്കാലത്തു ഗവണ്മെന്റിന്റെ നാമം ഒട്ടും തന്നെ ആദിയായിട്ടില്ല

മി: ടി. സി. കേശവപിള്ള (കൽക്കളും വിളവുകോട്ട്) അദ്ധ്യക്ഷം.

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറ് സെക്രട്ടറി) റവന്യൂഡിപ്പാർട്ടുമെന്റ് ഓഫീസ് വകുപ്പിൽ ഏതാണ് പഠിക്കുന്നതെന്ന സംശയം വന്നിട്ടുണ്ടോ?

മി: ടി. സി. കേശവപിള്ള (കൽക്കളും-വിളവുകോട്ടം): അതെല്ലാം പറയിക്കേണ്ട ആവശ്യമില്ല.

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറ് സെക്രട്ടറി): രണ്ടുപേരുകളിൽ ഏതാണ് പറയുന്നതെന്നറിയാനാണ്.

മി: ടി. സി. കേശവപിള്ള (കൽക്കളും-വിളവുകോട്ടം): അതു മെമ്പർ പറഞ്ഞാൽ മതി. മണൽപ്രദേശങ്ങൾ, മുഗശുദ്ധം, മലമ്പ്രദേശങ്ങൾ തുടങ്ങിയുള്ള പ്രദേശം ഇവിടെയെല്ലാം വസ്തുക്കളുണ്ട്. അവയെല്ലാം കരവും വച്ചിട്ടുണ്ട്. കരംഒഴിവു ചില കുടുംബങ്ങൾക്കുണ്ട്. ഇപ്പോഴുള്ള ഭൂമിയിൽ നിന്നും വിളവെടുത്തുകൊടുക്കാൻ നിവൃത്തിയില്ലാതെ ജനങ്ങൾ വളരെ സങ്കടം അനുഭവിച്ചുവരുന്നു.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽമെമ്പർ സക്കർവക്കീൽ): ഈ സ്ഥലങ്ങളെല്ലാം പേരിൽപതിഞ്ഞ ജന്മികളുടെയാണോ?

മി: ടി. സി. കേശവപിള്ള (കൽക്കളും-വിളവുകോട്ടം): അതെ. മുൻകാലങ്ങളിലെ ഭൂമി മോഷ്ടിച്ചു പറയുന്നവരെ പിടിച്ചു നിർത്തി മേലധികാരിയായി കേട്ടിവച്ചിട്ടുള്ളവരായി കേട്ടിട്ടുണ്ട്. അതുപോലെ തന്നെ കരംകൊടുക്കാൻ നിവൃത്തിയില്ലാതെ പണ്ടിരുന്നിട്ടുള്ളതായും, അടിച്ചോടിച്ചിട്ടുള്ളതായും കേട്ടിട്ടുണ്ട്. ഇപ്പോൾ കരം കൊടുത്തില്ലെങ്കിൽ കരക്കിഴിവിലുള്ള ഭൂമി മേലധികാരിയുടെ വസ്തുവകകളിൽ ചേരുന്നതാണ്. ഉടമസ്ഥന്മാർ മിക്കവാറും വസ്തുവിടുന്ന സ്ഥലത്തുനിന്നും വളരെ ദൂരമായിരിക്കാം താമസിക്കുന്നത്. ഒറിക്കാരൻ വീണ്ടുകൊണ്ടു കരക്കിഴിവിലുണ്ടാകാം. പക്ഷേ ഉദ്യോഗസ്ഥനായ ഒറിക്കാരനാകട്ടെ യോജിച്ച വസ്തുവകകൾ പോകും ഇങ്ങനെ വസ്തുവകയിൽ വൽക്കണ്ടാൽ പിടിക്കുന്നതിനു ആളില്ലാതെവന്നാൽ പ്രവൃത്തിക്കാർ ഒരു ചക്രം കൈക്കൂലി സിയിൽ ചിലവെഴുതി ആ വസ്തു സർക്കാരിലേക്ക് പിടിച്ചു തരിശാക്കിയിടണമെന്നാണ് ഇപ്പോഴത്തെ ജി. ഒ.

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറ് സെക്രട്ടറി): പാവപ്പെട്ടവരാണോ മേലധികാരം സ്ഥിരപ്പെടുത്തുന്നത്?

മി: ടി. സി. കേശവപിള്ള (കൽക്കളും-വിളവുകോട്ടം): അങ്ങനെയല്ല. ഇപ്പോൾ ഓഫീസർമാരായ പേഷ്കാരന്മാരും ആരുമറിയാതെ ആയിരക്കണക്കിനു ഏക്കർ കൈവശപ്പെടുത്തിയിട്ടുണ്ട്.

ഒരാൾക്ക് മലമ്പ്രദേശത്തും മറ്റു സ്ഥലങ്ങളിലും വസ്തുക്കൾ കാണും. മലമ്പ്രദേശത്തുള്ള വസ്തുക്കൾക്ക് കരം കൊടുക്കുകയോ അതുകൊണ്ടു പ്രയോജനമുണ്ടാകയോ ഇല്ല. അങ്ങനെയുള്ളവർ ആ വസ്തു ഉടമസ്ഥനേറ്റ മറ്റു വസ്തുക്കളിൽ പ്രവേശിച്ചു കരം ഈടാക്കാമെന്നും, അയാൾ തിരുവിതാംകൂറിനക്കരെ എവിടെ പോയി താമസിച്ചാലും ഈടാക്കേണ്ടതാണെന്നുമാണ് ഇപ്പോഴത്തെ ജി. ഒ. ഇതു് എന്തുമാത്രം കിറുക്കായിട്ടുള്ളതാണ്. ഇതിലേക്ക് ഒരു നിവൃത്തി ഉണ്ടാക്കണമെന്നു ഞാൻ ഈ സഭമുമ്പാകെ അപേക്ഷിച്ചുകൊള്ളുന്നു.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽമെമ്പർ സക്കർവക്കീൽ): മലമ്പനിയും ദുർഗന്ധവുമുള്ള വസ്തുക്കളുടെ സംഗതിയിൽമാത്രം ഗവണ്മെൻറ് പ്രത്യേകം ശ്രദ്ധിച്ചാൽ മതിയാകുമോ?

മി: ടി. സി. കേശവപിള്ള (കൽക്കളും-വിളവുകോട്ടം): പൊതുവെയുള്ള സംഗതികളെപ്പറ്റി പറയുമ്പോൾ ഈ ചില്ലറചോദ്യം ചോദിക്കുന്നതു ഒട്ടും ഉചിതമില്ല. (ചിരി)

അതുകൊണ്ട് ഗവണ്മെൻറ് പ്രൊപ്പോസിഡിംഗിസ് ചുവടെ ചേർക്കണം. ക്രമം 1-ാമാണുവരെയുള്ള കരം വസ്തുമാത്രമായിൽ രണ്ടാം പ്രപ്പും സൂചിപ്പിച്ചു, ഇളവുചെയ്തു കൊടുത്തതായിട്ടു കാണുന്നുണ്ട്. അതുപോലെ ഇരുപതാംവശത്തു ക്രമനമ്പർ 1-ാമാണുവരെയുള്ള കരം ഇളവുചെയ്തുകൊടുത്തതായിട്ടും കാണുന്നുണ്ട് കരംപിരിവിനെസംബന്ധിച്ചു ഒരു കോർട്ട് ഫീൽപ്പേട്ടത്തിയിരുന്നതായിട്ടു 12 വശത്തുകാണുന്നുണ്ട്. സ്ഥാവരവസ്തുക്കളെ ജപ്തിചെയ്യുന്നതിനുള്ള അധികാരം രണ്ടാം വശത്തു കാണുന്നു. ഇതെല്ലാംകൊണ്ടു ഞാൻ പറയുന്നതു ഗവണ്മെൻറിനു ഈ അന്യായമായ മാർഗം വേണ്ടെന്നു വയ്ക്കുന്നതെന്നും സർക്കാർ ഉദ്യോഗസ്ഥന്മാർ ഒരിക്കലും വഴിതെറ്റിപോകാതെയിരിക്കുന്നതിനു ചട്ടം കെട്ടുന്നതെന്നുമാണ്. സ്ഥാവരവസ്തു ജപ്തിചെയ്ക, ലേലംചെയ്ക, തുടങ്ങിയസംഗതികളിൽ തഹശീൽദാർതന്നെ സ്ഥലത്തുപോയി നടത്തണമെന്നോരു ഓർഡർഉണ്ട്. പേരക്കു വേണ്ടുമാതിരി നടത്തുന്നില്ല. പാർത്തുകാർ സ്ഥലത്തുവച്ചു ലേലംനടത്തിയതായിട്ടു റിപ്പോർട്ടുണ്ടാക്കും. താലൂക്കിൽ പത്തു പതിനെട്ടു പകുതികളിലുള്ള പത്തു രണ്ടായിരം പട്ടക്കാരന്മാരുടെ കരക്കിഴിവിലായിട്ടുള്ള വസ്തുക്കൾ, ലേലംചെയ്യുന്നതായി നോട്ടീസുണ്ടാക്കും. ഇപ്രകാരം പല അക്രമപ്രവൃത്തികളും കാണിക്കുന്നുണ്ട്.

മി: ആർ. നീലകണ്ഠപ്പിള്ള (ഏ. ഗവണ്മെൻറ് ഫിനാൻഷ്യൽ സെക്രട്ടറി): ഇങ്ങനെ തടഞ്ഞിയാൽ അപ്പീൽകൊടുക്കരുതോ?

മി: ടി. സി. കേശവപിള്ള (കൽക്കളും-വിളവുകോട്ടം): അപ്പീൽകൊടുക്കാം.

മി: എ. സി. കുഞ്ഞുക്കോസ് (ക്രീനച്ചിലും-ദേവികുളവും): ഈ ഉഛാടമായ ക്രമകരംകൊടുക്കുന്നതിനു നിവൃത്തിയില്ലാത്തവരുടെകൈവശമുള്ള വസ്തുക്കളും ലേലത്തിൽ പോകുന്നുണ്ടോ? ആ സ്ഥിതിക്കു അവക്കു അപ്പീൽകൊടുക്കാൻ സാധിക്കുമോ?

മി: ടി. സി. കേശവപിള്ള (കൽക്കളും-വിളവുകോട്ടം): തീർച്ചയായും സാധിക്കുകയില്ല. കരം കൊടുക്കാനുള്ള തീയതി അറിഞ്ഞുകൂടാ. ശരിപ്പെടുവാനുള്ള തീയതി എല്ലാവർക്കും അറിയാം. മിക്കവാറും പട്ടക്കാരന്മാർ അന്യസ്ഥലത്തായിരിക്കും താമസം. ഇന്ന തിരുവിതാംകൂറിലുള്ള വസ്തുക്കളും മിക്കവാറും ഒറിക്കാരുടെ കൈവശത്താണ്. ഒറിക്കാർ കരക്കിഴിവിലുള്ള വസ്തുക്കൾ ജപ്തിചെയ്താൽ വസ്തുടമസ്ഥൻ ജപ്തിചെയ്യേണ്ടതാണെല്ലാ. അതുകൊണ്ട് അയാളുടെ വസ്തുവിൽ പ്രവേശിക്കും. ഇനി ഉടമസ്ഥനുപേടിയും എന്നാണറിയുന്നുണ്ട്. പത്തുനമ്പർ വസ്തുക്കൾക്കു പേടിയും ഒന്നായിരിക്കും. വസ്തു രണ്ടുപേരുടെ കൈവശത്തിലുമായിരിക്കും. അങ്ങിനെ വരുമ്പോൾ കൈവശമനുഭവമില്ലാത്തവസ്തുക്കളുടെ കരക്കിഴിവിലുള്ള ഇതിൽ ഒരാളിന്റെ വസ്തു ലേലത്തിൽപോ

കുന്നതു്. ഇങ്ങനെയുള്ള അക്രമങ്ങളും നടന്നുവരുന്നു. കുരക്കടിശ്ശിക ഈടാക്കുക, കരം ഈടാക്കുക, സ്ഥാവരവസ്തു ജപ്തിചെയ്ക, ഇവയെസംബന്ധിച്ചു പല അക്രമങ്ങളും നടക്കുന്നുണ്ടു്. ഡിമാൻഡ്നോട്ടീസു് ഒരു പക്ഷത്തിയിൽ ആയിരുന്നെങ്കായിട്ടാണ് വരുന്നതു്. ഇതിനെസംബന്ധിച്ചു ഈ കൌൺസിലിൽ പലതവണ ചോദ്യങ്ങൾ ചോദിച്ചിട്ടുണ്ടെങ്കിലും യാതൊരു രക്ഷാമാർഗ്ഗവും ഉണ്ടായിട്ടില്ല.

പ്രസിഡൻറ്: നിങ്ങൾ വിഷയമല്ലാതെ സംസാരിക്കയാണ്, ദയവുചെയ്തു ഉപക്ഷേപത്തിൽ പ്രതിപാദിക്കുന്ന വിഷയത്തെപ്പറ്റി സംസാരിക്കുക.

മി: ടി. സി. കേശവപിള്ള (കൽക്കുളവും-വിളവംകോടും): വേണ്ടു ഉദ്യോഗസ്ഥന്മാർ ഇതുമായിരിയുള്ള പല അക്രമപ്രവൃത്തികളും കുണ്ടിക്കുന്നുണ്ടെന്നും വോട്ടുപ്പെട്ടുത്തൽ വേണ്ടിയാണ് ഞാൻ ഇതൊക്കെ പറയുന്നതു്. ഇതിനെതു നേരേകംസംഗതികളും അക്രമമായി ചെയ്തിട്ടുണ്ടെന്നു പറഞ്ഞാൽമതിയല്ലോ. ഗവൺമെൻറിനു ഞങ്ങളുടെ സങ്കടം അറിയാൻ സാധിക്കുകയുള്ളൂ.

തെക്കൻ തിരുവിതാംകൂറിൽ വെള്ളക്കെയറി അടുകി ചേതംവന്നാൽ കരംപകുവച്ചു തരുന്നില്ല. തെക്കൻ തിരുവിതാംകൂറിൽ അടുക്കുടെ എന്നാണ്ടുവയ്പ്. ഇതു വളരെ സങ്കടമാണ്. തിരുവിതാംകൂർ ഒട്ടുക്കു മിരുമ്പാൽവേലി മുതലായ ജില്ലകളെ അപേക്ഷിച്ചു കരം വളരെ കൂട്ടുതലാണ്. മുമ്പ് നെല്ലു നിരക്കുവില പക്കേ ൪-ം,൫-ം ചക്രമം ഉണ്ടായിരുന്നതാണു്. ഏതെങ്കിലും ഇവുത്തിൽ വലിയ വരവുണ്ടായിരുന്നില്ല. അന്നത്തെ വസ്തുവകയ് വച്ചയണ്ണമായിരുന്നില്ല, നീലയുടെ വിൽ വലിയവരവില്ല, അന്നുള്ള ഉദ്യോഗസ്ഥന്മാർ സകകാര്യങ്ങളും നടത്തിവന്നിരുന്നു, ഇങ്ങനെയുള്ള ഒരു കാലത്താണ് ഈ വലിയകരം നിശ്ചയിച്ചതു്.

മി: ആർ. വീരകണ്ഠപിള്ള (ആ. ഗവണ്മെൻറ് ഫൈനാൻഷ്യൽ സെക്രട്ടറി): അന്നത്തെ വിളവുമായി ഇപ്പോഴത്തെ വകുപ്പിലേക്ക എണ്ണുചിലവുണ്ടായിരുന്നു എന്നറിയാമോ?

മി: ടി. സി. കേശവപിള്ള (കൽക്കുളവും-വിളവംകോടും): അന്നുണ്ടായിരുന്നതിലുംകൂടെ ഇന്നതെക്കാൾ കൂടുതൽ വിപരീതമുണ്ടായിരുന്നു എന്നാണ് എൻറെ പൂർവ്വികന്മാർ എന്നോടു പറഞ്ഞിട്ടുള്ളതു്. ശാസ്ത്രീയമായ കാര്യങ്ങളിലും മറ്റും കുറെ പരിചയം കുറവായിരുന്നിരിക്കാം,

ഗവൺമെൻറിൻറെ പ്രധാനമായ ആഹാരസാധനങ്ങൾ ഉണ്ടാക്കുന്നതിനു പ്രോത്സാഹിപ്പിക്കേണ്ടതാകുന്നു, തേങ്ങ, കുരുമുളക്, വള്ളി മുതലായവയ്ക്കു ഇന്നു വലിയ വിലക്കുറവാണ് സംഭവിച്ചിട്ടുള്ളതു്, അതുകൊണ്ടു ഇതിനെല്ലാം ഗവൺമെൻറ് ഒരു പരിഹാരമാർഗ്ഗം കണ്ടുപിടിക്കേണ്ടതാണ്, എൻറെ ആശയപ്പറ്റി മി; കുര്യാക്കോസ് പറയുകയുണ്ടായി, കൌൺസിൽപ്രൊസീഡിംഗ്സിൽ നല്ലതാശയിൽ സംസാരിച്ചിട്ടുള്ള പല പ്രസംഗങ്ങളും ഞാൻ കണ്ടു. ഇങ്ങനെ നല്ലതാശയിൽ സംസാരിച്ചതുകൊണ്ടു വലിയ ഫലമുണ്ടായതായിട്ടു തോന്നുന്നില്ല. എങ്ങനെയെങ്കിലും ആശയം മനസ്സിലാക്കണമെന്നു മാത്രമേയുള്ളൂ, അതുകൊണ്ടു ഒരു കാര്യവും പൊലിപ്പും കൊണ്ടു ശരിയായിട്ടു നടക്കയില്ലെങ്കിൽ രണ്ടുകൂട്ടരെയും രണ്ടുപോലെ തിരുത്തുകയും കൈവണം എന്നതാണ് എൻറെ ആശയം തുറന്നുപറയുകയാണ് ചെയ്യുന്നതു്. അതുപോലെ ഒരു സ്ഥാപനത്തിലുള്ള ആളുകളെ പേടിക്കാതെ എന്ന സാധാരണ ശ്രോതാക്കന്മാരില്ലാതെ ആരും പറയുകയില്ല. ഞാൻ വല്ലതും പറഞ്ഞിട്ടുണ്ടെങ്കിൽ അതു നല്ല ഉദ്ദേശത്തോടുകൂടിമാത്രമാണ്.

ഈ സംഗതിക്കു ഒരു പരിഹാരമുണ്ടാക്കണമെന്നു മാത്രമായ ഗവൺമെൻറിനോടും, ഈ കൌൺസിലിനോടും അപേക്ഷിക്കുന്നു, റവന്യൂകമ്മീഷണർ അവർകളും ഈ രാജ്യത്തിനുവേണ്ടി ചെയ്തിട്ടുള്ള സകലപ്രവൃത്തികൾക്കും ഞങ്ങൾക്കു അളവറ്റനന്ദിയുണ്ട്, എങ്കിലും ഈ തൊഴിലാളികൂടി അളവറ്റം തിരുത്തണമെന്നുള്ള പ്രത്യേക അപേക്ഷയോടുകൂടി ഞാൻ ഈ പ്രമേയത്തെ സഭാമുമ്പാകെ സമർപ്പിച്ചുകൊള്ളുന്നു.

മിസ്റ്റർ എൻ. കെ. കൃഷ്ണപിള്ള (നെയ്യാറ്റിൻകര): മി: ടി. സി. കേശവപിള്ള ഫാക്ടറികിയ നിശ്ചയത്തെ പിൻതാങ്ങുന്നതിന് എനിക്കു വളരെ സന്തോഷമുണ്ട്. ആ വശത്തുള്ള സാമൂഹികന്മാർ ഇതിനെ എതിരിടുമാണ് എഴുന്നുള്ളതെന്ന് മി: ടി. സി. കേശവപിള്ള പ്രസംഗിച്ചുകൊണ്ടിരുന്നപ്പോൾ അവർ പ്രകടിപ്പിച്ച നിലയിൽനിന്നും ഞാൻ മനസ്സിലാക്കുന്നു, അടുത്തകാലങ്ങളിലെ ഗവൺമെൻറിൽനിന്നും ഉള്ള ചെയ്തികളിൽ വച്ചു് ഈ ഉത്തരവിന് ഏറ്റവും വിപരീതഗതിയുള്ളതാണെന്നു ഗണിക്കുന്നതുകൊണ്ടായിരിക്കാം അവർ അങ്ങനെ പറഞ്ഞതു്. ഞങ്ങളുടെ ഗവൺമെൻറിനെ നിലനിർത്തിക്കൊണ്ടുപോകണമെന്നു ഞങ്ങൾക്കുണ്ടായിരുന്നു. അതുകൊണ്ടു ഗവൺമെൻറിനു കൊടുക്കാനുള്ളതു് വേണ്ടസമയത്തു കൊടുക്കണമെന്നും ഞങ്ങൾക്കുണ്ടായിരുന്നു. എന്നാൽ ഞങ്ങൾക്കു നിയന്ത്രിക്കാൻ സാധിക്കാത്തതു ഇപ്പോഴത്തെ മാന്ദ്യതനിമിത്തം കാലാകാലങ്ങളിൽ കരംകൊടുക്കുന്നതിനു ഞങ്ങളിൽ ചിലർക്കു നിവൃത്തിയില്ല. ഇപ്പോഴത്തെ ധനമാന്ദ്യംകൊണ്ടു വന്നിരിക്കുന്ന ബുദ്ധിമുട്ടിൽനിന്നു ജനങ്ങളെ കരകയറ്റുന്നതിനു ഗവൺമെൻറിൽനിന്നു ഒന്നും ചെയ്യാത്തതുകൊണ്ടു ഞാൻ അവരെ കുറ്റപ്പെടുത്തുന്നില്ല. ഈ ഗവൺമെൻറിനെപ്പറ്റി പറയുകയാണെങ്കിൽ അതു അന്യായവും കുറ്റകരവുമാണെന്നുമല്ല, എൻറെ സ്നേഹിതൻ മിസ്റ്റർ പി; എൻ; കൃഷ്ണപിള്ള, മി. ടി. സി. കേശവപിള്ളയെ ഓർമ്മപ്പെടുത്തിയ കുരുമുളകിവുറഞ്ഞുപോയതു വിഷമവുമാണ്.

മി: പി, എൻ. കൃഷ്ണപിള്ള (ഗവൺമെൻറ് സെക്രട്ടറി): ഗവൺമെൻറുത്തരവ് റഫറൻസ് വിഷയമായിട്ടുള്ളതു് എങ്ങിനെയാണെന്നു മനസ്സിലാക്കിയാൽ കൊള്ളാം.

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാറ്റിൻകര): റഫറൻസിനുവേണ്ടി ഞാൻവായിച്ചുകേൾപ്പിക്കാം. "വെണ്ണു കുഴിശ്ശിക ഈടാക്കുന്നതിനുവേണ്ടി കരം മുടക്കംവരുത്തിയിട്ടുള്ള ഒരാളിൻറെവസ്തുവിൽ മുഴുവനോ ഏതാനും ഭാഗമോ ജപ്തിചെയ്യുന്നതിനും വിൽക്കുന്നതിനും തഹശീൽദാർക്ക് പേഷ്കാരധികാരമുണ്ടായിരിക്കുന്നതാണ്. കുടിശ്ശികയ്ക്കും അതിൻറെ പലിശയ്ക്കും ജപ്തിചെയ്തുവിൽക്കുന്നതിനു നോട്ടീട്ടുള്ള ചിലവിനും കൂട്ടുതലായി വസ്തുവിനെ ജപ്തിചെയ്യുകയൊ വിൽക്കുകയൊ പാടില്ല."

ഞാൻ അതിൻറെ ക്ലിപ്തത്തെ ബലപ്പെടുത്തിപ്പറയുന്നു. അതു ഇങ്ങനെയാണ്;———

"കുടിശ്ശിക അടച്ചുതീർക്കുന്നതിനു ആവശ്യമുള്ളതിൽകൂട്ടുതലായി വസ്തുക്കളെ ജപ്തിചെയ്യാനൊ വിൽക്കുവാനൊ പാടില്ല."

എന്നാൽ സാധാരണയായി ഇങ്ങനെയാണ് ചെയ്തുവരുന്നതു. വിൽക്കാൻ നിശ്ചയിച്ചിട്ടുള്ള വസ്തുക്കളുടെ തരവും വിലയും നിശ്ചയമുള്ള താമുക്ക അധികാരികൾ കൂടിയില്ല നീക്കുന്നതിനു ആവശ്യമുള്ളിടത്തോളം വസ്തുക്കളെ വിൽക്കുന്നു. എന്നാൽ ഇങ്ങനെയുള്ള എല്ലാ അവസരങ്ങളിലും കടിശ്ശികയുള്ള ആകയിൽ കുറഞ്ഞ ലേലത്തിൽ പിടിക്കാൻ ആരുവരിക്കപ്പെടുന്നില്ല. എന്നാൽ സർക്കാരിന്റെ കയ്യുത്തിൽ ലേലത്തിൽ പിടിക്കുവാൻ ആളില്ലെങ്കിൽ സർക്കാരിനു പേരിനുമാത്രം ക്രയം വിലയുള്ള സർക്കാർ മേടിക്കുന്നു. സർക്കാരിനെയും ഈ വകുപ്പു ബന്ധിക്കുന്ന സ്ഥിതിക്കു സർക്കാരുദ്യോഗസ്ഥന്മാർ നിർണ്ണയിച്ചിട്ടുള്ള വിലക്കു വിപരീതമായി സർക്കാർ ഉചിതമായ ഒരു വിലക്കു ഈ വസ്തുക്കളെ മേടിക്കുന്ന പതിവു് അനുവദിക്കാൻ പാടുള്ളതല്ല. ഇപ്പോൾ നാം പ്രതിപാദിക്കുന്ന ഗവണ്മെന്റുത്തരവനുസരിച്ചു് സർക്കാരിനു ഇതു ഉചിതമായ ഒരു വിലക്കു വാങ്ങിക്കാവുന്നതാണ്. എന്നിട്ടു വീഴ്ചക്കാരന്റെ മേൽപ്പറഞ്ഞ വസ്തുക്കളെയും ജപ്തിചെയ്തു സർക്കാരിൽനിന്നു ക്രയം വിലയ്ക്കു വാങ്ങിച്ചു് ആ വിലക്കു മേലോനായി അയാളുടെ സകലവസ്തുക്കളും വാങ്ങിക്കാവുന്നതാണു്. സർ, ഇതു വിലയ്ക്കു വാങ്ങുകയില്ല. കണ്ടുകെട്ടുകയാണു്.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഫൈൻസക്രട്ടറിവക്കിൽ): ലേലത്തിൽ പിടിക്കാൻ വേറെ ആളുകൾ ഇല്ലാതിരുന്നാലുള്ള സ്ഥിതിയെന്താണു.

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാറ്റിൻകര): അതെ, എന്നാൽ ലേലത്തിൽ വിളിക്കേൾക്കാൻ ആളുകൾ വരുന്നില്ല. ഗസറ്റിൽ നോട്ടീസുണ്ടായിരുന്നാലും എല്ലായ്പോഴും ആളുകൾ ലേലത്തെപ്പറ്റി അറിയുന്നില്ല. ലേലത്തിൽ വിളിക്കേൾക്കാൻ ആളുകൾ ഉണ്ടോ ഇല്ലയോ എന്നല്ല ഞാൻ പറയുന്നതു്, അതു നിസ്സാരമായ സംഗതിയാണു്. വിൽക്കപ്പെടുന്ന വസ്തുവിന്റെ വിലയാണു് ലേലത്തിന്റെ തോതു എന്ന കരുതേണ്ടതു്. ഞാൻ ഇപ്പോൾ പറഞ്ഞതുപോലെ ഈ വകുപ്പു് ഉപകാരമാകുന്നു. കടിശ്ശികതീർക്കുന്നതിനു ആവശ്യമുള്ളതിൽ കൂടുതലായുള്ള വസ്തു വിൽക്കുവാൻ പാടില്ല.' ഇപ്പോഴത്തെ നടപടി അനീതിയും അന്യായവുമാണു്. ക്രയത്തിനു വിലയാകുന്നുള്ളു. റഗുലേഷനിൽ ഈ വകുപ്പു ചേർത്തിരിക്കുന്നതിന്റെ ഉദ്ദേശം വ്യക്തമാണു്. കടിശ്ശികക്കാരുടെ സ്ഥാവരവസ്തു വിൽക്കുന്നതിനു നിർബ്ബന്ധിതിയിൽ നടപടികൾ നടത്തുന്നതു് സർക്കാരിനു ചെല്ലുവാനുള്ള തുകയെ പിരിക്കുന്നതിനുമാത്രമേ ആകാവൂ എന്നുള്ളതാണു് നിയമസൃഷ്ടാക്കളുടെ ഉദ്ദേശ്യമെന്നു ഏതിക്കുന്നേനനു, ഇന്നത്തെ ഗവണ്മെന്റുത്തരവുകൊണ്ടു മുൻപറഞ്ഞ രണ്ടാംവകുപ്പിനു് സർക്കാരിൽനിന്നും യിരുമായി പ്രവൃത്തിയ്ക്കുകയാകുന്നു ചെയ്യുന്നതു്. ഈ ഉത്തരവു് രണ്ടാംവകുപ്പിനു് എങ്ങനെ വിരുദ്ധമല്ലെന്നു എനിയ്ക്കു് മനസിലാകുന്നില്ല. ഈ വകുപ്പിനെവിശേഷിച്ചു് അതിൽനിന്നു ഒഴിവുചെയ്തിരിക്കുന്നതിനു വിരുദ്ധമായിട്ടാണു് ഈ ഉത്തരവുകൊണ്ടു പുറപ്പെടുവിച്ചിരിക്കുന്നതെന്നു ഞാൻ വിചാരിക്കുന്നു. മി: റാബിൻസൺ വേണ്ടപോലെ ആലോചിച്ചതിന്റെ ശേഷം ഗവണ്മെന്റിലേക്കു ഒരു റിപ്പോർട്ടുചെയ്തു. ആ റിപ്പോർട്ടനുസരിച്ചു് ഗവണ്മെന്റ് ഈ ഉത്തരവു പുറപ്പെടുവിച്ചു. മി: റാബിൻസൺ പല സംഗതികളെക്കുറിച്ചു് റിപ്പോർട്ടുചെയ്തിട്ടുണ്ടാം. എങ്കിൽ അതനുസരിച്ചു് ഗവണ്മെന്റ് ഉത്തരവിടുകയും അതിന്റെ ഫലം ഇതുപോലെയിരിക്കുകയും ചെയ്താൽ ജനങ്ങൾക്കു രക്ഷയില്ലാതെ വരുമെന്നാണു എനിക്കു പറയാനുള്ളതു. ഈ കാരണങ്ങളാലും വിശേഷിച്ചു, റഗുലേഷൻ രണ്ടാംവകുപ്പിനു ഈ ഉത്തരവു വിപരീതമായിട്ടുള്ളതിനാലും ഞാൻ ഈ നിശ്ചയത്തെ പിൻതാങ്ങുന്നു.

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റുസിക്രട്ടറി): സെക്ഷൻ എന്താണു പറയുന്നതു.

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാറ്റിൻകര): ഞാൻ അതു പറഞ്ഞുകഴിഞ്ഞു.

കടിശ്ശികതീർക്കുന്നതുള്ള തുകയ്ക്കുമാത്രവും, ലേലക്കാർ ഉള്ളപ്പോഴും മാത്രമേ ശ്രമിച്ചു വിൽക്കാവൂ എന്നതു മാത്രമേ പറയുന്നുള്ളു.

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റു സെക്രട്ടറി): ലേലക്കാർ വന്നില്ലെങ്കിൽ കടംതീർത്തുകഴിഞ്ഞുവെന്നു സാമാജികൻ വിചാരിക്കുമോ?

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാറ്റിൻകര): കടംതീർത്തില്ലെങ്കിൽ മാത്രമേ ഗവണ്മെന്റിൽനിന്നും മറ്റുവസ്തുക്കളിൽ നടപടിനടത്തുകയുള്ളു.

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റു സെക്രട്ടറി): വകുപ്പു അങ്ങിനെ പറയുന്നുണ്ടോ?

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാറ്റിൻകര): എവിടെയാണു പ്രയാസമെന്നു ഞാൻ ചോദിക്കുന്നു.

മി: മാത്യുമുരിക്കൻ (കൊല്ലം): സാക്ഷാൽ വിലയ്ക്കു ഗവണ്മെന്റിൽനിന്നു വിലകൊടുത്തുവാങ്ങിക്കണമെന്നു അതുകൊണ്ടു അർത്ഥമില്ല?

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാറ്റിൻകര): ഞാൻ അതുതന്നെയാണു ഉദ്ദേശിക്കുന്നതു. സർക്കാർ ഉദ്യോഗസ്ഥന്മാർ വസ്തുവിനു ഒരു വില കല്പിക്കുന്നു. നിശ്ചയമായിട്ടും ലേലത്തിൽ പോകുന്നവിലയേക്കാൾ കൂടുതലായി അതിനു വിലവരും. അവർ ഒരു വില കല്പിച്ചു കരസ്യംചെയ്യുന്നു. ഈ കാരണങ്ങളാൽ മി: കേശവപിള്ള ഹാജരാക്കിയ നിശ്ചയത്തെ ഞാൻ പിൻതാങ്ങുന്നു.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഫൈൻ സക്രട്ടർവക്കിൽ): വസ്തുവിനു ഒരു ചക്രത്തിൽകൂടുതൽ വില ഉള്ളപ്പോൾ ലേലത്തിൽവിളിക്കാൻ ആളുകൾ വരാത്തതിന്റെ കാരണമെന്താണു?

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാറ്റിൻകര): പല കാരണങ്ങളും ഉണ്ടു. ഗസറ്റിൽ പരസ്യം ചെയ്താലും സാധാരണ ആളുകൾ അറിയുകയില്ലാ എന്നു ഞാൻ പറഞ്ഞല്ലോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റു സെക്രട്ടറി): പരസ്യം ഗസറ്റിൽ മാത്രമല്ല വസ്തു കിടക്കുന്നിടത്തും താലൂക്കുകച്ചേരിയിലും പ്രവൃത്തിക്കുച്ചേരിയിലും ചെയ്യുന്നുണ്ടെന്നു ഞാൻ സാമാജികനെ അറിയിക്കുന്നു.

മി: എ. തോമ്പിപിള്ള (തിരുവനന്തപുരം): വസ്തുവിനു വാസ്തവത്തിൽ ഒരു ചക്രത്തിൽ കൂടുതൽ വിലയില്ലെങ്കിൽ ആ വസ്തുവിൽ ഗണ്യമായ ഒരുതുക കരം ചുമത്തുന്നതു് ന്യായമാണോ? വസ്തു ഉടമസ്ഥനെ ബാക്കിയുള്ളതിനു മുതലപ്പെടുത്തുകയും, മറ്റുള്ള വസ്തുക്കളിൽ നിന്നും ഈടാക്കുകയും ചെയ്യുമോ?

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാറ്റിൻകര): ഒരിക്കലും പാടില്ല.

അദ്ധ്യക്ഷൻ മിസ്റ്റർ റോബിൻസൺ നിങ്ങടം ഒഴിവായി ഈ കാര്യത്തിൽ ഗവണ്മെന്റിന്റെ നിലയെ വെളിവാക്കുമോ? അങ്ങിനെ യാണങ്കിൽ സഭയ്ക്കു ഗവണ്മെന്റിന്റെ ഉദ്ദേശ്യം മനസ്സിലാകും.

മി: എസ്സ്. സി. എച്ച്. റോബിൻസൺ (ലാൻഡ് റവന്യൂ ഇൻകം റാക്സ് കമ്മീഷണർ): സാർ! ഈ ഗവണ്മെന്റിന്റെ ഉത്തരവിനെപ്പറ്റി ഒട്ടധികം തെറ്റിധാരണ ഇവിടെയാണന്നു. പുതിയതായിട്ട് ഒരു രൂപവും ഇവിടെ സൃഷ്ടിച്ചിട്ടില്ലാഎന്നു സഭയ്ക്ക് ഞാൻ ഉറപ്പുതരുന്നു. പുതിയ ഉത്തരവ് കീഴ് ഉദ്യോഗസ്ഥന്മാക്ക മാർഗ്ഗദർശത്തിനായി ചില നടപടിച്ചട്ടങ്ങളും മാത്രമേ ആകുന്നുള്ളൂ. ഗസറ്റിൽ അതിനെ പറ്റി പ്രസ്താവിച്ചതേ ആവശ്യം വാസ്തവത്തിൽ ഉണ്ടായിരുന്നില്ല, ഭൂമിയുടമസ്ഥന്മാരുടെ നിലവും അവരെ അറിയിക്കുന്നതിനു മാത്രം ഇതു ചെയ്യുന്നേയുള്ളൂ. കരകൃഷിവഴ്ച്ച വസ്തുതിരിക്കെ ഏർപ്പെടുത്തുകയും വിൽക്കുകയും ചെയ്യുന്ന ഫ്ളർപ്പാട്ട് ഈ രാജ്യത്തു പുതുതിനമായിട്ടുള്ളതാണ്. ഇപ്പിട്ടത്തെ പതിവു പ്രകാരമെടുക്കുന്നതിൽ കരുതിശ്ചയപ്പെടുന്നതിനും, കരം പിരിവു രജിസ്ട്രേഷൻ മുതലായുള്ള മറ്റു കടിശികവയ്ക്കും, വസ്തുവിൽക്കുന്നോഴും മേലധികാരി ഇല്ലാതിരിക്കുന്നോഴും വസ്തു സർക്കാരിൽനിന്നു വിലയ്ക്കു വാങ്ങിച്ചുതായി വിചാരിയ്ക്കപ്പെടും. പക്ഷേ നടപ്പ് കുടിശിവ ഉപേക്ഷിയ്ക്കുകയും ഭൂമി തിരിച്ചായി റിക്കാട്ട ചെയ്യുകയുമായിരുന്നു. ഫൻഫൻൽ ഞാൻ മേൽപ്രകാരം പറഞ്ഞിരുന്നപ്പോൾ ഇപ്രകാരം ചെയ്യുന്നതുകൊണ്ടു വസ്തു ഉടമസ്ഥരുടെ മുതൽ മാറിയിരിക്കുന്നതും അയാളുടെ അധികാരം പിന്നെയും അതിനു ഉണ്ടെന്നും ഞാൻ ഗവണ്മെന്റിനെ അറിയിച്ചു. അതനുസരിച്ചു ഫൻഫൻ-ചെ രണ്ടാംനമ്പർ ഉത്തരവനുസരിച്ചു ഒരുപക്ഷം വീതം ഒരു മേൽ മാത്രം വിലവച്ചു വസ്തു ഗവണ്മെന്റിനു വാങ്ങിയ്ക്കുകയും ഇതു നടപ്പാക്കുകയും ചെയ്തു.

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാറ്റിൻകര): ഇദ്ദേഹം ഒഴിവായി ഉത്തരവിനെ ഒന്നുവായിയ്ക്കുമോ?

മി: എസ്സ്. സി. എച്ച്. റോബിൻസൺ (ലാൻഡ് റവന്യൂ ഇൻകം റാക്സ് കമ്മീഷണർ): ഉത്തരവിന്റെ ആദ്യത്തെ ഭാഗം മുൻ നടന്ന ചരിത്രത്തെപ്പറ്റി പറയുന്നു. അതിന്റെ ശേഷം അതു പറയുന്നതുവിളിച്ചു കരം പതിവു രജിസ്ട്രേഷൻ അനുസരിച്ചു കുടിശ്ശികയുള്ള തുകയിൽ ഒരു രജിസ്ട്രേഷൻ ചെയ്യുന്നവരെ ലേലത്തിനിട്ടു കയും, ലേലക്കാർവരാതെയിരിക്കുകയും ചെയ്യുമ്പോൾ ഇപ്പോൾ മേൽപ്പറഞ്ഞ ഡിവിഷനിൽ ചെയ്തു വരുന്നപതിവു എന്തെന്നാൽ ഒരുപക്ഷം വീതം പേരിനമാത്രം വിലവച്ചു ഗവണ്മെന്റ് ലേലത്തിൽ വിളിയ്ക്കുകയും, താലൂക്കച്ചേരിയിലെ കണ്ടിൻജൻസി ഫണ്ടിൽ നിന്നും അതു വിളിച്ചെടുക്കുകയും കുടിശ്ശികയുടെ ഒരു ഭാഗമായി ഗണിയ്ക്കുകയും ബാക്കിയുള്ള കുടിശ്ശിക ഉപേക്ഷിയ്ക്കുകയും ചെയ്യുകയാകുന്നു.

മി: റവ. സി. കേശവപിള്ള (കൽക്കുളം-വിളവങ്കോട്): ഉപേക്ഷിയ്ക്കുക എന്നു വച്ചാൽ എന്താണു?

മി: എസ്. സി. എച്ച്. റോബിൻസൺ (ലാൻഡ് റവന്യൂ ഇൻകം റാക്സ് കമ്മീഷണർ): ഈ ടാക്കൽ നിവൃത്തിയില്ലാത്ത ഉപേക്ഷിയ്ക്കുകഎന്നു ഞാൻ. "ഈനടപടി മുൻപറഞ്ഞ നൂറ്റി ഏഴാം നമ്പർ ഖാറർ അനുസരിച്ചാകുന്നു. എന്നാൽ മറ്റുള്ള ഡിവിഷനുകളിൽ മേൽപ്രകാരം ഡിവിഷനിൽ ചെയ്യുന്നതുപോലെ സർക്കാരിൽ നിന്നു ലേലത്തിൽ വിളിച്ചേരുകയുന്നില്ല. കുടിശിവ ഉപേക്ഷിച്ചുശേഷം ഭൂമി ഗവണ്മെന്റ് അനുവദിക്കുന്നതുപോലെ തിരിച്ചായി റിക്കാട്ട ചെയ്യുന്നു."

"എല്ലാ ഡിവിഷനിലേയും നടപടി നേരേചൊവ്വെയിരിക്കേണ്ടുള്ള ആവശ്യമാണന്നു മനസ്സിലാക്കിക്കൊണ്ടുണ്ടന്നും ഗവണ്മെന്റ് വിചാരിയ്ക്കുന്നു. കൂടാതെ വസ്തു ഉടമസ്ഥന്റെ അവകാശത്തെ നശിപ്പിക്കുന്നതിനും സർക്കാരിൽ ഈ അവകാശത്തെ മറ്റുള്ള ബാദ്ധ്യതകളും ഒഴിച്ചു സ്ഥാപിയ്ക്കുന്നതിനും മുമ്പായി വസ്തു വാങ്ങിക്കേണ്ടുള്ള ന്യായമനുസരിച്ചു ആവശ്യമാകുന്നു. അതുകൊണ്ടു മേൽപ്രകാരം ഡിവിഷനിലെ ഈ നടപടി മറ്റുള്ള ഡിവിഷനിലും നടത്തുന്നതിനു ഗവണ്മെന്റ് ആജ്ഞാപിക്കുന്നു."

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): കുടിശിവക്കാരന്റെ എല്ലാ വസ്തുക്കളിന്മേലും നടപടിനടത്തി വിൽക്കുന്നതിനു ഈ ഉത്തരവു നിർദ്ദേശിക്കുന്നോ?

മി: എസ്. സി. എച്ച്. റോബിൻസൺ (ലാൻഡ് റവന്യൂ ഇൻകം റാക്സ് കമ്മീഷണർ): നടപടി എന്താണന്നു കണ്ടിക്കുന്നതിനു ഞാൻ ശ്രമിക്കുകയാകുന്നു. സാമാന്യമായ അല്പം ക്ഷമയുണ്ടാകുമെങ്കിൽ കുടിശിവയായിട്ടുള്ള വസ്തുവിന്റെ വില മതിയാകാത്തപക്ഷം കുടിശിവക്കാരന്റെ മറ്റു വസ്തുവിന്മേലും ജപ്തി ചെയ്തു വിൽക്കുകയുണ്ടു പതിവെന്നു ഞാൻ കാണിക്കാം.

ഫൻഫൻ-നവംബർ മാസത്തെ ഗസറ്റിൽ ഈ ഉത്തരവു പ്രസിദ്ധപ്പെടുത്തിയ 107-ാം നമ്പർ ഉത്തരവനുസരിച്ചു ഈ ഫ്ളർപ്പാട്ട പുതുക്കുകയും അമ്പലം വക വസ്തുവിലും, കണ്ടു കൃഷി സ്ഥലങ്ങളിലും ഇതിനെ പ്രയോജിക്കുകയും ചെയ്തു. ആ ഉത്തരവിന്റെ മൂന്നാമത്തെ വണ്ടം ഇപ്രകാരമാകുന്നു.

"ബാക്കിയുള്ള കുടിശിവ ഈടാക്കുന്നതിനു കുടിശിവക്കാരന്റെ വസ്തുവിലുത്തേപക്ഷം ഈടാക്കിയ പണം ഒഴിച്ചു മറ്റുള്ള കുടിശിവകണക്കിൽ നിന്നു കുറവു ചെയ്യുകയും, ഭൂമി ശ്രീപണ്ടാരവകയായിട്ടോ, ശ്രീപാദം ഭൂമി ആയിട്ടോ റിക്കാട്ട ചെയ്യുകയും ചെയ്യണം." ഇതിൽ നിന്നും കുടിശിവക്കാരന്റെ വേറെ വസ്തുവിലുണ്ടെങ്കിൽ ബാക്കിയുള്ള കുടിശിവ കണക്കിൽ നിന്നും കുറയ്ക്കുണമെന്നും ഉദ്ദേശിച്ചിട്ടുള്ളതായും കരുതിയുന്നു.

മി: എ. എസ്. മുഹമ്മദുനാശാർ (മാവേലിക്കര-കാർത്തികപ്പള്ളി): ഇതു ഉത്തരവിന്റെ ഒരു വ്യാഖ്യാനമോ ഭേദഗതിയോ?

മി: എസ്. സി. എച്ച്. റോബിൻസൺ (ലാൻഡ് റവന്യൂ ഇൻകം റാക്സ് കമ്മീഷണർ): ഇതു ഒരു വ്യാഖ്യാനം മാത്രമാണെന്നു ഈ ഉത്തരവിന്റെ നാലാം വണ്ടികയിൽ കണ്ടുകൂടി ഡിപ്പാട്ടമെന്റിലേക്കുള്ള കുടിശിവയെപ്പറ്റിയുള്ള നടപടി ഇന്നതാണന്നു പറയുന്നു. വിഭജിപ്പണമൊഴിച്ചു മറ്റുള്ള ഇതുക്കു കുടിശിവക്കാരന്റെ വേറെ വസ്തുവുണ്ടെങ്കിൽ അതിൽനിന്നു ഈടാക്കാമെന്നു പറയുന്നു. അതുകൊണ്ടു ഫൻഫൻ-ൽ ഈ ഫ്ളർപ്പാട്ട നടപ്പിൽ ഇരുന്നതായി നിങ്ങൾക്കു മനസ്സിലാകും. കുടിശിവപ്പണം ഈടാക്കുന്നതിനു കുടിശിവക്കാരന്റെ വേറെ വസ്തുവിലുണ്ടെങ്കിൽ മാത്രമേ കുടിശിവകപ്പണമുപേക്ഷിച്ചുതായി ഏഴുതാവൂവെന്നു ഇതിൽനിന്നും മനസ്സിലാകും.

മി: കെ. എസ്സ്. മുഹമ്മദുനാശാൻ (മാവേലിക്കര-കാർത്തികപ്പള്ളി): ഏതു ഉത്തരവു.

മി: എസ്സ്. സി. എച്ച്. റോബിൻസൺ (ലാൻഡ് റവന്യൂ ഇൻകം റാക്സ് കമ്മീഷണർ): ഫൻഫൻ-ലെ ഉത്തരവു. അതു ലാൻഡ് റവന്യൂ മാനുവലിന്റെ രണ്ടാമത്തെ സപ്ലിമെന്റിൽ ഏഴാം-ാം പേജിൽ

കാണുന്നു. സാമാജികന്മാരുടെ തെറ്റായി ധാരണയെ മാറ്റുന്നതിനായി കരക്കടിശികയില്ലാത്ത ഭൂമിയുടെ റവന്യൂ റെഗുലേഷൻപ്രകാരമനുസരിച്ചുള്ള വിൽപ്പന നടപടികളും സംശയസ്ഥാനത്തിലേല്പിക്കുന്ന ഞാൻ പറയാം. കുടിശിക വക്കാരനോ കുടിശിക ഈടാക്കുന്നതിനായി സ്ഥാപരമോ, ജംഗമമോ രണ്ടു വിധത്തിലുമോ ഉള്ള വസ്തുക്കളെ വിൽക്കുന്നതെങ്ങിനെയെന്നു കരം പിരിവു റെഗുലേഷന്റെ അഞ്ചാം വകുപ്പിൽ പറയുന്നു. ഇതുപോലെ ത ഞ്ചാവൂർ, മധുര, കോയമ്പത്തൂർ, മദ്രാസ്സ്, കൊച്ചി തുടങ്ങിയ രാജ്യങ്ങളിലും. ഞാൻ ഇതൊന്നും പറഞ്ഞതു കൊണ്ടു ഈ ഉ ത്തരവിൽ പുതിയതായി ഒന്നുമില്ലാത്തതു സ്പഷ്ടമാകുന്നു. നടപടിയുടെ ഒരു വ്യാഖ്യാനം മാത്രമേയുള്ളു ഇതു്. ഞാൻ പറഞ്ഞതുപോലെ ഇതു് പരസ്യപ്പെടുത്തേണ്ട ആവശ്യമില്ലായിരുന്നു. ഇതു കീഴുദ്യോഗസ്ഥന്മാർക്കുള്ള ഒരു കല്പനമാത്രമായിരുന്നു. ഭൂമിയുടെസ്ഥന്മാരുടെ ഈ വിഷയത്തിലുള്ള സാക്ഷാൽ നില എത്രണ്ണമെന്നും അവ രെ അറിയിക്കുന്നതിനും നടപടിമാത്രമാണു് എന്ന ഒന്നുകൂടിസ്സൂചിപ്പിക്കുന്നതിനും ആണു ഇതുപരസ്യപ്പെടുത്തിട്ടുള്ള തു്. ഒരു ചക്രവില്കം ഗവണ്മെന്റു പണ്ടേയിട്ടുള്ള ഭൂമിവളരെ കുറച്ചുമാത്രമുള്ളവനെ എനിക്കു നിശ്ചയമുണ്ടു്. സാക്ഷാൽ കഷ്ടത അനുഭവിക്കുന്നുണ്ടെങ്കിൽ അതു് ഗവണ്മെന്റിന്റെയൊ ഡിപ്പാർട്ടുമെന്റ് അധ്യ ക്ഷന്റെയൊ ശ്രദ്ധയിൽ കൊണ്ടുവന്നാൽ കഴിവുള്ളിടത്തോളം അതിനെ മാറ്റാതെന്നു ഞാൻ ഉറപ്പു പറയുന്നു. കരം പിരിവു റെഗുലേഷൻ അനുസരിച്ചിരിക്കുന്നതിനാൽ ഗവണ്മെന്റിൽ നിന്നും ഇപ്പോൾ ഒന്നും ചെയ്യുവാൻ സാധിക്കുകയില്ല. റെഗുലേഷൻ പരിഷ്കരിക്കുന്നതിനു ഗവണ്മെന്റിനോടു് ആവശ്യപ്പെടുകയെ സാമാജികന്മാക്കു നിവൃത്തിയുള്ളു. മറ്റുള്ള ഭൂമിയും കുടിശികയ്ക്കു വിൽക്കാതെന്നുള്ള കോടതി വിധിക്കു മറിച്ചു ചെയ്യുന്നതിനു ഗ വണ്മെന്റിനു നിവൃത്തിയില്ല. ഞാൻ മുൻപു പറഞ്ഞതുപോലെ പല്ലസംബന്ധമുണ്ടെങ്കിൽ ഗവണ്മെന്റിനെയൊ, ഡിപ്പാർട്ടുമെന്റ് മേലദ്ധ്യക്ഷനെയൊ അറിയിച്ചാൽ നിവൃത്തിവരുത്തുന്നതിനുവേണ്ട യത്നങ്ങളും ചെയ്യാം.

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാറ്റിൻകര): കുടിശികയായതിയ ഭൂമിയെമാത്രം വിറ്റുകൊണ്ടു ഗ വണ്മെന്റിനുവല്ല നഷ്ടവും വന്നിട്ടുണ്ടോ?

മി: എസ്സ്. സി. എച്ച്. റാബിൻസൺ (ലാൻഡ് റവന്യൂ ഇൻകംടാക്സ് കമ്മീഷണർ): എന്റെ ഒരുപ രിശോധനകിടയിൽ കുന്നത്തൂർ താലൂക്കിൽ തെറ്റായി നടപടികളും ചെയ്തിരിക്കുന്നതു ഞാൻ കണ്ടു. തെറ്റി നെ ഞാൻ കാണിച്ചുകൊടുത്തു ഇതുകൊണ്ടു ഇപ്പോഴത്തെ ഗവണ്മെന്റു ഉത്തരവിന്റെ കാരണം

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാറ്റിൻകര): ഗവണ്മെന്റിൽനിന്നും വാങ്ങിച്ച ആ ഭൂമിയുടെ വില കുടിശികയായതിയ ഭൂമിയുടെ വിലയേക്കാൾ കൂടുതലായിരുന്നോയെന്നു ഞാൻ ചോദിക്കട്ടെ?

മി: എസ്സ്. സി. എച്ച്. റാബിൻസൺ (ലാൻഡ് റവന്യൂ ഇൻകംടാക്സ് കമ്മീഷണർ): എനിക്കു ഉട നെ പറയാൻ കഴിയുകയില്ല. അതു പല സംഗതികളെക്കൊണ്ടു സംഭവിക്കാം. ഭൂമിയുടമസ്ഥൻ ഒരു പ്രമാണിയായിരിക്കാം അതുകൊണ്ടു വസ്തു ലേലംപിടിക്കുന്നതിനു ആരുംതന്നെ വരികയില്ല. ഏതായാലും മി. എസ്: കെ. കൃഷ്ണ പിള്ള പറഞ്ഞ പ്രകാരം കുടിശികയ്ക്കായി വിലവന്ന ഭൂമിയെ ജപ്തിചെയ്യുന്നതു മാ ത്രമെ വിധിക്കുന്നുള്ളു: അതു ഇപ്രകാരമാണു. കരക്കുടിശിക ഈടാക്കുന്നതിനു കുടിശികക്കാരന്റെ ഭൂമിയി ൽ ഒരുഭാഗമൊ മുഴുവനൊ മിക്കവാറുംപോലും ഒക്കെ ജപ്തിചെയ്യുന്നതിനു അധികാരമുണ്ടായിരി ക്കും. കുടിശികയും പലിശയും ജപ്തിചെയ്യുന്നതിനും വില്ക്കുന്നതിനുമുള്ള ചിലവും തീർക്കുന്നതിനു വേണ്ട സ്ഥലം മാത്രമെ ജപ്തിചെയ്യുകയും വില്ക്കുകയൊ ചെയ്യാവു എന്ന പ്രത്യേകം നിർദ്ദേശിച്ചിരിക്കുന്നു.

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാറ്റിൻകര): ഈ വകുപ്പും ഗവണ്മെന്റിനെ ബാധിക്കുകയില്ലയോ എന്നു ഞാൻ റവന്യൂകമ്മീഷണരോടു ചോദിക്കുന്നു.

മി: എസ്സ്. സി. എച്ച്. റാബിൻസൺ (ലാൻഡ് റവന്യൂവും ഇൻകംടാക്സ് കമ്മീഷണർ): അതു എല്ലാ വരേയും ബാധിക്കുന്ന സംഗതിയാകുന്നു, കരംകൊടുക്കുന്നതിനു യോഗ്യതയിൽ കൂടുതലായി ഭൂമി ജപ്തിചെയ്യുവാൻ പാടില്ല. ഭരം അപ്പീലുകളും സാമാജികനും... ...

മി: എ. തങ്കപിള്ള (തിരുവനന്തപുരം): പേരിനു ഒരു ചക്രത്തിനു ഗവണ്മെന്റു വാങ്ങിച്ച ഭൂമിയുടെ നമ്പർ ഇതുയെന്നു ഇൻകംടാക്സ്കമ്മീഷണർ പറയുമൊ?

മി: എസ്സ്. സി. എച്ച്. റാബിൻസൺ (ലാൻഡ് റവന്യൂവും ഇൻകംടാക്സ്കമ്മീഷണർ): പക്ഷെ കുറ ച്ചുമാത്രം ആവശ്യമുള്ളതിൽ കൂടുതലായിട്ടു ഭൂമി വിറ്റിട്ടുണ്ടെങ്കിൽ വില്ക്കുകയും ആ വിവരം അറിയിക്കുകയും ചെയ്യാൽ ഇവിടെ ഉള്ള വക്കീൽ സാമാജികന്മാക്കു അറിയാവുന്നതുപോലെ കേസ്സ് തീരികെടുയയ്യുന്നു.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരം നെടുവങ്ങാട്ടു): കൂടുതലായി പണം ഈടാക്കിയതു ഭൂമിയു ടെസ്ഥാനം തിരിച്ചുകൊടുത്തതായി എത്രതങ്കിലുംകേസുകൾ ഉണ്ടായെന്നു ഇൻകംടാക്സ്കമ്മീഷണർ പറയുമൊ?

മി: എസ്സ്. സി. എച്ച്. റാബിൻസൺ (ലാൻഡ്റവന്യൂവും ഇൻകംടാക്സ്കമ്മീഷണർ): ഇപ്പോൾ പറയുന്നതിനു നിവൃത്തിയില്ല.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരം നെടുവങ്ങാട്ടു): റെഗുലേഷൻ അനുസരിച്ചു കമ്മീഷണർക്കു തിരിച്ചുകൊടുക്കുന്നതിനു അധികാരം ഇല്ലയൊ?

മി: എസ്സ്. സി. എച്ച്. റാബിൻസൺ (ലാൻഡ്റവന്യൂവും ഇൻകംടാക്സ് കമ്മീഷണർ): റെഗുലേഷൻഅ നുസരിച്ചു ഗവണ്മെന്റിനു ചില കേസുകളിൽ തിരിച്ചുകൊടുക്കുന്നതിനുള്ള അധികാരം ഉണ്ടു്. ഞാൻ പറ ഞ്ഞതുപോലെ സങ്കടങ്ങൾ ഉണ്ടെങ്കിൽ ശ്രദ്ധയിൽ പെടുത്താൽ അതിനു പരിഹാരമുണ്ടാക്കാം. കൂടുതലായി ഭൂ മി ജപ്തിചെയ്തിട്ടുള്ളതായി കണ്ടെയ്യാം. അങ്ങനേയുണ്ടെങ്കിൽ വില്പനയെ അസ്ഥിരപ്പെടുത്തി ഭൂമി തിരിച്ചു കൊടുക്കുന്നതു. ഇതു സാധാരണ സംഭവിക്കാറുണ്ടു്.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരം നെടുവങ്ങാട്ടു): ഒരു കേസു വളരെ സങ്കടകരമായിട്ടുള്ള തുകൊണ്ടാണു താഴെപ്പറയുന്നതു്.

മി: എസ്സ്. സി. എച്ച്. റാബിൻസൺ (ലാൻഡ്റവന്യൂ ഇൻകംടാക്സ്കമ്മീഷണർ): ഓരോ കേസിന്

കൊണ്ടും സമരാംഗത്തിൽ നാം കടക്കണം അപ്പോഴേക്ക് നമ്മെ സഹായിക്കുന്ന കേസു തുടങ്ങിയിരുന്നെങ്കിൽ, അതല്ലെങ്കിൽ ശ്രമി ഉടമസ്ഥൻ വളരെ പ്രതാപവാനായിരുന്നെങ്കിൽ.

മി. ററി. സി. കേശവപിള്ള (കല്ലൂർ-വിളവങ്കോട്): കരകടിശ്ശിക.

മി: എസ്സ്. സി. എച്ച്. റാബിൻസൺ (ലാൻഡ് റവന്യൂ ഇൻകംടാക്സ് കമ്മിഷണർ) മി: കേശവപിള്ള മലയാളി ഇംഗ്ലീഷിൽ ചോദിക്കുക അദ്ദേഹത്തിനു ഇംഗ്ലീഷറിയാമെന്നു ഞാൻ വിശ്വസിക്കുന്നു.

മി: ററി. സി. കേശവപിള്ള (കല്ലൂർ-വിളവങ്കോട്): സാധാരണ സംഗതികളിൽ...(ഇംഗ്ലീഷ് ഒന്നിനുമായിട്ടുവന്നില്ല)

അദ്ധ്യക്ഷൻ: മി: റാബിൻസൺ മി: കേശവപിള്ള മലയാളത്തിൽ സംസാരിക്കട്ടെ. മി: നീലകണ്ഠപ്പിള്ളയോ മി. കുഞ്ഞുപിള്ള പരമേശ്വരൻപിള്ളയോ നിങ്ങളെ സഹായിക്കും.

മി: ററി. സി. കേശവപിള്ള (കല്ലൂർ-വിളവങ്കോട്): കരകടിശ്ശിക ഈവേണ്ടി ലേലത്തിൽ പോകുന്നവസ്തുക്കളുടെ ശരിയായ എന്തായിരിക്കും.

മി: എസ്സ്. സി. എച്ച്. റാബിൻസൺ (ലാൻഡ് റവന്യൂ ഇൻകംടാക്സ് കമ്മിഷണർ): റിക്കാർഡ്നോക്കാതെ പറയുവാൻ എനിക്കു തന്നെ വൃത്തിയില്ല.

മി: ററി. സി. കേശവപിള്ള (കല്ലൂർ-വിളവങ്കോട്): ഉദ്ദേശം ഇത്രപണമേ

മി: എസ്സ്. സി. എച്ച്. റാബിൻസൺ (ലാൻഡ് റവന്യൂ ഇൻകംടാക്സ് കമ്മിഷണർ): ഞാൻ തീർച്ചപറയുകയില്ല. അതു വളരെ കൂടുവായിരിക്കേ.

രാജമ്പാഹദുർ കെ. എ. കൃഷ്ണസ്വാമിറാവു (ഡപ്യൂട്ടി അദ്ധ്യക്ഷൻ): ഞാൻ ഈ നിയമത്തെപിൻതാങ്ങുന്നു. മറെറല്ലാ രാജ്യങ്ങളിലുമെപ്പോലെ തിരുവിതാംകൂറും ഒരു വല്ലാത്തപരന്തത്തിനു കൂടി കടന്നുപോകുകയാണ്. അതുകൊണ്ടു ഇതുപോലെ ഇതു മറെറ പല സ്വത്തും ഗവൺമെൻറിൽനിന്നും സ്വീകരിക്കാൻപോകുന്ന നയത്തെക്കുറിച്ചു ആളുകളുടെ ഇടയിൽ വളരെ ഭീതിയുണ്ടായി എന്തെന്നാൽ വളരെദ്രമിയുടമസ്ഥന്മാർക്ക് സ്റ്റേറ്റ്സമയങ്ങളിൽ കരംകൊടുക്കാൻ നിവൃത്തിയില്ലാത്ത വരാറുണ്ടു.

ഇവിടെ പ്രസ്താവിച്ച സ്തുവാക്കുകൾക്കു വേണ്ടി മി. റാബിൻസൺനു ഞാൻ നന്ദിപറയുന്നു, രവന്യൂ റിക്കവറിറഗുലേഷനിൽ അന്തർഭവിച്ചിരിക്കുന്ന നിയമഭേദഗതിയുടെ ഉദ്ദേശങ്ങളെ കാണിക്കുകമാത്രമാകുന്നു അതു ചെയ്യുന്നതു്. അല്പമെങ്കിലും വലിയ മാറെറങ്ങളും അന്യായമായിട്ടുള്ളതായി ഇവിടെ ഉദ്ദേശിച്ചിട്ടില്ല. ഞാൻ അതുമായിത്തന്നെ അതു സമ്മതിക്കാം. സൂക്ഷ്മമായിട്ടു പരിശോധിച്ചാൽ ഈ ഉത്തരവുകൊണ്ടു ഗവണ്മെൻറുദ്യോഗസ്ഥന്മാക്കു കൊടുത്തിട്ടുള്ള അധികാരം റഗുലേഷൻകൊണ്ടു ഗവണ്മെൻറിനും ഗവൺമെൻറുദ്യോഗസ്ഥന്മാക്കു കൊടുത്തിട്ടുള്ളതിൽ കുറെ കൂടുതലില്ല

ഇതുമുതൽ പറഞ്ഞസ്ഥിതിക്ക് വളരെ നാം നടപ്പിലിരുന്ന ഒരു ഏർപ്പാടിനെ ഇപ്പോൾ മാറെറണ്ടതിനു എന്തിനാണ് ശ്രമിക്കുന്നതു്. എത്രതന്നെയും സ്ഥലം കടിശ്ശികക്ക് വിൽക്കുമ്പോഴും ലേലക്കാർ ആരും ഇല്ലാതിരിക്കുമ്പോഴും താലൂക്ക് കണ്ടിജൻസി പണത്തിൽ നിന്നും ഗവണ്മെൻറും ഒരു ചക്രം വിചാരിക്കുകയും ഗവണ്മെൻറുവക കണക്കിൽ തനതു ചിലവ് ഒഴിച്ചു എന്നെഴുതുകയും ചെയ്യുന്നു. ഇതുവരെ യാതൊരു അക്ഷേപവുമില്ല. എന്നാൽ ഈ ക്ഷാമ സമയങ്ങളിൽ ഗവണ്മെൻറ് ഭൂമിവിറെറടുക്കുന്നതിനു ഉപേക്ഷിക്കുന്ന സംഭ്രമായം നിറുത്തിയിരിക്കുന്ന എന്നുള്ള വിഷയമാകുന്നു ഞങ്ങളെ ബുദ്ധിമുട്ടിയ്ക്കുന്നതു്. പുതിയ നടപടിക്രമിയാണെന്നു സംശയിച്ചാൽ തന്നെയും ഈ അഭിപ്രായപ്പെട്ടമാറ്റം ആഗ്രഹിക്കത്തക്കതല്ലെന്ന് പറയുന്നതിനും എതൊന്നും തടയുന്നില്ല (ഇവിടെ ഇതു ഒരു മാറ്റമല്ലാ എന്നു മി. കുഞ്ഞുപിള്ള പരമേശ്വരൻപിള്ള പറഞ്ഞു) ഇതിനെ വാദിക്കുന്നതെന്തു് എനിയ്ക്കു് അറിയാം. സാർ, എൻെറ സ്നേഹിതൻ ഇതു ഒരു മാറ്റമല്ലാ എന്നുപറയുന്നു. റഗുലേഷനെ സംബന്ധിച്ചിടത്തോളം ഇതു ഒരു മാറ്റമല്ലെന്നു ഞാൻ സമ്മതിക്കുന്നു. എന്നാൽ ഉദ്യോഗസ്ഥന്മാർ അനുസരിക്കേണ്ട നടപടിയിൽ ഇതു ഒരു മാറ്റമാകുന്നു. കരകടിശ്ശിക വരുത്തിട്ടുള്ള ഒരു വസ്തു വിൽക്കുമ്പോൾ വാങ്ങിക്കുന്ന ആളിനു കരകടിശ്ശികയ്ക്കു് തക്കപ്രതിഫലംകിട്ടുന്നുവെന്നും, അതിൻറെവാങ്ങിയവില എത്രയെന്നു എന്ന നമുക്ക് ഉപദേശിക്കാം. ഗവണ്മെൻറിൽ നിന്നും ഒരു വസ്തുവിൻെറ വിലയിൽ യഥാർകാച്ചു അതിനെ കുറച്ചുത്തുന്നതിനായി ഏപ്പോൾ എങ്കിലും ഉദ്ദേശിച്ചിരുന്നു വെന്ന് സൊറിയ്ക്കമെൻറു നടപടികൾ നടത്തുന്ന പരസ്യത്തിൻെറ ന്യായത്തെ സ്വയമായി സംശയിയ്ക്കുന്നതേ വിശ്വസിയ്ക്കുവാൻ പ്രയാസം. അങ്ങിനെ ഒന്ന് വിചാരിച്ചു കൂടാ. ഗവണ്മെൻറിനു ഏതു് അധികാരം നിയമപ്രകാരം ഉണ്ടായിരുന്നാലും കടിശ്ശികയുള്ള സ്ഥലം വിൽക്കുന്നതിനായി മാറിയ്ക്കുമ്പോൾ കടിശ്ശിക മതന്യായസ്ഥൻറെ മുമ്പിൽ ഗവണ്മെൻറിൽ നിന്നും ഇളവു ചെയ്തു കൊടുക്കുമെന്നു ഗവണ്മെൻറു വിചാരിച്ചു. പുതിയ ഉത്തരവു നിമിത്തം വന്നിരിയ്ക്കുന്നപ്രായോഗം ഇതാകുന്നു. ആളുകളുടെ ഉത്തരവിൻെറ നിർദ്ദേശങ്ങളിൽ വളരെ കവിഞ്ഞുപോകുന്നു. ഇതു് കരകടിശ്ശിക വരുത്തിട്ടുള്ള ഭൂമി മാത്രമല്ലമറെറല്ലാ സാമാനങ്ങളിലും, സ്ഥാപരമോ, ജംഗമമോ, ആ താലൂക്കിൽ ഉള്ളതോ പെട്ടിയ്ക്കുള്ളതോ ഏതായാലും ലേലത്തിൽ വിൽക്കാവുന്നതും, പേരിനുമാത്രം വിലയായ ഒരു ചക്രം തിലയ്ക്കു് മറെറ ലേലക്കാർ ഇല്ലാത്തപക്ഷം ഗവണ്മെൻറിനു വാങ്ങിയ്ക്കാമെന്നുള്ളതുമാകുന്നു.

റവന്യൂ വിഭ്രമയെ മാറെറല്ല വിഭ്രമയിൽ നിന്നു വ്യത്യസ്തപ്പെടുത്തുന്ന ഒരു സംഗതി എന്തെന്നാൽ മാറെറല്ലാ അവകാശങ്ങളും മുന്നം അതിനെ ബാധിക്കയില്ലെന്നുള്ളതാണ്. കോർട്ടിൽ നിന്നുള്ള വിഭ്രമനകൊണ്ടു കടക്കാരൻെറ സകലതരത്തിലുള്ള അവകാശങ്ങളും മാത്രമെകിട്ടുകയുള്ളു. എന്നാൽ റവന്യൂ റിക്കവറി റഗുലേഷൻെറ സൻ-ാം റഗുലേഷൻ അനുസരിച്ചു്.

റവന്യൂ കടിശ്ശിക നിമിത്തം വിഭ്രമന പൂരയിടങ്ങളും വിഭ്രമുമ്പോൾ അതിൽ ഉള്ള യാതൊരു അവകാശങ്ങളേയും വകവച്ചു കൊടുക്കുകയില്ല. കടിശ്ശികക്കു പരിശകരം ഇപ്പിക്കും കടിശ്ശിക സംബന്ധിച്ചുണ്ടായിട്ടുള്ള മറെറ ചിലവുകളും കഴിഞ്ഞു ബാക്കിവല്ലതും ഉണ്ടെങ്കിൽ അതു് വല്ല കോടതിയിലേയും ഇഞ്ചക്ഷൻ ഉത്തരവു് ഇല്ലാത്തപക്ഷം കക്ഷിക്ക് കൊടുക്കുന്നതാണ്. കാച്ചു് ഉടമസ്ഥാവകാശം ഉള്ളവരുടേയും മെറിഅത്തം കൊടുത്തിട്ടുള്ളവരുടേയും മറെറ വിധത്തിൽ അവകാശമുള്ളവരുടേയും അവകാശങ്ങളും വകവയ്ക്കാതെ ഗവണ്മെൻറിനു വസ്തു വിഭ്രമനക്ക് ഗ്രഹിക്കുന്നതായി പൊതുജനങ്ങൾക്ക് അറിയാം. ഈ അപകടം സഹിക്കുന്നതിനു് അവർ തയ്യാറാകുന്നു. സൻ-ാം വകുപ്പിൽ ഈ വ്യവസ്ഥ ചേർത്തിരിക്കുന്നതു് എന്തിനാകുന്നു? എന്തെന്നാൽ ഒരു പു

രായിട്ടുണ്ടല്ലോ. കരത്തിന് അതിനേൽ ഗവണ്മെൻറിന് പ്രഥമാവകാശം വേണം, ഇതുതന്നെ ഒന്നാം വകുപ്പിൽ പറഞ്ഞിരിക്കുന്നു. നൻ-ഭരത്തെ വകുപ്പ് ഒന്നാമത്തെ വകുപ്പ് നിലനിൽക്കുന്നതിനാണ് ഗവണ്മെൻറിന് കിട്ടിയിരിക്കുന്ന ജാമ്യാവകാശത്തെ പ്രായോഗികമാക്കുകമാത്രമാകുന്നു. ഒന്നാം വകുപ്പ് പറയുന്നത് ഇതാകുന്നു.

"ഭൂമിയും, അതിലുള്ള കെട്ടിടങ്ങളും അതിൻറെ ആദായങ്ങളും അതിൻറെ റവന്യൂവിന് ജാമ്യമായിരിക്കുന്നതാണ്" അതുകൊണ്ട് ഗവണ്മെൻറിനു മറ്റേതെങ്കിലുമുള്ള ഈ ജാമ്യം, ഗവണ്മെൻറ് പ്രാഥമികാവകാശം കൊടുക്കുന്ന ഈ ജാമ്യം ഗവണ്മെൻറിന് റവന്യൂ റിക്കവറി റ്റ്രഷേഷൻ ഒന്നാം വകുപ്പുകൊണ്ട് സ്ഥാപിക്കുന്നു. അതുകൊണ്ട് ഗവണ്മെൻറിനു മറ്റേതെങ്കിലും നിയമങ്ങളുടെ കീഴിൽ ഭൂമിയിൽനിന്നുള്ള ആദ്യത്തെ അവകാശം കൊടുക്കുന്ന ഈ ജാമ്യം റവന്യൂ റിക്കവറി റ്റ്രഷേഷൻറെ രണ്ടാം വകുപ്പുകൊണ്ട് സിദ്ധിക്കുന്നു. ഞാൻ കുറച്ചു കഴിഞ്ഞു പറയാൻ പോകുന്ന രണ്ടാം വകുപ്പുവരെ വില്ലനയേപ്പറ്റി പ്രസ്താവിക്കുന്ന വകുപ്പുകളെല്ലാം ഏതു ഭൂമിയിലാണെല്ലാം കടം കിടിശിഖ വന്നിരിക്കുന്ന ആ ഭൂമിയെല്ലാത്ത മറ്റു ഭൂമിയിലും. ഇതുപറഞ്ഞതിൽനിന്നും ഒരു താഴ്വുകിൽ വേണ്ട സ്ഥലം ഇഷ്ടമുള്ളിൽ ഗവണ്മെൻറിനിന്നും അന്യാധീനപ്പെട്ടുപോയ വിൽപ്പനയാവുന്നതാണ്. ഇപ്പോൾ ഒരു ചോദ്യത്തിനിടവരുന്നു. ഏതൊരു ഭൂമിയിലാണോ കടിശിഖവന്നോ അതും ഗവണ്മെൻറ് ആദ്യാവകാശം സമ്പാദിക്കാത്ത ഭൂമിയും ഒന്നേനിയിലുള്ളതാണോ എന്നു പ്രശ്നമുണ്ടായിൽ കുടിക്കടിശിഖവന്നിയ ഭൂമിയിലല്ല രാജ്യത്തിലുള്ള കടിശിഖക്കാരൻറെ ഏതു ഭൂമിയിലും ഗവണ്മെൻറിന് ഈ അവകാശം ഉണ്ടെന്നു തോന്നും. ഇതു നിശ്ചയമായിട്ടും അന്യായവും അനീതിയും അർത്ഥമില്ലാത്തതും പറഞ്ഞാൽ കുറഞ്ഞപക്ഷമായി ഒഴിക്കവും ആകുകയില്ല. രണ്ടാം വകുപ്പു പ്രകാരമുള്ള മറ്റുള്ള അവകാശികളുടെ കൂട്ടായി ഗവണ്മെൻറിന് ഒരു അവകാശത്തെ കൊടുക്കുമോ എന്ന് ഒരു സിവിൽകോടതിൽ നിന്നും തീർച്ചയാക്കേണ്ടതാണ്.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഫൈഡ് സർക്കാർ വക്കീൽ): ഈ ഗവണ്മെൻറ് ഉത്തരവിനേയുള്ള വാദത്തിൽ ഇതിന് എന്തു സ്ഥാനമാണുള്ളത്.

മി: കെ. പി. നീലകണ്ഠപിള്ള (ചിറയിൻകീഴ്): ചോദ്യം ചോദിക്കുന്നതിനുമുമ്പ് ഒരു കാര്യം ഞാൻ വ്യക്തമാക്കിക്കൊള്ളട്ടെ. ഈ ബില്ലിനെ ഞാൻ എതിർക്കുന്നില്ല. പ്രസ്തുത ഭേദഗതി, ബില്ലിന്റെ അടിസ്ഥാനതത്വത്തിനെ ഖണ്ഡിക്കുന്നതാണെന്ന് പ്രസിഡണ്ട്, വിചാരിക്കുന്നുവെങ്കിൽ അതു തെറ്റിദ്ധാരണയുടെ പുറത്തുമാത്രമാണ്.

ഡെപ്യൂട്ടിപ്രസിഡണ്ട്: എന്നാൽ അതിനുമുമ്പ് രണ്ടാമതായുള്ള ആക്ഷേപത്തിനുള്ള മറുപടികൂടി കൊള്ളാം.

മി: കെ. പി. നീലകണ്ഠപിള്ള (ചിറയിൻകീഴ്): ആ ആക്ഷേപത്തിനാണ് ഞാൻ മറുപടിപറയുന്നത്. അതുമുതൽ ഞാൻ പറയുന്നത് പ്രസ്തുത ഭേദഗതിബില്ലിന്റെ പ്രധാനതത്വത്തെ ഖണ്ഡിക്കുന്നില്ലെന്നാണ്. ഞാൻ മനസ്സിലാക്കിയതിൽ ബില്ലിന്റെ പ്രധാനതത്വം ശ്രീപാദം കൊട്ടാരത്തിലെ ജീവനക്കാർക്ക് നികുതി പിരിവിൽ കുറെ ഉദ്യോഗസ്ഥന്മാരുടെ അധികാരങ്ങൾ കൊടുക്കണം എന്നുള്ളതല്ല. ബില്ലിൽനിന്ന് ശ്രീപാദം എടുത്തുകളഞ്ഞാലും ഇല്ലെങ്കിലും അതു ബില്ലിന്റെ പ്രധാനതത്വത്തെ ബന്ധിക്കുന്നില്ല. എന്തെന്നാൽ, ബില്ലിന്റെ മറ്റുഭാഗങ്ങളുടെയും സംബന്ധിച്ച് ബിൽ അതേനിലയിൽതന്നെ ഇരിക്കുന്നു. ബില്ലിന്റെ ഉദ്ദേശവും കാരണങ്ങളും അടങ്ങിയ സ്റ്റേറ്റുമെൻറിൽ മൂൻസിപ്പാലിറ്റിയിലെ ആഫീസർമാർ പാർവ്വതീകാർ, തഹശീൽദാർ പേഷ്കാർ മുതലായവരുടെ അധികാരങ്ങൾ ഉപയോഗിക്കുന്നതിനെ ഇപ്പോൾ ചോദ്യം ചെയ്തിരിക്കുന്നു. അതുകാരണം കൊണ്ടാണ് ഈ ഭേദഗതിബിൽ കൊണ്ടുവരാൻ ഇടയായിട്ടുള്ളത്. അതുകൊണ്ട് ബില്ലിന്റെ പ്രധാനതത്വം ശ്രീപാദം കൊട്ടാരത്തിലെ ജീവനക്കാർക്ക് ചില ഉദ്യോഗസ്ഥന്മാരുടെ അധികാരങ്ങൾ കൊടുക്കണോ എന്നുള്ളതുതന്നെ.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിക്കനൽ ഹെഡ് സക്കാർവക്കീൽ) ബില്ലിന്റെ ഉദ്ദേശവും കാരണങ്ങളും അടങ്ങിയ സ്റ്റേറ്റുമെൻറിൽ ശ്രീപാദം കൊട്ടാരം പ്രത്യേകിച്ചെടുത്തു പറഞ്ഞിട്ടുള്ളതുകൊണ്ടു മെമ്പറിന്റെ ശ്രദ്ധയിൽ കൊണ്ടുവരട്ടെയോ.

മി. കെ. പി. നീലകണ്ഠപിള്ള (ചിറയിൻകീഴ്) എന്നാൽ അതുകൊണ്ട് മുഴുവൻ ആകുന്നില്ല. ഈ ഭേദഗതി ബില്ലിൽനിന്ന് ശ്രീപാദം കൊട്ടാരത്തെ ഈ സഭ നീക്കികളയുന്നതായാൽ അതു ബില്ലിന്റെ പ്രധാനതത്വത്തിനു വിപരീതമല്ല. ഒരേർപ്പാടിൽ ഈ സഭയുടെ അധികാരത്തിനുള്ളിൽ ഉപടന്തമായ ശ്രീപാദം കൊട്ടാരത്തെപ്പോലെയുള്ള വ്യക്തികളുടേതിനേക്കാൾ നമുക്ക് മുൻസിപ്പാലിറ്റികളുടെ നികുതി പിരിവുകളെപ്പറ്റിയാണ് പ്രധാനമായി കാണിച്ചിട്ടുള്ളത്. അതുകൊണ്ട് ആക്ഷേപം പുറപ്പെടുവിച്ചത് ഗൗരവമായി ആലോചിക്കേണ്ടതാണ്.

മി: എ. താണുപിള്ള (തിരുവനന്തപുരം): മറുപടിയായി ഒരു വാക്കു പറയട്ടെ. ബിൽ സിലക്ട് കമ്മിറ്റിക്കു അയച്ചപ്പോൾ ബില്ലിന്റെ തത്വം സഭ അംഗീകരിച്ചു. അതുകൊണ്ട് ഈ ഭേദഗതി ക്രമക്കേടാണെന്നും ഇവിടെ പറയുകയുണ്ടായി. മാമെമ്പറുടെ വാദം അങ്ങിനെയാണെന്നാണ് ഞാൻ മനസ്സിലാക്കുന്നത്.

ഡെപ്യൂട്ടിപ്രസിഡൻറ്: ആ വിഷയമായ അർത്ഥത്തിലല്ല.

മി: എ. താണുപിള്ള (തിരുവനന്തപുരം): എനിക്കു ആലോചിക്കേണ്ട സംഗതി, സഭ അംഗീകരിച്ചതായ ബില്ലിന്റെ തത്വമാണെന്നും അവതരിപ്പിച്ച ഭേദഗതി അങ്ങിനെ അംഗീകരിച്ച തത്വത്തോടു എതിരായിനിൽക്കുന്നോ എന്നുമാണ് സർ, ഞാൻ മനസ്സിലാക്കിയിടത്തോളം ബില്ലിന്റെ തത്വം.

ഡെപ്യൂട്ടിപ്രസിഡൻറ്: നികുതിപിരിവിലേക്ക് നിയമാനുസൃതമായ അധികാരം ഏതാനും പേർക്ക് കൊടുക്കുന്നതിന്.

മി: എ. താണുപിള്ള (തിരുവനന്തപുരം) സർ, അതിനല്ല എന്നാണ് ഞാൻ മനസ്സിലാക്കിയത്. ഞാൻ പറയുന്നതു സ്വീകാര്യമല്ലെങ്കിലും അതു വ്യക്തമാക്കാം.

ഡെപ്യൂട്ടിപ്രസിഡൻറ്: ബില്ലിന്റെ കാര്യത്തിനും കരം പിരിവു റഗുലേഷൻ അനുസരിച്ചു നടപടി നടത്തുന്നതിന് ഏതാനും പേർക്ക് നിയമപ്രകാരം അധികാരം കൊടുക്കുന്നതാണ്.

മി. എ. താണുപിള്ള (തിരുവനന്തപുരം). അതാണ് ഞാൻ ചെയ്യാൻ ശ്രമിക്കുന്നത്.

റഗുലേഷൻറെ വകുപ്പുകളിലൊന്നിൽ 'ഉദ്യോഗസ്ഥർ' എന്നൊരുവാക്കുണ്ട്. ആ വകുപ്പിൽ പറയുന്ന റഗുലേഷൻ അനുസരിച്ചു പേഷ്കാരുടെയോ, തഹശീൽദാരുടെയും, പ്രവൃത്തിയാരുടെയോ അധികാരം ഏതെങ്കിലും ഉദ്യോഗസ്ഥനു കൊടുക്കാമെന്നു ഗവണ്മെൻറിനെ അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ എന്നപദം നിർവചിച്ചിട്ടില്ലാത്തതുകൊണ്ട് ശ്രീപാദം കൊട്ടാരത്തിലെയെങ്കിലും ഉദ്യോഗസ്ഥനോ മറ്റു മുൻസിപ്പാലിറ്റിയിലെ ഏതെങ്കിലും ഒരു ഉദ്യോഗസ്ഥനോ ഈ അധികാരങ്ങൾ നൽകപ്പെടാൻ പാടുള്ളതാണോ എന്നുള്ളസംശയം ജനിച്ചിട്ടുള്ളതുകൊണ്ടാകുന്നു. ആ സംശയം തീർക്കുന്നതിനായി ഭേദഗതിക്കുപിന്നോടിചേർത്തു ഒരു വിശദീകരണം ഈ ബില്ലിൽ നിർദ്ദേശിച്ചിരിക്കുന്നു. ഇനി, ഈ ബില്ലിന്റെ തത്വം എന്താണെന്നു നോക്കാം. ഉദ്യോഗസ്ഥൻ എന്നുള്ളപദത്തിന്റെ അർത്ഥത്തെപ്പറ്റിയുള്ള സംശയം തീർത്തുകൊടുക്കുകയാണ്. റഗുലേഷൻ പ്രകാരം പേഷ്കാരുടെയും തഹശീൽദാരുടെയും പ്രവൃത്തിയാരുടെയും അധികാരങ്ങൾ ഏതുതരം ആഫീസറന്മാർക്ക് എന്നു വ്യക്തമാക്കണം. ബില്ലിന്റെ തത്വം അതാണെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അതുകൊണ്ടു ഈ സഭ ബില്ലിന്റെ തത്വം സ്വീകരിച്ചപ്പോൾ കരംപിരിവു റഗുലേഷന്റെ ഇ വ-ാം വകുപ്പിലെ ആഫീസർ എന്ന പദത്തിന്റെ അർത്ഥത്തിൽ സംശയമോ അങ്ങനെ തീർത്തു പറയണോ എന്നുള്ള ആവശ്യം സഭ മനസ്സിലാക്കിയിട്ടുണ്ട്; അങ്ങിനെ സംശയങ്ങൾ തീർക്കുന്നതിൽ ഉള്ള ഉദ്ദേശം എന്തായിരുന്നു എന്നാൽ ഏതുതരം ഉദ്യോഗസ്ഥന്മാർക്കാണ് റഗുലേഷൻ പ്രകാരമുള്ള പേഷ്കാരുടെയും തഹശീൽദാരുടെയും പ്രവൃത്തിയാരുടെയും അധികാരങ്ങൾ കൊടുക്കേണ്ടതെന്ന

ന്ന് തിട്ടപ്പെടുത്തിവയ്ക്കണം. അതാണ് ബില്ലിന്റെ ഉദ്ദേശം. അതാണ് ബില്ലിന്റെ തത്വം. അല്ലാതെ ശ്രീപാദം കൊട്ടാരത്തിലേയോ മറ്റേതെങ്കിലും ആഫീസിലേയോ ജീവനക്കാരെ അധികാരം കൈകാര്യം ചെയ്യണമെന്നുള്ളതല്ല. ബില്ലിൽ ആണിവായ കിടക്കുന്നതു് ഉദ്യോഗസ്ഥൻ എന്നപദത്തിന്റെ അർത്ഥം വ്യക്തമാക്കേണ്ട ആവശ്യമുണ്ടോ എന്നാണ്. അതാണ് കമ്മിറ്റിയും അതിനെ സഭ അംഗീകരിച്ചു. സിലക്ട് കമ്മിറ്റിയിലും ഈ സഭയിലും കരംപിരിവു റഗുലേഷനിലെ ഭേദഗതികളനുസരിച്ച് ഒരു കൂട്ടം ആളുകളെ ആഫീസറാക്കിഗണിക്കണമെന്നു പാടില്ല എന്നു പറയാൻ പാടില്ലെന്ന അർത്ഥമാകുന്നില്ല. ഒരു കൂട്ടം ഉദ്യോഗസ്ഥന്മാരെ ആഫീസർ എന്ന പദത്തിന്റെ അർത്ഥത്തിൽ ഉൾപ്പെടുത്തുന്നതിനൊരു വിരോധവുമില്ലായിരുന്നു ഈ സഭയുടെ അധികാരത്തിൽപെട്ടിട്ടില്ലെങ്കിൽ ഞാൻ പറയുന്നതു ഈ ബിൽ സിലക്ട് കമ്മിറ്റിക്കയച്ചതിൽ സഭയ്ക്കുപറ്റിയ പ്രവൃത്തിപ്പിശകാണ് എന്നാണ്. ഞാൻ അയച്ചതായ ഭേദഗതിയെ അവതരിപ്പിക്കുന്നതിനുള്ള അവകാശം എനിക്കു പരിപൂർണ്ണമായുണ്ടെന്നു ഞാൻ പറയുന്നു.

ഡെപ്യൂട്ടിപ്രസിഡന്റ്. സിലക്ട് കമ്മിറ്റിയുടെ അധികാരങ്ങൾ ക്ലിപ്തപ്പെടുത്തിയവയാണ്. എന്നാൽ ഈ സഭയുടെ അധികാരങ്ങൾ അങ്ങനെയല്ല. ഈ സഭക്കു സിലക്ട് കമ്മിറ്റിയുടെ അധികാരത്തെ കവിഞ്ഞും പോകാം.

മി. എ. താണുപിള്ള (തിരുവനന്തപുരം). സിലക്ട് കമ്മിറ്റിക്കാർ ഒരു കിന്നാലിപ്രായവും രേഖപ്പെടുത്തിയിട്ടുണ്ട്. സർ, നാങ്കൾ ഈ അഭിപ്രായപ്പെട്ടതുപോലെ ഈ സഭയുടെ അധികാരം ക്ലിപ്തമാക്കിയതല്ല. ഞാൻ മെമ്പർ പറഞ്ഞിട്ടുള്ള ആക്ഷേപത്തിൽ സാരമായിട്ടു കഴമ്പുതന്നെയില്ല.

ഡെപ്യൂട്ടിപ്രസിഡന്റ്. മി. എ. താണുപിള്ള, സിലക്ട് കമ്മിറ്റി നിശ്ചയിച്ചിട്ടുള്ള പരിപ്രായഭേദത്തെ അധികം മാറാതെതന്നെങ്ങാടെ ഭേദഗതിയിലെ വാചകം സ്വല്പം മാറ്റുമോ? വകുപ്പിലെ വാചകം സിലക്ട് കമ്മിറ്റി നിർദ്ദേശിച്ചതുപോലെ തന്നെ സ്വീകരിക്കാം. പിന്നീട അവസാനഭാഗത്തു നിങ്ങൾ കൂട്ടിച്ചേർക്കുന്നതിനായി അഭിപ്രായപ്പെടാം. അതായതു് 'എന്നാൽ ഈ ശ്രീപാദം കൊട്ടാരത്തിലെ ജീവനക്കാരെ സംബന്ധിക്കുന്നതല്ല.' എന്നഭാഗംകൂടി, നിങ്ങൾ അങ്ങിനെചെയ്യുകയാണെങ്കിൽ ഞാൻ അതിനെ രണ്ടായി വേർപെടുത്തി വോട്ടിയിടാം. നിങ്ങളുടെ ഏക ഉദ്ദേശം ബില്ലിന്റെ വിവരണം ശ്രീപാദംകൊട്ടാരത്തിലെ ജീവനക്കാരെ ഉൾപ്പെടുത്തരുതു് എന്നു പാടില്ലെന്നാണ്. ഞാൻ പറയുന്നതു സ്വീകരിക്കുന്നപക്ഷം അതു നിങ്ങൾക്കു സാധിക്കാം. സിലക്ട് കമ്മിറ്റി തീരുമാനിച്ച വിവരണം ഇപ്രകാരമാണ്.

"വിവരണം — ഉദ്യോഗസ്ഥൻ എന്ന പദത്തിൽ ഉൾപ്പെടുന്നതു. നമ്മുടെ ഗവണ്മെന്റിലെ എല്ലാ ഉദ്യോഗസ്ഥന്മാരും അതുപോലെ തന്നെ പൊതുനികുതിയോ ഏതെങ്കിലും പ്രാദേശാധികാരിയുടെ ആദായമോ പിരിക്കുന്നതിനു നിയമിക്കപ്പെട്ടതോ, ഏൽപ്പെടുത്തിയതോ, ചുമതലപ്പെട്ടതോ ആയ എല്ലാപേരും" എന്നാണ്. നിങ്ങൾ ഇതുസ്വീകരിച്ചുകൊണ്ടു് ഒടുവിൽ ഇപ്രകാരം ചേർക്കണം. "എന്നാൽ ഇതു ശ്രീപാദം കൊട്ടാരത്തിലെ ജീവനക്കാരെ സംബന്ധിക്കുന്നതല്ല."

ഇതു് അവസാനത്തിൽ ചേർക്കുന്നതുകൊണ്ടു് നിങ്ങൾക്കുള്ള ആശയത്തിനു ഹാനിവരുന്നില്ല. മിസ്റ്റർ താണുപിള്ള, ഞാൻ പറയുന്നതംഗീകരിപ്രായം സ്വീകരിക്കണം. എനിക്കുവേണമെങ്കിൽ നിങ്ങളുടെ ഭേദഗതിയെ വോർത്തിരിക്കാനുള്ള അധികാരവുമുണ്ട്. വാസ്തവത്തിൽ അതു രണ്ടു ഭാഗമായിട്ടാണ്. ചില ഉദ്യോഗസ്ഥന്മാർക്കു അധികാരം നാംകൊണ്ടതെന്നു താൻ എല്ലാം സമ്മതിക്കുന്നകാര്യമാണ്, അതിനാൽ ഉദ്യോഗസ്ഥൻ, എന്ന പദത്തെ വിശദമായി വിവരണം ചെയ്യണം. അതു ഒരു ഭാഗമാണ്. നിങ്ങൾക്കും അതിൽ ആക്ഷേപമില്ലെന്നു വിചാരിക്കേണ്ടിയിരിക്കുന്നു. എന്നാൽ നിങ്ങളുടെ രണ്ടാമ്പ്രായം, അധികാരങ്ങൾ ശ്രീപാദം കൊട്ടാരം സിൽബന്ധികളെ സംബന്ധിക്കാൻ പാടില്ലെന്നാണ്. മിസ്റ്റർ താണുപിള്ള, നിങ്ങളുടെ മനോഗതം ഇങ്ങനെയുള്ളതന്നെയോ?

മി. എ. താണുപിള്ള (തിരുവനന്തപുരം). അതേ.

ഡെപ്യൂട്ടിപ്രസിഡന്റ്, എന്നാൽ, നിങ്ങളുടെ ഭേദഗതിയേ ഞാൻ പറഞ്ഞതുപോലെ തരംതിരിച്ചാലെന്താണു? "ഈ അധികാരം ശ്രീപാദംകൊട്ടാരത്തിലെ സിൽബന്ധികളെ സംബന്ധിക്കുന്നതല്ല" എന്നതു അതുപോലെ വല്ലതൊ സിലക്ട് കമ്മറി നിശ്ചയിച്ച ഖണ്ഡത്തിന്റെ അവസാനഭാഗത്തു്, ചേർത്ത ഉപക്ഷേപം കൊണ്ടുവരണം. സിലക്ട് കമ്മറിനിശ്ചയിച്ച വിവരണത്തിൽ ശ്രീപാദംകൊട്ടാരത്തിലെ സിൽബന്ധികളെ പറ്റി ഒന്നും സൂചിപ്പിക്കുന്നില്ല. സിലക്ട് കമ്മിറ്റി തീരുമാനിച്ചവിവരണത്തെപ്പറ്റി സഭ തീരുമാനിച്ചതിനു ശേഷം നിങ്ങൾക്കുള്ളതിനെ പ്രത്യേകഭേദഗതിമായി അവതരിപ്പിക്കാൻ ഞാൻ അനുവദിക്കാം. എന്റെ അഭിപ്രായം സ്വീകരിക്കുന്നതാണു, മിസ്റ്റർ താണുപിള്ള, അങ്ങിനെചെയ്യുന്നതാൽ ഇപ്പോഴുള്ള നിങ്ങളുടെ ഭേദഗതിയിന്മേലുള്ള ആക്ഷേപങ്ങൾക്കു സമാധാനവും നിങ്ങളുടെ വാദങ്ങൾക്കു ഹാനിതട്ടാതെയും വരും.

മി. എ. താണുപിള്ള (തിരുവനന്തപുരം). ഇപ്പോഴും ഇരിക്കുന്ന നിലക്കുള്ള എന്റെ ഭേദഗതിയിൽ എന്തു ന്യൂനതയെന്നു എനിക്കു മനസ്സിലാക്കുന്നില്ല.

ഡെപ്യൂട്ടിപ്രസിഡന്റ്. നിങ്ങൾ നിർദ്ദേശിച്ചുപോരുന്നുള്ള ഭേദഗതിയിൽ, സിലക്ട് കമ്മിറ്റി തീരുമാനിച്ച വ്യവസ്ഥയെ മൊത്തത്തിൽ ദോഷകരമായസ്വാധീനത്തിൽ മാറ്റി എഴുതുകമാത്രമാണ്. എന്നാൽ നിങ്ങൾക്കാവശ്യമുള്ളതുതല്ലാം വിവരണത്തിലെ ഉദ്യോഗസ്ഥൻ എന്ന പദത്തിൽ ശ്രീപാദംകൊട്ടാരത്തിലെ സിൽബന്ധികളെ ഒഴിവാക്കുന്നതുകൊണ്ടു മതിയാകുന്നതാണ്. കരം പിരിവു റഗുലേഷന്റെ അധികാരങ്ങൾ വിവരണത്തിൽ പറയുന്നതിനെ ഉദ്യോഗസ്ഥന്മാർക്കൊഴികെന്നതിൽ ആക്ഷേപമില്ലെന്നുള്ളതോർമ്മ നിങ്ങൾക്കുണ്ടായിരിക്കുന്നു. ആ സ്ഥിതിക്കു സിലക്ട് കമ്മിറ്റി തീരുമാനിച്ചതായ ഖണ്ഡത്തെ സ്വീകരിച്ചു് നിങ്ങൾക്കു വേണ്ടതായ വ്യവസ്ഥകളെ ചേർത്താൽ എന്താണു? അതായതു, 'എന്നാൽ വിവരണം ശ്രീപാദം കൊട്ടാരത്തിലെ സിൽബന്ധികളെ സംബന്ധിക്കുന്നതല്ല' എന്നു്.

മി. എ. താണുപിള്ള (തിരുവനന്തപുരം). ഞാൻ മെമ്പറുടെ മനസ്സിലാക്കിയിടത്തോളം അതിന്റെ ആക്ഷേപം—

ഡെപ്യൂട്ടിപ്രസിഡന്റ്, മിസ്റ്റർ തോമ്പിക്കുള്ള, ലാമ്പേരെ സംബന്ധിച്ചുള്ള് തൽക്കാലം നിൽക്കട്ടെ. എന്നോട് മുമ്പേ പറയുന്നതുപോലെ തന്നെ വിഷയത്തെപ്പറ്റി എന്തെങ്കിലും ഞാൻ പറഞ്ഞുപോകില്ല. അതിനു മുമ്പ് എനിക്ക് ഉടൻ അറിയേണ്ടുന്ന ഒരു കാര്യം അങ്ങയുടെ അഭിപ്രായം തിരുവിതാംകൂർ ഉദ്യോഗത്തിനു നടപ്പാക്കുന്നതിനു മുമ്പ് എനിക്കോ എന്നതാണ്. എന്റെ സ്വന്തം അഭിപ്രായം ഇപ്പോൾ പറയുന്നതിനു മുമ്പ് നിങ്ങളുടെ അഭിപ്രായം അറിയണമെന്നുള്ളതുകൊണ്ടാണ് ഞാൻ ഇങ്ങനെ ചോദിച്ചത്. എന്റെ അഭിപ്രായം ഇപ്പോൾ പറയുന്നതിനു മുമ്പ് നിങ്ങളുടെ അഭിപ്രായം അറിയണമെന്നുള്ളതുകൊണ്ടാണ് ഞാൻ ഇങ്ങനെ ചോദിച്ചത്. എന്റെ അഭിപ്രായം സ്വീകരിക്കണമെന്നു ഞാൻ നിങ്ങളോട് ആവശ്യപ്പെടുന്നില്ല. എന്റെ അഭിപ്രായം സ്വീകരിക്കുകയോ തള്ളിക്കളയുകയോ ചെയ്യാം. സ്വന്തനിലയിൽ പറയുന്നതായാൽ നിങ്ങളുടെ വാദങ്ങളെ തട്ടിച്ചുനോക്കാതെ എന്റെ അഭിപ്രായപ്രകാരം നിങ്ങളുടെ ഭേദഗതിക്കു സാങ്കേതികമായ അംഗീകാരം കൊടുക്കുകയാണ്, എന്റെ വോട്ടിംഗ് അതിനു മുമ്പ് നിങ്ങളുടെമുമ്പിൽ അറിയണം, മി: തോമ്പിക്കുള്ള, എന്റെ അഭിപ്രായം സ്വീകരിക്കുന്നപക്ഷം അതുപറയണം. ഇടസ്സംവരുൽ നിങ്ങളുടെ അഭിപ്രായം കൗൺസിൽ അനുസരിച്ചുള്ള അധികാരത്തോടുകൂടി ശ്രീപാലം സിങ്ങുമായി കൂടിയാലോചിക്കുമെന്നും കൊടുത്തുകൂടാ എന്നാണെന്നു എനിക്കു തോന്നുന്നു. എന്തുകൊണ്ടു അതിനെ ഒരു പ്രത്യേകം ബഡ്ജറ്റോ വ്യത്യസ്തമായിട്ട് സിഷ്ക്കമ്മറിയുടെ വിവരണത്തോടു ചേർത്തുകൊണ്ടുവരാൻ പാടില്ല.

മി: ഏ. തോമ്പിക്കുള്ള (തിരുവനന്തപുരം) അതിനു എനിക്കു അഭിപ്രായമില്ല.

മിസ്റ്റർ കയ്യാലംപരമേശ്വരൻപിള്ള (അഡീഷണൽ ഫൈഡ് സർക്കാർവക്കീൽ): സർ, താങ്കൾ വോട്ടിംഗ് പാസാക്കുന്നതിനു മുമ്പ് ഞാൻ വിളിച്ചുകൊണ്ടിരുന്ന പൊതുതത്വത്തിനെ, അതിനുള്ള ഭേദഗതിയുടെ അഭിപ്രായം അറിവിൽ കൊണ്ടുവരട്ടെ. അതിൽ പറയുന്നതു ഇപ്രകാരമാണ്.

"ദ ബുനിസിപ്പൽ ആക്ടിൽ ഭാഗംഭേദനിയമസഭയിൽ അതിന്റെ രണ്ടാംവായനക്കായിട്ടു ആലോചനയ്ക്കു വന്നപ്പോൾ സംസാരിച്ചവരിൽ ഒരാളാം —

മി: ഏ. തോമ്പിക്കുള്ള (തിരുവനന്തപുരം): ഏതിൽ നിന്നാണ് വായിക്കുന്നതെന്നു അറിഞ്ഞാൽ കൊള്ളാം.

മി: കയ്യാലംപരമേശ്വരൻപിള്ള (അഡീഷണൽ ഫൈഡ് സക്കാർവക്കീൽ): ഡന്നിസൽഫാമിയർ എഴുതി ഇൻഡ്യയിലെ ഗവർണ്മെന്റ് യടപെട്ടിപുസ്തകം വർഷം വശത്തുനിന്നാണ്, ഞാൻ വായിക്കുന്നു". അതിൽ ഇപ്രകാരമാണ്. (1)

ബോംബേമുനിസിപ്പൽ ആക്ടിൽ ഭാഗംഭേദനിയമസഭയിൽ അതിന്റെ രണ്ടാംവായനക്കായിട്ടു ആലോചനക്കു വന്നപ്പോൾ പ്രാസംഗികരിൽ ഒരാൾ ഗ്രാഡുവേറ്റ്സിനും സമ്മതിദാനാവകാശം കൊടുക്കണമെന്നഭിപ്രായപ്പെട്ടു. പ്രസിഡണ്ടു ആ കാര്യം മൂന്നാംവായനയിലുള്ള ഉപക്ഷേപത്തിൽ പൂരപ്പെടുവിക്കേണ്ടതായിരുന്നു എന്നും അപ്പോൾ ആലോചിക്കാത്തസ്ഥിതിക്ക് രണ്ടാംവായനക്കുള്ള ഉപക്ഷേപത്തിലെ അതു യായിക്കപ്പെടാൻ പാടില്ലെന്നും പ്രസ്താവിച്ചു. മൂന്നാംവായനക്കുള്ള ഉപക്ഷേപത്തിനോടുവാലുപ്രിവിലേജിൽ വാർഡ് ഇലക്ഷൻ സംബന്ധിച്ചിടത്തോളം ഗ്രാഡുവേറ്റ്സിന് സമ്മതിദാനം ചെയ്യാൻ അർഹതയില്ലെന്ന് തീർച്ചപ്പെട്ടു വ്യവസായകസമിതി പോലെയോ മറ്റൊരു പ്രത്യേകനിയോജകമണ്ഡലം പോലെ ഗ്രാഡുവേറ്റ്സിനെ കണക്കാക്കുന്നതായാൽ ആ കാര്യത്തെപ്പറ്റി മെമ്പർ പറയുന്നതു ശരിയായ നടപടിയായിരിക്കും. എന്നാൽ വാർഡ് തിരഞ്ഞെടുപ്പിനു സമ്മതമായകത്വം കൊടുക്കുന്നകാര്യം മൂന്നാംവായനയിലെടുത്തു പോയിട്ടുള്ളതുകൊണ്ടു തത്വം സ്വീകരിച്ചിട്ടുള്ള കാര്യമാണ്. സിഷ്ക്കമ്മിറിയിൽ ഈ കാര്യത്തെപ്പറ്റി ആലോചനക്കു വരുന്നു എന്നകണ്ടിട്ടുകൊടുക്കുകയുണ്ടായി. എന്നാൽപ്രസിഡൻറ് പറഞ്ഞതുസിഷ്ക്കമ്മിറിയിൽനടന്നതായതുകൊണ്ടു തന്നിക്കതോന്നിട്ടുവശ്യമില്ലെന്നാണ്. ഒരു ബില്ലിനെപ്പറ്റിയുള്ള ഉദ്ദേശങ്ങളും കാരണങ്ങളും അടങ്ങിയ സ്റ്റേറ്റുമെന്റിൽ നിന്നും അറിയേണ്ടതാണ്. വാർഡ് തിരഞ്ഞെടുപ്പു ഗ്രാഡുവേറ്റിനെ ഉൾപ്പെടുത്തണമെന്നുള്ള കാര്യം ഉദ്ദേശങ്ങളിലും കാരണങ്ങളിലും വ്യക്തമായി രേഖപ്പെടുത്തിയിട്ടുള്ളതും ആ കാര്യം മൂന്നാംവായനയിൽ തീരുമാനിക്കപ്പെട്ടതും രണ്ടാം വായനയിൽ ആലോചിക്കപ്പെടാൻ പാടില്ലാത്തതും ആകുന്നു. എന്നാൽ ഗ്രാഡുവേറ്റ്സിനെ ഒരു പ്രത്യേകനിയോജകമണ്ഡലമാക്കി ഒരു ഭേദഗതി കൊണ്ടുവരുന്നു കുഴപ്പമുള്ളതാണ്.

സിഷ്ക്കമ്മിറിയുടെയും ബില്ലിലെ നടപടിക്രമത്തിൽ ഗ്രാഡുവേറ്റ്സിനെ ഉൾപ്പെടുത്തി എന്നിരുന്നാൽ തന്നെയും പ്രസിഡണ്ട് പറഞ്ഞതു, സിഷ്ക്കമ്മിറി മണ്ഡലത്തിന്റെ തത്വങ്ങൾ കവിഞ്ഞുപ്രവർത്തിച്ചുകൊണ്ടു അതു ക്രമപടുപെടി അല്ലെന്നു താൻ തീരുമാനിക്കും എന്നാണ്, എന്നാൽ സിഷ്ക്കമ്മിറിക്കു മൂന്നാം വായനയിൽ ശരിവച്ചതത്വത്തിനകത്തുപ്രവർത്തിക്കുമെന്നല്ലാതെ ബില്ലിനെ രണ്ടാം വായനയിൽ തള്ളിക്കളയാനോ ഒന്നും ചെയ്യാൻ പാടുള്ളതല്ല. ഈ വോട്ടിംഗ് ബോംബേ നിയമസഭാപ്രതിനിധികളുടെ എന്നു പുസ്തകത്തിൽ വായിച്ചതുപോലെ ഇവിടെ ഉണ്ടായിരുന്നെങ്കിൽ ഗ്രാഡുവേറ്റുകളുടെ ഉദ്ദേശങ്ങളും കാരണങ്ങളും അടങ്ങിയ സ്റ്റേറ്റുമെന്റിന്റെ വ്യക്തമാക്കി ബില്ലിന്റെ ഉദ്ദേശങ്ങളിൽ ഒന്നാക്കി പറഞ്ഞിട്ടുള്ള ശ്രീപാലം കൊട്ടാരം നിയമനിർമ്മാണസഭയുടെ വോട്ടുകൊടുപ്പിനെ ആശ്രയിക്കേണ്ടിയുള്ളതായിരുന്നു. അതിനുശേഷം ബില്ല് സിഷ്ക്കമ്മിറിക്കു അയച്ചിട്ടുള്ളതാകുന്നു.

മി: എ. എസ്. ഓഡോമരൻ ജോൺ മാവേലിക്കരയും-കാർത്തികപ്പള്ളിയും): സർ, ഈ ബില്ലിന്റെ തത്വം എന്താണെന്നു പറയുമോ?

മി: കയ്യാലംപരമേശ്വരൻപിള്ള (അഡീഷണൽ ഫൈഡ്സർക്കാർവക്കീൽ): ഞാൻ പറഞ്ഞുവന്നതു ഈ ബില്ലിന്റെ ഉദ്ദേശങ്ങളും കാരണങ്ങളും അടങ്ങിയ സ്റ്റേറ്റുമെന്റിൽ വ്യക്തപ്പെടുത്തി—

ഡെപ്യൂട്ടിപ്രസിഡന്റ്: മി: പരമേശ്വരൻപിള്ള, നിങ്ങൾക്കു മറ്റുള്ളകാര്യം മി: ജോസഫോടു കൂടിപറയണം. നിങ്ങളുടെ പ്രസംഗവിഷയം മതനിർപ്പോക്കത്തെന്നു ഉദ്ദേശമെങ്കിൽ അതിനെപ്പറ്റി തന്നെ.

മി: കയ്യാലംപരമേശ്വരൻപിള്ള (അഡീഷണൽ ഫൊഡ്സക്കാർവക്കീൽ): സർ, ഞാൻ അദ്ദേഹത്തിനുമറുപടിയായിട്ടു പറഞ്ഞുവരുന്നു.

ഉദ്ദേശങ്ങളും കാരണങ്ങളും കാണിച്ചിട്ടുള്ള സ്റ്റേറ്റുമെൻറിൽ, ശ്രീപാദം കൊട്ടാരത്തിലെ സിൽബന്ധികളെ റഗുലേഷൻ അനുസരിച്ചുള്ള അധികാരം പ്രയോഗിക്കുന്നതിനുള്ള ഉദ്യോഗസ്ഥന്മാർ എന്നതിൽ കണക്കാക്കണമെന്നു വ്യക്തമായിപറഞ്ഞിരിക്കുന്നു. അതുകൊണ്ടു, ബാംബെ നിയമസഭയിൽ ബാംബെ മുൻസിപ്പൽകോർപ്പറേഷൻ സിൽബിൽ ആദ്യവായന സമയത്തു കമ്മീഷണറിൽനിന്നുദ്യോഗിക്കുന്നതിനുള്ള സമ്മതിദാനാവകാശംകയ്യും പുറപ്പെടുവിച്ചുള്ളിപ്പോയതുപോലെതന്നെ, ഈ ബിൽ സിലക്ട്കമ്മിറ്റിക്കു അയച്ചപ്പോൾ, മേൽപറഞ്ഞ കായ്യും ഈ സഭ അംഗീകരിച്ച ഒരു തത്വമാണ്. അവിടെ, ബാംബെയിൽ. രണ്ടാംപ്രായനസമയത്തു, ഈ കായ്യം കൊണ്ടുവരാൻ സമ്മതം നൽകപ്പെട്ടിട്ടില്ല. അതുപോലെ എങ്കിൽ തക്കവും, സർ, സാമാന്യതത്വം നോക്കി, ആദ്യവായനയിൽ ഈ സഭ പ്രത്യേകം സ്വീകരിച്ചതായ തത്വങ്ങളിൽ ഒന്നിനെ സംബന്ധിച്ചകായ്യം രണ്ടാംവായനയിൽ കൊണ്ടുവരാൻ പാടില്ലാത്തതാണ് എന്നുകേൾക്കുന്നു.

മി: ഫ്ലി. താണുപിള്ള (തിരുവനന്തപുരം): മാമെമ്പർ ഇപ്പോൾ പറഞ്ഞ ബാംബെമുൻസിപ്പൽ ബില്ലിലെ തത്വം എന്താണെന്നു പറയുമോ?

മി: കെ. പി. നീലകണ്ഠപിള്ള (ചിറയിൻകീഴ്): തത്വമോ അതിൽ ഉൾപ്പെട്ടതോ ആയിട്ടുള്ളതു സിൽബന്ധികൾക്കു സമ്മതിദാനാവകാശംകൊടുക്കൽ.

ഡെപ്യൂട്ടിപ്രസിഡൻറ്—നമുക്കുള്ള ഇപ്പോഴെയുള്ള വല്ല സ്റ്റാൻഡിംഗ് ഓർഡർ ആസ്പദമാക്കിയാണോ ബാംബെ ബില്ലിംഗ് ഉണ്ടായതു? എങ്കിൻ അറിവിലേക്കുമാത്രമായിചോദിക്കയാണ്.

മി: കയ്യാലംപരമേശ്വരൻപിള്ള (അഡീഷണൽ ഫൊഡ്സക്കാർവക്കീൽ): ഞാൻ വായിച്ചപുസ്തകത്തിൽ നിന്നു അതുവ്യക്തമാകുന്നില്ല. ആപശ്യമുണ്ടെങ്കിൽ ഞാൻകണ്ടുപിടിക്കാം. എന്നാൽ പൊതുതത്വം അവിടെ പറഞ്ഞിട്ടുണ്ടു, അതു യുക്തമായ പ്രധാനമാണ്.

മി: എൽ. ഏർ. രാജരാജവർമ്മകോയിൽത്തമ്പുരാൻ (ചങ്ങനാശേരിയും- പീരിമേട്ടും): മുഖവരയിൽ പലതത്വങ്ങളും ഉണ്ടെങ്കിലും ഒരു തത്വത്തിനു വേണ്ടിമാത്രം ബിൽ ആദ്യമേതള്ളിക്കാൻ സാധിക്കുമോ? ഓരോ ഖണ്ഡമായി വോട്ടുചെയ്യാൻ രണ്ടാമതുത്തവായന ഇല്ലാതെ സാധിക്കുമോ?

മി. കയ്യാലംപരമേശ്വരൻപിള്ള (അഡീഷണൽഫൊഡ്സക്കാർവക്കീൽ): രണ്ടാംവായനയിൽ ഭേദഗതികൊണ്ടുവന്ന തത്വം മാറാൻ സാധിക്കയില്ല.

ഡെപ്യൂട്ടിപ്രസിഡൻറ്: മി: രാജരാജവർമ്മകോയിൽത്തമ്പുരാൻ, ഉദ്ദേശകാരണങ്ങളടങ്ങിയ സ്റ്റേറ്റുമെൻറിൽ ഏതെങ്കിലും സംഗതിയൊ തത്വമോ സഭക്കു അംഗീകരിച്ചുമല്ലാഞ്ഞിരുന്നാൽ, സിലക്ട്കമ്മിറ്റിയുടെ ആലോചനക്കയക്കുമ്പോൾ, അതിനെപ്പറ്റിനോക്കുകയെന്നു പറയണം. കമ്മിറ്റിയുടെ അധികാരത്തിൽ നിന്നു നീക്കിയകായ്യമൊ, സിലക്ട്കമ്മിറ്റിക്കു ആലോചിക്കാൻ പാടില്ല.

മി: എ. എസ്സ്. ദാമോദരൻ ആശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): ഈ ബൽ സിലക്ട്കമ്മിറ്റിക്കു അയച്ചപ്പോൾ, സഭ അംഗീകരിച്ച ഏതു തത്വം ഉദ്യോഗസ്ഥൻ എന്നപദത്തിൻറെ അർത്ഥം വ്യക്തപ്പെടുത്തിവക്കേണ്ടതു ആവശ്യമാണെന്നും അതിൻറെ ആവശ്യം കരംപിരിവു റഗുലേഷൻ അനുസരിച്ചു പ്രവൃത്തിക്കുന്നവർ, തഹശീൽദാർ, പേഷ്ക്കാർ ഇവരെടെ അധികാരം ഉപയോഗിക്കുന്നതിനാണെന്നും ആണു.

ഡെപ്യൂട്ടിപ്രസിഡൻറ്. അങ്ങിനെ നിങ്ങൾ വ്യാഖ്യാനിക്കുന്നു. എന്നാൽ മിസ്റ്റർ പരമേശ്വരൻപിള്ളയുടെ തക്കം ശ്രീപാദംകൊട്ടാരം സിൽബന്ധികൾക്കു കരം പിരിവു റഗുലേഷൻപടി അധികാരം കൊടുക്കണമെന്നുള്ള ഈ ബില്ലിലെ ഏറ്റവും പ്രധാനപ്പെട്ട സംഗതികളിൽ ഒന്നാണെന്നും, ഈ സഭക്കു ആ കായ്യത്തിൽ വളരെ നിഷ്ക്കർഷയുണ്ടായിരുന്നെങ്കിൽ, സഭ ഈ ബില്ലിനെ തള്ളിക്കളഞ്ഞു സിലക്ട്കമ്മിറ്റിക്കു അയക്കാൻ ഇടവരുത്താതെ ഇരുന്നേനെ എന്നതാണ്.

മി. കെ. പി. നീലകണ്ഠപിള്ള (ചിറയിൻകീഴ്). ശ്രീപാദംകൊട്ടാരം സിൽബന്ധികളെ സംബന്ധിച്ചുകായ്യം തീരുമാനിക്കേണ്ട സ്ഥലത്തുവെച്ചു വിട്ടേക്കുകയാണ് ചെയ്തതു. കമ്മിറ്റിക്കുള്ള നിർദ്ദേശം ബിൽ ആലോചിച്ചും കരം പിരിവു റഗുലേഷൻ ഭേദഗതിചെയ്യുന്നതിനുള്ള ഉദ്യോഗസ്ഥൻ എന്ന പദം നിർവചിക്കണമെന്നാണ്.

ഡെപ്യൂട്ടിപ്രസിഡൻറ്. സിലക്ട്കമ്മിറ്റി കേവലം വാക്കുഭേദങ്ങൾ വകുപ്പുകളിൽവരുത്തി ബില്ലിൻറെ തത്വം സംബന്ധിച്ചു ഒന്നുംതന്നെ ചെയ്തില്ല.

മി. എ. എസ്സ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും). സ്റ്റാൻഡിംഗ് ഓർഡർ, നമ്പർ. ഭാഗങ്ങൾ, ക, ഖ, ഗ- ഇവയിൽ ഇപ്രകാരം പറയുന്നു. "(ക) ഒരു ബിൽ ശസൈറിൽ പരസ്യം ചെയ്യുന്നതിൽപിന്നീടു എപ്പോഴെങ്കിലും, ബിൽ ചാർജ്വഹിക്കുന്ന മെമ്പറിനു അതു അവതരിപ്പിക്കാം

(ഖ) ഒരു ബിൽ അവതരിപ്പിക്കുമ്പോൾ, അതിനെ ചാർജ്വഹിക്കുന്നമെമ്പർ, ആ ബിൽ സഭയിൽ വായനക്കെടുക്കപ്പെടും എന്ന ഉപക്ഷേപം കൊണ്ടുവരേണ്ടതാണ്.

(ഗ) ഉപക്ഷേപം പിൻതാങ്ങപ്പെട്ടാൽ, ബില്ലിൻറെ തത്വത്തെയും അതിലെ സാമാന്യവ്യവസ്ഥകളേയും പറ്റി വാദപ്രതിവാദം ചെയ്യുവുന്നതും, ആ ഉപക്ഷേപം പാസ്സാക്കപ്പെട്ടാൽ സെക്രട്ടറി ബില്ലിൻറെ തലവാചകം വായിക്കേണ്ടതും ആണ്."

പറഞ്ഞിടത്തോളം ഇതിൽ സാമാന്യവ്യവസ്ഥകളും തത്വവും പ്രതിപാദിക്കപ്പെടാം. അവതരിപ്പിക്കുന്നതിനുള്ള ഉപക്ഷേപം പാസ്സാക്കപ്പെട്ടാൽ, സെക്രട്ടറി ബില്ലിൻറെ തലവാചകം വായിക്കണമെന്നുമാണ്. സാമാന്യവ്യവസ്ഥകളേയും തത്വത്തേയുംപ്പറ്റി പ്രതിപാദിക്കാൻ മാത്രമേ ഉദ്ദേശിച്ചിട്ടുള്ളു.

ഡെപ്യൂട്ടിസ്പീഡർ: ബില്ലിന്റെ തത്വവും വ്യവസ്ഥയും സംബന്ധിച്ച് കേവലം ശാസ്ത്രീകമായ ഒരു വാഗ്വാദത്തിനപ്പുറമല്ലാ ഉദ്ദേശിച്ചിട്ടുള്ളത്. ബില്ലിന്റെ തത്വത്തെപ്പറ്റി പ്രതിവാദിച്ച് അതിനെ സ്ഥിരപ്പെടുത്തുകയാണ്, സ്ഥിരപ്പെടുത്തൽ അതിന്റെ ഒരു പ്രധാനോദ്ദേശമാണ്.

മി: എ. എസ്സ്. മോഹനൻആശാൻ (മാവേലിക്കരയും-കുന്തിക്കുളങ്ങരയും): ബില്ലിന്റെ തത്വം വാദപ്രതിവാദത്തിനുശേഷം സ്ഥിരപ്പെടുത്തണം. അതെന്തെന്നുവച്ചാൽ ഉദ്യോഗസ്ഥൻ എന്ന പദം സംശയസ്ഥാനത്തു വക്കാതെ അതിനെ നിർവചിച്ചു വ്യക്തമാക്കണം. ശ്രീപാദംകൊട്ടാരത്തിലെ സിൽബന്ധികളെ സംബന്ധിച്ച പ്രത്യേകകമ്മീഷനും ഒരു ഉദാഹരണം മാത്രമായുള്ളൂ. ഉദ്യോഗസ്ഥൻ എന്ന പദത്തെ പ്രയോഗിക്കുന്നിടത്തിൽ സംശയം ജനിക്കുന്ന പല കാര്യങ്ങളിൽ ഒരു സംഗതിയായിട്ടേ അതു വരുന്നുള്ളൂ. 'ഉദ്യോഗസ്ഥൻ' എന്ന പദം വ്യക്തമാക്കി നിർവചിക്കുന്നതു ഏറ്റവും അത്യാവശ്യമെന്നുതോന്നുകയാൽ സഭ സ്ഥിരപ്പെടുത്തിട്ടുണ്ട്. ബില്ലിന്റെ തത്വം സ്ഥിരപ്പെടുത്തി ശ്രീപാദം സിൽബന്ധികളെ വിട്ടുകിട്ടുകയെന്നതിനുവേണ്ടിയാണ് 'ഉദ്യോഗസ്ഥൻ എന്ന പദത്തെ വ്യക്തമാക്കി നിർവചിക്കുന്നതിൽ അവരെ വ്യക്തമാക്കി വിട്ടുകിട്ടുകയെന്നുള്ള ഞങ്ങളുടെ ആ പദത്തിൽ അവരെ ഉൾപ്പെടുത്തണമെന്നുള്ളവരേക്കാൾ അധികം താല്പര്യമുള്ളവരായിരുന്നുയെന്നാണ് ഞാൻ താഴ്മയോടെ ഓർമ്മപ്പെടുത്തുകൊള്ളുന്നു. 'ഉദ്യോഗസ്ഥൻ' എന്ന പദത്തിന്റെ അർത്ഥത്തിൽ സംശയം ഉണ്ടായിരുന്നു എന്നു എല്ലാവരും സമ്മതിക്കുന്നതാണ്; ആ സംശയം ഉണ്ടായിരിക്കുന്നിടത്തോളംകാലം ഉദ്യോഗസ്ഥൻ എന്ന പദത്തിൽ ശ്രീപാദം സിൽബന്ധികളെ ഒഴിവാക്കണമെന്നു താൽപ്പര്യമുള്ളവരുടെ ഗുണത്തിനുള്ളതിനേക്കാൾ ഹാനികരമായിട്ടുള്ളതാണ്. അതുകൊണ്ടു ബില്ലിന്റെ തത്വം സ്ഥിരപ്പെടുത്തുന്നതിൽ ഞങ്ങൾ ജാഗ്രതയുള്ളവരായിരുന്നു. ബില്ലിന്റെ തത്വം സ്പീക്കറിച്ച് 'ഉദ്യോഗസ്ഥൻ' എന്ന പദത്തിലെ അർത്ഥസംശയം നീക്കാൻ ആവശ്യപ്പെട്ടതിൽ ബില്ലിന്റെ ഉദ്ദേശകാരണ സ്റ്റേറ്റുമെന്റിൽ വ്യക്തിപരമായ അനേകം ഒഴുക്കന്തങ്ങളിൽ തന്നിടത്തോളം ഞങ്ങൾ സ്ഥിരപ്പെടുത്തിയെന്നോ സമ്മതിച്ചുയെന്നോ ഇപ്പോൾ ഒരിക്കലും വാദിക്കാൻ പാടില്ലാത്തതാണ്. സത്യാവസ്ഥയിൽ 'ഉദ്യോഗസ്ഥൻ' എന്ന പദത്തിനു വ്യക്തപ്പെടുത്തിയ വിവരണം ഇല്ലാത്തതുകൊണ്ടു' അതിൽ ശ്രീപാദം സിൽബന്ധികളെക്കൂടി വ്യാഖ്യാനിച്ചു ഉൾപ്പെടുത്തിയേക്കും എന്ന സംശയംകൊണ്ടായിട്ടാണ് ഞങ്ങളിൽ മിക്കവരും ബില്ലിന്റെ തത്വത്തെ അംഗീകരിച്ചതു. കരംപിരിവും ഇലക്ഷൻ അനുസരിച്ചു പേഷ്കാർ, തഹശീൽദാർ, പാർവ്വത്യകാർ ഇവരുടെ അധികാരങ്ങൾ ശ്രീപാദം സിൽബന്ധികൾക്കു കൊടുക്കാനാണ് ബില്ലിന്റെ ഏകഉദ്ദേശം എന്ന ആ സമയത്തു വ്യക്തമാക്കിയിരുന്നുയെങ്കിൽ ഞങ്ങൾ എല്ലാവരും ബില്ലിനെ ശക്തിയോടെ എതിർത്തു തള്ളിക്കളയുമായിരുന്നു.

ഡെപ്യൂട്ടിസ്പീഡർ: കരംപിരിവു റഗുലേഷൻ ഒഴുംവകുപ്പിൽ 'ഉദ്യോഗസ്ഥൻ' എന്ന പദത്തിന്റെ അർത്ഥത്തിലൊ വിവരണത്തിലൊ സംശയത്തിനു വകകൊടുക്കാതെ പ്രയോർത്ഥമില്ലാതേയും ശ്രീപാദം കൊട്ടാരം സിൽബന്ധികളെ ഒഴിച്ചു വരേണ്ടണം എന്നുള്ള ഉദ്ദേശത്തോടുകൂടിയാണ് ബില്ലിന്റെ തത്വം സ്വീകരിച്ചു ബിൽ സിലക്ട്കമ്മിറ്റിക്കു അയക്കാൻ ഇവേരത്തിയതു എന്ന സഭയിലെ ഭൂരിപക്ഷക്കാരും ഇപ്പോൾ പറഞ്ഞേക്കാൻ മതി. നേരെമറിച്ചു മി. പരമേശ്വരൻപിള്ള അതിന്റെ പ്രധാനഉദ്ദേശം ശ്രീപാദം സിൽബന്ധികൾക്കു കരംപിരിവുറഗുലേഷനിലെ അധികാരങ്ങൾ കൊടുക്കുന്നതിനും ബില്ലിന്റെ ഉദ്ദേശകാരണങ്ങൾ അടങ്ങിയ സ്റ്റേറ്റുമെന്റിൽ അതു വിശദമാക്കിയിട്ടുണ്ടെന്നും മറ്റുമാണ് പറയുന്നതു. ഈ കാര്യത്തിലേക്കു ഇനി കൂടുതൽ സമയം വ്യയംചെയ്തു ക്ലേശിച്ചിട്ടു വളരെ പ്രയോജനം ഉണ്ടാകുന്നതായില്ല.

ഇപ്പോൾ തീരുമാനിക്കേണ്ട ഏകസംഗതി ഇതൊന്നാണ്. സഭ, മുമ്പൊരുസന്ദർഭത്തിൽ ഒരു സംഗതി തയ്പറ്റി ഒരു തീരുമാനം ഉണ്ടാക്കി എന്നിരിക്കട്ടെ, സഭക്കു അതിനെ പുനരാലോചനയിൽ കൂടുതൽ തീരുമാനിക്കുന്നതിൽ സ്ഥിരമായ വാദഗതിസ്ഥമുണ്ടോ എന്നാണ്. ഒന്നു നിശ്ചയമാണ് ഈ സഭ അംഗീകരിച്ച തത്വമൊ തത്വങ്ങളൊ വിസ്മരിച്ചു പ്രവൃത്തിക്കുന്നതിനു സിലക്ട്കമ്മിറ്റിക്ക് അധികാരമില്ല. എന്നാൽ ഈ സഭക്കാകട്ടെ മുൻ സ്വീകരിച്ച തത്വത്തെ ഗണ്യമാക്കാതെ പ്രവൃത്തിക്കുന്നതിനും മുഴുവൻ ബില്ലുതന്നെ തള്ളിക്കളയുന്നതിനും അധികാരമുണ്ട്.

മി. പരമേശ്വരൻപിള്ളെ, മി. താണുപിള്ളയുടെ ഭേദഗതി അതു ഇപ്പോൾ ഇരിക്കുന്നനിലയിൽ രണ്ടുവിധത്തിൽ നിങ്ങൾക്കു ആക്ഷേപമുള്ളതായി പറയുന്നു. ഒന്നാമതു സ്റ്റാൻഡിംഗഓർഡർ 24-ൽ പറയുന്നതു ഒരു സഭായോഗത്തിൽ ഒരു സംഗതി കയ്യാളാതെത്ത സ്പർശിച്ചു തീരുമാനിക്കപ്പെട്ടാൽ അതേ സെഷനിൽ പിന്നീടുണ്ടാകുന്ന ഒരു യോഗത്തിൽ അതിനെ വാദപ്രതിവാദമാക്കാൻ പാടില്ലാ എന്നാണ്. സ്റ്റാൻഡിംഗ് ആർഡറുകളിൽ സാമാന്യനടപടി ചട്ടങ്ങളിൽ അതു ചെന്നതാണെന്നുള്ളതിനു യാതൊരുസംശയവുമില്ല. എന്നാൽ സാധാരണയായി നിയമനിർമ്മാണകാര്യത്തിൽ സഭക്കു ഏതെങ്കിലും ഒരു ഘട്ടത്തിൽ സഭ മുമ്പ് ഒരിക്കൽ തീരുമാനിച്ചതിനു വിപരീതമായി പ്രവൃത്തിക്കാൻ അധികാരമുണ്ടെന്നാണ് എവിടെയോന്നുള്ളത്. മി. പരമേശ്വരൻപിള്ള വാദിക്കുന്നതു അങ്ങിനെ ആകാവുന്നതു സഭ വേറൊരു സെഷനിൽ കൂടുമ്പോൾ മാത്രമാണ് അതേസെഷനിൽ ഉള്ളതായ വേറൊരു യോഗത്തിൽ പാടില്ലായെന്നുമാണ്. അല്ലാഹം ബാംബെ നിയമനിർമ്മാണസഭയിലെ ഒരു റൂളിംഗ് എന്റെ അറിവിൽ കാണുന്നു. അതിൽ പ്രസിഡൻറ് തീരുമാനിച്ചതായി കാണുന്നതു ബിൽ അവതരിപ്പിച്ചപ്പോൾ മിക്കവാറും വാദപ്രതിവാദം ചെയ്യപ്പെട്ട ബിന്നുധാരികളെ സംബന്ധിച്ചു സമ്മതിദാനാവകാശമുള്ള ആ മുൻസിപ്പൽറഗുലേഷൻ രണ്ടാംവായനക്കെടുത്തപ്പോൾ പഴയതീരുമാനത്തിനു വിപരീതമായി സഭ ആലോചനക്കെടുക്കാൻ പാടില്ല എന്നാണ്. തീരുമാനിക്കേണ്ട കാര്യം പ്രയാസംകൂടാത്ത ഒന്നല്ല. ബാംബെ നിയമനിർമ്മാണസഭയിലെ റൂളിങ്ങിനെസംബന്ധിച്ചു പൂർണ്ണവിവരങ്ങൾ ഇല്ലാതെ അതിനെ ഇവിടെ പ്രയോഗിക്കുന്നതിനു ഞാൻ തയ്യാറാകുന്നില്ല.

ഭേദഗതിക്കെതിരായി മി. പരമേശ്വരൻ പിള്ള കൊണ്ടുവന്ന മറ്റൊരുവാദം കാര്യാലോചനയിൽ അതു ഒരു ഭേദഗതിയല്ലെന്നും സഭ അംഗീകരിച്ച ബില്ലിന്റെ തത്വത്തിനും ഖണ്ഡത്തിനും ഭേദഗതി ഒരു വൈപരീത്യം കാണിക്കുന്ന ഒന്നാണെന്നും ആണ്. ആ വാദത്തിൽ സല്പം കാര്യം ഉണ്ടെന്നു ഞാൻ സമ്മതിക്കാം.

മി: താണുപിള്ള സിലക്ഷൻകമ്മറി വച്ചിരിക്കുന്ന വിവരണത്തിന്റെ ഭാഷയെ സ്വകരിച്ചുകൊണ്ടു അതിനെ പൂരകമായി "എന്നാൽ ഇതു ശ്രീപാദം ഉദ്യോഗസ്ഥന്മാരെ സംബന്ധിക്കുന്നതല്ല എന്നുള്ളതു ചേർത്തു ഉപക്ഷേപം അവതരിപ്പിക്കുന്നതുകൊണ്ടു അതു സിലക്ഷൻകമ്മറി സ്വീകരിക്കുന്ന ഖണ്ഡത്തിനു വിപരീതമായി വരുന്നതല്ല. തക്കവിഷയമായ വിവരണത്തിൽ ചേർത്തിരിക്കുന്ന ഉദ്യോഗസ്ഥന്മാർ എന്ന ക്ലൂത്തിൽ ശ്രീപാദം സിൽബന്ധികളെ ഉൾപ്പെടുത്തണമെന്നും ഉൾപ്പെടുത്താൻ പാടില്ലായെന്നും ഉള്ളതായ പല വാദങ്ങളും പുരപ്പെടുവിച്ചതിനെപ്പറ്റി ഞാൻ ഈ ഘട്ടത്തിൽ ഒന്നും തന്നെ പറയണമെന്നു ഉദ്ദേശിക്കുന്നില്ല. സിലക്ഷൻകമ്മറി തീരുമാനിച്ചതായ വിവരണത്തിൽ ശ്രീപാദം എന്നോ സിൽബന്ധികളെ പറ്റി ഒന്നുതന്നെ പറയുന്നില്ല. ഇതുവരെ പൊതുനികുതി ചുമത്തിയിട്ടുള്ള ആളുകളെ കരംചുമത്തുപ്പെടുത്തുന്നതിനു വേണ്ടി ഉണ്ടാക്കിയിട്ടുള്ള ലാന്റ് അസ്സസ്സ്മെന്റ് ആക്ട് എന്നതിലെ ഉദ്യോഗസ്ഥൻ എന്നശബ്ദത്തിൽ ചേർത്തു അധികാരപ്പെടുത്തണമെന്നുമാത്രം ആ വിവരണംകൊണ്ടുവരുന്നുള്ളൂ. ആ ലാന്റ് അസ്സസ്സ്മെന്റിന്റെ വ്യവസ്ഥകൾപ്രകാരം ശ്രീപാദം നികുതി പൊതുനികുതി ആക്കി നിർണ്ണയിക്കുന്നു. ശ്രീപാദം അധികാരികൾക്കു അധികാരം ഏല്പിച്ചുകൊടുക്കുന്നതു കൊണ്ടു ജനങ്ങൾക്കു ഹാനികരമായി വരുന്നതല്ലെന്നു ഗവൺമെന്റിനു ബോദ്ധ്യപ്പെടുമെങ്കിൽ കരംചുമത്തുപ്പെടുത്തൽ അനുസരിച്ചു ഗവൺമെന്റിനു വകവയ്ക്കുന്ന ഉദ്യോഗസ്ഥന്മാർക്കുള്ള അധികാരങ്ങൾ വിനിയോഗിക്കുന്നതിനു ശ്രീപാദംകൊട്ടാരം വക ഉദ്യോഗസ്ഥന്മാരേയും അവരുടെ വക നികുതി (അതു പൊതുനികുതിയാക്കി നിർണ്ണയിച്ചു എന്നു ഞാൻ പറയുകയുണ്ടായില്ലാ) പിരിക്കുന്നതിനു ഈ ആക്ടിലെ അധികാരപ്പെടുത്തലുകളെ ആവശ്യമെന്ന നയംകൊണ്ടും കാര്യത്തിലേടുപ്പു ഉദ്ദേശിച്ചും ഞാൻ പറഞ്ഞുകൊള്ളുന്നു. ഈ പ്രസ്താവത്തിൽ ഈ കാര്യത്തിൽ സഭാംശത്തിൽ പ്രവേശിച്ച എനിക്കു പറയേണ്ട ആവശ്യമില്ല.

അതുകൊണ്ടു സിലക്ഷൻകമ്മറി നിശ്ചയിച്ച വിവരണത്തിലെ അവസാനത്തിലായി മി: താണുപിള്ള കൊണ്ടുവന്ന ഭേദഗതി ചേർക്കുന്നതു സഭാതാല്പര്യങ്ങൾക്കു അനിഷ്ടമായ ഒരു ഭേദഗതിയുടെ നിലയിൽ ഉപക്ഷേപം കൊണ്ടുവരാൻ ഞാൻ സന്നദ്ധിക്കാം. മി: താണുപിള്ളയുടെ ഉപക്ഷേപത്തിനു ശേഷം നാം ക്ലൂട്ടുമ്പോൾ നിങ്ങളുടെ മറുപടി തരുമോ?

മി: എ. താണുപിള്ള (തിരുവനന്തപുരം): ഞാൻ.

ഡെപ്യൂട്ടിപ്രെസിഡൻറ്. ഞാൻ പറഞ്ഞതിനെ നിങ്ങൾ ആലോചിക്കണം. ആവശ്യമുണ്ടെങ്കിൽ ക്ലൂട്ടുകാരുടെയും ഹിതം അറിയണം. നിങ്ങൾക്കു ദീർഘമായിട്ടു ഒന്നും ഞാൻ ഉണ്ടാക്കിവക്കുന്നില്ല. സംഗതിയുടെ സാരാംശത്തെപ്പറ്റി സഭയുടെ ഹിതമെന്തെന്നറിയാനായി നിങ്ങൾക്കു ഒരു അവസരം തരണമെന്നുണ്ടു ഉടനടി നിങ്ങളുടെ മറുപടി വേണമെന്നു എനിക്കു ആഗ്രഹമില്ല. എന്റെ അഭിപ്രായം സ്വീകരിച്ചാൽ നിങ്ങളുടെ ഭേദഗതിക്കു ഗൗരവമായ ഹാനി തട്ടുമെന്നു നിങ്ങൾ മനഃപൂർവം വിചാരിക്കുന്നുവെങ്കിൽ ഇതിനെപ്പറ്റി നിങ്ങൾ ക്ലൂട്ടുതൽ പറയണമെന്നില്ല. ഇതുവരെ വിവരിച്ചുപറഞ്ഞ സൗകര്യങ്ങൾക്കുവേണ്ടി നിങ്ങളുടെ ഭേദഗതി നടപടിക്രമമല്ലെന്ന സ്ഥാപിച്ചു എനിക്കു തള്ളേണ്ടതായി വരും. എന്നാൽ ഞാൻ പറയുന്നതു ഒട്ടും അപകടമുള്ളതല്ലെന്നു നിങ്ങൾ വിചാരിക്കുമെങ്കിൽ നമുക്കു സാങ്കേതിക ആക്ഷേപം ഒന്നുമില്ലാതെ സഭാസാരാംശത്തിന്മേൽ സംഗതിയെപ്പറ്റി യാഭിപ്രായം നടത്താം.

മി: എ. താണുപിള്ള (തിരുവനന്തപുരം): നിങ്ങളുടെ നിർദ്ദേശം സ്വീകരിക്കുന്നതിനു എനിക്കു വിരോധമില്ല.

ഡെപ്യൂട്ടിപ്രെസിഡൻറ്: എങ്കിൽ നിങ്ങളുടെ ഇപ്പോഴത്തെ ഭേദഗതിക്കുപകരം നിങ്ങൾ ഇതുപോലെ ഒരു ഭേദഗതി കൊണ്ടുവരിക.

"വിവരണത്തിന്റെ അവസാനത്തായി താഴെപറയുന്നതു ചേർക്കുക.

എന്നാൽ ഉദ്യോഗസ്ഥൻ എന്നവാക്കിൽ ശ്രീപാദം കൊട്ടാരത്തിലെ സിൽബന്ധികളെ ഉൾപ്പെടുന്നതല്ല.

മി: എ. താണുപിള്ള (തിരുവനന്തപുരം): അങ്ങനെ ഉപക്ഷേപം കൊണ്ടുവരുന്നതിനു വിരോധമില്ല.

ഡെപ്യൂട്ടിപ്രെസിഡൻറ്: ലഘുഭക്ഷണം കഴിഞ്ഞു നാം ക്ലൂടുമ്പോൾ നിങ്ങൾ അതു യഥാവിധി ഹാജരാക്കുന്നതിനു ഞാൻ സമ്മതിക്കാം, ഇതു അത്യന്തം ഖണ്ഡത്തിന്റെ വിപരീതമാണെന്നു ഒരിക്കലും പറയാൻ പാടില്ല, സാങ്കേതികാക്ഷേപം ഇതുതള്ളി തീർന്നു,

സഭ ലഘുഭക്ഷണത്തിനായി പിരിയുകയും വീണ്ടും രാത്രി 8-നു ക്ലൂടുകയുംചെയ്തു.

ഡെപ്യൂട്ടിപ്രെസിഡൻറ്: മി: പരമേശ്വരൻപിള്ള നിങ്ങൾ ഭേദഗതി ബില്ലിനെ സംബന്ധിച്ചു ഉപക്ഷേപം ഹാജരാക്കണം,

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷനൽ തഹഡ്സിക്കാർവക്കീൽ): ഞാൻ ഹാജരായിട്ടുണ്ടു ഉപക്ഷേപം ഇതിനുമുമ്പു കൊണ്ടുവന്നുകഴിഞ്ഞു.

ഡെപ്യൂട്ടിപ്രെസിഡൻറ്: സ്വീകരിച്ചുകഴിഞ്ഞ ഭേദഗതിയോട്ടുകൂടി സിലക്ഷൻകമ്മറി നിശ്ചയിച്ചുള്ള വരണത്തിന്റെ ഈ ഭാഗം സ്വീകരിക്കുന്നതിനു ഈ സഭയ്ക്കു സമ്മതമെന്നു ഞാൻ വിചാരിക്കുന്നു. വിവരണം ഇപ്രകാരമാണ്.

ഉദ്യോഗസ്ഥൻ എന്ന പദത്തിനു ഈ വകുപ്പിന്റെ ആവശ്യങ്ങൾക്കുവേണ്ടുന്നതുകത്തക്കവണ്ണം നമ്മുടെ ഗവണ്മെന്റിന്റെയോ ഒരു മുൻസിപ്പാലിറ്റിയുടെ എല്ലാ ഉദ്യോഗസ്ഥനും അതുപോലെ പൊതുനികുതിയെ ഒരു ശേഖരിക്കാരിയുടെ കരമോ പിരിക്കുന്നതിലേക്കു നിയമിച്ചിട്ടുള്ളതുമായ എല്ലാ ആളുകളും എന്നു അർത്ഥമാകുന്നതും ആ പദത്തിൽ ഉൾപ്പെട്ടതുമാകുന്നു. സഭ ഇതു സമ്മതിക്കുന്നു എന്നു ഞാൻ മനസ്സിലാക്കട്ടെ.

മി: എ. എസ്സ്. മാരേരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): എന്റെ അഭിപ്രായം ഭേദഗതിയെ ആലോചനയ്ക്കെടുക്കണമെന്നാണ്.

ഡെപ്യൂട്ടിപ്രെസിഡൻറ്: അതു ഒരു ഭേദഗതിയല്ല, അതു ഒരു ക്ലൂട്ടിച്ചേർപ്പാണ്. അതു ഒരു ക്ലൂടുന്ന ൽഭാഗമാക്കി ചേർക്കാൻ ഞാൻ മി: താണുപിള്ളയെ അനുവദിച്ചിട്ടുണ്ടു.

മി: എ. എസ്സ്, മാരേരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): എങ്കിൽ മുഴുവൻ ബിൽ വോട്ടിനിടണം.

ഡെപ്യൂട്ടിപ്രസിഡൻറ്: നിങ്ങൾക്കു ഇതു സ്വീകരിക്കുന്നതിനു വല്ല ആക്ഷേപവുമുണ്ടോ എന്നഞാൻ ചോദിക്കുന്നു. ഞാൻ ശ്രീ: താണുപിള്ളയെ അതിനു ഒരു കൂട്ടിച്ചേർപ്പായി കൊണ്ടുവരാൻ സമ്മതിച്ചിട്ടുണ്ട്.

ശ്രീ: എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും കാഞ്ഞിരപ്പള്ളിയും): സർ, എനിക്കു ഒരു വാക്കു പറയാനുണ്ട്.

ഡെപ്യൂട്ടിപ്രസിഡൻറ്: അതായതു ശ്രീ: താണുപിള്ളയുടെ കൂട്ടിച്ചേർപ്പുഭേദഗതി ആലോചനക്കു എടുക്കുന്നതു വിവരണം വോട്ടിനിടുന്നതിനുമുമ്പേ വേണമെന്നാണ്?

ശ്രീ: എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും കാഞ്ഞിരപ്പള്ളിയും): എനിക്കു അറിയാനുള്ളതു് ഈ സഭ ഈ ഖണ്ഡത്തെ സ്വീകരിക്കയും, ശ്രീ: താണുപിള്ളയുടെ ഭേദഗതി തള്ളിപോകയുംചെയ്താൽ ഈ ഖണ്ഡത്തെ വീണ്ടും വോട്ടിനിടാൻ ഞങ്ങൾക്കു ചോദിക്കാമോ?

ഡെപ്യൂട്ടിപ്രസിഡൻറ്: അതായതു അദ്ദേഹത്തിൻറെ ഭേദഗതി സ്വീകരിക്കാതെവന്നാൽ, ഇതിൽ ചില വ്യത്യാസങ്ങളോടെ നിങ്ങൾക്കു വരുത്താൻ ആഗ്രഹമുണ്ടെന്നു ഞാൻ മനസ്സിലാക്കുന്നു. നിങ്ങൾക്കു അങ്ങിനെ ഒരു വിചാരമുണ്ടെങ്കിൽ, ഞാൻ ഇതിനെ വോട്ടിനിടുന്നേയില്ല.

ശ്രീ: എ. താണുപിള്ള (തിരുവനന്തപുരം): സർ, ഞാൻ താഴെകണ്ടിക്കുന്നതിനെ സിലക്ട് കമ്മിറ്റി നിർദ്ദേശിച്ച വിവരണത്തിൻറെ അവസാനത്തിൽ ചേർക്കണമെന്നു ഉപക്ഷേപംകൊണ്ടുവരുന്നു.

"എന്നാൽ ശ്രീപാദം കൊട്ടാരത്തിലെ സിൽബന്ധികരെ ഉദ്ദേശിച്ചിട്ടല്ല."

ശ്രീ: എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും കാഞ്ഞിരപ്പള്ളിയും): ഞാൻ പിൻതാങ്ങുന്നു.

ശ്രീ: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഫൈഡ് സക്കാർവക്കീൽ): ഞാൻ ഭേദഗതിയെ എതിർക്കുന്നു. ശ്രീപാദം കൊട്ടാരം സിൽബന്ധികരെ അധികാരം കൊടുക്കുന്നതിൽ യാതൊരു ലോഷവും ഇപ്പോഴുണ്ടായതുണ്ടെന്നു അല്ല ഒന്നിലധികം തവണതന്നെ പറഞ്ഞുകഴിഞ്ഞു. അതിനു എതിരായി യാതൊന്നും ഇന്നു ഉപക്ഷേപകൻ പറഞ്ഞിട്ടില്ല. ഇപ്പോൾ എന്തിനു യാതൊന്നും കൂട്ടുതലായി പറയുന്നില്ല. പോയ സന്ദർഭങ്ങളിൽ ഞാൻ പറഞ്ഞതിനെ സഭയുടെ ഓർമ്മയിൽ വച്ചുകൊണ്ടിരിക്കണമെന്നുമാത്രം പറയുന്നു.

ശ്രീ: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): സർ, ശ്രീ: താണുപിള്ളയുടെ ഭേദഗതിയെ ഞാൻ പിൻതാങ്ങുന്നു.

ശ്രീ: എസ്. പിറപ്പിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും, തരക്കു്): ഖണ്ഡം ഭേദഗതി ചെയ്തതിൻറശേഷം ഭയവായി മെമ്പർ വായിക്കാമോ?

ശ്രീ: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഖണ്ഡം ഇപ്രകാരമാണ്.

"ഉദ്യോഗസ്ഥൻ എന്ന വാക്കിനു ഈ വകുപ്പിൻറെ ആവശ്യത്തിനു നമ്മുടെ ഗവണ്മെൻറിൻറെ ഒരു ഉദ്യോഗസ്ഥനോ ഒരു മുൻസിപ്പാലിറ്റിയിലെ ഒരു ഉദ്യോഗസ്ഥനോ മറേതെങ്കിലും പ്രാദേശികാധികാരിയുടെ ഒരു ഉദ്യോഗസ്ഥനോ എന്നു അർത്ഥമാകുന്നതും ആ വാക്കിൽ ഉൾപ്പെടുന്നതും എന്നാൽ ശ്രീപാദംകൊട്ടാരത്തിലെ ഏതെങ്കിലും സിൽബന്ധിൻറിൽ ഉൾപ്പെടാത്തതുമാകുന്നു."

ഈ ഭേദഗതിയുടെ ആവശ്യത്തെ ആലോചിച്ചു നോക്കുന്നതായാൽ ഈ സഭയുടെ ഈ വശത്തുള്ളവർ ഈ ഭേദഗതിയുടെ പ്രാധാന്യത്തെപറ്റി അർത്ഥവ്യമാക്കികൊടുക്കയുണ്ടു്. ആ ഒരു ഉദ്ദേശത്തോടെയാണു് ഞാൻ ഈ ഭേദഗതിയെ പിൻതാങ്ങുന്നതു്. അതിനെ സംബന്ധിച്ചു ബിൽ അവതരിപ്പിച്ച സമയം കുറെ അധികം വാദപ്രതിവാദമുണ്ടായി. ഈ ഭേദഗതിയില്ലാതെ ഈ ബിൽ പാസ്സായാലുള്ള അപകടസ്ഥിതി മനസ്സിലാക്കേണ്ടതാണ്.

ഈ ഭേദഗതി ഇല്ലാതെയിരുന്നാൽ, നാം ഒരു നിയമനിർമ്മാണത്തിനു കാരണമാകുന്നതും ആ നിയമം കൊണ്ടു ഒരു പ്രാദേശികാധികാരിയല്ലാതെ ഒരു കോപ്പറേറ്റു സ്ഥാപനം മാത്രമായി ഗണിക്കുന്ന ശ്രീപാദം കൊട്ടാരത്തിലെ സിൽബന്ധികരെക്കു അവർ യോഗ്യരാകട്ടെ, അയോഗ്യരാകട്ടെ ചില അധികാരങ്ങൾ കൊടുക്കുന്നതും അതിനെ ഉപയോഗിച്ചു ശ്രീപാദംകൊട്ടാരംവക കരം പിരിക്കുന്നതിനു സ്ഥാവരവും ജംഗമവുമായ വസ്തുക്കൾ ജപ്തിയിൽ കൊണ്ടുവരാൻ പാടുള്ളതുമാണ്. ഇപ്പോഴത്തെ നിയമം നോക്കിയാൽതന്നെ പരമ്പരകാരുടെ മുകളിൽ ടിപ്പാൻപേഷ്കാർ, തഹശീൽദാർ എന്നീ ഉദ്യോഗസ്ഥന്മാർ ഉണ്ടായിരുന്നിട്ടും കരക്കുടിശ്ശികക്കായി സ്ഥാവരജംഗമവസ്തുക്കൾ സാധാരണ പാർവത്യകാരന്മാർ ജപ്തിചെയ്യുമ്പോൾ സാധുക്കളായ കുടിയാന്മാർ അനുഭവിക്കുന്ന സങ്കടം നമുക്കു് ഏറെക്കുറെ അറിയാവുന്നതാണ്. ഇപ്പോൾ കൊണ്ടുവന്നിരിക്കുന്നതു് ഒന്നുകൂടി അപകടകരമാണ് എന്തുകൊണ്ടെന്നാൽ പാർവത്യക്കാരേയും തഹശീൽദാരന്മാരേയും സംബന്ധിച്ചിടത്തോളം അവരുടെ അക്രമവും അന്യായവുമായ പ്രവൃത്തിക്കു നമുക്കു അപ്പീലൊ പരിശോധനയൊ മേലധികാരികളിൽ സമർപ്പിക്കാവുന്നതാണ്. എന്നാൽ ശ്രീപാദംകൊട്ടാരം ഉദ്യോഗസ്ഥന്മാരെ സംബന്ധിച്ചിടത്തോളം നാം നിരാലംബരാണ്.

ഡെപ്യൂട്ടിപ്രസിഡൻറ്: അതെങ്ങിനെ?

ശ്രീ: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഞാൻ പറയാം. കായ്യത്തിൻറെ ഭരണസംക്രമണമായ അവസ്ഥാന്തരത്തെപറ്റിയാണു ഞാൻ ഈ ഭേദഗതിയെ പിൻതാങ്ങുന്നതിനു പറയാൻപോകുന്നതു്. നിർദ്ദേശിക്കപ്പെട്ട ഭേദഗതിയോടുകൂടിയല്ലാതെ ഈ ഖണ്ഡം പാസ്സാക്കിയാൽ, നാം നിയമസഭക്കു കൊടുത്തിട്ടുള്ള അധികാരത്തിൻ പാടില്ലാത്തതും നിയന്ത്രിക്കാൻപാടില്ലാത്തതുമായ ഒരുതരം ഉദ്യോഗസ്ഥന്മാരെ സൃഷ്ടിക്കയാണ് ചെയ്യുന്നതു്. സഭയുടെ ഈ വശത്തുള്ള ഞങ്ങൾക്കു എതിരായിട്ടുനിൽക്കുന്ന തക്കവിഷയത്തിൽ ഏറെറവും പ്രധാനപ്പെട്ടതു് ഇതാണ്. ഈ സഭയുടെ പ്രധാന ഉദ്ദേശംതന്നെ പൊതുജനങ്ങളും പത്രക്കാരും യഥേഷ്ടം കുറെപ്പെട്ടതാൻ സാധിക്കേണമെന്നുള്ള വ്യവസ്ഥകളെ ഉണ്ടാക്കുകയെന്നുള്ളതാണ്. നിയമത്തെ നടത്തിപ്പിൽ ഭൌതുവെന്ന ഭരണനിർവ്വാഹാധികാരിയോ അധികാരികളോ ഈ സഭയുടെ നിയന്ത്രണാധികാരത്തിനും കുറെപ്പെട്ടതെയിരിക്കാൻപാടില്ല. നിർദ്ദേശിക്കപ്പെട്ട ഭേദഗതിക്കുടാതെ ഈ ഖണ്ഡം പാസ്സാക്കാൻ അനുവദിച്ചുകൊടുത്താൽ നാം നമ്മുടെ നിയന്ത്രണാധികാരവും ഗ്രണദോഷനിരൂപണാധികാരവും ഒഴിഞ്ഞുകൊടുക്കുന്നതായിട്ടുവരും, അതൊടുകൂടിതന്നെ നിയമസഭയുടെ അധികാരത്തിൽപെടാത്ത ഒരുദ്യോഗം സിൽബന്ധികളെ സൃഷ്ടിച്ചു അവരെ പൂർണ്ണമായ അധികാരങ്ങളും നാം കൊടുക്കാൻപോകുന്നു എന്നതാണ് ഞാൻ വിചാരിച്ചു ഭരണസമ്പ്രദായമായകാര്യം.

ഡെപ്യൂട്ടി പ്രസിഡണ്ട്: മി: നീലകണ്ഠപ്പിള്ള, ഈ നിയമം പാസ്സാക്കുന്നതു കൊണ്ടു് ശ്രീപാദം കൊട്ടാരത്തിലെ, സിൽബന്ധികൾക്ക് നാം ഈ അധികാരം കൊടുക്കുന്നില്ല. ഈ അധികാരങ്ങളെ ഏൽപ്പിക്കുന്നതിനു നാം ഗവണ്മെൻറിനെ അധികാരപ്പെടുത്തുന്നതേയുള്ളു. അതു കൊണ്ടു് ഈ സമയത്തു് വേണ്ടിവന്നാൽ കൂടുതൽ ഉപയോഗപ്പെടുത്താനുള്ള അവകാശമുള്ളതുകൊണ്ടു് ഗവണ്മെൻറിനു് ചുമതല പോകാതെ തന്നെ ഇരിക്കുന്നു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ശരി തന്നെ, ഭരണം നടത്തുന്ന ഉദ്യോഗസ്ഥന്മാർക്കു് കുറേയധികാരം കൊടുത്തിട്ടുണ്ടു്. ആ സംഗതി ഞാൻ വിസ്മരിക്കുന്നില്ല. ഞങ്ങൾക്കറിയാം. എന്നാൽ നാം മനസ്സിലാക്കേണ്ടതു് ശ്രീപാദം കൊട്ടാരം ഈ സമയത്തെ കാര്യലാഘവത്തിനു അധികാരപ്പെടുത്തിയ ഒരു സ്ഥാപനമോ ഒരു ഏടത്തലസ്ഥാനമോ ആണെന്നാണു്. അതു കൊണ്ടു ഭരണം നടത്തുന്ന അധികാരസ്ഥാനം പോലും ഉപേക്ഷയായോ മനഃപൂർവ്വം പ്രവർത്തിച്ചോ യോഗ്യതയില്ലായ്മ കൊണ്ടോ ഒരു ഉദ്യോഗസ്ഥൻ ഒരു പാപ്പരായോ അധികാരം കൊടുത്തു അവർ ഈ അധികാരങ്ങളെ ദുർവിനിയോഗം ചെയ്യുമോ വളരെ ചീത്തയായി പ്രവർത്തിക്കുമോ ചെയ്യുവാനാണു്. ആ സമയത്തു ഈ സഭയ്ക്കു, ശ്രീപാദം കൊട്ടാരത്തിനുള്ള സിൽബന്ധികൾ ഈ സമയത്തെ അധികാരത്തിൽ കടന്നു ഒരു സ്ഥാപനത്തെക്കൊണ്ടു് ഭരിക്കപ്പെട്ടു പരമ്പരകൊണ്ടു് അവരുടെ പ്രവർത്തികളെ ന്യായാന്യായങ്ങൾ ഗ്രഹണദോഷനിരൂപണം ചെയ്യുന്നതിനു സാധിക്കുന്നതല്ല.

പിന്നീടു് നാം ഓർമ്മയുണ്ടു് ഇപ്പോഴത്തെ ഏർപ്പാടിൽ ശ്രീപാദം കൊട്ടാരത്തിലേക്കു ചേർക്കേണ്ടതിനു കുറേ പിരിക്കേണ്ടതിനു യാതൊരു ബുദ്ധിമുട്ടും തന്നു നേരിട്ടിട്ടില്ലെന്നാണു്. മെമ്പന്മാർക്കു് എല്ലാപേർക്കും അറിയാവുന്നതും എനിക്കു നിശ്ചയമുള്ളതും ആയ മറ്റൊരു കാര്യം ഉണ്ടെന്നാൽ മജിസ്ട്രേട്ടന്മാരേയും തഹശീൽദാരന്മാരേയും ഗവണ്മെൻറു് സർവീസിൽനിന്നും ശ്രീപാദം സർവീസിലേക്കു് എടുക്കുന്നതിലും അവർ ഭാഗ്യമുള്ളവരാകുന്നതിൽ തന്നെയും അവർക്കു തഹശീൽദാരുടെയോ പേഷ്കാരുടെയോ അധികാരം കൊടുക്കുക പതിവില്ല. കാരണം ആ അധികാരം അവർക്കു കൊടുക്കാൻ തക്കവണ്ണമുള്ള അധികാരമുണ്ടോ എന്നു സംശയിച്ചിട്ടല്ല എന്നാൽ പഴയ മാമൂലനുസരിച്ചു അപ്രകാരം പ്രവർത്തിക്കാറില്ല. ശ്രീപാദം കൊട്ടാരത്തിലെ ഇപ്പോഴത്തെ മാനേജ്മെൻറു് കുറേ കുറേ പിരിവിനായി വസ്തു ജപ്തി ചെയ്യുന്നതിനു പാവത്തായതുകൊണ്ടു അധികാരങ്ങൾ കൊടുത്തിട്ടില്ല. എത്രയൊക്കെ പറഞ്ഞാലും അവരുടെ കുറേ പിരിക്കുന്നതിനു ശ്രീപാദം കൊട്ടാരം സിൽബന്ധികൾക്കു്, വലിയ പ്രയാസമാണെന്നു നേരിട്ടിട്ടില്ല. അവരുടെ പിരിവിൽ അധികം കാര്യവും ചിറയിൻകീഴ് താലൂക്കിലെ അഞ്ചുപേരുകളിൽ നിന്നാണു്. മതക്കൻ തിരുവിതാംകൂറിലും കുറെ വസ്തുക്കളുണ്ടു്. ഗവണ്മെൻറു പക്ക കുറെ പിരിക്കുന്നതിലേക്കു മാത്രം താലൂക്കിലും തഹശീൽദാരുണ്ടു്. ശ്രീപാദം സിൽബന്ധികൾ പിരിക്കേണ്ട കുറെ ശേഷിച്ചു കിടപ്പുണ്ടെങ്കിൽ വിവരം തഹശീൽദാർക്ക് റിപ്പോർട്ടു ചെയ്യുവാനുള്ള ഈ അളിമാൻറെ സഹായത്തോടുകൂടി വസ്തുക്കൾ ജപ്തിചെയ്യുകയോ വിൽക്കുകയോ ചെയ്യുവാനുള്ള അവകാശങ്ങൾ കൂടെ പിരിക്കുന്നതിനു വേണ്ട ഏർപ്പാടുകൾ കൂടെ ചെയ്യുവാനുള്ളതുമാണു്. അതു കൊണ്ടു കുറ്റത്തിൻറെ ഇപ്പോഴത്തെ നടത്തിപ്പു നോക്കിയാലും യാതൊരു സൗകര്യവും തോന്നിയിട്ടില്ല.

പിന്നെ ഞാൻ ചോദിക്കുന്നതു, ഇങ്ങിനെ ഒരു നിയമം കൊണ്ടു വരുന്നതിൻറെ ആവശ്യമെന്തെന്നാണു്. ചില മെമ്പർ പറഞ്ഞതു പോലെ, ബിൽ അവതരിപ്പിച്ചപ്പോഴും തത്വത്തെപ്പറ്റി വാദപ്രതിവാദമുണ്ടായ സമയം, ബില്ലിൻറെ ഏറ്റവും പ്രധാനമായ തത്വം ഇപ്പോഴും തള്ളത്തിലിരിക്കുന്ന കാര്യമാണെന്നു ഞങ്ങൾ ഒർക്കുകയും വിചാരിച്ചില്ല. ബില്ലിൻറെ പ്രധാന തത്വം, ചില മെമ്പർ ഇപ്പോൾ വിവരിച്ച പോലെ, ശ്രീപാദംസിൽബന്ധികൾക്കു പാർവത്യകാരുടേയും, തഹശീൽദാരുടെയും, പേഷ്കാരുടെയും അധികാരങ്ങൾ കൊടുക്കുന്നതാണെന്നു വരുകിൽ, ആ ഒരു കാര്യത്തിൽ, ഞങ്ങൾ ചില മെമ്പരോടു യോജിപ്രായമായിട്ടു തന്നെയിരിക്കുകയും മി: താണുപിള്ളയുടെ ഭേദഗതി എന്നു വന്നാലും പ്രധാന ഖണ്ഡത്തോടു കൂടി പോകേണ്ടതായിട്ടിരിക്കുകയും ചെയ്യുന്നു. എനിക്കു പറയാനുള്ള വേറൊരു കാര്യം ഉണ്ടു്. കൃഷിക്കാരുടെ നിലയിൽ നിന്നും പറയുകയാണെങ്കിൽ ശ്രീപാദം സിൽബന്ധികൾക്കു ഈ അധികാരങ്ങൾ നൽകിയാൽ, അതു അനാവശ്യമായ ദുർഘടങ്ങൾക്കു കാരണമാകും. എന്തെന്നാൽ, കൊട്ടാരം സിൽബന്ധികൾ നിയമസഭയുടെ കുറെയൊക്കെ നിയന്ത്രണത്തിനു വശപ്പെട്ടവരല്ലാത്തതും, ഭരണഗവണ്മെൻറിൻറെ നിയന്ത്രണാധികാരത്തിലല്ലാത്തതും ആണു്. കുറ്റത്തിൻറെ ഗൌരവം നാം അറിയേണം, സാധുക്കളായ കർഷകർ അനുഭവിക്കേണ്ട കഷ്ടതകളും നോക്കണം. ഈ കാര്യങ്ങളെല്ലാം ആലോചനയിൽചേർത്തു്, ഈ വശം മെമ്പർമാർ ഇതിനെ ഗൌരവമായി ആലോചിക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു. ശ്രീപാദം സിൽബന്ധികൾക്കു തഹശീൽദാരുടെയോ പേഷ്കാരുടെയോ അധികാരം കൊടുക്കണമെന്നുള്ള ആവശ്യം ഇപ്പോൾ ആരെക്കൊണ്ടും തോന്നിയിട്ടുണ്ടു്. ഇപ്പോൾ ഒന്നും തരക്കേടില്ലാ. ഇവിടെ വാദപ്രതിവാദത്തിനു നമുക്കവസരം കിട്ടി. എന്നാൽ പ്രവർത്തി കഴിഞ്ഞാൽ, ശ്രീപാദം കുറ്റങ്ങൾ നമുക്കു സംസ്കരിക്കാനേ വഹിയാ എന്നു വന്നേക്കാം. അതു കൊണ്ടു നാം വാദവിഷയമായ ഖണ്ഡത്തെ പറ്റി വളരേ സൂക്ഷ്മമുള്ളവരായിരിക്കണം. രണ്ടിരട്ടികരുതിയിരിക്കണം. ഈ സാമ്പ്രദായികമായ പറഞ്ഞു. മി. എ. താണുപിള്ള അവതരിപ്പിച്ച ഭേദഗതി വാചകത്തെ പിൻതാങ്ങിക്കൊള്ളുന്നു.

മി: എസ്സ്. പിറവിപ്രതാപമാപിള്ള (കൃഷിവടവും വ്യവസായവും, തെക്കു്): മി. താണുപിള്ള അഭിപ്രായപ്പെട്ട ഭേദഗതിയെപ്പറ്റി പ്രസംഗിച്ചു കൊണ്ടിരുന്നപ്പോൾ, ഞാൻ മി: കെ. പി. നീലകണ്ഠപ്പിള്ളയുടെ ഖണ്ഡം ഭേദഗതി ചെയ്തു വായിക്കണമെന്ന ആവശ്യപ്പെടുകയുണ്ടായി. എന്നാൽ അതിനുള്ള അവകാശമില്ല. ഇപ്പോൾ ഞാൻ മനസ്സിലാക്കിയതു്. സിലക്ട് കമ്മിറ്റി പാസ്സാക്കിയ ഖണ്ഡവും വ്യവസ്ഥയും അപ്രകാരം വച്ചിരിക്കണമെന്നാണു്, അതായതു, 'എന്നാൽ ശ്രീപാദം കൊട്ടാരം സിൽബന്ധികൾ ഉൾപ്പെടുന്നതല്ല, എന്ന ഒടുവിൽ ചേർക്കണമെന്നുമാണു് വിവക്ഷയെങ്കിൽ ഈ ഭേദഗതിയോടുകൂടി ഇപ്രകാരമാണു്.

"ഉദ്യോഗസ്ഥൻ എന്ന വാക്കിനു ഈ വകുപ്പിൻറെ ആവശ്യത്തിനായി കൊള്ളത്തക്കതുപോലെ നിയമിച്ചതും ഏർപ്പെടുത്തിയതും ചുമതലപ്പെടുത്തിയതും ആയ എല്ലാ ഉദ്യോഗസ്ഥനും എന്നു അർത്ഥമാകുന്നതും ആ പദത്തിൽ ഉൾപ്പെടുന്നതും എന്നാൽ ശ്രീപാദം കൊട്ടാരത്തിലെ സിൽബന്ധികൾ ഉൾപ്പെടുന്നതല്ലാത്തതും ആകുന്നു."

ഭേദഗതിയോടുകൂടി ചേർത്ത ഖണ്ഡം പൂർവ്വപരിഗണനയ്ക്കുണ്ട്

ഡെപ്യൂട്ടിപ്രസിഡണ്ട്: ഖണ്ഡം ആകപ്പാടെ വായിക്കണം. അല്പസമയമാക്കി വായിക്കുന്നു.

മി: എസ്സ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും, തെക്ക്) ഖണ്ഡത്തിന്റെ ഒരു ഭാഗം പറയുന്നു പൊതുനികുതി പിരിക്കുന്നതിനു നിയമിക്കപ്പെട്ടവർ "ഉദ്യോഗസ്ഥൻ" എന്നതിനു ഉൾപ്പെടുത്തുമെന്നു പിന്നിട്ട ഭാഗത്തു ഒരു ശ്രീപാദം ഉദ്യോഗസ്ഥൻ ഉൾപ്പെടുന്നില്ല' എന്നു ചേർക്കുന്നതു എന്തു നേരത്തേയാക്കാണ്, ശ്രീപാദം നികുതി പൊതുനികുതിയെന്നു നാം സങ്കല്പിച്ചു കൊടുത്തു.

ഡെപ്യൂട്ടിപ്രസിഡൻറ്: എന്നാൽ മി. താണുപിള്ള പിരിവുനടത്തുന്ന ഉദ്യോഗസ്ഥന്മാരിൽനിന്നു അവരെ ഒഴിക്കണമെന്നു പറയുന്നു.

മി: എസ്സ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും, തെക്ക്): എന്നാൽ പൊതുനികുതി പിരിക്കുന്നവരെ അതിൽ ഉൾപ്പെടുത്തുന്നു.

ഡെപ്യൂട്ടിപ്രസിഡൻറ്: വ്യക്തിപരമായ അർത്ഥമുള്ള പദമാണ് അതു.

മി എസ്സ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും, തെക്ക്): പൊതുനികുതി പിരിക്കുന്നതിൽ നിയമിക്കപ്പെട്ടതും, ശിക്ഷിക്കപ്പെട്ടതും ആയ ആളുകൾ എന്നതിൽ അർത്ഥമാക്കണമെന്നു.—

ഡെപ്യൂട്ടിപ്രസിഡൻറ്: ഈ ഒരു സംഗതി ഒഴിച്ചു ശ്രീപാദം ഉദ്യോഗസ്ഥന്മാർ ഈ ശുപാർശത്തിൽപ്പെടും.

മി. എസ്സ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും, തെക്ക്): എന്നാൽ ഒക്കെശരിയായി.

മി. ആർ. രാമൻപിള്ള (കോട്ടയം): സർ, മി താണുപിള്ളയുടെ ഭേദഗതിയോടു ഞാൻ അനുകൂലിക്കുന്നു. ശ്രീപാദം എന്നുള്ളതു കൊട്ടാരത്തിന്റെ ഒരംശമാണ് എന്നുള്ളതിനെപ്പറ്റി തർക്കം ഉണ്ടായിരിക്കാം എന്നു തോന്നുന്നില്ല. കൊട്ടാരത്തെ സംബന്ധിച്ചു യാതൊരു നിയമവും ഉണ്ടാക്കുന്നതിനു ഈ നിയമസഭക്കു നിയമസാധുതയുള്ളതു കൊണ്ടു അനുസരിച്ചു് അധികാരമില്ല. അങ്ങനെയിരിക്കെ ശ്രീപാദംവക വസ്തുക്കളെ സംബന്ധിച്ചു യിയമം ഉണ്ടാക്കുന്നതിനു് ഈ നിയമസഭയ്ക്കു് അധികാരം ഉണ്ടോ? അങ്ങനെ ഇല്ലാതിരിക്കെ ഒരു നിയമം ഉണ്ടാക്കുന്നതുശരിയാണോ?

ഡെപ്യൂട്ടിപ്രസിഡൻറ്: കരംപിരിവു റഗുലേഷനെ സംബന്ധിച്ചു് ഒരു ഭേദഗതി വരുത്താൻ ഈ കൗൺസിലിനു് അധികാരമുണ്ടെന്നു കഴിഞ്ഞ കൗൺസിൽ മീറ്റിംഗിൽ തീർച്ചപ്പെടുത്തിയിട്ടുണ്ടു്.

മി: ആർ. രാമൻപിള്ള (കോട്ടയം): പടിപടിയായി മേലധികാരം ഉള്ള ഇന്നത്തെ റവന്യൂഡിപ്പാർട്ടുമെൻറിൽ പല കുഴപ്പങ്ങളും ഉണ്ടാകുന്നുണ്ടു്. ഒരു പ്രവൃത്തികാരുടെ പ്രവൃത്തിയിൽ ഏതെങ്കിലും തെറ്റുണ്ടെങ്കിൽ പ്രവൃത്തികാരുടെ മേലധികാരിയായ തഹശീൽദാരുടെ അടുത്തും, തഹശീൽദാർ തെറ്റുചെയ്യുന്നു എങ്കിൽ തഹശീൽദാരുടെ മേലധികാരിയായ പേഷ്കാരുടെ അടുത്തും, പേഷ്കാർ ഏതെങ്കിലും ന്യായക്കേടു പ്രവർത്തിക്കുന്നു എങ്കിൽ ഡാൻറവന്യൂകമ്മീഷണരുടെ അടുത്തും പോയിവേണ്ട പരിഹാരം ഉണ്ടാക്കുന്നതിനുള്ള അവകാശം ജനങ്ങൾക്കുണ്ടായിരുന്നിട്ടും പലപ്പോഴും പ്രവൃത്തികാരന്മാർ തഹശീൽദാരുടെ അനുവാദംകൂടാതെ അക്രമമായി വസ്തുക്കളെ ജപ്തിചെയ്യുകയും തഹശീൽദാരന്മാരുടെ സഹായംകൊണ്ടു് അതിൽനിന്നു രക്ഷപ്പെടുകയും ചെയ്യുന്നുണ്ടു് ഈ ശ്രീപാദം ഉദ്യോഗസ്ഥന്മാരുടെ പ്രവൃത്തിയിന്മേൽ യാതൊരു അപ്പീലും ഇല്ല. കോടതിമാത്രമെ ഉള്ളു ഇങ്ങനെയിരിക്കുന്നസ്ഥിതിയ്ക്കു്—

ഡെപ്യൂട്ടിപ്രസിഡൻറ്: മി. രാമൻപിള്ള പറഞ്ഞതിൽനിന്നും ഞാൻ മനസ്സിലാക്കുന്നതു് ശ്രീപാദം ഉദ്യോഗസ്ഥന്മാക്കു് ഈ അധികാരം കൊടുത്താൽ തഹശീൽദാർ, പേഷ്കാർ റവന്യൂകമ്മീഷണർ ഇവരുടെ ശാസനകളെ അനുസരിച്ചു അവർ പ്രവർത്തിക്കുന്നതുപോലെ ആണെന്നാണ്. അങ്ങനെയുണ്ടാകുന്ന നടപടി.

മി. ആർ. രാമൻപിള്ള (കോട്ടയം): ഇതുവരെ യാതൊരു നിയമംകൊണ്ടും ശാസനകളിൽ ഉൾപ്പെട്ടു നടക്കുന്നില്ല.

ഡെപ്യൂട്ടിപ്രസിഡൻറ്: ഈ നിയമംകൊണ്ടു് അങ്ങനെ വരുത്താൻ ഉദ്ദേശിക്കുന്നുണ്ടു്.

മി. ആർ. രാമൻപിള്ള (കോട്ടയം); അങ്ങനെ വരുമോഎന്നു് എനിക്കു സംശയമാണു്. ഇങ്ങനെ മേലധികാരികൾക്കു് ഇവരെ ശിക്ഷിക്കുന്നതിനു് അധികാരം ഇല്ലാത്തകാലത്തോളം — മേലധികാരികൾക്കു് അതിലേക്കു പ്രത്യേക ഇല്ലാത്ത കാലത്തോളം — ശ്രീപാദം ഉദ്യോഗസ്ഥന്മാക്കു് ഈ അധികാരം കൊടുക്കുന്നതു നല്ലതല്ല. അതുകൊണ്ടു് മി. താണുപിള്ളയുടെ ഭേദഗതിയെ ഞാൻ അനുകൂലിക്കുന്നു.

മി: എ ജി. മേനോൻ (പറവൂർ): ഞാൻ മി. താണുപിള്ളയുടെ ഭേദഗതിയെ വേഗം കാര്യമാക്കാതെകൊണ്ടു് പിൻതാങ്ങുന്നു. എന്റെ അഭിപ്രായത്തിൽ, ഗവൺമെൻറുവക നികുതിയെ ഏതുപ്രകാരം ചുമത്തി പിരിവുനടത്തുന്നൊ ആ വക ചട്ടങ്ങളനുസരിച്ചുമാത്രമായിരിക്കുന്ന ഒരു വ്യക്തിക്കാ ഒരു സ്ഥാപനത്തിനോ, അവരുടെ കരംപിരിക്കുന്നതിൽ ഈ നിയമസഭ അവരെ സഹായിക്കുന്നതിനായി ഇനിയതു, എന്നാണ്. സത്യാവസ്ഥയിൽ, എനിക്കുള്ള അറിവ് ശ്രീപാദം വസ്തുക്കളെ സംബന്ധിച്ചു്, ശവണൻറു് അംഗീകരിച്ചിട്ടുള്ള നിരക്കിലല്ല അവർ കരം ചുമത്തീട്ടുള്ളതു എന്നാണ്.

ഡെപ്യൂട്ടിപ്രസിഡൻറ്: അതു സെറിൽമെൻറിൽ നിശ്ചയിക്കുന്ന പ്രകാരമല്ലെ?

മി: എ. ജി. മേനോൻ (പറവൂർ): അവർ തങ്ങൾക്കുതോന്നിയപോലെ പിരിക്കുന്നു. അതു സർക്കാർനിരക്കിലും കൂടുതലാണ്.

ഡെപ്യൂട്ടിപ്രസിഡൻറ്. സെറിൽമെൻറിൽ നിശ്ചയപ്പെടുത്തിയ നിരക്കിൽനിന്നു അതു വ്യത്യാസപ്പെട്ടതാണോ?

മി: എ. ജി. മേനോൻ (പറവൂർ): ഗവൺമെൻറിൽനിന്നുള്ള പറമ്പെല്ലു് ഉള്ളതെന്നു വിചാരിക്കാം. കൂടുതൽചുമത്തി ഇപ്പോഴും പിരിച്ചുവരുന്നു. അങ്ങനെയാണു് നടക്കുന്നതു്. അതു രണ്ടുതരത്തിൽ വ്യത്യാസപ്പെട്ടിരിക്കുന്നിടത്തോളംകാലം ഞാൻ ശ്രീപാദത്തിനോടായാ, എടപ്പള്ളി, പൂഞ്ഞാർ ഈ സ്ഥലങ്ങളെയൊ പ്രത്യേകമാക്കി പറയുന്നില്ല. ഗവണ്മെൻറിനിരക്കനുസരിക്കാത്ത ഒരു കൂട്ടർക്കും നാം സഹായമായി നിൽക്കരുതു്. നികുതിപിരിവിനെറ കാര്യത്തിൽ ഗവണ്മെൻറു് ചില ചട്ടങ്ങൾ നിർമ്മിയിച്ചിട്ടുണ്ടെന്നു ഞാൻ വിചാരിക്കുന്നു. അതു് എന്റെ അഭിപ്രായവുമാണ്. അതനുസരിച്ചും അവർക്കു പ്രവൃത്തിക്കേണ്ടതായിവരുമെന്നു ഞാൻ വിചാരിക്കുന്നു. അതിനാൽ മി. താണുപിള്ളയുടെ ഭേദഗതി വളരെ ശരിയായിട്ടുള്ളതാണ്.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): മി. താണുപിള്ള അവതരിപ്പിച്ച ഭേദഗതിയെ ഞാനും പിന്താങ്ങുന്നു. ഈ സഭ ഒരു പൊതുസ്ഥാപനമാണ്. ഇപ്പോൾ ഇതിന്റെ സഹായം ആവശ്യമുള്ളിരിക്കുന്ന ഒരു സാധാരണപൗരനുവേണ്ടി ഒരു നിയമം പാസ്സാക്കണമെന്നാണ്. തിരുവിതാംകൂർഗവണ്മെന്റിന്റെ ഒരു അംഗമോ ഭാഗമോ ആയ തിരുവിതാംകൂർ കൊട്ടാരത്തിന്റെ ഒരു ഭാഗമായ ശ്രീപാദം കൊട്ടാരത്തെ ഞാൻ വിചാരിക്കുന്നില്ല. അങ്ങനെ ആയിരുന്നെങ്കിൽ, അവരുടെ ഗുണത്തിനായി ഇങ്ങനെ ഒരു നിയമം പാസ്സാക്കണമെന്ന ആവശ്യപ്പെടുന്നതിൽ കുറെഅർത്ഥമുണ്ട്. ഇപ്പോൾ ശ്രീപാദംകൊട്ടാരംവക നികുതി ആ സ്ഥാപനത്തിന്റെ സ്വന്ത ആവശ്യത്തിനായി മാത്രം ഉപയോഗിക്കുന്നു. അവർ പിരിക്കുന്ന നികുതിയിൽ ഒരു കാശുപോലും നികുതി ഈടാക്കുന്ന ആ പകുതികളിലെ ജനങ്ങൾക്കായി ഉപയോഗിക്കുന്നില്ല. നേരെമറിച്ചു, അതുപോലുള്ള നികുതി ആയിരുന്നെങ്കിൽ അതു പല പകുതിയിലെ സാധുക്കൾക്കും ജനക്ഷേമങ്ങൾക്കുമായി ചിലവിടുമായിരുന്നു.

ഡെപ്യൂട്ടിപ്രസിഡന്റ്: പോകുന്ന ജന്മികുടിയാൻ ബില്ലിൽ, ജന്മിയുടെ മിച്ചവാരംഈടാക്കാൻ നികുതിപിരിവു റഗുലേഷൻ അനുസരിച്ചു നടപടിയെടുക്കാം നടത്താൻ നിങ്ങൾ ഗവണ്മെന്റിനെ അധികാരപ്പെടുത്തുന്നു. നിങ്ങളുടെ ഈ വാദംകൊണ്ടു അങ്ങനെ ചെയ്യാൻപാടുണ്ടോ?

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും). അതു ജന്മികളും കുടിയാന്മാരും തമ്മിലുള്ള ഒരു കാര്യമാണ്.

ഡെപ്യൂട്ടി പ്രസിഡന്റ്: അയിരത്തിയൊന്നു പണം പിരിക്കുന്നതു പൊതുകാര്യത്തിനു ഉപയോഗിക്കുന്നില്ല.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും- കുന്നത്തൂരും): എന്നാൽ കുടിയാന്മാരുടെ ഒഴിയാദുരിതാവസ്ഥയും മറ്റും കിട്ടുന്നുണ്ട്.

ഡെപ്യൂട്ടി പ്രസിഡന്റ്: അതായതു സ്ഥിരമായ അനുഭവാവകാശം

മി: എം. എസ്സ്. ഗോമേദരനാശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): എന്നാൽ, ജന്മിയുടെ കായ്സ്ഥനെ കരം പിരിക്കാൻ അധികാരങ്ങൾ കൊടുക്കുന്നതാണോ?

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): ഇല്ല, അതു ന്യായമാകുന്നതല്ല'

മി: എൽ. ആർ. രാജരാജവർമ്മ കോയിത്തമ്പുരാൻ (ചങ്ങനാശേരിയും-പീരുമേടും): ജന്മികുടിയാൻ റഗുലേഷൻ ഈ കൌൺസിലിൽ പാസ്സായിട്ടുണ്ടോ?

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): ശ്രീപാദംവക പാട്ടക്കാർ കുടിയന്മാർ സ്ഥിരമായി കൈവശം വച്ചുകൊണ്ടിരിക്കാമോയെന്നുള്ളതു ആ കൊട്ടാരത്തിലെ യുക്തംപോലെയാണ്. ഈ അവകാശം അവർക്കു ഏതു സമയത്തും കൊടുക്കാവുന്നതാണ്. ഇന്നു ഈ നിയമം പാസ്സാക്കിയാൽ നാളെ ഇടപ്പള്ളി, പൂഞ്ഞാർ രാജാക്കന്മാർ അപ്രകാരമുള്ള ഒരു നിയമം ആവശ്യപ്പെട്ടാൽ. ഈ തരത്തിലുള്ള നിയമം പാസ്സാക്കിയാൽ, മേലാൽ ചെയ്യേണ്ടതു എന്തെന്നു നമുക്കറിഞ്ഞുകൂടാതെ വരും. ഈ നിയമം നിയമസഭയുടെ ചുമതലകളിൽ ഒട്ടുംതന്നെ ചേർന്നതല്ല, എനിക്കു പറയാനുള്ള മറ്റൊരു വാദം ശ്രീപാദം ഒരു രാജസ്ഥാനമല്ലെന്നാണ്. രാജസ്ഥാനങ്ങളും തത്തുല്യങ്ങളായ സ്ഥാപനങ്ങളും സംബന്ധിച്ചു മാത്രമെ ഭരണകാര്യത്തിനു നിയമം ആവശ്യപ്പെടാൻ പാടുള്ളൂ. ഇതു ഒരു രാജസ്ഥാനമല്ലാത്ത സ്ഥിതിക്കു ഒരു സ്വകാര്യസംഘത്തിനോ അല്ലെങ്കിൽ ഒരു വ്യക്തിയോടു ഇച്ഛയായി വരുന്ന കീഴിലോ വേണ്ടി, നിയമസഭ നിയമം പാസ്സാക്കണമെന്നു ആവശ്യപ്പെടാൻ പാടില്ല.

പിന്നീടു വേറൊരു കാരണംകൂടിയുണ്ട്. ഈ ഉദ്യോഗസ്ഥന്മാർക്കു, നാം ചില അധികാരങ്ങൾ കൊടുക്കുന്നു. ഈ അധികാരങ്ങൾ അവർ ഉപയോഗംചെയ്യാൽ, അവരിൽ മുകളിലായി അവരോടു ചോദ്യം ചെയ്യാൻ വേറെ ആരും ഇല്ല.

ഡെപ്യൂട്ടി പ്രസിഡന്റ്: അങ്ങനെ പറയുന്നതു എന്തുകൊണ്ടാണ്?

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും). മറ്റു ഡിപ്പാർട്ടുമെന്റിൽ തഹശീൽദാരന്മാരും ഉയർന്ന ഉദ്യോഗസ്ഥന്മാരും ഉണ്ട്, അവർ ഫോറുകംചെയ്യാൽ, കാര്യം ശരിക്കു കൊണ്ടുവരാൻ അവരുടെ സഹായം ചോദിക്കാം. എന്നാൽ ശ്രീപാദം സംബന്ധിച്ചു, കാര്യം വെറെയാണ്.

ഡപ്യൂട്ടി പ്രസിഡന്റ്: തഹശീൽദാന്മാരോടു സമാധാനം ചോദിക്കുന്നതുപോലെ ഇവിടെയും അപ്രകാരം പാടുള്ളതാണ്.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): ഡിപ്പാർട്ടുമെന്റുകളെ തഹശീൽദാരന്മാരെ സംബന്ധിച്ചടത്തോളം അവരോടു ചോദിക്കാൻ ഒരു മേലാവു കാണും. ശ്രീപാദം സിൽബന്ധികളെ സംബന്ധിച്ചു, സങ്കടക്കാരുടെ സങ്കടം തീർക്കാൻ നിയമമൊന്നുമായില്ല.

ഡപ്യൂട്ടി പ്രസിഡന്റ്: ഉണ്ട്.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): കുടിയാന്മാർ അധികം സങ്കടത്തിലാകും.

ഡപ്യൂട്ടി പ്രസിഡന്റ്: ശ്രീപാദം സിൽബന്ധികളെ സംബന്ധിച്ചും അവർ ചട്ടങ്ങളും അനുസരിച്ചു പ്രവൃത്തിക്കണം.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): എങ്കിലും അന്യായമായി പ്രവൃത്തിച്ചാൽ നമുക്കു അവരെ നിയന്ത്രിക്കാൻ തരമില്ല.

ഡപ്യൂട്ടി പ്രസിഡന്റ്: ഇപ്പോഴത്തെ നിയമംകൊണ്ടു അവർ അതിനു വശപ്പെട്ടവരാണ്.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): എന്നാൽ അവരുടെ പേരിലും ഉയർന്ന ഉദ്യോഗസ്ഥന്മാരുടെ പേരിലും സങ്കടം കൊടുക്കുന്നതിനു സൗകര്യമില്ല.

ഡപ്യൂട്ടി പ്രസിഡന്റ്: 'ഉയർന്ന ഉദ്യോഗസ്ഥന്മാർ' എന്നുവച്ചാൽ ആരെ ആണു ഉദ്ദേശിക്കുന്നതു?

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): ഉയർന്നതരം ഉദ്യോഗസ്ഥന്മാർ എന്നുവച്ചാൽ ദിവാൻപേഷ്കാരന്മാരും, ലാൻറ റവന്യൂ കമ്മീഷണരും.

ഡപ്യൂട്ടി പ്രസിഡന്റ്: നിങ്ങളുടെ പ്രസംഗത്തിന്റെ ഇടയ്ക്കു ഞാൻ ഉപദ്രവിക്കണമെന്നു വിചാരിക്കുന്നില്ല. കാര്യം ശരിയായി ഗ്രഹിച്ചില്ലെന്നു എനിക്കു പറയേണ്ടിയിരിക്കുന്നു. ചില ഉദ്യോഗസ്ഥന്മാർക്കു കൂടെ

അധികാരങ്ങൾ നൽകുന്ന എന്നതു മുഴുവൻ നിയമങ്ങൾക്കും അധീനപ്പെടാത്തതോ നിയന്ത്രിക്കാൻ വഹിയാത്തതോ ആയ ഒരു കൂട്ടം ഉദ്യോഗസ്ഥന്മാരെ ഈ ബില്ലുകൊണ്ടു സൃഷ്ടിക്കുന്നില്ല. നമ്മുടെ ദിവാൻപേഷ്കാരന്മാരാകട്ടെ, നമ്മുടെ ലാൻറ് റവന്യൂ കമ്മീഷണർക്കും നമ്മുടെ ഗവണ്മെൻറിനും ഇപ്പോൾ ഉള്ളതുപോലെയുള്ള അധികാരങ്ങൾ അപ്പോഴും ഉള്ളതാണ്.

മി: കെ പി. നീലകണ്ഠപിള്ള (ചിറയിൻകീഴ്): ശ്രീപാലം കൊട്ടാരത്തിനു ലാൻറ് റവന്യൂ കമ്മീഷണരുടെ കീഴിൽ അല്ലാത്തതുകൊണ്ടു ലാൻറ് റവന്യൂ കമ്മീഷണർക്ക് അധികാരമില്ല.

ഡെപ്യൂട്ടി പ്രസിഡൻറ്: ശ്രീപാലം കൊട്ടാരത്തിനു മുഴുവൻ അധികാരം കൊടുക്കുന്നതിനു സാധിക്കുകയില്ല. അതു ചെയ്യേണ്ടതു ഗവണ്മെൻറിൽനിന്നാണ്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): നിയമംകൊണ്ടു അപ്പീലോ പരിശോധനയോ ലാൻറ് റവന്യൂ കമ്മീഷണർക്കോ ഗവണ്മെൻറിനോ കൊടുക്കാൻ സാധിക്കുന്നതല്ല. അവർക്ക് അതിൽ ഇടപെടുവാൻ വഹിയാ.

ഡെപ്യൂട്ടി പ്രസിഡൻറ്: ഗവണ്മെൻറു അധികാരപ്പെടുത്തുന്ന ഈ തഹശീൽദാരന്മാരുടെ പ്രവൃത്തികളും, മറ്റു കോടുകളിലേതുപോലെതന്നെ, ലാൻറ്റവന്യൂ കമ്മീഷണരുടേയും ദിവാൻ പേഷ്കാരന്മാരുടേയും അപ്പീൽ, പരിശോധന ഈ അധികാരത്തിനു കീഴ്പ്പെട്ടാണ ഇരിക്കുന്നതു്. പക്ഷെ അവരെ ഡിസ്മിസ് ചെയ്യാനോ സ്വസ്ഥപ്പെടുത്തുവാനോ സാധിക്കയില്ലായിരിക്കും. എന്നാൽ അപ്പീൽ, പരിശോധന ഈ അധികാരം സംബന്ധിച്ചിടത്തോളംമിവാൻ പേഷ്കാരന്മാരുടെ ലാൻറ് റവന്യൂ കമ്മീഷണരുടെ പഴയ സ്ഥിതിയിൽപോലെ തന്നെയാണ്. എന്നാൽ മറ്റു കാരണങ്ങൾ പറഞ്ഞു് അധികാരം കൊടുക്കുന്നതു തെറ്റാണെന്നു പറയാം. ഞാൻ പറയുന്നതു കൗൺസിലിനു വ്യവസ്ഥകളെ മനസ്സിലാക്കാതെ പറയുന്നതെന്നാണ്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ആ കാര്യം വിശദപ്പെടുത്തിയാൽ കൊള്ളാം. എനിക്കു അറിഞ്ഞേടത്തോളം സ്ഥാവരസ്വത്തു മുഴുവനും ശ്രീപാലം മാനേജരുടെ ചുമതലയിലാക്കിയാൽ ഇപ്പോഴത്തെ നിയമപ്രകാരം ലാൻറ് റവന്യൂ കമ്മീഷണർക്ക് അതിനുമേൽ അപ്പീൽ കേൾക്കാമെന്നുണ്ടോ?

ഡെപ്യൂട്ടി പ്രസിഡൻറ്: ശ്രീപാലം മാനേജർക്കു വസ്തുവിച്ചാൻ അധികാരമില്ലല്ലോ.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ശ്രീപാലം മാനേജർക്കു അധികാരം ഗവണ്മെൻറിൽനിന്നു കൊടുക്കുമ്പോൾ, പേഷ്കാരോടു ചോദിക്കാതെ അയാൾക്കു അപ്രകാരം ചെയ്യാമെല്ലോ.

ഡെപ്യൂട്ടി പ്രസിഡൻറ്: അതു ശരിതന്നെ.

മി: പി. എസ്സ്. മഹമ്മദ് (നിയമിക്കപ്പെട്ടമെമ്പർ): സർ, മി. താണുപിള്ളയുടെ ഭേദഗതിയിൽ നിന്നു ഒരു സംശയമുണ്ടു് മനസ്സിലാക്കാൻ സാധിക്കുന്നുണ്ട്. അതായതു് പബ്ലിക്ക് റവന്യൂ പിരിക്കുന്ന എല്ലാ കാര്യങ്ങൾക്കും ഈ അധികാരം നൽകാമെന്നാണ്. എന്നാൽ ശ്രീപാലം ഉദ്യോഗസ്ഥന്മാർക്ക് ശ്രീപാലംവകയായ പബ്ലിക്കു റവന്യൂ പിരിക്കുന്ന സംഗതിയിൽ ഈ അധികാരം കൊടുക്കാൻ പാടില്ലെന്നും പറയുന്നുണ്ടു്. അതിലേക്ക അദ്ദേഹം പറയുന്ന ന്യായാനുസാരം ശ്രീപാലം ഉദ്യോഗസ്ഥന്മാർ ഈ അധികാരം വഹിക്കുന്നതിനു തക്ക യോഗ്യതയുള്ളവരല്ലായിരിക്കുമെന്നാണ്. ഈ അധികാരം നൽകുന്നതു് ഗവണ്മെൻറാണ് എന്നുള്ളതിൽ യാതൊരു സംശയവുമില്ല. ആ സ്ഥിതിക്കു യോഗ്യന്മാരെന്നാക്കി അധികാരം നൽകേണ്ടുള്ള ചുമതല ഗവണ്മെൻറിന് ഉണ്ടായിരിക്കുന്നതാണ്. ഗവണ്മെൻറ് അങ്ങനെ ചെയ്യാതെയിരുന്നാൽ ഗവണ്മെൻറിനോടു് അതിനെപ്പറ്റി ചോദിക്കാനുള്ള അധികാരം ഈ സഭയ്ക്കുണ്ട്.

മി: എ. എസ്സ്. മൊഹൊമെദനാശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): അധികാരം കൊടുക്കുന്നതു് ഒരു പ്രത്യേക വ്യക്തിയെക്കുറിച്ചോ അതല്ല ഒരു സ്ഥാനത്തിനോ അതായതു ശ്രീപാലത്തു ഇതു സ്ഥാനമുണ്ടെന്നു നിശ്ചയിച്ചു ആ സ്ഥാനത്തിനു കൊടുക്കണമോ അതല്ല ഇന്ന സ്ഥലത്തെ അധികാരി എന്നുനോക്കി ആ ആളിനു കൊടുക്കണമോ എന്താണു വേണ്ടതു?

മി: പി. എസ്സ്. മഹമ്മദ് (നിയമിക്കപ്പെട്ടമെമ്പർ): രണ്ടു പ്രകാരത്തിലും ചെയ്യുവാൻ ഗവണ്മെൻറിനു അധികാരമുണ്ടു്.

മി: എ. എസ്സ്. മൊഹൊമെദനാശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): ഒരു സ്ഥാനത്തിനു ഈ അധികാരം കൊടുത്താൽ ആ സ്ഥാനത്തിനു ഇന്നയിന്ന യോഗ്യതകൾ ഉണ്ടായിരിക്കണമെന്നും നിർബന്ധം വേണ്ടേ?

മി: പി. എസ്സ്. മഹമ്മദ് (നിയമിക്കപ്പെട്ടമെമ്പർ): ഒരു സ്ഥാനത്തിനായിട്ടു ഗവണ്മെൻറിൽ നിന്നു അധികാരം കൊടുക്കുകയില്ല. ശ്രീപാലം സംബന്ധിച്ചു പറയുകയാണെങ്കിൽ ഏതെങ്കിലും ഒരു ഉദ്യോഗസ്ഥനു ഈ അധികാരം കൊടുത്താൽ അയാൾ ഈ ഉദ്ദേശയോഗപ്പെടുത്തുന്നപക്ഷം തിരിയ്ക്കുവാനുള്ള അധികാരവും ഗവണ്മെൻറിനുണ്ടു്.

മി: ആർ. രാമൻപിള്ള (കോട്ടയം): ഇങ്ങനെ ഒരു നിയമം പാസായി കഴിഞ്ഞാൽ ഈ അധികാരം ഗവണ്മെൻറിൽ നിന്നും പ്രത്യേകം എഴുതികൊടുക്കേണ്ട ആവശ്യമുണ്ടോ?

മി: പി. എസ്സ് മഹമ്മദ് (നിയമിക്കപ്പെട്ടമെമ്പർ): അധികാരം കൊടുക്കുന്ന വിഷയത്തിൽ ഗവണ്മെൻറിൽനിന്നും അധികാരപ്പെടുത്തുകതന്നെ വേണം. മജിസ്ട്രേട്ടിനും മറ്റും ഒരു അധികാരം കൊടുക്കുന്നതു പ്രത്യേകം എഴുതി അധികാരപ്പെടുത്തിയിട്ടാണല്ലോ.

ഏതായാലും ഈ അധികാരം മറ്റുള്ള എല്ലാ സ്ഥാപനങ്ങൾക്കും കൊടുക്കുന്നതിൽ തടസ്ഥമില്ലാതെയിരിക്കേ ശ്രീപാലം ഉദ്യോഗസ്ഥന്മാർക്ക് കൊടുക്കുന്നതിൽ മാത്രം തടസ്ഥം പറയുന്നതു് ശരിയല്ല.

മി: എ. എസ്സ്. മൊഹൊമെദനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): മറ്റേതെല്ലാം സ്ഥാപനങ്ങൾക്കാണ് ഈ അധികാരം കൊടുക്കാമെന്നു പറഞ്ഞിട്ടുള്ളതു്?

മി: പി. എസ്സ്. മഹമ്മദ് (നിയമിക്കപ്പെട്ടമെമ്പർ): പബ്ലിക്ക് റവന്യൂ എവിടെയെല്ലാം ഉണ്ടോ അവിടെയെല്ലാം ഈ അധികാരം കൊടുക്കാമെന്നു പറഞ്ഞിട്ടുണ്ടു്.

മി: ആർ. രാമൻപിള്ള (കോട്ടയം): ദേവസ്വം അധികാരികൾക്കു കൊടുക്കാമോ?

മി: പി. എസ്സ്. മഹമ്മദ് (നിയമിക്കപ്പെട്ടമെമ്പർ): എല്ലാവർക്കും കൊടുക്കാം.

മി: എ. ജി. മേനോൻ (പറവൂർ): ശ്രീപാദം റവന്യൂ പബ്ലിക്ക് റവന്യൂവാണോ?

മി: പി. എസ്. മഹമ്മദ് (തിയമിക്കപ്പെട്ടമെമ്പർ): എന്തിനാ പറയുന്നതെന്നു മനസ്സിലായില്ല. ഞാൻ പറയട്ടെ.

പബ്ലിക്ക് റവന്യൂ എവിടെയെല്ലാമുണ്ടോ അവിടെയുള്ള ഉദ്യോഗസ്ഥന്മാർക്ക് ഈ അധികാരം കൊടുക്കാനാണ് ശ്രീപാദം റവന്യൂ പിന്നെ സംബന്ധിച്ചു പറയുന്നത്. ഈ അധികാരം കൊടുക്കാൻ പാടില്ലെന്നും പറയുന്നില്ല. ശ്രീപാദം റവന്യൂ പിരിയുമ്പോഴേയ്ക്കിടക്കുന്നതെന്നു മാത്രമേ മനസ്സിലായിട്ടുള്ളൂ. ഈ കൊൺസിഡിനു ഉണ്ടോ എന്നു ചിന്തിപ്പാകണം. നമുക്ക് കൂടുതൽ അധികാരവും കൂടുതൽ അവകാശവും വേണമെന്നു വിചാരിക്കുന്ന ഈ സന്ദർഭത്തിൽ മറ്റൊരാളിൽനിന്ന് ഇതിക്കുന്നതും എന്നാൽ വലിയ സ്ഥാനത്തു ഇരിക്കുന്നതുമായ ഒരു സ്ഥാപനത്തോടു പ്രത്യേകത നമുക്ക് ഉണ്ട് എന്നതിൽ യാതൊരഭിപ്രായവ്യത്യാസവുണ്ടാവുകയില്ല. നമുക്ക് നൽകിയിട്ടുള്ള അധികാരം ഭാവിയിലുപയോഗപ്പെടുത്തുന്നതിൽ ഉപേക്ഷ വരുത്തുന്നുവെന്നു കാണിച്ചുകൊടുക്കണം. അതുകൊണ്ടു ഈ അധികാരം അവർക്കു കൊടുക്കേണ്ടതാണെന്ന് നമുക്കു നിയന്ത്രണം ഇല്ലാത്തതും പല സംഗതികളിലും അധികാരം കൊടുത്തിട്ടുണ്ട്. ഉദാഹരണമായി പോർട്ട് ഓഫീസറെന്നു എടുക്കാം. പോർട്ടാഫീസർക്ക് എന്തു അന്യായവും ചെയ്യുവാൻ നാം അനുവദിച്ചു കൊടുക്കുന്നു. നമുക്ക് നിയന്ത്രണമായികാരം ഇല്ല.

ഡെപ്യൂട്ടി പ്രസിഡണ്ട്: മി. മഹമ്മദേ ഈ വാദപ്രതിവാദത്തിൽ ഈ സംഗതി യേജിക്കുന്നതല്ല.

മി: പി. എസ്. മഹമ്മദ് (നിയമിക്കപ്പെട്ടമെമ്പർ): ഞാൻ ഒരു ഉദാഹരണം പറഞ്ഞു എന്നേയുള്ളൂ. ഈ രീതിയിൽ നോക്കിയാൽ ഇങ്ങിനെയുള്ള ചില തടസ്ഥങ്ങൾ എല്ലാ സ്ഥലത്തും ഉണ്ട്. അതിനാൽ ഒരു ക്ലർക്കു മാത്രം അധികാരം കൊടുപ്പാൻ പാടില്ല എന്നുള്ള മി. താന്നപിള്ളയുടെ അഭിപ്രായത്തെ ഞാൻ എതിർക്കുന്നു.

മി: ടി. സി. കേശവപിള്ള (കൽക്കുളവും-വിളവങ്കോടും). കരം പിരിവു റഗുലേഷൻ തിരുവിതാംകൂർ നിലെ സ്ഥാവരജംഗമവസ്തുക്കളുടെയായി ഇടകലർന്നു നോന്നു. അപ്രകാരമുള്ള വസ്തുക്കൾ ഏതുമാതമോ മറ്റൊരു അതായതു തിരുവിതാംകൂർ ഗവൺമെന്റിൽ നിന്നിട്ടിരിക്കുന്ന ചട്ടങ്ങളുടെ പരിധിയിൽ ഉൾപ്പെട്ടിരിക്കുന്ന ഭൂമികളോ, അല്ലെങ്കിൽ ജന്മമായമാത്രമുള്ളതോ, അല്ലാത്തപക്ഷം മൺസിപ്പാലിറ്റി അതുത്തിക്കുള്ളിലുള്ള സ്ഥാവരജംഗമവസ്തുക്കളോ, അല്ലാത്തപക്ഷം വില്ലേജ് പഞ്ചായത്തുകളോ അതുപോലെയുള്ള പ്രത്യേക അതുത്തിക്കുള്ളിലുള്ള സ്ഥാവരജംഗമവസ്തുക്കളോ, ഈ റഗുലേഷനായി കെട്ടിപ്പെടുന്നതാണ്. എന്നാൽ ആ അതുത്തിക്കുള്ളിലുള്ള ആളുകൾ ഈ റഗുലേഷനുകൾ കെട്ടിപ്പെടുന്നില്ല. അതായതു മുളകുള്ള ലൈസ്റ്റ് ചെയ്യുന്നതും മറ്റും അധികാരമില്ല. അങ്ങിനെയിരിക്കെ ശ്രീപാദം വസ്തുക്കൾ എന്നു പറയുന്നതു പഞ്ചായത്ത് സഹായസംഘത്തിൽ ഉൾപ്പെട്ടതാണെങ്കിലും അതുത്തിക്കു പോകയോ, അല്ലെങ്കിൽ മറ്റൊരു, മാസ്ക്(മദ്രാജീയ പള്ളിക്കൂടം) മുതലായ സ്ഥാപനങ്ങളിൽ ഉൾപ്പെട്ട വസ്തുക്കൾ പോകയോ അല്ലാതെ മറ്റു പ്രകാരത്തിൽ വിചാരിക്കുവാൻ നിവർത്തിയില്ല.

മി: പി. എസ്. മഹമ്മദ് (നിയമിക്കപ്പെട്ടമെമ്പർ): മാസ്ക് എന്ന മെമ്പർ പറഞ്ഞതു പബ്ലിക് ഫണ്ടാണോ?

മി ടി. സി. കേശവപിള്ള (കൽക്കുളവും-വിളവങ്കോടും): നിങ്ങൾ അതിനെ അംഗീകരിക്കയാണെങ്കിൽ അതിനെ ഞാനും സമ്മതിക്കുന്നു. ശ്രീപാദം വസ്തുക്കളിലെ ഉദ്യോഗസ്ഥന്മാർക്ക് കൂടുതൽ അധികാരം കൊടുക്കണമെന്നു പറയുകയും അതു സമ്മതിക്കുകയും ചെയ്താൽ നാലഞ്ചു കൊല്ലം കഴിയുമ്പോൾ വഞ്ചിപ്പുഴ ചീഫിന്റെ അധീനത്തിൽ ഇരിക്കുന്ന വസ്തുക്കളേയോ മറ്റേതെങ്കിലും മഠംവക വസ്തുക്കളേയോ കൂടി ഈ റഗുലേഷനിൽ കൊണ്ടുപോകുന്നതായ ഒരഭിപ്രായം ഈ കൊൺസിലിൽ വരാൻ ഇടയുണ്ട്. യഥാർത്ഥത്തിൽ ചട്ടം ഉണ്ടാക്കുന്ന ആളുകളാണ് നാം എന്നു വിചാരിക്കുന്നപക്ഷം ഇതിനെ അനുകൂലിക്കാൻ യാതൊരു ന്യായവും കാണുന്നില്ല. ഉപഭോക്താക്കൾ, റവന്യൂ കമ്മിഷണർ, മെമ്പർമാർ, പബ്ലിക്കുകാർ ഇവർ ചെയ്യുന്ന അതാവശ്യങ്ങളെ ചൂണ്ടിക്കാണിക്കുന്നതിനും അതിലേയ്ക്കു വേണ്ട പരിഹാരം ഉണ്ടാക്കുന്നതിനും ഒരു പരിഷ്കാരം സാധിച്ചേക്കാം. എന്നാൽ ശ്രീപാദം വസ്തുക്കളുടെ അകത്തു കടന്നു മരുമുതിച്ചു എന്നു പറഞ്ഞു ഒരു ഗോവിന്ദപ്പിള്ളയുടെയോ അല്ലെങ്കിൽ ഒരു മാതൃവിദേറെയോ പക്കൽനിന്നും നൂറിണൽപുരുപോ ഈടാക്കുന്നതെന്നു ശ്രീപാദം കാര്യസ്ഥൻ തീർച്ചചെയ്യുന്നതനുസരിച്ചു അധികാരത്തിനടുത്തു നടപടിപോലെ വസ്തുക്കൾ തിരിച്ചെടുക്കുകയോ പോകുന്നതിന് അനുവദിക്കുന്നതു ശരിയും ശരിയല്ല.

ഡെപ്യൂട്ടി പ്രസിഡണ്ട്. ഇതിൽ അങ്ങനെ ചെയ്യുവാൻ ഉദ്ദേശിച്ചിട്ടുണ്ടോ?

മി. ടി. സി. കേശവപിള്ള (കൽക്കുളവും-വിളവങ്കോടും). അങ്ങിനെയില്ലെങ്കിലും അതുതരത്തിലുള്ള വകുപ്പുകൾ ഉണ്ടാക്കണമെന്നാണ്. ശ്രീപാദം വസ്തുക്കൾക്കും താലൂക്കിലും ഉണ്ട്. മി. പി. എസ്. മഹമ്മദ് പറഞ്ഞതുപോലെ ഇപ്പോൾ ശ്രീപാദം വസ്തുക്കൾ ഉൾപ്പെട്ടതാണെങ്കിലും, നാളെ വേണ്ട എന്നു പറഞ്ഞതായ പ്രത്യേകകാരണങ്ങൾ നിമിത്തം ഒഴിവുള്ളതാകുന്നതാണ്. അതിനാൽ ചെയ്യുന്ന കാര്യങ്ങളെല്ലാം ന്യായമായിട്ടാണെന്നിരിക്കണം. ഇവിടെ എന്റെ സ്നേഹിതന്മാർ പറഞ്ഞിട്ടുള്ള ശക്തിമത്തായ അഭിപ്രായങ്ങളോടു ഞാൻ യോജിക്കുന്നു.

മി: എ. എസ്. മോമേദീൻകുഞ്ഞ് (മാവേലിക്കരയും-കാഞ്ഞിപ്പുഴയും): സർ, ഞാൻ ഭേദഗതിയെ പിൻതാങ്ങിയതുകൊണ്ടു കാരണം ഇപ്പോൾ പറയാൻ സമ്മതിക്കണം. പ്രസംഗം കൂടാതെയാണ് ഞാൻ പിൻതാങ്ങിയതു. വളരെ പുരപ്പെട്ടുവിച്ചു അതിനെ പിൻതാങ്ങുന്നതിനു സമ്മതം തരുന്നതുകൊണ്ടു ഞാൻ അപേക്ഷിക്കുന്നു.

ഡെപ്യൂട്ടിപ്രസിഡൻ്റ്: ഒരു പ്രത്യേക സംഗതിയായി ഞാൻ സമ്മതം തരുന്നു. എന്നാൽ അതിനെ കീഴ്നടപ്പായി കണക്കിലാക്കുവാൻ പാടില്ല.

മി: എ. എസ്. മോമേദീൻകുഞ്ഞാൻ (മാവേലിക്കരയും-കാഞ്ഞിപ്പുഴയും): സർ, ഗവൺമെന്റ് തെക്കേടം കൊടുത്ത ഒരു എന്ന നിലയിൽ തങ്ങളുടെ എഞ്ചിനീയർമാർ മുഖേന സ്കീം ഉണ്ടാക്കിനടക്കി കരം ഈടാക്കുന്നതിനാണ്, കരം പിരിവും റഗുലേഷൻ അധികാരം കൊടുക്കുന്നു. അന്നായത്തും കായ്ക്കുമായേടുള്ളിടത്തോളം നടത്തിപ്പോരുന്നതിനായണ ഈ അസാധാരണമായ അധികാരങ്ങൾ നിന്നു കൊടുത്തിട്ടുള്ളതു. ഈ സമയത്തിനുള്ളിൽ കരം നികുതിപിരിക്കാൻ അധികാരപ്പെടുത്തിയ എഞ്ചിനീയർമാർ തെറ്റായിപ്രവൃത്തിക്കുന്നു എങ്കിൽ ഗവൺമെന്റിനു ആ

ഉദ്യോഗസ്ഥന്മാരെ തിരഞ്ഞെടുക്കാനും ഈ സഭയ്ക്കു് ആ ഏജൻസിമാരുടേയോ സർവ്വണ്ടിന്റെയോ പ്രവൃത്തിയെപ്പറ്റി ചോദ്യം ചെയ്യാനും അധികാരമുള്ളതുകൊണ്ടു്. അതിൽ നിന്നും മനസ്സിലാക്കേണ്ടതു് ഈ സമയത്തു് അധികാരം പ്രയോഗം ചെയ്തിട്ടുള്ളതു്, ശരിയായ രീതിയിലും വ്യത്യസ്തമായ സംഗതികളിൽ ഒരുപോലെയാക്കിയും ഒരു ഓഫീസിയിസ്ഥാപിക്കപ്പെട്ട ഗവർണ്ണർക്കാണ്. സാധാരണ ജനങ്ങൾ നിയമിച്ചിട്ടുള്ള കുറെ ഏജൻസിമാർക്കു് ആ അധികാരങ്ങൾ ഏല്പിച്ചുകൊടുക്കുന്നതുകൊണ്ടു് ആ അധികാരങ്ങൾ ആരുടെമേൽ പ്രയോഗിക്കുന്നുവോ അവർക്കു് വലിയ സങ്കടത്തിനിടവരാൻ ന്യായമുണ്ടു്. എന്റെ സുഹൃത്തുക്കൾ ചിലർ പറഞ്ഞതുപോലെ ഈ പ്രീപാർട്ടി ഉദ്യോഗസ്ഥന്മാരെ നിയമിക്കുന്നതു് ഒരു സാധാരണ വ്യക്തിയാണു്. ഈ അധികാരങ്ങൾ ഏൽപ്പിച്ചുകൊടുക്കുന്ന ഉദ്യോഗസ്ഥന്മാർക്കു് ഇന്ന തരം മര്യാദയുണ്ടായിരിക്കണമെന്നു വ്യവസ്ഥപ്പെടുത്തിയിട്ടില്ല. ഒരു നിയമം പാസാക്കുന്ന നിയമസഭ പാസ്സാക്കപ്പെടുന്ന നിയമംകൊണ്ടുള്ള അധികാരങ്ങൾ ഉപയോഗപ്പെടുത്താൻ ഇടവരാതെ എപ്പോഴും സൂക്ഷിക്കേണ്ടതാണു്. ഇപ്പോൾ പ്രസ്താവിച്ചുപോലെ ഈ സംഗതിയിൽ ഉദ്യോഗസ്ഥന്മാർക്കുണ്ടായിരിക്കേണ്ട യോഗ്യതയെന്തെന്നു് ഞാൻ പറഞ്ഞിട്ടില്ല. എന്നാൽ ഈ ഉദ്യോഗസ്ഥന്മാരുടെ മേൽ, മേൽനോട്ടാധികാരമില്ല. ഈ പ്രത്യേക ഉദ്യോഗസ്ഥന്മാരുടെ നടത്തയെപ്പറ്റി ഈ കൌൺസിലിനു ചോദ്യം ചെയ്യാൻ അധികാരമുണ്ടു്. അധികാരം ദുരുപയോഗം ചെയ്യുന്ന ഉദ്യോഗസ്ഥന്മാർക്കു് ആ അധികാരം കൊടുത്തതായ ഗവർണ്ണർക്കെപ്പറ്റി ഈ കൌൺസിലിനു് കുറെ പരാതികളുണ്ടെന്നു ഞാൻ വിചാരിക്കുന്നു. എന്നാൽ ആ ഉദ്യോഗസ്ഥന്മാരെപ്പറ്റിയുള്ള കുഴപ്പങ്ങൾക്കു ഇതു മതിയായ അധികാരമല്ല. എന്റെ സ്നേഹിതൻ മിസ്റ്റർ പി. എസ്സ്. മഹമ്മദ് നാം മുൻസിപ്പൽ കൌൺസിലിലെ സിൽവന്തികൾക്കു ഈ അധികാരം കൊടുത്തുകഴിഞ്ഞുവെന്നല്ലോ എന്നു പറകയുണ്ടായി. ആ സിൽവന്തികൾ എന്താണു ചെയ്യുന്നതു് സംബന്ധപ്പെട്ട നിയോജക മണ്ഡലങ്ങളുടെ ഗുണത്തിനായിട്ടുള്ള മനിസിപ്പാലിറ്റിക്കു ചെലവുണ്ടാക്കുന്നു. അപ്പോൾ പരിശുദ്ധക്കണക്കുണ്ടാക്കുന്നതിനു മുനിസിപ്പാലിറ്റിക്കു പണം ചിലവുചെയ്യുന്നവരുടെ ഗുണത്തിനായി ചെലവുകാണും. പ്രീപാർട്ടി കൊടുക്കുന്നതുപോലെ തന്നെ സംബന്ധിച്ചുകൊണ്ടും ഇതു പോലെതന്നെയാണെന്നു? അതുണ്ടു പ്രത്യേകം ഏജൻസിയെന്നുള്ള ഫീൽഡിൽ, ഒരു കൂട്ടർക്കു മറ്റൊരുകൂട്ടരുടെ പേരിൽ നടപടിനടത്താൻ നാം അധികാരം കൊടുക്കുകയാണു. അതു ശരിയാണെന്നു? ഈ കൌൺസിലിനു ഈ അസാധാരണ നടപടിക്കുള്ള അധികാരം കൊടുക്കുന്നതിനെ അനുകൂലിക്കുന്നതാണു്? കാരണം ശരിയായി വിഭാവനചെയ്യപ്പെട്ടതായിട്ടില്ല. മാമെന്നാൽ തിന്നാൽ വരുമെന്നതിനെ മാരോഗമുണ്ടെങ്കിലും മെമ്പറിൽ നിന്നോ ഗവർണ്ണർ, ഈ അധികാരം സ്ത്രീപാർട്ടി സിൽവന്തികൾക്കു കൊടുക്കാൻ ഗവർണ്ണർക്കിതു പ്രേരിപ്പിച്ചുകാരണം എന്താണെന്നു എനിക്കറിയാൻ ആഗ്രഹമുണ്ടു്. അതിനെ വ്യക്തപ്പെടുത്തിയിട്ടില്ല. ഒരു നിയമം ഉണ്ടാക്കുമ്പോൾ അതിനാവശ്യവും അടിയന്തിരവും എന്താണെന്നറിയണം. ഒന്നും പ്രസ്താവിച്ചുകാണുന്നില്ല. ഗവർണ്ണർക്കു, തന്റെ ഈ അധികാരം അദ്ദേഹത്തിനു കൊടുക്കണം, എന്നുമാത്രമാണു പറയുന്നതു്. സർ, എടപ്പള്ളിരാജാവിന്റെ ചില ഉദ്യോഗസ്ഥന്മാർക്കു് ഈ അധികാരം കൊടുത്തിട്ടുണ്ടെന്നു പറഞ്ഞുവല്ലോ. എടപ്പള്ളിതമ്പുരാൻ നിയമിച്ചിട്ടുള്ള ചില ഉദ്യോഗസ്ഥന്മാർക്കും പാവപ്പെട്ടവർക്കുവേണ്ടി ഈ അധികാരം കൊടുത്തിട്ടുണ്ടു്.

ഡപ്യൂട്ടിപ്രസിഡണ്ടു്: അങ്ങനെ ഉണ്ടോ?

മി: എ. എസ്സ്. ഗോപാലൻ ആശാൻ (മാവേലിക്കരയും-കായംകുളവും): എടപ്പള്ളിതമ്പുരാൻ നിയമിച്ച കല്ലുപ്പാപ്രവൃത്തിക്കാർ ഈ അധികാരങ്ങൾ ഉപയോഗിക്കുന്നു.

മി. കണ്ണാടപറമ്പേടത്തുപിള്ള (അഡീഷണൽ ഹെഡ്സ്ക്രട്ടർ പക്കൽ) എനിക്കറിഞ്ഞുകൂടാ.

മി. എ. എസ്സ്. ഗോപാലൻ ആശാൻ (മാവേലിക്കരയും-കായംകുളവും): എനിക്കറിയാം. പ്രത്യേകന്മാർ ഈ അധികാരങ്ങൾ ഉപയോഗിക്കുന്നതിനെപ്പറ്റി ഞാൻ ദിവാൻജിയുടെ അടുത്തു ഒരു ഡെപ്യൂട്ടേഷൻ കൊണ്ടുചെന്നിട്ടുണ്ടു്.

മി. ടി. സി. കോരുമേപിള്ള (കുന്നംകുളം-വിളയാങ്കോടു): മെമ്പർക്കു വല്ല കാര്യവും ഇടപെടാനുണ്ടോ?

മി. എ. എസ്സ്. ഗോപാലൻആശാൻ (മാവേലിക്കരയും-കായംകുളവും): എനിക്കയാതൊരുകാര്യവും ഇടപെടാനില്ല. അതിലേക്കുള്ള അധികാരവും എനിക്കുവേണ്ട. ഇക്കണ്ടപ്പൻ, കല്ലുപ്പാരമുതലായ പ്രകൃതികളിൽ എടപ്പള്ളിതമ്പുരാനു ഈ അധികാരങ്ങൾ ഉപയോഗിക്കാമെന്നുണ്ടു്.

മി. എ. താണുപിള്ള (തിരുവനന്തപുരം): വല്ല നിയമാധികാരവും ഇതിനു സിദ്ധിച്ചിട്ടുണ്ടോ?

മി. എ. എസ്സ്. ഗോപാലൻ ആശാൻ (മാവേലിക്കരയും-കായംകുളവും): നിയമാധികാരം ഉണ്ടായിരിക്കയില്ലെങ്കിലും അവർ ഈ അധികാരം ഉപയോഗിച്ചുവരുന്നതായി ഞാൻ അറിയുന്നു.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും തെക്കുമങ്ങാടും): തഹശീൽദാരുടെ ഉത്തരവുപോട്ടുകീടക്കല്ല അവർ പ്രവൃത്തിക്കുന്നതു?

മി. എ. എസ്സ്. ഗോപാലൻ ആശാൻ (മാവേലിക്കരയും-കായംകുളവും): അതെ. തഹശീൽദാരുടെ അധികാരങ്ങൾ പാവപ്പെട്ടകാരന്മാർക്കു കൊടുത്തിട്ടില്ല. പാവപ്പെട്ടകാരന്മാരുടെ ഇടപെടലുകൾ തഹശീൽദാരന്മാർ ശരിവയ്ക്കുണം. സ്ഥാവരജംഗമങ്ങളിലുള്ള ജപ്തി പാവപ്പെട്ടകാരന്മാർ സ്വയമായിനടത്തുന്നില്ല.

ഡപ്യൂട്ടിപ്രസിഡണ്ടു്: അപ്പോൾ യാതൊരു പറയുന്നതുകൊണ്ടു ഒരാൾ നിയമിക്കുന്ന കക്ഷികൾക്കു അധികാരങ്ങൾ കൊടുക്കുമെന്നു വരുന്നു എന്നല്ലയോ?

മി. എ. എസ്സ്. ഗോപാലൻ ആശാൻ (മാവേലിക്കരയും-കായംകുളവും): അധികാരങ്ങൾ കൊടുപ്പാനുള്ള കക്ഷികളെ ഏർപ്പെടുത്തിച്ചാൽ ഗവർണ്ണർക്കുദ്യോഗസ്ഥന്മാർക്കു അവരുടെമേൽ നിയന്ത്രണാധികാരമില്ല. ഈ അധികാരങ്ങൾ ശരിയായി ഉപയോഗിക്കുന്നില്ലെന്നു ഞങ്ങൾ അഭിപ്രായപ്പെടുന്നു. വേറൊരു ചോദ്യമുണ്ടായതു ഈ സഭയോ അതിന്റെ ഭൂരിപക്ഷമോ ഈ അവകാശം ജനങ്ങൾക്കുകൊടുക്കുന്നതിനു പ്രയാസം നേരിട്ടാൽ തഹശീൽദാരോടു പെരുമാറുകയും ഇടപാടുകൊണ്ടുനടത്തുകയുമാണു്.

മി: വി. രാമപ്പൻപിള്ള (തോവാള): മി. ആശാരി പരിശ്രമം, ഗവർണ്മെൻറിന്റെ അധീനതയിലുള്ള ആളുകൾക്കു ഈ അധികാരം കൊടുക്കാൻ അവർ അതിനെ ഉദ്യോഗസ്ഥപ്പെടുത്തുമെന്നാണോ?

മി: എ. എസ്സ്. മോമോദരനാശാൻ (മാവേലിക്കരയും-കാഞ്ഞിരപ്പള്ളിയും): ഉദ്യോഗസ്ഥപ്പെടുത്തും. അതിനെ ഉദ്യോഗസ്ഥപ്പെടുത്തിയാൽ അവരെ തിരിച്ചിടുവാൻ പാടുപ്പില്ല.

മി: പി. രാമപ്പൻപിള്ള (തോവാള): ഗവർണ്മെൻറിന്റെ വിചാരണത്തിൽ ഈ ഉദ്യോഗസ്ഥന്മാർ ഇതെന്നാൽ ഈ അധികാരം ഡഡ്വിഡ്ഗവർ ചെയ്തുകൊടുക്കുമോ?

മി: എ. എസ്സ്. മോമോദരനാശാൻ (മാവേലിക്കരയും-കാഞ്ഞിരപ്പള്ളിയും): ഗവർണ്മെൻറിനംശിക്കുന്നധികാരത്തിനകത്തുള്ള ഉദ്യോഗസ്ഥന്മാർക്ക കൊടുക്കുന്നതുകൊണ്ടു യാതൊരു തടസ്ഥവുമില്ല.

ഈ ദേഭഗതി വോട്ടിനിട്ടുന്നതിനുമുമ്പായി ഈ സംഗതിയെപ്പറ്റി കൗൺസിൽ ഗവർമെയിൽ വിചിന്തനംചെയ്യുന്നതെന്നാണ് ഞാൻ സമർപ്പിക്കുന്നു.

മി: പി. രാമപ്പൻപിള്ള (തോവാള): അങ്ങിനെ കൊടുക്കുന്ന അധികാരം പിൻവലിക്കാൻ ഗവർണ്മെന്റിനധികാരമുണ്ടോ?

മി: എ. എസ്സ്. മോമോദരനാശാൻ (മാവേലിക്കരയും-കാഞ്ഞിരപ്പള്ളിയും): പിൻവലിക്കാമെന്നു ഇപ്പോൾ പറയുന്നില്ല. എന്നാൽ ഡെഡ്വിഡ്ഗവർ ചെയ്യാമെന്നു പറയുന്നുണ്ട്. പിൻവലിക്കാൻ അധികാരമുണ്ടോ ഇല്ലയോ എന്നുള്ളത് അവർതന്നെ നിശ്ചയിക്കണം. പിൻവലിക്കാൻ ഗവർണ്മെൻറിനധികാരമുണ്ടെന്നു ഇവിടെ പ്രതിക്കുന്നുമില്ല. ഞാൻ അതിനെപ്പറ്റി തീർച്ച പറയുന്നില്ല. അതുമായ കോടതി പറയേണ്ടതാണ്.

എനിക്കു പറയുവാനുള്ളതെന്തെന്നാൽ മി. താണുപിള്ള ഹാജരാക്കിയ ദേഭഗതിയെ തള്ളിക്കളയുന്നതിനുമുമ്പായി ഈ സംഗതിയെപ്പറ്റി നല്ലവണ്ണം ഈ സഭ ആലോചിക്കണമെന്നാണ്.

മി: മുവേലിൽ പാച്ചുപിള്ള (ചേർത്തല): ഞാൻ മി: താണുപിള്ളയുടെ ദേഭഗതിയെ അനുകൂലിക്കുന്നു. പബ്ലിക്ക് റവന്യൂ പിരിക്കുന്നതിനുള്ള അധികാരം ചില ഉദ്യോഗസ്ഥന്മാർക്ക കൊടുക്കാമെന്നും എന്നാൽ ശ്രീപാദം ഉദ്യോഗസ്ഥന്മാർക്ക കൊടുക്കാൻ പാടില്ല എന്നും ആണ് ഇതിന്റെ താല്പര്യം. മറ്റുള്ള ഉദ്യോഗസ്ഥന്മാർക്ക ഈ അധികാരം ഉപയോഗിക്കാമെന്നാ ശ്രീപാദം ഉദ്യോഗസ്ഥന്മാർക്ക മാത്രം ഈ അധികാരം കൊടുക്കുന്നതു പാടില്ലെന്നും പറയുന്നതിന്റെ ന്യായാന്യായത്തെപ്പറ്റിയാണ് നമുക്കിപ്പോൾ ആലോചിക്കേണ്ടതു്. പബ്ലിക്ക റവന്യൂ പിരിക്കുന്നതിനു മുമ്പായ കുറ്റക്കാരെപ്പറ്റിയിട്ടുള്ള മറ്റുദ്യോഗസ്ഥന്മാർ നടത്തുന്ന നടപടികളെ സംബന്ധിച്ചു ചോദ്യംചെയ്യുന്നതിനു പരിപ്പടിയായി മേലുദ്യോഗസ്ഥന്മാർക്കും അവരുടെ നടപടികളെപ്പറ്റിയും അവരിൽനിന്നും അപ്പോഴപ്പോൾ ഉണ്ടാകുന്ന സംഗതികളെപ്പറ്റിയും ചോദ്യംചെയ്യുന്നതിനു ഈ കൌൺസിലിനും അധികാരമുണ്ട്. എന്നാൽ ശ്രീപാദം ഉദ്യോഗസ്ഥന്മാർക്ക ഈ വിഷയത്തിൽ പരിപ്പടിയായി മേലുദ്യോഗസ്ഥന്മാരില്ല അവരുടെ നടപടികളെപ്പറ്റി ചോദ്യംചെയ്യുന്നതിനു കൌൺസിലിനും അധികാരം ഇല്ല. ഇങ്ങനെ സ്വതന്ത്രമായി പ്രവർത്തിച്ചുകൊണ്ടു വരുന്ന ഒരുകൂട്ടം ഉദ്യോഗസ്ഥന്മാരുടെ പക്കൽ ഈ മാതിരിയുള്ള സമ്പത്തിനെയുടെ പരിപാലം നടത്തുന്നതിനുള്ള അധികാരം കൊടുക്കുന്നതു ഇങ്ങനെയും ചിലരെ വളരെ ദോഷകരമായിരിക്കുമെയ്യുമെന്നു ഞാൻ ശങ്കിക്കുന്നു, അതുകൊണ്ടാണ് ഈ അധികാരം ശ്രീപാദമുദ്യോഗസ്ഥന്മാർക്ക കൊടുക്കാൻപാടില്ല എന്നു ഞാൻ പറയുന്നതിനുള്ള പ്രധാനകാരണം. ഇപ്പോൾശ്രീപാദമുദ്യോഗസ്ഥന്മാരുടെ പേരിൽ ഈടാക്കുന്നതിനുള്ളനടപടികളും നടന്നുവരുന്നുണ്ട്, ശ്രീപാദം ഉദ്യോഗസ്ഥന്മാർ അവർക്ക ഈടാക്കേണ്ട കുടിശ്ശികകളുസംബന്ധിച്ചുള്ള കണക്കുകൾ പരിശോധിക്കുന്നതിനുമുമ്പായി അവരുടെ മേലുദ്യോഗസ്ഥന്മാർക്ക അയച്ചുകൊടുക്കുന്നതിനുമുമ്പായിട്ടാണ്. ഇതിനും പുറമെ നടപടിതീരുന്നതിനുമുമ്പായി ഓരോ ആളുകളുടെ പക്കൽനിന്നും ഈടാക്കുന്ന വിഷയത്തിൽ എന്തെങ്കിലും വ്യവഹാരമുണ്ടായിട്ടുണ്ടോ എന്നുള്ള കാര്യവും അവർ അന്വേഷിക്കുന്നുണ്ട്. ഈ നടപടികളെല്ലാം കഴിഞ്ഞിട്ടു ശ്രീപാദം ഉദ്യോഗസ്ഥന്മാർ കുടിശ്ശിക ഈടാക്കുന്നതിനുള്ള അധികാരം പ്രൈവറ്റ് ഏജന്മാർക്കോ അവർ അധികാരംകൊടുക്കുന്ന മറ്റുചിലരുടെ ഉദ്യോഗസ്ഥന്മാർക്കോ സ്വാതന്ത്ര്യമായി കൊടുക്കണമെന്നു വന്നാൽ അതുനിമിത്തം വലുതായ ദോഷങ്ങളാണ് ഉണ്ടാകുക. മാത്രമല്ല അവർ കുറെചെയ്യുന്നതിനുമുമ്പായി ചോദ്യംചെയ്യുന്നതിനു മേലുദ്യോഗസ്ഥന്മാരില്ല. ഈ കൗൺസിലിനു ചോദിക്കുന്നതിനു അധികാരവുമില്ല. ഈ സ്ഥിതിക്കു ഇങ്ങനെയുള്ള കൂട്ടരുടെകയ്യിൽ ഈ അധികാരം കൊടുക്കുന്നതു ഒരിക്കലും നന്നായിരിക്കയില്ല. അതുകൊണ്ടു മിസ്റ്റർ താണുപിള്ളയുടെ ദേഭഗതിയെ ഞാൻ പിൻതാങ്ങുന്നു.

മി: എ. താണുപിള്ള (തിരുവനന്തപുരം): സർ, പലസംഗതികളേയും ആലോചിച്ചുണ്ടു ഞാൻ ഈ ദേഭഗതി അവതരിപ്പിച്ചിട്ടുള്ളതു്. ഇന്നാമതായി ഇതു തിയമനിർമ്മാണവും ഭരണനടപടിയും സംബന്ധിച്ചുള്ള കാര്യമാകകൊണ്ടു ഇതിനെപ്പറ്റി വിശദമായിട്ടുള്ളതാണ്. സർ, സാധാരണമായി കക്ഷികൾതമ്മിൽ കോടതികളിൽ കോടതിയാണ കാര്യം തീരുമാനിക്കുന്നു എന്നുള്ളതു ഏവനും സമ്മതിക്കുന്നതാണ്. കുടിയാനും അന്യജന്മിമാരിൽ പരിഹാരം നേടണമെങ്കിൽ അതു കോടതിമുഖാന്തരമേ പാടുള്ളു. ക്രൈസ്തവനും അന്യജന്മിമാരിൽ രാജസ്ഥാനസംബന്ധിച്ച ഒരു കാര്യം തീരുമാനിക്കണമെങ്കിൽ അതിനുവേണ്ടി നടപടി ഉപയോഗിക്കുന്നതിന്റെ ഭാഗമായിട്ടു എപ്പോഴും മനസ്സിലാക്കാം രണ്ടുകക്ഷികൾതമ്മിലുള്ള ഇടപാടിൽ ഒരു കക്ഷിക്കു മറ്റൊരുകക്ഷിയിൽനിന്നും പരിഹാരം നേടേണമെങ്കിൽ കോടതിയുടെ സഹായിക്കേണ്ടതു സ്വതന്ത്രമായ നിയമകോടതിയാണ്. ഈ കേസ്സിൽ ഒരു വ്യത്യാസമുണ്ടെന്നുവരികിലും ശ്രീപാദം കൊട്ടാരം വക കൗൺസിലിറ്റിഗ്രേഷൻ അന്വേഷിച്ചു ഇടാക്കാവുന്നതാണെന്നു പറഞ്ഞിട്ടുകൊടുക്കുന്നു. ശ്രീപാദം മുഖേന രാജകുടുംബത്തോടു ചെന്നാലല്ലാതെന്നുള്ളതിലും ഈ ഓക്കിന്റും കാണുന്നു. ഇതുപോലെ സൗജന്യം സംസ്ഥാനത്തെ വേറെ രണ്ടു കുടുംബക്കാർക്കു പോലുമുണ്ടായിരുന്നതായിട്ടു ഞാൻ ഒരിക്കലുമെയ്യുമതായുള്ള കിളിമാനൂർതമ്പുരാനും മഹാരാജാകാര്യത്തെ അധികം തടയായിരിക്കുന്നുവെന്നും വളരെയൊക്കെ സൂക്ഷിച്ചുകൊ

ഴ്ചിട്ടുണ്ട്. (ഇടവക) പാട്ടം പിരിവുറഗ്ലേഷൻ പാസാക്കി എന്നാൽ അതിൽ അവക്ക് വേണ്ട നടപടി സ്വീകരിക്കുന്നതിന് ഉദ്യോഗസ്ഥന്മാർ മുഖാന്തരം വേണ്ടതുപോലെ സൂക്ഷിച്ചു പ്രവൃത്തിച്ചിട്ടുണ്ട്. രാജാക്കന്മാരുടെ ഉദ്യോഗസ്ഥന്മാർ സ്വയം തഹശീൽദാരോടു അപേക്ഷിച്ചിട്ടുതിനുശേഷമേ കരംപിരിവു റഗ്ലേഷൻ നടപടിക്കു മുടരാവൂ. അതിൽ വലിയ ദോഷമൊന്നും സംഭവിക്കാം. ശ്രീപാദം കൊട്ടാരത്തിലെ കാര്യത്തിൽ ആ ഉദ്ദേശമെല്ലാം ഇപ്പോൾ അവശ്യപ്പെട്ടിരിക്കുന്നു. ഉദ്ദേശമുണ്ടായിരുന്നു ശ്രീപാദത്തെ പാട്ടംപിരിവു റഗ്ലേഷനിൽ ഉൾപ്പെടുത്താതെന്നായിരുന്നു. എന്നാൽ ശ്രീപാദത്തിന്റെ മാന്യനില മാത്രം ഇടപ്പള്ളിസ്വരൂപത്തിന്റെ ശേഖരത്തിൽ വരുന്നു അന്തസ്സിനു പോരാത്തതുതന്നെ കണ്ടുകയുണ്ടായി. അതിനാലാണു അവക ആയം പബ്ലിക്കു വെസ്റ്റ് ഇനത്തിൽ കൊണ്ടുവന്നിട്ടുള്ളതും കരംപിരിവുറഗ്ലേഷനിൽ വ്യവസ്ഥപ്പെടുത്താൽ ഇടവന്നിട്ടുള്ളതും കരംപിരിവു റഗ്ലേഷൻ ശ്രീപാദം കൊട്ടാരത്തിന്റെ ആവശ്യത്തിനും ഉപയോഗിക്കാൻ വ്യവസ്ഥപ്പെടുത്തീട്ടുണ്ട് എന്നും നടപടി നടത്തുന്നതിനു ഗവൺമെന്റ് ഉദ്യോഗസ്ഥന്മാർ മുഖേന വേണ്ടതെന്നു പ്രത്യേകം ശ്രദ്ധിച്ചു വ്യവസ്ഥചെയ്തിട്ടും ഉണ്ട്. ശ്രീപാദം കൊട്ടാരത്തിനു ഈ റഗ്ലേഷൻ ഉപയോഗപ്പെടുത്തണമെങ്കിൽ അതു സ്വയം ഉദ്യോഗസ്ഥന്മാർ മുഖാന്തരം വേണം. ഇങ്ങിനെ വ്യവസ്ഥപ്പെടുത്തിയകാലത്തും ശ്രീപാദം ഉദ്യോഗസ്ഥന്മാർക്കുതന്നെ അധികാരംകൊടുക്കാൻ നിയമകർത്താക്കന്മാർക്കു സാധിക്കാതായിരുന്നു. എന്നാൽ അപ്രകാരം അവർ ചെയ്തില്ല. ആയ് ശ്രീപാദംകൊട്ടാരത്തിലെ വസ്തു ഉടമസ്ഥരായ പൊന്നമ്മാരുടെ ഗുണത്തെ ഓർത്താണ്. ഇപ്പോൾ നമ്മുടേതു ആവശ്യപ്പെട്ടിരിക്കുന്നു ഈ ശ്രീപാദത്തിനു കൂടുതൽ അധികാരങ്ങൾ കൊടുക്കണമെന്നാണ്, ഈ ഉദ്യോഗസ്ഥന്മാരുടെ അധികാരങ്ങൾ ചുരുക്കി ഞാൻ കെയ്ൻസിലെ ധരിപ്പിക്കാം.

റഗ്ലേഷൻ അനുസരിച്ചു സ്ഥാവരവസ്തുവും ജംഗമവും ജപ്തിചെയ്തു ലേലംനടത്തി പൊതുനികുതി വസൂൽചെയ്യുന്നു. ഈ ഉദ്യോഗസ്ഥന്മാരുടെ അധികാരങ്ങൾ ഇപ്പോൾതന്നെയുണ്ട്. തഹശീൽദാർ, പാർവ്വത്യകാർ മുഖാന്തിരമോ മറ്റ് ആരെങ്കിലും മുഖാന്തിരമോ ഒരു നോട്ടീസ് അയക്കണമെന്നു നിർബന്ധമുണ്ട്. ഈ നോട്ടീസ്സ് നടത്തിയതിനുശേഷം ജംഗമമോ സ്ഥാവരമോ ജപ്തിയിൽ പെടുത്തുന്നു. ജംഗമമാണെങ്കിൽ തഹശീൽദാർക്കുതന്നെയോ പാർവത്യകാർ മുഖേനയോ ജപ്തിചെയ്യാം. ജംഗമജപ്തിക്കുവേണ്ടി വസ്തുഉടമസ്ഥനിൽനിന്നു കരം തല്ലിപ്പാളിച്ചു എന്നുള്ളതുകൊണ്ടു മാത്രം, സർ, ഈ അധികാരങ്ങളും ഈ വക ഉദ്യോഗസ്ഥന്മാരെ ഏൽപ്പിക്കുന്നതു ശരിയാണോ? ഒരു സോഫ്റ്റ് ഉടമസ്ഥൻ ഗവൺമെന്റിലേക്കു പണം കൊടുക്കാനുണ്ടെന്നും വരാം. അയാളുടെ കൈവശം പണമില്ലെന്നുവരാം. ശ്രീപാദം ഉദ്യോഗസ്ഥൻ തെറ്റായി കണക്കുകൂട്ടിയിരിക്കാം. ശ്രീപാദം മുതലഹരോടു നടപടിക്ക അപേക്ഷിച്ചിരിക്കാം. ഒരു ഉത്തരവുണ്ടാകുന്നു. ജപ്തിമുതലായതു നടക്കുന്നു. വീട്ടുകാരൻ വീട്ടിലില്ല. അയാളുടെ മറ്റെയും കുട്ടികളും മാതൃഭൂമി ശ്രീപാദം ഉദ്യോഗസ്ഥന വീട്ടിനകത്തുകടക്കുവാൻ ഉള്ളിടപ്പാളിക്കാം. നേരിട്ടു ഉത്തരംപറയേണ്ടവരല്ലാത്തതുകൊണ്ടു, ഈ അധികാരം ഉപയോഗിക്കുന്നതിൽ അത്ര സങ്കടം തോന്നുകയില്ല. വസ്തു ജപ്തിയിൽ എടുത്തു ലേലവും നടത്തി. പണം ഈടായി ബാക്കിയുണ്ടെങ്കിൽ ഉടമസ്ഥനെ ഏൽപ്പിച്ചേക്കാം. സ്ഥാവർവസ്തുക്കളെസംബന്ധിച്ചു, ഇതുപോലെ നോട്ടീസ്സുകൊടുത്തു, വസ്തു, തഹശീൽദാരൊ പാർവ്വത്യകാർമുഖേനയോ ജപ്തിയിൽ കൊണ്ടുവരുന്നു. തഹശീൽദാർതന്നെ ലേലംനടത്തുന്നു. അതു സ്ഥിരപ്പെടുത്തുവാൻ പേഷ്കാരുടെ അനുവാദം ആവശ്യമുണ്ട്. തഹശീൽദാർ പേഷ്കാരക്ക് എഴുതിഅയച്ചു അനുവാദം വാങ്ങിക്കുന്നു. ഇപ്പോൾ ആവശ്യപ്പെട്ടതനുസരിച്ചു പേഷ്കാരുടെ അധികാരവുകൂടി ശ്രീപാദംഉദ്യോഗസ്ഥനെ കൊടുക്കുന്നതായാൽ, പേഷ്കാരുടേയും തഹശീൽദാരുടേയും പാർവ്വത്യകാരുടെയും അധികാരങ്ങളും ഒരു ശ്രീപാദം ഉദ്യോഗസ്ഥനകിട്ടുന്നു. എന്റെ ഭേദഗതി ഇല്ലാതെയായതുകൊണ്ടു ഈ നിർദ്ദേശമനുസരിച്ചു അധികാരം ശ്രീപാദം ഉദ്യോഗസ്ഥനകിട്ടി പേഷ്കാർ എന്നുള്ളനിലയിൽ വസ്തു ലേലത്തിൽപിടിച്ചുവെന്ന് അവകാശംസ്ഥാപിച്ചു വരുന്നു കെട്ടുക്കുവുന്നതും ആ പ്രവൃത്തി കൊട്ടാരം വളപ്പിനകത്തുതന്നെയിരുന്നു നടത്താൻ സാധിക്കുന്നതുമാണ്. അപ്രകാരമാണ് ഈ സഭയിലുള്ള നിർദ്ദേശം. ഈ വിപുലമായ അധികാരങ്ങളും ഈ ഉദ്യോഗസ്ഥന്മാർക്കു കൊടുക്കാൻ പാടുള്ളതാണോ? ഈ കാര്യത്തിൽ ഈ സഭയിൽ സംസ്ഥാനത്തു എല്ലാതാലൂക്കുകളിൽനിന്നും വന്നുചേരുന്ന മെമ്പന്മാർക്ക് വലിയ താല്പര്യമുണ്ടെന്ന് എനിക്കു ഒരു സംശയമുണ്ട്. എന്റെ സ്നേഹിതനായ മി. കെ. പി. നീലകണ്ഠപ്പിള്ളയുടെ താലൂക്കാണ്. ഈ നിയമംകൊണ്ടു പ്രധാനമായി സങ്കടം അനുഭവിക്കാൻ ഇടവരുന്നതു. തെക്കൻ തിരുവിതാംകൂറിൽ ഒന്നോ രണ്ടോ താലൂക്കുകളിൽ ശ്രീപാദംകൊട്ടാരംവക ചിലതാനം സ്വത്തുക്കളുണ്ട്. തിരുവിതാംകൂറിലെ പൊതുജനങ്ങളുടെ നന്മയെ സംബന്ധിച്ചു ഈ നിയമം സങ്കടമുണ്ടാക്കുന്നില്ല എന്നുള്ളതു നിശ്ചയംതന്നെ.

മി: ആർ. രാമൻപിള്ള (കോട്ടയം): ഓരോനിയോജകമണ്ഡലങ്ങളിലേയും മെമ്പറന്മാർ അവരുടെ നിയോജകമണ്ഡലങ്ങളിലുള്ള കാര്യങ്ങൾമാത്രം പറയാൻ വന്നവരാണോ?

മി: എ. താണുപിള്ള (തിരുവനന്തപുരം): അങ്ങനെപറഞ്ഞില്ല. ഇതിനെപ്പറ്റിയുള്ള കൂടുതൽ വിവരങ്ങളും മി. കെ. പി. നീലകണ്ഠപ്പിള്ളയേക്കാൾ മറ്റാർക്കും പറയാൻസാധിക്കയില്ല എന്നാണ് പറഞ്ഞതു.

മി: എസ്. പിരപ്പിലപരമാർപിള്ള (കച്ചവടവും വ്യവസായവും തെക്കേ): ഈ ഭേദഗതി പാസ്സാക്കിയിട്ടുള്ളാൽ സ്റ്റെൻസർ ബ്രദേഴ്സ് കമ്പനിയുടെ ഒരു ജോലിക്കാരനെ നികുതിപിരിക്കാൻ ആക്കികഴിഞ്ഞാൽ അയാൾക്കു ശ്രീപാദം നികുതിപിരിക്കുന്നതിനു തടസ്സമായിട്ടു വരുമെന്നു?

മി: എ. താണുപിള്ള (തിരുവനന്തപുരം): സ്റ്റെൻസർകമ്പനിയിലെ ഒരുദ്യോഗസ്ഥനെ കരംപിരിക്കാൻ ആക്കുന്നതുകൊണ്ടു ഈ നിയമശ്രീപാദത്തിനു വന്ന ഏതു ഞാനെ പറഞ്ഞില്ല. അതുകൊണ്ടു അങ്ങനെ ഒരു കാര്യത്തെപ്പറ്റി ആലോചിച്ചിട്ടു കാര്യമില്ല. സ്വന്തം ഉദ്യോഗസ്ഥന്മാരെ ആക്കാൻ ശ്രീപാദം കൊട്ടാരത്തിനു ഇപ്പോഴും സ്വാധീനവുമുണ്ട്.

മി: എസ്. പിരപ്പിലപരമാർപിള്ള (കച്ചവടവും വ്യവസായവും തെക്കേ): എന്റെ സ്നേഹിതൻ ധനിച്ചരത്തിൽ കൈട്ടുമുത്തിനു ആക്ഷേപമായിട്ടു ഞാൻ ഒന്നുതന്നെ പറഞ്ഞിട്ടില്ല.

മി: എ. താണുപിള്ള (തിരുവനന്തപുരം): ഞാനും ബഹുമാനക്കേടായി വിചാരിച്ചില്ല. ഞാൻ അങ്ങനെ ഒരിക്കലും പറഞ്ഞിട്ടുമില്ല. ഈ നിയമത്തിൽ പറയുന്നതു നടപ്പിലിരുന്നതിനായി ഏർപ്പെടുത്തിയ ഏതുനാം ആളെ കമ്പനിയിലെ ആളുണ്ടെങ്കിലും അല്ലെങ്കിലും ഒരു പേഷ്കാരുടെ അധികാരങ്ങൾ കിട്ടുമെന്നാണ്.

ഡപ്യൂട്ടിപ്രസിഡണ്ട്: അപ്പോൾ അതാതു കൊട്ടാരത്തിലെ മതഭ്രോഗസ്ഥൻ തന്നെയാണ്.

മി. എ. താണുപിള്ള (തിരുവനന്തപുരം): ഇതാണ് ഈ ഉദ്യോഗസ്ഥന്മാരുടെ അധികാരങ്ങൾ. ഇതിനെസംബന്ധിച്ചു ഞാൻ രണ്ടു് സംഗതികളിടി ഞാൻ പറയാം. ഇന്നാട്ടിനെന്നെ ഇതുപോലെ ഒരു കായ്യം ഇവിടെ പ്രതിവാളിച്ചപ്പോൾ ചാ മെംബർ കുറേനിന്നു ചൂണ്ടലപ്പെടാത്ത വസ്തുക്കാര്യംപോലും വിശദപ്പോകുമെന്നു പറയുകയുണ്ടായി.

ഡെപ്യൂട്ടിപ്രസിഡണ്ടു്. അതൊരു വലിയ പ്രശ്നമാണ്. അതിനെപ്പറ്റി നിങ്ങൾ ഇവിടെ പറയണമെന്നില്ല.

മി. എ. താണുപിള്ള (തിരുവനന്തപുരം): സർ, അതു വളരെ പ്രധാനപ്പെട്ടതാണ്. കൊട്ടാരംപക്ഷ ഉദ്യോഗസ്ഥന്മാരെ ചൂണ്ടലപ്പെടുത്തുകയും പണ്ടാരവകസ്ഥലവുംകൂടി ലേലത്തിൽ വിറ്റഴിക്കുന്ന വകയും. റവന്യൂഷൻകോടുത്തു അതുകൂടി സംപ്രേഷിക്കാവുന്നതാണ്. നിശ്ചയമായിട്ടും തിരഞ്ഞെടുക്കപ്പെട്ട നിയമത്തിനേറ ഉദ്ദേശങ്ങളെ നാം പഠിച്ചാലോചിക്കേണ്ടതാണ്. അതാണു ഞാൻ അതിനെ സൂചിപ്പിക്കാനുള്ള കാരണം, വേറൊരുസംഗതി കൂടിയുണ്ടു്. ഉദ്യോഗസ്ഥന്മാരുടെ ഔദ്യോഗികപ്രവൃത്തികൾക്കു ഗവണ്മെൻറു ഉത്തരവാദിയാണു്. റവന്യൂഷനിലെ ഒരു പ്രകൃപ്പ ഗവണ്മെൻറിനെ അങ്ങനെ ഉത്തരവാദപ്പെടുത്തിയിട്ടുണ്ടു്. അതിനേറ ഔദ്യോഗികപ്രവൃത്തികൾക്കു നേരിട്ട ഗവണ്മെൻറിനോടു ചുമതലയില്ലാത്ത ഒരാൾക്കുവേണ്ടിടത്തോളമുള്ള അധികാരങ്ങൾ കൊടുക്കാൻ പാടില്ലെന്നാണു് ഞാൻ താഴ്മയായി അഭിപ്രായപ്പെടുന്നതു്. പിന്നീടു ഇവിടെ പറയുണ്ടായ ദിവാൻജിക്കും ലാഡ്റവന്യൂകമ്മീഷണർക്കും പരിശോധനാധികാരം വേണമെന്നാണു്. ഈ അധികാരങ്ങൾ ശ്രീപാദം സിബ്ബന്ധികൾക്കു കൊടുക്കണമെന്നപക്ഷം പിന്നീടു ഉള്ളതു ദിവാൻജിയുടെ പരിശോധനാധികാരം മാത്രമാണ്. അതും വല്ലിച്ചാൽ ലാഡ്റവന്യൂകമ്മീഷണർക്കാണ്. പിന്നെയുള്ള അധികാരം ഒരു വക്കീലിൻറെനിലയിൽ ഈ പരിശോധനാധികാരത്തിനേറ അർത്ഥം എനിക്കറിയാം. ഹൈക്കോർട്ടിൽ നൻ-കേസ്സിലും പരിശോധനാധികാരം പ്രയോഗിക്കുന്നതു പൂർവ്വോദാഹരണമാണ്.

ഡെപ്യൂട്ടിപ്രസിഡണ്ടു്: കേവലം നിസ്സാരമായ പരിശോധനാധികാരം രാജസ്ഥാനത്തിനു നൽകിസാരമായ അധികാരം റവന്യൂഉദ്യോഗസ്ഥന്മാർക്കു കൊടുക്കണമെന്നാണോ നിങ്ങൾ പറയുന്നതു്.

മി: എ. താണുപിള്ള (തിരുവനന്തപുരം): സാരമായ പരിഹാരം അസ്സൽകോടതിയിലോ അപ്പീൽകോടതിയിലൊ കിട്ടണം. പരിശോധന കോടതിയിൽവരുമ്പോൾ അതു ഏറെക്കുറെ ആഫീസരുടെ അപ്പോഴത്തെ ഇഷ്ടാനിഷ്ടം അനുസരിച്ചാണ് ഇരിക്കുന്നതു്.

മി: കുഞ്ഞുപരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സക്രട്ടർവക്കീൽ): നിങ്ങളുടെ അഭിപ്രായത്തിനനുകൂലമായി വകുപ്പിൽ വല്ലതുമുണ്ടോ?

ഡെപ്യൂട്ടിപ്രസിഡൻറ്: അതു തെറ്റാണ്. മി: താണുപിള്ള അതിനെപ്പറ്റി പറയേണ്ടതില്ലായിരുന്നു.

മി: എ. താണുപിള്ള (തിരുവനന്തപുരം): ഞാൻ സാധാരണ ആളുകൾപറയുന്ന നിലയിലാണ് പറഞ്ഞതു വക്കീലിൻറെ നിലയിലല്ല. ആഫീസരുടെ യുക്തം എന്നുള്ളതിൻറെ അർത്ഥം നമുക്കെല്ലാപ്പേർക്കും അറിയാം. എൻറെ ദുഃസഹിതൻ ചാമേസ്വരനും ഇതിനു മറിച്ചുപറയാൻ സാധിക്കുകയില്ല.

മി: കുഞ്ഞുപരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സക്രട്ടർവക്കീൽ): വകുപ്പിൽ പരിശോധനാധികാരിയുടെ ശേഷിച്ചതെങ്കിലും അധികാരപ്പിച്ചം ചെയ്തിട്ടുണ്ടോ? അല്ലെങ്കിൽ പരിശോധന ഇന്നപ്രകാരം പാടുള്ളുഎന്നു പറഞ്ഞിട്ടുണ്ടോ?

മി: എ. താണുപിള്ള (തിരുവനന്തപുരം): അതു മുന്നോട്ടു അപകടത്തിലാക്കുകയാണ്.

മി: കെ. പി. നീലകണ്ഠപ്പിള്ള (പിറമൻകീഴ്): പരിശോധന കോടതിക്കു സംശയികളിൽ പ്രവേശിച്ചു വിധി ഭേദഗതി ചെയ്യാമോ?

മി: എ. താണുപിള്ള (തിരുവനന്തപുരം): അതും എല്ലാവക്കും അറിയാവുന്നതാണ്. ഇന്നു ഗവണ്മെൻറുസർവീസിലുള്ള എല്ലാ തഹശീൽദാരന്മാരും ബീ. എ. ക്കാരാണെന്നുള്ളതിനു സംശയമില്ല. എനിക്കു നല്ല നിശ്ചയം പറയാൻ പാടില്ല. ഒരുപക്ഷെ സല്ലുപ്പുസ്സുകാരും കാണുമെന്നില്ല. മിക്കവരും ബി. എൽ. ജയിച്ചവരാണ്. ഡിവിഷൻ ഉദ്യോഗസ്ഥന്മാരുടേയും ഹൈക്കോർട്ടിൻറെയും കീഴ ജോലിസ്തുതന്മാരായ ലാൻറവന്യൂകമ്മീഷണരുടേയൊ മി: ജർജിയെപ്പോലെയുള്ള ദുരേയിയുള്ള കോസ്സുനരുടെ കീഴാണ്ടായി അനേകംകൊല്ലം ജോലി പരിശീലിച്ചതിനുശേഷമാണ് അവർ തഹശീൽദാരായി തീർന്നിട്ടുള്ളതു്. ഞങ്ങളെ പോലെ അധികം കാലത്തെ സർവീസിനുശേഷം മാത്രമാണ് ഇവിടെ വന്നതു. കുറഞ്ഞതു മുപ്പത്തിരണ്ടുവയസ്സും അല്ലെങ്കിൽ മൊത്തത്തിൽ നാല്പതിനും മുപ്പത്തിനാലിനും മദ്ധ്യവയസ്സുവന്ന പ്രാകൃതവന്മാർ ഇപ്രകാരം ഉള്ളവരാണ് ഗവണ്മെൻറിനു താഴെ തഹശീൽദാരന്മാരായി നിയമിക്കപ്പെട്ടവരുന്നതു്. എന്നാൽ ശ്രീപാദം ആഫീസിനു കീഴെ ഇതിനു തുല്യമായ ഉദ്യോഗസ്ഥന്മാർ ആരാണ്? ശ്രീപാദംകൊട്ടാരം സിബ്ബന്ധകാര്യങ്ങൾക്കു ഈ അധികാരം കൊടുക്കേണ്ടിവരുമ്പോൾ അവിടത്തെ ഇപ്പോൾ ഇരിക്കുന്ന മാനേജർക്ക് ഒരു തഹശീൽദാരുടെ അധികാരം കൊടുക്കേണ്ടിവരുമെന്നുപായുന്നതിൽ വലിയ അബദ്ധം ഉണ്ടെന്നു വിചാരിക്കാൻ ന്യായമില്ല. എന്നാൽ ഇപ്പോഴത്തെ മാനേജർ ആരാണ്? അയാളും ബി. എ. ക്കാരനാണൊ അല്ലെന്നു പറയാം.

ഡെപ്യൂട്ടിപ്രസിഡൻറ്: മേജർ ബി. എ. ക്കാരെ നിയമിക്കാറുള്ളൂ.

മി: എ. താണുപിള്ള (തിരുവനന്തപുരം): ഇപ്പോൾ സ്ഥിതിചെയ്യുന്ന ഉദ്യോഗസ്ഥന്മാരെവച്ചുള്ള നടത്തിപ്പിനെ ആസ്പദമാക്കിയാണ് നാം നമ്മുടെ ഉണ്ടാക്കാൻ പോകുന്നതു്.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും തെട്ടടുത്തും): മാനേജരുടെ ശമ്പളം എന്താണു്.

മി: എ. താണുപിള്ള (തിരുവനന്തപുരം): കൃത്യമുള്ളതു കാണും. എനിക്കു നിശ്ചയമില്ല. എനിക്കു ചില ചോദ്യങ്ങൾ ചാമേസ്വരനോടു: മി: ജർജിനോടൊ ലാൻറവന്യൂകമ്മീഷണരോടൊ ചോദിച്ചു് അറിയേണ്ടതുണ്ടായിരുന്നു. ആ ആളെ (മാനേജരെ) എനിക്കറിയാവുന്നിടത്തോളം അറിവില്ല ഞാൻ അന്വേഷിച്ചതിൽ ഇപ്പോഴത്തെ മാനേജർ ബി. എ. ജയിച്ചു് ആളുകൊള്ളാവുന്ന മനുഷ്യനായി. മാറ്റിക്കുലേഷൻ ജയിച്ചവരോ മറ്റൊരാളോ ആണ്.

മി: എസ്സ്. പിറവിപെരുമാൾപിള്ള (കൃഷിവകുപ്പും വ്യവസായവും മന്ത്രി): ബി. എ. ക്കാരെ മാത്രമേ ജോലിയിൽ തഴക്കം സിദ്ധിക്കുവാൻ സാധിക്കയുള്ളു എന്നാണോ മെമ്പറിന്റെ അഭിപ്രായം?

മി: എ. താണുപിള്ള (തിരുവനന്തപുരം): ബീ. എ. ക്കാരല്ലാത്തവരെക്കാൾ ബി. എ. ക്കാർക്കുള്ളതിയോഗ്യന്മാരാണെന്നാണ് ലോകരുടെ മതിപ്പു. ഈ കാര്യത്തെ സംബന്ധിച്ചേടത്തോളം ആ കാര്യത്തിൽ യാതൊരു തെറ്റുമില്ല. എല്ലാവരും ആ സമ്പ്രദായത്തിനു കൂടുതൽ സ്വീകരിച്ചുതായ ആ സ്റ്റാന്റേർഡ് അനുസരിച്ചാണ് ഞാനും പറഞ്ഞത്. ഇപ്പോൾ ജോലിനോക്കുന്ന മാനേജർ ഒരു മെറ്റ്രിക്കുലേഷൻകാരനൊ അതിൽകുറവു വിദ്യാഭ്യാസം സിദ്ധിച്ച ആളാണ് അയാളുടെ യോഗ്യതയെപ്പറ്റി കൂടുതലായി എനിക്കു അറിഞ്ഞുകൂടാ. ഈ വ്യവസ്ഥ പ്രയോഗിച്ചു പോരുന്നതിൽ ചിലപ്പോൾ കുഴപ്പമുള്ള സംഗതികളും ഉണ്ടായി എന്നു വരും. അവകാശം പുറപ്പെടുവിച്ചതിനേൽ മുമ്പുള്ളവരിച്ചു വസ്തു ജപ്തിയിൽ എടുക്കേണ്ടിവരും. ഒരു വസ്തുവിനു പല അവകാശികളും അവകാശം പുറപ്പെടുവിച്ചുകാണുവാനുംമതി. അങ്ങനെ വരുമ്പോൾ ആഫീസറിനു അവകാശതർക്കം തീർത്തു തീരുമാനിക്കേണ്ടിവരും. ഈ വക അധികാരങ്ങളും ഏല്പിച്ചുകൊടുത്തിട്ടുള്ള ഒരു ഉദ്യോഗസ്ഥനാണ് നൽകുവാൻ നിശ്ചയിച്ചിരിക്കുന്നത്? ബീ. ഏ. ക്കാരെ മേചൽ നിയമിച്ചുകൊണ്ടുവരണമെന്നു എനിക്കു ഉറപ്പുണ്ടുള്ളതു. ഗവണ്മെന്റു ആവശ്യമുള്ള ഉദ്യോഗസ്ഥന്മാർക്ക് ഈ അധികാരം കൊടുക്കുമെന്നുള്ള കാര്യം നിശ്ചയംതന്നെ. മാനേജർക്ക് ഈ അധികാരം കൊടുത്തു എന്നിരിക്കട്ടെ. ചുമതല ശരിയായി വഹിക്കുവാൻ അയാൾക്കു സാധിക്കയില്ലെന്നു ഞാൻ പറയും. ശ്രീപാദംകൊട്ടാരത്തിന്റെ മേൽകോയ്മസ്ഥാനം രാജാധിപത്യസ്ഥാനത്തുതന്നെ ആയി വന്നിരിക്കുന്ന ഒരു കാലത്തു ഈ ബിൽകൊണ്ടുവരാൻ ഇടയായതു നിർഭാഗ്യമാണെന്നു പറയും.

ഡെപ്യൂട്ടിപ്രസിഡന്റ്: ഈ കൌൺസിൽ മുഖാന്തിരമല്ലാതെ ഒരു വിളംബരംകൊണ്ടു ഇതു പാസാക്കേണ്ടതുണ്ടെന്നാണോ നിങ്ങൾ പറയുന്നത്.

മി: എ. താണുപിള്ള (തിരുവനന്തപുരം): ഞാൻ അങ്ങിനെ പറയുന്നില്ല. നിവൃത്തിയില്ലെങ്കിൽമാത്രം വിളംബരം ഉപയോഗിക്കുവു എന്നുള്ള അഭിപ്രായക്കാരനാണ് ഞാൻ. ഇതുയും ഇപ്പോഴത്തെ മാനേജർമാരെ സംബന്ധിച്ചുപറയുന്നു.

കീഴ്ദ്യോഗസ്ഥന്മാരെ സംബന്ധിച്ചുണ്ടെങ്കിൽ, മി. കുഞ്ഞിത്തൊമ്മൻ, റോമൻ കത്തോലിക്കരും മറ്റു പ്രതിനിധ്യം ഇല്ലാത്തസമുദായക്കാർക്കും പാവപ്പെട്ടവർ ഉദ്യോഗം കൊടുക്കണമെന്നും ഇവിടെ നിലവിളിച്ചു കൊണ്ടിരിക്കുന്നു. ആ വിളി, ഗവണ്മെന്റു ചെയ്തുതോളും വകയുച്ചയുന്നു ഈ വശത്തുള്ള എല്ലാ മെമ്പർമാർക്കും അറിയാം.

ഡെപ്യൂട്ടിപ്രസിഡന്റ്: സാധിക്കുന്നിടത്തോളം അനുകമ്പകാണിക്കും.

മി: എ. താണുപിള്ള (തിരുവനന്തപുരം): പക്ഷപാതിപ്പിള്ള ആകുന്നതിനുമുമ്പു, അവരെ പാവപ്പെട്ടവർക്കണമെന്നാണ് അദ്ദേഹം ആവശ്യപ്പെട്ടതു. എന്നാൽ മി. റാബിൻസണോ, പക്ഷെ അദ്ദേഹത്തിനശേഷം വന്ന ആരെങ്കിലും എഴുന്നീറവപറയുന്നു, 'അങ്ങിനെ പാടില്ല, പാർവത്യകാരനാകണമെന്നുള്ളവർ പക്ഷപാതിപ്പിള്ള ജോലിനോക്കി പരിചയം വന്നിരിക്കണം, അങ്ങിനെ ക്ഷമിച്ചുകാത്തിരിക്കണം,' കിട്ടുന്നമട്ടപോലെ ഈ വിധത്തിലാണ്, പാർവത്യകാരന്മാർ പഴമയുള്ളവരായിരിക്കും എന്നുള്ളതിനു എന്താണ് ഉറപ്പു? വല്ല ഉറപ്പുമുണ്ടോ? യാതൊന്നുംതന്നെയില്ല. ഈ ബിൽകൊണ്ടു അങ്ങനെയുള്ള പാവപ്പെട്ടകാരന്മാർക്കു നാം ഈ അധികാരങ്ങൾ കൊടുക്കുവാൻപോകുന്നു.

മി: പി. എസ്സ്. മഹാദേവ് (നിയമിക്കപ്പെട്ടമെമ്പർ): മുനിസിപ്പാലിറ്റിയിലും ഇങ്ങനെയല്ലെ നടക്കുന്നതു?

മി: എ. താണുപിള്ള (തിരുവനന്തപുരം): മുൻസിപ്പാലിറ്റിയിലെ പ്രസിഡന്റന്മാർ കൊള്ളാവുന്നവരായിരുന്നാൽ യോഗ്യന്മാരെ നോക്കി ഇതിലേക്കു നിയമിക്കും.

എന്റെ വിശ്വാസം അമാതരെ (പക്ഷപാതിപ്പിള്ളമാരെ) അപ്രകാരം വന്നുചേരുവാൻ പാർവത്യകാരന്മാരായി നിയമിക്കണമെന്നാണ്. ഈ സംഗതിയെപ്പറ്റി മുമ്പാരിക്കൽ പ്രതിവാദിക്കയുണ്ടായപ്പോൾ, പണ്ഡിതനായ ഡെപ്യൂട്ടിപ്രസിഡന്റ് തമ്പുരാന്റെ നിലയിൽ അന്നു അഭിപ്രായപ്പെട്ടതു ഗവണ്മെന്റു സിൽബന്ധികളും, മുനിസിപ്പാലിറ്റിയിലെ സിൽബന്ധികളും പോലെതന്നെ കാലക്രമേണ പ്രാദേശോദ്ധികാരികളുടെ സിൽബന്ധികളും നിഷ്പ്രയാസവും സ്ഥിരമായ നിയമനക്കാരായി വരുമെന്നാണ്. അവർക്കു പെൻഷൻ ആശിക്കാം. ഉദ്യോഗസ്ഥന്മാരിൽ തന്നിയോടും സത്യ സന്തതയോടുംകൂടി ജോലിചെയ്യുന്നവർക്ക് അതിന്റെ ഫലം മേലിയിൽ ലഭിക്കുന്നതാണ്. അനുസരണയില്ലാത്തവർക്ക് തക്കശിക്ഷയും കിട്ടും,

ഡെപ്യൂട്ടിപ്രസിഡന്റ്: എന്റെ അഭിപ്രായത്തെ എടുത്തുപറയുന്നതു ഇവിടെയോജിച്ചുതാണോ?

മി: എ. താണുപിള്ള (തിരുവനന്തപുരം): നിങ്ങളുടെ സ്വന്ത അനുഭവവും ആ വാക്കുകൊണ്ടുള്ള വിലയും.

ഈ അധികാരങ്ങൾ ചുമതലവഹിക്കാൻ ശേഷിയുള്ള ഉദ്യോഗസ്ഥന്മാർക്കു മാത്രമേകൊടുക്കയുള്ളു എന്നതിലേക്കു യാതൊരു ഉറപ്പും ഇല്ല, പോരെങ്കിൽ അപകടവും ഉണ്ട്. ഒരു വസ്തുഉടമസ്ഥന്റെമേൽ ഒരു പാവപ്പെട്ടവർക്ക് സ്വല്പംവിരോധമുണ്ടെന്നുവിചാരിക്കുക, അയാളുടെ വീട്ടുകാരെക്കൊണ്ടെന്തെല്ലാം വിചാരിക്കുന്നു. അതു എളുപ്പം സാധിച്ചേക്കും. അയാൾ തഹശീൽദാരോടു സങ്കടത്തിനുപോകുമ്പോൾ, ആ അല്പം കൊല്ലാരം സിൽബന്ധിതന്നെ, എല്ലാ വിധേനയും കുഴപ്പമായി തീരുമാനിച്ചു, കാര്യം ആ തുറയിൽതന്നെ അടുത്തമേലാപ്പിന്റെ അടുക്കൽ കൊണ്ടുചെല്ലുന്നു. പിന്നീടു റവന്യൂകമ്മീഷണരുടെ അടുക്കൽ പരിശോധനക്കു ചെല്ലുമ്പോൾ പാർവത്യകാരുടെ പ്രവൃത്തിതെറ്റാണെന്നു തെളിഞ്ഞാലും അദ്ദേഹത്തിനു എന്തുചെയ്യാൻ കഴിയും? വസ്തു ഉടമസ്ഥന്റെ തക്കം വിശ്വസിക്കുന്നില്ല, കൊട്ടാരസിൽബന്ധികൾക്കു റവന്യൂഅധികൃതന്മാരിൽ തക്കതായസ്വാധീനവും ഉണ്ടായിരിക്കുന്നതും വരും,

മി: കല്ലാലം പരമേശ്വരൻപിള്ള (അഡീഷണൽ ഫോർസ്ക്കാർവക്കിൽ): അയാൾക്കു നിയമകോടതിയിൽ ഉണ്ടെന്നു പറയേണ്ടതായിവരുകയില്ലെ?

മി: എ. താണുപിള്ള (തിരുവനന്തപുരം) : യിന്മേനിർമ്മാണം ആ വിധത്തിൽ വേണമെന്നുണ്ടെന്നിങ്ങനെ പറയുന്നുണ്ട്. അന്യായക്കൊടുക്കുന്നതിന് പല സംഗതികളിലും വ്യവഹാരകാരണമുള്ളതായി വ്യവസ്ഥയുണ്ട്. അങ്ങനെയുണ്ടെങ്കിൽ ഗവർണ്മെന്റ് ഈ ഒരു വ്യവസ്ഥയും ചുമത്തിവയ്ക്കുന്നുണ്ടെന്നു ഞാൻ പറഞ്ഞതല്ല. അങ്ങിനെ വരുന്നതു ആക്ഷേപാർഹമാണ്.

മി: എ. എസ്സ്. ഓമേക്കൽ (മുഖ്യപ്രതിക്കുവേണ്ടിയും കോടിയേരിപ്പള്ളിയും) : നിയമനിർമ്മാണത്തിൽ കേസ്സുകൊടുക്കാൻ, ഈ ഉദ്യോഗസ്ഥന്മാർക്കെതിരായി ഹർജി സാധൂകരിക്കുമെങ്കിലും?

മി: എ. താണുപിള്ള (തിരുവനന്തപുരം) : അവരുടെ സാമ്പത്തികസ്ഥിതിയെന്നതു കൂടിയാലോചിക്കേണ്ടതാണ്. ഈ ബിൽ ക്രോസ്സ്-ൽ പാസാക്കി നാം ഇപ്പോൾ ക്രോസ്സ്-ചെയ്തു എന്നുദ്ദേശം രാത്രി 10 മണിക്കുള്ളിൽ കഴിഞ്ഞിരിക്കുന്നു. നിയമം ദേഭേദപ്പെടുത്തുന്നതിനു ഈ കാലത്തിനുള്ളിൽ ഒരു ആപത്തും നേരിടുകയില്ല. ഇപ്പോൾ ഈ ബിൽ കൊണ്ടുവരാൻ ഗവർണ്മെന്റിനു പ്രേരിപ്പിച്ച കാരണമെന്താണെന്നു ഞാൻ ചോദിക്കുന്നു.

ഡപ്യൂട്ടി സിക്രട്ടറി: ഒരു പക്ഷെ, അവർക്കു അധികാരമില്ലെന്നു ഇപ്പോൾ ആയിരിക്കാം ഗവർണ്മെന്റിനു മനസ്സിലായതു.

മി: എ. താണുപിള്ള (തിരുവനന്തപുരം): അവർ ഒരിക്കലും ഈ അധികാരങ്ങൾ ഉപയോഗിച്ചിട്ടില്ല സിലക്ട് കമ്മറ്റിയിൽ വച്ചു, തിരുവനന്തപുരം ഡിവിഷൻ മജിസ്ട്രേട്ടന്മാരോട് പറഞ്ഞിട്ടുള്ളതു് ഈ കൊട്ടാരം സിൽബന്ധികൾക്കു് ഈ അധികാരം കൊടുത്തതായിട്ട് യാതൊരുരേഖയും കാണിക്കുന്നതിന് സാധിക്കുന്നതല്ലെന്നാണ്. അങ്ങനെയുള്ള കേസ്സുകളേ ഉണ്ടായിട്ടില്ല. കൊട്ടാരം സിൽബന്ധികൾക്ക് ഈ അധികാരം കിട്ടുകയാണെങ്കിൽ സാരമായ ഒരു ഗുണവും കിട്ടുന്നതല്ല എന്നാൽ നോമേറിച്ചു പല്ലാ ഉപദ്രവത്തിനു കാരണമാകുന്നുമാണ്. ഈ അധികാരങ്ങൾ മുനിസിപ്പൽ സിൽബന്ധികൾക്കും മറ്റു പ്രാദേശികാധികാരികൾക്കും നാം എങ്ങിനെ കൊടുക്കുന്നുഎന്ന് ഒരു ആക്ഷേപം ഉണ്ടായേക്കാം. മുനിസിപ്പൽ സിൽബന്ധികൾ നേരിട്ടല്ലെങ്കിലും ഗവർണ്മെന്റുദ്യോഗസ്ഥന്മാരാണ്.

മി: ടി. സി. കേശവപിള്ള(കൽക്കുളവും വിളവങ്കോടും) : മുനിസിപ്പാലിറ്റിക്കുള്ള് പ്രത്യേകം ഉപചട്ടങ്ങളുള്ളതെന്നറിയാമോ?

മി: എ. താണുപിള്ള (തിരുവനന്തപുരം): അതൊക്കെ അറിയാം.

മുനിസിപ്പാലിറ്റികൾ ഗവർണ്മെന്റിന്റെ നിയന്ത്രണത്തിലാണ്. മുനിസിപ്പാലിറ്റിയിലെ ഉദ്യോഗസ്ഥന്മാരുടെ കൃത്യങ്ങളും അവകാശങ്ങളും ചുമതലകളും നിർണ്ണയിച്ചിരിക്കുന്നതായിരുന്നുണ്ട്. എല്ലാ സംഗതിയും നിയമം കൊണ്ട് നിയന്ത്രിച്ചുപോരുന്നു. അതിനപരിയായി ഗവർണ്മെന്റിനും നിയന്ത്രണാധികാരവുമുണ്ട്. മുനിസിപ്പാലിറ്റി ഒരു ജനകീയസ്ഥാപനമാണ് ശ്രീപാദംകൊട്ടാരത്തിലെ സ്ഥിതിയും ഇങ്ങനെയല്ല ആകപ്പാടെ എന്നാണ് ഉറപ്പ്. എങ്ങനെയാക്കവുന്നാലും അതു ഒരാൾ തനിച്ചുള്ള ഭരണമാണ്. സഭയിലെ ഈ പ്രമുഖരായ മെമ്പറന്മാർ പറഞ്ഞതുപോലെ സഭയ്ക്കു അതിനേമേലുള്ള അധികാരവും ഇല്ലാതെയാകുന്നു.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): അങ്ങനെങ്കിൽ നമ്മുടെ അവകാശങ്ങൾ ഒഴിഞ്ഞുകൊടുക്കുന്നതായി വരുന്നില്ലേ?

മി: ടി. താണുപിള്ള (തിരുവനന്തപുരം): ഉണ്ട്. അങ്ങിനെതന്നെ. പൊതുനികുതി പിരിക്കുന്നതിൽ ഉദ്യോഗസ്ഥന്മാരുടെ ഉപേക്ഷയോ നടപടി പിശകോ ഉണ്ടാകുന്നപക്ഷം അതിനെപ്പറ്റി നമുക്കു കൌൺസിലിൽ ചോദ്യംചെയ്യാം. എന്നാൽ ഈ സംഗതിയിൽ ഈ നിയമംകൊണ്ട് ഈ അവകാശം നമുക്കില്ല. ഈ നിയമം പാസ്സായാൽ വസ്തു ഉടമസ്ഥന്മാർക്കു വലിയ ആപത്തൊന്നും എന്നു ഏറ്റിക്കയേയുള്ളൂ. അതുകൊണ്ടു എന്റെ ഉപക്ഷേപത്തെ ഞാൻ പിൻവലിച്ചുകൊള്ളുന്നു പറയുന്നു.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സക്കാർവക്കീൽ): സർ, പൊതുനികുതിപിരിവു റഗുലേഷൻ അനുസരിച്ചു ശ്രീപാദംകൊട്ടാരത്തിലേക്കുള്ള കരം പൊതുനികുതി ശേഖരത്തിൽ ഗണിക്കപ്പെട്ടിട്ടുള്ളതു് ഒരു തീർച്ചപ്പെട്ട സംഗതിയാണ്.

മി: എ. താണുപിള്ള (തിരുവനന്തപുരം): അതു് കരം പിരിവിനുമാത്രമല്ലാതെ മറ്റു കാര്യങ്ങൾക്കുകൂടിയുള്ളതാണെന്നു അല്ലെയല്ലോ.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സക്കാർവക്കീൽ). നികുതിപിരിവിനായി മാത്രമുള്ള അർത്ഥത്തിൽ പൊതുനികുതിയായി ഗണിച്ചിരിക്കുന്നുഎന്ന ഭാഗം ഞാൻ സമ്മതിക്കാം. നമുക്കിപ്പോൾ ആവശ്യമുള്ളതു് അതു മാത്രമേയുള്ളൂ. അതു തീർച്ചപ്പെട്ടുകിട്ടുവും ഇന്നു അതിനെപ്പറ്റി ചോദ്യംചെയ്യാൻപാടില്ലാത്തതും ഈ വാദപ്രതിവാദത്തിൽ ഈ സഭയ്ക്കു എടുക്കാൻ പാടില്ലാത്തതുമാണ്. ആ നിലക്ക് മുൻകൂട്ടമാനിക്കേണ്ടതും സമ്മതിക്കേണ്ടതും മറ്റു പൊതുനികുതികൾ പിരിക്കുന്നതുപോലെ ആ പൊതുനികുതിയും, സാധാരണ പൊതുനികുതിപിരിവു നടപടികളും പിരിക്കപ്പെടണം എന്നാണ് അതിനും യാതൊരു ചോദ്യങ്ങൾക്കും ഇടയുണ്ടാകാൻപാടില്ല.

ഇപ്പോൾ ആലോചിക്കേണ്ടകാര്യം ഈ നികുതിപിരിവു നടത്തേണ്ടതു് ആർ മുഖാന്തിരം വേണമെന്നാണ്. സർ, ഗവർണ്മെന്റിലേക്കുള്ള സാധാരണ പൊതുനികുതി ഗവർണ്മെന്റിൽനിന്നും ഉദ്യോഗസ്ഥന്മാരാൽ പിരിക്കപ്പെടുന്നു. ഇപ്പോൾ നിർദ്ദേശിക്കപ്പെട്ടിട്ടുള്ളതു് ദേശീയസ്ഥാപനങ്ങളുടെയും ശ്രീപാദം കൊട്ടാരത്തിലേയും ഉദ്യോഗസ്ഥന്മാർക്കു അധികാരം കൊടുത്തു, ഗവർണ്മെന്റുദ്യോഗസ്ഥന്മാർ ഗവർണ്മെന്റിലേക്കുള്ളതുപോലെ അവർക്കുള്ള കരവും പിരിക്കണമെന്നുള്ളതാണ്. അന്യോദ്യോഗസ്ഥരെന്നവരുടെ ഇന്നുവരെയുള്ള പ്രസംഗത്തിൽനിന്നും അവരുടെ വിമർശനങ്ങളിൽനിന്നും ഏവനും മനസ്സിലാകുന്നതു് ഗവർണ്മെന്റു അവരുടെ സ്വന്തം പ്രവൃത്തിയാരന്മാരെയും സ്വന്തം തഹസീൽദാരന്മാരെയും സ്വന്തം പേഷ്കാരന്മാരെയും നിയമിക്കുന്നതായാൽ ഈ വക നികുതിപിരിക്കുന്നതിനുള്ള അധികാരം കൊടുക്കുന്നതിൽ ഈ സഭക്കു പൂർണ്ണസമ്മതമുണ്ടെന്നാണ്. എന്നാൽ അവരുടെ ആക്ഷേപം ഗവർണ്മെന്റു ഈ അധികാരം ധർമ്മർണ്മെന്റിനെ ഒരു സിൽബന്ധിയല്ലാത്ത ഒരാൾക്ക് കൊടുക്കുന്നതിലാണ്. അവർ ഇങ്ങിനെ പറയുന്നു. നിയമം നിർബ്ബന്ധമാക്കുന്നതിനു ഗവർണ്മെന്റു ആരെയെങ്കിലും ആക്കട്ടെ അയാൾ ബി. എ. ക്കാരനായാലും വേണ്ടില്ലാ ബി. എ. അല്ലാത്തവനായാലും വേണ്ടില്ല

പറിപ്പുള്ളവനായാലും വേണ്ടില്ലാ, പഠിപ്പില്ലാത്തവനായാലും വേണ്ടില്ല, പാർവത്യകാരനായാ, ഗവൺമെൻറുദ്യോ
കയാ, പേഷ്കാരനായാ നിയമിക്കണം. എന്നാൽ ശ്രീപാദംകൊട്ടാരത്തിലെ ഏതെങ്കിലും സിൽബന്ധികളെ അ
യാൾ ലോകത്തിലെ പരമയോഗ്യൻതന്നെ ആയിരിക്കട്ടെ ഈ അധികാരം കൊടുക്കണമെപക്ഷം, അയാ പാർ
ല്ലായെന്നു അവർ പറയുന്നു. ഈ നില മനസ്സിലാക്കാൻ പ്രയാസമുണ്ടെന്നു ഞാൻ താഴ്മയായി പറഞ്ഞുകൊള്ളു
ന്നു. ഗവണ്മെൻറുവക ഉദ്യോഗസ്ഥന്മാരുടെപേരിൽ ഗവണ്മെൻറിനു അധികാരമുണ്ടെന്നും അവരുടെ ഔദ്യോ
ഗിക പീഢകൊണ്ടു ഈ സഭയോടു ഗവണ്മെൻറു ഉത്തരം പറയണമെന്നും ഉള്ളതുകൊണ്ടു ഞാൻ സമ്മതിക്കുന്നു.
എന്നാൽ ഈ ബിൽകൊണ്ടു ചെയ്യുവയ്ക്കുന്നതു പൊട്ടന്നനവെ ശ്രീപാദം സിൽബന്ധികാർക്കു അധികാരംകൊ
ടുക്കുന്ന പ്രവൃത്തിയല്ല. നിർദ്ദേശിക്കപ്പെട്ടിട്ടുള്ളതു ശ്രീപാദം സിൽബന്ധികാർക്കു അധികാരം കൊടുക്കേണ്ടതി
ലേക്കു ഗവണ്മെൻറിനു ഒരു സ്ഥായം കൊടുക്കുകമാത്രമാണ്. ഗവണ്മെൻറു അപ്രിപേക്ഷിയായിട്ടോ, യുക്തമ
ല്ലാതെയോ, തെറ്റായിട്ടോ പ്രവൃത്തിക്കുന്നതായി കണ്ടാൽ, ഈ സഭക്കു അവരെ താക്കീതുചെയ്യുന്നതിനോ അ
റക്കുവായി ഈ വകുപ്പിനെതന്നെ റദ്ദാക്കുന്നതിനോ യത്നിക്കാം. ആ അധികാരം ഈ സഭക്കുള്ളപ്പോൾ
ശ്രീപാദംകൊട്ടാരം സിൽബന്ധികാർക്കും ഈ അധികാരം കൊടുക്കുന്നതിൽ എന്തു ആക്ഷേപമാണുള്ളതെന്നാ
ണു ഞാൻ ചോദിക്കുന്നതു്.

മി: എ. താണുപിള്ള (തിരുവനന്തപുരം): ശ്രീപാദം സിൽബന്ധികളുടെ പ്രവൃത്തിയെപ്പറ്റി ഇവി
ടെ ചോദ്യംചെയ്യാൻ പാടില്ലെന്നു മാ മെമ്പർ സമ്മതിക്കുന്നോ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഫെഡ് സക്രട്ടർവക്കീൽ): ഞാൻ അതു സമ്മതിക്കാ
ൻ തയാറാണ്.

മി: താണുപിള്ള (തിരുവനന്തപുരം): ഗവണ്മെൻറു ആഫീസർമാരെ നിയന്ത്രിക്കാനുള്ള അധികാരം ഈ
സഭക്കുണ്ടെന്നു മെമ്പർ സമ്മതിക്കുന്നോ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഫെഡ് സക്രട്ടർവക്കീൽ): ഇല്ല ഞാൻ സമ്മതിക്കു
ന്നില്ല. സഭയുടെ ബന്ധം ഗവണ്മെൻറുമായിട്ടാണ്, ഗവണ്മെൻറു അവരുടെ ആഫീസറന്മാരുടെ കാര്യങ്ങൾ
ക്കു ഉത്തരംപറയും.

മി: എ. താണുപിള്ള (തിരുവനന്തപുരം): എന്നാൽ സഭക്കു ആഫീസറന്മാരുടെ പ്രവൃത്തിയെപ്പറ്റി
ഇവിടെ പ്രസ്താപിക്കാൻ പാടില്ലെ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഫെഡ് സക്രട്ടർവക്കീൽ): അതെ.

മി: എ. താണുപിള്ള (തിരുവനന്തപുരം): ശ്രീപാദംകൊട്ടാരത്തിലെ സിൽബന്ധികളുടെ പ്രവൃത്തിയെ
പ്പറ്റി, ഈ ബിൽ പാസായതിനുശേഷവും, വാദപ്രതിവാദം ചെയ്യാൻ പാടുണ്ടെന്നു മാ മെമ്പർ സമ്മ
തിക്കുന്നോ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഫെഡ് സക്രട്ടർവക്കീൽ): അങ്ങിനെതന്നെയെന്നിരി
ക്കട്ടെ. അതുകൊണ്ടു എന്തു പ്രകാരമുള്ള ലാഭമാണുള്ളതു്? ഈ സഭക്കു സംസ്ഥാനത്തെ യാതൊരു ഉദ്യോഗസ്ഥനെ
പ്പറ്റിയും കുറ്റംപറയുന്നതിനോ ചർച്ചയുണ്ടാക്കുന്നതിനോ ഡിസ്മിസ്സ് ചെയ്യുന്നതിനോ യാതൊ
രു അധികാരവും ഇല്ല.

മി: കെ. പി. നാരായണപ്പിള്ള (ചിറയിൻകീഴ്): ഗവണ്മെൻറിലെ ഒരു ഉദ്യോഗസ്ഥനെ ഡിസ്മിസ്സ്ചെ
യ്യണമെന്നുള്ള ഒരു നിശ്ചയം ഈ സഭക്കു പാസാക്കാൻ പാടില്ലേ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഫെഡ് സക്രട്ടർ വക്കീൽ): അങ്ങിനെയാണെങ്കിലും അതു ഒരു ഏപ്പർശയായിട്ടെ ഗണിക്കയുള്ളൂ.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ശ്രീപദ്മം സിൽബന്ധികളെ സംബന്ധിച്ചോ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഫെഡ് സക്രട്ടർ വക്കീൽ): ശ്രീപാദം സിൽബന്ധി
കളെ സംബന്ധിച്ചു അങ്ങിനെ പാടില്ലെന്നു ഞാൻ സമ്മതിക്കുന്നു. ഞാൻ പറഞ്ഞുവന്നതു സഭ ചുമത്തപ്പെട്ടി
രിക്കുന്നതു ഗവണ്മെൻറിനോടാണെന്നാണ് ഈ സഭയുടെ ആജ്ഞ അനുസരിച്ചു ഗവണ്മെൻറു പ്രവൃത്തിച്ചില്ലെ
ങ്കിൽ ഗവണ്മെൻറിനെ കുറ്റപ്പെടുത്താൻ ഈ സഭക്കു പൂർണ്ണ അധികാരം ഉണ്ടു്. അതു പോലെ തന്നെ, ഗവ
ണ്മെൻറു ഈ അധികാരം കൊടുക്കുന്ന കാര്യത്തിൽ തന്നെയും, അധികാരം ഉപയോഗിക്കുന്ന കാര്യത്തിൽ ഗവ
ണ്മെൻറു കുറ്റക്കാരനായി കണ്ടാൽ, സഭക്കു ഗവണ്മെൻറിനെ കുറ്റപ്പെടുത്തി ഉപക്ഷേപം പാസാക്കാവുന്ന
താണു ഈ വകുപ്പിനെ നിലനിന്നിൽ നിന്നു എടുത്തു കളയാവുന്നതാണു്. ആ അധികാരം ഈ സഭക്കു
ഉള്ളിടത്തോളം കാലം, മെമ്പർമാർ സങ്കല്പിതകാരണങ്ങളെ പറഞ്ഞു ഈ ബില്ലിനെ ആക്ഷേപിക്കുന്നതിൻറെ അ
ർത്ഥം മനസ്സിലാകുന്നില്ല. കുതകു തല്ലി കൊളുത്തുക മുതലായ വിവിധഗർഹ്യകൃത്യങ്ങളെപ്പറ്റി മെമ്പർമാർ സങ്ക
ല്പിച്ചു പറകയുണ്ടായി.

മി: എ. ഏസ്സ്. മോഹനദാസൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഇപ്പോൾ ഈ അധികാ
രമാരെ കൊടുക്കേണ്ടിവന്നതിൻറെ കാരണം മാ മെമ്പർ അറിയിക്കുമോ?

ഡഡപ്യൂട്ടിപ്രസിഡൻറ്: അതിനുള്ള സമയം അവസാനിപ്പിച്ചതിൽ പിന്നെ ചോദ്യം ചോദിക്കണ്ട.

മി: കെ. പി നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): സംസ്ഥാനത്തെ വക സാധാരണയുള്ള പാർവത്യ
കാർന്മാരുടെ കയ്യുന്നിൽ ഇങ്ങിനെയുള്ള കയ്യും, ഗവണ്മെൻറിൻറെ അറിവിൽ ഉണ്ടായിട്ടുണ്ടെന്നു മെമ്പർ
പറഞ്ഞു തന്നാൽ കൊള്ളാം. ശ്രീപാദം ചൊട്ടാമം സംബന്ധിച്ചേടത്തോളം മാത്രം ഇങ്ങിനെ വരുമെന്നു വി
ചാരിക്കുന്നതു സഭയുടെ ഈ പ്രത്യേകമെമ്പർമാരുടെ മനസ്സിലെ സങ്കല്പം മാത്രമാണോ? സാധാരണ പാർ
ത്യകാരന്മാരുടെ സ്വഭാവം കണ്ടുവരുന്ന ഉപ്പ്രവൃത്തികൾ ശ്രീപാദം കൊട്ടാരത്തിലെ പാർവത്യകാരന്മാരിലും
കണ്ടേക്കാം എന്നു നാം വിചാരിക്കേണ്ടതല്ല.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഫെഡ് സക്രട്ടർവക്കീൽ): ഗവണ്മെൻറാണ് ആ പാ
ർവത്യകാരനെ നിയമിച്ചതു അതുകൊണ്ടു മറ്റൊരു പാർവത്യകാരനെ തെറ്റായി പ്രവർത്തിക്കുവാൻ സാധിക്കു
ന്നില്ല എന്നു ഒരു മെമ്പർ മറ്റൊരു പറയാനുള്ള പ്രയാസമുണ്ടു്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഈ നിയമം പാസാക്കി കിട്ടുന്നതിലേക്കു ഞങ്ങൾ പാർവതീകാരന്മാരുടെ ഉഷ്ണപ്രവൃത്തികളെ ചൂണ്ടിക്കാണിച്ചു തരണമെന്നാണോ, ലാ മെമ്പറുടെ വാദം?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഫൊഡ് സർക്കാർ വക്കീൽ): ഈ ബില്ലിനെ എതിർത്തു പറയുമ്പോൾ, അങ്ങിനെയുള്ളതായ വാക്കുകളുപയോഗിച്ചു പറയണം. കേവലം സംഭാഷണമായിട്ടു പറഞ്ഞാൽ പോരാ.

ആ അധികാരങ്ങളെ ഈ സഭ തിരികെ എടുത്തുകളയാമെന്നുള്ളിടത്തോളം കാലം, ഞാൻ ചോദിച്ചുകൊള്ളട്ടെ, 'ഗവണ്മെൻറ് നിഷ്പക്ഷമായും ദോഷമായി പെരുമാറുന്നതാണെന്നു നിങ്ങൾക്കു ബോദ്ധ്യപ്പെട്ടത്താൻ കഴിയാത്ത സ്ഥിതിക്കു ഇപ്പോൾ ഈ അധികാരം കൊടുക്കുന്നതിനെ ന്യായീകരിക്കുന്നു. മേലിൽ വരേണ്ടുന്ന ദോഷങ്ങളെപ്പറ്റിയാണെങ്കിൽ ഇപ്പോൾ കൊടുക്കുന്നതിനെ വീണ്ടെടുക്കാനുള്ള അധികാരം ഉണ്ടു'.

സർ, ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതായ വേറൊരു സംഗതി, മജിസ്ട്രേന്മാർ ബി. എ. ക്കാരോ മറ്റോ ആയിരിക്കണം എന്നു പറഞ്ഞതിനെപ്പറ്റിയാണ്. ഞാൻ ചോദിക്കുന്നു. ഇപ്പോഴത്തെ നിയമം വല്ലതും ഉണ്ടായിട്ടാണോ ഗവണ്മെൻറ് ഈ ചട്ടം ഉണ്ടാക്കിയതു്. എല്ലാ മജിസ്ട്രേന്മാരും ബി. എ. ക്കാരായിരിക്കണമെന്നു ഈ സഭ വല്ല ശുപാർശയും ചെയ്തിട്ടുണ്ടോ? ഇല്ല. ഗവണ്മെൻറ് അവരുടെ കടമ ചെയ്തു. അങ്ങിനെയിരിക്കെ, ഈ കാര്യത്തിലും ഈ സഭക്കു ഗവണ്മെൻറിനെ വിശ്വസിച്ചിരിക്കുന്നതിൽ തരക്കേടുണ്ടോ? നിയമപ്രകാരമന്യായം പ്രവൃത്തിക്കുന്നവരും യോഗ്യന്മാരും ആയവർക്കു മാത്രമേ ഈ അധികാരം ഗവണ്മെൻറ് കൊടുക്കുകയുള്ളു എന്നു വിശ്വസിക്കാൻ പാടില്ലെന്നുണ്ടോ?

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഗവണ്മെൻറ് ഈ ചട്ടം പ്രവർത്തിപ്പിക്കുന്നതിനുള്ള സ്വയം തേടിയിട്ടു തന്നെയാണോ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഫൊഡ് സർക്കാർ വക്കീൽ): എന്റെ വിശ്വാസം അങ്ങിനെ തന്നെ.

മജിസ്ട്രേന്മാർ ബി. എ. ക്കാരായിരിക്കണമെന്നുണ്ടോ? പറഞ്ഞ കാര്യത്തെപ്പറ്റി, ഈ സഭ അങ്ങിനെവേണമെന്നു വല്ല നിബന്ധനയും പാസാക്കിയിട്ടുണ്ടോ? അങ്ങിനെ ഉണ്ടായിട്ടില്ലെങ്കിൽ, ഗവണ്മെൻറ് അങ്ങനെ ചെയ്യരുതെന്തിനാണ്? അതു കൊണ്ടു ഞാൻ ചോദിക്കുന്നതു ഈ അധികാരം കൊടുക്കുന്നതിനു ഗവണ്മെൻറിനെ വിശ്വസിക്കരുതോ എന്നാണ്. ഞാൻ പറഞ്ഞതു പോലെ, ഗവണ്മെൻറ് അന്യായമായി പ്രവൃത്തിച്ചാൽ, സഭക്കു ആ അധികാരം തിരികെ എടുത്തുകളയാമല്ലോ. സഭക്കു ആ അധികാരം ഇരിക്കുന്ന സ്ഥിതിക്കു ശ്രീപാദം കൊട്ടാരം സിൽബന്ധികളുടെ മേൽ, സഭയ്ക്കു അധികാരമില്ലെന്നും തെരിട്ടു അവരെ കുറ്റപ്പെടുത്തരുതെന്നും പാടില്ലെന്നും പറയുന്ന ന്യായക്ഷേപം മനസ്സിലാകുന്നില്ല.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അവക്കു ഇപ്പോൾ ഉള്ളതായ അധികാരം ഇരിക്കുന്നിട്ടും, അനവധി അവസരങ്ങൾക്കും ഉണ്ടായിരിക്കുന്ന പ്രയാസം മെമ്പറിനെ അറിയിച്ചു കൊള്ളുന്നു. ലുബ്ധിടക്കുടിയാന്മാർ ഹൊണേറി റിജിസ്റ്റർ തിരുമനസിലേക്കു ഒരു മെമ്മോറിയൽ സമർപ്പിക്കയുണ്ടായി.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഫൊഡ് സർക്കാർ വക്കീൽ): ഈ വിവരം സമ്മതിച്ചു കൊള്ളാം. തർക്കകാര്യത്തിനെ അതു ഒട്ടും സ്പർശിക്കുന്നില്ല. കാര്യം, ഗവണ്മെൻറിനു തക്കതായ അളുകൾക്കു അധികാരം കൊടുക്കാൻ സാധിക്കുമില്ലെ എന്നാണ്. ശരിയായി ആ അധികാരം ഉപയോഗിക്കാൻപാടില്ലാതെ വന്നവല്ല ലക്ഷ്യവും ഉണ്ടായിട്ടുണ്ടോ?

മി: പി. താണുപിള്ള (തിരുവനന്തപുരം): ഈ കൌൺസിൽ ഇല്ലാതെ തന്നെ ഗവണ്മെൻറിനു കാര്യം ശരിയായി നിർവഹിക്കാൻ പാടില്ലെന്നുണ്ടോ? എന്നാൽ ഈ കൌൺസിലിനെ കൊണ്ടു ആവശ്യമെന്താണു?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഫൊഡ് സർക്കാർ വക്കീൽ): കൌൺസിലിനെ ഉപയോഗത്തെപ്പറ്റി ഒരു മൂന്നു മണിക്കൂർ നേരം ഞാൻ വേണമെങ്കിൽ പ്രസംഗിക്കാം; എന്നാൽ അതു തർക്കവിഷയത്തിനു യോജിച്ചുവരുന്ന ഒരു കാര്യമല്ല.

സർ, അതുകൊണ്ടു എന്റെ സമർപ്പണം ഏതെന്നാൽ ഗവണ്മെൻറ് അന്യായമായി പെരുമാറുമെന്നോ പെരുമാറിയതായിട്ടോ യാതൊരു മെമ്പറും സമ്മതിച്ചിട്ടില്ലാത്ത സ്ഥിതിക്കു, ഈ ബില്ലിനെ എതുക്കാൻ യാതൊരു കാരണവും ഇല്ല എന്നാണ്.

ശ്രീപാദം കൊട്ടാരത്തിലെ സിൽബന്ധികളുടെ മേൽ ഉള്ള മേലധികാരം സംബന്ധിച്ചു, ഞാൻ മുൻ പറഞ്ഞതുപോലെ അതു അവരുടെ ഉദ്യോഗജോലികളെ സംബന്ധിച്ചുകൊണ്ടു അല്ലെങ്കിൽ അവരെ സംബന്ധിച്ചുമാകാം. അവരുടെ ജോലിയെ സംബന്ധിച്ചു കരംപിരിവു റവന്യൂ റിവിഷൻ മുതലായ കാര്യങ്ങളിൽ ബഹുലമായി വ്യവസ്ഥപ്പെടുത്തീട്ടുള്ളതു ഇപ്രകാരമാണ്. ''ഈ റവന്യൂ റിവിഷനിലെ വ്യവസ്ഥകളനുസരിച്ചു പാർവതീകാരനോ, മജിസ്ട്രേന്മാരോ, ഡിവിഷൻ പേഷ്കാരോ പാസാക്കിയതോ പ്രവർത്തിച്ചതോ ആയ ഏതു ഉത്തരവോ നടപടിയെയോ, ദിവാൻജിക്കു മതിയായ കാരണത്തിന്മേൽ, പരിശോധിച്ചു ഭേദഗതി ചെയ്യാവുന്നതും, അല്ലെങ്കിൽ, അപാകതയേയോ, ചില കേസ്സിലൊ ചിലതരം കേസ്സുകളിലൊ മാത്രമായി ആ പരിശോധനാധികാരം ലാൻറ് റവന്യൂവും ഇൻകം ടാക്സും കമ്മീഷണരെ ഏല്പിക്കയോ ചെയ്യാവുന്നതുമാണ്.'' ശ്രീപാദം സിൽബന്ധികൾക്കു ലാൻറ് റവന്യൂവും ഇൻകം ടാക്സും കമ്മീഷണരുടെ അധികാരം കൊടുക്കുന്നതിനുള്ള ധാരണയെ നിർത്തിയേയും ഇപ്പോൾ ഇല്ലെന്നുള്ളതിനെ പ്രത്യേകം അറിയേണ്ടതാണെന്നു ഞാൻ സഭയോടു അപേക്ഷിച്ചുകൊള്ളുന്നു. പാർവതീകാരൻറെയും മജിസ്ട്രേന്മാരുടെയും പേഷ്കാരുടെയും അധികാരങ്ങൾ ശ്രീപാദം സിൽബന്ധികളിൽ ഉണ്ടായേക്കാം, എന്നാൽ പരമാധികാരങ്ങൾ ഗവണ്മെൻറിനൊ ലാൻറ്റവന്യൂകമ്മിഷണർക്കൊ ആയിരിക്കുന്നതാണ്. പരിശോധനാധികാരത്തിൽ ദിവാൻജിക്കു മതിയായ കാരണത്തിന്മേൽ ഏതു ഉത്തരവും ഭേദപ്പെടുത്താം. പരിശോധനാധികാരത്തെ യാതൊരു വിധത്തിലും ക്ലിപ്തപ്പെടുത്തിയിട്ടില്ല. ക്ലിപ്തപ്പെടുത്തിയിട്ടുള്ള സിവിൽകോടതികളുടെ പരിശോധനാധികാരത്തെ ഓർത്തു മി: താണുപിള്ളക്കു തെറ്റിപ്പോയിരിക്കാം. ഈ വകുപ്പു യാതൊന്നും ക്ലിപ്തപ്പെടുത്തിയിട്ടില്ല. ഈ വകുപ്പനുസരിച്ചു പ്രവർത്തിക്കുന്നതായാൽ, അൽക്കുലേത്തു തോന്നിവാസമനുസരിച്ചു പ്രവർത്തിച്ചു എന്നു പറയാൻ തരമില്ല. 'പരിശോധന' എന്ന പദം വളരെ സമഗ്രമായിട്ടുള്ളതാണ്.

മി: ഏ. താണുപിള്ള (തിരുവനന്തപുരം): പരിശോധനയും അപ്പീലും തമ്മിൽ അർത്ഥത്തിനു വ്യത്യാസമുണ്ടെന്നു മെസറിനറിയാമോ?

ഡപ്യൂട്ടി പ്രസിഡന്റ്: ഈ വകുപ്പിൻപ്രകാരം വിട്ടുകൊടുക്കുന്ന അധികാരം, തഹശീൽദാരുടെയും പാർവത്യകാരുടേയും അധികാരങ്ങളെ മാത്രമുള്ളു എന്നു നിങ്ങൾ വ്യവസ്ഥപ്പെടുത്താൻ തയാറുണ്ടോ

മി: കുഞ്ഞാലം പരമേശ്വരൻപിള്ള (അഡീഷനൽ ഫെഡ് സക്കാർ വക്കീൽ): തൽക്കാലം ഗവണ്മെന്റിന്റെ ഉദ്ദേശം തഹശീൽദാരുടേയും പാർവത്യകാരുടെയും അധികാരം കൊടുത്താൽ മാത്രം മതിയെന്നാണ്. ശ്രീപാദം കൊട്ടാരസിൽബന്ധിക്കു പേഷ്കാരുടെ അധികാരം കൊടുക്കണമെന്നു ഒരിക്കലും ഉദ്ദേശിച്ചിരുന്നില്ല. ഈ ബിൽ പാസാക്കി കിട്ടാനായി ഈ പറയുന്നതു ഒരു കരാറാക്കി വിചാരിക്കരുതു്. നടന്ന സംഗതിയെമാത്രം നോക്കി പറയുകയാണെങ്കിൽ പേഷ്കാരുടെ അധികാരം ശ്രീപാദം കൊട്ടാരസിൽബന്ധികൾക്കു കൊടുക്കണമെന്നു ഗവണ്മെന്റു വിചാരിച്ചില്ല. എങ്കിലും, ഒരു വകുപ്പു ഭേദപ്പെടുത്തുമ്പോൾ, അതു പൊതുവിൽ ഭേദഗതി ചെയ്യണം. പ്രത്യേകിച്ചു ഇവിടെ പേഷ്കാരുടെ അധികാരം മുനിസിപ്പാലിറ്റി പ്രസിഡന്റുമാർക്കു കൊടുക്കേണ്ടിയിരിക്കുന്നു.

മി: ഏ. താണുപിള്ള (തിരുവനന്തപുരം): ആരാം തൊഴുമ്പോൾ, നിയമകർത്താക്കളുടെ ഉദ്ദേശവും തെറ്റും എന്നു വല്ലതും കാണുന്നുണ്ടോ?

മി: കുഞ്ഞാലം പരമേശ്വരൻപിള്ള (അഡീഷണൽ ഫെഡ് സക്കാർ വക്കീൽ): അങ്ങനെ ഒന്നും ഇല്ല.

പേഷ്കാരുടെ അധികാരം ശ്രീപാദം സിൽബന്ധികൾക്കു കൊടുക്കാൻ ഗവണ്മെന്റു വിചാരിക്കുന്നു എന്നു ഞാൻ പറയുന്നതിനെ ധിക്കരിക്കണം. ഞങ്ങളുടെ മനസിൽ തഹശീൽദാർ, പാർവത്യകാർ ഇവരുടെ അധികാരം കൊടുക്കണമെന്ന മാത്രമേ ഉണ്ടായിരുന്നുള്ളു. അങ്ങനെ രേഖാമൂലം ക്ലിപ്തമാക്കിയില്ലെങ്കിലും മറ്റുള്ള അധികാരം ശ്രീപാദം സിൽബന്ധികൾക്കു കൊടുക്കാനാണ് ഇവിടെ ഉദ്ദേശിച്ചിരിക്കുന്നതു്.

സിൽബന്ധികളുടെ ഉദ്യോഗസംബന്ധമായ പ്രവൃത്തികളെ പരാതിപ്പെടുന്ന കാര്യത്തിൽ, ഗവണ്മെന്റിനു വേണമെങ്കിൽ അധികാരം തിരികെ എടുക്കാൽ കഴിയും. മി: ഓഫോർനാശാണ് അതിൽ സ്വല്പം സംശയം ജനിച്ചിട്ടുണ്ടു്. ഗവണ്മെന്റിനുള്ള അധികാരത്തിൽ, പിൻവലിക്കാനുള്ള അവകാശമുണ്ടെന്നുള്ളതിനു ഒരു ഭേദഗതി മി: ആശാൻ കൊണ്ടുവന്നാൽ, നോട്ടീസ്സു കൊടുക്കാതെയില്ലാതെ ഞാൻ അതു സ്വീകരിക്കാൻ തയ്യാറാണ്.

മി: ഏ. താണുപിള്ള (തിരുവനന്തപുരം): അതു ഒരു സാരമായിട്ടുള്ള ആക്ഷേപമാണോ? അധികാരം കൊടുക്കുകൽ സാധിക്കുമെങ്കിൽ അധികാരം എടുത്തുകളയുന്നതു സാധിക്കുകയില്ലേ?

ഡപ്യൂട്ടിപ്രസിഡന്റ്: അങ്ങനെ എന്തോ പറഞ്ഞതു മി. ആശാന്റെ തെറ്റിദ്ധാരണയെ തീർക്കാനാണ്. മി. പരമേശ്വരൻപിള്ള പറയുന്നതു മി. ആശാൻ അങ്ങിനെ ഒരു ഭേദഗതി കൊണ്ടുവരുകയാണെങ്കിൽ അതു സ്വീകരിച്ചേക്കാമെന്നാണ് .

മി: കുഞ്ഞാലം പരമേശ്വരൻപിള്ള (അഡീഷനൽ ഫെഡ്സക്കർവക്കീൽ): ഗവണ്മെന്റു ഈ അധികാരം പിൻവലിക്കുന്നതായാൽ ശ്രീപാദം ജോലിക്കാരുടമേൽ ഇതിൽപരം ഒരു അധികാരം ഉപയോഗിക്കാനില്ല. അതു അവരെ ഡിസ്മിസ്സുചെയ്യുന്നതിനുമല്ലാതാണ്. അധികാരം പിൻവലിച്ചാൽ അതേസംബന്ധിച്ചു ഗവണ്മെന്റു അവരെ ഡിസ്മിസ്സ് ചെയ്യുമാണ്.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): ശ്രീപാദം കൊട്ടാരം സിൽബന്ധികളുടെ കുറ്റങ്ങൾ ദിവാന്റെ അറിവിൽ കൊണ്ടുവരുന്നതു ആരായിരിക്കും?

മി: കുഞ്ഞാലം പരമേശ്വരൻപിള്ള (അഡീഷനൽ ഫെഡ്സക്കർവക്കീൽ): മി. കെ. പി നീലകണ്ഠപ്പിള്ളക്കു തന്നെയോ ഈ സ്ഥലത്തുള്ളവരുടെ മറ്റുവല്ലതിനുമോ ദിവാന്റെ അറിവിൽ കൊണ്ടുവരാം; അതിനെന്താണ അപാകം. അതിനെസംബന്ധിച്ചു ഒരു കുറവും വരുത്തിയിട്ടില്ല.

ഇവയ്ക്കു എല്ലാത്തിനുംപുറമെ എല്ലുപൊടിക്കുന്നതിനു വളരെ വിലമതിപ്പുള്ള ഒരു പൊരാവകാശം ഉണ്ടു്. അതായതു സിവിൽകോടതിമുഖേന നിവൃത്തി നേടുന്നതിനുള്ള അവകാശം ഈ റഗുലേഷനിൽ അതു വിസ്തരിച്ചു പ്രമാണം ചെയ്യപ്പെട്ടിട്ടുണ്ട്. ആ വകുപ്പു ഇപ്രകാരമാണ്.—

"കക്ഷികളിൽനിന്നു പിരിയേണ്ടതോ പിരിയേണ്ടതായോ വിചാരിച്ചുവന്നതോ ആയ കരത്തിനായിട്ടു ഈ റഗുലേഷൻ അനുസരിച്ചു പാസാക്കപ്പെട്ടതോ നടത്തപ്പെട്ടതോ അല്ലെങ്കിൽ അപ്രകാരം പാസാക്കപ്പെട്ടതോ ആയി ഗണിക്കുന്നതോ ആയ ചൂതെങ്കിലും തീർച്ചയേയൊ ഉത്തരവിനേയോ നടപടിയേയോ സംബന്ധിച്ചു് ആ കക്ഷികൾക്കു സംകടം നേരിട്ടുന്നപക്ഷം അവക്ക് ഗവണ്മെന്റിനെ പ്രതിയാക്കി സിവിൽകോടതികളിൽ അന്യായപ്പെടുന്നതിനു ഈ റഗുലേഷനിൽ യാതൊന്നുതന്നെ ബാധകമായിവരുന്നതല്ല."

മി: ആർ. രാമൻപിള്ള (കോട്ടയം): സക്കാരിന്റെമേൽ ഒരന്യായംകൊടുത്തു വിധിസമ്പാദിക്കാൻ എത്രകാലം വേണ്ടിവരും.

മി. കുഞ്ഞാലം പരമേശ്വരൻപിള്ള (അഡീഷനൽ ഫെഡ്സക്കാർവക്കീൽ): ആ സംഗതിയേറെ.

ഡപ്യൂട്ടിപ്രസിഡന്റ്: കെട്ടിവരുപാർട്ടി ആയാൽതന്നെയും പത്തുപതിനാലുകൊല്ലം എടുക്കുന്നുണ്ട്.

മി: കുഞ്ഞാലം പരമേശ്വരൻപിള്ള (അഡീഷണൽ ഫെഡ്സക്കാർവക്കീൽ): കോടതിക്കു അധികാരമില്ലാത്തെ ഏതു സംഗതി കരംകൊടുക്കാനുള്ള ഇകയെസംബന്ധിച്ചുതെളിയുള്ള. എന്നെങ്കിലും കുഴപ്പംനേരിട്ടാൽ സംങ്കടക്കാരനു സിവിൽകോടതിയെ അടയപ്രാപിക്കാൻ പാടില്ലാതെയില്ല ഈ വകുപ്പിലെ വാചകവും ഇതിനുമുമ്പുമായി മറ്റു റഗുലേഷനുകളിലെ വാചകവും മെമ്പർമാർ താരതമ്യപ്പെടുത്തിനോക്കി ഏതാണ്ടു കൂട്ടൽ വ്യാപ്തികരമായതെന്നുപറഞ്ഞാൽകൊള്ളാം. അതുകൊണ്ടു ഒരു പൌരൻ അനിവാര്യമായി സങ്കടപ്പെടും എന്നു വിചാരിക്കാൻ ന്യായമില്ല.

മി: ഏ. താണുപിള്ള (തിരുവനന്തപുരം): വകുപ്പ് വ്യാപ്തിപരമാക്കിയതു്, അധികാരങ്ങൾ ഒരുപോയാഗപ്പെടുത്താൻ എളുപ്പമുള്ളതുകൊണ്ടല്ലേ?

ഡെപ്യൂട്ടിപ്രസിഡൻറ്: കൂടുതൽ പരിഗണനയും അധികാരങ്ങളും ഒഴിപ്പിക്കാതിരിക്കുന്നതാണ്.

മി: കുഞ്ഞാലം പരമേശ്വരൻപിള്ള (അഡീഷനൽ ഫൈഡ്സക്കാർവക്കിൽ): ഏതായാലും ഇടയ്ക്കിടെ സ്ഥലം മാറ്റപ്രവൃത്തിച്ചാൽ സകലരും സിവിൽകോടതിജഡ്ജന്മാരാകുന്നതിനുമുമ്പേ തന്നെ തിരുമനസ്സിലെ ഏകദേശം എണ്ണമെടുത്തിട്ടുണ്ട്. അങ്ങിനെ വരുമ്പോൾ ഗവണ്മെൻറ് ഉത്തരം പറയേണ്ടിവരും.

മി: ടി. സി. കേശവപിള്ള (കക്കുളവും-വിളവങ്കോടും): ശ്രീപാദം കരം എങ്ങിനെയാണ് നിശ്ചയിക്കുന്നത്? മറ്റു കരങ്ങൾപോലെ കണക്കെടുത്തു തീരുമാനം അനുസരിച്ചാണോ?

മി: കുഞ്ഞാലം പരമേശ്വരൻപിള്ള (അഡീഷനൽ ഫൈഡ്സക്കാർവക്കിൽ): സർ, ബില്ലിലേ വ്യവസ്ഥകളെ കുറിച്ചുള്ള കാര്യങ്ങളെപ്പറ്റി പറയേണ്ടിവരുന്നു.

മി: ടി. സി. കേശവപിള്ള (കക്കുളവും-വിളവങ്കോടും): ശ്രീപാദം വസ്തുക്കൾ കൊൺസിലിഡേഷൻ പരിധിയിൽ വരുന്നുണ്ടോ?

മി: കുഞ്ഞാലം പരമേശ്വരൻപിള്ള (അഡീഷനൽ ഫൈഡ്സക്കാർവക്കിൽ): ഇതെല്ലാം ബില്ലിന്റെ പരിധിയിൽപ്പെട്ട കാര്യമല്ല.

ഡെപ്യൂട്ടിപ്രസിഡൻറ്: ആ ചോദ്യം ചോദിക്കേണ്ടതായ ആവശ്യമില്ല.

മി: ടി. സി. കേശവപിള്ള (കക്കുളവും-വിളവങ്കോടും): ഞാൻ ഇവിടെ ചോദിച്ചു.—

ഡെപ്യൂട്ടിപ്രസിഡൻറ്: ശ്രീപാദം വസ്തുക്കളുടെ പട്ടം നിശ്ചയിച്ചതു ഏതുവിധത്തിലാണെന്നു നിങ്ങൾക്കു അറിയാമോ?

മി: ടി. സി. കേശവപിള്ള (കക്കുളവും-വിളവങ്കോടും): എനിക്കു തോന്നുകുടാ, അതാണ് ഇതുമെമ്പറോടു ചോദിച്ചതു?

മി: കുഞ്ഞാലം പരമേശ്വരൻപിള്ള (അഡീഷനൽ ഫൈഡ്സക്കാർവക്കിൽ): അതിനു മറുപടിതരാം. അതു കാര്യസംബന്ധമായ ഒരു സംഗതിയാണ്. എന്റെ അറിവു, അതു റവന്യൂ സൈറിൽമെൻറുകാര്യത്തു തീരുമാനിച്ചതായിട്ടാണ്.

മി: പി. എസ്സ്. മാധവരൈയ്യൻ (മാവേലിക്കരയും-കോഴിക്കുപ്പള്ളിയും): ഈ ബിൽ നിയമമാക്കേണ്ട ആവശ്യംഎന്താണെന്നു ലാമെമ്പർ പറയുമോ?

മി: കുഞ്ഞാലം പരമേശ്വരൻപിള്ള (അഡീഷനൽ ഫൈഡ്സക്കാർവക്കിൽ): ഇതിനുമുമ്പു പറഞ്ഞതുപോലെ സരിച്ചു് ഇപ്പോൾ ശ്രീപാദം കൊട്ടാരം സിൽബന്ധികൾ, കരക്കുടിശ്ശികവരുമ്പോഴെല്ലാം തഹശീൽദാരന്മാർക്കു എഴുതിഅയയ്ക്കുന്നതായിവരുന്നു. അധികാരം അവരിൽതന്നെ ഉണ്ടായിരുന്നതുകൊണ്ട് കാര്യങ്ങൾ ഒന്നുകൂടി എളുപ്പത്തിൽ നിയ്ഹിക്കാമെന്നുള്ളതാണ്, ഈ കഴിഞ്ഞകൊല്ലങ്ങളിൽ കുടിശ്ശിക വളരെ അധികപ്പെട്ടതായി എന്റെ കൈവശം കണക്കുണ്ട്. കുടിശ്ശികയുടെ എണ്ണം ൫൦൦൦ രൂതൽ ൭൦൦൦ വരേയൊ മറ്റോ കൂടീട്ടുണ്ട്.

മി: പി. താണുപിള്ള (തിരുവനന്തപുരം): തഹശീൽദാരന്മാരുടെ അടുക്കൽ കിടപ്പുള്ള കേസ്സുകൾ എത്രയാണ്?

മി: കുഞ്ഞാലം പരമേശ്വരൻപിള്ള (അഡീഷനൽ ഫൈഡ്സക്കാർവക്കിൽ): അതിലേക്കു കണക്കു ഇല്ല, കുടിശ്ശികയുസംബന്ധിച്ചു കണക്കുമാത്രം ഉണ്ടു്.

മി: പി. താണുപിള്ള (തിരുവനന്തപുരം): സാരമായ വല്ല കേസ്സും നിലവിൽ കിടപ്പുണ്ടോ? ശ്രീപാദം സിൽബന്ധികളുടെ കുറെതന്നെ ആയിരിക്കും.

മി: കുഞ്ഞാലം പരമേശ്വരൻപിള്ള (അഡീഷനൽ ഫൈഡ്സക്കാർവക്കിൽ): അവർക്കു തോന്നിയിട്ടുള്ള ആ തഹശീൽദാർക്കു കുടിശ്ശികയെച്ചൊല്ലി കരമിളിപ്പു നടക്കാൻ ഇടവരുന്നില്ല എന്നാണു്.

ഡെപ്യൂട്ടിപ്രസിഡൻറ്: മിസ്റ്റർതാണുപിള്ളയുടെ ഉപക്ഷേപം സഭയിൽസമർപ്പിക്കുന്നതിനുമുമ്പുതന്നെ സ്വല്പം വാക്കുകൾ പറഞ്ഞുകൊള്ളട്ടെ. കേവലം സാരമില്ലാത്ത ഒരു ചെറിയനിയമം വാലുപ്രതിവാദം ചെയ്യുന്നതിൽ ഒട്ടുവളരെ ക്ലേശിച്ചുമർശിപ്പിച്ചുതായിട്ടാണ കാണുന്നതു. മുൻസിപ്പാലാറ്റി, ശ്രീപാദം, മറ്റു മേഖലകൾ വരുത്തിക്കുവാനുള്ള സ്ഥാപനങ്ങൾ, ഇങ്ങനെ കുറെ ട്രൈബ്യൂണൽ സ്ഥാപനങ്ങൾക്കായി ഗവണ്മെൻറിൽ ഇതിനുമുമ്പേ സമർപ്പിച്ചുള്ളതായ കുറെ അധികാരങ്ങൾ, അവർക്കു ഏൽപ്പിച്ചുകൊടുക്കൽതന്നെ ഗവണ്മെൻറിനെ ഒരു അധികാരപ്പെടുത്തലാണു, എന്നുള്ളതാണ് ഇവിടെ പറഞ്ഞിരിക്കുന്നപ്രധാനസംഗതി. ചില പരിതസ്ഥിതിക്രമം കൊണ്ടു ഈ അധികാരങ്ങൾ ഏൽപ്പിച്ചുകൊടുക്കുന്നതിനു ഗവണ്മെൻറിനെ ചുമതലപ്പെടുത്തേണ്ടതായുണ്ടായതു ആവശ്യം ഉണ്ടെന്നുള്ളതിനാൽ: ഗൗരവമായ അഭിപ്രായവ്യത്യാസമുണ്ടെന്നു കാണുന്നില്ല. ഭാവനയും ചുരുങ്ങിക്കുറെ കാര്യങ്ങളിൽ അധികാരം ഏൽപ്പിച്ചുണ്ടെങ്കിലും ആവശ്യമെന്നു ഗവണ്മെൻറിനു തോന്നിക്കാണും, മുനിസിപ്പാലാറ്റികളെ സംബന്ധിച്ചിടത്തോളം, അങ്ങിനെ ഏൽപ്പിക്കേണ്ടതു, ഗവണ്മെൻറിന്റെ ഏറ്റവും ന്യായമായകടമയാണ്. അതിനെ പ്രതിക്ഷേപിച്ചു. ഈ സഭക്കു ഒന്നും പറയാനില്ല. വേറെചില വ്യക്തികൾക്കും കുറെ കാര്യങ്ങളിൽ, ഗവണ്മെൻറു അധികാരം കൊടുക്കുന്നതിലും ഈ സഭക്ക് ആക്ഷേപമില്ലെന്നു തോന്നുന്നു. ശ്രീപാദം സംബന്ധിച്ചു ആക്ഷേപം ഉണ്ടായിരിക്കുന്നതു, ഗവണ്മെൻറു ഇത്ര അധികാരം ഏൽപ്പിക്കുന്നതോ അവർ അതിനെ ദുരുപയോഗപ്പെടുത്തുകയില്ലെന്നുള്ള ഭയംകൊണ്ടാണ്, കുടികിടപ്പുടെ സംരക്ഷണത്തെക്കണ്ടുദ്ദേശിച്ചു അനുകമ്പാജനകമായ ഒരു വിചിത്രവർണ്ണനയും മി: താണുപിള്ള ചെയ്തുകയുണ്ടായി, ശരി, അതിൽ വിവരിച്ച സർവ്വവും മനോരാജ്യസങ്കല്പമെന്നു ഞാൻ പറയാൻ തയ്യാറില്ല. കുറെ ഒക്കെ സത്യമായിരിക്കണം, ഗവണ്മെൻറു വക പാർശ്വകാരന്മാരുടെയും തഹശീൽദാരന്മാരുടെയും കരംപിരിവുറെഗുലേഷൻസംബന്ധിച്ച നടപടിക്രമങ്ങളിൽ, ഒരു പരുക്ഷ സംകടത്തിനു കാരണമില്ലെന്നുവരാം. ഈ സഭ പ്രധാനമായി ആലോചിക്കേണ്ടതു ഇങ്ങനെ അധികാരം ഏൽപ്പിച്ചുകൊടുക്കേണ്ടതു വളരെ അത്യാവശ്യമാണോഎന്നാണ്. ഫാമുവു മുതൽ കഴിഞ്ഞ നാലു കൊല്ലങ്ങളായി, ഇങ്ങനെ ഏൽപ്പിക്കേണ്ട ആവശ്യംതോന്നിയില്ല. മിസ്റ്റർ താണുപിള്ള വാദിക്കുന്നതു അങ്ങിനെയാണ്, ഇപ്പോൾ ഇതു കൊടുത്തേകഴിയൂയെന്നു ഗവണ്മെൻറിനെ നിർബന്ധിക്കുന്നതു എന്തുകൊണ്ടാണ്?

മി: കെ. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ആ പ്രസ്താവനയിതെ ശരിയല്ല. കുറെക്കാലത്തേക്ക് ശ്രീപാദം കൊട്ടാരത്തിലെ മാനേജർക്ക തഹശീൽദാരുടെ അധികാരം ഉണ്ടായിരുന്നതും ഇടക്കാലത്തു അതു വേണ്ടെന്നു വച്ചിട്ടുള്ളതും ശരിയാണ്.

ക്രമ ൮. മി: കെ. മാധവൻപിള്ള (തിരുവനന്തപുരം-കണ്ടമങ്ങാട്ട്): എഴുതിക്കൊടുത്ത കക്ഷിക്കു അവകാശമോ കൈവശമോ ഇല്ലെന്നുള്ളകാരണത്തിന്മേൽ ക്രമ ൦൮-ൽ ലാൻഡ്റവന്യൂഉദ്യോഗിൽനിന്നും നിഷേധിച്ചിരിക്കുന്ന സൗജന്യ പോക്കുവരവപേക്ഷകളേയും, എല്ലാക്ലൂട്ടമസ്ഥന്മാരും ചേർന്നു പ്രമാണം എഴുതിക്കൊടുത്തിട്ടില്ലെന്നുള്ള കാരണത്താൽ അനിന്നും തള്ളിയിരിക്കുന്ന ക്രമ ൦൦ കേസുകളേയും സംബന്ധിച്ചു, സ്പഷ്ടമായി അവകാശങ്ങളെ നിർണ്ണയിക്കുന്നതിനോ, കൈവശം സ്ഥാപിക്കുന്നതിനോ, പ്രമാണങ്ങളുടെ സാധുത്വത്തെപ്പറ്റി മേൽപട്ടുന്നതിനോ ലാൻഡ്റവന്യൂ ഉദ്യോഗസ്ഥന്മാർക്കു എന്തധികാരമാണുണ്ടായിരുന്നതെന്നു പറവാൻ ഗവൺമെൻറിനു മറുപടിയുണ്ടാകുമോ?

മി: സി. ഒ. മാധവൻ (അക്കിംഗ് ഗവൺമെൻറ്സെക്രട്ടറി): പോക്കുവരവു വിചാരണകളിൽ റയത്തു ആഫീസ്സന്മാർ മേൽപ്പറയുന്ന, നടപടിശട്ടത്തെയും കരത്തിരുവയേയും മറ്റും സംബന്ധിച്ചു പോക്കുവരവു സംബന്ധിച്ചുള്ള നിഷ്കർഷകൾ അനുസരിച്ചു നടത്തുകയാണ്. ഇതുകൊണ്ടു യാതൊരാളിൻറെയും നിയമപ്രകാരമുള്ള അവകാശങ്ങൾക്കു ബാധകമാകുന്നില്ല.

അനുബന്ധം xiii എ.

ക്രമ ൦-ാം നമ്പർ ചോദ്യത്തിൻറെ ഉത്തരം നോക്കുക.

ഉദ്ഘം ഡിസ്ട്രിക്ട് ആശുപത്രിയിൽ ചികിത്സിക്കപ്പെട്ടിട്ടുള്ള രോഗികളുടെ എണ്ണം കാണിക്കുന്ന സ്റ്റേറ്റുമെൻറ്.

ആണ്ടു്	പുരുഷന്മാർ	സ്ത്രീകൾ	കുട്ടികൾ	റിമാർക്ക്
ക്രമ ൦൫-	ക്രമ,൯൫൯	ക്രമ,൭൯൫	൫,൯൦൯	ആശുപത്രിയിൽ കിടത്തി ചികിത്സിക്കപ്പെട്ട രോഗികളും പുറമേ നിന്നുവന്ന രോഗികളും ഇതിൽ ഉൾപ്പെട്ടിരിക്കുന്നു.
ക്രമ ൦൯-	ക്രമ,൯൦൦	ക്രമ,൨൭൯	൫,൪൭൨	
ക്രമ ൦൭-	ക്രമ,൭൫൯	ക്രമ,൨൦൭	൫,൫൨൨	

അനുബന്ധം xiii ബി.

ക്രമ ൦-ാമത്തെചോദ്യത്തിൻറെ ഉത്തരം നോക്കുക.

	ക്രമ൦൫	ക്രമ൦൯	ക്രമ൦൭
ആശുപത്രിയിൽ കിടത്തി ചികിത്സിക്കപ്പെട്ടിട്ടുള്ള സ്ത്രീരോഗികൾ	ക്രമ൯	൫൯	ക്രമ൭

അനുബന്ധം xiv.

കഴിഞ്ഞ നമ്പർ ചോദ്യത്തിന്റെ ഉത്തരം നോക്കുക.

മുവാറ്റുപുഴ മുൻസിഫ് കോർട്ട് ക്ലാക്കന്മാരുടെ ജാതിതിരിച്ചുള്ള സ്റ്റേറ്റുമെന്റ്.

I.	ഹിന്ദുക്കൾ	...	...	...
	(മലയാള) ബ്രാഹ്മണർ	...	...	...
	(മറ്റ) ബ്രാഹ്മണർ	...	വ	...
	(മലയാള) ക്ഷത്രിയർ	...	...	...
	വെള്ളാളർ	...	ക	...
	നായർ	...	ങ	...
	ഈഴവർ	...	ക	...
	കമ്മാളർ	...	...	...
	മറ്റഹിന്ദുക്കൾ	...	...	...
II.	മുസ്ലീമുകൾ	...	...	...
III.	ക്രിസ്ത്യാനികൾ	...	....	...
	പ്രാട്ടസ്റ്റൻറ്	...	...	...
	റോമൻകത്തോലിക്കർ—	യാക്കോബായ	...	...
		സിറിയാക്കവകക്ഷി	...	...
	സുറിയാനികൾ—	യാക്കോബായ	...	...
		മാർത്തോമ	...	...
	ഇംഗ്ലീഷ് ചർച്ച്	...	...	...
		ആകെ ക		...

അനുബന്ധം XV എ.

ക്ലാസ്സ്-II നമ്പർ ചോല്ലുത്തിനുള്ള മാതൃക തയ്യാറാക്കുക.

ക്ലാസ്സ് I, ക്ലാസ്സ് II, ക്ലാസ്സ് III (I-ൽ നിന്ന് ക്ലാസ്സ് III വരെ), ആണുകളിൽ ദിവാൻപേഷ്കാരന്മാരും മേധികളും കമ്മിഷണറും ചെയ്തിട്ടുള്ള ആളിന്റെ നിയമനങ്ങളുടെ ജാതി തിരിച്ചുള്ള സ്റ്റേറ്റുമെൻറ്.

നമ്പർ	ഡിവിഷന്റെ പേര്	മജിസ്ട്രേറ്റുമാർ	(മാറ) സ്റ്റാഫുകൾ	ക്ലർക്കുമാർ	നായന്മാർ	ഈഴവർ	നാടാന്മാർ	ക്രിസ്ത്യാനികൾ	വെള്ളാളർ	പുലയർ	മറ്റു പിന്നോക്കക്കാർ	മറ്റുള്ളവരുടെ വർഗ്ഗക്കാർ	മുസൽമാൻമാർ	ക്രസ്ത്യാനികൾ				റിമാർക്ക്
														ബ്രാഹ്മണർ	നായർ ക്രിസ്ത്യാനികൾ	യാക്കോബായർ	മാർത്തോമാക്കാർ	മറ്റുള്ളവർ	
I	തിരുവനന്തപുരം	...	...	...	I	I	...	...	I	...	...	...	I	I	I	...	...	...
II	കൊല്ലം	...	II	...	II	I	...	...	I	...	...	...	I	I	I	I	...	...
III	കോട്ടയം	...	I	...	...	I	...	...	...	...	I	...	I	...	I	II	...	...
IV	മേവിക്കുളം	...	I	...	II	...	...	...	I	...	...	...	I	I	I	I	...	...

അനുബന്ധം XV ബി.

ക്ലാസ്സ്-II നമ്പർ ചോല്ലുത്തിനുള്ള മാതൃക തയ്യാറാക്കുക.

ക്ലാസ്സ് I, ക്ലാസ്സ് II, ക്ലാസ്സ് III (I-ൽ നിന്ന് ക്ലാസ്സ് III വരെ) ആണുകളിൽ, ദിവാൻപേഷ്കാരന്മാരും മേധികളും കമ്മിഷണറും ചെയ്തിട്ടുള്ള സ്ഥിരനിയമനങ്ങളുടെ ജാതി തിരിച്ചുള്ള സ്റ്റേറ്റുമെൻറ്.

നമ്പർ	ഡിവിഷന്റെ പേര്	മജിസ്ട്രേറ്റുമാർ	(മാറ) സ്റ്റാഫുകൾ	ക്ലർക്കുമാർ	നായന്മാർ	ഈഴവർ	നാടാന്മാർ	ക്രിസ്ത്യാനികൾ	വെള്ളാളർ	പുലയർ	മറ്റു പിന്നോക്കക്കാർ	മറ്റുള്ളവരുടെ വർഗ്ഗക്കാർ	മുസൽമാൻമാർ	ക്രസ്ത്യാനികൾ				റിമാർക്ക്
														ബ്രാഹ്മണർ	നായർ ക്രിസ്ത്യാനികൾ	യാക്കോബായർ	മാർത്തോമാക്കാർ	മറ്റുള്ളവർ	
I	തിരുവനന്തപുരം	...	II	...	I	I	I	...	I	...	I	...	...	I	I	...	...	...
II	കൊല്ലം	...	...	...	I	I	I	...	...	...	...	...	...	...	...	...	...	...
III	കോട്ടയം	...	II	...	I	I	...	...	...	...	...	...	...	I	I	...	...	...
IV	മേവിക്കുളം	...	II	...	I	...	...	...	...	...	...	...	...	I	I	...	...	...

അനുബന്ധം XVI.

കക്ഷി-ം നമ്പർ ചോല്ലുത്തിനുള്ള മറുപടി തോക്കുക.

ക്രമ നമ്പർ	പേരു്	ബി. എ. പാസാ യ ആണു്	എൽ. ടി. ആണോ അല്ല യോരെയെന്നു്	ഇപ്പോഴത്തെ ശമ്പളം	റിമാർക്കു്
				രൂപാ	
ക	മിസ്റ്റർ. പി. പൊല്ലുപ്പാ	കൻഫേ	എൽ: ടി.	൨൫ (൨൫-൫൦) + ൩൦ ആ. അ.	൪൫ ഗ്രാഡേഷനിന്റെ ഒഴിവിൽ[illegible]
ഖ	,, ഇ. ഇ. ചാക്കോ	കൻഫേ	ടി	൪൦ (൩൫-൫൦)	ടി [ക്രമപ്പെടുത്തുന്നു
ന	,, വി. രാമസ്വാമിഅയ്യർ	കൻഫേ	ടി	൪൦ (൩൫-൫൦)	ടി
ഘ	,, സുബ്രഹ്മണ്യയ്യർ	കൻഫേ	ടി	൪൦ (൩൫-൫൦)	ടി
ങ	,, ടി. എസ്സ്. രാമയ്യർ	കൻഫേ	ടി	൩൫ (൨൫-൫൦) + ൨൦ ആ. അ.	ടി
ങ	,, വി. ജി. രമണയ്യർ	കൻഫേ	കടയിനിങ്ങ് നടത്തിവരുന്നു	൪൦ (൨൫-൫൦) + ൧൫ സ്പെ. ആ. അ.	ടി
ച	മിസ്സ്. മിനാമാത്യു	കൻഫേ	എൽ. ടി.	൨൫ (൨൫-൧൦-൨൫-൧൦-൧൫)	ടി
ഛ	മിസ്റ്റർ. കെ. വേലുയായർ	കൻഫേ	ടി	൪൦ (൩൫-൫൦) + ൧൫ സ്പെ. ആ. അ.	ടി
ൻ	,, എം. ഗണപതിഅയ്യർ	കൻഫേ	കടയിനിങ്ങ് നടത്തിവരുന്നു	൪൦ (൩൫—൫൦)	
ട	,, കെ. സി. നീലകണ്ഠവാര്യർ	കൻഫേ	ടി	൪൦ (൩൫-൫൦) + ൧൦ ആ. അ.	ടി
ഠ	,, ഡി. കെ. മാധവമേനൻകുട്ടി	കൻഫേ	ടി	൪൦ (൩൫-൫൦)	ടി
ഡ	,, എസ്സ്. രാമകൃഷ്ണയ്യർ	കൻഫേ	എൽ. ടി.	൪൦ (൩൫-൫൦) + ൧൦ ആ. അ.	ടി
ഢ	,, സി. എസ്സ്. രവികിട്ടൻമയ്യർ	കൻഫേ	ടി	൪൦ (൩൫-൫൦) + ൧൦ ആ. അ.	ടി [ആക്കി ക്രമപ്പെടുത്തുന്നു
ണ	,, എ. ചക്ഷ്മിനാരായണയ്യർ	കൻഫേ		൩൦ (൩൦-൩൫) + ൫ ആ. അ.	൩൫-൪൦ വരെ ശമ്പളസ്കെയിലിൽ
ത	,, കെ. കൃഷ്ണയ്യർ	കൻഫേ	കടയിനിങ്ങ് നടത്തിവരുന്നു	൩൫ (൩൫-൫൦) + ൧൫ ആ. അ.	൪൫ ഗ്രാഡേഷനിന്റെ ഒഴിവിൽ[illegible]
ഥ	,, പി കോശപ്പാപ്പിള്ള	കൻഫേ		൩൫ (൩൫-൫൦)	[ക്രമപ്പെടുത്തുന്നു
ദ	,, വി. തോപാമപിള്ള	കൻഫേ	എൽ. ടി.	൩൫ (൩൫-൫൦)	
ധ	,, എ. പത്മനാഭയ്യർ	കൻഫേ	കടയിനിങ്ങ് നടത്തിവരുന്നു	൩൫ (൩൫-൫൦)	
ന	,, കെ. നാരായണകുറുപ്പ്	കൻഫേ		൩൦ (൩൦-൩൫) + ൩൦ ആ. അ.	
പ	മിസ്സ്: റാച്ചൽജോസഫ്	കൻഫേ	എൽ. ടി.	൨൫ (൨൦-൩൦)	ടി
ഫ	മിസ്റ്റർ. കെ. മുത്തുസ്വാമിപിള്ള	കൻഫേ	കടയിനിങ്ങ് നടത്തിവരുന്നു	൩൫ (൩൫-൪൦)	
ബ	,, കെ. നാരായണപിള്ള	കൻഫേ		൩൦ (൩൦-൩൫) + ൩൦ ആ. അ.	
ഭ	,, സി. വി. ചാക്കീസ്	കൻഫേ	എൽ. ടി.	൪൦ (൩൫-൫൦)	
മ	,, സി. മുത്തുസ്വാമിഅയ്യർ	കൻഫേ	ടി	൨൫ (൨൫-൫൦)	
യ	,, കെ. ശിവശങ്കരപ്പിള്ള	കൻഫേ	ടി	൩൦ (൩൫-൪൦)	
ര	,, ആർ. രയങ്കിട്ടരാമയ്യർ	കൻഫേ	കടയിനിങ്ങ് നടത്തിവരുന്നു	൨൫ (൨൫-൫൦)	
ല	,, എ. കൃഷ്ണയ്യർ	കൻഫേ	ടി	൪൦ (൩൫-൫൦)	

അനുബന്ധം XVI (തുടർച്ച).

ക്രമ നമ്പർ	പേരു്	ബി. എ. പാസായ ആണ്ടു്	എൽ. ടി. ആണോ അല്ലയോ എന്നു്	ഇപ്പോഴത്തെ ശമ്പളം	നിരീക്ഷണം
൧	മിസ്റ്റർ എൻ. കേശവപിള്ള	൧൯൧൯		൫൦ (൫൦-൫൪)	
൨	,, ജി. ഗോപാലമേനോൻ	൧൯൨൦		൪൫ (൫൪-൫൯)	
൩	,, കെ. എസ്സ്. വിശ്വനാഥയ്യർ	൧൯൨൧		൪൦ (൫൯-൬൪)	
൪	,, എ. സി. ജോസഫ്	൧൯൨൨		൪൦ (൬൪-൬൯)	
൫	,, എസ്സ്. ഹരിഹരയ്യർ	൧൯൨൨		൪൦ (൫൯-൬൪)	
൬	,, ജെ. എം. സത്യനേശൻ.	൧൯൨൨		൪൦ (൫൦-൫൪) + ആ, ൪. ൩൦	
൭	,, എസ്സ്. ശങ്കരസുബ്രഹ്മണ്യയ്യർ	൧൯൨൨		൫൦ (൫൦-൫൪)	ഒരു ഗ്രാഡോവിന്റെ ഒഴിവിൽ ആയി ചെയ്യുന്നു.

അനുബന്ധം XVII.

കേരള നമ്പർ ചോദ്യത്തിനുള്ള മറുപടി സോഴ്സുകൾ.

ഡിസ്ട്രിക്ട് കോടതികളിലെ നിയമനങ്ങൾ.

നമ്പർ	കോടതികളുടെ പേര്	കേരള-കേരള നമ്പർ മുതൽ കേരള-൨൦൨൦ നമ്പർ വരെയുള്ള കാലത്തിനിടയ്ക്ക് ചെയ്തിട്ടുള്ള നിയമനങ്ങളുടെ എണ്ണം	ഇവരിൽ ഉദ്യോഗം കിട്ടിയ മുസ്ലീമുകളുടെ എണ്ണം	ഈകാലത്തിനിടയ്ക്കുള്ള മുസ്ലീങ്ങളുടെ അപേക്ഷകന്മാർ	ഇക്കാലത്തിൽ നിശ്ചയിക്കപ്പെട്ടിട്ടുള്ള ഗ്രാഡേഷനുകളുടെ എണ്ണം	വിശദീകരണം
൧	നാഗർകോവിൽ ഡിസ്ട്രിക്ട് കോടതി	൧൩	...	൨	൪	
൨	തിരുവനന്തപുരം ഡിസ്ട്രിക്ട് കോടതി	൧൨	...	൧	൩	
൩	കൊല്ലം ഡിസ്ട്രിക്ട് കോടതി	൯	൩	൩	൩	
൪	ആലപ്പുഴ ഡിസ്ട്രിക്ട് കോടതി	൬	൪	൪	൩	
൫	കോട്ടയം ഡിസ്ട്രിക്ട് കോടതി	൪	...	...	൨	
൬	പാലക്കാട് ഡിസ്ട്രിക്ട് കോടതി	൩൬	൬	൫	൭	

അനുബന്ധം XVIII.

കമാൻഡർ നമ്പർ 2 ചോദ്യത്തിനുള്ള മറുപടി നോക്കുക.

1-4-26 മുതൽ 31-3-27 വരെയുള്ള കാലത്തിൽ മുൻസിഫുമാർ ചെയ്തിട്ടുള്ള നിയമനങ്ങളുടെ സ്റ്റേറ്റുമെൻറ്.

കോടതികളുടെ പേര്	1-4-26 മുതൽ 31-3-27 വരെയുള്ള കാലത്തിൽ ചെയ്തിട്ടുള്ള നിയമനങ്ങളുടെ ഇനം	എണ്ണം	ഇതിൽ ഓരോ വിഭാഗത്തിലും പെട്ടിട്ടുള്ള ഉദ്യോഗസ്ഥന്മാരുടെ പേരുകൾ	ഇതിൽ ഓരോ വിഭാഗത്തിലും പെട്ടിട്ടുള്ള ഉദ്യോഗസ്ഥന്മാരെ ഓരോ പ്രാവശ്യം നിയമിച്ചിട്ടുള്ളതിന്റെ എണ്ണം
നാഗർകോവിൽ	പ്രിൻസിപ്പൽ മുൻസിഫ്	൨	...	൨
"	അഡിഷണൽ "	൫	൨	൨
പത്മനാഭപുരം	പ്രിൻസിപ്പൽ "	൨	൨	൨
"	അഡിഷണൽ "	൪	൪	...
കഴിത്തുറ	പ്രിൻസിപ്പൽ "	൨	...	...
"	ടെമ്പററി "	൨	...	...
തിരുവനന്തപുരം	പ്രിൻസിപ്പൽ "	൫	...	൫
"	അഡിഷണൽ "	൫	൫	൫
"	ടെമ്പററി "	൫	൫	൫
നെയ്യാറ്റിൻകര	പ്രിൻസിപ്പൽ "	൫	൫	൫
"	അഡിഷണൽ "	൫	൫	൫
നെയ്യാറ്റിൻകര	പ്രിൻസിപ്പൽ "	൫	൫	൫
"	അഡിഷണൽ "	൫	൫	൫
നെടുമങ്ങാട്	"	൨	...	൨
കൊല്ലം	പ്രിൻസിപ്പൽ "	൫	൫	൫
"	അഡിഷണൽ "	൫	൫	൫
കൊട്ടാരക്കര	"	൫	൫	൫
ചവറ	"	൫	൫	൫
അടൂർ	"	൫	൫	൫
പത്തനാപുരം	"	൫	൫	൫
മാവേലിക്കര	"	൨	൨	൨
ചെങ്ങന്നൂർ	"	൨	൨	൨
കരുനാഗപ്പള്ളി	"	൩	൩	൩
ആലപ്പുഴ	പ്രിൻസിപ്പൽ "	൫	൫	൫
"	അഡിഷണൽ "	൨	൨	൨
ഹരിപ്പാട്	"	൨	...	൨
ചേർത്തല	പ്രിൻസിപ്പൽ "	൨	...	൨
"	ടെമ്പററി "	൨	...	൨
പെരുമ്പാവൂർ	പ്രിൻസിപ്പൽ "	൨	...	൨
"	ടെമ്പററി "	൨	...	൨
കോട്ടയം	"	൫	൫	൫
ചങ്ങനാശ്ശേരി	"	൨	...	൨
തിരുവല്ലാ	"	൨	...	൨
മീനച്ചിൽ	"	൨	...	൨
കാഞ്ഞിരപ്പള്ളി	"	൨	...	൨
ചാർ	"	൨	...	൨
പെരുമ്പാവൂർ	"	൫	൫	൫
മൂവാറ്റുപുഴ	"	൨	൨	൨
തൊടുപുഴ	"	൨	൨	൨
മേലുകാവ്	"	൨	...	൨

അനുബന്ധം XIX.

ക്വന്റ്--നമ്പർ ചോദ്യത്തിനുള്ള ഉത്തരം നോക്കുക.

തന്റെ ഓഫീസിൽ കയറുകയും പുറത്തു കടക്കുകയുള്ള ദിവസങ്ങളുടെ എണ്ണം കാണിക്കുന്ന സ്റ്റേറ്റുമെന്റ്.

കാലം	എണ്ണം
ക്വാർട്ടർ	ദിവസം
ക്വാർട്ടർ	ദിവസം
ക്വാർട്ടർ	ദിവസം
ക്വാർട്ടർ (കഴിഞ്ഞ ക്വാർട്ടറുവരെ)	ദിവസം

തന്റെയിടെ നടപടി മാറ്റിവെയ്ക്കുന്നതിനുള്ള പ്രമേയം.

ഡെപ്യൂട്ടിപ്രസിഡന്റ്: പൊതുജനപ്രാധാന്യമുള്ള ഒരു പ്രത്യേക അടിയന്തിരകാര്യത്തെപ്പറ്റി അദ്ദേഹം യുഗ്മാന്ധി ഇർവ്വിൻസന്ധിയുടെ സംഭവത്തിനുശേഷവും, ലണ്ടനിലെ രാജിയിൽനിന്നും മറ്റു ചില വിഷമതകളിൽനിന്നും തിരിച്ചുവന്നതിനുശേഷവും രാജപ്രതിനിധിയുടെ പ്രസിദ്ധപ്പെടുത്തിയതുപോലെ പ്രസിദ്ധപ്പെടുത്തിയതിനാൽ ഉണ്ടായിട്ടുള്ള അനുസ്ഥാനത്തെപ്പറ്റി, പ്രതിപാദിക്കുന്നതിനായി കൗൺസിലിലെ കായ്യനടപടി മാറ്റിവയ്ക്കണമെന്നുള്ള പ്രമേയം അവതരിപ്പിക്കുന്നതിനുള്ള ഒരു അവസരം, മിസ്റ്റർ മോഹൻലാൽ ഗാന്ധിയുടെ അപേക്ഷ, തിരുവിതാംകൂറിലെ ദിവാനിൽനിന്നുണ്ടായ കത്തിൽ രാജപ്രതിനിധിയുടെ പ്രസിദ്ധപ്പെടുത്തലും ഗാന്ധി ഇർവിൻസന്ധിയും തമ്മിൽ യാതൊരു ബന്ധവും ഇല്ലെന്നു ഞാൻ പറഞ്ഞുകൊള്ളട്ടെ. മിസ്റ്റർ മോഹൻലാലിന്റെ അപേക്ഷ, കായ്യനടപടി മാറ്റിവയ്ക്കുന്നതിനുള്ള പ്രമേയങ്ങളെ സംബന്ധിച്ചു പൊതുവിലും സ്റ്റാൻഡിങ്ങ് ആർഡറുകളിലും ഉള്ള നിഷ്കർഷകളെ അനുസരിച്ചിരിക്കുന്നില്ല. അതുകൊണ്ട് അദ്ദേഹത്തിന്റെ അപേക്ഷയെ ഞാൻ നിരസിക്കുന്നു.

സ്റ്റാൻഡിങ്ങ് ആർഡർ നമ്പർ 8 നു ദേഭഗതി.

മി. എ. എസ്സ്. മോഹനരാജൻ (മാവേലിക്കര-കുത്തിക്കപ്പുഴി): സർ, ഞാൻ നമ്പർ (സ്റ്റാൻഡിങ്ങ് ആർഡറിന്റെ ഭേഗതിയെ അവസാനമായി വ്യക്തിപരമായും പ്രസംഗത്തെ ഞാൻ അഭിപ്രായപ്പെട്ടുകൊള്ളുന്നു.

മി: പി. രവല്ലംപിള്ള (തോപ്പാള): ഞാൻ അതിനെ അനുകൂലിക്കുന്നു.

എതിർക്കുടാതെ പ്രമേയം പാസാക്കപ്പെട്ടു.

തിരുവിതാംകൂർ ക്ഷത്രിയബിൽ.

മി: രേവതിനാൾ രാമവർമ്മരാജാ (ഇടവക): സർ, ക്ഷത്രിയബിൽ ഈ കൗൺസിലിൽ വായിക്കണമെന്നു ഞാൻ അഭിപ്രായപ്പെടുകൊള്ളുന്നു.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരം-തെക്കുങ്കര): ഞാൻ അതിനെ അനുകൂലിക്കുന്നു.

മി. രേവതിനാൾ രാമവർമ്മരാജാ (ഇടവക): സർ, ക്ഷത്രിയബിൽ ഇവിടെ അവതരിപ്പിക്കുന്നതിന് അനുവാദത്തെ നവർണ്മെന്റിനോടും ഈ കൗൺസിലിനോടും ക്ഷത്രിയരുടെ പ്രതിനിധി എന്ന നിലയിൽ ഞാൻ നന്ദിപറഞ്ഞുകൊള്ളുന്നു. സമുദായാചാരങ്ങളും സമുദായോൽക്കർഷത്തിനും ചില നിയമങ്ങളും അനുവശ്യമായിട്ടുള്ളതാണ് എന്നുള്ളതിൽ പക്ഷാന്തരമില്ല. പൂർവ്വികന്മാരായ ചില നിയമങ്ങൾ ഉണ്ടാക്കി സമുദായങ്ങളെ നിയന്ത്രിച്ചുകൊണ്ടിരുന്നകാലം പോയി. മാറിയ സമുദായങ്ങളുടെ അവശ്യങ്ങൾക്കനുരൂപമായ നിയമങ്ങൾ ഉണ്ടാക്കിവരുന്ന ഒരു കാലമാണ് ഇത്. അങ്ങനെയിരിക്കുന്ന സന്ദർഭത്തിൽ ക്ഷത്രിയർക്കു ഒരു നിയമം വേണമെന്നു പറയുന്നതിൽ വലിയ തെറ്റൊന്നുമില്ല. ഇതിനുംപുറമെ ഈ തരത്തിലുള്ള സംബന്ധച്ചിട്ടത്തിനും പാസായിട്ടുള്ള ബില്ലുകളെ ക്ഷത്രിയസമുദായത്തിനു ചില ന്യൂനതകളും ഉണ്ടായിട്ടുള്ള ഈ സന്ദർഭത്തിൽ ക്ഷത്രിയർക്കു ഒരു ബിൽ അത്യാവശ്യമാണെന്നു പറയേതെയിരിക്കാനും നിവൃത്തിയില്ല. ഗവർമ്മെന്റിന്റെ ആവിർഭാവത്തോടുകൂടിതന്നെ ക്ഷത്രിയർക്കും ഒരു ബിൽ വേണമെന്നു പലർക്കും തോന്നിയിട്ടുണ്ട്. നംപൂതിരിബിൽ പാസായതോടുകൂടി ക്ഷത്രിയർക്കു ഒരു നിയമം വേണമെന്നുള്ള ഒരു നിലയും വന്നുകൂടി. എന്നാൽ ഒരു ബിൽ ഉടൻ ഉണ്ടാക്കുന്നതിനുള്ള സാഹചര്യമൊന്നുമില്ലായിരുന്നു. ബിൽ ഉണ്ടാക്കുന്നതിനുള്ള കാലതാമസത്തെപ്പറ്റി ഞാൻ പറയുന്ന അടിസ്ഥാനം ഇപ്പോൾ ഇല്ലാതെയായിട്ടുണ്ട്. എന്റെ ബില്ലുകൊണ്ടു ഉണ്ടാകുന്നതിനുള്ളതെയും, യാഥാസ്ഥിതികന്മാരുടെയും, മിതവാദികളുടെയും ഒരുപോലെ തൃപ്തിപ്പെടുത്താൻ കഴിയുമെന്നു ഞാൻ വിചാരിക്കുന്നില്ല. ഒരുവേള മിതവാദികളുടെ എന്റെ ബില്ലുകൊണ്ടു തൃപ്തിപ്പെടുത്തുകയുണ്ടായേക്കാം. അതിനുശേഷം ക്ഷത്രിയരുടെ ഇടയിൽ വളരെകാലമായി ക്ഷത്രിയർക്കു ഒരു ബില്ലു വേണമെന്നുള്ള അഭിപ്രായം ശക്തിപ്രാപിച്ചുതുടങ്ങിയിട്ടുണ്ട്. ആ അഭിപ്രായത്തെ ആവശ്യപ്രകാരം എന്റെ സ്നേഹിതൻ മിസ്റ്റർ എ. കെ. രേവതിനാൾ കോയിത്തമ്പുരാൻ ഒരു ക്ഷത്രിയബിൽ അവതരിപ്പിക്കാൻ അനുവാദം ചോദിച്ചു. എന്നാൽ അതു എന്തോ ചില കാരണവശാൽ ഫലപ്രാപ്തിയിലുണ്ടായില്ല. ഏതാണ് ചില ഘട്ടങ്ങളിൽ അങ്ങനെപ്പെട്ടു പിൻവലിച്ചുപോയിട്ടുണ്ടെന്ന് ഊഹിക്കേണ്ടിയിരിക്കുന്നു. എന്തുകൊണ്ടെന്നുള്ള അതിനെസംബന്ധിച്ചുള്ള യാതൊരു വിവരവും തന്നെ പെട്ടിയിൽ അറിഞ്ഞുകൂടാ. അങ്ങിനെയിരിക്കുന്ന അവസരത്തിലാണ് എന്റെ സ്നേഹിതൻ മി: എസ്. ആർ. രാജരാജവർമ്മ കോയിത്തമ്പുരാൻ ഒരു ബിൽ അവതരിപ്പിക്കാൻ അനുവാദം ചോദിച്ചിട്ടുള്ളത്. ആ ബില്ലിനെ സംബന്ധിച്ചിടത്തോളം എനിക്കും എന്റെ ചില സ്നേഹിതന്മാർക്കും സാല്പമായ ചില അഭിപ്രായവ്യത്യാസങ്ങളുണ്ടായി. ക്ഷത്രിയരുടെ ഇപ്പോഴത്തെ സ്ഥിതിക്ക് അതു തൃപ്തികരമായ ഒരു ബിൽ അല്ലെന്നുമാണ് തോന്നിയതു. അതിനാൽ ഞാൻ ഇന്ന് ഡ്രാഫ്ടിട്ട ഈ ബിൽ അവതരിപ്പിക്കുന്നതു.

എന്റെ ബില്ലുകൊണ്ടു ഞാൻ ഉദ്ദേശിക്കുന്നതു ഒന്നാമതായി ഇതരസമുദായത്തോടുകൂടെ ബില്ലുകൊണ്ടു ക്ഷത്രിയസമുദായത്തിനു പ്രയോജനപ്പെടുത്തിയിട്ടുള്ള ന്യൂനതയെപരിഹരിക്കുന്നതിനും, രണ്ടാമതു തറവാട്ടു കരണത്തിന്റെ സ്വാതന്ത്ര്യത്തിൽകൂടെ തറവാട്ടുകാരണം ക്ഷയിച്ചുപോകുന്നതിനെ തടയുന്നതിനു വേണ്ട വ്യവസ്ഥചെയ്യുന്നതിനും, മൂന്നാമതു ഇപ്പോഴത്തെ നിലവിലിരിക്കുന്ന സാമുദായികആചാരങ്ങൾക്കു പരിരക്ഷണം നിയമസാധുത്വം ഉണ്ടാക്കുന്നതിനും

ക്കിതീർക്കുന്നതിനും, നായാടുമുതൽ വിവാഹം, വിവാഹബന്ധം ഒഴിയൽ, ഇവകൾ ഇപ്പോൾ നടന്നുവരുന്ന രീതി മെച്ചപ്പെടുത്തി നിജപ്പെടുത്തുന്നതിനും, അന്ധ്രാമുതൽ തിരുവിതാംകൂർ അംഗങ്ങൾക്ക് ചിലവിനു ചോദിക്കുന്നതിനും വാങ്ങിക്കുന്നതിനുമുള്ള വ്യവസ്ഥകൾ ചെയ്യുന്നതിനും, ആറാമത്തെ ഭാഗത്തെ നിയന്ത്രിക്കുന്നതിന് വേണ്ട വ്യവസ്ഥകൾ ചെയ്യുന്നതിനും ആണ്. ഈ സംഗതികളിലെല്ലാം പഴയ മാമൂൽ അനുസരിച്ചു ഇപ്പോഴും നടന്നുവരുന്നുണ്ടെങ്കിലും ശരിയായ ഒരു നിയമമില്ലാത്തതുകൊണ്ട് പല കാര്യങ്ങളും കോടതി മുഖാന്തിരം തീർക്കേണ്ടതായിവരുന്നസമയത്തു അപ്പപ്പോൾ പ്രൈസഡിങ്ങ് ആഫീസേഴ്സായിരിക്കുന്ന ടഫ്ലിമാരുടെ യുക്തംപോലെയോ അല്ലെങ്കിൽ ഹിതംപോലെയോ ... ...

ഡെപ്യൂട്ടിപ്രസിഡൻറ്: അല്ലെങ്കിൽ മനുഷ്യവർഗ്ഗമനുസരിച്ചോ .....

മി: ദേവതിനാംഠ രാമവർമ്മരാജാ (ഇടവക) വിധികല്പിച്ചുപോരുകയാണു ചെയ്യുന്നത്. ഇങ്ങനെ വിധികല്പിച്ചുവരുന്നതിൽ പല കഷ്ടങ്ങളും സങ്കടങ്ങളും പലപ്പോഴും നേരിടുന്നുണ്ട്. ഇതിനുപുറമെ ഗവൺമെൻറ് മെമ്പർമാരിൽ ഈ കൌൺസിലിൽ വാദപ്രതിവാദം നടന്നുകൊണ്ടിരുന്ന സമയത്തു ക്ഷത്രിയസ്ത്രീകളും നമ്പൂതിരിമാരും തമ്മിലുള്ള വിവാഹം നടപ്പാക്കുന്നതിനുള്ള ഭേദഗതിയെന്നു ചിലർ സംശയിക്കുന്നതിനു ഇടയായി. ക്ഷത്രിയസമുദായത്തിനു ഇതിൽപരം ഒരു കുറച്ചിൽ എന്താണു വരാനുള്ളത്? ഇതിൽ കൂടുതലായി ഇതിനെപ്പറ്റി പറയേണമെന്നു ഞാൻ വിചാരിക്കുന്നില്ല. പലതും രഹസ്യങ്ങളും ഇതിൽ അന്തർഭവിച്ചിരിക്കുന്നതിനാൽ ഇതുപോലും പറഞ്ഞതിൽനിന്നും അതിന്റെ ഗൌരവം എല്ലാവർക്കും മനസ്സിലായിരിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.

പഴയ ആചാരപ്രകാരം വിവാഹത്തിനു ചില നിർബന്ധങ്ങളും ഉണ്ടെങ്കിലും വിവാഹം ഒഴിയുന്നതിനു യാതൊരു നിയമവുമില്ല. അത്രയും പറയുന്നതുപോലും കുറച്ചുകാലം വരാമെന്നുണ്ടെങ്കിൽ വിവാഹബന്ധം ഒഴിഞ്ഞതായി വിചാരിച്ചു വേറെയാളെ സ്വീകരിക്കുകയോ അല്ലെങ്കിൽ കൊടുത്ത കാഴ്ചക്ഷേപം കഴിച്ചുകിട്ടുകയോ ചെയ്യുകയാണ്. ക്ഷത്രിയരിൽ ചില ഇനക്കാരുടെ ഇടയിൽ നടക്കുന്ന വിവാഹവും പിന്നീടുള്ള ബാന്ധവവും മരണമോ അല്ലെങ്കിൽ ഏറ്റവും ചുരുങ്ങിയ പക്ഷം ഏഴുതലമുറയോളമെങ്കിലും ഒന്നിച്ചു താമസിച്ചിരിക്കുകയോ ചെയ്താലല്ലാതെ വിവാഹമോചനം അനുവദിക്കുന്നതല്ല. ഇങ്ങനെ ഉജ്ജീവനമായുള്ള പല സംഗതികളേയും നിയമംമൂലം വ്യത്യാസപ്പെടുത്തേണ്ടതുണ്ട്. രണ്ടാം അദ്ധ്യായത്തിൽ ഞാൻ ഈ സംഗതികളെ പറഞ്ഞിട്ടുണ്ട് വ്യവസ്ഥചെയ്തിരിക്കുന്നത്. മൂന്നാമദ്ധ്യായത്തിൽ രക്ഷാധികാരത്തെ വ്യവസ്ഥപ്പെടുത്തിയിരിക്കുന്നു. നാലാമദ്ധ്യായത്തിൽ ക്ഷത്രിയരുടെ മരണശാസനം എഴുതാനുള്ള അധികാരത്തെ ഉറപ്പിക്കുന്നു.

ഡെപ്യൂട്ടിപ്രസിഡണ്ട്: ആ അധികാരം എല്ലാവർക്കും ഉണ്ടല്ലോ. ഇപ്പോൾ നടപ്പിലിരിക്കുന്ന ചട്ടം നോക്കിയും, അവരുടെ സ്വഭാവങ്ങളെ മുന്നിൽവെച്ചും ശാസനപ്രകാരം കൊടുക്കുന്നതിനുള്ള പരമാധികാരം ക്ഷത്രിയർക്കുണ്ടല്ലോ?

മി: ദേവതിനാംഠ രാമവർമ്മരാജാ (ഇടവക): അതിനുള്ള അധികാരം എല്ലാവർക്കും ഉണ്ടെങ്കിലും മറ്റുചിലർ ചിലരിലും ഇങ്ങനെ ഒരു വകുപ്പ ചേർത്തുകാണുന്നതുകൊണ്ടു ഞാൻ ഇതിലും ചേർത്തതാണ്.

ആറാം അദ്ധ്യായത്തിൽ തിരുവിതാംകൂർ ഭരണത്തെപ്പറ്റിയാണ് വ്യവസ്ഥചെയ്തിരിക്കുന്നത്. കാരണവന്മാരുടെ ഉദ്ധരിക്കാരംകൊണ്ടോ, അല്ലെങ്കിൽ അധികാരത്തിലുള്ള ഭേദംകൊണ്ടോ, അല്ലെങ്കിൽ പണത്തിലുള്ള പ്രതിപത്തികൊണ്ടോ, അനന്തിരവന്മാരെയും ശേഷമുള്ള അടുക്കളയും ക്രമത്തിലധികം വെച്ചുമുട്ടിച്ചുപോകുന്നതും എല്ലാത്തിനുംപുറമെ തിരുവിതാംകൂർ രാജ്യത്തുക്കളേയും നശിപ്പിക്കുന്നതും ചെയ്യുന്നുണ്ട്. ഇതിനെ തടയുന്നതിനു ഇപ്പോൾ സാധാരണനിയമപ്രകാരം വഴിയുണ്ടെങ്കിലും പ്രത്യേകമായി ഒരു നിയമം ഇല്ലാത്തതുകൊണ്ട് അവിടേയും ബുദ്ധിമുട്ടും കാലതാമസവും നേരിടുന്നുണ്ട്. സകലതും നശിച്ചുകഴിഞ്ഞശേഷമാണ് ഒരു കേസുതീർക്കുന്നത്. അങ്ങനെവരാതിരിക്കുന്നതിനാണ് ഈ വ്യവസ്ഥ ഇവിടെ ചെയ്തിട്ടുള്ളത്. ഇതിനുപുറമെ അനന്തിരവർ നിത്യരോഗികളായിത്തീരുന്നു. ഇതിനുകാരണം കാരണവൻ അനന്തിരവരെ ഭരണവിഷയത്തിൽ പങ്കുകൊള്ളുന്നതിനു അനുവദിക്കാത്തതാണ് എന്നു പറയാതിരിക്കാൻ നിവൃത്തിയില്ല. എന്നാൽ ബില്ലിൽ അനന്തിരവർക്കുകൂടി തിരുവിതാംകൂർ ഭരണത്തിൽ ഒരധികാരം കൊടുത്തിരിക്കുന്നതിന്റെ ഉദ്ദേശം അവർ ഉത്തരവാദിത്വമുള്ളവരായിത്തീർന്നു തിരുവിതാംകൂർ ഭരണത്തിൽ ചില അധികാരം ഉണ്ടായിരുന്നുവെന്നുള്ളതാണ്, അതിനാൽ അനന്തിരവർക്ക തിരുവിതാംകൂർ ഭരണത്തിൽ ചില അധികാരങ്ങളും ഈ ബില്ലിനാൽ കൊടുക്കുന്നുണ്ട്. എല്ലാ അദ്ധ്യായത്തിൽ തിരുവിതാംകൂർ എന്നുള്ളതിനെ ചിലവിനുകൊടുക്കുന്നതിനും ആവശ്യമുള്ളപക്ഷം ചിലവിനുള്ള വസ്തുതിരിച്ചുകൊടുക്കുന്നതിനുമുള്ള വ്യവസ്ഥകളാണ് അടങ്ങിയിരിക്കുന്നത്.

ഏഴാംഅദ്ധ്യായത്തിൽ മത്തു് ആവശ്യപ്പെട്ടാൽ അതിലേയ്ക്കുവേണ്ട വ്യവസ്ഥകൾ ചെയ്തിരിക്കുന്നു. ഈ ബില്ലിൽ മനഃപൂർവ്വമായി ഒരു സംഗതി ഞാൻ വിട്ടിട്ടുണ്ട്; അതായതു് ഭാഗത്തെപ്പറ്റിയാണ്. അങ്ങനെ വിട്ടുന്നതിനുള്ള കാരണം താഴെപറയുന്നതാണ്. ഒന്നാമതായി ക്ഷത്രിയരുടെ ഇടയിൽതന്നെ ഭാഗത്തെപ്പറ്റി അഭിപ്രായവ്യത്യാസമുണ്ട്. ചെറുപ്പക്കാരുടെ ഇടയിൽ അതുദോഹരിക്കാഭാഗം വേണമെന്നുപറയുന്നവരാണ് അധികവും. ഒരു കുട്ടർതായ്പഴിഭാഗം മതിയെന്നും പറയുന്നുണ്ട്. ഏതൊരുപ്രായത്തിലുള്ള മനുഷ്യരിലായാലും ഭാഗത്തെയാണ് ഇഷ്ടപ്പെടുന്നതു് എന്നുള്ളതാണ് യഥാർത്ഥത്തിൽ കാണുന്നതു്. ഇങ്ങനെ അഭിപ്രായവ്യത്യാസങ്ങളും ഉള്ളതുകൊണ്ടു ഭൂരിപക്ഷാഭിപ്രായം എങ്ങനെയാണെന്നറിഞ്ഞശേഷം അവശ്യമുള്ളതു ചേർക്കാമെന്നു വിചാരിച്ചാണ ഞാൻ ആ ഭാഗം ഇവിടെ തീരേ വിട്ടുകളഞ്ഞത്.

മി: എൽ. ആർ. രാമരാജവർമ്മ കോയിൽതമ്പുരാൻ (ചങ്ങനാശ്ശേരി-പീരുമേട്): സിലക്ട് കമ്മിറ്റിയിൽ ഇതിനെപ്പറ്റി ആലോചിക്കുന്നതെന്നുദ്ദേശിക്കുന്നുണ്ടോ?

മി: ദേവതിനാംഠ രാമവർമ്മരാജാ (ഇടവക): ഈ ബിൽ സംബന്ധിച്ചു ആവശ്യമുള്ള സകലസംഗതികളും സിലക്ട്കമ്മിറ്റിയിൽ ആലോചിക്കാം. അല്ലാതെ ഈ ബില്ലുമാത്രം നോക്കിവേണ്ടതു് ഇന്നതു്, വേണ്ടാത്തതു് ഇന്നതു്, എന്നുപറയുന്നതല്ല സിലക്ട്കമ്മിറ്റിയുടെ ഉദ്ദേശം എന്നാണ് എന്റെ അഭിപ്രായം.

ഭാഗത്തെപ്പറ്റിയാണല്ലോ ഞാൻ പറഞ്ഞുകൊണ്ടുവന്നതു്. എന്റെ സ്വന്തഅഭിപ്രായം മരുമക്കത്തായവും ഭാഗവും തമ്മിൽ അശേഷം യോജിക്കയില്ല എന്നാണ്. മരുമക്കത്തായം നടപ്പിലിരിക്കുന്ന ഈ സന്ദർഭത്തിൽ ഭാഗംചെയ്യുകഴിഞ്ഞാൽ ക്ഷത്രിയസ്ത്രീകളുടെ സ്ഥിതി വളരെ പരുങ്ങലിലാകും. പുരുഷന്മാർക്ക് ഏവി

ടെക്കുന്നതും കാലക്ഷേപം കഴിച്ചുകൂട്ടാൻ കഴിയും. ക്ഷത്രിയസ്ത്രീകളുടെ സ്ഥിതി അങ്ങനെയല്ല. സാധുക്ഷ ണത്തുള്ള നടപ്പുപോലെ വിവാഹം കഴിക്കണമെന്നോ അല്ലെങ്കിൽ സ്ത്രീയുടെകാശ്ശം അന്വേഷിക്കണമെന്നോ ഉള്ള പതിവു ക്ഷത്രിയസ്ത്രീകളെ സംബന്ധിച്ചുടത്തോളമില്ല. വിവാഹം കഴിക്കുന്ന ആളിന്റെ ചിലവുകളിൽ ക്ഷത്രിയസ്ത്രീയുടെ കുടുംബത്തിൽനിന്നും നടത്തിക്കൊണ്ടിരിക്കുന്ന ഒരവസ്ഥമാണ്ഇപ്പ്. ഇങ്ങനെയിരിക്കുമ്പോൾ ഭാഗംപോലെന്തെപറഞ്ഞാൽ ക്ഷത്രിയസ്ത്രീകളുടെ സ്ഥിതി പരിതാപകരമായ ഒരു നി ലയിൽ ആയിത്തീരും. ഇപ്പ് ഒരുകാരണം. രണ്ടാമത്തേപ്പ്, വിവാഹത്തിന്റെ സ്ഥിതി ഒന്നു മാറിയതിനുശേഷമ ല്ലാതെ ഭാഗം വ വസ്ഥപ്പെടുത്തിയാൽ അതിൽ പല കുഴപ്പങ്ങളും സംഭവിക്കുമെന്നുള്ളതാണ്. സജാതീ യവിവാഹം നടപ്പിൽ വന്നല്ലാതെ ഭാഗത്തെപ്പറ്റി ആലോചിക്കുന്നതെന്നെ പാടില്ലെന്നാണ് എന്റെ അഭിപ്രായം.

മി: എൽ. ആർ. രാജരാജവർമ്മ കൊയിൽതമ്പുരാൻ (ചങ്ങനാശ്ശേരി-പീരുമേട്ട്): വിവാഹത്തെ സംബന്ധിച്ചും മറ്റുമുള്ള വ്യവസ്ഥകൾ വന്നതിനുശേഷമേ ഭാഗം പാടുള്ളുവെന്നു പറഞ്ഞുവല്ലോ; ആ വ്യവ സ്ഥകൾ ഏതെല്ലാമായിരിക്കണമെന്നു പറയാമോ?

മി: രേവതിനാൾ രാമവർമ്മരാജാ (ഇടവക): സജാതീയവിവാഹം നടപ്പിൽവന്ന് എല്ലാവരും സ ജാതീയവിവാഹം ചെയ്യുമ്പോൾ ഭാഗത്തെപ്പറ്റി ആലോചിക്കാം.

മി: എൽ. ആർ. രാജരാജവർമ്മ കോയിൽതമ്പുരാൻ (ചങ്ങനാശ്ശേരി-പീരുമേട്ട): സജാതിയിൽ മാത്രമേ വിവാഹം ചെയ്യാവൂ എന്നു നിർബന്ധിക്കുന്ന സംപ്രദായം നല്ലതാണോ?

മി: രേവതിനാൾ രാമവർമ്മരാജാ (ഇടവക): നല്ലതാണെന്നാണ് എന്റെ അഭിപ്രായം.

മി: എൽ. ആർ. രാജരാജവർമ്മ കോയിൽതമ്പുരാൻ (ചങ്ങനാശ്ശേരി-പീരുമേട്ട്): ഏകദേശം ക്ഷ ത്രിയരുടെ ജനസംഖ്യ എത്രയാണെന്നറിയാമോ?

മി: രേവതിനാൾ രാമവർമ്മരാജാ (ഇടവക): അതിന്റെ കണക്ക ഞാൻ നോക്കിയിട്ടില്ല.

മി: എൽ. ആർ. രാജരാജവർമ്മ കോയിൽതമ്പുരാൻ (ചങ്ങനാശ്ശേരി-പീരുമേട്ട്): കഴിഞ്ഞസെൻ സസ് അനുസരിച്ചു സ്ത്രീയും പുരുഷനും ഏകദേശം സ൦ ൧൮-൦ ൧൦൦൦ം ആണ് എന്നു തോന്നുന്നു. ഈ കണ ക്കിനു അന്യോന്യം യോജിക്കുന്നവിധം സ്ത്രീക്ക ത്താവിനേയും പുരുഷനു ഭാര്യയേയും സമുദായത്തിൽനിന്നുതന്നെ തെരഞ്ഞെടുക്കാൻ സൌകര്യമുണ്ടോ?

മി: രേവതിനാൾ രാമവർമ്മരാജാ (ഇടവക) ഞാൻ അതിനെ പറ്റി ആലോചിച്ചിട്ടുള്ളിടത്തോളം സാധിക്കുമെന്നാണ് എന്റെ അഭിപ്രായം.

മി: എൽ. ആർ. രാജരാജവർമ്മ കോയിൽതമ്പുരാൻ (ചങ്ങനാശ്ശേരി-പീരുമേട്ട്): ഇന്നു ഏതു സ്ത്രീകളാ അവിവാഹിതകാളായിട്ടുള്ളത്. വിവാഹം കഴിഞ്ഞശേഷം തീരെയില്ലാതെയും ഇരിക്കുന്നതെന്നറിയാമോ?

മി: രേവതിനാൾ രാമവർമ്മരാജാ (ഇടവക): യാതൊരു കാരണം. ഒരു തീരുമാനമെന്നതന്നെ രണ്ടുംമൂന്നും സ്ഥലത്തു വിവാഹംചെയ്തിട്ടുള്ളതായി എനിക്കറിയാം.

മി: എൽ. ആർ. രാജരാജവർമ്മ കോയിൽതമ്പുരാൻ (ചങ്ങനാശ്ശേരി-പീരുമേട്ട്): പുരുഷന്മാരുടെ വിജാതിയിലെ ഭാര്യയെകിട്ടുകയുള്ളുവെന്നു ചില സന്ദർഭങ്ങളിൽ വരാറുണ്ടെന്നറിയാമോ?

മി: രേവതിനാൾ രാമവർമ്മരാജാ (ഇടവക): അന്വേഷിച്ചിട്ടില്ല.

മി: എൽ. ആർ. രാജരാജവർമ്മ കോയിൽതമ്പുരാൻ (ചങ്ങനാശ്ശേരി-പീരുമേട്ട്): സമുദായത്തി ലെ ഏതെങ്കിലും ഒരു വിഭാഗത്തിനു സജാതിയിൽ സാധാരണ ഭാര്യയെകിട്ടാതെ ഇരിക്കയും വിജാതിയിൽ നിന്നു ഭാര്യാസ്വീകരണം വേണ്ടിവരികയും ചെയ്യുന്നുണ്ടെന്നറിയാമോ?

മി: രേവതിനാൾ രാമവർമ്മരാജാ (ഇടവക): അങ്ങനെ ഞാൻ അന്വേഷിച്ചിട്ടില്ല.

മി: എൽ. ആർ. രാജരാജവർമ്മ കോയിൽതമ്പുരാൻ (ചങ്ങനാശ്ശേരി-പീരുമേട്ട്): അങ്ങനെ ഉണ്ടെന്നു ഞാൻ പറയുന്നു.

മി: രേവതിനാൾ രാമവർമ്മരാജാ (ഇടവക): അങ്ങനെ ഉണ്ടെങ്കിൽ വേറേ ഏതെങ്കിലും ജാതി യെക്കൂടി ക്ഷത്രിയരുടെ കൂട്ടത്തിൽ കൂട്ടാമോ എന്നു നോക്കണം.

ഭാഗംവേണ്ടെന്നു പറയാനുള്ള മറ്റൊരുകാരണം പോരുംപോലെയ്ക്ക് തമ്പുരാക്കന്മാരെപറ്റി എനിക്കു ചില അ റിവുകുറവുകിട്ടിയതുനിമിത്തമാണ്. റഷ്യായിൽ രാജ്യഭരണംതന്നെ നമ്മുടെ തറവാട്ടുഭരണം പോലെയാണു നട ക്കുന്നതു അതായത്, രാജ്യത്തിലെ എല്ലാപ്രജകൾക്കും യുദ്ധങ്ങളിൽനിന്നും ചിലവിനു വേണ്ടുന്ന ഏർപ്പാടുകൾ ചെയ്യുന്നതുകൊണ്ടു ആ വസ്തുവിന് അവകാശമില്ല. അതുപോലെയാണ് നമ്മുടെ കൂട്ടുകുടുംബ വ്യവസ്ഥ.

മി: എൽ. ആർ. രാജരാജവർമ്മ കോയിൽതമ്പുരാൻ (ചങ്ങനാശ്ശേരി-പീരുമേട്ട്): പോരുംപോലെ വി ക്തത്വം കാരണവൻ കുടുംബത്തിലേ ഓരോ അംഗങ്ങൾക്കും ചിലവിനു കൊടുക്കണമെന്നാണോ?

മി: രേവതിനാൾ രാമവർമ്മരാജാ (ഇടവക): ഓരോന്നുണ്ടാക്കുന്നതും വേറെചെയ്യണം. അതിലേക്കുള്ളവേ ണ്ടുവസ്ഥ ഞാൻ ഈ ബില്ലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അനന്തിരവർക്ക ചിലവിനു വസ്തുതിരിച്ചുകൊടു ത്താൽ അവർ അതിൽ വേലചെയ്തു സമ്പാദിക്കണം.

മി: എൽ. ആർ. രാജരാമവർമ്മ കോയിൽതമ്പുരാൻ (ചങ്ങനാശ്ശേരി-പീരുമേട്ട്): വേലചെയ്തി ല്ലെങ്കിൽ ചിലവിനു കൊടുക്കാൻ പാടില്ലെന്നുണ്ടോ?

മി: രേവതിനാൾ രാമവർമ്മരാജാ (ഇടവക): ഇല്ല. തറവാട്ടുവസ്തു ചിലവിനായി വീതിച്ചു കൊടുത്താൽ അതിൽ വേലചെയ്യണമെന്നുള്ള നിയമം കൂട്ടത്തിൽ ആലോചിച്ചിട്ടില്ല. ഒരാൾക്കു വണ്ടി ചക്രം കിട്ടിയാൽ മ തിവേലചെയ്യാൻ കഴിയുകയില്ല എന്നു വിചാരിക്കണ ആളിനെ നിർബന്ധിച്ചു വേലചെയ്യിക്കണമെന്നും ഞാൻ വിചാരിക്കുന്നില്ല.

പരിശുദ്ധാരംഭത്തിൽ സ്ഥാപിച്ചിരിക്കുന്നതായ രാജ്യത്തു നമ്മുടെ ഇപ്പോഴത്തെ നടപ്പിനെ അനുകരിച്ചു രാജ്യഭരണംതന്നെ നടത്തുമ്പോൾ നാം ആലോചനയിൽ ഉൾപ്പെടുത്തിയിരിക്കുന്നതായ സംശയങ്ങളിതിലൊന്നുമില്ല.

മി: എൽ. ആർ. രാജരാജവർമ്മ കോയിൽതമ്പുരാൻ (ചങ്ങനാശേരി-പീരുമേട്ട്): ഏകയോഗക്ഷേമമായിട്ട സാധാരണ എന്തെല്ലാംകാര്യങ്ങളാണ നടക്കുവരുള്ളത്? ഏകയോഗക്ഷേമമായി നടക്കണമെന്ന് ബില്ലിൽ എന്തെല്ലാംകാര്യങ്ങളാണ് വ്യവസ്ഥചെയ്തിട്ടുള്ളത്?

മി: രേവതിനാൾ രാമവർമ്മരാജാ (ഇടവക): ഓരോരോ വിവരങ്ങളായിട്ടുള്ള സംഗതികളാണ് പിന്നിടെ മാനേജ്മെൻറിനെ പറ്റി പറഞ്ഞിരിക്കുന്നത് അതിപ്പോൾ പ്രയോജനപ്പെടുത്തിക്കണമെന്നാണ്.

മി: എൽ. ആർ. രാജരാജവർമ്മ കോയിൽതമ്പുരാൻ (ചങ്ങനാശേരി-പീരുമേട്ട്): ഏകയോഗക്ഷേമം, ഏന്നു പറഞ്ഞാൽ എല്ലാം പൊതുക്കാര്യമായി നടത്തണമെന്നും ഇല്ലേ?

മി: രേവതിനാൾ രാമവർമ്മരാജ (ഇടവക): അതെ.

മി: എൽ. ആർ. രാജരാജവർമ്മ കോയിൽതമ്പുരാൻ (ചങ്ങനാശേരി-പീരുമേട്ട്): "ഏകയോഗക്ഷേമം" എന്ന പദത്തിന്റെ വ്യാപ്തി ബില്ലിൽ എത്രമാത്രം പ്രയോഗിക്കപ്പെട്ടിട്ടുണ്ട്?

മി: രേവതിനാൾ രാമവർമ്മരാജാ (ഇടവക): ഓരോരുത്തരുടെ മനഃസ്ഥിതി ഏതുരൂപത്തിലോ അതുപോലെ അതിനെ വ്യാപ്തിയുണ്ട്. ഓരോരുത്തരുടെ മനഃസ്ഥിതി ഇന്നതരത്തിലായിരിക്കണമെന്ന ഈ ബില്ലുകൊണ്ടു വ്യവസ്ഥചെയ്യാൻ നിവൃത്തിയില്ല. ഓരോരുത്തർക്ക് ഓരോവിധം അഭിപ്രായങ്ങളും തോന്നുകയില്ലാ എന്നു ഞാൻ വിചാരിക്കുന്നില്ല. ഇതു പൂർണ്ണമായ ഒരു ബിൽ ആണെന്നുള്ള വിചാരത്തിലല്ല ഞാൻ ഇവിടെ കൊണ്ടുവന്നിട്ടുള്ളത്. ഇപ്പോൾ നിലവിലിരിക്കുന്ന സമുദായനടപടിക്രമങ്ങൾ നിയമസാധുതം കൊടുക്കയും അത്യാവശ്യമെന്നു തോന്നിയ ചില കൂടുതലേർപ്പാടുകളെ പരമാത്മക്കുവിധത്തിലും ഒരു ബിൽതയ്യാറാക്കി ഇവിടെ ഹാജരാക്കിയിട്ടുള്ളതാണ്. സ്പെഷ്യൽകമ്മിറ്റിക്കുശേഷം ഭിന്നാഭിപ്രായക്കാരുടെ അഭിപ്രായങ്ങൾ ഒത്തുതീർക്കണമെന്നുള്ള വിചാരമാണ് എനിക്കുള്ളത്. പലർക്കും പലവിധത്തിലുള്ള അഭിപ്രായങ്ങളും ഉണ്ടാകാം, അവരുടെ അഭിപ്രായങ്ങളേയും ഈ കൗൺസിലിൽതന്നെ ഈ ബില്ലിന്റെ ഭേദഗതിയായിട്ട കൊണ്ടുവരാം. അതിനെ സംബന്ധിച്ചുവേണ്ട വാദപ്രതിവാദങ്ങളും നടത്തി ന്യായമാണെന്നു ശേഷമുള്ള ആളുകൾക്കെല്ലാവർക്കും തോന്നുന്നപക്ഷം അതു ബില്ലിൽചേർക്കാം. ഇതു ഇവിടെ നാംപൂർത്തിയിൽ വാദപ്രതിവാദം ചെയ്യുമ്പോൾ ഒരു സംശയം കണ്ടേക്കാം ഒരു സംഗതിയാണ്.

മി: എൽ. ആർ. രാജരാജവർമ്മ കോയിൽതമ്പുരാൻ (ചങ്ങനാശേരി-പീരുമേട്ട്): ക്ഷത്രിയർക്കുമാത്രമായി ഒരു ബിൽ വേണമെന്നും, ക്ഷത്രിയരോടു കൂടുതൽ ബന്ധമുള്ള മറ്റു സമുദായക്കാരേക്കൂടി ചേർത്തുള്ള ഒരു ബിൽ പോരായെന്നും പറയുന്നതിനു വല്ല പ്രത്യേകകാരണവും ഉണ്ടോ?

ഡഡപ്പള്ളിപ്രസിഡണ്ട്: അതു് അല്പമുമ്പേ പറഞ്ഞുകഴിഞ്ഞല്ലൊ, ക്ഷത്രിയസമുദായത്തിനു പ്രത്യേകമായുള്ള ചില വിശേഷവിധികളുണ്ട്, അങ്ങനെ അദ്ദേഹം മറുപടിപറഞ്ഞു കഴിഞ്ഞുമല്ലോ.

മി: എൽ. ആർ. രാജരാജവർമ്മ കോയിൽതമ്പുരാൻ (ചങ്ങനാശേരി-പീരുമേട്ട്): സാമന്തർ എന്നൊരു വിഭാഗക്കാരുണ്ടെന്നറിയാമോ?

മി: രേവതിനാൾ രാമവർമ്മരാജാ (ഇടവക): അറിയാം.

മി: എൽ. ആർ. രാജരാജവർമ്മ കോയിൽതമ്പുരാൻ (ചങ്ങനാശേരി-പീരുമേട്ട്): സമുദായികമായ വിഷയങ്ങളിൽ അവരും ക്ഷത്രിയരും തമ്മിൽ വലിയ വ്യത്യാസമുണ്ടെന്നു വിചാരിക്കുന്നുണ്ടോ?

മി: രേവതിനാൾ രാമവർമ്മരാജാ (ഇടവക): കാണത്തക്കവണ്ണമുള്ള വ്യത്യാസം അവർക്ക പൂണൽഇല്ല, ക്ഷത്രിയർക്ക പൂണൽ ഉണ്ട് എന്നുള്ളതാണ്.

മി: എൽ. ആർ. രാജരാജവർമ്മ കോയിൽതമ്പുരാൻ (ചങ്ങനാശേരി-പീരുമേട്ട്): സമുദായികമായി?

മി: രേവതിനാൾ രാമവർമ്മരാജാ (ഇടവക): അവരും നമ്മളും ബ്രാഹ്മണർ പോകെപോയാൽ ക്ഷേത്രം കഴിക്കുന്നു. മറ്റു വ്യത്യാസങ്ങളൊന്നും ഞാൻ സൂക്ഷിച്ചിട്ടില്ല.

മി: എൽ. ആർ. രാജരാജവർമ്മകോയിൽതമ്പുരാൻ (ചങ്ങനാശേരി-പീരുമേട്ട്): ബില്ലിൽ അവരെക്കൂടി ചേർക്കുന്നതിൽ വിരോധമുണ്ടോ?

ഡഡപ്പള്ളിപ്രസിഡണ്ട്: ബില്ലിനെ ആ രൂപത്തിൽ എതിർക്കണമെന്നാണ് നിങ്ങളോട ആശയം. അങ്ങനെയാണോ മിസ്റ്റർ രാജരാജവർമ്മ?

മി: എൽ. ആർ. രാജരാജവർമ്മകോയിൽതമ്പുരാൻ (ചങ്ങനാശേരി-പീരുമേട്ട്): തീരുമുമ്പല്ല ഞാൻ ബില്ലിനെ അങ്ങനെ എതിർക്കണമെന്ന മാത്രമാണുദ്ദേശിക്കുന്നത്.

മി: രേവതിനാൾ രാമവർമ്മരാജാ (ഇടവക): ഈ ബില്ലിൽ അവരെക്കൂടി ഉൾപ്പെടുത്തുന്നതിൽ എനിക്ക യാതൊരു വിപരീതാഭിപ്രായവുമില്ല.

മി: എൽ. ആർ. രാജരാജവർമ്മകോയിൽതമ്പുരാൻ (ചങ്ങനാശേരി-പീരുമേട്ട്): ആ സംഗതി സംബന്ധിച്ചു അഭിപ്രായവ്യത്യാസമുള്ളതുകൊണ്ടാണ് ഞാൻ ഇപ്പോൾ ഇങ്ങനെ ചോദിച്ചത്.

മി: രേവതിനാൾ രാമവർമ്മരാജാ (ഇടവക): സാമന്തർക്ക അല്ല ഉപ്പിയാരണർക്ക് എന്നിക്ക യാതൊരു വിരോധവുമില്ല.

മി: കുഞ്ഞാലം പരമേശ്വരൻപിള്ള (അഡിഷണൽ ഫൊർസ്സക്കാർ വക്കീൽ): ക്ഷത്രിയർക്ക ഒരു നിയമം വേണമെന്നപറഞ്ഞു ഇതേതപ്പണ്ണെയാണ് മി: കോയിത്തമ്പുരാന്റെ ബില്ലിലും അടങ്ങിയിട്ടുള്ളതെന്നു അറിയാമോ?

മി: രേവതിനാൾ രാമവർമ്മരാജാ (ഇടവക): ഞാൻ അതു പറയിച്ചു നോക്കിയില്ല.

മി: കുഞ്ഞാലം പരമേശ്വരൻപിള്ള (അഡ്വിഷനൽ ഫൊർസ്സക്കാർവക്കീൽ): മി: കോയിത്തമ്പുരാന്റെ ബില്ലിൽ എന്തെല്ലാം സമുദായത്തെയാണ് ഉദ്ദേശിച്ചിട്ടുള്ളതെന്നറിയാമോ?

മി: രേവതിനാൾ രാമവർമ്മരാജാ (ഇടവക): അതും അറിഞ്ഞുകൂടാ.

മി: എൽ. ആർ. രാജരാജവർമ്മകോയിൽതമ്പുരാൻ (ചങ്ങനാശേരി-പീരുമേട്ട്: ക്ഷത്രിയസമുദായത്തിൽ ആരെല്ലാം ഉൾപ്പെട്ടതെന്നറിയാമോ?

മി: രേവതിനാൾ രാമവർമ്മരാജാ (ഇടവക): ക്ഷത്രിയരെല്ലാം ഉൾപ്പെട്ടും.

ശ്രീ: എൽ. ആർ. രാജരാജവർമ്മകോയിത്തമ്പുരാൻ (ചങ്ങനാശ്ശേരി-പീരുമേട്): വിർവചനത്തിൽ ക്ഷത്രിയർ എന്നപറയുന്നവരും ക്ഷത്രിയരായി അറിയപ്പെട്ടവരും എന്നുമാത്രം പറഞ്ഞിരുന്നെങ്കിൽ ഞാൻ ഈ ചോദ്യം ചോദിക്കയില്ലായിരുന്നു. ഇതിൽ ചില വിഭാഗക്കാരുടെ പേർ എടുത്തുപറഞ്ഞിട്ടുണ്ട്. അതു അവ്യക്തമായിരിക്കുന്നു. ആ സ്ഥിതിക്കു ക്ഷത്രിയർ എന്നു് ആരെയെല്ലാം ഉദ്ദേശിച്ചാണ് പറഞ്ഞിരിക്കുന്നത്?

ശ്രീ: രേവതിനാൾ രാമവർമ്മരാജാ (ഇടവക): ഇതിൽ ആരെയെങ്കിലും പറഞ്ഞിട്ടുണ്ടോ? അവരെയെല്ലാം ഉദ്ദേശിച്ചാണ് ഈ ബില്ല് കൊണ്ടുവന്നിട്ടുള്ളത്.

ഡെപ്യൂട്ടിപ്രസിഡൻറ്: ആക്ഷിസ്റ്റ് പരിപൂർണ്ണമായിട്ടുള്ളതല്ല.

ശ്രീ: എൽ. ആർ. രാജരാജവർമ്മകോയിൽത്തമ്പുരാൻ (ചങ്ങനാശ്ശേരി-പീരുമേട്): കൊച്ചി നായർസ്സേവനത്തിൽ 'നായർ' എന്നതിനു യാതൊരു നിർവചനവും കൊടുത്തിട്ടില്ല. നായരിൽ ആരെല്ലാം ഉൾപ്പെടുമെന്നു ഇവിടെ സംശയം വന്നിട്ടില്ല.

ഡെപ്യൂട്ടിപ്രസിഡൻറ്: 'ക്ഷത്രിയർ' എന്നപദത്തിന്റെ വിവക്ഷണത്തിൽ, കോയിത്തമ്പുരാക്കന്മാർ, രാജാക്കന്മാർ, തമ്പാക്കന്മാർ, പണ്ടാരത്തിലന്മാർ, തിരുമുൽപാടന്മാർ, എന്നിവരും ക്ഷത്രിയർ എന്നു അംഗീയപ്പെട്ടവരും അംഗീകരിക്കപ്പെട്ടവരുമായ മറ്റുള്ളവരും ഉൾപ്പെടുന്നു. ഇതിനുള്ളതായ സാമൂഹ്യികതിയമങ്ങളിൽ സാധാരണയായിക്കണ്ടുവന്ന വിവരണത്തിനെ അനുകരിച്ചാണ് ഇങ്ങനെ ചെയ്തിരിക്കുന്നത്.

ശ്രീ: എൽ. ആർ. രാജരാജവർമ്മകോയിൽത്തമ്പുരാൻ (ചങ്ങനാശ്ശേരി-പീരുമേട്): 'രാജാ'എന്ന വടക്കും കുറെ തെക്കുള്ളവരും രാജാക്കന്മാർ എഴുതിവരുന്നുണ്ട്. അവർ ക്ഷത്രിയരാണെന്നു പറയുന്നോ അല്ല എന്നു പറയുന്നോ? സംശയമുള്ളതു ബില്ലിൽ കൊണ്ടുവച്ചാൽ ഇളയരാജ ബ്രാഹ്മണനാണോ എന്നു തർക്കം വന്നുപോകുമെന്നു തർക്കവരാൻ ഇടയുണ്ട്.

ശ്രീ: രേവതിനാൾ രാമവർമ്മരാജാ (ഇടവക): രാജാക്കന്മാരെല്ലാം ക്ഷത്രിയരാണ്.

ശ്രീ: എൽ. ആർ. രാജരാജവർമ്മകോയിത്തമ്പുരാൻ (ചങ്ങനാശ്ശേരി-പീരുമേട്): 'തമ്പാൻ' എന്നപറഞ്ഞാൽ സാധാരണ തമ്പാക്കന്മാരെ കുറിക്കുവെള്ളാള തമ്പാനും ഉദ്ദേശിപ്പെടും. 'പണ്ടാരത്തിൽ' എന്നപറഞ്ഞാൽ സാധാരണ പണ്ടാരത്തിൽമാത്രം വരുന്നില്ല പണ്ടാരത്തിലും ഉൾപ്പെടും. അതുകൊണ്ടു അതെന്നു വ്യക്തപ്പെടുത്തിപറയണം.

ശ്രീ: രേവതിനാൾ രാമവർമ്മരാജാ (ഇടവക): അവയ്ക്കും ഈ ബില്ലിൽ ഉൾപ്പെടണമെന്നുണ്ടെങ്കിൽ അതുകൂടി ചില കാര്യങ്ങൾ അവ്യക്തമായിരിക്കയാണ് ഇപ്പോഴത്തെ സ്ഥിതിക്കു തല്ലുകൊണ്ടു എഴുതിക്കൊണ്ടുവരാൻ തോന്നുന്നു.

ഡെപ്യൂട്ടിപ്രസിഡൻറ്: മെയ്യുചെയ്യുന്നു ഈ ബില്ല് നെപ്പോളി ശ്രദ്ധിക്കണം.

ശ്രീ: എൽ. ആർ. രാജരാജവർമ്മകോയിൽത്തമ്പുരാൻ (ചങ്ങനാശ്ശേരി-പീരുമേട്): കൂടുതൽ വ്യക്തപ്പെടുത്താനുള്ള വഴിയാണു ഞാൻ സജസ്റ്റ് ചെയ്യുന്നത് (അഭിപ്രായപ്പെടുന്നു)

ശ്രീ: എ. എസ്. മാരോമരനാശാൻ (മാവേലിക്കര-കാർത്തികപ്പള്ളി): അവരെക്കൂടി ഉൾപ്പെടുത്താമെന്നവിചാരിക്കുന്നുണ്ടോ?

ശ്രീ: രേവതിനാൾ രാമവർമ്മരാജാ (ഇടവക). ഞാൻ ബില്ലിൽ പറഞ്ഞിരിക്കുന്നതുമാത്രമേ ഉദ്ദേശിച്ചിട്ടുള്ളൂ.

ശ്രീ: എ. എസ്. മാരോമരനാശാൻ (മാവേലിക്കര-കാർത്തികപ്പള്ളി)? 'ക്ഷത്രിയരെന്നു അറിയപ്പെട്ടുന്നവർ' എന്നുകൂടി ചേർക്കുന്നതുകൊണ്ടു വിരോധമുണ്ടോ?

ശ്രീ: രേവതിനാൾ രാമവർമ്മരാജാ (ഇടവക): ക്ഷത്രിയർ എന്നു അഭിമാനിക്കുന്ന ആളുകളെയെല്ലാം ഇതിൽ ഉൾപ്പെടുത്തുന്നതുകൊണ്ടു എനിക്കു വിരോധമില്ല.

ശ്രീ: എ. എസ്സ്. മാരോമരനാശാൻ (മാവേലിക്കര-കാർത്തികപ്പള്ളി): അവരെക്കൂടി ഉൾപ്പെടുത്തുന്നതുകൊണ്ടും വല്ല ക്ലാസുകളും കൂടി ചേർക്കണമെന്നു ഉദ്ദേശമുണ്ടോ?

ശ്രീ: രേവതിനാൾ രാമവർമ്മരാജാ (ഇടവക). എനിക്കു അതിൽവിരോധമില്ല. പക്ഷേ അവർ ഉൾപ്പെടുമോ എന്നതിനു സംശയമാണ്.

ശ്രീ: എൽ. ആർ. രാജരാജവർമ്മകോയിൽത്തമ്പുരാൻ (ചങ്ങനാശ്ശേരി-പീരുമേട്): അവരെക്കൂടി ഉൾപ്പെടുത്തുന്നതിനു ഈ സഭയ്ക്കു അധികാരമുണ്ട്. മാരാർ നായന്മാരിൽ ഉൾപ്പെടുമോ ഇല്ലയോയെന്നു സംശയിക്കേണ്ട ആവശ്യം വല്ലതുമുണ്ടോ? അതുകൂടി കൂട്ടിച്ചേർക്കുന്നതിനു വേണ്ടിയാണ് ഞാൻ ഉൾപ്പെടുത്തണമെന്നു പറഞ്ഞതു.

ശ്രീ: രേവതിനാൾ രാമവർമ്മരാജാ (ഇടവക): ആവശ്യമുള്ള ഭേദഗതികൾ ഭേദഗതിയായി കൊണ്ടുവന്നാൽ ചർച്ചചെയ്യുന്നതിൽ എനിക്കൊരുവിരോധവുമില്ല.

ശ്രീ: എൽ. ആർ. രാജരാജവർമ്മകോയിൽത്തമ്പുരാൻ (ചങ്ങനാശ്ശേരി-പീരുമേട്): ഞാൻ താഴെ പറയുന്നതുപോലെ ഒരു ഭേദഗതി കൊണ്ടുവരുന്നതു സമ്മതമാണോ?

ഡെപ്യൂട്ടിപ്രസിഡൻറ്: ബില്ലിനെ സിലക്ട്കമ്മിറ്റിയുടെ അഭിപ്രായത്തിനയക്കുകയും ക്ഷത്രിയരെന്നു അറിയപ്പെടുകയും അംഗീകരിക്കപ്പെടുകയും ചെയ്യുന്നവരായി ക്ഷത്രിയസമുദായത്തിലുള്ള എല്ലാഭാഗങ്ങളേയും ബില്ലിന്റെ പരിധിയിൽ ഉൾപ്പെടുത്തുകയും ചെയ്യുന്നതായിരിക്കും ഏറെ നല്ലവഴി.

ശ്രീ: ആർ. കേശവപിള്ള (കൊട്ടാരക്കര-കുന്നത്തൂർ): സാമന്തർ ക്ഷത്രിയരാണോ?

ശ്രീ: രേവതിനാൾ രാമവർമ്മരാജാ (ഇടവക): അതു നിശ്ചയിക്കേണ്ടതു ഞാനല്ലെന്നുപറഞ്ഞുകഴിഞ്ഞു.

ശ്രീ: ആർ. കേശവപിള്ള (കൊട്ടാരക്കര-കുന്നത്തൂർ): ഏതിലും അവിടുത്തെ അഭിപ്രായമെന്താണ്?

ശ്രീ: രേവതിനാൾ രാമവർമ്മരാജാ (ഇടവക): വേറെ ഒരാളിന്റെ കാര്യത്തിൽ ഞാൻ ഏതെങ്കിലുമൊരു അഭിപ്രായം പറയുന്നതു. അവരെ കൂട്ടിച്ചേർക്കുന്നതിനെതിരായി എനിക്കു വിരോധമൊന്നുമില്ല.

ശ്രീ: കെ. സി. കേശവപിള്ള (കൽക്കുളം-പിള്ളവക്കോട്ട്): ഇതിൽ വിദേശീയക്ഷത്രിയന്മാരും നാടൻ ക്ഷത്രിയന്മാരും ഉൾപ്പെടുമോ? (ചിരി)

മി: രേവതിനാൾ രാമവർമ്മരാജാ (ഇടവക): മുപ്പയാളക്ഷത്രിയർമാത്രമെ ഉൾപ്പെട്ടുകയുള്ളൂ.

ഡെപ്യൂട്ടിപ്രെസിഡൻറ്: അതിനെപ്പറ്റി തെളിപ്പെടുത്തുവാൻ നിയമം കണ്ടതിനുള്ള അധികാരം സിലക്ട് കമ്മിറ്റിക്കുകൊടുക്കാം.

മി: രേവതിനാൾ രാമവർമ്മരാജാ (ഇടവക): മറ്റുരാജ്യങ്ങളിലെ ക്ഷത്രിയർ എന്ന കരിക്ക് കമ്മിറ്റിയോ അല്ലെങ്കിൽ അതിനു വാദിക്കാനുള്ളവരോ നിശ്ചയിച്ചുകൊടുക്കട്ടെ.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്) മറ്റു ചില ജാതിയിൽപ്പെട്ടവരുടെ വിവാഹകാര്യങ്ങൾ ക്ഷത്രിയസമുദായങ്ങളിലെ ചില സ്ഥിതിയുമായിട്ടുള്ള ബന്ധത്തെ പരിഷ്കരിക്കുന്നതിനു വകുപ്പുണ്ടോ? ഈ ബിൽ അവതരിപ്പിക്കുന്നതിന് എന്നു പറയാമോ? അതു പ്രയോജനമുള്ളതാണോ?

മി: രേവതിനാൾ രാമവർമ്മരാജാ (ഇടവക): നമ്പൂതിരിബിൽ ഇവിടെ പാസ്സാക്കിയപ്പോൾ നമ്പൂതിരി മാക്കും ക്ഷത്രിയസ്ത്രീകൾക്കും തമ്മിലുള്ള വിവാഹബന്ധത്തിലെ നിയമസാധുത്വം ഉണ്ടാക്കുന്നതു സംബന്ധിച്ചു അതിനെ പരിഹരിക്കാനായിട്ടാണെന്നുണ്ടു ഈ ബില്ലു കൊണ്ടുവന്നിട്ടുള്ളത്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): മറ്റു സമുദായങ്ങളുടെ ഇടയിൽ ഉള്ളതുപോലെ ഇതിനെ ഒരു സുസ്ഥിരമായ വിവാഹബന്ധം വേണമെന്നു നിർബന്ധമുണ്ടോ?

മി: രേവതിനാൾ രാമവർമ്മരാജാ (ഇടവക): ഉണ്ട്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അതിലേയ്ക്കു പറ്റിയ്യുമായ വകുപ്പു വല്ലതും ഈ ബില്ലിൽ ഉണ്ടൊ?

മി: രേവതിനാൾ രാമവർമ്മരാജാ (ഇടവക): അതുചൊല്ലാൻ കൊള്ളാമെന്നു എനിക്കു അഭിപ്രായമുണ്ട്. എന്നാൽ ക്ഷത്രിയസമുദായങ്ങളിലെ ചില സ്ഥിതി നോക്കിയാൽ അതു ചെയ്താലും ചില ബുദ്ധിമുട്ടുകൾ തോന്നിട്ടുണ്ടെന്നുള്ളതിനാൽ ചേർക്കാതെ വിടുകയാണു ചെയ്തത്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ക്ഷത്രിയസമുദായത്തിൽ സ്ത്രീകളൊ പുരുഷന്മാരൊ അധികം?

മി: എൻ. ആർ. രാജരാജവർമ്മകോയിത്തമ്പുരാൻ (ചങ്ങനാശ്ശേരി-പീരുമേട്): കഴിഞ്ഞ സെൻസസ് അനുസരിച്ചു സ്ത്രീ ൧൦൦൦ പുരുഷൻ ൯൬൬ ആണ് കണക്കുപ്പു.

ഡെപ്യൂട്ടിപ്രെസിഡൻറ്: ഈ പരാതിയിൽ മിസ്റ്റർ രേവതിനാൾ രാമവർമ്മരാജാവിനു പറവാനുള്ളതു പറയാൻ അദ്ദേഹത്തെ അനുവദിക്കുമെന്നു ഞാൻ വിചാരിക്കുന്നു. മിസ്റ്റർ രാജരാജവർമ്മ തന്റെയും ശ്രദ്ധയെ ക്ഷണിച്ചിട്ടുള്ളതായ കാര്യങ്ങളും സിലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കായി എന്നല്ല ഗൗരവമായ പരിഗണനയ്ക്കായി അർഹിക്കുന്നവയാണ്. പ്രസ്തുതമായ വിവരണം, ശരിയോ അല്ലയോ എന്നുള്ളതിനെ വ്യക്തമായ തീരുമാനങ്ങൾ ഇല്ലാതിരിക്കുന്ന ഈ പരാതിയിൽ തന്റെയുടെ ഉത്തരവാദിത്വത്തിനേൽ സാർവത്രികമായ രേഖാവിവരണം ലഭിക്കുന്നതിനുള്ളതിനുമാത്രമായിട്ടാതെ നിങ്ങളും ഇതിനെ ഈ നിലയ്ക്കുവസാനിപ്പിക്കണം. സിലക്ട് കമ്മിറ്റിയിൽ ആ വക എല്ലാവിധ കാര്യങ്ങളും പരിഗണിക്കപ്പെടുന്നതാണ്. ഇപ്പോൾ നമ്മുടെ സ്ഥിതി നിർബന്ധമായിരിക്കട്ടെ.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): മി: രാജരാജവർമ്മ കൊണ്ടുവന്നിട്ടുള്ള മെമെനർട്ടി മെമക്കത്തായം ബില്ലിൽ ഈ ക്ഷത്രിയബില്ലിൽകൊണ്ടുചേർക്കുന്ന ഗുണദോഷം കിട്ടുമെങ്കിൽ ഈ ബിൽ പിൻവലിക്കുന്നതിൽ വിരോധമുണ്ടോ?

ഡെപ്യൂട്ടിപ്രെസിഡൻറ്: അതിനുള്ളതാണ് മറുപടി പറഞ്ഞുകഴിഞ്ഞു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): പായിച്ചില്ല എന്നാണു പറഞ്ഞതു.

മി: രേവതിനാൾ രാമവർമ്മരാജാ (ഇടവക). ഏതു ബില്ലായാലും ഞാൻ എൻറെ മൈൻഡിൽ പിൻവലിക്കാൻ തയ്യാറില്ല.

മി: കൃഷ്ണൻ പരമേശ്വരൻപിള്ള (അഡീഷനൽ ഫോഡ്സക്കാർവക്കിൽ) ഈ പ്രമേയത്തിനെപ്പറ്റി അല്പംപറയുവാൻ പറയണമെന്നു ഞാൻ അഭ്യർഥിക്കുന്നു. മിസ്റ്റർ രാമവർമ്മരാജാവിന്റെ ബിൽ വായിച്ചുനോക്കിയതിൽ ബില്ലിന്റെ മുഖതത്വങ്ങൾ ഇപ്രകാരമാണെന്നു കാണുന്നു. സാധാരണമായി തത്വങ്ങൾ ഇന്നതെന്നറിയേണ്ടതിനു ബില്ലിന്റെ അവസാനത്തിൽ കാണുന്ന ഉദ്ദേശകാരണവിവരണത്തിനെ പരിശോധിക്കേണ്ടതാണ്. ബില്ലിൽ പ്രസ്താവിതമായിരിക്കുന്ന രണ്ടു തത്വങ്ങൾ ഇവയാണെന്നു തോന്നുന്നു. അതായതു വളരെക്കാലത്തിൻ മുമ്പുതന്നെ കഴിയേണ്ടിയിരുന്നപ്രകാരം വിവാഹം പിന്തുടർച്ചാവകാശം ജീവനാംശം തറവാട്ടുകാരണം എന്നിവയെ കുറിച്ചു ചട്ടങ്ങളെ വിവരിക്കയും ഭേദപ്പെടുത്തുകയും ചെയ്യുന്നതായി ഒരു നിയമം ഉണ്ടായിരിക്കണമെന്നുള്ളതാണു ഒന്ന്.

മി: എ. എസ്സ്. ഓമനാമരനാശാൻ (തിരുവിതാംകൂർ-കൊച്ചിക്രിസ്ത്യൻ): ഭാഗമന്വർ (ബില്ലിന്റെ) അവതരണത്തിനെ അനുകൂലിക്കുകയാണെന്നാ ചെയ്യുന്നതു?

മി: കൃഷ്ണൻ പരമേശ്വരൻപിള്ള (അഡീഷനൽ ഫോഡ്സക്കാർവക്കിൽ): മിസ്റ്റർ കെ. മാധവൻപിള്ള അതിനെ അനുകൂലിച്ചിട്ടുണ്ടു,

വിവരണത്തിന്റെ രണ്ടാംഖണ്ഡിക താഴെവിവരിക്കുംപ്രകാരം പഠിക്കയും ചെയ്തു:—

"ഈ ബിൽ ക്ഷത്രിയസമുദായത്തിനെ പ്രധാനമായുദ്ദേശിച്ചുള്ളതാണെങ്കിലും അതേ അവസ്ഥയിലിരിക്കുന്ന മറ്റേ മരുമക്കത്തായസമുദായങ്ങൾക്കു അതിന്റെ വ്യാപ്തിയെ ഉപകാരം വിപുലമാക്കുന്നതിനുള്ള അധികാരം നിവർത്തിച്ചിട്ടുള്ളതാണ്."

ഇപ്രകാരം ഈ ബില്ലിൽ അന്തർഭവിച്ചിരിക്കുന്ന തത്വങ്ങൾ ഒന്നാമതായി ക്ഷത്രിയരുടെ വിവാഹം, പിന്തുടർച്ച ജീവനാംശം തറവാട്ടുകാരണം എന്നിവയെ സംബന്ധിച്ചു ഒരു നിയമം ഉണ്ടാക്കണമെന്നും രണ്ടാമതായി ആ നിയമത്തിനെ മറ്റു മരുമക്കത്തായസമുദായങ്ങൾക്കു കൂടി വ്യാപിപ്പിക്കണമെന്നും അല്ലെന്നുള്ള സംഗ്രഹമാണെന്നുള്ളതാണ്. സർ, മിസ്റ്റർ രാജരാജവർമ്മ കോയിത്തമ്പുരാന്റെ ബിൽ പരിശോധിക്കയാണെങ്കിലൊ അവിടെയും പ്രായേണ ഈ തത്വങ്ങളെതന്നെ അവിടെയും ചേർത്തിട്ടുള്ളതായി കാണാവുന്നതാണ്. ആ

ബില്ലിലും വിചാരണയിലും പിന്നീടുണ്ടാകുന്ന നിയമനടപടിക്രമത്തിനേയും സംബന്ധിച്ച ഒരു നിയമപ്രശ്നമുണ്ടാകുമെന്ന അഭിപ്രായപ്പെട്ടിട്ടുള്ളതായി നിയമജ്ഞർക്കു കാണാവുന്നതാണ്. അങ്ങനെ ഉണ്ടാകുന്നതായ നിയമത്തിന്റെ പരമമായ സമ്മതത്തിനുവേണ്ടി വ്യവഹരിപ്പിക്കപ്പെടുമെന്നുള്ള ഒരു പ്രകടിപ്പു ഭയവുമുണ്ട്. ആകയാൽ ഈ ബില്ലിന്റെ തത്വങ്ങളെ സഭയിൽ നിന്നു സ്വീകരിക്കുന്നപക്ഷം ഉദ്ദേശബില്ലിന്റെ മുഴുവൻ ഭാഗവും മിക്കപ്പോഴും ഏതുതന്നെ ഒരു വലിയഭാഗം ഈ സഭയുടെ അഭിപ്രായത്തെ സിദ്ധിച്ചുതായി വീക്ഷിക്കുന്നതാണ്. ഞാൻ ഇതിനെ ഇപ്പോൾ ചൂണ്ടിക്കാണിക്കുന്നതെന്തുകൊണ്ടെന്നാൽ മി. രേവതിനാഥപ്രസാദിന്റെ ബിൽ അംഗീകരിക്കപ്പെട്ടുകഴിഞ്ഞാൽ മേറെ ബില്ലിനേപ്പറ്റി അതായത് മി. രാജരാജവർമ്മയുടെ മരുമക്കത്തായബില്ലിനെപ്പറ്റി സഭക്ക് വേണ്ടുവോളം നടന്നുമാത്രമുള്ളതിൽ നടപടിക്രമത്തെപ്പറ്റി ഞാനേഷപരനോ ചോദ്യം ചെയ്തുനോ അയുക്തമായിരിക്കയില്ലായ്കയുമുണ്ടായിരിക്കയില്ലാം.

ഡെപ്യൂട്ടിപ്രസിഡന്റ്: ഈ ഘട്ടത്തിൽ ഈ ബില്ലിന്റെ തത്വങ്ങളെ അംഗീകരിക്കണമെന്നോ അതു തള്ളിക്കളയണമെന്നോ ഏതാണ്ടു നിശ്ചയമായിട്ടുള്ള അഭിപ്രായം?

മി: കുഞ്ഞാലം പരമേശ്വരൻപിള്ള (അഡിഷനൽ ഡെപ്യൂട്ടിസ്ക്കാർവക്കീൽ): ഞാൻ എതിർക്കയല്ല. ഈ ബിൽ സ്വീകരിക്കാനാണ് ദാവമെങ്കിൽ മേറെബിൽ അവതരിപ്പിക്കാമെന്നുള്ള നടപടിക്രമസംബന്ധമായ ഒരു പ്രശ്നത്തിനു അപേക്ഷമുണ്ടായിക്കാമെന്നു എനിക്കുതോന്നുന്നു. സർ, ഒരുവശത്തു രണ്ടുബില്ലുകളും വാദപ്രതിവാദത്തിനെടുത്തു ഒരു ബില്ലുമാത്രം സിലക്ട്കമ്മറ്റിക്കയക്കുകയുണ്ടായാൽ സഭയുടെ പോട്ടെ വാങ്ങിക്കയും ചെയ്യാമെന്നാണെന്നു ഞാൻ അഭിപ്രായപ്പെടുകയാണ്. അതു ഒരു സൌകര്യമായ പ്രൊപ്പോസിഷനായിരിക്കും.

ഡെപ്യൂട്ടിപ്രസിഡന്റ്: നമുക്കു മിസ്റ്റർ രേവതിനാഥ രാജാവിന്റെ ബില്ലിനെപ്പറ്റിയുള്ള വാദപ്രതിവാദം തുടരാം. ഈ ബില്ലിന്റെ തത്വം സ്വീകരിക്കപ്പെട്ടുകഴിഞ്ഞാൽ മൈനോരിട്ടിമെമ്പർമാരുടെയും ബിൽ അവതരിപ്പിക്കുമ്പോൾ അതിന്റെ തത്വവും നാമതിൽനിന്നു അംഗീകരിക്കുമെന്നു നമുക്കു ഗ്രഹിക്കാം.

മി: കുഞ്ഞാലം പരമേശ്വരൻപിള്ള (അഡിഷനൽ ഡെപ്യൂട്ടിസ്ക്കാർവക്കീൽ): രണ്ടുബില്ലിന്റെയും ഗുണദോഷങ്ങളെയും ദോഷഭാഗങ്ങളെയും പറ്റി സഭയ്ക്കു പൂർണ്ണബോധമായിരിക്കേണ്ടതുണ്ട്.

ഡെപ്യൂട്ടിപ്രസിഡന്റ്: രണ്ടുബില്ലിന്റെയും പ്രതികൂലമേഖലാന്മാർക്കു അയച്ചുകൊടുക്കയും, അവർ വായിക്കുകയും ചെയ്തിട്ടുണ്ടെന്നു നിശ്ചയം ധരിക്കണം. തത്വങ്ങൾ രണ്ടിലും ഒരേപോലുള്ളതാണ്. ഈ ബില്ലിൽ അടങ്ങിയിരിക്കുന്ന അവങ്ങളെ അംഗീകരിക്കണമെന്നാണ് സഭയുടെ അഭിപ്രായവും.

മി: കുഞ്ഞാലം പരമേശ്വരൻപിള്ള (അഡിഷണൽ ഡെപ്യൂട്ടി സക്കാർവക്കീൽ): ഓരോബില്ലിന്റെയും അവതാരകന്മാരോട്, അദ്ദേഹങ്ങളുടെ അഭിപ്രായം സഭയ്ക്കു വിശദപ്പെടുത്തിക്കൊടുക്കാൻ ആവശ്യപ്പെടണമോ എന്നുള്ളതു താങ്കളുടെ തീരുമാനത്തിനായി ഞാൻ പറഞ്ഞുകൊള്ളുന്നതുമാത്രമുള്ളൂ.

ഡെപ്യൂട്ടിപ്രസിഡന്റ്: ഏതു സ്റ്റാന്റിങ്ങ് ആർഡർ, ഞങ്ങൾ അനുസരിച്ചുകൊണ്ടു മയപ്പെടുത്തിപ്പറയണം?

മി: കുഞ്ഞാലംപരമേശ്വരൻപിള്ള (അഡിഷനൽ ഡെപ്യൂട്ടി സക്കാർവക്കീൽ): സഭയുടെ ആലോചനയിൽ രണ്ടു ബില്ലുകളും ഉള്ളപ്പോൾ രണ്ടു ബില്ലുകളിന്മേലും വാദപ്രതിവാദം നടത്തി പ്രത്യേകം പ്രത്യേകം വോട്ടെടുക്കുന്നതിനുള്ള അധികാരം അദ്ധ്യക്ഷനുള്ളതാണ്.

മി: മഹാരാജാവ് രാജാ (ഇടവക): എനിക്കു അതിനേപ്പറ്റി രണ്ടുവാക്കു പറയാനുണ്ട്.

ഡെപ്യൂട്ടിപ്രസിഡന്റ്: ചിലപ്പോൾ താങ്കളുടെ ഗ്രാൻ സംസാരിക്കുന്നതിനവധിക്കാം.

മി: കുഞ്ഞാലം പരമേശ്വരൻപിള്ള (അഡിഷണൽ ഡെപ്യൂട്ടിസക്കാർവക്കീൽ): ഇതിനുവിപരീതമായി, എന്തെങ്കിലും ചൂണ്ടിക്കാണിക്കുന്നതിനു, ഈ ആലോചനയ്ക്കുള്ള പക്ഷം, എന്റെ അഭിപ്രായത്തിനെ മാറ്റുന്നതിനു തന്നെ ഞാൻ തയ്യാറാണ്.

ഡെപ്യൂട്ടിപ്രസിഡന്റ്: ദയവുചെയ്തു ഒരു അദ്ധ്യക്ഷ തീരുമാനം വേണമെന്നാവശ്യപ്പെടാതിരിക്കണം ഇപ്പോഴത്തെ വാദപ്രതിവാദത്തിയിടയിൽ മേറെ ബില്ലിലെ സംഗതികളെപ്പറ്റി നിങ്ങൾക്കു സൂചിപ്പിക്കാവുന്നതാണ്.

മി: കുഞ്ഞാലം പരമേശ്വരൻപിള്ള (അഡിഷണൽ ഡെപ്യൂട്ടി സക്കാർ വക്കീൽ): രണ്ടു ബില്ലുകളേപ്പറ്റിയും വാദപ്രതിവാദം നടത്തുകയും അതിനേൽ സഭയുടെ വോട്ടെടുക്കുകയും ചെയ്യുകയോ?

ഡെപ്യൂട്ടിപ്രസിഡന്റ്: ഏതുചട്ടമനുസരിച്ച്?

മി: കുഞ്ഞാലംപരമേശ്വരൻപിള്ള (അഡിഷണൽ ഡെപ്യൂട്ടി സക്കാർവക്കീൽ): ഒരു പ്രത്യേകനിയമവും ഉള്ളതായി എന്റെ ഇപ്പോഴത്തെ അറിവോചനയിൽ കാണുന്നില്ല.

ഡെപ്യൂട്ടിപ്രസിഡന്റ്: അതെനിക്കറിഞ്ഞുകൂടാത്തതുകൊണ്ടു ഞാൻ വിചാരിക്കുന്നില്ല. രണ്ടുബില്ലുകളേയും കൂടിച്ചേർത്തു ഒരുമിച്ചു വാദപ്രതിവാദം നടത്തുന്നതുകൊണ്ടു മിസ്റ്റർ കുഞ്ഞാലം പരമേശ്വരൻപിള്ള അഭിപ്രായപ്പെട്ടിരിക്കുന്നതുപോലുള്ള പ്രായോഗികമായ ഗുണങ്ങളെല്ലാം ഇതു ബില്ലിനെപ്പറ്റി മൈനോരിട്ടി വാദപ്രതിവാദം നടത്തുമ്പോൾ മേറെബില്ലിലും അതുപോലുള്ള കാര്യങ്ങളെക്കുറിച്ചു പറയുന്നതിനു ഞാൻ അനുവദിക്കുന്നതാണ്. ഒരേ സമയത്തു രണ്ടു ബില്ലുകളും സഭയുടെ ആലോചനയിൽ ഇരിപ്പാൻ പാടുള്ളതല്ല. ഈ ബില്ലിന്റെ തത്വങ്ങളെപ്പറ്റിയുള്ള വാദപ്രതിവാദം നമുക്കു തുടരാം. നിങ്ങൾ പറയുംപോലെ തത്വങ്ങൾ രണ്ടിലും ഒന്നുതന്നെയാണെങ്കിൽ പിന്നെ പ്രയാസമൊന്നുമില്ലല്ലോ? മി രാജരാജവർമ്മ വാദപ്രതിവാദത്തിനിടയിൽ ക്ഷത്രിയബില്ലിനെ പരിഷ്കരിക്കുന്നവിധത്തിൽ നിങ്ങളുടെ ഭേദഗതിയിട്ടു മരുമക്കത്തായബില്ലിൽ നിങ്ങൾ ചേർത്തിട്ടുള്ള സംഗതികളെക്കുറിച്ചു അഭിപ്രായം പുറപ്പെടുവിക്കുന്നതിനുള്ള അവകാശം നിങ്ങൾക്കുണ്ട്. തൽക്കാലത്തേയ്ക്ക് ഇപ്പോൾ സഭയുടെ ആലോചനയിൽ ഇരിക്കുന്ന ക്ഷത്രിയബില്ലിലെ കാര്യങ്ങളിൽ നമുക്കു ശ്രദ്ധിക്കാം.

മി: എൽ. എ. രാജരാജവർമ്മ കോയിൽതമ്പുരാൻ (ചങ്ങനാശ്ശേരി പിന്നോക്കം): ഈ ബില്ലിനെപ്പറ്റി എനിക്കു പറയാനുള്ളതു പറയുന്നതിനുമുമ്പിൽ ചില സംശയങ്ങൾ നിവാരണംചെയ്യണമെന്നു എനിക്കു തോന്നുന്നുണ്ട്.

ശ്രീ: കയ്യലേപ്പേരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സെക്രട്ടറിവകുപ്പ്) ഫ്രം നമ്പർ പ്ലാന്റേഷൻ ആർഡറിൽ ഇപ്രകാരംപറയുന്നു:—"നടപ്പാ അഭിപ്രായമോ മെമ്പേറന്മാരുടെ സഹായമായി വസ്തുതസംബന്ധമായ പ്രമേയങ്ങളും ഉണ്ടായിരിക്കുമ്പോൾ, ആയതിനെ പ്രമേയമാണെ അവതരിപ്പിക്കേണ്ടതെന്നുള്ള അദ്ധ്യക്ഷൻ തീരുമാനിക്കേണ്ടതും അങ്ങനെയെ തീരുമാനിക്കുമ്പോൾ, മറവ പ്രമേയം പിൻവലിക്കപ്പെട്ടിട്ടുള്ളതായി ഗണിക്കപ്പെടേണ്ടതും ആകുന്നു."

ഡെപ്യൂട്ടിപ്രസിഡണ്ട്: മിസ്റ്റർ പേരമേശ്വരൻപിള്ള അവ വസ്തുതസംബന്ധമായുള്ളതായാണോ പറയാൻ നിവൃത്തിയില്ല, അതല്ലേ പ്രശ്നം.

ശ്രീ: എൽ. ആർ. രാജരാജവർമ്മകോയിൽതമ്പുരാൻ (ചങ്ങനാശ്ശേരി പീരുമേട്): സർ, ഇത്വെസംബന്ധിച്ചു എന്തെങ്കിലുംപറയുന്നതിനു മുമ്പായി ചിലകാര്യങ്ങളിൽ ഞാൻ പ്രസിഡണ്ടിന്റെ ശ്രദ്ധയെ ക്ഷണിച്ചുകൊള്ളുന്നു. ഈ ബില്ലിൽരണ്ടു വ്യത്യസ്തകാര്യങ്ങൾ വരുന്നുണ്ട്, കൌൺസിലിന്റെ അധികാരം അവയെ സംബന്ധിച്ചുഎതുയെന്നെ എനിക്കറിഞ്ഞുകൂടാ.

ഡെപ്യൂട്ടിപ്രസിഡണ്ട്: പറഞ്ഞുകൊടുക്കുക. കൌൺസിലിന്റെ അധികാരസീമയിൽ കവിയുകയാണെങ്കിൽ അപ്പോൾ തടഞ്ഞുകൊള്ളാം.

ശ്രീ. എൽ. ആർ. രാജരാജവർമ്മകോയിൽതമ്പുരാൻ (ചങ്ങനാശ്ശേരി പീരുമേട്) പ്രാരംഭത്തിൽ രാജകുടുംബത്തിനെ ഒഴിച്ചു എന്നുപറയുന്നുണ്ട്, രാജകുടുംബത്തിനെ ഉൾപ്പെടുത്തുവാൻ പറയാൻ ഈ കൌൺസിലിനു അധികാരമുണ്ടോ? അതിനെപ്പറ്റി എന്തെങ്കിലും പറയാമോ?

ഡെപ്യൂട്ടിപ്രസിഡണ്ട്: ലജിസ്ലേറിവുകൌൺസിലിൽ റഫറേഷ്യകരം രാജകുടുംബത്തിലെ അംഗങ്ങളെ സംബന്ധിക്കുന്നതായ വിഷയങ്ങൾ കൌൺസിലിന്റെ ശുപാർശചോദ്യത്തിയിൽനിന്നു ഒഴിക്കപ്പെട്ടിരിക്കുന്നു. എന്നാണു ഈ പ്രത്യേകകാര്യങ്ങൾ പറഞ്ഞപ്പറ്റി എനിക്കു പറവാനുള്ള മറുപടി.

ശ്രീ. എൽ. ആർ. രാജരാജവർമ്മ കോയിൽതമ്പുരാൻ (ചങ്ങനാശ്ശേരി പീരുമേട്): വാദപ്രതിവാദത്തിൽ നടപ്പിനേയും അനാചാരങ്ങളേയുംപറ്റി പറയേണ്ടിവന്നാൽ അതുപറയാമോ?

ഡെപ്യൂട്ടിപ്രസിഡണ്ട്: പറയാം വിരോധമില്ല.

ശ്രീ: എൽ. ആർ. രാജരാജവർമ്മകോയിൽതമ്പുരാൻ (ചങ്ങനാശ്ശേരി പീരുമേട്): പെൻഷൻമുതലായുള്ള സംഗതികളെ ഈ കൌൺസിലിൽ നിന്നും ഒഴിച്ചുള്ളതാണ്. അതിനെപ്പറ്റി പറയാമോ?

ഡെപ്യൂട്ടിപ്രസിഡണ്ട്: അതും, കൌൺസിലിന്റെ അധികാരസീമയ്ക്കു പുറത്തുള്ളതാണ്. ലെജിസ്ലേറീവ് കൌൺസിലിൽ റഫറേഷനിലെ തിരുമേനിക്കു നിങ്ങൾക്കു ബുദ്ധിമുട്ടുവാൻ പാടില്ല.

ശ്രീ: എൽ. ആർ. രാജരാജവർമ്മകോയിൽതമ്പുരാൻ (ചങ്ങനാശ്ശേരി പീരുമേട്): കൌൺസിൽ റഫറേഷനിൽ തടഞ്ഞിട്ടുള്ള ചിലസംഗതികൾ ഗവർമ്മെന്റിന്റെ അനുഭാവത്തോടുകൂടി പറയാമെന്നുണ്ട്.

ഡെപ്യൂട്ടിപ്രസിഡണ്ട്: ഏതാണെന്നു ഞാൻ ഗ്രഹിക്കട്ടെ, ലെജിസ്ലേറീവു കൌൺസിൽ റഫറേഷനനുസരിച്ചു പെൻഷനുസംബന്ധിച്ചു യാതൊരു വിരോധവുമില്ല, അതിനെപ്പറ്റി പറയാം, രാജകുടുംബത്തേ സംബന്ധിച്ചുള്ള മറവ രണ്ടു കാര്യങ്ങളും പ്രത്യേകം ഒഴിക്കപ്പെട്ടിട്ടുണ്ട്. നിങ്ങൾക്കുള്ള മറ്റൊരു സംശയമെന്താണ്?

ശ്രീ: എൽ. രാജരാജവർമ്മകോയിൽതമ്പുരാൻ (ചങ്ങനാശ്ശേരി പീരുമേട്): കണ്ടുകൃഷിഭൂമികളുടെ ഓഹരിയെ സംബന്ധിച്ചുള്ള ഭാഗംവയ്ക്കുമ്പോൾ കണ്ടുകൃഷിവസ്തുക്കളെപ്പറ്റി സംസാരിക്കേണ്ടിവരും.

ഡെപ്യൂട്ടിപ്രസിഡന്റ്: അതു ഒരു പ്രത്യേക തിരുവഴിയിലൂടെത്താൽ നിയന്ത്രിക്കപ്പെട്ടിട്ടുള്ളതാണ്. കണ്ടുകൃഷിഭൂമികളുമായി സംബന്ധിച്ചു വേണ്ടനിയ്ക്കർഷകരും സിവിൽനടപടിനിയമത്തിൽ ചെയ്തിരിക്കുന്നു. എന്താണുവിഷമം? ഭാഗാർഹമായ വസ്തുക്കളെ അവസാനമായി തിട്ടപ്പെടുത്തുന്ന പതനത്തിലാണു നാം ഇപ്പോൾ ഇരിക്കുന്നതു. ഇപ്പോൾ കണ്ടുകൃഷിവസ്തുക്കളുടെ കാര്യത്തിലേക്കു നിങ്ങൾ പ്രവേശിക്കുന്നതെന്തിനാണ്. ഭാഗത്തിൻറെകാര്യത്തെ സംബന്ധിച്ചിടത്തോളം അതു കൂട്ടുകുടുംബവസ്തുവാണെന്നു പറയുന്നുകൊണ്ടോ കൌൺസിലിന്റെ കാര്യത്തിനു മതിയാകുമെന്നുള്ളതാണു. കൂട്ടുകുടുംബവസ്തുക്കൾ ഏതാണെന്നു നമുക്കു പ്രത്യേകം ചൂണ്ടികാണിക്കേണ്ട ആവശ്യമില്ല. കണ്ടുകൃഷിവസ്തുക്കൾ കൂട്ടുകുടുംബവസ്തുക്കളാകുവാൻ പാടില്ലെന്നുണ്ടെങ്കിൽ അതു കോടതിയിൽനിന്നു പറഞ്ഞുകൊള്ളും. ഏതായാലും ഇപ്പോൾ കൌൺസിലിന്റെ ആലോചനയിൽ ഇരിക്കുന്ന ബില്ലിന്റെ തത്വത്തിനും അതിനുതന്നെയിൽ യാതൊരുബന്ധവുംഇല്ല. നിങ്ങൾക്കു പറവാനുള്ളതു ദയവുചെയ്തു പറയണം.

ശ്രീ: എൽ. ആർ. രാജരാജവർമ്മകോയിൽതമ്പുരാൻ (ചങ്ങനാശ്ശേരി പീരുമേട്): ഈ ബിൽ ഇപ്പോൾ ഒടെ അവതരിപ്പിച്ചിട്ടുള്ള മെംബർമാരുടെ ഇതിനെസംബന്ധിച്ചു ഇവിടെപറഞ്ഞതു. അല്പമായും അല്പമായിട്ടുള്ള അഭിപ്രായത്തിന്റെ സ്നേഹിതന്മാരിൽ ഏതാനുംപേരും ഈ ബില്ലിനെ അനുകൂലിക്കുന്നുണ്ടെന്നും വേറെ ഉൽപതിഷ്ണുക്കളായിട്ടും മറവുള്ളവരിൽ ചിലർ ഇതിനോടു യോജിക്കുന്നില്ലെന്നുമാണു. അല്പമതത്തിന്റെ ബില്ലിനോടു യോജിക്കുന്നവരുടെ സമുദായത്തിൽ ഞധ്ന്യംപേരും എന്നു തോന്നുന്നില്ല.

ഡെപ്യൂട്ടിപ്രസിഡണ്ട്: നിങ്ങൾ ബില്ലിനെ എതുക്കുന്നുപെന്നു ഞാൻ മനസ്സിലാക്കട്ടയോ?

ശ്രീ: എൽ. ആർ. രാജരാജവർമ്മകോയിൽതമ്പുരാൻ (ചങ്ങനാശ്ശേരി പീരുമേട്): അതിൽ ചില വ്യവസ്ഥകൾ വരുത്തണമെന്നുള്ളതിനോടുകൂടി ഞാൻ അതിനെ അനുകൂലിക്കുന്നു. ചില ആയതി നിയുക്തികളും ചില ഭേദഗതികളും ആവശ്യമാണ്. അതായിരിക്കുമല്ലോ തത്വത്തെപ്പറ്റി വാദപ്രതിവാദംചെയ്യുക എന്നുപറയുമ്പോൾ ഉദ്ദേശിക്കുന്നതു. ക്ഷത്രിയരുടെ ഇടയിലുള്ള ഭാഗത്തെ സംബന്ധിച്ചു ഈ ബില്ലിൽ ചേർക്കുന്നതിനെയും അത്യാവശ്യമില്ലെന്നു അദ്ദേഹം പറയുകയും ചെയ്തിട്ടുണ്ട്. ഭാഗംസംബന്ധിച്ചു ഒരു അഭ്യായം ചേർക്കണമെന്നാണ് എന്റെ അഭിപ്രായം. ഇപ്പോൾ ഞാൻ ഇത്രപറഞ്ഞിരുന്നിൽ ഈ ബിൽ സിലക്ട് കമ്മിറ്റിയിൽ

എട്ടുകുമ്പോൾഗോത്രത്തെസംബന്ധിച്ചുള്ള ഖണ്ഡങ്ങൾ മുഖബില്ലിൽ ഇല്ലാത്തതുകൊണ്ട് പിന്നിടതു രണ്ടംവായനയിൽ ചേർക്കാൻപാടില്ലെന്ന സാങ്കേതികതടസ്സം പറഞ്ഞേക്കാം. എന്നാലെ ഇതുപോലുള്ളസന്ദർഭത്തിൽ ഞാൻ സംബന്ധപ്പെട്ടതായ ഒരു ചോദ്യം ചോദിച്ചപ്പോൾ ചില സംഗതികൾ അവിടെ ഒരുപോചിക്കാൻ അവകാശമില്ലെന്നുപറഞ്ഞു. ഇതുകൊണ്ട് അങ്ങിനെ ഒരുഭേദഗതി വരുത്തിയിരിക്കാനാണ് ഞാൻ ഈ വകുപ്പു ഇപ്പോൾതന്നെ പൊളിച്ചെടുക്കുവിചാരിച്ചത്.

മി: രേവതിനാൾ രാമവർമ്മരാജാ (ഇടവക): എന്റെ ഈ സംഗതിയിൽ അങ്ങിനെ ഭേദഗതിപ്പെടുത്തുവെങ്കിൽ വിരോധമില്ലെന്നു പറഞ്ഞിട്ടുള്ളതായിട്ടറിയാമോ?

മി: എം. ആർ. രാജരാജവർമ്മകോയിൽതമ്പുരാൻ (ചങ്ങനാശ്ശേരി പീരുമേട്): മെമ്പർക്കതന്നെ ഭേദഗതിചെയ്തസംബോധിച്ച ഭൂരിപക്ഷാഭിപ്രായമുള്ളതായിട്ടു എനിക്കറിയാം. മെമ്പർ പ്രതിനിധീകരിക്കുന്നവരുടെ അഭിപ്രായം അവരുടെ പിൻഗാമിയെക്കൊണ്ടാണ് ഈ ഭാഗം ചേർക്കാതെയുള്ള ഭേദഗതി ഞാൻ വിചാരിക്കുന്നു. ഭൂരിപക്ഷാഭിപ്രായമായിട്ട് ഇങ്ങനെയാണ് കാണുന്നതെങ്കിൽ അതുതടസ്സപ്പെടുത്തേണ്ടതായിരിക്കാനായി ഞാൻ ഇപ്പോൾ പറയുകയാണ് ഇട്ട്.

ഡെപ്യൂട്ടിപ്രസിഡണ്ട്: അതുകൊണ്ട് ഓരോക്കുറ്റംപറയുടെ അടിസ്ഥാനത്തിൽ ഒരു പ്രത്യേക നിർദ്ദേശം സിലക്ട് കമ്മിറ്റിക്ക് കൊടുക്കണമെന്നാണോ?

മി: എൽ. ആർ. രാജരാജവർമ്മകോയിൽതമ്പുരാൻ (ചങ്ങനാശ്ശേരി പീരുമേട്): അതേ സാർ, ബോധപൂർവ്വമായിട്ട് അവഗണിച്ചു ഭാഗംപോലുള്ളതായ അവതാരകൻ പറയുന്നവാദം നമുക്കിവിടെ ആലോചനയ്ക്കുവെയ്ക്കുന്നില്ല. ഭാഗത്തെപ്പറ്റി വലിയ തർക്കം ഉണ്ടാകേണമെന്നും തോന്നുന്നില്ല. ഭൂരിഭാഗമായ തമ്പുരിയേയും ഏതാണ്ട വേണ്ടപ്പെട്ടവരുടെ വാദംമാത്രമേ ഉണ്ടാകാൻതരമുള്ളൂ.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരം സൗത്തുമങ്ങാട്ട): ഭാഗംപറഞ്ഞതായ പേരിൽ മാറ്റവല്ല പ്രത്യേകകാരണവും ഉണ്ടോ?

മി: എൽ. ആർ. രാജരാജവർമ്മകോയിൽതമ്പുരാൻ (ചങ്ങനാശ്ശേരി പീരുമേട്): മാറ്റപ്രത്യേക കുറ്റമൊന്നുമുള്ളതായി തോന്നുന്നില്ല.. ഏതായാലും കാലത്തിനുമുമ്പുതന്നെ സമുദായം നല്ല സ്ഥാനത്തുണ്ട് ഇരുന്നിരുന്നു. ഇപ്പോൾ പല മാറ്റങ്ങൾ നടപ്പാക്കിച്ചുപോയിട്ടുണ്ട്. അതിനുകാരണം ഭാഗം ഇല്ലാത്തതുകൊണ്ടാണ് എന്നാണ് എന്റെ അഭിപ്രായം.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരം സൗത്തുമങ്ങാട്ട്): വിവാഹത്തെസംബന്ധിച്ചു വേണ്ട വ്യവസ്ഥകൾ വന്നാലേക്കും ഭാഗംഇല്ലാതാവു എന്നു ബില്ലുപ്രമോക്തമാവു പറഞ്ഞിട്ടുള്ളതായി അറിയാമോ?

ഡെപ്യൂട്ടിപ്രസിഡണ്ട്: മിസ്റ്റർ മാധവൻപിള്ളയിങ്ങനെ ചോദ്യം അദ്ധ്യക്ഷന്മുമ്പാകെ ചോദിക്കണം. എന്നാലേ നിങ്ങൾപറയുന്നതു ഇവിടെയുംകേൾക്കാൻ സാധിക്കയുള്ളൂ.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരം സൗത്തുമങ്ങാട്ട): ഞാൻ അദ്ധ്യക്ഷനെ നേരിട്ടാണ് ചോദ്യംചെയ്യുന്നത്. ഞാൻ അദ്ദേഹത്തിന്റെനേക്ക് തിരിഞ്ഞുനോക്കുകയാണ് ചെയ്തുള്ളൂ.

ഡെപ്യൂട്ടിപ്രസിഡണ്ട്: ഇവിടെയുള്ളവർക്കും അതുകേൾക്കുള്ളതുകൊണ്ടാണ് ഞാൻ സിലിക്കട്ടെ.

മി: എൽ. ആർ. രാജരാജവർമ്മകോയിൽതമ്പുരാൻ (ചങ്ങനാശ്ശേരി പീരുമേട്): വിവാഹം സമുദായത്തിൽ മാത്രമെ പാടൊള്ളുഎന്നു പറയുന്നു. സമുദായത്തിനു കോട്ടമുണ്ടാക്കിയശേഷമല്ലാതെ സാധിക്കുമെന്നതോന്നുന്നില്ല. എന്നാലും തന്നെയും അതു വേണ്ടതാണെന്നും ഞാൻ വിചാരിക്കുന്നില്ല. ഇപ്പോഴത്തെ സെൻസസ്സിൻ കണക്കിയുടെ സംഖ്യ കുറച്ചുകൂടിച്ചെങ്കിലും അതു ചുരുങ്ങിയതുവണ്ണം കുറഞ്ഞിരുന്നതുകളിൽ ഉൾപ്പെട്ട ചിലർക്കുടി ഇപ്പോൾ ക്ഷത്രിയരായിതീർന്നതുകൊണ്ടാണ് ആസമുദായത്തിന്റെ മറ്റു സമുദായികബില്ലിൽ ഉൾപ്പെടുത്താൻ സാധിക്കയില്ല. സജാതീയവിവാഹം നടപ്പാക്കിയതുകൊണ്ടുമാത്രമേ ഭാഗംനിർത്തുള്ളു എന്നു പറയുന്നതു ശരിയല്ല. സമുദായത്തിനു കൂടുതൽഗുണം ഉണ്ടാകുന്നതു നല്ലതാണെങ്കിലും അതുനിമിത്തം ബാക്കിയുള്ളവർക്ക് ഉപദ്രവം ഉണ്ടാക്കിതീർക്കുന്നതു ന്യായമല്ലല്ലോ. ഞാൻ മരുമക്കത്തായം ബില്ലിൽചേർത്തിട്ടുള്ള പല ഭാഗങ്ങളും ഭാഗത്തെസംബന്ധിച്ചു അഭിപ്രായവും ഇതിൽ വരുത്തണമെന്നുദ്ദേശിക്കുന്നുണ്ട്. എന്നാൽ അതിനു ജാതിവ്യത്യാസത്തെ സംബന്ധിച്ചിടത്തോളം ഈ ഉപദ്രവം ഉണ്ടാകുമായിരുന്നില്ല. പുരുഷനും സ്ത്രീയും ജനനാൽ ഉള്ള ജാതിവ്യത്യാസമല്ലാതെ പേരറയത്തെ വ്യത്യാസവും ഞാൻ അതിൽ കാണിച്ചിട്ടില്ല.

ഈ ബില്ലിന്റെ പ്രചാരത്തിൽ ഈ രണ്ടു മൂന്നു സംഗതികൂടുകൂടി കൂട്ടിച്ചേർക്കണമെന്നാണ് എന്റെ അഭിപ്രായം. താൽക്കാലികമായി ഭാഗം കൊണ്ടു സമുദായത്തിനു വലിയ ദോഷമുണ്ടെന്നു വിചാരിക്കുന്ന പക്ഷം കുടിവയ്പ്പ് എന്ന അന്വേഷിക്കുടെ ഇടയിലുള്ള ഒരുപതിവു എങ്കിലും ഏർപ്പെടുത്തണം. കുടിവയ്പ്പിനെപ്പറ്റി ഇവിടെപറഞ്ഞു മനസ്സിലാക്കേണ്ട ആവശ്യമുണ്ടെന്നു ഞാൻ വിചാരിക്കുന്നു. അതിലേക്ക ഒരു നിർവചനംഎഴുതിയിരിക്കുന്നതു ഇങ്ങനെയാണ്,

"കുടിവയ്പ്പ്" എന്നാൽ മാപ്പിയോ, മാപ്പിയെയും മക്കളെയുമോ, തീയ്യനോടോ, അല്ലെങ്കിൽ തീയ്യാടിനെ മാപ്പിയോടോ, അയാളുടെയോ അവളുടെയോ, സ്വന്തതറവാട്ടിലേയ്ക്കു കൂട്ടിച്ചേർക്കുക, എന്നർത്ഥമാകുന്നു. അതായതു തീയ്യാടിന്റെ ഗൃഹത്തിലേയ്ക്കു മാപ്പിയേയും കുട്ടികളേയും കൂട്ടിച്ചേർത്തു അവിടത്തെ അംഗങ്ങളാക്കി തീർക്കുകയോ തീയ്യാടിനെ മാപ്പിയുടെ കുടുംബത്തിലെ അംഗമാക്കി തീർക്കുകയോ ആണ്. കുടിവയ്പുമുഖം ആ കുടുംബത്തിലേ അംഗങ്ങൾക്കുള്ള ഇഷ്ടാവകാശം ഇവർക്കും കിട്ടും.

ഡെപ്യൂട്ടി പ്രസിഡന്റ്: മാപ്പിയും തീയ്യാടും ഒരേജാതിയിലായിരുന്നാലല്ലേ അങ്ങിനെചെയ്യൂ?

മി: എൽ. ആർ. രാജരാജവർമ്മകോയിൽതമ്പുരാൻ (ചങ്ങനാശ്ശേരി പീരുമേട്): ജാതിയെസംബന്ധിച്ചും വിവാഹത്തെ സംബന്ധിച്ചും ഞാൻ പറയുന്നുണ്ട്.

മി: പി. താണുപിള്ള (തിരുവനന്തപുരം): അങ്ങിനെ സമുദായത്തിന്റെ പതിവുണ്ടോ?

മി: എൽ. ആർ. രാജരാജവർമ്മകോയിൽതമ്പുരാൻ (ചങ്ങനാശേരി പീരുമേട്ട്): ക്ഷത്രിയസമുദായത്തിലില്ല, അമ്പലവാസികളുടെ ഇടയിൽ ഉണ്ട്, അതാവശ്യമുള്ളതാണെന്നു എനിക്കു തോന്നി, ഇതു നടപ്പുള്ള സമുദായങ്ങളിലുണ്ട്, അതുകൊണ്ട് ഇതിൽ ചേർക്കണമെന്നു ഞാൻ വിചാരിച്ചതാണ്, ഈ ബിൽ തയ്യാറാക്കുന്നതിനു കമ്മിറ്റിയിൽ പലപ്രാവശ്യം സംബന്ധിച്ചിട്ടുള്ളതുകൊണ്ട് ഇതിനെപ്പറ്റി എനിക്കു നല്ലവണ്ണം ഓർമ്മയുണ്ട്. ഇതിനെപ്പറ്റി ഇപ്പോൾ പറയുന്നതു ശരിയല്ലെങ്കിൽ ഉപേക്ഷിച്ചേയ്ക്കാം.

കുടിവയ്പു സമ്പ്രദായം നടപ്പിലുള്ള ഒരു മതാചാരം പോലെയാണ്. എന്നാൽ ഞാൻ അതു രജിസ്റ്റർ ചെയ്യണമെന്നുകൂടി നിർബന്ധിച്ചിട്ടില്ല. ഒരു സിവിൽ അപേക്ഷയിൽ കൂടെ വിവാഹം മുമ്പോ വിവാഹം കഴിഞ്ഞശേഷം ഏതെങ്കിലും അവസരത്തിൽ കുടിവയ്പു നടത്തിയതാണെന്നു ഒരു ഖണ്ഡം ചേർത്താൽ മതിയാകുന്നതാണ്.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരം നെടുമങ്ങാട്): കുടിവയ്പു കഴിഞ്ഞുകഴിക്കുന്നതിനുമുമ്പായിരിക്കണമോ? അതല്ല വല്ല അവസരത്തിലും ചെയ്താൽ മതിയോ?

ഡെപ്യൂട്ടിപ്രസിഡന്റ്: എനിക്കു ആ അടിയന്തിരത്തിന്റെ ചടങ്ങുകളെപ്പറ്റി അറിയാൻ പാടില്ല. വാസ്തുമതടയിച്ചിൽ ഒരാൾക്കു തന്റെ ഭൂമിയെപ്പറ്റി ചില തീരുമാനങ്ങൾ ചെയ്യുന്നതിനുള്ള ഒരു പ്രത്യേകശക്തിയായി പരിണമിക്കുന്നുണ്ടെന്നും തന്റെ കുടുംബത്തിലേക്കു ചിലരെ ചേർക്കുന്നതിനുവേണ്ടി ചില നിയന്ത്രണങ്ങൾ ചെയ്യുന്നുണ്ടെന്നും, അവയെല്ലാം മറ്റുള്ളവർക്കു മരണാനന്തരം ഒന്നുപോലെയിരിക്കുന്നതിനും സഹോദരിക്കു വരുംകാലത്തിലും സ്വത്തുണ്ടാകുന്നതിനും വേണ്ടിയാണെന്നും കാണുന്നുണ്ടല്ലോ. അവയെല്ലാം ഒഴിവാക്കുന്നതിനുവേണ്ടിയാണ് ഈ കുടിവയ്പു നടത്തുന്നതെന്നു ഞാൻ വിചാരിക്കുന്നു. അതുകൊണ്ട് ഇതിനെപ്പറ്റി ഞാൻ പറഞ്ഞതിനെ ഖണ്ഡിക്കുന്നതിനു ഞാൻ ഒരുമ്പെടുന്നില്ല.

മി: ഏ. പി. പണ്ടാരപിള്ള (തിരുവനന്തപുരം): തറവാട്ടിലെ കാരണവരുടെ മരണത്തിനുശേഷം കുടുംബത്തിൽ മറ്റുള്ളവരുടെ ജീവിതകാലത്തിൽ ഒരു പുതിയ കാരണവരെ തിരഞ്ഞെടുക്കുന്നതിനുള്ള നിയമം ഉണ്ടോ? ഉണ്ടെങ്കിൽ അതിനെപ്പറ്റി ഒന്നു പറയാമോ?

ഡെപ്യൂട്ടി പ്രസിഡന്റ്: അതിനെപ്പറ്റി, ഇപ്പോൾ ഒരു നിയമമുണ്ടെന്നു തോന്നുന്നില്ല, നാടുവാഴിത്തത്തിലുള്ളതായിരിക്കാം നിലനിന്നുവന്നിരുന്നത്. ഈ പ്രസ്താവനയുടെ കൂടെയിലുള്ള ഈ കുട്ടിച്ചേർപ്പു ഒരുത്തരുടെ അഭിപ്രായങ്ങൾ കൂടി ഉൾപ്പെടുത്തുവാനായിരുന്നു, അവയ്ക്കനുകൂലമായിട്ടോ അംഗങ്ങൾ എന്നതിനെപ്പറ്റി ചിലർക്കു വിചാരവും ഉണ്ട്. ഇതിലുള്ളവരെല്ലാം കുട്ടികളുമില്ല കുറവുമില്ല. പ്രസ്തുതവിഷയത്തിലാകട്ടെ കുട്ടിച്ചേർക്കപ്പെട്ടിട്ടുള്ള കുടുംബത്തിലെ ഒരുപ്രത്യേകവ്യക്തിയായി നിൽക്കയും അവരുടെ കുട്ടികളും കുടുംബാംഗങ്ങളുമായി നിൽക്കയും ചെയ്യുന്നു, ഇപ്രകാരം അല്ലെങ്കിൽ മരുമക്കത്തായം തറവാട്ടിലെ ഒരു മക്കത്തായ കുടുംബമാണിതിനെ. ഈ വസ്തുസമുദായത്തിൽ വിശദമായിട്ടുള്ളതാണ്, എന്നാൽ മറ്റൊരു സമുദായത്തിലും ഇതുപ്രത്യേകമായിപ്പെടുത്തിയിട്ടില്ലാ.

മി: കുഞ്ഞുപരമേശ്വരൻപിള്ള (അഡിഷണൽ ഗവർമെന്റ് സെക്രട്ടറി വക്കീൽ): കുടികൊടുപ്പുകൊണ്ടു പൂർണ്ണമായ അവകാശങ്ങളൊക്കെയും കൊടുത്തുകഴിഞ്ഞുവോ? തീരുമോ?

ഡെപ്യൂട്ടിപ്രസിഡന്റ്: ഉണ്ട്.

മി: പി. താണുപിള്ള (തിരുവനന്തപുരം): കുടിവയ്പുകൊണ്ടു വിവാഹം നടത്തിയ ആളിന്റെ ശേഷക്കാരും മക്കളും ഒരുകുടുംബക്കാരാകുമോ അല്ലയോ?

ഡെപ്യൂട്ടിപ്രസിഡന്റ്: ഒരുകുടുംബക്കാരാകും എന്നാൽ ഉത്തരക്രിയാധികാരം ഭാഗം ചോദിക്കാൻ അവകാശമില്ല. മക്കത്തായികാരം അതു ചോദിക്കാൻ അവകാശമുണ്ടു്

അതു ഒരുസാധ്യതയാണ്. എന്നാൽ നിലവിലിരിക്കുന്ന വായ്ത്താരിസമുദായങ്ങളിൽ കീഴ് നടപ്പിനാൽ അനുവദിക്കപ്പെട്ടിട്ടുള്ള ഒരു പഴയപഴക്കം പൂർപ്പാടാണ്, അതൊരു സമുദായമാത്രമെ ആയതനുകരിക്കുന്നുള്ളൂ.

മി, രാജരാജവർമ്മ അഭിപ്രായപ്പെട്ടതുപോലെ ക്ഷത്രിയരുടെയും മരുമക്കത്തായസമുദായക്കാരുടെയും ഇടയിൽ അതിനുള്ളതുള്ള കുടിവയ്പു നടപ്പിൽ പ്രത്യേകമെന്നാണ് എന്നാണോ നിങ്ങളുടെ ഉദ്ദേശം?

മി: എൽ. ആർ. രാജരാജവർമ്മ കോയിൽതമ്പുരാൻ (ചങ്ങനാശേരി പീരുമേട്ട്): അതെ.

മി: മുഹമ്മദ് പിള്ള (ചേർത്തല): കുടിവയ്പു കഴിഞ്ഞു ആ സ്ത്രീയുടെ ചെയ്തിയും നംപൂതിരികൂടും ബന്ധമുള്ളപ്പോലെ മതിയോ?

ഡെപ്യൂട്ടിപ്രസിഡന്റ്: അവർക്കു ഭാഗത്തിനു അവകാശപ്പെടാം, നംപൂതിരികുടുംബംപോലെ വരികയില്ല.

മി. എൽ. ആർ. രാജരാജവർമ്മകോയിൽതമ്പുരാൻ (ചങ്ങനാശേരി പീരുമേട്ട്) കുടിവയ്പുസമ്പ്രദായത്തെ മൂന്നു തരത്തിലുണ്ട്. അതിൽ പ്രസിഡന്റ് പറഞ്ഞതു ഒരു തരമാണ്, കുടിവയ്പു കഴിഞ്ഞാൽ ശരിയായ ഓഹരിമറ്റുള്ളവരെപ്പോലെ ഭക്ഷണത്തിനും മക്കൾക്കും കിട്ടുമോ എന്നൊരു സംശയം ബാമെംബർ ചോദിച്ചു

മി: ആർ. കേശവപിള്ള (കൊട്ടാരക്കര കുന്നത്തൂർ): ഭാഗംവേണ്ടെന്നുവക്കുന്നതു ഇപ്പോഴത്തെ കാലസ്ഥിതിക്കുയോജിച്ചതാണോ?

മി: എൽ. ആർ. രാജരാജവർമ്മകോയിൽതമ്പുരാൻ(ചങ്ങനാശേരിപീരുമേട്ട്): ഭാഗംകൊടുക്കാതെ ഇരിക്കുന്നതു അത്രയേശം ശരിയല്ല, അങ്ങിനെ ഭാഗം കൊടുക്കാതെ ഇരിക്കണമെന്നുണ്ടെങ്കിൽ, നായർ റഗുലേഷനിൽ അവിഭാജ്യസ്വത്താക്കി ഒഴിയുന്നതിനുള്ള പ്രതിവിധി പോലെ ഒഴിയാൻ മാർഗ്ഗം വച്ചുകൊള്ളണം.

മി: എ. സി. കുഞ്ഞുകോസ് (മീനച്ചൽ മേധാവി): അനേകം അംഗങ്ങളുള്ള ഒരു കുടുംബത്തിൽ അവരുടെ അവകാശത്തിലും ഒരു ഭാഗം കുടിവയ്പു നടത്തുന്ന ആളിനു കൊടുക്കത്തക്കവണ്ണം ഒരു നിയമമുണ്ടാക്കണമെന്നാണോ അഭിപ്രായം?

ഡെപ്യൂട്ടിപ്രസിഡന്റ്: എന്നാണ് അതിൽ അന്തർഭവിച്ചിരിക്കുന്നു.

മി: കുഞ്ഞുപരമേശ്വൻപിള്ള (അഡിഷണൽ ഗവർമെന്റ് സെക്രട്ടറി വക്കീൽ): തിരുവിതാംകൂർ നിന്നും ക്ഷത്രിയരെ ഒഴിക്കുന്നതു സമ്മതമാണോ?

മി: എൽ. ആർ. രാജരാജവർമ്മകോയിൽതമ്പുരാൻ (ചങ്ങനാശേരി പീരുമേട്ടു) അതു ഇപ്പോൾ പാസാക്കുന്ന അവസ്ഥപോലെയിരിക്കും. ഞാൻകൊണ്ടു വരുന്ന ഭേദഗതികൂടി ചേർത്തുപാസാക്കുന്നപക്ഷംഎനിക്കു ഏതിനും വിരോധമില്ല.

ഡെപ്യൂട്ടിപ്രസിഡന്റ്: അതുകൊണ്ടു ഈബില്ലിൽ ഏതെങ്കിലും ഒന്നുകൂടിആലോചനക്കെടുക്കാമെന്നു എനിക്കു തോന്നിയതുപോലെ വിധിക്കാൻ നിവൃത്തിയില്ല.

മി: കയ്യാലംപരമേശ്വരൻപിള്ള (അഡിഷണൽ ഹെഡുസക്രട്ടറിക്കിൽ): സർ, രണ്ടുബില്ലുകളും ഒന്നിച്ചു ആലോചനക്കെടുക്കണമെന്നു ഞാൻ അഭിപ്രായപ്പെട്ടതു അതുകൊണ്ടാണു.

മി: ആർ. കേശവപിള്ള (കൊട്ടാരക്കര കുന്നത്തൂർ): സമുദായത്തിലുള്ള ഭൂരിപക്ഷക്കാരുടെ അഭിപ്രായത്തിനു അനുവർത്തിക്കുന്നവരാണോ?

മി: എൽ. ആർ. രാജരാജവർമ്മകോയിൽതമ്പുരാൻ (ചങ്ങനാശേരിപീരുമേട്ടു) ഒരുവലിയഭൂരിപക്ഷവും ഭാഗത്തിനു അവശ്യപ്പെടുന്നവരാണെന്നാണു എന്റെ ബോദ്ധ്യം.

ഡെപ്യൂട്ടിപ്രസിഡന്റ്: കുടിയയ്പിനവഴിക്കുന്നതിനേക്കാളും രക്ഷാഭാഗം അനുവദിക്കുന്നതാണെന്നു ഞാൻ വിചാരിക്കുന്നു.

മി: എൽ. ആർ. രാജരാജവർമ്മകോയിൽതമ്പുരാൻ (ചങ്ങനാശേരി പീരുമേട്ടു). നിശ്ചയമായും ഞാൻ കുടിയയ്പ്പിനേക്കാൾ ഭാഗത്തിനാണു സ്വീകരിച്ചായി ഗണിക്കുന്നതു്. നിവൃത്തി ഇല്ലാതെവരുന്നസന്ദർഭത്തിൽ മാത്രമേ കുടിയയ്പ്പിനെപറ്റി ഞാൻ വാഴിക്കുന്നൊള്ളു. ചിലകുടുംബക്കാർക്കു ഭാഗം ഫിർപ്പെടുത്താൻ വയ്യാതിരിക്കുകയുണ്ടാകും ചിലരുടെ ആഗ്രഹമുള്ളതുണ്ടു്. ഇടവകക്കാരുടെ അവകാശംകൊടുക്കാൻ നിവൃത്തിയില്ല. അവകുടിയയ്പ്പേസുദ്ധിക്കയൊള്ളു.

മി: ആർ. കേശവപിള്ള (കൊട്ടാരക്കര കുന്നത്തൂർ), അതിനുപകരം ഒന്നുപേരെ?

മി: എൽ. ആർ. രാജരാജവർമ്മകോയിൽതമ്പുരാൻ (ചങ്ങനാശേരിപീരുമേട്ടു): അതിൽ പലഅഭിപ്രായവ്യത്യാസവും ഉണ്ടു. നായർ റഗുലേഷൻ പാസായകാലത്തു ഇതിനെപ്പറ്റി ആലോചിച്ചൊടുവിൽ അതുവേണ്ടായെന്നുവച്ചു. അന്നതുവേണ്ടഎന്നു വച്ചതിനു കാരണങ്ങളെത്തെളിക്കുന്ന സംഗതിയിൽ ബ്രാഹ്മണരും ക്ഷത്രിയരും ഒഴികെ ബാക്കിയുള്ള സമുദായക്കാർ ഗവണ്മെന്റിനെ ഒരു ഓഹരികൊടുക്കണമെന്നുള്ള പരിവു കൊണ്ടുണ്ടു്. ഇപ്പോഴത്തെ സ്ഥിതിക്കും കുടിയയ്പ്പിൻ വിൽ (മരണശാസനം) കൊടുക്കാനുള്ള അധികാരവും ഭൂരിപക്ഷം അതുമതി. ഭേദഗതിന്റെ ആവശ്യമില്ല.

മി: ആർ കേശവപിള്ള (കൊട്ടാരക്കര കുന്നത്തൂർ): ആളോഹരിഭാഗം വേണ്ടതാണോ തായ്വഴി ഭാഗം വേണോ?

മി: എൽ. ആർ. രാജരാജവർമ്മകോയിൽതമ്പുരാൻ (ചങ്ങനാശേരി പീരുമേട്ടു): ആളോഹരി ഭാഗംതന്നെയാണു വേണ്ടതു എന്നാൽ ഗർഭത്തിലിരിക്കുന്ന ശിശുവിനു അവകാശമില്ല. ഇതിനെ സംബന്ധിച്ചു നായർബില്ലിൽ പാസായകൂട്ടത്തു മി: കുഞ്ഞുണ്ണിയുടെഒരു ഭേദഗതിഉണ്ടായിരിക്കുകയും അതിന്മേൽ വലിയ തർക്കം നടക്കുകയും ചെയ്തു.

മി: ഏ. സി കുയ്യാക്കോസു (മീനച്ചിൽ ദേവികുളം): ആളോഹരിഭാഗവും കുടിയയ്പും രണ്ടും വേണമെന്നു നിർബന്ധമുണ്ടോ?

മി: എൽ. ആർ. രാജരാജവർമ്മകോയിൽ തമ്പുരാൻ (ചങ്ങനാശേരി പീരുമേട്ടു). രണ്ടുവേണ്ട ഏതെങ്കിലും ഒന്നു മതിഎന്നാണു ഞാൻ പറഞ്ഞതു്.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽഹെഡു സക്രട്ടറിക്കിൽ): കുടിയയ്പിനു മുമ്പും ഭാഗത്തിനും ഒരു സമുദായമായിരിക്കണമെന്നുണ്ടോ?

മി: എൽ. ആർ. രാജരാജവർമ്മകോയിൽ തമ്പുരാൻ (ചങ്ങനാശേരി പീരുമേട്ടു): സ്വവർഗ്ഗവിവാഹത്തേയും അന്യവർഗ്ഗവിവാഹത്തേയുംപ്പറ്റി നിശ്ചയിക്കുന്നതിനുള്ള അധികാരം സമുദായത്തിനു തന്നെഉണ്ടായിരിക്കണം അതു ഒരു അനന്തരിക്കലും കൊടുക്കാൻ പാടില്ല.

ഡെപ്യൂട്ടിപ്രസിഡന്റ്: കുടിവയ്പിന്റെ ലക്ഷണങ്ങളിൽ നിന്നു വ്യക്തമാകുന്നതു കുടിവയ്പിന്റെ കുയ്യെപ്പറ്റി ആലോചിക്കണമെന്നും അന്യന്മാരെ തറവാട്ടിൽ കൊണ്ടുവന്ന അവരെയെല്ലാം തറവാട്ടിലെ അംഗങ്ങളാക്കണമെന്നും നിങ്ങൾ അഭിപ്രായപ്പെട്ടുസോ അവർസമുദായത്തിന്റെ ഭിന്നവിഭാഗങ്ങളിൽ ചേർന്നവരായിരിക്കുമായെന്നുള്ളതായിരുന്നു. മിസ്റ്റർ കുഞ്ഞാലം പരമേശ്വരൻപിള്ളയുടെ ചോദ്യം. ഉദാഹരണത്തിനു ഒരു ക്ഷത്രിയതറവാട്ടിൽ ഒരു നായർ പെണ്ണിനെ കുടി വയ്ക്കുന്നതു നിങ്ങൾക്കു സമ്മതമാണോ?

മി: എൽ. ആർ. രാജരാജവർമ്മകോയിൽതമ്പുരാൻ (ചങ്ങനാശേരി പീരുമേട്ടു): അതു അന്യന്മാർ എന്നുള്ളതിന്റെ വിവക്ഷയെ അനുസരിച്ചിരിയ്ക്കുന്നതാണു് അന്യന്മാർ ആരെല്ലാമാണ്എന്നുള്ളചോദ്യം വരുമ്പോഴാണ് ഇതൊക്കെ ആലോചിക്കേണ്ടതു്.

ഡെപ്യൂട്ടിപ്രസിഡന്റ്: ക്ഷത്രിയജാതിയെ നിങ്ങൾ പ്രധാനമായി പറയുന്നുണ്ടല്ലോ, ഒരു ക്ഷത്രിയസ്ത്രീ അല്ലാതുള്ള ഏതെങ്കിലും സ്ത്രീയെ കുടിവയ്ക്കുന്നതിനു നിങ്ങൾ അനുവദിക്കുമോ എന്നുള്ളതാണ് നിങ്ങളോടു് ചോദിച്ചതു്? നിങ്ങളുടെ അഭിപ്രായത്തിന്റെ ഫലത്തിനെപ്പറ്റി ഞങ്ങൾക്കു അറിവാൻ തക്കവണ്ണം, ആ. ചോദ്യത്തിനുള്ള ഉത്തരം പറഞ്ഞേക്കണം ക്ഷത്രിയരല്ലാത്ത ഒരു സ്ത്രീയെയും അവരുടെ കുട്ടികളെയും ക്ഷത്രിയകുടുംബത്തിൽ കൂടി വക്കുന്നതിനു നിങ്ങൾ അഭിപ്രായപ്പെടുമോ: വിവാഹം ന്യായാനുസരണമായിരിക്കാവുന്നതാണ് എന്നാൽ അതിനുംകുടിവയ്പിനും തമ്മിൽ യാതൊരുബന്ധവുമില്ല.

മി: എൽ. ആർ. രാജരാജവർമ്മകോയിൽ തമ്പുരാൻ (ചങ്ങനാശേരി പീരുമേട്ടു): എന്റെ വ്യക്തിപ്രായം ആരായാലും വിരോധമില്ലെന്നാണ്, സമുദായത്തിനും അതു ഹിതമാകുമെങ്കിൽ ചേർക്കാം.

ഡെപ്യൂട്ടിപ്രസിഡൻറ്: അതുകൊണ്ടു സമുദായത്തിൻറെ ഹിതമെന്താണെന്നു കൗൺസിലിൽനിന്നു അന്വേഷിച്ചറിയണമെന്നാണോ നിങ്ങൾ ആവശ്യപ്പെടുന്നത്?

ശ്രീ. എൽ. ആർ. രാജരാജവർമ്മകോയിൽ തമ്പുരാൻ (ചങ്ങനാശേരി പീരുമേട്ട്): അന്യസമുദായ വിവാഹവും സ്വസമുദായവിവാഹവും സംബന്ധിച്ചുള്ള നിബന്ധനകൾ തീരുമാനിക്കുന്നതിനുള്ള അവകാശത്തെപ്പറ്റി കൗൺസിലിൽനിന്നു നിശ്ചയിക്കാം.

ഡെപ്യൂട്ടിപ്രസിഡൻറ്: അല്പം മുമ്പു നിങ്ങൾ പ്രസ്താവിച്ചതനുസരിച്ചു ഇപ്പോൾതന്നെ പത്തിരുപതു കൊല്ലത്തേക്ക്, നിങ്ങളുടെ സമുദായത്തിലുള്ളവരുടെ വിവാഹം നിങ്ങളുടെ സമുദായത്തിലുള്ളവരെ കൊണ്ടു തന്നെ നടത്തിക്കാൻ സാധ്യമാകുകയില്ല. നിങ്ങൾ അതുസമ്മതിക്കുന്നല്ലോ? നിങ്ങൾ അന്യസമുദായത്തിൽ നിന്നു തന്നെ വിവാഹം ചെയ്യേണ്ടിയിരിക്കുന്നു.

ശ്രീ: എൽ. എർ. രാജരാജവർമ്മ കോയിൽതമ്പുരാൻ (ചങ്ങനാശ്ശേരി-പീരുമേട്ട്): ഞങ്ങൾക്കങ്ങിനെ വേണ്ടിവരുന്നതായിരിക്കും.

ഡെപ്യൂട്ടിപ്രസിഡൻറ്: ഞാൻ അർത്ഥമാക്കിയതു അങ്ങിനെയുള്ള വിവാഹത്തിനെ ന്യായരഹിതമെന്നു നിങ്ങൾ പറയുന്നില്ലെല്ലോയെന്നാണ്. അങ്ങിനെയുള്ള ഒരു വിവാഹം നടക്കുമോ, അതു എല്ലാംകൊണ്ടും നിങ്ങൾക്കും സാധുവായ ഒരു വിവാഹമായിരിക്കുന്നു. അതുപോലെ ഒരു നായരോ വായ്യരോ സ്ത്രീയുമായോ അങ്ങിനെയുള്ള വിവാഹമാകുമെന്നു അനുവദിക്കപ്പെട്ടിട്ടുള്ളതുപോലെ ഒരു സമുദായത്തിൽപ്പെട്ടതായ വേറൊരുസ്ത്രീയുടെയോ ഉള്ള ഒരു വിവാഹമാണെന്നു വിചാരിക്കുക, അപ്രകാരമായാണെങ്കിൽ ആ സ്ത്രീയെ അവരുടെ കുട്ടികളോടുകൂടി ക്ഷത്രിയകുടുംബത്തിലേയ്ക്കുകൂടി സ്വീകരിപ്പാൻ നിങ്ങൾ തയ്യാറാകുമോ? നിങ്ങൾ അതിനു സമ്മതിക്കുമോ? നിങ്ങൾ അതിനു സമ്മതിക്കുന്നതിനു അപേക്ഷിക്കുന്നുണ്ടോ? അതാണു ചോദിക്കുന്നതു. ഓരോന്നിനു ആയുസ്സുണ്ടാകുന്നു ക്ഷത്രിയരായ അംഗങ്ങൾക്കുമാത്രമേ പാടുള്ളൂ. ആയവകാശം കുടുംബത്തിനുള്ളിൽ തിരസ്സരിക്കുമോ, അതിനുശേഷം ഒരു കുടിവച്ച ശാഖയെക്കൂടെ കൊണ്ടുചെർക്കണമെന്നാണോ നിങ്ങൾ ആവശ്യപ്പെടുന്നതു. ഇങ്ങനെയാകുമ്പോൾ അവർ ക്ഷത്രിയരുടെ ജാതിയിൽതന്നെ ചേരുമോ എന്നുള്ള ചോദ്യം ഉണ്ടാകുന്നു.

ശ്രീ: എൽ. ആർ. രാജരാജവർമ്മ കോയിൽതമ്പുരാൻ (ചങ്ങനാശ്ശേരി-പീരുമേട്ട്): ക്ഷത്രിയേതരന്മാരായിട്ട് അവർ സ്ഥിതിചെയ്യുമോയെന്ന സംശയംകൊണ്ടാണ് ഞാൻ ഉത്തരംപറയാതിരിക്കുന്നതു. അവർ ക്ഷത്രിയരായിട്ട തീരുമെന്നാണ് ഞാൻവിചാരിക്കുന്നതു.

ഡെപ്യൂട്ടിപ്രസിഡൻറ്: കടിവയ്പുകൊണ്ടു അവർ ക്ഷത്രിയരായിത്തീരുന്നു. അതുകൊണ്ടു നിങ്ങളുടെ അഭിപ്രായമനുസരിച്ചു, ബില്ലിൻപ്രകാരം വിവാഹം അനുവദിക്കപ്പെട്ടിട്ടുള്ളതായ ഏതൊരു സ്ത്രീയേയും ക്ഷത്രിയകുടുംബത്തിലേയ്ക്കു കടിവയ്ക്കപ്പെടുവാൻ അർഹയായിരിക്കണമെന്നോ?

ശ്രീ: എൽ. ആർ. രാജരാജവർമ്മ കോയിൽതമ്പുരാൻ (ചങ്ങനാശ്ശേരി-പീരുമേട്ട്): സമുദായത്തിനു അനുവദിക്കപ്പെട്ട.

ശ്രീ: ആർ. കേശവപിള്ള (കൊട്ടാരക്കര-കുന്നത്തൂർ): അപ്പോൾ ആർക്കും ക്ഷത്രിയരാകാൻ സാധിക്കുമല്ലോ?

ശ്രീ: എൽ. ആർ. രാജരാജവർമ്മ കോയിൽതമ്പുരാൻ (ചങ്ങനാശ്ശേരി-പീരുമേട്ട്): നിശ്ചയമായിട്ടും അങ്ങിനെ വേണ്ടതെന്നാണു എൻറെ അഭിപ്രായം.

ശ്രീ: വേതിനാടൻ രാമവർമ്മരാജാ (ഇടവക): ഇങ്ങനെ അഫിലിയേഷൻ വേണ്ടെന്നുപറയുന്നതു രണ്ടാമതു മരിച്ചുപോയാൽ ഓഴുക്കം കഞ്ഞുങ്ങൾക്കു ചിലവിനുകിട്ടാൻ നിവൃത്തിയില്ലാതെവന്നാലോ എന്നു വിചാരംകൊണ്ടാണോ?

ഡെപ്യൂട്ടിപ്രസിഡൻറ്: അല്ല. അങ്ങേഹം സ്ത്രീകളെപ്പറ്റി പറയുന്നില്ല. അങ്ങേഹം പറയുന്നതു കുടുംബത്തിലെ പുരുഷന്മാരായ അംഗങ്ങളുടെ അവകാശങ്ങളെപ്പറ്റിയാണ്.

ശ്രീ: വേതിനാടൻ രാമവർമ്മരാജാ (ഇടവക): ഒരു പുരുഷൻറെ ഓഴുക്കം കഴിക്കുന്നതിനു ചിലവിനാവശ്യമുള്ളതു തറവാട്ടിൽനിന്നും എൻറെ ബിൽ അനുസരിച്ചു കൊടുക്കുന്നില്ല. അങ്ങിനെ ചിലവിനുകൊടുക്കുന്നതുകൊണ്ടുള്ള വ്യവസ്ഥ ഈ ബില്ലിൽ ചേർത്താൽ പിന്നീടു അഫിലിയേഷൻറെ ആവശ്യമുണ്ടോ?

ഡെപ്യൂട്ടിപ്രസിഡൻറ്: അങ്ങേഹത്തിൻറെ അഭിപ്രായമിവിടെ അറിയണമെന്നുമാത്രമാണു ഞാൻ ആവശ്യപ്പെട്ടതു. അങ്ങേഹത്തിൻറെ അഭിപ്രായത്തിൻറെ ഔചിത്യത്തെപ്പറ്റി ഇപ്പോൾ നാംപ്രതിപാദിക്കുന്നില്ല.

ശ്രീ: എൽ. ആർ രാജരാജവർമ്മ കോയിൽതമ്പുരാൻ (ചങ്ങനാശ്ശേരി-പീരുമേട്ട്): ഞാൻ അങ്ങേഹത്തിൻറെ ചോദ്യത്തിനു മറുപടിപറയാം.

ഞാൻ ആലോചിച്ചടത്തിൽ സാധാരണ ഇപ്പോഴത്തെനിലയിലുള്ള അങ്ങിനെ ഒരു വ്യവസ്ഥകൊണ്ടു സാധിക്കുകയില്ല. ഒരു കുടുംബത്തിലേയ്ക്കു ഇവരെ തോല്പിച്ചു കാരണവൻ എത്രതന്നെ നശിപ്പിക്കാൻ ശ്രമിച്ചാലും അഫിലിയേഷൻ ഉള്ളപക്ഷം അതു സാധിക്കുകയില്ല. ഒരു കുടുംബത്തിൽ ഒരു ജ്യേഷ്ഠനും അനുജനും മാത്രമേ ഉള്ളൂ എന്നിരിക്കട്ടെ. അതിൽ അനുജൻ മരിച്ചുപോയി. ജ്യേഷ്ഠൻ ജീവിച്ചിരിപ്പുണ്ട്. അങ്ങിനെവരുമ്പോൾ കുടുംബസ്വത്തു ജ്യേഷ്ഠനു നശിപ്പിക്കാൻസാധിക്കും. ചിലവിനുകൊടുക്കാൻ വ്യവസ്ഥചെയ്യാതെന്നല്ലാതെ കുടുംബസ്വത്തു ഇന്ന ഇന്നയാൾക്കു മരിക്കണമെന്ന വ്യവസ്ഥചെയ്യാൻ സാധിക്കയില്ല. എന്നാൽ അഫിലിയേഷൻവരുമ്പോൾ അവർക്കു കുടുംബത്തിലെ ശരിയായ അംഗാവകാശം കിട്ടുന്നു. കാരണവൻ സ്വത്തു നശിപ്പിച്ചാൽ ചോദിക്കാനുള്ള അവകാശമുണ്ടു. ഇതൊക്കെ ഈ ബില്ലിൽ മറവുപ്രകാരത്തിൽ ചേർക്കുന്ന വ്യവസ്ഥകൊണ്ടു പ്രയാസമുണ്ട്.

ഡെപ്യൂട്ടിപ്രസിഡൻറ്: കടിവയ്പു കാരണവൻറെ അനുമതിയ്ക്കനുസരിച്ചു തടുക്കാൻ ഒരായുധമായിരിക്കുമെന്നുള്ളതിനാലും നിങ്ങൾ അതു വേണമെന്നു പറയുന്നതു. കുടുംബത്തിൽ ജനിച്ച അംഗങ്ങൾക്കെതന്നെ അതു സാധിക്കുകയില്ലെങ്കിൽ അന്യകുടുംബത്തിലുള്ളവർക്കു എങ്ങിനെ സാധിക്കും?

ശ്രീ: എൽ. ആർ. രാജരാജവർമ്മ കോയിൽതമ്പുരാൻ (ചങ്ങനാശ്ശേരി-പീരുമേട്ട്): കുടുംബത്തിൽ ജനിച്ചു മറ്റംഗങ്ങളെ ഇല്ലാതെയാക്കുന്ന സന്ദർഭത്തിലാണ് ഞാൻ പറഞ്ഞതു.

ഡെപ്യൂട്ടിപ്രസിഡൻറ്: അപ്പോൾ അങ്ങിനെയുള്ളസ്ഥലത്തുമാത്രം അഫിലിയേഷൻ മതിയോ?

മി: എൻ. ആർ. രാജരാജവർമ്മ കോയിൽതമ്പുരാൻ (ചങ്ങനാശ്ശേരി-പീരുമേട്ട്): പോരാ.

ഡെപ്യൂട്ടിപ്രസിഡൻറ്: അനവധി അംഗങ്ങളുള്ള ഒരു കുടുംബത്തിൽ കാരണവൻ തൊണ്ണൂറസമായിട്ടില്ലെങ്കിൽ പ്രവർത്തിക്കയാകുമോ?

മി: എൻ. ആർ. രാജരാജവർമ്മ കോയിൽതമ്പുരാൻ (ചങ്ങനാശ്ശേരി-പീരുമേട്ട്): അതിലേക്കു വേണ്ടി നിയമങ്ങൾക്കകം ഈ ബില്ലിൽതന്നെ ഉണ്ട്.

ഡെപ്യൂട്ടിപ്രസിഡൻറ്: കാരണവരുടെ അഭാവത്തിൽ കുടുംബകാര്യം നടത്തുവാൻ പാടുള്ളതല്ലെന്നു നിങ്ങൾ പറയുകയുണ്ടായി. അനുകൂടുംബത്തിലെ ഏതാനും ഇളയ അംഗങ്ങൾ കാരണവരുടെ അഭാവത്തിൽ കാരണവരുടെ അഭാവത്തിൽ നിന്നപോകണം എന്നുണ്ടോ വിചാരിക്കേണ്ടത്?

മി: എൻ. ആർ. രാജരാജവർമ്മ കോയിൽതമ്പുരാൻ (ചങ്ങനാശ്ശേരി-പീരുമേട്ട്): ധാരാളം അംഗങ്ങളും കുടുംബത്തിൽ കാരണവർ തൊണ്ണൂറസം കഴിഞ്ഞാൽ തിരുത്തിച്ചിട്ടുണ്ട്.

ഡെപ്യൂട്ടിപ്രസിഡൻറ്: അങ്ങനെയുള്ള അപൂർവമായ ഒരു കുടുംബത്തിന്റെ അഭാവം മൂലമോ?

മി: എൻ. ആർ. രാജരാജവർമ്മ കോയിൽതമ്പുരാൻ (ചങ്ങനാശ്ശേരി-പീരുമേട്ട്): ഞാനുദ്ദേശിച്ചതു അങ്ങനെയുള്ള കുടുംബത്തിനു ഒരു പ്രത്യേക അവകാശം കൊടുക്കണമെന്നുള്ളതാണ്.

മി: പി. ചെല്ലപ്പിള്ള (തോപ്പാള): ഒരു കുടുംബത്തിൽ പല അംഗങ്ങളും ഉണ്ടെന്നു വിചാരിക്കുക. അതിൽ ഒരാൾ ഭർത്താവിനെ കൊന്നുവെന്നു വരുമ്പോൾ ഈ പല്ലുപോലെയുള്ള അവകാശത്തിലും ഒരേ ദിവസം ഈ പ്രശ്നമായിട്ടുവന്ന അംഗത്തിനെ ഒഴിച്ചുകൂടേണ്ടതല്ലേ?

മി: എൻ. ആർ. രാജരാജവർമ്മ കോയിൽതമ്പുരാൻ (ചങ്ങനാശ്ശേരി-പീരുമേട്ട്): വേണം.

മി: വി. ചെല്ലപ്പിള്ള (തോപ്പാള): ഒരു കുടുംബത്തിൽ ഒരേ പ്രായമുള്ള ഒരു പുരുഷനേയുള്ളൂ. കുടുംബത്തിലെ കുടുംബനാഥനായ പുരുഷൻ മരിച്ചുകഴിഞ്ഞാൽ ആ പുരുഷനു കുടുംബസ്വത്തിൽ കൂട്ടുസ്വത്തവകാശം സിദ്ധിക്കുന്നില്ലല്ലോ?

മി: എൽ. ആർ. രാമരാജവർമ്മ കോയിൽതമ്പുരാൻ (ചങ്ങനാശ്ശേരി-പീരുമേട്ട്): ഒരു സ്ത്രീക്കു ഒരു കുടുംബത്തിൽ ഇളയ അംഗത്തേക്കാൾ കൂടുതൽ അവകാശം ആ സ്ത്രീ പ്രസവിക്കുമ്പോൾ ചെയ്തുകൊടുക്കുന്നതല്ലേ?

മി: പി. സി. കുട്ടിക്കോമൻ (മീനച്ചിൽ-ദേവികുളം): ഒരു കുടുംബത്തിൽ ഏതു കുടുംബനാഥനെ വഴിയും വ്യവസ്ഥയും ഉണ്ടോ?

മി: എൻ. ആർ. രാജരാജവർമ്മ കോയിൽതമ്പുരാൻ (ചങ്ങനാശ്ശേരി-പീരുമേട്ട്): ഒരു കുടുംബത്തിൽ ഒന്നിലധികം പുരുഷന്മാർ ഉണ്ടോ അതുപോലെ കുടിവയ്പുപോലെതന്നെ.

ഡെപ്യൂട്ടിപ്രസിഡൻറ്: ഒരു സ്ത്രീയെ കുടിവയ്പുപോലെ അവകാശം ഒരു പുരുഷനെന്നു.

മി: ആർ. കേശവപിള്ള (കൊട്ടാരക്കര-കുന്നത്തൂർ): ഈ സ്ത്രീധനം സ്ത്രീകൾക്കുള്ള അവകാശം ഈ ബില്ലിൽ അനുസരിച്ചു ഒഴിക്കുന്നതിനായി അവകാശം കിട്ടുമോ?

മി: എൽ. ആർ. രാജരാജവർമ്മ കോയിൽതമ്പുരാൻ (ചങ്ങനാശ്ശേരി-പീരുമേട്ട്): ആ കുടുംബത്തിൽ പൂർണ്ണമായ അവകാശം കിട്ടും.

മി: ആർ. കേശവപിള്ള (കൊട്ടാരക്കര-കുന്നത്തൂർ): അങ്ങനെയെങ്കിലും ഞങ്ങൾക്കു ഈ ഭാഗം ഏങ്ങിനെ ലഭിക്കും?

മി: എൽ. ആർ. രാജരാജവർമ്മ കോയിൽതമ്പുരാൻ (ചങ്ങനാശ്ശേരി-പീരുമേട്ട്): അഡ്മിനിസ്ട്രേഷൻ കൊണ്ടു മരുമക്കത്തായികുടുംബങ്ങളിൽ മക്കത്തായ ഏർപ്പാടു നടപ്പിൽവരുത്തുകയാണെങ്കിലുണ്ട്. മുമ്പു കാരണവരും അനന്തരവനും മാത്രമേ അവകാശമുണ്ടായിരുന്നുള്ളൂ. ഇപ്പോൾ മക്കൾക്കുള്ള അവകാശം ഉണ്ടാക്കുവാനാണ് ശ്രമിക്കുന്നത്.

മി: രേവതിനാൾ രാമവർമ്മരാജാ (ഇടവക): തറവാട്ടുസ്വത്തിനെപ്പറ്റിയാണോ ഇവിടെ പറയുന്നത്. അല്ലാതെ സ്വയാർജ്ജിതമായ സ്വത്തിനെപ്പറ്റിയല്ലാ പറയുന്നത്.

മി: എൽ. ആർ. രാജരാജവർമ്മ കോയിൽതമ്പുരാൻ (ചങ്ങനാശ്ശേരി-പീരുമേട്ട്): ഭാഗം പാടില്ലെന്നു ഈ ബില്ലിൽ പറഞ്ഞിട്ടില്ല. അങ്ങിനെ പറഞ്ഞിരുന്നു എന്നുവരുകിൽ ഞാൻ ഈ ഭാഗം ഇവിടെ കൊണ്ടുവരുകയില്ലായിരുന്നു.

മി: ആർ. കേശവപിള്ള (കൊട്ടാരക്കര-കുന്നത്തൂർ): അങ്ങനെയും ശേഷിച്ചാൽ ആ സ്വത്തു പ്രത്യേകസ്വത്തായിട്ട വരുകയില്ലയോ?

മി: എൽ. ആർ. രാജരാജവർമ്മ കോയിൽതമ്പുരാൻ (ചങ്ങനാശ്ശേരി-പീരുമേട്ട്): ഇന്നു കൂടിവയ്പു സമ്പ്രദായമുള്ള വസ്തുക്കൾ ഇടയിൽ എങ്ങിനെ നടക്കുന്നോ അതുപോലെയാകും.

ക്ഷത്രിയർ എന്നതിനെസംബന്ധിച്ചിടത്തോളം ഉള്ള വിവരണം ഉടനടുത്തതിൽ ആയിരിക്കണം എന്നുള്ള തിനെപ്പറ്റി കുറച്ചുവടക്കുണ്ടെന്നു പ്രസിഡണ്ടു പറയുകയുണ്ടായി. അതു യുക്തമായതുതന്നെയാണ്. ക്ഷത്രിയരെ ഞാൻ ഇങ്ങിനെ വിവരിച്ചിട്ടുണ്ട്.

വിഷയത്തിലോ സന്ദർഭത്തിലോ വിപരീതമായി വല്ലതും ഉണ്ടെങ്കിലല്ലാതെ, ഈ ഗ്രന്ഥത്തിൽ,

(എ) "ക്ഷത്രിയൻ", എന്ന പദത്തിന് ഈ ഗ്രന്ഥത്തിന്റെ ഉദ്ദേശ്യങ്ങൾക്ക് "മലയാളിക്ഷത്രിയൻ അതല്ലെങ്കിൽ കേരളീയക്ഷത്രിയൻ" എന്ന് അറിയപ്പെടുകയും അംഗീകരിക്കപ്പെടുകയും ചെയ്യുന്നവരെല്ലാം എന്നർത്ഥമാക്കുകയും അവർ ഉൾപ്പെടുകയും ചെയ്യുന്നതാണ്. മുമ്പേ ചേർത്തിരിക്കുന്ന ഉദാഹരണം, ഈവിധത്തിലെ വിവരിക്കുന്നതിനുദ്ദേശിക്കപ്പെട്ടിരിക്കുന്നു; എന്നാൽ അതുമാത്രം അതിന്റെ വ്യാവൃത്തിയെ മുഴുക്കുന്നതിനല്ല.

അതു പ്രധാനമായി താഴെപറയുന്ന കുടുംബങ്ങളിലുള്ള അംഗങ്ങളേയും മാതാപിതാക്കളേയും ക്ഷത്രിയരായി അംഗീകരിക്കുന്നു:—

(എ) (മലബാറിലെ) വേണ്ടുർ രാജകുടുംബങ്ങളും തിരുവിതാംകൂറിൽ അവരോടു ചാർച്ചയുള്ളവരായ കോവിൽതമ്പുരാൻകുടുംബങ്ങളും.

(ബി) (മദ്രാസിലെ) ചിറക്കൽ രാജകുടുംബങ്ങളും തിരുവിതാംകൂറിലെ അവരോടു ചേർച്ചയുള്ളതായ ക്ഷേത്രസ്ഥാനപ്രമാണികളുടെ കുടുംബങ്ങളും.

(സി) പൂഞ്ഞാർ, പന്തളം, കായംകുളം എന്നി രാജകുടുംബങ്ങളും അവരോടു ചേർച്ചക്കാരായ കുടുംബങ്ങളും.

(ഡി) പടിഞ്ഞാറൂർ, തെക്കുള്ള രാജകുടുംബങ്ങളും, വടശ്ശേരിക്ക, മേടയിൽ, വയ്യപ്പുഴവഴുതക്കാട്ട്, മിനക്കിൽ-കടത്തനാട്ട്, അമ്പാടാട്ട്, ആൽപാ-കുപ്പശ്ശേരിൽ, എന്നിവരെപ്പോലുള്ള ഉപ്പുചേടയുള്ള അവരോടു ചേർച്ചക്കാരായ കുടുംബങ്ങളും.

(ഇ) പൊട്ടങ്ങല്ലിൽ രാജകുടുംബവും കൊച്ചിയും തിരുവിതാംകൂറും തമ്മിൽ ചേർച്ചയുള്ളതായ രാജകുടുംബങ്ങളും.

(എഫ്) കൊടുങ്ങല്ലൂർ സാമൂതിരിരാജകുടുംബവും അതിനോടു ചേർന്നകുടുംബങ്ങളും.

(ജി) തിരുവിതാംകൂറിലെയും കൊച്ചിയിലെയും മന്ത്രിമാരിലെയും, തമ്പാക്കന്മാർ, തമ്പുരാക്കന്മാർ, പണിക്കരുടെ കുടുംബക്കാർ, തിരുവല്ലാടന്മാർ എന്നുള്ളവരുടെ കുടുംബങ്ങളും ക്ഷത്രിയരെന്നു അറിയപ്പെടുന്നതും അംഗീകരിക്കപ്പെടുന്നവരും ആയ മറ്റുള്ളവർ.

നോട്ട്:—"ചേർന്നപടുമ്പോൾ" എന്നാൽ, ഈ ശ്ലോകത്തിന്റെ ഉത്പത്തിക്കുമുമ്പുള്ള കാലത്തു് തമ്മിൽ ഉണ്ടായിരുന്നതായ വിവിധകുടുംബങ്ങളുടെ ജനനത്തിലും മരണത്തിലും ആശൗചം സ്വീകരിച്ചിരുന്നവരാണ് അല്ലെങ്കിൽ മരുമക്കത്തായങ്ങളിൽ പന്തിഭോജനം സ്വീകരിച്ചിരുന്നവരാണ് എന്നർത്ഥമാകുന്നു.

ഇതിൽ ക്ഷത്രിയർക്കുമാത്രം വിശേഷമായ ക്ഷത്രിയാചാരത്തെപ്പറ്റിയുള്ളതായി പറഞ്ഞിട്ടുണ്ട്. ക്ഷത്രിയർ എന്നുള്ളതിനു ഒരു വിവരണമാത്രം മേൽപ്പറഞ്ഞിരിക്കയായതുകൊണ്ടു് അവരെക്കുറിച്ചോ അവരുടെ ആചാരങ്ങളിൽ വിരോധപ്പെടുന്നു. ഈ ക്ഷത്രിയർ എന്നുള്ളതിനു വിവരണമായി ഞാൻ ഉദ്ദേശിക്കുന്നത്.

ഡെപ്യൂട്ടിപ്രസിഡൻറ്: ആശൗചം ആചരിക്കുന്നതുപറഞ്ഞാൽ അയൽത്തമ്മിലെ വിവാഹം ആകാമോ?

മി: എൽ. എൽ. ആർ. രാജരാജവർമ്മ കോയിൽതമ്പുരാൻ (ചങ്ങനാശ്ശേരി-പിന്നോക്കം): ആശൗചം ആചരിക്കുന്നവർ തമ്മിൽ വിവാഹം പതിവില്ല. ഇതിൽ വ്യത്യാസം പറഞ്ഞിട്ടുണ്ട്. ഇപ്പോൾ ഇതിനെപ്പറ്റിയുള്ള ചർച്ചക്കാരായിട്ടുള്ളവരുടെ പൂർവ്വികന്മാരെ സംബന്ധിച്ചു ചില ആശൗചങ്ങൾ ഉണ്ട്. ക്ഷത്രിയരുടെ ഇടയിൽ ഇപ്പോൾ ചർച്ചക്കാരായിട്ടുള്ളവരുടെ പൂർവ്വികന്മാരെ സംബന്ധിച്ചു ചില ആശൗചങ്ങൾ ഉണ്ട്. ക്ഷത്രിയരുടെ ഇടയിലെ വിവാഹം പാടുള്ളതു എന്നാണ് ഈ ബില്ലിൽ പറയുന്നത്.

മി: കടത്തനാട്ടു രാമവർമ്മരാജാ (ഇടവക): എന്നോ ബില്ലിൽ അങ്ങിനെയില്ല.

മി: എൽ. എൽ. ആർ. രാജരാജവർമ്മ കോയിൽതമ്പുരാൻ (ചങ്ങനാശ്ശേരി-പിന്നോക്കം): ക്ഷത്രിയരുടെ ഇടയിലെ വിവാഹം വേണ്ടതുള്ളതു എന്നുപറയുന്നു.

മി: കടത്തനാട്ടു രാമവർമ്മരാജാ (ഇടവക): അതു പ്രതിപ്രായമാണ്.

മി: എൽ. എൽ. ആർ. രാജരാജവർമ്മ കോയിൽതമ്പുരാൻ (ചങ്ങനാശ്ശേരി-പിന്നോക്കം): ക്ഷത്രിയരുടെ ഇടയിൽ ഇന്നു നടപ്പുള്ളതിൽ ആചാരസമ്പന്നരായിട്ടുള്ളവരുടെ സ്വഭാവത്തിനും തടസ്സമുണ്ടാകുന്നുണ്ടു എന്നാണ് എന്റെ അഭിപ്രായം.

ഡെപ്യൂട്ടിപ്രസിഡൻറ്: നിങ്ങളുടെ ഈ പുതിയനടപ്പു ഉണ്ടാക്കിത്തീർക്കുകയാണെങ്കിൽ, വിവാഹകാര്യത്തു് ഒന്നുപോലെ ഗണിക്കപ്പെട്ടിട്ടുള്ളതായ ക്ഷത്രിയരല്ലാത്ത ഏതെങ്കിലും ഒരു പുരുഷൻ, എന്നാണ് അതിന്റെ ഫലം സിദ്ധിക്കുന്നത്.

മി: എൽ. എൽ. ആർ. രാജരാജവർമ്മ കോയിൽതമ്പുരാൻ (ചങ്ങനാശ്ശേരി-പിന്നോക്കം): അതുമുള്ള. ഇന്നിപ്പോൾ നടപ്പിൽവരിക്കുന്നതിനെ തടഞ്ഞുകഴിഞ്ഞാൽ നാളെ പുത്തനായിട്ട കീഴ്നടപ്പു ഉണ്ടാക്കുന്നതു എങ്ങനെ?

ഡെപ്യൂട്ടിപ്രസിഡൻറ്: ഇപ്പോൾ അങ്ങിനെ തടഞ്ഞിട്ടില്ലല്ലോ?

മി: എൽ. എൽ. ആർ. രാജരാജവർമ്മ കോയിൽതമ്പുരാൻ (ചങ്ങനാശ്ശേരി-പിന്നോക്കം): ഒരു വിവാഹം അംഗീകാരം സിദ്ധിച്ചു കീഴ്നടപ്പാകുന്നതുകൊണ്ടു പല വിവാഹങ്ങളും നടക്കാതെ വരുന്നുണ്ടു. ഒരുവർഷത്തിൽ അഞ്ചു വിവാഹം നടക്കുമ്പോൾ അതിൽ ആദ്യത്തെ നാലെണ്ണവും അസാധുവായിട്ടു ഭവിക്കുന്നതായി; അഞ്ചാമത്തെതു കീഴ്നടപ്പുകാരുടെ ന്യായാസനത്തിനു മുമ്പിലുവരുമ്പോൾ അതിനെയാണ് കീഴ്നടപ്പായിട്ടു തീരുന്നതു്. ഇങ്ങനെ ഒന്നുതന്നെ നടന്നതായ കീഴ്നടപ്പുകൊണ്ടു എങ്ങനെയാണ്? ഈ കീഴ്നടപ്പും ആചാരവും മാറാനുള്ള അധികാരം സമുദായത്തിനുതന്നെ ഉണ്ടായിരിക്കണം. ഇപ്പോൾ നായന്മാരുടെ വിവാഹം നടക്കുന്നുണ്ടു. കുടുക്കാലംകെട്ടിയുമ്പോൾ വേണ്ടിവന്നാൽ അതു പാടില്ലായെന്നു പറയുന്നതുള്ള അധികാരം ക്ഷത്രിയസമുദായക്കാർക്കുതന്നെ വേണം, അല്ലാതെ അതു മറ്റൊരു സമുദായക്കാരിൽ ഇരിക്കാൻ ഒരിക്കലും പാടില്ലാത്തതാകുന്നു. ഇന്നു ഹിന്ദുസാധാരണയായി സാമുദായിക ആചാരങ്ങളിലൊക്കെ കേരളത്തിങ്കൽ നിലയിക്കുന്നതു ഗണപതിഭിരാനെന്നാണ് വച്ചിരിക്കുന്നു. അവർ ഇന്നതുള്ളതുമായിട്ടുള്ള വിവാഹം പാടില്ല എന്നുറപ്പാണ്. കരുതികൊണ്ടു ഒരാൾ ജാതിഭ്രഷ്ടനായി പോകുന്നതുകൊണ്ടു ഞങ്ങൾക്കു് അതു മേലാൽ അനുസരിക്കാൻ പാടില്ലെന്നു വന്നിരിക്കുന്നില്ല. ഇന്നിപ്പോൾ പറഞ്ഞുള്ളതുള്ള രാജാക്കന്മാരും കോയിത്തമ്പുരാക്കന്മാരും തമ്മിൽ വിവാഹബന്ധം നടപ്പില്ല. നാളെ ഒരു വിവാഹം നടക്കുന്നപക്ഷം അതു മതപരമാണെന്നു ശരിയാണെന്നോ പറയാൻ ഉള്ള അധികാരം അന്യസമുദായക്കാർക്കുമായിരിക്കുന്നു.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരെക്കുന്നത്തൂർ): സമുദായത്തിനു ആ സ്വാതന്ത്ര്യം വിട്ടുകൊടുക്കുന്നതിനുപകരം അതു ബില്ലിൽതന്നെ ചേർക്കുന്നതല്ലെ നല്ലതു്?

മി: എൽ. എൽ. ആർ. രാജരാജവർമ്മ കോയിൽതമ്പുരാൻ (ചങ്ങനാശ്ശേരി-പിന്നോക്കം): ഞാൻ ആ ഖണ്ഡം മുഴുവനും വായിക്കാം.

ഡെപ്യൂട്ടിപ്രസിഡൻറ്: ആ പരിഷ്കരണം താഴെപറയുംപ്രകാരം വേണമെന്നാണ് നിങ്ങളുടെതാല്പര്യമെന്നു ഞാൻ വിചാരിക്കുന്നു:—

ക്ഷത്രിയസമുദായത്തിലെ അംഗീകൃതസമുദായാചാരത്തോടും കീഴ്നടത്തിപ്പിനോടും ഭാര്യാഭർത്തൃബന്ധം അനുവദിക്കപ്പെട്ടിട്ടുള്ള ക്ഷത്രിയേതരനായ പുരുഷനോടും.

മി: എൻ. ആർ. രാജരാജവർമ്മ കോയിൽതമ്പുരാൻ (ചങ്ങനാശ്ശേരി-പീരുമേട്): ഇവിടെയുള്ളതു താൻ വായിക്കാം. "സമുദായങ്ങളിൽ അംഗീകരിക്കപ്പെട്ടിട്ടുള്ള രക്തബന്ധനിരോധനങ്ങൾക്കും, ചുവടെ നിർദ്ദേശിച്ചിരിക്കുന്ന ബന്ധുത്വാഭാവനിരോധനങ്ങൾക്കും, ഉപജ്ഞപ്പെട്ട്,

(എ) യാതൊരു ക്ഷത്രിയപുരുഷനോടൊ, അല്ലെങ്കിൽ യാതൊരു ക്ഷത്രിയസ്ത്രീയോടൊ, ഒരു ക്ഷത്രിയസ്ത്രീക്കോ അല്ലെങ്കിൽ ക്ഷത്രിയപുരുഷനോ, ഉള്ളതോ അല്ലെങ്കിൽ,

(ബി) ക്ഷത്രിയരോട് മാനുഷ്യബന്ധം, അംഗീകൃതമായിട്ടുള്ളതോ, മുമ്പേവിധിക്കപ്പെട്ടിട്ടുള്ളതോ, സമുദായത്തിൽ നിരോധിക്കപ്പെട്ടിട്ടുള്ളതോ, അതു, ക്ഷത്രിയരല്ലാത്ത ഏതുമിശ്രം സമുദായത്തിലെ യാതൊരു പുരുഷനോ, യാതൊരു സ്ത്രീയോ,

ഒരു ക്ഷത്രിയസ്ത്രീയോടോ, ഒരു ക്ഷത്രിയപുരുഷനോടോ, ഉള്ളപ്പോൾ, ഇങ്ങിനെയുള്ളടത്തും ഉഭയസമ്മതപ്രകാരം പരസ്പരമായി നടത്തപ്പെട്ടുന്നതും, അതു, മാമ്പത്യബന്ധം, ഈ റഗുലേഷൻപ്രകാരം നിയമസാധുതയുള്ളതായ ഒരു വിവാഹമായിരിക്കുന്നതാകുന്നു,"

ഡഡച്ചട്ടി പ്രസിഡൻറ്: "സൊസൈസറി എന്നുള്ളതിനു കാഴ്ച, ക്ഷത്രിയസമുദായത്തിനെന്നല്ലാ, നിങ്ങടെ അർത്ഥമാക്കുന്നത്.

മി. എൻ. ആർ. രാജരാജവർമ്മ കോയിൽതമ്പുരാൻ (ചങ്ങനാശ്ശേരി-പീരുമേട്) ഈ വകുപ്പിന് എന്റെ ഒരു വ്യാഖ്യാനം കൊടുത്തിട്ടുണ്ട്. അതു ഞാൻ വായിക്കാം.

വ്യാഖ്യാനം—(എ) മേൽവിവരിച്ച വകുപ്പിൽ "സൊസൈസറി" എന്നുള്ളത്, ക്ഷത്രിയസമുദായരാഷ്ട്രത്തിനെയാണ് കുറിക്കുന്നത്. അതായത് സമുഹവിവക്ഷയിൽ ക്ഷത്രിയാദി ഏതവസ്ഥാനത്തോടും സമുദായവ്യത്യാസം കൂടാതെയാണ്, ക്ഷത്രിയസമുദായത്തിലെ സ്വസമുദായത്തിലെയും(വിവാഹത്തെയും) പരസമുദായത്തിലെയും(വിവാഹത്തെയും) സംബന്ധിച്ചു നിബന്ധനകളെ ഉണ്ടാക്കിക്കുന്നതിനോ തടഞ്ഞുപ്പെടുത്തുന്നതിനോ നിശ്ചിതമാക്കുന്നതിനോ, ഉള്ള പൂർണ്ണാധികാരം ക്ഷത്രിയർക്കായിരിക്കുന്നതാണെന്ന് ഈ വകുപ്പുകൊണ്ടു ഉദ്ദേശിച്ചിരിക്കുന്നു ഇന്നത്തെ സ്ഥിതി അല്ലായിരിക്കും ഫാ ഫ കൊടുപ്പും കഴിയുമ്പോൾ വരുന്നത് എന്നു നിയമമുള്ളതായിട്ടുള്ള വിവാഹം ആവശ്യമില്ലെന്നും ബ്രാഹ്മണരുടെയുള്ള വിവാഹം ആവശ്യമാണെന്നും ഒരുപക്ഷേ വന്നേയ്ക്കാം. കുറെ കഴിയുമ്പോൾ സൊസൈസറി യേതര ഒരു കൂട്ടരുമായി വിവാഹബന്ധം ആകാമെന്നു നിശ്ചയിച്ചേക്കാം.

മി: രേവതിനാൾ രാമവർമ്മരാജാ (ഇടവക): സൊസൈസറി അങ്ങനെ തീർച്ചപ്പെടുത്തിയാൽ ബ്രാഹ്മണരുടെ പാടില്ലാതെയുണ്ടോ? എല്ലാവരും കൂടി നിശ്ചയിച്ചാൽ ഏതെങ്കിലും സൊസൈറ്റി തടഞ്ഞു എന്നു വരുമോ?

മി: എൻ. ആർ. രാജരാജവർമ്മകോയിൽതമ്പുരാൻ (ചങ്ങനാശ്ശേരി-പീരുമേട്): ഇന്നു നിലവിലിരിക്കുന്ന ആചാരം അനുസരിച്ചു അതുക്കു കർത്തന്നിനു ബ്രാഹ്മണരുടെ ആവശ്യമുണ്ട്. ഈ നിലയ്ക്കു ബ്രാഹ്മണർ പാടില്ല എന്നു നിശ്ചയിച്ചുകഴിഞ്ഞാൽ അവർ കർമ്മംചെയ്യിക്കാൻ വരികയില്ല. തന്നിമിത്തം വിവാഹം നടക്കാതെവരും.

മി: രേവതിനാൾ രാമവർമ്മരാജാ (ഇടവക): സൊസൈസറി അങ്ങനെ തീർച്ചപ്പെടുത്തിയാൽ ബ്രാഹ്മണരെത്തന്നെ വേണ്ട എന്നുവച്ചുകൂടുന്നില്ലേ?

മി. എൻ. ആർ. രാജരാജവർമ്മകോയിൽതമ്പുരാൻ (ചങ്ങനാശ്ശേരി-പീരുമേട്) നടത്തുന്നുണ്ട്. അങ്ങനെ നടത്തുന്നതു മാമ്പത്യബന്ധം എങ്ങനെ പറയാമെന്നല്ലാതെ നിയമപ്രകാരം വിവാഹമാണെന്നു പറയാൻതരമില്ലതെവരും.

മി: രേവതിനാൾ രാമവർമ്മരാജാ (ഇടവക): സൊസൈസറിയിൽ എല്ലാവരുംകൂടി നിശ്ചയിക്കുന്നതല്ലാത്ത ഒരു കാര്യത്തിനു ഗവർണ്മെൻറിൽനിന്നും ഒരു നിയമമുണ്ടാക്കുന്നതെങ്ങനെയാണ്?

മി: എൻ. ആർ. രാജരാജവർമ്മ കോയിൽതമ്പുരാൻ (ചങ്ങനാശ്ശേരി-പീരുമേട്): എല്ലാവരും സമ്മതിച്ചു ഒരു റഗുലേഷൻ പാസ്സാക്കാൻ സാധിക്കുമോ? എല്ലാവരുംകൂടി യോജിച്ചു തിരുവിതാംകൂറിൽ ഒരു നിയമവും പാസായിട്ടില്ല. വലിയ ഒരു ശരിപക്ഷം അനുസരിച്ചു ചെയ്യുക എന്നേയുള്ളൂ.

മി: രേവതിനാൾ രാമവർമ്മരാജാ (ഇടവക): വലിയ ഒരു ശരിപക്ഷത്തിനു ബ്രാഹ്മണരെ വേണ്ട എന്നുവയ്ക്കാൻ തടസ്ഥമുണ്ടോ?

മി: എൻ. ആർ. രാജരാജവർമ്മകോയിൽതമ്പുരാൻ (ചങ്ങനാശ്ശേരി-പീരുമേട്): ഇപ്പോൾ തടസ്ഥമില്ല. ഇനി അങ്ങനെയുള്ള പ്രകാരം അസാധുവാക്കുകയാണ് ഈ ബിൽമുഖേന ചെയ്യുന്നത്. ഇപ്പോൾ ഇരിക്കുന്ന രീതിയിൽ വലിയ കഴപ്പുമൊന്നുമില്ല. സമുദായാചാരത്തിൽ അല്പസല്പമായ ഭേദങ്ങൾ തിരുത്തിയാസം വരുത്താം. വിവാഹത്തെ സംബന്ധിച്ചു തീർവചനത്തിൽ ഞാൻ ചിലതുകൂടി ചേർത്തിട്ടുണ്ട്.

"പരസ്പരസമ്മതത്താൽ" എന്നുള്ളതുകാണ്ട്, ഒരു പെൺകുട്ടിയെ അവളുടെ രക്ഷകന്മാരിൽനിന്നു കാമുകൻ വിവാഹംചെയ്യുകൊടുക്കുന്നതിനോ, അതല്ലെങ്കിൽ, "സമ്മതംകൊടുക്കാൻതക്ക പ്രായം" വന്നിട്ടുള്ള ഒരു കാമുകൻ പെൺകുട്ടിയെ അവളുടെ ഇഷ്ടത്തിനുകൂടി അല്ലാതെയുംകൂടി, ഒരു വിവാഹത്തെ സമ്മതിക്കുവാൻ പ്രേരിപ്പിക്കുന്നതിനോ രക്ഷകർത്തൃത്വത്തിനു യാതൊരു അധികാരവും ഉള്ളതായി ഗണിച്ചുകൂടാന്നാണ് ഉദ്ദേശിക്കപ്പെട്ടിരിക്കുന്നത്.

ഇതു പറയുന്നതിനു എന്നെ പ്രേരിപ്പിച്ചതു വിവാഹംചെയ്തുകൊടുക്കുക എന്നു നമ്പൂതിരിബില്ലിൽ വന്നപ്പോൾതന്നെ തക്കം ഉണ്ടായിട്ടുകാണുന്നുണ്ട്. ക്ഷത്രിയസ്ത്രീകൾക്കു പ്രായപൂർത്തിവന്നാൽ വിവാഹംചെയ്യുന്നതിനു പൂർണ്ണസ്വാതന്ത്ര്യം അവർക്കുതന്നെ ഉണ്ടായിരിക്കണം. പ്രേരിപ്പിച്ചു വിവാഹം കഴിപ്പിക്കാൻ ഒരിക്കലും രക്ഷകർത്താക്കൾക്കു അധികാരം ഉണ്ടായിരിക്കുന്നതല്ല.

"പരസ്പരമായി ചെയ്യപ്പെട്ടതു" എന്നതിൽ, ആണ്ടു കാണുന്നവരായി ചുരുക്കംചില മാന്യജനങ്ങളുടെയെങ്കിലും സാന്നിധ്യത്തിലുള്ള ഏതെങ്കിലും സമുദായനടപ്പു, ഉൾപ്പെടുന്നു.

"കല്യാണത്തിനു", അതിലെ കക്ഷികളെ അതിനുശേഷം, ഭർത്താവും ഭാര്യയും എന്ന നിലയിൽ പരസ്യമായി അറിയപ്പെടുകയോ അംഗീകരിക്കപ്പെടുകയോ ചെയ്യുന്നതിനുവേണ്ടിമാത്രമുള്ള വിവാഹങ്ങളല്ലാത്തതും, തൻമൂലം ജീവനോപായാദിയായവയും, മതവൈവാഹികമോ മാമ്പത്യമോ ആയ യാതൊരുവകാലവും സിദ്ധിക്കുന്നതല്ലാത്തതും ആകുന്നു.

ഇതു ചെയ്യേണ്ട ആവശ്യം ഉണ്ട്. ഈ ബില്ലിൽ ഇതില്ലാത്തതുകൊണ്ട് കോയിത്തമ്പുരാന്മാർക്കും, പന്തളം, പുഞ്ചാർ മുതലായ രാജാക്കന്മാർക്കും വലിയ അപകടമുണ്ടാകാൻ ഏർപ്പാടുണ്ട്. വിവാഹമുടിയുന്നിടം നടത്തുമ്പോൾ താലികെട്ടുന്ന ആളിനെ ഭർത്താവായിട്ട് ഉദ്ദേശിച്ചിട്ടല്ല അങ്ങിനെ ആലോചിക്കുന്നത്. നിയമപ്രകാരം ഈ ആൾ ഭർത്താവാണെന്നുവന്നാൽ വലിയ ഉപദ്രവമായിട്ടിരിക്കും. അതാണ് സ്ത്രീ ശൈനേഹമുണ്ടാകുമ്പോൾ രക്ഷകർതൃത്വം ഭർത്താവിൽ വന്നുചേരുന്നു. ഇങ്ങനെ വരുമ്പോഴാണ് മാമ്പത്യാധികാരസ്ഥാപനത്തിനുള്ള അവകാശത്തിലും ഉപദ്രവം ഉണ്ടാകുന്നത്.

ശ്രീ: ആർ. കേശവപിള്ള (കൊട്ടാരക്കര—കുന്നത്തൂർ): ക്ഷത്രിയസ്ത്രീകൾ ക്ഷത്രിയരെയോ ബ്രാഹ്മണരെയോ അല്ലാതെ വേറെ ഒരാളിനെ വിവാഹംചെയ്താൽ ആ വിവാഹം സാധുവാണോ?

ശ്രീ: എൽ. ആർ. രാജരാജവർമ്മ കോയിത്തമ്പുരാൻ (ചങ്ങനാശേരി-പിറമേട്): ഇപ്പോൾ വിവാഹം സാധുവല്ല. എന്നാൽ ആസ്ത്രീക്കും കുട്ടികൾക്കും അവകാശം കിട്ടുന്നതിൽ യാതൊരു ന്യൂനതയും വരുത്തുന്നില്ല.

മുമ്പടെ വിവരിക്കപ്പെട്ടിരിക്കുന്ന വ്യവസ്ഥകൾക്കുപ്പെട്ടല്ലാതെ, അംഗീകൃതമായ ഒരു പൂർവ്വമാമ്പത്യബന്ധം ഉൾക്കൊണ്ടിരിക്കുമ്പോൾ, വിവാഹമെന്നുള്ള നിലയിൽ പിന്നീടു നടക്കുന്നതായ പുരുഷനും സ്ത്രീയുംതമ്മിലുള്ള മാമ്പത്യബന്ധത്തിൽ, മുമ്പുനടക്കുന്നതിനോ പിന്നീടുനടന്നതിനോ ഒരു ക്ഷത്രിയപുരുഷനോ ക്ഷത്രിയസ്ത്രീയോ ഒരു കക്ഷിയായിരിക്കുന്ന വിഷയത്തിൽ, ഇങ്ങനെയുള്ള ഭേദമൊന്നുമുണ്ടാകുന്നതിനാൽ നിരോധിക്കപ്പെട്ടിരിക്കുന്നു.

എന്നാൽ, ഈ റഗുലേഷൻ നടപ്പിൽവരുന്ന തീയതിയിൽ ഉൾജിതത്തിൽ ഇരിക്കുന്നതായ വിവാഹങ്ങളെ ഇതു ബാധിക്കുന്നതല്ല.

മനുഷ്യർക്ക് ജീവിക്കുന്നതിനുള്ള ചില ആഗ്രഹങ്ങളെ അടക്കം വേണ്ടെന്നുവയ്ക്കാൻ സാധിക്കയില്ല. അതിലേക്ക യാതൊരു ബലാൽക്കാരവും കൊടുക്കാതെയാണ് ഇപ്പോഴത്തെ മുഖമക്കത്തായറഗുലേഷൻ നില്ക്കുന്നത്. മാമക്കത്തായറഗുലേഷനിൽ വിവാഹത്തെ സംബന്ധിച്ചിടത്തോളം ഏകഭോഗാത്മകമെന്ന വേണമെന്നോണം പറയുന്നുണ്ട്. എന്നാൽ ഇവിടെ ചില സന്ദർഭങ്ങളിൽ അതിലേയ്ക്കു വ്യത്യസ്തം നടപ്പാക്കിച്ചേർക്കേണമെന്നു പറയുന്നുണ്ട്.

മേൽപറഞ്ഞ വ്യവസ്ഥകൾ ഇവയാണ്.—

(എ) അക്കാലത്ത്, ആദ്യവിവാഹത്തിലെ ഉഭയകക്ഷികളും പുതിയ ഭോഗാർത്ഥം ഏല്പാൻ പതിനെട്ടുവയസ്സു തികഞ്ഞവരായിരിക്കണം എന്നും,

(ബി) (മ) ഭാര്യയോ, ഭർത്താവോ, അവരിലൊരാൾ, അപായകരവും പ്രബലവും ആയ രോഗത്തിനാലോ, ക്ഷീണബുദ്ധിമാലോ അപസ്മാരത്താലോ, കുഷ്ഠരോഗംപോലെ കഠിനവും സ്ഥിരവുമായ പാരമ്പര്യദോഷകരണത്തോ ആയ വ്യാധികളാലോ ബുദ്ധിക്കപ്പെട്ടിരിക്കുമ്പോഴോ, അല്ലെങ്കിൽ

(ഭ) ഭാര്യയോ, ഭർത്താവോ, അവരിലൊരാൾ, ക്ലീബത്വമോ വന്ധ്യത്വമോ, ഇല്ലായ്മചെയ്തിരിക്കുകയോ, അല്ലെങ്കിൽ, പ്രകൃത്യാ ഷണ്ഡത്വം പ്രാപിച്ചിട്ടിരിക്കയോ, പിന്നീടുള്ള വിവാഹത്തിനുമുമ്പ് മൂന്നുകൊല്ലങ്ങളിൽ കുറയാതെയുള്ള കാലത്തേയ്ക്ക് ഉടർച്ചയായി, വല്ല കാരണവശാലും മൈഥുനത്തിനു അപ്രാപ്തമായ നിലയെ പ്രാപിച്ചിട്ടിരിക്കുകയോ, ചെയ്തുപോയാൽ, അല്ലെങ്കിൽ,

(ന) ഭാര്യയോ ഭർത്താവോ, അവരിൽ ഒരാൾ, ജീവിതോദ്ദേശ്യമായും സഹധർമ്മിണിയായും ശരിയായവിധത്തിൽ പ്രവർത്തിക്കുന്നതിനു കായികമായ അപ്രാപ്തിയോടുകൂടി, സ്ഥിരമായതും, പിന്നീടുള്ള വിവാഹത്തിനുമുൻപു മൂന്നുകൊല്ലത്തിലധികംകാലം ഉടർച്ചയായോ, അപ്രാപ്തമായിതീർന്നുകയോ,

തരത്തിപ്പറയുന്ന വിഷയങ്ങളിൽ മമ്പതിമാരിൽ മറവുള്ള ആളിനു വിവാഹംചെയ്യാവുന്നതാണ്.

(ഭ) ഈ റഗുലേഷൻ ഉൾജിതത്തിൽവരുന്നതിനുമുൻപായി ഒരു ക്ഷത്രിയേതരവിവാഹംചെയ്തുപ്പെട്ടിട്ടുള്ള ഭർത്താവോ ഭാര്യയോ, അയാളുടെയോ അവളുടെയോ സമുദായത്തിൽതന്നെ വീണ്ടും വിവാഹം ചെയ്തുകൊണ്ടിരിക്കുമ്പോൾ, അല്ലെങ്കിൽ,

(മ) ഭർത്താവിനോ ഭാര്യക്കോ, വേറെ ഏതെങ്കിലും സ്ത്രീയോടെ പുരുഷനോടോ ഉള്ള സംയോഗത്താൽ ഒരു കുട്ടി ജനിക്കയും, അങ്ങിനെയുള്ള മാതാപിതാക്കന്മാർക്കുള്ള മാമ്പത്യാവകാശം അംഗീകരിക്കുന്നതിനായേക്കാം, ഉല്ലംഘനത്വം സ്ഥാപിതമായിരിക്കയുംചെയ്യുമ്പോൾ,

അങ്ങിനെയുള്ള കക്ഷിയ്ക്ക്, മുമ്പിലത്തെ വിവാഹം ഉൾജിതത്തിൽ ഇരിക്കുമ്പോൾ വീണ്ടും വിവാഹംചെയ്തുപോകുന്നതാണ്.

ഈനിലയിൽമാത്രമേ രണ്ടാമതു വിവാഹം ചെയ്യാൻ പാടുള്ളു എന്നു തടഞ്ഞിരിക്കുന്നതാണ്. അല്ലാത്തകേസ്സുകളിലെല്ലാം നിഷ്കർഷയായ ഏകഭോഗാത്മകം നിർബന്ധിച്ചിരിക്കയാണ്.

"മാമ്പത്യബന്ധം" എന്നതിൽ, ഈ റഗുലേഷൻപ്രകാരം സാധുവായതോ അല്ലാത്തതോ ആയ വിവാഹം ഉൾപ്പെടുന്നു.

ഒരു വിവാഹം രജിസ്റ്റർചെയ്തിട്ടില്ലാത്ത വിഷയത്തിൽ, അവസ്ഥാക്രമമനുസരിച്ചു താഴെപ്പറയുന്ന ഏതെങ്കിലുമോ എല്ലാംകൂടിയോ വസ്തുതകളിൽനിന്നു, ഒരു വിവാഹമായിത്തീരുന്ന ഒരു മാമ്പത്യബന്ധത്തിൻറെ അംഗീകാരത്തിന്, ഈ റഗുലേഷനുവേണ്ടി അവശ്യമാകുമെന്നു കോടതിയിൽനിന്ന് ഉറപ്പാക്കിക്കൊള്ളാമെന്നുള്ളതാണ്.

ഇതു മനസ്സിലാക്കിവെയ്ക്കുന്നതിൽ ഞാൻ കൊണ്ടുവന്നിട്ടുള്ള ഒരു ഖണ്ഡമാണ്.

i ഭാര്യയും ഭർത്താവുമെന്ന പരസ്യമായി അറിയപ്പെടുന്ന പുരുഷനും സ്ത്രീയും മമ്പത്യസംഗമങ്ങൾക്കുള്ള സ്വാതന്ത്ര്യത്തോടുകൂടി ഒരുമിച്ചു താമസിക്കുക,

ii വീടുകാര്യങ്ങൾ അവർ ഭർത്താവായി നടത്തുക.

iii മൂന്നാമസ്ഥന്മാരോടോ, എഴുത്തുകുത്തുകളിലോ, മറവ പ്രമാണങ്ങളിലോ, പരസ്യമായോ, മമ്പത്യസ്വത്വത്തെക്കുറിച്ചുള്ള അവരുടെ സമ്മതങ്ങൾ.

iv കുട്ടികളുടെ ജനനം.

v മാതാപിതാക്കന്മാരുടെ അവരുടെ പ്രായപൂർത്തിയായ കുട്ടികളുടെ അംഗീകാരങ്ങൾ.

vi കുട്ടികളെ അവർ ക്ഷയിച്ചു സംരക്ഷിക്കുന്നു.

vii അവസ്ഥാക്രമമനുസരിച്ച്, പരസ്പരാകർഷണമോ, അല്ലെങ്കിൽ, കുട്ടികളുടെ സംരക്ഷണത്തിനുള്ള പുരുഷന്റെ ധനാഭിനിയോഗമോ

viii അതുപോലെതന്നെ, കോടതിയിലേക്ക് പ്രയോഗിക്കുന്നതും തുടർന്നുകൊണ്ടിരിക്കുന്നതും തോന്നുന്ന മറ്റെന്തെങ്കിലും വസ്തുതകളോ സ്ഥിതികളോ,

(ബി) (എ)-ം, (ബി)-ം, (സി)-ം പിരിവുകളിലെ പറഞ്ഞിരിക്കുന്ന വ്യവസ്ഥകൾപ്രകാരം പിന്നീടുള്ള ദാമ്പത്യബന്ധങ്ങൾ, III-ാം അദ്ധ്യായപ്രകാരം, ആദ്യത്തെ കക്ഷികൾക്കിടയിൽ പരസ്പരം ജീവനാംശത്തിനുള്ള അവകാശത്തിനു ബാധകമാകുന്നില്ല.

(ബി) (i) ൻറെയും (ii) ൻറെയും വിഷയങ്ങളിൽ, (വീണ്ടും വിവാഹം ചെയ്തിട്ടില്ലാത്ത) ആദ്യവിവാഹത്തിലെ മരിച്ചുപോയ കക്ഷിയുടെ, പുനരാലോചിച്ചു വിവാഹം കഴിച്ചിട്ടുള്ള രണ്ടു കക്ഷികളുടെയും പക്കൽ നിന്നും, അതായത് പുതിയതായ കക്ഷിയിൽ നിന്നും കൂടെ, ജീവനാംശം ചോദിച്ചുപറ്റുന്നതിനുള്ള അവകാശം, (i)-ാം അനുബന്ധപ്രകാരം ഉണ്ട്.

വിവാഹത്തിന്റെ കാര്യത്തിൽ സമ്മതം രേഖപ്പെടുത്തുന്നതിനുള്ള വയസ്സ്, സ്ത്രീകൾക്ക് പതിനഞ്ചെന്നും പുരുഷന്മാർക്ക് പതിനെട്ടെന്നും, ഇതിനാൽ നിശ്ചയപ്പെടുത്തിയിരിക്കുന്നു.

രണ്ടാനച്ഛന്മാരുടെ കാര്യത്തിൽ, ഒരു രജിസ്റ്ററിന്റെ ആഫീസ്സറുടെ മുമ്പാകെ മുൻപ്രകാരം കൊടുക്കുന്നതായോ അല്ലെങ്കിൽ ആയാഫീസ്സറുടെ പക്കൽ നിക്ഷേപിച്ചിരിക്കുന്ന വിധത്തിൽ മുൻപ്രകാരം (സാക്ഷ്യപ്പെടുത്തി ഏല്പിക്കുന്ന ഡിക്ലറേഷനായോ, ഉള്ള രക്ഷകർത്താക്കന്മാരുടെ സമ്മതത്തോടുകൂടി മാത്രമേ, വിവാഹത്തിനു പറ്റി ഉടമ്പടി നടക്കൂ.

രണ്ടാച്ഛിപ്പുസിഡന്റ്: ഒരു പെൺകുട്ടി പതിനാറു വയസ്സാകുമ്പോൾ മേജറാകുമെന്നു വിശ്വസിക്കപ്പെട്ടിരിക്കുന്നു. നിയമപ്രകാരമുള്ള രക്ഷകർത്താവിന്റെ സമ്മതത്തിനെന്താവശ്യമാണെന്നുള്ളത്?

മി: എൽ. ആർ. രാജരാജവർമ്മ കോയിൽതമ്പുരാൻ (ചങ്ങനാശ്ശേരി പീരുമേട്): ഹിന്ദുലാ പ്രകാരം പതിനാറു വയസ്സുവരെ പോരെന്നു പറയുവാൻ അധികാരമില്ല. അവളുടെ ഗുണത്തിനു പ്രതിഫലമായിട്ടുള്ളതാണെങ്കിൽ, നിയമപ്രകാരമുള്ള രക്ഷകർത്താവിനു വിവാഹം നിഷ്പ്രയാസം തടുക്കുവാൻ കഴിയും.

രണ്ടാച്ഛിപ്പുസിഡന്റ്: ഒരു പെൺകുട്ടി പതിനാറു വയസ്സു തികയുമ്പോൾ അതുകൊണ്ട്, അവൾക്കു വിവാഹത്തിനെ തിരുകരിക്കുവാൻ സാധ്യമാകുമോ?

മി: എൽ. ആർ. രാജരാജവർമ്മ കോയിൽതമ്പുരാൻ (ചങ്ങനാശ്ശേരി പീരുമേട്): ഇല്ല. രജിസ്റ്റർ വിവാഹങ്ങൾ എങ്ങനെയുള്ളതായാലും. വിവാഹം രജിസ്റ്റർ ചെയ്യുന്നതിനു അന്യൂനതകളുണ്ട്, അതല്ലെങ്കിൽ മതമില്ലായ്മയിക്കാൻ വിഷമിക്കും. മതസംബന്ധമായ വിവാഹം, നിയമാനുസൃതമുള്ള വിവാഹം ഇങ്ങനെയുള്ള രണ്ടു തരത്തിൽ വിവാഹമുണ്ട്. സിവിൽ അവകാശങ്ങൾ രജിസ്റ്റർ ചെയ്ത വിവാഹങ്ങിനു മാത്രമേ ഉണ്ടായിരിക്കുവാൻ പാടുള്ളൂ. മതസംബന്ധമായ വിവാഹം വേണമെന്നോ വേണ്ടെന്നോ ഏതെന്നോ ഞാൻ പറയുന്നില്ല.

മതവൈവാഹികമായ വാസ്തവബന്ധങ്ങളോടു കൂടിയവരും, എന്നാൽ, ഈ റഗുലേഷൻ അനുസരിച്ചു രജിസ്റ്റർ ചെയ്യപ്പെട്ടിട്ടില്ലാത്തവരും, ആയ ആളുകൾക്കു, നിശ്ചിതമായ വിധത്തിൽ അവരുടെ വൈവാഹികബന്ധങ്ങളെ രജിസ്റ്റർ ചെയ്യുന്നതായ പ്രയോഗങ്ങൾ ഉണ്ടാക്കുന്നതിനായി, രേഖപ്പെടുത്തുന്നതിനാൽ മതിയായ കീഴിൽ ചെയ്തിരിക്കുന്ന അനുകൂലങ്ങൾ സിദ്ധിക്കാമെന്നുള്ളതാണ്.

(1) രജിസ്ട്രേഷൻ കാലത്തു മതമനുസരിച്ചു ഭ്രാന്തനോ ക്ഷീണചിത്തനോ ആണെന്നു നിയമത്താൽ അറിയപ്പെട്ടവരോ

(1) വിവാഹത്തിന്റെ കക്ഷികളിൽ രണ്ടുപേരുമല്ലെങ്കിലും, രജിസ്ട്രേഷൻ കാലത്തു, മതമനുസരിച്ചു, ഭ്രാന്തനോ ക്ഷീണചിത്തനായെന്നു നിയമത്താൽ അറിയപ്പെട്ടയാളോ, ആയിരിക്കുവാൻ പാടില്ലാത്തതും

(2) കക്ഷികൾ അധിരോഹണവഴിക്കോ അപരോഹണവഴിക്കോ തമ്മിൽ ബന്ധുത്വമുള്ളവരല്ലാതെയും പൂർണ്ണരക്തബന്ധത്താലോ അർദ്ധരക്തബന്ധത്താലോ സഹോദരീസഹോദരന്മാരല്ലാതെയും ഇരിക്കുക

(3) കക്ഷികൾ, അവർ തമ്മിലുള്ള വിവാഹബന്ധം സാധുവാണെന്നും ഈ റഗുലേഷൻ അനുസരിച്ചു രജിസ്റ്റർ ചെയ്യുന്നതാണെന്നും രജിസ്റ്ററിന്റെ ആഫീസ്സറുടെ മുമ്പാകെ പ്രത്യാഹ്വാനം ചെയ്യുകയോ അല്ലെങ്കിൽ, നിശ്ചിതമായ വിധത്തിലുള്ളതായ മുൻപ്രകാരം സാക്ഷ്യപ്പെടുത്തപ്പെട്ടതും ആയ രേഖ ഡിക്ലറേഷൻ ആ ആഫീസ്സറുടെ പക്കൽ ഏല്പിച്ചിരിക്കുക

രണ്ടാച്ഛിപ്പുസിഡന്റ്: "വിവാഹങ്ങൾ രജിസ്റ്റർ ചെയ്യുന്നതു" എന്നുള്ള വിഷയത്തിൻകീഴിൽ അതു വരുന്നതെങ്ങിനെ?

മി: എൽ. ആർ. രാജരാജവർമ്മ കോയിൽതമ്പുരാൻ (ചങ്ങനാശ്ശേരി പീരുമേട്): അങ്ങിനെയുള്ള രജിസ്റ്റർ ചെയ്യാൻ പാടുള്ളൂ. അല്ലാത്തതു രജിസ്റ്റർ ചെയ്യാൻ പാടില്ല.

രണ്ടാച്ഛിപ്പുസിഡന്റ്: അങ്ങിനെയാകുമ്പോൾ, ഈ വകക്കായുള്ളതെല്ലാമായും സംബന്ധിച്ചു രജിസ്ട്രാർ ഒരു വിചാരണ നടത്തണമെന്നാണ് നിങ്ങൾ ആവശ്യപ്പെടുന്നതു?

മി: എൽ. ആർ. രാജരാജവർമ്മകോയിൽതമ്പുരാൻ (ചങ്ങനാശ്ശേരി പീരുമേട്): അല്ല. ഒരു ഡിക്ലറേഷൻ കൊടുത്താൽ മതി. അങ്ങിനെ അല്ലാതെ നടക്കുന്ന വിവാഹം സാധുവല്ല. രജിസ്ട്രാരെ അതിലേക്കു മുതലക്കാരനാക്കണമെന്നു പറയുന്നില്ല. എന്നാൽ വേണമെങ്കിൽ അന്വേഷണം നടത്തുകയും ചെയ്യാം.

രണ്ടാച്ഛിപ്പുസിഡന്റ്: ഇപ്പോൾ ഉൾപ്പെടുത്തിയിരിക്കുന്ന വിവാഹങ്ങൾക്കു കൂടി ഈ നിഷ്കർഷ ബന്ധിപ്പിക്കണമെന്നു, യിങ്ങൾക്കു താൽപ്പര്യമുണ്ടോ?

മി: എൽ. ആർ. രാജരാജവർമ്മകോയിൽതമ്പുരാൻ (ചങ്ങനാശ്ശേരി പീരുമേട്): വേണമെങ്കിൽ അതുകൊണ്ടുമെന്നേയുള്ളൂ.

മി. ഏ. തങ്കപിള്ള (തിരുവനന്തപുരം): രജിസ്ട്രേഷൻ ഫീടുമെതെ, നിയമേ സ്വന്ധമായ അവകാശം കിട്ടുമോ?

മി. എസ്. രാജരാജവർമ്മ (ചങ്ങനാശേരി പീരുമേട്): കിട്ടും. അതല്ലാതെ പറഞ്ഞ താഴെപ്പറയുന്നവർ:

ഡെപ്യൂട്ടിപ്രസിഡന്റ്: ഞങ്ങിനെയാണ് പോവുക, ഇപ്പോൾ ഈ ബിൽ ഇരിക്കുന്ന വിവാഹങ്ങളെ സംബന്ധിച്ചു രജിസ്ട്രേഷൻ നടപ്പിൽ വരുമ്പോൾ എന്താണ് ഫീസുണ്ടോ?

മി: എൽ. ആർ. രാജരാജവർമ്മ കോയിത്തമ്പുരാൻ (ചങ്ങനാശ്ശേരി പീരുമേട്): വിവാഹമോചനത്തിനു രജിസ്ട്രേഷൻ വച്ചിട്ടില്ല. ക്ഷണിച്ചവിടുള്ള വിവാഹത്തിനെങ്കിലും രജിസ്ട്രേഷൻ വച്ചിട്ടുണ്ടോ എന്നു സംശയമാണ്. വിവാഹത്തിനു ഫീല്ലെങ്കിൽ വിവാഹമാപനത്തിനു രജിസ്ട്രേഷൻ വക്കുന്നതിൽ വലിയ അർത്ഥമൊന്നുമില്ല. ഞാൻ ഇവിടെ കൊടുത്തിട്ടുള്ളത്:—

ഡെപ്യൂട്ടിപ്രസിഡന്റ്: നിങ്ങൾ, ചില വിവാഹങ്ങളെ അസാധുവാണെന്നു പ്രഖ്യാപനം ചെയ്യുന്നതിനു, ഒരന്വേഷണത്തിനു വിനിയോഗിക്കപ്പെടുന്നതിനു സൗകര്യത്തിനുള്ള അവകാശത്തെക്കുറിച്ചു പറഞ്ഞിരിക്കുന്നു. അതു ചെയ്യുന്നതിന്റെ താല്പര്യമെന്താണ്?

മി. എൽ. ആർ. രാജരാജവർമ്മ കോയിത്തമ്പുരാൻ (ചങ്ങനാശ്ശേരി പീരുമേട്): ഇവിടെ വിവാഹമോചനവിവാഹങ്ങളിൽ നിന്നൊക്കെ സന്താനങ്ങൾക്കു കൂടെ, ഞാൻ പറഞ്ഞിട്ടുള്ളപോലെ, കൊടുക്കുന്നുണ്ട്.

ജീവനാംശത്തിനുള്ള അവകാശം മാത്രമേ തന്നെ റജിസ്ട്രേഷനിൽ ഉള്ളൂ. ഞാൻ പറഞ്ഞതുപോലെ ഇങ്ങനെയുള്ള കേസുകളിലും രജിസ്ട്രേഷൻ വേണമെന്നു പറയുന്നുണ്ട്. വിവാഹമോചനം രജിസ്റ്റർ ചെയ്യുക എന്നുള്ളതിനു ഒരു വ്യവസ്ഥയുണ്ട്.

ഇതിനു നിഷ്കർഷിച്ച രീതിയനുസരിച്ചു, സ്റ്റേഷ്യൂട്ടറിജിസ്ട്രേഷൻ കൊണ്ടു, മാനസ്ഥാബന്ധങ്ങളുടെ നിയമസാധുതയും വ്യവസ്ഥകളെ പ്രതിഷ്ഠിക്കുകയും ഒന്നുകൂടി ഉറപ്പുവരുത്തുകയും ചെയ്യുന്നതാണ്. എന്നാൽ, മേൽപ്പറഞ്ഞ ചെയ്യാതിരിക്കുന്നതിനാൽ, വിവാഹത്തിൽപ്പെട്ട കക്ഷികളുടെയോ അവരുടെ കുട്ടികളുടെയോ അവകാശങ്ങളും അവകാശങ്ങളും ഇല്ലാതാകുന്നതുമില്ല. വിവാഹങ്ങളുടെ അസാധുത്വം, അപ്രകാരമുള്ള ബന്ധങ്ങളിൽ നിന്നുണ്ടാകുന്ന കുട്ടികളുടെ അവകാശങ്ങളെ ബാധിക്കുവാൻ പാടില്ല.

വിവാഹങ്ങളുടെ അനന്തരഫലങ്ങൾ.

(i) ഈ റഗുലേഷനനുസരിച്ചു വിവാഹങ്ങൾ രജിസ്റ്റർ ചെയ്യപ്പെട്ടു കഴിഞ്ഞാൽ ഉടൻ, ഇതിൽ എടുത്തു കാണിച്ചിട്ടുള്ളതുപോലെ, ആ വിവാഹത്തിന്റെ മെനമിത്തികഫലങ്ങൾ അതിൽ ബന്ധപ്പെട്ടവരെ യെല്ലാം ബാധിച്ചു തുടങ്ങുന്നതാണ്.

(ii) ഈ റഗുലേഷനിൽ പ്രത്യേകവ്യവസ്ഥകൾ ഉള്ളപ്പോൾ, മുവകക്ഷികളിൽ, ഉഭയരുടെയും മതാരു നിയമവും അവരെ ബന്ധിക്കുന്നതല്ല, അതിൽ കാണുന്നപ്രകാരമുള്ള വിവാഹമൊഴിച്ചു മറ്റൊരു നിയമത്തിലോ ആചാരത്തിലോ മുൻനടപ്പിലോ കാണുന്നപ്രകാരം, ഭൂതിസ്ഥിതിവ്യവസ്ഥയിലേക്കായി മോചിപ്പിക്കുന്നതായി ഗണിക്കപ്പെടുന്നതുമല്ല.

(iii) വിവാഹത്തിൽ പെട്ട കക്ഷികൾ തന്നെ സ്വയമേവ ഒരു രജിസ്റ്റർപ്രകാരമോ മറിച്ചുകൊണ്ടു ചെയ്തിട്ടില്ലാത്ത പക്ഷം, ആ കക്ഷികൾക്കു വിവാഹത്തിനു മുമ്പുണ്ടായിരുന്ന സ്വത്തുക്കളിലും സ്വത്തുക്കളിന്മേലുള്ള അവകാശങ്ങളിലും അവരുടെ പ്രത്യേകസ്വത്തായി തന്നെ ഇരിക്കുന്നതാണ്.

(iv) വിവാഹത്തിൽപ്പെട്ട കക്ഷികളിൽ ഓരോരുത്തരും, അവരുടെ വിവാഹം നിലവിലിരിക്കുന്ന കാലത്തു സമ്പാദിക്കുന്നതായ വസ്തുക്കളും വസ്തുക്കളിന്മേലുള്ള അവകാശങ്ങളും, അവരുടെ പൊതുസ്വത്തുക്കളായി ഗണിക്കപ്പെടുന്നതും, അവയെ സംബന്ധിച്ചിടത്തോളം അവരെ പൊതുവിൽ അന്തരയക്കാരനെന്നുള്ള നിലയിൽ വിചാരിക്കപ്പെടുന്നതും ആകുന്നു.

(vi) അപ്രകാരം സിദ്ധിച്ചിട്ടുള്ള ഭാവനാത്മബന്ധത്തിൽക്കീഴിൽ കൂട്ടികൾക്കു ചെയ്തിരിക്കുന്ന രക്ഷകളും, അയതില്ലാതിരിക്കുമ്പോഴുള്ളതും,

മാതാപിതാക്കന്മാർക്ക് മരണശാസനമെഴുതുന്നതിനുള്ള പരമാധികാരത്തിന്മേൽ ചെയ്തിട്ടുള്ള നിയന്ത്രണങ്ങളും പുതുതായി ഒരു സംഗതിപ്പെടുത്തി ഇതിൽ ചേർക്കണം. വിവാഹത്തിന്റെ അനന്തരഫലത്തിൽ കൂട്ടികൾക്കു ഒരു രക്ഷ ആവശ്യമാണ്.

(vii) ഇതിൽ വ്യവസ്ഥാപിക്കപ്പെട്ടിരിക്കുന്നപ്രകാരം ജീവനാംശത്തിനുള്ള അവകാശം.

വിവാഹത്തിന്റെ അനന്തരം.

6. (i) തമ്മിൽ വിവാഹം ചെയ്തിട്ടില്ലാത്ത മാതാപിതാക്കന്മാരുടെ കൂട്ടികൾക്കു വിവാഹത്താൽ ഉണ്ടായ സന്താനങ്ങളുടെയും, അവിവാഹിതമായ സംയോഗത്താൽ ഉണ്ടായ കുട്ടികളുടെയും ശരിയായ അവകാശങ്ങളും ഉണ്ടായിരിക്കുന്നതാണ്.

(ii) ഏതു സ്ത്രീയും കുട്ടികളുടെ ഗുണത്തിനെ സംരക്ഷിക്കുന്നതിനുവേണ്ടി, ഗർഭകാലത്തും അതുകഴിഞ്ഞും കുട്ടിയെ പ്രസവിച്ച ഉടനെയും, ഗവണ്മെന്റ് നിശ്ചയിക്കുന്നതായ ഒരു ഉദ്യോഗസ്ഥന്റെ പക്കൽ, കുട്ടിയുടെ അച്ഛനായിരുന്നാൽ അച്ഛന്റെ പേരും മേൽവിലാസവും തിരിച്ചറിവാനുള്ള അടയാളങ്ങളും പറഞ്ഞു ഒരു ഡിക്ലറേഷൻ കൊടുക്കുന്നതിനുള്ള അവകാശം ഉണ്ടായിരിക്കുന്നതാണ്.

(iii) ആ ഡിക്ലറേഷനിൽ അച്ഛനെന്നു പറഞ്ഞിരിക്കുന്നതായ ആളിനെ ആ ഉദ്യോഗസ്ഥൻ അതിനെപ്പറ്റി തെളിയപ്പെടുത്തേണ്ടതാണ്, അതിനുണ്ണം നോട്ടീസ് കിട്ടിയതിന്മേൽ ഒരു മാസത്തിനകം, യാതൊരു ക്ഷേപവും കൊടുത്തിട്ടില്ലെങ്കിൽ, പറഞ്ഞിരിക്കുന്നതായ ആളിനെ കുട്ടിയുടെ അച്ഛനായി രേഖപ്പെടുത്തേണ്ടതാണ്.

നോട്ടീസ് കിട്ടിയതു മുതൽ ഒരു വർഷത്തിനകം, അച്ഛനെന്നു പറഞ്ഞിരിക്കുന്നതായ ആളിന്, കൂടുവായ വിവരങ്ങൾ പറഞ്ഞിരിക്കുന്നുവെന്നും മറ്റുമുള്ള കാരണങ്ങളാൽ ആ തള്ളയുടെ മേൽ കോടതിയിൽ വ്യവഹാരപ്പെടാമെന്നുള്ളതാണ്.

കൂട്ടി ജനിച്ചതിനു ശേഷം ഒരു വർഷത്തിനകം, അച്ഛൻമരണത്തെ സ്ഥാപിച്ചു കിട്ടുന്നതിനും മറ്റും കോടതിയിൽ വ്യവഹാരപ്പെടുന്നതിനുള്ള അവകാശം ആ തള്ളയ്ക്കും മക്കൾക്കും ഉണ്ടായിരിക്കുന്നതാണ്.

(iv) മേലാൽ ഉണ്ടാകുന്നതായ യാതൊരു ക്ഷത്രിയകുട്ടിയെ പറ്റിയും ജനനരജിസ്റ്ററിൽ, യാതൊന്നും എഴുതീട്ടില്ലാതിരിക്കയോ, എഴുതീട്ടുള്ള തെറ്റായോ അപൂർണ്ണമായോ അപിശ്വസനീയമായോ, ഇരിക്കയോ ചെയ്യുമ്പോൾ, രജിസ്റ്റർചെയ്യപ്പെട്ടതായ തള്ളകളുടേയ്, അങ്ങിനെ വേണമെന്നു ആവശ്യപ്പെട്ടാൽ, അതിനുള്ള പിതൃസ്ഥാനം ഉണ്ടെന്നോ ഇല്ലെന്നോ ആയാലും കോടതിയിൽ തെളിയിക്കേണ്ടതാണ്.

മി: രേവതിനാൾ രാമവർമ്മരാജാ (ഇടവക): കിടപ്പു പ്രസവിച്ചുകഴിയുമ്പോൾ പേരെ ഒരാളിന്റെ ഛായ ആയാലോ?

മി: എൽ. ആർ. രാജരാജവർമ്മകോയിൽതമ്പുരാൻ (ചങ്ങനാശ്ശേരി-പീരുമേട്): ഛായപോലുമില്ലെന്നു തെളിവിനു നോക്കുന്നത്. എല്ലാ മനുഷ്യർക്കും കൈകാലും മൂക്കും വായും മുതൽ ഒരു ഛായ ആയിരിക്കണമെന്നു ഒരു വ്യവസ്ഥനോക്കുന്നു വന്നാൽ വിലമതിയായി തീരും.

ഡെപ്യൂട്ടി പ്രസിഡന്റ്: ഒരു ഭർത്താവിനു ഭാര്യയോടു പ്രവേശനമെന്നതുകൊണ്ടുമാത്രമേയിരിക്കയും ആയമസ്ഥയിനു ഒരു കുട്ടി ജനിക്കയും ചെയ്യുമ്പോൾ, ആ ഭർത്താവിനു കുട്ടിയുടെ അച്ഛൻ, എന്നുള്ളതു, ഒരു നിർണ്ണയകമായ ഊഹമായി നിയമം ഗണിക്കുന്നുവെന്നുള്ളതു, ഒരു പൊതുനയകാര്യമായി, ഇംഗ്ലീഷ്ലാ പ്രകാരവും ഇന്ത്യൻലാ പ്രകാരവും കാണുന്നു, എന്നതിനെ ഞാൻ നിങ്ങളുടെ ശ്രദ്ധപ്പിച്ചു കൊള്ളുന്നു. നിർണ്ണയകമാണ്, അല്ലാതെ നിഷേധകമായ ഊഹമല്ല. പ്രസ്തുതസംഗതിയിൽ, ആപത്തിൽ തന്നെ, കുട്ടിയുടെ ജനനത്തിനു ശേഷം ഏതാണ്ടു മാസങ്ങൾക്കുള്ളിൽ, പിതൃസ്ഥാനം നിഷേധിക്കുന്നതിനുള്ള കേസുകൊടുത്തുകൊണ്ടു നിങ്ങളും കൊടുക്കയാണ് ചെയ്യുന്നത്. ചാരിത്രഭ്രഷ്ടയുടെ കാര്യത്തിൽ നിങ്ങൾക്കു വളരെ ശ്രമമാണെങ്കിൽ, വിസ്തരിക്കപ്പെടുവാൻ പാടില്ലാത്തതായ മറ്റു കാര്യങ്ങളും ഉണ്ടെന്നുള്ളതു നിങ്ങൾ അറിഞ്ഞിരിക്കണം. ഭർത്താവിനു ഭാര്യയോടു പ്രവേശനമസംഭവിക്കുന്നതിനുള്ള വിഷയങ്ങളിൽ, കുട്ടി അയാൾക്കു ജനിച്ചതാണെന്നു അതു ഒരു നിർണ്ണായകമായ ഊഹമായിരിക്കണം, എന്നുള്ളതു, പൊതുധർമ്മനീതിയുടെ സംരക്ഷണത്തിനു ആവശ്യമായിട്ടുള്ളതാണ്.

വിവാഹനിവർത്തി.

9 (എ) ഏതെങ്കിലും ഒരു കക്ഷിയുടെ മരണത്താലോ, അല്ലെങ്കിൽ അങ്ങിനെ മരിച്ചുവെന്നുള്ളകോടതിയുടെ ഊഹത്താലോ, ഒരു വിവാഹം നിവൃത്തമാകുന്നതാണ്.

ഈ ഒടുവിൽ പറഞ്ഞ വിഷയത്തിൽ, വിവാഹം രജിസ്റ്റർ ചെയ്തിരിക്കുന്ന സ്ഥലത്തു അധികാരമുള്ള ഡിസ്ട്രിക്ട് മുൻസിപ്പിൽകോടതി മുമ്പാകെ, ജീവിച്ചിരിപ്പുള്ള കക്ഷി അപേക്ഷ കൊടുക്കുകയും നാലുമാസക്കാലത്തേയ്ക്കു നിലവിലിരിക്കുന്നതായ നോട്ടീസുകൊടുത്തു കോടതിയിൽനിന്നു മുൻപ്രകാരം പ്രസിദ്ധം ചെയ്തതിനുശേഷം കോടതിയ്ക്കു ബോദ്ധ്യം വരികയും ചെയ്തു കഴിഞ്ഞാൽ, വിവാഹം നിവൃത്തമായിരിക്കുന്നതായി ഒരു ഉത്തരവു ചെയ്യാവുന്നതാണ്.

(ബി) ഉഭയകക്ഷികളുടേയും പരസ്പരസമ്മതത്താലോ അല്ലെങ്കിൽ, അവരിൽ ഏതെങ്കിലും മറ്റാളിന്റെ ഏകപക്ഷമായ അഭിവാഞ്ഛയാലോ, രണ്ടു കക്ഷികളും ജീവിച്ചിരിക്കുന്ന കാലത്തു, ഒരു വിവാഹം നിവൃത്തമാകാവുന്നതാണ്, അങ്ങിനെയുള്ള യിവൃത്തിയെ, യിഷ്ടിതമായ വിധത്തിൽ രേഖപ്പെടുത്താവുന്നതുമാണ്.

ഡെപ്യൂട്ടിപ്രസിഡന്റ്: പരിഷ്കൃതരാജ്യങ്ങളിൽ, ഇതിനെ ഉത്തമമായ പൊതുധർമ്മന്യായമെന്നു ഗണിക്കപ്പെട്ടുന്നു, എന്നുള്ളതിനെമാത്രം ഞാൻ നിങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നു.

മി: എൽ. ആർ. രാജരാജവർമ്മകോയിൽതമ്പുരാൻ (ചങ്ങനാശ്ശേരി-പീരുമേട്): വിവാഹമോചനം ചെയ്തുകഴിഞ്ഞാൽ സ്ത്രീക്ക് ചിലവിനുകിട്ടാനുള്ള അവകാശമുണ്ട്. ഇന്ന ഭർത്താവിന്റെയുടെ ചിലവുകൂടെ സ്ത്രീക്കുടെ കുടുംബത്തിൽ നിന്നാണെന്നുടുത്തുന്നു. ആ സ്ഥിതിക്ക് ക്ഷത്രിയസമുദായത്തിനു ഏപ്പോഴും ഭർത്താവിനെ ഞെക്കിപ്പിഴിയണമെന്നാവശ്യമില്ല. യഥാർത്ഥത്തിൽ ചിലവിനുകിട്ടേണ്ട ആവശ്യമുണ്ടെന്നു കോടതിയ്ക്കു ബോധ്യമാകുന്നതിനെ ബോദ്ധ്യംവന്നാൽ അവർക്ക് നിശ്ചയമായിട്ടും ചിലവിനുകിട്ടാൻ അർഹതയുണ്ട്. ഒരു വലിയസ്ഥാനത്തിരിക്കുന്ന ഒരു സ്ത്രീക്ക് നിസ്സാരമായ ഒരു ഭർത്താവിൽനിന്നും ചിലവിനുകിട്ടാൻ അവകാശമുണ്ട് എന്നാരെ ക്ലാസ് ഇവിടെ വയ്ക്കുന്നതു ആവശ്യമില്ല. അതിനാൽ ഞാൻ അതിൽ നിന്നാഭിപ്രായം രേഖപ്പെടുത്തിയതാണ്.

മി: എം. താണുപിള്ള (തിരുവനന്തപുരം): അങ്ങിനെ ജീവനാംശത്തിനു ആവശ്യപ്പെടുമോ?

ഡെപ്യൂട്ടിപ്രസിഡന്റ്: അതു നിയമസിദ്ധമായ ഒരു അവകാശമാണ്, ഓരോരുത്തരും കൂട്ടിക്കുടുംബവിധത്തിൽ ചിലവുകഴിക്കാൻ തുണിയുള്ളപ്പോഴും ആയ്തു അവകാശപ്പെടാമെന്നുള്ളതാണ്.

മി. എം. താണുപിള്ള (തിരുവനന്തപുരം): സമുദായത്തിൽ നല്ല സ്ഥിതിയിൽ ഇരിക്കുന്നവരും തന്നെ ഞാൻ ചിലവുകഴിക്കുന്നതിനു തുണിയുള്ളവരും ആയ, മറ്റു സ്ത്രീ, കൊടുക്കാൻ തുണിയില്ലാത്തവനായ തന്റെ ഭർത്താവിനോടു, ചിലവിനു ചോദിക്കുവാൻ ഇനിയുമോ, എന്നുള്ളതാണ് എന്റെ ചോദ്യം.

ഡെപ്യൂട്ടിപ്രസിഡന്റ്: ഇപ്പോൾ, ഭർത്താവിന്റെ ചിലവു കൊടുത്തേണ്ടതിലിരിക്കുന്നതുകൊണ്ടും ചിലവിനുവേണ്ടി കോടതിപ്പോകുന്നതുള്ള അധികാരം കൊടുക്കുകൊടുക്കുന്നതുകൊണ്ടുമാണ് അവിഹിതമായിരിക്കുമെന്നും, ആണ് അദ്ദേഹം പറയുന്നതു, അതു അദ്ദേഹത്തിന്റെ അഭിപ്രായം മാത്രമാണ്. മിസ്റ്റർ കോയിൽതമ്പുരാൻ, ഇപ്പോഴത്തെ ചോദ്യം മേലുനോക്കണമെന്നാണ് നിങ്ങൾ ആവശ്യപ്പെടുന്നതു, അല്ലേ?

മി: എൽ. ആർ. രാജരാജവർമ്മ കോയിൽ തമ്പുരാൻ (ചങ്ങനാശ്ശേരി-പീരുമേട്): അതെ.

മി: എ. സി. കുര്യാക്കോസ് (മീനച്ചിൽ-ദേവികുളം): ആളിഹരിഭാഗം വേണമെന്നു അവിടുന്നു ആവശ്യപ്പെട്ട. ആളിഹരിഭാഗംവരുമ്പോൾ ക്ഷത്രിയർക്കു ഇന്നുള്ളപ്രതാപം കാണുമോ? അങ്ങിനെ വരുമ്പോൾ ചിലവിനുകിട്ടുവാൻ ആവശ്യമില്ലാത്തവരുമോ?

മി: എൽ. ആർ. രാജരാജവർമ്മകോയിൽ തമ്പുരാൻ (ചങ്ങനാശ്ശേരി-പീരുമേട്): ചിലവിനു ഒരു ശ്രദ്ധം ഭർത്താവിനുവേണം.

മി: എ. സി. കയ്യാക്കോസ് (ഗിനച്ചൽ-ദേവികുളം): ആളോഹരിഭാഗം വരുമാനം വിജാതീയ സ്ത്രീയുടെകൂടെ കൂടിയിരിക്കുന്ന മായുടെ സ്വന്തമായസ്വത്തിലുംകൂടെ വന്നുകൂടും, അങ്ങിനെ യുണ്ടാകുമ്പോൾ ഭർത്താവിന്റെ സ്വത്തിൽനിന്നും ചിലവിനുവാങ്ങിക്കാൻ പാടില്ലെന്നുണ്ടോ അഭിപ്രായം?

മി: എൽ. തർ. രാജരാജവർമ്മകോയിൽ തമ്പുരാൻ (പന്തളം-ട്രഷറി-പീരുമേട്): ഇപ്പോഴത്തെ മറുനിയമം അനുസരിച്ചു മായുടെകയിലുള്ള ചിലവിനുവാങ്ങാൻ അവകാശമുണ്ട്, മായുടെയായാലും ഭർത്താവിനായാലും യാതൊരാൾത്തിൽ ആവശ്യമില്ലെങ്കിൽ കൊടുക്കേണ്ടതുമാണ്.

ഡെപ്യൂട്ടിപ്രസിഡൻറ്: നിങ്ങളുടെ അഭിപ്രായങ്ങളോടു താഴെപ്രസ്താവിച്ചിരിക്കുന്നതിനു വേണ്ടി, മിസ്റ്റർ രേവറിനോളിന്റെ ബില്ലിലുള്ള സംബന്ധപ്പെട്ടവകുപ്പുകളെ കൂടുകൂടെ നിങ്ങൾക്കു പ്രയോജിക്കാമെന്നുള്ളതു ഞാൻ പറഞ്ഞുകൊള്ളട്ടെ.

മി: എൽ. തർ. രാജരാജവർമ്മകോയിൽ തമ്പുരാൻ (പന്തളം-ട്രഷറി-പീരുമേട്): എനിക്കുള്ളനിലപാടു ന്യായത്തെപ്പറ്റിമാത്രമെ പറയുന്നുള്ളൂ. ഒടുവിൽ ഒരഭ്യുപായംകൂടി കൂട്ടിച്ചേർക്കണം. സിലക്ട്കമ്മിറ്റിയുടെ ഈവിചാരനക്ക ഏതിനും ചില അഭിപ്രായങ്ങളും കൊടുക്കയാണു ഞാൻ ഇപ്പോൾ ചെയ്യുന്നതു?

(സി) ഒരു വിവാഹമോചനം രജിസ്റ്റർ ചെയ്യുമ്പോൾ, കുട്ടികളെ രക്ഷിക്കുന്നതും അവരെ വിദ്യാഭ്യാസം ചെയ്യിക്കുന്നതും, അവരുടെ രക്ഷകർത്താവായിരിക്കുന്നതും ഏതു കക്ഷിയായിരിക്കണമെന്നുള്ള പ്രശ്നം രജിസ്റ്റർ ചെയ്യുന്ന ഉദ്യോഗസ്ഥൻ അവതരിപ്പിക്കേണമെന്നുള്ളതാണ്.

(ഡി) ഈ കാര്യത്തിൽ, കക്ഷികൾതമ്മിലായ ഒരു ഏർപ്പാടു ചെയ്യുന്നതിനു തരമായിവന്നാൽ, വിവാഹമോചനരജിസ്റ്ററിൽ അതേപ്രകാരം രേഖപ്പെടുത്തേണ്ടതും, അതിനു നിന്നെടുക്കേണ്ടുന്ന ഒരു പ്രതിഫലവും കക്ഷികളും കൊടുക്കേണ്ടതും ആകുന്നു.

(ഈ) പണ്ടു വിവാഹിതരായിരുന്ന കക്ഷികളിൽ യാതൊരുത്തർക്കെങ്കിലും അവരുടെ കുട്ടികൾക്കോ, അതിൽ പിന്നീടു സാധാരണനിയമമനുസരിച്ചുള്ള പ്രകാരം വ്യവഹാരപ്പെട്ടു, ഈ ഏർപ്പാടിൻപ്രകാരമുള്ള ജീവനാംശത്തിൽ കൂടുതലായുള്ള ജീവനാംശത്തിനു ആവശ്യപ്പെടുന്നതിനുള്ള അവകാശങ്ങളിലോ ഈ ഏർപ്പാടു ഏടുത്തുകളയുന്നതല്ല.

സാമന്യവ്യവസ്ഥകൾ

൫ (എ) വിവാഹങ്ങളും വിവാഹമോചനങ്ങളും രജിസ്റ്റർ ചെയ്യുന്നതിനും, അതിന്മേൽ സർട്ടിഫിക്കറ്റുകൾ കൊടുക്കുന്നതിനും ഉള്ള ശരിയായ ഉദ്യോഗസ്ഥന്മാരെ നിയമിക്കയോ നിയോഗിക്കയോ ചെയ്യുകയും പ്രൊവിൻഷ്യൽ വീടുകളിൽ വച്ചു നടത്തുന്നതായ രജിസ്ട്രേഷൻ സംബന്ധിച്ചു ഡിക്ലറേഷൻസ് വാങ്ങുന്നതിനും സാക്ഷ്യപത്രങ്ങൾ പുറപ്പെടുവിക്കുന്നതിനും വേണ്ടത്രയുള്ള ഉദ്യോഗസ്ഥന്മാരെയോ നിയമിക്കുകയും അധികാരപ്പെടുത്തുകയും ചെയ്യുകയും, അതിലേയ്ക്കാവശ്യമുള്ള പുസ്തകങ്ങളും രജിസ്റ്റുകളും മുദ്രയായതും വച്ചുകൊള്ളുന്നതിനുവേണ്ട ഏർപ്പാടുകളും, അവയുടെ പകർപ്പുകൾ കൊടുക്കുന്നതിനും, വിവാഹങ്ങളേയും അവയുടെ മോചനങ്ങളേയും സംബന്ധിച്ചു ഈ അദ്ധ്യായത്തിലെ വ്യവസ്ഥകളെ നടപ്പിൽ വരുത്തുന്നതിനു ആവശ്യമുള്ള നിബന്ധനകൾ ഉണ്ടാക്കുകയും, ഗവണ്മെൻറിൽനിന്ന് ചെയ്യുന്നതാണ്.

(ബി) അങ്ങിനെ നിയമിക്കപ്പെട്ടവർക്ക്, ഈ റഗുലേഷൻ അനുസരിച്ചു പ്രോസസ്സുകൾ, സമൻസ്സുകൾ, നോട്ടീസുകൾ എന്നിവ അയക്കുന്നതിനും, ആവശ്യമെന്നുകാണുന്നവിഷയങ്ങളിൽ വിവാഹങ്ങളേയും വിവാഹമോചനങ്ങളേയും സംബന്ധിച്ചു വിചാരണകൾ ചെയ്യുന്നതിനും സാക്ഷികളെ വിസ്തരിക്കുന്നതിനും സത്യബോധപ്പെടുത്തികൊടുക്കുന്നതുമായി വാങ്ങുന്നതിനും ഒരു അധികാരമുള്ള കോടതിയിൽനിന്നു അസ്സിസ്റ്റൻറപ്പെടുത്തുന്നതുപക്ഷം ഒരു കോടതി ഡിക്രിപോലെ കക്ഷികളെ ബന്ധിക്കത്തക്കവണ്ണമുള്ള തീരുമാനങ്ങൾ വിവാഹവിഷയങ്ങളിന്മേൽ ചെയ്യുന്നതിനും ഉള്ളതും ഗവണ്മെൻറിൽനിന്നു നിശ്ചയപ്പെടുന്നതുപോലെയുള്ള, അധികാരങ്ങൾ ഉണ്ടായിരിക്കുന്നതാണ്.

(സി) ക്ഷത്രിയരെസംബന്ധിച്ചു്, "മാമ്പത്യാവകാശങ്ങളുടെ പുനഃസ്ഥാപനത്തിനോ", "കോടതിമുഖാന്തരമുള്ള വിവാഹബന്ധവേർപാടിനോ" ഉള്ളയാതൊരു വ്യവഹാരവും മേലാൽ ഒരു കോടതിയിലും സ്വീകരിക്കാവുന്നതുമല്ല.

(ഡി) മായുടെയോ ഭർത്താവിന്റെയോ അവർ തമ്മിലുള്ളതോ മൈനറന്മാരുടെ വിഷയത്തിൽ അവരുടെ യഥാർത്ഥമായുള്ള രക്ഷകർത്താക്കന്മാരുടെയോ, രണ്ടാംഅദ്ധ്യായത്തിലെ വ്യവസ്ഥകളെ അറിഞ്ഞുകൊണ്ടും മനസ്സാലെയും നിരസിച്ചിട്ടുള്ളതായി കാണപ്പെട്ടാൽ, അങ്ങിനെയുള്ളവരെ, ഒരു രജിസ്ട്രേട്ടിന്റെ ശിക്ഷയിന്മേൽ ഐ. പി. സി. ൽ ഉൾപ്പെടുന്ന വിധത്തിൽ വ്യവസ്ഥപ്പെടുത്തിയിട്ടില്ലാത്ത പക്ഷം, ഓരോന്നിനുമുള്ളടത്തേക്കുമേലും, ൧൦൦ രൂപായോളമെ വരുവാനുള്ള പിഴ ചുമത്തപ്പെടുത്തുന്നതുമാണ്.

(ഈ) ഈ റഗുലേഷൻപ്രകാരമുള്ള ഒരു ഡിക്ലറേഷനോ സർട്ടിഫിക്കറ്റോ ഉണ്ടാക്കുകയോ ഒപ്പിടുകയോ സാക്ഷ്യപ്പെടുത്തുകയോ ചെയ്യുകയും അതിൽ, കള്ളമായതു കൂട്ടുവെന്നു അറിയുകയോ വിശ്വസിക്കയോ ചെയ്യുന്നതും, അല്ലെങ്കിൽ, നിജമാണെന്നു അറിയാം വിശ്വസിക്കുന്നതും ആയ ഒരു സ്റ്റേറ്റുമെൻറ് അടങ്ങിയിരിക്കയും ചെയ്യുമ്പോൾ, അങ്ങിനെ ചെയ്യുന്ന ഒരാളെത്തന്നെയും, ഐ. പി. സി. കൺവിക്ഷൻ വകുപ്പിൽ വിധിച്ചിട്ടിരിക്കുന്ന കുറ്റംചെയ്തിട്ടുള്ളവരായി ഗണിക്കപ്പെടുമെന്നുള്ളതാണ്.

(എഫ്) ഒരു പെൺകുട്ടി പന്ത്രണ്ടു വയസ്സു തികഞ്ഞിട്ടുള്ളപ്പോൾ, അവൾ ഒരു മേജറായിരിക്കുമ്പോൾ എന്നപോലെ, സ്വമനസ്സാലെ, ഒരു രക്ഷകർത്താവിന്റെ സഹായംകൂടാതെ, എല്ലാ വിവാഹമോചന നടപടികളിലും ഓരോരുത്തിക്കുന്നതിനുള്ള അധികാരം ഉള്ളതായിഗണിക്കപ്പെടാവുന്നതാണ്. സ്വതന്ത്രമായി "വിവാഹമോചന"ത്തിനു അപേക്ഷിക്കുവാൻ ക്ഷത്രിയബില്ലിൽ കവു വയസ്സു എന്നപറയുന്നുണ്ടു്. അതു പിശകാണ് എന്നാണ് എന്റെ അഭിപ്രായം. അതിനെ പന്ത്രണ്ടാക്കിയിരിക്കയാണ്. ഇനി ജീവനാംശത്തിനെസംബന്ധിച്ചുള്ള അദ്ധ്യായവും പിൻതുടർച്ചാവകാശത്തെ സംബന്ധിച്ചുള്ള അദ്ധ്യായവും, ഇതുരണ്ടും ആണ് സിലക്ട്കമ്മിറ്റിയുടെ ശ്രദ്ധയിൽ കൊണ്ടുവരണമെന്നു ഞാൻ വിചാരിക്കുന്നു.

അദ്ധ്യായം ൩.

ഭാര്യക്കാരുടെ അവകാശങ്ങളും ചുമതലകളും തമ്മിൽ വന്നുചേർന്നിട്ടുള്ളവരുടെ അവകാശങ്ങളും ചുമതലകളും പരസ്പരമുള്ളതും രക്തബന്ധത്തെ അടിസ്ഥാനമാക്കിയുള്ളതും ആകുന്നു, അടുത്തുള്ളവർ അകന്നുള്ളവരെ ഒഴിക്കുന്നു.

ഡെപ്യൂട്ടിപ്രസിഡൻറ്: ഈ വ്യവസ്ഥ രക്ഷാധികാരിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്.

മി: എച്ച്. ആർ. മാജരാജപേമ കോയിൽതമുരാൻ (ചങ്ങനാശ്ശേരി-പീരുമേട്): മറ്റൊരു വേതനത്തിൽ ഉള്ളതാണെങ്കിൽ ഇതിൽനിന്നും എടുക്കാം എന്നിങ്ങനെയുള്ള ഭേദഗതിയാൽ ആവശ്യമില്ലാത്തതായ ഖണ്ഡം ഒഴിവാക്കിയിരിക്കാം. പക്ഷേ ഇന്നു നിർബന്ധമാ

ഡെപ്യൂട്ടിപ്രസിഡൻറ്: ഞാൻ നേരത്തെ പറഞ്ഞതുപോലെ ഭേദഗതിയാണ് വേണ്ടത്. നിലവിലുള്ള വേതനത്തെപ്പറ്റിയല്ല.

മി: ജി. ആർ. രാജഗോപാലനായിഡു (പല്ലാവരം-പീരുമേട്): നിർധനന്മാരായ വിദ്യാർത്ഥികൾ ആയിരിക്കണമെന്നുണ്ടോ?

ഡെപ്യൂട്ടിപ്രസിഡൻറ്: ഉണ്ട്.

മി: ടി. കെ. വേലു, രാജാമാപ്പിള കോളേജ് (ചങ്ങനാശ്ശേരി-പീരുമേട്): ഇപ്രകാരം കാരണവന്മാരിൽ ചിലർ നിർധനന്മാരാണോ?

ഡെപ്യൂട്ടിപ്രസിഡൻറ്: മൈനറന്മാർക്കും മജോറിറ്റിയടഞ്ഞ സ്ത്രീപുരുഷന്മാരായ മറ്റു രക്ഷകർത്താക്കന്മാരുമല്ലാതെ, ഒരു മൈനർക്കു കൂട്ടുവകയായുള്ളതായിരിക്കുവാനുള്ള സാധ്യതകളെ ഒഴിവാക്കുന്നു.

മി. ഫ്രാൻസിസ്. ആർ. രാജരാജവർമ്മ തമ്പുരാൻ (ചങ്ങനാശ്ശേരി-പീരുമേട്): പക്ഷേ അതിനും ക്ലിനിക്കിനും പ്രത്യേകവ്യവസ്ഥചെയ്തു അധികാരമില്ലാതാക്കാമെന്നു:

ii വകുപ്പു ഉദ്ദിശിക്കുന്നതിൽ ഇതിലധികമുള്ള ആനുകൂല്യങ്ങൾ നിയമപരമായി നിഷേധിക്കുന്നതിനുള്ള അവകാശം, രജിസ്റ്റർചെയ്യപ്പെട്ടതോ അല്ലാത്തതോ ആയ മെഡിക്കൽ പ്രാക്ടീഷണറിനെ ഇരിക്കുന്നവകാശം ഇതുനുണ്ടാക്കും, ഭൂരിപക്ഷം വകയിലുള്ള രക്ഷാധികാരിയുടെ വ്യവസ്ഥകൾക്കുപോലും ചെയ്യുവാൻ കഴിയുന്നതാണ്.

iii മൈനറന്മാരായ അവിവാഹിതകളുടെ രക്ഷിതാക്കൾ ചിലപ്പോൾ മാതാപിതാക്കന്മാർ തന്നെ പോരിക്കും സ്ഥിതിചെയ്യുന്നതാകുന്നു.

iv മാതാപിതാക്കൾ ശേഷിയില്ലാത്തവരോ നിർഭാഗ്യരോ ആയ മൈനർകുട്ടികൾക്കു ചിലവിനു കൊടുപ്പാൻ ന്യായമായുള്ള മാർഗ്ഗമില്ലാത്തവരോ ആയ മാതാപിതാക്കന്മാർ ബന്ധപ്പെട്ടവരും, ചിലപ്പോൾ ശേഷിയില്ലാത്തവരും നിർഭാഗ്യന്മാരുമായ മാതാപിതാക്കന്മാർക്കു ചിലവിനു കൊടുപ്പാൻ ന്യായമായുള്ള കുട്ടികളും ബന്ധപ്പെട്ടവരും ആകുന്നു.

v പ്രാപ്തിയുള്ളവരായ വേലചെയ്യാൻ ശേഷിയില്ലാത്തവരും ന്യായനിർഭാഗ്യരുമായ അവരുടെ മാതാപിതാക്കന്മാരുടെ പക്കൽനിന്നു ചിലവിനുകിട്ടുവാൻ സാദ്ധ്യതയുണ്ടെങ്കിൽ, ശരിയായ സാമ്പത്തികമുള്ള അവരുടെ പിതാമഹന്മാരുടെ പക്കൽനിന്നും, വേലചെയ്യാൻശേഷിയില്ലാത്തവരും നിർഭാഗ്യന്മാരുമായ പിതാമഹന്മാർക്ക് അവരുടെ സഹധർമ്മചാരിയിൽ നിന്നും അവരുടെ കുട്ടികളിൽനിന്നും ചിലവിനുകിട്ടുവാൻ സാദ്ധ്യതയില്ലാതെ പക്ഷം, ശരിയായ സാമ്പത്തികമുള്ള അവരുടെ പൌത്രന്മാരിൽനിന്നും, ചിലവിനുകിട്ടുവാനുള്ള അവകാശം ഉണ്ട്.

vi ചിലവിനുകിട്ടുന്നതിനുള്ള പരസ്പരാവകാശം, അടുത്തടുത്തുള്ളവർ അന്യന്മാരെ ഒഴിവാക്കിക്കൊണ്ടും മേല്പോട്ടുള്ള അവകാശവഴിക്കും കീഴ്പോട്ടുള്ള അവകാശവഴിക്കും, ഒന്നൊഴിച്ചേ ഇരുവഴിക്കും, നിലനിൽക്കുന്നതാകുന്നു.

vii നിർഭാഗ്യരായ മൈനറന്മാരുടെ അവരുടെ മാതാപിതാക്കന്മാരിൽനിന്നോ അവകാശവഴിയിൽ മേല്പോട്ടുള്ളവരിൽനിന്നോ ചിലവിനുകിട്ടുന്നതു സാദ്ധ്യമല്ലാതിരിക്കുമ്പോൾ, അവരുടെ സഹോദരന്മാരുടേയും, സഹോദരിമാരുടേയും മക്കളുടെയും അമ്മാവന്മാരുടേയും, അമ്മായിക്കുള്ള മക്കളുടെയും, അവരുടെ അമ്മാവന്മാരുടേയും, പക്കൽനിന്ന്, (മുമ്പിലുള്ളവരില്ലാതെയോ ശേഷിയില്ലാതെയോ വരുമ്പോൾ പിന്നീടുള്ളവർ ക്രമാനുസരണം അവരുടെ സ്ഥാനത്തിലുകത്തക്കവണ്ണം) ചിലവിനുകിട്ടുന്നതിനുള്ള അവകാശം ഉണ്ടായിരിക്കുന്നതാണ്.

viii അങ്ങനെയുള്ളവരിലാരുടെയും ഈ മുകളിൽ പറഞ്ഞിട്ടുള്ളവരെല്ലാം നിർഭാഗ്യരായതുകൊണ്ടു നൽകുവാൻ കഴിയാതെ വരുമ്പോൾ vii മത്തെ ന്യായത്തിൽ വ്യവസ്ഥചെയ്തിരിക്കുന്നപ്രകാരം, "പരസ്പരഋണനിധി"യിൽനിന്നു ചിലവിനുകിട്ടുന്നതിനു അവർക്കു അവകാശമുണ്ടായിരിക്കുന്നതാണ്.

ix മേൽ i മുതൽ Xഉം പ്രകാരമുള്ള വ്യവസ്ഥകളിൽ, ജീവനാംശത്തിന്റെ തുകയും ഓരോവിഷയത്തിലും ഓരോരുത്തർക്കുള്ള മാഹാത്മ്യവും, സാമ്പത്തികാവസ്ഥയും തുടങ്ങിയുള്ള മറ്റാവസ്ഥകളും അനുസരിച്ചുനിർണ്ണയിക്കേണ്ടതാണ്.

x വിവാഹത്തിൽപ്പെട്ടകക്ഷികൾക്കും, മാതാപിതാക്കന്മാർക്കും അവരുടെ കുട്ടികൾക്കും തമ്മിലുള്ള ജീവനാംശാവകാശങ്ങളുടെ വിഷയത്തിൽ, (കോടതിയിൽനിന്നും യഥാകാലം മുമ്പാകുന്ന അവസാനതീരുമാനത്തിനുവിട്ടിട്ട്) മേലടുതിയിൽനിന്നും, താൽസമയത്തിനിടവരുത്താതെ സഹായമുള്ള നടപടികളിൽ, സങ്കടക്കാരായ കക്ഷികൾക്ക് തൽക്കാലപരിഹാരം നൽകുവുന്നതാണ്.

xi ഒരു തറവാട്ടിലെ അംഗങ്ങളിൽനിന്നും അവരുടെ തറവാട്ടിൽ നിന്നും അന്യരിലേയ്ക്കോ അവിടേയോ ജീവനാംശമാറ്റം, "സ്വകാര്യചിലവുകൾപണമോ" ചേർക്കുന്നതിനും വ്യക്തിക്കുന്നതിനും ഉള്ള അധികാരങ്ങളെ, ഇതിൽ പറഞ്ഞിരിക്കുന്ന ഇതൊരുതരത്തിലും ബാധിക്കപ്പെടുന്നതും അല്ല.

സാമ്പത്തികന്യായം നിമിത്തമായി നടക്കാറില്ലെന്നുള്ള അർത്ഥത്തിലുള്ള ഒഴികഴിവുകൾ കിട്ടുന്നതുവരെയും സ്ഥിരമായ ഒരു ഏർപ്പാടുണ്ടാക്കുന്നതിനുവേണ്ടി ഒരുപാടുകാലം കഴിയുന്നതുവരെയും ഇടക്കാലത്തേക്കു ഭർത്താവിനോടു കുട്ടികൾക്കുവേണ്ടി ചിലവിനുകൊടുപ്പാൻ ഭാര്യയ്ക്കു ന്യായമായുള്ള അവകാശത്തിനു ഭംഗം വരുത്തുന്നതല്ല. ഭർത്താവിനു ഭാര്യയിൽനിന്നു ചിലവിനുകിട്ടുവാനുള്ള അവകാശത്തിനും ഭംഗം വരുത്തുന്നതല്ല. അതുകൊണ്ടാണ് ജീവനാംശത്തിനുള്ള അവകാശവും പിൻതുടർച്ചയുള്ള അവകാശവും വിട്ടുവീഴ്ചചെയ്തിട്ടുള്ളത്.

രക്ഷാധികാരത്തിനെപ്പറ്റിയാണ് ഇനി പറയുന്നുള്ളത്.

X രക്ഷാധികാരം.

i താഴെപറഞ്ഞിരിക്കുന്ന ഒഴികെയുള്ള കുട്ടികളുടെ യഥാക്രമം മൈനറന്മാരുടെ രക്ഷാധികാരികളായിരിക്കുന്നതും, അങ്ങനെയുള്ളവരുടെ അഭാവത്തിലോ അയോഗ്യതയിലോ പിന്നീടുപറഞ്ഞിട്ടുള്ളവർ മുമ്പിൽപറഞ്ഞിരിക്കുന്നവരുടെ സ്ഥാനത്തിൽ വരുന്നതും ആകുന്നു.

അമ്മ, അച്ഛൻ,
സഹോദരന്മാർ, സഹോദരികൾ—ഭാര്യയുടെയും [illegible]
ഭർത്താവിന്റെ അമ്മ
[illegible]
ഭർത്താവിന്റെ അച്ഛൻ

jj മേൽപ്പറഞ്ഞിരിക്കുന്നവരിൽ രക്ഷാധികാരിത്വത്തിനുള്ള യോഗ്യതകൾ ഇവയാണ്:—

(a) ഒരു കോടതിയുടെ ഉത്തരവിനാൽ ഏതെങ്കിലും ഒരു പ്രത്യേക അവസരത്തിൽ രക്ഷാധികാരിത്വത്തിൽനിന്നു നിരോധിക്കപ്പെട്ടുകയും, ആ ഉത്തരവു പിൻവലിക്കപ്പെടാതിരിക്കയും ചെയ്തിട്ടുണ്ടെങ്കിൽ, ഒരു പ്രത്യേക വിശേഷാവസരത്തിൽ കോടതി പ്രത്യേകമായി അനുവദിക്കാതിരിക്കയും, ചെയ്യുന്നപക്ഷം, ഒരു രക്ഷകർത്താവായിരിക്കുന്നതിനുള്ള അധികാരമില്ലാത്തവനാകുന്നു.

(b) അധികാരമുള്ള ഒരു കോടതിയാൽ ഒരു നിർമ്മലനെന്നു തീരുമാനിക്കപ്പെട്ടവനോ, സ്വഭാവത്തിനു ഉച്ചൃംഖലനെന്നു ഉറപ്പിക്കപ്പെട്ടവനോ, ഒരു ക്രിമിനൽ കുറ്റത്തിനു ശിക്ഷിക്കപ്പെട്ടവനോ, ഒരു രക്ഷകർത്താവായിരിക്കുവാൻ പാടില്ലാത്തവനാകുന്നു, എന്നാൽ അച്ഛനോ അമ്മയോ ഒരു കോടതിയിൽനിന്നു തിരുത്തിക്കപ്പെടാതെപക്ഷം, രക്ഷാധികാരിത്വനിർവ്വഹണത്തിൽ തുടർന്നുകൊള്ളാവുന്നതും, ആകുന്നു.

III. മുമ്പിൽ (പ്രാപകപ്പിൽ [illegible] ഇല്ലാതിരിക്കയോ അവർ യോഗ്യരായിരിക്കയും ചെയ്യുന്നുവെങ്കിലത്തിൽ, താല്പര്യമുള്ള ഏതെങ്കിലും ഒരു കക്ഷിയുടെ അപേക്ഷയിന്മേലോ, തക്കതായ്തോന്നിയപക്ഷം കോടതി തന്നിഷ്ടപ്രകാരമോ, അവശ്യമെന്നു കാണുന്ന ഏർപ്പാടുകൾ, ചെയ്യാവുന്നതാകുന്നു.

ദി പ്രസിഡിൻസി: മി കൊയിഞ്ഞനുരാൻ! നിങ്ങൾക്കു ഇനിയും സമയം വേണമെന്നുണ്ടോ? നിങ്ങൾ പുതുക്കം ചില മിനിട്ടുകൾക്കുള്ളിൽ അവസാനിപ്പിക്കുമെന്നുണ്ടെങ്കിൽ, ഇടയ്ക്കുകൊള്ളുന്നതിനു ഞാൻ നിങ്ങളെ അനുവദിക്കാം. ഇപ്പോൾ, ഇപ്പോൾ നിർത്തണമെന്നാണ് ഞാൻ വിചാരിക്കുന്നത്.

മി എൽ. ആർ. കാജരാജവഞ്ച കൊയിഞ്ഞനുരാൻ (ചങ്ങനാശ്ശേരിയും—പിന്നാടേടം): കൂടുതൽ സമയംവേണം.

ദ പ്രസിഡിൻസി: ഇപ്പോൾ നമുക്കു പിരിയുകയും നാം അടിയ്ക്കുവാൻ കാൽമണിക്കൂറുള്ളപ്പോൾ സന്ധിക്കുകയും ചെയ്യാം.

പ മണിയ്ക്കു മധുരപലഹാരത്തിനായി സഭ മറിവിയ്ക്കുകയും പിന്നീടു സഭ വീണ്ടുംകൂടുകയും ചെയ്തു.

മി എൽ. ആർ. രാജരാജവഞ്ച കൊയിഞ്ഞനുരാൻ (ചങ്ങനാശ്ശേരിയും—പിന്നാടേടം): രക്ഷാധികാരം എന്നതിൻകീഴ് [illegible] (III) നേപ്പറഞ്ഞിരിക്കുന്നു.

മി: മാത്തുമരിക്കൻ (വയനാട്): ഈ സാമ്പത്തികാധഃപതനത്തിന്റെ കാരണം അതാണോ?

മി: വി. ജെ. ഉമ്മൻ (കൃഷിവകുപ്പും വ്യവസായവും വകക്ക്): അതിനു പല കാരണങ്ങളും ഉണ്ട്, അതിൻറെ പരിഹാരം പലമാർഗ്ഗങ്ങളിൽകൂടിയല്ലാതെ സാധിക്കുകയില്ല. അതിനുള്ള നിവർത്തിയുള്ളമാർഗ്ഗങ്ങളെ കണ്ടുപിടിക്കണം.

ലാന്റുമോർട്ട്ഗേജ്ബാങ്ക് സ്ഥാപിക്കണമെന്ന ഒരു പ്രമേയം ഈ നിയമസഭയിൽ അവതരിപ്പിക്കുകയും അതു പാസാക്കുകയും ചെയ്തു. ആ ബാങ്ക് എത്രയും വേഗത്തിൽ നടപ്പിൽ വരേണമെന്നാണ് എൻറെ അഭിപ്രായം. അങ്ങിനെ ഒരു ബാങ്ക് സ്ഥാപിച്ചു അതിൽനിന്നും ചെറിയ പലിശ സംഖ്യകൾ കണ്ടുപ്പിടിക്കുന്ന ആളുകൾക്കു കൊടുത്തു അവരെ സ്ഥാനായിക്കണം.

കച്ചവടത്തിൽ നോക്കുകയാണെങ്കിൽ പല സ്ഥലങ്ങളിലും കൃഷിപ്പിഴ ഉണ്ടായിട്ടുണ്ട്, ഇപ്പോൾ വിളവു എടുത്തുകൊണ്ടിരിക്കുന്ന സമയമാണ്, പലസ്ഥലങ്ങളിലും മഴ വീണ്ടും കൃഷിക്കനഷ്ടം ഉണ്ടായിട്ടുണ്ട്

ഡെപ്യൂട്ടിപ്രസിഡൻറ്: ആണ്ടുതോറും മഴ പീഡകമില്ലേ?

മി: വി. ജെ. ഉമ്മൻ (കൃഷിവകുപ്പും, വ്യവസായവും, വകക്ക്): മുമ്പു മഴ വീണാൽ ഇതു ഇതുപോലെ ഇതുപോലെയാകുമായിരുന്നില്ല ഇപ്പോൾ ഇതു കൂടുതലായി ഉണ്ടായിട്ടുണ്ട്. സാമ്പത്തികാധഃപതനവും മഴവീഴലും ഒന്നിച്ചു വന്നിട്ടുള്ള ഈ അവസരത്തിൽ ഗവണ്മെൻറ് അക്കാര്യത്തിൽ കൂടി ശ്രദ്ധചെലുത്തിപ്പിടിക്കേണ്ടതാണ്. അല്പകാലമെ മഴ വീണിട്ടുള്ള നിലങ്ങൾക്കു നിലത്തിയുടെങ്കിൽ എല്ലാ നിലങ്ങൾക്കുംകരം ഇളവുചെയ്തുകൊടുക്കണം.

കരമുളകു്, കുരുമ്പു, കയറ് ഇവയുടെ വില മുമ്പിലത്തേക്കാൾ വളരെ കുറഞ്ഞിരിക്കുന്നു. മുമ്പിലത്തെ വില അനുസരിച്ചാണ് അവയ്ക്കു താരിപ്പു നിരക്കു നിശ്ചയിച്ചിരിക്കുന്നത്. അതിനാൽ ഇപ്പോഴത്തെ വില അനുസരിച്ചുള്ള താരിപ്പു വില നിശ്ചയിച്ചു അങ്ങിനെയും സഹായിക്കണം.

പ്രധാനമായി ഇരുപ്പാഴത്തെ പണത്തിനു ഞെരുക്കം ഗവണ്മെൻറിനുനിന്നും ചെയ്യാനുള്ളതാണ് എൻറെ ഒരു സ്നേഹിതൻ പറഞ്ഞതുപോലെ ഫാം രൂപായിൽ കുറയാതെ നല്ലമുള്ള ഗവണ്മെൻറ് ഉദ്യോഗസ്ഥന്മാരുടെ ശമ്പളത്തിൽനിന്നും ഒരംശം പിടിച്ചു ആ പണംഇപ്പോൾ കഷ്ടപ്പെട്ടു വലയുന്ന സാധുക്കളെ സഹായിക്കുന്നതിനുവേണ്ടി വിനിയോഗിക്കണം.

മി: ആർ. കേശവപിള്ള (കൊട്ടാരക്കര-കണ്ണനല്ലൂർ): അതു തുപ്പലുവിഴുങ്ങിയതുപോലെ പിടിക്കണമോ, അതിലും കുറച്ചായി വേണോ?

മി: വി. ജെ. ഉമ്മൻ (കൃഷിവകുപ്പും—വ്യവസായവും വകക്ക): നാം ഇതുവരെയും ശ്രദ്ധിക്കാതിരുന്ന ശമ്പളം വാങ്ങിച്ചുകൊണ്ടിരിക്കുന്നവരുടെ ധൂർത്തായ ചിലവു ഒന്നു കുറച്ചായാൽ മതി, അതിനനുസരിച്ചു ഒരു ശ്രമം പിടിക്കാവുന്നതാണ്, അല്പകാലത്തേക്കു അവർക്കു വിഷമം ഉണ്ടാവുകയില്ല

മി: ഫ്രാൻസ്. ഇമ്മോദരൻഷാൻ (ദേവികുളം, കാർത്തികപ്പള്ളി): ഏതുരൂപാവീതം പിടിച്ചാൽ അവർക്കു വിഷമം ഉണ്ടാവുകയില്ല.

മി: വി. ജെ. ഉമ്മൻ (കൃഷിവകുപ്പും, വ്യവസായവും, വകക്ക): ഉദ്യോഗസ്ഥന്മാരിൽനിന്നുമല്ലാ. ഇപ്പോൾ ഉദ്യോഗസ്ഥന്മാരിൽനിന്നുമെല്ലാം. മിഡാൻജി മുതലായുള്ള ഉദ്യോഗസ്ഥന്മാരിൽനിന്നും പിടിക്കണം. ഇപ്പോൾ കിട്ടുന്ന ശമ്പളത്തിൻറെ മുന്നിൽ ഒന്നു തൊണ്ണതോ എന്നപറഞ്ഞു തിരുവിതാംകൂർ മിഡാൻജിതന്നെ മാതൃകയായി ശമ്പളംകുറച്ചു കാണിച്ചുകൊടുക്കണം. പാവപ്പെട്ട ആളുകളെ മാത്രം തൊടുകയും എത്രയുണ്ടെങ്കിലും കണക്കാക്കി പകുതി ഉദ്യോഗസ്ഥന്മാരെ തൊടാതിരിക്കുന്നതാണ് ഒരുതരം സ്വജനപ്രതിനിധികളുടെയായി ആലോചിച്ചു, ഗവണ്മെൻറിനുനിന്നും വേണ്ട സഹായം ഞാൻ ചെയ്യണം. സഹായം ചെയ്യുന്നതിനുള്ള തുകയുംകൂടി ഗവണ്മെൻറിനുണ്ടാക്കണം, അതിനുവേണ്ടിയാണ് ഈ സംഗതി പറഞ്ഞിട്ടുള്ളത്.

ഇതുകൂടാതെ അവസാനമായി പറയാനുള്ളതു മി: കേശവപിള്ള പറഞ്ഞതുപോലെ ഒരു ട്രെയിഡ് ഏജൻറിനെ നിയമിക്കേണ്ട ആവശ്യകതയെപ്പറ്റിയാണ്. ഇതിനു മുമ്പിലത്തെ കൌൺസിലിലും ഇതിനെപ്പറ്റി ഒരു പ്രമേയം അയച്ചിട്ടുണ്ടായിരുന്നു. അതിനുമുൻപുണ്ടായ പ്രാവശ്യം ഇതിനെപ്പറ്റി പ്രമേയം അയച്ചിട്ടുണ്ടായിരുന്നു, ഒരുപ്രാവശ്യം ബാവറിൽ കിട്ടിയതാണ്, പക്ഷേ അതിനെ വിമർശനത്തിനെടുത്തില്ല. ഈക്കൊണ്ട് ആഫീസർ, ഒരു ട്രെയിഡ് ഏജൻറിൻറെ ആവശ്യം എന്താണെന്നു മി: കേശവപിള്ളയോട് ചോദിച്ചു.

മി: ആർ. നീലകണ്ഠപ്പിള്ള (ഗവണ്മെൻറ് സെക്രട്ടറിയേറ്റ് സിക്രട്ടറി): അതു അഭിപ്രായം അറിയാൻവേണ്ടി ചോദിച്ചിട്ടുതാണ്.

മി: പി. എസ്സ്. മഹമ്മദ് (ഗവണ്മെൻറ് നിയമിച്ച മെമ്പർ): ട്രെയിഡ് ഏജൻറായി ഒരാൾ മതിയോ?

മി: വി. ജെ. ഉമ്മൻ (കൃഷിവകുപ്പും, വ്യവസായവും, വകക്ക): ഒരാൾമതിയെന്നു തോന്നുന്നു.

തിരുവിതാംകൂറിനു എന്തെല്ലാം സാധനങ്ങളുണ്ട് ഉണ്ടാകേണ്ടതെന്നു വിശേഷിപ്പിക്കാൻ അറിയാൻപാടില്ല. അതിനെ നമ്മുടെ കൃഷിഡിപ്പാർട്ടുമെന്റ്, സെൻസസ്സ് കമ്മീഷണർ മുതലായ ഡാക്ടർ കുഞ്ഞൻപിള്ളതന്നെ സാക്ഷീകരിക്കുന്നതാണ്. അങ്ങേഹം വേണ്ടുവോളി പ്രയത്നത്തിനു പോയപ്പോൾ ഇവിടെത്തെ ചില സ്വാധീനങ്ങൾ അദ്ദേഹത്തെ അവിടെ കൊണ്ടുപോയി പ്രയത്നിപ്പിച്ചു. അങ്ങിനെയുള്ള സാധനങ്ങൾ തിരുവിതാംകൂറിലുണ്ടെന്നു അപ്പോഴാണ് വിശേഷിപ്പിക്കുന്നതു മനസ്സിലായതു. ഇവിടെയുള്ള സാമാന്യങ്ങൾ ഒന്നു ട്രെഡ് ഏജന്റുമുഖാന്തിരം അയക്കുകയാണെങ്കിൽ സാമാനങ്ങളുടെ വില കൂട്ടുന്നതിനേക്കാൾ നമുക്കു അറിയുന്നതിനു കഴിയുന്നതിനും കിട്ടുന്നതാണ്. ഇപ്പോൾ ഇങ്ങിനെയുള്ള പരുക്കും ഇല്ലാതെയാകുന്നു വിശേഷിച്ചുകൂടെ ഇപ്പോൾ കാണുന്നതിനു സാധനങ്ങൾക്കു വില കിട്ടിവരുന്നതു. കണ്ടുപിടിച്ചു ഉണ്ടാക്കുന്ന ഓരോ സാമാനങ്ങളും അവർ പറയുന്ന വിലയ്ക്കു കൊടുത്തുവരുന്നു, സ്വന്തമായി ഒരു പ്രതിനിധി ഉണ്ടായിരുന്നാൽ അമേരിക്കയും, ആസ്ട്രേലിയാ മുതലായ കാരോ രാജ്യങ്ങളിലും ഉള്ള വില അറിയുന്നതിനും കഴിയുന്നതിനും സാധിക്കുന്നതാണ്.

ഡഡപ്പുട്ടിപ്രസിഡന്റ്: അതുകൊണ്ടു റോഡു വ്യാപാരസ്ഥലങ്ങളിലുള്ള മത്സരവിലകളെപ്പറ്റി ഇപ്പോൾ നിങ്ങൾക്കു അറിവില്ലെന്നും അതുകൊണ്ടു കിട്ടുന്ന വിലയും സാമാനങ്ങൾ വിറ്റുണ്ടിവരുന്നതു എന്നുമാണോ നിങ്ങൾ പറയുന്നതു?

മി. വി. ജെ. ഉമ്മൻ (കച്ചവടവും, വ്യവസായവും, വടക്കു): അതു പ്രധാനപ്പെട്ട കുന്നാണ്.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരം, നെടുമങ്ങാടു): മൈസൂർ ഗവർണ്മെന്റിൽനിന്നും ഒരു ട്രെയിഡ് ഏജന്റിനെ നിയമിച്ചിട്ടുള്ളതായി അറിയാമോ?

മി വി. ജെ. ഉമ്മൻ (കച്ചവടവും, വ്യവസായവും, വടക്കു). അറിയാം.

സ്റ്റേഷനറിവകകളുടെ സാമാന്യങ്ങൾ വിദേശരാജ്യങ്ങളിൽനിന്നും വരുത്തുകയാണു ഇവിടെവരുത്തുന്നുണ്ടു് ഈ സാമാന്യങ്ങളെ ഓരോ കമ്പനിക്കാരും പറയുന്ന വിലകൊടുത്തു വാങ്ങിച്ചുവരുന്നു. നമ്മുടെ ഒരു ഏജന്റു അവിടെയുണ്ടെങ്കിൽ പല കമ്പനിക്കാരുമായി വിലയെപ്പറ്റി നേരിട്ടു സംസാരിച്ചു നല്ല സാമാന്യങ്ങൾ മനോക്കി തെരഞ്ഞെടുക്കുന്നതിനു സാധിക്കും.

വിലയെപ്പറ്റിയും മറ്റും പൂർണ്ണമായ വിവരങ്ങൾ അറിഞ്ഞു നമ്മുടെ ഗവർണ്മെന്റിനെ ധരിപ്പിക്കുകയും സാമാന്യങ്ങൾ ആവശ്യപ്പെടുകയും ചെയ്യുന്നു, അമേരിക്ക മുതലായ രാജ്യങ്ങളിലുള്ള പത്രങ്ങളിൽ പ്രസിദ്ധം ചെയ്യുന്നു അതിനാശേഷം കുറഞ്ഞപക്ഷം ഞങ്ങൾക്കു ആ കമ്പനിയിൽനിന്നും സാമാനങ്ങൾ എടുക്കുന്നതായിരുന്നാൽ ഗവർണ്മെന്റിനു അനേകായിരം രൂപാ ലാഭം കിട്ടുന്നതാണ്.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരം-നെടുമങ്ങാടു): ഒരു ട്രെയിഡ് ഏജന്റിനെ ലണ്ടനിൽ നിയമിക്കുന്നതിനു ഗവർമെന്റിൽ എത്ര രൂപാ ചിലവുവരും?

മി: വി. ജെ. ഉമ്മൻ (കച്ചവടവും, വ്യവസായവും, വടക്കു): ആയിരം രൂപാ തല്ക്കാലമായി കൊടുക്കണം. ശമ്പളച്ചിലവു ഏസ്റ്റാബ്ലിഷ്മെന്റു ചാർജ്ജസ്സു് എല്ലാംകൂടി ഇരുപത്തയ്യായിരം രൂപാ ഒരാണ്ടിൽ ചിലവാകും.

മി: ഇട്ടുപ്പ് ഇട്ടീച്ചൻ (കുന്നത്തുനാടു): അങ്ങിനെ ഒരാളിനെ നിയമിച്ചാൽ എന്തു ഗുണമായിരിക്കും?

മി: വി. ജെ. ഉമ്മൻ (കച്ചവടവും, വ്യവസായവും, വടക്കു): കുറഞ്ഞതു ഒരു ലക്ഷം രൂപായുടെ ഗുണമായിരിക്കുമെങ്കിലും.

ഡഡപ്പുട്ടി പ്രസിഡന്റ്: യന്ത്രം ചെയ്യേണ്ടിവരികയില്ലേ?

അമേരിക്കയിലും, അമേരിക്കായിലും എല്ലായിടത്തും സഞ്ചരിച്ചു അനേകവിധമായ വ്യാപാരകേന്ദ്രങ്ങളും കണ്ടുപിടിക്കേണ്ടതായി വരുമെന്നു തോന്നുന്നു.

മി: വി. ജെ. ഉമ്മൻ (കച്ചവടവും, വ്യവസായവും, വടക്കു): തല്ക്കാലം ലണ്ടനിൽതന്നെ താമസിച്ചാൽമതി, അവിടെ താമസിച്ചു സംഗതികളും മനസ്സിലാക്കിയതിൽപിന്നെ കൂടുതൽ ഗുണപ്രദമെന്നു തോന്നുകയാണെങ്കിൽ അക്കാലത്തു കൂടുതൽ ആളുകളെ നിയമിക്കാം.

മി: ഇട്ടുപ്പ് ഇട്ടീച്ചൻ (കുന്നത്തുനാടു): അങ്ങിനെ ചെയ്താൽ തിരുവിതാംകൂർ ഗവർണ്മെന്റിനു എന്തു ഗുണമായിരിക്കും?

മി: വി. ജെ. ഉമ്മൻ (കച്ചവടവും, വ്യവസായവും, വടക്കു): അതിനെ ക്ലിപ്തപ്പെടുത്താൻ നിവൃത്തിയില്ലെങ്കിലും ഒരു ലക്ഷം രൂപായുടെ ഗുണം ഇതുകൊണ്ടുണ്ടാകും.

മി: ആർ. നീലകണ്ഠപ്പിള്ള (ഗവർണ്മെന്റു് സെക്രട്ടറിയേറ്റ് സിക്രട്ടറി): എത്ര ഇനത്തിലാണ് ഇതു കിട്ടുന്നതു?

മി: വി. ജെ. ഉമ്മൻ (കച്ചവടവും, വ്യവസായവും, വടക്കു): കൊച്ചുകുട്ടികളായ സാമാന്യങ്ങൾ അയക്കുന്നതിൽ കൂടുതലായ വില കിട്ടും. അതുകൊണ്ടു സാമാന്യങ്ങൾക്കു ലാഭമുള്ള രൂപാകിട്ടും. അതു ജനങ്ങൾക്കു ലാഭമാണ്.

മി: ആർ. നീലകണ്ഠപ്പിള്ള (ഗവർണ്മെന്റു സെക്രട്ടറിയേറ്റ് സിക്രട്ടറി): സാമാന്യങ്ങൾ അയക്കുന്നതു ഏജന്റിന്റെ പേരിലാണോ?

മി: വി. ജെ. ഉമ്മൻ (കച്ചവടവും, വ്യവസായവും, വടക്കു): ഏജന്റിന്റെ പേരിൽ അയക്കാം, ഏജന്റുസ്ഥലത്താണ് ആ സാമാനങ്ങൾക്കു ഡിമാന്റ് എന്നു അറിഞ്ഞു ഏജന്റു അവയെ കൊടുക്കണം.

മി: ആർ. നീലകണ്ഠപ്പിള്ള (ഗവർണ്മെന്റു സെക്രട്ടറിയേറ്റ് സിക്രട്ടറി): കയറുപായ ലണ്ടനിലും, മിഡിൽപ്പുളിലും ആവശ്യമുണ്ട്. ഇതിനെ അവിടത്തെ ഏജന്റു മുഖേന അയച്ചുകൊടുക്കണമെന്നാണോ പറയുന്നതു?

മി: വി. ജെ. ഉമ്മൻ (കച്ചവടവും, വ്യവസായവും, വടക്കു): ഏജന്റു ഈ സാമാന്യങ്ങളെപ്പറ്റി അവിടത്തെ പത്രങ്ങളിൽ പരസ്യപ്പെടുത്തണം. എങ്കിലും ആവശ്യമുണ്ടെങ്കിൽ അവർ ഏജന്റുമുഖാന്തിരം ഏതുതരത്തിലാണു അവയ്ക്കു അയച്ചുകൊടുക്കണം.

ഡെപ്യൂട്ടിപ്രസിഡന്റ്: സാമ്പത്തികം അയച്ചുകൊടുക്കുന്നതിനു മുമ്പായി ഒരു ലറ്റർ ഹെഡ്പ്രിന്റ് (വിലാസമുള്ള ഉറപ്പുള്ള പേപ്പർ) വാങ്ങുന്നതിനു വേർപ്പാടുചെയ്യാമെന്താണ്?

മി: വി. ജെ. ഉമ്മൻ (കച്ചവടവും, വ്യവസായവും, വടക്ക): അങ്ങനെ യാതൊരു സൗകര്യവും ഇല്ലാത്ത കുറച്ചു കാലമായിരിക്കുക. ഏജൻറുമാരിയന്നാൽ അവിടെ അടുത്തുള്ള ആളുകളുമായിട്ടു നേരിട്ടു കണ്ടു സംസാരിക്കുന്നതിനും സൗകര്യമുണ്ട്.

മി: ആർ. നീലകണ്ഠപ്പിള്ള (ഗവണ്മെൻറ് ഫൈനാൻഷ്യൽ സിക്രട്ടറി): ഇതു ബാങ്കർ മുഖേന സാധിക്കുന്നില്ലേ?

മി: വി. ജെ. ഉമ്മൻ (കച്ചവടവും, വ്യവസായവും, വടക്ക): ബാങ്കർമുഖേന ശരിയായി സാധിക്കയില്ലാ.

മി: ആർ. നീലകണ്ഠപ്പിള്ള (ഗവണ്മെൻറ് ഫൈനാൻഷ്യൽ സിക്രട്ടറി): കടപ്പാടു, കരുതലുകൊടുക്കുന്ന ഏജൻറുമാരായിരുന്നാൽ വില കുട്ടികിട്ടുവാൻ സൗകര്യമുണ്ടോ?

മി: വി. ജെ. ഉമ്മൻ (കച്ചവടവും, വ്യവസായവും, വടക്ക): ഉണ്ട്

മി: ആർ. നീലകണ്ഠപ്പിള്ള (ഗവണ്മെൻറ് ഫൈനാൻഷ്യൽ സിക്രട്ടറി): ഏജൻസിക്കാര്യത്തിലാണ് വില കുട്ടി കിട്ടുന്നത്?

മി: വി. ജെ. ഉമ്മൻ (കച്ചവടവും, വ്യവസായവും, വടക്ക): കൊച്ചിയും, കരുതലുകൊടുക്കുന്നതിനുള്ള കച്ചവടസംഘക്കാർ ഏതെല്ലാമാണെന്നറിയുന്നതിനു അവിടെയുള്ള പത്രങ്ങളിൽ പരസ്യംചെയ്തു അവരെ കണ്ടുപിടിച്ചു ആ കച്ചവടക്കാരുമായി നേരിട്ടു കണ്ടു സംസാരിച്ചു കുട്ടനാട്ടിൽ വിലക്കു എവിടെ വിൽക്കാമെന്നു മനസ്സിലാക്കിയാൽ നിശ്ചയമായിട്ടും കുട്ടനാട്ടിൽ അധികം കിട്ടും.

മി: എൻ. എസ്സ്. മാധവമേനോൻ (മാവേലിക്കര-ചെങ്ങന്നൂർപ്പള്ളി): ഈ സംഗതികളൊക്കെ തീരുമാനിക്കുന്നതിനു ശേഷിയുള്ള ഒരു കട്ടയിഡ് ഏജൻറിനെ നിശ്ചയിക്കണം എന്നല്ലേ പറയുന്നതു?

മി: വി. ജെ. ഉമ്മൻ (കച്ചവടവും, വ്യവസായവും, വടക്ക): ശേഷിമാത്രംപോരാ, നല്ല വിശ്വസ്തനും ആയിരിക്കണം. അയാൾ കൂടെക്കൂടെ ആ സ്ഥലങ്ങളിലുപോയി പരിചയിച്ചിട്ടുള്ള ആളും ആയിരിക്കണം.

മി: എൻ. എസ്സ്. മാധവമേനോൻ (മാവേലിക്കര, ചെങ്ങന്നൂർപ്പള്ളി): ഈ സംഗതികളൊക്കെ തീരുമാനിക്കുന്നതിനു ശേഷിയുള്ള ഒരു കട്ടയിഡ് ഏജൻറിനെ നിശ്ചയിക്കണം എന്നല്ലേ പറയുന്നതു?

മി: വി. ജെ. ഉമ്മൻ (കച്ചവടവും, വ്യവസായവും, വടക്ക): അതേ. ഈ അഭിപ്രായത്തോടുകൂടി ഈ അടിയന്തിരപ്രമേയത്തെ പിൻതാങ്ങുന്നു.

മി: എൻ. സി. കുഞ്ഞാക്കോസ്സ് (മീനച്ചൽ-തെക്കുകിഴക്കു): സർ, മിസ്റ്റർ. സി. കേശവപിള്ളയുടെ പ്രമേയത്തെ അനുഭാവമായി എനിക്കു ചില സംഗതികൾ ഗവണ്മെൻറിനെറ ശ്രദ്ധയിൽ കൊണ്ടുവരാനുണ്ട്. തിരുവിതാംകൂറിലെ സാമ്പത്തികാധഃപതനം ഗവണ്മെൻറിനെറ അടിയന്തിരശ്രദ്ധയിൽപെടണമെന്നുള്ളതാണ് ഈ പ്രമേയത്തിനെറ ഉദ്ദേശം. സാമ്പത്തികാധഃപതനം ഇന്നലോകം മുഴുവനും ബാധിക്കുന്നതായ ഒരു ഉപദ്രവമാകകൊണ്ടു പെട്ടന്നു ഇതിനു എന്തെങ്കിലും ഒരു പരിഹാരമുണ്ടാക്കുന്നതിനു ഗവണ്മെൻറിനു കഴിയുമോ എന്നൊരു സംശയം പ്രാരംഭത്തിൽ ജനിച്ചേക്കാം. എന്നിരുന്നാലും തിരുവിതാംകൂറിലെ ജനങ്ങൾക്കു അടുത്തനിമിത്തം ഏതുമാത്രം ഉപദ്രവം ഉണ്ടാകുന്നുണ്ടെന്നു ചിന്തിക്കേണ്ടതു് ഫ്ലാവും അത്യാവശ്യമാണല്ലോ.

കഴിഞ്ഞ കൗൺസിലിൽ ബഡ്ജറ്റു നിരൂപണം നടന്നപ്പോൾതന്നെ താല്പര്യമുള്ളവരുടെ സാമ്പത്തികാധഃപതനത്തെക്കൊണ്ടു അടുത്തവർഷത്തെ സങ്കല്പിതമായ വരവിൽ വളരെ കുറവുവരുമെന്നു പല സാമാജികന്മാരും സൂചിപ്പിക്കയുണ്ടായി. ഈ സാമ്പത്തികാധഃപതനംകൊണ്ടു ഇത്രമാത്രം ഉപദ്രവം ഉണ്ടായിരിക്കുമെന്നു വിചാരിക്കാൻ വഴിയില്ലായിരുന്നു. അതു കഴിഞ്ഞ വർഷം അല്പംമാത്രമായി ഉപദ്രവം നേരിട്ടുകൊണ്ടിരുന്ന സങ്കടത്തിലും ഇടക്കാലത്തു സാമാന്യജനങ്ങളുടെവിലയിൽ ഉണ്ടായ കുറവും താമസിയാതെതന്നെ അതിന്റെ വർധനവുകൊണ്ടു ഈ അധഃപതനം താല്കാലികമായ തന്നായിത്തന്നെ തീർന്നുകൊള്ളുന്നതായ ദാധാരണയായി കാണപ്പെട്ടു. തിരുവിതാംകൂറിലെ സ്ഥിതിക്കു ഒന്നോ, രണ്ടോ മാസത്തെ വരുമാനം കുറവായിരിക്കും. നമ്മുടെ ആളുകൾക്കു പരിഭ്രമത്തിനു വകയില്ലാ എന്നഭിപ്രായപ്പെടുന്നു. ഞാൻമൂലം അതു നടത്തിയതുകൊണ്ടു എനിക്കു അതിനെപ്പറ്റി അറിയാം. അതു ഗവണ്മെൻറിനു ചിട്ടി നടത്തുന്നതിനുള്ള ഒരു കടലാസുപോലും ആളുകൾക്കു ലഭിക്കുന്നതിനു ഇടയായില്ല. ജനങ്ങൾ സങ്കടപ്പെട്ടു വലയുന്നു എന്നുപറയുന്നതു ഗവണ്മെൻറു നേരംപോക്കായി വിചാരിച്ചു. അബ്കാരിവകയിൽ വരവു കുറയുമെന്നു എക്സൈസസ് കമ്മിഷണർ പറഞ്ഞപ്പോൾ ജനങ്ങളുടെ ആവശ്യത്തിനായി ചിലവുചെയ്യുമാറായി ബഡ്ജറ്റിൽ ചേർത്തിരുന്ന ഒരു വലിയ സംഖ്യ ചിലവുചെയ്യാൻ പാടില്ലെന്നു ഗവണ്മെൻറു കടസ്ഥരായി. അബ്കാരിവകയിൽ കൊടുക്കാൻ ജനങ്ങൾക്കു നിവൃത്തിയില്ലാതെയുമാകുന്നു. അവർക്കു ശരിയായി നടക്കാനും, അവരുടെ സൂക്ഷ്മസൗകര്യങ്ങളിലും ശ്രദ്ധിക്കാനും പൊതുജനങ്ങളുടെ മുമ്പിൽ സമ്മതിച്ച പ്രമാണപടി അനുവർത്തിച്ചിട്ടുള്ള വേലകൾ നടത്തുന്നതിനുള്ളതാണു ബഡ്ജറ്റിൽ കുറവുചെയ്തു.

മി: ആർ. രാമൻപിള്ള (കോട്ടയം): മദ്യപാനം കുറയുകയാണെങ്കിൽ വളരെ ചീത്തയായിട്ടും തരക്കേടുണ്ടോ?

മി: എൻ. സി. കുഞ്ഞാക്കോസ് (മീനച്ചൽ-തെക്കുകിഴക്കു): മദ്യപാനം കുടിച്ചിരുന്നാൽ ചീത്തവഴിയായും നേരേ നടന്നുകൊള്ളും. മദ്യപാനം കുറയുമ്പോഴാണ് നല്ലവഴി വേണ്ടതു്.

ഇതേ അവസരത്തിൽ ജാതിയും സങ്കടം അനുഭവിക്കുന്നു. ക്ഷാമം കലശലാണ്, എന്നപറഞ്ഞ സംഗതി ഗവണ്മെന്റു കേട്ടില്ല. ഇല്ല നമ്മുടെ ധർമ്മരാജ്യം ഗവണ്മെന്റിനു യോജിച്ച സംഗതിയല്ല, തിരുവിതാംകൂറിലെ പൊതുജനാഭിപ്രായത്തിന്റെ വമ്പിച്ച ഒരു ഡിപ്പാർട്ടുമെന്റാണ്, അതിനു വലിയ മന്ത്രിപ്രമുഖന്മാരുണ്ട് അവരെ വിളിച്ചു ഒരു ഡിപ്പാർട്ടുമെന്റു വമ്പിച്ച ഒരു ഡിപ്പാർട്ടുമെന്റാണ്, അതിനു വലിയ മന്ത്രിപ്രമുഖന്മാരുണ്ട് അവരെ വിളിച്ചു സിൽബന്ധികളും ഉണ്ട് ഇപ്പോൾ നിലവിലിരിക്കുന്ന വേലകളുടെ സംരക്ഷണം മതിയോണ്ട് ഇവരുടെ ജോലിയെങ്കിൽ അതിനു ഇത്ര വലുതര ഉദ്യോഗസ്ഥന്മാരെ സംരക്ഷിക്കേണ്ട കുപ്പായമുണ്ടോ? പുതിയ വേലകൾ പ്രതിവർഷം നടത്തിക്കൊണ്ടിരിക്കുകയാണെങ്കിൽ ഈ ഉദ്യോഗസ്ഥന്മാരെല്ലാം വേണം. അവരുടെ മന്ത്രിത്തിൽ ഒരു തൊപ്പോലും കുറക്കാതെ ഗവണ്മെന്റു അവർക്ക് കൊടുക്കുന്നുണ്ട്. ഈ സമിതി ഈ ജനങ്ങളുടെ ആവശ്യത്തിനായി പബ്ലിക്കിൽ ചേർത്തിട്ടുള്ളതുകൊണ്ടു പറയുവിടിച്ചു കുറച്ചിട്ടുള്ളതുപോലെയുള്ള ഒന്നിനിയും ഞങ്ങൾക്കു ആവശ്യമില്ല. എങ്കിലും അതിനു ഒരിവു ശരിയാണെങ്കിൽ, സ്ത്രീകൾക്ക് ഗവണ്മെന്റു, ക്ഷാമം വന്നപ്പോഴുള്ള ജനങ്ങളെ സഹായിക്കാൻ അടിയന്തരമായി വേലകൾ നടത്തേണ്ടതുപോലെ നടത്തേണ്ടതുള്ള എസ്റ്റിമേറുകൾ സാങ്ഷനാക്കിവച്ചുകൊള്ളും. ഇങ്ങനെ ക്ഷാമം വന്ന കാലങ്ങളിൽ ധാരാളം വേലകാരെ ഏർപ്പെടുത്തി അവർക്ക് വേലകൊടുത്തു അവരെ സഹായിക്കും. ഈ വിധത്തിൽ ജനങ്ങളെ സംരക്ഷിക്കുന്നുണ്ട്. അതേ അവസരത്തിൽ ജനങ്ങളുടെ അത്യാവശ്യങ്ങൾ നിർവഹിക്കുന്നതിനു പണം സുലഭമായി ചിലവുചെയ്യുന്നുണ്ട്. എന്നുകൂടി ഞാൻ കേട്ടിട്ടുണ്ട്.

മി. എൽ. ഈർ. രാജരാജവർമ്മകോയിത്തമ്പുരാൻ (ചങ്ങനാശേരി പീപ്പിൾസ്): ഈ വിധത്തിൽ ചെയ്യിട്ടും ബ്രിട്ടീഷ് ഇൻഡ്യയിലും ക്ഷാമമില്ലേ?

മി: ഏ. സി. കയ്യാക്കോസ് (മീനച്ചൽ, ഭേവികളം): ഞാൻ ഇവിടത്തെ കുയ്യങ്ങൾ പറഞ്ഞതിട്ടുള്ളൂ. ബ്രിട്ടീഷ് ഗവണ്മെന്റിന്റെ നയം ഇന്നതാണെന്നു പറഞ്ഞു ഏനോയുള്ളൂ.

ബക്കിങ്ഹാംതോട്ടു ഇപ്പോഴത്തെ ഒരു ക്ഷാമംവന്ന അവസരത്തിൽ വെള്ളിയാഴ്ചയാണെന്നാണ് ഞാൻ മനസ്സിലാക്കിട്ടുള്ളത് ഗവണ്മെന്റിനു ക്ഷാമം നേരിട്ടപ്പോൾ തിരുവിതാംകൂറിലെ രണ്ടു മൂന്നു രജിസ്റ്റർ ആഫീസുകൾ കൂടി നമുക്കാവശ്യമുള്ളതുകൊണ്ടു ചിലവുകുന്ന പണം കൂട്ടിയാൽ ലക്ഷം കിട്ടുമല്ലോ എന്നു ഗവണ്മെന്റു വിചാരിച്ചു അതു കാട്ടി. ജനങ്ങൾ പട്ടിണി മൂന്നോ നാലോ ആഴ്ചക്കു മുമ്പാക്കി ഒരു രജിസ്റ്റർക്കാൻ പണ്ടും ഇതുപോലെ തന്നെ പോകുന്നതെന്നാക്കിത്തീർത്തു. നിയമപരമായവിധത്തിൽ, ഭാഷ്യത്തു വിരുതയോ ആഫീസുകൾ അനുകാരത്തിനായിവച്ചു അതിൽ ഏതാനും പിന്നെ ഉദ്യോഗസ്ഥന്മാരെയും തിയമിച്ചിട്ടുള്ളതായിക്കണ്ടോ. എന്നാൽ അതാനാരു കൊക്കാതെ ഒൻപതുമാസമായി വരുമാനം ശരിയായിരിക്കുന്ന ഏതു കണ്ടു രണ്ടു മൂന്നു രജിസ്റ്റർ ആഫീസുകളാണ് ഗവണ്മെന്റു കൂട്ടിച്ചത്. ഇനിയും കൊക്കാൻ പോകുന്നുണ്ടോ?

പിന്നിട്ടു പണം ലാഭമുണ്ടാക്കാൻ കണ്ടുപിടിച്ച മറെറാരുവഴി സംഘടിയായ ആക്ടറിങ്കാരെകൊണ്ടു സ്ഥിരമായവരെ സർപ്ലിസ്സിൽ വച്ചുകാണിരിക്കുന്നതാണ്, ഇങ്ങനെ പുറത്തുകൊടുത്തുകൊണ്ടു എന്നു ജിതീയർ ഡിപ്പാർട്ടുമെന്റിൽ ജോലിയില്ലാതെ ഇരിക്കുന്നവരിൽ ഏതാനുംപേരെ ആകുമല്ലോ?

മി: ആർ. നീലകണ്ഠപ്പിള്ള (ഗവണ്മെന്റു ഫൈനാൻഷ്യൽ സിക്രട്ടറി). അവിടെയുള്ള ആക്ടറിങ്ങ് കാരെയോ?

മി: ഏ. സി. കയ്യാക്കോസ്സ് (മീനച്ചൽ-ഭേവികളം): അവിടെയുള്ള ആക്ടറിങ്ങ്കാരെ അല്ലാ ഞാൻ പറഞ്ഞതു്.

അവർക്ക് ജോലിയില്ലാതെ ഗവണ്മെന്റു തമ്പുരാക്കോട്ടുന്നു. ഈ ക്ഷാമകാലത്തു ഗവണ്മെന്റു ഇങ്ങനെ ചെയ്യുന്നതു ന്യായമാണോ? ക്ലർക്കാക്കേണ്ട കിട്ടുന്നതുവരെയുള്ള വേലകൊടുക്കുന്നു എന്നു ഗവണ്മെന്റു നിശ്ചയിച്ചു. ഞാൻ ഇതൊന്നുകൊണ്ടായിട്ടു പറയുകയില്ലാ. എങ്കിലും ഗവണ്മെന്റു സ്ഥിതിയിങ്ങനെ നാം അറിഞ്ഞില്ലാ. ഈ ക്ഷാമകാലത്തു ഗവണ്മെന്റു പണം ചിലവുചെയ്യണം, ഇടതടെ ഉദ്യോഗസ്ഥന്മാരെ വച്ചിട്ടായാലും ശരി, രാജ്യത്തിന്റെ നന്മക്കാവശ്യമുള്ള പണം ഉപയോഗിക്കേണ്ടയിടത്തിൽ ഉപയോഗിക്കാൻ ഗവണ്മെന്റിനു വേണമെങ്കിൽ കഴിയും.

എപ്പോഴെങ്കിലും ജനങ്ങൾക്കു സങ്കടം വരുന്ന കാലത്തു വേണ്ടിവന്നാലും ഉപയോഗിക്കുന്നതിനുണ്ട് ഗവണ്മെന്റു ഒരു ഇരുകൂ നീക്കിയിരുപ്പു വച്ചിരിക്കുന്നു എന്നു ഗവണ്മെന്റുതന്നെ പലപ്പോഴും പറഞ്ഞിട്ടുണ്ട്. അതു വമ്പിച്ച ഇരുപതിനായിരത്തോളം നിക്ഷേപിച്ചിട്ടുണ്ടല്ലോ?

ദിവാൻപേഷ്ക്കാർ പ്രസിഡന്റു്. വേലയില്ലാതെ ക്ലർക്കാർ ഉണ്ടെന്നാണോ നിങ്ങൾ പറയുന്നതു്?

മി. ഏ. സി. കയ്യാക്കോസ്സ് (മീനച്ചൽ-ഭേവികളം): വേലയില്ലാത്ത ക്ലർക്കാരും ഉണ്ടു്.

മി: ടി. സി. കേശവപിള്ള (കൽക്കുളം. വിളവംകോട്ട്). തെക്കൻതിരുവിതാംകൂറിലുണ്ടോ?

മി: ഏ. സി. കയ്യാക്കോസ്സ് (മീനച്ചൽ-ഭേവികളം): ഞാൻ സാർവ്വത്രികമായിട്ടു പറഞ്ഞിട്ടില്ലാ. തെക്കൻതിരുവിതാംകൂറിലെ സ്ഥിതി മറെറല്ലാവരെക്കാളും അറിയാം. വടക്കൻതിരുവിതാംകൂറിലുണ്ടെന്നു നിശ്ചയിയും. തിരുവിതാംകൂറിന്റെ പല ഭാഗത്തുനിന്നും ഇവിടെ പ്രതിനിധികളും ഉണ്ട്. ഞാൻ പറയുന്നതു തെറ്റാണെങ്കിൽ അവർക്കു തിരുത്താമല്ലോ.

ഇങ്ങനെ സാർവ്വത്രികമായി ബാധിച്ചിരിക്കുന്ന ഈ സംഗതി ജനപ്രതിനിധികളുടെയും ജനങ്ങളുടെ സംഘങ്ങളുടെയും ഗവണ്മെന്റിനെ മനസ്സിലാക്കിയതിൽ ഗവണ്മെന്റു ഏതുകൈയ്യു, ഒന്നും ചെയ്തിട്ടില്ല. ഗവണ്മെന്റിനു കിട്ടുന്ന അളവായത്തിൽ ഒരു തൊപ്പോലും അങ്ങനെ വിട്ടുകൊടുക്കുന്നില്ലാ. തീരുവയെ സംബന്ധിച്ചു പറയുകയാണെങ്കിൽ സാമാന്യജനങ്ങൾക്കു നല്ല വിലയുണ്ടായിരുന്ന കാലത്തു വാങ്ങിക്കൊണ്ടിരുന്നതിനേക്കാൾ തീരുവതന്നെയുണ്ട് വിലക്കുറവുള്ള ഇക്കാലത്തും വാങ്ങിക്കുന്നതു്, ഇതിനുതി ഇന്നു തീയ്യരിയിൽ പിരിയുന്നതുപോലെ പിരിഞ്ഞില്ലെങ്കിൽ ഉടനെ പിരിയുന്ന മനോദിസ്ഥതിയും അന്യരു ജനങ്ങളെ ഞെട്ടൽ കണ്ടുപിടിച്ചിട്ടുണ്ടു. ഏതു മാത്രമല്ല കരഞ്ഞടിച്ചിലിക്കായി വസ്തു വേലത്തിനുള്ള പരസ്യവും നടന്നിട്ടു ധാരാളം കാണുന്നുണ്ട്. ദുസ്സഹമായ ജനങ്ങൾ കരഞ്ഞുകൊണ്ടിരിക്കുന്നവരായ ജനങ്ങൾ തീർച്ചയായും ഇവിടംവിട്ടു പുറപ്പെട്ടുപോകുകയില്ലെന്നു ഗവണ്മെന്റിനു അറിയാം. അവർക്ക് ദുസ്സഹമായ അവർത്തനയും ഇരിക്കുന്നിടത്തോളം കാലം അവരിൽനിന്നും ഇരുപാക്കി പിടുക്കാനും പ്രയാസമില്ല, നികുതി ഇരുപാക്കി എടുക്കണമെന്നു ഗവണ്മെന്റു വിചാരിക്കുന്നുണ്ടെങ്കിൽ അവരെ സഹായിക്കണം, ഗവണ്മെന്റു മൂലധനത്തിൽ നിന്നും എടുക്കുകയില്ല അവരെ സഹായിക്കണം എന്നെല്ലാം ജനങ്ങൾ അപേക്ഷിച്ചുകൊണ്ടിരിക്കുമ്പോൾ ഗവണ്മെന്റിൽനിന്നും നികുതി പിരിക്കുന്നതിനു നടത്തുന്ന നടപടി നിവർത്തിക്കണമെന്നുള്ള നിർബ്ബന്ധത്തിൽപോലും ഗവണ്മെന്റു യാതൊന്നും ചെയ്യുന്നില്ലാ.

സാമ്പത്തികാഭിവൃദ്ധിയെപ്പറ്റി പ്രയോഗിച്ചു വേണ്ട പരിഹാരങ്ങൾ നിർദ്ദേശിക്കാൻ ഒരു കമ്മിറ്റി ഫീർപ്പെടുത്താമെന്നു പ്രജാസഭയിൽ മിഡാൻ പ്രസിഡൻറ് പറഞ്ഞു.

പ്രജാസഭാകാര്യത്തു് പ്രജാസഭാമെമ്പറന്മാരുടെ ഒരു പ്രതിനിധി സംഘം പോയപ്പോൾ ഗവണ്മെൻറ് എന്തെല്ലാം ചെയ്യാമെന്നു പറഞ്ഞുവോ അതെല്ലാം ഗവണ്മെണ്ടിൽ നിന്നും വസിയ സഹായം ലഭിക്കുമെന്നു ആശിച്ചു കൊണ്ടിരിക്കുന്ന ജനങ്ങൾക്കു നിരാശയുണ്ടാക്കുന്നതും, ഉടനടി ചെയ്യുന്നതും, ഈ വിഷയത്തിൽ ശ്രദ്ധിയുണ്ടെങ്കിലും ഗവണ്മെൻറിൻറെ ശ്രദ്ധയിലേയ്ക്കു കൊണ്ടുവരുമെന്നാണു ഞാൻ പറയുവാനുദ്ദേശിക്കുന്നതു്. താട്ടിമയെ നന്നാക്കിനാളിലെ നനഞ്ഞുള്ള ഗവണ്മെൻറിനെ ഭക്ഷിക്കുന്നതിനു ഒരു ഗവണ്മെണ്ടു ചെയ്യുന്നതു്. പഞ്ചവത്സരത്തിനു മുമ്പു എടുത്ത സെൻസസ്സിൽ ജനസംഖ്യ ൪൦ ലക്ഷമായിരുന്നതു്. ഇപ്പോൾ ൫൫ ലക്ഷമായി വർദ്ധിച്ചിട്ടുണ്ടെന്നുള്ളതു നിശ്ചയം. ജനസംഖ്യ വർദ്ധിച്ചു കൊണ്ടിരിക്കുന്നതുകൊണ്ടുതന്നെ പഞ്ചവത്സരത്തിനു മുമ്പും ജനങ്ങൾക്കു എന്തൊരായം കിട്ടിക്കൊണ്ടിരുന്നോ അതിൽ നിന്നും ജനങ്ങൾ അധികം പ്രതീക്ഷിച്ചുപോയിരിക്കുന്നു എന്നു കൂടി മനസ്സിലാക്കണം. ഈ രാജ്യത്തു ദാരിദ്ര്യമില്ലെന്നും, ഗവണ്മെൻറിനെ പിരിഞ്ഞുകിട്ടുന്നുള്ള സംഖ്യ പിരിച്ചെടുക്കേണ്ട ആവശ്യമേ ഇതാണെന്നും വിചാരിക്കുന്നതുതെറ്റാണ്. ഗവണ്മെൻറ് ഏതുരീതിയിൽ മുതൽ ഉണ്ടാക്കിയാലും ജനങ്ങളുടെ നന്മയിൽ ശ്രദ്ധിക്കണം.

ഓരോ ഡിവിഷനിലും പോയ്ക്കാർ, തഹസീൽദാർ ഇവർ മുഖാന്തിരം ഓരോസ്ഥലത്തെ ജനപ്രതിനിധികളുമായി ആലോചിച്ചു ഓരോ ഡിവിഷനിലും ക്ഷാമനിവാരണാർത്ഥം എന്താണു ചെയ്യേണ്ടതെന്നു അറിയിക്കാൻ അതാതുദ്യോഗസ്ഥന്മാരെ അനുശാസിക്കണം. അവരുടെ നിർദ്ദേശങ്ങളിൽ ഗവണ്മെൻറിൽ വന്നശേഷം ഗവണ്മെൻറ് അവയെപ്പറ്റി അവധാനപൂർവ്വം ചിന്തിക്കണം. അനന്തരം പണം ചിലവുചെയ്യേണ്ടിവന്നാൽ ഗവണ്മെൻറ് ഖജനസ്സിൽ നിന്നുംഎടുത്തോ അല്ലെങ്കിൽ ശക്തിയുള്ള ഗവണ്മെൻറുകളിൽ നിന്നും പണം കടം വാങ്ങിയോ രാജ്യത്തെ സംരക്ഷിക്കണം.

മി: തയ്യുകണ്ണിതൊമ്മൻ (മുവാറ്റുപുഴ-തൊടുപുഴ): ഞാനും ഈ പ്രമേയത്തെ ബലമായി പിൻതാങ്ങുന്നു. രാജ്യം ഇപ്പോൾ വലുതായ ക്ഷാമം നേരിട്ടിരിക്കുന്ന ഈ സമയത്തിൽ ഗവണ്മെൻറ് ശ്രദ്ധിച്ചു ഉടനടി എന്തെങ്കിലും നിവൃത്തിമാർഗ്ഗം ഉണ്ടാക്കണം എന്നുള്ള അഭിപ്രായം ജനങ്ങളുടെ ഇടയിൽ നിന്നും പൊങ്ങിപ്പുറപ്പെടുന്നു. കൽഹിടകൊള്ളുന്നങ്ങളുടെ വിലക്കയറ്റനിമിത്തം വന്നിട്ടുള്ള ക്ഷാമം പരിഹരിക്കുവാൻ ഗവണ്മെൻറിനു എന്തു ചെയ്യാൻ സാധിക്കും. സാമ്പത്തികാഭിവൃദ്ധിക്കുവേണ്ടി ഉടനടി പരിഹാരം ഉണ്ടാക്കണമെന്നു പറയുവാൻ എളുപ്പമാണ്. അതിനെ പൂർണ്ണമായി പ്രവർത്തിയിൽ കൊണ്ടുവരുവാൻ അസാദ്ധ്യം തന്നെ. അതു സമ്മതിക്കുകതന്നെ വേണം, എന്നാൽ എന്താണു ഗവണ്മെൻറു ചെയ്യേണ്ടതു്. ഇപ്പോഴത്തെ പരിതസ്ഥിതിക്കു അനുസരണമായി എന്തെങ്കിലും പരിഹാരമുണ്ടാക്കുവാൻ കഴിവുണ്ടോ എന്നു ഗാഢമായി ആലോചിച്ചു കഴിവുള്ളതു ചെയ്യണം. എന്നാൽ ജനങ്ങളും ഇതുവരെ പറഞ്ഞിട്ടുള്ളതിന്റെ ഫലമായി നേരം പ്രവർത്തിച്ചില്ലാ എന്നുള്ളതാണ് ജനങ്ങൾക്കു ഗവണ്മെൻറിനോടുള്ള സങ്കടം. ജനങ്ങളുടെ ക്ഷാമമത്തെ ഇപ്പോൾ ഉടനടി പൂർണ്ണമായി പരിഹരിക്കാൻ ഗവണ്മെൻറിനു സാധ്യമല്ല. എന്നാൽ കഴിവുള്ളതു ചെയ്യുന്നതിനു നന്മയാണെന്നകണ്ടാൽ ജനങ്ങൾക്കു ആശ്വാസമുണ്ട്. ഈ അവസരത്തിൽ ഗവണ്മെൻറിൽനിന്നും ചെയ്യേണ്ടതായ സംഗതികൾ എന്തെല്ലാമാണെന്നു പലരും നിർദ്ദേശങ്ങൾ പറഞ്ഞു. പ്രമേയാവതരണകർത്താവു മിസ്റ്റർ കേശവപിള്ള പല സംഗതികളും പറഞ്ഞു. ഉല്പന്നങ്ങൾക്കു വില കൂടുതൽ കിട്ടുവാൻ ശ്രമിക്കുന്നതിനു ട്രെയ്ഡ് ഏജൻറിനെ യൂറോപ്പിലോ മറ്റോ അയക്കണമെന്നും പറഞ്ഞു. അതു അത്യാവശ്യമായ ഒരുകാര്യം തന്നെയാണ്. എന്നാൽ അതിലേക്കു വലിയ ചിലവുവരുവാൻ പാടില്ല. മാസം രണ്ടായിരത്തോളം രൂപാ അതിലേക്കു ചിലവു ചെയ്യണമെന്നു പറഞ്ഞതു അതു അധികമാണ്. അതിൽ, പകുതിയിൽ കൂടാൻ പാടില്ല ഇങ്ങനെയൊരാളിനെ നിയമിച്ചാൽ, എവിടെയെല്ലാം നമ്മുടെ സാധനങ്ങൾക്കു ചിലവാകും, എന്തെല്ലാം സാധനങ്ങൾക്കു ചിലവാക്കാം, എന്നുള്ളതു മുഴുവനും അറിയാം. പത്തുപന്ത്രണ്ടുകോടിയോളം രൂപാ ഇറക്കുമതിയും എട്ടുകോടിയോളം രൂപാ കയറ്റുമതിയും ഉണ്ടെല്ലോ?

മി: ആർ. നീലകണ്ഠപ്പിള്ള (ഗവണ്മെൻറ് മെഫ്നാൻഷ്യൽ സിക്രട്ടറി): കയറ്റുമതി ഏകദേശം എട്ടുകോടി രൂപായും ഇറക്കുമതി ൯ കോടി രൂപായും ആണ്.

മഡച്ചുട്ടി പ്രസിഡണ്ട്: ഇംഗ്ലീഷുകാരും അമേരിക്കൻ യൂണിയനുമായുള്ള കച്ചവടത്തോടാണോ അതല്ല യൂറോപ്പുമായുള്ള കച്ചവടമാണോ?

മി: തയ്യുകണ്ണിതൊമ്മൻ (മുവാറ്റുപുഴ-തൊടുപുഴ). ശരിയായ വിവരം അറിയാൻ കഴിവില്ല. ഇൻഡ്യയുടെ മറ്റു രാജ്യങ്ങളിൽ പോയിട്ടു യൂറോപ്പിലും അമേരിക്കയിലും പോകുന്നവരുണ്ട്.

മി: ആർ. നീലകണ്ഠപ്പിള്ള (ഗവണ്മെൻറ് മെഫ്നാൻഷ്യൽ സിക്രട്ടറി). ഏറ്റവും എൺപത്തൊമ്പതു ശതമാനം ബ്രിട്ടീഷിൻഡ്യയുമായിട്ടാണെന്നറിയാമോ?

മി: തയ്യുകണ്ണിതൊമ്മൻ (മുവാറ്റുപുഴ-തൊടുപുഴ): ഫിനാൻസ് മെമ്പർ അങ്ങനെ പറയുന്നതു കൊണ്ടു സത്യമായിരിക്കാം. ഈ സാധനങ്ങളും ഇൻഡ്യയിൽ നിന്നും പുറപ്പെടുപോകുന്നുണ്ടോ?

മി: ആർ. നീലകണ്ഠപ്പിള്ള (ഗവണ്മെൻറ് മെഫ്നാൻഷ്യൽ സിക്രട്ടറി): ഉണ്ട്, അതു ഇംഗ്ലണ്ടിലാണ്.

മി: തയ്യുകണ്ണിതൊമ്മൻ (മുവാറ്റുപുഴ-തൊടുപുഴ): അമേരിക്കയിലേക്കും ഉണ്ട്. നമ്മുടെ താട്ടിയുള്ള സാധനങ്ങൾക്കു എല്ലായാജ്ഞങ്ങളിലും പ്രചാരം ഉണ്ടാക്കുവാൻ ശ്രമിക്കേണ്ടതു അത്യാവശ്യമാണ്.

മി: മാത്യുമുണ്ടൻ (മൊഴക്കം): നമ്മുടെ സാമഗ്രികളെ ബ്രിട്ടീഷിൻഡ്യയിലേക്കല്ലാതെ അന്യനാടുകളിൽ ഏതിടത്തെയെങ്കിലും അയച്ചു കൂടാ എന്നുണ്ടോ?

മി: തയ്യുകണ്ണിതൊമ്മൻ (മുവാറ്റുപുഴ-തൊടുപുഴ): അങ്ങിനെ ഒന്നും ഇല്ല.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരം-നൊട്ടയങ്ങാടി): ബ്രിട്ടീഷിൻഡ്യയിലേക്കു പോകുന്നസാധനങ്ങൾക്കു തന്നെ ശരിയായ വില കിട്ടുന്നുണ്ടു് എന്നു നിശ്ചയമുണ്ടോ?

മി: തയ്യുകണ്ണിതൊമ്മൻ (മുവാറ്റുപുഴ-തൊടുപുഴ): അതു നിശ്ചയമില്ല.

വലിയ കച്ചവടക്കുത്തകളായ ബണ്ടൻ സ്റ്റോക്കു്, മുതലായപട്ടണങ്ങളിൽ ഫ്രീ ഇൻറർനാഷണലായിരുന്നാൽ നമ്മുടെ സാമഗ്രികൾക്കു വില കൂടുതൽ കിട്ടുമെന്നു പറയുന്നതു പരിഗണിച്ചു നോക്കേണ്ടതാണ്.

മി: രേവതിനാഥം രുമവൽരാജാ (ഇടവക). ബ്രിട്ടിഷിൻ ഡ്യൂയിൽ പോകുന്ന സാമാനങ്ങളൊക്കെ ശിമ്പയിലാണ പോകുന്നതു വിന്നറിയാമോ?

മി: തയ്യുകുഞ്ഞിതൊമ്മൻ (ഗുവാറപുഴ-തൊടുപുഴ) ഏല്ലാം അങ്ങോട്ട പോകുന്നില്ല എന്നാണു ഞാൻ വിചാരിക്കുന്നതു പാക്കുന്നതെ ഉദാഹരണം.

മി. ഏ. സി. കുയ്യാക്കോസ് (മിനച്ചിൽ-ദേവികുളം) നമ്മുടെ ഉല്പന്നങ്ങൾക്കും കൂടുതൽ കരോളിങ്ങും കിട്ടുന്നതായ ഇംഗ്ലീഷിൽ നേരിട്ടു പോയാൽ കൂടുതൽ ലാഭം അല്ലേ കിട്ടുന്നതു?

മി: തയ്യുകുഞ്ഞിതൊമ്മൻ (ഗുവാറപുഴ-തൊടുപുഴ): അതുശ്ശരിയാണു. ഞങ്ങൾ ഗ്രൂപ്പായി ഓടി ഗ്രൂപ്പായും സാമാനങ്ങൾ ഫിറക്കുമതിയും ഇറക്കുമതിയും ചെയ്യുന്നുണ്ടു. അതിൽ അന്തു ശതമാനം വിദേശം കൂടുതൽ നമുക്കു ലാഭം കിട്ടുകയാണെങ്കിലും ഒരു പണ്ടിച്ചു ഗ്രൂപ്പായ രാജ്യത്തുന്നതാണു. അതുപോലുള്ള അതിനു സൌകര്യവും ഉണ്ടാക്കേണ്ടതു അത്യാവശ്യമാണു. നമ്മുടെ തന്നെ പാലെയുള്ള മൈസൂരിനു ഗ്രൂപ്പിൽപ്പാട നടപ്പാക്കിയിരിക്കുന്നു.

മി: ആർ. നീലകണ്ഠപ്പിള്ള (ഗവണ്മെൻറ് ഫൈനാൻഷ്യൽ സിക്രട്ടറി). മൈസൂരിനു കന്നുശതമെങ്കിലും അല്ലാതെ വേറെ വല്ലതിനും മാർക്കുണ്ടായിരുന്നുവോ?

മി: തയ്യുകുഞ്ഞിതൊമ്മൻ (ഗുവാറപുഴ-തൊടുപുഴ) അതെല്ലാതെ വേറൊന്നും ഇല്ലെന്നു പറയുവാൻ എനിക്കു സാധിക്കയില്ല.

മി: ആർ. നീലകണ്ഠപ്പിള്ള (ഗവണ്മെൻറ് ഫൈനാൻഷ്യൽ സിക്രട്ടറി): വേറെ ഉല്പന്നങ്ങളുണ്ടോ?

മി: തയ്യുകുഞ്ഞിതൊമ്മൻ (ഗുവാറപുഴ-തൊടുപുഴ): മൈസൂരിൽ നിന്നു, തടി ആനക്കൊമ്പു, ഏലം, തേയില, കുന്തിരിക്കം മുതലായവനം വിളവുകളുമുണ്ടെങ്കിലും പുറത്തു പോകുന്നില്ലെന്നു പറയാൻവയ്യ.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരം-നെടുമങ്ങാടു) മൈസൂരിലെ ചന്ദനത്തൈത്തിനു കൂടുതൽ വിലകിട്ടുന്നുവെന്നുള്ളതു ശരിയല്ലേ?

മി: തയ്യുകുഞ്ഞിതൊമ്മൻ (ഗുവാറപുഴ-തൊടുപുഴ) അതേ. ഗവണ്മെൻറിനു ചന്ദനസംബന്ധമായി വലിയ വിഷമം ഉണ്ടാകുമ്പോൾ ജനങ്ങളെ സഹായിക്കുവാൻ എന്നതുമാത്രം എന്നാലോചിക്കണം. അധികം അംഗങ്ങളുള്ള ഒരു കുടുംബത്തിനു മാത്രം വരിക്കയാണെങ്കിൽ കൃഷിസ്ഥലങ്ങളിൽ തരിശുകിടപ്പുള്ളവയെ കൃഷിചെയ്യിച്ചും പണം കടം കൊടുത്തിട്ടുണ്ടെങ്കിൽ അതുതിരിയെവാങ്ങിച്ചു അതുകൊണ്ടു തൊഴിൽ ചെയ്യിച്ചും കുടുംബത്തിൻറെ ബുദ്ധിമുട്ടുപരിഹരിക്കണം. അതുപോലെതന്നെ രാജ്യമുണ്ടാകുന്ന മാറാകുടുംബത്തിൻറെ കാര്യത്തിലും ഗവണ്മെൻറ് ചെയ്യണം. ഇന്നയാൾക്കു ഗ്രൂപ്പ പുറത്തു കൂടെ കൊടുത്തിരിക്കുന്നതിനെ തിരിയെ വാങ്ങിക്കണം. രാജ്യത്തിൽ ധാരാളം സ്ഥലം കൃഷിയ്ക്കു ഇടയ്യോഗപ്പെടുന്നതു വണ്ണമായി കിടക്കുന്നുണ്ടു. കുടുംബത്തിനു ഭക്ഷണത്തിനാണ വിഷമമധികം ഭവിക്കുന്നതു. ദീർഘനാൾ പട്ടിണി കിടക്കുവാൻ ആർക്കുസാധിക്കും. അതിനാൽ കൃഷിക്കുപയോഗമുള്ള സ്ഥലങ്ങളെ പതിച്ചു കൊടുത്താൽ അതിൽ നെൽകൃഷിയും മരച്ചീനി കൃഷിയും ചെയ്തു ജനങ്ങൾ കാലക്ഷേപം ചെയ്യും. ജനസംഖ്യ വളരെ വർദ്ധിക്കുന്നതുവരെ ഇപ്പോഴത്തെ സെൻസസും വെച്ചിരിക്കുന്നു. വർദ്ധിച്ചുവരുന്ന ഒരു കുടുംബത്തിലെ അംഗങ്ങൾക്കു ആഹാരം ഉണ്ടാക്കിക്കൊടുക്കുന്നതിനേക്കാളും കുടുംബക്ഷേമത്തേ ഉദ്ദേശിക്കുന്നനായകൻ ഒന്നാമതായി ശ്രമിക്കേണ്ടതു. മരച്ചീനി ഗ്രൂപ്പ വലിയ ക്ഷാമത്തേ വളരെ തടുത്തുകൊണ്ടിരിക്കുന്ന ഒന്നാണു. കപ്പയുള്ളക്, ചക്ക, പക്കേ, നാളികേരം ഇവയെല്ലാറുകൂടെയല്ലാവിധ ഉണ്ടായിരിക്കുമ്പോൾ ഒരു വലിയക്ഷാമത്തിൽ നിന്നും കഷ്ടിയിരുന്നു എന്നു നെല്ലും അരിയും വാങ്ങിക്കാൻ വിഷമം ഉണ്ടായിരുന്നില്ല. ഇപ്പോൾ വില എത്രയോ വളരെ കുറഞ്ഞിരിക്കുന്നു. എങ്കിലാറുകോടി രൂപാ ഇതുനിമിത്തം കാവു വന്നിരിക്കുന്നു. ഇതുസ്ഥിതിക്കു എങ്ങിനെയെങ്കിലും ഇറക്കുമതി സാമാനങ്ങൾ വാങ്ങുവാൻ ജനങ്ങൾക്കു ശക്തരാകും, മരച്ചീനി കൃഷിയെങ്കിലും ചെയ്യുകയും കാലക്ഷേപം ചെയ്യുവാൻ തയാറല്ലാതെ ജനങ്ങൾക്കു ഭൂമി യഥേഷ്ടണം. പുറത്തു കൊടുത്തിട്ടുള്ള കടങ്ങൾ തിരിയെ പിടിച്ചു ഭൂസ്വത്തു മാതൃകയ്ക്കു സ്ഥാപിക്കണം. അങ്ങിനെ ഒരുമയ്ക്കു സ്ഥാപിക്കണമെന്നു ഞാൻതന്നെ ഒരു റസല്യൂഷൻ ഇവിടെ കൊണ്ടുചെയ്യുകയും ചെയ്തിട്ടുണ്ടു. പുറത്തു കൊടുത്തിട്ടുള്ള കടം ഉടനടി തിരിയെകിട്ടിയില്ലെങ്കിൽ അതിനെ മാതൃകയ്ക്കു വേറെ കടം വാങ്ങിച്ചുവും മതി. ഒരു കുടുംബത്തിലെ അംഗങ്ങൾ പട്ടിണി കിടക്കുമ്പോൾ ഉള്ളപണം കൊടുത്തു പഴിശകൊണ്ടു മേലിൽ സസാല മുണ്ടാക്കാമെന്നു വിചാരിക്കുന്നതു യുക്തമല്ല. അതുകൊണ്ടു ഭൂമിയുള്ള കരോളിൽ ചെയ്യയാണു വേണ്ടതു.

മി: എ. എസ്സ്. ദാമോദരൻ ആശാൻ (മാവേലിക്കര-കാഞ്ഞിക്കപ്പുള്ളി): ഭൂമി ചോദിച്ചു കൊടുക്കയാണെങ്കിൽ കരവിലകെട്ടി വയ്യാൻ പണം വേണ്ടേ?

മി: തയ്യുകുഞ്ഞിതൊമ്മൻ (ഗുവാറപുഴ-തൊടുപുഴ): കരവിലെ പല കൊല്ലങ്ങൾ കൊണ്ടു ഈടാക്കണം. ഗവണ്മെൻറ് കച്ചവടക്കാരെപോലെ മാത്രം മാത്രം നോക്കേണ്ടതു. ഇപ്പോൾ അതുകൊണ്ടു പുതുതായി കരവിലയ്ക്കു ഭൂമി പതിച്ചുകൊടുക്കണം. മൈസൂരിലും മലബാറിലും ഉള്ള ഗവണ്മെൻറുകൾ പല്ലതരം കാലത്തേക്കു കരം വേണ്ടെന്നും പല്ലതരമായ കൊണ്ടേതരവിള തന്നാൽ മതിയെന്നുമുള്ള വ്യവസ്ഥയിന്മേൽ ഭൂമി പതിച്ചുകൊടുക്കുന്നുണ്ടു. ജനസംഖ്യ വർദ്ധിച്ചു വരുന്ന തിരുവിതാംകൂറിലെ പ്രജകൾക്കു അഭ്യുദ്ധർ വീതംപോലും സ്ഥലം അതുപൊന്നിന് തരാശരിയില്ലാതിരിക്കെ ഭൂജ്യത്തിൻറെ മുന്നിൽ ഒരു ഭാഗവും റിസർവ്വാക്കിവച്ചു കൊണ്ടിരിക്കുന്നതു അക്ഷപ്പാർഹമാണ്. കൃഷിക്കാരായ ജനങ്ങൾക്കു കൃഷിചെയ്യുന്നതിനു സൌകര്യം ഉണ്ടാക്കിക്കൊടുക്കേണ്ടതാണ്. അവരുടെ പരിശ്രമഫലമായി കിട്ടീട്ടുള്ളതും കടം കൊടുത്തിരിക്കുന്നതുമായ പണത്തിനെ തിരിയ്ക്കുവാങ്ങിച്ചു ഭൂസ്വത്തു മാതൃങ്ങൾക്കു സ്ഥാപിച്ചു ഉടനെ കൃഷിക്കാർക്കു കടമായി വീതിച്ചുകൊടുക്കണം. മുൻപുചെയ്തുപോലെ ഭരിയിഡ് എജൻറിനെ നിയമിക്കണം. കൃഷിക്കാർക്കു ക്ഷാമം ഉണ്ടാകാതിരിക്കുവാൻ എല്ലാവർക്കും വിഷമം തന്നെ. കച്ചവടക്കാർക്കും ഡാക്ടർമാർക്കും വക്കീലന്മാർക്കും എല്ലാം പക്ഷെ വിഷമം നേരിടും. അതുപോലെയാണ് ഇപ്പോഴത്തെ സ്ഥിതി. കൃഷിക്കാർക്കു പണമില്ലെങ്കിൽ ഒരു സ്ഥലത്തും പണമില്ല. ഉറവുണ്ടെങ്കിലെ ഉറവിൽ നിന്നും വെള്ളമെടുക്കുകയുള്ളൂ. അതുകൊണ്ടു കൃഷിക്കാരുടെ കയ്യിലാണു പണമെന്നുള്ളതു ഗവണ്മെൻറിനു ഇഷ്ടമായിരിക്കുന്നു. ഗ്രാമജീവിതസ്വാതന്ത്ര്യമായ ഇവിടെ ഇല്ലായ്മകൊണ്ടു കൃഷിക്കാർ ഓരോരോയായിട്ടാണു വീടു വച്ചു താമസിക്കുന്നതു. പട്ടണങ്ങളിൽ കൃഷിക്കാർ

കൊടുക്കണ്ട്. പട്ടാണങ്ങളിലൊന്നേ സ്കൂളുകളും, ആസ്പത്രികളും, റോഡുകളും ഇവ വർദ്ധിപ്പിക്കണം. നാളും പുറം ഉപേക്ഷിച്ചുപോകേണ്ട കിടക്കണ്ട, കൃഷിക്കാരുടെ മുൻപറഞ്ഞ ദാസ്യവൃത്തികളെന്നും ശരിയായി ഇല്ലാതിരിക്കേ ഉൽപന്നങ്ങളുടെ വിലക്കുറവു നിമിത്തമുള്ള ആപത്തുകളിൽനിന്നു രക്ഷിക്കുന്നതിനാൽ ഈ അവസരത്തിലെങ്കിലും അവർക്കു വേണ്ട സഹായം ചെയ്യേണ്ടതാണ്. അതാവശ്യമാണ്. ഇടനാടുകളിൽ നല്ല റോഡുകളും ഉണ്ടായിരുന്നെങ്കിൽ അടുത്ത കുറച്ചു കൃഷിക്കു രക്ഷയാകുമായിരുന്നു. ഇപ്പോൾ ഉടങ്ങിക്കിടക്കുന്നവയുടെ വേഗം കുറഞ്ഞപോലും നിന്നിയിരിക്കുന്നു. കൃഷിക്കാരുടെ പൊതുടത്തിലുള്ള ദുരിതങ്ങളും ഈ അവസരത്തിലെങ്കിലും അവർക്കു വിട്ടുകൊടുക്കണം. എല്ലാ രാജ്യങ്ങളിലും അവിടെന സ്ഥമുടമസ്ഥന്മാർക്ക് ഇങ്ങനെയിരിക്കുകയാണ്.

ടി. എം. എസ്സ്. മാധവൻ നായർ (മാവേലിക്കര-കാർത്തികപ്പള്ളി): കരമടയ്ക്കുന്നവർ ഇപ്പോൾ എത്രപേർ ഉണ്ട്?

മി: തൈയ്യുകഞ്ഞിതൊമ്മൻ (മൂവാറ്റുപുഴ-തൊടുപുഴ): ഉള്ളതുകൊണ്ടുതന്നെ. മി: കേശവപിള്ള പറഞ്ഞതുപോലെ കണ്ടുകൂട്ടി കൊടുക്കണമെന്നും ചെറിയ അംശമുള്ളവർക്കു കിട്ടത്തക്കവണ്ണം കൊടുക്കണം. അങ്ങനെയാണ് ഇപ്പോഴത്തെക്കാൾ കൂടുതൽ ജനങ്ങൾക്കു കുടിക്കുപത്തിനു മാർഗ്ഗം കിട്ടും.

ഒരുവർഷത്തേക്കു മുമ്പു ചെയ്യുകൊടുക്കണമെന്നു ഇവിടെ ചിലർ പറഞ്ഞു. അതും ഉടൻ വേണ്ടതാണ്. എന്നാൽ ഓരോന്നും കൊണ്ടു ഓരോ കുട്ടുകാരെക്കൊണ്ടു രക്ഷകിട്ടുന്നു.

മി: ഏ. എസ്സ്. മാധവൻ നായർ (മാവേലിക്കര-കാർത്തികപ്പള്ളി): കരമടയ്ക്കുന്നവർ രാജ്യത്തിന്റെ എല്ലാ ഭാഗങ്ങളിലും ഉണ്ടെന്നു തോന്നിയിരുന്നോ?

മി: തൈയ്യുകഞ്ഞിതൊമ്മൻ (മൂവാറ്റുപുഴ-തൊടുപുഴ): എല്ലാവർക്കും കരമില്ല എന്നാൽ ക്ഷാമം എല്ലാവർക്കും ഉണ്ട്. അതുകൊണ്ടു എല്ലാവർക്കും രക്ഷവേണമെങ്കിൽ മറ്റെല്ലാരുടെ പലതും ചെയ്യണം. പലതരക്കാരാണ് അതുകൊണ്ടു രക്ഷകിട്ടുന്നതു്. കുടിയാന്മാർക്കു കൊടുക്കുന്നതു പലർക്കും കിട്ടത്തക്കവണ്ണം വ്യവസ്ഥ ചെയ്യണമെന്നു മി: കേശവപിള്ള പറഞ്ഞു. എന്നാൽ അതുകൊടുക്കുന്ന ഉദ്യോഗസ്ഥന്റെ ജോലിഭാരം അധികപ്പെടുത്തുകയും പോകാതെ കുറഞ്ഞതരത്തിലാക്കുകയും കിട്ടത്തക്കവണ്ണം വ്യവസ്ഥചെയ്തുകൊടുക്കണം. ഈ രാജ്യവാസികളുടെ ഗവർണ്മെണ്ടിന്റെ പണം ന്യായമായ ഏതുരീതിയിലെങ്കിലും കിട്ടത്തക്കവണ്ണം ഗവർണ്മെൻറ് ശ്രദ്ധിക്കണം. കുടിയാന്മാർക്കു കഴിയുന്നതും പുറമുള്ളവർക്കു കൊടുക്കരുതു്. ഞാൻ ഇതു പറയുന്നതുകൊണ്ടു് എനിക്കു കുടിയാന്മാരുടെയോ അതിലധികം തുടർച്ചയുടെയോ ഇതും കാണിച്ചിരിക്കുന്നു. ഞാൻ യാതൊരാളുടെയുമസ്ഥാനത്തിനും കൂടിയതിൽ ആഗ്രഹിക്കേണ്ടിയും കുടിയാന്മാർക്കു് ഗുണം ചെയ്യുമെന്നു ഇതുവരെ ചെയ്തിട്ടില്ല. നീതിയേയും ന്യായത്തേയുമാണു കൂടുതലായും പറയുന്നതു്. അതിനു ഏതുകാർയ്യത്തിലും അനുവദിക്കുകയുമില്ല.

ഉദ്യോഗസ്ഥന്മാരുടെ ശമ്പളത്തിന്റെ ഒരു ഭാഗം കുറയ്ക്കണമെന്നിവിടെ പറഞ്ഞു. അങ്ങിനെ ചെയ്യുന്നതു വലിയകഷ്ടമല്ലേ എന്നു തോന്നാം. മുന്നൂറു രൂപാക്കാരനു് സാധിക്കുന്നകാർയ്യം ഇപ്പോൾ 900 രൂപാകൊണ്ടു സാധിക്കാം. മുന്നൂറു രൂപാ കിട്ടിവന്ന ഒരു കൃഷിക്കാരന്റെ സാധനങ്ങളുടെ വിലക്കുറവു നിമിത്തം ഇപ്പോൾ അൻപതോ അറുപതോ രൂപായെ കിട്ടുന്നുള്ളൂ. മുമ്പു നിന്നും വലിയവിഭാഗം നേരിട്ടിട്ടുണ്ട്. അവർക്കു ഒരുകാലുത്തും കൂടെ ഇളവു ചെയ്യാൻ വേറെ ശതമാനം ശമ്പളം കുറവു ചെയ്യുന്നതുകൊണ്ടു ദോഷമില്ല. പണം നിന്റെ വിലകൂടിയിട്ടുണ്ടു് നാടിന്റെ പഴയസ്ഥാനം അതുപോലെതന്നെ ഉണ്ട്.

മി: ആർ. കേശവപിള്ള (കൊട്ടാരക്കര-കുന്നത്തൂർ): നൂറു രൂപായും അതിൽ കുടുതലും ശമ്പളം ഉള്ളവരിലും കടക്കാരുണ്ടെന്നറിയാമോ?

മി. തയ്യുകഞ്ഞിതൊമ്മൻ (മൂവാറ്റുപുഴ-തൊടുപുഴ): 5000 രൂപായുള്ളവരിലും കടക്കാർ കാണും. അതിനു പരിഹാരം ഉണ്ടാക്കേണ്ടതിനു സാധിക്കയില്ല. അങ്ങിനെ ഉണ്ടാകുന്നതു അവരുടെ അമിതവ്യയം തകൊണ്ടോമറ്റോ ആയിരിക്കാം. അതിനാൽ നൂറു രൂപാ ഉണ്ടായിരുന്നവർക്കു ഇപ്പോൾ എഴുപതു രൂപാകൊണ്ടുപോകുന്നതുപോലെ കഴിയുമോ എന്നാണ് നോക്കേണ്ടതു്. ചുരുക്കമായി കാണുന്ന വ്യത്യസ്ഥമല്ല നോക്കേണ്ടതു്.

മി: ഡി. ജേ. ഉമ്മൻ (കുമ്പടവും വൈക്കവും വടക്കു്): ചില രാജ്യങ്ങളിൽ ഉദ്യോഗസ്ഥന്മാരുടെ ശമ്പളം കുറച്ചു വരുന്നതായി മെമ്പർ പ്രസംഗങ്ങളിൽ പറയുകയുണ്ടായിട്ടുണ്ടോ?

മി: തയ്യുകഞ്ഞിതൊമ്മൻ (മൂവാറ്റുപുഴ-തൊടുപുഴ): വായിച്ചിട്ടുണ്ട്. ഉദ്യോഗം എല്ലാവർഗ്ഗക്കാർക്കും കൊടുക്കണം. ചിലർക്കു അതു മിക്കവാറും കുത്തകയായിരിക്കുന്നതായി തോന്നിപ്പോകുന്നു. അതു എല്ലാവർക്കും കിട്ടാൻ ഭരണകാലം ഉള്ളതാണെല്ലോ. കോടി രൂപായാണ് പ്രതിവർഷം അതു ഇന്നം. ഇതിനു എല്ലാവർഗ്ഗങ്ങൾക്കും അർഹതയുണ്ട്. ഉദ്യോഗസ്ഥന്മാരുള്ള കുടുംബങ്ങൾക്കും ആവശ്യത്തിലധികമുള്ളവർക്കുമാണ് മറ്റുള്ളവരെ അപേക്ഷിച്ചു ഇപ്പോൾ കഷ്ടം, ഒരുരാജ്യം മറ്റൊരു രാജ്യത്തെ കീഴടപ്പെടുത്തി ഭരിക്കുന്നതുപോലെതന്നെ ചിലവർഗ്ഗങ്ങൾ മറ്റുവർഗ്ഗങ്ങളെ അധികാരത്തോടെ ചെയ്തു ഭരിക്കുന്നതുകൊണ്ടു കീഴടപ്പെടുന്ന വർഗ്ഗങ്ങൾക്കു സാമ്പത്തികമായും വലിയ വിഷമങ്ങൾ നേരിടുന്നു.

മി: എസ്സ്. പിറവിപെരുമാൾപിള്ള (കുമ്പടവും-വ്യവസായവും തെക്ക്): ശമ്പളം നേരിട്ടായിട്ടോ അറിയായിട്ടോ കൊടുക്കുകയാണെങ്കിൽ ഇന്നത്തെ ശമ്പളം കുറയ്ക്കണമെന്നുണ്ടോ?

മി തയ്യുകഞ്ഞിതൊമ്മൻ (മൂവാറ്റുപുഴ-തൊടുപുഴ): അതു വിഷയത്തിനു യോജിച്ചു പറയുന്നില്ല.

ഡെപ്യൂട്ടിപ്രസിഡണ്ടു്. അതിനു സംബന്ധമുണ്ടെന്നുതോന്നുന്നില്ല.

മി: തയ്യുകഞ്ഞിതൊമ്മൻ (മൂവാറ്റുപുഴ-തൊടുപുഴ): ഗവർണ്മെൻറിൽനിന്നും ഇക്കാര്യങ്ങളെല്ലാം ഉടനേ ശ്രദ്ധിക്കണം. ഇപ്പോഴത്തെ ഉദ്യോഗനിയമനസമ്പ്രദായം ഒരു മതതത്വത്തിനും യോജിക്കുമെന്നു തോന്നുന്നില്ല. സമുദായവും അതിൽപെട്ടുപോയിട്ടുണ്ടു്. യിതിയും സഭയും ഒരുമതക്കാരും ഉപേക്ഷിക്കുകയല്ലോ?

മി: ആർ. കേശവപിള്ള (കൊട്ടാരക്കര-കുന്നത്തൂർ): നൂറു രൂപായും കുടുതലും പെൻഷൻ വാങ്ങിക്കുന്ന ഉദ്യോഗസ്ഥന്മാർ ഉണ്ട്. അതിൽ നിന്നും കുറയ്ക്കണമെന്നുണ്ടോ?

മി: തയ്യുകഞ്ഞിതൊമ്മൻ (മൂവാറ്റുപുഴ-തൊടുപുഴ): അതു ഞാൻ പറഞ്ഞില്ല. ഞാൻ പറഞ്ഞതെല്ലാം വ്യക്തമാണ്. ഇതു സംബന്ധിച്ചു കുടുതൽ അഭിപ്രായങ്ങളും ഉണ്ടെങ്കിൽ ചോദ്യം കുടാതെ പറയണം.

മി. മുറിമ്പയിൽ പാച്ചുപിള്ള (ചേത്തല): ഉദ്യോഗവിഭാഗങ്ങൾ കാലതാമസം നിവാരണത്തിനുള്ള ഒരു തൽക്കാലപ്രതിവിധിയാണോ?

മി. തയ്യൂർ കൃഷ്ണമേനോൻ (മുഖ്യാദ്ധ്യക്ഷൻ): ഇതുകൊടുത്തുകഴിഞ്ഞാൽ ഈ ഉദ്യോഗവിഭാഗങ്ങൾക്കുള്ള വേണ്ടി പിരിക്കുന്നതാണ് അവിടെനിന്നും പറയുകയുണ്ടായി. കിട്ടാനുള്ള തുകകൾ വരെ സംബന്ധിച്ചിടത്തോളം ക്ഷമനിവാരണത്തിനുവേണ്ടി, ഗ്രൂപ്പ് ഇൻഷുറൻസ് കോഴപിടിച്ചുകൊണ്ടുപോകുന്നതായി കണ്ടിട്ടുണ്ട്, ട്രെയ്ഡ് യൂണിയൻ, മുതലായവയിലും പ്രാധാന്യം ഇതിനുണ്ട്.

മി: മുറിമ്പയിൽ പാച്ചുപിള്ള (ചേത്തല): ഒരു കെട്ടിടം 50,000 രൂപയ്ക്ക് കോൺട്രാക്ട് എടുക്കുന്നു എങ്കിൽ അതിന്റെ ക്ലാ ബാളിന്, മിനറി ബാളിനു ഇങ്ങനെ പ്രത്യേകം പ്രത്യേകം കോൺട്രാക്ട് കൊടുക്കണമെന്നാണോ പറയുന്നത്?

മി: തയ്യൂർ കൃഷ്ണമേനോൻ (മുഖ്യാദ്ധ്യക്ഷൻ): യുക്തിപൂർവ്വകവും ഒരിടത്തും തൃപ്തികരമെന്നു തോന്നിയിടത്തെ അങ്ങനെ പറഞ്ഞിട്ടില്ല.

മി: ആർ. രാമൻപിള്ള (കോട്ടയം): സർ, സാമ്പത്തികാധഃപതനം നിമിത്തം നമ്മുടെ രാജ്യത്തിനു നേരിട്ടിരിക്കുന്ന വിഷമതകളെ പറ്റി എന്റെ പല മാന്യസ്നേഹിതന്മാരും സംസാരിച്ചിട്ടുള്ളതിൽ വിട്ടുപോയി എന്നു എനിക്കു തോന്നുന്ന ചില ദോഷങ്ങളെപ്പറ്റി സംസാരിക്കുന്നതിനുവേണ്ടി ഞാൻ ഈ അദ്ധ്യക്ഷപ്രമേയത്തെ പിൻതാങ്ങിക്കൊള്ളുന്നു. തിരുവിതാംകൂർ ഗവണ്മെന്റിന്റെ ഒണ്ടാഗാരത്തെ പുഷ്ടിപ്പെടുത്തുന്നതിനു വ്യവസായിക വിഷയത്തിലും മറ്റും കുഴിസമ്പ്രദായമാഗ്രഹിച്ചിട്ടും കൂടെ ചേർത്തിച്ച് പല വർഷങ്ങളിലായി ഒരു വലിയ സംഖ്യ നാട്ടുകാർ പിരിച്ചു പല ആളുകളിൽ നിന്നും കടം വാങ്ങി മുടക്കിയിട്ടുണ്ടു്. കൃഷിയിലും വ്യവസായത്തിലും കിടന്ന ഉദ്യമങ്ങളുടെ വില ഇടിവും കൂടെ ചെയ്തു. ഇങ്ങനെ വാങ്ങിയിട്ടുള്ള പണമൊക്കെ എണ്ണി എണ്ണി കിണ്ണമായിട്ടു തന്നെ കൊടുക്കുകയും വേണം. ഈ കടം കൊടുത്തുതീർക്കുന്നതിനുവേണ്ടി പ്രധാനപ്പെട്ട കൃഷിക്കാരും വ്യവസായികളും കഷ്ടപ്പെടുന്നു. അനേകം യോഗ്യന്മാരുടെ പണം ഡിപ്പോസിറ്റായി വാങ്ങിച്ചു മുതലാളിമാരുടെ കൈയിലുണ്ടാക്കിയിരുന്നു പിന്നീടു പെട്ടെന്നു നിർത്തലാക്കിയപ്പോൾ ആപണം തിരിച്ചു കൊടുക്കാൻ നിവൃത്തിയില്ലാതെ ബാങ്കുകാരും ബുദ്ധിമുട്ടുന്നു. ഇതിനു രണ്ടായിരം രൂപാ വിലപിടിക്കുന്ന സ്വത്തുക്കൾ സിവിൽകോടതി മുഖാന്തിരം അടച്ചു, പട്ടിച്ചു, ഈ പോരുള്ള വിറ്റു പോകുന്നു ഇതു മുന്നു കൊണ്ടിരുന്നാൽ ഇന്നത്തെ കുബേരന്മാരെല്ലാം താമസിയാതെ കടക്കാരായി പോകും. സാധുക്കളെ സംരക്ഷിക്കുന്നതിനു ശക്തിയുള്ള പ്രധാന തൊഴിലാളികൾ നശിച്ചു രാഷ്ട്രത്തിനു നഷ്ടമല്ലേ തന്നെ തകർന്നു പോകുന്നതാണ് എന്നു വിചാരിക്കണം.

ഇപ്പോൾ സിവിൽകോടതികളിൽ നടത്തുന്ന വിധിനടത്തൽ നടപടികൾ ഒട്ടും ചില്ലറയല്ല. കഴിഞ്ഞകൊല്ലത്തിൽ ഞാൻ തന്നെ ഒരു വിധി നടത്തൽ നടപടി നടത്തി. പുള്ളിപന്ത്രണ്ടു മാസത്തെ അധ്വാനമെന്നു പറഞ്ഞു, കൊടുത്ത പണം തന്നില്ല. പിന്നെയും നടപടി നടത്തി, അയാളുടെ ഷണ്ടിയും കൂട്ടിച്ചീപ്പും വന്നു എന്റെ വീട്ടിലുള്ള സ്ത്രീജനങ്ങളോടു സങ്കടം പറഞ്ഞു ഞാൻ ആ നടപടി നിറുത്തിച്ചു. ഇപ്പോൾ ഇനി എന്നിക്കതെന്നു വാങ്ങുവാൻ വരികയില്ലയോയെന്നു ഞാൻ സംശയിക്കുന്നു. രാജ്യത്തെ അഭിവൃദ്ധിപ്പെടുത്തുന്നതിനായി കടം വാങ്ങിയിട്ടുള്ള ആളുകളുടെ സ്വത്തു സിവിൽ കോടതി മുഖാന്തിരം വിറ്റു പോകാതിരിക്കുന്നതിനു ഗവണ്മെന്റിങ്കിനും മാർഗ്ഗവിചാരം പ്രയോഗിച്ചായാലും വേണ്ടുവോളം ഉണ്ടാക്കുന്നതിനും ഒരു വ്യവസ്ഥയുണ്ടാക്കേണ്ടതു് അത്യാവശ്യമാണ്. ഈ ഏകസംഗതി മാത്രം ഞാൻ ഈ കൊണ്ടിഷിലെ ശ്രദ്ധയിൽ കൊണ്ടുവന്നു കൊള്ളുന്നു ബാക്കിയെല്ലാം എന്റെ സ്നേഹിതന്മാർ പറഞ്ഞു കഴിഞ്ഞതിനാൽ ഞാൻ ക്ലുപ്തമായി പറയുന്നില്ല.

മി: ഇട്ടൂപ്പു ഇട്ടീച്ചൻ (കുന്നത്തുനാട്): സർ, ഞാൻ ഈ പ്രമേയത്തെ ഹാർദ്ദമായി പിന്താങ്ങുന്നു. ഉദ്യോഗങ്ങളുടെ വിലക്കുറവു കൊണ്ടു ഇവിടെ ക്ഷാമം പരിഹരിച്ചിട്ടുണ്ടു എന്നുള്ള സംഗതി എന്റെ ബന്ധുക്കളുടെ പ്രസംഗത്തിൽ വളരെ ശക്തിമത്തായി പറഞ്ഞിട്ടുണ്ടായിരുന്നു. അതിലേക്കു വേണ്ട നിവാരണമാർഗ്ഗങ്ങളും ഉണ്ടാക്കണമെന്നുള്ള എന്റെ അഭ്യർത്ഥനയെ പറ്റി ഗവണ്മെന്റ് ഒരു സൂചിപ്പിച്ചില്ല. എന്റെ സ്നേഹിതന്മാർ ഇന്നിപ്രകാരം ഇതിനെപ്പറ്റി പല നിർദ്ദേശങ്ങളും ചെയ്തു. എന്നാൽ അവർ പറഞ്ഞ ഭാഗങ്ങളുടെയും സ്പർശിക്കാതെ അത്യാവശ്യമായി നടത്തേണ്ട ചില സംഗതികളെപ്പറ്റി മാത്രമേ ഞാൻ പറയുന്നുള്ളൂ.

എക്സൈസ് ഡിപ്പാർട്ടുമെന്റിൽനിന്നും രണ്ടു കൊല്ലത്തേക്കാണ് അബ്കാരി കുത്തക വേലം ചെയ്തു കൊടുക്കുന്നതു്. ഇത്തവണത്തെ കണ്ട്രാക്ടർമാക്ക് അബ്കാരികുത്തകയിൽ വലിയ നഷ്ടമുണ്ടു്. എക്സൈസ് കമ്മിഷണർ അവരോടാലോചിക്കാതെ പണത്തിൽ 20 ശതമാനം വീതം ഇളവു ചെയ്തു കൊടുത്തു എന്ന സംഗതി സന്തോഷത്തോടെ അറിയിച്ചു കൊള്ളട്ടേ. എന്നാൽ ഇപ്രകാരം ചെയ്തതു കൊണ്ടുമാത്രം കണ്ട്രാക്ടർമാരുടെ സങ്കടത്തിനു ഒരു പരിഹാരമാവുകയില്ല.

മി: ടി. സി. കേശവപിള്ള (കൽക്കുളം വിളവംകോട്): ഇപ്രകാരം കൂവു ചെയ്തതു തിരുവിതാംകൂർ ഒട്ടാകെ അല്ല മന്ത്രിയുടെ ഷാപ്പിനു മാത്രമോ? (ചിരി).

മി: ഇട്ടൂപ്പു ഇട്ടീച്ചൻ (കുന്നത്തുനാട്): തിരുവിതാംകൂർ ഒട്ടുക്ക. അല്ലാതെ മന്ത്രിക്കു ഷാപ്പില്ല.

ഇപ്പോൾ കൂച്ചു കൊടുത്തിട്ടുള്ള 20 ശതമാനം 40 ശതമാനമാക്കണമെന്നാണ് എന്റെ അഭിപ്രായം.

മി: കെ. പി. തീക്കുണ്ണിപ്പിള്ള (ചിറയിൻകീഴ്): അതു കൊണ്ടുള്ള ഗുണം അക്കൗണ്ട്?

മി: ഇട്ടൂപ്പു ഇട്ടീച്ചൻ (കുന്നത്തുനാട്): അങ്ങിനെ ചെയ്താൽ അടുത്ത കൊല്ലമെങ്കിലും അവർക്കു നഷ്ടമില്ലാതിരിക്കും. ഗവണ്മെന്റിനും നഷ്ടമുണ്ടാവുകയില്ല.

മി: ആർ. കേശവപിള്ള (കൊട്ടാരക്കര-കുന്നത്തൂർ): കള്ളു കുടിക്കുന്നവർക്കല്ലേ ലാഭം?

മി: ഇട്ടൂപ്പു ഇട്ടീച്ചൻ (കുന്നത്തുനാട്): അപ്പോൾ പട്ടിണി കിടക്കാതെ ചിലർക്കു ജീവിക്കാൻ സാധിക്കും.

മി: എ. സി. കുഞ്ഞാപ്പോസ് (മീനച്ചൽ-മേവിക്കുളം): കൺട്രാക്ടർമാരുടെ ഉടമ്പടിയനുസരിച്ചു ഗവണ്മെന്റിനു ചേരേണ്ട പണം കൊടുത്തിട്ടില്ലെങ്കിൽ കൺട്രാക്ടരുടെ വസ്തു വിറ്റു ഈടാക്കുകയില്ലേ?

മി: ഇട്ടപ്പ ഇട്ടീച്ചൻ (കുന്നത്തുനാട്): ഇരുടാക്കും.

മി: പി. എസ്സ്. മഹമ്മദ് (ഗവണ്മെൻറ നിയമിച്ചമെമ്പർ); കണ്ട്രാക്ടർമാക്ക ലാഭം ഉണ്ടാകിയ തായോ?

മി: ഇട്ടപ്പ ഇട്ടീച്ചൻ (കുന്നത്തുനാട്): അപ്പോൾ ഗവണ്മെൻറിനും ലാഭം കിട്ടുമെല്ലോ?

മി: എ. സി. കുര്യാക്കോസ് (മീനച്ചൽ ഭോകികളും): കണ്ട്രാക്ടരുടെ ലാഭത്തിനു തുക വർദ്ധിപ്പിക്ക യാതൊരു നിവൃത്തി ഇരുടാക്കുന്നില്ലെ?

മി: ഇട്ടപ്പ ഇട്ടീച്ചൻ (കുന്നത്തുനാട്): ഇരുടാക്കുന്നുണ്ട്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): കുറഞ്ഞ നിരക്കിൽ പണിയുവാനായിരും ഷാപ്പു ലേലം അനുവദിച്ചാൽ ജനങ്ങൾക്ക സഹായമായിരിക്കുമോ?

മി: ഇട്ടപ്പ ഇട്ടീച്ചൻ (കുന്നത്തുനാട്): ഞാൻ അതിനെപ്പറ്റി അന്വേഷിച്ചിട്ടില്ല.

മി: എ. സി. കുര്യാക്കോസ് (മീനച്ചൽ ഭോകികളും): കള്ളുഷാപ്പു വർദ്ധിപ്പിക്കണമെന്നു ഉദ്ദേശിക്കുന്നു പ്രായമുണ്ടോ?

മി: ഇട്ടപ്പ ഇട്ടീച്ചൻ (കുന്നത്തുനാട്): എനിക്കങ്ങിനെ അഭിപ്രായമില്ല.

മി: വി. ചെല്ലംപിള്ള (തോവാള): ഷാപ്പു കണ്ട്രാക്ടർമാരിൽ നിന്നു ഇടയസ്ത്രീകൾ പിരിക്കുന്നുണ്ടോ?

മി: ഇട്ടപ്പ ഇട്ടീച്ചൻ (കുന്നത്തുനാട്): ഇടയസ്ത്രീകൾ കൂടുതൽ കിട്ടുന്നവരുടെ അടുക്കൽ നിന്നും ഇരുടാക്കുന്നുണ്ട്.

മി: വി. ചെല്ലംപിള്ള (തോവാള): കഴിഞ്ഞകൊല്ലം ഞങ്ങിനെ ഇരുന്നു അടുക്കൽ നിന്നുങ്കിലും ഇരുടാക്കിയിട്ടുണ്ടോ?

മി: ഇട്ടപ്പ ഇട്ടീച്ചൻ (കുന്നത്തുനാട്): എനിക്കറിഞ്ഞുകൂടാ. ഇതുകുതി സംബന്ധിച്ചും നിരോധന കരം സംബന്ധിച്ചും പണം കൊടുക്കേണ്ടതിനുള്ള കാലാവധി നീട്ടികൊടുക്കണം.

മി: മുറിവേചി പാച്ചുപിള്ള (ചേർത്തല): ഈ ഇനത്തിൽ കൊടുത്തു പോയ പണത്തെപ്പറ്റി എന്തുപറയുന്നു?

മി: ഇട്ടപ്പ ഇട്ടീച്ചൻ (കുന്നത്തുനാട്): അതു തിരിച്ചു കിട്ടുന്നതിനെന്തു ഞാൻ ആശ്രയപ്പെടുന്നില്ല.

ഇതുപോലെ അളായനികുതി ഇരുടാക്കുന്നതിലും കുടിശ്ശികയ്ക്കും കൊടുക്കണം. കഴിഞ്ഞകൊല്ലത്തിൽ വലിയ നഷ്ടം വന്നിട്ടുണ്ട്.

മി: എ. എസ്സ്. മോഹൻ ആശാൻ (മാവേലിക്കര കാൽത്തികപ്പള്ളി): നഷ്ടമുണ്ടെങ്കിൽ അളായനികുതി ഇരുടാക്കുകയില്ലല്ലോ,

മി: ഇട്ടപ്പ ഇട്ടീച്ചൻ (കുന്നത്തുനാട്): ഞാൻ അളായനികുതി കൊടുക്കേണ്ടതായി വന്നവരുടെ കാര്യമാണു പറഞ്ഞതു്.

പണം സമയത്തിനു കൊടുക്കാൻ നിവൃത്തിയില്ലാതെ പല വസ്തുക്കളും ലേലനടപടിയിൽ ഇരിക്കുന്നുണ്ടു. കുറഞ്ഞതും കൊണ്ടു പ്രതിയെക്കാണ്ടു കുറേശ്ശെ കുറേശ്ശെ പണം വീതം കൊടുപ്പിച്ചു ഈ ലേലനടപടിയിൽനിന്നും വസ്തുക്കളും നീക്കം ചെയ്തു കൊടുക്കണം. അല്ലെങ്കിൽ വിലയേറിയ വസ്തുക്കളെല്ലാം ചുരുങ്ങിയവിലയ്ക്കു പോയേക്കും.

ഡെപ്യൂട്ടിപ്രസിഡൻറ്: അതിനു ഗവണ്മെൻറ എന്തു ചെയ്യണം?

മി. ഇട്ടപ്പ ഇട്ടീച്ചൻ (കുന്നത്തുനാട്): ജനങ്ങളും ഇങ്ങനെ കഷ്ടപ്പെട്ട വലയുമ്പോൾ ഗവണ്മെൻറിന്റെ സർശക്തികളും പ്രയോഗിച്ചു അവരെ സഹായിക്കണം.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): പല സംഗതികളും പറഞ്ഞല്ലോ അതൊക്കെ എടുക്കുമ്പോൾ ഗവണ്മെൻറിൽ നിന്നു ചെയ്യണം?

മി: ഇട്ടപ്പ ഇട്ടീച്ചൻ (കുന്നത്തുനാട്): ജനങ്ങൾ വളരെ കഷ്ടപ്പെടുന്നുണ്ടു. ഈ സന്ദർഭത്തിൽ ഗവണ്മെൻറ വേണ്ട സഹായം ചെയ്തില്ലെങ്കിൽ ഒടുവിൽ ഗവണ്മെൻറും ജനങ്ങളും ഇല്ലാതെ ആയിതീരും. അതിനാൽ എത്രത്തോളം ജനങ്ങളെ രക്ഷിക്കാൻ ഗവണ്മെൻറ വിചാരിക്കുന്നോ അത്രയും കുറവ് ഗവണ്മെൻറിനു വേണ്ട സഹായം ചെയ്തുകൊടുക്കണം.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഇനിയും എത്ര കാലത്തേയ്ക്കു ഈ കഷ്ടാവസ്ഥ ഉണ്ടായിരിക്കുമെന്നു മെമ്പർക്കു പറയാമോ?

മി: ഇട്ടപ്പ ഇട്ടീച്ചൻ (കുന്നത്തുനാട്): എനിക്കറിഞ്ഞുകൂടാ.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): എന്നാൽ അറിയാവുന്ന വരെ കാണ്ടു പറയുന്നതു നന്നായിരിക്കുമോ?

മി: ഇട്ടപ്പ ഇട്ടീച്ചൻ (കുന്നത്തുനാട്): അനുഭവിക്കും.

പണം പുറത്തുള്ള പ്രജകൾക്കു അടിക്കാവുന്ന ഒന്നല്ല. അതില്ലാതെ ജീവിക്കാൻ നിവൃത്തിയില്ല. പി. ഡബ്ലു. ഡി. കാൺട്രക്ട് ചെയ്ത അംശങ്ങളാകി ഇട്ടതു ജനങ്ങൾക്കു കൊടുക്കണമെന്നു ഒരുദ്ദേശം പറഞ്ഞതു അറിഞ്ഞു ചെയ്തതാണു്. ഗവണ്മെൻറ മരാമത്തു ജോലികൾ തുടങ്ങി കുലിക്കാരെ തൊഴിൽ ഉണ്ടാക്കി കൊടുക്കണം, ഇതിനും പുറമേ റായൽ ടീ ഇനത്തിൽ ഗവണ്മെൻറിൽനിന്നും അനവധി പണം കുടിയാന്മാർക്കു കൊടുക്കുന്നുണ്ടു, ഈ വക പണം കഴിയുന്നതും വേഗത്തിൽ കൊടുത്തു തീർത്താൽ ജനങ്ങൾക്കു വലിയ രക്ഷയായിരിക്കും,

ഇതുകൂടി പ്രസ്താപിച്ചു കൊണ്ടു ഞാൻ ഈ അടിയന്തിരപ്രമേയത്തെ പിൻതാങ്ങിക്കൊള്ളുന്നു,

മി: ഡി. സി. ജോസഫ് (അാസ്സീശ്വരം): സർ; മിസ്റ്റർ കെ. സി. കേശവപിള്ളയുടെ അടിയന്തിരപ്രമേയത്തെ ഫാർട്ടമായി പിൻതാങ്ങുന്നതിനോടുകൂടി എനിയ്ക്കു ഈ വിഷയത്തെ സംബന്ധിച്ചു അല്പമായി ചിലതു പറവാനുണ്ടു. തിരുവിതാംകൂറിനെ മുഴുവൻ ബാധിച്ചിരിക്കുന്നതായ ഈ സാമ്പത്തികാധഃപതനം ഭയങ്കരമാംവണ്ണം വർദ്ധിച്ചു വരുകയാണ്. പ്രജകളുടെ ദുരിതത്തിനും രക്ഷയ്ക്കും പ്രമേയപ്പെട്ടവരുടെ കർത്തവ്യ

ഈ ദുരവസ്ഥയിൽനിന്നും സർക്കാരെ രക്ഷിക്കേണമെന്നുള്ളതാകുന്നു. ഇതു, തിരുവിതാംകൂറിനെ മൂവൻ ബാധിച്ചിട്ടുണ്ടെങ്കിലും പ്രത്യേകമായി ശ്രദ്ധിക്കണമെന്നുള്ളതു തിരുവിതാംകൂറിനെയും അവിടെ വിശേഷിച്ചു നാഞ്ചിനാട്ടിനെയുമാണ് ബാധിച്ചിരിക്കുന്നതു്. അവിടെയുള്ള ജനങ്ങളിൽ ഏറിയപങ്കും കൃഷിക്കാരാണ്.

ശ്രീ കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഇപ്പോഴത്തെ സാമ്പത്തികപ്രയാസത്തിനുള്ള വിവിധകാരണങ്ങളെ പറ്റി മേസർ ചിന്തിച്ചിട്ടുണ്ടോയെന്നുള്ളതു് ഏന്നെ അറിയിക്കുമോ?

ശ്രീ ഡി. സി. ജോസഫ് (അരുവിക്കര) ലോകം മുഴുവൻ ഉള്ളതു രണ്ടുവർഷം, അഞ്ചു, തിരുവിതാംകൂറിനെയും ബാധിച്ചിട്ടുണ്ട്. അനേകകാരണങ്ങൾ ഉണ്ട്. അവയെല്ലാം ഇപ്പോൾ പറയാൻ പ്രയാസമാണ്.

ശ്രീ കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്) തിരുവിതാംകൂറിനു പ്രത്യേകമായി തീർന്നിരിക്കുന്ന പ്രത്യേക സംഗതികൾ ഏതാണ്?

ശ്രീ ഡി. സി. ജോസഫ് (അരുവിക്കര) കൊപ്രാ, നല്ലതുകൃഷി, റബർ, ഏന്നിങ്ങനെയുള്ള സാധനങ്ങളുടെ വിലക്കുറവു്.

ശ്രീ ആർ. കേശവപിള്ള (കൊട്ടാരക്കര കുന്നത്തൂർ): തിരുവിതാംകൂറിൽ ആവശ്യത്തിലധികമായി ഉല്പന്നങ്ങൾ വിളയുന്നുണ്ടോ?

ശ്രീ ഡി. സി. ജോസഫ് (അരുവിക്കര): തീർച്ചയും ഇല്ല. രണ്ടു കോടി രൂപാ വിലയിൽ കൂടുതൽ നെല്ലു ഇവിടെ ഇറക്കുന്നുണ്ടു് അതുകൊണ്ടു ആവശ്യത്തിൽ കൂടുതലായ വിളവില്ലെന്നു വ്യക്തമാകുന്നു.

ശ്രീ ആർ. കേശവപിള്ള (കൊട്ടാരക്കര കുന്നത്തൂർ): ഇവിടെ പണ്ടത്തെക്കാൾ കൂടുതൽ തോതിൽ ഉല്പാദനമുണ്ടോ?

ശ്രീ ഡി. സി. ജോസഫ് (അരുവിക്കര): ഇല്ല. ആവശ്യത്തിലധികം ഉണ്ടാകുന്നില്ല. അങ്ങാടിക്കച്ചവടത്തിനു നേരിട്ടിരിക്കുന്ന ദോഷം തരിപ്പു വിലയാണ്.

ശ്രീ കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്) ഈയ്യിടക്കാലത്തു തിരുവിതാംകൂറിൽ ക്ഷാമം ഉണ്ടായിരുന്നോ?

ശ്രീ ഡി. സി. ജോസഫ് (അരുവിക്കര): ക്ഷാമം ഉണ്ടായിരുന്നു.

ശ്രീ കെ. പി നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്) ഇവിടെ ഉണ്ടായ ക്ഷാമത്തിന്റെ സ്വഭാവമെന്താണ്?

ശ്രീ ഡി. സി. ജോസഫ് (അരുവിക്കര): ആഹാരസാധനങ്ങളുടെയും മറ്റു സാധനങ്ങളുടെയും ചന്ത വില കൂടിയിരുന്നു.

സർ, എന്നെ ഇപ്രകാരം തടസ്സപ്പെടുത്തി കൊണ്ടിരിക്കയാണെങ്കിൽ, എനിയ്ക്കു, ഇടയ്ക്കു പറവാൻ പ്രയാസമായിട്ടുള്ളതാണ്.

ശ്രീ കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): എനിയ്ക്കു് കാര്യങ്ങൾ അറിയേണ്ടിയിരിക്കുന്നു. പല സമസ്യാന്തരാരാട്ടം ഞാൻ ചോദ്യങ്ങൾ ചോദിച്ചു. എനിക്കു ഒന്നും അറിവാൻ സാധിച്ചില്ല.

തിരുവിതാംകൂറിൽ ഇപ്പോഴും, ഉർവ്വരക്ഷമമോ, സുരക്ഷമമോ?

ശ്രീ ഡി. സി. ജോസഫ് (അരുവിക്കര) ഉർവ്വരക്ഷം.

ശ്രീ കെ പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്) ആഹാരസാധനങ്ങൾ ധാരാളമായുണ്ടെങ്കിൽ, പണം എല്ലാം എവിടെയാണു ചെന്നു അകപ്പെട്ടിരിക്കുന്നതു്;

ശ്രീ ഡി. സി. ജോസഫ് (അരുവിക്കര): ഉണ്ടിയൽ തൊഴിലുകാരുടെയും ബ്യൂക്രാരുടെയും കയ്യിൽ.

നാഞ്ചിനാട്ടു ഏകദേശം നെല്ലുത്പത്തി എണ്ണായിരം ഏക്കർ മുതിരുണ്ട്. നാഞ്ചിനാട്ടെ പ്രധാന കൃഷിൽ കൃഷിയാണ്. ബോക്കിങ്ങ് അനേകകുടുംബിറിയുടെ പ്രസിദ്ധനായിരുന്ന മിസ്റ്റർ ശിവരാജപിള്ളയുടേയും അതുപോലെ ഓരോ ദിക്കുകളിലുള്ളവരുടെയും അഭിപ്രായങ്ങൾ പ്രകാരം, നാഞ്ചിനാട്ടുകാർ ഓരോ കുടുംബത്തിനും ശരാശരി കുടുംബാലാതന്ത്രം രൂപായാണ്. നാഞ്ചിനാട്ടുകാർ സാമ്പത്തികമായി വളരെതാണുകിടയിലാണെന്നു ഇതു കൊണ്ടു കാണാം. നെല്ലിന്റെ വില വളരെ കുറഞ്ഞുപോയി.

ശ്രീ കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): നാഞ്ചിനാട്ടുകാരുടെ ശരാശരി കുടുംബാദായത്തെ പറ്റി എന്തെങ്കിലും അറിവുണ്ടായിരുന്നോ? കച്ചവടത്തിൽ കൊവുവന്നപ്പോഴാണോ?

ശ്രീ ഡി. സി. ജോസഫ് (അരുവിക്കര): റിപ്പോർട്ടിൽ അങ്ങിനെ പറഞ്ഞിരിക്കുന്നു. അതല്ലാതെ എനിക്കറിയുവു.

ശ്രീ കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ശരാശരി കുടുംബാദായം, എന്നു പറഞ്ഞതു, മുൻകാലങ്ങളിൽ ഉള്ള കുടുംബങ്ങളെല്ലാംകൂടെ ശേഖരമായിട്ടുള്ളതോ, അതോ, ഇപ്പോഴത്തെ കച്ചവട മന്ദഗതിയാൽ നേരിട്ടതോ?

ശ്രീ ഡി. സി. ജോസഫ് (അരുവിക്കര): അതെനിക്കറിഞ്ഞുകൂടാ. അങ്ങിനെ റിപ്പോർട്ടിൽ കാണുന്നു.

ശ്രീ ആർ. കേശവപിള്ള (കൊട്ടാരക്കര കുന്നത്തൂർ): ഭൂമിവിശേഷങ്ങളിൽ അകപ്പെട്ടുപോയതു കൊണ്ടുള്ള കച്ചവടമാന്ദ്യമാണോ?

ശ്രീ ഡി. സി ജോസഫ് (അരുവിക്കര): എനിക്കറിഞ്ഞുകൂടാ. ഞാൻ അങ്ങിനെ വിചാരിക്കുന്നില്ല. നെല്ലിന്റെ വിലക്കുറവു നിമിത്തം മനഃക്ഷോഭമായിട്ടുള്ളതോ, അതോ, ഇപ്പോഴത്തെ കച്ചവട മന്ദഗതിയാൽ നേരിട്ടതോ?

ശ്രീ എസ്സ്. ചിറവിളാകത്തുവീട്ടിൽ പിള്ള (കച്ചവടവും വ്യവസായവും തെക്ക്): നെല്ലിന്റെ വില എന്താണു കുറയുന്നതു്?

ശ്രീ ഡി. സി. ജോസഫ് (അരുവിക്കര): കയറ്റുമതിയിൽ പണമില്ല. നെല്ലു അന്യദിക്കിൽ നിന്നു ഇറക്കുമതി ചെയ്യുന്നുണ്ട്. നമ്മുടെ കമ്പോളങ്ങളിൽ ആവശ്യത്തിലധികം നെല്ലു ഇറക്കി തള്ളുന്നു. അതുകൊണ്ടാണു നെല്ലിന്റെ വില കുറയാനുള്ള പ്രധാനകാരണം.

ഡപ്യൂട്ടി പ്രസിഡന്റ്. ഈ രാജ്യത്തു നെല്ലിന്റെ ദോഷം സംഭവിക്കുന്നതെങ്കിൽ നെല്ലിന്റെ വില കൂടാനുള്ള മാർഗമെല്ലാം,

മി: ഡി. സി. ജോസഫ് (അഗസ്തീശ്വരം): ഇവിടത്തെ ആവശ്യത്തിനുള്ള നെല്ല് ഇവിടത്തന്നെ ഉണ്ടാക്കാൻ നമുക്ക് സാധിക്കുന്നില്ല, അന്യദിക്കിൽ നിന്നു ഇറക്കുമതി ചെയ്യുകയാണ്.

ഡെപ്യൂട്ടിപ്രസിഡണ്ട്: അങ്ങിനെയാണെങ്കിൽ, വില കുറയുന്നതിനു പകരം കൂട്ടുകയാണല്ലോ വേണ്ടത്?

മി: വി. ചെല്ലംപിള്ള (തോവാള)? നെല്ലിനു മുമ്പിരുന്ന വിലയിലും നിന്നും ഇപ്പോൾ കൂടുതലോ കുറവോ?

മി: ഡി. സി. ജോസഫ് (അഗസ്തീശ്വരം): ഇപ്പോൾ നെല്ലിനു വളരെ വില കുറവാണ്.

മി: എസ്സ്. പിറവിപ്രേമാമാപിള്ള (കുഴിത്തുറ വ്യവസായവും വ്യവസായവും തെക്ക്): വിദേശനെല്ലിന്റെ വിലക്കുടുതലെന്നോ കുറയുന്നുമെന്നോ, എങ്ങിനെയാണ് മെമ്പറിന്റെ താൽപര്യം?

മി: ഡി. സി. ജോസഫ് (അഗസ്തീശ്വരം): ഞാൻ അതു പറയുന്നില്ല. നാഞ്ചിനാട്ടു നെല്ലു കോട്ടയ്ക്കു രൂപായായി വിറ്റു വരുന്നു. പല കാരണങ്ങളെ കൊണ്ടും നിലങ്ങളിൽനിന്നും അവിടെ ശരിയായ വിളവു കിട്ടുന്നതിനു കൃഷിക്കു സാധിക്കുന്നില്ല. ഏക്കറൊന്നിനു ഒരു വർഷം കോട്ടയെ അവർക്ക് കിട്ടി വരുന്നുള്ളു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): കഴിഞ്ഞ പൂവിൽ, തിരുവിതാംകൂറിൽ മുഴുവൻ കൃഷി മോശമായിരുന്നോ?

മി. ഡി. സി. ജോസഫ് (അഗസ്തീശ്വരം): നാഞ്ചിനാട്ടു കൃഷി മോശമായിരുന്നു തീരുമാനം തന്നെ, അവിടെ ഏക്കറൊന്നിനു രണ്ടു രൂപയെ കിട്ടിയൊള്ളു. ഞങ്ങൾക്കു കരം വളരെ കൂടുതലാണ്. ഗവണ്മെന്റിലേക്കു ഏക്കറൊന്നിനു പന്ത്രണ്ടു രൂപാ വീതം കൊടുക്കേണ്ടിയിരിക്കുന്നു, ബാക്കിയുള്ളതു കൂലി രൂപയാണ്, അതു കൊണ്ടു ഒരേക്കറിൽ ഒരു കൃഷിയും ചെയ്യാൻ സാധിച്ചു പോരുന്നില്ല.

മി: വി. ചെല്ലംപിള്ള (തോവാള): ഒരേക്കർ സ്ഥലം കൃഷി ചെയ്യുന്നതിനു എത്ര രൂപാ ചിലവാക്കണം?

മി: ഡി. സി. ജോസഫ് (അഗസ്തീശ്വരം): ഏക്കറൊന്നിനു ഉദ്ദേശം മുപ്പതു രൂപാ മുതൽ നാല്പതു രൂപാവരെ വേണ്ടിവരും. ഇപ്പോഴത്തെ കണക്കിൻപ്രകാരം ഏക്കറൊന്നിനു രണ്ടു രൂപായേ ആദായമുള്ളു. ഈ കണക്കിനു നാട്ടിനാട്ടുള്ള കൃഷിക്കാരെല്ലാം കൃഷി ഉപേക്ഷിക്കേണ്ടതായി വന്നേക്കും.

ഡെപ്യൂട്ടി പ്രസിഡന്റ്: ഒരു പ്രത്യേക പണത്തെപ്പോലെ കരം നെല്ലായിട്ടു കൊടുക്കയാണെങ്കിലോ അതു ഇപ്പോഴത്തെക്കാൾ ഗുണകരമാണെന്നു നിങ്ങൾ വിചാരിക്കുന്നോ?

മി: ഡി. സി. ജോസഫ് (അഗസ്തീശ്വരം): അതുകൊണ്ടു ഞങ്ങൾക്കു കഷ്ടതകൾക്കു ശമനമുണ്ടാകുമെന്നു ഞാൻ വിചാരിക്കുന്നില്ല. ഞങ്ങൾക്കു പണമില്ല, ഇതാണ് അവിടത്തെ സ്ഥിതി.

നാഗർകോവിലിനെ സംബന്ധിച്ചു പറയുകയാണെങ്കിൽ ഒരു ദോഷം കൂടിയുണ്ട്. അവിടെ കണക്കിലധികം ബസ്സുകൾ ഉണ്ട്, ദിവസംപ്രതി രണ്ടു മൂന്നായിരം രൂപായെങ്കിലും പട്ടണങ്ങളിൽനിന്നു പെരുമ്പാലും മോട്ടോർസർവ്വീസുകാർക്കുമായിട്ടു ചിലവാകുന്നു. ഈ പണത്തിന്റെ പോക്കാണ് ജനങ്ങളെ ബുദ്ധിമുട്ടിലാക്കുന്ന പ്രധാന സംഗതി.

ഡെപ്യൂട്ടിപ്രസിഡന്റ്: ഗവണ്മെന്റിൽനിന്നും അതു നിയന്ത്രണമെന്നാണോ നിങ്ങൾ പറയുന്നത്?

മി: ഡി. സി. ജോസഫ് (അഗസ്തീശ്വരം): ഇപ്പോൾ കണക്കിലധികം കുറെ കാറുകൾക്ക് ലൈസൻസുകളും പെർമിറ്റുകളും കൊടുത്തുവരുന്നതായാണ് ഞാൻ പറയുന്നതു. ഉദാഹരണത്തിന് മേയിന്റോഡിൽതന്നെ വൈകുണ്ഠം വരെ കാറുകൾ ഓടുന്നുണ്ട്. അവ മിക്കവയും മുതലാളിമാരുടെ സ്വന്തമാണ്.

മി: എസ്സ്. പിറവിപ്രേമാമാപിള്ള (കുഴിത്തുറ വ്യവസായവും, തെക്ക്): അതുകൊണ്ടു ക്ഷാമം കുറഞ്ഞിട്ടില്ലല്ലോ?

മി: ഡി. സി. ജോസഫ് (അഗസ്തീശ്വരം): പക്ഷെ, അതു ജനങ്ങളെ അല്പവസ്ത്രം ധരിപ്പിച്ചിട്ടുണ്ട്.

മി: വി. ചെല്ലംപിള്ള (തോവാള). ഏതു ജനങ്ങളെ?

മി: ഡി. സി. ജോസഫ് (അഗസ്തീശ്വരം): കൃഷിക്കാരെ.

മി: എൽ. എ. ബിഷപ്പ് (പ്രൊവിൻഷ്യൽ കമ്മീഷണർ): അതു കൃഷിക്കാരെ എങ്ങനെയാണു ബാധിക്കുന്നതു?

മി: ഡി. സി. ജോസഫ് (അഗസ്തീശ്വരം): ദിവസം മുഴുവൻ ചക്രംപോലും കിട്ടാൻ കഴിവില്ലാത്ത ഒരു കൂലിക്കാരനു പോലും അവന്റെ നിലത്തിൽ പോകേണ്ടതിലേക്കായി ബസ്സിൽകേറുന്നു. അവന്റെ മാറാ സുഖസൌകര്യങ്ങൾക്കും പണംചെലവാകുന്നു. ഭൂമിയിൽനിന്നു ശരിയായ ആദായംപോലും കിട്ടാത്ത കൃഷിക്കാരന്റെപക്കൽനിന്നു ഈ പണം ഈടാക്കുകയായിരിക്കുന്നു. ഇങ്ങിനെ ഒരു ദുഃസ്ഥിതിയിൽ തീർന്നിരിക്കയാണ്. ഇപ്രകാരം ഉപയോഗശൂന്യമായ ചിലവുകൾ ബാധിക്കുന്നു. നാഗർകോവിൽ മുതലായസ്ഥലങ്ങളിൽ ഡിപ്പാർട്ടുമെന്റിനേക്കാളധികം ലൈസൻസുകൾ കൊടുത്തിട്ടുണ്ട്.

മി: ആർ. കേശവപിള്ള (കൊട്ടാരക്കര-കന്നുത്തർ): മത്സരം, പൊതുജനങ്ങൾക്കു ഗുണകരമായിട്ടുള്ളതല്ലേ?

മി: ഡി സി. ജോസഫ് (അഗസ്തീശ്വരം): പക്ഷേ, ഇപ്പോൾ, അതു നാശകരമാണ്. ഗുണകരമായ മത്സരമാണ വേണ്ടതു.

മി: എൻ. കെ. കുഞ്ഞുപിള്ള (മൈസൂർറിൻകരു): കാറുകളുടെ എണ്ണത്തിലുള്ള കൂടുതൽകൊണ്ടു കൂടുതൽ ആളുകൾക്കു ജോലികിട്ടുന്നില്ലേ?

മി: ഡി. സി. ജോസഫ് (അഗസ്തീശ്വരം): കുറച്ചു ആളുകൾക്കേ കിട്ടുള്ളു. അതുകൊണ്ടു ഇപ്പോഴത്തെ കാലാവസ്ഥക്കു പരിഹാരമാകയില്ല.

മി: എൽ. തങ്കപിള്ള (തിരുവനന്തപുരം): സർ, സമയക്ലിപ്തത്തിനുള്ള നിബന്ധന അനുസരിക്കുന്നതിനെ ഞാൻ അനുകൂലിക്കുന്നു. ഉദ്യോഗസ്ഥപക്ഷത്തിനു എന്തെങ്കിലും പറയുവാനുണ്ടോ എന്നു അറിയണമെന്നു താല്പര്യപ്പെടുന്നു.

ഡപ്യൂട്ടിസ്പീക്കർ: ഉടനെ പ്രതിപക്ഷത്തുനിന്നും ധാരാളം പേരായിട്ടുണ്ട്. നിങ്ങൾ പറയുന്നതിനുമുമ്പേ സമയക്കുറവുണ്ടെന്നു പറഞ്ഞ് ഞാൻ ശ്രദ്ധിച്ചിരിക്കുന്നു. ഉദ്യോഗസ്ഥന്മാർ മറുപടിപറയണമെന്നു ഞാൻ അല്പമുദ്ദേശിക്കുന്നു. അതിലേക്കു സമയവും കൊടുത്തിട്ടുണ്ട്.

ശ്രീ. ഡി. സി. ജോസഫ് (അഗ്രസ്സിശ്വരം): വ്യവസായഡിപ്പാർട്ടുമെന്റ്, പെരുസ്വരസഹായഡിപ്പാർട്ടുമെന്റ് എന്നതുടങ്ങിയ മാറ്റ ഗവണ്മെന്റ് ഡിപ്പാർട്ടുമെന്റുകളാണ് ഇപ്പോൾ ജനങ്ങളുടെ രക്ഷയ്ക്കു ഇരിയേണ്ടതു്.

ഡപ്യൂട്ടിസ്പീക്കർ: നിങ്ങളുടെ കഷ്ടതകളെ പരിഹരിക്കുന്നതിനുള്ള മാർഗ്ഗങ്ങളും കുഴപ്പങ്ങളും നിർദ്ദേശിക്കുന്നതു ഗവണ്മെന്റിനെൻകീഴിലുള്ള വിദഗ്ദ്ധന്മാർ വേണമെന്നാണോ നിങ്ങൾ പറയുന്നതു്?

ശ്രീ. ഡി. സി. ജോസഫ് (അഗ്രസ്സീശ്വരം): അഗ്രസ്സീശ്വരത്തെസംബന്ധിച്ചു് എനിക്കു് ഒരു വാക്കുപറയാനുണ്ടു്. ഒരുലക്ഷത്തോളംവിലയുള്ള ഉപ്പു് ഉണ്ടാക്കുന്നതിനു ഇപ്പോൾ അവിടെ ഒന്നു രക്ഷാ ശ്രമം ചില വാക്കിവരികയാണു്. അഗ്രസ്സീശ്വരത്തെ ഉപ്പുനിർമ്മാണത്തെ സംബന്ധിച്ചടത്തോളം കുഴിയും വളരെ അപകടത്തിലായിരിക്കയാണു്, ഗവണ്മെന്റിൽനിന്നു അവരെ കഴിയുന്നിടത്തോളം സഹായിക്കണം. ഇതുകൂടി പറഞ്ഞുകൊണ്ടു് മിസ്റ്റർ ടി. സി. കേശവപിള്ളയുടെ പ്രമേയത്തെ ഞാൻ ബഹുമായി പിൻതാങ്ങിക്കൊള്ളുന്നു.

ശ്രീ. കെ. ജോർജ്ജ് (ഗവണ്മെന്റ് ചീഫ്സെക്രട്ടറി): സർ, ഇന്നു്. ഈ സഭയിൽ നടന്നിട്ടുള്ള പ്രസംഗങ്ങളുടെ ഉയർന്നസ്വരത്തെക്കൊണ്ടു് ഇപ്പോൾ രാജ്യത്തു സംഭവിക്കാധ്യപരത്തെപ്പറ്റിയുള്ള കഠിനമായ ദുഃഖമുള്ള ഗവണ്മെന്റിനും ബോദ്ധ്യമുണ്ടെന്നുള്ളതാണു്. എന്നാൽ ഇപ്പോൾ സംഭവിക്കുധ്യപരത്തെപ്പറ്റിയുള്ള വസ്തുതകളെ അധികം തന്നേ അറിയിക്കേണ്ടതായ ആവശ്യം ഉണ്ടെന്നു തോന്നുന്നില്ല. അതു് നമ്മുടെ പുറമേപ്പട്ടുള്ള അവസ്ഥകൾകൊണ്ടു് നമുക്കു കാണാവുന്നതാണു്. മിക്കവാറും ഒരിപസം പ്രതിയത്നമാനപ്പുത്രങ്ങളിൽനിന്നു നാം വായിച്ചറിയുന്നുമുണ്ടു്. ഇവിടെയുള്ള സമാഗങ്ങളേപ്പോലെതന്നെ ഗവണ്മെന്റിനു തിരുവിതാംകൂറിലെ ഇപ്പോഴത്തെ സാമ്പത്തികാധ്യപരത്തെപ്പറ്റി അറിവുണ്ടു്. എന്നാൽ, ഇതു തിരുവിതാംകൂറിനുമാത്രം പ്രത്യേകമായുള്ള ഒരവസ്ഥയല്ല. ഈ അധ്യപതനം ലോകമാട്ടുക്കുള്ളതാണെന്നു നമുക്കെല്ലാവർക്കും അറിയാം. ഇപ്പോഴത്തെ കുലോവസ്ഥയ്ക്കു കാരണമാക്കിട്ടുള്ള സംഗതികളെപ്പറ്റി ശരിയായി അറിയുന്നതിനു് സാധിച്ചിട്ടില്ല; ധനശാസ്ത്രവിദഗ്ദ്ധന്മാർപോലും സാധിച്ചിട്ടില്ല. പല അഭിപ്രായങ്ങളും പറയുന്നുണ്ടു്. പല ശാസ്ത്രസിദ്ധാന്തങ്ങളും പുറപ്പെടുവിക്കുന്നുണ്ടു്. പക്ഷേ, ഇപ്പോൾ ലോകത്തിനെ ബാധിച്ചിരിക്കുന്നതായ കഷ്ടതയുടെ ശരിയായകാരണം ഇന്നതാണെന്നു തീർത്തുപറയുവാൻ ആർക്കും സാധിക്കുന്നില്ല. ഇങ്ങിനെയാണു് കാര്യങ്ങളുടെനടപ്പു്. ഇൻഡ്യയിലും മഹാരാജ്യങ്ങളിലും ഉള്ളവർക്കെന്നപോലെ, തിരുവിതാംകൂറിലും, നമ്മുടെ ഉല്പന്നമാർക്കു ശരിയായവില കിട്ടുന്നില്ല. അതെന്തുകൊണ്ടെന്നാൽ നമ്മുടെ സാധനങ്ങൾവാങ്ങി ഉപയോഗിച്ചുവരുന്നവർക്കു് അവർ പണ്ടു തന്നിരുന്നതുപോലുള്ള വിലയെന്നു വരുത്തി ഉപയോഗിക്കാൻ സാധിക്കുന്നില്ലെന്നുള്ളതുകൊണ്ടാണു്; അതു് ആ രാജ്യങ്ങളിൽ ഉള്ളവർക്കു അതിനില്പില്ലാഞ്ഞിട്ടല്ല. വിലയുടെ വ്യത്യാസത്തിനുള്ള കൈപ്പു് കുറഞ്ഞുപോയിരിക്കുന്നതുകൊണ്ടാണു്. ഇതിൽനിന്നു് ഒരു സംഗതി അനുമാനിക്കാവുന്നതാണു്. നമ്മുടെ സാധനങ്ങൾക്കു് ധാരാളം ആകർഷണീയമായ വില കിട്ടിവന്ന മുൻകാലങ്ങളിലെപ്പോലെയുള്ള സ്ഥിതിയെ പുനഃസ്ഥാപനംചെയ്യുന്നതിനു നാം തനിച്ചു് എത്രചെയ്യാലും സാധിക്കയില്ലെന്നുള്ളതാണു്. ലോകത്തു് ആകപ്പാടെയുള്ള അവസ്ഥകളാണു് മാറേണ്ടതായിരിക്കുന്നതു്.

സർ, ഗവണ്മെന്റിന്റെ ആലസ്യത്തെപ്പറ്റി ഇവിടെ വളരെ ശക്തിയോടുകൂടിയ പ്രതിപാദനമുണ്ടായി.....

ശ്രീ. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): മിണ്ടാതിരുന്നതുകൊണ്ടു് അടുത്തുണ്ടെല്ലാം.

ശ്രീ. കെ. ജോർജ്ജ് (ഗവണ്മെന്റ് ചീഫ്സെക്രട്ടറി): തിരുവിതാംകൂറിലെ കൃഷിക്കാരുടെ സ്ഥിതിയെപ്പറ്റി ഗവണ്മെന്റിൽനിന്നു ഒന്നുമറിച്ചിട്ടില്ലെന്നുള്ള കാര്യം ഗവണ്മെന്റിനെപ്പറ്റി അഭിപ്രായപ്പെട്ടു. അതു കാര്യത്തിൽനിന്നു മോചിക്കുന്നവിധം സഭയെ കാര്യങ്ങളെ ധരിപ്പിക്കേണ്ടതാണു് എന്റെ ഒന്നാമത്തെ കൃത്യം. സർ, നമ്മുടെ സാധനങ്ങൾക്കുള്ള വിലക്കുറവു് ഇപ്പോൾ അവിടെക്കാണുന്നുണ്ടായതാണു്. കഴിഞ്ഞവർഷംകൊണ്ടു വില കുറഞ്ഞുവരുകയായിരുന്നു, എന്നാൽ ഈയിടക്കാണു് അതിനു് പ്രബലമായിട്ടുണ്ടായതു്. ഈ വിലക്കുറവിൽ ഗവണ്മെന്റ് ശ്രദ്ധചെലുത്തുകയുണ്ടായി. അവരുടെ കഷ്ടതകളെപ്പറ്റി വല്ലപ്രകാരം പ്രതിവിധിയുണ്ടാക്കുന്നതിനു മുമ്പായിത്തന്നെ, ജനങ്ങളുടെ സ്ഥിതിയെപ്പറ്റി ഗവണ്മെന്റ് വേണ്ട ശ്രദ്ധ ചെലുത്തുകൊണ്ടുതന്നെയിരുന്നു. ദിവാൻജി അദ്ധ്യക്ഷത്തിന്റെ അസംബ്ലി അഡ്രസ്സിൽ അതിനെപ്പറ്റി വിശദമായി പറഞ്ഞിരുന്നു. സാധനങ്ങളുടെ വില ക്രമേണ കുറഞ്ഞുവരുന്നുവെന്നും തൽമൂലം ജനങ്ങൾക്കു വളരെ കഷ്ടനഷ്ടങ്ങൾ വരുന്നുവെന്നും അദ്ദേഹം അതിൽ ചൂണ്ടിക്കാണിച്ചിരുന്നു. അതു് മാർച്ചുമാസം തുടങ്ങിയതിലാണു്. അദ്ദേഹത്തിന്റെ അഡ്രസ്സിൽ അദ്ദേഹം രണ്ടുസംഗതികൾ ഫ്രിക്കുപ്പെടുത്തുമെന്നു വാഗ്ദാനംചെയ്തിരുന്നു. അതിൽ ഒന്നു് സാധുക്കളായ കൃഷിക്കാർക്കു കൃഷിവായ്പകൊടുക്കുന്നവകയ്ക്കായി ഇട്ടതുകയായ ഒരു ലക്ഷം അനുവദിക്കാമെന്നുള്ളതായിരുന്നു. അതു് കൺസർവേറ്റീവ് മാർച്ച് വന്നു തുടങ്ങിയിരുന്നു. ഈ സംഗതിക്കു റവന്യൂഡിപ്പാർട്ടുമെന്റിന്റെ മേലധികാരിയ്ക്കു രണ്ടാമതായ ഉത്തരവുകൊടുത്തു ഗവണ്മെന്റിൽനിന്നും കൊടുത്തിട്ടുണ്ടു്. കഴിഞ്ഞ-ലെ ബഡ്ജറ്റിൽ കൃഷിവായ്പയ്ക്കു ഗവണ്മെന്റിൽനിന്നു പ്രത്യേകശ്രദ്ധപോലും അനുവദിച്ചിട്ടുണ്ടു്, ഇപ്പോൾ ഒന്നരലക്ഷത്തോളത്തിന്റെ അനുവദിക്കയും, അതിൽ, ഒരുലക്ഷത്തോളം മുഴുവൻ സാധുക്കളായ കൃഷിക്കാർക്കു, പ്രത്യേകശ്രേയിൽപ്പെടുത്തിയാണു് കൊടുക്കുന്നതിനുള്ള പ്രത്യേകം നിർദ്ദേശങ്ങളും നൽകിവയ്ക്കുണ്ടെന്നും നിശ്ചയിക്കുകയും ചെയ്തിരിക്കുന്നു. ഇതു സാധുക്കളെമാത്രം ഉദ്ദേശിച്ചുള്ളതാണു്.

ശ്രീ. മത്തൈ മരിക്കൻ (വയ്ക്കം): അതു കൂടി, ജാമ്യക്കാരനെക്കൂടാതെ കൊടുക്കുന്നതിനാണോ എന്നറിഞ്ഞാൽ കൊള്ളാം?

ശ്രീ. കെ. ജോർജ്ജ് (ഗവണ്മെന്റ് ചീഫ്സെക്രട്ടറി): ജാമ്യക്കാരനെക്കൂടാതെ കൊടുക്കുന്നതിനുള്ള ചട്ടം അതുവരെ ഉണ്ടാക്കുന്നില്ല.

ശ്രീ. മത്തൈ മരിക്കൻ (വയ്ക്കം): എന്നാൽ പിന്നെ ഗവണ്മെന്റിനു സാധുക്കളായ കൃഷിക്കാർക്കും കൊടുക്കയില്ലല്ലോ.

മി: കെ. ജാജ്ജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): കൃഷിക്കാർക്കുവേണ്ടിയിട്ടാണ് അല്ല കൊടുക്കപ്പെട്ടത്, പൊതുജനങ്ങളുടെ പണമെന്നതിനെ യുക്തമായ ഉപയോഗത്തിനു ചില പ്രത്യേക ആളുകൾക്കു കൊടുക്കണമെന്നാണോ സഭയുടെ അഭിപ്രായം? അതിനെപ്പറ്റിയുള്ള മന്ത്രി അഭിപ്രായത്തിനെ സഭയിൽവെയ്ക്കുന്ന അവസരത്തിൽ ഞാൻ വിശദമായി പറയുന്നതാണ്.

മി: ആർ. കേശവപിള്ള (കൊട്ടാരക്കര-കുന്നത്തൂർ): യാതൊരുവിധ അവധിയിലിച്ചിട്ടുള്ള ആ തുകയിൽനിന്നു കൊടുത്തിട്ടുള്ള പണത്തിൽനിന്നും എത്രയെന്നു അറിഞ്ഞാൽകൊള്ളാം.

മി: കെ. ജാജ്ജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): ഏകദേശം മുമ്പേതന്നെ അവധിച്ചിട്ടുണ്ട്, അതുടനേ തീർന്നുവെന്നാണ് ഞാൻ വിശ്വസിക്കുന്നത്.

മി: എൻ. കെ. കൃഷ്ണപിള്ള (തെയ്യാറേൻകര): സ്ഥാവരവസ്തു ജാമ്യത്തിന്മേൽ ഗവണ്മെന്റിനു തുടർന്നു കൊടുക്കുവാൻ വിചാരമില്ലേ?

മി: കെ. ജാജ്ജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): അതു റവന്യൂമെമ്പർതന്നെ നിയമനിർമ്മാണത്തിനു അപേക്ഷിച്ചിരിക്കുകയാണല്ലോ.

ഡെപ്യൂട്ടിപ്രസിഡന്റ്: അതു കടംകൊടുക്കുന്നതിനെസംബന്ധിച്ചുള്ള ചട്ടത്താൽ നിയന്ത്രിക്കപ്പെട്ടിരിക്കുന്നതാണ്.

മി: വി. ചെല്ലംപിള്ള (തോവാള): കൃഷിക്കാരായ ഞങ്ങൾ കൃഷിചെയ്യുന്നതെന്ന സാമാന്യജനങ്ങൾക്കു നല്ലവിലകിട്ടുന്നില്ലാത്തതുകൊണ്ടു ഞങ്ങൾ കഷ്ടപ്പെടുന്നു എന്നല്ലേ പറയുന്നത്. അങ്ങിനെയിരിക്കുമ്പോൾ പണം കടംകൊടുക്കുന്നതിനു എന്താവശ്യമാണുള്ളത്?

മി: കെ. ജാജ്ജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): സാധുക്കളായ കൃഷിക്കാർക്ക് സഹകരണസംഘങ്ങൾ ആവശ്യമുണ്ടെന്നുള്ളതു വിസ്മരിയ്ക്കുന്നതല്ല.

മി: വി. ചെല്ലംപിള്ള (തോവാള): പണംകിട്ടിയാലും ഉല്പാദനസാമഗ്രികൾക്കു വിലകിട്ടാതെ വന്നാൽ എന്തുചെയ്യും?

മി: കെ. ജാജ്ജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): അവശ്യപ്പെടുന്നതിലുള്ളതുമുഴുവൻ പണം മാത്രമാണ്. അവയ്ക്കു മറ്റുള്ളവയുണ്ട്. അവർക്കു ധാന്യങ്ങളുണ്ട്. മറ്റവസ്തുക്കൾക്കു സഹായവുമുണ്ട്, അതുകൊണ്ടു അവർക്കു പണം കിട്ടിയാൽ ഇപ്പോഴുള്ള ബുദ്ധിമുട്ടിനു വളരെ പരിഹാരം സിദ്ധിക്കും.

മി: വി. ചെല്ലംപിള്ള (തോവാള): ഇപ്പോഴും നിലം വിതയ്ക്കുന്നുണ്ട്. അതു വിളയുന്നുമുണ്ട്.

മി: കെ. ജാജ്ജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): കൃഷിക്കാർക്കു വല്ലപ്രകാരത്തിലും ജീവിക്കണം, അതിനു അവർക്കു പണംവേണം. അവരുടെ ഉപജീവനമാർഗ്ഗം ഉണ്ടാക്കുന്നതിനു അവർക്കു എന്തെങ്കിലും വേലചെയ്യേണ്ടതായിരിക്കുന്നു, സാധുക്കൾ, മിക്കവാറും, ഭൂമിയിൽ വേലചെയ്യുന്നു. അതിനു അവർക്കു വിത്തു വളം, കൃഷിയായുധങ്ങൾ എന്നിവ വേണം. അവർക്കു പണം ഉണ്ടാകുമ്പോൾ ഇവയൊക്കെ യാങ്ങാൻകഴിയും. ഇപ്പോഴത്തെ, വല്യ ബുദ്ധിമുട്ട്, ഈമാതിരി എല്ലാസാമഗ്രികളുമില്ലാതെയാണ് നിലത്തിൽക്കിടക്കുന്നതുകൊണ്ടല്ലേ. ഇപ്പോൾ ഉണ്ടായ ഈ ദുർഘടസന്ധിയെ വല്ലവിധത്തിലും തരണംചെയ്യുന്നതിനു സാധുക്കളായ കൃഷിക്കാരെ സഹായിച്ചാൽ അവരുടെകാര്യത്തിൽ അവർതന്നെ പിന്നീടു യോഗിക്കുന്നതാണ്. അല്ലാതെയാണ് ഇപ്പോൾ അവർക്കു ഒരാശ്വാസം കിട്ടുന്നതായ ചെറിയസംഖ്യകൊണ്ടുപോലും അവർക്കു വളരെ പ്രയോജനമുള്ളതായിത്തീരുമെന്നുള്ളതു നിശ്ചയമാണ്.

മി: വി. ചെല്ലംപിള്ള (തോവാള): ഇടത്തരം വളം വാങ്ങിച്ചുപയോഗിച്ചാൽ എന്തു പ്രയോജനം?

മി: കെ. ജാജ്ജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): ആ സംഗതിയെപ്പറ്റി വിപുലമായി പറയാൻ ഇപ്പോഴും എനിക്കു സാധിക്കയില്ല. ഗവണ്മെന്റു താമസിച്ചുകളഞ്ഞുവെന്നു ആരെങ്കിലും പറഞ്ഞുപോകുന്നതിനു കാരണമായിട്ടുണ്ടെന്നുള്ളതു സത്യമാണ്. എന്നാൽ ഇപ്പോൾ ഇതിനെപ്പറ്റി ഒരു ഏർപ്പാടുചെയ്തിട്ടുണ്ട്. ഗവണ്മെന്റിൽനിന്നു ഇതിനുമുമ്പുതന്നെ ഉണ്ടായിരുന്നു കഠിനമായ നിയമങ്ങൾ അയച്ചിട്ടുണ്ട്.

മി: എം. സി. കുര്യാക്കോസ് (മീനച്ചൽ-മേവികളം): ആളൊന്നിനു ഒരു രൂപാവീതംകൊടുത്താൽ ഒരു ലക്ഷംരൂപാ എത്രപേർക്കുകൊടുക്കാൻസാധിക്കും?

മി: കെ. ജാജ്ജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): അങ്ങിനെ അനുവദിച്ചിട്ടുള്ളതുകൊണ്ടു എത്രപേർക്കു ഗുണം കിട്ടുമെന്നുള്ളത് ൫,൦൦,൦൦൦-ത്തെ ഒരു ൦൦-കൊണ്ടു ഹരിച്ചാൽ മെമ്പറിന്തരുന്ന എളുപ്പത്തിൽ അറിയാമല്ലോ.

മി: എം. സി. കുര്യാക്കോസ് (മീനച്ചൽ-മേവികളം): തിരുവിതാംകൂറിലെ ൩൦൦൦ പേർക്കു ക്ഷേമമുണ്ടായിക്കഴിഞ്ഞാൽ മറ്റൊരുപ്പേർക്കും രക്ഷയുണ്ടായി എന്നു വിചാരിക്കാമോ?

മി: കെ. ജാജ്ജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): ൧൦൦ രൂപായെന്നു പറഞ്ഞിരിക്കുന്നതു കൊടുക്കാമെന്നുള്ളതിനെക്കുറിച്ചുള്ള ഏറ്റവും ഉദ്ദിയസംഖ്യയാണ്, അതിൽ കുറച്ചുകൊടുക്കാം.

മി: എം. സി. കുര്യാക്കോസ് (മീനച്ചൽ-മേവികളം): ൧൦൦ രൂപയിൽ കൂടാതെയുള്ള തുക സാധുക്കൾക്കു കൊടുക്കണമെന്നാണോ ഉദ്ദേശിക്കുന്നത്.

മി: കെ. ജാജ്ജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): സാധാരണ കൃഷിവായ്പകൾക്കായി മുമ്പിൽത്തന്നെ അനുവദിച്ചിട്ടുള്ളതായിക്കുന്ന രണ്ടുലക്ഷത്തിനോടുകൂടി കൂടുതലായി ൩൦,൦൦൦ രൂപാകൂടെ അനുവദിച്ചിട്ടുണ്ട്.

മി: കെ. പി. തീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഇപ്പോഴത്തെ അനുവദിച്ചിട്ടുള്ള വായ്പകൾ തിരിയ്ക്കുടുക്കുന്നകാര്യത്തിൽ വല്ല അസൗകര്യമായ ഏർപ്പാടുകളും അനുവദിച്ചിട്ടുണ്ടോ?

മി: കെ. ജാജ്ജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): റവന്യൂഡിപ്പാർട്ടുമെന്റിനു തിരിയ്ക്കുടുക്കുന്നതിനുള്ള വ്യവസ്ഥകൾ എളുപ്പവും അസൗകര്യപ്രദവുമാക്കണമെന്നാണ് ഞാൻ വിചാരിക്കുന്നത്. അതു റവന്യൂഡിപ്പാർട്ടുമെന്റുകാരും മാത്രം നിയന്ത്രിക്കപ്പെട്ടിരിക്കുന്നതു നല്ല സംഗതിയാണ്.

മി: ടി. സി. കേശവപിള്ള (കൽക്കുളം-വിളവംകോട്): പണം തിരിയ്ക്കുടുക്കുമ്പോൾ അവർക്കു എന്തെങ്കിലും കൺസെഷൻ കൊടുത്തിട്ടുണ്ടോ?

മി: കെ. ജോർജ് (ഗവണ്മെൻറ് ചീഫ് സെക്രട്ടറി): മേശപ്പുറത്ത് കയറുചെയ്യുന്നു എന്നു പറയാൻ അനുവദിക്കുമെങ്കിൽ അതിനേപ്പറ്റിയും ഞാൻ പറയാം.

ഇതിനുമുമ്പും മിവാൻജി അവർകൾ കഴിഞ്ഞ അസംബ്ലിയിൽചെയ്ത വാഗ്ദാനങ്ങളിൽ ഒന്നു നിറവേറ്റപ്പെട്ടിരിക്കുന്നു.

ഇടിയാരുവാഗ്ദാനം ചെയ്തിട്ടുണ്ട്, ഇക്കാലത്തുള്ള സാമ്പത്തികമായ അവസ്ഥകളെപ്പറ്റി അന്വേഷണം നടത്തി റിപ്പോർട്ടുചെയ്യുന്നതിനായി ഒരു കമ്മിറ്റിയുടെ നിയമനം ആയിരുന്നു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ദൈവകൃത്തിയുള്ള ഒരു മനുഷ്യരായ വിദഗ്ധന്മാർക്കുപോലും ഇപ്പോഴത്തെ കാലാവസ്ഥയുടെ കാരണങ്ങൾ അറിയാൻപാടില്ലാതെയും ക്ഷാമത്തിന്റെ യഥാർത്ഥമായ കാരണങ്ങളെ കണ്ടുപിടിക്കുന്നതിനു മുമ്പുതന്നെയുള്ള വിദഗ്ധന്മാർക്കപോലും സാമ്പത്തികമായും ആശ്വാസം ഉണ്ടാകുന്നതിനുവേണ്ടി ഒരു കമ്മിറ്റിയെ നിയമിച്ചിട്ടുള്ളതുകൊണ്ടുള്ള പ്രയോജനമെന്ത്?

മി: കെ. ജോർജ് (ഗവണ്മെൻറ് ചീഫ് സെക്രട്ടറി): വിദഗ്ധന്മാരുടെ പേരിലോ പരിഹാരങ്ങളിലോ നിർദ്ദേശങ്ങളിലോ കഴിവില്ലെന്നു ഞാൻ പറഞ്ഞിട്ടില്ല. യഥാർത്ഥമായ കാരണമാണ് അറിവില്ലാത്തതു്. പരിഹാരങ്ങളും നിർദ്ദേശിക്കുന്നതിനു പലർക്കുംകഴിവുണ്ട്. ഇന്നുതന്നെ ഇവിടെ ഈ സഭയിൽ അനേകപരിഹാരങ്ങളും നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്. കേന്ദ്രസർക്കാരിന്റെ വിദഗ്ധന്മാരുടെ ഉപദേശങ്ങളും അനുസരിച്ചു നടത്തിയാലും പൂർവ്വസ്ഥിതിയിലും പൂർവ്വതീരുമാനമായി പ്രാപിക്കുന്നതിനു സാമ്പത്തികമല്ലാത്തമാർഗ്ഗങ്ങളും ഞാൻ നിർദ്ദേശിക്കുന്നു. എങ്കിൽ തീർച്ചയായും ഇപ്പോഴത്തെസ്ഥിതിയിൽനിന്നും ഗുണം പ്രാപിക്കാൻസാധിക്കും.

സർ, ഈ വിഷയത്തിൽ നേരത്തേതന്നെ ചെയ്ത ഏർപ്പാടുകൾ രാജ്യത്തിന്റെ സമ്പൽസമൃദ്ധിയുടെ സ്ഥിതികളെപ്പറ്റി അന്വേഷിച്ചു റിപ്പോർട്ടുചെയ്യുന്നതിനായി ഒരു കമ്മിറ്റി നിയമിക്കുക എന്നുള്ളതായിരുന്നുവെന്നു ഞാൻ ബോധിപ്പിച്ചു. തത്സംബന്ധമായുള്ള ഗവണ്മെൻറിന്റെ അഭിപ്രായങ്ങൾ ഇതാ പുറപ്പാടാരായിരിക്കുന്നു. ഏറ്റിപ്പോയാൽ ഒരു മനുഷ്യവർഗത്തിന്റെ കൂട്ടത്തെ വേണ്ടി വരുകയില്ല. കമ്മിറ്റിയിലെ അംഗങ്ങളായി അവരുടെ കൂടുതലായ സംഗതികളും കൂടെക്കൂട്ടുന്നതിനും കമ്മിറ്റിയിലെ അംഗങ്ങളെയുംപറ്റി ഗവണ്മെൻറിൽനിന്നു ആലോചിച്ചുകൊണ്ടിരിക്കയായിരുന്നു. ഗവണ്മെൻറ് ഉത്തരവു ഇപ്പോൾ തയ്യാറായിരിക്കുന്നു. അതു നടന്നു ഗവണ്മെൻറിൽനിന്നു പ്രസിദ്ധംചെയ്യാൻ സാധിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. ആയതുകൊണ്ട് ഈ കാലാവസ്ഥയെപ്പറ്റിയും അതിന്റെ ഗൌരവത്തെപ്പറ്റിയും ഗവണ്മെൻറിൽനിന്നു അശ്രദ്ധയാകുന്നുണ്ടെന്നു ചെളിപ്പാക്കുന്നു.

മി: എ. എസ്സ്. ഓമോഹൻ ആശാൻ (മാവേലിക്കര-കാഞ്ഞിക്കപ്പുള്ളി): ഗവണ്മെൻറിൽനിന്നു ഈ രണ്ടുസംഗതികൾമാത്രമെ ചെയ്തിട്ടുള്ളോ?,

മി: കെ. ജോർജ് (ഗവണ്മെൻറ് ചീഫ് സെക്രട്ടറി): മിവാൻജിഅവർകൾ വാഗ്ദാനംചെയ്തിരുന്നതായ തൽക്ഷണ നടപടികൾ ഇവരണ്ടുമാണ്.

മി: എ. എസ്സ്. ഓമോഹൻ ആശാൻ (മാവേലിക്കര-കാഞ്ഞിക്കപ്പുള്ളി): തൽക്കാലത്തെ സങ്കടങ്ങളെ പരിഹരിക്കുന്നതിനു വേണ്ടകാര്യങ്ങളും ചെയ്യുന്നതു ഈ ഗവണ്മെൻറ് തന്നെയാണെന്നു മിവാൻജി അവർകൾ അസംബ്ലിയിൽ പ്രസ്താപിക്കയുണ്ടായല്ലൊ, അസംബ്ലിയിൽചെയ്ത ആ നിവേദനത്തിനു അല്പം അഭിനയമായാണ് മറുപടിപറഞ്ഞത്. ഇക്കാര്യത്തിൽ ഗവണ്മെൻറിൽനിന്നു വേറെ എന്തെങ്കിലും നടത്തീട്ടുണ്ടോ എന്നു അറിഞ്ഞാൽകൊള്ളാമായിരുന്നു?

മി: കെ. ജോർജ് (ഗവണ്മെൻറ് ചീഫ് സെക്രട്ടറി): ഈ വിഷയത്തിൽ ഗവണ്മെൻറിൽനിന്നു വേറെ എന്തെങ്കിലും നടത്തിട്ടുണ്ടെന്നു എനിക്കു പറയുവാൻ സാധ്യമല്ല. പൊതുജനങ്ങളിൽനിന്നു ചില നിവേദനങ്ങൾ ഗവണ്മെൻറിലേക്കു കിട്ടീട്ടുണ്ട്, അവയിൽ അടങ്ങിയിരിക്കുന്ന അഭിപ്രായങ്ങളെ ശ്രദ്ധാപൂർവ്വം ആലോചിക്കുകയാണ് ഗവണ്മെൻറിൽനിന്നു ചെയ്യുന്നതു.

അസംബ്ലിയിലെ ഏതാനും മെംബറന്മാർ മിവാൻജിക്കുകൊടുത്ത ഒരു നിവേദനത്തിനെ അനുമോദിയിലിനെപ്പറ്റി ഞാൻ പറയാം. മെമ്മോറിയൽകൊടുത്തവർ സാമ്പത്തികമായുപേക്ഷിതന്മാരായിരിക്കുന്നതിനെക്കുറിച്ചു ഗവണ്മെൻറിന്റെ ശ്രദ്ധയെ ക്ഷണിക്കുകയും അവയെ പരിഹരിക്കുന്നതിനു വേണ്ടതായ ചില കാര്യങ്ങളെപ്പറ്റി അഭിപ്രായപ്പെടുകയും ചെയ്തിട്ടുണ്ട്. ആ അഭിപ്രായമെന്തുമാത്രമാണെന്നു ഞാൻ പുകക്കുമായി പറയേണ്ടതാണ്. അനേക അഭിപ്രായങ്ങൾ അതിൽ പുറപ്പെടുവിച്ചിരുന്നുവെന്നുള്ളതു വാസ്തവംതന്നെ. മെമ്മോറിയൽ ഗവണ്മെൻറിലേക്കു കൊടുത്തതു മാത്രം കഥ-നെ-യാണ്. അനേക അഭിപ്രായങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളതിൽ ഒന്നു ദൃഢീകരിച്ചു മുമ്പോട്ടു ചെയ്തുകൊടുക്കണമെന്നുള്ളതാണ്. സ്ഥിരവും അവധാനവുമായ ഒരു പരിഹാരം ഏർപ്പെടുത്തുന്നതിനു് ഗവണ്മെൻറിലേക്കു സാധ്യമല്ലാത്തതുകൊണ്ടു, ഈ അഭിപ്രായപ്രകാരം നടത്തുകയാണെങ്കിൽ ഉടനെ സങ്കടപരിഹാരമുണ്ടാകുമെന്നാണു മെമ്മോറിയൽകൊടുത്തവരുടെ വിശ്വാസം.

വേറൊരഭിപ്രായം, കയറ്റുമതിച്ചുങ്കം പൂർത്തുപ്പെടുത്തുന്നതായ തന്നാട്ടുസാധനങ്ങൾക്കു നിശ്ചയിച്ചിട്ടുള്ള താരിപ്പു വിലകൾ കുറയ്ക്കണമെന്നുള്ളതാണ് മൂന്നാമതൊരഭിപ്രായമുള്ളതു. പൊതുജനത്തുവേലകൾക്കു ഗവണ്മെൻറിൽനിന്നു കൂടുതൽ പണം ചിലവുചെയ്യണം, എന്നുള്ളതായിരുന്നു,

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഗവണ്മെൻറിൽനിന്നു ഇതിലേതെങ്കിലുമഭിപ്രായങ്ങളെപ്പറ്റി ആലോചിച്ചിട്ടുണ്ടോ എന്നും അവയിൽ ഏതിനെയെങ്കിലും പറ്റിതീരുമാനിച്ചിട്ടുണ്ടോ എന്നും, പണ്ഡിതനായ ചീഫ് സെക്രട്ടറി എന്നെ അറിയിക്കുമോ?

മി: കെ. ജോർജ് (ഗവണ്മെൻറ് ചീഫ് സെക്രട്ടറി): അവയെപ്പറ്റി പല്ലും ആലോചിച്ചു വരുന്നു.

പോരാത്തഭിപ്രായം, ന്യൂപത്തുജാമ്യബാങ്കിന്റെ സ്ഥാപനമാണ്. ഇനിയൊന്നു, രാജകീയവൃക്ഷങ്ങളിന്മേലുള്ള കരിവില കൊടുക്കണമെന്നുള്ളതായിരുന്നു. മേൽപ്പറഞ്ഞഅഭിപ്രായങ്ങളനുസരിച്ചു നടത്തുകയാണെങ്കിൽ, ജനങ്ങൾക്കു ഉടനെ സങ്കടപരിഹാരം സിദ്ധിക്കുന്നതാണെന്നുപറഞ്ഞു മെമ്മോറിയലിനെ അവസാനിപ്പിക്കയും ചെയ്തിരുന്നു.

മി: ശ്രീ. കേശവപിള്ള (കൊട്ടാരക്കര-കുന്നത്തൂർ): കൊച്ചിഗവണ്മെന്റിൽ നിന്ന്, ഇപ്പോൾ ടൈപ്പുമരാത്തോവേലകൾക്കുള്ള ചിലവുകൾ കുറച്ചിട്ടുണ്ടെന്നുള്ളത് ചീഫ്സിക്രട്ടറിക്കറിവുണ്ടോ?

മി: കെ. ജാർജ് (ഗവണ്മെന്റ് ചീഫ്സിക്രട്ടറി): എനിക്കറിഞ്ഞുകൂടാ.

മി: എ. എസ്സ്. മോമോദരൻ തമ്പാൻ (മാവേലിക്കരയും-കാഞ്ഞിരപ്പള്ളിയും): ഫാറം വേണ്ട കോണ്സിലിൽ നിന്നും ബഡ്ഡറിൽ ഉൾപ്പെടുത്തിയിട്ടുള്ളവരുടെ ഇടം ടൈപ്പുകൾ നടത്തുന്നതിന് ചീഫ് ഇഞ്ചിനീയർക്ക് ഗവണ്മെന്റിൽ നിന്നും ഒരു സർക്കുലർ അയച്ചിട്ടുണ്ടെന്നുള്ള കേരവിക്ക വല്ല അറിഞ്ഞാതവും ഉണ്ടോ?

ശ്രീ: കെ: ജാർജ് (ഗവണ്മെന്റ് ചീഫ്സിക്രട്ടറി): മുതലെടുപ്പിൽ വലുതായകാവു വന്നേയ്യാമെന്നുള്ള യോ ഗവണ്മെന്റോ ഇല്ല. അതിനെ മാത്രിട്ട്, നിവൃത്തിയുള്ളേടത്തോളം ചിലവു കുറയ്ക്കണമെന്ന് ചീഫ് ഇഞ്ചിനീയറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

മി: എ. എസ്സ്. മോമോദരൻ തമ്പാൻ (മാവേലിക്കരയും-കാഞ്ഞിരപ്പള്ളിയും): വേലകൾ ഇടക്കിടെ ചീഫ് ഇഞ്ചിനീയരോട് പറഞ്ഞിട്ടുണ്ടോ?

മി: കെ. ജാർജ് (ഗവണ്മെന്റ് ചീഫ് സിക്രട്ടറി): ഇപ്പോഞ്ചിലേക്ക് ആ ഡിപ്പാർട്ടുമെന്റിൽ എസ്റ്റിമേറ്റുകൾ ഇല്ലാത്തതുകൊണ്ട് വേലകൾ ഇടക്കിടെ നടത്തുന്നതിനെപ്പറ്റി എസ്റ്റിമേറ്റുകൾക്കുമുമ്പാണ് മിക്കവാറും ബഡ്ഡറിൽ ഇടകൾ തയ്യാറാക്കപ്പെടുന്നതെന്നുള്ളതാണ് അതിനു കാരണം. ഇപ്പോൾ ചിലവുചെയ്യുന്നില്ലായെന്നു പറഞ്ഞിട്ടുള്ള മിക്ക വേലകളെ സംബന്ധിച്ചും എസ്റ്റിമേറ്റുകൾ തയ്യാറായിട്ടില്ലാത്തവയാണ്.

മി: എ. എസ്സ്. മോമോദരൻ തമ്പാൻ (മാവേലിക്കരയും-കാഞ്ഞിരപ്പള്ളിയും): വേലകൾ യഥാകാലം നടത്തുന്നതിനുവേണ്ടി ചീഫ് ഇഞ്ചിനീയർക്ക് ഒരു വേളയുടെ അധികാരങ്ങൾ കൊടുക്കുന്നതായി തീർന്നായിരിക്കാം?

മി: ശ്രീ. കേശവപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): കൊല്ലം ഡിവിഷനിൽ മാത്രം പൊളിമാറ്റുന്ന വേലകളിൽ, 5 0 0 0 രൂപയിലധികമുണ്ടെന്നുള്ളതു നേരാണോ?

മി: കെ. ജാർജ് (ഗവണ്മെന്റ് ചീഫ്സിക്രട്ടറി): അതിനെ മറുപടിപറയുകവണ്ണമുള്ള കാര്യങ്ങൾ ഇപ്പോൾ എന്റെപക്കൽ ഇല്ല.

ശ്രീ. ഗോപാലൻതിന്റെ പക്കൽ ഉള്ളതാണെങ്കിൽ അതിനെപ്പറ്റി ആക്ഷേപത്തിനു സമാധാനംപറഞ്ഞു തരുമോ—

മി: ഏ. താണുപിള്ള (തിരുവനന്തപുരം): ഗവണ്മെന്റിൽനിന്നു പ്രവൃത്തിക്കുത്തരവുണ്ടായുള്ള വിധത്തിൽ, കാലാവസ്ഥ അനുകൂലമായിട്ടുള്ളതാണെന്നു, ഗവണ്മെന്റിലേക്ക അറിവുകിട്ടിയതു, എപ്പോഴാണെന്നു പറയുമോ?

മി: കെ. ജാർജ് (ഗവണ്മെന്റ് ചീഫ്സിക്രട്ടറി): കുറച്ചുകാലംമുമ്പു- കുറെമാസങ്ങൾക്കുമുമ്പ്.

മി: ഏ. താണുപിള്ള (തിരുവനന്തപുരം): ഏതുമാസം?

മി: കെ. ജാർജ് (ഗവണ്മെന്റ് ചീഫ് സിക്രട്ടറി): ഏതുമാസമെന്നു ഇപ്പോൾ തന്നെപറയുവാൻ നിവൃത്തിയില്ല.

മി: ഏ. താണുപിള്ള (തിരുവനന്തപുരം): ഗവണ്മെന്റിന്റെപക്കൽ കാണ്മിവിളംബം ഇല്ലെന്നുള്ളതു ചീഫ്സിക്രട്ടറിക്ക് വിശ്വാസമാണോ? കാലാവസ്ഥയെപ്പറ്റിയുള്ള അറിവു ഗവണ്മെന്റിനു എപ്പോൾ കിട്ടിയെന്നു തിരിക്കറിവാൻ സാല്പര്യമുണ്ടോ?

മി: കെ. ജാർജ് (ഗവണ്മെന്റ് ചീഫ്സിക്രട്ടറി): അല്പനിമിഷങ്ങൾക്കുമുമ്പു ഞാൻ അതു പറഞ്ഞല്ലോ, സാധാരണസംഭാഷണങ്ങളുടെ വിഷയത്തിൽ പ്രധാനമായുള്ള കാര്യവുമല്ലോ ഏതാനുംമാസങ്ങൾക്കുമുമ്പാണെന്നാണ്.

മി: ഏ. താണുപിള്ള (തിരുവനന്തപുരം): ഏതാനുംമാസങ്ങൾക്കുമുമ്പു, എന്നുള്ളതു ഒരു അനിശ്ചിതമായിരിക്കണ്ടേ. അഞ്ചുമാസമാണോ?

മി: കെ. ജാർജ് (ഗവണ്മെന്റ് ചീഫ്സിക്രട്ടറി): ഫാറം ധനവിഭാഗമാണ് അതു പ്രത്യേകമായി ഗവണ്മെന്റിനാൽ ഒഴിയിൽവരുത്തിയതു.

മി: ഏ. താണുപിള്ള (തിരുവനന്തപുരം): എന്റെ ചോദ്യംവിശദമായിട്ടുള്ള തന്നാണു. അവരുടെ നടപടിയെ അർഹിക്കത്തക്കവണ്ണം കാലാവസ്ഥ അനുകൂലമായിട്ടുള്ളതാണെന്ന ഗവണ്മെന്റിനു അറിവുകിട്ടിയതു എപ്പോഴാണ്?

കാണ്മിവിളംബം എന്നുള്ളതിനെപ്പറ്റിമാത്രമാണ് ചോദ്യപ്പെട്ടതു.

ഡപ്യൂട്ടിസ്പീക്കർ: നിങ്ങളുടെ ചോദ്യം വിശദമായിട്ടുള്ളതാണ്. ഉത്തരം, ധനവൈന്നോ, മരാമത്തെന്നോ, കംപ്രമെന്നോ, വ്യവസായമെന്നോ, ഉള്ളവിധത്തിൽ പറയാൻ നിവൃത്തിയില്ലായിരിക്കും.

മി: കെ. ജാർജ് (ഗവണ്മെന്റ് ചീഫ്സിക്രട്ടറി): കാലാവസ്ഥ ക്രമേണയാണ് അധ്യപതിച്ചുകൊണ്ടുവന്നതു, വിലകൊടുത്തിരിക്കുന്നുവന്നതു.

മി: ഏ. താണുപിള്ള (തിരുവനന്തപുരം): ഈ സംഗതിയിൽ നടപടിനടത്തണമെന്ന ഗവണ്മെന്റിൽനിന്നു തീരുമാനിച്ചതു, എന്നാണെന്നുപറയുമോ?

മി: ടി. സി. കേശവപിള്ള (കുന്നുകളം-വിളവങ്കോട്): നടപടിക്രമത്തിനേപ്പറ്റിഞാൻ ചോദ്യപ്പെട്ടതു. ഇതു സംബന്ധപ്പെട്ട ഒരു സംഗതിയല്ല.

മി: ഏ. എസ്സ്. മോമോദരൻ തമ്പാൻ (മാവേലിക്കരയും-കാഞ്ഞിരപ്പള്ളിയും): ഈ സമ്പത്തികാധ്യയനം കഴിഞ്ഞ മൂന്നു മാസകാലമായി ഉണ്ടു എന്ന ഇന്നലെ മി: പരമേശ്വരൻപിള്ള പറഞ്ഞതിനെപ്പറ്റി, പണ്ഡിതനായ ചീഫ്സിക്രട്ടറി യോജിക്കുന്നുണ്ടോ?

മി: കെ. ജാർജ് (ഗവണ്മെന്റ് സിക്രട്ടറി): സാമ്പത്തികായധ്യയനമെന്നതു, ക്രമേണ അധ്യപതിച്ചുകൊണ്ടുവന്ന, കാര്യമാണ്.

ഡെപ്യൂട്ടിപ്രസിഡൻറ്: കാലോചിതമായുള്ള അധ്വാനത്തെപ്പറ്റിയല്ലേ ഇപ്പോൾ ചീഫ് സിക്രട്ടറി പറയുന്നത്?

മി: ഏ. താണുപിള്ള (തിരുവനന്തപുരം): ഈ സംഗതിയിൽ പ്രവർത്തിക്കുന്നതിനു ഗവണ്മെൻറിൽ നിന്നു തീരുമാനിച്ചതു എപ്പോൾ എന്നു എന്നെ അറിയിക്കുമോ? നടപടിനടത്താൻ ഗവണ്മെൻറിൽനിന്നു തീരുമാനിച്ചു മാസങ്ങളായെന്നുകിലും ചീഫ്സിക്രട്ടറി പറയുമോ?

മി: കെ. ജാർജ് (ഗവണ്മെൻറ് ചീഫ്സിക്രട്ടറി): ഈ സാമ്പത്തികാധ്വാനത്തെപ്പറ്റി ഗവൺമെൻറ് കാര്യത്തിൽ കുറേക്കാലത്തേക്കു പ്രത്യേകമായുള്ള അധ്വാനമാണു ഉണ്ടായിരുന്നതെന്നുള്ളതു്. തിരുവിതാംകൂറിൽ സാമ്പത്തികാധ്വാനം കടന്നുകൂടിയിട്ടുള്ളതല്ല ഇതു ആദ്യമായിട്ടല്ല. എല്ലാം വേഗത്തിൽ തീരുമാനമാകുമെന്നായിരുന്നു വിശ്വാസം.

മി: ഏ. താണുപിള്ള (തിരുവനന്തപുരം): എന്തെങ്കിലും പ്രവർത്തിക്കണമെന്നു ഗവണ്മെൻറിൽനിന്നു തീരുമാനിച്ചതു ഒരു പ്രത്യേക കമ്മീഷനാണോ. ഫിനാൻസ്സിൽനിന്നു ഒരു പ്രത്യേകതീയ്യതിയിൽ വിവരങ്ങളും ഉത്തരവു ചെയ്തിരിക്കണം. ആ തീയ്യതി അറിയണമെന്നാണു എൻറെ താല്പര്യം.

മി: കെ. ജാർജ് (ഗവണ്മെൻറ് ചീഫ്സിക്രട്ടറി): അസംബ്ലി ഉടനടുത്തതിനു ഉടൻമുമ്പായിരിക്കണം, അല്ലേ.

മി: എൻ. കെ. ഭട്ടതിരിപ്പാട് (തൃശ്ശൂർ നോർത്ത്): ഒരു കമ്മീഷനെ നിയമിക്കുക എന്നതിനെ സംബന്ധിച്ചു അഭിപ്രായത്തിനെക്കുറിച്ചു എന്തുപറയുന്നു?

ഡെപ്യൂട്ടിപ്രസിഡൻറ്: അനേകം അഭിപ്രായങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളതിൽ ഒന്നു അതാണ്. മി: ജാർജ് നിങ്ങൾക്കു ഇനി ഒരു മിനിട്ടുള്ളിടെ സംസാരിക്കാം.

മി: കെ. ജാർജ് (ഗവണ്മെൻറ് ചീഫ്സിക്രട്ടറി): സർ, ടിയാൻ ജനപ്രതിനിധികളോട് ചെയ്ത അപ്പീൽ സ്ഥാനത്തിൽ പുറപ്പെടുവിച്ചിട്ടുള്ള പല അഭിപ്രായങ്ങളേപ്പറ്റിയുമാണ് ഞാൻ പറഞ്ഞു വന്നത്.

മി: ടി. സി. കേശവപിള്ള (കൽക്കുളം-വിളവംകോടു): അല്പം കൂടുതൽ സമയം അനുവദിക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു.

ഡെപ്യൂട്ടിപ്രസിഡൻറ്: അതിനു എനിക്കധികാരമില്ല.

മി: കെ. ജാർജ് (ഗവണ്മെൻറ് ചീഫ്സിക്രട്ടറി): ഈ കാലാവസ്ഥയെ പരിഹരിക്കുന്നതിനായി അനേകം അഭിപ്രായങ്ങളും പുറപ്പെടുവിക്കപ്പെട്ടിട്ടുണ്ടു. അവയിൽ ചിലതു യഥാർത്ഥത്തിൽ വളരെ ഗൗരവമേറിയതുമാണു, ഉദാഹരണത്തിനു, ഉസ്രായേൽ ജനതയുടെ അഭിപ്രായം, ഒട്ടാവ് ഏജൻറന്മാരുടെ നിയമനത്തെപ്പറ്റിയുള്ള അഭിപ്രായം, ഇവയെല്ലാം വളരെ മഹത്തായിട്ടുള്ളവയും, ഗവണ്മെൻറിനെ അതിയായ വ്യഗ്രതയും ആയ ശ്രദ്ധയെ ആകർഷിക്കത്തക്കവയും, ആണ്. പക്ഷേ, എനിക്കൊരു ഭയമേ ഉള്ളൂ. ഇതുപോലുള്ള ഒരു കാര്യത്തിൽ, അതുകൊണ്ടെന്നും ഉടനടി ഗുണം സിദ്ധിക്കുന്നില്ല. ഉദാഹരണത്തിനു ഒരു ഉസായുള്ള ജാതിബഹിഷ്കരിക്കപ്പെടുന്നുകയെന്നുള്ളതു ഒരു ദിവസംകൊണ്ടു സാധിക്കാവുന്ന ഒരു സംഗതിയല്ല.

ഡെപ്യൂട്ടിപ്രസിഡൻറ്: സമയം തീർന്നുപോയി പ്രമേയം അവസാനിച്ചിരിക്കുന്നു. ചട്ടപ്രകാരം എനിക്കധികാരമുണ്ടായിരുന്നെങ്കിൽ, ഞാൻ സമയം നീട്ടുമായിരുന്നു പക്ഷേ, നിർഭാഗ്യവശാൽ അതില്ല. "അതിനു മുമ്പിൽതന്നെ അവസാനിച്ചിട്ടില്ലെങ്കിൽ, ഒരു നാണം സ്വയമേവ അവസാനിക്കുന്നതും വരെയും വോട്ടിനിടാവുന്നതും അല്ല" എന്നാണ് നിയമം കാണുന്നതു:

ഇപ്പോൾ സഭ അവസാനിപ്പിച്ചു വീണ്ടും തിയ്യതി ഏഴു മണിക്കു വീണ്ടും കൂടുന്നതും ആണ്.

ഉച്ചതിരിഞ്ഞു 1-നു സഭ വീണ്ടും കൂടി.

സി. ഒ. മാധവൻ
ലെജിസ്ലേറീവ് കൌൺസിൽ സിക്രട്ടറി.

അനുബന്ധം i.

ലെജിസ്ലേറീവ് കൌൺസിൽ സ്റ്റാൻഡിംഗ് ആർഡറുകളിൽ ഒന്നാം നമ്പർ സ്റ്റാൻറിംഗ് ആർഡറിനെ മി: ഏ. എസ്സ്. മാരാമൊമനാശനെ ഭേദഗതി.

(കൌൺസിലിൽ തീരുമാനിച്ചപ്രകാരം)

ഒന്നാം നമ്പർ സ്റ്റാൻറിംഗ് ആർഡറിൽ കാണുന്ന വാക്കിനു പിന്നീടു "വ്യക്തമായി" എന്നവാക്കിനു മുമ്പിലും, "അല്ല" എന്ന വാക്കിനു പകരം "ഒന്നു" എന്നവാക്കു ചേർക്കണം.

ഭേദഗതിയുടെ പ്രകാരം സ്റ്റാൻറിംഗ് ആർഡർ ഇപ്രകാരമായിരിക്കും:—

ഒന്നു, ഡിമാൻറിനെപ്പറ്റി ആലോചനക്കെടുക്കുന്നതായ തീയ്യതിയ്ക്കു വ്യക്തമായി മുന്നു ദിവസങ്ങൾക്കു മുമ്പുതന്നെ ഒരു ഗ്രാൻറ് എടുത്തുകളയുന്നതിനോ കുറയ്ക്കുന്നതിനോ ഉള്ളപ്രമേയത്തെപ്പറ്റി നോട്ടീസു കൊടുത്തിട്ടില്ലെങ്കിൽ, ആപ്രമേയം അവതരിപ്പിക്കുന്നതിനെപ്പറ്റി ഏതൊരംഗത്തിനും അപേക്ഷിക്കാവുന്നതും പ്രസിഡൻറിനു സ്റ്റാൻറിംഗ് ആർഡറിനെ ഒഴിച്ചു നിർത്താനുള്ള അധികാരം ഉപയോഗിച്ചു, ആ പ്രമേയം അവതരിപ്പിക്കുവാൻ അനുവദിച്ചിട്ടില്ലാത്തപക്ഷം, അങ്ങിനെയുള്ള അപേക്ഷയെ നിഷേധിക്കുന്നതും ആകുന്നു :—

(കീഴ് വരയിട്ടിട്ടുള്ളവാക്കുകൾ ഭേദഗതിയാൽ ചേർക്കപ്പെട്ടിട്ടുള്ളതാണ്)

ഫ്രാർകെച്ചേരി
തിരുവനന്തപുരം
ഫിനാൻസ് മിസ്സിൽ നാലാം നം-

സി. ഒ. മാധവൻ,
നിയമസഭാസിക്രട്ടറി.

അനുബന്ധം ii.

ആർ. ഒ. സി. നമ്പർ ക്ലസ്സ്/നം ൦/ചെങ്കിസ്

തരപ്പെടുത്തുന്നതിനു ക്രമപരിപ്പിക്കുന്നതിനു ക്രൻനം ഡിസമ്പർ ക്ലൃ ാംനം ഇട്ടിയ നിയമനാ ധികാരത്തിൽ ബഹുമാനം നടപ്പിയിരിക്കുന്നു.

ഹുസൂർകചേരി,
തിരുവനന്തപുരം
ക്രൻനു- മർത്ത്വ ക്രാനം-

സി. കെ. മാധവൻ
നിയമനിർമ്മാണസഭാംഗം.

തിരുവിതാംകൂർ രാജ്യത്തിൽ.

തിരുവിതാംകൂർ രാജ്യത്തിലെ അംഗങ്ങളായിരിക്കുകയും ക്ഷത്രിയരുടെ വിവാഹത്തെയും പിൻതുടർച്ചാവകാശത്തെയും ജന്മിമാരെയും തറവാട്ടമ്മത്തനത്തെയും സംരക്ഷണത്തെയും സംബന്ധിച്ചു നിയമത്തെ നിർവചിക്കുകയും ഭേദപ്പെടുത്തുകയും ചെയ്യുന്നതു യുക്തമായിരിക്കുകയാൽ, ഇതിനാൽ നിയമപ്പെടുത്തുന്നതെന്നാൽ:—

പീഠിക.

അദ്ധ്യായം ക.

പ്രാരംഭം.

ക. (ക) ഈ റഗുലേഷനെ ——മാണ്ടത്തെ തിരുവിതാംകൂർ

ചുരുക്കപ്പേരും ആ ക്ഷത്രിയറഗുലേഷൻ പ്രാബല്യത്തിൽ വരുന്നതും.

രേഖയും.

(ഖ) ഇതു ——മാണ്ടു ——മാസം—— ——ാംനു നടപ്പിൽ വരുന്നതാകുന്നു.

(ന) ഇതു തിരുവിതാംകൂർ രാജകുടുംബങ്ങളിലുള്ളവർക്കു, തിരുവിതാംകൂറിലെ നാട്ടുകാരായിത്തീർന്നിട്ടുള്ള ക്ഷത്രിയന്മാരായ ഗൃഹസ്ഥന്മാരെയും, തിരുവിതാംകൂറിലെ നാട്ടുകാരായിത്തീർന്നിട്ടുള്ള ക്ഷത്രിയന്മാരുമായി വിവാഹബന്ധമുള്ളവരെ മേൽ ഉണ്ടാകുന്നവരായ അങ്ങനെ നാട്ടുകാരായിത്തീർന്നിട്ടില്ലാത്തക്ഷത്രിയന്മാരെയും, അങ്ങനെ നാട്ടുകാരായിത്തീർന്നിട്ടുള്ളവരായ അല്ലാത്തവരായ ആ ക്ഷത്രിയന്മാരല്ലാത്തവരെയും, ഗവൺമെന്റ് ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിലും ഈ റഗുലേഷൻപ്രകാരം വ്യവസ്ഥചെയ്തിരിക്കുന്ന രീതിയിലും ഈ റഗുലേഷനെ ഗവൺമെൻറ് സംബന്ധിപ്പിക്കുന്ന മറ്റുസമുദായങ്ങളിലും സംബന്ധിക്കുന്നതാകുന്നു.

സംബന്ധിപ്പിക്കൽ.

ക. ഈ റഗുലേഷനിൽ വിഷയത്തിനോ സന്ദർഭത്തിനോ വിരുദ്ധമായി അർത്ഥവിവരണം. യാതൊന്നുമില്ലാത്തപക്ഷം:—

(ക) "ക്ഷത്രിയൻ" എന്നതിൽ കോയിത്തമ്പുരാക്കന്മാരും, രാജാക്കന്മാരും, തമ്പാന്മാരും, പണ്ടാരത്തിലുള്ളവരും തിരുമുല്പാടന്മാരും, ക്ഷത്രിയർ എന്നു് അറിയപ്പെട്ടുവരുന്നവരായി ഗണിക്കപ്പെട്ടിട്ടുള്ളവരെന്നു കരുതിപ്പോരുന്നതായ മറ്റുള്ളവരും ഉൾപ്പെടുന്നതാകുന്നു.

(ഖ) "മുഖമക്കത്തായം" എന്നാൽ പിതൃപരമ്പരയായി പുരുഷൻവഴിക്കു തുടർന്നു വരുന്ന ദായക്രമം (മുതലവകാശക്രമം) എന്നർത്ഥമാകുന്നു.

(ന) "ഒരു സ്ത്രീയുടെ തായ്വഴി" എന്നാൽ ആ സ്ത്രീയും അവളിൽനിന്നു സ്ത്രീവഴിക്കുണ്ടാകുന്ന എല്ലാസന്തതിപരമ്പരകളും ഉൾപ്പെട്ട ആളുകളോ അങ്ങനെയുള്ളവരിൽ ജീവിച്ചിരിപ്പുള്ള ആളുകളിലോ ചേർന്ന ഒരു സംഘമാകുന്നു.

(ഘ) "ഒരു പുരുഷന്റെ തായ്വഴി" എന്നാൽ അയാളുടെ അമ്മയുടെ തായ്വഴിയാകുന്നു.

(ങ) "മുഖതായ്വഴികൾ" എന്നാൽ പൊതുപൂർവ്വികയിൽ നിന്നുണ്ടായ സന്താനങ്ങളിലൊരിക്കലും മേലോട്ടോ കീഴ്പ്പോട്ടോ നേർവഴിക്കുള്ള തലമുറയിൽപെടാത്ത സ്ത്രീകളുടെ തായ്വഴികളാകുന്നു.

(ച) "തറവാട്" എന്നാൽ പൊതുസ്വത്തിനു അവകാശികളായി ഒരു മുഖമക്കത്തായകുടുംബത്തിൽപ്പെട്ട എല്ലാ അംഗങ്ങളും എന്നർത്ഥമാകുന്നതും അതിൽ ആ അംഗങ്ങൾ ഉൾപ്പെട്ടുന്നതുമാകുന്നു.

(ഛ) "കാരണവൻ" എന്നാൽ തറവാട്ടിലെ ദായകസ്ഥാനവും അതിലെ കാര്യങ്ങൾ നടത്തുന്നതിനുള്ള അവകാശവും അതിലെ വസ്തുക്കളുടെ കൈയശവും നിയമത്താൽ സിദ്ധിച്ചിട്ടുള്ള തറവാട്ടിലെ പ്രായം തികഞ്ഞ മുതിർന്ന പുരുഷനെന്നും, അങ്ങനെയുള്ള പുരുഷൻ ഇല്ലാതിരുന്നാൽ, പ്രായംതികഞ്ഞ മുതിർന്ന സ്ത്രീ എന്നും അർത്ഥമാകുന്നു.

(ജ) "അനന്തരവൻ" എന്നാൽ കാരണവൻ ഒഴികെ ഒരു തറവാട്ടിലെ മറ്റേതെങ്കിലും അംഗം എന്നർത്ഥമാകുന്നു.

(ഝ) "മുതിർന്ന അനന്തരവൻ" എന്നാൽ അനുജന്മാരുള്ള തറവാട്ടിലെ കാരണവസ്ഥാനത്തിന് അടുത്ത അവകാശി ആയിരിക്കുന്ന പ്രായം തികഞ്ഞ അനന്തരവൻ എന്നർത്ഥമാകുന്നു.

(ഞ) "മൈനർ" (പ്രായംതികയാത്തയാൾ) എന്നാൽ പതിനെട്ടു വയസ്സു് തികയാത്ത ആൾ എന്നർത്ഥമാകുന്നു.

(ട) "നിർണ്ണയിക്കപ്പെട്ട" എന്നാൽ ഈ റഗുലേഷൻ അനുസരിച്ചു ഗവൺമെന്റുണ്ടാക്കുന്ന ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു.

അദ്ധ്യായം ഖ.

വിവാഹവും വിവാഹമോചനവും.

ക്ഷത്രിയസ്ത്രീകളുടെ ദാമ്പത്യ ബന്ധങ്ങളും സാധുവായ വിവാഹങ്ങളും എന്തൊക്കെയാണ്.

ന. രക്തസംബന്ധത്താൽ നിഷിദ്ധമല്ലാത്തപക്ഷം,

(i) ഒരു ക്ഷത്രിയ പുരുഷനു മാതാവും, അവനു സമാനമായ സമുദായവും ഉള്ളപ്പോൾ അവനുമായുള്ള ദാമ്പത്യ ബന്ധം അനുവദിച്ചിട്ടുള്ള ക്ഷത്രിയനല്ലാത്ത വല്ല പുരുഷനുമായോ,

പുരുഷൻ സ്ത്രീയുടെ കഴുത്തിൽ മാംഗല്യസൂത്രം ബന്ധിച്ചാകട്ടെ സമുദായം അംഗീകരിച്ചിട്ടുള്ള മറ്റേതെങ്കിലും രീതിയിലാകട്ടെ, അതിനുശേഷം മറ്റൊരിടത്താക്കന്നവരായി ജീവിച്ചിരിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി നടത്തിച്ചിട്ടുള്ളതും ഈ രണ്ടുപേർക്കും അതുമുതൽക്കുവേണ്ടി ഒന്നിച്ചു നിന്നുകൊണ്ടിരിക്കുന്ന ആരും, നിന്നുകൊണ്ടിരിക്കുന്ന സമയത്തിനുള്ളിലും വിട്ടുനിൽക്കുന്ന അധികാരമില്ലാതെ പുരുഷനും അതിപ്രധാനമായ ഒരു കാര്യത്തിനുവേണ്ടി സ്ത്രീയുടെ സമ്മതത്തിനുള്ളിലും വിട്ടുനിൽക്കുന്ന അധികാരമില്ലാതെ പുരുഷനും അപ്രകാരം നടത്തിച്ചിട്ടുള്ളതും ആ തീയതിയിൽ നിലവിലിരുന്നതുമായ ഈ ഭേദഗതിയിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതുപോലെ നിയമാനുസൃതമായ കാരണമുണ്ടായിരുന്നുവെന്നു തെളിയിക്കുന്നതിനുള്ള ഭാരം ഏതു കക്ഷിയിലാണോ നിക്ഷിപ്തമായിരുന്നത് ആ കക്ഷിയിൽ നിക്ഷിപ്തമായിരിക്കുന്നതും ആകുന്നു.

എന്നാൽ ഈ വകുപ്പിലെ ഒന്നും തന്നെ വിവാഹമോചനത്തിനുള്ള ഹർജിയിന്മേൽ, പതിനഞ്ചുവയസ്സിനുമുമ്പ് പെൺകുട്ടി പ്രായപൂർത്തിയായതിനുശേഷം സ്ത്രീയുടെമേൽ നടത്തിയ ബന്ധം, അവനോടുള്ള ഇഷ്ടക്കേടോ നിർദ്ദയത്വമോ കൂടാതെ ഉപേക്ഷിക്കുകയോ അതുകൊണ്ടുതന്നെ നടന്നിരിക്കാത്തപക്ഷം സാധുവായ ഒരു വിവാഹമായിരുന്നിട്ടുണ്ടെന്നുള്ള ഉത്തരവിനാധാരമാക്കുന്നതിനു പാടുള്ളതല്ലെന്നും വ്യവസ്ഥ ചെയ്തിട്ടുള്ളതുമാകുന്നു.

വിവാഹമോചനത്തിനുള്ള ഹർജി.

൪. അപ്രകാരമുള്ള വിവാഹത്തിനുശേഷം ഏതെങ്കിലും ഭാഗത്തുനിന്നു ഉണ്ടായിട്ടുള്ള മറ്റേതെങ്കിലും ദുഷ്പ്രവൃത്തിയുടെ പേരിൽ ഭർത്താവിനോ ഭാര്യയ്ക്കോ വേർപിരിയുന്നതിനുള്ള ഹർജി.

(i) ഏതെങ്കിലും ഒരു കക്ഷിയുടെ മരണത്തോടെയോ അല്ലെങ്കിൽ അങ്ങനെ സംഭവിച്ചുവെന്നുള്ള തോന്നിയതിന്റെ ഉടനെത്തന്നെയോ, അല്ലെങ്കിൽ,

(ii) രജിസ്റ്റർചെയ്ത രേഖമൂലം ചുരുക്കപ്പെടുത്തിട്ടുള്ള പരസ്പരസമ്മതത്തോടെയോ, അല്ലെങ്കിൽ,

(iii) താഴെ വ്യവസ്ഥചെയ്തിരിക്കുന്നപ്രകാരം വിവാഹമോചനത്തിനുള്ള മറ്റുപ്രകാരമുള്ള ഒരു ഉത്തരവിനായോ.

൫. സിവിൽകോടതിയുടെ ഏതുഘട്ടത്തിലെങ്കിലും ഏതു ഡിസ്ട്രിക്ട് മജിസ്ട്രേട്ടിന്റെ അധികാരപരിധിയിലെ വിവാഹം നടത്തിയതെന്നോ, അല്ലെങ്കിൽ ഹർജിബോധിപ്പിക്കുന്നയാളോടുകൂടി പ്രതിയായിട്ടെ പാർത്തുകൊണ്ടിരുന്നതെന്നോ തെളിയിക്കപ്പെടുകയോ ആരോപിക്കുകയോ ചെയ്യുന്നപക്ഷം ഏതു മുൻസിപ്പൽ മജിസ്ട്രേട്ടിന്റെ കോടതിയിലെങ്കിലും ഹർജിക്കാരനോ പ്രതിക്കോ (iii) -ാം ഖണ്ഡപ്രകാരം വിവാഹമോചനത്തിനുള്ള ഒരു ഹർജി ബോധിപ്പിക്കാവുന്നതും പ്രതി മരം മറവുകൊണ്ടോ വഴിച്ചാടുചെയ്തുകൊണ്ടോ ചെയ്യുന്നതൊഴിച്ചു മറ്റൊരുവിധത്തിലും ഹർജിബോധിപ്പിക്കുന്ന ആൾ പ്രതിക്കു ന്യായമായും പ്രതിഫലം ഹർജിയിൽ കാണിച്ചിരിക്കേണ്ടതുമാകുന്നു.

വിവാഹമോചനത്തിനുള്ള ഹർജിയുടെ ഒരു പകർപ്പ് ഹർജിബോധിപ്പിക്കുന്നയാൾ സിവിൽകോടതിയിലെ പ്രതിയുടെമേൽ നടപടിനടത്തുന്നതിനുവേണ്ടി വ്യവസ്ഥചെയ്തിട്ടുള്ള പ്രകാരത്തിലും പ്രതിയുടെമേൽ നടത്തേണ്ടതാകുന്നു.

എന്നാൽ പതിനെട്ടുവയസ്സ് പൂർത്തിയാകാത്തപക്ഷം, ഒരു രക്ഷാകർത്താവ് വിവാഹമോചനത്തിനുള്ള അപേക്ഷിക്കാൻ അർഹത ഉണ്ടായിരിക്കുന്നതാണ്.

സന്തതിയുടെപക്ഷം ന്യായമായ പ്രതിഫലം ഇന്നതെന്ന്, ഡിക്രിയിലിരിക്കുന്ന വിവാഹമോചനത്തിനുള്ള ന്യായമായ പ്രതിഫലത്തിനുള്ള കാരണങ്ങളെ ചിന്തിക്കാതെ കക്ഷിയുടെ അന്തസ്സും ഭൂമിയും അവസ്ഥാഭേദങ്ങളും അന്വേഷിച്ചതിനുശേഷം കോടതി തീരുമാനിയ്ക്കേണ്ടതുമാകുന്നു.

വിവാഹമോചനത്തിനുള്ള ഹർജിയുടെ പകർപ്പ് നടപടിനടത്തുന്നതിനും പ്രതിഫലത്തിനും വ്യവസ്ഥചെയ്തിട്ടുള്ള പ്രകാരത്തിലും പ്രതിയുടെമേൽ നടത്തേണ്ടതാകുന്നു.

വിവാഹമോചനത്തിനുള്ള ഉത്തരവു സാക്ഷ്യപ്പെടുത്തുന്നതിനും എപ്പോഴെന്നും എങ്ങനെയെന്നും.

൬. മേല്പറഞ്ഞവിധം ഹർജിപ്രകാരം നടപടിനടത്തിയതിൽപിന്നീട് ആറുമാസത്തിനകത്തു, അതിനിടയ്ക്ക ഹർജി പിൻവലിക്കപ്പെടുകയോ, കോടതി പ്രതിഫലത്തിനായുള്ള നിബന്ധനകൾ നിശ്ചയിച്ചതിനുശേഷം, വിവാഹം മോചിപ്പിക്കപ്പെട്ടിരിക്കുന്നതായി തീരുമാനിക്കുകയോ ചെയ്തിട്ടില്ലെങ്കിൽ പ്രതിയുടെ മുഖം പ്രത്യാപനംചെയ്യേണ്ടതാണ്, അങ്ങനെ പ്രത്യാപനംചെയ്യുന്ന ഉത്തരവിന്മേൽ ഡിക്രിയിന്മേൽ വിവാഹമോചനം നടപ്പിൽവരേണ്ടതുമാകുന്നു.

പ്രതിഫലം കൊടുക്കാൻ വിധിക്കുന്നതിനെ സംബന്ധിച്ചിടത്തോളം ഈ ഉത്തരവു കയ്യൊഴിയുന്നതിനുള്ള അവസ്ഥയിലോ, വിധിപ്രകാരമുള്ള അവകാശപ്പെടുന്ന തുകയിന്മേലോ ഹർജിപ്രകാരമുള്ള നടപടിയിൽ, സിവിൽ നടപടിനിയമപ്രകാരമുള്ള ഒരു ഡിക്രിയെന്നപോലെ നടത്താവുന്നതും അതിനുള്ള അപ്പീൽ ബന്ധിക്കുന്നതുമായിരിക്കും.

ഒരു സ്ത്രീയുടെ മുൻ വിവാഹം നിലനില്ക്കുന്നകാലത്തുള്ള അനന്തര വിവാഹം അസാധുവാകുന്നു.

൭. ഈ വകുപ്പിൻപ്രകാരം വിവാഹമോചനത്തിനുള്ള ഹർജിയിന്മേൽ വിവാഹമോചനത്തിനുള്ള ഉത്തരവിനുമുമ്പ് ഏതുഘട്ടത്തിലും, ഹർജിക്കാരനോ പ്രതിക്കോ ഹർജിയിൽ പറഞ്ഞിട്ടുള്ള കാരണത്തിന്മേൽ വിവാഹമോചനത്തിനുള്ള ഉത്തരവിനായോ, അല്ലെങ്കിൽ ഹർജിയിൽ പറഞ്ഞിട്ടുള്ള കാരണത്തിന്മേൽ വിവാഹം അസാധുവാക്കുന്നതിനുള്ള ഉത്തരവിനായോ അപേക്ഷിക്കുന്നപക്ഷം, കോടതിക്കു തൃപ്തിയാകുന്നതിനുള്ള തെളിവുണ്ടെങ്കിൽ അപ്രകാരമുള്ള ഉത്തരവു കൊടുക്കുന്നതിനുള്ള അധികാരമുണ്ടായിരിക്കുന്നതാണ്.

അദ്ധ്യായം-൨.

രക്ഷാധികാരം.

൫. (൧) മൈനരായ മക്കളുടെ ജേഷ്ഠത്തിന്മേലും പ്രത്യേകസ്വത്തിന്മേലും തീറാവു നിശ്ചയിക്കാൻ ഈ രക്ഷാധികാരിയായിരിക്കുന്നതാകുന്നു.

മൈനരായ മക്കളുടെയും മക്കളുടെയും രക്ഷാധികാരം.

(൨) താഴെപ്പറയുന്ന ആളുകൾ, പേരുചേർത്തിരിക്കുന്ന ക്രമത്തിൽ, തന്റെ ഭാര്യയുടെ ഭർത്താവിന്റെ രക്ഷാധികാരത്തിലിരിക്കുന്ന വിവാഹിതയല്ലാത്ത പുത്രിമാരുടെയും പുത്രന്മാരുടെയും പ്രത്യേകസ്വത്തിന്റെയും നിധിപ്രകാരമുള്ള രക്ഷാധികാരിയായിരിക്കുന്നതാണ്, അതായത്, അമ്മ, സഹോദരൻ, അച്ഛന്റെ മറ്റു മഹോദരന്മാർ, ഭൂതപിതൃപുത്രന്മാരിൽ പെട്ടവരെങ്കിലും അമ്മയുടെ തറവഴിയിലെ പ്രായംതികഞ്ഞ പുരുഷന്മാർ.

എന്നാൽ മൈനരായ കുട്ടികളുടെ അമ്മയുമായുള്ള തന്റെ വിവാഹം നിശ്ചയിച്ചുകഴിഞ്ഞതിനുശേഷമോ അഭാവത്തിൽ അമ്മ മരിച്ചതിനുശേഷമോ മിശ്രഭുപക്ഷം അവരുടെ പേരിൽ കോടതി നിശ്ചയിച്ചിരിക്കുന്നതല്ലാതെ മറ്റാരേയും അവർ അപ്രാപ്തരായിരിക്കുന്നകാലത്തോളം അവരുടെ രക്ഷാധികാരിയായിരിക്കുന്നതല്ല.

(൩) അങ്ങനെയുള്ള മൈനർമാരുടെ താവാട്ടുസ്വത്തിനേയും മേൽവിചാരണയ്ക്കും സംബന്ധിച്ചിടത്തോളം യഥാക്രമം അവരുടെ കാരണവനും തന്റെ കഴിവിലെ പ്രായംതികഞ്ഞ മുതിർന്ന പുരുഷൻ അല്ലെങ്കിൽ അങ്ങനെയുള്ള പുരുഷനില്ലാത്തപക്ഷം മൂത്ത സ്ത്രീയും അവരുടെ രക്ഷാധികാരികളായിരിക്കുന്നതാണ്.

അദ്ധ്യായം ൩

മരണശാസനപ്രകാരമുള്ള പിൻതുടർച്ചാവകാശം.

൬. ഒരു ക്ഷത്രിയനായ തന്റെ സ്വയാർജ്ജിതമോ പ്രത്യേകമോ ആയ സ്വത്തു മുഴുവനും മരണശാസനത്താൽ വിനിയോഗിക്കാവുന്നതും ആ മരണശാസനം നടത്തുവാൻ കഴിവു നടത്തിച്ചുകാരനെയോ നടത്തിപ്പുകാരേയോ നിയമിക്കാവുന്നതുമാകുന്നു, ഈ ഭാഗത്തെ മരണശാസനമെഴുതാനുള്ള അധികാരത്തിന്റെ വ്യാപ്തി. നിർ-ാ രുദ്ധ്യേഷനിയമം ൪-ാം ഭാ-ം ഉപവകുപ്പുകൾ ഇതിനാൽ റദ്ദുചെയ്തിരിക്കുന്നു.

അദ്ധ്യായം—൪.

ഓയക്രമവും മരണശാസനമില്ലാത്തപ്പോൾ പിൻതുടർച്ചാവകാശവും.

൭. ഒരു ക്ഷത്രിയപുരുഷൻ മരിക്കുമ്പോൾ അയാളുടെ വിധവയോ, വിധവമാരോ, മക്കളോ, മരിച്ചുപോയ മക്കളുടെ സന്താനങ്ങളോ, അവർ എല്ലാപേരുമോ ജീവിച്ചിരിക്കുന്നതായാൽ അവർക്കു, അങ്ങനെ മരിച്ചുപോയ ആളിനു മരുമക്കത്തായപ്രകാരം അവകാശികളുള്ള പക്ഷം, അയാളാൽ വിനിയോഗിക്കപ്പെടാതെ അയാളുടെ മരണകാലത്തു ശേഷിച്ചുള്ള സ്വയാർജ്ജിതവും പ്രത്യേകവുമായ സ്വത്തിനു പകരമായി അവകാശമുണ്ടായിരിക്കുന്നതും അപ്രകാരമുള്ള അവകാശികളില്ലാത്തപക്ഷം ആ വിധവയ്ക്കോ, വിധവമാർക്കെങ്കിലോ, മക്കൾക്കോ, മരിച്ചുപോയ മക്കളുടെ സന്താനങ്ങൾക്കോ അവർ എല്ലാപേർക്കുമോ ആയവരുടെ സ്വത്തിനെപ്പറ്റിയും അവകാശമുണ്ടായിരിക്കുന്നതുമാകുന്നു.

സ്വയാർജ്ജിതസ്വത്തിന്റെ പകുതിമേൽ ഓഹരി കൂട്ടികിട്ടുവാൻ വകയുണ്ടെന്നു.

വിവരണം.—"വിധവമാർ" എന്നതിൽ ക്ഷത്രിയവിധവമാരും ക്ഷത്രിയരല്ലാത്തവിധവമാരും ഉൾപ്പെട്ടിരിക്കുന്നതാണ്. മരിച്ചുപോയ ക്ഷത്രിയന്റെ സഹോദരിയുടെ സ്വത്തിനു ക്ഷത്രിയരല്ലാത്തവിധവമാരും മക്കളും ആ മക്കളുടെ സന്താനങ്ങളും, ക്ഷത്രിയവിധവമാരേയും മക്കളേയും മക്കളുടെ സന്താനങ്ങളേയുംപോലെ തുല്യമായ അവകാശമുള്ളവരാകുന്നു.

൮. ഒരു ക്ഷത്രിയപുരുഷൻ മരിക്കുമ്പോൾ അയാളുടെ വിധവമാരോ, മക്കളോ, മരിച്ചുപോയമക്കളുടെ സന്താനങ്ങളോ, അവർ എല്ലാപേരുമോ ജീവിച്ചിരിക്കുന്നു മരുമക്കത്തായപ്രകാരമുള്ള അവകാശികളും ജീവിച്ചിരിക്കുകയും ചെയ്യുന്നതായാൽ, മേൽപറഞ്ഞപ്രകാരമുള്ള അവകാശികളും ജീവിച്ചിരിക്കുന്നതുവരെ അതിന്റെ കൈവശം, സന്താനങ്ങളിലേതെങ്കിലുമൊരാൾ, പ്രായംതികഞ്ഞ പുരുഷനില്ലാത്തപക്ഷം മൂത്ത സ്ത്രീക്കോ, വിധവമാരിൽ ക്ഷത്രിയവിധവയ്ക്കോ ആയിരിക്കേണ്ടതാകുന്നു,

ഒരു ക്ഷത്രിയൻ മരിക്കുമ്പോൾ അയാളുടെ സ്വത്തിന്റെ രക്ഷകവശം.

൯. ൮-ാം വകുപ്പിൽ പ്രകാരമുള്ള സ്വത്തിന്റെ വിഭജനം താഴെപ്പറയുന്നവ്യവസ്ഥകളനുസരിച്ചായിരിക്കേണ്ടതാകുന്നു:—

൮-ാം വകുപ്പിൽ പ്രകാരമുള്ള സ്വത്തിന്റെ വിഭജനത്തിനുള്ള വ്യവസ്ഥകൾ.

(i) വിധവയ്ക്കോ ഒന്നിലധികം വിധവമാർക്കെങ്കിൽ അവരിൽ ഓരോരുത്തർക്കുമോ, കാഴ്ചയിന്റെ അവസ്ഥപോലെ, മരിച്ചുപോയ ആളിന്റെ സ്വയാർജ്ജിതമോ പ്രത്യേകമോ ആയ പകുതിസ്വത്തിലാകട്ടെ മുഴുവൻ സ്വത്തിലാകട്ടെ ഒരു പുത്രനോ പുത്രിക്കോ ഉള്ള ഓഹരിയോടു സമമായ ഒരു ഓഹരിക്ക് അവകാശമുള്ളതാകുന്നു,

(ii) പുത്രന്മാർക്കും പുത്രിമാർക്കും ആ വക സ്വത്തിൽ സമമായ ഓഹരിലഭിക്കേണ്ടതാകുന്നു.

(iii) മരണാശാസനംകൂടാതെ മരിക്കുന്ന ആളിന്റെ മക്കളുടെ മക്കൾക്കു, അയാളുടെ മരണശേഷം തങ്ങളുടെ അച്ഛനോ അമ്മയോ ജീവിച്ചിരുന്നെങ്കിൽ അവരുടെ അച്ഛനോ അമ്മയ്ക്കോ കിട്ടുമായിരുന്നമുതൽ സമഭാഗമായി ലഭിക്കേണ്ടതാണ്. മരണശാസനംഎഴുതിവയ്ക്കാത്ത ആളിന്റെ മരണശേഷം ജീവിച്ചിരിക്കുന്ന സന്താനപരമ്പരകൾക്കും അവർ അയാളുടെ മക്കളുടെമക്കളുടെമക്കളോ അതിലും അകന്നവരോ ആയിരുന്നാലും ഇപ്രകാരമുള്ള സ്വത്തിനു അവകാശമുണ്ടായിരിക്കുന്നതാകുന്നു.

ക്ലിപ്തം:—മരിച്ചുപോയ ആളിന്റെ ക്ഷത്രിയവിധവമാരുംക്ഷത്രിയരല്ലാത്ത വിധവമാരുണ്ടെങ്കിൽ ഈ വകുപ്പു അവരുടെ മക്കളും മരിച്ചുപോയ മക്കളുടെ സന്താനങ്ങളും മരേ വ്യവസ്ഥകളിനുസരിച്ചുതന്നെ കൂടാതെ കൂടിൻപ്രകാരമുള്ള സ്വത്തുവീതിക്കുന്നതിലും അവകാശമുള്ളവരായിരിക്കുന്നതല്ലാതാകുന്നു.

ഒരു ക്ഷത്രിയപുരുഷൻ മരിക്കുമ്പോൾ അയാളുടെ വിധവയോ മക്കളോ മരിച്ചുപോയ മക്കളുടെ സന്താനങ്ങളോ ജീവിച്ചിരിക്കുന്നത കൂടാതെ അയാളുടെ സ്വയാർജ്ജിതമോ പ്രത്യേകമോ ആയ സ്വത്തുക്കളും കൂടാതെ സ്വന്തത്തിന്റെ ഒന്നുപോകുന്നിയോ, വിധവയോ, മക്കളോ മരിച്ചുപോയ മക്കളുടെ സന്താനങ്ങളോ ഉണ്ടെങ്കിൽ അവരുടെ സ്വയാർജ്ജിത സന്താനങ്ങളോടുള്ളതിനെപ്പോലും ആ വക സ്വത്തുക്കളിലുണ്ടായിരുന്നതോ അയാളുടെ അമ്മയുടെ താവഴിയായ സ്വത്തു മുഴുവനും അയാളുടെ അമ്മയുടെ താവഴിക്കു ചെല്ലുന്നതാകുന്നു.

ഉദാഹരണം:

ക. ഒരു ക്ഷത്രിയപുരുഷൻ മരിക്കുമ്പോൾ ക-ം ക്ഖ-ം വകുപ്പുകളിൽ പറഞ്ഞിരിക്കുന്ന അവകാശികളിൽ ആരുംതന്നെ ഇല്ലാതിരിക്കുകയും അയാളുടെ അമ്മയുടെ താവഴിയിൽ ആരുംതന്നെ ഉണ്ടായിരിക്കുകയും ചെയ്യുന്നതായാൽ അയാളാൽ വിനിയോഗിക്കപ്പെടാതെ അയാളുടെ മരണകാലത്തു ശേഷിക്കുന്ന സ്വയാർജ്ജിതമോ പ്രത്യേകമോ ആയ സ്വത്തു മുഴുവനും അയാളുടെ അമ്മയുടെ താവഴിക്കു ചെല്ലുന്നതാകുന്നു.

മരണാസന്നം കൂടാതെ മരിക്കുന്ന ആളിന്റെ അഛ്ചനമ്മയുടെ താവഴിയുംമാത്രം ഉണ്ടായിരുന്നാൽ.

ക ്. ഒരു ക്ഷത്രിയ പുരുഷൻ മരിക്കുമ്പോൾ ക-ം ക്ഖ-ം കന്നു-ം വകുപ്പുകളിൽ പറഞ്ഞിരിക്കുന്ന അവകാശികളിൽ ആരുംതന്നെ ഇല്ലാതിരിക്കുകയും അയാളുടെ അച്ഛനമ്മയുടെ അമ്മയുടെ താവഴിയിലുള്ളതും ഉണ്ടായിരിക്കുകയും ചെയ്യുന്നതായാൽ അയാളാൽ വിനിയോഗിക്കപ്പെടാതെ അയാളുടെ മരണകാലത്തു ശേഷിക്കുന്ന സ്വയാർജ്ജിതവും പ്രത്യേകവുമായ സ്വത്തു, അയാളുടെ അച്ഛനമ്മയുടെ താവഴിക്കു ചെല്ലുന്നതാകുന്നു.

മരണാസന്നം കൂടാതെ മരിക്കുന്ന ആളിന്റെ അഛ്ചനമ്മയുടെ അമ്മയുടെ താവഴിയുംമാത്രം ഉണ്ടായിരുന്നാൽ.

അമ്മമ്മയുടെ അമ്മയുടെ താവഴി ഇല്ലാതിരുന്നാൽ അഛ്ചനും അഛ്ചനില്ലാതിരുന്നാൽ അമ്മമ്മയുടെ അമ്മയുടെ താവഴിക്കും ആ സ്വത്തു മുഴുവനും ചെല്ലുന്നതാകുന്നു.

ക്ലിപ്തം: മരിച്ചുപോയ ആളിന്റെ അമ്മയുമായുള്ള തന്റെ വിവാഹം ആ മനുഷ്യന്റെ മരണം നിമിത്തമല്ലാതെ മറേതെങ്കിലും തരത്തിൽ വേർപെടുത്തിയിട്ടുള്ളപക്ഷം, ഈ വകുപ്പിൽപ്രകാരം ഒരവകാശവും ലഭിക്കാൻ അഛ്ചനു അവകാശമുള്ളവനായിരിക്കുന്നതല്ല.

ഖ. ഒരു ക്ഷത്രിയപുരുഷൻ മരിക്കുമ്പോൾ ക-, ക ഭ. കന്നു, ക ഉ, എന്നീ വകുപ്പുകളിൽ പറഞ്ഞിട്ടുള്ള അവകാശികളിൽ ആരുംതന്നെ ജീവിച്ചിരിക്കുന്നില്ലാത്തപക്ഷം, അയാളാൽ വിനിയോഗിക്കപ്പെടാതെ അയാളുടെ മരണകാലത്തു ശേഷിക്കുന്ന സ്വയാർജ്ജിതവും പ്രത്യേകവും ആയ സ്വത്തു, അടുത്തതാവഴിക്ക് അകന്നതാവഴിയെക്കാൾ മുന്നവകാശമുള്ളതിനു, പെൺവഴിക്കുള്ള അയാളുടെ അകന്നപൂർവികമാരുടെ താവഴിക്കു ചെല്ലുന്നതാകുന്നു.

മരണാസന്നം കൂടാതെമരിക്കുന്ന ആളിന്റെ ക-ം ക ഭ-ം കന്നു-ം ക ഉ-ം വകുപ്പുകളിൽ പറഞ്ഞിട്ടുള്ള അവകാശികൾ ഇല്ലാതിരുന്നാൽ.

ഗ. ഒരു ക്ഷത്രിയസ്ത്രീ മരിക്കുമ്പോൾ അവളാൽ വിനിയോഗിക്കപ്പെടാതെ അവളുടെ മരണകാലത്തു ശേഷിക്കുന്ന സ്വയാർജ്ജിതമോ പ്രത്യേകമോ ആയ സ്വത്തുമുഴുവനും അവളുടെ സ്വന്തംതാവഴിക്കു ചെല്ലുന്നതും ആ താവഴിയിൽ ആരുംതന്നെ ഇല്ലാതിരുന്നാൽ അതു അവളുടെ അമ്മയുടെ താവഴിക്കു ചെല്ലുന്നതുമാകുന്നു.

ഒരു ക്ഷത്രിയസ്ത്രീയുടെ സ്വയാർജ്ജിതസ്വത്തു ആർക്കു ചെല്ലുമെന്നു്.

ഘ. ഒരു ക്ഷത്രിയസ്ത്രീ മരിക്കുമ്പോൾ കൻ-ം വകുപ്പിൽ പറഞ്ഞിരിക്കുന്ന അവകാശികൾ ആരുംതന്നെ ഇല്ലാതിരിക്കുകയും അവളുടെ അമ്മമ്മയുടെ താവഴിയിലും ഉണ്ടായിരിക്കുകയും ചെയ്യുന്നതായാൽ, അവളാൽ വിനിയോഗിക്കപ്പെടാതെ അവളുടെ മരണകാലത്തു ശേഷിക്കുന്ന സ്വയാർജ്ജിതമോ പ്രത്യേകമോ ആയ സ്വത്തുമുഴുവൻ അവളുടെ അമ്മമ്മയുടെ താവഴിക്കു ചെല്ലുന്നതാകുന്നു.

മരണാസന്നം കൂടാതെമരിക്കുന്നവളുടെ അമ്മമ്മയുടെ അമ്മയുടെ താവഴിയും മാത്രം ഉണ്ടായിരുന്നാൽ.

ങ. അമ്മമ്മയുടെ അമ്മയുടെ താവഴി ഇല്ലാത്തപക്ഷം കൻതാവിനും കൻതാവില്ലാത്തപക്ഷം അമ്മമ്മയുടെ ആവകസ്വത്തുമുഴുവനും ലഭിക്കേണ്ടതാകുന്നു.

അമ്മമ്മയുടെ അമ്മയുടെ താഴ്വഴിക്കും

ക്ലിപ്തം:—മരിച്ചുപോയ ഭർത്താവുള്ള ആൾടെ വിവാഹം അവളുടെ മരണം നിമിത്തമല്ലാതെ മറ്റേതെങ്കിലും തരത്തിൽ വേർപെടുത്തിയിട്ടുള്ളപക്ഷം, ഈ വകുപ്പിൻപ്രകാരം ഒരുമിതലെങ്കിൽ കൺവെൻഷൻ അവകാശങ്ങളായിരിക്കുന്നതല്ല.

മരിച്ചുപോയ ഭർത്താവ് കൺ, ഡ, ഡ എന്നീ വകുപ്പുകളിൽ പറഞ്ഞിട്ടുള്ള അവകാശികൾകൂടാതെ ഈ വകുപ്പിൻപ്രകാരം അവകാശികൾ ആകുന്നു.

ഡ. ഒരു ക്ഷത്രിയസ്ത്രീ മരിക്കുമ്പോൾ കൺ, ഡ, ഡ എന്നീ വകുപ്പുകളിൽ പറഞ്ഞിരിക്കുന്ന അവകാശികൾകൂടാതെ താഴെപറയുന്ന ജീവിച്ചിരിക്കുന്നില്ലാത്തപക്ഷം അവളുടെ വിനിയോഗത്തിനപ്പെടാതെ അവളുടെ മരണകാലത്തു ശേഷിക്കുന്ന സമ്പാദ്യത്തിനും പ്രത്യേകവുമായ സ്വത്തു, അടുത്ത താഴ്വിക്ക്, അകന്നതാഴ്വിക്കാരും മുന്നവകാശത്തോടുള്ള ക്രമപ്രകാരം അവളുടെ അകന്നപൂർവികരുടെ താഴ്വിക്കു ചെല്ലുന്നതാകുന്നു.

ഭർത്താവിന്റെ മരണകാലത്തു ഭർത്താവിന്റെ കുടുംബത്തിൽ ഉണ്ടായിരുന്നതും അവൾ സ്വീകരിച്ചതുമായ ഏതു വസ്തുവും അവൾടെ മരണത്തിൽ ഭർത്താവിന്റെ കുടുംബത്തിലേക്കു തിരിച്ചുപോകുന്നതാകുന്നു.

ഡ. ഈ സ്ത്രീധനം അനുഭവത്തിനുശേഷം ഒരു ക്ഷത്രിയസ്ത്രീയെ വിവാഹംചെയ്യുന്നതോ ഈ സ്ത്രീധനം അനുലോമപ്രതിലോമ ഒരു ക്ഷത്രിയസ്ത്രീയുമായുള്ള വിവാഹം നിലനിന്നിട്ടുപോലുമോ മരിച്ചുപോയ ഭർത്താവായ ക്ഷത്രിയനല്ലാത്ത ഒരു പുരുഷൻ മരിക്കുമ്പോൾ, ക്ഷത്രിയവിധവയായ മക്കളോ മരിച്ചുപോയ മക്കളുടെ സന്താനങ്ങളോ അവർ ഏല്പിച്ചുപോകുമെങ്കിലും ജീവിച്ചിരിക്കുന്നും ക്ഷത്രിയരല്ലാത്ത വിധവമാരായ മക്കളോ മക്കളുടെ മക്കളോ ഉണ്ടായിരിക്കുമോ ഇല്ലാതിരിക്കുമോ ചെയ്യുകയും ചെയ്യുന്നതായാൽ അയാളുടെ സ്വയാർജ്ജിതമോ പ്രത്യേകമോ ആയ സ്വത്തിന്റെ വിഭജനം താഴെപറയുന്നതുപോലെ ആയിരിക്കേണ്ടതാണ്.

മരണസംശയംകൂടാതെ മരിക്കുന്നക്ഷത്രിയനല്ലാത്ത പുരുഷന്റെ ക്ഷത്രിയവിധവയായ മക്കളും, മരിച്ചുപോയ മക്കളുടെസന്താനങ്ങളും ഉണ്ടായിരുന്നാൽ.

(i) മരിച്ചുപോയ ആളിന്റെ കൂടനിർമ്മപ്രകാരമുള്ള അവകാശികളും ക്ഷത്രിയരായ വിധവമാരും ക്ഷത്രിയരല്ലാത്ത മറ്റുവിധവമാരും ആ വിധവമാരിലെല്ലാമുള്ള മക്കളും മരിച്ചുപോയ മക്കളുടെ സന്താനങ്ങളും ജീവിച്ചിരിക്കുന്നപക്ഷം, ക്ഷത്രിയവിധവമാർ, ക്ഷത്രിയരല്ലാത്ത മറ്റുവിധവമാർ, ഈ വിധവമാരിലെല്ലാമുള്ള മക്കൾ, മരിച്ചുപോയ മക്കളുടെ സന്താനങ്ങൾ ഇവർക്കെല്ലാവർക്കും മരിച്ചുപോയ ആളിന്റെ മുതലിൽ സമഭാഗം ലഭിക്കേണ്ടതും മക്കളുടെ സന്താനങ്ങൾക്കു, മരണശാസനം ഏതു വസ്തുക്കൾ ആളിന്റെ മരണത്തിനുശേഷം തങ്ങളുടെ അച്ഛനോ അമ്മയോ ജീവിച്ചിരുന്നെങ്കിൽ അച്ഛനോ അമ്മയ്ക്കോ കിട്ടുമായിരുന്ന മുഴുവൻ സമഭാഗങ്ങളായി പകിടകൊള്ളുന്നതുമാകുന്നു.

(ii) മരിച്ചുപോയ ആളിന്റെ മക്കളും മരിച്ചുപോയ മക്കളുടെ സന്താനങ്ങളും ഉള്ളതായി ഇല്ലാതെതായ ഒരു ക്ഷത്രിയവിധവയും ജീവിച്ചിരിക്കുന്നപക്ഷം, ആവിധവയ്ക്കും മരിച്ചുപോയ മക്കളുടെസന്താനങ്ങൾക്കും വല്ല അനുശാസനകളിൽ അവർക്കു ആ വക സ്വത്തിന്റെ പകുതി ലഭിക്കേണ്ടതും മറ്റുപകുതി മരിച്ചുപോയ ആളിന്റെ കൂടനിയമപ്രകാരമുള്ള അവകാശികൾക്കു ചെല്ലുന്നതുമാകുന്നു.

(iii) മരിച്ചുപോയ ആളിന്റെ കൂടനിർമ്മപ്രകാരമുള്ള അവകാശിയും അനുശാസനം ഇല്ലാത്തപക്ഷം ഈ വകസ്വത്തുക്കളും, ജാതിവ്യത്യാസംകൂടാതെ അയാളുടെ വിധവ അല്ലെങ്കിൽ വിധവമാർ, മകൾ, മരിച്ചുപോയ മകളുടെ സന്താനങ്ങൾ ഇവർക്കു, അങ്ങനെങ്കിൽ അവരിൽ അയാളുടെ മരണകാലത്തു ജീവിച്ചിരിക്കുന്നവർക്കു, കേളിൽ (i)-ം ii)-ം ഉപഖണ്ഡങ്ങളിൽ പറഞ്ഞിരിക്കുന്ന രീതിയിൽ ചെല്ലുന്നതാകുന്നു.

ക്ലിപ്തം:—ഈ വകുപ്പിലുള്ളയാതൊന്നും ഇവ്വണ്ണമുള്ള ആരംഭത്തിനുമുമ്പു വേർപെട്ടതായ ഒരു വിവാഹത്തിലെ കുഞ്ഞിനോ വിവാഹംമൂലമുള്ള സന്താനങ്ങൾക്കോ യാതൊരവകാശവും നല്കുന്നതല്ല.

കുറിപ്പ്: ഡ, ഡ ഠ-ാം ഖണ്ഡങ്ങൾ ദേ-ാ നമ്പരായനാഗർഹേഷനിയമ ഡ, ഠ-ാം വകുപ്പും ഡ-ാം മാസ്സേഷനാംനമ്പരായ മദ്രാസ്പ്രസിഡൻസിഹേഷനിയമ ഡ, ഠ-ാം വകുപ്പും മേല്പറഞ്ഞിരിക്കുന്ന ഡ, ഠ-ാം വകുപ്പനുസരിച്ചു ഭേദപ്പെടുത്തേണ്ടതാകുന്നു.

മക്കളോ മക്കളുടെ സന്താനങ്ങളോ ഇല്ലാതെ മരിച്ചുപോയ ഒരാളുടെ സ്വത്തു അവകാശത്തോടുള്ള ക്രമപ്രകാരം അയാളുടെ അടുത്ത ബന്ധുക്കൾക്കു ചെല്ലുന്നതാകുന്നു.

ഡ. ഭർത്താവിൽനിന്നോ അച്ഛനിൽനിന്നോ മറ്റുബന്ധുക്കളിൽനിന്നോ കിട്ടിയ അല്ലെങ്കിൽ വിധവ അല്ലെങ്കിൽ വിധവമാർക്കും കൂടി തരമില്ലെങ്കിൽ കുട്ടികൾക്കും മരിച്ചുപോയകുട്ടികളുടെ സന്താനങ്ങൾക്കും ഉള്ളതായ മാത്രം പിൻതുടർച്ചാവകാശപ്രകാരമോ കിട്ടിയിട്ടുള്ളതുമായ സ്വത്തുക്കൾ സംബന്ധിച്ചിടത്തോളം മാനപ്രമാണത്തിൽ വിപരീതമായ ഉദ്ദേശം കാണുന്നപക്ഷം, ആ വീതം മേൽപറഞ്ഞിരുന്ന അവകാശക്കാരിൽനിന്നു ഡ, ഠ-ാം വകുപ്പിൽ വ്യവസ്ഥചെയ്തിരിക്കുന്ന രീതിയിൽ മാസ്സു അല്ലെങ്കിൽ വിധവയ്ക്കും മക്കളിൽ ഓരോരുത്തർക്കും മരിച്ചുപോയ മക്കളുടെ സന്താനങ്ങൾക്കും ലഭിക്കാൻ അവകാശമുള്ളതാകുന്നു.

അദ്ധ്യായം ൩.

തറവാട്ടം അതിന്റെ രീതിയും.

ദ്ധ. ഒരു തറവാട്ടിലെ എല്ലാകുടുംബത്തിനും തറവാട്ടുവകവസ്തുക്കളിൽ ഉടമസ്ഥാവകാശമുള്ളതാകുന്നു. ഇതിനെത്തൊടുപറയുന്ന വ്യവസ്ഥകൾക്കുവിധേയപ്പെട്ട്, തറവാട്ടിലെ കാരണവന്, തറവാട്ടിലെക്ക് ഉപകാരപ്രദമോ അത്യാവശ്യമോ ആയപോലെ മറ്റുവകകൊണ്ടുമുള്ള തറവാട്ടുവസ്തുക്കളുടെ രീതിയും കൈവശത്തിനുമുള്ള അവകാശം ഉണ്ടായിരിക്കുന്നതാകുന്നു.

തറവാട്ടുവസ്തുക്കളുടെ രീതിയും കൈവശവും ഉണ്ടായിരിക്കേണ്ടതാരെന്ന്,

കാരണവന്റെ അധികാരങ്ങൾ മറ്റാരാളിലേക്ക് മാറ്റാൻ പാടില്ലാത്തതും

൫൭. ഒരു കാരണവൻ തന്റെ അധികാരങ്ങൾ മറ്റൊരാളിനെയും ഏല്പിച്ചുകൊടുത്തിട്ടുണ്ടെങ്കിൽ അയാൾ മരിക്കുന്നതിനും തറവാട്ടുകാരണത്വം സ്വമേധയാ ഒഴിയുകയോ ചെയ്യുന്നതിനും മുമ്പായി അവയെ തിരിച്ചുവാങ്ങുകയും തറവാട്ടുകാരണത്വത്തിന്റെ നടത്തുന്നതിനും രജിസ്റ്റർചെയ്ത ആധാരപ്രകാരം മാത്രമേ അവയെ മറ്റൊരാളിലേക്ക് മാറ്റിച്ചേർക്കുകയും ചെയ്യാവുന്നതുമാകുന്നു.

കാരണവരുടെ കണക്ക് വസ്തുനമ്പർ.

൫൮. ഒരു തറവാട്ടിലെ അനുഭവകാലത്തുള്ള കാരണവർ അപ്പപ്പോൾ മാനേജർ തറവാട്ടിലെ വരവിന്റെയും ചെലവിന്റെയും യഥാർത്ഥമായും വേർതിരിയുള്ള ഒരു കണക്ക് ചുരുക്കത്തിലുള്ളതും ഇടയ്ക്കിടയ്ക്ക് പരിശോധിക്കുകയും നിയമപ്രകാരം മാറ്റിയെഴുതുകയും ചെയ്യുന്നതിന് തറവാട്ടുകണക്കുകൾ പരിശോധിക്കുകയും നിയമപ്രകാരം നടപടിയും അംഗീകരിച്ചിട്ടുള്ളതുപോലെ ഓരോ അനന്തരവന്റെയും പ്രത്യേകം പ്രത്യേകം മുതലുകളും നിലയിലാക്കുകയും ചെയ്യാൻ, തങ്ങളിൽ ഓരോരുത്തർ രജിസ്റ്റർചെയ്ത പ്രകാരം അധികാരപ്പെടുത്തുന്നതാണ്. മാറ്റാരാളുടെയെങ്കിലും കണക്കിന്റെ അസൽപ്രതി, പ്രാപ്തനിക്കുന്ന അനന്തരവരിൽ ആരെങ്കിലും, കർക്കടകമാസം ഒടുവിലത്തെ വെള്ളിയാഴ്ചയിലോ അടുത്തചിങ്ങമാസം ആദ്യത്തെ ഞായറാഴ്ചയിലോ കാരണപക്ഷം ആണ്ടിലൊരിക്കൽ പരിശോധിക്കാൻ തറവാട്ടിൽ വച്ചിരിക്കേണ്ടതാകുന്നു.

കണക്ക് പരിശോധിക്കാൻ ഏല്പിക്കുമ്പോഴെല്ലാം ഒരു ഗുമസ്തനെ നിയമിക്കുന്നതായാൽ, തറവാട്ടുകാരണത്വത്തിന്റെ എല്ലാകണക്കുകളും നിക്ഷേപങ്ങളും പരിശോധിക്കാൻ ന്യായമായ എല്ലാ സമയത്തും ആ ഗുമസ്തനിനിധിയായ അനന്തരവർക്കോരോരുത്തനും കുടുംബത്തെസംബന്ധമായ എല്ലാ ഇടപാടുകളും അറിയാൻ അവകാശമുള്ളതുമാകുന്നു.

൫൯. ആ അനന്തരവൻ കൈത്തിലും ചിങ്ങത്തിലുമായി ആണ്ടിൽ രണ്ടുതവണയെങ്കിലും തറവാട്ടുകണക്കിന്റെ അസൽപ്രതി പരിശോധിക്കുകയും ആ പരിശോധനയുടെ ഫലം രേഖപ്പെടുത്തുന്നതിനും അനന്തരവരെ ധരിപ്പിക്കുകയുംചെയ്യേണ്ടതാകുന്നു.

൬൦. ഇങ്ങനെയുള്ള തറവാട്ടുകൾ, പ്രാപ്തനിക്കുന്ന ഓരോ അനന്തരവനിൽ എറ്റവുമടുത്തുവരുന്നതുമായ പക്ഷം രേഖപ്പെട്ട ഗുരിപക്ഷം കാരണവനെ രേഖാമൂലം രജിസ്റ്റർചെയ്തുണ്ടാക്കുകയും, തറവാട്ടിലെ പ്രായത്തിലും പ്രാപ്തിയിലും ഏറ്റവും മേല്പറഞ്ഞ ഗുരിപക്ഷം ആണുതോറും സമ്മതിച്ചുകൊടുക്കുന്ന വരവുചെലവുകളുടെ ഒരു സ്ഥിരവരവുസംഖ്യ സ്വീകരിച്ചു സാമാന്യമായി തറവാട്ടുഭരണം നടത്താൽ കാരണവൻ നിർബന്ധിക്കുന്നതുമാകുന്നു.

എന്നാൽ, ഏതിനും അന്യായമുള്ള സംഗതികളിലും എന്നാൽ എല്ലാസ്ഥലത്തും തറവാട്ടിന്റെ ഉണ്മയ്ക്കുവേണ്ടിയും തന്റെ യുക്തംപോലെ പ്രവർത്തിക്കാൻ കാരണവന് അവകാശമുണ്ടായിരിക്കുന്നതുമാകുന്നു.

കാരണവർക്ക് ധർമ്മകാര്യങ്ങൾ, നടപ്പുനന്മസ്ഥിതിയുള്ള സംഭാവനകൾ, സാമുദായികമായും മതസംബന്ധമായുമുള്ള കൂടിച്ചേരലുകൾ, പൊതുസംഭാവനകൾ, അധികാരികൾക്കാരം മുതലായി തറവാടിന്റെ അന്തസ്സും ക്ഷേമവുമുദ്ദേശിച്ചുള്ള മറ്റുള്ള കാര്യങ്ങൾ എന്നിവയ്ക്കായി ഈ നിയമപ്രകാരം തറവാട്ടിലെ ആണ്ടടച്ചവരവുകളിൽ നിന്നുള്ള ആദായത്തിന്റെ ഒരു ശതമാനത്തിനു കുടുതലല്ലാത്ത ഒരുതുക ചെലവാക്കാൻ കാരണവന് അവകാശമുള്ളതുമാകുന്നു എന്നിരുന്നാലും അതിനെ കണക്കുവയ്ക്കേണ്ടതുമാകുന്നു.

തറവാട്ടുവസ്തുക്കളുടെ ഒരുപട്ടിക പരിശോധനയ്ക്കുവയ്ക്കണമെന്ന്.

൬൧. എല്ലാതറവാട്ടിലും ഓരോപ്രാവശ്യമുള്ള കാരണവൻ അപ്പോൾ മാനേജർ തറവാട്ടുകാരെ എല്ലാ സ്ഥാവരജംഗമവസ്തുക്കളുടെയും എല്ലാബന്ധുതകളുടെയും യഥാർത്ഥമായും ശരിയായും ഉള്ള ഒരു പട്ടിക സൂക്ഷിക്കേണ്ടതും അതു് അപ്പോഴപ്പോൾ പുതുക്കേണ്ടതും പ്രാപ്തനിക്കുന്ന മിതകാലത്തിലും അനന്തരവൻ മുൻകൂട്ടി ഒരുമാസത്തെ ജായിന്റെ നോട്ടീസു കൊടുക്കുന്നപക്ഷം പ്രായത്തികഞ്ഞ അനന്തരവരെ ആണ്ടിലൊരിക്കൽ അപ്പോഴെങ്കിലും അതു പരിശോധിക്കാൻ അനുവദിക്കേണ്ടതുമാകുന്നു.

തറവാട്ടുവസ്തുക്കൾ അന്യാധീനപ്പെടുത്തുകയും.

൬൨. പ്രതിഫലത്തിനും തറവാട്ടാവശ്യത്തിനും ആയിട്ടല്ലാതെയും തറവാട്ടിലെ പ്രായത്തികഞ്ഞ എല്ലാ അംഗങ്ങളുടെയും രേഖാമൂലമുള്ള സമ്മതത്തോടുകൂടിയല്ലാതെയും കാരണവനാകട്ടെ മറ്റാരെങ്കിലുമാകട്ടെ, തറവാട്ടുകാരണത്വം സ്വമേധയാ ഒഴിയുകയോ, തറവാട്ടുവക സ്ഥാവരമോ ജംഗമമോ ആയ വസ്തുവിനെ കൊടുക്കുകയോ, തറവാട്ടുകാരല്ലാത്തിലധികം കാലത്തേക്ക് മുൻപേരു പാട്ടം ചേർക്കൊണ്ടു പാട്ടത്തിനുകൊടുക്കുകയോ, മൂന്നുകൊല്ലത്തിലധികം കാലത്തേക്ക് അങ്ങനെ പാട്ടപ്പേരാരാത്ത പാട്ടത്തിനുകൊടുക്കുകയോ, ഒറ്റിക്കൊടുക്കുകയോ, പണയപ്പെടുത്തുകയോ, ഒനേംകൊടുക്കുകയോ, മറുപ്രകാരത്തിൽ അന്യാധീനപ്പെടുത്തുകയോ, കൈവശത്തോടുകൂടിയോ അല്ലാതെയോ ഉള്ള ഒറിക്കുകൾക്ക് ഒഴിവുകുറി വാങ്ങുകയോ ചെയ്യുകൂടാത്തതുമാകുന്നു.

വിവരണങ്ങൾ.

(ക) ഈ വകുപ്പിലെ കായ്ത്തിന്റെ അംഗങ്ങൾ എന്നതിൽ ആധാരങ്ങളും പാത്രങ്ങളും വിലപിടിച്ച മറ്റു സാധനങ്ങളും ഉൾപ്പെടുന്നതും പാട്ടമായി ഇടകാണുന്ന ആനുകൂല്യങ്ങളും ധാന്യങ്ങളും ഉൾപ്പെടുന്നതല്ലാത്തതുമാകുന്നു.

(ഖ) കൈവശത്തോടുകൂടിയോ അല്ലാതെയോ ഉള്ള ഒറിക്കുകളുടെ ഒഴിവുകുറിയെ സംബന്ധിച്ചിടത്തോളം, അനന്തരവൻ മുറപ്രകാരം തോട്ടിസൂക്ഷിക്കുകയും നിക്ഷിതകാലാവധിക്കകം അവരിൽ ഗുരിപക്ഷം വിസമ്മതംകൊടുത്തുപ്പെടുത്തിരിക്കുകയുംചെയ്യുന്നപക്ഷം, അവരുടെ സമ്മതമുള്ളതായി ഊഹിക്കേണ്ടതുമാകുന്നു.

(ഗ) ഈ വകുപ്പിലടങ്ങിയിരിക്കുന്ന യാതൊന്നും, മുൻപു് എഴുതിക്കൊടുത്തിട്ടുള്ള കാണക്കാരം തന്നെ തറവാട്ടുകാരണത്വം സ്വമേധയാ ഒഴിയുന്നതിനും കാരണവനുള്ള അവകാശത്തെ ബാധിക്കുന്നതല്ല.

(ഘ) അപ്രകാരമുള്ള ഇടപാടിനെ തറവാട്ടിലെ പ്രായത്തികഞ്ഞ എല്ലാ മുതിർന്ന അനന്തരവന്മാരുടെയും രേഖാമൂലമായ സമ്മതമുണ്ടെന്നവരികിൽ തറവാട്ടാവശ്യം ഉള്ളതായി ഊഹിക്കാവുന്നതുമാകുന്നു.

കടംവീട്ടുന്നതിനോ മറ്റോ തറവാട്ടാവശ്യത്തിനായിരിക്കണമെങ്കിൽ തറവാട്ടാവശ്യത്തിനായിരിക്കണമെന്ന്.

൬൩. തറവാട്ടാവശ്യത്തിനായിരുന്നാലല്ലാതെ, കാരണവരോ മറ്റാരെങ്കിലുമോ നടത്തുന്ന മറ്റൊരിടപാടും ഉണ്ടാക്കുന്ന യാതൊന്നും കടവും തറവാട്ടിനെ ബന്ധിക്കുന്നതല്ല.

തറവാട്ടാവശ്യത്തെപ്പറ്റിയുള്ള ഊഹം.

൩൨. ഒരു കാരണവൻ തറവാട്ടാവശ്യം ഉദ്ദേശിച്ചുകൊണ്ടു് തറവാട്ടുവസ്തു മാരായം വാങ്ങാതെ തന്നെ കൊല്ലത്തേക്കാൾ കുറഞ്ഞ കാലത്തേക്കാളെങ്കിലും, മാരായം വാങ്ങിക്കൊണ്ടു് ഒരു കൊല്ലത്തേക്കാളെങ്കിലും പാട്ടത്തിനുകൊടുക്കുകയോ, കടം ഉണ്ടാക്കുകയോ ചെയ്യുമ്പോൾ, പാട്ടക്കാരനോ ഉത്തമർണ്ണനോ ഒരുപക്ഷമായും ആ പാട്ടത്തിനോ കടത്തിനോ സമ്മതിച്ചിട്ടില്ലാത്ത തറവാട്ടംഗങ്ങൾ മറുപക്ഷമായും തക്കംനോക്കിടുന്നതായാൽ പാട്ടക്കാരനോ ഉത്തമർണ്ണനോ അപ്രകാരമുള്ള തറവാട്ടാവശ്യമുണ്ടെന്നു നിർണ്ണയിക്കുന്നതിനു ന്യായമായ അന്വേഷണംചെയ്തതിൻശേഷം ഉത്തമവിശ്വാസത്തോടുകൂടി പ്രവർത്തിച്ചിട്ടുണ്ടെങ്കിൽ, അങ്ങനെയുള്ള ആവശ്യം ഉണ്ടായിരുന്നുവെന്നു് ഊഹിക്കേണ്ടതാകുന്നു.

തറവാട്ടാവശ്യത്തിൻറെ തെളിവുഭാരം.

൩൩. തറവാട്ടാവശ്യം തെളിയിക്കേണ്ടതായ ഭാരം, കായ്ത്തിൻറെ അവസ്ഥപോലെ, വിലക്കാരനോ ഒറിക്കാരനോ, പാട്ടക്കാരനോ, പണയക്കാരനോ, മറവകാശക്കാരനോ, ഉത്തമർണ്ണനോ ആയിരിക്കുന്നതാണു്. എന്നാൽ മുകളിൽ ൩൨-ാംവകുപ്പിൻറെ (൪)-ാം വിവരണത്തിലും ൩൨-ാംവകുപ്പിലും പറഞ്ഞിരിക്കുന്ന അവസ്ഥാഭേദങ്ങളിൽ അങ്ങനെയുള്ള ആവശ്യമുണ്ടായിരുന്നുവെന്ന ഊഹത്തിനു് ഇടയുണ്ടായിരിക്കുന്നതാകുന്നു.

ഭരണാധികാരം ഒഴിയാമെന്നു്.

൩൪. ഒരു തറവാട്ടിലെ പ്രധാനത്തിനും, തറവാട്ടുഭരണം നിയന്ത്രണങ്ങൾ ഒന്നുമില്ലാതെ സ്ഥാപിക്കപ്പെട്ടതിനുശേഷം തന്നെയാതും ബന്ധിക്കുന്നവിധത്തിൽ ഒരു രജിസ്റ്റർചെയ്ത ഉടമ്പടിയാൽ ബാദ്ധ്യപ്പെട്ടുത്തി, കാരണവരുടെ നിലയിലുള്ള ഭരണാധികാരത്തെ ഒഴിയുന്നതിനു സ്വാതന്ത്ര്യമുള്ളവനായിരിക്കുന്നതാകുന്നു.

ഏതുവിധി തറവാട്ടിനെ ബന്ധിക്കുമെന്നു്.

൩൫. തറവാട്ടിൽ കാരണവൻറെ നിലയിൽ കാരണവനേയും തറവാട്ടിലെ എല്ലാ അംഗങ്ങളേടേയും പേരിലുള്ള ഒരു വ്യവഹാരംമൂലം സമ്പാദിക്കപ്പെടുന്നതല്ലാത്ത യാതൊരു വിധിയും തറവാട്ടിനെ ബന്ധിക്കുന്നതല്ല.

മേല്പറഞ്ഞ വ്യവസ്ഥകൾ ശാഖാമാനേജർമാരെയും സംബന്ധിക്കുമെന്നു്.

൩൬. തറവാട്ടുകാരണവരെ സംബന്ധിച്ചു മുകളിൽ പറഞ്ഞിട്ടുള്ള വ്യവസ്ഥകൾ, മേല്പറഞ്ഞ ൩൨-ാംവകുപ്പിൻപ്രകാരമോ മറുവിധത്തിലോ ശാഖാതാവഴികളിലെ ഭരണം നടത്തുന്ന അംഗങ്ങളേയും സംബന്ധിക്കുന്നതാകുന്നു.

അദ്ധ്യായം—൪.

സംരക്ഷണം.

എല്ലാ അംഗങ്ങൾക്കും തറവാട്ടിൽനിന്നു് ചെലവിനുകിട്ടാൻ അവകാശമുണ്ടെന്നു്.

൩൭. തറവാട്ടിലെ ഏതൊരംഗത്തിനും, അയാൾ തറവാട്ടുവീട്ടിൽ താമസിക്കുന്നുണ്ടായാലും അല്ലെങ്കിലും, തറവാട്ടിൽനിന്നു ചെലവിനു കൊടുക്കേണ്ടതാകുന്നു.

വിവരണം:—ചെലവു് എന്നതിൽ ഭക്ഷണവും വസ്ത്രധാരണവും, വിദ്യാഭ്യാസവും ചികിത്സയും പലവക ആവശ്യങ്ങൾക്കായി ഒരു തുകയും ഉൾപ്പെടുന്നതും ഇതെല്ലാം, തറവാട്ടിലെ ആദായത്തിനും അന്തസ്സിനും അനുസരണമായിരിക്കുന്നതുമാകുന്നു.

ചെലവിനു കിട്ടാനുള്ളതുക എങ്ങനെ നിശ്ചയിക്കണമെന്നു്.

൩൮. ഒരു തറവാട്ടിലെ എല്ലാ അംഗത്തിനും, ചെലവുകഴിച്ചു തറവാട്ടുവസ്തുക്കളുടെ ആണ്ടടക്കമുള്ള ആദായത്തെ കാരണവനുമാത്രം രണ്ടു് ഓഹരിയും പതിനാറുവയസ്സിനു താഴെയുള്ള കുട്ടികൾക്കു പ്രായംതികഞ്ഞ ഒരാളിൻറെ പകുതി ഓഹരിമാത്രവും കണക്കാക്കിക്കൊണ്ടു് തറവാട്ടിൽ ജീവിച്ചിരിപ്പുള്ള എല്ലാ അംഗങ്ങൾക്കുമായി ആറംവീതം ഓഹരിച്ചാൽ ഒരംഗത്തിനു കിട്ടാവുന്നവീതം അതുതന്നെയോ ചെലവിനുകിട്ടാൻ അവകാശമുണ്ടായിരിക്കുന്നതാകുന്നു.

വസ്തുക്കൾ പ്രത്യേകം തിരിച്ചുകിട്ടാനുള്ള അവകാശം.

൩൯. അങ്ങനെ ചെലവിനുകിട്ടണമെന്നു് ആവശ്യപ്പെടുന്ന എല്ലാ പ്രായംതികഞ്ഞ അംഗത്തിനാകട്ടെ, ഒരു താവഴിയിലെ പ്രായംതികഞ്ഞ അംഗങ്ങളിൽ ഭൂരിപക്ഷത്തിനാകട്ടെ, അങ്ങനെ കിട്ടാനുള്ള തുക ആണ്ടിനാൽ ൫൦൦ രൂപയിൽ കവിയുന്നപക്ഷം, ആ അംഗത്തിനോ താവഴിയിലെ അംഗങ്ങൾക്കോ ചെലവിനു് അവകാശപ്പെടുവുന്ന തുകയ്ക്കു തുല്യമായി ആണ്ടടക്കം ആദായംകിട്ടുന്ന തറവാട്ടുവസ്തുക്കൾ പ്രത്യേകം തിരിച്ചുകിട്ടുന്നതിനു് ആവശ്യപ്പെടാവുന്നതുള്ള വികല്പം ഉണ്ടായിരിക്കുന്നതും തന്നേയോ താവഴിയിലെ അംഗങ്ങൾക്കു മുഴുവനായോ ചെലവിനു വസ്തുതിരിച്ചുകിട്ടാൻ ആ അംഗത്തിനോ ആ താവഴിയിലെ അംഗങ്ങൾക്കോ അവകാശമുള്ളതുമാകുന്നു.

വിവരണം:—ഒരു താവഴിയുടെ ചെലവിനു മുഴുവനായി വസ്തു തിരിച്ചുകൊടുത്തിട്ടുള്ളപ്പോൾ, ഉത്തരപുരുഷനോ പുരുഷനില്ലാത്തപക്ഷം മുത്ത സ്ത്രീയോ ആയവർക്കു വസ്തു ഒരുകാലത്തുവച്ചു രേഖപ്പെടുത്തുകയും ആ താവഴിയിലെ മറ്റംഗങ്ങൾക്കു മുമ്പുകാരം ചെലവിനുകൊടുക്കേണ്ടതുമാകുന്നു.

൪൦. ഒരു തറവാട്ടിലെ പ്രായംതികഞ്ഞ ഏതൊരംഗത്തിനും, തൻറെ രക്ഷാധികാരത്തിൽ തന്നെനരാതന്നെനർമാരോ ഉള്ളപക്ഷം, മുകളിൽ ൩൯-ാംവകുപ്പിൽ പറഞ്ഞിട്ടുള്ള രീതിയിലും നിബന്ധനകൾക്കുവിധേയപ്പെട്ടു്,

മൈനർമാരുടെ ചെലവിനു വസ്തു തിരിച്ചുകിട്ടാൻ രക്ഷാധികാരിക്ക് അവകാശമുണ്ടെന്ന്.

ആ മൈനരുടെയോ മൈനർമാരുടെയോ ചെലവിനു വസ്തു പ്രത്യേകം തിരിച്ചുകിട്ടാൻ അവകാശമുള്ളതാകുന്നു.

൪൮. തറവാട്ടിലെ ഒരംഗത്തിനോ അംഗങ്ങൾക്കോ ഭക്ഷ്യാവശ്യമായ ഒരു തുക വസ്തുക്കൾ തിരിച്ചുകിട്ടുകയോ അല്ലെങ്കിൽ അതിനു പകരം തിരിച്ചുകിട്ടുകയോ ചെയ്യണമെന്നുള്ള അപേക്ഷയിന്മേൽ അങ്ങനെ തിരിച്ചുകിട്ടുന്നതിനുള്ള അവകാശത്തെ എണ്ണുകയോ തിരിച്ചറിയുകയോ ചെയ്തുകൊണ്ടു വിധിച്ചു തിരിച്ചുകിട്ടേണ്ടുന്ന വസ്തുതിരിച്ചുകൊടുക്കുന്നതുമാകുന്നു.

എന്നാൽ കൈപാക്കോ മറ്റോ മുഖാന്തരമായി അംഗങ്ങളിൽ ചിലരുടെ അംഗങ്ങളെ വസ്തു നഷ്ടപ്പെട്ടുപോകയോ ഉപയോഗപ്പെടുത്തുകയോ ചെയ്തിട്ടുണ്ടെങ്കിലും അംഗങ്ങളുടെ എണ്ണം വർദ്ധിച്ചതുനിമിത്തം ആ അംഗത്തിന്റെയോ അംഗങ്ങളുടെയോ ചെലവിനായി അല്പമെങ്കിലും വസ്തുക്കളെ തിരിച്ചുകൊടുത്തിട്ടുള്ള വസ്തു അതന്വേഷിച്ചു കുറച്ചുകൂടി ചെലവേറിയ പക്ഷവും; അല്ലാതെ, ഒരു അംഗത്തിനോ താഴ്ചക്കോ ഒരിക്കൽ തിരിച്ചുകൊടുത്തിട്ടുള്ള വസ്തു കാരണവൻ തിരിച്ചെടുക്കാൻ പാടില്ലാത്തതാകുന്നു.

ക്ലേശകരമായ തിരിച്ചുകൊടുത്തിട്ടുള്ള വസ്തു അഴിച്ചു വീണ്ടുമുണ്ടാക്കുന്നതിനും, അല്ലെങ്കിൽ ചെലവിനു വസ്തു തിരിച്ചുകിട്ടുന്നതിനു ആണ്ടോടാണ്ടു കണക്കുകൊടുക്കുന്നതിനുമുള്ള ആലോചനയെ ഉള്ളതായി ഗണിക്കേണ്ടതാകുന്നു.

൪൯. തറവാട്ടുവസ്തു ചെലവിനു തിരിച്ചുകിട്ടുന്ന ഏതൊരംഗത്തിനുമാകട്ടെ മരുമക്കത്തായത്തിലെ അംഗങ്ങൾക്കാകട്ടെ, അഴിച്ചുവീണ്ടുകെട്ടുന്നതിനോ അങ്ങനെ തറവാട്ടംഗങ്ങൾ അല്ലാതാകുന്നതുപരയോ, ആ വകുപ്പുസ്ഥാനാളുകളെ തൃപ്തിചെയ്യുംപോന്നതെന്നു സാധാരണനീതിനിഷ്കർഷിച്ചു ബുദ്ധിപൂർവമായും ശ്രദ്ധയോടുകൂടിയും കൃഷിചെയ്യാൻ അവകാശമുള്ളതാണ്. എന്നാൽ വസ്തുവിന്റെ ഉപയോഗം പരയത്തക്കവണ്ണം ചെയ്യുന്നതിനോ തറവാട്ടിലെ പ്രായംചെന്നവരുടെയും സ്ത്രീകളുടെയും സമ്മതംകൂടാതെ ആ വസ്തു തിരുത്തുന്നതിനോ അയാൾക്കോ അവർക്കോ അവകാശമില്ലാത്തതുമാകുന്നു.

൫൦. ഒരു തറവാട്ടിലെ ഏതെങ്കിലും അംഗത്തിനുകൊടുത്ത താഴ്ചയ്ക്കുകൊടുത്ത ചെലവിനായി വസ്തു തിരിച്ചുകൊടുത്തിട്ടുള്ള യാതൊരേർപ്പാടും കാരണവന്റെ ഇഷ്ടംപോലെ റദ്ദുചെയ്യുന്നതിനും അങ്ങനെ കാല്യുകൊല്ലുന്നതിനുമുള്ള അധികാരത്തെയോ തറവാട്ടിലെ എല്ലാ അംഗങ്ങളുടെയും രേഖാമൂലമായ സമ്മതത്തോടുകൂടിയല്ലാതെയോ പൂർണ്ണമായി വസ്തു തിരിച്ചുകൊടുക്കാൻ പാടില്ലാത്തതുമാകുന്നു.

൫൧. തറവാട്ടിൽനിന്നു ചെലവിനു കൊടുക്കുന്നതിനെസംബന്ധിച്ചു മുകളിൽപറഞ്ഞ വ്യവസ്ഥകൾ എല്ലാതന്നെ ആയിരുന്നാലും, മായ്ച്ചുകളഞ്ഞ മരുമക്കത്തായത്തിലെ രജിസ്റ്റർചെയ്തതരത്തിലിരിക്കുന്ന വിവാഹിതകളായ പുരുഷന്മാരിൽനിന്നു പ്രായപൂർത്തിയായ മക്കൾക്കും മായ്ച്ചുകളഞ്ഞ അവസ്ഥാപ്രദേശത്തിൽ നിന്നോ രജിസ്ട്രേഷനിൽനിന്നോ ചെലവിനു കിട്ടാൻ അവകാശമുള്ളതാകുന്നു.

മായ്ക്കൽ പ്രായപൂർത്തിയായതുകൊണ്ടോ ചെലവിനു കൊടുക്കണമെന്നു.

എന്നാൽ മായ്ച്ചു ന്യായമായ കാരണങ്ങളൊന്നുകൂടാതെ ഒന്നാംവിധത്തോടുകൂടെ ചാക്കുന്നതിനു വിസമ്മതിക്കയോ മതം മാറുകയോ ചെയ്യുന്നതായാൽ അവർക്കു ചെലവിനുകിട്ടാൻ അവകാശമില്ലാതെയാകുന്നു.

അദ്ധ്യായം ൫.

ഭക്ഷ്യം.

൫൨. ഒരു തറവാട്ടിൽ പുരുഷന്മാർമാത്രമോ പ്രസവകാലംകഴിഞ്ഞസ്ത്രീകൾമാത്രമോ ഇവർ രണ്ടുകൂട്ടരുമാത്രമൊ ഉണ്ടായിരിക്കുന്നപക്ഷത്തിൽ തറവാട്ടിലെ ഭിന്നരല്ലാത്ത അംഗങ്ങളുടെയും രേഖാമൂലമായ സമ്മതത്തോടുകൂടി കാരണവൻ കുടുംബത്തിന്റെ നിലനില്പിനുവേണ്ടി ഒരുതുക കടമെടുക്കേണ്ടതിന് എപ്പോഴെങ്കിലും എങ്ങനെയാകുന്നു.

അങ്ങനെ ഒരുതുക കടമെടുക്കുന്നതു പുരുഷന്മാരോടുകൂടിയോ പുരുഷന്മാർ കൂടാതെയോ ഒന്നാം അതിലധികമോ സ്ത്രീകളോടുകൂടിയോ ആയിരിക്കാവുന്നതാണ്.

൫൩. ഭക്ഷ്യം കടമെടുക്കുന്നതിന് ഇതിനുമുമ്പു കാണുന്ന അംഗങ്ങൾക്കുള്ള സകല അവകാശങ്ങളും ചുമതലകളും ഉണ്ടായിരിക്കുന്നതും, നടപ്പുനസരിച്ചുള്ള അവകാശങ്ങൾകൊടുത്തു നാടുവാഴുന്ന മഹാരാജാവിന്റെ അതിവുപോലുള്ള അനുവാദംവാങ്ങാൻ ഒരുകയും ബാധ്യതയുണ്ടായിരിക്കുന്നതും, ആ അവകാശങ്ങൾ കരുക്കിഴിച്ചിലപോലെ ഇതാരേ ചുമതലകളുമാകുന്നു.

അദ്ധ്യായം ൬.

കൂട്ടുതൽ വ്യവസ്ഥകൾ.

കഴിവാക്കൽ. ൫൪ ഈ റഗുലേഷനിലുള്ള യാതൊന്നും—

(i) ഇതു നടപ്പിൽ വരുന്നതിനുമുമ്പു വേർപെടുത്തായ ഒരു വിവാഹത്തിലെ കക്ഷികൾക്കോ സന്താനങ്ങൾക്കോ, പ്രതിക്കു മറു കേടതിയിൽ അങ്ങനെ തെളിയിക്കാമെന്നുള്ളപ്പോൾ, യാതൊരു അവകാശവും ഇല്ലാതാക്കുകയോ,

(ii) മുൻവകുപ്പുകളിൽ വ്യക്തമായി വ്യവസ്ഥചെയ്തിട്ടുള്ളിടത്തൊഴികെയല്ലാതെ, ക്ഷത്രിയസമുദായത്തിന്റെ മരുമക്കത്തായനിയമത്തേയോ, ആചാരത്തേയൊ, നടപ്പിനേയൊ സംബന്ധിച്ച് ഇപ്പോഴുള്ള വ്യവസ്ഥകളെ ബാധിക്കുകയൊ ചെയ്യുന്നതല്ല.

വിവാഹത്തിന്റെ നോട്ടീസ്.

൪൬. ഈ റഗുലേഷൻപ്രകാരം വിവാഹംചെയ്യുന്നതിനുള്ള നോട്ടീസ്, വധുവിന്റെ കാരണവനോ മറ്റു രക്ഷാധികാരിയൊ ഗവണ്മെൻറ്നിർണ്ണയിക്കുന്ന അധികാരസ്ഥന് നിർണ്ണയിക്കുന്ന ഫാറത്തിലും സമയത്തിനുള്ളിലും അയക്കേണ്ടതാകുന്നു.

വ്യാഖ്യാനം എങ്ങനെ ചെയ്യാമെന്ന്.

൪൭. നായന്മാരും ഈഴവരും വെള്ളാളരും മലയാളബ്രാഹ്മണരും ഒഴികെ, മരുമക്കത്തായനിയമം ആചരിച്ചുപോരുന്ന മറ്റു സമുദായങ്ങളുടെ പ്രതിനിധികളും അപേക്ഷിക്കയും ഗവണ്മെൻറിനു ആയാസ്യവും യുക്തവും അല്ലെന്നു തോന്നുകയും ചെയ്യുന്നതായാൽ ഗവണ്മെൻറിന്, മറ്റുള്ള നടപടിപ്രകാരവും ഗവണ്മെൻറ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയും, ഈ റഗുലേഷൻ മുഴുവനുമാകട്ടെ അതിന്റെ ഏതെങ്കിലും ഭാഗമാകട്ടെ, ആവക സമുദായങ്ങളിലെ അംഗങ്ങൾക്കും സംബന്ധിപ്പിക്കാവുന്നതാകുന്നു.

ഉദ്ദേശകാരണവിവരം.

(സി) മി: സുബ്ബറാവുവിന്നു ചെങ്ങന്നൂരിൽ ജോലി ഉണ്ടായിരുന്നകാലത്തു അദ്ദേഹത്തിന്റെ നടത്തയസംബന്ധിച്ചു് ദോഷകരമായ വിമർശനങ്ങളും നിരൂക്കുകളും അടങ്ങിയ ആ സ്ഥലത്തെ നീതിന്യായകോടതികളുടെ വല്ല ജഡ്ജ്മെന്റും മെഡിക്കൽ സർവീസിനെക്കുറിച്ചുള്ള ഭരണബോർഡിന്റെ പ്രധാന മെഡിക്കൽ ഉദ്യോഗസ്ഥനു കിട്ടിയിട്ടുണ്ടോ എന്നും,

(ഡി) (എ)-യും (ബി)-യും വിഭാഗങ്ങളിൽ വിവരിച്ചതരത്തിലുള്ള എതു പരാതികളും ജഡ്ജ്മെന്റുകളും ഇതുവരെ ഗവണ്മെന്റിനു കിട്ടിയിട്ടുണ്ടെന്നും, അവയെപ്പറ്റി എന്തു നടപടി നടത്തിയിട്ടുണ്ടെന്നും,

(ഇ) അദ്ദേഹത്തിന്റെ അവിടത്തെ ഔദ്യോഗിക ജീവിതത്തിനിടക്കു എപ്പോഴെങ്കിലും മി: സുബ്ബറാവുവിനെ ചെങ്ങന്നൂർനിന്നും സ്ഥലംമാറ്റണമെന്നു ഗവണ്മെന്റ് വിചാരിക്കുകയോ ഉത്തരവിടുകയോ ചെയ്തിട്ടുണ്ടോ എന്നും,

(എഫ്) (ഇ) വിഭാഗത്തിലുള്ള നടപടി ഉണ്ടെന്നാണെങ്കിൽ, പ്രസ്തുത ഗവണ്മെന്റ് ഉത്തരവിനെ പിന്നീടു അവർ പുനരാലോചിച്ചു റദ്ദുചെയ്തതെന്താണെന്നും,

(ജി) ചെങ്ങന്നൂരെ വല്ല വ്യക്തിയിൽനിന്നോ ജനസംഘത്തിൽനിന്നോ മി: സുബ്ബറാവുവിനെ ആ സ്ഥലത്തുനിന്നു സ്ഥലം മാറ്റണമെന്ന് അപേക്ഷിച്ചുകൊണ്ടു വല്ല ഫർജിയും മെഡിക്കൽ സർവീസിനെ സംബന്ധിച്ചുള്ള ഭരണബോർഡിനു കിട്ടിയിട്ടുണ്ടോ എന്നും,

(എച്ച്) ആ ഫർജികളിന്മേൽ അവർ നടത്തിയ നടപടിയും,

ഗവണ്മെന്റിൽനിന്നും സഭയം പറയുമോ?

മി: സി. ഒ. മാധവൻ (ഗവണ്മെന്റ് ആ: സെക്രട്ടറി). (എ) ഏകദേശം രണ്ടു വർഷം.

(ബി) കിട്ടിയിരുന്നു.

(സി) കിട്ടിയിട്ടുണ്ട്.

(ഡി) മെഡിക്കൽ സർവീസിനെ സംബന്ധിച്ചുള്ള ഭരണബോർഡിനു ആറു പരാതികൾകിട്ടി. ഇൻസ്പെക്ടിംഗ് മെഡിക്കൽ ആഫീസർ ഈ പ്രദേശികാന്വേഷണം നടത്തുകയും ചെയ്തു. ജഡ്ജ്മെന്റിന്റെ പകർപ്പു ഗവണ്മെന്റിനുകിട്ടി. അദ്ദേഹത്തെ താക്കീതുചെയ്തു അഞ്ചുരൂപ പിഴയിട്ടു.

(ഇ) ഇല്ല. സബ്ബ്അസിസ്റ്റന്റ് സർജന്മാരെ സ്ഥലം മാറ്റുന്നതു് മെഡിക്കൽ സർവീസിനെ സംബന്ധിച്ചുള്ള ഭരണബോർഡാണ്.

(എഫ്) (ഇ) വിഭാഗത്തിലുള്ള നടപടി അനുസരിച്ചു് ഇതിനിടയില്ല.

(ജി) ഉണ്ട്.

(എച്ച്) ഇൻസ്പെക്ടിംഗ് മെഡിക്കൽ ആഫീസർ പ്രാദേശികാന്വേഷണം നടത്തിയശേഷമേ ഫർജികളിലെ പ്രസ്താവനകൾ തീരെ അടിസ്ഥാനരഹിതമാണെന്നുകണ്ടു.

ജോയിൻറ് സ്റ്റോക്ക് കമ്പനികളുടെ പരിശോധന.

൧൪൭. മി: എ. താണുപിള്ള (തിരുവനന്തപുരം): (എ) ൧൯൰-, ൧൯൱-, ൧൯൲-ം ആവസാനത്തിൽ ഈ സംസ്ഥാനത്തു സ്വദേശിയായും വിദേശിയായും എത്ര ജോയിൻറ്സ്റ്റോക്ക്കമ്പനികൾ നടത്തിയിരുന്നെന്നും,

(ബി) ൧൯൩൰-മുതൽ ൧൯൪൰ വരെ എത്ര പുതിയ കമ്പനികൾ രജിസ്റ്റർചെയ്തുഎന്നും,

(സി) ആണ്ടിൽ ഒരിക്കലെങ്കിലും എല്ലാ കമ്പനികളേയും പരിശോധിക്കുന്നതിന് ജോയിൻറ്സ്റ്റോക്ക് കമ്പനികളുടെ രജിസ്ട്രാക്ക് കഴിഞ്ഞിട്ടില്ലെന്നുള്ളതു വാസ്തവമാണോ എന്നും,

(ഡി) ജോയിൻറ്സ്റ്റോക്ക് കമ്പനികളുടെ നിയന്ത്രണത്തിലുള്ള ദോഷങ്ങളെ പരിഹരിക്കാൻ അവക്കു വല്ല നിർദ്ദേശവും ഉണ്ടോ എന്നും,

(ഇ) രജിസ്ട്രാരുടെ ആഫീസിലെ ഗവണ്മെന്റ് ആഡിറർ ചെയ്യുന്ന ജോലി എന്തെന്നും,

(എഫ്) കമ്പികളുടെ കണക്കുപുസ്തകങ്ങളെ രജിസ്ട്രാരക്കുതന്നെ പരിശോധിപ്പിക്കുന്നതിനു വ്യവസ്ഥ ചെയ്യുന്നതുവരെയും കമ്പനിനിയമത്തിലെ ഭേദഗതികൾ നടപ്പിൽവരുത്താൻ വല്ല നിർദ്ദേശവുമുണ്ടോ എന്നും,

ഗവണ്മെന്റിൽനിന്നും സഭയം പറയുമോ?

മി: ദേവി. കെ. മാധവൻനായർ (ഗവണ്മെന്റ് ആ: സെക്രട്ടറി):

(എ) ൧൯൰ അവസാനത്തിൽ ൨൨൭

൧൯൱ " ൨൨൭

൧൯൲ " ൨൪൮

(ബി) ബന്ധമില്ല.

(സി) വാസ്തവമാണ്.

(ഡി) ഇപ്പോഴത്തെ നിയമപ്രകാരം, കമ്പനികളുടെ കണക്കുപുസ്തകങ്ങൾ പരിശോധിക്കാൻ രജിസ്ട്രാക്ക് അധികാരമില്ല. ഈ സംഗതിയെ സംബന്ധിച്ചിടത്തോളം, നിയമത്തെ ഭേദഗതിപ്പെടുത്താൻ ഒരു തീരുമാനമുണ്ട്.

(ഇ) ആഡിറ്റർ ആഫീസിന്റെ "ഇമ്മീഡിയറ്റ്" ചാർജ് വഹിക്കുന്ന, ഗ്രേഡ് കാന്തിയായും ശമ്പളമായും ഉള്ള അതിന്റെ നടത്തിപ്പിനു അദ്ദേഹം രജിസ്റ്റാരോട് ഉത്തരവാദിയാണ്. ചട്ടപ്രകാരമുള്ള ആധാരങ്ങളുടെ "രജിസ്ട്രേഷനും," "സർട്ടിഫിക്കേഷനും" സംബന്ധിച്ച കടമകളും, ഡിപ്പാർട്ടുമെന്റിലേക്കുള്ള എഴുത്തുകുത്തുകളും, മിച്ചമുള്ള കടപ്പാടുകളിൽ "രജിസ്ട്രാക്കുവേണ്ടി" അദ്ദേഹം ഒപ്പിടുന്നു. ആഫീസ് ജീവനക്കാരുടെ ജോലിയുടെ മേൽനോട്ടവും അദ്ദേഹത്തിനുണ്ട്.

(എഫ്) (ഡി) വിഭാഗത്തിനുള്ള മറുപടി നോക്കുക.

നാട്ടുഭാഷാ വിദ്യാലയങ്ങളിലെ മുൻഷിമാർ.

ക്വസ്റ്റ്യൻ. മി: രേവതിനാഥം രാമവർമ്മരാജാവു (ഇടവക): (എ) സംസ്ഥാനത്തെ നാട്ടുഭാഷാ വിദ്യാലയങ്ങളിലുള്ള മുൻഷിമാരുടെ എണ്ണവും,

(ബി) അവരുടെ സാമാന്യയോഗ്യതയും,

(സി) അവരുടെ പ്രത്യേക യോഗ്യതയും,

(ഡി) അവരുടെ ഇടയിൽ ഇംഗ്ലീഷ് അറിയാവുന്നവരുടെ എണ്ണവും,

(ഇ) അവരിൽ ആരെങ്കിലും എസ്. എസ്. എൽ. സി. പരീക്ഷ ജയിച്ചിട്ടുണ്ടോ എന്നും, ഗവർണ്മെന്റിൽനിന്നും സദയം പറയുമോ?

മി: കെ. ജോർജ് (ഗവർണ്മെന്റ് ചീഫ് സെക്രട്ടറി): (എ) ക ം ച

(ബി)

ശാസ്ത്രി	ഉച
മഹോപാദ്ധ്യായൻ	ഖ
ഉപാദ്ധ്യായൻ	ഗ
മുൻഷി പരീക്ഷ	ഉ
വിദ്വാൻ	ചഒ
നാട്ടുഭാഷാ ടീച്ചർ	ൻ
(യോഗ്യത ഇല്ലാത്തവർ)	ന
നിയമിക്കാനുള്ള ഒഴിവുകളുടെ എണ്ണം	ന
ആകെ	ചഒച

(സി) മനസ്സിലില്ല.

(ഡി) വിവരം അറിവില്ല.

(ഇ) ഇല്ല.

സെൻസസ് ഡിപ്പാർട്ടുമെന്റിൽ ക്ഷത്രിയരുടെ നിയമനം.

ക്വസ്റ്റ്യൻ. മി: രേവതിനാഥം രാമവർമ്മരാജാവ് (ഇടവക): (എ) സെൻസസ്ജോലി സംബന്ധിച്ച് സെൻസസ് കമ്മീഷണർ നടത്തിയിട്ടുള്ള നിയമനങ്ങളുടെ ആകെത്തുക ജാതിതിരിച്ചു കാണിക്കുന്ന ഒരു സ്റ്റേറ്റുമെന്റ് ഗവർണ്മെന്റിൽനിന്നും സദയം മേശമേൽ വയ്ക്കുമോ?

(ബി) (എ) വല്ല ക്ഷത്രിയരും വല്ല നിയമനത്തിനും അപേക്ഷിച്ചിട്ടുണ്ടോ എന്നും,

(സി) (ബി) (എ) വിഭാഗത്തിനുള്ള മറുപടി ഉണ്ടെന്നാണെങ്കിൽ, അങ്ങനെയുള്ള അപേക്ഷകളുടെ തീയതികളും,

(സി) വല്ല ക്ഷത്രിയനേയും നിയമിച്ചിട്ടുണ്ടോ എന്നും അവർ സദയം പറയുമോ?

മി: കെ. ജോർജ് (ഗവർണ്മെന്റ് ചീഫ് സെക്രട്ടറി): (എ) സ്റ്റേറ്റുമെന്റ്* മേശമേൽ വച്ചിരിക്കുന്നു.

(ബി) (എ) ഉണ്ട്.

(ബി) (എ) ക ച ഠ-ള-ഖ

(ബി) ക ച ഠ-ഉ-ച

(സി) ക ച ഠ-ൻ-ച്ച

(ഛ) ക ച ന്ത-ന-ള

(സി) ഉണ്ട്.

തിരുവനന്തപുരം ആർട്ട്സും സയിൻസും കോളേജുകളിലെ ഉദ്യോഗസ്ഥന്മാരുടെ ജാതിതിരിച്ചുള്ള സ്റ്റേറ്റുമെന്റ്.

ക്വസ്റ്റ്യൻ. മി: വി. ജെ. ഉമ്മൻ (വാണിജ്യവ്യവസായം, വടക്ക്): തിരുവനന്തപുരം ആർട്ട്സും സയിൻസും കോളേജുകളിലെ ഉദ്യോഗസ്ഥന്മാരുടെ ഇടയിൽ എത്രയെത്ര ബ്രാഹ്മണരും, നായന്മാരും, കണക്കെഴുത്തുകാരും, ജാതിക്കാരെയിറക്കുമതിയും, മാർത്തോമാ ക്രിസ്ത്യാനികളും, പ്രാട്ടസ്റ്റന്റുകാരും, ഈഴവരും, മഹമ്മദീയരും, തമിഴരുമുണ്ടു, അന്യസമുദായാംഗങ്ങളും ഉണ്ടെന്നു കാണിക്കുന്നതായ സ്റ്റേറ്റുമെന്റ് ഗവർണ്മെന്റിൽനിന്നും സദയം മേശമേൽ വയ്ക്കുമോ?

മി: കെ. ജോർജ് (ഗവർണ്മെന്റ് ചീഫ് സെക്രട്ടറി): മെമ്പർ ആവശ്യപ്പെട്ട സ്റ്റേറ്റുമെന്റ് †മേശപ്പുറത്തു വച്ചിരിക്കുന്നു.

മൂന്നുമുതൽ അഞ്ചുവരെ വർഷങ്ങൾക്കുമേലായി അവരുടെ ജോലിസ്ഥലങ്ങളിൽനിന്നുസ്ഥലം മാറ്റിയിട്ടില്ലാത്ത സ്റ്റാഫ് അസിസ്റ്റന്റ് ഇൻസ്പെക്ടന്മാരും ഇൻസ്പെക്ടർമാരും.

ക്വസ്റ്റ്യൻ. മി: വി. ജെ. ഉമ്മൻ (വാണിജ്യവ്യവസായം, വടക്ക്): (എ) ഇപ്പോൾ (ക ച ന്ത-ഉ-ൻ-ൽ) സംസ്ഥാനത്തു മൂന്നുമുതൽ അഞ്ചുവരെ കൊല്ലങ്ങൾക്കുമേലായി അവരുടെ ജോലിസ്ഥലങ്ങളിൽനിന്നും സ്ഥലം മാറ്റിയിട്ടില്ലാത്ത സ്റ്റാഫ് അസിസ്റ്റന്റ് ഇൻസ്പെക്ടന്മാരും ഇൻസ്പെക്ടർമാരും ഉണ്ടോ എന്നും,

* അനുബന്ധം XXV പുറം നോക്കുക. † അനുബന്ധം XXVI പുറം നോക്കുക.

(ബി) (എ) വിഭാഗത്തിനുള്ള മറുപടിയുണ്ടെന്നാണെങ്കിൽ, അവരുടെപേരും ഇതു ദീർഘകാലത്തേക്കു അവരെ അവരുടെ ജോലിസ്ഥലങ്ങളിൽ പെട്ടുകൊണ്ടിരിക്കാനുള്ള കാരണങ്ങളും

ഗവണ്മെൻറിൽനിന്നും സമയം പറയുമോ?

മി: കെ. ജോർജ് (ഗവണ്മെൻറ ചീഫ് സെക്രട്ടറി): (എ) ഉണ്ട്.

(ബി) (i) മി: ഐപ്പുത്തോയി ബി. എ. എൽ. ടി., ഇംഗ്ലീഷ് സ്കൂൾ അസിസ്റ്റൻറ ഇൻസ്ട്രക്ടർ, കോട്ടയം,

(ii) മി: കെ. വി. ചാണ്ടി ബി. എ., എൽ. ടി., ഇംഗ്ലീഷ്സ്കൂൾ അസിസ്റ്റൻറ ഇൻസ്ട്രക്ടർ, തിരുവനന്തപുരം,

(iii) മി: പി. എസ്. ശിവസ്വാമി അയ്യർ ബി. എ., എൽ. ടി., ഇംഗ്ലീഷ്സ്കൂൾ ഇൻസ്ട്രക്ടറുടെ പേഴ്സനൽ അസിസ്റ്റൻറ, തിരുവനന്തപുരം.

(iv) മിസ്: ഡീനാ മാത്യു ബി. എ. എൽ. ടി. ഗേൾസ്സ്കൂൾ അസിസ്റ്റൻറ് ഇൻസ്ട്രക്ടസ്സ്, ഡിസ്ട്രിക്ട് V, കോട്ടയം.

ഡിപ്പാർട്ടുമെൻറിനെ സൗകര്യത്തിനായി ഇവരെ ഇവരുടെ യഥാക്രമം ജോലിസ്ഥലങ്ങളിൽ വച്ചിരിക്കയാണ്.

ഉദ്യോഗസ്ഥന്മാർ ഗവണ്മെൻറിലേക്കു നിയമനങ്ങളെപ്പറ്റി കാർട്ടർഫ്സ്റ്റോറുമെൻറുകളും സമർപ്പിക്കുന്ന കാര്യം.

ശ്രീമതി. മി: വി. ജെ. ഉമ്മൻ (വാണിജ്യവ്യവസായം, വടക്ക്): (എ) നിയമാധികാരമുള്ള എല്ലാ ഉദ്യോഗസ്ഥനും താൻ നടത്തിയിട്ടുള്ള നിയമനങ്ങളെ ജാതിതിരിച്ചു കാണിക്കുന്ന ഒരു കാർട്ടർഫ്സ്റ്റേറുമെൻറ ഗവണ്മെൻറിലേക്കു സമർപ്പിക്കണമെന്നു മിവാൻ മി: രാഘവപ്പായുടെ കാലത്തു ഒരു ഗവണ്മെൻറുത്തരവു പുറപ്പെടുവിച്ചുവോ എന്നും,

(ബി) (എ) വിഭാഗത്തിനുള്ള മറുപടി പുറപ്പെടുവിച്ചെന്നാണെങ്കിൽ, ആ ഗവണ്മെൻറുത്തരവിന്റെ ഒരു പകർപ്പു അവർ മേശമേൽ വക്കുമോ എന്നും;

(സി) ആ ഗവണ്മെൻറുത്തരവു ഇപ്പോഴും (ക്ഷ ഠന്വ-ഉ-ൻ) ഉൗർജ്ജിതത്തിൽ ഇരിക്കുന്നോഎന്നും

(ഡി) (സി) ചിഭാഗത്തിനുള്ള മറുപടി അനുകൂലമാണെങ്കിൽ, ആ ഗവണ്മെൻറുത്തരവിനു അനുസരണയായി ഉദ്യോഗസ്ഥന്മാർ പതിവായി സ്റ്റേറുമെൻറുകളും സമർപ്പിക്കുന്നുണ്ടോ എന്നും

ഗവണ്മെൻറിൽ നിന്നും സമയം പറയുമോ?

മി: കെ. ജോർജ് (ഗവണ്മെൻറ ചീഫ് സെക്രട്ടറി): (എ) ഈ കാര്യത്തെ സംബന്ധിച്ചു ഗവണ്മെൻറ ഒരു സർക്കുലർ പുറപ്പെടുവിച്ചു,

(ബി) ഹൻഡവു ഇതിലെ ക്ഷ-ാം നം- സർക്കുലറിന്റെ * ഒരു കോപ്പി (അൂർ. ഉ. സി. നമ്പർ ക്ഷ ഠ നം/ഡ൭) മേശമേൽ വച്ചിരിക്കുന്നു.

(സി) സർക്കുലർ ഉൗർജിതത്തിൽ ഇരിക്കുന്നു.

(ഡി) ഉണ്ട്.

മി: വി. ജെ. ഉമ്മൻ (വാണിജ്യവ്യവസായം, വടക്ക്): ഇതിൽ പറഞ്ഞിരിക്കുന്നതായ സർക്കുലർ അനുസരിച്ചു എല്ലാ ഡിപ്പാർട്ടുമെൻറ മെലദ്ധ്യക്ഷന്മാരും ഹൻഡവു മുതൽ താഴോട്ടുവരെ ശരിയായിട്ടു റിട്ടേണുകളും അയച്ചുകൊണ്ടോണോ ഇരിക്കുന്നതു?

മി: കെ. ജോർജ് (ഗവണ്മെൻറ ചീഫ് സെക്രട്ടറി): ശരിയായിട്ടു അയയ്ക്കുന്നു എന്നുപറയുവാൻ നിവൃത്തിയില്ല.

മി: വി. ജെ. ഉമ്മൻ (വാണിജ്യവ്യവസായം, വടക്ക്): പതിവായി അയയ്ക്കുന്നുണ്ടോ എന്നു ചോദിച്ചതിനു ഉണ്ട് എന്ന് ഉത്തരം പറഞ്ഞിരിക്കുന്നു,

ഉപാദ്ധ്യക്ഷൻ: ഗവണ്മെൻറുത്തരവിനു അനുസരണയായി ഉദ്യോഗസ്ഥന്മാർ പതിവായി സ്റ്റേറുമെൻറുകളും സമർപ്പിക്കുന്നുണ്ടോ എന്ന് നിങ്ങൾ ചോദിച്ചു. ഇപ്പോൾ നിങ്ങൾ ഓക്കുമാറി അവർ സ്റ്റേറുമെൻറുകളും ശരിയായി സമർപ്പിക്കുന്നുണ്ടോ എന്നു ചോദിക്കുന്നു. "ശരിയായി" എന്നും, "പതിവായി" എന്നും ഉള്ളതത്തിൽ വ്യത്യാസമുണ്ടു.

മി: കെ. ജോർജ് (ഗവണ്മെൻറ ചീഫ് സെക്രട്ടറി): പതിവായി അയക്കുന്നുണ്ട് എന്നു മറുപടിയിൽ പറഞ്ഞിട്ടുണ്ട്.

മി: വി. ജെ. ഉമ്മൻ (വാണിജ്യവ്യവസായം, വടക്ക്): എങ്കിലുംകൂടി ഡിപ്പാർട്ടുമെൻറ അദ്ധ്യക്ഷന്മാർ അയക്കാതിരുന്നതായിട്ടു ഗവണ്മെൻറിനറിയാമോ?

മി: കെ. ജോർജ് (ഗവണ്മെൻറ ചീഫ് സെക്രട്ടറി): അങ്ങനെപറയാൻ നിവൃത്തിയില്ല, അയക്കാതിരിക്കുന്നവരെക്കൂടി റിമൈൻഡർ അയച്ചു അയപ്പിക്കുകയാണു അയപ്പിക്കുന്നതു,

മി: വി. ജെ. ഉമ്മൻ (വാണിജ്യവ്യവസായം, വടക്ക്): അങ്ങനെ അല്ലെങ്കിൽ, അയക്കുന്നുണ്ടോ എന്നു ചോദിച്ചതിനു ഉണ്ട് എന്നു പറഞ്ഞിരിക്കുന്നതിനെ അർത്ഥമെന്താണു?

മി: കെ. ജോർജ് (ഗവണ്മെൻറ ചീഫ് സെക്രട്ടറി): സാധാരണ അയക്കുന്നുണ്ടു,

മി: വി. ജെ. ഉമ്മൻ (വാണിജ്യവ്യവസായം, വടക്ക്): ഡിപ്പാർട്ടുമെൻറധികാരികൾ ചിലപ്പോൾ അയക്കുകയും ചിലപ്പോൾ അയക്കാതിരിക്കുകയും ചെയ്യുന്നു എന്നാണോ ഞാൻ ഈ മറുപടിയിൽ നിന്നു മനസ്സിലാക്കേണ്ടതു?

മി: കെ. ജോർജ് (ഗവണ്മെൻറ ചീഫ് സെക്രട്ടറി): അങ്ങനെ അല്ല മയസ്സിലാക്കേണ്ടതു. റിട്ടേണുകൾ ചിലപ്പോൾ താമസിച്ചുവരും. ചിലപ്പോൾ അയക്കാതേയും ഇരിക്കാം. താമസിച്ചുവരുന്ന റിട്ടേണുകളുടെ സമയം സമയമല്ല. അയപ്പിക്കുന്നതിനും അയക്കാതിരിക്കുന്നവർക്കു റിമൈൻഡർ അയച്ചു റിട്ടേണുകൾ അയപ്പിക്കുന്നതിനും ഞങ്ങൾ ഗവണ്മെൻറിരിക്കുന്നതു. ഗവണ്മെൻറ അങ്ങനെ ചെയ്യുന്നുമുണ്ടു.

ൻറെബന്ധം XXVII പുറം നമ്പ്-നമ്പ൭ നോക്കുക

മി: വി. ജെ. ഉമ്മൻ (വാണിജ്യവ്യവസായം, വടക്കേ) : അങ്ങനെ അറിക്കാത്ത ഡിപ്പാർട്ടുമെൻറ് മേധാവികളോട് സമാധാനം ചോദിച്ചിട്ടുണ്ടോ?

മി: കെ. ജാർജ് (ഗവണ്മെൻറ് ചീഫ് സെക്രട്ടറി) : സമാധാനം ചോദിച്ചിട്ടില്ല. എന്നാൽ റിട്ടേൺ ഉടനെ അയക്കണമെന്ന് ഉത്തരവുകൾ അയച്ചിട്ടുണ്ട്.

മി: വി. ജെ. ഉമ്മൻ (വാണിജ്യവ്യവസായം, വടക്ക്): ഇപ്രകാരം റിട്ടേൺ അയക്കാത്തഡിപ്പാർട്ടുമെൻറ് മേധാവിക്കും വല്ലവകുപ്പും ഉണ്ടോ?

മി: കെ. ജാർജ് (ഗവണ്മെൻറ് ചീഫ് സെക്രട്ടറി) : അതിനെപ്പറ്റി പ്രത്യേകമായി അന്വേഷണംകൂടാതെ പറയുവാൻ നിവൃത്തിയില്ല.

മി. വി. ജെ. ഉമ്മൻ (വാണിജ്യവ്യവസായം, വടക്ക്) :പിടിച്ച എന്ന് മനസ്സിൽവച്ചുകൊണ്ടാണോ "ഉണ്ട്" എന്ന മറുപടിപറഞ്ഞിരിക്കുന്നത്?

മി. കെ ജാർജ് (ഗവണ്മെൻറ് ചീഫ് സെക്രട്ടറി) : അതിലേക്കു ഞാൻ മറുപടി പറഞ്ഞു കഴിഞ്ഞു.

മി: വി. ജെ. ഉമ്മൻ (വാണിജ്യവ്യവസായം, വടക്ക്) : ചോദ്യങ്ങൾക്ക് സപ്ലിമെൻറിൻറെ ചോദ്യം ഉണ്ടാകും എന്നുള്ള മുൻകരുതലോടുകൂടി വേണ്ടവണ്ണം വരുവാൻ?

മി: കെ. ജാർജ് (ഗവണ്മെൻറ് ചീഫ് സെക്രട്ടറി) : ഇങ്ങിനെ സപ്ലിമെൻറിൻറെ ചോദ്യം ചോദിക്കുമെന്നു ഞാൻ ഊഹിച്ചിട്ടില്ല. (ചിരി)

മി: വി. ജെ. ഉമ്മൻ (വാണിജ്യവ്യവസായം, വടക്ക്) : ചോദ്യം അറിയിച്ചു ഞാൻ സപ്ലിമെൻറിൻറെ കൂസ്റ്റ്യൻ ചോദിക്കാതെ രവരുടെ ഇഷ്ടം കളയുമെന്നോർത്താണോ ചീഫ് സെക്രട്ടറി അവർകൾ വിചാരിച്ചത്?

മി: കെ. ജാർജ് (ഗവണ്മെൻറ് ചീഫ് സെക്രട്ടറി): പതിവായി എന്നതിനെ ശരിയായി എന്ന അർത്ഥമാക്കി സപ്ലിമെൻറിൻറെ കൂസ്റ്റ്യൻചോദിക്കുമെന്നു ഞാൻ വിചാരിച്ചില്ല.

ഉപാദ്ധ്യക്ഷൻ : മി. ഉമ്മൻ, നിങ്ങളേയും മി. ജാർജിനേയും എതിർവിസ്താരം (ക്രോസ്) ചെയ്യുകയാണ് ഇങ്ങിനെ ഒരു ക്ലിപ്തമായ ചോദ്യം ചോദിച്ചു, അതിനെ മറുപടിയും പറഞ്ഞു

മി: വി. ജെ. ഉമ്മൻ (വാണിജ്യവ്യവസായം, വടക്ക്) : ഡിപ്പാർട്ടുമെൻറ് മേധാവികളെ ശരിയായി റിട്ടേണുകളെ അയക്കണം എന്നുള്ള ഉദ്ദേശത്തിലാണ് ഞാൻ ഈ ചോദ്യം ചോദിച്ചത്. അതു ശരിയായിട്ട് അയക്കുന്നില്ല എന്നാണ് ചീഫ് സെക്രട്ടറി അവർകളെ പറയുന്നത്.

ഉപാദ്ധ്യക്ഷൻ : ഏതെങ്കിലും ഒരു പ്രത്യേക ഉദാഹരണം നിങ്ങൾക്കു ചൂണ്ടിക്കാണിക്കാമോങ്കിൽ അതിനെക്കുറിച്ച് അന്വേഷണം നടത്തുവാൻ.

മി: വി. ജെ. ഉമ്മൻ (വാണിജ്യവ്യവസായം, വടക്ക്) : ഡിപ്പാർട്ടുമെൻറ് മേധാവികൾ ശരിയായ റിട്ടേൺസ് അയക്കുന്നില്ല എന്നു എനിക്കു അറിവുകിട്ടിയിട്ടുള്ളതുകൊണ്ടാണ് ഈ ചോദ്യം ചോദിച്ചത്. സർവ്വണ്മെൻറിടപെട്ട എല്ലാസംഗതികളും അറിഞ്ഞുകൊണ്ടിരിക്കുന്ന ചീഫ് സെക്രട്ടറി തന്നെ നിഷേധമില്ലാ എന്നു പറയുന്നു.

ഉപാദ്ധ്യക്ഷൻ : മി: ഉമ്മൻ, എന്നോടു വാദിക്കേണ്ട നിങ്ങൾ ഒരു ക്ലിപ്തമായ ചോദ്യം ചോദിച്ചു, അതിനു മറുപടിയും പറഞ്ഞു രണ്ടാമതൊരുസ്ഥാനം റിട്ടേൺ അയക്കുന്നില്ലെങ്കിൽ, റിമൈൻറർ അയക്കുക തുടങ്ങിയുള്ള സാധാരണ നടപടിയൊണ്ട്.

മി. വി. ജെ. ഉമ്മൻ (വാണിജ്യവ്യവസായം, വടക്ക്) : പതിവായി എന്നു ഞാൻ ചോദിച്ചപ്പോൾ ചിലപ്പോൾ അയയ്ക്കുന്നു എന്നും ചിലപ്പോൾ അയയ്ക്കുന്നില്ല എന്നും മറുപടി പറഞ്ഞാൽ മതിയായിരുന്നു ഉണ്ട് എന്ന മറുപടിപറയേണ്ട ആവശ്യമില്ലായിരുന്നു

ഉപാദ്ധ്യക്ഷൻ : റിമൈൻറർ അയച്ച് ഈ റിട്ടേണുകൾ വരുത്തുവാൻ ഗവണ്മെൻറ് ശ്രമിക്കുകയാണ് നിങ്ങൾക്കു ഇപ്പോൾ എന്താണ വേണ്ടത്?

മി: വി. ജെ. ഉമ്മൻ (വാണിജ്യവ്യവസായം, വടക്ക്) : മേലാലെങ്കിലും ഗവണ്മെൻറ് റിട്ടേണുകൾ വരുത്തുന്നതിൽ കൂടുതൽ നിഷ്കർഷയായി പ്രവർത്തിക്കുമോ?

ഉപാദ്ധ്യക്ഷൻ : മുന്നറിയിപ്പിൻറെയോ ഉപദേശത്തിൻറെയോ സ്വഭാവമുള്ള യാതൊന്നും ഒരു സപ്ലിമെൻറിൻറെ ചോദ്യമായിഉൾപ്പെടുത്തുകയില്ല.

മി: വി. ജെ. ഉമ്മൻ (വാണിജ്യവ്യവസായം, വടക്ക്) : ഏകദേശം ചോദ്യത്തിൻറെ ഉദ്ദേശം ഇന്നതാണെന്നു ഗവണ്മെൻറിനെ മനസ്സിലാക്കാനാണ് ഞാൻ ശ്രമിക്കുന്നത്.

ഉപാദ്ധ്യക്ഷൻ: നിങ്ങൾക്കു ബലമായി പറയാനുള്ളതുപോലും വ്യക്തമാണ്. ഗവണ്മെൻറ് ഉത്തരവുകളെ വിശ്വാസനീയമായി നടപ്പിൽ വരുത്തുന്നില്ല.

മി: വി. ജെ. ഉമ്മൻ (വാണിജ്യവ്യവസായം, വടക്ക്) : ഇനിമേലാലെങ്കിലും ഡിപ്പാർട്ടുമെൻറ് മേധാവികളെക്കൊണ്ട് റിട്ടേൺ ശരിയായി അയപ്പിക്കാൻ ശ്രമിക്കുമോ?

മി: കെ. ജാർജ് (ഗവണ്മെൻറ് ചീഫ് സെക്രട്ടറി) : ഗവണ്മെൻറ് അങ്ങിനെ തന്നെയാണ് ഉദ്ദേശിച്ചിരിക്കുന്നത്.

മി: വി. ജെ. ഉമ്മൻ (വാണിജ്യവ്യവസായം, വടക്ക്) : ഉദ്ദേശംപോലെ നടക്കുന്നില്ലെല്ലോ?

ഉപാദ്ധ്യക്ഷൻ : അതു വാസ്തവമാണ്. വിവരത്തിനു ചോദിക്കുകയല്ല.

തിരുവൻചേരിമാർ നടത്തുന്ന നിയമനങ്ങൾ.

ക്രമാ൯. മി: വി. ജെ. ഉമ്മൻ (വാണിജ്യവ്യവസായം, വടക്ക്) : കോട്ടയത്തെയും, കൊല്ലത്തെയും തിരുവനന്തപുരത്തെയും ഇപ്പോഴത്തെ (കഴിഞ്ഞ ഒക്ടോബർ മാസം) തിരുവൻചേരിമാർ അവരുടെ ഉദ്യോഗകാലത്തു അവരുടെ ഡിവിഷനുകളിൽ യഥാക്രമം നടത്തിയിട്ടുള്ള നിയമനങ്ങളുടെ ജാതിതിരിച്ചുള്ള ഒരു സ്റ്റേറ്റുമെൻറ് ഗവണ്മെൻറിൽ നിന്നും സംഘടിപ്പിച്ചു മേശപ്പുറത്തു വയ്ക്കുമോ?

മി: സി. ഒ. മാധവൻ (ഗവണ്മെൻറ് അഡീ: സെക്രട്ടറി) : ആവശ്യപ്പെട്ട വിവരങ്ങൾ കാണിക്കുന്ന ഒരു സ്റ്റേറ്റുമെൻറ് * മേശപ്പുറത്തു വച്ചിരിക്കുന്നു.

---

* അനുബന്ധം xxviii പുറം നമ്പർ നോക്കുക.

വിദ്യാഭ്യാസ ഡിപ്പാർട്ടുമെന്റിനു കീഴിൽ ചീഫ് ഇൻസ്പക്ടറന്മാരെ നിയമിക്കുന്നതിനുള്ള നിർദ്ദേശം,

ശ്രീമതി. മീ: എ. സി. കുട്ടിമാക്കോസ് (മീനച്ചിൽ-ദേവികുളം) : (എ) ഇപ്പോഴത്തെ ഇൻസ്പക്ടറേറിനെ നിയമിച്ചതിനുശേഷം മലയാളം സ്കൂളുകളേയും ഇംഗ്ലീഷ് മിഡിൽസ്കൂളുകളേയും പരിശോധിക്കുന്നതിനു പുതിയ ചീഫ് ഇൻസ്പക്ടറന്മാരേയും ഹൈസ്കൂൾ പരിശോധിക്കുന്നതിനു മറ്റു മഡപ്പെട്ടവിധ്യഭ്യാസഡയറക്ടറേയും നിയമിക്കുന്നതിനെപ്പറ്റി സ്കീം അവതരിപ്പിക്കുവാൻ ഗവണ്മെന്റ് ഉദ്ദേശിക്കുന്നുണ്ടോ എന്നും,

(ബി) . ഉണ്ടെങ്കിൽ, അവർ ഇപ്പോഴത്തെ ഫുൾപ്പാട്ടുകളിൽ കുറഞ്ഞിട്ടുള്ള സ്കൂളുകൾ പരിശോധിക്കുമോ എന്നും,

(സി) വിദ്യാഭ്യാസ ഡിപ്പാർട്ടുമെന്റിന്റെ ഇംഗ്ലീഷും മലയാളവും ശാഖകളെ പ്രത്യേകപരിശോധനാധികൃതന്മാരുടെ കീഴിൽ വച്ചതിനുശേഷം എന്തു ഗുണമുണ്ടായെന്നും,

(ഡി) വല്ലദോഷമതിയും വരുത്തുന്നുണ്ടെങ്കിൽതന്നെ, സ്ത്രീ വിദ്യാഭ്യാസ ഡിപ്പാർട്ടുമെന്റിനു വേണ്ടുന്ന മെമ്പരേയിക്കുന്നതു പരിഗണിക്കുമോ എന്നതും

ഗവണ്മെന്റിൽനിന്നും സമയം പറയുമോ ?

മി: കെ. ജാർജ്ജ് (ഗവണ്മെന്റു ചീഫ് സെക്രട്ടറി) : (എ) അങ്ങിനെ ഒരു സ്കീം ഇപ്പോൾ ഗവണ്മെന്റിന്റെ മുമ്പിൽ ഇല്ല.

(ബി) (എ) വിഭാഗത്തിനുള്ള മറുപടി നോക്കുമ്പോൾ, ഇതു ഉൽഭവിക്കുന്നില്ല.

(സി) ഉദ്ദേശം പുറപ്പെടുവിച്ചു.

(ഡി) (എ) വിഭാഗത്തിനുള്ള മറുപടിനോക്കുമ്പോൾ, ഇതു ഇപ്പോൾഉൽഭവിക്കുന്നില്ല.

നിയമസഭാ സെക്രട്ടറിക്കുള്ള അലവൻസ്.

ശ്രീ.മതി. മീ: എ. സി. കുട്ടിമാക്കോസ് (മീനച്ചിൽ-ദേവികുളം) : (എ) നിയമസഭാ സെക്രട്ടറി മറ്റു വല്ല ഉദ്യോഗവും വഹിക്കുന്നുണ്ടോ എന്നും,

(ബി) ഉണ്ടെങ്കിൽ, അദ്ദേഹത്തിന്റെ മറ്റു കർത്തവ്യങ്ങളെന്തെന്നും,

(സി) നിയമസഭാ സെക്രട്ടറിക്കു അവർ വല്ല പ്രത്യേകശമ്പളമോ അലവൻസോ കൊടുത്തിരുന്നോ എന്നും

(ഡി) കൊടുത്തിരുന്നെങ്കിൽ അത്തരം ശമ്പളത്തിന്റേയോ അലവൻസിന്റേയോ തുകയും

(ഇ) അങ്ങിനെ കൊടുക്കാൻ തുടങ്ങിച്ചുവർഷവും

(എഫ്) ഇപ്പോഴും (ചൻസ്വ-ക്ക-ഡ) ആ തുക കൊടുക്കുന്നുണ്ടോ എന്നും

(ജി) ഇല്ലെങ്കിൽ അതു അവസാനം കൊടുത്തവർഷവും അതു ഇപ്പോൾ നിറുത്തലാക്കാനുള്ള കാരണവും,ഗവർമെന്റിൽനിന്നും സമയംപറയുമോ?

മി: കെ. ജാർജ്ജ് (ഗവർമെന്റു ചീഫ് സെക്രട്ടറി): (എ) ഉണ്ട്.

(ബി) അദ്ദേഹം ഗവർമെന്റു സെക്രട്ടറിമാരിൽ ഒരാളാണ്, കൺട്രോളർ ആഫ് പേഴ്സ്സ് ആൻഡ് ഡിസയിൻസ് ഉദ്യോഗവും വഹിക്കുന്നുണ്ട്.

(സി) കൊടുത്തിരുന്നു,

(ഡി)യും (ഇ)യും ക്ക-ന്റ-ക്ക മുതൽ മാസംതോറും ൪൦൦ രൂപാ വീതം അലവൻസ്.

(എഫ്) ജിയും ക്ക-ന്റ ചിങ്ങം ൧-ാം൹ മുതൽ സെക്രട്ടറിമാരുടെ ശമ്പളസ്കെയിൽ ൪൦൦-൧൦-൫൦൦ ആയി ഉയർത്തിയതുകൊണ്ടും അദ്ദേഹത്തിനു രണ്ടു അസിസ്റ്റന്റു സെക്രട്ടറിമാരുടെ സഹായം കൊടുത്തിട്ടുള്ളതുകൊണ്ടും ആ തീരുമാനമുതൽ അലവൻസ് നിറുത്തൽചെയ്തു.

മി. എ. സി. കുട്ടിമാക്കോസ് (മീനച്ചിൽ ദേവികുളം): ക്ക-ന്റ-ൽ സിക്രട്ടേറിയറ്റിൽ ഉണ്ടായ പുതിയ പോസ്റ്റുകാരണമാണ കൗൺസിൽ സിക്രട്ടറിയുടെ അലവൻസ് നിറുത്തിയതു എന്ന മറുപടിയിൽ കാണുന്നു. ഈ പുതിയ പോസ്റ്റുകാരണത്തിൽ സിക്രട്ടറിമാർ രണ്ടുപേർക്കും ചെല്ലുവാനിടയുണ്ടായിരുന്നതിലും ഉള്ള ജോലി ഇല്ലായ്മയാണ എന്ന വിശ്വസിക്കാമോ?

മി: കെ. ജാർജ് (ഗവർമെന്റു ചീഫ് സെക്രട്ടറി): കൌൺസിൽ ജോലിയുള്ളപ്പോൾ രണ്ടു സിക്രട്ടറിമാർക്കും ജോലി ഉള്ളതായിരിക്കും.

മി: എ. സി. കുട്ടിമാക്കോസ് (മീനച്ചിൽ ദേവികുളം): ക്ക-ന്റ-ൽ മുതൽ ക്ക-ന്റ വരെ കൗൺസിൽ സിക്രട്ടറിയുടെ ജോലി ക്ലേശകരമായിട്ടാണോ വിചാരിച്ചിരുന്നതു?

മി: കെ. ജാർജ് (ഗവണ്മെന്റു ചീഫ് സെക്രട്ടറി) അതെ.

മി: എ. സി. കുട്ടിമാക്കോസ് (മീനച്ചിൽ ദേവികുളം). ശമ്പളം ക്രമപ്പെടുത്തിയപ്പോൾ ജോലിയും ക്രമപ്പെടുത്തി അതുകൊണ്ടാണ് ഈ അലവൻസ് നിറുത്തിക്കളഞ്ഞതു. എന്നാണോ ഞാൻ മനസ്സിലാക്കേണ്ടതു?

മി: കെ. ജാർജ് (ഗവണ്മെന്റു ചീഫ് സെക്രട്ടറി): അതെ.

മോട്ടോർകാറുകളുടെ ഉടമസ്ഥരെപ്രോസിക്യൂഷൻസുകൾ കൊടുക്കുന്നതിനെപ്പറ്റി

ശ്രീമതി. മീ: നേയതിനാൽ രാമവർമ്മരാജാവു (ഇടവക): സ്വന്തംകാറുകൾ ഓടിക്കുന്നവരുടെ കയ്യിൽനിന്നു ഡ്രൈവിംഗ് ലൈസൻസുകൾക്കു ഫോട്ടോകൾ വേണമെന്നു നിർബന്ധിക്കുന്ന കാരണമെന്തെന്നു ഗവർമെന്റിൽനിന്നും സമയം പറയുമോ?

മി: കെ. ജാർജ് (ഗവണ്മെന്റു ചീഫ് സെക്രട്ടറി): മോട്ടോർ വെഹിക്കിൾസ്റൂളുകളിൽ പരിഷ്കരിച്ചു ൧൦൦ രൂപ്യകാരം ഫോട്ടോകൾ ആവശ്യമാണ്. ഐകരൂപ്യം നിർണ്ണയിക്കാൻ അവ ആവശ്യമാണ്.

അഞ്ചൽ സർക്കിൾ.

ശ്രീമതി. മീ: കെ. പരമേശ്വരപണിക്കർ (അമ്പലപ്പുഴ): (എ) ചങ്ങനാശ്ശേരിയിൽനിന്നും അമ്പലപ്പുഴക്കു അഞ്ചൽ അയക്കുന്നതിൽ നേരിടുന്ന താമസത്തെ സംബന്ധിച്ചു ഗവർമ്മെന്റിനോ അഞ്ചൽ സൂപ്രണ്ടിനോ വല്ല ഫർജികളും കിട്ടിയിട്ടുണ്ടോഎന്നും

(ബി) ചങ്ങനാശേരിയിൽനിന്നും ആലപ്പുഴക്കു വരുകയും അങ്ങനെ സാമാന്യമായ കെടുതികൾക്കു മനസിട്ടുകാമസൗകര്യപ്പെടുത്തിയ പരാതിപ്പെട്ടുന്ന വല്ല ഹർജികളും അവർക്കു കിട്ടിയിട്ടുണ്ടോ എന്നും

(സി) (എ)യും (ബി)യും വിശദമാക്കുകയാണെങ്കിൽ ഈ ഹർജികളിലെ പരാതികൾക്കു അടിസ്ഥാനമുണ്ടെന്നു കണ്ടുപോ എന്നും അവയെക്കുറിച്ച് എന്തു നടപടി നടത്തിയെന്നും

ഗവണ്മെന്റിൽനിന്നോ സഭയെ പറയുമോ?

ശ്രീ: ററി. കെ. മാധവൻനായർ (ഗവണ്മെന്റ് അണ്ടർ സെക്രട്ടറി): (എ)യും (ബി)യും ഉണ്ട്.

(സി) ഈ കാര്യത്തിൽ ഗവർമ്മെന്റിന്റെ ശ്രദ്ധ പതിഞ്ഞിരിക്കുന്നു.

ഇപ്പോഴുള്ള ഒഴിവുകളിൽ സ്ഥിരമായ പോസ്റ്റിലേക്കു നിയമനം ചെയ്യുന്നതുകൊണ്ടു സിക്കുള്ള നിയമനക്രമത്തിലേക്കുള്ള നേരിട്ടിട്ടുള്ള സങ്കടങ്ങളും

ശ്രീമതി. ഡി. സി. ജോസഫ് (അഥസ്ഥീശ്വരം): (എ) ഇപ്പോഴുള്ള ഒഴിവുകളിൽ സ്ഥിരമായ പോസ്റ്റുകളും ചെയ്യാത്തതുകൊണ്ടു സെക്രട്ടേറിയറ്റിലെ ക്ലാർക്കുകൾക്ക് നേരിട്ടിട്ടുള്ള സങ്കടങ്ങളെക്കുറിച്ച് ഗവണ്മെന്റിനു അറിവുണ്ടോ എന്നും

(ബി) ക്ലാർക്കുകളുടെ സങ്കടങ്ങൾ പരിഹരിക്കുവാൻ വേണ്ടത്ര നടപടികളും നടത്താൻ അവർ തയാറുണ്ടോ എന്നും ഗവണ്മെന്റിൽനിന്നും സഭയെ പറയുമോ?

ശ്രീ: കെ. ജാർജ് (ഗവർമ്മെന്റ് ചീഫ് സെക്രട്ടറി): (എ)യും (ബി)യും എല്ലാസ്ഥിര ഒഴിവുകളിലും നിയമനങ്ങൾ നടത്തിക്കഴിഞ്ഞു.

ശ്രീ: ഡി. സി. ജോസഫ് (അഥസ്ഥീശ്വരം): ഈ ഒഴിവുകളിൽ നിയമനങ്ങൾ നടത്തിയതു എന്നാണെന്നു മെംബർ സഭയെ പറയുമോ?

ശ്രീ: കെ. ജാർജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): ഉദ്ദേശം രണ്ടുമാസം മുമ്പ്,

ശ്രീ: ഡി. സി. ജോസഫ് (അഥസ്ഥീശ്വരം): വെയിറ്റിംഗ്‌ലിസ്റ്റ് അനുസരിച്ചാണോ ഈ ഒഴിവുകളിൽ നിയമനങ്ങൾ നടത്തിയതെന്നു മെംബർ എന്നോടു പറയുമോ?

ശ്രീ: കെ. ജാർജ് (ഗവർമ്മെന്റ് ചീഫ് സിക്രട്ടറി): അതു ഒരു സപ്ലിമെന്ററി ചോദ്യമായിട്ടു തോന്നിക്കുന്നതായി ഞാൻ വിചാരിക്കുന്നില്ല.

ഉപാദ്ധ്യക്ഷൻ: ആ ചോദ്യത്തിനു മറുപടിപറയാൻ എന്താണു ബുദ്ധിമുട്ട്?

ശ്രീ: കെ. ജാർജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): ഈ ചോദ്യത്തിൽനിന്നും അതു ഒരു സപ്ലിമെന്ററി ചോദ്യമായിട്ടു ഉൾപ്പെടുന്നതായി ഞാൻ വിചാരിക്കുന്നില്ല.

ഉപാദ്ധ്യക്ഷൻ: നിർത്തുക എന്നിട്ടു ഉത്തരംപറയാൻ കഴിയുമെങ്കിൽ പറഞ്ഞാലെന്താണ്.

ശ്രീ: കെ. ജാർജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): സെക്രട്ടേറിയറ്റിൽ വെയിറ്റിംഗ്‌ലിസ്റ്റ് ഇല്ല. നിയമനങ്ങൾക്കു അപേക്ഷിച്ചു കാത്തിരിക്കുന്ന ആളുകളുടെ ഒരു ലിസ്റ്റുണ്ട് വെയിറ്റിംഗ് ലിസ്റ്റ്.

ശ്രീ. ഡി. സി. ജോസഫ് (അഥസ്ഥീശ്വരം): ഒഴിവുകളിൽ നിയമനങ്ങൾ നടത്തുന്നതിനു വേറെ വല്ല ക്രമവുമുണ്ടോ?

ശ്രീ: കെ. ജാർജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): ഉണ്ട്. ആളു ചെയ്യുന്നതനുസരിച്ചു ലിസ്റ്റിൽനിന്നും, ചവറ ശാസ്ത്രംകോട്ടറോഡിൽ വീണ്ടും ചരലിടുന്ന കാര്യം.

ക്ര ൦. ശ്രീ. ജി. പി. നീലകണ്ഠപിള്ള (കുന്നത്തൂർപ്പുള്ളി): (എ) ഫ്രഞ്ചു മെക്കള്ള വഡ്ജാറികൾ വ്യവസ്ഥചെയ്യുന്നുകാരം ചവറ ശാസ്ത്രംകോട്ടറോഡിൽ വീണ്ടും ചരലിട്ടറപ്പിച്ചോ?

(ബി) പ്രസ്തുതറോഡിൽവീണ്ടും ചരലിട്ടറപ്പിച്ചെങ്കിൽ അതിലേക്കു എത്രരൂപ കിലവായി എന്നും, ഗവർമ്മെന്റിൽനിന്നും സഭയെ പറയുമോ?

ശ്രീ: ററി. കെ. മാധവൻനായർ (ഗവണ്മെന്റ് അണ്ടർ സെക്രട്ടറി): (എ) ഇല്ല,

(ബി) (എ) വിശദമാക്കുന്നതിനുള്ള ഉത്തരം നോക്കുമ്പോൾ ഇതിനു അവകാശമില്ല.

ശ്രീ: ജി. പി. നീലകണ്ഠപിള്ള (കുന്നത്തൂർപ്പുള്ളി): (എ) വിശദം ചോദ്യത്തിനുള്ള മറുപടിയെ സംബന്ധിച്ചു ജോലിചെയ്യാതിരുന്നതു എന്താണെന്നു ഞാൻ അറിഞ്ഞുകൊള്ളട്ടയോ?

ശ്രീ: ററി. കെ. മാധവൻനായർ (ഗവണ്മെന്റ് അണ്ടർ സെക്രട്ടറി): ആ ജോലി വളരെ അടിയന്തരമായി ചെയ്യേണ്ടതാണെന്നു വിചാരിച്ചില്ല. അതുകൊണ്ടു അതു നീട്ടിവച്ചു.

ശ്രീ. ജി. പി. നീലകണ്ഠപിള്ള (കുന്നത്തൂർപ്പുള്ളി): ആ ജോലിക്കു ക്ഷണം-ൽ ബഡ്ഡറു ചെയ്യുന്നു എന്നു ഞാൻ അറിഞ്ഞുകൊള്ളട്ടയോ?

ശ്രീ ററി. കെ. മാധവൻനായർ (ഗവണ്മെന്റ് അണ്ടർ സെക്രട്ടറി): അതു ആലോചിക്കുന്ന ഒരു ജോലിയാണ്. എന്നാൽ അതു വളരെ അടിയന്തരമായ ഒരു ജോലിയാണെന്നു വിചാരിച്ചില്ല. ബഡ്ഡറു് തയാറാക്കിയ സമയത്തു് ആവശ്യമുള്ള എല്ലാജോലികളേയും പരിഗണിക്കുകയും ബഡ്ഡറിൽ ചേർക്കുകയുംചെയ്തു. എന്നാൽ ഇപ്പോൾ അടിയന്തരമായ ജോലികൾ മാത്രമേ ചെയ്യുന്നുള്ളൂ.

ശ്രീ: ജി. പി. നീലകണ്ഠപിള്ള (കുന്നത്തൂർപ്പുള്ളി): ബഡ്ഡറിൽ കൊള്ളിച്ചിട്ടുള്ളതും ഈ ഒരുണ്ടിൽ ചെയ്യാത്തതുമായ ആവശ്യമുള്ള അടിയന്തരജോലികൾ എന്തെല്ലാമാണെന്നു ഞാൻ അറിഞ്ഞുകൊള്ളട്ടയോ?

ശ്രീ: ററി. കെ. മാധവൻനായർ (ഗവണ്മെന്റ് അണ്ടർ സെക്രട്ടറി): ആ ചോദ്യത്തിനു എനിക്കു നോട്ടീസ് വേണം. അതിനേരം ഒരു ചോദ്യത്തിനു മറുപടിപറയാൻ വളരെ പ്രയാസമാണ്.

ശ്രീ: ജി. പി. നീലകണ്ഠപിള്ള (കുന്നത്തൂർപ്പുള്ളി): ഇതുജോലി അടിയന്തരമായിട്ടുള്ളതാണോ അല്ലയോ എന്നു തീരുമാനിക്കുന്നതിലേക്കുള്ള സ്റ്റാൻഡാർഡ് എന്താണെന്നു ഞാൻ അറിഞ്ഞുകൊള്ളട്ടയോ?

ശ്രീ ററി. കെ. മാധവൻനായർ (ഗവർമ്മെന്റ് അണ്ടർ സെക്രട്ടറി) ആ ചോദ്യത്തിനു എനിക്കു നോട്ടീസ് വേണം.

ശ്രീ. ജി. പി. നീലകണ്ഠപിള്ള (കുന്നത്തൂർപ്പുള്ളി): ഈ റോഡ് ഒരു അടിയന്തിരജോലിയായി വിചാരിച്ചില്ലെങ്കിൽ അതിനെ അടിയന്തരജോലിയായി കരുതാൻ ഗവർമ്മെന്റിനെ പ്രേരിപ്പിച്ചു കാരണങ്ങളും ഞാൻ അറിഞ്ഞുകൊള്ളട്ടയോ?

മി: റവി. കെ. മാധവൻനായർ (ഗവർമെൻറ് ആ സെക്രട്ടറി) ഇതേ ആശയം അന്തർലീനമായിരുന്ന മുമ്പിലത്തെ ഒരു ചോദ്യത്തെ സംബന്ധിച്ച് എനിക്ക നോട്ടീസു വേണമെന്നു ഞാൻ മറുപടി പറഞ്ഞുകഴിഞ്ഞു.

മി: ജി. പി. നീലകണ്ഠപിള്ള (കുന്നാത്തുപ്പള്ളി): പ്രത്യേകിച്ചു ഈ ജോലി ഈ ആണ്ടിൽ ചെയ്യേണ്ട എന്നവച്ചതു് എന്താണെന്നു അറിഞ്ഞുകൊള്ളട്ടയോ?

മി: റവി. കെ. മാധവൻനായർ (ഗവർമെൻറ് ആ സെക്രട്ടറി): ഈ കായ്ത്തിനു ബഡ്ഡറിൽ വ്യവസ്ഥ ചെയ്തതിനുശേഷം സംഭവത്തികഭവിഷ്യം നേരിട്ടുകയും മറ്റു പല ജോലികൾക്കുള്ള ഫണ്ടുകളുടെ കൂട്ടത്തിൽ ഇതും സാരമായി ചെയ്കയും ചെയ്തു. അതാണു ഈ ജോലി ചെയ്യാതിരുന്നതിനുള്ള കാരണം.

മി: ജി. പി. നീലകണ്ഠപ്പിള്ള (കുന്നാത്തുപ്പള്ളി): ഈ ജോലിക്കു തിരിച്ചുവച്ചിരുന്ന തുക സറണ്ടർചെയ്തിയതി എങ്കിലും ഞാൻ അറിഞ്ഞുകൊള്ളട്ടയോ?

മി: റവി. കെ. മാധവൻനായർ (ഗവർമെൻറ് ആ സെക്രട്ടറി): ആ പ്രത്യേകവിവരം എൻെറ പക്കൽ ഇപ്പോൾ ഇല്ല. എനിക്ക നോട്ടീസ് വേണം.

മി: ജി. പി. നീലകണ്ഠപിള്ള (കുന്നാത്തുപ്പള്ളി): മദ്ധ്യത്തെ സാമ്പത്തികസ്ഥിതി തിരിച്ചതാണോ ഈ കായ്ത്തിനു നീക്കിവച്ചിരുന്ന ഫണ്ടുകൾ സറണ്ടർ ചെയ്തതെന്നു ഞാൻ അറിഞ്ഞുകൊള്ളട്ടയോ?

മി: റവി. കെ. മാധവൻനായർ (ഗവർമെൻറ് ആ സെക്രട്ടറി): അതെ എന്ന ആ ചോദ്യത്തിനു ഞാൻ മറുപടി പറഞ്ഞുകഴിഞ്ഞു.

സാമ്പത്തികഭവിഷ്യം ഉണ്ടായപ്പോൾ തന്നാണ്ടത്തെ ബഡ്ഡറിൽ വ്യവസ്ഥചെയ്തിട്ടുള്ളതും തൽക്കാലത്തേക്കു മാറിവയ്ക്കാവുന്നതുമായ ജോലികൾ ഉണ്ടോ എന്നു ചീഫ് എൻജിനീയരോടു ചോദിച്ചു. അമാന്തിപ്പിക്കാവുന്ന ജോലികളുടെ ഒരു ലിസ്റ്റ് അദ്ദേഹം അയച്ചുതന്നു.

മി. ജി. പി. നീലകണ്ഠപിള്ള (കുന്നാത്തുപ്പള്ളി): ഈ ജോലി മാറിവച്ചതു് ചീഫ് എൻജിനീയറുടെ ശിപാർശപ്രകാരമാണോ എന്നറിഞ്ഞുകൊള്ളട്ടയോ?

ഉപാദ്ധ്യക്ഷൻ: ആയിരിക്കണം.

മി: റവി. കെ. മാധവൻനായർ (ഗവർമെൻറ് ആ സെക്രട്ടറി): അതെ.

മി: ജി. പി. നീലകണ്ഠപിള്ള (കുന്നാത്തുപ്പള്ളി): ചീഫ് എൻജിനീയർ ശിപാർശചെയ്തതു് എപ്പോഴാണെന്നു് അറിഞ്ഞുകൊള്ളട്ടയോ?

ഉപാദ്ധ്യക്ഷൻ: ഈ പ്രത്യേകജോലിയെക്കുറിച്ചു മാത്രമല്ല അദ്ദേഹം ശിപാർശചെയ്തതു്. മാറിവയ്ക്കാവുന്ന ജോലികളുടെ ഒരു ലിസ്റ്റ് അദ്ദേഹം അയച്ചു. ഈ ജോലി ആ ലിസ്റ്റിൽ ഉണ്ടായിരിക്കയും ചെയ്തു. അതു് ഒരു ഏകോദ്ദേശമാണെന്നായിട്ടു തിരുമുടെ നിയോജകമണ്ഡലത്തെ പ്രത്യേകമായി ചീഫ് എൻജിനീയർ സൂചിപ്പിച്ചിട്ടുണ്ടായിരുന്നുവോ എന്നതു നിസ്സാരമായി ഞാൻ അതിനെ ഗണിക്കാൻപാടില്ല.

മി: ജി. പി. നീലകണ്ഠപിള്ള (കുന്നാത്തുപ്പള്ളി): ജോലി മാറിവയ്ക്കുന്നതിനെ കുറിച്ചു ചീഫ് എൻജിനീയർ റിപ്പോർട്ടുചെയ്തതു് എപ്പോഴാണെന്നു ഞാൻ അറിഞ്ഞുകൊള്ളട്ടയോ?

ഉപാദ്ധ്യക്ഷൻ: നിങ്ങളുടെ ആശങ്കാഗൗരവത്തെ ഞാൻ നല്ലവണ്ണം മനസ്സിലാക്കുന്നു. എന്നാൽ മി. ജി. പി. നീലകണ്ഠപിള്ളയ്ക്ക് നിങ്ങളുടെ ചോദ്യങ്ങൾക്കെല്ലാം മറുപടി പറഞ്ഞുകഴിഞ്ഞു. ഒരു പക്ഷേ നിങ്ങൾക്കു തൃപ്തികരമായിട്ടല്ലായിരിക്കാം.

മി. ജി. പി. നീലകണ്ഠപിള്ള (കുന്നാത്തുപ്പള്ളി) ചീഫ് എൻജിനീയർ അദ്ദേഹത്തിൻറ ശിപാർശചെയ്തതു് എപ്പോഴാണെന്നറിയാൻ ഞാൻ ആഗ്രഹിക്കുന്നു.

ഉപാദ്ധ്യക്ഷൻ: അദ്ദേഹത്തിൻറ എഴുത്തിൻറ തീയതിയോ?

മി. ജി. പി. നീലകണ്ഠപിള്ള (കുന്നാത്തുപ്പള്ളി): തീയതിയല്ല.

മി: റവി. കെ. മാധവൻനായർ (ഗവർമെൻറ് ആ സെക്രട്ടറി): കിട്ടിയ ദിവസം എപ്പോഴോ.

മി: ജി. പി. നീലകണ്ഠപിള്ള (കുന്നാത്തുപ്പള്ളി): ശിപാർശയിൽ ചവറ ശാസ്താംകോട്ട റോഡും ഉൾപ്പെട്ടിരുന്നോ?

മി. റവി. കെ. മാധവൻനായർ (ഗവർമെൻറ് ആ. സെക്രട്ടറി): ഉൾപ്പെട്ടിരുന്നു.

ഓച്ചിറ-താമരക്കുളം റോഡ് നന്നാക്കുന്നതിനെപ്പറ്റി

*൨൭൫. മി. ജി. പി. നീലകണ്ഠപിള്ള (കുന്നാത്തുപ്പള്ളി): (എ) ൨൦൧൪-ലേക്കുള്ള ബഡ്ഡറിൽ വ്യവസ്ഥചെയ്തപ്രകാരം ഓച്ചിറയിൽനിന്നും താമരക്കുളത്തേക്കുള്ള റോഡ് നന്നാക്കിയിട്ടുണ്ടോ എന്നും.

(ബി) അതിനേ തന്നാണ്ടുന്നതിനു വല്ല തുകയും ചിലവാക്കിയിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ എത്ര എന്നും. ഗവർമെൻറിൽനിന്നും സുഖം ചോദിയുമോ?

മി. റവി. കെ. മാധവൻനായർ (ഗവർമെൻറ് ആ. സെക്രട്ടറി): (എ) ഇല്ല.

(ബി) (എ) വിഭാഗത്തിനുള്ള ഉത്തരം അനുസരിച്ചു ഇതു് ഉത്ഭവിക്കുന്നില്ല.

മി: ജി. പി. നീലകണ്ഠപിള്ള (കുന്നാത്തുപ്പള്ളി): ഈ റോഡ് ഉൾപ്പെടുത്താതിരുന്നതു് എന്തുകൊണ്ടാണെന്നു ഞാൻ അറിഞ്ഞുകൊള്ളട്ടയോ?

മി: റവി. കെ. മാധവൻനായർ (ഗവർമെൻറ് ആ. സെക്രട്ടറി): മുമ്പിലത്തെ ചോദ്യത്തിനുള്ള മറുപടിയിൽ വിവരിച്ച കാരണങ്ങൾ നിമിത്തംതന്നെ.

മി: ജി. പി. നീലകണ്ഠപിള്ള (കുന്നാത്തുപ്പള്ളി): അതായതു് അതു് അടിയന്തരമാണെന്നു വിചാരിച്ചില്ല.

മി: റവി. കെ. മാധവൻനായർ (ഗവർമെൻറ് ആ സെക്രട്ടറി): അതെ.

ഓച്ചിറ ആലപ്പാടിക ചന്തറോഡ് നീട്ടുന്നതിനെക്കുറിച്ച്.

*൨൭൬. മി: ജി. പി. നീലകണ്ഠപിള്ള (കുന്നാത്തുപ്പള്ളി): (എ) ഓച്ചിറയിൽനിന്നും ആലപ്പാടിക ചന്തക്കുള്ള റോഡു് ആയിരത്തൊള്ളായിരത്തു തൊട്ടുവരെ നീട്ടുന്നതിനെ ആലോചനയുണ്ടോ എന്നും,

(ബി) ആലംപീടികചന്തയിൽനിന്നും മേപ്പിലേക്കുള്ള റോഡും കൂടെ ഉൾപ്പെടുത്തുവാൻ

(സി) അതിനെ പൊതുവഴിയാക്കി നീട്ടുന്നതിനു വല്ല പ്രപ്പോസലും ഗവൺമെന്റിലേക്കു അയച്ചിട്ടുണ്ടോ എന്നും, ഗവണ്മെന്റിൽനിന്നും സമയം പറയുമോ?

മി: ഡി. കെ. മാധവൻനായർ (ഗവർമെന്റ് ഈ സെക്രട്ടറി): (എ) ഉണ്ട്, എന്നാൽ ഉടനെ അല്ല.

(ബി) ഉദ്ദേശമുണ്ട്.

(സി) വിപുലമായ എസ്റ്റിമേറുണ്ടാക്കിയിട്ടില്ല.

മി: ജി. പി. നീലകണ്ഠപ്പിള്ള (കണ്ടനാട്ടുപ്പള്ളി): ചോറ്റുത്തിന്റെ (എ) വിഭാഗത്തിനുള്ള മരപടിയെ സംബന്ധിച്ചു; ജോലി പൂർത്തിയാകുമ്പോൾ മുടക്കണമെന്നുള്ള ഗവണ്മെന്റ് ഉദ്ദേശിക്കുന്നതെന്ന അറിയുവാൻ കാരുണ്യമുണ്ടായിട്ടുണ്ടോ?

മി. ഡി. കെ. മാധവൻനായർ (ഗവർമെന്റ് ഈ സെക്രട്ടറി): ധനസ്ഥിതി നന്നായശേഷമേ.

മി. ജി. പി. നീലകണ്ഠപ്പിള്ള (കണ്ടനാട്ടുപ്പള്ളി): റോഡ് പീടിക്കുന്നതിനു മുമ്പ് ആലോചനയുണ്ടെന്നും, എന്നാൽ ഉടനെ അല്ലെന്നും, ആ മരപടിയിൽ പറഞ്ഞിരിക്കുന്നു. റോഡ് പീടിക്കുന്നതു എപ്പോൾ വേണമെന്ന് ഗവണ്മെന്റ് ഉദ്ദേശിക്കുന്നു എന്നു അറിഞ്ഞാൽ കൊള്ളാം.

മി. ഡി. കെ. മാധവൻനായർ (ഗവണ്മെന്റ് ഈ സെക്രട്ടറി): അതു വിശദമായി പറയാൻ നിവൃത്തിയില്ല.

മി. ജി. പി. നീലകണ്ഠപ്പിള്ള (കണ്ടനാട്ടുപ്പള്ളി): ജോലി ആവശ്യമാണെന്നു ഗണിക്കുന്നുണ്ടോ?

ഉപാദ്ധ്യക്ഷൻ: അതു അവശ്യമാണെന്നു ഗവണ്മെന്റ് വിചാരിക്കുന്നു. വിശദമായ എസ്റ്റിമേറുകൾ തയ്യാറാക്കിയിരുന്നു. ജോലി വളരെ അടിയന്തരമായിട്ടുള്ളതല്ല. റോഡു നീട്ടുന്നതിന്റെ ആവശ്യകതയെ അവർ സമ്മതിക്കുന്നു.

മി. ജി. പി. നീലകണ്ഠപ്പിള്ള (കണ്ടനാട്ടുപ്പള്ളി): റോഡിന്റെ ആവശ്യകതയോ?

ഉപാദ്ധ്യക്ഷൻ അവർ എസ്റ്റിമേറിനു അനുവദിപ്പിട്ടുണ്ടല്ലോ അതിനെ അവധാനപൂർവ്വം പരിശോധിച്ചതിനുശേഷം മാത്രമേ ഫണ്ടുറവ് വ്യവസ്ഥ ചെയ്യേണ്ടതായിട്ടുള്ളൂ. ഫണ്ടുറവ് വ്യവസ്ഥ ചെയ്തിട്ടില്ലാത്ത ഒരു കാര്യമാണ് ഇത്.

കല്ലുകടവിലെ പാലം.

*൨൬൬. മി. ജി. പി. നീലകണ്ഠപ്പിള്ള (കണ്ടനാട്ടുപ്പള്ളി): (എ) പടന്നയിൽകടവിനും, ശാസ്ത്രാംകോട്ട റോഡിനും കല്ലുകടവിലെ പാലം പണിയുന്നതിനെക്കുറിച്ചു ഗവണ്മെന്റിലേക്കു വല്ല നിവേദനങ്ങളും അയച്ചിട്ടുണ്ടോ എന്നും,

(ബി) നിവേദനങ്ങളുണ്ടെങ്കിൽ വല്ല നടപടികളും നടത്തിയിട്ടുണ്ടോ? എന്നും, ഉണ്ടെങ്കിൽ എന്തെന്നും,

ഗവണ്മെന്റിൽനിന്നും സമയം പറയുമോ?

മി. ഡി. കെ. മാധവൻനായർ (ഗവണ്മെന്റ് ഈ സെക്രട്ടറി): (എ) ഉണ്ട്.

(ബി) ഈ കാര്യം പബ്ലിക്കുവർക്കായി അസിസ്റ്റൻ റോഡ് ബോർഡിന് അയച്ചുകൊടുത്തിരിക്കയാണ്.

അഴുവാ ഡിവിഷൻ എൻജിനീയർ.

*൨൬൭. മി. തയ്യിൽ കുഞ്ഞിമൊയ്തീൻ (മുവാറ്റുപുഴ-തൊടുപുഴ): അഴുവായിലെ ഇപ്പോഴത്തെ (ക ക ാ ന്ന-വ-ക വ-ലെ) പി. ഡബ്ലിയു. ഡിവിഷൻ എൻജനീയർ അഴുവാ ഡിവിഷനിൽ ചാർജ്ജെടുത്തിട്ട് എത്ര വർഷങ്ങളും മാസങ്ങളും ആയി എന്നും ഗവൺമെന്റിൽനിന്നും സമയം പറയുമോ?

മി. ഡി. കെ. മാധവൻനായർ (ഗവണ്മെന്റ് ഈ സെക്രട്ടറി): അഴുവായിലെ ഇപ്പോഴത്തെ പി. ഡബ്ലിയു. ഡിവിഷൻ എൻജിനീയർ അഴുവാ ഡിവിഷനിലെ ചാർജ്ജെടുത്തിട്ടു ഇപ്പോൾ നാലുവർഷവും രണ്ടുമാസവും ആയി.

പള്ളിക്കലും ഞെക്കാട്ടും അഞ്ചൽ ആഫീസുകളും തമ്മിൽ കാര്യം.

*൨൬൮. മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ചിറയിൻകീഴ് താലൂക്കിൽ പള്ളിക്കലും ഞെക്കാട്ടുമായി രണ്ടു അഞ്ചലാഫീസുകളും തമ്മിൽ ദൂരക്കുറവിനെക്കുറിച്ചു എന്തു നടപടി നടത്തിയിട്ടുണ്ടെന്നു ഗവണ്മെന്റിൽനിന്നും സമയം പറയുമോ?

മി. ഡി. കെ. മാധവൻനായർ (ഗവണ്മെന്റ് ഈ സെക്രട്ടറി): ചിറയിൻകീഴുതാലൂക്കിൽ തപ്പാൽ പള്ളിക്കലും ഞെക്കാട്ടും അഞ്ചൽ ആഫീസുകളും തമ്മിൽ ദൂരക്കുറവിനെ ഉദ്ദേശിച്ചു ഹർജിക്കാർ കിട്ടി. ഗവൺമെന്റിന് നിശ്ചയം വരുത്തിക്കുവാൻ ആവശ്യമുള്ള മാതൃകയിൽ കണക്കുകൾ തയ്യാറാക്കിയാൽ അഞ്ചൽ ആഫീസുകളും തമ്മിൽ ദൂരക്കുറവിനെക്കുറിച്ചു ആലോചിക്കുന്നതായിരിക്കുമെന്ന് അവരോടു പറഞ്ഞിട്ടുണ്ട്.

മീനമേലിലെ കൊല്ലംകോട്ടം അങ്ങാടിദിവസം തിങ്കളാഴ്ചയും

പ്ലാമേലിലെ ഒഴിവു ദിവസങ്ങളും.

*൨൬൯. മി. ഡി. സി. കുഞ്ഞുപിള്ള (കൽക്കുളം-ചിങ്ങവനംതെക്ക്):

(എ) വിളവങ്കോട്ടു താലൂക്കിൽ മീനമേൽനിന്നു കൊല്ലംകോട്ടം അങ്ങാടി ദിവസം തിങ്കളാഴ്ചയും പ്ലാമേൽ ഒഴിവുദിവസം കിഴക്കുപടിഞ്ഞാറു മാറ്റണമെന്നു ഗവണ്മെന്റിനു നിവേദനങ്ങൾ കിട്ടിയിട്ടുണ്ടോ എന്നും,

(ബി) (എ) വിഷയത്തിനുള്ള ഉത്തരം ഉണ്ടെന്നാണെങ്കിൽ ഈ വിഷയത്തിൽ അവർ എന്തു നടപടികൾ സ്വീകരിച്ചുവെന്നും,

ഗവണ്മെന്റിൽനിന്നും സമയം പറയുമോ?

മി. കെ. ജാണ്ടു (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): ശ്രീമൂലം പ്രജാസഭയുടെ മുൻ യോഗങ്ങളിൽ അതിന്റെ മെമ്പറന്മാർ ഈ കാര്യത്തെക്കുറിച്ചു നിവേദനങ്ങളും ഹാജരാക്കി.

(ബി) ഒഴിവു ദിവസങ്ങളും തിങ്കളാഴ്ചതോറും നിശ്ചയിക്കുന്നതിനെ സംബന്ധിച്ചുള്ള അഭിപ്രായങ്ങളും ആരാഞ്ഞു

ധാന്യമില്ലാത്തതിനാൽ ഈ രണ്ടു ദിവസങ്ങളിലും റേഷൻകടകൾവഴി വിതരണം ചെയ്യാൻ തീരുമാനിച്ചിട്ടില്ലെന്നു തമിഴ്നാടുമായി ചർച്ചനടത്തിയ മന്ത്രിമാർ പറഞ്ഞു.

ശ്രീ. ടി. സി. കേശവപിള്ള (കൽക്കുളം–പിളവങ്കോട്) : ഏതെങ്കിലും താലൂക്കിൽ ലോക്കൽ ഫാമിഡേസ് കൊടുത്തിട്ടുണ്ടോ?

ശ്രീ. കെ. ജാർജ്ജ് (ഗവൺമെന്റ് ചീഫ് സെക്രട്ടറി): മറ്റു പല താലൂക്കുകളിലും പല സംഗതികളിലും ലോക്കൽ ഫാമിഡേസ് കൊടുത്തിട്ടുള്ളതായി കണ്ടേക്കാം.

ശ്രീ. ടി. സി. കേശവപിള്ള (കൽക്കുളം–പിളവങ്കോട്) : ചോദ്യത്തിൽ പറഞ്ഞിട്ടുള്ള രണ്ടു ദിവസത്തിൽ ക്ഷേത്രങ്ങൾ പ്രധാനമായും ഏതിനാണെന്നു ഗവൺമെന്റിനു അറിയാമോ?

ശ്രീ. കെ. ജാർജ്ജ് (ഗവൺമെന്റ് ചീഫ് സെക്രട്ടറി): ഈ സ്വകാര്യക്ഷേത്രങ്ങളുടെ അഭിപ്രായത്തിൽ ഇതു രണ്ടും പ്രധാനമുള്ളതല്ലെന്നാണ്.

ശ്രീ. ടി. സി. കേശവപിള്ള (കൽക്കുളം–പിളവങ്കോട്): ഉദ്ദേശം അവിടെ എന്തു തുക്കുട്ടം ഉണ്ടായിരിക്കുമെന്നുള്ളതിനെപ്പറ്റി വേണ്ട ഒരന്വേഷണം നടത്തുന്നതിനു ഗവൺമെന്റിനു മയവുണ്ടാകുമോ?

ശ്രീ. കെ. ജാർജ്ജ് (ഗവൺമെന്റ് ചീഫ് സെക്രട്ടറി): അന്വേഷണം നടത്താം.

ഒരു സ്ഥിരവിവര ബ്യൂറോ സ്ഥാപിക്കൽ.

൨൭൭. ശ്രീ. കെ. മാധവൻപിള്ള (തിരുവനന്തപുരം–നെടുമങ്ങാട്): സ്ഥിരമായും ഫലപ്രദമായ രീതിയിൽ നടത്തപ്പെടുന്നതുമായ ഒരു സ്ഥിതിവിവര ബ്യൂറോ രൂപീകരിക്കുന്നതിനെപ്പറ്റി പ്ലാനിംഗ് കമ്മിറ്റി ബഹുമായി ശിപാർശ ചെയ്തതിനെ പരിഗണിച്ചു ഈ ശിപാർശയെ നടപ്പിൽ വരുത്താൻ വല്ല നടപടിയും നടത്തിയിട്ടുണ്ടോ എന്നു ഗവൺമെന്റിൽനിന്നും സഭയെ പറയുമോ?

ശ്രീ. ടി. കെ. മാധവൻനായർ (ഗവൺമെന്റ് ആ. സെക്രട്ടറി): ഇല്ല എന്നാണ് മറുപടി. കമ്മിറ്റിയുടെ റിപ്പോർട്ടും അതിൽ അടങ്ങിയിട്ടുള്ള ശിപാർശകളും ഗവൺമെന്റിന്റെ പരിശോധനയിൽ ഇരിക്കുകയാണ്.

ഉള്ളൂരിലെ ജലക്ഷാമം.

൨൭൮. ശ്രീ. കെ. മാധവൻപിള്ള (തിരുവനന്തപുരം–നെടുമങ്ങാട്) : (എ) തിരുവനന്തപുരം താലൂക്കിൽ ഉള്ളൂരിൽ കുടിക്കാനുള്ള വെള്ളത്തിനു വലിയ ദൌർലഭ്യമുണ്ടെന്നു ഗവൺമെന്റിനു അറിവുണ്ടോ?

(ബി) തിരുവനന്തപുരം കോട്ടും റോഡിന്റെ അരികിൽ ഉള്ളൂർ മാർത്സ് സ്കൂളിനു സമീപമുള്ള ഒരു കിണറ്റിലെ ജലം കിണറു മുഴുവൻ ഒരു കിണറു കുഴിക്കാൻ ഉപയോഗിക്കുന്നതോ? എന്നു കാണിക്കുന്ന ഒരു റിപ്പോർട്ടയക്കാൻ ഗവൺമെന്റു സമയം ആവശ്യപ്പെട്ടതോ?

ശ്രീ. സി. ഉ. മാധവൻ (ഗവൺമെന്റ് ആ. സെക്രട്ടറി): (എ) അതിനെപ്പറ്റി അന്വേഷണം നടത്തുകയാണ്.

(ബി) ആവശ്യപ്പെട്ടിട്ടുണ്ട്.

കുടിവെള്ളപ്രശ്നത്തിനു പുറമെ, പട്ടണങ്ങൾപ്പുഴ, കോഴിവളർത്തൽ ഇവയെ സംബന്ധിച്ചുള്ള വകുപ്പുകളെ നിരുത്തൽ ചെയ്യുന്നതിനുദ്ദേശിച്ചു.

൨൭൯. ശ്രീ. എ. താണുപിള്ള (തിരുവനന്തപുരം): കുടിവെള്ളപ്രശ്നത്തിനു പുറമെ, പട്ടണങ്ങൾപ്പുഴ, കോഴിവളർത്തൽ ഇവയെ സംബന്ധിച്ചുള്ള വകുപ്പുകളെ നിരുത്തൽ ചെയ്യുന്നതിനുദ്ദേശിച്ചു വല്ല നിർദ്ദേശവും അവയോടു മുമ്പാകെ ഹാജരാക്കപ്പെട്ടിട്ടുണ്ടോ എന്നു ഗവൺമെന്റിൽനിന്നും സഭയെ പറയുമോ?

ശ്രീ. ടി. കെ. മാധവൻനായർ (ഗവൺമെന്റ് ആ. സെക്രട്ടറി): അങ്ങിനെ ഒരു നിർദ്ദേശം ഗവൺമെന്റു മുമ്പാകെ കൊണ്ടുവന്നിട്ടില്ല.

ശ്രീ. എ. താണുപിള്ള (തിരുവനന്തപുരം): ഈ വകുപ്പുകളെ നിരുത്തൽ ചെയ്യുയോ ഭേദഗതിയോ ചെയ്യുന്ന സംഗതിയെക്കുറിച്ചു ഗവൺമെന്റു പ്രത്യാലോചിക്കുന്നുണ്ടോ എന്നു ഞാൻ അറിഞ്ഞുകൊള്ളട്ടെയോ?

ശ്രീ. ടി. കെ. മാധവൻനായർ (ഗവൺമെന്റ് ആ. സെക്രട്ടറി): ഡിപ്പാർട്ടുമെന്റു മേലധികാരിയോടു രണ്ടു സംഗതികളെക്കുറിച്ചും ഒരു റിപ്പോർട്ടു ആവശ്യപ്പെട്ടിട്ടുണ്ട്.

ശ്രീ. എ. താണുപിള്ള (തിരുവനന്തപുരം): അങ്ങിനെ ഒരു റിപ്പോർട്ടു ആവശ്യപ്പെടാൻ ഇടയാക്കിയ സംഗതികൾ അറിയാൻ ഞാൻ ആഗ്രഹിക്കുന്നു.

ഉപാദ്ധ്യക്ഷൻ: ഒരു റിപ്പോർട്ടിനു ആവശ്യപ്പെട്ടതല്ല ഒരു തീർദ്ദേശത്തിൽ നിന്നു വ്യത്യാസപ്പെട്ടതാണ്, ഒരു വികയത്തെപ്പറ്റി പ്രത്യാലോചിക്കുമ്പോൾ പ്രാരംഭമായിട്ടുള്ളതാണു്. ഗവൺമെന്റു മുമ്പാകെ വല്ല നിർദ്ദേശവും ഹാജരാക്കപ്പെട്ടിട്ടുണ്ടോ എന്നായിരുന്നു തിങ്ങളുടെ ആ ചോദ്യം. അങ്ങിനെ ഒരു തീർദ്ദേശമില്ല എന്നാണ് മറുപടി.

ശ്രീ. എ. താണുപിള്ള (തിരുവനന്തപുരം): അവ പരസ്പര സംബന്ധമുള്ള വിഷയങ്ങളാണ് പുറമേയുള്ള ഒരാളിന്റെ നിലയിൽ ഈ വകുപ്പുകളെ നിരുത്തൽചെയ്യുന്നതിനെക്കുറിച്ചു എന്തോ നടക്കുന്നതായുള്ള വിവരം ലഭിക്കാൻ മാത്രമേ എനിക്കു കഴിഞ്ഞുള്ളൂ.

ഉപാദ്ധ്യക്ഷൻ: അതിനു ഉത്തരം പറഞ്ഞുകഴിഞ്ഞു.

ശ്രീ. എ. താണുപിള്ള (തിരുവനന്തപുരം): ഒരു റിപ്പോർട്ടിനു ആവശ്യപ്പെട്ടിട്ടുണ്ടെന്നാണ് മറുപടി, ഇങ്ങിനെ ഒരു കാര്യം ഉൽഭവിക്കാനുള്ള കാരണങ്ങളും എന്താണെന്നറിയാൻ ഞാൻ ഇപ്പോഴും ആഗ്രഹിക്കുന്നു. അതു ഒരു യുക്തമായ സപ്ലിമെന്ററി ചോദ്യമാണെന്നു ഞാൻ വിചാരിക്കുന്നു.

ഉപാദ്ധ്യക്ഷൻ: അതു യുക്തമല്ലെന്നു ഞാൻ പറയുന്നില്ല. നിങ്ങളുടെ ആ ചോദ്യത്തിനു സഭയെ മുഴുവനായി മറുപടി പറഞ്ഞു എന്നു നിങ്ങൾക്കു സൂചിപ്പിച്ചുതരിക മാത്രമേ ഞാൻ ചെയ്തുള്ളൂ.

ശ്രീ. എ. താണുപിള്ള (തിരുവനന്തപുരം): ചില ശാഖകളെ എടുത്തുകളഞ്ഞു നിരുത്തൽ ചെയ്യുകയോ എന്നതിനെക്കുറിച്ചു ഒരു ഡിപ്പാർട്ടുമെന്റു മേധാവിയോടു ഗവൺമെന്റു ഒരു റിപ്പോർട്ടു ആവശ്യപ്പെടുന്നതു അസാധാരണമാണോ. വിശദീകരിക്കേണ്ട ഒരു സംഗതിയാണ് അതെന്ന് എനിക്കു തോന്നുന്നു. അതുകൊണ്ടു ഞാൻ ഈ ചോദ്യം ചോദിച്ചു.

ശ്രീ. ടി. കെ. മാധവൻനായർ (ഗവൺമെന്റ് ആ. സെക്രട്ടറി): മറ്റാർക്കും ലഭിക്കാത്ത ആസ്തിയായി പട്ടണങ്ങൾപ്പുഴവിനെയും, തേനീച്ചയെയും വളർത്തുന്നതിനെന്ന് അറിയാതിരിക്കുന്ന മിതാനെ അപേക്ഷ

അനുസരിച്ച് ഒരു റിപ്പോർട്ട് ഞങ്ങൾക്ക് ലഭ്യമാക്കിട്ടുണ്ട്. ഡിപ്പാർട്ടുമെന്റിന്റെ വകുപ്പുകളെ യിരുത്തി ചെയ്യാമോ എന്ന് അദ്ദേഹത്തിനു് അറിയണമായിരുന്നു.

മി. എ. താണുപിള്ള (തിരുവനന്തപുരം): ഈ ജോലി ചെയ്യുന്ന മറാള്ളകരും ആരാണെന്ന് ഞാൻ അറിഞ്ഞുകൂടെട്ടയോ?

മി. ററി. കെ. മാധവൻനായർ (ഗവണ്മെന്റ് ആ. സെക്രട്ടറി): അതു് ബന്ധപ്പെട്ടു് ചെയ്യുന്നുണ്ട്.

മി. എ. താണുപിള്ള (തിരുവനന്തപുരം): മാർബന്ധപ്പെട്ടു് അതു് ഏതു രീതിയിലാണ് ചെയ്യുന്നത്, അതല്ലെങ്കിൽ അവിടെ അതു് ഏതു ഉദ്ദേശത്തോടുകൂടിയാണ് ചെയ്യുന്നതു് എന്നു ഞാൻ അറിഞ്ഞുകൊള്ളട്ടയോ?

മി. ററി. കെ. മാധവൻനായർ (ഗവണ്മെന്റ് ആ. സെക്രട്ടറി): എനിക്കു വിവരമില്ല നോട്ടീസുവേണം.

മി. എ. താണുപിള്ള (തിരുവനന്തപുരം): ഡിഫിപ്പാർട്ടുമെന്റിന്റെ ഗവണ്മെന്റ് വകുപ്പുകളിലെക്കാൾ കൂടുതൽ ശാസ്ത്രീയമായി ഈ ജോലി മാർബന്ധപ്പെട്ടു ചെയ്യുന്നുണ്ടെന്നു മെമ്പർ പറഞ്ഞു. പണ്ഡിതനായ മെമ്പർ ഇങ്ങിനെ പറയുന്നതു് ചുരുക്കുന്നുണ്ടെന്നറിയാൻ ഞാൻ ആഗ്രഹിക്കുന്നു.

മി. ററി. കെ. മാധവൻനായർ (ഗവണ്മെന്റ് ആ. സെക്രട്ടറി): ടിപ്പിന്റെ ഉത്തരവിൻകീഴിൽ ഞങ്ങൾ പ്രവൃത്തിക്കുന്നു. അദ്ദേഹത്തിനു യിവരം എങ്ങിനെ കിട്ടിയെന്നു ഞങ്ങൾക്കു അറിഞ്ഞുകൂടാ.

മി. എ. താണുപിള്ള (തിരുവനന്തപുരം): ഈ രണ്ടു വകുപ്പുകളും വച്ചുകൊണ്ടിരിക്കുന്നതിലെ ഗവണ്മെന്റിന്റെ ഉദ്ദേശം എന്താണ്? ജനങ്ങളെ അബലന്മാരെ ചാടിക്കാനാണോ?

മി. ററി. കെ. മാധവൻനായർ (ഗവണ്മെന്റ് ആ. സെക്രട്ടറി): അബ്കാരത്തിൽ ചാടിക്കണമെന്നു ഉദ്ദേശമില്ല.

മി. എ. താണുപിള്ള (തിരുവനന്തപുരം): ഗവണ്മെന്റു ഒരുശാസ്ത്രീയമായി മാരോന്നു ചെയ്യുമ്പോഴോ?

ഉപാദ്ധ്യക്ഷൻ: അതിനെ നിങ്ങൾക്കു തെറ്റിദ്ധരിപ്പിക്കേണ്ട എന്നു ഞാൻ വിചാരിക്കുന്നു.

മി. എ. താണുപിള്ള (തിരുവനന്തപുരം): കുടിയകം എക്സൈസിന്റെ ചെയ്യുന്നതിനേക്കാൾ മോശം തരം ശാസ്ത്രീയ രീതിയിൽ.

ഉപാദ്ധ്യക്ഷൻ: നിങ്ങൾക്കു പിന്നെയും തെറ്റിദ്ധരിപ്പായി. ഗവണ്മെന്റു ശാസ്ത്രീയമായി പ്രവൃത്തിക്കുന്നു. അതുപക്ഷെ, കുടിയകം എക്സൈസിന്റെ കാര്യത്തിലിൽ പ്രവൃത്തിച്ചേക്കാം.

മി. എ. താണുപിള്ള (തിരുവനന്തപുരം): അല്ല, സർ, സങ്കുചിതമായ ധനാഗമ മാർഗ്ഗങ്ങളെ തേടാണുപോലും കുടിയകം എക്സൈസിനെ കൂടുതൽ ശാസ്ത്രീയമായി പ്രവൃത്തിക്കാൻ ശ്രേഷ്ഠിയുണ്ടെന്നാണ് ഗവണ്മെന്റിന്റെ സമ്മതിക്കുന്നത്.

ഉപാദ്ധ്യക്ഷൻ: മാറാള്ളകരെക്കൂടുതൽ ശാസ്ത്രീയമായി പ്രവൃത്തിക്കാൻ ശ്രേഷ്ഠിയുണ്ടെന്നുള്ളതു ഡിപ്പാർട്ടുമെന്റിന്റെ മേൽ ഒരു ആക്ഷേപം മാത്രമാണ്.

മി. എ. താണുപിള്ള (തിരുവനന്തപുരം): കൃഷിഡിപ്പാർട്ടുമെന്റിന്റെ ഈ രണ്ടു വകുപ്പുകളും വച്ചുകൊണ്ടിരിക്കുന്നതു് എന്തിനാണെന്നും, ഈ ഡിപ്പാർട്ടുമെന്റിന്റെ ഉദ്ദേശവും മാർബന്ധപ്പെട്ടു പ്രവൃത്തിക്കുന്നതിന്റെ ഉദ്ദേശവും ഒന്നുതന്നെ ആണോ എന്നും അറിയാൻ ഞാൻ ആഗ്രഹിക്കുന്നു.

മി. ററി. കെ. മാധവൻനായർ (ഗവണ്മെന്റ് ആ. സെക്രട്ടറി): ഈ കാര്യം മാർത്താണ്ഡപ്പെട്ടു കൂടുതൽ ശാസ്ത്രീയമായി നിർവഹിക്കുന്നുണ്ടെന്നു കേട്ടു. അതങ്ങിനെയാണോ എന്നു് ഗവണ്മെന്റിനു തിട്ടപ്പെടുത്തണമായിരുന്നു.

മി. എ. താണുപിള്ള (തിരുവനന്തപുരം): ഈ രണ്ടു വകുപ്പുകൾക്കുവേണ്ടി ഗവണ്മെന്റു പണം ചിലവാക്കുന്നതിന്റെ ഉദ്ദേശവും മാർത്താണ്ഡപ്പെട്ടു് ഈ മേലധികാരി ചെയ്യുന്ന കുടിയകം എക്സൈസിയുടെ ഉദ്ദേശവും ഒന്നുതന്നെയോ എന്നറിയാൻ ഞാൻ ആഗ്രഹിക്കുന്നു.

ഉപാദ്ധ്യക്ഷൻ: വ്യവസായങ്ങളെ ഉറപ്പാക്കുന്നതിനും മാതൃകാപരമായി ഉപഭോഗങ്ങളെ നടത്തുന്നതിനും ആണ് ഗവണ്മെന്റിന്റെ ഉദ്ദേശം.

മി. എ. താണുപിള്ള (തിരുവനന്തപുരം): അതു് ഗവണ്മെന്റിനു വേണ്ടിയുള്ള അധികാരപൂർവ്വമായ ഒരു സ്റ്റേറ്റുമെന്റാണോ എന്നറിയാൻ ഞാൻ ആഗ്രഹിക്കുന്നു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): സർ, പ്രസിഡന്റിനു ഇടക്കുകയറി ഗവണ്മെന്റിനുവേണ്ടി മറുപടി പറയാമോ എന്നറിയാൻ ഞാൻ ആഗ്രഹിക്കുന്നു.

ഉപാദ്ധ്യക്ഷൻ: ഗവണ്മെന്റിനുവേണ്ടി മറുപടി പറയുകയല്ല.

മി. എ. താണുപിള്ള (തിരുവനന്തപുരം): ഗവണ്മെന്റിൽനിന്നും അധികാരപൂർവ്വമായ ഒരു സ്റ്റേറ്റുമെന്റു കിട്ടണമെന്ന് ഞാൻ ആഗ്രഹിക്കുന്നു.

ഉപാദ്ധ്യക്ഷൻ: അതു അനുചിതമാണെന്ന് ഞാൻ വിചാരിക്കുന്നില്ല.

മി. എ. താണുപിള്ള (തിരുവനന്തപുരം): ആദ്യം ഈ സ്ഥാപനങ്ങൾ തുടങ്ങിയപ്പോൾ ഗവണ്മെന്റിന്റെ ഉദ്ദേശം എന്തായിരുന്നു?

മി. ററി. കെ. മാധവൻനായർ (ഗവണ്മെന്റ് ആ. സെക്രട്ടറി): എനിക്കു അറിവുള്ളടത്തോളം പരീക്ഷണങ്ങൾ നടത്തണമെന്നും, ഉപഭോഗങ്ങൾ കാണിക്കണമെന്നും, ഈ കാര്യത്തിൽ ജനങ്ങൾക്കു അഭിരുചി വർദ്ധിപ്പിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണ് ഗവണ്മെന്റ് ഈ തോട്ടങ്ങൾ (ഫാംസ്) നടത്തിത്തുടങ്ങിയതു്.

മി. എ. താണുപിള്ള (തിരുവനന്തപുരം): മാർത്താണ്ഡത്തെ ആളുകളുടെ ഉദ്ദേശങ്ങളും ഇവ തന്നെയാണോ?

മി. ററി. കെ. മാധവൻനായർ (ഗവണ്മെന്റ് ആ. സെക്രട്ടറി): ആണെന്നു് ഞാൻ വിശ്വസിക്കുന്നു.

ശ്രീ. പി. താണുപിള്ള (തിരുവനന്തപുരം): അങ്ങനെയുണ്ടെങ്കിൽ, കടിവക ഫ്ലെക്സിബിലിറ്റി ഈ കാര്യങ്ങളിൽ ഇനിയുമെങ്കിലും അഭിരുചി വർദ്ധിപ്പിക്കുന്നതിനായി പ്രയത്നം തുടങ്ങുമോ, ഈ വകുപ്പുകളെ നിയന്ത്രിച്ചുകൊണ്ട് ഗവണ്മെന്റിനു സാധിക്കും. അതാണോ ഗവണ്മെന്റിന്റെ അഭിപ്രായം?

ശ്രീ. ആർ. കെ. മാധവൻനായർ (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): ഗവണ്മെന്റിനു തരപ്പെടുമെങ്കിൽ ആലോചിക്കും.

ശ്രീ. പി. താണുപിള്ള (തിരുവനന്തപുരം): പല കടിവക ഫ്ലെക്സിബിലിറ്റിയെ സംബന്ധിച്ചു പരീക്ഷണങ്ങൾ നടത്താൻ തുടങ്ങിയാൽ ഈ വലിയ പ്രിപ്പാർട്ടുമെന്റിനെ നിയന്ത്രിച്ചുകൊണ്ടു പോകുന്നതിനെ സംബന്ധിച്ചു പരീക്ഷണങ്ങൾ നടത്താൻ തുടങ്ങിയാൽ ഡിപ്പാർട്ടുമെന്റിനെ ആകപ്പാടെ നിയന്ത്രിച്ചു പോകുന്നതിനു ബുദ്ധിമുട്ടുണ്ടാകും. അതാണോ ഗവണ്മെന്റിന്റെ അഭിപ്രായം?

ഉപാദ്ധ്യക്ഷൻ: അതാണോ ഗവണ്മെന്റിന്റെ മറുപടി. നിങ്ങൾക്കു ഇനിയും പല അഭിപ്രായങ്ങൾ പറയാം.

ശ്രീ. പി. താണുപിള്ള (തിരുവനന്തപുരം): പരിക്ഷണങ്ങൾ നടത്തുന്നതിനു, ഉപകരണങ്ങൾ വാങ്ങുന്നതിനും, ജനങ്ങൾക്കു അഭിരുചി വർദ്ധിച്ചിട്ടുണ്ടെന്നും ആണല്ലോ ഗവണ്മെന്റിന്റെ ഉദ്ദേശം എന്നു മെമ്പർ പറഞ്ഞു. ഇവയെ സംബന്ധിച്ചിടത്തോളം, അതിനു കുറവുവിട്ടു ഒന്നുമില്ല. ഉപകരണങ്ങൾ അഭിരുചികൾക്കു സംസ്ഥാനമൊട്ടുക്ക് ഫ്ലെക്സിബിളുണ്ടു, അതോ അതെത്ര പ്രാവശ്യം ഫാംതോട്ടം ആണോ?

ശ്രീ. ആർ. കെ. മാധവൻനായർ (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): അതിനെപ്പറ്റി ഞങ്ങൾക്കു വ്യക്തമായ വിവരമില്ല.

ശ്രീ. പി. താണുപിള്ള (തിരുവനന്തപുരം): അപ്പോൾ പ്രിപ്പാർട്ടുമെന്റിന്റെ ഈ രണ്ടു വകുപ്പുകളും എടുത്തുകൊണ്ടു നിയന്ത്രണം ചെയ്യുകയാണു എന്നുള്ളതിനെ കുറിച്ചുള്ള മറുപടിയാണോ. അതോ ഭരണ സംവിധാനത്തെപ്പറ്റിയും പരിശോധന ചെയ്യുന്നതിന്റെ ഫലമായിട്ടുള്ള മറുപടിയാണോ എന്നു ഞാൻ അറിഞ്ഞുകൊണ്ടിട്ടുള്ളതായോ?

ശ്രീ. എസ്. പിറവിപ്രൊഡാംപിള്ള (വാണിജ്യവ്യവസായം, ഗതാഗതം): സർ, ചോദ്യങ്ങൾക്കു മറുപടി പറയുന്നതിനുള്ള സമയം കഴിഞ്ഞിരിക്കുന്നു.

ശ്രീ. ആർ. കെ. മാധവൻനായർ (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): കേരളവിഭജനത്തിൽ ഡിപ്പാർട്ടുമെന്റിന്റെ ആ ശാഖകളെ നിയന്ത്രിക്കുന്നതിനു ഗവണ്മെന്റിനെ പ്രാപ്തമാക്കുന്ന പരിതസ്ഥിതികൾ ഇപ്പോഴുണ്ടോ എന്നു കണ്ടുപിടിക്കാനാണ് ഡിപ്പാർട്ടുമെന്റ് മേലധികാരിയോടു ആവശ്യപ്പെട്ടിട്ടുള്ളത്.

ശ്രീ. പി. താണുപിള്ള (തിരുവനന്തപുരം): ഡിപ്പാർട്ടുമെന്റിനെ നിയന്ത്രിക്കുന്നതിനെ സംബന്ധിച്ചുള്ള പരിതസ്ഥിതികൾ ഇപ്പോഴുണ്ടോ എന്നു എനിക്കറിയണം.

ശ്രീ. ആർ. കെ. മാധവൻനായർ (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): ഡിപ്പാർട്ടുമെന്റിന്റെ ചില ശാഖകളെ നിയന്ത്രിക്കുന്നതിനെപ്പറ്റി മാത്രമേ ഞാൻ പറയുന്നുള്ളൂ.

ശ്രീ. പി. താണുപിള്ള (തിരുവനന്തപുരം): ചിലപ്പോൾ സാദ്ധ്യമായതോ വല്ല നിയമനത്തെയും അടിസ്ഥാനപ്പെടുത്തിയാണോ പ്രവർത്തിച്ചതു് എന്നറിയാൻ ഞാൻ ആഗ്രഹിക്കുന്നു.

ശ്രീ. ആർ. കെ. മാധവൻനായർ (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): അദ്ദേഹത്തിനു ചില വിവരം കിട്ടിയിരിക്കും.

ശ്രീ. പി. താണുപിള്ള (തിരുവനന്തപുരം): ഇപ്പോഴെങ്കിലും സഭയുടെ മുമ്പാകെ വല്ല വിവരവും സമർപ്പിക്കാമോ?

ശ്രീ. ആർ. കെ. മാധവൻനായർ (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): പാടില്ല.

ശ്രീ. പി. താണുപിള്ള (തിരുവനന്തപുരം): ഇപ്പോഴിപ്പോൾ ഡിപ്പാർട്ടുമെന്റിന്റെ ആ യകുപ്പുകളെ നിയന്ത്രിച്ചുകൊണ്ടുപോകണമെന്നു അപേക്ഷിച്ചുകൊണ്ടു വല്ല സംഘടനയോ പബ്ലിക്ക് ഫ്ലെക്സിബിലിറ്റിയോ നിയമത്തിന്റെ അടുക്കൽ ചെന്നതായി കാണിക്കാൻ വല്ല രിക്കാർട്ടും ഉണ്ടോ?

ശ്രീ. ആർ. കെ. മാധവൻനായർ (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): അതിനെപ്പറ്റി വിവരം ഇല്ല.

ശ്രീ. പി. താണുപിള്ള (തിരുവനന്തപുരം): നിയമത്തെ അടിസ്ഥാനപ്പെടുത്തിയാണു പ്രവർത്തിച്ചതെന്നു കാണിക്കാൻ വല്ലതും ഉണ്ടോ?

ഉപാദ്ധ്യക്ഷൻ: ആ കാര്യത്തെക്കുറിച്ചു അദ്ദേഹം മറുപടി പറഞ്ഞു.

ശ്രീ. പി. താണുപിള്ള (തിരുവനന്തപുരം): അതിനു അദ്ദേഹം മറുപടി പറഞ്ഞില്ല, നിയമത്തെ എന്തിനെ അടിസ്ഥാനപ്പെടുത്തിയാണു് പ്രവർത്തിച്ചതെന്നു ഞാൻ വീണ്ടും ചോദിക്കുന്നു.

ശ്രീ. ആർ. കെ. മാധവൻനായർ (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): വല്ലവരുടേയും അടുത്തുനിന്നു് അദ്ദേഹത്തിനു ആ വിവരം ലഭിച്ചിരിക്കാമെന്നു സെക്രട്ടറി പറയുന്നു. അതു എനിക്കും മനസ്സിലാകുന്നുണ്ടു; എന്റെ ചോദ്യത്തിനു വ്യക്തമായ ഒരു മറുപടി കിട്ടിയാൽ കൊള്ളാം.

ഉപാദ്ധ്യക്ഷൻ: എന്തു കാരണങ്ങളിന്മേലാണ് ഒരന്വേഷണം നടത്താൻ നിയമം അനുശാസിച്ചതു് എന്നു നിങ്ങൾ ഇപ്പോൾ ചോദിക്കുന്നു. ആ ചോദ്യത്തിനു മറുപടി പറഞ്ഞു. സാധാരണമായി, ആ ചോദ്യത്തിനു മറുപടി പറയാൻ അദ്ദേഹത്തിന് സാധിക്കയില്ലെന്നു ഞാൻ പറയാം.

ശ്രീ. പി. താണുപിള്ള (തിരുവനന്തപുരം): പക്ഷേ ഈ കാര്യം അനുശാസിച്ചതു നിയമമാണെന്നു സെക്രട്ടറി പറയുന്നു. മറുപടി പറയാൻ സാധിക്കയില്ലെന്നു അദ്ദേഹം പറയുന്നില്ല.

ഉപാദ്ധ്യക്ഷൻ: ശ്രീ. താണുപിള്ള, നിങ്ങൾ അധികവും കടന്നു, എന്തു കാരണങ്ങളിന്മേലാണു നിയമം പ്രവർത്തിച്ചതെന്നുള്ളതിനു മറുപടി പറയാൻ ഗവണ്മെന്റിനോടു ആവശ്യപ്പെട്ടിട്ടുണ്ടു. അദ്ദേഹത്തിനു അറിയാൻ പാടില്ലെന്നു ഈ വിഷയത്തിൽ ഉത്തരവാദിത്വമുള്ള സെക്രട്ടറി മറുപടി പറയുന്നു.

ശ്രീ. പി. താണുപിള്ള (തിരുവനന്തപുരം): അതു അദ്ദേഹം പറയുന്നില്ല. എന്നാൽ, നിയമം പ്രവർത്തിച്ചതിനു അടിസ്ഥാനമായ എന്തെങ്കിലും ഉണ്ടായിരുന്നിരിക്കാം എന്നാണു സെക്രട്ടറി പറയുന്നതു്.

ശ്രീ. ആർ. കെ. മാധവൻനായർ (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): വ്യക്തമായ എന്തടിസ്ഥാനത്തിന്മേലാണ് നിയമം പ്രവർത്തിച്ചതെന്നു എനിക്കറിയില്ലെന്നു ഞാൻ മറുപടി പറഞ്ഞു.

ഈടുറ്റവേഡയറക്ടർഉദ്യോഗം നിരുത്തൽചെയ്യുന്നതിനെപ്പറ്റി.

ശ്രീ പി. ഡി. സി ജോസഫ് (അഡ്വക്കേറ്റ് ജനറൽ): ആയുർവേദഡയറക്ടർഉദ്യോഗംഒഴിവാക്കി ഇട്ടിരിക്കുന്നു എന്താണെന്നു ഗവർണ്മെന്റിൽ നിന്നും സഭയെ പറയുമോ?

ശ്രീ. സി ഒ. മാധവൻ (ഗവർണ്മെന്റ് അണ്ടർ സെക്രട്ടറി): ഡയറക്ടറുടെ ജോലികളുടെ ചാർജ്ജ് മെഡിക്കൽ കോളേജുകളുടെ ഇൻസ്റ്റിട്ടിയൂട്ടുകൾ കൊടുത്തിരിക്കയാണ്. ഒരു ആയുർവേദ ബോർഡിന്റെ രൂപീകരണം ഗവർണ്മെന്റിന്റെ ആലോചനയിൽ ഇരിക്കുകയുമാണ്.

വനപ്രദേശങ്ങളെ പതിച്ചുകൊടുക്കുന്നതിനെക്കുറിച്ച്

ശ്രീ. പി. വി. ജെ. ഉമ്മൻ (വാണിജ്യവ്യവസായം വടക്ക്): (എ) കഴിഞ്ഞ നാലു കൊല്ലങ്ങൾക്ക് (എ ഡി ൧൯൨൫ മുതൽ എ ഡി ൧൯൨൮ വരെ) ഇടയ്ക്കു എപ്പോഴെങ്കിലും ചില നിബന്ധനകളോടുകൂടി വനപ്രദേശങ്ങൾ കൃഷികളുടെ പേരിൽ പതിച്ചുകൊടുക്കുന്നതിനുള്ള അപേക്ഷകൾ കൺസർവേറ്റർക്കു വിടേണ്ടതില്ലെന്നുള്ള അഭിപ്രായം ഗവർണ്മെന്റിലേക്കു എഴുതിയിട്ടുണ്ടോ എന്നു ഗവർണ്മെന്റിനുണ്ടോ സഭയെ പറയുമോ?

(ബി) (എ)-ാം വകുപ്പിലെ നിബന്ധനകളുള്ള ഉത്തരവു ഉണ്ടെന്നുവരികിൽ, ഓരോന്നിന്റെയും വിസ്തീർണ്ണവും അതിപാർശ്വകരമായ ഗുണം സിദ്ധിക്കുന്നതുകൊണ്ടു പ്രയോജനം കാണിക്കുന്ന ഒരു സ്റ്റേറ്റുമെന്റ് അവർ സഭയുടെ മേശപ്പുറത്തു വയ്ക്കുമോ?

ശ്രീ. ടി. കെ. മാധവൻനായർ (ഗവർണ്മെന്റ് അണ്ടർ സെക്രട്ടറി): (എ) ഉണ്ട്

(ബി) ഇത്തരം ഉദാഹരണങ്ങൾ പലതരം ഉണ്ട്, അവയിൽ കിട്ടാവുന്ന ഗുണങ്ങളുമായി തീരെ ആനുഗുണ്യമില്ലാത്തവണ്ണമുള്ള ബുദ്ധിമുട്ടും പണച്ചിലവും കൂടാതെ ആവശ്യപ്പെട്ടിട്ടുള്ള വിവരം ശേഖരിക്കുവാൻ സാധിക്കുകയില്ല.

ശ്രീ. പി. ജെ. ഉമ്മൻ (വാണിജ്യവ്യവസായം, വടക്ക്) യിങ്ങനെ (ബി)ഇത്തരം ഉദാഹരണങ്ങൾ പലതരം ഉണ്ട്. അതിൽ നിന്നു കിട്ടാവുന്ന ഗുണങ്ങളുമായി തീരെ ആനുഗുണ്യമില്ലാത്തവണ്ണമുള്ള ബുദ്ധിമുട്ടും പണച്ചിലവും കൂടാതെ ആവശ്യപ്പെട്ടിട്ടുള്ള വിവരം ശേഖരിക്കുവാൻ സാധിക്കുകയില്ല.

ജോലി ചെയ്യുന്നതിനുള്ള പ്രതിഫലം ഇല്ലായ്മയുകൊണ്ടു മറുപടി തരുന്നതിനു നിവൃത്തിയില്ലാ എന്നു മറുപടി പറഞ്ഞിരിക്കുന്നു. ഇതു ഗവർണ്മെന്റിന്റെ അഭിപ്രായമാണോ? അതല്ല ഡിപ്പാർട്ടുമെന്റിന്റെ അഭിപ്രായമാണോ?

ശ്രീ. ടി. കെ. മാധവൻനായർ (ഗവർണ്മെന്റ് അണ്ടർ സെക്രട്ടറി): ഇതു ഗവർണ്മെന്റിന്റെ അഭിപ്രായമാണ്.

ശ്രീ. പി. ജെ. ഉമ്മൻ (വാണിജ്യവ്യവസായം വടക്ക്): ഏതെങ്കിലും അഭിപ്രായത്തിനു കൂടുതൽ പ്രയോജനം ഉണ്ടെന്നു വിചാരിച്ചാണോ ഞാൻ ചോദിച്ചിട്ടുള്ളതെന്നു മനസ്സിലാക്കിയാണോ?

ശ്രീ. ടി. കെ. മാധവൻനായർ (ഗവർണ്മെന്റ് അണ്ടർ സെക്രട്ടറി): അങ്ങനെ ആയിരിക്കാം ഗവർണ്മെന്റിന്റെ അഭിപ്രായം പറഞ്ഞു.

ശ്രീ. പി. ജെ. ഉമ്മൻ (വാണിജ്യവ്യവസായം വടക്ക്): ചോല്യംകൊണ്ടു വളരെ ഗുണം കിട്ടുമെന്നു വിചാരിച്ചാണു ഞാൻ ചോദിച്ചിട്ടുള്ളത്.

ഉപാദ്ധ്യക്ഷൻ: ശ്രീ. ഉമ്മൻ മറുപടി പറയുന്നതിനു മുമ്പായിട്ടു പ്രതിഫലം കൊടുക്കുന്നതിനെക്കാൾ അതിന്റെ ഉപയോഗത്തിനു അനുയോജ്യമല്ലെന്നുള്ളതും സമയവും ബുദ്ധിമുട്ടും വേണ്ടിവരുമെന്നു ഗവർണ്മെന്റു പറയുന്ന പക്ഷത്തെ മറുപടിയുടെ സാധാരണരൂപം അതാണ്.

ശ്രീ. പി. ജെ. ഉമ്മൻ (വാണിജ്യവ്യവസായം വടക്ക്): അതുവരെ എന്നുപറയുന്ന അപ്ലിക്കേഷനോടുകൂടിട്ടുണ്ടെങ്കിലും ഒരു അയിഡിയാ പറയാൻ കഴിയുമോ?

ഉപാദ്ധ്യക്ഷൻ: ഇൻവർമേഷൻ കളക്ട് ചെയ്യാതെ എങ്ങിനെ പറയാൻ സാധിക്കും?

ശ്രീ. ടി. കെ. മാധവൻനായർ (ഗവർണ്മെന്റ് അണ്ടർ സെക്രട്ടറി): ഏതു ഉണ്ടായിരിക്കണമെന്നു പറയാൻ നിവൃത്തിയില്ലെന്നു മുമ്പു തന്നെ പറഞ്ഞുവല്ലോ.

ശ്രീ. പി. ജെ. ഉമ്മൻ (വാണിജ്യവ്യവസായം, വടക്ക്): ആയിരക്കണക്കിനു വരുമോ?

ഞാൻ നാലു ആണ്ടത്തെ കണക്കാണ് ചോദിക്കുന്നത്. ദിവസവും മാസാ കപ്പറേഷൻ വീതം ഏതു ഫോറസ്റ്റ് സ്ഥലം പതിച്ചുകൊടുത്തിട്ടുണ്ടെന്നു വന്നിരുന്നാലും ഏതു വരുമെന്നു നിശ്ചയിക്കാവുന്നതാണ്, അതൊ അതിലും കൂടുതലായി വരുമോ.

ശ്രീ. ടി. കെ. മാധവൻനായർ (ഗവർണ്മെന്റ് അണ്ടർ സെക്രട്ടറി): അതിനു മറുപടി പറഞ്ഞിട്ടുണ്ട്.

ശ്രീ. പി. ജെ. ഉമ്മൻ (വാണിജ്യവ്യവസായം വടക്ക്): അതിനു മറുപടി പറഞ്ഞിട്ടില്ല.

ഉപാദ്ധ്യക്ഷൻ: നിങ്ങൾക്കു നിങ്ങളുടെ ചോദ്യം ആവർത്തിക്കാം, സെക്രട്ടറി അഭിപ്രായത്തിന്റെ മറുപടിയും ആവർത്തിക്കും.

ശ്രീ. പി. ജെ. ഉമ്മൻ (വാണിജ്യവ്യവസായം, വടക്ക്): ചിലവാക്കുന്ന സമയത്തിനും പ്രയാസത്തിനുംതക്ക പ്രതിഫലം കിട്ടാത്തതുകൊണ്ടു മറുപടി പറയുന്നില്ല എന്നു പറയുന്ന സെക്രട്ടറിക്കു ധാരാളം സ്റ്റാഫ് ഉണ്ട് അവർക്കുതന്നെ ആണ്ടുതോറും ബഡ്ജറിലെ ധാരാളം പണം അനുവദിച്ചുകൊടുക്കുന്നതു ഇങ്ങിനെയുള്ള ജോലികൾ ചെയ്യുന്നതിനല്ലെങ്കിൽ പിന്നെ എന്തിനാണെന്നുമനസ്സിലാകുന്നില്ല. ഇതുപ്രതിനിധികൾ ചോദിക്കുന്ന ചോദ്യങ്ങൾ അതാതു ഡിപ്പാർട്ടുമെന്റു മേധാവിക്കു എഴുതി അയച്ചു മറുപടി വരുത്തുന്നതല്ലാതെ കൌൺസിൽ സെക്രട്ടറിയുടെ ചോദ്യമാണെന്നറിയാമോ?

ഉപാദ്ധ്യക്ഷൻ: അദ്ദേഹം മറുപടി പറഞ്ഞുകഴിഞ്ഞു.

ശ്രീ. പി. ജെ. ഉമ്മൻ (വാണിജ്യവ്യവസായം, വടക്ക്): ഹൗസിനു വിരോധമുണ്ടെങ്കിൽ ഈ ഞാൻ ചോദിക്കുന്നില്ലാ

ഉപാദ്ധ്യക്ഷൻ: ശ്രീ. ഉമ്മൻ നിങ്ങളുടെ ചോദ്യം ഉടനടുത്തുകൊണ്ടു പ്രയോജനം ഒന്നുമില്ല. നിങ്ങൾ ഇപ്പോൾ പറയുന്നത് ബഡ്ജറിന്റെ നിരൂപണാവസരത്തിൽ നിങ്ങൾ ചെയ്യുന്ന പ്രമേയക്കാരോടുള്ള പ്രസംഗത്തിനാണ്

മാധ്യമായേക്കാം. നിങ്ങൾക്കു ചോദ്യം ചോദിക്കുന്ന അതിലേക്കു വേണ്ട സമയവും ബുദ്ധിമുട്ടും പരിശോധന യെ നീട്ടികൊണ്ടുപോകുന്നു എന്നാണ് മറുപടിയും പറയുന്നു. ഏതു നിയമസഭയിലും ഇത്തരം പറയുന്നതിന്റെ സാധാരണരൂപം ആയതുണ്ട്. ഈ കാര്യത്തിൽ ഒരു പ്രത്യേകം വന്നുചേരണമെന്നു നിങ്ങൾ എന്തിനു ആവശ്യപ്പെടുന്നു? ഗവണ്മെന്റിന്റെ പ്രവൃത്തി നീതിയായിരിക്കുന്നു നിങ്ങൾ വിചാരിക്കുന്നെങ്കിൽ നിങ്ങളുടെ സംശയങ്ങളെ പ്രത്യക്ഷപ്പെടുത്താൻ വേറെ വല്ല സന്ദർഭവും ഉപയോഗിക്കുക. ഒരു സപ്ലിമെന്ററി ചോദ്യം ചോദിക്കുന്നതിനു പകരം സെക്രട്ടറിയുടെ ജീവനക്കാരുടെയും മറ്റും ആവശ്യകതയെപ്പറ്റി നിങ്ങൾ ചോദിക്കുന്നു.

ശ്രീ: വി. ജെ. ഉമ്മൻ (വാണിജ്യ വ്യവസായ വകുപ്പ്): ജോലിവളരെ കൂടുതലായിരിക്കുന്നതുകൊണ്ടു വളരെ പ്രയാസമെന്നാണു മറുപടി പറഞ്ഞിരിക്കുന്നതു്.

ഉപാദ്ധ്യക്ഷൻ: നിങ്ങൾക്കു ഇനി പറയാൻ പാടില്ല. ഇങ്ങിനെ ഒരു/ഉത്തരം നിങ്ങൾ കണ്ടെന്നതു ആശ്ചര്യമായിട്ടില്ല.

അനുബന്ധം ൨൦ എ.

൧൯൨൧-൨൨ ാമ്പർ ചോദ്യത്തിൻറെ ഉത്തരം നോക്കുക.

ഡിസ്ട്രിക്ട് ജഡ്ജികളും മറ്റ് ജില്ലാ ജഡ്ജിമാരുടെ തസ്തികയിലിരിക്കുന്ന ജീവനക്കാരുടെയും ജാതിതിരിച്ചുള്ള സ്റ്റേറ്റുമെൻറ്.

ജില്ലാകോടതികളും	ഹിന്ദുക്കൾ											ക്രിസ്ത്യാനികൾ					മുസൽമാന്മാർ
	ബ്രാഹ്മണർ	മറ്റുബ്രാഹ്മണർ	നാടാന്മാർ	ഈഴവർ	കണക്കന്മാർ	ക്ഷത്രിയർ	നായന്മാർ	പുലയർ	മറ്റുഹിന്ദുക്കൾ	പെരുങ്കള്ളർ	മറ്റു അസ്പൃശ്യവർഗ്ഗക്കാർ	മറ്റുജാതിക്കാർ	യൂറോപ്യന്മാർ	റോമൻകത്തോലിക്കർ	സിറിയൻ മാർത്തോമ്മാക്കാർ	സിറിയൻ യാക്കോബായക്കാർ	
നാഗർകോവിൽ	...	...	...	...	...	...	...	...	...	...	...	...	...	...	...	...	...
തിരുവനന്തപുരം	...	...	...	...	...	...	...	...	...	...	...	...	...	...	...	...	...
കൊല്ലം	...	...	...	...	...	...	...	...	...	...	...	...	...	...	...	...	...
ആലപ്പുഴ	...	...	...	...	...	...	...	...	...	...	...	...	...	...	...	...	...
കോട്ടയം	...	...	...	...	...	...	...	...	...	...	...	...	...	...	...	...	...
പറവൂർ	...	...	...	...	...	...	...	...	...	...	...	...	...	...	...	...	...

൧൯൨൰-൨൦൩൩ൽ ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ.

ഡിസ്ട്രിക്ട് മുൻസിഫ്മാർ ൧൯൨൭-ലും ൧൯൨൮-ലും ഔദ്യോഗികമായി ഉടമ്പടിയിട്ടുള്ള നിയമനങ്ങളുടെ ജാതിതിരിച്ചുള്ള സ്റ്റേറ്റുമെൻറ്.

മുൻസിപ്പുകോടതികൾ		ഹിന്ദുക്കൾ												കൃസ്ത്യാനികൾ					മുഹമ്മദീയർ	മറ്റുള്ളവർ
		ബ്രാഹ്മണർ	മറ്റുള്ളവർ	നായന്മാർ	ഈഴവർ	കണക്കർ	ക്ഷത്രിയർ	നായന്മാർ	പുലയർ	മറ്റു പിന്നോക്കക്കാർ	കൊല്ലന്മാർ	മറ്റുള്ളവർ	മറ്റുള്ളവർ	ഇന്ത്യാക്കാർ	യൂറോപ്യൻ/ഏഷ്യൻ വംശജർ ഒഴികെ		സിറിയൻ			
															യൂറോപ്യൻ വംശജർ	ഏഷ്യൻ വംശജർ	ക്രിസ്ത്യാനികൾ	മറ്റുള്ളവർ		
		൧	൨	൩	൪	൫	൬	൭	൮	൯	൧൦	൧൧	൧൨	൧൩	൧൪	൧൫	൧൬	൧൭	൧൮	൧൯
നാഗരകോവിൽ മുൻസിഫ്കോടതി	(പ്രിൻസിപ്പൽ)	...	൩	...	...	൬	...	൬	...	...	൬	൬	൩	൩	...	...	...	...	...	...
,,	(അഡിഷണൽ)	...	൬	൬	....	൬	...	൬	...	...	൬	൬	൬	൬	...	...	...	...	...	...
പത്മനാഭപുരം	(പ്രിൻസിപ്പൽ)	...	൩	...	...	...	...	൬	...	...	൬	...	൬	൬	...	...	...	...	...	...
,,	(അഡിഷണൽ)	...	൬	...	...	൬	...	൬	...	...	൬	൬	൬	൬	...	...	...	...	...	...
കഴിഞ്ഞൂർ	(പ്രിൻസിപ്പൽ)	...	൩	...	...	...	...	൬	...	...	൬	൬	൬	൬	...	...	...	...	...	...
,,	(കടമ്നാഠറി)	...	൩	...	...	...	...	൬	...	...	൬	൬	൬	൬	...	...	...	...	...	...
തിരുവനന്തപുരം	(പ്രിൻസിപ്പൽ)	...	൩	...	...	...	...	൬	...	...	൬	൬	൬	൬	...	...	...	...	...	...
,,	(അഡിഷണൽ)	...	൩	...	...	...	...	൬	...	...	൬	൬	൬	൬	...	...	...	...	...	...
,,	(കടമ്നാഠറി)	...	൩	...	...	...	...	൬	...	...	൬	൬	൬	൬	...	...	...	...	...	...
നെയ്യാറ്റിൻകര	(പ്രിൻസിപ്പൽ)	൬	൩	...	...	...	...	൬	...	...	൬	൬	൬	൬	...	...	...	...	...	...
,,	(അഡിഷണൽ)	൬	൩	...	...	...	...	൬	...	...	൬	൬	൬	൬	...	...	...	...	...	...
ആറ്റിങ്ങൽ	(പ്രിൻസിപ്പൽ)	൬	൩	...	...	...	...	൬	...	...	൬	൬	൬	൬	...	...	...	...	...	...
,,	(അഡിഷണൽ)	...	൬	...	...	...	...	൬	...	...	൬	൬	൬	൬	...	...	...	...	...	...
നെടുമങ്ങാട്	,,	൬	൬	...	...	...	...	...	...	...	...	...	...	...	...	...	...	...	...	...
കൊല്ലം	(പ്രിൻസിപ്പൽ)	...	൩	...	...	...	...	൬	...	...	൬	൬	൬	൬	...	...	...	...	...	...
,,	(അഡീഷണൽ)	൬	൬	...	...	...	...	൬	...	...	൬	൬	൬	൬	...	...	...	...	...	...
കൊട്ടാരക്കര	...	...	...	...	...	...	...	...	...	...	...	...	...	...	...	...	...	...	...	...
അടൂർ	...	...	...	...	...	...	...	...	...	...	...	...	...	...	...	...	...	...	...	...
ചെങ്ങന്നൂർ	,, ...	....	൩	...	....	...	...	...	...	...	...	...	...	...	...	...	...	...	...	...

അനുബന്ധം ൨ ൦ ബി.—(തുടർച്ച)

മുൻസിഫ് കോടതികളും		ഫിനുകളും												കസ്റ്റംസിനികളും					
		മലയാളിബ്രാഹ്മണർ	മറ്റുബ്രാഹ്മണർ	തോട്ടയർ	ഈഴവർ	കണ്ടർ	ക്ഷത്രിയർ	നായന്മാർ	പുലയർ	മറവർപറയർ	വെള്ളാളർ	മറവരുടെയുംതീയ്യർ	ഇതരർ	ക്രിസ്ത്യാനികൾ	റോമൻകത്തോലിക്കർ വിശ്വാസികൾ	സ്പിരിയാക്കൽ വിശ്വാസികൾ	യൻസ് ലേക്കോബായർ	മാർത്തോമ്മർ	ചിട്ടിക്കച്ചവടക്കാർ
		൧	൨	൩	൪	൫	൬	൭	൮	൯	൧൦	൧൧	൧൨	൧൩	൧൪	൧൫	൧൬	൧൭	൧൮
മാവേലിക്കര	മുൻസിഫ് കോടതി (അഡീഷണൽ)	...	...	...	...	...	...	...	...	...	...	...	...	...	...	...	...	...	...
കരുനാഗപ്പള്ളി	,, ...	...	...	...	...	...	...	...	...	...	...	...	...	...	...	...	...	...	...
കുണ്ടറ	...	...	...	...	...	...	...	...	...	...	...	...	...	...	...	...	...	...	...
